വാമൊഴിത്താൾ

ഗ്രന്ഥകർത്താ

വി. ഉണ്ണിക്കൃഷ്ണൻനായർ

വാഗ്ഭടന്മാർ

ഗ്രന്ഥകർത്താ

വി. ഉണ്ണിക്കൃഷ്ണൻനായർ

പ്രകാശകന്മാർ:

മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്
കമ്പനി, ലിമിറ്റഡ്, കോഴിക്കോട്.

1962

വില ക. 6.50

ഒന്നാം പതിപ്പ് 1962

All rights reserved

Title: Vallathol

Author: V. Unnikrishnan Nair

Printed by Kurur Neelakandhan Nambudiripad
at the Mathrubhumi Press, Calicut-1

Publishers:
The Mathrubhumi Printing & Publishing Co., Ltd. Calicut-1

November 1962

പ്രസ്താവന

ഈ ജീവചരിത്രം ഞാനെഴുതേണ്ടിവരുമെന്നു തീരേ പ്രതീക്ഷിച്ചിരുന്നില്ല. കേരളസാഹിത്യ അക്കാദമിയിൽനിന്നു അങ്ങിനെയൊരു നിർദ്ദേശം കിട്ടിയപ്പോഴും അല്പമൊരമ്പരപ്പാണെനിയ്ക്കുണ്ടായത്. വള്ളത്തോൾകവിതയുമായി നാലഞ്ചു ദശാബ്ദങ്ങളോളം നീണ്ടുനിന്ന പരിചയത്തെയും മഹാകവി എന്നോടു ഭാവിച്ചിരുന്ന സൌമനസ്യത്തെയുംമാത്രം മുൻനിർത്തി ഒരു ജീവചരിത്രമെഴുതാനുള്ള അർഹത എനിക്കുണ്ടെന്നു ഞാൻ കരുതിയിരുന്നില്ല. എങ്കിലും വിഷയത്തിന്റെ വശീകരണവും സുഹൃത്തുക്കളുടെ പ്രോത്സാഹനവും എന്നെ ഈ സാഹസത്തിനു കച്ചകെട്ടിച്ചു.

രണ്ടു ജീവചരിത്രങ്ങൾ വള്ളത്തോളിന്റെ ജീവദശയിൽത്തന്നെ പുറത്തുവന്നിട്ടുണ്ടായിരുന്നു. ഏകദേശം അമ്പതു കൊല്ലം മുമ്പു നാലപ്പാട്ടു നാരായണമേനോനെഴുതിയ ഒരു ചെറുപുസ്തകമാണ് ആദ്യത്തേത്. പൂർണ്ണവികാസം പ്രാപിച്ചിരുന്നില്ലെങ്കിലും പ്രത്യേകം എടുത്തുകാണിക്കത്തക്ക ഒരസാമാന്യത ആ പ്രായത്തിലും വള്ളത്തോളിന്റെ വ്യക്തിത്വത്തിനുണ്ടായിരുന്നു എന്നാണല്ലൊ അങ്ങിനെയൊരു ഗ്രന്ഥത്തിന്റെ ആവിർഭാവം സൂചിപ്പിയ്ക്കുന്നത്. ആധുനികലോകം അറിയുന്ന മഹാകവിവള്ളത്തോളിൽനിന്നു വളരെ അന്തരമുള്ളതായി തോന്നിയ്ക്കുന്ന ആളായിരുന്നു അന്നത്തെ വള്ളത്തോൾ കെ. നാരായണമേനോൻ. എങ്കിലും ചെറുപ്പത്തിലെയും വാർദ്ധക്യത്തിലെയും രണ്ടു ഛായാപടങ്ങൾതമ്മിൽ സൂക്ഷ്മാംശങ്ങളിൽ ചില സാദൃശ്യങ്ങളുണ്ടാവുന്നതുപോലെ മേല്പറഞ്ഞ അന്തരത്തിനിടയിലും ചില സാമ്യതകൾ കാണാവുന്നതാണ്. നാലപ്പാടന്റെ ആ പുസ്തകം ഇന്നു കിട്ടാനില്ലാതായിരിക്കുന്നു.

കുറിപ്പുറത്ത് കിട്ടുണ്ണിനായർ 1953-ൽ പ്രസിദ്ധംചെയ്തതാണ് രണ്ടാമത്തെ ജീവചരിത്രം. വള്ളത്തോളിന്റെ എഴുപത്തഞ്ചാംവയസ്സുവരെയുള്ള ജീവിതത്തെ അനതിവിസ്തരമായി അതിൽ പ്രതിപാദിച്ചിട്ടുണ്ട്. സമഗ്രമായ ഒരു ജീവചരിത്രത്തിന്റെ നല്ലൊരു രൂപരേഖയായിട്ടതിനെ പരിഗണിക്കാം.

നായകന്റെ നാനാമുഖമായ വ്യക്തിപ്രഭാവത്തെ അന്യൂനാനതിരിക്തമായി വിശദീകരിക്കുന്ന ഒരു ജീവചരിത്രത്തിന്റെ നിർമ്മാണം ഒട്ടും എളുപ്പമല്ല. അപര്യാപ്തമായ അറിവും പരിചയവും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതോ കേട്ടുകേൾവിയെയും അഭ്യൂഹത്തെയും പ്രമാണമാക്കിക്കൊണ്ടുള്ളതോ ആയ സമീപനം ചരിത്രകാരനെ വഴിപിഴപ്പിക്കുകയേ ഉള്ളൂ. സമകാലീനത എല്ലായ്പ്പോഴും സഹായകമായിക്കൊള്ളണമെന്നില്ല. വളരെ സന്നികൃഷ്ടമായ നിരീക്ഷണം യാഥാർത്ഥ്യഗ്രഹണത്തിനു ചിലപ്പോൾ പ്രയാസമുണ്ടാക്കിത്തീർക്കും. അപ്രധാനങ്ങളും അനാവശ്യങ്ങളുമായ വിശദാംശങ്ങളിലേക്കു ശ്രദ്ധയെ ആകർഷിച്ചു പ്രധാനങ്ങളും അവധാരണാർഹങ്ങളുമായ വിഷയങ്ങളെ കാണാതാക്കുവാൻ അതിപരിചയത്തിന്നൊരു വാസനയുണ്ട്. എല്ലായ്പ്പോഴും അങ്ങിനെ സംഭവിക്കുമെന്നു ഇപ്പറഞ്ഞതിനർത്ഥമില്ല. വീക്ഷണഗതിയെ വക്രമോ അപൂർണ്ണമോ ആക്കിത്തീർക്കാനിടയുള്ള സാഹചര്യങ്ങളെ വിവേചിച്ചറിയുവാൻ ജീവചരിത്രകാരൻ ജാഗരൂകനായിരിക്കണമെന്നുമാത്രമാണ് വിവക്ഷ.

വള്ളത്തോളിനെ ബാല്യംമുതല്ക്കേ ഏറെറവുമടുത്തു പരിചയിച്ചറിഞ്ഞിരുന്നവരിൽ, കുറിപ്പുറത്ത് കേശവൻനായരും കിട്ടണ്ണിനായരും മാത്രമേ അദ്ദേഹത്തിന്റെ ചരമകാലത്ത് ജീവിച്ചിരിപ്പുണ്ടായിരുന്നുള്ളൂ. (മഹാകവിയുടെ സഹധർമ്മിണിയെ വിസ്മരിച്ചിട്ടില്ല.) അവരിരുവരും കാലയവനികയ്ക്കുള്ളിൽ തിരോഹിതരായതോടുകൂടി, വള്ളത്തോളിന്റെ ബാല്യകാലജീവിതത്തെപ്പററി പ്രാമാണികമായിട്ടെന്തെങ്കിലും പറയുവാനർഹതയുള്ളവർ ആരുമില്ലെന്നായി. കിട്ടണ്ണിനായരുടെ പുസ്തകത്തിൽനിന്നും കേശവൻനായരുടെ മുഖത്തുനിന്നും ഗ്രഹിക്കുവാൻ സാധിച്ച വിവരങ്ങളും തീച്ചയായും വിലയേറിയവയായിരുന്നു. അതിന്നുപുറമെ, എനിക്കേറെറവും ഉപയോഗപ്രദമായിത്തീർന്നത് വള്ളത്തോളും ചെറുപ്പകാലത്തെഴുതിയിരുന്ന ഡയറിയുടെ ഏതാനും 'നഷ്ടശിഷ്ടങ്ങ'ളാണ്. കാലപ്പഴക്കത്താൽ ദ്രവിച്ചു പൊടിഞ്ഞുപോയിത്തുടങ്ങിയ ആ ദിനസരിക്കുറിപ്പുകളും 'മറെറങ്ങുമലഭ്യങ്ങ'ളായ ചില പഴയ കവിതകളെ വെളിച്ചത്തുകൊണ്ടുവരുവാൻ ഒട്ടധികം സഹായിച്ചിട്ടുണ്ട്. കേശവൻനായർമുഖേനയാണ് എനിക്കു ആ ഡയറി കാണുവാൻ സാധിച്ചതെന്നു ഞാൻ ഇവിടെ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

ഒരു കവിയെന്നനിലയിലാണ് വള്ളത്തോളും ആദ്യമായി ബഹുജനശ്രദ്ധയെ ആകർഷിച്ചത്. കഥകളിയുടെ പുനരുദ്ധാര

ണവും കേരളകലാമണ്ഡലത്തിന്റെ സ്ഥാപനവും ആണ് വള്ള
ത്തോളിന്റെ ദേശാന്തരപ്രശസ്തിക്കു കാരണമായിത്തീർന്നതെന്നു
സമ്മതിക്കാമെങ്കിലും അതിനോടൊപ്പം അദ്ദേഹത്തിന്റെ കവി
ത്വത്തെപ്പറ്റിയും അന്യരാജ്യക്കാർക്കിടയിൽ മതിപ്പുണ്ടായി
ത്തീർന്നു. അങ്ങിനെ സാർവ്വജനീനമായ അംഗീകാരമാർജ്ജിച്ച
താണ് വള്ളത്തോളിന്റെ കവിയശസ്സ്. കാവ്യജീവിത
ത്തിന്റെ ഒരവിഭാജ്യഘടകമാണ് വള്ളത്തോളിന്റെ കലാ
പോഷണതല്പരത എന്ന നിലപാടിൽനിന്നുകൊണ്ടാണ്
ഞാനീ ജീവചരിത്രം സംവിധാനംചെയ്തിട്ടുള്ളത്. അതുകൊ
ണ്ടു സാഹിത്യപ്രവർത്തനങ്ങൾക്കു ഇതിൽ അധികം പ്രാധാന്യം
കല്പിച്ചുകാണാം. കലാമണ്ഡലത്തെപ്പറ്റിയോ കുടുംബജീവി
തത്തെപ്പറ്റിയോ ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടില്ല.
അവയെക്കുറിച്ചെഴുതുവാൻ എന്നെക്കാൾ പ്രാപ്തിയുള്ളവരു
ണ്ടെന്നു വിശ്വാസത്താൽ ആ ഭാരം ഞാൻ അവരിൽ സമർപ്പി
ക്കുന്നു.

ഗ്രന്ഥകാരന്റെ അറിവിന്റെയും കഴിവിന്റെയും പരിമി
തിയനുസരിച്ചു വേറെയും ചില ന്യൂനതകൾ ഇതിൽ കണ്ടേ
ക്കാം. കഥാകഥനം ആവുന്നത്ര പ്രാമാണികവും പാരമാർത്ഥി
കവും ആയിരിക്കണമെന്ന നിഷ്കർഷ, മേല്പറഞ്ഞ പരിമിതിയ്ക്കു
വിധേയമായവിധത്തിൽ, ഞാൻ പാലിക്കുവാൻ ശ്രമിച്ചി
ട്ടുണ്ട്. തെറ്റുകൾ പറ്റിപ്പോയിട്ടുണ്ടെങ്കിൽ, അവയെ അനു
ഗ്രഹബുദ്ധ്യാ ചൂണ്ടിക്കാണിക്കണമെന്നു ഞാൻ സഹൃദയരോട
പേക്ഷിക്കുന്നു. ചരിത്രനായകനോടൊപ്പമെടെ ചിലരെ സന്ദർഭ
വശാൽ ഞാൻ വിമർശിച്ചിട്ടുണ്ടാവാം. ആ വിമർശനം ഒരഭി
പ്രായഭേദത്തിന്റെ പ്രകാശനമെന്നനിലയിലല്ലാതെ അനാദ
രമായി കണക്കാക്കരുതെന്നും എനിക്കപേക്ഷയുണ്ട്.

പൂർണ്ണതവരുത്താനുള്ള ആഗ്രഹത്താൽ പുസ്തകത്തിന്റെ പ്ര
സിദ്ധീകരണത്തിനു വിചാരിച്ചതിലധികം കാലതാമസം
നേരിട്ടു. നാലു കൊല്ലം മുമ്പേ ഏറ്റ കൃത്യം നിർവ്വഹിക്കുവാൻ
ഇനിയും വൈകുന്നത് ശരിയല്ലെന്ന ബോധംകൊണ്ടാണ്
ഇതിപ്പോൾ ഈ രൂപത്തിൽ പുറത്തിറക്കുന്നത്. ഇതിനെ
മാന്യമഹാജനങ്ങൾ സ്വീകരിക്കുമാറാകണം.

ജീവചരിത്രസാമഗ്രികളുടെ സംഭരണത്തിൽ പല സുഹൃ
ത്തുക്കളിൽനിന്നും എനിക്കു സഹായംകിട്ടിയിട്ടുണ്ട്. ശ്രീമാ
ന്മാരായ കുട്ടിക്കൃഷ്ണമാരാർ, സി. പി. കൃഷ്ണനെളയത്,
വി. ആർ. പരമേശ്വരൻപിള്ള, സി. വി. ഇയ്യു, വടക്കുംകൂർ
രാജരാജവർമ്മരാജാ, ആയാംകുടി പി. ആർ. ശങ്കരപ്പിള്ള,
പി. സി. ഏട്ടനുണ്ണിരാജാ, ടി. നാരായണനമ്പീശൻ, ഉള്ളാ

ട്ടിൽ ഗോവിന്ദൻകുട്ടിനായർ, എ. ഡി. ഹരിശർമ്മ, സി. ഗോവിന്ദക്കുറുപ്പ്, ശ്രീമതി കെ. ഗോമതിയമ്മ, എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യങ്ങളാണ്. ശ്രീ എം. മുകുന്ദരാജ, ശ്രീ വി. ടി. ഭട്ടതിരിപ്പാട്ട മുതലായ പലരുടെയും ലേഖനങ്ങളിൽനിന്ന സന്ദർഭാനുസാരമായി ചില ഭാഗങ്ങൾ പുസ്തകത്തിൽ ഉദ്ധരിക്കേണ്ടിവന്നിട്ടുണ്ട്. പുസ്തകമെഴുതാൻ തുടങ്ങിയതുമുതൽ അവസാനിക്കുന്നതുവരെ ശ്രീ കെ. പി. കേശവമേനോന്റെ പ്രോത്സാഹനം എനിക്കേറെറവും സഹായകമായിട്ടുണ്ട്. ഈ മാന്യസുഹൃത്തുക്കളോടെല്ലാം എനിക്കുള്ള കൃതജ്ഞത ഞാൻ ഇവിടെ സസന്തോഷം രേഖപ്പെടുത്തിക്കൊള്ളട്ടെ.

പുസ്തകനിർമ്മാണത്തിന്റെ പ്രാരംഭച്ചിലവിലേക്ക അഞ്ഞൂറുറുപ്പിക സംഭാവനചെയ്ത കേരളസാഹിത്യ അക്കാദമിയുടെ ഔദാര്യത്തെയും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഇതിന്റെ പ്രസിദ്ധീകരണം ഏറെറടുത്ത് ഭംഗിയായി നിർവ്വഹിച്ച മാതൃഭൂമി പ്രവർത്തകർ പൊതുവെയും, മാനേജർ ശ്രീ എൻ. കൃഷ്ണൻനായർ പ്രത്യേകിച്ചും നല്കിയ സഹായസഹകരണങ്ങൾക്ക എന്റെ ധന്യവാദം.

ഗ്രന്ഥകർത്താവ്.

കുറിപ്പ്:

ഇതിൽ ചേർത്ത ചിത്രങ്ങൾക്ക വേണ്ടുന്ന ഫോട്ടോഗ്രാഫുകൾ തന്നത് ശ്രീ സി. ഗോവിന്ദക്കുറുപ്പും, ശ്രീ. എൻ. വി. കൃഷ്ണവാരിയരും, 'മാതൃഭൂമി' ആഫീസും ആണ്.

ഉള്ളടക്കം

അധ്യായം		
1	ഗുരുകുലം	1
2	സാഹിത്യപശ്ചാത്തലം	19
3	ബാല്യകാലകൃതികൾ	30
4	ഗൃഹസ്ഥാശ്രമം	49
5	കേരള കല്പദ്രുമം	65
6	വാല്മീകിരാമായണം	86
7	ബധിരവിലാപം	95
8	ചിത്രയോഗം	112
9	കവനകൌമുദി	131
10	സാഹിത്യമഞ്ജരി	152
11	പുരാണതജ്ജമ	167
12	പത്രപ്രവർത്തനം	182
13	മശലനമറിയം	201
14	ദേശീയകവിത	215
15	''പ്രകരണശുദ്ധി''	242
16	ഭാസനാടകങ്ങൾ	260
17	വൈപരീത്യങ്ങൾ	274
18	സാഹിത്യപരിഷത്ത്	286
19	കൊച്ചുസീത	298
20	തെററിദ്ധാരണകൾ	317
21	കേരളകലാമണ്ഡലം	331
22	ശാകുന്തളം	344
23	''അച്ഛനും മകളും''	357
24	വത്സരാജകൃതികളും മറും	378
25	വിദേശസഞ്ചാരം	398
26	ഋഗ്വേദം	406
27	വ്യക്തിപ്രഭാവം	425

പുസ്തകനിർമ്മാണത്തിൽ ഉപയോഗപ്പെട്ടതായ ഗ്രന്ഥങ്ങളും പത്രങ്ങളും

വള്ളത്തോൾ നാരായണമേനോന്റെ ജീവചരിത്രം (നാലപ്പാട്ട നാരായണമേനോൻ)

മഹാകവി വള്ളത്തോൾ (കുറിപ്പുറത്തു കിട്ടുണ്ണിനായർ)

വള്ളത്തോൾ സപ്തതി ഉപഹാരഗ്രന്ഥം

പീഡാനുഭവോത്സവിലെ പ്രൂമിയോൻ

നിരൂപണസാഹിത്യം (ഫാദർ മറിയം)

നിരൂപണങ്ങൾ (കുമാരനാശാൻ)

മഹാകവി കുമാരനാശാൻ (സി. ഒ. കേശവൻ)

സാഹിത്യപ്രഭവം (പ്രൊഫ: പി. ശങ്കരൻനമ്പ്യാർ)

ഭാഷാവിലാസം (കവനകൌമുദി)


പരിഷൽ പ്രസംഗങ്ങൾ (നാഷണൽ ബുക്ക് സ്റ്റാൾ)

പരിഷദ്വൈമാസികങ്ങൾ

മാതൃഭൂമി വള്ളത്തോൾപ്പതിപ്പ് (1958)

വള്ളത്തോൾക്കൃതികൾ

ഇവയ്ക്കു പുറമെ രസികരഞ്ജിനി, ഭാഷാപോഷിണി, കവനകൌമുദി, ആത്മപോഷിണി, അരുണോദയം, മംഗളോദയം, സദ്ഗുരു, ഗുരുനാഥൻ, വിശാലകേരളം, കൈരളി, എന്നീ മാസികകളുടെയും, മലയാളരാജ്യം, ദേശാഭിമാനി, എക്സ് പ്രസ്സ്, മാതൃഭൂമി എന്നീ ദിനപത്രങ്ങളുടെയും പഴയ ലക്കങ്ങൾ.



ഒന്നാം അധ്യായം

ഗുരുകുലം

പഴയ മലബാർ ജില്ലയിലെ പൊന്നാനിത്താലൂക്കിൽ, അറബിക്കടലിന്റെ അയൽവക്കത്ത്, നാഗരികതയുടെ ആഭ്യന്തരകോലാഹലങ്ങളിൽനിന്നെല്ലാം അകന്നുമാറി നിലകൊള്ളുന്ന ഒരുഗ്രാമപ്രദേശമാണ് വെട്ടത്തുനാട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായ ഇക്കാലത്തുപോലും പരിഷ്കാരത്തിന്റെ പരിവേഷമൊന്നും അണിയാതെയാണതിന്റെ സ്ഥിതിയെങ്കിലും ചിരപുരാതനമായൊരു സംസ്കാരപാരമ്പര്യം അതിനുണ്ട്.

'കുന്നാഴിനാഥന്നടിമപ്പെടാതെ, സ്വതന്ത്രരായി' വാണിരുന്ന വെട്ടത്തരചന്മാരുടേ ക്ഷാത്രവീര്യത്തിന്റെ ലാസ്യക്കളരിയെന്ന നിലയിൽ മാത്രമല്ല, പ്രസന്നവദനയായ വാഗ്ദേവിയുടെ വിലാസരംഗമെന്ന നിലയിലും വിഖ്യാതി നേടിയതാണ് വെട്ടത്തുനാട്ടിലെ എട്ടുകാതം മണ്ണ്. 'ബ്രഹ്മാഭ്യാസ പ്രശമിത കലീൻ പ്രാപ്യ ദീപ്രാൻ പ്രകാശാൻ' എന്നിങ്ങിനെ ഉദ്ഗ്രന്ഥശാസ്ത്രികളുടെ വർണ്ണനയ്ക്ക് വിഷയീഭവിച്ച ഈ പ്രദേശം പല പ്രകാരത്തിലും കേരളീയ ജീവിതത്തിൽ വെളിച്ചം വീശിയിട്ടുണ്ട്. മലയാളികളുടെ വന്ദ്യഗുരുവായ തുഞ്ചത്തെഴുത്തച്ഛന്റെ പൈങ്കിളി 'വേദാന്തസിദ്ധാന്തമെടുത്തുപാടി'പ്പാറിക്കളിച്ചതിവിടെയാണ്. പണ്ഡിതന്മാരെയും കവികളെയും പ്രോത്സാഹിപ്പിച്ചതിന്നു പുറമെ സ്വയം സാഹിത്യപന്ഥാവിൽ സഞ്ചരിക്കുകയും ചെയ്തിരുന്ന ഒരു സഹൃദയനായിരുന്ന കൊല്ലവർഷം എട്ടാം ശതകത്തിൽ വെട്ടത്തുനാടു ഭരിച്ച രവിവർമ്മരാജാവു. മേല്പുത്തൂരിന്റെ ഗുരുസ്ഥാനം വഹിച്ച തൃക്കണ്ടിയൂർ അച്യുതപ്പിഷാരൊടിയുടെ ജന്മദേശമെന്ന നിലയിലും ആ നാട്ടിനൊരു മഹനീയതയുണ്ട്. ആ വെട്ടത്തുനാടുതന്നെയാണ് ആധുനികലോകത്തിന്നു മഹാകവി വള്ളത്തോളിനെയും സംഭാവന ചെയ്തത്.

വെട്ടത്തുനാട്ടിൽപ്പെട്ട ആലത്തിയൂർ ഗ്രാമത്തിന്നു

സാമർത്ഥ്യം മന്ത്രതന്ത്രങ്ങളിലുടയമഹാ
ബ്രാഹ്മണാഗ്രേസരന്മാർ,

ആ മട്ടിൽ പണ്ഡിതന്മാർ കവികളം,
കരളുറപ്പുള്ള കയ്യാങ്കളിക്കാർ,
കേമന്മാരാം നടന്മാർ.....

എന്നിങ്ങനെ പല സമുന്നതവ്യക്തികളുടെയും ജന്മദേശമാകുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. അവിടത്തെ പരദേവതയായ ശ്രീഹനുമാനെ സ്തുതിച്ചുകൊണ്ടു വള്ളത്തോൾ എഴുതിയ അഷ്ടകത്തിൽ ഇങ്ങിനെയൊരു ശ്ലോകവും ഉൾപ്പെടുത്തിക്കാണാം:—

വള്ളത്തോൾ ക്കോന്തുമേനോനവർകൾസചിവനായ്
നിന്ന വെട്ടത്തുരാജാ—
വുള്ളത്തിൽ പ്രീതി നാട്ടാക്കിയലിനനിലയിൽ
ക്കാത്ത കാലം വിശേഷാൽ
വെള്ളത്താർമങ്ക കൂത്താടിനധരയിലക
പ്പെട്ടൊരാലത്തിയൂരെ—
ന്നുള്ളസ്സദ് ഗ്രാമമാണ്ടോ രഗണിത ഗുണനാം
ശ്രീഹനുമാൻ സഹായം.

വെട്ടത്തരചന്മാരുടെ സചിവസ്ഥാനം വഹിച്ച മേല്പറഞ്ഞ കോന്തുമേനോൻ കാര്യക്കാരായിരുന്ന പിന്നീട് പല താവഴികളായിപ്പിരിഞ്ഞ മൂലത്തറവാട്ടിന്റെ സ്ഥാപകൻ. രാജപ്രസാദത്തിന്റെ ഫലമായി മികച്ചൊരു ധനസ്ഥിതി കൈവന്ന വള്ളത്തോൾത്തറവാടിന്നു ആ പ്രദേശത്തുള്ള കുടുംബങ്ങൾക്കിടയിൽ ഒരു പ്രമുഖസ്ഥാനം അനായാസേന ലബ്ധമായി. മംഗലം, ചേന്നര എന്നീ പ്രദേശങ്ങളിലായി നാലു വള്ളത്തോൾ ശാഖകളുണ്ടായിരുന്നതിൽ കൊണ്ടയൂരും കോഴിപ്പുറമുമാണ് ചേന്നരയിലെ വീടുകൾ. കൊണ്ടയൂർ വീട്ടിലെ കുട്ടിപ്പാറു അമ്മയുടെയും കടുങ്ങോട്ട മല്ലിശ്ശേരി ദാമോദരൻ എളയതിന്റെയും ഏകപുത്രനായി 1054 തുലാമാസം ഒന്നാംതിയ്യതി (1878 ഒക്ടോബർ 16—ാംനു) മകേര്യം നക്ഷത്രത്തിൽ ഭൂജാതനായ ബാലനാണ് കാലാന്തരത്തിൽ മഹാകവി വള്ളത്തോൾ എന്നു വിഖ്യാതനായ നാരായണൻ. എളയതിന്നു കുട്ടിപ്പാറു അമ്മയിലുണ്ടായ മൂന്നു സന്താനങ്ങളിൽ ആദ്യത്തെ രണ്ടും പെൺകുട്ടികളായിരുന്നു. മൂന്നാമത്തെയും ഒടുവിലത്തെയും സന്തതിയായിരുന്ന നാരായണൻ. എളയതിന്റെ വിവാഹബന്ധത്തിനുമുമ്പു കുട്ടിപ്പാറു അമ്മയ്ക്കു ഒരെമ്പ്രാന്തിരിയുടെ സംബന്ധത്തിൽ ശങ്കുണ്ണിമേനോൻ എന്നൊരു മകൻ വേറെയും ഉണ്ടായിരുന്നു.

''വെള്ളാനശ്ശേരി വാസുണ്ണിമൂസ്സിന്റെ കാലത്ത് വാസനക്കാരനായ ഒരു കുട്ടിയെ—നാരായണൻ എന്നോ മറേറാ ആയിരുന്ന പേര്—ഒരു കൂട്ടം ശ്ലോകങ്ങളുണ്ടാക്കി ചൊല്ലിക്കൊണ്ടു

ഇട്ടിക്കിലൊക്കെ കാണാറുണ്ടായിരുന്നു. പിന്നെ ആ വിദ്വാന്റെ വർത്തമാനമൊന്നും കേട്ടിട്ടില്ല'' എന്നിങ്ങിനെ കുറെ കൊല്ലംമുമ്പു വെട്ടത്തുനാട്ടുകാരനായ ഒരു വൃദ്ധന്റെ മുഖത്തു നിന്നു ഒരു സുഹൃത്തു കേട്ടതായിപ്പറഞ്ഞ കഥയിൽ വാസ്തവാംശം എത്രയുണ്ടെന്നറിഞ്ഞുകൂടാ. കാലം വരുത്തിക്കൂട്ടിയ പരിവർത്തനങ്ങൾക്കിടയിൽ കേരളത്തിലെ സാഹിത്യമണ്ഡലത്തിൽ നടന്ന സംഭവങ്ങളെപ്പറ്റിയോ അവിടത്തെ ആസ്ഥാനകവിയെപ്പറ്റിയോ, തൻപാട്ടുമാത്രം നോക്കിക്കഴിഞ്ഞ ആ നാട്ടിൻപുറക്കാരൻ കേട്ടിരുന്നില്ലെന്നു വരാം; അഥവാ കേട്ടിരുന്നെങ്കിൽത്തന്നെ ആ കവിയും പഴയ ശ്ലോകകൃത്തും തമ്മിലുള്ള ബന്ധം അറിഞ്ഞിരുന്നില്ലെന്നും വരാം. ഏതായാലും ഇതിന്റെ പിന്നിൽ ഒരു ലോകതത്ത്വം മറഞ്ഞിരിക്കുന്നുണ്ട്.

മഹാകവികളുടെ ആവിർഭാവം ലോകത്തിൽ ഒരു നിത്യസംഭവമല്ല. വളരെക്കാലത്തിലൊരിക്കൽ, അസാധാരണപ്രതിഭാശാലികളായി വല്ലവരും ഭൂജാതരാവുമ്പോഴും, ഉപരിപ്ലവബുദ്ധികളായ സാമാന്യജനങ്ങൾക്കു അവരിൽ യാതൊരു വിശേഷവിധിയും കാണുവാൻ കഴിഞ്ഞില്ലെന്നു വരുന്നതിലത്ഭുതമില്ല. ചില അപൂർവ്വപ്രവണതകളിലൂടെ അവരുടെ വ്യക്തിവൈശിഷ്ട്യം ക്രമേണ വെളിപ്പെടുമ്പോഴാ മാത്രമാണ് ലോകം അവരെ അല്പാല്പമായി അറിഞ്ഞുതുടങ്ങുന്നത്. എന്നാൽത്തന്നെ അവർക്ക് അങ്ങിനെയൊരു മേന്മ സമ്മതിച്ചുകൊടുക്കുവാൻ ജനങ്ങൾ പ്രായേണ സന്നദ്ധരായിരിക്കുകയുമില്ല. പരഗുണശ്ലാഘയിൽ വാചംയമത്വം ദീക്ഷിക്കുന്ന ശീലം വിദ്വാന്മാർക്കു മാത്രമല്ല സാധാരണന്മാർക്കും ഒട്ടും ദുർല്ലഭമല്ല. പതിവിലധികമായ ബുദ്ധിവൈഭവം ആരിലെങ്കിലും കണ്ടാൽ അതിനെയൊന്നു തരംതാഴ്ത്തിക്കാണിയ്ക്കാനുള്ള വാസനയും മനുഷ്യസ്വഭാവത്തോടൊട്ടിപ്പിടിച്ചു കിടപ്പുണ്ട്. പക്ഷേ, ആരെങ്ങിനെ നിഷേധിച്ചാലും, യഥാർത്ഥമായ യോഗ്യത യഥാകാലം വികസിച്ചു പ്രകാശിക്കാതിരിക്കയില്ലെന്നു തീർച്ചയാണ്. ''നഹി കസ്തൂരികാമോദശ്ശപഥേന നിവാര്യതേ'' എന്ന തത്വം ഒരിക്കലും മറിച്ചുവരാറില്ല.

കവിത്വം ജന്മസിദ്ധമാണെന്നും, 'സ്വയമേവാഗത'യാണെങ്കിലേ കവിതയ്ക്കു യോഗ്യതയുള്ള എന്നും പറയുന്നതിൽ ധാരാളം യുക്തിയുണ്ടെന്നിരിയ്ക്കിലും ജന്മസിദ്ധമായ വാസനയെ ലോകപരിചയംകൊണ്ടും കാവ്യശാസ്ത്രാദിപഠനംകൊണ്ടും സമ്പാദിക്കുന്ന വ്യൽപ്പത്തിയാൽ വികസിപ്പിച്ചാൽ മാത്രമേ അതു തെളിഞ്ഞുവരികയുള്ളൂ. ആ വികാസപ്രാപ്തിയ്ക്കു ഗുരുമുഖത്തിൽനിന്നുള്ള ഉപദേശം കൂടാതെ കഴികയുമില്ല എന്നാണല്ലൊ

സ്ഥിരോപദേശോ മുപദേശകാലേ
പ്രപേദിരേ പ്രാക്തനജന്മവിദ്യാഃ

എന്ന ശ്ലോകാദ്ധം ദൃഷ്ടാന്തപ്പെടുത്തുന്നതു്. പ്രതിഭയുടേയും പ്രയത്നത്തിന്റേയും സമഞ്ജസമായ സമ്മേളനത്തിൽനിന്നേ വാസനയുടെ സഫലീകരണം സംഭവിയ്ക്കുകയുള്ള എന്നതിനു ലോകത്തിലെ മഹാകവികളുടെ ജീവചരിത്രങ്ങളും ഉത്തമോദാഹരണങ്ങളാണു്. വള്ളത്തോളിന്റെ കാര്യത്തിൽ സംഭവിച്ചതും മറെറാരു വിധത്തിലല്ല.

കുട്ടനെ—അതായിരുന്നു നാരായണനെ അച്ഛനമ്മമാർ വിളിച്ചിരുന്ന ഓമനപ്പേരു്—അഞ്ചാം വയസ്സിൽ എഴുത്തിനിരുത്തി. കുട്ടികളെ പഠിപ്പിയ്ക്കുവാൻ വീട്ടിൽ താമസിപ്പിച്ചിരുന്ന വാരിയംപറമ്പിൽ കുഞ്ഞൻനായർ എന്നൊരു നാട്ടെഴുത്തച്ഛനായിരുന്ന ആദ്യത്തെ ഗുരുനാഥൻ. നിലത്തെഴുത്തിൽ ആരംഭിച്ച, കൂട്ടിവായനയിലൂടെ മുന്നോട്ടുപോയി, അമരം, സിദ്ധരൂപം, ശ്രീരാമോദന്തം വരെയുള്ള പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പടികളെ വഴിയ്ക്കുവഴി കടന്നുചെന്നതോടെ എഴുത്തച്ഛന്റെ അടുക്കൽനിന്നുള്ള പഠിപ്പവസാനിച്ചു. ഇന്നത്തെ കാലത്താണെങ്കിൽ ആ പ്രായത്തിലുള്ള കുട്ടികളെ സ്ലേറും പുസ്തകവുമായി അടുത്തുള്ള സ്കൂളിലേക്കു പറഞ്ഞയക്കുകയായിരിക്കും അച്ഛനമ്മമാർ ചെയ്യുക. പക്ഷേ എഴുപത്തഞ്ചു കൊല്ലം മുമ്പ് നാട്ടിൻപുറങ്ങളിൽ ആ സമ്പ്രദായം അത്ര സാർവ്വത്രികമായിരുന്നില്ല. തറവാട്ടുപാരമ്പര്യമനുസരിച്ചു നാരായണനെ സംസ്കൃതവും വൈദ്യവും പഠിപ്പിയ്ക്കണമെന്നായിരുന്ന വീട്ടുകാരുടെയും, വിശേഷിച്ചു് അമ്മാമനായ രാമുണ്ണിമേനോന്റേയും അഭിലാഷം.

ഒരു വിദഗ്ധവൈദ്യനെന്ന നിലയിലും ദൃഷ്ടികല്പനായ ആചാര്യനെന്ന നിലയിലും നാട്ടുകാക്കെല്ലാം ഒരാരാദ്ധ്യപുരുഷനായിരുന്ന രാമുണ്ണിമേനോൻ. ലോകോപകാരത്തിനുള്ള ഒരു പാധിയായിട്ടല്ലാതെ, ധനാഗമമാർഗ്ഗമായിട്ടല്ല, അദ്ദേഹം വൈദ്യവൃത്തിയിലേപ്പെട്ടതു്. ലൌകികവിഷയങ്ങളെസ്സംബന്ധിച്ചു സാമാന്യേന ഒരു നിസ്സംഗത്വം പുലർത്തിപ്പോന്ന ആ നൈഷ്ഠികബ്രഹ്മചാരി, ചികിത്സയിൽനിന്നൊഴിവുകിട്ടുന്ന സമയം മുഴുവനും അദ്ധ്യാത്മചിന്തയിലും അന്തേവാസികളുടെ അദ്ധ്യാപനത്തിലും വിനിയോഗിച്ചു നിർവൃതിനേടി. അങ്ങിനെയുള്ള ആചാര്യന്റെ ഗുരുകുലത്തിലാണു് എട്ടാം വയസ്സിൽ നാരായണൻ സംസ്കൃതപഠനം ആരംഭിച്ചതു്. ശിഷ്യജനങ്ങളിൽ പിതൃനിർവ്വിശേഷമായ വാത്സല്യം ചൊരിയുന്ന ഗുരുനാഥനും പുത്രനിർവ്വിശേഷം ഗുരുനാഥങ്കൽ ആദരാഞ്ജലിയർപ്പിക്കുന്ന ശിഷ്യന്മാരും തമ്മിലുള്ള ആദ്ധ്യാത്മികബന്ധത്താൽ പരിപൂതമായ

ആ ഗുരുകുലവാസമെവിടെ? വിജ്ഞാനത്തെ കേവലം ക്രയവിക്രയസാധനമാക്കി വ്യാപാരം നടത്തുന്ന ആധുനിക വിദ്യാഭ്യാസസമ്പ്രദായമെവിടെ? സ്വന്തം അനന്തരവന്മാരെ മാത്രമല്ല, പഠിയ്ക്കാനാശിച്ചു പുറമെനിന്നു വരുന്ന കുട്ടികളേയും സസന്തോഷം ശിഷ്യത്വേന സ്വീകരിക്കുവാൻ സന്നദ്ധനായിരുന്ന രാമുണ്ണിമേനോന്റെ ഓരോ ശിഷ്യന്റേയും അനുഭവം

സ മേ ചിരായാസ്ഖലിതോപചാരാം
താം ഭക്തിമേവാഗണയൽ പുരസ്താൽ

എന്നു പറഞ്ഞ കൌത്സന്റെ അനുഭവംതന്നെ ആയിരുന്നിരിക്കണം.

ഇങ്ങിനെ ഗുരുമാതുലസന്നിധിയിൽ വിദ്യാഭ്യാസമാരംഭിച്ചു നാരായണൻ ആറേഴുകൊല്ലം കൊണ്ട് കാവ്യാലങ്കാരാദികളിൽ സാമാന്യം വ്യൽപന്നനായിത്തീർന്നു. സംസ്കൃതഗ്രന്ഥങ്ങളും വായിച്ചു തനിയെ അത്ഥം ഗ്രഹിയ്ക്കാറായപ്പോഴും അഷ്ടാംഗഹൃദയത്തിലെ പാഠങ്ങളാരംഭിച്ചു. വള്ളത്തോൾത്തറവാട്ടിനു കിഴക്കെടെയായി പറയത്തക്ക വൈദ്യപാരമ്പര്യമൊന്നും ഉണ്ടായിരുന്നില്ലെങ്കിലും, തന്റെ കാലത്തിനുശേഷം മരുമകൻ ആ വിഷയത്തിൽ വ്യാപൃതനായി ലോകോപകാരം ചെയ്യുന്നതു് നന്നായിരിക്കുമെന്ന വിശ്വാസമായിരിക്കാം രാമുണ്ണിമേനോനു് അങ്ങിനെയൊരഭിപ്രായമുണ്ടാക്കിയതു്. പഠിപ്പിച്ചാൽ പഠിക്കുന്ന കൂട്ടത്തിലാണീ ശിഷ്യനെന്ന ഉറപ്പു് അദ്ദേഹത്തിനുണ്ടായിരുന്നുതാനും. അങ്ങിനെ പതിനഞ്ചാം വയസ്സിൽ നാരായണന്റെ വൈദ്യപഠനം ആരംഭിച്ചു.

അന്നത്തെ വിദ്യാഭ്യാസപരിപാടിയുടെ സ്വഭാവം മനസ്സിലാക്കിക്കൊണ്ടുവേണം വള്ളത്തോളിന്റെ വിദ്യാർത്ഥിജീവിതത്തിലെ വിശദാംശങ്ങളിലേക്കു കടക്കുക. കുട്ടികളെ മലയാളം പഠിപ്പിക്കുക എന്നുവെച്ചാൽ ശ്രീകൃഷ്ണവിലാസം, രഘുവംശം, കുമാരസംഭവം, മാഘം, നൈഷധം എന്നിങ്ങനെയുള്ള സംസ്കൃതകാവ്യങ്ങളും തർക്കം, വ്യാകരണം, അലങ്കാരം മുതലായ ശാസ്ത്രങ്ങളും വഴിയ്ക്കു വഴിയേ പഠിപ്പിക്കുകയെന്നല്ലാതെ തനി മലയാളത്തിലുള്ള സാഹിത്യഗ്രന്ഥങ്ങളെന്തെങ്കിലും പഠിപ്പിക്കുക എന്ന സമ്പ്രദായമേ അന്നു നടപ്പിലുണ്ടായിരുന്നില്ല. ഇതോക്കുമ്പോഴും അന്നത്തെ പണ്ഡിതന്മാർക്കു മലയാളഭാഷയുടെ സാഹിത്യസാദ്ധ്യതകളെക്കുറിച്ചുതന്നെ വിശ്വാസമില്ലാതിരുന്നതായി സംശയംതോന്നിപ്പോകുന്നു. സാമൂതിരിരാജാവിന്റെ പണ്ഡിതസദസ്സിലെ ഉദ്ദണ്ഡാദികൾക്കു ഭാഷാകവിനിവഹത്തെക്കുറിച്ചുണ്ടായ അവജ്ഞയുള്ള കാരണവും അതായിരിക്കാൻ മതി. ഏതായാലും ചെറുശ്ശേരി, എഴുത്തച്ഛൻ, പൂനം, കുഞ്ചൻനമ്പ്യാർ, ഉണ്ണാ

യിവാരിയർ മുതലായ ഭാഷാകവികളുടെ കൃതികൾ കേരളീയ വിദ്യാർത്ഥികൾക്കു പഠനവിഷയമാക്കാതിരുന്നതു് അന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഒരു ന്യൂനതയായിത്തന്നെ വേണം കരുതുവാൻ.

വ്യാഖ്യാനിച്ചർത്ഥം പറഞ്ഞുകൊടുത്തു പഠിപ്പിച്ചിരുന്നില്ലെങ്കിലും ശ്രീകൃഷ്ണചരിതത്തിലെ ഏതാനും സർഗ്ഗങ്ങളും ഹരിനാമകീർത്തനവും മറ്റും ബാലപാഠമെന്ന രീതിയിൽ കൂട്ടിവായന ശീലിച്ചാലുടനെ കുട്ടികളെക്കൊണ്ടു ചൊല്ലിക്കുന്ന ഒരു പതിവ് പക്ഷേ അന്നുണ്ടായിരുന്നു. ഇതിനു പുറമെ ഈശ്വരസ്തുതിപരമായ അനേകം ഒറ്റശ്ലോകങ്ങളും കുട്ടികൾ പഠിച്ചിരുന്നു. അക്ഷരശ്ലോകം ചൊല്ലുന്ന സമ്പ്രദായവും മലയാളശ്ലോകങ്ങളോടുള്ള പരിചയം വർദ്ധിപ്പിക്കുന്നതിനൊരു പ്രേരകശക്തിയായിത്തീർന്നു. വെണ്മണിപ്രസ്ഥാനത്തിലെ കവിതയ്ക്കായിരുന്നു മറേതിനേക്കാളുമധികം പ്രചാരം. ഭാഷയുടെ സരളതയും വിഷയത്തിന്റെ ആകർഷകത്വവും കവിയശഃപ്രാർത്ഥികളായ ചെറുപ്പക്കാർക്ക് അത്തരം കവിതയോട് ഒരാഭിമുഖ്യമുളവാക്കി. സമസ്യാപൂരണം, അക്ഷരശ്ലോകമത്സരം മുതലായ സാഹിത്യവിനോദങ്ങളുടെ പ്രലോഭനത്തിനു വള്ളത്തോൾകൃതിയും വശംവദനായതിൽ അത്ഭുതമില്ല. കാവ്യപരിചയം സംസ്കൃതഭാഷയിലാണെങ്കിലും വ്യാകരണത്തിൽ ഒരു നില്ലക്കള്ളി കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് കവിതാനിർമ്മാണ പരിശ്രമം ആദ്യം മലയാളത്തിൽത്തന്നെ വേണ്ടിവന്നു. എന്നിട്ടും

സാരസാനാം മനോജ്ഞാനി ശ്രുത്വാനാദാനി ദമ്പതീ
സുദക്ഷിണാദിലീപൌ തൌ രഥാദുന്നമിതാനനൌ

എന്നിങ്ങിനെ രഘുവംശത്തിലെ ഒരു ശ്ലോകത്തിന്റെ ഛായ പിടിച്ചുകൊണ്ടൊരു പദ്യം, വ്യാകരണത്തെക്കുറിച്ചൊന്നും ചിന്തിക്കാതെ, സംസ്കൃതത്തിൽ ആ യുവസാഹസികൻ തട്ടിമൂളിക്കാതിരുന്നില്ല! പെറും പന്ത്രണ്ടു വയസ്സുള്ളപ്പോളാണ് ഭാവിയിലെ വള്ളത്തോൾ തന്റെ കവിതാചരിത്രത്തിന്റെ ഹരിശ്രീ കുറിച്ചത്.

പൊട്ടാക്കിപ്പ്ഫാലവട്ടത്തിരുമിഴി, ജടയെ
ക്കാറൊളിച്ചാരുകുന്തൽ
കെട്ടാക്കി,ക്കേതകിപ്പൂവതിനുടെ വടിവാ
ക്കിപ്പുരം ചന്ദ്രഖണ്ഡം,
മട്ടൊക്കെത്തന്നെ മാറിപ്പൃഥയുടെ സുതനായ്
ക്കാട്ടിലുൾപ്പുക്കു വൈര
പ്പെട്ടക്കാൽ ജന്യമിട്ടാ മഹിതകപട കാ
ട്ടാളനെക്കെതൊഴുന്നേൻ

എന്ന വന്ദനശ്ലോകംകൊണ്ടാരംഭിച്ച 'കിരാതശതകം' എന്ന മണിപ്രവാളകൃതി, നാരായണന്റെ വാസനയെക്കുറിച്ചും ബുദ്ധിവൈഭവത്തെക്കുറിച്ചും സ്വജനങ്ങൾക്കിടയിൽ വലിയ മതിപ്പുളവാക്കി. കിരാതമൂർത്തിയുടെ അനുഗ്രഹംകൊണ്ടാവാം, അധികം താമസിക്കാതെ 'വ്യാസാവതാരം' എന്ന പേരിൽ മറ്റൊരു കൃതിയും ബാലൻ എഴുതിത്തീർത്തു.

പുരാ ജഗത്തിന്റെ തമസ്സുശേഷം
നിരാകരിപ്പാൻ പൃഥിവീതലത്തിൽ
പരാശരൻ തൻ സുതനായ് ജനിച്ച
മുരാരിതൻ മുഗ്ധപദം തൊഴുന്നേൻ

എന്നിങ്ങിനെ തുടങ്ങുന്ന ആ പുസ്തകമാകട്ടെ, കിരാതശതകമാകട്ടെ ഇപ്പോഴും കിട്ടാനില്ല. ജീവചരിത്രത്തിനുള്ള ഒരു സാമഗ്രി എന്ന നിലയ്ക്കല്ലാതെ അവയ്ക്കു വിശേഷിച്ചൊരു പ്രാധാന്യവും ഇന്നു കല്പിക്കേണ്ടതായിട്ടില്ല.

ശ്ലോകങ്ങളെഴുതാനുള്ള താല്പര്യം സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികളെ അക്കാലത്ത് സാമാന്യേന ബാധിച്ചിരുന്ന ഒരു ശീലമായിരുന്നു. യഥാർത്ഥ വാസനയും പരിശ്രമവും കൊണ്ട് ചിലർ മാത്രമേ, പക്ഷേ, ആ ശീലം ആജീവനാന്തം നില നിർത്തിവന്നുള്ളു.

അഭ്യാസഹേതോഃ പദസന്നിവേശൈഃ
വാക്യാർത്ഥശ്രുന്യൈർവിദധീത വൃത്തം
ശ്ലോകം പരാവൃത്തിപദൈഃ പുരാണം
യഥാസ്ഥിതാർത്ഥം പരിപൂരയേച്ച

എന്നു പറഞ്ഞപോലെയാണ് കവിതയെഴുത്തിന്റെ ആരംഭം. പഴയ ശ്ലോകങ്ങളെടുത്തു അർത്ഥത്തിനൊരു മാറ്റവും വരുത്താതെ പദങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റിവെച്ചുകൊണ്ടുള്ള ശ്ലോകനിർമ്മാണസാഹസം, മുതിർന്നവരുടെ ദൃഷ്ടിയിൽ, ബാലിശമായിത്തോന്നിയേക്കാമെങ്കിലും ആ 'പിഴച്ച കാൽവെപ്പുക'ളിൽ നിന്നു നേടുന്ന അഭ്യാസമാണ് അനന്തരകാലത്തിലെ 'സുലളിതപദ വിന്യാസ'ത്തിന്റെ അടിസ്ഥാനമായിത്തീരുന്നതു്. ഈ അനുകരണ പ്രവണതയ്ക്കുദാഹരണമാണ് മുമ്പുദ്ധരിച്ച രഘുവംശ ശ്ലോകത്തിന്റെ ഛായയിലുണ്ടാക്കിയ പദ്യവും.

മരുമകന്റെ സാഹിത്യാഭിരുചി അമ്മാമൻ കണ്ടറിയുകയും അതിൽ സന്തോഷിക്കയും ചെയ്തിരിക്കാമെങ്കിലും, ആ അഭിനന്ദനം പുറത്തു കാണിക്കാതെ വൈദ്യവിദ്യാഭ്യാസം മുറയ്ക്കു നടന്നുപോകണമെന്ന കാര്യത്തിൽ അദ്ദേഹം സ്ഥിരനിശ്ചയനായിരുന്നു, ശിഷ്യന്നാകട്ടെ, വൈദ്യവൃത്തി ജീവിതത്തൊഴിലായി

സ്വീകരിക്കണമെന്ന വിചാരം ഉണ്ടായിരുന്നുമില്ല. ഗുരു ഹിതം അനുവത്തിയ്ക്കണമെന്ന നിഷ്ഠകൊണ്ടുമാത്രം ആ വിനയ ശാലി വൈദ്യപാഠങ്ങളിൽ ദത്താവധാനനായി. അഷ്ടാംഗ ഹൃദയ ഗ്രന്ഥത്തിലെ സാഹിത്യഭംഗികൾ ആ പഠനം തീരേ വിരസമാകാതിരിക്കുവാൻ സഹായിക്കുകയും ചെയ്തു.

പ്രസിദ്ധ പണ്ഡിതനും സ്വതന്ത്ര സ്വതന്ത്രനുമായിരുന്ന കൈക്കുളങ്ങരെ രാമവാരിയർ അക്കാലത്തു് തൃക്കണ്ടിയൂരിൽ താമസിക്കുന്നുണ്ടായിരുന്നു. വാരിയരുടെ അടുക്കൽനിന്നു കുറച്ചു തക്ശാസ്ത്രം പഠിക്കുവാൻ രാമുണ്ണിമേനോൻ മരുമകനെ നിയോഗിച്ചു. ഏതാനും പാഠങ്ങൾ പഠിക്കുവാൻ ബാലൻ ഒരു ശ്രമം നടത്തുകയുംചെയ്തു. എന്നാൽ സാഹിത്യത്തിന്റെ കോമള സമ്പർക്കം കൊതിച്ചുകൊണ്ടിരുന്ന ബാലകവിയുടെ ഹൃദയമുണ്ടോ തക്ശാസ്ത്രത്തിന്റെ കാക്ശ്യത്തോടു പൊരുത്തപ്പെടുന്നു?

നൈവ വ്യാകരണജ്ഞമേതി പിതരം ന ഭ്രാതരം താക്കികം
ദൂരാൽ സങ്കുചിതേവ ഗച്ഛതി പുനശ്ചണ്ഡാലവച്ഛാന്ദസം
മീമാംസാനിപുണം നപുംസകമിതി ജ്ഞാത്വാ നിരസ്താദരാ
കാവ്യാലങ്കരണജ്ഞമേവ കവിതാകന്യാ വൃണീതേ സ്വയം

എന്ന കവിവാക്യം വള്ളത്തോൾക്കുട്ടിയുടെ കാര്യത്തിലും അക്ഷരത്തായിത്തീർന്നു. കവിതാകാമിനിയുടെ സ്വയംവരാവസരം കാത്തുകൊണ്ടിരുന്ന സാഹിത്യോപാസകനു രാമവാരിയരെപ്പോലെയുള്ള ഒരു വിജ്ഞാനനിധിയുടെ അന്തേവാസിയാവാൻ അല്പകാലത്തേക്കെങ്കിലും തരമായതു് തീച്ചയായും ഒരു ഭാഗ്യവിശേഷമായിക്കരുതാവുന്നതാണു്. രാമവാരിയരുടെ 'ആരോഗ്യകല്പദ്രുമം' എന്ന ബാലചികിത്സാഗ്രന്ഥം വള്ളത്തോൾ പിന്നീടു തർജ്ജമചെയ്തതിൽ ഗുരുഭക്തിദ്യോതകമായ ഒരൌചിത്യമുണ്ടു്. മഹാകവിയുടെ അന്ത്യദശയിൽ നിർവ്വഹിക്കപ്പെട്ട ഋഗ്വേദ തർജ്ജമയിലും ആ വന്ദ്യഗുരുവിന്റെ അനുഗ്രഹത്തിന്നൊരു പങ്കുണ്ടായിരുന്നതായിക്കരുതാവുന്നതാണു്. രാമവാരിയരുടെ വേദശാസ്ത്രാദികളിലുള്ള അവഗാഹം കണ്ടറിഞ്ഞു അസൂയാലുക്കളായിത്തീർന്ന ചില ബ്രാഹ്മണരോടു് താൻ ഇനി ഋഗ്വേദം പരിഭാഷപ്പെടുത്താനാണുദ്ദേശിക്കുന്നതു് എന്നു് ആ പ്രതിഭാസമ്പന്നൻ ഒരവസരത്തിൽ ആത്മസ്ഥൈര്യത്തോടുകൂടി പറഞ്ഞതു് നിർഭാഗ്യവശാൽ അദ്ദേഹത്തിനു നിറവേറ്റുവാൻ കഴിഞ്ഞില്ലെങ്കിലും അഞ്ചു പതിറ്റാണ്ടിനുശേഷം ആ പ്രവൃത്തി തന്റെ ഒരുത്തമശിഷ്യൻ നിർവ്വഹിച്ചതിൽ, ദിവംഗതനായ ആ സർവതന്ത്ര സ്വതന്ത്രന്റെ ആത്മാവു സംതൃപ്തി അടഞ്ഞിരിയ്ക്കാം!

രാമവാരിയരുടെ അടുക്കൽനിന്നും, പിന്നീടു പാറക്കുളം സുബ്രഹ്മണ്യശാസ്ത്രി എന്നൊരു പണ്ഡിതങ്കൽനിന്നും പഠിച്ച തർക്കശാസ്ത്രത്തിന്റെ വല്ല ശകലവും വള്ളത്തോളിന്റെ സാഹിത്യജീവിതത്തിൽ എന്തെങ്കിലും സ്വാധീനശക്തി ചെലുത്തിയിരുന്നുവോ എന്നു പറയുക എളുപ്പമല്ല. ''സംഗ്രഹവും ന്യായബോധിനിയുംമാത്രമേ ഞാൻ പഠിച്ചിട്ടുള്ളു. പഠിക്കുന്ന കാലത്ത് ഉപസ്ഥിതിവരുത്താതിരുന്നിട്ടില്ല. എങ്കിലും പിന്നീട് എങ്ങിനെയോ ഒരു വിരക്തി വന്നുകൂടിയതിനാൽ പഠിച്ചതൊക്കെ ഒന്നായി മറന്നുപോയി. ഇപ്പോഴും തർക്കം പഠിച്ചിട്ടുണ്ടെന്നു പറവാൻകൂടി ഭയം'' എന്നാണ് വളരെ കാലത്തിനു ശേഷം ഒരു സ്നേഹിതനയച്ച കത്തിൽ വള്ളത്തോൾ പറഞ്ഞു കാണുന്നത്.

എന്നാൽ തർക്കത്തെക്കാളധികം മനസ്സിരുത്തി പഠിക്കുകയും കുറച്ചുകാലം പരിശീലിക്കുകയും ചെയ്തിരുന്ന വൈദ്യശാസ്ത്രത്തിന്റെ ലാഞ്ഛനകളും, 'കടലിൽ കലക്കിയ കായം' പോലെ, വള്ളത്തോൾക്കവിത ആസ്വദിച്ചവർക്ക് അത്രയൊന്നും അനുഭവഗോചരമായിട്ടില്ലെന്നുവേണം പറയുവാൻ!

ഗുരുമാതുലന്റെ അന്തേവാസിയായിരുന്ന ആ കാലഘട്ടത്തിലാണ്, 'വള്ളത്തോൾക്കമ്പനി' എന്നു പിന്നീടു നാട്ടുകാരുടെ ഇടയിൽ അറിയപ്പെട്ട സാഹിത്യക്കൂട്ടുകെട്ടിന്റെ തുടക്കമുണ്ടായത്. രാമുണ്ണിമേനോന്റെ ശിഷ്യഗണത്തിൽ കുറിപ്പുറത്തു കേശവൻനായരും കിട്ടുണ്ണിനായരും, വള്ളത്തോൾ ഗോപാലമേനോനും ഉൾപ്പെട്ടിരുന്നു. വള്ളത്തോളും കുറിപ്പുറവും വളരെ കാലമായി അന്യോന്യം ബന്ധപ്പെട്ട തറവാട്ടുകളായിരുന്നതുകൊണ്ട് അവരെല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞു. ആ വിദ്യാനികേതനത്തിനുണ്ടായിരുന്ന ഗുരുകുലച്ഛായയും കൊഴുപ്പുകൂട്ടി. പഠിപ്പിലും പ്രായത്തിലും മറ്റവരെക്കാളും മുമ്പിലായിരുന്ന നാരായണമേനോൻ അവരെയും മറ്റു വിദ്യാർത്ഥികളെയും പഠിപ്പിയ്ക്കുവാൻ നിയുക്തനാവുകയും ചെയ്തിരുന്നു. ശിക്ഷണാവസരത്തിൽ അവർ തമ്മിൽ പുലർത്തിപ്പോന്ന ഗുരുശിഷ്യബന്ധം മറ്റവസരങ്ങളിൽ മൈത്രീബന്ധമായി മാറി. 'പാടേ സമാനവടിവാണ് സഖാക്കളോടുകൂടേ' നാരായണമേനോൻ പലതരം സാഹിത്യ വിനോദങ്ങളിലും പങ്കെടുത്തു അനദ്ധ്യായസമയത്തെയും ഫലപുഷ്ടലമാക്കിത്തീർത്തു. 'നാരായണേട്ട'ന്റെ നേതൃത്വത്തിലുള്ള ആ സാഹിതീസഖ്യം അതിലെ അംഗങ്ങളുടെ 'വാങ്മയസിന്ധു' പൂകാനുള്ള അഭിലാഷത്തെ എത്രമാത്രം സഹായിച്ചു എന്നതിനു അവരിൽ ഓരോരാളുടെയും അനന്തരകാലജീവിതം ധാരാളം സാക്ഷ്യം വഹിയ്ക്കുന്നുണ്ട്.

കുറച്ചു സംസ്കൃതം പഠിച്ചു, വിശേഷിച്ചൊരു തൊഴിലും ഇല്ലാതെ മുറിശ്ലോകങ്ങളും ചൊല്ലിക്കൊണ്ടു നടക്കുന്ന ചെറുപ്പക്കാരെപ്പറ്റി പ്രായേണ നാട്ടുകാക്കു വലിയ മതിപ്പൊന്നുമുണ്ടാകാറില്ല. പക്ഷേ, ഋഷികല്പനായ രാമുണ്ണിമേനോന്റെ ശിഷ്യനും മരുമകനും എന്ന നിലയിൽ നാരായണമേനോനോടു അദ്ദിക്കുകാക്കു പൊതുവെ സ്നേഹവും ബഹുമാനവും ഉണ്ടായി. ഗുരുത്വത്തിനും തറവാടിത്തത്തിനും നിരക്കാത്ത ദുശ്ശീലങ്ങളൊന്നും യുവാക്കളായ 'വള്ളത്തോൾക്കമ്പനി'ക്കാരെ ബാധിച്ചിരുന്നില്ല. അച്ഛൻ എളയതിന്റെ സ്വഭാവഗുണവും ഇതിനു സഹായകമായിത്തീർന്നു. വലിയ പാണ്ഡിത്യമൊന്നുമില്ലെങ്കിലും കലാരസികനും സരളഹൃദയനുമായ എളയതിനെ നാട്ടുകാരൊക്കെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. നാട്യകലകളിൽ, വിശേഷിച്ചു കഥകളിയിൽ, വലിയ കമ്പക്കാരനായിരുന്നു അദ്ദേഹം. കഥകളി മർമ്മങ്ങളും മനസ്സിലാക്കി വേഷക്കാരുടെ അഭിനയത്തിലുള്ള വൈകല്യങ്ങളും ചൂണ്ടിക്കാണിക്കുവാനും അദ്ദേഹത്തിനു നല്ല മിടുക്കുണ്ടായിരുന്നു. എളയതിന്റെ ഈ കഥകളിഭ്രാന്തിനെപ്പറ്റി രസകരങ്ങളായ പല കഥകളുമുണ്ട്. ഒരിയ്ക്കൽ ആ പ്രദേശത്ത് കളിച്ചിരുന്ന കഥകളി ഇരുപത്തെട്ടു ദിവസം ഇടവിടാതെ ഉറക്കൊഴിച്ചു കണ്ടശേഷം ഇരുപത്തൊമ്പതാം ദിവസവും കളികാണാൻ പുറപ്പെട്ട എളയത്, ഒന്നു മുറുക്കാൻവേണ്ടി, വഴിയ്ക്കൊരു പീടികക്കോലായയിൽ കയറി ഇരുന്ന ആ ഇരുപ്പിൽത്തന്നെ അറിയാതെ ഉറങ്ങിപ്പോയെന്നും നേരം പുലർന്പ്പൊഴേ ഉണർന്നുള്ള എന്നും ഒരു കഥ ആ കൂട്ടത്തിൽ പറഞ്ഞുകേട്ടിട്ടുള്ളതാണ്. കളികാണാൻ പോകുമ്പോഴും മിക്കപ്പോഴും അച്ഛനെ അനുഗമിച്ചിരുന്ന മകനു കളിയുടെ വേഷങ്ങളെപ്പറ്റിയും മുദ്രകളെപ്പറ്റിയും മറ്റു മർമ്മങ്ങളെപ്പറ്റിയും വിസ്തരിച്ചു പറഞ്ഞുകൊടുക്കുക പതിവായിരുന്നു. തന്റെ ഉള്ളിൽ തിങ്ങിവിങ്ങുന്ന കലാരസത്തിന്റെ സമ്മർദ്ദത്തിനു അയവുവരുത്താനുദ്ദേശിച്ചായാലുംശരി, മകനിൽ കലാകൌതുകത്തിന്റെ ബീജാങ്കുരങ്ങളും വേരുന്നിക്കുവാനുദ്ദേശിച്ചായാലുംശരി, അങ്ങിനെയുള്ള സന്ദർഭങ്ങളും ആ യുവാവിനെ തികച്ചും കഥകളിപ്രിയനാക്കിത്തീർത്തു എന്നതു തീച്ചയാണ്. ഒരു നൂറു വർഷങ്ങൾക്കു മുമ്പ് ചെറുതുരുത്തിയ്ക്കടുത്ത നെടുമ്പുരയ്ക്കൽ ഒരേ പന്തലിൽ അന്നത്തെ അഗ്രഗണ്യരായ കഥകളിക്കാരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടു ഒരു മണ്ഡലക്കാലം ഇടവിടാതെ നടന്ന നൃത്യകലോത്സവത്തെ സ്വഗ്രീയമായ നിന്നിമേഷതയോടെ സമാസ്വദിച്ചുപോന്ന ഭാഗ്യവാന്മാരിലൊരാളായ മല്ലിശ്ശേരി ദാമോദരനിളയതിന്റെ ഏക പുത്രനായ തനിയ്ക്ക അച്ഛങ്കൽനിന്നു കിട്ടിയ ശാശ്വതസ്വത്താണ്

കഥകളിശ്ലോകം എന്ന മഹാകവിതന്നെ ഒരു സന്ദർഭത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.[1]

നവനാഗരികതയുടെ സന്താനപരമ്പരയിൽപ്പെട്ട സിനിമയുടെ പേരുകൂടി കേട്ടിട്ടില്ലാത്ത ആ കാലത്ത് കഥകളി, നാടകം, ഓട്ടംതുള്ളൽ, കൂത്ത്, ഉത്സവം ഇത്യാദികളായിരുന്ന ബാലലോകത്തിന്റെ പ്രധാന വിനോദങ്ങൾ. അമ്പലങ്ങളിൽ പതിവായി കൂടിച്ചെന്നൊഴാനും ഉത്സവം കാണാനും കൂട്ടിവള്ളത്തോളിനു വലിയ ഉത്സാഹമായിരുന്നു. കൂട്ടത്തിൽ കവിതാപരിശ്രമങ്ങളും മുടങ്ങാതെ നടന്നു. ഈശ്വരസ്തുതിപരമായി വള്ളത്തോളും കൂട്ടുകാരും ആ കാലത്തു നിർമ്മിച്ചിട്ടുള്ള ശ്ലോകങ്ങൾക്കൊരു കണക്കില്ല. അങ്ങിനെയുണ്ടായതാണ്

പേരാളും തുപ്പറങ്ങോട്ടരുണ തനയനെച്ചെണ്ടകൊട്ടിച്ചുപാക്കും
മാരാരേ! മാലൊഴിഞ്ഞുള്ളൊരു കുശലവിശേഷോത്സവ
ത്തിന്നുവേണ്ടി

എന്ന ശ്ലോകാദ്ധ്വം മറും. ആ ഇളംപ്രായത്തിലും വള്ളത്തോൾ വശപ്പെടുത്തിയിരുന്ന ഭാഷാസ്വാധീനത്തിന്നൊരൊന്നാന്തരം ഉദാഹരണമാണ് 'ചെണ്ട കൊട്ടിച്ചു പാക്കും മാരാരേ' എന്ന സരസപ്രയോഗം.

സരസകവിയും കലാരസികനുമായ കുറുത്തപാറ ദാമോദരൻ നമ്പൂതിരിയുടെ പരിചയം വള്ളത്തോൾ സമ്പാദിച്ചതും ആയിടയ്ക്കാണ്. അമ്മാമൻ രാമുണ്ണിമേനോന്റെയും അച്ഛൻ എളയതിന്റെയും ചിരന്തന സൗഹൃത്തെന്ന നിലയിൽ ഇടയ്ക്കിടെ ചേന്നരയ്ക്ക ചെല്ലാറുണ്ടായിരുന്ന അവസരങ്ങളിലാണ് കൂട്ടി വള്ളത്തോളിന്റെ ബുദ്ധിചാതുര്യവും കവിതാവാസനയും കുറുത്തപാറ കണ്ടറിഞ്ഞതു്. വയസ്സില്ല ഗുണങ്ങളാണ് പൂജ്യതയ്ക്കാധാരമെന്ന ആപ്തവാക്യത്തിന്നു മികച്ചൊരുദാഹരണമായിക്കരുതാവുന്നതാണ് അമ്പതുവയസ്സുള്ള കുറുത്തപാറ നമ്പൂതിരിയും ഊനഷോഡശവഷ്നായ നാരായണമേനോനും തമ്മിൽ ഉണ്ടായിത്തീർന്ന ആ മൈത്രീബന്ധം. കവിതാനിർമ്മാണവിഷയത്തിൽ പല മാർഗ്ഗനിർദ്ദേശങ്ങളും ദാമോദരകവിയിൽനിന്നു നാരായണമേനോനു കിട്ടിയിരുന്നു. എളയതിന്റെ ആവശ്യപ്രകാരം കുറുത്ത പാറയുടെ കംസവധം, ബാലധ്രുവചരിതം എന്നീ നാടകങ്ങളിൽ ആ യുവാവിനെയും കൂട്ടുകാരെയും ചേർത്തഭിനയിപ്പിച്ചിരുന്നു.

കുറുത്തപാറ മുഖേന വെള്ളാനശ്ശേരി വാസുണ്ണിമൂസ്സിന്റെ

---

1 കെ. പി. എസ്. മേനോന്റെ 'കഥകളിരംഗം' എന്ന പുസ്തകത്തിന്റെ അവതാരികയിൽ. (മാതൃഭൂമി, കോഴിക്കോട്, 1957)

പരിചയം വള്ളത്തോൾ സമ്പാദിച്ചു. മൂസ്സിന്റെ വക യായിനടത്തിവന്ന കുറൂർ ക്ഷേത്രത്തിലെ ഉത്സവകാലത്ത് കുത്ത പാറയ്ക്കായിരുന്ന അവിടത്തെ പൂജാധികാരം. ഒരു കൊല്ലത്തെ ഉത്സവത്തിന വള്ളത്തോളിനെയും കുറൂക്ക് ക്ഷണിച്ചതിനെ അനുസ്മരിപ്പിക്കുന്നതാണ് കുത്ത പാറയുടെ ഈ ശ്ലോകം:—

തേനോടിത്തുലയുന്ന വാമൊഴി പൊഴിച്ചീടുന്ന വാസുണ്ണിമൂ–
സ്സേനോടൊത്തു തകർത്തു പത്തുദിവസം പാക്കാനിടം കിട്ടിമേ
താനും മേനവരത്നമേ! കുതുകമോടെത്തീടിലത്തവ്വിലേ–
താനും മാനവഴിയ്ക്ക നന്ദികലരാമെന്നുള്ള തുള്ളുന്നുമേ.

'അഭിനവഭോജരാജൻ' എന്ന പേരിൽ പ്രഖ്യാതനായിരുന്ന കോഴിക്കോട്ട പടിഞ്ഞാറെക്കോവിലകത്ത് വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാന്റെ ആപ്തമിത്രങ്ങളായിരുന്ന കുത്ത പാറ നമ്പൂതിരിയും വാസുണ്ണിമൂസ്സും. തമ്പുരാന്റെ ആഭിമുഖ്യത്തിൽ മാങ്കാവിൽ നടത്തിയിരുന്ന 'സഹൃദയസമാഗമം' എന്ന പണ്ഡിതസദസ്സിലെ പ്രമുഖാംഗങ്ങളുമായിരുന്ന അവർ. ആവഴിയ്ക്ക രാജസന്നിധിയിൽ എത്തിച്ചേരുവാനും ആ സഹൃദയ പ്രഭുവിന്റെ സവിശേഷപ്രീതിയ്ക്ക പാത്രീഭവിക്കുവാനും ബാലകവിയായ നാരായണമേനോന സാധിച്ചു.

അപ്രാപ്തയൌവനനായ നാരായണമേനോനും മദ്ധ്യവയസ്കനായ വാസുണ്ണിമൂസ്സും തമ്മിൽ വളർന്നവന്ന മൈത്രിയ്ക്ക സാക്ഷ്യംവഹിയ്ക്കുന്നവയാണ് ത്രിയാമ, സല്ലാപപൂരം എന്നീ പേരുകളിൽ പ്രസിദ്ധീകരിക്കപ്പെട്ട രണ്ട ലഘുകൃതികളും. നിർഭാഗ്യവശാൽ ആ പുസ്തകങ്ങളും ഇന്ന കിട്ടാനില്ല. ഒരു രാത്രിയിൽ ആ രണ്ട സ്നേഹിതന്മാർ തമ്മിൽ നടന്ന സംഭാഷണമാണ് 'ത്രിയാമ'യുടെ ഉള്ളടക്കം.

ദദ്യാദ്ദദ്യൽ കൂപാ പദ്യാ
വിദ്യാ ഹ്യദ്യാ പുരദ്വിഷഃ

എന്ന പദ്യാർത്ഥം വള്ളത്തോൾ ചൊല്ലുകയും

സർവ്വദാ സർവ്വദാ സർവ
മംഗളാ സർവ്വമംഗളം

എന്ന മൂസ്സ് അതിനെ പൂരിപ്പിക്കുകയും ചെയ്തു. ഇങ്ങിനെയുണ്ടാക്കിയതാണതിലെ ശ്ലോകങ്ങളും. മറെറാരവസരത്തിൽ നടന്ന സംഭാഷണങ്ങളെയാണ് സല്ലാപപൂരം രേഖപ്പെടുത്തിയത്.

കൃതാന്തകപ്രാണനാഡീകടാക്ഷം
കൃതാർത്ഥപ്പെടുത്തീടുമെൻ തമ്പുരാനെ

സദാ തങ്കിടും ലക്ഷ്മിയോടൊത്തുകണ്ടീ
ഹൃദാതങ്കമെന്നൊന്നു ദൂരത്തകറും?

എന്നു വിദ്വാൻ ഏട്ടൻതമ്പുരാനെ ഉദ്ദേശിച്ചുകൊണ്ടു വാസുണ്ണിമൂസ്സ് ചോദിച്ചതിനുള്ള ഉത്തരമാണ് വള്ളത്തോളിന്റെ

കടൽക്കന്യയാം തന്റെ കാന്തൻ കനിഞ്ഞാ
ക്കടക്കണ്ണുകൊണ്ടെന്നുകൊണ്ടോട്ടു, മന്നാം
കടക്കാം മഹാരാജമന്ദാരവൃക്ഷ
ക്കടിയ്ക്കൽ, ക്കലമ്പാതെ കൈകൂപ്പി നില്ക്കാം.

എന്നശ്ലോകം.

തുല്യപ്രാധാന്യമുള്ള വെറൊരു നേട്ടമായിരുന്നു മഹാപണ്ഡിതനായ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മയുടെ പരിചയം. അമ്മാമൻ രാമുണ്ണിമേനോനും നമ്പിയും സബ്രഹ്മചാരികളും ചിരന്തനസുഹൃത്തുക്കളുമായിരുന്നു. സുഹൃദ്ദർശനത്തിനു ചേന്നരയ്ക്കു ചെന്നിരുന്ന അവസരങ്ങളിലാണ് നമ്പിയ്ക്കു വള്ളത്തോൾക്കുട്ടിയെ അടുത്തറിയുവാൻ തരമായത്. അദ്ദേഹവും ഏട്ടൻതമ്പുരാന്റെ പണ്ഡിതസദസ്സിൽ ഒരംഗമായിരുന്നു. വാസുണ്ണിമൂസ്സുമായുള്ള വേഴ്ചവഴിയായി കുറൂരിൽ വരുമ്പോഴും, വള്ളത്തോളിന്റെ കവിതാവാസനയെപ്പറ്റിയും സാഹിത്യപ്രതിപത്തിയെപ്പറ്റിയും നമ്പി ധാരാളം മനസ്സിലാക്കിയിരുന്നു. വ്യൽപത്തിയുറച്ചതു മതിയായിട്ടില്ലെന്നും അതിന്നായി കുറേക്കൂടി പരിശ്രമിക്കേണ്ടതാവശ്യമാണെന്നും നമ്പി ഒരിയ്ക്കൽ വള്ളത്തോളിനു മനസ്സിലാക്കിക്കൊടുത്തതിനെസ്സംബന്ധിച്ചു കുറിപ്പാറത്തു കിട്ടുണ്ണിനായർ പറഞ്ഞിട്ടുള്ള ഒരു കഥ രസാവഹമാണ്:—

''ഏതാണ്ടു പത്തുപതിനെട്ടു വയസ്സു പ്രായമായ കാലത്ത് ഒരു ദിവസം അദ്ദേഹവും, സാക്ഷാൽ പുന്നശ്ശേരി നമ്പി, കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻതമ്പുരാൻ മുതലായ വിദ്വൽപ്രവരന്മാരും മാങ്കാവിൽ ഏട്ടൻതമ്പുരാന്റെ കോവിലകത്തു് ഒത്തുചേന്നു. ആ ചെറിയ സദസ്സിൽ കുഞ്ഞുക്കുട്ടൻതമ്പുരാൻ ജയദേവന്റെ 'പ്രസന്നരാഘവം' നാടകം വായിപ്പാൻ തുടങ്ങി. ഒരു വായനയിൽത്തന്നെ ചില ഭാഗങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ സാധിക്കായ്കയാൽ നമ്മുടെ മഹാകവി 'ഒരിയ്ക്കൽക്കൂടി വായിക്കുക' എന്നാവശ്യപ്പെട്ടു. ഈ ആവശ്യപ്പെടൽ രണ്ടുമൂന്നുതവണ ആവർത്തിച്ചപ്പോൾ നമ്പിയങ്ങുന്നു 'കവിതയുണ്ടാക്കിയാൽ പോരാ, വ്യൽപത്തി വേണം' എന്നു നേരമ്പോക്കു പറഞ്ഞു. ആ ഗുരുഭ്രുതന്റെ ഈ വാത്സല്യമസൃണമായ പരിഹാസം വള്ളത്തോളിനു തന്റെ പോരായ്മയെക്കുറിച്ചു ഒരു ബോധമുളവാക്കി. അതുമുതല്ക്കാണ് താൻ വായനയിൽ അത്യധികമായ ശ്രദ്ധ

ചെലുത്താൻ തുടങ്ങിയതെന്നു മഹാകവിതന്നെ ഒരിക്കൽ എന്നോടു പറയുകയുണ്ടായി.*''

പ്രായംകൊണ്ടും പാണ്ഡിത്യംകൊണ്ടും തന്നെക്കാൾ എത്രയോ അധികം പകിടവന്ന മഹാശയന്മാരുടെകൂട്ടത്തിൽ ചേരുവാനും അവരോടൊന്നിച്ചു സാഹിത്യചച്ചുകൾ നടത്തുവാനും ആ ഇളംപ്രായത്തിൽത്തന്നെ കൈവന്ന അസുലഭാവസരങ്ങളെ തികച്ചും ഫലപ്രദമായരീതിയിൽ ഉപയോഗപ്പെടുത്തുവാൻ നാരായണമേനോൻ ഒട്ടും ഉപേക്ഷവരുത്തിയില്ല. ആ സഹൃദയസമാഗമത്തിന്റെ ഒരനുസ്മരണമാണു് കുറെ കൊല്ലങ്ങൾക്കു ശേഷം (പുന്നശ്ശേരിനമ്പിയുടെ ഷഷ്ട്യബ്ദപൂർത്തിയാഘോഷിച്ചപ്പോൾ) എഴുതിയ ഈ വരികളിൽ കാണുന്നതു്:

അന്നുഞാനിന്നേത്തെക്കാളല്പജ്ഞനെന്നാകിലും
ചെന്നുചേരുമാറുണ്ടാസ്സാഹിത്യസമാജത്തിൽ:

ആരുടെ സദസ്സെന്നോ? ഭോജനു രണ്ടാമതായു്
പ്പേരുറവസാക്ഷാലേട്ടൻതമ്പുരാനുടെതന്നെ.

* * * *

ആ വസന്താഭൻ വാണ മാങ്കാവിലെന്നും കേൾക്കാം
ദേവഭാഷയിൽപ്പാടും കവികോകിലഗാനം,

ജ്ഞാനാഭ്രചരരാം തൽസദസ്യർ സൽപ്പക്ഷികൾ;
ഞാനൊരുതരമെറുമ്പവർതൻ പരിഷയിൽ.

എങ്കിലും പ്രഭുവിന്റെ ദാക്ഷിണ്യപ്രകൃതിയ
ന്നെങ്കിലും ചെറിയൊരു ചിറകു പിടിപ്പിച്ചു.

കാര്യചിന്തനയിലും കേളിസല്ലാപത്തിലും
കാവ്യവായനയിലും പാട്ടുകച്ചേരിയിലും

എന്തിലും നാരായണൻ വേണമെന്നവിടുത്തേ,
യ്ക്കെന്തിത്ര വലുതോ നീയാശ്രിതവാത്സല്യമേ?

അജ്ഞാനരസികതമക്കാവ്യ കുശലത
മഗ്രൂണസംശ്ലാഘിതമദ്ധീരപ്രശാന്തത

ആമന്ദസ്മിതമുഖ,മാ മഹനീയൌദാര്യ
മാ മധുരോദീരണ,മാനിഷ്ഠളങ്കസ്നേഹം—

ആരമ്മട്ടൊരാളിപ്പോഴു? വിവിധോത്സവമയ
മാരംഗം തിരശ്ശീലവീണാശ്രു മറഞ്ഞുപോയു!

* * * *

* കുറിപ്പുറത്തു് കിട്ടുണ്ണിനായരുടെ 'മഹാകവി വള്ളത്തോൾ' 87–ാം ഭാഗം.

ദ്യോവിലേയ്ക്കെഴുന്നള്ളും സ്വാമിയ്ക്കു വഴികാട്ടാൻ
സേവകരിരുപേർകൾ മുന്നിലേ നടകൊണ്ടാർ.

ഭാവനാപരൻ ദാമോദരനാം നമ്പൂരിയും
ആ വാസുദേവൻമൂസ്സതാകിയ കവീന്ദ്രനും.

ആവട്ടേ പുണ്യശ്ലോകക്കായ്സ്സു കുറഞ്ഞാലെ
ന്തായവരുടെ സൂക്തിയ്ക്കില്ലല്ലോ മൃതിഭയം.

മൃത്യുവിൻ താക്കോൽകൊണ്ടു തുറക്കാത്തിടത്തേ
വത്തിപ്പു വിലയേറും സാഹിത്യസമുച്ചയം.

'ചണ്ഡമാരുത'നാലുമുപലാളിയ്ക്കപ്പെട്ടാ
പ്പണ്ഡിതസഭാവല്ലി സൽഫലങ്ങളെക്കായ്ചൂ.

ബാലനാമെന്നെപ്പിടിച്ചേതൊരു കുഴ്യാക്കവി
ശാലയിൽപ്പിച്ചു നടത്തിച്ചുവോ പലപ്പോഴും

അക്കരം പ്രണതരാം വളരെശ്ശിഷ്യന്മാരെ
ത്തക്കവിജ്ഞാനോഷ്മളീഷം ധരിപ്പിച്ചരുളുന്നു.

അതിന്റെയുടമസ്ഥൻ—വന്ദനമവിടെയ്ക്ക—
കൃതിയാം പുന്നശ്ശേരി ശ്രീ നീലകണ്ഠാചാര്യൻ,

വിക്രമാക്കന്നെ ഭട്ടിയെന്നതുപോലാ മാന
വിക്രമക്ഷിതീശനു സുഹൃത്തും സചിവനും

മുഖ്യസഭ്യനുമായിശ്ശോഭിച്ചാൻ പട്ടത്വത്താൽ;
ഒക്കയുമേതോ പഴംകഥയായെന്നേ വേണ്ടൂ!

സമുന്നതവും സാധാരണക്കാക്കു സുദുർല്ലഭവുമായ ആ സാഹചര്യത്തിനിടയിൽ വളന്നുവന്ന നാരായണമേനോനു ഒരു പേരെടുത്ത കവിയായിത്തീരണമെന്ന അഭിലാഷം അന്നു തന്നെ അങ്കുരിച്ചിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതമില്ല. ഗുരുമാതുലസന്നിധിയിലെ വിദ്യാഭ്യാസക്രമവും അതിന്നനുകൂലമായിരുന്നു. രാവിലത്തെ അദ്ധ്യയനം കഴിഞ്ഞാൽ സാഹിത്യമണ്ഡലത്തിലേക്കു പ്രവേശിക്കുകയായിരുന്നു മുടങ്ങാതെയുള്ള പതിവു. തത്സമയം നിർദ്ദേശിക്കുന്ന ഏതെങ്കിലുമൊരു വിഷയത്തെ അധികരിച്ചു ശ്ലോകങ്ങളുണ്ടാക്കുക, സമസ്യകൾ പൂരിപ്പിയ്ക്കുക, സംസ്കൃതശ്ലോകങ്ങൾ തർജ്ജമചെയ്യുക എന്നീ പ്രക്രിയകൾ ഓരോ ദിവസത്തെയും പരിപാടിയിലുൾപ്പെട്ടിരുന്നു. അക്കാലത്തുണ്ടാക്കിയ കൃതികളും മിക്കതും ഇന്നു നഷ്ടപ്പെട്ടുപോയിരിക്കുന്നു. അവയിൽപ്പെട്ടതാണു് ഷെയ്ക്സ്പിയറുടെ 'വെനിസ്സിലെ കച്ചവടക്കാരൻ' എന്ന നാടകത്തിലെ കഥയവലംബിച്ചെഴുതിയ പോഷ്യാവിവാഹം എന്ന നാടകവും അർജ്ജുനവിജയം എന്ന വേറൊരു നാടകവും, തപതീസംവ

രണം എന്നൊരപൂർണ്ണ സംസ്കൃതകാവ്യവും, കീചകവധം കൈകൊട്ടിക്കളിപ്പാട്ടും മറ്റും. പത്തൊമ്പതാം വയസ്സിൽ ഒരു 'താമരപ്പൊയ്ക'യെ വർണ്ണിച്ചെഴുതിയ പദ്യകത്തിലുള്ളതാണീ ശ്ലോകം:—

കുണ്ഡതപം വിട്ട കോകക്കുളർ മുലയിളകി
ത്തത്തിയും താർമുഖത്തിൽ
ക്കൊണ്ടീടും തുമരന്ദശ്രമജലമതൊലി
ച്ചും മരുത്താൽക്കിതച്ചും
വണ്ടാം വാർകുന്തൽ ചിന്നിച്ചിതറിയുമരയ
ന്നപ്പടം തെല്ലുലഞ്ഞും
തണ്ടാരിൻ പൊയ്ക കാണുന്നിതു സുരതപരി
ക്ലാന്തയാം കാന്തപോലേ.

പ്രായത്തിനനുരൂപമായ ആശയഗതിതന്നെ!

ആസ്തികൃബോധത്തിന്നനുകൂലമായ സാഹചര്യങ്ങളിലായിരുന്ന വള്ളത്തോളിന്റെ ബാല്യജീവിതം ശാന്തമായി നീങ്ങിക്കൊണ്ടിരുന്നത്. അച്ഛനമ്മമാരും അമ്മാമനും അംഗീകരിച്ച ജീവിതചര്യതന്നെ അദ്ദേഹത്തിന്നും മാർഗ്ഗനിർദ്ദേശകമായിത്തീർന്നു. നാഗരികതയുടെ നാനാവിധ പ്രലോഭനങ്ങളിൽ നിന്നുമകന്ന് കാലക്ഷേപം ചെയ്തുപോന്ന മറ്റു നാട്ടിൻപുറക്കാരെപ്പോലെ ഈ യുവാവിന്നും ഈശ്വരഭജനത്തിൽ അളവറ്റ വിശ്വാസമുണ്ടായിരുന്നു. ശിവനും പാർവതിയുമായിരുന്ന ഇഷ്ടദേവതകളും എന്നു് അന്നുണ്ടാക്കിയിട്ടുള്ള പ്രാർത്ഥനാശ്ലോകങ്ങളിൽനിന്ന മനസ്സിലാവുന്നുണ്ടു്. എല്ലാ പ്രദോഷദിവസവും ശിവപരമായിട്ടോരോ ശ്ലോകമെഴുതുക വളരെക്കാലം തുടർന്നുവന്ന പതിവായിരുന്നു. ദേവീപരമായിട്ടും അനേകം സ്തവങ്ങൾ അക്കാലത്തും പിന്നീടും എഴുതീട്ടുണ്ടു്. സംസ്കൃതത്തിലും മലയാളത്തിലും, യാതൊരു പ്രയാസവുംകൂടാതെ, അനർഗ്ഗളമായിരുന്ന ശ്ലോകങ്ങളിൽ പലതും ഇന്നു് നഷ്ടപ്പെട്ടിരിക്കയാണു്. 'പാർവതീപാദാദികേശസ്തവം' എന്നൊരു സംസ്കൃതകൃതിയുടെ പ്രസിദ്ധ പണ്ഡിതനായ നാ: വാ: കൃഷ്ണവാരിയരെക്കൊണ്ടു ഒരു വ്യാഖ്യാനമെഴുതിച്ചു തയ്യാറാക്കിയതും നിർഭാഗ്യവശാൽ നഷ്ടപ്പെട്ടുപോയി. അതിൽപ്പെട്ടതായിരുന്ന ഈ ശ്ലോകം:—

കല്യാണം കലയെന്തു വഃ കലിശത്രുൽ കാന്താളകാന്തസ്മരൽ
കല്പദ്രുപ്രസവസ്രവന്മധുധരീകഞ്ജായമാനാംഘ്ര്യയഃ
കാളാംഭോദകചാഃ കളിന്ദതനയാകല്ലോല ലീലോല്ലളൽ
കാരുണ്യാർദ്രകടാക്ഷവീക്ഷണകലാഃ കാലാരി

പുണ്യോൽക്കരാഃ

അത്ര നല്ലൊരു കൃതി കൈമോശംവന്നുപോയതു മഹാകഷ്ടമായെന്നേ പറയേണ്ടതുള്ളൂ!

അമ്മാമന്റെ ഹിതമനുസരിച്ചു വൈദ്യശാസ്ത്രം പഠിയ്ക്കുകയും ചികിത്സാക്രമം ശീലിക്കുകയും ചെയ്തുവെങ്കിലും വൈദ്യവൃത്തിയെ ഒരുപജീവനമാർഗ്ഗമായി സ്വീകരിക്കണമെന്നു കുട്ടിവള്ളത്തോളട്ടേശിച്ചിരുന്നില്ലെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. അന്നത്തെ കാലസ്ഥിതിയിൽ, കാരണവന്മാരുടെ ദുർഭരണം കൊണ്ടു തളച്ചു തട്ടീട്ടില്ലാത്തതും സാമാന്യം മുതലെടുപ്പുള്ളതുമായ മരുമക്കത്തായത്തറവാടുകളിലെ അനന്തരവന്മാർക്കു അന്യാശ്രയം കൂടാതെ നിത്യത കഴിച്ചുകൂട്ടുവാൻ വലിയ ഞെരുക്കമുണ്ടായിരുന്നില്ലെന്നു പറയാമെങ്കിലും വിശേഷവിധിയായിട്ടെന്തെങ്കിലും സ്വകാര്യച്ചിലവുകൾ നിവൃത്തിക്കേണ്ടിവരുമ്പോൾ കാര്യം കുറെ പരുങ്ങലിലായിരുന്നു. സ്വതന്ത്രമായി ജീവിക്കുവാൻ വേണ്ട ധനാഗമമാർഗ്ഗമൊന്നും കണ്ടെത്തിക്കഴിഞ്ഞിട്ടില്ലാത്ത നാരായണമേനോനും ചിലപ്പോൾ ആ ക്ലേശം അനുഭവിക്കേണ്ടിവന്നിരുന്നു. അനാഡംബരവും സരളവുമായ ഒരു ജീവിതരീതി ശീലിച്ചതുകൊണ്ടു വലിയ പണച്ചിലവിനുള്ള ആവശ്യം നേരിട്ടിരുന്നില്ല എന്നതൊരു സമാധാനമാണു്. അക്കാലം മുതല്ക്കേ പരിചയിച്ചിരുന്ന പൊടിവലിയ്ക്കുവേണ്ടിവന്ന ചിലവു് താരതമ്യേന വളരെ തുച്ഛമായിരുന്നു. ചതുരംഗമായിരുന്ന ഒരു പ്രധാന വിനോദം. ഒരണകൊണ്ടു് അതും നിവൃത്തിക്കാമായിരുന്നു–ഒരു വാഴയണകൊണ്ടു! ഈ വിനോദത്തെപ്പറ്റിയെഴുതിയതാണു്.

തേരാനഭ്രപരും മന്ത്രിമുഖ്യരും തുരഗങ്ങളും
തേരാന കാലാളുകളും തീരേണ മണയൊന്നിന്നാൽ

എന്ന സരസശ്ലോകം. ചുരുക്കിപ്പറഞ്ഞാൽ സ്വാതന്ത്ര്യവാഞ്ഛയുള്ള ഒരു ചെറുപ്പക്കാരന്നു് ആകപ്പാടെ സംതൃപ്തി തോന്നാവുന്ന ഒരു സാമ്പത്തികസ്ഥിതിയല്ല അന്നുണ്ടായിരുന്നതു്.

വാത്സല്യനിധികളായ അച്ഛനമ്മമാരുടെയും അമ്മാമന്റെയും തണലിൽ, വലിയ അലട്ടൊന്നും കൂടാതെ കാലക്ഷേപം ചെയ്യുന്നതിനിടയിൽ പതിനെട്ടാം വയസ്സിൽ നാരായണമേനോനു് അവിചാരിതമായി മാതൃവിയോഗം നേരിട്ടു. 'ഒന്നിനുമാത്രം പോന്ന' ആ പ്രായത്തിലും അമ്മയുടെ വാത്സല്യാനുഭവത്തിൽ അലംഭാവം തോന്നാത്ത കൂട്ടത്തിലായിരുന്നു കുട്ടൻ. പത്തുപതിനഞ്ചു വയസ്സുള്ളപ്പോൾകൂടി മകനെ മടിയിലിരുത്തി അമ്മ കുടുമ വേർപെടുത്തു കെട്ടിയ്ക്കുന്നതും മറ്റും ഒരു സാധാരണ പതിവായിരുന്നു എന്നു് അനുഭവസ്ഥന്മാർ പറഞ്ഞിട്ടുണ്ടു്. അങ്ങിനെ മാതൃവത്സലനായിക്കഴിഞ്ഞുകൂടിയ

മകനു് പെട്ടന്നുണ്ടായ മാതൃവിയോഗം വല്ലാത്തൊരു ദുഃഖാനുഭവമായിത്തീർന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഭാഗവത പാരായണം കൊണ്ടാണു് അതിന്നു തെല്ലൊരയവു വരുത്തിയതു്. സംവത്സര ദീക്ഷക്കാലത്തു് അങ്ങിനെ ആദ്ധ്യാത്മിക പഠനത്തിന്നൊരവസരം കിട്ടിയതിനെ ഉൽക്കൃഷ്ടപ്രയോജനമായ യുവാവു് തികച്ചും ഉപയോഗപ്പെടുത്തുകയും ചെയ്തു. മാതൃവിയോഗത്തെപ്പററി കുറേ ശ്ലോകങ്ങളും അക്കാലത്തുതന്നെ സംസ്കൃതത്തിൽ എഴുതി വിജ്ഞാനചിന്താമണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽപ്പെട്ട ഒരു ശ്ലോകമാണു് താഴെ ചേർക്കുന്നതു്:—

'ബാഢം യാ നിത്യ' ഭാസ്വൽ ബൃഹല ഗ്രണഗണാ
ശാസ്ത്രഗാനീച ചന്ദ്ര
ശ്രീകീർത്തിർമ്മേ സവിത്രീ കചനിചയധൃത
'ത്രാസനവ്യാ'ബ്ബവ്വന്ദാ
സത്യം തൽ സത്യകാദ്യൈഃ ശ്രിതമുനി 'വൃഷ'മാസേവിതം
ചാനുകമ്പാ
'വാദ്ധ്യിശ്രുമ്മപ്രദേയം' കലിതരസമഗാൽ
സ്ഥാനമാനന്ദ സാന്ദ്രം.

കവിതയെഴുത്തുകൊണ്ടു മാത്രം കാലക്ഷേപം കഴിക്കുക എന്നൊരവസ്ഥയെപ്പററി വിഭാവനം ചെയ്യുവാൻപോലും സാധിക്കാത്ത ഒരു കാലമായിരുന്നു അതു്. ഉപജീവനത്തിന്നുള്ള ഒരുപാധിയായി സാഹിത്യത്തെ അന്നെന്നല്ല, എന്നും, കേരളീയർ അംഗീകരിച്ചിരുന്നില്ല, അക്കാലത്തു സാഹിത്യലോകത്തിൽ പേരെടുത്തവരിൽ ആരും അതിനെ ആശ്രയിച്ചുമാത്രം കഴിഞ്ഞുകൂടിയിരുന്നവരുമായിരുന്നില്ല. അങ്ങിനെയുള്ള ഒരന്തരീക്ഷത്തിലാണു് വള്ളത്തോൾ സ്വന്തം സാഹിത്യാഭിരുചിയെ വളർത്തിക്കൊണ്ടുവരുവാൻ കച്ചകെട്ടിത്തുടങ്ങിയതു്. അതെത്രത്തോളം ഫലിച്ചു എന്നന്വേഷിക്കുന്നതിനു മുമ്പായി അന്നത്തെ കേരളസാഹിത്യത്തിന്റെ പൊതുവിലുള്ള സ്ഥിതിയെപ്പററി അറിഞ്ഞിരിക്കുന്നതു രസകരമായിരിക്കും.

രണ്ടാം അധ്യായം

സാഹിത്യപശ്ചാത്തലം

പണ്ഡിതപാമരഭേദമില്ലാതെ കേരളീയ ജനതയുടെ മേൽ ഏറ്റവുമധികം സ്വാധീനശക്തി ചെലുത്തിയിട്ടുള്ള കവികളാണ് ചെറുശ്ശേരിയും എഴുത്തച്ഛനും. കൃഷ്ണപ്പാട്ടും രാമായണം കിളിപ്പാട്ടും പതിവായി പാരായണം ചെയ്യാത്ത ഹിന്ദുഗൃഹങ്ങൾ ഒരു കാലത്ത് കേരളത്തിലുണ്ടായിരുന്നില്ല. എഴുത്തച്ഛന്റെ മഹാഭാരതത്തിലെ ശകുന്തളാവാക്യം, വിദുരവാക്യം മുതലായ ഭാഗങ്ങൾ മിക്കവർക്കും മുഖസ്ഥമായിരുന്നു. ആ ഗ്രന്ഥങ്ങളിലെ ഈശ്വരകഥകളും അദ്ധ്യാത്മതത്വങ്ങളുമാണ് അവയുടെ പ്രചാരത്തിന്റെ മുഖ്യ കാരണമെന്നു സമ്മതിച്ചാലും അവയിലെ ഭാഷാസാരള്യവും ആഖ്യാനരീതിയും അതിന്റെ സഹായകമായിത്തീർന്നിരുന്നു എന്നും സംശയമില്ലാത്തതാണ്. ചൊല്ലുന്നവരുടേയും കേൾക്കുന്നവരുടേയും കാതും കരളും ഒരുപോലെ കുളിപ്പിക്കുവാൻ കെല്പുള്ളതാണല്ലൊ മാകന്ദമഞ്ജരിയുടെ മാധുര്യവും പൈങ്കിളിക്കൊഞ്ചലിന്റെ സാരസ്യവും.

ഭാഷാരീതിയെസ്സംബന്ധിച്ചേടത്തോളം മലയാളത്തിന്റെ ഒന്നാംസ്ഥാനവും സംസ്കൃതത്തിന്റെ രണ്ടാംസ്ഥാനവുമാണ് ചെറുശ്ശേരി കൊടുത്തിരുന്നത്. എഴുത്തച്ഛൻ രണ്ടിന്നും ഏറക്കുറെ തുല്യപ്രാധാന്യം കൊടുത്തു, അവയുടെ സമഞ്ജസമായ സംയോജനത്താൽ സംസ്കൃതപാണ്ഡിത്യം കുറഞ്ഞവർക്കും തന്റെ വാങ്മയം സുഗ്രഹമാക്കിത്തീർത്തു. മണിപ്രവാളശൈലിയുടെ ഒരു സമ്മോഹനമാതൃകയായി പരിഗണിക്കപ്പെടാവുന്നതാണ് എഴുത്തച്ഛന്റെ കിളിപ്പാട്ട്.

എഴുത്തച്ഛനുശേഷം, സാധാരണ ജനങ്ങളുടെ ഹാർദ്ദമായ അംഗീകാരത്തിന്റെ വിഷയീഭവിച്ചത് കുഞ്ചൻനമ്പ്യാരുടെ കവിതയാണ്. പാമരന്മാരെപ്പോലും സാമാന്യമായ ഒരു പാണ്ഡിത്യസീമയിലേക്കുയർത്തുവാൻ പര്യാപ്തമായതാണ് നമ്പ്യാരുടെ മനോഭിരാമവും മധുരപദാകലിതവുമായ മണിപ്രവാളം. ചെറുശ്ശേരിയും എഴുത്തച്ഛനും എടുത്ത കൈകാര്യം ചെയ്ത പുരാണവിഷയങ്ങളെത്തന്നെയാണ് നമ്പ്യാരും പ്രതിപാദിച്ചതെങ്കിലും പൂർവ്വാചാര്യന്മാരുടെ നിലപാടിൽനിന്ന് അദ്ദേഹം ഒരടി മുന്നോട്ടുവെച്ചു—അഥവാ സാധാരണജനങ്ങളുടെ അടുക്കലേ

ക്ക് ഒരടി കീഴ്പട്ടിറങ്ങിച്ചെന്നു—ഫലിതസങ്കലിതമായ ഭാഷയിൽ ഹൃദയസംവാദം നടത്തിയെന്നതാണ് തുള്ളൽക്കഥകൾ കൊണ്ടു നമ്പ്യാർ നേടിയ മെച്ചം.

ഭാഷയുടെ സ്വഭാവം, പ്രതിപാദ്യമായ വിഷയം, പ്രതിപാദനത്തിന്റെ രീതി, ഈ മൂന്നും പൊതുജനങ്ങളുടെ ഹിതത്തിന്നും അഭിരുചിയ്ക്കും ധാരണാശക്തിയ്ക്കും യോജിച്ച തരത്തിലായതുകൊണ്ട് ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പ്യാർ എന്നിവരുടെ കൃതികൾ സാവ്വജനീനമായ അംഗീകാരം സമ്പാദിച്ചു. അതായിരുന്നില്ല, പക്ഷേ, മറ്റു കവികളുടെ സ്ഥിതി.

ചമ്പുക്കൾ ആവിഷ്കരിച്ചത് ചെറുശ്ശേരിയുടെയും എഴുത്തച്ഛന്റെയും കാലപരിധിയ്ക്കിടയിലാണെങ്കിലും അവയ്ക്കു സംസ്കൃതപാണ്ഡിത്യം കുറഞ്ഞവരെ ആകർഷിക്കുവാൻ ശക്തിയുണ്ടായിരുന്നില്ല. 'മണിപ്രവാളപ്രസ്ഥാനമാകുന്ന മന്ദാരവൃക്ഷത്തിന്റെ മധുനിഷ്യന്ദികളായ മനോജ്ഞഫലങ്ങൾ' എന്നു ഉള്ളൂർ പുകഴ്ത്തുന്ന ആ കാവ്യങ്ങളുടെ ഭാഷ അവയെ സാമാന്യജനങ്ങളിൽ നിന്നകറ്റി നിർത്തി.

'ഭാഷാചമ്പുക്കൾ കൈരളീദേവിയുടെ കണ്ഠാലങ്കാരമായ വാടാമലർമാലയിലെ ചമ്പകപ്പൂക്കളാകുന്നു. സംസ്കൃതജ്ഞന്മാരല്ലാത്തവർക്ക് അവയുടെ പരിമളം ആഘ്രാണിയ്ക്കുവാൻ ശക്തി കാണുകയില്ല. എന്നാൽ പണ്ഡിതന്മാരായ ഹൃദയാലുക്കൾക്ക് അവ അത്യന്തം ചേതസ്സുമാകർഷകങ്ങളായിത്തന്നെ പരിലസിക്കുന്നതുമാണ്. സാവ്വജനീനമായ സമാരാധനത്തെ താദൃശങ്ങളായ കൃതികൾക്ക് ആശിക്കുവാൻ ന്യായമില്ല. അവയുടെ പക്ഷപാതികൾ അതു പ്രതീക്ഷിക്കുന്നുമില്ല.' (കേരള സാഹിത്യ ചരിത്രം രണ്ടാം ഭാഗം. 192)

ചമ്പുക്കൾക്കു പുറമെ ആ കാലഘട്ടത്തിലുണ്ടായ മറ്റു മണിപ്രവാളകാവ്യങ്ങൾക്കും മേൽപറഞ്ഞ ഭാഷാവൈഷമ്യം നിമിത്തം സാമാന്യജനങ്ങളുടെ ഇടയിൽ പ്രചാരം വളരെ കുറഞ്ഞുപോയിരുന്നു. 'ചന്ദ്രോത്സവ'ത്തെപ്പോലെ സാഹിത്യഭംഗികുറഞ്ഞ ഒരു കൃതിയ്ക്കുകൂടി ആ കാരണത്താൽ ജനമദ്ധ്യത്തിൽ പ്രവേശിക്കുവാൻ കഴിയാതെ പോയി. ഭക്തകവിയായ പൂന്താനത്തിന്റെ കൃതികൾക്കു മാത്രമേ സാധാരണക്കാരുടെ കരളിലേക്കു കടന്നു ചെല്ലുത്തക്ക സരളതയുണ്ടായിരുന്നുള്ളൂ.

പണ്ഡിതന്മാരുടെ അതിരുകവിഞ്ഞ സംസ്കൃതപക്ഷപാതത്തിനെതിരായുള്ള ഒരു പരിവർത്തനത്തിന്റെ അടയാളങ്ങൾ സാധാരണന്മാർക്കിടയിൽ ക്രമേണ കണ്ടുതുടങ്ങി. ചേലപ്പറമ്പു നമ്പൂതിരിയെ അതിന്റെ ആദ്യത്തെ പതാകാവാഹകനായി പരിഗണിയ്ക്കാം.

ചഞ്ചച്ചില്ലീലതയ്ക്കും പെരിയ മണമെഴും
പൂമുടിയ്ക്കും തൊഴുന്നേൻ
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതു പൊഴിയുമ
പ്പഞ്ചിരിയ്ക്കും തൊഴുന്നേൻ
അഞ്ചമ്പൻ ചേന്ന യ്നാം മനസി ഘനമുല
യ്ക്കും മുലയ്ക്കും തൊഴുന്നേൻ
നെഞ്ചിൽക്കിഞ്ചിൽക്കിടക്കും നെടിയ കടിലത
യ്ക്കൊന്നു വേറേ തൊഴുന്നേൻ

എന്ന പ്രസിദ്ധശ്ലോകത്തിൽ, ആശയഗതിയെസ്സംബന്ധിച്ചേട ത്തോളം പഴയ രീതിയും, ഭാഷയെസ്സംബന്ധിച്ചേടത്തോളം പു തിയ പരിവർത്തനത്തിന്റെ സൂചനയും കാണാവുന്നതാണ്.

രാജാക്കന്മാരും പ്രഭുക്കന്മാരും ജനകീയ താല്പര്യങ്ങൾക്കു വിലങ്ങടിച്ചു നില്ക്കുന്നവരാണെന്നു പൊതുജീവിതരംഗത്തെ പ്പറ്റി ചിന്തിക്കുമ്പോൾ പലരും ആക്ഷേപിക്കാറുണ്ടെങ്കി ലും, സാഹിത്യമണ്ഡലത്തിൽ നേരെമറിച്ചായിരുന്നു അവരുടെ നിലപാടെന്നു വെണ്മണിപ്രസ്ഥാനത്തിന്റെ ആവിർഭാവം ദൃഷ്ടാ ന്തപ്പെടുത്തുന്നുണ്ട്. കൊടുങ്ങല്ലൂർ രാജധാനിയിലാണ് ആ പ്ര സ്ഥാനം ആരംഭിച്ചത്. അതിന്റെ ആദ്യത്തെ ആചാര്യന്മാ രിൽ ഒരാളായിരുന്ന പൂന്തോട്ടം നമ്പൂതിരി കൊടുങ്ങല്ലൂർ വി ദ്വാൻ എളയതമ്പുരാന്റെ ഒരു സേവകനായിരുന്നു. അദ്ദേഹ ത്തിന്റെ

നീലക്കാർ കുന്തൽ കെട്ടീട്ടഴകൊടു നിടിലേ
നല്ല ഗോരോചനം ചേ—
ർത്തലയ്ക്കും പൊൻചിലമ്പും മണികളുമണിയി—
ച്ചമ്മ തന്നങ്കഭാഗേ
ലീലാ ഗോപാലവേഷത്തൊടു മുരളിയുമക്കാ—
ലിമേയ്ക്കുന്ന കോലും
ചാലേ കൈക്കൊണ്ടു മന്ദസ്മിതമൊടു മരുവും
പൈതലേ കൈതൊഴുന്നേൻ.

എന്ന ശ്ലോകം പ്രസിദ്ധമാണല്ലൊ. പുതിയ പദ്ധതിയെ വെ ട്ടിത്തെളിയിച്ചു സുഖസഞ്ചാരക്ഷമമാക്കിത്തീർത്തു വെണ്മണി അച്ഛനും മഹനുമായിരുന്നതുകൊണ്ടാണതിന്നു വെണ്മണിപ്ര സ്ഥാനമെന്ന പേരു സിദ്ധമായത്.

പാശ്ചാത്യവിദ്യാഭ്യാസത്തിന്നു നാട്ടിൽ പ്രചാരം വന്ന തോടുകൂടി സംസ്കൃതപഠനത്തിൽ കേരളീയർക്കുണ്ടായിരുന്ന ഉത്സാഹം കുറഞ്ഞതിന്നു പുറമെ, മലയാള ഭാഷയെക്കുറിച്ചും അവരിലൊരാസ്ഥയില്ലായ്ക കണ്ടുതുടങ്ങി. അഭ്യസ്തവിദ്യരെന്ന

ഭിമാനിച്ചവരുടെ ദൃഷ്ടിയിൽ സംസ്കൃതവും മലയാളവും അന്തസ്സില്ലാത്ത ഭാഷകളായിത്തീർന്നു. ഈ ദുരവസ്ഥയെ സൂചിപ്പിച്ചുകൊണ്ടാണു് വെണ്മണി മഹൻ

തൻഭാഷാ തനവിയെക്കേരളമനുജർ
വെടിഞ്ഞൊട്ടുമുക്കാലുമിപ്പോൾ
വമ്പാളും ഹൂണഭാഷാവനിതയെ
വശമാക്കുന്നതോത്തത്തലോടേ
എൻ പാശ്വേ വന്നു മുൻചൊന്നവള—
ശരണയായാശ്രയിച്ചോരു മൂലം
ജംഭാരിപ്രഖ്യ! ഞാനിന്നതിനെ
നതനരശ്രീകര! സ്വീകരിച്ചേൻ

എന്നെഴുതിയതു്.

കാഠിന്യമുള്ള സംസ്കൃതപദങ്ങൾ കഴിയുന്നത്ര കുറയ്ക്കണമെന്നും സംസ്കൃത വിഭക്ത്യന്തങ്ങൾ വർജ്ജിക്കണമെന്നുമായിരുന്നു വെണ്മണിപ്രസ്ഥാനക്കാരുടെ നിഷ്കർഷ. സംസ്കൃതവൃത്തങ്ങളോടു് അവർക്കു് യാതൊരു വിരോധവുമുണ്ടായിരുന്നില്ല. പ്രാസവും ഫലിതവും പദലാളിത്യവും ഉണ്ടായിരിക്കണമെന്നല്ലാതെ കവിതയുടെ അന്തസ്സത്തയെപ്പറ്റി അവരത്ര കാര്യമായിച്ചിന്തിച്ചിരുന്നില്ല.

'വൈലും കൊള്ളുക വേണ്ട, നല്ലൊരു നിലാവല്ലേ
നടന്നീടുകിൽ
ക്കാലത്തുണിനു കോടിലിംഗപുരിയിൽ
ച്ചെല്ലാമതല്ലേ തരം?'

എന്നിങ്ങിനെ സംഭാഷണശൈലിയിൽ എഴുതിയാൽ കവിതയായി എന്നായിരുന്നു അവരുടെ വിശ്വാസം. പാണ്ഡിത്യപ്രകടനത്തിനുവേണ്ടി കണക്കിലേറെ മോഹിക്കുകയാൽ സാധാരണജനങ്ങളിൽനിന്നകന്നു പോകുന്ന കവികളെ മടക്കിവിളിക്കണമെന്നേ അവരുദ്ദേശിച്ചിരുന്നുള്ളൂ. സാഹിത്യത്തിന്റെ ആലോചനാമൃതത്വം സംബന്ധിച്ചു അവരേറക്കുറെ ഉദാസീനരുമായിരുന്നു.

ശബ്ദസാരള്യമാണവരിഷ്ടപ്പെട്ടതെങ്കിലും, നല്ല കവികളിൽനിന്നു ചമല്ക്കാരത്തികവുറ്റ കവിതയും ലഭിക്കാതിരുന്നില്ല. അലങ്കാരത്തിന്റെ ആഭ്ടോപമൊന്നും കൂടാതെ, തന്മയത്വമുള്ള പല നല്ല വാങ്മയ ചിത്രങ്ങളും അങ്ങിനെ ഭാഷയ്ക്കു അവർ സംഭാവന ചെയ്തിട്ടുണ്ടെന്നതിനുദാഹരണമാണു് വെണ്മണിമഹന്റെ ഈ ശ്ലോകം;—

പയ്യെപ്പൈക്കുട്ടിതന്നെപ്പരിചിനൊട്ട
പിടിച്ചുന്തി നീക്കീട്ട തള്ള
പ്പയ്യിൻ കാൽക്കുടണഞ്ഞിട്ടകിടവിട
വിടെത്താൻ പതുക്കെത്തലോടി
തയ്യാറായ് മുട്ടുകുത്തിത്തദനു
മുഖമുയത്തിച്ചുരത്തും നറുമ്പാ
ലയ്യാ! മുട്ടിക്കുടിസ്സും പശുപശിശുപദം
കേവലം മേവലംബം.

ശ്രവണമാത്രത്തിൽ ഉള്ളിൽ പതിയണമെന്ന വെണ്മണിപ്രമാണത്തെ ബഹുമാനിക്കുന്നവരായിരുന്നില്ല പഴയ പാരമ്പര്യത്തിൽ ഭാഷാശ്ലോകങ്ങളെഴുതിപ്പോന്ന പണ്ഡിതകവികളും മിക്കവരും. അവരുടെ പാണ്ഡിത്യത്തെയോ കവിതാത്തെയോ അപലപിയ്ക്കാതെയും അവരഹിക്കുന്ന പൂജ്യതയ്ക്കൊട്ടും കോട്ടം തട്ടിക്കാതെയുംതന്നെ നമുക്കു പറയാം, സാധാരണ ജനങ്ങൾക്കു സമീപിക്കുവാൻ സാധിക്കാത്ത ഒരു ദന്തഗോപുരത്തിലായിരുന്നു അവർ വത്തിച്ചിരുന്നതെന്നു! ശ്രവണസുഖദങ്ങളായ അനേകം മണിപ്രവാളകൃതികളെഴുതി കൈരളിയെ അനുഗ്രഹിച്ച കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ തൂലികയിൽനിന്നു പോലും പലപ്പോഴും പുറപ്പെട്ടത് അത്തരത്തിൽപ്പെട്ട ദുർഗ്രഹപദ്യങ്ങൾ ആയിരുന്നു.

അനന്യഗതി മാസ്മമേ ഹൃദയ മന്യഥാ മന്യഥാ
മനസ്വിനി! തവസ്ഥിതിമ്മമ മനസ്സിലല്ലോ സദാ
അനന്യജശരൈർഹതം പ്രഥമമേവമാമീവിധം
നിനച്ചുമദിരേക്ഷണേ! പുനരഹോ ഹനിച്ചീടൊലാ

എന്ന ശാകുന്തള തജ്ജമയിലെ ശ്ലോകംതന്നെ നോക്കുക. രാജോചിതമായ പ്രൌഢിയും ഗാംഭീര്യവും തികഞ്ഞ് അത്യന്തം സുന്ദരമായ ഒരു ശ്ലോകമാണിതെന്നു സമ്മതിക്കാം. എങ്കിലും മണിയ്ക്കോ പ്രവാളത്തിന്നോ അതിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളതെന്നതിനെപ്പറ്റി നോട്ടക്കാർതന്നെ തീർപ്പു പറയട്ടെ! 'ബോധഹീനന്മാക്കറിയാംവണ്ണം' രാമായണകഥ ചൊല്ലിത്തന്ന തുഞ്ചത്താചാര്യന്റെ ശിഷ്യപരമ്പരയുടെ 'ഗ്രന്ഥഗ്രന്ഥി'കളുടെ വിഷമതകളിൽ പെടാതെ സുഗമസരണിയിലൂടെ സഞ്ചരിച്ചാൽ കൊള്ളാമെന്നൊരു മോഹമുണ്ടായപ്പോഴും അതു സാധിപ്പിച്ചുകൊടുത്ത വെണ്മണിപ്രസ്ഥാനത്തെ പൊതുജനങ്ങൾ സ്വാഗതം ചെയ്തതിൽ അത്ഭുതമില്ല.

എന്നാൽ, മുമ്പു സൂചിപ്പിച്ചപോലെ, നിരങ്കുശമായ നിരർത്ഥപദപ്രയോഗത്തിന്നു പുറമെ, പൊതുവെ ഒരു കുഴമ്പില്ലായ്മ

യും ഈ പുതിയ പ്രസ്ഥാനത്തിൽപെട്ട പല കവിതകൾക്കുമുണ്ടായിരുന്നൊരു ന്യൂനതയായിരുന്നു. ശബ്ദാത്ഥങ്ങൾക്ക് ഒരുപോലെ പ്രാധാന്യം കല്പിക്കുന്നതിനുപകരം, ശബ്ദങ്ങളുടെ സുഗമതയ്ക്കുവേണ്ടി അത്ഥത്തെ ബലികൊടുക്കുകയാണു ആ കവികൾ ചെയ്തതു്. സംസ്കൃത വിഭക്ത്യന്തങ്ങളെക്കുറിച്ചുള്ള ദുശ്ശാഠ്യവും അസ്ഥാനത്തിലായിരുന്നു. പ്രയോഗപ്രാചുര്യത്താൽ മലയാളത്വം കിട്ടിക്കഴിഞ്ഞിരുന്ന മമ, തവ, പ്രകൃത്യാ, ജന്മനായദ്ദ്വയാ, പ്രായേണ മുതലായ സംസ്കൃത ശബ്ദങ്ങളെ ഗളഹസ്തം ചെയ്യണമെന്ന വാശി അന്തസ്സാരമില്ലാത്തതായിരുന്നു. വെണ്മണിയുടെ ശ്ലോകത്തിലെ 'കേവലം മേവലംബം' എന്ന പ്രയോഗം തന്നെ ആ അസഹിഷ്ണുതയ്ക്കെതിരായുള്ളൊരു തെളിവാണല്ലൊ. എന്നു മാത്രമല്ല 'ഗതി വിജിത മഹാവമ്പെഴും കൊമ്പനാനേ' എന്ന മാതിരി വിലക്ഷണ സമാസങ്ങളെ അവർ സാരസ്യത്തിന്റെ പേരിൽ സ്വീകരിക്കുകയും ചെയ്തിരുന്നു.

അസ്ഥാനത്തിലുള്ള അലങ്കാരപ്രയോഗത്തെ സംബന്ധിച്ചു വെണ്മണിപ്രസ്ഥാനക്കാർക്കുണ്ടായിരുന്ന എതിർപ്പു തീവ്രയായും സ്വാഗതാർഹംതന്നെ ആയിരുന്നു.—അപാണ്ഡിത്യത്തിന്റെ സന്താനമായിട്ടതിനെ യാഥാസ്ഥിതികന്മാർ വ്യാഖ്യാനിച്ചിരിക്കാമെങ്കിലും. കാവ്യശരീരത്തെ അലങ്കോലപ്പെടുത്തുകയല്ല, ആകഷ്കമാക്കുകയാണു് അലങ്കാരധർമ്മം എന്നു കലാബോധമുള്ളവരാരും സമ്മതിയ്ക്കും. പണക്കാരന്റെ പെട്ടിയിൽ വിലമതിക്കാനാവാത്ത അനേകം ആഭരണങ്ങളുണ്ടെന്നുവെച്ചു്, അതെല്ലാം വാരിവലിച്ചണിഞ്ഞു ഞെളിയുന്നതു് ധനികത്വത്തിന്റെ ലക്ഷണമാവാമെങ്കിലും കുലീനതയുടെയോ ആഭിജാത്യത്തിന്റെയോ സൌന്ദര്യബോധത്തിന്റെയോ അടയാളമായി സംസ്കാരമുള്ളവരാരും കരുതുകയില്ല. അലങ്കാരപ്രയോഗം മിതപ്പെടുത്തിയും വർണ്ണനകൊണ്ടു വ്യർത്ഥസ്ഥലമാക്കാതെയും വേണം കാവ്യനിർമ്മാണം ചെയ്യുക എന്നു സാഹിത്യകാരന്മാരെ ഉൽബോധിപ്പിച്ച ആധുനിക പണ്ഡിതന്മാരിൽ പ്രഥമസ്മരണീയൻ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനാണു്. അപണ്ഡിതനായ ഒരാളുടെ മുഖത്തുനിന്നാണിങ്ങനെയൊരഭിപ്രായം പുറപ്പെട്ടിരുന്നതെങ്കിൽ അതു് അജ്ഞതയെ ആച്ഛാദനം ചെയ്വാനുള്ള ഒരടവാണെന്നു, പക്ഷേ, യാഥാസ്ഥിതികന്മാർ പറയുമായിരുന്നു. പാണ്ഡിത്യനിധിയായ ഏ. ആർ. തമ്പുരാനെസ്സംബന്ധിച്ചു അങ്ങിനെ ആരും പരാതി പറകയില്ലല്ലൊ.

അസ്വതന്ത്രതയുടെയോ ഭാവനാദാരിദ്ര്യത്തിന്റെയോ പര്യായമായിക്കരുതാവുന്ന ഗതാനുഗതികത്വത്തെയും ഏ. ആർ. തമ്പുരാൻ എതിർത്തു. പഴയ വിഷയങ്ങളെത്തന്നെയെടുത്തു്

യാതൊരു വൈചിത്ര്യവും കൂടാതെ, ചിരപരിചിതങ്ങളായ 'സങ്കേത'ങ്ങളെ അവലംബിച്ചു, തിരിച്ചും മറിച്ചും കൈകാര്യം ചെയ്താൽ കവിതയായി എന്നൊരു ധാരണ പരക്കെ പടർന്നുപിടിച്ചിരുന്നു. നവനവോല്ലേഖകല്പനകളെപ്പറ്റി ആരും ആലോചിക്കുകയേ ചെയ്തില്ല. ബാഹ്യരൂപത്തിന്റെ കാര്യത്തിൽമാത്രം പ്രാചീനകവികളുടെ കാലടിപ്പാടുകൾ അനുസരിച്ച കവിയശഃപ്രാർത്ഥികൾ കവിതയുടെ അന്തസ്സത്തയെസ്സംബന്ധിച്ചേടത്തോളം വലിയ ഉദാസീനഭാവമാണു കൈക്കൊണ്ടിരുന്നത്. അതു മാറിയെങ്കിലേ മലയാളകവിതയ്ക്കെന്തെങ്കിലും വളർച്ചയുണ്ടാവുകയുള്ളു എന്നു എഴുത്തുകാരെ താക്കീതു ചെയ്യേണ്ട ഘട്ടം വന്നുചേർന്നിരുന്നു.

കവിതയുടെ ബാഹ്യസ്വരൂപത്തെ ബാധിക്കുന്ന വേറൊരു പ്രശ്നവും അതിനിടിയിൽ പൊന്തിവന്നു. മലയാളകവിതയിൽ വളരെക്കാലമായി സ്ഥലം പിടിച്ചിരുന്ന ദ്വിതീയാക്ഷരപ്രാസം അനാവശ്യം മാത്രമല്ല അത്ഭംഗത്തിനു കാരണംകൂടി ആയിത്തീരുന്നുണ്ടെന്നു ഏ. ആർ. രാജരാജവർമ്മ ആക്ഷേപിച്ചു. അദ്ദേഹത്തിന്റെ 'മേഘദൂതു്' തർജ്ജമയുടെ ആമുഖത്തിൽ ഇങ്ങിനെ എഴുതിയിരുന്നു:—

''ദ്വിതീയപ്രാസത്തിന്റെ ആഗമം ആലോചിച്ചാൽ, ആദ്യത്തിൽ, ഒരു ചമൽക്കാരവുമില്ലാത്തപക്ഷം ഈ പ്രാസമെങ്കിലുമിരിക്കണമെന്നു ഒരേർപ്പാടുണ്ടായി എന്നും, പിന്നീടു് അനുബദ്ധതരായ കവികൾ പ്രാസം ചെയ്യാഞ്ഞാൽ തങ്ങളുടെ കവിത സ്വതശ്ചമൽക്കാരിയാണെന്നു തങ്ങൾതന്നെ നിശ്ചയിച്ചുവെന്നു വന്നേക്കുമോ എന്നു ഭയപ്പെട്ടു വേറെ ചമൽക്കാരമുള്ള പക്ഷവും പ്രാസവിവക്ഷകൂടി വെച്ചുതുടങ്ങി എന്നും, ക്രമേണ ഈ വാസ്തവാഗമം മറന്നു ഗതാനുഗതികന്യായേന കവികൾ പ്രാസത്തെ മണിപ്രവാളത്തിന്റെ ലക്ഷണകോടിയിൽ പ്രവേശിപ്പിച്ചുകളഞ്ഞുവെന്നും ആയിരിക്കാമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. മലയാളിസമുദായത്തിലും ചില അനാചാരങ്ങൾ ചില ദേശങ്ങളിൽ എങ്ങിനെയോ ഉത്ഭവിച്ചു് പിന്നീടു് അവയുടെ അപ്രാമാണ്യം വെളിപ്പെട്ടിട്ടും നടപ്പായിപ്പോയതിനാൽ തിരുത്തവയ്യാത്തവ ആയിത്തീർന്നിട്ടുള്ളതും ഇതിൻവണ്ണം വ്യാഖ്യാനിക്കപ്പെടാമെന്നു തോന്നുന്നു. ഏവഞ്ച, പരിഷ്കാരോന്മുഖമായ ഇക്കാലത്തു കവിതാമാഗ്ഗത്തിലും ഏതാനും ഭേദഗതികൾ ആരംഭിച്ചാൽ പിൻതാങ്ങാൻ ചിലർ പുറപ്പെടാതിരിക്കയില്ലെന്നു വിശ്വസിക്കാമല്ലൊ.''

പ്രാസത്തിന്റെ ആഗമത്തെക്കുറിച്ചുള്ള ഊഹം, വിശിഷ്യ ഔദ്ധത്യപരിഹാരത്തെ ആസ്പദപ്പെടുത്തിക്കൊണ്ടു ചെയ്ത

യുക്തിപ്രയോഗം, എതിർപക്ഷത്തെ തൽക്കാലത്തേക്കുമാത്രം ഖണ്ഡിക്കുവാനുള്ളൊരുപായമായിട്ടല്ലാതെ, അനിഷേധ്യമായ പ്രമാണമായി തമ്പുരാൻതന്നെ കരുതിയിരിക്കയില്ലെന്നാണ് വിചാരിക്കേണ്ടത്. ഏതായാലും അദ്ദേഹവും അദ്ദേഹത്തിന്റെ വന്ദ്യഗുരുഭ്രതനായ കേരളവർമ്മ വലിയ കോയിത്തമ്പുരാനും തമ്മിൽ ഈ വിഷയത്തിൽ പ്രബലമായ അഭിപ്രായഭേദമുണ്ടായി; ഒരു നീണ്ട സമരംതന്നെ തൽഫലമായി ഭാഷാമണ്ഡലത്തിൽ നടന്നു. ആദ്യം മലയാളമനോരമയുടെ പംക്തികളിൽ ആരംഭിച്ച ആ വാദകോലാഹലം പ്രസംഗമണ്ഡലങ്ങളിലേക്കും വ്യാപിച്ചു. അന്നത്തെ പണ്ഡിതലോകം ഇരുഭാഗത്തും അണിനിരന്നു കുറച്ചുകാലം പൊരുതിനോക്കി. വലിയ കോയിത്തമ്പുരാന്റെ

വാസന്തീ മധുവാന്ന വാക്കിനു സജാതീയ ദ്വിതീയാക്ഷര
പ്രാസം തീർത്തതു കൈരളീമഹിളതൻ മംഗല്യമാണോക്കണം

എന്ന പ്രഖ്യാപനത്തെ പിന്താങ്ങിക്കൊണ്ട്

പ്രായേണ ദ്രാവിഡച്ചൊല്ലുളിലിടകലരും
പ്രാസസൌഭാഗ്യമുണ്ടെ
ന്നായേലോകം രസിക്കു കവിതയി,
ലതിനാൽ ദ്രരിപക്ഷത്തെനോക്കി
ചായേണം നമ്മളങ്ങോട്ടതിനിടയിൽ
വെറും വാഗ്വിവാദം നടത്തി
പ്പോയേച്ചാൽ കാര്യമുണ്ടോ?
കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ!

എന്നു കൊട്ടങ്ങല്ലൂർ കുഞ്ഞുക്കുട്ടൻതമ്പുരാനും കേരളീയകവികളെ ഉൽബോധിപ്പിച്ചു. കേ. സീ. കേശവപിള്ള മുതലായ പണ്ഡിതന്മാർ ഏ. ആർ. തമ്പുരാന്റെ നിലപാടിനെ സഹായിച്ചുകൊണ്ടു വാദിച്ചു. ഒടുവിൽ ആരുമാരും ജയിക്കാതെ ഇരുകക്ഷികളും 'വിയോജിക്കുവാനുള്ള യോജിപ്പോടുകൂടി' സൌഹാർദ്ദത്തിൽ പിരിയുകയും ചെയ്തു. കേരളീയ കവിതാനദി 'അലക്ഷിതോന്നതനത'മായ തടത്തിലൂടെ യഥാപൂർവ്വം ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നു. കവിതയുടെ കാതലിനെസ്സംബന്ധിച്ചേടത്തോളം വാസ്തവത്തിൽ യാതൊരു പ്രാധാന്യവും ഇല്ലാതിരുന്ന ആ സൌന്ദര്യപ്പിണക്കം ഇന്നു ഒരു ചരിത്രസംഭവമായിമാത്രം അവശേഷിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായതോടുകൂടി പാശ്ചാത്യ വിദ്യാഭ്യാസത്തിനു കേരളത്തിൽ പ്രചാരം വർദ്ധിച്ചുവന്നു. അദ്ധ്യയനഭാഷ ഇംഗ്ലീഷായിരുന്നതിനാൽ വിദ്യാല

യങ്ങളിൽ സംസ്കൃതത്തിനും മലയാളത്തിനും നല്കിപ്പോന്ന സ്ഥാനത്തിന്ന തെല്ലൊരു പാതിത്യം സംഭവിച്ചു. വിദ്യാർത്ഥികൾ സംസ്കൃതത്തിലോ മലയാളത്തിലോ ഉള്ള ചെറിയ ചില പാഠങ്ങൾ മാത്രം പഠിച്ചാൽ മതിയെന്നായി. വിദ്യാഭ്യാസാനന്തരമുള്ള ജീവിതത്തിൽ ഇംഗ്ലീഷുഭാഷകൊണ്ടു കൈകാര്യം ചെയ്യേണ്ടതാവശ്യമായിത്തീരുകയാൽ മാതൃഭാഷയെക്കുറിച്ചു ഗൌരവമായി ചിന്തിക്കേണ്ടതില്ലെന്നൊരു നില വന്നു. സ്വന്തം സാഹിത്യസമ്പത്തിനെക്കുറിച്ചു യാതൊരു വിവരവുമില്ലാതെ, അതിനെ തരംതാഴ്ത്തിപ്പഴിക്കുന്നത് അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്ന നവീനന്മാക്കിടയിൽ ഒരു 'പരിഷ്കാര'മായിത്തീർന്നു. പ്രാചീനരീതിയെയും നവീനരീതിയെയും കണ്ണടച്ചനുകരിയ്ക്കുവാൻ സന്നദ്ധരായ രണ്ടുതരം അനുകരണക്കാരുടെ ഇടയിൽപ്പെട്ട മലയാളഭാഷയുടെ അവസ്ഥ ആകപ്പാടെ പരുങ്ങലിലായി. ഭാഷയെ മാത്രമല്ല സാമൂഹ്യജീവിതക്രമത്തെക്കൂടി ഈ വിഭിന്നവീക്ഷണഗതികളും വീർപ്പുമുട്ടിച്ചു. കാലാനുസൃതമായ ഒരു പുതിയ സമീപനമാണ് ബുദ്ധിപൂർവ്വമായിരിക്കുക എന്നു യാഥാസ്ഥിതികരും, ചിന്താഗതിയിൽ എന്തു പുതുക്കം വേണ്ടിവന്നാലും അതു നമ്മുടെ പൂർവ്വസംസ്കാരപാരമ്പര്യത്തിന്നു പൊരുത്തപ്പെടുന്നതായിരിക്കണമെന്നു ഉൽപതിഷ്ണുക്കളായ അർവാചീനന്മാരും ധരിയ്ക്കാത്തതു നിർഭാഗ്യകരമായി.

പുതിയ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഫലമായി ചില ദോഷങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിലെ ഗുണാംശങ്ങൾ വകതിരിവോടുകൂടി ഉൾക്കൊള്ളുവാൻ സാധിച്ചവർക്കു തദ്വാരാ ചില നേട്ടങ്ങളും ഉണ്ടായിട്ടുണ്ടെന്ന വാസ്തവം മറക്കാൻ പാടില്ല. ആംഗലസാഹിത്യവുമായുള്ള സമ്പർക്കം കൊണ്ടാണ് കേരളസാഹിത്യത്തിൽ ഇദംപ്രഥമമായി ചില പുതിയ ശാഖകൾ തഴച്ചു വളരാനിടയായതു്. മലയാളത്തിലെ ഗദ്യസാഹിത്യം അതിന്നുമുമ്പ് അത്യന്തം ശോഷിച്ച നിലയിലാണു കിടന്നിരുന്നതു്. നോവൽ, ചെറുകഥ, ഉപന്യാസം എന്നീ വിഭാഗങ്ങൾ സജീവമായിത്തീർന്നത് ആംഗലസാഹിത്യപരിചയത്തിൽ നിന്നു കിട്ടിയ പ്രചോദനംകൊണ്ടു മാത്രമാണ്. ചന്തുമേനോന്റെ ഇന്ദുലേഖ, സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ എന്നീ നോവലുകളും, മൂർക്കോത്തു കുമാരന്റെയും അമ്പാടി നാരായണപ്പൊതുവാളുടെയും ചെറുകഥകളും, കൊട്ടാരത്തിൽ ശങ്കുണ്ണിയുടെയും 'കേസരി' നായനാരുടെയും ഉപന്യാസങ്ങളും ആ പുതിയ പ്രബുദ്ധതയുടെ സന്താനങ്ങളായിരുന്നു. ഏതാനും ചില പേരുകൾ എടുത്തു പറഞ്ഞു എന്നല്ലാതെ പ്രസ്തുത വിഭാഗങ്ങളിൽ സാഹിത്യ പരിശ്രമം ചെയ്ത മുതൽക്കൂട്ടു വർദ്ധിപ്പിച്ച പ്രശസ്തലേഖകന്മാർ വേറെയും അനേകമുണ്ട്.

ഇരുപതാം നൂറ്റാണ്ടു പിറക്കാറായപ്പോൾ കേരളത്തിലെ സാഹിത്യമണ്ഡലം ഒരു പരിവർത്തനത്തെ അഭിമുഖീകരിയ്ക്കാനുള്ള ദശാസന്ധിയിലെത്തിയിരുന്നു. ഉത്സാഹത്തിന്റെയും പുരോഗമനവാഞ്ഛയുടെയും ചില സ്പന്ദനങ്ങൾ എഴുത്തുകാക്കിടയിൽ അനുഭവപ്പെട്ടു. സാഹിത്യവിഷയങ്ങളെപ്പറ്റി ചർച്ചകൾ നടത്തുവാനും ആശയവിനിമയത്തിനു സൌകര്യമുണ്ടാക്കുവാനും ഉപകരിക്കുന്ന സമാജങ്ങളേപ്പെട്ടുത്തുന്നതു നന്നായിരിക്കുമെന്നു തോന്നിയതിന്റെ ഫലമായി 1067–ൽ (1892) കോട്ടയത്ത് ഭാഷാപോഷിണിസഭ സ്ഥാപിതമായി. 1086 (1911) വരെ നിലനിന്ന ഈ സ്ഥാപനം കേരളത്തിലെ സാഹിത്യകാരന്മാരെ പരസ്പരം പരിചയപ്പെടുത്തുവാനും ആശയവിനിമയം വഴിയായി അവർക്കിടയിൽ സൌഹാർദ്ദം വളർത്തുവാനും ഒട്ടധികം സഹായിച്ചു. തിരുവനന്തപുരം, കോട്ടയം, വൈക്കം, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി എന്നിങ്ങിനെ തെക്കുനിന്നു വടക്കുവരെ പല സ്ഥലങ്ങളിലും കൂടിയ യോഗങ്ങൾ, അന്നു മൂന്നായിപ്പിരിഞ്ഞു നിന്നിരുന്ന കേരളത്തിന്റെ സാഹിത്യപരമായ ഐക്യത്തെ സ്മരിപ്പിക്കുവാൻ പര്യാപ്തങ്ങളായിരുന്നു. പ്രായംകൊണ്ടും പ്രാഭവംകൊണ്ടും പാണ്ഡിത്യംകൊണ്ടും പ്രാഥമ്യം വഹിച്ച കേരളവർമ്മ വലിയകോയിത്തമ്പുരാനെ സഹൃദയലോകം സാഹിത്യനായകനായി സബഹുമാനം സ്വീകരിച്ചതു് അന്നത്തെ സ്ഥിതിക്കു് ഏറ്റവും സമഞ്ജസമായിരുന്നു. അവിടുത്തെ സംരക്ഷണത്തിൻ കീഴിൽ മലയാള മനോരമയും ഭാഷാപോഷിണിയും സാഹിത്യകാരന്മാർക്കൊരു വിഹാരരംഗമായിത്തീർന്നു. ആ കാലത്തുതന്നെ മലബാറിൽ കടത്തനാട്ടു് ഉദയവർമ്മ എളയതമ്പുരാന്റെ രക്ഷാധികാരത്തിൽ നടത്തിയ ജനരഞ്ജിനി, കവനോദയം എന്നീ മാസികകളും തൃശ്ശൂരിൽ സി. പി. അച്യുതമേനോന്റെ ഭാരവാഹിത്വത്തിൽ പ്രസിദ്ധപ്പെടുത്തിയ വിദ്യാവിനോദിനിയും സാഹിത്യപരമായിച്ചെയ്തിട്ടുള്ള ഉപകാരം ഒട്ടും ചെറുതല്ല. പ്രാചീനങ്ങളും നവീനങ്ങളുമായ നാല്പതോളം കൃതികളുടെ പ്രകാശനത്തിനു ജനരഞ്ജിനിയും കവനോദയവും കാരണഭൂതമായി. കടത്തനാട്ടു കൃഷ്ണവാരിയർ, കെ. സി. നാരായണൻനമ്പ്യാർ, മണന്തല നീലകണ്ഠൻമൂസ്സതു് മുതലായ കവികളുടെ സങ്കേതമായിരുന്ന ഉദയവർമ്മത്തമ്പുരാന്റെ കോവിലകു്. കേരളഭോജനെന്നു വിഖ്യാതനായ കോഴിക്കോട്ടു പടിഞ്ഞാറെ കോവിലകത്തു വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാന്റെ സംരക്ഷണത്തിലേപ്പെട്ടുത്തിയ സഹൃദയസമാഗമത്തിൽ പുന്നശ്ശേരി നമ്പി, വെള്ളാനശ്ശേരി വാസുണ്ണിമൂസ്സ്, കുറുത്തപാറ ദാമോദരൻനമ്പൂതിരി, എന്നിവർ പ്രമുഖാംഗങ്ങളായിരുന്നു. കൊടുങ്ങല്ലൂർത്തമ്പുരാക്കന്മാരുടെ കു

വിസദസ്സിൽ വെണ്മണി നമ്പൂതിരിപ്പാടന്മാരും, ഒറവങ്കര നമ്പൂതിരി, കാത്തുള്ളി അച്യുതമേനോൻ, നടുവത്തച്ഛനും മഹനും, കുനേഴത്തു പരമേശ്വരമേനോൻ എന്നിങ്ങിനെ പല മഹാരഥന്മാരും ഉൾപ്പെട്ടിരുന്നു. അപ്പൻതമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ മുതലായവരുടെ വിഹാരരംഗം അധികവും തൃശ്ശൂരായിരുന്നു. എല്ലാ ദിക്കിലും, സാക്ഷാൽ കുഞ്ഞുക്കുട്ടൻതമ്പുരാന്റെ സന്നിധാനവും അസുലഭമായിരുന്നില്ല. തെക്കൻ കവികളുടെ കൂട്ടത്തിൽ കൊട്ടാരത്തിൽ ശങ്കുണ്ണിയും കേ. സീ. കേശവപിള്ളയും പ്രസിദ്ധരായിക്കഴിഞ്ഞിരുന്നു.

ഇങ്ങിനെയുള്ള സാഹിത്യരംഗത്തിലേക്കാണു് യുവാവായ നാരായണമേനോൻ കടന്നു ചെല്ലുവാൻ ഒരുക്കം കൂട്ടിയിരുന്നതു്.

മൂന്നാം അധ്യായം

ബാല്യകാലകൃതികൾ

കേരളിയുടെ സാഹിത്യ ചരിത്രത്തിൽ അനുകരണപ്രധാനമായ ഒരു കാലഘട്ടമായിരുന്നു അത്. പൂർവസൂരികളുടെ ചുവട് പിടിച്ചു കാവ്യാധ്വാവിൽ സഞ്ചരിക്കുകയാണ് ശരിയായ ധർമ്മമെന്നു അന്നത്തെ പണ്ഡിതന്മാർ മിക്കവരും വിശ്വസിച്ചു. പലരും അതിൽ നിന്നു അണുമാത്രം വ്യതിചലിക്കുവാൻ പാടില്ലെന്നു നിബ്ബന്ധമുള്ളവരായിരുന്നു. അനുകരണം ഒരളവോളം ആവശ്യമാണ്; ആംഗലസാഹിത്യത്തിൽ ഷെയ്ക്സ്പിയറുടെ നാടകങ്ങളിൽ മാർലോപ്രഭൃതികളുടെ അനുകരണ മുദ്രകൾ പതിഞ്ഞിട്ടുള്ളതായിക്കാണാം. അനുകരണം ദോഷമല്ലെന്നു

അനുഗതമപി പൂർവചരായയാ വസ്തുതാദ്യക്
സുകവിരുപനിബധ്നൻ നിന്ദ്യതാംനോപയാതി

എന്ന ആചാര്യമതം സമർത്ഥിക്കുന്നുണ്ട്. സൂര്യദീപ്തിയുടെ പ്രതിഫലനമാണ് ചന്ദ്രപ്രകാശം എന്ന കാരണത്താൽ ചന്ദ്രികയുടെ മേന്മ ഇല്ലാതായിപ്പോകുന്നില്ല. പക്ഷേ അനുകരണം വിവേകപൂർവ്വവും മനോധർമ്മ സംപുഷ്ടവുമായിരിക്കേണ്ടതാണ്. സാഹിത്യകാരന്മാരുംപ്പെടെ ലോകത്തിൽ പേരുകേട്ട കലാകാരന്മാർ മിക്കവരും അനുകരണത്തിലൂടെയാണ് സഞ്ചാരപാടവത്തിന്റെ കൊടുമുടിയിൽ എത്തിച്ചേർന്നിട്ടുള്ളത്.

കാലക്രമത്തിൽ ഒരു കവിമുഖ്യനായിത്തീരണമെന്നു മനഃപൂർവം ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്ത വള്ളത്തോൾ സാഹിത്യ ജീവിതം ആരംഭിച്ചത് കാളിദാസനെ ഉപജീവിച്ചുകൊണ്ടാണെന്ന വസ്തുത മേല്പറഞ്ഞ സാമാന്യ തത്വത്തെത്തന്നെയാണുദാഹരിച്ചു കാണിക്കുന്നത്.

കാളിദാസന്റെ ആദ്യകൃതിയായ ഋതുസംഹാരത്തെ അനുകരിച്ചുകൊണ്ടാണ് ഈ യുവകവി തന്റെ ആദ്യത്തെ ഖണ്ഡകാവ്യമായ ഋതുവിലാസം എഴുതിയത്. പേരിലും വിഷയത്തിലും കാണുന്ന ഈ അനുകരണപ്രവണത കവിയുടെ പ്രായത്തിനും അഭിരുചിക്കും യോജിച്ചതുതന്നെ ആയിരുന്നു. വാസ്തവത്തിൽ, ഉത്തരഭാരതത്തിലെ ഋതുഭേദങ്ങളല്ല കേരളത്തിലുള്ള

ത്. അവിടത്തെ ഹേമന്തവും ശിശിരവും ഇവിടെ ഉണ്ടാവുക സാദ്ധ്യവുമല്ല. കേരളീയക്കേറെറവും പരിചിതങ്ങളായ ഋതുക്കൾ രണ്ടേയുള്ള—വേനലും വഷ്വും. പുക്കൾക്ക സമൃദ്ധിയുള്ള കാലത്തെ വസന്തമെന്നും പറയാം. ആ സ്ഥിതിയ്ക്ക, ആറു ഋതുക്കളെയും കേരളത്തിലെ പ്രകൃതിയുമായി ഇണക്കിക്കൊണ്ടുവരാൻ കുറച്ചധികം പ്രയാസമുണ്ട്. ഋതുവിലാസത്തിലെ വർണ്ണനകളിൽ കേരളീയത കലർത്തുവാൻ കവി കുറെയൊക്കെ ശ്രമിച്ചിട്ടുണ്ടെങ്കിലും പ്രകൃതിഭേദം നിമിത്തം അവയ്ക്ക യാഥാർത്ഥ്യത്തോടടുപ്പം കിട്ടുവാൻ കുറെ ക്ലേശിക്കേണ്ടി വന്നിട്ടുണ്ട്. ചിലപ്പോൾ വിജയിച്ചിട്ടുമുണ്ട്. മഴക്കാലത്തു മലവെള്ളം കുത്തിയൊലിച്ചു കലങ്ങിമറിയുന്ന കേരളത്തിലെ പുഴകളുടെ ഒരു മനോഹരരായ നോക്കുക:—

പരക്കെ മലവെള്ളവും പലചുഴിപ്പിലുംപ്പെട്ട പ
മ്പരക്കളിയെടുത്തിടും പെരിയ വെണ്ണുരക്കട്ടയും
തിരക്കൊടുയരും പടുത്തിരയുമൊത്തു തീരത്തെഴും
മരക്കട പുഴക്കിടും പുഴകളാത്തൊലിക്കുന്നു തേ.

ഋതുവിലാസത്തിലെ ആശയങ്ങളിൽ പലതും ഈഷൽഭേദത്തോടുകൂടി ഋതുസംഹാരത്തിൽനിന്നു കൈക്കൊണ്ടവയാണ്. ആദ്യത്തെ ശ്ലോകത്തിലെ

നൂനമിന്നു കുളിർ നീററിലെപ്പൊഴും
സ്നാനമാണു രസമെന്നു വന്നുപോയ്

എന്ന ശ്ലോകാദ്ധ്യം

സദാവഗാഹ ക്ഷതവാരി സഞ്ചയഃ

എന്ന ആശയത്തിന്റെ വിവർത്തനമാണ്.

സമുദ്ഗത സ്വേദചിതാംഗസന്ധയോ
വിമുച്യ വാസാംസി ഗുരുണി സാമ്പ്രതം
സ്തനേഷു തന്വം ശ്രുകുന്നതസ്തനാ
നിവേശയന്തി പ്രമദാഃ സയൌവനാഃ

എന്ന ശ്ലോകത്തിന്റെ പകർപ്പുതന്നെയാണ്

ഇന്നു കാമിനി! കനത്ത മുണ്ടവേ
ണ്ടെന്നു വെച്ചുടൽ വിയർത്ത തന്വിമാർ
കുന്നതോററ കുളിർകൊങ്കുമൊട്ടു മൂ
ടുന്നു നന്മയിൽ നന്നുത്തപട്ടിനാൽ

എന്ന ശ്ലോകം.

മൂന്നാം അധ്യായം

ബാല്യകാലകൃതികൾ

കേരളിയുടെ സാഹിത്യ ചരിത്രത്തിൽ അനുകരണപ്രധാനമായ ഒരു കാലഘട്ടമായിരുന്നു അത്. പൂർവസൂരികളുടെ ചുവട് പിടിച്ചു കാവ്യാധ്വാവിൽ സഞ്ചരിക്കുകയാണ് ശരിയായ ധർമ്മമെന്നു അന്നത്തെ പണ്ഡിതന്മാർ മിക്കവരും വിശ്വസിച്ചു. പലരും അതിൽ നിന്നു അണുമാത്രം വ്യതിചലിക്കുവാൻ പാടില്ലെന്നു നിർബ്ബന്ധമുള്ളവരായിരുന്നു. അനുകരണം ഒരളവോളം ആവശ്യമാണ്; ആംഗലസാഹിത്യത്തിൽ ഷെയ്ക്സ്പിയറുടെ നാടകങ്ങളിൽ മാർലോപ്രഭൃതികളുടെ അനുകരണ മുദ്രകൾ പതിഞ്ഞിട്ടുള്ളതായിക്കാണാം. അനുകരണം ദോഷമല്ലെന്നു

അനുഗതമപി പൂർവചരായയാ വസ്തുതാദ്ധ്യക്
സുകവിരുപനിബധ്നൻ നിന്ദ്യതാംനോപയാതി

എന്ന ആചാര്യമതം സമർത്ഥിക്കുന്നുണ്ട്. സൂര്യദീപ്തിയുടെ പ്രതിഫലനമാണ് ചന്ദ്രപ്രകാശം എന്ന കാരണത്താൽ ചന്ദ്രികയുടെ മേന്മ ഇല്ലാതായിപ്പോകുന്നില്ല. പക്ഷേ അനുകരണം വിവേകപൂർവ്വവും മനോധർമ്മ സംപുഷ്ടവുമായിരിക്കേണ്ടതാണ്. സാഹിത്യകാരന്മാരുംപ്പെടെ ലോകത്തിൽ പേരുകേട്ട കലാകാരന്മാർ മിക്കവരും അനുകരണത്തിലൂടെയാണ് സ്വപാടവത്തിന്റെ കൊടുമുടിയിൽ എത്തിച്ചേർന്നിട്ടുള്ളത്.

കാലക്രമത്തിൽ ഒരു കവീമുഖ്യനായിത്തീരണമെന്നു മനഃപൂർവം ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്ത വള്ളത്തോൾ സാഹിത്യ ജീവിതം ആരംഭിച്ചത് കാളിദാസനെ ഉപജീവിച്ചുകൊണ്ടാണെന്ന വസ്തുത മേല്പറഞ്ഞ സാമാന്യ തത്വത്തെത്തന്നെയാണുദാഹരിച്ചു കാണിക്കുന്നത്.

കാളിദാസന്റെ ആദ്യകൃതിയായ ഋതുസംഹാരത്തെ അനുകരിച്ചുകൊണ്ടാണ് ഈ യുവകവി തന്റെ ആദ്യത്തെ ഖണ്ഡകാവ്യമായ ഋതുവിലാസം എഴുതിയത്. പേരിലും വിഷയത്തിലും കാണുന്ന ഈ അനുകരണപ്രവണത കവിയുടെ പ്രായത്തിനും അഭിരുചിക്കും യോജിച്ചതുതന്നെ ആയിരുന്നു. വാസ്തവത്തിൽ, ഉത്തരഭാരതത്തിലെ ഋതുഭേദങ്ങളല്ല കേരളത്തിലുള്ള

ത്. അവിടത്തെ ഹേമന്തവും ശിശിരവും ഇവിടെ ഉണ്ടാവുക സാദ്ധ്യവുമല്ല. കേരളീയക്കേറെറവും പരിചിതങ്ങളായ ഋതുക്കൾ രണ്ടേയുള്ളൂ—വേനലും വർഷവും. പുക്കൾക്കു സമൃദ്ധിയുള്ള കാലത്തെ വസന്തമെന്നും പറയാം. ആ സ്ഥിതിയ്ക്കു, ആറു ഋതുക്കളെയും കേരളത്തിലെ പ്രകൃതിയുമായി ഇണക്കിക്കൊണ്ടുവരാൻ കുറച്ചധികം പ്രയാസമുണ്ട്. ഋതുവിലാസത്തിലെ വർണ്ണനകളിൽ കേരളീയത കലർത്തുവാൻ കവി കുറെയൊക്കെ ശ്രമിച്ചിട്ടുണ്ടെങ്കിലും പ്രകൃതിഭേദം നിമിത്തം അവയ്ക്കു യാഥാർത്ഥ്യത്തോടടുപ്പം കിട്ടുവാൻ കുറെ ക്ലേശിക്കേണ്ടി വന്നിട്ടുണ്ട്. ചിലപ്പോൾ വിജയിച്ചിട്ടുമുണ്ട്. മഴക്കാലത്തു മലവെള്ളം കുത്തിയൊലിച്ചു കലങ്ങിമറിയുന്ന കേരളത്തിലെ പുഴകളുടെ ഒരു മനോഹരരായ നോക്കുക:—

പരക്കെ മലവെള്ളവും പലചുഴിപ്പിലുംപ്പെട്ട പ
മ്പരക്കളിയെടുത്തിടും പെരിയ വെണ്ണുരക്കട്ടയും
തിരക്കൊടുയരും പടുത്തിരയുമൊത്തു തീരത്തെഴും
മരക്കട പുഴക്കിടും പുഴകളാത്തൊലിക്കുന്നു തേ.

ഋതുവിലാസത്തിലെ ആശയങ്ങളിൽ പലതും ഈഷൽഭേദത്തോടുകൂടി ഋതുസംഹാരത്തിൽനിന്നു കൈക്കൊണ്ടവയാണ്. ആദ്യത്തെ ശ്ലോകത്തിലെ

നൂനമിന്നു കുളിർ നീററിലെപ്പൊഴും
സ്നാനമാണു രസമെന്നു വന്നുപോയ്

എന്ന ശ്ലോകാർദ്ധം

സദാവഗാഹ ക്ഷതവാരി സഞ്ചയഃ

എന്ന ആശയത്തിന്റെ വിവർത്തനമാണ്.

സമുദ്ഗത സ്വേദചിതാംഗസന്ധയോ
വിമുച്യ വാസാംസി ഗുരൂണി സാമ്പ്രതം
സ്തനേഷു തന്വം ശുകമുന്നതസ്തനാ
നിവേശയന്തി പ്രമദാഃ സയൌവനാഃ

എന്ന ശ്ലോകത്തിന്റെ പകർപ്പുതന്നെയാണ്

ഇന്നു കാമിനി! കനത്ത മുണ്ടുവേ
ണ്ടെന്നു വെച്ചുടൽ വിയർത്ത തന്വിമാർ
കുന്നുതോറെറ കുളിർകൊങ്കുമൊട്ടു മൂ
ടുന്നു നന്മയിൽ നന്നുത്തപട്ടിനാൽ

എന്ന ശ്ലോകം.

കവിയുടെ വൈദ്യശാസ്ത്രപരിചയത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്ന ചില ശ്ലോകങ്ങൾ ഋതുവിലാസത്തിലുണ്ട്. വാതരോഗത്തിന്നു സ്വേദം (വിയർപ്പിക്കൽ) ഒരു കൈകണ്ട ചികിത്സയാണെന്നു സൂചിപ്പിക്കുന്നതാണ് ഹേമന്തവർണ്ണനയിലെ ഈ ശ്ലോകം:—

അടവിൽ ത്താരുണ്യച്ചൂ
ടടയൊരു മടവാർകളെപ്പുണന്നേറ്റം
ഉടലു വിയർപ്പിക്കുന്നോ
ക്കുടനീ ഹിമവാത ബാധയൊഴിയുന്നു.

വസന്തവർണ്ണയിലുള്ള ഒരു ശ്ലോകം അഷ്ടാംഗഹൃദയവിധി പ്രകാരമുള്ള മധ്യാഹ്നയാപനക്രമത്തെ അനുസ്മരിപ്പിക്കുന്നതാണ്:—

വൈലേല്ലാതുള്ള പൂവാടിയില മല
മണിത്തിണ്ണമേൽച്ചെന്നിരുന്നി
ക്കാലേ ചാരത്തെഴും പൊയ്കയിൽ
മുഴുകി മറിഞ്ഞൊരു കാറേറ്റനല്പം
ചാലേ കൊണ്ടും കയിൽപ്പേടയിലക
മലിവാന്നാച്ചിമാരൊത്തുമേള
ത്താലേറ്റം കുത്തടിച്ചങ്ങിനെ
സുകൃതികൾ പോക്കുന്നു നട്ടുച്ചനേരം.

കവിയുടെ ഈശ്വരോപാസനയിലുള്ള താൽപര്യത്തെ സൂചിപ്പിക്കുന്നതാണ് വഷ്വർണ്ണനയിലെ ഈ ശ്ലോകം:—

പേത്തും പുണ്യകദംബവാടിയിലളി
പ്രധ്വാന വീണാരവം
ചോത്തും നൽസുമനസ്സുകൾക്കൊരു
സുഖോല്ലാസത്തെയുണ്ടാക്കിയും
ചേത്തും ചേലൊടു നീലകണ്ഠഹൃദയാ
നന്ദം കരിങ്കാർ നിറം
ചീത്തും താപമകറ്റിവെച്ചുമെഴുമീ
വഷ്ടാംബികയ്ക്കായ്ത്തൊഴാം.

ഭാവി വള്ളത്തോൾകവിതയുടെ ശാലീനരീതിയും ശയ്യാസുഖവും ഋതുവിലാസത്തിലെ ശ്ലോകങ്ങളിൽ ധാരാളം നിഴലിച്ചു കാണാം. ഒന്നുരണ്ടുദാഹരണങ്ങൾ കൂടി ഇവിടെ എടുത്തു ചേർക്കട്ടെ.

മേനി കേറിടുകയല്ല തന്വി! നിൻ
മേനി പോലെ മൃദുലങ്ങളാകയാൽ

മേ നിറഞ്ഞ രസമേകിടുന്നു നെ
മേനി വാകയുടെ പൂക്കളിന്നെടോ

(ഗ്രീഷ്മം)

മട്ടായിടഞ്ഞ മൊഴി! ചന്ദ്രികയെന്ന വെള്ള
പ്പട്ടാംബരത്തിനെയെടുത്തു നിവർത്തി നന്നായ്
മുട്ടാതെ ശാരദ നിശാംഗനയാളുഴി
ത്തട്ടാം കിടക്കയിൽ മുറ്റും വിരിച്ചിടുന്നു.

(ശരത്)

വെണ്മണിപ്രസ്ഥാനത്തിന്റെ സ്വാധീനശക്തി ഇതിൽ ഉടനീളം പരിലസിക്കുന്നുണ്ട്. 'തേനലിഞ്ഞ മോഴി തുകിടും പ്രിയേ' 'മലയായ് പരമടരാടിയ മുലയാം കലമണി' 'ആ വില്വാളിപ്പരിഷകം സലാംവെച്ചു വന്ദിച്ചുനില്പും പൂവില്വൻ തൻ പുതിയ കണകൊണ്ടുള്ള രണ്ടായിവിണ്ടു' എന്നിങ്ങനെയുള്ള വിലക്ഷണ പ്രയോഗങ്ങൾ അതിനുദാഹരണമാണ്.

കവനോദയം മാസികയിലാണ് ഋതുവിലാസം പ്രകാശിതമായത്. അന്നു (1075ൽ) കവിയ്ക്കു ഇരുപത്തൊന്നു വയസ്സു പ്രായമായിരുന്നു.

ആരോഗ്യകല്പദ്രുമം എന്ന പേരിൽ കൈക്കുളങ്ങര രാമവാരിയർ എഴുതിയ സംസ്കൃതഗ്രന്ഥത്തെ അവലംബിച്ചു 'ആരോഗ്യചിന്താമണി' എന്നൊരു ബാലചികിത്സാഗ്രന്ഥമാണ് പിന്നീടു വള്ളത്തോൾ എഴുതിയത്. നാല്പതധ്യായങ്ങളും മൂവായിരത്തിലധികം ശ്ലോകങ്ങളും ഉള്ള അതിന്റെ പണി പൂർത്തിയായപ്പോൾ ഒരു വലിയ ഗ്രന്ഥം രചിച്ചു എന്ന ചാരിതാർത്ഥ്യത്താൽ ആ യുവകവി അഭിമാനംകൊണ്ടു. വലിയ കാര്യങ്ങൾ ചെയ്യുതീക്കണമെന്ന ആഗ്രഹക്കാരനായിരുന്ന ചെറുപ്പം മുതല്ക്കേ വള്ളത്തോൾ.

പരിഷ്കാരത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശമായിരുന്ന മംഗലം എന്ന മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. അവിടത്തെ ചെറുപ്പക്കാർക്കിടയിൽ മാതൃഭാഷാസ്നേഹവും പുരോഗമന വാഞ്ഛയും വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി 'പരിഷ്കാരാഭിവർദ്ധിനി' എന്നൊരു വിദ്യാർത്ഥിസമിതി, അച്ഛൻ ദാമോദരൻ എളയതിന്റെ സഹായത്തോടുകൂടി, വള്ളത്തോൾ ആരംഭിച്ചു. എല്ലാ ഞായറാഴ്ചയും സഭായോഗം ചേരുകയും അതിൽ കവിതാപാരായണം, സമസ്യാപൂരണം, സംസ്കൃതശ്ലോകവിവർത്തനം, വാചാപ്രഭാഷണം മുതലായ പരിപാടികൾ നടത്തുകയും വേണമെന്നായിരുന്നു

നിശ്ചയം. ഏതു നല്ല കാര്യത്തിലും കുറ്റം കാണുവാൻ ആളുകളുണ്ടാവും. ഈ സമാജത്തെസ്സംബന്ധിച്ചും അങ്ങിനെ സംഭവിക്കാതിരുന്നില്ല. നിന്ദകന്മാരുടെ ആ മനോഭാവത്തെക്കുറിച്ചൊരു സൂചന 1077 ചിങ്ങം 8–ാംനു- നടന്ന സഭായോഗത്തിൽ വള്ളത്തോൾ ചെയ്ത ഈ മംഗളാശംസയിൽ കാണാം:—

കുരുക്കളെ മുടിക്കുവാൻ കുലിശഭൽസുതന്നായ് വരം
കുരുക്കുമലിവാൽക്കൊടുത്ത കൃഹനാകിരാതേശ്വരൻ
ഒരുംക്കട വെറുപ്പൊടിസ്സഭയെവെച്ചു പുച്ഛിപ്പവ
ക്കൊരുക്കമൊടനാരതം ബഹു പരുക്കുപറയിസ്സുണം.

മാതൃകയായി മറ്റവസരങ്ങളിൽ ചൊല്ലിയ ചില മംഗളശ്ലോകങ്ങൾകൂടി ഇവിടെ ചേർക്കുന്നു.

കുറവിത്തിരിയും വരാതെ വല്ലി
ക്കുറവത്തിക്കണവന്റെ യമ്മതാനും
മറവിത്തു മഹേശനും കൃപാനീ
രുറവെത്തിക്കണമിസ്സഭക്കിണറ്റിൽ.

കോമാളിസ്സഭയോണിതെന്നു പലരും
നിന്ദിച്ചുകൊള്ളട്ടെ, നി
സ്സീമാസൂയയൊടെന്തു ഹാനിയതു കൊ–
ണ്ടെടൻ പർവതപ്പെൺപ്രജേ!
കാമാരാതി കൊതിച്ച നിന്റെ കരുണാ
നോട്ടക്കരിങ്കൂവള–
പ്പൂമാല്യങ്ങളലങ്കരിക്കുകിലിതും
'കോൺഗ്രസ്സി'നെപ്പോലെയാം.

വള്ളത്തോളിന്റെ സംസ്കൃത പദ്യനിർമ്മാണചാതുരിയ്ക്കൊരു നല്ല ഉദാഹരണമാണ് സമസ്യാപൂരണ രൂപത്തിലുള്ള ഈ ശ്ലോകങ്ങൾ:—

ലസൽ ഭാഷാപോഷാവഹനിജമനീഷാ വിലസിതൈ:
കൃതാശ്ലേഷാ യോഷാമണിരിവ വിശേഷാൽ ബുധവരൈഃ
ഗളദ്ദോഷാ ദോഷാകരകിരണവേഷാ സ്വയശസാ
സഭാ 'കേഷാമേഷാ മനസി പരിതോഷായ ന ഭവേൽ'.

നിസ്സീമാശാ സമുദ്ഭിന്നിയമിപരിവൃഢൈ
സ്സസ്പൃഹം മൃഗ്യമാണ
ശ്ചക്രേ കല്യാമഹല്യാ മവികല മഹിമാ
യൽപദാംഭോജരേണുഃ
തസ്മിന്നസ്മിന്നജസ്രം പരിലഗതു മതി
ർമ്മാരുതിസ്വാന്തഭൃംഗാ

'രാമേ രാമേ' ഭി' രാമേ' രജനിചരവി'രാ–
മേ' വ 'രാമേ' സ 'രാമേ'.

സമാജത്തിലെ കാര്യമാത്രപ്രസക്തങ്ങളായ പ്രസംഗങ്ങളും ചിലപ്പോൾ പദ്യത്തിലായിരുന്നു.

അല്ലേ സദസ്സിലമരുന്ന ജനങ്ങളേ ഞാൻ
തെല്ലേറു നിന്നു പറയുന്നതു കേട്ടിടേണം
മെല്ലേ നമുക്കു മൊരു വായനശാല കല്പി
ച്ചല്ലേ പെരുത്തറിവു വേഗമുദിക്കയുള്ളൂ.

എന്ന ശ്ലോകത്തിൽ കവിതയുണ്ടോ എന്ന ചോദ്യം അനാവശ്യമാണ്. പദ്യനിർമ്മാണത്തിൽ അന്നത്തെ വള്ളത്തോൾസെറുകാക്കുണ്ടായിരുന്ന പാടവത്തിനൊരുദാഹരണമായിട്ടെങ്കിലും ഇത്തരം പ്രകടനങ്ങളെ പരിഗണിക്കാമല്ലൊ.

നാടകാഭിനയവും സഭാപ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നു. സദാനന്ദസന്ദായിനി എന്ന പേരിലൊരു നാടകസംഘം രൂപീകരിച്ചു പല നാടകങ്ങളും അതിന്റെ ആഭിമുഖ്യത്തിൽ അഭിനയിക്കപ്പെട്ടു. 1076 ധനുമാസത്തിൽ ഒരു ബന്ധുഗൃഹത്തിലെ അടിയന്തരത്തിനുള്ള ക്ഷണനമനുസരിച്ചു കാരണവരുടെ പ്രതിനിധിയായി നാരായണമേനോനു തിരുവിലാമലയ്ക്കു പോകേണ്ടിവന്നു. അവിടെ എത്തിയ സമയത്ത് ആ ദിക്കുകാർ സംഗീതനൈഷധം അഭിനയിക്കുവാനൊരുക്കം കൂട്ടുകയായിരുന്നു. അക്കാലത്തു വളരെയധികം പ്രചാരം സിദ്ധിച്ച ഒരു നാടകമായിരുന്ന സംഗീതനൈഷധം. തിരുവിലാമലക്കാരുടെ നാടകം കണ്ടതോടെ, വള്ളത്തോൾസെറുകാക്കും ഒരു നാടകം അഭിനയിച്ചാൽകൊള്ളാമെന്നൊരു കമ്പം കടന്നുകൂടി. ശാകുന്തളത്തിലെ രണ്ടങ്കങ്ങളാണ് അതിന്നവർ തിരഞ്ഞെടുത്തത്. നാടകാരംഭത്തിൽ സൂത്രധാരനെയും സരസ്വതിയെയും അരങ്ങത്തു പ്രവേശിപ്പിക്കുന്ന ഒരു സമ്പ്രദായം അന്നത്തെ നാടകങ്ങളിൽ നടപ്പുണ്ടായിരുന്നതനുസരിച്ചു, തങ്ങളഭിനയിക്കാനുദ്ദേശിച്ച ശാകുന്തളത്തിന്റെ ആരംഭത്തിലും അങ്ങിനെയൊരു രംഗം കൂട്ടിച്ചേർക്കുവാൻ നാടകസംഘക്കാർ നിശ്ചയിച്ചു. അതിനുവേണ്ടി നാരായണമേനോൻ ഒരു സംസ്കൃതപ്രസംഗം എഴുതിയുണ്ടാക്കി.

'അയിഭോ ഭഗവതി ഭാരതി ഭക്താഭീഷ്ടപ്രദായിനി, ജംഭാന്തകകുംഭീന്ദ്രകുംഭശാതകുംഭകുംഭ ഡംഭോദയാംഭോധി കുംഭസംഭവായിത മുക്താവലീ നിഗ്രുംഭ ശുംഭദുരോജകുംഭസംഭൃത സാഹിത്യസംഗീതേ!' എന്നിങ്ങിനെ ശബ്ദാഡംബരത്തോടുകൂടിയതായിരുന്ന ആ പ്രസംഗം. നാരായണമേനോനുപ്പുടെ പലരും

പങ്കെടുത്ത ആ നാടകാഭിനയം തിരുവിലാമലക്കാക്കു വളരെ ഇഷ്ടപ്പെട്ടുവത്രെ.

വിക്ടോറിയാ രാജ്ഞിയുടെ ഭരണമവസാനിച്ചു ഏഴാമെ ഡ്വേർഡ് കിരീടധാരണം ചെയ്തു ഇന്ത്യാ ചക്രവർത്തിയായി അവരോധിക്കപ്പെട്ട കാലമായിരുന്നു അത്. വിദേശാധിപത്യത്തിനെതിരായുള്ള സമരമനോഭാവം അങ്കുരാവസ്ഥയിലും അന്നു കേരളത്തിൽ കണ്ടുതുടങ്ങിയിരുന്നില്ല. 'രാജാ പ്രത്യക്ഷ ദൈവതം' എന്നതിൽ കവിഞ്ഞ ദേശാഭിമാനബോധം സാമാന്യജനങ്ങളിൽ ഉണ്ടായിക്കഴിഞ്ഞിരുന്നില്ല. വളരെ കാലം വെട്ടത്തരചന്മാരുടെ വരുതിയിൻകീഴിൽ കഴിഞ്ഞുകൂടിയിരുന്നവരുടെ അനന്തരഗാമികളായ ആ നാട്ടിൻപുറക്കാരിൽ രാജഭക്തി പ്രചുരമായ ഒരു മനസ്ഥിതി നിലനിന്നുപോന്നതിൽ, അഥവാ, യാതൊരസാംഗത്യവുമില്ല. വള്ളത്തോൾ സെറുകാക്കിടയിലും അതുതന്നെയായിരുന്ന പൊതുവെയുള്ള സ്ഥതി. 1901 ഡിസമ്പർ മാസത്തിൽ നാരായണമേനോൻ എഴുതിയ 'ഭാരതചക്രവർത്തി പഞ്ചകം', പിൻകാലത്തു അദ്ദേഹത്തിൽ പ്രത്യുദ്ധമായിത്തീർന്ന രാഷ്ട്രീയാഭിപ്രായഗതിയുടെ വെളിച്ചത്തിൽ വായിക്കുമ്പോൾ രസാവഹമായിത്തോന്നാതിരിക്കുകയില്ല.

ഏടാകൂടം കുറച്ചോ നികുതിപെരുകിയാൽ
പ്പിന്നെ വല്ലാത്ത കഷ്ട
പ്പാടാം ഭിക്ഷമേറിറി പ്രജകൾ നിലവെടി
ഞ്ഞീടുമെന്നുള്ളതത്വം
വാടാത്തുംപ്പൂവിലോത്തെപ്പൊഴുമൊരുവക
ദുർമ്മന്ത്രി മന്ത്രത്തിരിപ്പിൽ
ചാടാതെഡ്വേർഡു രാജൻ ചതുരമതി ഭരി
ക്കട്ടെ രാജ്യത്തെയെല്ലാം.

രാജവാഴ്ചയെപ്പററി യാതൊരു വിപരീതാഭിപ്രായവും അന്നു തോന്നിത്തുടങ്ങിയിരുന്നില്ലെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. എങ്കിലും ദുർമ്മന്ത്രിമന്ത്രത്തിരിപ്പിൽ ചാടാതെ ആയിരിക്കണം രാജഭരണം എന്ന ആശയത്തിൽ കവിയുടെ ദേശാഭിമാനത്തിന്റെ പ്രഥമ സൂചനകൾ കാണുന്നുണ്ടുതാനും.

ഈശ്വരവിശ്വാസത്തിൽ ഉറച്ച നില പാടായിരുന്ന നാരായണമേനോനു ചെറുപ്പം മുതല്ക്കേ ഉണ്ടായിരുന്നതാണ്. ഓരോ പ്രദോഷദിവസവും ഓരോ ശ്ലോകം ഈശ്വരസന്നിധിയിൽവെച്ചുണ്ടാക്കിച്ചൊല്ലുക വളരെക്കാലം നിലനിത്തിപ്പോന്ന ഒരു പതിവായിരുന്നു.

ഞാനശ്രാന്തം വണങ്ങാ മതിനൊരു ഫലമായ്
ക്കേവലം ചക്രവത്തി
സ്ഥാനം നല്ലേണ്ട കല്പിച്ചടിയനൊരു പടി
പ്പൊന്നു കെട്ടിത്തരേണ്ടാ.
ഊനം കൂടാതെ നിൻതൃക്കഴലടിമലരിൽ
ചേന്നിടും ഭക്തിമാത്രം
ദാനം ചെയ്യുന്നതായാൽ മതിയതിനു കടാ
ക്ഷിയ്ക്കു കാരുണ്യമൂർത്തേ!

എന്നിങ്ങിനെയുള്ള പ്രാർത്ഥനാശ്ലോകങ്ങൾക്കൊരു പഞ്ഞവും ഉണ്ടായിരുന്നില്ല. ആഭിചാര പ്രയോഗത്തെക്കുറിച്ചുള്ള ഭയവും ജ്യോത്സ്യത്തിലുള്ള വിശ്വാസവും കാണിക്കുന്ന മറെറാരു 'പ്രദോഷ' ശ്ലോകമിതാ:

ദോഷത്താൽക്കൊല്ലുവാനോ കഠിനമടിയനെ
പ്പാട്ടിലാക്കുന്നതിന്നോ
വൈഷമ്യക്കയ്യുകൂട്ടുന്നവരിവനൊളിവിൽ
കൈവിഷം തന്നുപോയാൽ
ദോഷന്മാരാമവക്കിത്തിരി ചിറിയിളിയും
മട്ടിലാക്കേണമേതും
ദോഷംമേ കാളകൂടാശന! പിണയരുതേ
നിൻകൃപാവൈഭവത്താൽ

'കൈവിഷം' എന്നൊരാഭിചാരത്തെപ്പററി അന്നൊക്കെ ജനങ്ങൾക്കിടയിൽ വലിയ വിശ്വാസമായിരുന്നു. വള്ളത്തോളിനും അതിൽ വിശ്വാസമില്ലാതിരുന്നില്ലെന്നാണല്ലൊ ഈ ശ്ലോകത്തിൽനിന്നു മനസ്സിലാവുന്നത്. ഇതിലെ 'കാളകൂടാശന' പ്രയോഗത്തിന്റെ ഔചിത്യവും ശ്രദ്ധാർഹമാണ്.

പ്രസിദ്ധ ജ്യോത്സ്യനും വള്ളത്തോൾകുടുംബത്തിന്റെ ഒരാപ്തബന്ധുവുമായിരുന്ന ഏ. രാമുണ്ണിമേനോനെക്കൊണ്ടു നാരായണമേനോന്റെ ജാതകപരീക്ഷ 1902 ആഗസ്റ്റിൽ സവിസ്തരമായി നടത്തുകയുണ്ടായി. അന്നു മുതൽ ഏഴു മാസത്തിനകം മാതൃതുല്യത്വമുള്ള ഒരാളുടെ പിതൃകർമ്മം ചെയ്യുവാനും വൈദ്യശാസ്ത്രം പരിശീലിക്കുവാനും ഇടവരുമെന്നും മൂന്നുകൊല്ലം ഒരു മാസകാലത്തോളം വൈദ്യകർമ്മപരിശീലനത്തിനു യോഗമുണ്ടെന്നും തുടർന്നു രണ്ടരക്കൊല്ലത്തിനുള്ളിൽ വൈദ്യവിഷയത്തിൽ പ്രശസ്തിയും ധനലാഭവും കൈവരുമെന്നും മറുമായിരുന്ന ആ പരീക്ഷയിൽനിന്നറിയാറായ വസ്തുതകൾ.

ജ്യോതിഷത്തിലുള്ള വിശ്വാസംകൊണ്ടോ അഥവാ ഗുരുമാതുലനായ രാമുണ്ണിമേനോന്റെ ഹിതമനുവർത്തിക്കുവാനുള്ള

സന്നദ്ധതകൊണ്ടോ അന്നു മുതൽ വൈദ്യപഠനത്തിൽ നാരായണമേനോൻ പൂർവ്വാധികം ദത്താവധാനനായി. അഷ്ടാംഗഹൃദയം വായിക്കുന്നതിനോടൊപ്പം വൈദ്യജീവനം എന്ന ഗ്രന്ഥം മലയാളത്തിലേക്കു തർജ്ജമചെയ്തു. അദ്ധ്യയനത്തിന്നു പുറമെ, ശിഷ്യന്മാരായ കേശവൻനായർ, കിട്ടുണ്ണിനായർ, രാമുണ്ണിമേനോൻ, ഗോപാലമേനോൻ മുതലായവരെ വൈദ്യം പഠിപ്പിക്കുന്ന ഭാരവും നിർവ്വഹിച്ചു.

എന്നാൽ പാഠപുസ്തകങ്ങളിൽ മാത്രമായിരുന്നില്ല യുവവിദ്യാർത്ഥിയുടെ ശ്രദ്ധ. കയ്യിൽക്കിട്ടുന്ന ഏതു പുസ്തകവും വായിക്കുവാനുള്ള ഒരു വാസന അന്നേ ആ യുവാവിൽ പ്രകടമായിരുന്നു. വിജ്ഞാനചിന്താമണി, ഭാഷാപോഷിണി, കേരളശോഭിനി, സാരോദയം എന്നിങ്ങനെ അന്നുണ്ടായിരുന്ന പല മാസികകളും, ഇന്ദുലേഖ, മാർത്താണ്ഡവർമ്മ മുതലായ മലയാള നോവലുകളും രഘുവംശം, കുമാരസംഭവം, കാദംബരീകഥാസാരം, ഭോജചമ്പു മുതലായ സംസ്കൃതഗ്രന്ഥങ്ങളും അക്കാലത്തെ വായനയിൽ ഉൾപ്പെട്ടിരുന്നു. സമസ്യാപൂരണം, ഭാഷാന്തരീകരണം, കവിതാനിർമ്മാണം എന്നിങ്ങിനെയുള്ള സരസസാഹിത്യവിനോദങ്ങളും വേറേയും.

പേരെടുത്ത കവികളുമായി പരിചയപ്പെടാനും അവരുടെ സമ്പർക്കം സമ്പാദിക്കാനുമുള്ള മോഹത്തിന്നു അന്നും കുറവുണ്ടായിരുന്നില്ല. പുന്നശ്ശേരി നമ്പി, വെള്ളാനശ്ശേരി വാസുണ്ണിമൂസ്സ്, കുറുപ്പാറനമ്പൂതിരി എന്നിവർ മുഖേന കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ തമ്പുരാൻ, വിദ്വാൻ മാനവിക്രമഏട്ടൻ തമ്പുരാൻ മുതലായ തലമുതിർന്ന വിദ്വജ്ജനങ്ങളുമായി പരിചയപ്പെട്ടതിനെപ്പറ്റി മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ട്.

'ശങ്കുണ്ണി ശ്രീ കവീന്ദ്രനൊരുതവണ യെഴു
ത്തൊന്നയക്കുന്നതായാൽ
തങ്കം കൂർകൊണ്ടെനിക്കായ് മറുപടി തരുമ
ദ്ദേഹമാഹന്ത ധീമാൻ'

എന്ന വിശ്വാസത്തോടുകൂടി ഒരു കത്തെഴുതീട്ടാണു് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പരിചയം സമ്പാദിച്ചതു്.

തിരുകരത്തിലിളം കിളി, തിങ്കളെ
ത്തിരുകിവെച്ച കരിങ്കുഴ, ലീവിധം
വിരുതെഴും ഗിരിശാദ്ധ ശരീരമാ
മൊരു ചുകപ്പു സുഖപ്പൊടി പോടണം

എന്ന മംഗളാശംസയോടുകൂടി തുടങ്ങിയ ആ കത്തു്

ചുമ്മാതേവമിരുന്നിടുന്നതു കടും
കയ്യാണു പൊയ്യല്ല നാം
തമ്മിൽ കത്തെടവാടുവേണ മിനിമേലെ
ന്നെന്നു മെന്നൊക്കെയും
ദുർമ്മോഹം പലതുണ്ടിവന്നതു ഭവാ
നൊപ്പിച്ച തന്നാലെനി
സ്സൗംമോദത്തിനു വേണ്ടതില്ലിവിടെ മ
റെന്നും മനോജ്ഞാകൃതേ!

എന്ന അപേക്ഷയോടുകൂടിയാണവസാനിച്ചതു്. സാഹിത്യ ലോകത്തിൽ പ്രശസ്തിനേടുന്നതിനു അതിൽ ലബ്ധപ്രതിഷ്ഠ രായവരുടെ സംസർഗ്ഗം സഹായകമായിരിക്കുമെന്ന വിശ്വാസവും വിദ്വജ്ജനസഹവാസത്തിൽ സ്വതസ്സിദ്ധമായ അഭിരുചിയും സമാനവാസനക്കാർ തമ്മിൽ സ്വാഭാവികമായി സംജാതമാകുന്ന പരസ്പരാകർഷണവും ആയിരുന്നു ഈ സംരംഭത്തിനു പിന്നിലുള്ള പ്രേരകശക്തി.

പ്രാമാണികന്മാരായ സാഹിത്യനായകന്മാർക്കു യുവാവായ വള്ളത്തോളിന്റെ കവിതാവാസനയെപ്പറ്റിയും കഴിവുകളെപ്പറ്റിയും വലിയ മതിപ്പുണ്ടായിരുന്നതിനു് ആയിടയ്ക്കു നടന്ന പല സംഭവങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ടു്. 1078–ൽ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെയും അപ്പൻ തമ്പുരാന്റെയും ഉത്സാഹത്തിൽ ആരംഭിച്ച 'രസികരഞ്ജിനി', പ്രസന്നപ്രൌഢസരസ പ്രസംഗങ്ങൾ നിറഞ്ഞു, രസജ്ഞർക്കു് രസപ്രദാനം ചെയ്യുന ഒരു വിശിഷ്ടമാസികയായിരുന്നു. അതിലേക്കു ലേഖനങ്ങളെഴുതി അയക്കുവാൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആവശ്യപ്പെട്ടപ്പോൾ, സഹജമായ വിനയത്തോടുകൂടി തമ്പുരാനു വള്ളത്തോൾ അയച്ച മറുപടിയിലെ ചില ശ്ലോകങ്ങൾ താഴെ ചേർക്കുന്നു:

അസൌ രസികരഞ്ജിനീ നരപതേ യഥാ നിശ്ചയം
ന താവദവതാരിതാ ബഹിരിതിപ്രതീമോ വയം
മദക്ഷി പദവീമലംകൃതവതീ ഹി നാദ്യാപി സാ
ഘനാളിമിവ ചാതകഃ പ്രതിനിരീക്ഷമാണോസ്മിയാം

സോ/യം യസ്യധുരന്ധരോ വിലസതി
ശ്രീമാടഭ്രമീപതി
ര്യസ്യ ത്വം പുനരാധിപത്യമയസേ
വൈദുഷ്യവാരാന്നിധിഃ
പത്ര സ്യാസ്യ സഹായകമ്മ രചയേ
ത്യാജ്ഞാപിതം യത്തവയാ
തത്തേ ദാസജനാഭിനന്ദനകലാ—
ഭേദം പ്രതീമഃ പ്രഭോ!

അരസികാഗ്രണീഃ കൈപ ഭ്രുപതേ!
രസികരഞ്ജിനീ പത്രികാ കപസാ
അയി തഥാപ്യദസ്സാഹ്യ കമ്മണി
തവദന്ന ജീവ്യഹം സവ്വ്ഥാസതേ

ഗോചരതവമചിരാദ്ദ്യശോരിയം
ദേവ! താവകയശഃ പതാകികാ
ഗാഹതാം രസികരഞ്ജിനീ മമ
തവൽപ്രസാദത ഇതീദമത്ഥയേ.

സംസ്കൃതത്തിൽ ശ്ലോകങ്ങളുണ്ടാക്കുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ലെന്നു മേലേ ചേത്ത ശ്ലോകങ്ങളുടെ രചനാഭംഗിയിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലൊ. തമ്പുരാന്റെ നിദ്ദേശമനുസരിച്ചു രസികരഞ്ജിനിയ്ക്കു ചെയ്ത ലേഖനസഹായത്തിന്റെ ആരംഭത്തെ കുറിക്കുന്നതാണ് മാസികയുടെ 1078 ധനു–കുംഭം ലക്കത്തിൽ പ്രസിദ്ധം ചെയ്ത ''കലിവംശതി''.

ഭ്രുരിദ്രോഹങ്ങളാൽ ദക്ഷിണ ഗുരുവരനായ്
ശിഷ്യനേകുന്നു നിത്യം,
ദാരിദ്ര്യം തീത്തുപോറ്റും പ്രഭുവിനെ
വകവെയ്ക്കാതെയായ് വാലിയക്കാർ,
തീരില്ലോതുന്നതായാലഴി മതികളൊര
വ്യാഹത പ്രൌഢിയോടി
പ്പാരിൽപ്പാടെപ്പരക്കും പരുഷ കലിയുഗ–
ത്തിന്റെ ദർപ്പം കടുപ്പം.

എന്ന ശ്ലോകം അതിലുള്ളതാണ്.

1078 കുംഭമാസത്തിൽ തിരുരിൽച്ചേന്ന ആര്യവൈദ്യസമാജത്തിന്റെ നിവ്വാഹകസംഘയോഗത്തിൽവെച്ചാണ് പി. വി. കൃഷ്ണവാരിയരുമായി നാരായണമേനോൻ പരിചയപ്പെട്ടതു്. വാരിയരുടെ അസാധാരണമായ കവിതാകൌതുകം യുവകവിയായ വള്ളത്തോളിനെ സവിശേഷം ആകഷ്ചിച്ചു. അടുത്തു തുപ്പുറങ്ങോട്ടമ്പലത്തിൽ നടക്കാൻ പോകുന്ന ശിവരാത്രിമഹോത്സവത്തെ വണ്ണിച്ചുകൊണ്ടു് ഒരു കവിതക്കത്തയക്കുവാൻ വാരിയർ ഏല്പിച്ചതനുസരിച്ചു വള്ളത്തോൾ എഴുതി അയച്ച കത്തിനെക്കാളധികം ഭംഗിയായിട്ടുള്ള ഒരു പദ്യക്കത്തു വേറെ കണ്ടിട്ടില്ലെന്നു ശ്രീ വാരിയർ പലപ്പോഴും പറയാറുണ്ടായിരുന്നു:—

തന്നാലും ശിവ!രാത്രി വല്ലഭകലാ
മൌലേ ശിവം മേല്ക്കുമേ

ലെന്നാരാൽ തിരുചേവടിത്തളിർ പണിഞ്ഞോ—
തുന്ന സാധുക്കളിൽ
നന്നായിക്കരുണാകടാക്ഷമണയി—
ച്ചിത്തുപ്പുറങ്ങോട്ടിരി
ഷ്ണാ മൃത്യുവിമാഥിയെൻ മൃതിഭയം
നീക്കട്ടെ നീക്കം വിനാ.

എന്ന മംഗളാചരണത്തോടുകൂടി ആരംഭിച്ച ആ കത്തു് ഇങ്ങിനെ തുടർന്നു:—

അന്നാമ്മാറു തിരുരിൽവെച്ചു ഭവദാ
ലോകോത്സവം സംഭവി
ച്ചെന്നാലും കവിഷണ്ഡമണ്ഡനമണേ!
കാര്യാന്തരാസക്തിയാൽ
നന്നായ്ത്താങ്കളുമായ്ത്തകർത്തമരുവാ
നേറെത്തരം കിട്ടിയി
ല്ലെന്നാസ്സംഗതി തുംഗതാപകരമായ്
ത്തീരുന്നു നേരാണുമേ.

ഉത്സവസ്ഥലത്തുവെച്ചു പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മയെക്കണ്ട വിവരമാണു് മറെറാരു ശ്ലോകത്തിൽ ഇങ്ങിനെ കുറിച്ചിരിക്കുന്നതു്:—

പ്രാണസ്നേഹിത! സത്യമാണു ധൃതഭസ്മാ
ഹീന രുദ്രാക്ഷനായ്
ക്കാണപ്പെട്ടിതു നീലകണ്ഠനവിടെ
പ്രത്യക്ഷരൂപത്തൊടും
വേണം തേ കനിവെന്നിലെന്നു വിബുധ
ന്മാരൊക്കെയങ്ങോരെയ
ക്ഷീണശ്രദ്ധമണഞ്ഞു കൂപ്പിയമിതാ
നന്ദോത്സവം നേടിനാർ.

അവിടെക്കണ്ട കാഴ്ചകളെപ്പററിയും കവിയ്ക്കു പലതും പറയാനുണ്ടു്:—

വായിക്കുന്നേരമത്ഥം പറവതിനരികേ
നാമവും ചൊല്ലി വാഴും
വായിൽപ്പല്ലുറ മുത്തശ്ശികളൊടരമിര
ക്കുന്ന വങ്കപ്രഭക്കും.
പായിട്ടമ്പുറപാൽ വാണികളമരുമിട
ത്തൊക്കെയും കള്ളനോട്ടം
പായിച്ചുംകൊണ്ടു ലാത്തുന്നിതു പരമവിട
പ്രൌഢശ്രുഡ പ്രമോദം.

സജാതീയദ്വിതീയാക്ഷരപ്രാസം ദീക്ഷിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി കൃഷ്ണവാരിയർ മുഖതാവിൽ പറഞ്ഞതിനെ അനുസ്മരിച്ചുകൊണ്ടുള്ളതായിരുന്ന കത്തിലെ അവസാനശ്ലോകം:

കെങ്കേമനാകിയ ഭവാനുടെ പദ്യബന്ധ
സങ്കേതമെങ്ങിനെ ചുമക്കുമശക്തനാം ഞാൻ?
ഹങ്കേറുമീശ്വര നിശാചരിതത്തെ വിദ്യാ
സങ്കേതമേ! ചിലതെടുത്തൊരു മട്ടു ചൊന്നേൻ.

ഏകദേശം അതേ കാലത്തിനടുത്തായിട്ടാണ് വി. സി. ബാലകൃഷ്ണപ്പണിക്കരും വള്ളത്തോളും തമ്മിൽ പരിചിതരായത്. പ്രായംകൊണ്ടു വള്ളത്തോളിനെക്കാൾ പത്തു വയസ്സു താഴെയായിരുന്ന പണിക്കർ വെറും ബാലനായിരിക്കുമ്പോൾത്തന്നെ വിദ്വാൻ ഏട്ടൻതമ്പുരാന്റെ ദൃഷ്ടിയിൽപ്പെട്ട മാങ്കാവിൽ കോവിലകത്തു അവിടത്തെ സംരക്ഷണത്തിൽ താമസിക്കുവാൻ തുടങ്ങിയിരുന്നു. അക്കാലത്തൊരിക്കൽ അവിടെവെച്ചാണ് ഔദാര്യനിധിയായ ഒരേ പ്രഭുവിന്റെ സവിശേഷവാത്സല്യത്തിനു പാത്രമായിത്തീർന്നിരുന്ന അവർ തമ്മിൽ പരിചയപ്പെട്ടത്. 1078 എടവത്തിൽ നാരായണമേനോൻ പണിക്കയച്ച കത്തിലെ ചില ശ്ലോകങ്ങൾ താഴെ ചേർക്കുന്നു:—

മംഗളായാ സ്തുവഃ കാപി
മാകന്ദാരാമ വർത്തിനീ
മന്മഥാരി മനോരംഗ
സമ്മോഹന മഹൌഷധീ.

(മാകന്ദാരാമം മാങ്കാവാണ്.)

ആടീകത സഖേ യുഷ്മ
ച്ചീടീ മാമക ദുർപഥം
ചേടീ ഭ്രതാമൃതശ്ലോക
ധാടീ വിലസിതാകൃതിഃ

* * *

സൂര്യാഗമ കൃതോല്ലാസം
സദാമോദ വിധായകം
അവദാതാകൃതിബ്രഹ്മ
ദ്വിജവര്യ വശംവദം

അസ്മൽ സ്വാമിന മാസാദ്യ
പത്മം നവമിവാധുനാ
പഞ്ചമക്ഷ്മാപലക്ഷ്മീസ്സ്യം
കൃതാർത്ഥമിവ മന്യതാം.

അരോഗദൃഢ ഗാത്രസ്സു
ന്നയം നയവതാം വരഃ
ക്രമേണാരോഹതു സ്ഥാന
മിതോപ്യന്നത മുന്നതം.

മാങ്കാവിലെ സഹൃദയസമാഗമങ്ങൾ വഴിയ്ക്കു വള്ളത്തോളിനു് ആദ്യം മുതല്ക്കേ പരിചിതനായിത്തീർന്നിരുന്ന മറെറാരു പണ്ഡിതനാണു് മഹാമഹോപാദ്ധ്യായ ആർ. വി. കൃഷ്ണമാചാര്യർ. ജനനംകൊണ്ടു തമിഴനെങ്കിലും സഹവാസംകൊണ്ടു മലയാളഭാഷയിൽ അത്ഭുതാവഹമായ പ്രാവീണ്യം അദ്ദേഹം നേടിയിരുന്നു. ചാരുചര്യാശതകം എന്ന സംസ്കൃതകൃതിയെ മലയാളത്തിലേക്കു ഭംഗിയായി തർജ്ജമചെയ്തതിനു പുറമെ കാളിദാസകൃതികളെസ്സംബന്ധിച്ചു ചില ഉപന്യാസങ്ങളും അദ്ദേഹം മലയാളത്തിലെഴുതിയിട്ടുണ്ടു്. ഏട്ടൻതമ്പുരാൻ അദ്ദേഹത്തെ 'അഭിനവഭട്ടബാണൻ' എന്ന ബിരുദത്താൽ ബഹുമാനിക്കയും ചെയ്തിരുന്നു. 1078 എടവത്തിൽ തൃശ്ശിനാപ്പള്ളി കോളേജിൽ മലയാളാധ്യാപകനായി ജോലി ചെയ്യുന്ന കാലത്തു് ഇദ്ദേഹം സംസ്കൃതസ്സംഘം ഇൻസ്പെക്ടർ ആർ. കൃഷ്ണമാചാര്യരോടൊന്നിച്ചു് തിരുനാവായിൽ വന്നിട്ടുണ്ടായിരുന്നു. വിവരം അറിഞ്ഞ ഉടനെ ആ പഴയ സുഹൃത്തിനെക്കാണുവാൻ കേശവൻനായർ, കിട്ടുണ്ണിനായർ എന്നിവരോടൊപ്പം വള്ളത്തോളും തിരുനാവായിലെത്തി. അതൊരു ഹൃദയംഗമമായ സുഹൃൽ സമാഗമമായിരുന്നു. നാവാമണൽപ്പുറത്തു വളരെനേരം സാഹിത്യവിഷയകമായ നമ്മസല്ലാപങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതിനിടയിൽ വള്ളത്തോളിന്റെ കാവ്യസരസ്വതി ഇങ്ങിനെ അനായാസേന പ്രവഹിച്ചതു് ഇദംപ്രഥമ പരിചിതനായ ഇൻസ്പെക്ടരെ ആശ്ചര്യപ്പെടുത്തി:—

മദാലസവിലാസിനീ ജഘനമണ്ഡലസ്ഖലിനീ
നിളാപുളിനമണ്ഡലീ നിബിഡയത്യഹോ കൌതുകം
ഇഹാദ്യ പരിഖേലതി പ്രകൃതികോമളാലാപയോർ—
ദ്വിജപ്രവരയോർദ്വയം മഹിതകൃഷ്ണമാചാര്യയോഃ

നാട്ടമ്പുറക്കാരനായ ഒരു മലയാളിക്കു് സംസ്കൃതഭാഷ അത്ര സ്വാധീനത്തോടുകൂടി കൈകാര്യം ചെയ്യുവാൻ സാധിച്ചതെങ്ങിനെയെന്നായിരുന്നു ആ പുതിയ സുഹൃത്തിന്റെ ആശ്ചര്യം. മഹാമഹോപാദ്ധ്യായന്നാകട്ടെ അതൊട്ടും പുതുമയായിരുന്നില്ലതാനും. നാരായണമേനോന്റെ 'ജേപ്പിൽ' എല്ലാ സമയത്തും ശ്ലോകങ്ങളുണ്ടായിരിക്കുമെന്നദ്ദേഹത്തിന്നറിയാമായിരുന്നു!

ശ്രുതിമാത്രപരിചിതരായ പണ്ഡിതന്മാരുമായി കത്തെട

വാട്ട നടത്തുന്നതിലും വള്ളത്തോൾ വളരെ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. മദിരാശിക്കാരനും പുന്നശ്ശേരി നമ്പിയുടെ ഒരു ചിരന്തനസുഹൃത്തുമായിരുന്ന 'കവിഭ്രഷണ' കുമാരതാതാചാര്യർ. പുന്നശ്ശേരി നമ്പി നടത്തിയിരുന്ന വിജ്ഞാനചിന്താമണി എന്ന സംസ്കൃത പത്രത്തിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പലപ്പോഴും പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നു. 'ശാകുന്തളമോ ഉത്തരരാമചരിതമോ മേലെ' എന്ന വിഷയത്തെ പുരസ്കരിച്ചു അക്കാലത്തു നടത്തിയ ഒരു വാദത്തിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ശാകുന്തളത്തിന്റെ പക്ഷവും കവിഭ്രഷണൻ ഉത്തരരാമചരിതത്തിന്റെ പക്ഷവും പിടിച്ചു ഉപന്യസിക്കുകയുണ്ടായിട്ടുണ്ട്. അങ്ങിനെ വള്ളത്തോളിന്നു കവിഭ്രഷണൻ ശ്രുതിപരിചിതനായിരുന്നു. പുത്രന്മാരുടെ ഉപനയനത്തിന്നു നമ്പിയെക്ഷണിച്ച കൂട്ടത്തിൽ നമ്പിമുഖേന നാമമാത്രപരിചിതനായ നാരായണമേനോനേയും കവിഭ്രഷണൻ ക്ഷണിച്ചു. നാരായണമേനോൻ അതിൽ അത്യന്തം അഭിമാനംകൊണ്ടുവെങ്കിലും ഒരു മദിരാശിയാത്രയ്ക്കു തൽക്കാലത്തെ പരിതസ്ഥിതികൾ അനുകൂലമല്ലാതിരുന്നതിനാൽ കവിഭ്രഷണന്റെ ആമന്ത്രണത്തിന്നു മറുപടിയായി ഒരു കത്തയക്കുവാൻ തീർച്ചയാക്കി.

കുത്ര നിഖില ബുധാഗ്രഗാ ഭവന്തഃ
കുത്ര പുനരജ്ഞ പുരസ്സരോ ജനോയം?
തദപി ബഹുമതി ർഭവത്സുജാതാ
ചിരമധുനാ മുഖരീകരോത്യഹോ മാം.

അലമകുരുത മാമകാക്ഷിവീഥീം
പ്രണയനിമന്ത്രണ പത്രികാമതല്ലീ
ഉപനയനവിധിം വിധാതു കാമൈ
ന്നിജ സുതയോഃ പ്രഹിതാധുനം ഭവദ്ഭിഃ

എന്നിങ്ങിനെ ആരംഭിച്ച ശേഷം, ഉപനയനത്തിന്നു ചെന്നുചേരുവാൻ സാധിക്കാത്തതിനെപ്പറ്റി തന്റെ നിർഭാഗ്യത്തെ ഇങ്ങിനെ കുറപ്പെടുത്തി:—

ഭവദുപഹിത പത്രഗൌരവേണ
ദ്രുതമിഹ നിശ്ചിതയാത്ര മാസ്ഥിതം മാം
ബതവിധിഹതകോ ഹഠാന്ത്യരോധീ
ദഭിജനയന്നനിവാര്യ മന്തരായം.

പുന്നശ്ശേരി നമ്പിയെ അതിന്നു സാക്ഷിയാക്കുകയും ചെയ്തു:—

യദയമപരിഹാര്യ കാര്യബദ്ധഃ
പരമല മസ്മി ന തത്ര സന്നിധാതും

കൃതമതിരിഹ നീലകണ്ഠ ശർമ്മാ
ഭജതി ഭവൽ സുഹൃദേവ സാക്ഷിഭ്രേയം.

മക്കൾക്ക മംഗളമാശംസിച്ചുകൊണ്ട പത്രം ഇങ്ങിനെ അവസാനിപ്പിച്ചു:—

ഉപനയന വിധിപ്രവർത്ത നേന
ദ്വിഗുണിത കാന്തിഭരം ചിരായ ജീയാൽ
മണിയുഗ മിവ ക്ലപ്തസംസ്ക്രിയം വ
സ്തുതയുഗളം ജഗതാം പ്രമോദഹേതുഃ

സാഹിത്യസദസ്സുകളിൽ സന്നിഹിതനായി വിദ്വജ്ജന സഹവാസത്തിനു കിട്ടുന്ന സന്ദർഭങ്ങളൊന്നും വള്ളത്തോൾ പാഴാക്കിക്കളഞ്ഞിരുന്നില്ല. 1078–ൽ തലശ്ശേരിവെച്ചു നടത്തിയ ഭാഷാപോഷിണി സഭയിൽ ഹാജരാവുകമാത്രമല്ല 'നമ്മുടെ ഭാഷ' എന്ന വിഷയത്തെ അധികരിച്ചൊരു പ്രസംഗവും വള്ളത്തോൾ ചെയ്തു. കടത്തനാട്ട ഉദയവർമ്മത്തമ്പുരാൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, പി. വി. കൃഷ്ണവാരിയർ, ചിറ്റൂർ വരവൂർ ശാമുമേനോൻ, കെ. സി. നാരായണൻ നമ്പ്യാർ, തേലപ്പുറത്തു നാരായണനമ്പി, മണന്തല നീലകണ്ഠ ശർമ്മ എന്നിവരും സഭയിൽ സന്നിഹിതരായിരുന്നു. അവരിൽ പലരും മടക്കയാത്രയിൽ, ഉദയവർമ്മത്തമ്പുരാന്റെ ആതിഥ്യം സ്വീകരിച്ചു ഒരു ദിവസം കടത്തനാട്ട താമസിച്ചു. തമ്പുരാന്റെ ഔദാര്യത്തെക്കുറിച്ചു, നാട്ടിലെത്തിയശേഷം, സ്നേഹിതനായ കുത്താമ്പള്ളി രാമൻനമ്പ്യാർക്കു വള്ളത്തോൾ എഴുതിയ എഴുത്തിൽ ഇങ്ങിനെ പ്രസ്താവിച്ചു കാണുന്നു:—

സാരവേദികളിൽ മുമ്പനാമിളയ തമ്പു
രാന്റെ വിലയുള്ള സം–
സാരമോ സരസസാഹിതീ വിഷയമായി
രുന്ന സകലം സഖേ!
സാരസാലയ വിലാസിനീ ലളിതകേളി
പങ്കജ മധുളികാ
സാരമെന്നതിനു പേർ വിളിക്കിലതു സാധു
വായ് വരുമസംശയം

കടത്തനാട്ട കോവിലകത്തു ഒത്തു ചേർന്ന കവികൾ കല്യാണസൌഗന്ധികം കഥയെ ആസ്പദമാക്കി ഒരു 'കൂട്ടുകവിത' നിർമ്മിക്കണമെന്നു നിശ്ചയിച്ചു ചില ആരംഭങ്ങൾ കാണിച്ചുവെങ്കിലും കവിത മുഴുത്തില്ല. അതിനെപ്പറ്റിയും മേല്പറഞ്ഞ കത്തിലൊരു പ്രസ്താവനയുണ്ട്:—

ആ രസാരമണനക്ഷണം ദ്രുപദനന്ദി–
നിസ്സനില സൂന കു
ലഹാരപുഷ്പനിരയാഹരിച്ച കഥ കാവ്യ
മാക്കി വിരചിക്കുവാൻ
ധീരസത്തൊടരുതം ചെയ്തയാലതിനു മു–
വലേവരുമെടുക്കിലും
നേരമല്പതരമാകകൊണ്ടു പണി പാതിയിൽ
പരിണമിച്ചു പോയ്.

അങ്ങിനെ 'പാതിയിൽ പരിണമിച്ചു പോയ' സംരംഭത്തിൽ പെട്ടതാണ് താഴെ ചേർക്കുന്ന മൂന്നു ശ്ലോകങ്ങളും. ഹനുമാനോടു ഭീമസേനൻ പറയുകയാണ്:—

കേളംക്കില്ലെന്നോ പറഞ്ഞാൽ? സപദിവഴിയിൽ
നിന്നിട്ടു പോയ്സ്സാകം ചാകാൻ
നോക്കേണ്ടാ ചൊല്ല കേളാത്തവരിലലിവെനി
സ്സില്ല മുത്തൻ കുരങ്ങേ!
ഊക്കാണ്ടീടും ബകൻ തൊട്ടവരുടെ കടുവാം
മാറിടം തച്ചുകീറി
ച്ചീക്കും ചെഞ്ചോരയിൽ ത്തത്തിയ ഗദയെ മയ
ക്കേണമോ നിൻറെ മെയ്യിൽ?

ശ്രേഷ്ഠന്മാരായ പോരാളികളടിപണിയുന്നോരു
സാക്ഷാൽക്കിരീടി
ജ്യേഷ്ഠൻ ഞാനെൻറെ മാഗ്ഗം കിമപി തടയുവാൻ
പാരിലാരാനുമുണ്ടോ?
കേട്ടിട്ടില്ലേ തരിമ്പും മമകഥ? യിതിനെ
ക്കേവലാശ്ചര്യ പൂർവ്വം
പാട്ടായ്പ്പാടുന്ന പാകാന്തക പുരിയിലിരി
ക്കുന്ന പാൽവാണിമാരും.

ശക്തന്മാരാം ഹിഡിംബാദികളുടെ കൊടുതാ
യുള്ള ദേഹത്തിലോലും
രക്തത്തിൻ സ്വാദറിഞ്ഞീടിന യമ മുസല
പ്രായമാ മായുധം മേ

ശുദ്ധം വൃദ്ധകുരങ്ങാം തവ തടിതൊടുവാ
നെത്ര ലജ്ജിക്കയില്ലെ
ന്നദ്ധാസ്ഥാനം വെടിഞ്ഞോടുകയുട നിനിയ
ല്ലെങ്കിൽ വല്ലന്തി പറും

സാഹിത്യകാരന്മാരുടെ പിന്നത്തെ താവളം കോഴിക്കോട്ടു മാ

ങ്കാവിൽ 'നിജ്ജരസരസ്വതീ മല്ലികയ്ക്കൊരു രസാലമാകിയ രസാധിപന്റെ മണിമേടയിൽ' ആയിരുന്നു. അവിടെനിന്നു കേരളഭോജരാജന്റെ പാരിതോഷികവും വാങ്ങിയാണു് ആ തവണ വള്ളത്തോൾ നാട്ടിൽ തിരിച്ചെത്തിയതു്. അല്പ ദിവസങ്ങൾക്കുള്ളിൽ ആര്യവൈദ്യസമാജത്തിന്റെ യോഗത്തിൽ ചേരുവാൻ വള്ളത്തോൾ ചെറുതുരുത്തിക്കു പോവുകയും ആ അവസരത്തിൽ അപ്പൻ തമ്പുരാന്റെ പ്രഥമസന്ദർശനത്തിന്നിടവരികയും ചെയ്തു.

ഉത്തിഷ്ഠമാനനായ വള്ളത്തോളിന്റെ സാഹിത്യജീവിതത്തിലെ ഏറ്റവും ഉത്തേജകമായ അനുഭവം കൊട്ടങ്ങല്പുർ കുഞ്ഞിക്കുട്ടൻ തമ്പുരാനുമായുള്ള സമ്പർക്കമായിരുന്നു. അവർ തമ്മിൽ നടന്ന കത്തിടവാട്ടകൾ ആ സൗഹാർദ്ദത്തിന്നു സാക്ഷ്യം വഹിക്കുന്നുണ്ടു്. വള്ളത്തോളും കൂട്ടരും മംഗലത്തു നടത്തിപ്പോന്ന സമാജത്തിന്റെ വാഷ്കികത്തിനു് ഒരിക്കൽ തമ്പുരാനെ പ്രത്യേകം ക്ഷണിക്കുകയുണ്ടായി. ആദ്യം നിശ്ചയിച്ച ദിവസം തനിക്കു സൌകര്യപ്പെടുകയില്ലെന്നും വാഷ്കികം മറെറാരു തീയതിക്കു നീട്ടിയാൽ വരാമെന്നും തമ്പുരാൻ വള്ളത്തോളിനെഴുതി. ആ കത്തിലെ ശ്ലോകങ്ങളുടെ പൂർവ്വാർദ്ധം സംസ്കൃതത്തിലും ഉത്തരാർദ്ധം മലയാളത്തിലുമായിരുന്നു. അതിൽനിന്നല്പം വ്യതിയാനം വരുത്തി, ആദ്യത്തെയും മൂന്നാമത്തെയും വരികൾ സംസ്കൃതത്തിലും രണ്ടാമത്തെയും നാലാമത്തെയും വരികൾ മലയാളത്തിലും ആയി വള്ളത്തോൾ ഇപ്രകാരം മറുപടി അയച്ചു:—

കാര്യാന്തരായ വിതതിര്യദപാംഗപാതൈഃ
കാരേററ പഞ്ഞി നിരപോലെ പറന്നുപോകും
കാമേന തം കരിമുഖം പരിലാളയന്തീ
കാക്കട്ടെ യമ്മ കരളിൽ കനിവോട്ട നമ്മെ.

കരുണയാ മഹിതം പ്രഹിതം ത്വയാ
തിരുവെഴുത്തു കിടച്ചതു കൊണ്ടിവൻ
ഗുരുസമീഹിതഭംഗഭവാം ശുചം
പെരുതടഞ്ഞു കുറെ,ച്ചിതമായിയോ?

ശൈവ്വാണീ കൈരളീച ത്വയി ഖലു വഹത
സ്സൌഭ്യമേവാനുരാഗം
കൂർവാസ്യില്ലാതെയങ്ങുന്നവരിരുവരെയും
ചെണ്ട കൊട്ടിച്ചിടുന്നു
പൂർവ്വാർദ്ധേനാദിമാം ഗച്ഛസി പര മനയോ
രുത്തരാർദ്ധേന ചാന്യാം
ചൊവ്വായി ക്ലുപ്തടിയ്യുന്നതിനു തരമവ
ക്കില്ല രണ്ടാംകുമല്ലോ.

കരുണാം നാദ്യ മനാഗപി
തിരുമേനിയിവന്റെ നിനവു നിറവേറാൻ
കരുതേ യദിമേ കാ ക്ഷതി
രരും ചെയ്ത ശകാരമസ്സുലായില്ലേ?

ചൂതാരാമേ ഭിഷക്കുസത്തമ സദസിഭവൽ
സന്നിധാനം ഭവേദി
ത്യേതാനും ഞാനറിഞ്ഞോ? വിവരമതെഴുതി
പ്പോകിലെന്തായിരുന്നു?
വീതാശേഷവ്യവസ്ഥം ജഗതി തത ഇത
സ്സംഭ്രമദ്ഭിമ്മനഷ്യെ
രേതാംക്കാണേറു മുട്ടാൻ കഴിയുവതതിലും
തെറു മറുള്ളവക്കോ?

ഗതകാര്യ നിരൂപണേന കിംസ്യാ
ലിതമീററിങ്ങരും ചെയ്ത നാംക്കു നീട്ടീ
ബത സന്നിഹിതസ്ഥാന ചേത്തഭം
ചിതമാകില്ലടിയന്റെ മട്ട മാറും.

ഐരാവതപ്രിയ നിമന്ത്രണയന്ത്രിതാത്മാ
പേരാളമങ്ങവിടെ യന്നെഴുന്നള്ളമല്ലൊ
പൂരാഭിധേ സുമഹിതോത്സവ ഏവ തത്ര
ചേരാം നമുക്കൊരുമയോടിവിടേയ്ക്കു പോരാം.

ശ്രീരാമവമ്മേതി പരം
പേരാണ്ട തിരുമേനിയെ
ആരാൽ ഗ്രാഹയിതും വീ. കേ
നാരായണനെഴുത്തിതു.

ഐരാവതം എന്നു പറഞ്ഞതു് വെള്ളാനശ്ശേരി വാസുണ്ണിമൂസ്സി നെക്കുറിച്ചാണു്. മൂസ്സിന്റെ മേൽനോട്ടത്തിലുള്ള കുറൂരിലെ പൂരത്തിനു ചെന്നാൽ അവിടെവെച്ചു തമ്മിൽ കാണുകയും ഒരു മിച്ചു മംഗലത്തേക്കു പോരികയും ചെയ്യാമെന്നായിരുന്നു ഏർപ്പാടു്. അക്കാലത്തു വി. കെ. (വള്ളത്തോൾ കോഴിപ്പുറമ്പിൽ) നാരായണമേനോൻ എന്ന പേരിലാണു് വള്ളത്തോൾ എഴുതിയിരുന്നതു്.

നാലാം അധ്യായം

ഗൃഹസ്ഥാശ്രമം

'കൂട്ടിക്കാലം മുതല്ക്കേ കുരുതിലക! സഖേ!
താങ്കളിൽ പ്രേമമുള്ളിൽ
ത്തട്ടിക്കോലുന്നൊരെൻ പെങ്ങളെയിഹ മറുപ
ക്ഷത്തെയോക്കാതെ തന്നെ
കെട്ടിത്തന്നേൻ ഭവാനെ' ന്നരുളിയഴകെഴും
മാധവിത്തയ്യലാളെ
ത്തട്ടിപ്പോടജ്ജനന്നേകിയ ഗുണനിധി ഗോ
വിന്ദ നാലംബനം മേ.

(കാദംബിനീ പരിണയം)

കൂട്ടിക്കാലം മുതല്ക്കേ ഒന്നിച്ചു വളർന്നവന്നവരായിരുന്ന മാധവിക്കുട്ടിയും നാരായണനും. അച്യുതമേനോനെന്നൊരമ്മാമന്റെ മകളായിരുന്ന വന്നേരി ചിറ്റഴി വീട്ടിലെ മാധവിക്കുട്ടിയമ്മ. ആ ബാല്യകാല സഖ്യത്തിനിടയിൽ കിളർന്നവന്ന മൃദുലവികാരങ്ങളുടെ കളമമ്മരം സമ്പ്രാപ്തയൌവനനായ നാരായണമേനോന്റെ ഹൃദയമണ്ഡലത്തിൽ നിരവധി മധുരപ്രതീക്ഷകളുടെ കൊച്ചുലകം ഉൽപാദിപ്പിച്ചുകൊണ്ടിരുന്നു.

കാലക്രമത്തിൽ മാധവിക്കുട്ടിയുടെ താമസം പിതൃഗൃഹത്തിൽനിന്ന മാതൃഗൃഹത്തിലേക്കു മാറിയപ്പോഴും തന്റെ 'മാലതി'യെ വല്ലവിപരീതക്കാറ്റും അടിച്ചു മറ്റൊരു മാവിലേക്കു തട്ടിനീക്കിയേക്കുമോ എന്നൊരു ഭയം കാമുകനെ കലശലായി വ്യാകുലപ്പെടുത്തി. ചില വിവാഹാലോചനകളും മറുപക്ഷത്തിൽ നടന്നുവരുന്നുണ്ടെന്നൊരു കിംവദന്തി നാട്ടിൽ പരന്നതോടുകൂടി നാരായണമേനോൻ പരിഭ്രാന്തനാവുകതന്നെചെയ്തു. അതിന്റെ മാറ്റൊലികളാണ് അക്കാലത്ത് പല അവസരങ്ങളിലായി കവിഹൃദയത്തിൽനിന്ന നിസ്സൃതിച്ച ഈ വിലാപപദ്യങ്ങളിൽ കേൾക്കുന്നത്:—

ആയാതേയം മൃദുപികരവാ ന്മാധവീ മംഗളശ്രീ
രിത്യാരബ്ധേ യുവജന വസന്തോത്സവസ്തോത്രഘോഷേ

കഥാസൌ കഥാസാവിതിസരഭസം സവ്തോദത്തദൃഷ്ടി
ശ്ശൂന്യം പശ്യൻ ജഗദിഹ മുഹുസ്താവദുച്ചൈരമിമൂർച്ഛാം.

* * *

കഥായം മദീയ വിരഹോഷ്ണളഘുമ്മകാല:
കഥാസൌ മൃണാള മൃദുളാ തവഗാത്രയഷ്ടി:
ഇത്യേവ മന്തരനു വേല മുദീത ചിന്ത:
കാഞ്ചിദ്ദശാ മനുഭവാ മ്യഹമദ്യ കാന്തേ!

* * *

ശ്രീമാധവീം സ്വയമലബ്ധവതോപി തസ്യാ
വിശ്ലേഷതസ്തദുഡുമജ്ജനതാം ഗതസ്യ
കാദംബിനീതി വിദിതാം ഭുവനേ വിനാതാ
മാമോദഹേതുരിഹ കോനു സഖേ! മമാസ്തി?

* * *

അപ്രാപ്നവൻ സമ്പ്രതിയാം സുഭദ്രാ
മപാർത്ഥ ഏവാസ്തി സഖാ തവായം
ശ്രീമാധവീ സാ യദി മാം വൃണീത
തദാദ്യ സമ്യഗവിജയോ ഭവേയം.

ദാമ്പത്യ ബന്ധത്തിൽ ഭാഗഭാക്കുകളാകേണ്ടവരുടെ ഇഷ്ടാനിഷ്ടങ്ങളും മുൻകൂട്ടി അന്വേഷിച്ചറിയുന്ന സമ്പ്രദായം കേരളീയരുടെ സമുദായ വ്യവസ്ഥയിൽ മിക്കവാറും ഇല്ലാതിരുന്ന ആ കാലത്ത്, കാരണവന്മാരുടെ ചൊല്പടിയ്ക്കു നില്ക്കുക മാത്രമായിരുന്ന തറവാട്ടിൽ പിറന്ന പെൺകിടാങ്ങളുടെയും അനന്തരവന്മാരുടെയും ബാദ്ധ്യത. ആജീവനാന്തം ഒരുമിച്ചു കഴിയേണ്ടവരായ സ്ത്രീ പുരുഷന്മാരുടെ ഭാഗധേയങ്ങളെ ചിലപ്പോൾ മാത്രമേ ആ വിവാഹരീതി പ്രതികൂലമായി ബാധിച്ചിരുന്നുള്ളൂ. ശാന്തസുന്ദരമായ ദാമ്പത്യ ജീവിതത്തിൽത്തന്നെയാണ് അങ്ങിനെയുള്ള മിക്ക വിവാഹബന്ധങ്ങളും പര്യവസാനിച്ചുകണ്ടിട്ടുള്ളത്. വിവാഹബന്ധത്തിനു മുമ്പുതന്നെ അനുരാഗബദ്ധരായിത്തീരുന്നതിനനുകൂലമായ സാഹചര്യങ്ങളും കേരളീയരുടെ ജീവിതവ്യവസ്ഥിതിയിൽ വിരളമായതായിരിക്കാം ഇതിനു കാരണം. അനുരക്തരല്ലാത്ത സ്ത്രീ പുരുഷന്മാരെ യഥാകഥഞ്ചിത്തായി യോജിപ്പിയ്ക്കുവാൻ ഗുരുജനങ്ങളും മുതിരുന്നതുകൊണ്ടുള്ള അനർത്ഥം അനിർവ്വചനീയമാണെന്ന പക്ഷക്കാരനായിരുന്നതുകൊണ്ടായിരിക്കാം അങ്ങിനെ വല്ല വൈഷമ്യവും തനിയ്ക്കു നേരിട്ടേയ്ക്കുമോ എന്നു നാരായണമേനോൻ ആശങ്കിച്ചത്.

എതായാലും മനോരഥ പ്രാപ്തിയ്ക്കുണ്ടായിരുന്ന പ്രതിബ

ന്ധങ്ങം കാലക്രമത്തിൽ ഒഴിഞ്ഞു. മാധവിക്കുട്ടിയമ്മയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവും സ്വന്തം നിലയിൽ ഒരമ്മാമനുമായ പള്ളിയത്ത് നാരായണൻനായരുടെ സഹായവും സഹാനുഭൂതിയുമാണ് വിവാഹനിശ്ചയത്തിനു വിലങ്ങടിച്ചു നിന്നിരുന്ന നിമിത്തങ്ങളെ നിർമ്മാർജ്ജനം ചെയ്തത്.

പള്ളിയത്തും വള്ളത്തോളും ഏകകുടുംബമായിത്തീർന്നതെങ്ങിനെയെന്നറിയാത്തവരുടെ സംശയ നിവൃത്തിയ്ക്കു ഇവിടെ രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. കൊല്ലവർഷം പത്താം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കൊച്ചിത്തമ്പുരാന്റെ പ്രീതി കേടിനു പാത്രമായിത്തീർന്ന പള്ളിയത്തു മൂത്തനായർ വെട്ടത്തു നാട്ടിൽ വന്നു കോന്തുമേനോൻ കാര്യക്കാരെ അഭയം പ്രാപിക്കുകയുണ്ടായി. നായരുടെ വാസ്തുവാവസ്ഥ തമ്പുരാനെ അറിയിക്കുവാനും അവിടേയ്ക്കുണ്ടായിരുന്ന തിരുവുള്ളക്കേടു തീർക്കുവാനും തമ്പുരാന്റെ സുഹൃത്തായിരുന്ന കാര്യക്കാർക്കു സാധിച്ചു. അങ്ങിനെ രാജപ്രീതി വീണ്ടും സമ്പാദിച്ച പള്ളിയത്ത് നായർ കൃതജ്ഞതാ സൂചകമായി കാര്യക്കാരുടെ ഒരു മരുമകളെ വിവാഹം ചെയ്തു വീട്ടിലേക്കു കൂട്ടിക്കൊണ്ടു വന്നു. പള്ളിയത്തു തറവാട്ടിൽ മരുമക്കത്തായവഴിയ്ക്കൊരു സ്ത്രീ സന്താനമില്ലാതിരുന്നതുകൊണ്ടു ആ വിവാഹത്തിലുണ്ടായ ഒരു പെൺകുട്ടിയെ അതിലേയ്ക്കു ദത്തെടുക്കുകയും ചെയ്തു. അതോടുകൂടി പള്ളിയത്തു വീട്ടു വള്ളത്തോൾത്തറവാടിന്റെ ഒരു ഭാഗമായിത്തീർന്നു. അങ്ങിനെയാണ് പള്ളിയത്ത് നാരായണൻനായക്കു വള്ളത്തോളിന്റെ അമ്മാമന്റെ സ്ഥാനം ഉണ്ടായതു്.

തന്റെ വിവാഹവിഷയത്തിൽ അദ്ദേഹത്തിൽനിന്നു ലഭിച്ച സഹായത്തെക്കുറിച്ചു വള്ളത്തോൾ ഇങ്ങിനെ എഴുതി—

ഈ വിശ്വത്തിനു നല്ല പുഷ്പിവരുമാ
റൊക്കെ പ്രവർത്തിച്ചിടും
ഹേ വന്മേഘ! ഭവാന്റെ മഞ്ജുളനിനാ—
ദത്തെച്ചെവിക്കൊണ്കയാൽ
ആ വർഷോത്സവലക്ഷ്മി തന്നനുഭവ
ത്തിന്നേറെ വൈകാതെയു
ണ്ടാവും മേ തരമെന്നതീ മയിലുറ
ച്ചാനന്ദമേന്തുന്നു മേ.

1077 വൃശ്ചികം അഞ്ചാം തീയതിക്കായിരുന്നു വിവാഹ മുഹൂർത്തം നിശ്ചയിച്ചതു്. അന്നു രാവിലെ കിട്ടുണ്ണിനായരോടൊന്നിച്ചു വരൻ വെട്ടത്തുനാട്ടിൽനിന്നു വന്നേരിയ്ക്കു പുറപ്പെട്ടു. ഏകദേശം ഒരു മണിയ്ക്കു പൊന്നാനിയിലെത്തിയപ്പോളുണ്ടു്, വധൂഗൃഹത്തിൽനിന്നൊരു ദൂതൻ വരുന്നു, ഒരു പുലകാരണം അടിയ

ന്തരം അന്നു നടത്തുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു എന്നൊരെഴുത്തുംകൊണ്ടു്! മധുരസ്വപ്നങ്ങൾ ഓളംവെട്ടിക്കൊണ്ടിരുന്ന മണവാളന്റെ മനസ്സു അപ്പാടെ കലങ്ങിപ്പോയതിലെന്താണത്ഭുതം? കലതൊടാറായപ്പോഴേക്കും തളപ്പറുപോയ ആ അനുഭവത്തിന്റെ തീക്ഷ്ണതയാണു് പെട്ടെന്നുണ്ടാക്കിയ ഈ ശ്ലോകത്തിൽ രേഖപ്പെടുത്തിക്കാണുന്നതു്:—

മുറും മുത്തുളവാംവിധം മുഴമതി ശ്രീവക്രയാളിന്നു കൈ
പ്പുറും നിശ്ചയമെന്നുറച്ചഥ പുറപ്പെട്ടോട്ടമോടുംവിധൌ
തെറിച്ചൂ വിധികാരിയം, കലതൊടാറായ്വന്നനേരം തള
പ്പുറൂ പാതി വഴിയ്ക്കു വെച്ചൊരു മുടക്കക്കെത്തുനേരിട്ടുമേ!

അപ്രതീക്ഷിതമായ ശകുനപ്പിഴകൊണ്ടുണ്ടായ മനോവൈകല്യം മാറുവാനെന്നപോലെ, വള്ളത്തോൾ ഉടനെ സ്വഗൃഹത്തിലേക്കു തിരിച്ചുപോകാതെ അന്നു തൃക്കാവിൽ വിശ്രമിച്ചു. പിറേന്നു, ചമ്രവട്ടം വഴി കുറുക്കു നടന്നു. ഉച്ചയ്ക്കു വെള്ളാനശ്ശേരി വാസുണ്ണിമൂസ്സതിന്റെ വസതിയിലെത്തി അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചവിടെ താമസിച്ചു. പിറെറന്നാൾ മൂസ്സതിനോടൊന്നിച്ചു തിരുക്കുപോയി കോഴിക്കോട്ടേക്കു വണ്ടികയറി. ഒരു പ്രണയ പരവശന്റെ താൽക്കാലിക നൈരാശ്യമായിരിക്കണം ഒരിടത്തും ഇരിപ്പുറയ്ക്കാതെ ആ യുവകാമുകനെ ഇങ്ങിനെ സഞ്ചാരതൽപരനാക്കിയതു്!

മൂസ്സതും വള്ളത്തോളും സന്ധ്യയ്ക്കു മുമ്പു മാങ്കാവിൽ പടിഞ്ഞാറെ കോവിലകത്തു ചെന്നു ചേർന്നു വിദ്വാൻ ഏട്ടൻതമ്പുരാനെ മുഖംകാണിച്ചു. രണ്ടു ദിവസത്തെ താമസത്തിനിടയിൽ അവിടത്തെ സഹൃദയസമാഗമത്തിലും പങ്കുകൊള്ളുവാനവസരം കിട്ടി. ആ യാത്രയിൽത്തന്നെ കടത്തനാട്ടു രവിവർമ്മത്തമ്പുരാനെയും കണ്ടു അദ്ദേഹത്തിനു ചില ശ്ലോകങ്ങൾ സമർപ്പിച്ചു. അതിലൊന്നാണു്

വീതദോഷാനുഷംഗത്വാദപി സൽപഥവർത്തനാൽ
സത്യമേവ രവിത്വം തേ തഥാപ്യസി കലാനിധി:

എന്ന ശ്ലോകം.

വൃശ്ചികം 10—ാംനു- യാത്രകഴിഞ്ഞു നാട്ടിൽ തിരിച്ചെത്തി; വിവാഹനിശ്ചയത്തെക്കുറിച്ചുള്ള വിവരത്തിനു കാത്തിരിപ്പായി. അടിയന്തരം 14—ാംനു-ക്കു നിശ്ചയിച്ചതായി തലേന്നാൾ എത്തിച്ചേർന്ന എഴുത്തനുസരിച്ചു അന്നു രാത്രിതന്നെ വീരിലെത്തി. അമ്മാമന്റെയും മറും മാന്യസുഹൃത്തായ സബ്ജഡ്ജി അച്യുതൻനായരെ ചെന്നുകണ്ടു. വൈകുന്നേരം മുഹൂർത്ത

ത്തിനു തക്കവണ്ണം വന്നേരിയിൽ വധൂഗൃഹത്തിൽ എത്തിച്ചേരുകയും ചെയ്തു.

ശ്രീഗോവിന്ദപ്രിയസഹഭുവം യാമലബ്ധ്വാസുഭ്രാം
ചിന്താതാന്തശ്ചിരതരമ പാത്ഥ്യമേവാനഭ്രവം
ആസം സമ്യഗ്വിജയ ഇഹ താം മാധവീമുദ്വഹൻ ത്വാം
ലക്ഷ്മീജാനേർഗ്ഗുരു കരുണയാ തനു! നാരായണസ്യ

എന്നിങ്ങിനെ പ്രിയതമയെ സംബോധനം ചെയ്തുകൊണ്ടെഴുതിയ ശ്ലോകത്തിൽ ആദ്യം താനനുഭവിച്ച മനഃക്ലേശത്തിന്റെയും ഒടുവിൽ കൈവന്ന ചരിതാർത്ഥതയുടെയും സ്പന്ദനങ്ങളാണും ക്കൊള്ളിച്ചിട്ടുള്ളതു്. ഗോവിന്ദപദംകൊണ്ടു നിർദ്ദേശിച്ചതു് ഭാര്യാസഹോദരനായ ഗോവിന്ദക്കുറുപ്പിനെയും ലക്ഷ്മി എന്ന പദംകൊണ്ടു ഭാര്യാസഹോദരിയേയുമാണു്.

അമ്മാമനായ നാരായണൻനായക്കെഴുതിയ ഒരു നീണ്ടകത്തിലെ ചില ശ്ലോകങ്ങൾകൂടി, വരനനുഭവിച്ച ഭയസംഭ്രമങ്ങളുടെ പശ്ചാത്തലം വിശദീകരിക്കുവാൻവേണ്ടി, ഇവിടെ ഉദ്ധരിയ്ക്കാം—

കാമം മൂത്തു തപസ്വിയായ നരനെ
ശ്രീമാധവീസംഗമ
ക്ഷേമത്തിന്നൊരു പാത്രമാക്കിയ നയം
ചേരുന്ന നാരായണൻ
സാമർത്ഥ്യത്തൊടു ലക്ഷ്മിതൻ കുളർമുല
ക്കുന്നിൽക്കളിയ്ക്കും കര
പ്പൂമങ്ങാതെയുയർത്തിനിന്നിഹ നമു
ക്കാശിസ്സു നല്കീടണം.

ഉൾപ്പൂവിങ്കലസൂയയെന്നൊരു പിശാ
ചേറമ്പരപ്പാകയാൽ
ദുഷ്പേരിന്നിടയാക്കുവാൻ ചിലർ തരം
പാർത്തിട്ടു നിന്നെങ്കിലും
ഇപ്പോഴം നമ്മുടെയുറ കാരണവർതൻ
ഭാഗ്യക്കൊടിക്കൂറയാ
മിപ്പെൺകെട്ടടിയന്തരം വളരെ നന്നാ
യിക്കലാശിച്ചുപോയ്.

നൽത്തേജസ്സു കലർന്നശേഷസുമന
സ്സോമത്തിനാമോദസ
മ്പത്തേകുന്ന വസന്തമേ! ശൃണു ഭവാ
നേവം പ്രവർത്തിക്കയാൽ

സത്തേറീടിന മാധവീലതികയെ
ക്കെട്ടിപ്പുണർന്നീടുവാ
നിത്തേന്മാവിനു യോഗമായതു രസം
തന്നേ നിനപ്പോളുവും.

ധാരാളമുണ്ടനനുകൂലികളെങ്കിലും ശ്രീ
നാരായണൻ കരുണചെയ്തരുളുന്നുവെന്നാൽ
ആരാലുമെന്തുമഴലററിഹ സാധ്യമെന്ന
ധീരാശയോക്തി ശരിയാണൊരുവാദമില്ല.

ചിരാഭിലഷിതമായ ഗൃഹസ്ഥാശ്രമപ്രവേശം സാധിച്ച തോടുകൂടി നാരായണമേനോന്റെ മനസ്സിനു സ്വാസ്ഥ്യംലഭിച്ചു. അലട്ടൊന്നും കൂടാതെ അധ്യയനവും അധ്യാപനവും സാഹിത്യവിനോദങ്ങളും തുടർന്നുകൊണ്ടിരുന്നു.

ഏറെത്താമസിയാതെ സഹധർമ്മിണി ഗർഭവതിയായി. വൈദ്യനും കവിയുമായ ഭർത്താവിന്റെ ശ്രദ്ധ സ്വാഭാവികമായി പതിഞ്ഞതു് ഭാര്യയുടെ ദൌർഹൃദസൗഭാഗ്യത്തിലായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. രഘുവംശത്തിൽ സുദക്ഷിണയുടെ ഗർഭലക്ഷണങ്ങളും കാളിദാസകവിതയുടെ വിഷയീഭവിച്ചതിനെ സ്മരിച്ചുകൊണ്ടു ഇടയ്ക്കിടെ ചില കവിതാശകലങ്ങളും വള്ളത്തോളിന്റെ തൂലികയിൽനിന്നും നിർഗ്ഗമിച്ചുകൊണ്ടിരുന്നു.

ആനീലചൂചുകവതാ കുചയോർദ്വയേന
സേന്ദിന്ദിരം കമലകുഡ്മളമാക്ഷിപന്തീം
ആ പാണ്ഡുഗണ്ഡ ഫലകാം മൃദുലോദരീം ത്വാ
മാലോകയന്നനുപദം മുദമഭ്യുപൈമി

എന്ന സംസ്കൃതത്തിലും

ആരോമലേ! ഭവതി ഗർഭിണിയാകയാലേ
വാരുറനിന്നുടെ മുലയ്ക്കു മുഖം കറുത്തു
പോരിൽത്തനിയ്ക്കരിയ വീഴ്ചപിണഞ്ഞുപോമെ
ന്നോരുമ്പൊളുള്ളഴലു കാരണമായിരിക്കാം

എന്ന മലയാളത്തിലും എഴുതിയ ശ്ലോകങ്ങളും ആ കൂട്ടത്തിൽപ്പെട്ടവയാണ്. ലളിതകോമളങ്ങളായ ഏതാനും പദ്യങ്ങളിൽ 'ഗർഭരക്ഷാക്രമം' എന്നൊരു ലഘുകാവ്യവും അക്കാലത്തുതന്നെ വള്ളത്തോൾ എഴുതി.

1078 ചിങ്ങമാസത്തിൽ നാരായണമേനോൻ ഒരമ്മനായി.

ഇന്നാണു മത്സുകൃതകല്പകവല്ലി കാച്ച
തിന്നാണെനിയ്ക്കു നയനോത്സവ പൂർണ്ണലാഭം

നന്നായ് മദീയ മകൾം തന്മുഖപങ്കജത്തെ
യൊന്നാശ്ര കാണ്മതിനു സംഗതിവന്നുവല്ലോ.

മുത്തോടുദൈവമിവനേകിയ സവ്മാന്യ
സ്വത്തോ സുഖത്തിനുതകുന്നമുതിന്റെ സത്തോ
ഒത്തോണമെന്നുരസിചേപ്പ്തിനുള്ള വെള്ള
മുത്തോ കിടപ്പതിഹ മൽപ്രിയപുത്രിയാളോ?

ശ്ലാഘിക്കുവാനുചിതമാം മണമുള്ളിളംപൂ
വാണിക്കിടപ്പൊരു കുമാരിക,യല്ലയെങ്കിൽ
കാണിസ്സുമുൾക്കരപെടാതെ മഹേശിയെന്നിൽ
കാണിസ്സുമക്കരുണതൻ വകഭേദമാവാം.

ഈ മാമകീന മകൾം തന്നുടെ കൊച്ചുപിച്ചി
പ്പൂമാലപോലെ മൃദുവാം പുതുമേനി മാറിൽ
കാമാനുകൂലമണയിസ്സ്വയകം തണുത്തു
രോമാഞ്ചകഞ്ചുകിതനായ്ച്ചമയുന്നിതാ ഞാൻ.

എന്നാണ് ആ അവസരത്തിൽ സ്വയം അനുമോദിച്ചെഴുതിയത്.

ഒരു കവിയെന്നതിനുപുറമെ നല്ലൊരു ജ്യോതിഷപണ്ഡിതനുമായിരുന്ന ഒടുവിൽ ശങ്കരൻകുട്ടിമേനോനെയാണ് കുട്ടിയുടെ ജാതകമെഴുതിയുണ്ടാക്കുവാൻ വള്ളത്തോൾ ഏല്പിച്ചത്.

ആ കൃശീല! ചെറുതല്പിഹതാവകീന
ശ്ലോകങ്ങൾ നോക്കുവതിനാഗ്രഹമെങ്കിലും മേ
ശ്ലോകത്തിലാക്കരുതു ജാതക,മൊക്കെ വേണ്ട
പാകത്തിലാക്കിടണമെന്നുമപേക്ഷയുണ്ടേ

എന്നു പറഞ്ഞുകൊണ്ടാണ് ശങ്കരൻകുട്ടിമേനോനെ ഇക്കാര്യത്തിൽ സമീപിച്ചത്. എന്തിനും ശ്ലോകമുണ്ടാക്കിച്ചൊല്ലുക അന്നത്തെ കവികൾക്കൊരു പതിവായിരുന്നു. നമ്മ്പ്രകാശനത്തിനു ഗദ്യത്തെക്കാളധികം പദ്യമാണുപയുക്തമെന്നുതോന്നുകയാലായിരിക്കാം അവർ ആ ഉപാധി കൈക്കൊണ്ടതു്.

വള്ളത്തോൾകുടുംബത്തിന്റെ പരദേവതയായ പുല്ലൂണിക്കാവിൽ ഭഗവതിയെക്കുറിച്ചൊരു പാന എഴുതിത്തുടങ്ങിയത് മുഴുത്തില്ല. കവനോദയം മാസികസ്സുവേണ്ടി ചന്ദ്രികാപരിണയം എന്നൊരു കൈകൊട്ടിക്കളിപ്പാട്ടും എഴുതിയിരുന്നു. അതിന്റെ പകർപ്പു കണ്ടുകിട്ടിയിട്ടില്ല.

1079 വൃശ്ചികം–ധനു മാസക്കാലത്ത് എഴുതിയ മുക്തകങ്ങളിൽ ചിലതിവിടെ ചേർക്കാം:

കാരുണ്യംകൊണ്ട നീ വല്ലവരുടെയുമഴൽ
പ്പാട്ട കണ്ടാൽപ്പൊറുക്കി
ല്ലോരുമ്പോൾ പണ്ട ഗോപക്കഭയനില പല
പ്പോഴമെത്തിച്ചുവല്ലോ
ചാരുശ്രീ തത്വവിജ്ഞാനികളിതുവിധമായ്
ച്ചൊന്ന വാക്കിന്ന പാഴായ്
ത്തീരും കഷ്ടപ്പെടുന്നീയടിയനിലലിവില്ലാ
യ്തിലെൻ ചക്രപാണേ!

വെള്ളിക്കരുന്നാവിധം കയ്യുകളിരുപതുകൊ
ണ്ടൊന്ന പൊന്തിച്ചുവെച്ചാ
പ്പുള്ളിക്കാരന്ന പൊന്നിൻമല നെടു പടവി
ല്ലാക്കുമങ്ങാദരത്താൽ
പള്ളിക്കൈവാള കല്പിച്ചരുളിയതുചിതംത
ന്നെ,യെന്നായ്സുരന്മാർ
കൊള്ളിച്ചോതുമ്പൊളുള്ളിൽച്ചിരിയൊടഗജ
യെപ്പാത്ത സാംബൻ സഹായം.

ഇതിലിടയ്ക്ക വള്ളത്തോളിന്റെ അച്ഛൻ മരിച്ചു. 1078 മീനമാസത്തിൽ അദ്ദേഹം രോഗഗ്രസ്തനായി കിടപ്പിലായ പ്പോൾ സമുദായാചാരമനുസരിച്ചു നേരിട്ട ചില അസൌകര്യങ്ങൾനിമിത്തം അദ്ദേഹത്തിന്റെ താമസം ഭാര്യവീട്ടിൽനിന്ന ആദ്യം ഒരു ഭാഗിനേയന്റെ ഗൃഹത്തിലേക്കും അനന്തരം സ്വന്തം ഇല്ലത്തേക്കും മാറേറണ്ടിവന്നു. എങ്കിലും ചിരപരിചിതങ്ങളും അനേകം മധുരസ്മരണകളാൽ രുചിരങ്ങളുമായ ഭാര്യവീട്ടിന്റെ പരിസരങ്ങളിലായിരുന്ന ആ ശുദ്ധാത്മാവിന്റെ അന്തരംഗം അപ്പോഴും ചുറ്റിപ്പറ്റിക്കളിച്ചിരുന്നത്. മകന്റെ സ്നേഹമസൃണമായ പരിചരണവും വിദഗ്ധമായ ചികിത്സയും ഉണ്ടായിരുന്നിട്ടും ആയുസ്സിന്റെ പരിമിതിയെ തടയുവാൻ ആക്കും സാധിച്ചില്ല. ക്രമേണ രോഗം മൂർച്ഛിച്ചു കർക്കടകം 18–ാംനു-എളയത് പരലോകംപ്രാപിച്ചു. രോഗശയ്യയിൽ കിടക്കുമ്പോൾ മകന്റെ മനോവേദന മാറ്റുവാൻവേണ്ടി അദ്ദേഹം പറയാറുണ്ടായിരുന്ന സാന്ത്വനോക്തികളെ സ്മരിച്ചുകൊണ്ട നാരായണമേനോൻ കുണ്ടൂരിന്നെഴുതിയ ഒരു കത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു:—

''എനിയ്ക്കൊരാശ്വാസവുമില്ല, രാവിൽ
പനിയ്ക്കുമെന്നല്ലധികം ക്രമ്പിയ്ക്കും
തനിയ്ക്ക തൻതാതനുമൊത്തിരിപ്പാ
നിനിക്കുറെട്ടുഘടമെന്നുവന്നു.

''അഴിഞ്ഞു സൌഖ്യം, മമ ഷഷ്ടിപൂർത്തി
കഴിഞ്ഞു, ഞാനിന്നി മരിയ്ക്കുനല്ല.
ഒഴിഞ്ഞുപോകാത്തൊരു മൃത്യുദേവ
നഴിഞ്ഞുവെച്ചാളുകളല്ലയോ നാം?

''സ്മരിപ്പതെന്താണഴൽ നിന്മുഖത്തു്?
മരിപ്പതിദ്ദേഹികധർമ്മൻ സ്വഭാവം;
ശരിപ്പെടുത്തീടിന കാലതന്ത്ര
ത്തിരിപ്പിലാരാൻ തിരിയാതെയുണ്ടോ?''

ഇടയ്ക്കിടയ്ക്കാശ്രു തളർന്ന തൊണ്ട
യിടച്ചയോടച്ചുനിവർന്നമെല്പാം
കിടന്നുകൊണ്ടോതിയവാറു കണ്ണീ
രുടൻ നിറഞ്ഞെൻനിലയൊന്നു മാറീ.

പിതൃവിയോഗത്താൽ നീറിക്കൊണ്ടിരുന്ന പുത്രഹൃദയത്തിന്നു സമാധാനിക്കുവാനിടകൊടുക്കാതെ വീണ്ടും മറെറാരത്യാഹിതത്താൽ അതിനെ പൂവ്വാധികം ക്ഷതപ്പെടുത്തുവാനാണു് ദുർവ്വിധി മുതിർന്നതു്. വാത്സല്യനിധിയായ ഗുരുമാതുലൻ ചിങ്ങമാസാരംഭത്തിൽ സന്നിപാതജ്വരം പിടിപെട്ടു കിടപ്പിലായി. ചികിത്സകരംകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. സ്വതേ ലൌകികവ്യവഹാരങ്ങളിൽ വിരക്തനായിരുന്ന ആ പരിശുദ്ധാത്മാവിന്നു് അതു തന്റെ അന്ത്യകാലമാണെന്നു മനസ്സിലായിരുന്നതുകൊണ്ടു യാതൊരു ചപലതയും കാണിക്കാതെയും, എല്ലാവർക്കും ഒരിക്കൽ നേരിടേണ്ടിവരുന്ന ഒരവസ്ഥയാണതെന്നു രോഗസ്ഥിതിയന്വേഷിക്കാൻ വന്നവരെ ഉൽബോധിപ്പിച്ചും കുറെ ദിവസങ്ങൾ 'ശരശയ്യ'യിൽ കഴിച്ചശേഷം ചിങ്ങം 20–ാംനു- അദ്ദേഹവും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

ഭസിതോല്ലസിതത്രിപുണ്ഡ്രവ
ന്നിടിലം ശാന്തഗഭീരവീക്ഷണം
സുചിരാദപി കോനു വിസ്മരേൽ
സകൃദാലോകിതമേവ തന്മുഖം?

എന്നിങ്ങിനെയാണു് ആ വന്ദ്യഗുരുവിന്റെ പവിത്രസാന്നിധ്യത്തെ സ്മരിച്ചുകൊണ്ടു ശിഷ്യൻ നിവാപാഞ്ജലിയർപ്പിച്ചതു്.

അസ്മിൻ കോളംബവർഷേ ഗ്രഹമുനിഗഗന
ക്ഷ്മാമിതേ മാസി സിംഹേ
വിംശേഹന്യക്വാരേ ഖലു നവമതിഥൌ
താരകാധീശതാരേ

കാരുണ്യംകൊണ്ടു നീ വല്ലവരുടെയുമഴൽ
പ്പാടു കണ്ടാൽപ്പൊറുക്കി
ല്ലോരുമ്പോൾ പണ്ടു ഗോപക്കഭയനില പല
പ്പോഴുമെത്തിച്ചുവല്ലോ
ചാരുശ്രീ തത്വവിജ്ഞാനികളിതുവിധമായ്
ച്ചൊന്ന വാക്കിന്നു പാഴായ്
ത്തീരും കഷ്ടപ്പെടുന്നീയടിയനിലലിവില്ലാ
യ്കിലെൻ ചക്രപാണേ!

വെള്ളിക്കുന്നാവിധം കയ്യുകളിരുപതുകൊ
ണ്ടൊന്നു പൊന്തിച്ചുവെച്ചാ
പ്പുള്ളിക്കാരന്നു പൊന്നിൻമല നെടു പടവി
ല്ലാക്കുമങ്ങാദരത്താൽ
പള്ളിക്കൈവാളു കല്പിച്ചരുളിയതുചിതംത
ന്നെ,യെന്നായ്സുരന്മാർ
കൊള്ളിച്ചോതുമ്പൊളുള്ളിൽച്ചിരിയൊടഗജ
യെപ്പാത്ത സാംബൻ സഹായം.

ഇതിലിടയ്ക്കു വള്ളത്തോളിന്റെ അച്ഛൻ മരിച്ചു. 1078 മീനമാസത്തിൽ അദ്ദേഹം രോഗഗ്രസ്തനായി കിടപ്പിലായപ്പോൾ സമുദായാചാരമനുസരിച്ചു നേരിട്ട ചില അസൌകര്യങ്ങൾനിമിത്തം അദ്ദേഹത്തിന്റെ താമസം ഭാര്യവീട്ടിൽനിന്നു ആദ്യം ഒരു ഭാഗിനേയന്റെ ഗൃഹത്തിലേക്കും അനന്തരം സ്വന്തം ഇല്ലത്തേക്കും മാറേറണ്ടിവന്നു. എങ്കിലും ചിരപരിചിതങ്ങളും അനേകം മധുരസ്മരണകളാൽ രുചിരങ്ങളുമായ ഭാര്യവീട്ടിന്റെ പരിസരങ്ങളിലായിരുന്ന ആ ശുദ്ധാത്മാവിന്റെ അന്തരംഗം അപ്പോഴും ചുററിപ്പററിക്കളിച്ചിരുന്നത്. മകന്റെ സ്നേഹമസൃണമായ പരിചരണവും വിദഗ്ദ്ധമായ ചികിത്സയും ഉണ്ടായിരുന്നിട്ടും ആയുസ്സിന്റെ പരിമിതിയെ തടയുവാൻ ആർക്കും സാധിച്ചില്ല. ക്രമേണ രോഗം മൂർച്ഛിച്ചു കർക്കടകം 18–ാംനു-എളയത് പരലോകംപ്രാപിച്ചു. രോഗശയ്യയിൽ കിടക്കുമ്പോൾ മകന്റെ മനോവേദന മാററുവാൻവേണ്ടി അദ്ദേഹം പറയാറുണ്ടായിരുന്ന സാന്ത്വനോക്തികളെ സ്മരിച്ചുകൊണ്ടു നാരായണമേനോൻ കുണ്ടൂരിന്നെഴുതിയ ഒരു കത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു:—

''എനിയ്ക്കൊരാശ്വാസവുമില്ല, രാവിൽ
പനിയ്ക്കുമെന്നല്ലധികം കുരയ്ക്കും
തനിയ്ക്കു തൻതാതനുമൊത്തിരിപ്പാ
നിനിക്കുറെട്ടഘ്ടമെന്നുവന്നു.

''അഴിഞ്ഞു സൌഖ്യം, മമ ഷഷ്ടിപൂർത്തി
കഴിഞ്ഞു, ഞാനിന്നി മരിയ്ക്കുനല്ല.
ഒഴിഞ്ഞുപോകാത്തൊരു മൃത്യുദേവ
നഴിഞ്ഞുവെച്ചാളുകളല്ലയോ നാം?

''സ്മരിപ്പതെന്താണഴൽ നിന്മുഖത്തു''?
മരിപ്പതിദ്ദേഹികധർമ്മൻ സ്വഭാവം;
ശരിപ്പെടുത്തീടിന കാലതന്ത്ര
ത്തിരിപ്പിലാരാൻ തിരിയാതെയുണ്ടോ?''

ഇടയ്ക്കിടയ്ക്കാശ്രു തളർന്ന തൊണ്ട
യിടച്ചയോടപ്പുനിവർന്നമെല്ലാം
കിടന്നുകൊണ്ടോതിയവാറു കണ്ണീ
രുടൻ നിറഞ്ഞെൻനിലയൊന്നു മാറീ.

പിതൃവിയോഗത്താൽ നീറിക്കൊണ്ടിരുന്ന പുത്രഹൃദയത്തിന്നു സമാധാനിക്കുവാനിടകൊടുക്കാതെ വീണ്ടും മറെറാരത്യാഹിതത്താൽ അതിനെ പൂർവ്വാധികം ക്ഷതപ്പെടുത്തുവാനാണു് ദൈവിധി മുതിർന്നതു്. വാത്സല്യനിധിയായ ഗുരുമാതുലൻ ചിങ്ങമാസാരംഭത്തിൽ സന്നിപാതജ്വരം പിടിപെട്ടു കിടപ്പിലായി. ചികിത്സകൾകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. സ്വതേ ലൌകികവ്യവഹാരങ്ങളിൽ വിരക്തനായിരുന്ന ആ പരിശുദ്ധാത്മാവിന്നു് അതു തന്റെ അന്ത്യകാലമാണെന്നു മനസ്സിലായിരുന്നതുകൊണ്ടു യാതൊരു ചപലതയും കാണിക്കാതെയും, എല്ലാവർക്കും ഒരിക്കൽ നേരിടേണ്ടിവരുന്ന ഒരവസ്ഥയാണതെന്നു രോഗസ്ഥിതിയന്വേഷിക്കാൻ വന്നവരെ ഉൽബോധിപ്പിച്ചും കുറെ ദിവസങ്ങൾ 'ശരശയ്യ'യിൽ കഴിച്ചശേഷം ചിങ്ങം 20–ാംനു- അദ്ദേഹവും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

ഭസിതോല്ലസിതത്രിപുണ്ഡ്രവ
ന്നിടിലം ശാന്തഗഭീരവീക്ഷണം
സുചിരാദപി കോനു വിസ്മരേൽ
സകൃദാലോകിതമേവ തന്മുഖം?

എന്നിങ്ങിനെയാണു് ആ വന്ദ്യഗുരുവിന്റെ പവിത്രസാന്നിധ്യത്തെ സ്മരിച്ചുകൊണ്ടു ശിഷ്യൻ നിവാപാഞ്ജലിയർപ്പിച്ചതു്.

അസ്മിൻ കോളംബവർഷേ ഗ്രഹമുനിഗഗന
ക്ഷ്മാമിതേ മാസി സിംഹേ
വിംശേഹന്യർക്വാരേ ഖലു നവമതിഥൌ
താരകാധീശതാരേ

ശ്രീമാൻ രാമുണ്ണിനാമാ മമ മഹിതമതി
മ്മാതുലാചാര്യവര്യഃ
പ്രാഹ്ണേ പാണ്ഡിത്യശാലീ പരമശിവപദം
പ്രാപദാപദ്വിഹീനം.

എന്ന ചരമശ്ലോകവും അന്നെഴുതിയതാണ്.

ഏഴു കൊല്ലംമുമ്പു സംഭവിച്ച മാതൃവിയോഗത്താൽ ജീവിതത്തിൽ അനുഭവപ്പെട്ട ശൂന്യതയെ പരിഹരിക്കുന്നതിന്നു സഹായകമായിത്തീർന്നിരുന്ന പിതാവിന്റെയും മാതുലന്റെയും സാന്നിധ്യം നഷ്ടമായപ്പോൾ, കോമളപ്രകൃതിയായ നാരായണമേനോനു് ആകപ്പാടെ ഒരു നിരാശ്രയത്വബോധം ഉളവായി. പക്ഷേ ഏതു ഹൃദയക്ഷതത്തെയും ചികിത്സിക്കുവാൻ കരുത്തുള്ളതാണല്ലൊ കാലം!

അമ്മാമന്റെ അഭാവത്തിൽ, രോഗികളെ ചികിത്സിക്കാനുള്ള ചുമതല സ്വയം ഏറെറടുക്കേണ്ടിവരികയാൽ വൈദ്യവിഷയത്തിൽ പൂർവ്വാധികമായി ശ്രദ്ധയും സമയവും നാരായണമേനോനു വിനിയോഗിക്കേണ്ടതായിവന്നു. പക്ഷേ സാഹിത്യപരിശ്രമങ്ങൾക്കു അതുനിമിത്തം തെല്ലും ഹാനിനേരിട്ടില്ല.

അക്കാലത്താണു്, കിളിപ്പാട്ടുരീതിയിലുള്ള കുഞ്ചൻനമ്പ്യാരുടെ ഭാഷാപഞ്ചതന്ത്രം ശ്ലോകരൂപത്തിലാക്കുവാൻ വള്ളത്തോളും കൂട്ടുകാരും നിശ്ചയിച്ചതു്. ഒന്നാം തന്ത്രത്തിലെ ഉത്തരാർദ്ധവും അഞ്ചാംതന്ത്രം മുഴുവനും വള്ളത്തോൾ എഴുതി. ഒന്നാം തന്ത്രത്തിലെ പൂർവ്വാർദ്ധം കേശവൻനായരും, രണ്ടും നാലും തന്ത്രങ്ങൾ ഗോപാലമേനോനും, മൂന്നാംതന്ത്രം കിട്ടുണ്ണിനായരും ശ്ലോകത്തിലാക്കി. അതാണു് 'പഞ്ചതന്ത്രം മണിപ്രവാളകാവ്യം' എന്ന പേരിൽ കേരള ചിന്താമണി പുസ്തകശാലാ ഉടമസ്ഥൻ പള്ളത്തു് ഇക്കോരൻ കൃഷ്ണന്റെ പ്രസാധകത്വത്തിൽ 1081–ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകം. 1080 കുംഭമാസത്തിൽതന്നെ ഇതിനെപ്പററി വള്ളത്തോൾ കുണ്ടൂരിന്നു് ഇങ്ങിനെ എഴുതിയിരുന്നു:–

കിളിപാടിയ പഞ്ചതന്ത്രമെന്നീ
ലളിതശ്രീകൃതിനാലുപേരുകൂടി
തെളിവോടിഹഭാഷയാക്കിയിട്ടു
ണ്ടൊളിവിൽപ്പാക്കുമിതിയ്യിടെപ്പുറത്താം.

മതിയിൽക്കൊതിയുണ്ടു പാഠ്യബുക്കാ
യിതിനെ സ്കൂളിലെടുത്തു കാണുവാൻ മേ
അതിനെന്തൊരുപായ,മേവരെല്ലാം
ചതികൂടാതെ ശിപാശ്ശിചെയ്തിലൊക്കും?

ശിപാശ്ശിയില്ലാതെ പുസ്തകങ്ങൾക്കു പ്രചാരം കിട്ടുകയി

ല്ലെന്ന സൂചന ശ്രദ്ധാഹ്മാണ്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഒരഭിപ്രായവും പുസ്തകത്തിൽ ചേർത്തിരുന്നു. ''വള്ളത്തോൾ നാരായണമേനോന്റെ കവിതാചാതുര്യം സർവ്വസമ്മതമാണല്ലൊ. ആയത് ഈ മണിപ്രവാളകാവ്യത്തിൽ വളരെ സ്ഫുടീഭവിച്ചിട്ടുണ്ട്. ഈ കാവ്യത്തെ പള്ളിക്കൂടങ്ങളിൽ പാഠപുസ്തകമായി സ്വീകരിക്കാതിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം'' എന്നാണ് അവിടുന്നു എഴുതിയത്. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ മുഖവുരയിൽ ഇങ്ങിനെയും പ്രസ്താവിച്ചിരുന്നു:—''സരസശ്ലോകസമ്പൂർണ്ണമായ ഈ നൂതനകാവ്യം മലയാളഭാഷയ്ക്ക ഒരനശ്വരസ്വത്തായി പരിണമിക്കുമെന്നും കാലതാമസംകൂടാതെ ഇതു വിദ്യാഭ്യാസമേലധ്യക്ഷന്മാരുടെ ശ്രദ്ധയെ ആകഷ്ിച്ചു മടിക്കുലേഷൻ പരീക്ഷക്കും അതിനു താഴെയുള്ള രണ്ടോ മൂന്നോ ക്ലാസുകളിലും പാഠപുസ്തകമായി സ്വീകരിക്കപ്പെടുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.'' നമ്പ്യാരുടെ പഞ്ചതന്ത്രം കിളിപ്പാട്ടിനു അക്കാലത്തു പാഠശാലകളിൽ സാമാന്യം നല്ല പ്രചാരമുണ്ടായിരുന്നു. പഠിക്കാനും ഓർമ്മിക്കാനും സന്ദർഭോചിതമായി പ്രയോഗിക്കാനും കിളിപ്പാട്ടിനെക്കാൾ ശ്ലോകങ്ങൾക്കാണെളുപ്പമെന്ന കാരണത്താൽ ഈ പുതിയ പരിശ്രമം ഒരു യഥാർത്ഥമായ ആവശ്യത്തെ നിവൃത്തിക്കുന്നുണ്ടെന്നായിരുന്ന ഒടുവിന്റെ അഭിപ്രായം. എതായാലും കോയിത്തമ്പുരാന്റെയും ഒടുവിന്റെയും ആശംസയും വിശ്വാസവും ഫലിക്കാതിരുന്നില്ല. കുറെ കാലം കൊച്ചിയിലെ വിദ്യാലയങ്ങളിൽ ഇതൊരു പാഠപുസ്തകമായിരുന്നു. പിന്നീടതിന്റെ പേരുകൂടി കേൾക്കാതായി. ഇന്നത്തെ തലമുറ അങ്ങിനെയൊരു പുസ്തകത്തെപ്പറ്റി കേട്ടിട്ടുണ്ടോ എന്നതന്നെ സംശയമാണ്.

'വള്ളത്തോൾക്കമ്പനി'യുടെ കവിതാശൈലിയെ സർവ്വശേഷം പ്രത്യക്ഷപ്പെടുത്തുന്ന ഈ മണിപ്രവാളകാവ്യം ഒരു മനോഹര കൃതിയാണ്.

> ശരിദമനക,നെന്താ,ണെങ്ങുനിന്നാണു, വേഗം
> വരിക വരിക, നിന്നെക്കണ്ടകാലം മറന്നു
> പരിചുടയൊരു നീയും പൂവ്ജൻതാനുമെന്താ
> ണരികിൽ മമവരാത്തു, ഹന്ത കാണാത്തു നമ്മെ?

എന്നിങ്ങിനെ സരളമായ ഭാഷയിൽ ഫലിതസങ്കലിതമാണതിന്റെ രചനാരീതി, കിളിപ്പാട്ടിൽ, സാരസ്യത്തിനുവേണ്ടി, പല മൂലശ്ലോകങ്ങളെയും നമ്പ്യാർ പരത്തിപ്പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഈ മണിപ്രവാളത്തിൽ അത്ര പരപ്പുകാണുകയില്ലെങ്കിലും സാരമായിട്ടുള്ള ഭാഗങ്ങളൊന്നും വിട്ടുകളഞ്ഞിട്ടില്ല.

മുന്നമൊരന്തസ്സിയലിന
മന്നവനുടെ പള്ളിമെത്തതൻ മുകളിൽ
മന്ദവിസപ്പിണിയെന്നൊരു
സുന്ദരി പേൻപെണ്ണുപാത്തിരുന്ന മുദാ

എന്നിങ്ങിനെ 'മൂട്ടയെ സൽക്കരിച്ച പേനിനു നാശംവന്ന കഥ' യോടുകൂടിയാണ് വള്ളത്തോളിന്റെ കവിതയാരംഭിക്കുന്നത്.

തരംചേന്ന സന്മത്ത്യനായ്ച്ചേച്ചുവന്നാ
ലൊരല്പം ഗുണംകൂടിയേറെം വിളങ്ങും
പരംവെള്ളിയാംകുന്ന മേലെത്തിടുമ്പോ
ളിരട്ടിച്ചുമിന്നും നിലാവാകമാനം.

വരിഷ്ഠന്നുവാസ്സം ഗുണം സവ്മോടി
ത്തിരിക്കും മഹാദുജ്ജനത്തോടു ചേർന്നാൽ
ശരിയ്ക്കുജ്ജനക്കുന്നുമേൽ ചെന്നുതട്ടു
ന്നൊരിപ്പൂനിലാവാശു നീലിപ്പതില്ലേ?

എന്നിങ്ങിനെ അനേകം തത്വസാരങ്ങളുംകൊള്ളുന്ന പഞ്ചതന്ത്രത്തിന്നു ഇപ്പോഴും വിദ്യാലയങ്ങളിൽ സ്ഥാനമില്ലാതെ പോയത് കഷ്ടാൽ കഷ്ടതരമെന്നേ പറയാവൂ! പുസ്തകവും കിട്ടാനില്ലാതായിരിക്കുകയാണ്.

കണ്ണുചികിത്സയെപ്പറ്റി 'നേത്രാമൃതം' എന്നൊരു ചെറിയ വൈദ്യപുസ്തകമെഴുതിയതും അതേ കാലത്താണ്.

ഒരു സുഹൃത്തു യാദൃച്ഛികമായി ശ്രദ്ധയിൽ പെടുത്തിയ 'ഉന്മത്തരാഘവം' എന്ന സംസ്കൃതപ്രേക്ഷണകത്തിലെ കവിത വള്ളത്തോളിനെ കലശലായാകഷ്ടിച്ചു. ഉടനെ അതു വൃത്താനുവൃത്തമായി തർജ്ജമ ചെയ്യുവാനും തുടങ്ങി. ആ വിവർത്തനം നാലു ദിവസംകൊണ്ടു പൂർത്തിയാക്കി. സംസ്കൃതത്തിൽനിന്നു ഒറ്റ ശ്ലോകങ്ങളും പലതും തർജ്ജമചെയ്തു തഴക്കംവന്ന തൂലികയുടെ ആ ചെറുകൃതിയുടെ വിവർത്തനം അശേഷം ക്ലേശകരമായിരുന്നില്ല. പരിഭാഷയുടെ സരളതയ്ക്കൊരുദാഹരണമാണ് അതിലെ ഈ വസന്തവർണ്ണന:—

മാവിൻകൂട്ടം മലയജമരുത്തേറു ചാഞ്ചാടിടുന്നു
കാർവണ്ടാഴുന്നിതു പുനരിതിൻപൂങ്കുലത്തേങ്കുഴമ്പിൽ
പൂവിൻ മൊട്ടിട്ടവിരളമശോകങ്ങളാംനില്പുനു, പാടാൻ
ഭാവിയ്ക്കുന്നു മദലഹരിയാൽ പഞ്ചമം പെൺപികങ്ങൾ.

ആദ്യം ലക്ഷ്മീഭായി മാസികയിലും പിന്നീടു 1085—ൽ പ്രത്യേകപുസ്തകമായും ഈ ലഘുകൃതി പ്രസിദ്ധീകൃതമായി.

ഏതാണ്ടതേകാലത്താണ് ദക്ഷിണകേരളത്തിലെ സാഹി

ത്യമാസികകളുമായി നാരായണമേനോൻ പരിചയപ്പെട്ടതുടങ്ങിയത്. 1080 കുംഭം ലക്കം ഭാഷാപോഷിണിയിൽ 'കാളീസ്തവം' എന്ന പേരിൽ പന്ത്രണ്ടു ശ്ലോകങ്ങളും ചേർത്തുകാണുന്നതു വാസ്തവത്തിൽ നാലുകൊല്ലംമുമ്പു വെട്ടത്തുനാട്ടിൽ ഭഗവൽസേവയ്ക്കു അമ്പലത്തിൽ തൊഴാൻ പോയപ്പോൾ ഓരോ ദിവസം ഓരോ ശ്ലോകംവീതം പന്ത്രണ്ടു ദിവസം ഉണ്ടാക്കിച്ചൊല്ലിയവയാണ്. സജാതീയ ദ്വിതീയാക്ഷരപ്രാസദീക്ഷയോടുകൂടി രചിച്ച ആ സ്തവത്തിലെ നാലു ശ്ലോകങ്ങളും ഇവിടെ ഉദ്ധരിയ്ക്കാം:—

ഉങ്കാളമുംക്കളമൊടീയുലകിന്നൊരുന്നാം
നിങ്കാലിണയ്ക്കു പണിയാതെ ഞെളിഞ്ഞിരുന്നാൽ
തങ്കാ സുഖസ്ഥിതി തരിമ്പുമൊരാംക്കുമെന്നോ
ത്തെങ്കാളി! നിന്നെറ ഭജനത്തിനു ഞാൻ തുനിഞ്ഞേൻ.

* * *

തിങ്കുംക്കിരീടനുടെ നന്മടിയംബരാന്ത
ത്തിങ്കൽക്കിടന്നു കളിയാടിന കാളി! നീ താൻ
എങ്കൽപ്പെരുത്ത പരിതാപമൊഴിക്കുവാൻ നി
ശ്ശങ്കം ദയാമഴ പൊഴിയ്ക്കണമാവതോളം.

* * *

സങ്കല്പജപ്രതിഭടസ്തുട പുണ്യരാശേ!
സങ്കല്പവേളയിൽ മഹഷ്കികും കാണുമമ്മേ!
വങ്കല്പവൃക്ഷനവപല്ലവതല്പജൈത്ര
ത്തിങ്കല്പരാജയമണച്ചപദം തൊഴാം തേ.

* * *

ഓങ്കാരസാരമയി കമ്പിതഖഡ്ഗവല്ലീ
ഭാങ്കാര ഭീഷിതസമസ്തസുരാരിവർഗ്ഗേ!
ഞാങ്കാളി! നിന്നുടയ കണ്മുനവണ്ടകുംക്കു
പൂങ്കാവതായിവരണം കരുണാപയോധേ!

അടുത്ത മീനം ലക്കം ഭാഷാപോഷിണിയിൽ ''ഒരു ദരിദ്രന്റെ പ്രാർത്ഥന'' എന്ന മറെറാരു ഭക്തിദ്യോതകമായ കവിതയും പ്രസിദ്ധപ്പെടുത്തി.

ദാരിദ്ര്യദാരിണി! ശിവേ! തവ സുപ്രസാദ
നീരിൽക്കുളിച്ച തിരുനീലകടാക്ഷനോട്ടം
ആരിൽപ്പതിക്കുമവർതൻ തറവാട്ടിൽനിന്നു
പോരില്ല പൂമകളൊരിക്കലുമെന്നുകേൾപ്പൂ.

എന്ന ശ്ലോകത്തിൽനിന്നു അതിലെ വിഷയം വ്യക്തമാകുന്നുണ്ടു്. അനതിധനികമായ ഒരു സാധാരണ കുടുംബത്തിലെ അനന്തരവനു സ്വന്തമായിട്ടൊരു ധനാഗമമാർഗ്ഗവുമില്ലാതെവന്നാൽ അനുഭവിക്കേണ്ടിവരുന്ന പ്രാരബ്ധക്ലേശം നാരായണമേനോൻ അറിഞ്ഞു തുടങ്ങിയതിന്റെ ലാഞ്ഛനകളാണു് ആ പ്രാർത്ഥനയിൽ പ്രകടമായിരുന്നതു്.

എന്നെബ്ഭരിച്ചിടുകതന്നെയെനിയ്ക്കസാദ്ധ്യം
പിന്നെക്കുഴക്കിനൊരു 'ഭാണ്ഡ'വുമുണ്ടതോളിൽ

എന്ന ആവലാതി ഉള്ളിൽത്തട്ടിപ്പുറപ്പെട്ടതുതന്നെ ആയിരുന്നു.

ആര്യവൈദ്യസമാജത്തിന്റെ നിർവ്വാഹകസമിതിയോഗത്തിൽ സംബന്ധിക്കുവാൻ 1080 മകരം 27—ാംനു- നാരായണമേനോൻ കൂട്ടുകാരൊന്നിച്ചു മംഗലത്തുനിന്നു തൃശ്ശൂക്കു പുറപ്പെട്ടു. വെട്ടത്തുനാട്ടിൽനിന്നു തൃശ്ശൂക്കു പോകാനെളുപ്പവഴി എടക്കുളത്തുചെന്നു തീവണ്ടികയറുകയായിരുന്നു എങ്കിലും ആ വഴിയ്ക്കല്ല വള്ളത്തോൾസംഘം യാത്രചെയ്തതു്. മംഗലത്തുനിന്നു അവർ കടവു കടന്നു പൊന്നാനിയ്ക്കുപോയി. പിറ്റെന്നു രാവിലെ അവിടുന്നു കുന്നംകുളംവഴി വള്ളത്തോൾക്കാരുടെ പള്ളിയത്തുവീട്ടിലെത്തി അന്നവിടെ താമസിച്ചു. മൂന്നാംദിവസം രാവിലെയാണു് തൃശ്ശൂരിലെത്തിച്ചേർന്നതു്. അന്നും പിറ്റെന്നുമായി കൂടുവാൻ നിശ്ചയിച്ചിരുന്ന വൈദ്യസമാജത്തിന്റെ യോഗത്തിൽ സംബന്ധിക്കുവാൻ കുഞ്ഞിക്കുട്ടൻതമ്പുരാനും എത്തിയിരുന്നു. അവിടെവെച്ചാണു് കൊടുങ്ങല്ലൂർ കവിസദസ്സിലെ ഒരു പ്രമുഖാംഗവും പ്രശസ്ത പണ്ഡിതനുമായ തോരണത്തു പരമേശ്വരമേനോനുമായി വള്ളത്തോൾ പരിചയപ്പെട്ടതു്. തൃശ്ശൂരിലൊരു ബാലികാവിദ്യാലയത്തിൽ മുൻഷിയായിരുന്ന അന്നു പരമേശ്വരമേനോൻ.

വലിയകോയിത്തമ്പുരാന്റെ ഷഷ്ടിപൂർത്തിയാഘോഷിക്കുന്ന അവസരമായിരുന്നു അതു്. നാരായണമേനോൻ ഭാരതവിലാസം പ്രസ്സിൽ ചെന്നപ്പോൾ, തമ്പുരാനു സമർപ്പിക്കുവാൻ വേണ്ടി ഏതാനും മംഗളശ്ലോകങ്ങളെഴുതിക്കിട്ടിയാൽക്കൊള്ളാമെന്നു പ്രസ്സ്മാനേജർ ആവശ്യപ്പെട്ടു. കോയിത്തമ്പുരാന്റെ ഒരാരാധകനായിരുന്ന വള്ളത്തോളിനു ആ അപേക്ഷ ഒരനുഗ്രഹമായിട്ടാണു് തോന്നിയതു്. അങ്ങിനെ എഴുതിക്കൊടുത്ത അഞ്ചു ശ്ലോകങ്ങളിൽ രണ്ടെണ്ണം ഇവിടെ പകർത്തുന്നു:—

കേശിദ്വിഷൽസദനസാഗരവീചികേശാ
കേശിപ്രവർത്തനവിദഗ്ധയശോവിലാസഃ
കേഷാം മുദേ ന ബഹുകോമളകാവ്യശില്പ
കേളീരതോ ജഗതി കേരളകാളിദാസഃ

ജനൈരയമനേകധാ ശ്രുഭദിനേദ്യ യസ്യാദരാൽ
സമൈസ്സമഭിനന്ദ്യതേ മഹിതഷഷ്ടിപൂർത്ത്യുത്സവഃ
അരോഗദൃഢഗാത്രതാമഭിവഹന്നനേകാസ്സമാഃ
സ ഏഷ കവിപുംഗവോ ജയതു പപ്പ്രഭ്രമീപതിഃ

ഈ സംഭവം കഴിഞ്ഞിട്ടേറെത്താമസിയാതെതന്നെ കേരള കാളിദാസന്റെ അഭിമുഖസന്ദർശനത്തിന്നു നാരായണമേനോനു ഭാഗ്യവശാൽ ഒരു സന്ദർഭം കിട്ടി. ആ മേടമാസത്തിൽ (1904 ഏപ്രിൽ) തിരുവനന്തപുരത്തു സമ്മേളിക്കുന്ന ചിൽ സഭായോഗത്തിൽ സംബന്ധിക്കുവാനുദ്ദേശിച്ചിരുന്ന ഒട്ടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെകൂടെ വള്ളത്തോളും പുറപ്പെടുവാൻ തീ ച്ചപ്പെടുത്തി. മേടം 8–ാംനു- അവർ തിരുവനന്തപുരത്തെത്തി യോഗത്തിൽ സന്നിഹിതരായി. അവിടെവെച്ചു വള്ളത്തോൾ ഇങ്ങിനെ ഒരു മംഗളശ്ലോകം ചൊല്ലി:—

നിരക്കട്ടേ സമ്പന്നിരകൾ മലയാളത്തിലിഹവ
ന്നിരക്കട്ടേ നിത്യം നിഭൃതവിനയം വൈശ്രുവണനും
പരക്കട്ടേ കീർത്തിപ്രകരമുലകിൽ,ച്ചിദ്രസപരം
പരക്കട്ടേ! പോട്ടേ പഴികളഗജേ! നിൻകനിവിനാൽ.

ആ തിരുവനന്തപുരം യാത്രയിലാണ് സരസഗായകകവി കെ. സി. കേശവപ്പിള്ളയെയും ദക്ഷിണകേരളത്തിലെ പ്രമു ഖരായ മറനേകം വിദ്വജ്ജനങ്ങളെയും കണ്ടു പരിചയിക്കു വാൻ വള്ളത്തോളിന്നു തരമായത്. എന്നാൽ ഏറവും മിക ച്ചതായി കരുതപ്പെടേണ്ട നേട്ടം വലിയ കോയിത്തമ്പുരാന്റെ സമ്മുഖദർശനമായിരുന്നു. കാൽമണിക്കൂർ നേരംമാത്രമേ അതി നു തരപ്പെട്ടുള്ളു എങ്കിലും ആ പുണ്യശ്ലോകന്റെ സാരസ്വത നിഷ്യന്ദത്തിൽ അത്രയും സമയം മുഴുകുവാൻകഴിഞ്ഞതിൽ വള്ള ത്തോളിന്നു അപാരമായ ചാരിതാർത്ഥ്യമുണ്ടായി. തദവസര ത്തിൽ കേരളകാളിദാസനു സമർപ്പിച്ചവയാണ് താഴേ ചേർക്കുന്ന ശ്ലോകങ്ങൾ:—

അജസ്രമചലാശയസ്സമുപസേവ്യതേ യോ ബുധൈ
സ്സമസ്തജനസമ്മതം ജയതിയസ്യ സർവ്വജ്ഞതാ
വിഭ്രതിപരിഭാസുരം വിഭുമിമം ശിവാസംഗിനം
ഭവന്തമഭിവാദയേ സകലരാജ ചൂഡാമണിം.

2. പരംവിരചയന്തു വഃ സസുഖയാപിതാദ്ധ്യായുഷാ
മനാമയദൃഢാംഗതാലസിതമായുരത്യായതം
ത്രിലോകരചനാവനക്ഷപണ കൃത്യനിത്യോദ്യതഃ
കുലാചലകുമാരികാമൃദുകടാക്ഷവീക്ഷാങ്കുരഃ

3. മഹാനടജ്ജടാതടസ്ഫുരദമന്ദമന്ദാകിനീ
തരംഗകപരമ്പരാ ചിരനിയുദ്ധബദ്ധവ്രതം
ദിഗന്തരനിരന്തരപ്രസൃമരം പരിഭ്രാജതേ
യശസ്സവ വിശങ്കടം വിശദകൌമുദീസോദരം.

4. വെള്ളം തിങ്ങിക്കലങ്ങിക്കട്ടരവമൊടിര
മ്പുന്ന നാലാഴിയെത്ത
ന്നുള്ളംകൈ ചേത്തെടുത്താമുനിയനുപമിതാ
ശ്ചര്യമേവക്കുമേകി;
കള്ളംകൂടാതസംഖ്യാഗമജലധികളെ
ത്താനണപ്രായമായോ
രുള്ളത്തിൽ സംഗ്രഹിയ്ക്കും തവ കഥ പുനരേ
താനുമോതേണ്ടതുണ്ടോ?

5. മല്ലിപ്പൂ മധുമല്ലിടട്ടെ വെറുതേ, പഞ്ചാര പഞ്ചാക്ഷരം
ചൊല്ലിക്കൊണ്ടമരട്ടെ മുക്കിലൊരിടത്തിക്കണ്ട കല്ലുണ്ടവും
കില്ലില്ലാതമൃതക്കടൽത്തിര തിരിഞ്ഞോടട്ടെ നാടൊക്കെയൊ
ട്ടുല്ലിത്താവക കാവ്യമാധുരി കവിസ്തോമത്തിനുത്തംസമേ!

6. ശ്രീമൽസംസ്തുതഹൃണഭാരതികളെസ്സേവിച്ചധീനത്തിൽവെ
ച്ചീമട്ടായ് പല ഭവ്യകാവ്യനികരദ്രവ്യങ്ങളാഞ്ജിച്ചുടൻ
ക്ഷേമം കേരളഭാഷയായ തറവാട്ടിന്നേകിവെയ്ക്കും മഹാ
കേമൻ കാരണവൻ ഭവാനിഹവിളങ്ങുന്നു വിള
ക്കെന്നപോൽ.

അഞ്ചാം അധ്യായം

കേരളകല്പദ്രുമം

വിജ്ഞാനനിധികളും സംസ്കാരസമ്പന്നന്മാരുമായ വിദ്വജ്ജനങ്ങളുടെ സമ്പർക്കം ചെറുപ്പത്തിൽത്തന്നെ സമ്പാദിക്കുവാൻ സാധിക്കുന്നത് ആർക്കും വലിയൊരു നേട്ടമാണ്. വള്ളത്തോൾ കവിയുടെ ജീവിതസരണിയെ ഒരു പുതിയ പതനത്തിലേക്കു തിരിക്കുവാനും ഭാവിപ്രവർത്തനങ്ങൾക്കൊരഭ്യാസക്കളരിയൊരുക്കുവാനും അതു വളരെ സഹായകമായിത്തീർന്നു.

കവിതയെഴുത്തും സാഹിത്യവിചാരവുംകൊണ്ടുമാത്രം കാലക്ഷേപംകഴിക്കുവാനുതകുന്ന ഒരു പരിതസ്ഥിതിയല്ല അന്നുണ്ടായിരുന്നത്. വൈദ്യവൃത്തി ഒരുപജീവനമാർഗ്ഗമായി സ്വീകരിക്കണമെന്നു വള്ളത്തോളുദ്ദേശിച്ചിരുന്നുമില്ല. അങ്ങിനെയിരിക്കുമ്പോഴാണ് ചില ഹിതകാംക്ഷികളുടെ ഉത്സാഹത്താൽ തൃശ്ശൂരിലെ കേരളകല്പദ്രുമം പ്രസ്സിന്റെ മാനേജർസ്ഥാനത്തിൽ നാരായണമേനോൻ നിയമിതനായത്. പദ്യരചനയും വൈദ്യപരിശീലനവുമായി, ഒതുങ്ങിയമട്ടിൽ, സ്വദേശത്തു കഴിഞ്ഞുകൂടിയ ഒരു യുവാവിനെ ഉത്തരവാദിത്വമുള്ള ഒരുദ്യോഗത്തിൽ അവരോധിക്കുവാൻ കല്പദ്രുമാധികാരികളും സന്നദ്ധരായത് അദ്ദേഹത്തിന്നു് അതിനിടയിൽ സാഹിത്യമണ്ഡലത്തിൽ സ്വായത്തമായിത്തീർന്നിരുന്ന പ്രശസ്തിയെപ്പറ്റി അറിഞ്ഞതുകൊണ്ടായിരുന്നു എന്നു വേണം കരുതുവാൻ.

പുതിയ മാനേജരെ സ്വാഗതംചെയ്യുന്നുമോദിക്കുവാൻ 1905 ആഗസ്റ്റ് 17—ാംനു- പ്രസ്സിൽ വിളിച്ചുകൂട്ടിയ സദസ്സിൽ പ്രമുഖരായ അനേകം സാഹിത്യകാരന്മാരും പൌരപ്രമാണികളും സന്നിഹിതരായിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കെ. സി. കേശവപ്പിള്ള മുതലായ തലമുതിർന്ന കവിപ്രമുഖന്മാരുടെ അനുമോദനസന്ദേശങ്ങളും തദവസരത്തിൽ അയച്ചുകിട്ടിയിരുന്നു.

വടക്കുന്നാഥന്റെ നിത്യസാന്നിദ്ധ്യയോഗത്താൽ പുണ്യമിയന്ന തൃശ്ശൂർപട്ടണത്തെ കേരളോർവ്വിയുടെ കേളീലോലയായ പുത്രിയായിട്ടാണൊരു കവി വർണ്ണിച്ചിട്ടുള്ളത്. സംഗീതസാഹിത്യാദികലകളുടെ വിഹാരരംഗമെന്നനിലയിൽ ആ വർണ്ണനതികച്ചും അനവദ്യമാണ്. ഉത്തിഷ്ണമാനനായ ഒരു യുവകവി

യുടെ വാസനയും അഭിരുചിയും അനുയോജ്യമായ സാഹചര്യങ്ങളും പലതും അവിടെ സുലഭമായിരുന്നു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ മുതലായ കവികളുടെ നിത്യസമ്പർക്കത്തിനുള്ള സൌകര്യംതന്നെ ഒരു മികച്ച നേട്ടമായിരുന്നില്ലേ? ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, പ്രത്യേകിച്ചും, ഒരന്തരംഗസഹചരനായിരുന്നു. തന്റെ പതിനേഴാം വയസ്സിൽ ഒടുവിന്റെ ഒരു കവിത ഏതോ പത്രത്തിൽ വായിച്ചുരസിക്കുവാനിടവന്നതോടുകൂടിയാണ് തനിയ്ക്കു കവിതാഭ്രാന്തു തുടങ്ങിയതെന്നും കവിതാവിഷയത്തിൽ ഒടുവാണു തന്റെ ആദ്യഗുരുവെന്നും പിന്നീടൊരവസരത്തിൽ വള്ളത്തോൾ പറഞ്ഞതു് ഇവിടെ സ്മരണീയമാണു്.

ബാഹ്യലോകവുമായി അതുവരെ പറയത്തക്ക സമ്പർക്കമൊന്നുമില്ലാതെ വെട്ടത്തുനാട്ടിലും പരിസരങ്ങളിലുമായി ഒതുങ്ങിപ്പാത്തിരുന്ന നാരായണമേനോനു തൃശ്ശൂരിലേക്കുള്ള ആ മാറ്റം പലവിധത്തിലും ആദായകരമായതിലത്ഭുതമില്ല. മുമ്പു പലപ്പോഴും തൃശ്ശൂക്കു പോവുകയും അവിടെ ഒന്നുരണ്ടു ദിവസം പാർക്കുകയുംചെയ്തിട്ടുണ്ടെങ്കിലും ആ പട്ടണത്തിന്റെ ജീവിതധാരയുമായി ഇഴുകിച്ചേരുവാൻ അന്നൊന്നും തരപ്പെട്ടിരുന്നില്ല. സ്വദേശത്തു പരിചയിച്ചുപോന്ന ഏകരീതിയിലുള്ള ജീവിതക്രമത്തിൽനിന്നു വ്യത്യസ്തമായൊരു ദിനചര്യ സ്വീകരിക്കുവാൻ നിർബദ്ധനായപ്പോൾ ആ നവാനുഭൂതിയുടെ മാധുര്യം ആവുന്നത്ര ആസ്വദിക്കുവാനുള്ള ആഗ്രഹം ഭാവനാസമ്പന്നനായ യുവകവിയ്ക്കുണ്ടായതു സ്വാഭാവികമാണു്. അതുവരെ ആദരിച്ചുപോന്ന ആദർശത്തിൽനിന്നു വ്യതിചലിച്ചു പട്ടണപ്പുറംപൂച്ചിന്റെ പ്രലോഭനത്തിൽ കുടുങ്ങിപ്പോകാതിരിക്കുവാനുള്ള തന്റേടവും ഉണ്ടായിരുന്ന ആ യുവാവിനെന്നു അക്കാലത്തദ്ദേഹവുമായി അടുത്തുപരിചയിച്ചവർ പറഞ്ഞിട്ടുണ്ടു്. അന്നത്തെ വള്ളത്തോളിനെ പുത്തേഴത്തു രാമമേനോൻ അനുസ്മരിക്കുന്നതിങ്ങിനെയാണു്:—''ശൃംഗാരകുഴമ്പനായി, സുന്ദരകളേബരനായി, ഉന്നതശീഷ്നായി, ആജാനുബാഹുവായി, സംഭാഷണചതുരനായി, സഹൃദയശിരോമണിയായി സുസ്മേരവദനനായി നല്ല ചൊറുചൊറുക്കോടെ വർത്തിച്ചിരുന്ന അന്നത്തെ യുവാവായ ശ്രീമാൻ വള്ളത്തോൾ.....കണ്ടവരുടെ മുഴുവൻ കണ്ണിലുണ്ണിയായിട്ടാണു് കഴിഞ്ഞുകൂടിയതെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.''

അന്യാശ്രയംകൂടാതെ കഴിഞ്ഞുകൂടുവാനുള്ള കഴിവുണ്ടാക്കി എന്നതാണു് തൃശ്ശൂരിലെ ഉദ്യോഗലാഭംകൊണ്ടുണ്ടായ ഏറ്റവും മികച്ച ഗുണം. മുപ്പതുറുപ്പിക ശമ്പളത്തിലുള്ള ഒരുദ്യോഗത്തെ

പ്പററി ഇത്ര കാര്യമായിപ്പറയാനുണ്ടോ എന്നായിരിക്കും ഇത്ര കേൾക്കുമ്പോൾ ആധുനികന്മാക്ക് തോന്നുക. അമ്പതിലധികം കൊല്ലം മുമ്പുണ്ടായിരുന്ന സ്ഥിതികളറിയുന്നവക്ക് അതത്ര നിസ്സാരമായിത്തോന്നുകയില്ല. അരിഷ്ടിക്കാതെ ഒരാൾക്ക് ജീവിക്കുവാൻ അന്ന് ആ വരവ് അപര്യാപ്തമായിരുന്നു എന്നു പറഞ്ഞുകൂടാ.

പ്രസ്സിലെ പ്രവൃത്തി വളരെ ക്ലേശകരമായിരുന്നില്ല. അച്ചടിക്കുവാൻ ഏല്പിക്കുന്ന പുസ്തകങ്ങളുടെ പരിശോധനയായിരുന്നു മുഖ്യമായൊരു ജോലി. പല മുഷിപ്പൻ പുസ്തകങ്ങളും ആ കൂട്ടത്തിൽ പെടാറുള്ളതുകൊണ്ട് പരിശോധനപ്പണി എല്ലായ്പോഴും രസകരമായിരുന്നു എന്നു പറഞ്ഞുകൂടാ. എങ്കിലും ഉദ്യോഗവും സാഹിത്യവുംതമ്മിലൊരു ബന്ധമുണ്ടായിരുന്നതുകൊണ്ട് മനസ്സുമടുക്കാതെ പണി നടത്തിപ്പോരുവാൻ സാധിച്ചു. അക്കാലത്തെ ജീവിതത്തെപ്പററി കെ. രാമൻനമ്പൂതിരി എന്നൊരു സ്നേഹിതന്നു വള്ളത്തോൾ ഇങ്ങിനെ എഴുതിയിരുന്നു:—

ആവും പണിയല്പെടുത്തുകൂട്ടുന്ന ഞാൻ
രാവും പകലുമനധ്യായമില്ല മേ
നേരം പുലർന്നാൽക്കുറെച്ചായസാപ്പട്ട
നേരിട്ട മുദ്രാലയത്തിൽ ഗമിക്കണം.
ഓരോ പണികൾക്കിടയ്ക്കിങ്ങെണീറ്റൊന്നു
പോരുമാഹാരം കഴിച്ചുടൻ പാഞ്ഞിടും.
പിന്നെ രാവെട്ടുമണി മുട്ടിടുന്നതിൻ
മുന്നമേ പാപ്പിടത്തെത്തിയാൽ ഭാഗ്യമായ്.
എന്നിസ്ഥിതിയ്ക്കുവാരത്തിലല്ലാതെ
യെന്നുമൊഴിച്ചലില്ലെന്തു ചെയ്യാവതും?

പലതരത്തിലുള്ള വികസ്വരാനുഭൂതികളുടെ കാലമായിരുന്നു അത്. മുമ്പു നേടിയിരുന്നവയ്ക്കു പുറമെ അനേകം പുതിയ സൌഹൃദബന്ധങ്ങൾ സമ്പാദിയ്ക്കുവാൻ തൃശ്ശൂരിലെ വാസം അവസരംനല്കി. അതിലൊന്നാണ് പന്തളത്ത് കേരളവർമ്മത്തമ്പുരാനുമായുള്ള മൈത്രീബന്ധം. സരളഹൃദയനും പണ്ഡിതവരേണ്യനുമായ തമ്പുരാന്റെ ആധിപത്യത്തിൽ കവനകൌമുദി എന്നൊരു പ്രതിപക്ഷപത്രിക അന്നു തിരുവിതാംകൂറിൽനിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. അതിന്റെ അച്ചടി തൃശ്ശൂരിൽ കേരളകല്പദ്രുമത്തിലേക്കു മാറ്റുവാൻ തമ്പുരാൻ തീച്ചപ്പെടുത്തി അതിനുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് വള്ളത്തോളിനു അദ്ദേഹവുമായി കുറെകൂടി അടുപ്പം ഉണ്ടാകുവാനിടവന്നത്. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ ഒരടുത്ത ബന്ധുവെന്നനിലയിൽ മുമ്പുതന്നെ തമ്പുരാൻ വള്ള

ത്തോളിന്നൊരു പരിചിതനായിരുന്നു. കൌമുദിയുടെ അച്ചടിയെസ്സംബന്ധിച്ചു വള്ളത്തോൾ അയച്ച ഒരെഴുത്തിലെ ചില ശ്ലോകങ്ങൾ ഇവിടെ ചേർക്കാം:—

കവികൾക്കൊരു കേളിരംഗമാം
കവിതാകൌമുദിയച്ചടിയ്ക്കുവാൻ
ഇവിടേയ്ക്കു കൊടുത്തയച്ചതി
ന്നവിടത്തെപ്പെരുതാമനുഗ്രഹം.

ഇവനോ വലുതായ മാന,മീ
നവപത്രത്തിനു വർണ്ണസൌഷ്ഠവം,
ഇവ രണ്ടുമണച്ചിതൊപ്പമേ
ഭവദൌദാര്യ,മിതാര്യസമ്മതം.

കൊടിയോരു ഭവാന്റെ വൻപുകൾ
ക്കൊടിയാം കൌമുദി ചിന്നിമിന്നിയാൽ
വടിവേന്തുമഭ്രതപൂവ്മാം
പടി കല്പദ്രുമമേറമുന്നതം.

കവനകൌമുദിയും വള്ളത്തോളുമായി വളരെക്കാലം നിലനിന്ന അവഗാഢമായ ബന്ധത്തിന്റെ ആരംഭം ഇങ്ങിനെയായിരുന്നു. പത്രത്തിന്നു 'മാറർ' തികയാതെ വന്നാൽ പ്രസ്സ് മാനേജർതന്നെ പദ്യങ്ങളെഴുതി വിടുവുനികത്തുകയായിരുന്നു പതിവു്. വള്ളത്തോൾ കെ. നാരായണമേനോൻ എന്ന സ്വന്തം പേരിലും കെ. കെ. പ്രസ്സ് മാനേജർ, എന്ന സ്ഥാനപ്പേരിലും മംഗലത്ത് നാണു ആശാൻ, കൊണ്ടയൂർ കുട്ടൻമേനോൻ എന്നീ കൃത്രിമപ്പേരുകളിലും അക്കാലത്തു കൌമുദിയിൽ മാത്രമല്ല, മറ്റു പത്രങ്ങളിലും അനവധി പദ്യങ്ങൾ വള്ളത്തോൾ എഴുതിയിരുന്നു. പില്ക്കാലത്തു പ്രസിദ്ധപ്പെടുത്തിയ കവിതാ സമാഹാരങ്ങളിൽ ഉൾപ്പെടുത്തീട്ടില്ലാത്തതിനാൽ അവയെപ്പററി ഇന്നു പലർക്കും അറിവുണ്ടായിരിക്കയില്ല.

കുണ്ടൂർ, ഒടുവു്, വള്ളത്തോൾ മുതലായ 'വടക്കൻ' കവികളുടെ സഹായംകൊണ്ടു കൌമുദി വളരെ നന്നായിവരുന്നുണ്ടെന്നും മറും പ്രസ്താവിച്ചുകൊണ്ടു കവിയൂർ വെങ്കിടാചലയ്യർ (ആണെന്നതോന്നുന്നു) അക്കാലത്തു കൌമുദി പ്രവർത്തകന്മാക്കെഴുതിയതിന്നു മറുപടിയായി, കൌമുദിയിൽത്തന്നെ പ്രസിദ്ധപ്പെടുത്തിയ ഒരു കത്തിൽ വള്ളത്തോൾ ഇങ്ങിനെ പറഞ്ഞിരുന്നു:—

ഉള്ളത്തിൽത്തെളിവാന്ന സമ്പ്രതി, തഹ
സ്സിൽദാർ തുടങ്ങിപ്പുക–
ഴ്ന്നുള്ളക്കുട്ടരൊടൊപ്പമിന്നിവനെയും
കൂട്ടിക്കണക്കാക്കിയാൽ

വെള്ളത്തിങ്കളൊളിച്ചകേളിവിളയും
താങ്കംക്ക തെറ്റായ്വരും
വള്ളത്തോളൊരു പാവമാണതിനെയി
ട്ടിമ്മട്ടുള്ളിയ്ക്കൊലാ.

സമ്പ്രതി എന്നു പറഞ്ഞതു ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോനെയും തഹസ്സിൽദാരെന്നു പറഞ്ഞതു കുണ്ടൂർ നാരായണമേനോനെയും ഉദ്ദേശിച്ചാണ്.

രസികരഞ്ജിനി മാസികയ്ക്കു വള്ളത്തോൾ ലേഖനസഹായം ചെയ്യാമെന്നു സമ്മതിച്ചതിനെപ്പറ്റി മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട്. തൃശ്ശൂരിൽ താമസമാക്കിയശേഷം അക്കാര്യത്തിലുള്ള നിർബന്ധം കൂടുകയും വർദ്ധിച്ചു. കുണ്ടൂരിന്റെയും ഒടുവിന്റെയും പ്രേരണയനുസരിച്ചു വള്ളത്തോൾ 'തപതീസംവരണം' എന്നൊരു വഞ്ചിപ്പാട്ടു രസികരഞ്ജിനിയ്ക്കെഴുതി അയച്ചു. മാസികയുടെ 1081 കർക്കടകം—ചിങ്ങം ലക്കങ്ങളിൽ അതു പ്രകാശിതമായി.

പുസ്തകരൂപത്തിൽ ഇതുവരെ പുറത്തു വന്നിട്ടില്ലാത്ത ഈ കൃതിയിൽനിന്നു ചില വരികൾ ഇവിടെ ഉദ്ധരിയ്ക്കാം. ആരംഭം ഇങ്ങിനെയാണ്:—

വെള്ളിമലത്തമ്പുരാന്റെ പള്ളിമടിത്തടംതന്നിൽ
പള്ളികൊള്ളും തമ്പുരാട്ടി പാണിപത്മത്തിൽ
പ്രേമരസത്തോടു വാഴിച്ചോമനിയ്ക്കും കിളിപ്പെണ്ണേ
താമസിയാതെൻ ചാരത്തു വന്നിരുന്നാലും.
തണ്ടലരിളംതേനിന്റെ തണ്ടകറുംമൊഴി! നിന്നെ
ക്കണ്ടകാലം മറന്നല്ലോ—കടപ്പംതന്നെ.

* * *

വഞ്ചിയ്ക്കുവാൻനോക്കേണ്ടാ നീയഞ്ചിതമാംനിലയ്ക്കൊരു
വഞ്ചിപ്പാട്ടുപാടിത്തന്നേ വിട്ടയക്കു ഞാൻ.
ശ്രീരാഗത്തിൻ നിലയമാം *നാരായണ* പ്രഭുമുമ്പാം
സാരാശയമെഴും ബുധസത്തമന്മാരും
പാട്ടിലായ നിന്റെ വഞ്ചിപ്പാട്ടിലേറെഭ്രമിപ്പതായ്
കേട്ടിരിക്കുന്നു ഞാൻ മേനികേറുകയല്ലേ.
സമ്പ്രതി മേ നവ ഗാനം സമ്പ്രീതികരമാണേറെം
സംഭ്രമമുള്ളെൻമോഹം നീ സാധിപ്പിയ്ക്കേണം.
കൂറുകാരിയാം നീ പൊടിപാറുകൊരുതോണിപ്പാട്ടി
ന്നേറുപാടിക്കൊള്ളാമെന്നതേറു ഞാൻ പോരേ?

വേട്ടയാടിത്തളർന്ന സംവരണന്റെ മുമ്പിൽ യാദൃച്ഛികമായി പ്രത്യക്ഷപ്പെട്ട തപതിയുടെ സ്വരൂപവർണ്ണനയുടെ ഒരു

ഭാഗമാണ് താഴെ ചേർക്കുന്ന വരികൾ:—

കാളിന്ദിയിലടിച്ചേറും കോളിനെക്കാൾ കൊടുതായ
കാളിമാവുകളിയാടും കാർകുഴൽക്കെട്ടും
പൂന്തിങ്കളിൻ കിടാവെന്നും ഭ്രാന്തിതോന്നും നിടിലത്തിൽ
ചാന്തിൻ കുറികളും നല്ല ചന്ദനപ്പൊട്ടും
താമരസത്താരിൽ മഹത്താമരസം വരുത്തുന്ന
കാമരസംതുകും കണ്ണും കടാക്ഷങ്ങളും

* * *

കാമലാസ്യക്കളരിയാമോമലാളുടയ തെച്ചി
പ്പൂമലച്ച തുടുപ്പോലും വായ്മലർതാനും
പാത്തുകാണായ്വന്നനേരം ചീത്തധൈര്യമുണ്ടെന്നാലും
പാർത്ഥിവനേറ കാര്യമെല്ലാം പരുങ്ങലായി.

തപസ്സുചെയ്തു തനേറ പിതാവായ സൂര്യനെ പ്രസാദിപ്പിച്ചാൽ താൻ വിവാഹത്തിന്നു സമ്മതിക്കാമെന്നു തപതി പറഞ്ഞതനുസരിച്ചു സംവരണൻ അതിന്നുവേണ്ടുന്ന ഉപായം ചിന്തിക്കുവാൻ രാജധാനിയിലേക്കു മടങ്ങി, വസിഷ്ഠനെവരുത്തി തനേറ സങ്കടനിവൃത്തിയുണ്ടാക്കിക്കൊടുക്കണമെന്നപേക്ഷിച്ചു. വസിഷ്ഠൻ സൂര്യഭഗവാനെ ധ്യാനിച്ചു പ്രത്യക്ഷപ്പെടുത്തി സ്വശിഷ്യനേറ ദുരവസ്ഥയു പരിഹാരംവരുത്തുവാനായി പുത്രിയായ തപതിയെ അയാംകു വേളികഴിച്ചുകൊടുക്കുവാനഭ്യർത്ഥിച്ചു. സൂര്യൻ അതുപ്രകാരം മകളെ വിളിച്ചു, വസിഷ്ഠനേറകൂടെ ചെന്നു സംവരണനെ ഭർത്താവായി സ്വീകരിക്കുവാൻ ആജ്ഞാപിച്ചു. അങ്ങിനെയവർ ഭാര്യാഭർത്താക്കന്മാരായിത്തീരുകയും ചെയ്തു.

ചാരുവാകും നിധികിട്ടിയൊരു പാപ്പർപുള്ളിപോലാ
പ്പൂരുഷേന്ദ്രൻ പുരുമോദപ്പുഴയിൽമുങ്ങി
നാളീകാക്ഷിയാളെയുടൻവേളികഴിച്ചവളുമായ്
മേളിച്ചവനങ്ങുവാണുമേദുരാനന്ദം.
നന്ദനത്തിലിന്ദ്രാണിയുമിന്ദ്രനുമൊത്തെന്നപോലാ
സ്സുന്ദരിയാം തപതിയും സംവരണനും
കാമശാസ്ത്രപ്രയോഗത്തിൽ കാമംബുദ്ധിവെച്ചേറെനാ
ളാമഹത്താം കാട്ടിൽ പാർത്താരാറ്റാദർത്തോടും.

പുരാണ കഥയു പറയത്തക്ക വൈചിത്ര്യമൊന്നും വരുത്താതെ അതിനൊരു പുതിയ രൂപവും ഭാഷയും കൊടുക്കുകമാത്രമാണ് കവി ഈ വഞ്ചിപ്പാട്ടിൽ ചെയ്തിട്ടുള്ളതു്. എങ്കിലും ഭാഷയുടെ സരളതയും രസികതാവുംകൊണ്ടു തപതീസംവരണത്തിന്നു

വഞ്ചിപ്പാട്ടുകളുടെ കൂട്ടത്തിൽ ഒരു സമുന്നതസ്ഥാനമുണ്ട്. ഭാവിയിലെ വള്ളത്തോൾശൈലിയുടെ അടയാളങ്ങൾ പലതും അതിൽ നിഴലിച്ചിരുന്നു.

പ്രിയപ്പെട്ട ഒരു മാന്യസുഹൃത്തിന്റെ അകാലവിയോഗം ആയിടയ്ക്കു നാരായണമേനോന്റെ ഹൃദയത്തിൽ കഠിനമായൊരാഘാതമേല്പിച്ചു. കവനോദയത്തിന്റെ ജനയിതാവും പലർക്കും ഉപകരിക്കത്തക്ക സദ്ഗുണങ്ങളുടെ ഇരിപ്പിടവും ആയിരുന്ന കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ അവിടുത്തെ നാല്പതാം വയസ്സിൽ അക്കൊല്ലം (1906) ദിവംഗതനായി. ക്ഷേമേന്ദ്രന്റെ ഭാരതമഞ്ജരിയെ സംസ്കൃതത്തിൽനിന്നു പലരെക്കൊണ്ടും മലയാളത്തിലേക്കു തർജ്ജമചെയ്യിക്കുവാൻവേണ്ടി ആരംഭിച്ച പ്രവൃത്തി മുഴുവനാക്കിക്കാണുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഏതാനും ദിവസംമുമ്പു കടത്തനാട്ടുചെന്നു അവിടുത്തെ ആതിഥ്യമനുഭവിച്ചു തിരിച്ചുവന്ന നാരായണമേനോനെ ആ അത്യാഹിതം കലശലായി ദുഃഖിപ്പിച്ചു. തൽഫലമായി നിഗ്ളിച്ച താണീ വിലാപം:—

വിവശം കരംകത്തിയാളുമാ
റിവനിക്കേട്ടൊരുദന്തമെന്തുവാൻ?
ദവപാവക തപ്തമാമയോ
നവബാണം ചെവിയിൽ തറയ്ക്കുയോ?

സ്തവനാഹ്യശോഭരത്തിനാൽ
ഭുവനം വെള്ളയടിച്ച ഭാഗ്യവാൻ
കവനോദയശാലിതമ്പുരാൻ
ശിവനേ! ശേഷ മുരച്ചിടാവതോ?

പരമിത്ര പരോപകാരരതൽ
പരനായോരുദയക്ഷിതീശ്വരൻ
പരലോകമണഞ്ഞുപോയതിൽ
പരമാപത്തിനി വേറെയെന്തുവാൻ?

* * *

*കവനോദയ*മെന്ന മാസികേ!
തവഭർത്താവിവിടം വെടിഞ്ഞുപോയ്
ഇവനെങ്ങിനെകാണ്മു നിന്മുഖം
നവവൈധവ്യ ഗുരുവ്യഥാകുലം?

കവനോദയ സൽകനിഷ്ഠനാം
തവ*സ്വാരോദയ* ബാലപത്രമേ!
അവലംബനമാരുവാനിനി
ശ്രീവ! നിൻജാതകമിപ്രകാരമോ?

മന്മജപ്രഭയൌവനത്തിലേ
തന്നവിട്ടാക്കഥയോത്തിടാവതോ
നന്നഭാരതമഞ്ജരിക്കിടാ
വിന്നതീർന്നു പിതൃലാളനോത്സവം.

മലയാളത്തിലെന്നപോലെ സംസ്കൃതത്തിലും നിഷ്പ്രയാസമായി പദ്യനിർമ്മാണംചെയ്യുവാൻ നാരായണമേനോനു മിടുക്കുണ്ടെന്നു ഇതിനിടയിൽ ധാരാളം ദുഷ്ടാന്തപ്പെട്ടുകഴിഞ്ഞിരുന്നു. എങ്കിലും സംസ്കൃതത്തിൽ വ്യൽപത്തി ഉറച്ചിട്ടില്ലെന്നൊരു വിചാരം ചില പണ്ഡിതന്മാക്കിടയിൽ ഉണ്ടായിരുന്നതായി സൂചിപ്പിക്കുന്ന ഒരു സംഭവം അതിനിടയിൽ നടന്നു. 1081 തുലാമാസത്തിൽ കൊച്ചി വലിയതമ്പുരാൻ തൃശ്ശൂരിൽ എഴുന്നള്ളിത്താമസിക്കുകയായിരുന്നു. കേരള കല്പദ്രുമം മാനേജരെന്ന നിലയിലും സ്വന്തം നിലയിലും തമ്പുരാനെ മുഖംകാണിക്കണമെന്നു നാരായണമേനോനു ആഗ്രഹം ജനിച്ചു. അതിനുവേണ്ട അനുവാദം വാങ്ങി തിരുമുമ്പാകെചെന്നു ചില ശ്ലോകങ്ങളും കാഴ്ചവെച്ചു.

ലക്ഷ്മീര്യസ്യ വശംവദാ വിഹരതി സ്വൈരം ചലാ
ചഞ്ചലാ
യോഗക്ഷേമവിധായിനീ സുമനസാം യന്നീതിരന്യാദൃശീ
യൽസാരൂപ്യമനന്തഭോഗിനിലയൈഃ
ശ്രീമദ്ഭിരാശാസ്യതേ
പൂണ്ണം വഃ കുരുതാം സ ഏഷ കുശലം പൂണ്ണത്രയീശഃ പ്രഭുഃ

ഹംഹോ ജിതം മമ ജിതം സുകൃതൈരിദാനീം
യന്മേ ദൃശോർവിഷയ ഏഷ വിഭാതി ദേവഃ
ചന്ദ്രേണ രാത്രിരിവ പൂണ്ണകലേന യേന
രാജന്വതീ ജയതി മാടവസുന്ധരേയം.

നാരായണമേനോനു സംസ്കൃതത്തിൽ അത്ര വ്യൽപത്തിയുണ്ടെന്നു അതിനുമുമ്പു ധരിച്ചിരുന്നില്ലെന്നു ഈ ശ്ലോകങ്ങളും കണ്ടപ്പോഴാ തമ്പുരാൻ തുറന്നുപറയുകയുണ്ടായത്രെ.

തൃശ്ശൂരിൽ ഉദ്യോഗംവഹിയ്ക്കുന്നകാലത്ത് പലപ്പോഴും വെട്ടത്തുനാട്ടിലേയ്ക്കു പോകാനുള്ള ആവശ്യം നേരിടാറുണ്ടായിരുന്നു. 1082 കന്നിയിൽ, വിദ്യാരംഭദിവസം, എഴുത്തച്ഛനൊരു സ്മാരകം ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുവാൻ തുഞ്ചൻപറമ്പിൽ ഒരു യോഗം ചേരുകയുണ്ടായി. പുന്നശ്ശേരി നമ്പി, പി. വി. കൃഷ്ണവാരിയർ, വാസുണ്ണിമൂസ്സത്, കെ. വാസുദേവൻമൂസ്സത് മുതലായി പല സരസ്വതീഭക്തന്മാരും സന്നിഹിതരായിരുന്ന ആ സമ്മേളനം ആരംഭിച്ചതു നാരായണമേനോ

ന്റെ ഈ മംഗളശ്ലോകത്തോടുകൂടിയാണ്:—

അച്ഛന്നം മൂതിവന്നടുത്ത നിലയാമിക്കൈരളിക്കഞ്ഞിനെ
സ്വച്ഛന്ദം ചില ജീവനൌഷധികളാൽ ജീവൻ
കൊടുത്തങ്ങിനെ
അച്ഛൻ മട്ടു വളത്തിയോരു സുകൃതപ്പൊൻചെപ്പു തുഞ്ചത്തെഴു
ത്തച്ഛൻതന്നെ നമുക്കഭീപ്സിതഫലം നല്കിത്തുണയ്ക്കേണമേ.

എഴുത്തച്ഛനൊരു സ്മാരകമേപ്പെടുത്തുന്നതിനെസ്സംബന്ധിച്ചുചെയ്ത ചർച്ചകൾ തൽക്കാലത്തേക്കൊരാവേശം ജനങ്ങളിൽ ജനിപ്പിച്ചു എന്നല്ലാതെ അതിൽക്കവിഞ്ഞൊരു ഫലവും ഉൽപാദിപ്പിച്ചതായറിവില്ല. എങ്കിലും അന്നത്തെ സമ്മേളനത്തിന്റെഫലമായി രാമാനുജൻ എന്നൊരു മാസിക തുടങ്ങുവാൻ തീർച്ചപ്പെടുത്തുകയും വള്ളത്തോളിന്റെയും കേശവൻനായരുടെയും മേൽനോട്ടത്തിൽ അതു ഏതാനും മാസങ്ങളോളം നടത്തുകയുംചെയ്തു.

'രാമാനുജൻ' മുഖേനയാണ് വള്ളത്തോളും ഉള്ളൂർ പരമേശ്വരയ്യരുംതമ്മിൽ പരിചിതരായത്.. മാസികയ്ക്കു ലേഖനസഹായം ആവശ്യപ്പെട്ടുകൊണ്ടു നാരായണമേനോൻ ഉള്ളൂരിനിങ്ങിനെയെഴുതി:—

* * *

ആമാതിരിയ്ക്കിവിടെ ഞങ്ങളടിച്ചുവിട്ട
രാമാനുജൻ പുതിയ മാസിക കിട്ടിയില്ലേ?
ധീമാൻ ഭവാനതു മുഴുക്കനെ നോക്കിയില്ലേ?
സാമാന്യമൊക്കെ രുചിദായകമായതുണ്ടോ?

പത്രാസുകൊണ്ടു നിലവിട്ടിഹ ഞാനിതിന്റെ
പത്രാധിപത്യവുമെടുത്തു തലയ്ക്കുകേറീ
മിത്രാഗ്ര്യരാകിയ ഭവാദ്ദശർതാങ്ങിയെന്നാ
ലുൾത്രാസമില്ലടിപിഴച്ചു വിഴാതെനില്ക്കാം.

ഇക്കെത്തുകിട്ടിയയുടൻ മടിയാതെ രണ്ടാം
ലക്കത്തിലേക്കരിയ ലേഖനമൊന്നയക്കു.
തക്കത്തിൽ മറു വഴിയായ സഹായവും തെ
ല്ലുൾക്കത്തിലങ്ങു മുടിയുംപടി ചെയ്യുമല്ലൊ.

ആവശ്യപ്പെട്ടപ്രകാരം ഉള്ളൂർ ഒരു ലേഖനം അയച്ചുകൊടുത്തു. പരമേശ്വരനാരായണന്മാരുടെ ചിരസൌഹാർദ്ദത്തിന്നടിത്തറയിട്ടത് ആ കത്തിടപാടുകളിലൂടെയാണ്.

'രാമാനുജ'ന്നു അധികകാലത്തെ വാഴ്ചയുണ്ടായില്ല. മാസികകളുടെ നിലനില്പിന്നു വേണ്ടുന്ന സാമ്പത്തികമായ പിൻ

ബലം അക്കാലത്തത്ര സുലഭമായിരുന്നില്ല എന്നതുതന്നെയായിരുന്നു അതിന്റെ വീഴ്ചയ്ക്കു കാരണം.

മാസികയുടെ ഒരു ലക്കത്തിലെ മംഗളശ്ലോകം ഇതായിരുന്നു:—

തണ്ടാർമാതിൻ മുലക്കുങ്കുമരസമിഴകും ചാരുദോരന്തരാളേ
വണ്ടത്താന്മാർ മുരണ്ടെത്തിന മണമിളകും വന്യമാലാഭിരാമം
കൊണ്ടാടിത്താപസന്മാരഹരനുതിരയും സച്ചിദാനന്ദരൂപം
കണ്ടാവൂ ഞാൻ കളായദ്യുതിയൊടു പടതല്ലുന്ന കാന്തി
പ്രവാഹം.

ശ്ലോകകർത്താവിന്റെ പേരു 'ഒരു പ്രാചീനകവി' എന്നു ചേർത്തുകണ്ടപ്പോൾ അതിന്റെ ഉത്ഭവസ്ഥാനം അറിയുവാൻ പലർക്കും കൌതുകമുണ്ടായി. അതിന്റെ ചമൽക്കാരത്തെപ്പറ്റി പലരും പ്രശംസിച്ചു. വാസ്തവത്തിൽ അത്ര പ്രാചീനമായിരുന്നില്ല. കേരളകല്പദ്രുമത്തിൽ ജോലിചെയ്തകാലത്ത് അപ്പൻ തമ്പുരാന്റെ നിർദ്ദേശപ്രകാരം പഴയ താളിയോലഗ്രന്ഥങ്ങൾ പലതും നാരായണമേനോനു പരിശോധിക്കേണ്ടതായിവന്നു. അതിനിടയ്ക്കു അനേകം പ്രാചീനശ്ലോകങ്ങളുമായി പരിചയം സമ്പാദിച്ചതിന്റെഫലമായി അതേ ഭാഷാരീതി സ്വീകരിച്ചു നാരായണമേനോൻ രചിച്ചതായിരുന്നു മേല്പറഞ്ഞ ശ്ലോകം. വാസ്തവം അതാണെന്നു മനസ്സിലായതോടുകൂടി ചിലരുടെ അഭിപ്രായം പെട്ടെന്നു മാറി. ശ്ലോകത്തിൽ പല പാകപ്പിഴകളും അവർ കണ്ടുപിടിക്കുവാൻതുടങ്ങി. എത്ര വേഗത്തിലാണ് മനുഷ്യരുടെ മനോഭാവം മാറുന്നതെന്നു കാണിക്കുവാൻമാത്രമാണീ സംഗതി ഇവിടെ ഇത്ര വിസ്തരിച്ചു പ്രസ്താവിച്ചത്.

രാജരത്നാവലീയം, കൈലാസനാഥോദയം എന്നീ പ്രബന്ധങ്ങൾ അന്നു അവിടെവെച്ചു പരിശോധിച്ച കൃതികളിൽ ഉൾപ്പെടുന്നു. രാജരത്നാവലീയത്തിനു വള്ളത്തോൾ ഒരു മുഖവുരയെഴുതിയതിൽ ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ട്:—

'ശയ്യാഗ്രണംകൊണ്ടുള്ള ശ്രവണസുഖം ഈ കവിതയ്ക്കുള്ളപോലെ മറെറാരു മലയാളകവിതയ്ക്കുണ്ടെങ്കിൽ അതു ഭാഷാനൈഷധചമ്പു ഒന്നിനുമാത്രമേയുള്ളൂ. രസങ്ങളുടെ അനുഗ്രണത്വവും നിരർഗ്ഗളതയും ആശയത്തിന്റെ പരിസ്ഫുടീയും നിരർത്ഥപദങ്ങളുടെ വിരളതയും വസ്തുരചനാസൌഷ്ഠവവും രസാനുയായികളായ ശബ്ദങ്ങളുടെ സൌകുമാര്യവും സുലഭതയും ഇടതൂർന്നു യോജിച്ച് ഈ കവിതയിൽ കാണുന്നതുപോലെ ഈ കവിതയിൽത്തന്നെയേ കണ്ടിട്ടുള്ളൂ.'

സ്വന്തം കവിതകളെസ്സംബന്ധിച്ചും ഈവക ഗ്രണങ്ങളുടെ സമ്പാദനത്തിനു അതുപോലെയുള്ള ഗ്രന്ഥങ്ങളുമായുള്ള പരി

ചയം ഉപയോഗപ്പെട്ടിരിക്കണമെന്നു നമുള്ളഹിക്കാം.

അപ്രകാശിതഗ്രന്ഥങ്ങളുടെ പകപ്പുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളെപ്പറ്റി, അന്നത്തെ അനുഭവത്തെ മുൻനിർത്തിക്കൊണ്ട്, വള്ളത്തോളിനു ചില ഉറച്ച അഭിപ്രായങ്ങളുണ്ടായിരുന്നു. ഉണ്ണുനീലിസന്ദേശത്തിലെ 'തട്ടാൻപൂവ്വം വഴിയിലഴലാന്നമ്പലം' എന്നു തുടങ്ങുന്ന ശ്ലോകത്തിന്റെ അർത്ഥം പറഞ്ഞ ഒരു പണ്ഡിതൻ അതിന്റെ ആദ്യത്തെ വാക്യത്തിനു നല്കിയ വ്യാഖ്യാനത്തെക്കുറിച്ചു വളരെ കൊല്ലങ്ങൾക്കു ശേഷം ഒരു പ്രസംഗമധ്യേ വള്ളത്തോൾ ഇങ്ങിനെ പറയുകയുണ്ടായി. ഭക്തനായ ഒരു തട്ടാൻ പണ്ടെന്നോ ആ സ്ഥലത്തു വെച്ചു വളരെ സങ്കടപ്പെട്ടുവെന്നും അപ്പോൾ ദേവി പ്രത്യക്ഷമായി ഭക്തന്റെ ദുഃഖം തീർത്തുകൊടുത്തു എന്നും, അതിനുശേഷമാണ് ആ സ്ഥലത്തിനു അങ്ങിനെയൊരു പേരു ('പണ്ടു തട്ടാൻ വഴിയിൽവെച്ചു അഴലാന്ന അമ്പലം') സിദ്ധമായതെന്നും പ്രസ്തുത പണ്ഡിതൻ വ്യാഖ്യാനിച്ചുവത്രെ. 'വഴിയിൽ, അഴകുള്ള തട്ടാരമ്പലം' എന്ന അർത്ഥംവരേണ്ട സ്ഥാനത്ത് അഴകിനുപകരം അഴൽ എന്നു പകർത്തിയതിൽനിന്നു സംഭവിച്ചതായിരുന്ന ആ അബദ്ധം! അതുപോലെ അംഗുലീയാങ്കം(?) ചമ്പുവിൽനിന്നും മറ്റൊരുദാഹരണം വള്ളത്തോൾ എടുത്തു കാണിച്ചിട്ടുണ്ട്:—

> ഇല്ലേതുമേ വിപുലശൌര്യ നിധാവമുഷ്മിൻ
> പുല്ലോളവും ബഹുമതിമ്മമ മത്ഭ്യപോതേ
> ഉല്ലോലബാലഹരണം പ്രതിപാക്കിലുണ്ടോ
> ചെല്ല മൃഗേന്ദ്രനകമേ ബഹുമാനലേശഃ

എന്ന ശ്ലോകത്തിലെ മുന്നാംവരിയിലുള്ള 'ഉല്ലോല ബാലഹരണം' തെറ്റാണെന്നും 'ഉല്ലോലബാലഹരിണം' എന്നാണ് വേണ്ടതെന്നും ഒരു വള്ളി വിട്ടുപോയതുകൊണ്ടുണ്ടായ അർത്ഥഭേദം വിചിത്രമായിരിക്കുന്നു എന്നും വള്ളത്തോൾ പറഞ്ഞിട്ടുണ്ട്.

ഒരു മുദ്രണാലയത്തിലെ മാനേജരുദ്യോഗം വഹിക്കുമ്പോഴും, സാഹിത്യത്തിൽ താൽപര്യമുള്ളവർക്കു അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാവുക അസംഗതമല്ലെന്നു മേല്പറഞ്ഞ അനുഭവം വ്യക്തമാക്കുന്നുണ്ടല്ലോ.

കവനകലയിൽ വിദഗ്ധത നേടുവാൻ കവനകൌമുദിയുടെ പ്രസാധകത്വം വളരെ സഹായകമായിരുന്നു. അനേകം വർത്തമാനക്കത്തുകൾ അക്കാലത്തു നാരായണമേനോൻ കൌമുദിയിൽ പ്രസിദ്ധംചെയ്തിട്ടുണ്ട്. ഒരിസ്സലെഴുതിയത് തൃശ്ശൂരിലെ രണ്ടു മാന്യകുടുംബങ്ങളിലാഘോഷിച്ച താലികെട്ടു കല്യാണങ്ങളെക്കുറിച്ചായിരുന്നു. അതിൽപ്പെട്ടതാണ് താഴെചേർക്കുന്ന രണ്ടു

ശ്ലോകങ്ങൾ:—

വാദിത്രാരാവമാപ്പും വിളിയൊടടയരവേ ലോ
കർ തിക്കിത്തിരക്കായ്
മോദിച്ചുംകൊണ്ടു നില്പ്പേക്കരിമുകിൽ മുടിമാർ
കന്യമാരോടുകൂടി
ആദിത്യസ്വാമിതന്നെ ത്തൊഴവതിനു പുറ
ത്തേയ്ക്കു വന്നോരുനേര
ത്താദിയ്ക്കില്ലാമനല്പം കനകമണി വിഭ്ര
ഷാഭയാൽ മഞ്ഞളിച്ചു.

*　　*　　*

നേരം രാവായി നാനാ വടിവുടയ വെടിക്കെ
ട്ടു നന്നായ്ത്തുടങ്ങീ
ദൂരത്തും ചെന്നലച്ചു പടു പടഹ മുദം
ഗാദി വാദിത്രഘോഷം
നേരറാഡംബരത്താലൊരു സുരപുരിപോ
ലായി കല്യാണരംഗം
പൂരം പോലാംത്തിരക്കൊത്തതുലനിലയിലാ
ത്താലികെട്ടും കഴിഞ്ഞു.

പിന്നെയൊരിക്കൽ കൌമുദിയ്ക്കുയച്ചതു പെരുമനത്ത് പൂര ത്തെ വണ്ണിച്ചുകൊണ്ടുള്ളൊരു റിപ്പോർട്ടായിരുന്നു. വെടിക്കെ ട്ടുകാം നിരോധിച്ചുകൊണ്ടു കൊച്ചിസക്കാർ പുറപ്പെടുവിച്ച ഒരു ത്തരവിനെ സൂചിപ്പിച്ചുകൊണ്ടുള്ള അതിലെ ഈ ശ്ലോകം നോ ക്കുക:—

സേവക്കാരോടു ഭംഗ്യാ പറവതു വെടിയാണ
സ്സൽ മത്താപ്പിനൊക്കും
മൈവണ്ണത്തള്ളലോത്താൽ കടുചടുല കടാ
ക്ഷങ്ങളാം ബാണങ്ങളംതന്നെ
പൂവല്പോ തൻ പുതുപ്പഞ്ചിരി പുരുഷനിര
യ്ക്കായതിൽ കമ്പമൊട്ട
ല്പേവം മാൻ കണ്ണിമാരുള്ളവിടെയൊരു വെടി
ക്കെട്ടു വേറിട്ടുവേണോ?

1082 കർക്കടകത്തിലെ ഒരു വർത്തമാനക്കത്തിൽ പുതിയ ദിവാൻജിയെപ്പറ്റി ഇങ്ങിനെയൊരു പ്രശംസ കാണാം:—

ബാണജ്ജിയാം പുതുദിവാൻജി മഹാഗഭീര
നാണത്തു സർവരുമെടുത്തു പുകഴ്ത്തിടുന്നു

ആണത്തമിങ്ങിനെയെഴന്നൊരു നല്ലകേമൻ
വേണം പ്രധാന സചിവന്റെ ഭരംചുമപ്പാൻ.

എല്ലാ മന്നന്മതീക്ഷ്ണംപണി,യൊരുപൊഴുതുംനീട്ടി
വെയ്ക്കുന്നൊരാമ
ട്ടില്ലാചോരത്തിളപ്പും ചൊടിയുമനുപമം,പ്രായമോ
നൽച്ചെറുപ്പം.
ചൊല്ലാന്നീ മന്ത്രിവര്യൻ പല പുതിയ പരിഷ്കാര
മിങ്ങേപ്പെട്ടത്താ
നല്ലാസത്താൽ ശ്രമിക്കുന്നിതു മഹിതമഹോ മാട
ഭ്രവിന്റെ ഭാഗ്യം.

കവിതയുടെ പല രൂപഭേദങ്ങളിലും വള്ളത്തോളിന്റെ തൂലിക ആ കാലത്തു സ്വച്ഛന്ദമായി വ്യാപരിച്ചുകൊണ്ടിരുന്നു. തികഞ്ഞ ഒരു ദേവീഭക്തനായിട്ടാണ് അന്നെല്ലാം കവി പ്രത്യക്ഷപ്പെട്ടിരുന്നത്. 1081 ചിങ്ങത്തിലെ കവന കൌമുദിയിൽ പ്രസിദ്ധപ്പെടുത്തിയ 'ഗൌരീപഞ്ചകം' ഒരു 'നിരനുനാസിക' മായ കൃതിയാണ്. അത്തരം രചനകളിൽ അനുഭവപ്പെടാവുള്ള ക്ലിഷ്ടതയോ കൃത്രിമത്വമോ പ്രസ്തുത പഞ്ചകത്തിനുണ്ടായിരുന്നില്ലെന്നു താഴെ ചേർക്കുന്ന ശ്ലോകത്തിൽനിന്നു വ്യക്തമാകും:—

വെള്ളക്കാളക്കഴുത്തിൽത്തെളിവൊടുകയറിക്കാട്ടി
ലുംപ്പുക്കപോററി
സ്സുള്ളച്ചേലൊത്ത ചാരത്തിരുവുടലു പകുത്തേറെടു
ത്തോരുതായേ!
വെള്ളത്താരൊത്ത തൃക്കാലടി കരളിലുറപ്പിസ്സു
വോരിക്കിടാക്കൾ
ക്കുള്ളത്തിൽച്ചീത്തുവീത്തുള്ളഴലുകളകലത്തേസ്സു
തട്ടിത്തിരിയ്ക്കു,

സാരബോധിനി മാസികയിൽ ഒരു പാവ്തീ ദശകമെഴുതിയതും അതേ കാലത്താണ്.

ചാരം വെള്ളം കരിത്തോൽ മഴവെരുതിവയുണ്ടെ
പ്പൊഴും ഭ്രതജാലം
ചാരത്തുണ്ടീനിലസ്സുള്ളൊരു പടുമലയൻകെട്ടി
യോളായതായേ!
സ്വൈരം ത്രൈലോക്യവിത്താം തിരുമിഴിയെവിത
ച്ചെന്മനസ്സാം നിലത്തി
ന്നേരം ഭക്തിക്കൃഷിസ്സായ്ത്തുടരുകിതതിനിജ്ജന്മി
ചാത്തിത്തരുന്നു.

എന്ന ശ്ലോകം അതിലുള്ളതാണ്.

തൃശ്ശൂരിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന കേരള ചിന്താമണിയുടെ 1082 കുംഭം ലക്കത്തിൽ ഒരു 'ദേവീപഞ്ചക'വും 1084 മീനം ലക്കത്തിൽ ഒരു 'അംബാസ്തവ'വും വള്ളത്തോൾ എഴുതി. 1084 മകരത്തിലും 1085 ധനുവിലും കവനകൌമുദി ഓരോ 'ദേവീദശകം' പ്രസിദ്ധപ്പെടുത്തി.

ഒരു ദശാബ്ദത്തോളം നീണ്ടുനിന്ന ആ ഉപാസനക്കാലത്തു വള്ളത്തോൾ നിർമ്മിച്ച ദേവീസ്തവാദികൾ ''വള്ളത്തോൾസ്സാഹിത്യത്തിൽ അഗ്രഗണ്യത വഹിക്കുന്നതും അത്ഭുതവൈഭവം വിളങ്ങുന്നതും'' ആണെന്നു അവയിൽ ചിലതെല്ലാം കൂട്ടിച്ചേർത്തച്ചടിപ്പിച്ച 'ഭഗവൽസ്തോത്രമാല' യുടെ പ്രസാധകന്റെ നിലയിൽ പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി പ്രസ്താവിച്ചതിവിടെ പ്രത്യേകം സ്മരണീയമാണ്. ചെറുപ്പക്കാലത്തു ചെയ്ത ദേവ്യുപാസനയുടെ അത്ഭുതസിദ്ധിയെയാണു് വള്ളത്തോളിന്റെ കവിതയിൽ കണ്ടുമുട്ടുന്നതെന്നായിരുന്നു പണ്ഡിതരുടെ വിശ്വാസം.

ഏതു വിഷയത്തെക്കുറിച്ചും എത്രയെങ്കിലും ശ്ലോകങ്ങളുണ്ടാക്കുവാൻ നാരായണമേനോന്നു അക്കാലത്തൊരു പ്രയാസവുമുണ്ടായിരുന്നില്ല. സ്വല്പമായ ഒരു പ്രചോദനം കിട്ടിയാൽ മതി കവിതാ നിർമ്മാണത്തിന്നു പുറപ്പെടുവാൻ! സുഹൃജ്ജനങ്ങളുടെ വീട്ടിൽ ചെല്ലുമ്പോഴും നല്ലൊരു പാട്ടുകേട്ടാൽ അതിനെപ്പറ്റിയൊരു ശ്ലോകം; പെട്ടെന്നു മഴപെയ്താൽ അതിനെക്കുറിച്ചൊരുശ്ലോകം; ആരുടെയെങ്കിലും വിവാഹാവസരമാണെങ്കിൽ ചില മംഗളാശംസാ പദ്യങ്ങൾ; ഇങ്ങിനെ ശ്ലോകരചനസ്സംബന്ധങ്ങളൊന്നും വെറുതെ വിടാറില്ലായിരുന്നു. രണ്ടു മൂന്നുദാഹരണങ്ങൾ പറയാം. അന്നത്തെ യുവകവയിത്രികളുടെ കൂട്ടത്തിൽ എടുത്തുപറയാവുന്ന ഒരു പേരായിരുന്ന ചുനങ്ങാട്ടു കല്യാണിക്കുട്ടിയമ്മയുടേതു്. അവരുടെ വിവാഹത്തിന്നു വള്ളത്തോളിനെ ക്ഷണിച്ചിരുന്നുവെങ്കിലും അന്നു അമ്മാമന്റെ ശ്രാദ്ധാചരണദിവസമായിരുന്നതുകൊണ്ടു അദ്ദേഹത്തിന്നു അതിൽ സംബന്ധിക്കുവാൻ കഴിഞ്ഞില്ല. ഒരു നീണ്ട പദ്യക്കത്തയക്കുകയാണു് അതിന്നു പകരം ചെയ്തതു്. അതിലെ ഒടുവിലത്തെ മംഗളാശംസ ഇങ്ങിനെയായിരുന്നു:—

കല്യാനംഗന്റെ കായം കനലെരിമിഴിയിൽ
താൻ കരിച്ചോരു സാക്ഷാൽ
കല്യാണക്കുന്നു വില്ലൻ കനിവിൽ മടികയ
റുന്ന കാശ്മീരസത്തേ!
കല്യാണാംഗീജനത്തിൻ കനകമകുടിയിൽ
കത്തിമിന്നുന്ന കല്യാം

കല്യാണിക്കുട്ടിയമ്മയ്ക്കുള്ളുക വളരെ
ക്കാല മിക്കാന്തസൌഖ്യം.

ഒരിയ്ക്കൽ, സഹധർമ്മിണിയ്ക്കൊരു മൂക്കുത്തിവാങ്ങിക്കൊണ്ടു ചെല്ലണമെന്നു ഒരു സുഹൃത്തിനോടാവശ്യപ്പെട്ടിരുന്നു. അന്നത്തെ കേരളീയ വനിതകൾ മൂക്കുത്തിയിടാറുണ്ടായിരുന്നതു ഇക്കാലത്തുള്ള യുവതികൾക്കൊരു പുതുമയായി തോന്നിയേക്കാം. ഏതായാലും അമ്പതിലധികം കൊല്ലം മുമ്പുള്ള കഥയാണു് പറയുന്നതു് എന്നോർമ്മിച്ചാൽ മതി. സ്വതേ അപ്രധാനമായ ആ സംഭവം ഇവിടെ എടുത്തുപറയുവാനിടയാക്കിയതു്, അതിനെസ്സംബന്ധിച്ചു വള്ളത്തോൾ തത്സമയം ഉണ്ടാക്കിച്ചൊല്ലിയ ഒരു ശ്ലോകമാണു്:—

സാരംഗാക്ഷീ ജനത്തിൻമനസ്സുണതരമഹാ
രാഗമോലുന്ന വക്ത്ര
ത്താരമ്പിൽക്കാണുവാനാണഭിരുചി പുരുഷ
ന്നെന്നറിഞ്ഞിട്ടപോലും
സൈരം മൂക്കുത്തിയെന്നുള്ളൊരു കപടമൊടെൻ
കാന്തയാം തന്മുഖത്തീ
വൈരം വെപ്പിക്കുവാനോ വിരുതനുടെ പുറ
പ്പാട്? ചങ്ങാതികൊള്ളാം!

സംഗീതത്തിൽ വലിയ അഭിരുചിയുണ്ടായിരുന്നതുകൊണ്ടു പാട്ടുകച്ചേരികളിലേടത്തൊക്കെ പതിവായി സന്നിഹിതനാവുകയും പാട്ടുകാരെ അഭിനന്ദിക്കുകയും അദ്ദേഹം ആ കാലത്തൊക്കെ ചെയ്തിരുന്നു. തൃശ്ശൂരിൽ അന്നു സംഗീത വിദുഷികളായി അനേകം കുലസ്ത്രീകളുണ്ടായിരുന്നവരുടെ കൂട്ടത്തിൽ കോമാട്ടിൽ സഹോദരിമാരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണു്. അതുപോലെ കോച്ചാട്ടിൽ കുഞ്ഞിക്കാവമ്മയുടെ കഥകളിസ്സംഗീതത്തെക്കുറിച്ചും വള്ളത്തോളിന്നു അളവറ്റ മതിപ്പുണ്ടായിരുന്നു. അവരുടെയെല്ലാം സംഗീതപാടവത്തെ ശ്ലാഘിച്ചുകൊണ്ടു അപ്പപ്പോൾ ചൊല്ലാറുണ്ടായിരുന്ന ശ്ലോകങ്ങൾക്കു ഒരു അസാധാരണമായ സാരസ്യമുണ്ടായിരുന്നതായി സുഹൃത്തുക്കൾ പറഞ്ഞുകേട്ടിട്ടുണ്ടു്. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാനും ആ സംഗീതാസ്വാദനത്തിൽ വള്ളത്തോളിന്നൊരു കൂട്ടുകാരനായിരുന്നു.

ഒരവസരത്തിൽ, കോഴിക്കോട്ടു നഗരത്തിലുള്ള വി. ശങ്കുവിന്റെ ഹോട്ടലിൽച്ചെന്നു ചായകഴിച്ചു മടങ്ങുമ്പോൾ അവിടുത്തെ ബിസ്സറിനെപ്പറ്റി വള്ളത്തോൾ രണ്ടു ശ്ലോകം നിമ്മിച്ചു ഉടമസ്ഥനു സമ്മാനിച്ചു.

ഇക്കാലത്തിപ്രദേശങ്ങളിലനവധി
പേരുണ്ടതീക്ഷ്ണ ബിസ്സ
റുംക്കാമ്പിൽത്തട്ടിവാഴ്ത്തുണ്ടൊരു മഹിമയതിന്നി
ല്ലവേണ്ടില്ല തിന്മാൻ.
മുഖ്യസ്വാദോത്തുകണ്ടാൽ വിരുതിയലിന വീ,
ശങ്കവുണ്ടാക്കി വില്ലം
ബിസ്സറാകുന്ന ബിസ്സറിതിന പണിയണം
ശീമബിസ്സറുപോലും.

നാമാകെച്ചേന്നയത്നിക്കുകിലിവിടെ നമു
ക്കാക്കുമേ കണ്ട ശീമ
സ്സാമാനം വാങ്ങിവാങ്ങിപ്പണമിതുപൊടി
കാച്ചാതെ മെച്ചംപിടിക്കാം.
സാമാന്യംപോലെ ബിസ്സറിഹ പുതുനിലയിൽ
ത്തീക്കുലം സ്വദേശ
പ്രേമാഢ്യന്മാക്കു നല്കുന്നിതു കരളിലൊരാശ്വാ
സമിശ്രുദ്ധന്യൻ!

തൃശ്ശൂരിൽ ഒരു ദിവസം ഒട്ടവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ വീട്ടിൽ ചെന്നപ്പോഴം അവിടെ അദ്ദേഹത്തിന്റെ ശ്വശ്രൂരൻ ടി. വി. അനന്തൻനായരും ഉത്തരകേരളീയനായ ഒരു ജ്യോത്സ്യൻ ഉണിത്തിരിയും ഉണ്ടായിരുന്നു. പലതും സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മഴ ചാറിത്തുടങ്ങി. ധനുമാസമായിരുന്ന കാലം. മഴപെയ്യാനുള്ള സമയമായിരുന്നില്ല. അപ്പോഴം അനന്തൻനായർ 'എന്താ ജ്യോത്സ്യരേ! ഇന്നു മഴയ്ക്കു യോഗമുണ്ടോ?' എന്നു നേരമ്പോക്കായി ഉണിത്തിരിയോടു ചോദിച്ചു. മഴ പെയ്യുന്നതു കണ്ടുംകൊണ്ടു മറിച്ചുപറയുവാൻ ജ്യോത്സ്യനായാലും ധൈര്യപ്പെടുകയില്ലല്ലൊ! അപ്പോഴം വള്ളത്തോളം ഇങ്ങിനെയൊരു ശ്ലോകം ചൊല്ലി വഷ്ത്തിന്റെ കാരണം സമർത്ഥിച്ചു:—

കൃതിനമമുമനന്തം ക്ലുപ്തനീതിക്രമം യ
മ്പ്രീയതിധൃതവിധു ശ്രീരേഷ സാമന്തസൂരിഃ
തദജനിരസവൃഷ്ടേരദ്യനൂനം നിദാനം
നനുകവിബുധയോഗേ വൃഷ്ടിപാതഃ പ്രതീതഃ

അനന്തൻനായരുടെ കവിത്വവും ഉണിത്തിരിയുടെ ബുധത്വവും സൂചിപ്പിച്ചുകൊണ്ടുള്ള ഈ പദ്യം എല്ലാവരെയും രസിപ്പിച്ചു. സംസ്കൃതത്തിലും ഇംഗ്ലീഷിലും സമുന്നതമായ പാണ്ഡിത്യമുണ്ടായിരുന്ന അനന്തൻനായക്കും വള്ളത്തോളിനെപ്പറ്റി വലിയ മതിപ്പുതോന്നി.

കണ്ണംകുളം
23-12-65

പ്രിയസ്നേഹിതനേ, ഇപ്പോൾ കാന്തം പോലെ ആകർഷിക്കുന്നതെന്താണ് വൈദ്യനാഥൻ? 'മലയന്റെ അടിയാനാണ്' എന്നു സംശയമില്ല. അതിലധികമായി ഒന്നുമില്ലെങ്കിൽ ഈ കത്തിലെഴുതിപ്പോകുന്നതെന്തിന്? കുറച്ചുകൂടി കാന്തശക്തിയുണ്ടെന്നു തോന്നുന്നുണ്ടോ? 'മലയന്റെ അടിയാൻ' എന്നു തന്നെയാണ് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈശ്വരനാണോ മനുഷ്യനാണോ കാന്തശക്തിയുള്ളതെന്നു സംശയമുണ്ടെങ്കിൽ, മലയന്റെ ഈ ലക്ഷണം തന്നെ സ്വീകരിച്ചുകൊള്ളുക. അതിനാൽ, ഈ സംശയത്തിനുള്ള ചോദ്യത്തിനുള്ള ഉത്തരമായി ഞാൻ ഉദ്ദേശിച്ചതു സ്വീകരിച്ചാലും.

സർവ്വേശ്വരനും സൃഷ്ടജീവജാലങ്ങളും തമ്മിലുള്ള ഈ പരിചയക്കുറവു പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈശ്വരൻ മനുഷ്യനിൽ, പ്രത്യേകിച്ചു കവിയിൽ, ഈ കാന്തശക്തി നിക്ഷേപിച്ചിരിക്കുന്നതെന്നു തോന്നുന്നു. ഭൂമിയിൽ നമ്മൾ പരസ്പരം പരിചയപ്പെടുന്നതുപോലെ! കവിതയെന്ന കാന്തത്തിന്റെ ശക്തിയുടെ ഏറ്റക്കുറവുകൾ! ഭാഷാന്തരീകരണത്തിൽ ഈ കാന്തശക്തി നഷ്ടപ്പെടുന്നു, വർദ്ധിക്കുന്നു, തിരോഭവിക്കുന്നു, അവിടുന്നുകൂടി! നമസ്കാരത്തോടെ – ജി. ശങ്കരക്കുറുപ്പ്

മഹാകവിയുടെ കൈപ്പട–

ഒരു സുഹൃത്തിന്നയച്ച എഴുത്ത്.

1082 മകരത്തിൽ (1907 ജനവരി) കണ്ണൂർ നാരായണമേനോൻ വടക്കാഞ്ചേരിയിൽനിന്നു ചിറ്റൂക്കു മാറിപ്പോകുന്ന അവസരത്തിൽ ഒരു യാത്രയയപ്പുസൽക്കാരമുണ്ടായിരുന്നു. അതു പ്രമാണിച്ചു വള്ളത്തോളെഴുതിയതാണീ ശ്ലോകങ്ങൾ:—

സേവന്മാരിൽക്കടുങ്ങാതെയുമനയവഴി
സ്സുംഗ്ലീവെസ്സാതെയും ദു
ർഭാവത്താൽക്കീഴിലുള്ളാളുകളൊടു വെറുതേ
കണ്ണുരുട്ടാതെകണ്ടും
ഏവം ശിക്ഷാധികാരച്ചുമതല ശരിയായ്
നിർവ്വഹിയ്ക്കും ഭവാനെ
ദ്വൈവം ദേഹത്തിനാരോഗ്യമൊടപരിമിതാ
യുസ്സു നല്കിപ്പുലർത്തും.

തലച്ചോറിൻകേറ്റം കരുതിടുകിലീ മാടവസുധാ
തലത്തിൽത്താസീൽദ്ദാരണിമകുടമുത്താകിയഭവാൻ
സ്ഥലം മാറിപ്പോകാനിടവരികയാലുള്ളഴലിനാൽ
തലപ്പിള്ളിത്താലൂക്കഹഹതലതല്ലുന്നിതധുനാ.

ആ ലക്ഷ്മീജന്മഭൂവായ് വിലസിനഭവനാ
ലംബമാം നീതിസാര
പ്പാലബ്ധിക്കുള്ളിലല്ലോ പുരുഷവര! വസി
ക്കുന്നതങ്ങുന്നുനിത്യം.
മാലയ്യോ മന്നിനേകം വിബുധവിമതർതൻ
ദുർന്നയം കേന്ദ്രകിലപ്പോഴ്
ക്കോലംമാറും ഭവാ,നിപ്പടിയെഴുമവിടുന്നോക്കിൽ
നാരായണൻ താൻ.

ഇത്താലൂക്കിത്രകാലം ഭവികമൊടുഭരി
ച്ചോരുഭാഗ്യാബ്ധിയങ്ങ
സ്സുംത്താരിങ്കൽക്കൃതജ്ഞത്വമൊടപകപടം
നന്ദിചൊല്ലുന്ന ഞങ്ങൾ
നൽത്താസീൽദാരിരുന്നാലനുദിനമണയും
നന്മയെല്ലാം ഭവാൻ ചെ
ന്നെത്താൻ പോകുന്ന ചിറ്റൂരിനു വിപുലമതേ!
വീണ്ടുമുണ്ടായ്വരട്ടെ.

ഈ സംഭവം കഴിഞ്ഞു രണ്ടു കൊല്ലത്തിനുശേഷം കണ്ണൂർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു തൃശ്ശൂരിൽ തിരുവമ്പാടിയിലുള്ള സ്വഗൃഹത്തിൽ സ്ഥിരതാമസമാക്കി. അദ്ദേഹത്തിന്റെ 'രഘുവംശം തർജ്ജമ' അന്നു മിക്കവാറും മുഴമിച്ചിരുന്നു. കുഞ്ഞിക്കുട്ടൻ

തമ്പുരാനും വള്ളത്തോളും അതു പരിശോധിക്കുകയുണ്ടായി. കുണ്ടൂരിന്റെ ശബ്ദാലങ്കാരഭ്രമവും തനി മലയാള പദങ്ങളും ഉപയോഗിക്കുന്നതിലുള്ള പാടവവും വള്ളത്തോളിനെ അത്ഭുതപ്പെടുത്തി.

കുണ്ടൂരിന്റെ ആ സന്തതസാഹചര്യം വള്ളത്തോളിനെസ്സംബന്ധിച്ചു വിലമതിക്കാനാവാത്തൊരു നേട്ടമായിരുന്നു. കവിതയിലും ചതുരംഗത്തിലും അവരെല്ലായ്പ്പോഴും ഒന്നിച്ചായിരുന്നു. ശാന്തനും ഉദാരമതിയുമായ ആ സുഹൃത്തിന്റെകൂടെ കഴിച്ച ദിവസങ്ങളത്രയും വള്ളത്തോളിന്റെ ജീവിതത്തിൽ അവിസ്മരണീയമായ ഒരു ശോഭനദശയായിരുന്നു. അതിന്റെ അനുസ്മരണമാണ്, വളരെക്കൊല്ലങ്ങൾക്കുശേഷം (1111–ൽ), കുണ്ടൂരിന്റെ ചരമത്തെക്കുറിച്ചെഴുതിയ ഈ പദ്യങ്ങളിൽ കാണുന്നത്:–

ഹാ ഞങ്ങൾ നേരിട്ടൊരു നാല്പതാണ്ടിൻ
മുമ്പാദ്യമായ്ക്കണ്ടദിനം മുതല്ലേ
മദ്ഭാഗ്യമേ വെല്ലുയിവെല്ല–വള്ള
ത്തോളക്കവിപ്പൂണ്ണിനു കണ്ണിലുണ്ണി!

*　　*　　*

ഇന്നാവതോളം ചതുരംഗകേളി
നാളെപ്രകാമം കവിതാ വിനോദം
പിറെറന്നു മുറും വെടിപൊല്ലലേവം
രാവെത്രപോക്കീ ഗതനിദ്രർ ഞങ്ങൾ.

വള്ളത്തോൾ നാരായണമേനോനെ 'വള്ളത്തോൾ'മാത്രമാക്കിയതും കുണ്ടൂരായിരുന്നു—

മുന്നേ ഭവാനല്പി കനിഞ്ഞു വള്ള
ത്തോളെന്നു വെട്ടിച്ചെറുതാക്കിയെൻ പേർ
പേരിന്റെ നീളത്തിലനാസ്ഥനാകെ
ന്നെന്നെപ്പഠിപ്പിപ്പതിനെന്നപോലെ!

കുണ്ടൂരുമായുള്ള സഹവാസത്തിൽനിന്നു ചരിത്രസംബന്ധമായ പല കാര്യങ്ങളും പഠിക്കുവാൻ വള്ളത്തോളിനു സാധിച്ചു. പരിചയസമ്പന്നനും പരിണതാശയനുമായ ഒരു സഹൃദയനെ കൂട്ടിനുകിട്ടിയ അവസരത്തെ രസികച്ചും ഫലപ്രദമാക്കുവാനുള്ള ഉൽകഷ്േച്ഛ അദ്ദേഹത്തിനുണ്ടായിരുന്നതാണും. അങ്ങിനെ കുണ്ടൂരിൽനിന്നു കിട്ടിയ ഒരൈതിഹ്യത്തെ അവലംബിച്ചെഴുതിയതാണ് 'ഒരൈതിഹ്യം' എന്ന പേരിൽ മംഗളോദയം മാസികയിലേക്കു അയച്ച കവിത. ആലി എന്നൊരു ജോനകൻ അടുത്തൊരില്ലത്തു പാത്തിരുന്ന ദാസിയെ പാട്ടിൽവെച്ചു, നമ്പൂതിരി അകലത്തെങ്ങോ പോയ തക്കം നോക്കി, അവിടെ

ത്തെ അന്തഃജ്ജനത്തെ സ്വാധീനപ്പെടുത്തുവാൻ ചെയ്ത ഗൂഢാലോചന ഫലിയ്ക്കുന്നതിന്നുമുമ്പു, രാജ്യസ്ഥിതികണ്ടറിയുവാൻ രാത്രിയിൽ ഗൂഢമായി സഞ്ചരിക്കുന്ന ശക്തൻതമ്പുരാൻ സ്ഥലത്തെത്തി ജോനകനെ വധിയ്ക്കുന്നതാണ് അതിലെ ഇതിവൃത്തം.

എന്തിന്നോവേണ്ടി നമ്പൂതിരി കുറെയകലെ
പ്പോയിരിയ്ക്കുന്ന നാള–
ന്നന്തിയ്ക്കന്തഃജ്ജനത്തോടണവതിനവർതൻ
ദാസിയെപ്പാട്ടിലാക്കി
ചിന്തിക്കാതില്ലമുഷ്പ്പക്കൊരു ജഡവിടനാ
മാലി തേജോഭരത്താൽ
ച്ചെന്തിയ്യിന്നൊത്തശക്തക്ഷിതിപനടെ നെടും
ഹേതിയിൽ പാററയായീ.

എന്ന അവസാന ശ്ലോകത്തിൽ കഥയെ ഭംഗിയായി സംഗ്രഹിച്ചിട്ടുണ്ട്. കവിതയുടെ തുടക്കം ഇങ്ങിനെയാണ്:—

അതിമാനുഷരൂപി ശക്തനെന്നായ്
ശ്രുതികേട്ടുള്ളൊരു മാടഭ്രമണാളൻ
പതിവിൻപടി പൌരഗൂഢവൃത്ത
സ്ഥിതിനോക്കാനൊരു രാത്രി സഞ്ചരിച്ചു.

നിറപാതിരനേരമാണതാക്കും
വിറയുണ്ടാക്കുമതിൻ ഭയങ്കരത്വം
തിറമോടു കരാളകാളകൂട
ക്കറപോലുള്ളിരുളാണ്ടു നില്പിതെങ്ങും.

വള്ളത്തോളിന്റെ ഭാവികാവ്യശൈലിയുടെ അടയാളങ്ങൾ ഇതിൽ കാണ്മാനുണ്ട്.

1084 മേടത്തിൽ (1909) ഭാരതവിലാസസഭയുടെ നാലാം വാഷ്കികസമ്മേളനം തൃശ്ശൂരിൽ ചേരുകയുണ്ടായി. അന്നത്തെ പേരുകേട്ട കവികളുടെ സാന്നിദ്ധ്യത്താൽ അലംകൃതമായിരുന്ന ആ സദസ്സ്. അവരിൽ പലരുടെയും പേരുകൾ ഉൾക്കൊള്ളിച്ചുകൊണ്ടു വള്ളത്തോൾ പില്ലാലത്ത് സന്ദർഭവശാൽ എഴുതിയ ഈ പദ്യങ്ങൾ രസാവഹങ്ങളാണ്:—

കമനീയവിധാനത്തെക്കാത്ത കാത്തുള്ളിമേനവൻ
നവനീതവചസ്സായ നടുവത്തച്ചുനണ്ണിയും.

ഉചിതോക്തിരസപ്രൌഢിസ്ഫുറവാമൊറവങ്കര
കുരുംബയമ്മതൻ കുഞ്ഞിക്കുട്ടനാം ഭാരതാദ്ധനൻ,

ഫലിതക്കാരിലൊന്നാമനൊടുവുന്നിദ്രവാസനൻ
പഴമച്ചേലിനു കളിപ്പന്തലാം പന്തളംനൃപൻ

പുണ്യശ്ലോകഭരൻ പുന്നശ്ശേരി പോഷിതസംസ്മൃതൻ
ശബ്ദങ്ങളിൽ കുണ്ഠതയില്ലാത്ത കുണ്ടൂർ മഹാശയൻ

അല്പേതരകലൌത്സുക്യനപ്പനാം കൊച്ചുതമ്പുരാൻ
ഉന്മേഷഭരിതപ്രജ്ഞനുള്ളരുല്ലേഖവല്ലഭൻ.

മേല്പറഞ്ഞവക്കു പുറമെ ഒടുവിൽ ശങ്കരൻകുട്ടിമേനോൻ, പെട്ടരഴിയത്ത് രാമൻ എളയത്, ചങ്ങരം കോതകൃഷ്ണൻകുത്താവു, വി. സി. ബാലകൃഷ്ണപ്പണിക്കർ, കെ. പി. കുറുപ്പൻ, കുറിപ്പുറത്തു കേശവൻനായർ, കെ. വാസുദേവൻമൂസ്സത് എന്നിവരും വള്ളത്തോളും അതിൽ സന്നിഹിതരായിരുന്നു. ഉള്ളൂർ, പന്തളം, ഒടുവു, കുറുപ്പൻ, കേശവൻനായർ എന്നിവരുംപ്പെടെ പതിമൂന്നു കവികളും അവിടെവെച്ചു നടന്ന ഒരു കവിതാപരീക്ഷയിൽ പങ്കെടുത്തു. സമ്മാനാഹ്നായത് ഉള്ളൂരായിരുന്നു. അതിൽ വള്ളത്തോൾ ചേരാതിരുന്നതു് വിഷയത്തിന്റെ പ്രയാസംകൊണ്ടാണെന്നൊരു മിഥ്യാപവാദം ഒരു കോഴിക്കോടൻപത്രം പ്രസിദ്ധപ്പെടുത്തിയത് അദ്ദേഹത്തിന്റെ കവിയശസ്സിൽ കരിതേയ്ക്കുവാൻവേണ്ടി ചില അസൂയാലുക്കൾ പ്രയോഗിച്ച ഗൂഢതന്ത്രംമാത്രമായിരുന്നു. പരോൽകഷ്ണാസഹിഷ്ണുത്വം അന്നും ഇന്നും മനുഷ്യസ്വഭാവത്തിന്റെ ഒരനിവാര്യഘടകമാണല്ലൊ!

സാഹിത്യലോകത്തിലുള്ളവരുടെ കണ്ണുകടിയുടെ പുറമെ സ്വജനങ്ങളിൽനിന്നും വള്ളത്തോളിനു പല അലട്ടുകളും സഹിക്കേണ്ടിവന്നിരുന്നു. ചെറുതെങ്കിലും സ്ഥിരമായിട്ടൊരു ധനാഗമമുണ്ടായിരിക്കുകയും ബുദ്ധിമുട്ടില്ലാതെയും ജനസമ്മതിയോടുകൂടിയും കാലക്ഷേപംകഴിക്കുകയും ചെയ്യുന്നതുകണ്ടപ്പോൾ പറും പാർശ്വവും പറഞ്ഞു പലരും അടുത്തുകൂടി എന്തെങ്കിലും പറഞ്ഞിക്കുവാൻ തക്കംനോക്കിത്തുടങ്ങി. തറവാട്ടിലെ ഏതെങ്കിലും ഒരു ശാഖയിൽപ്പെട്ട ചെറുപ്പക്കാർ പലസമയത്തും അങ്ങിനെ വള്ളത്തോളിന്റെ മൃദുലസ്വഭാവത്തെ ചൂഷണംചെയ്യുവാൻ വന്നുകൊണ്ടിരുന്നു. വാരിക്കോരിക്കൊടുക്കത്തക്ക ധനസ്ഥിതിയില്ലെങ്കിലും, ചോദിക്കുന്നവരോടു ഇല്ലെന്നുപറയുവാൻ വശമില്ലാത്ത സ്വഭാവമായിരുന്നതിനാൽ പലരും വല്ലതും പറഞ്ഞിച്ചല്ലാതെ അന്നത്തെ വള്ളത്തോളിന്റെ അടുത്തുനിന്നു വിട്ടുപോയിരുന്നില്ല!

തൃശ്ശൂരിലെ വാസക്കാലത്ത്, ഉത്തിഷ്ഠമാനന്മാരും കവിയശഃപ്രാർത്ഥികളുമായ പല പദ്യകൃത്തുകളും അവരവരെഴുതിയ കൃതികളുമായി വള്ളത്തോളിനെ സമീപിക്കുക പതിവായിരുന്നു. തെറ്റു തിരുത്തിക്കൊടുത്താൽമാത്രം പോരാ, ഒരഭിപ്രായംകൂടി എഴുതിവാങ്ങിയിട്ടേ അവർ തിരിച്ചുപോകൂ.

ആരോടും വൈമുഖ്യം ഭാവിക്കാതെ ആ അപേക്ഷകളും വള്ള
ത്തോൾ ആവുംവിധം സാധിപ്പിച്ചുകൊടുക്കുകയുംചെയ്തിരുന്നു.
ഒരുതരം സാഹിത്യക്ലബ്ബിന്റെ മട്ടുണ്ടായിരുന്നു അന്നൊക്കെ
വള്ളത്തോളിന്റെ താമസസ്ഥലത്തിന്ന്. പെട്ടന്നായിരിക്കും
സാഹിത്യകാരന്മാർ പലരും അവിടെ എത്തിച്ചേരുക. നട
വത്തു മഹൻ, പെട്ടരഴിയത്തു വലിയ രാമൻ എളയത്, ഒട്ട
വിൽ കുഞ്ഞിക്കൃഷ്ണമേനോൻ, വള്ളത്തോൾക്കമ്പനിക്കാരായ
കേശവൻനായർ, ഗോപാലമേനോൻ എന്നിവർ, ഇങ്ങിനെ
പലരും അവിടെ ഉണ്ടായിരിക്കും. കവിത പരിശോധിപ്പി
ക്കുവാൻ വരുന്നവക്കു അതുസംബന്ധമായി ചില നല്ല നിർദ്ദേ
ശങ്ങളും നല്കിയശേഷമേ അവരെ മടക്കി അയച്ചിരുന്നുള്ളൂ.

ആറാം അധ്യായം

വാല്മീകിരാമായണം

കവികളുടെ സന്തതസഹചര്യവും കവിയാകുവാനുള്ള അദമ്യാഭിലാഷവും അതിന്നനുകൂലമായ ഉത്സാഹശീലവും വാസനാശക്തിയും വള്ളത്തോളിന്റെ വിജയസാദ്ധ്യതയ്ക്ക് സഹായകങ്ങളായി. പേരും പെരുമയും നേടിയ കവിപ്രമുഖന്മാരെക്കുറിച്ചുള്ള ബഹുമാനത്തിന്നുപുറമെ അവരെ അനുകരിച്ചു അവർ പോയവഴിയിലൂടെ തനിയ്ക്കും പോകണമെന്ന മോഹം നാരായണമേനോന്ന ധാരാളം ഉണ്ടായിരുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരതവിവർത്തനംപോലെ തനിയ്ക്കും ഒരു ബൃഹൽഗ്രന്ഥത്തിൽ കൈവെയ്ക്കണമെന്ന ആശയുടെ പ്രേരണയാണ് വാല്മീകിരാമായണം തർജ്ജമചെയ്യുവാനദ്ദേഹത്തെ പ്രേരിപ്പിച്ചത്. വിദ്യാർത്ഥിയായിരുന്നകാലംമുതല്ക്കേ സംസ്കൃതശ്ലോകങ്ങളുടെ തർജ്ജമചെയ്യ തഴക്കംവന്നിരുന്ന കൈകൊക്കു

ഭാഷാത്മികേ! ഭവാംഗാദ്ധ്രുഷാമാണിക്യരത്നമേ!
ഭാഷാരാമായണം തീർപ്പാൻ തോഷാലെന്നെത്തുണയ്ക്കണേ

എന്ന പ്രാർത്ഥനയോടുകൂടി ആദികാവ്യത്തിന്റെ അടുക്കലേക്കു ചെല്ലുവാൻ തെല്ലും സങ്കോചമുണ്ടായില്ല. ഉൽകർഷേച്ഛയോടു ഉത്സാഹവും ഒത്തുചേരുമ്പോൾ ഏതു വമ്പിച്ച സംരംഭത്തെയും നേരിടുവാൻ ധൈര്യവും ആത്മപ്രത്യയവും തോന്നുന്നതിലത്ഭുതമില്ലല്ലൊ.

തൃശ്ശൂരിലെ ഉദ്യോഗം ഏല്ക്കുന്നതിന്നു അഞ്ചു മാസം മുമ്പാണ് (1080 കുംഭം 30–ാംനു) രാമായണതർജ്ജമ ആരംഭിച്ചത്. ദിവസേന മുപ്പതുമുതൽ അമ്പതുവരെ ശ്ലോകങ്ങൾ തർജ്ജമചെയ്യുന്നപതിവു കേരളകല്പദ്രുമത്തിൽ ചേന്നശേഷവും നിലനിർത്തിപ്പോന്നു. പ്രസ്സിൽവെച്ചു സ്വന്തം പ്രവൃത്തിചെയ്യുന്നതിനെപ്പറ്റി ചിലർ ആക്ഷേപിച്ചപ്പോൾ തർജ്ജമയുടെ പണി രാത്രി സമയത്തു വീട്ടിൽവെച്ചാക്കിയെന്നുമാത്രം.

അഞ്ചു മാസംകൊണ്ടു അയോദ്ധ്യാകാണ്ഡംവരെയെത്തി. അപ്പോളൊരുദിവസം ആറൂർ കൃഷ്ണപ്പിഷാരൊടി യദൃച്ഛയാ വന്ന വള്ളത്തോളുമായി സംസാരിച്ചുകൊണ്ടിരിക്കുംമധ്യേ, വിഷയം വാല്മീകിരാമായണതർജ്ജമയിലേക്കു നീങ്ങി. ആറൂ

രും അതേകാലത്തു രാമായണതർജ്ജമയിൽ വ്യാപൃതനായിരിക്കുകയായിരുന്നു. അന്യോന്യം അറിയാതെ ഒരേ പ്രവൃത്തിയിലേർപ്പെട്ടുകൊണ്ടിരുന്ന ആ സുഹൃത്തുക്കളുടെ അവിചാരിതമായ സമാഗമം രസകരമായൊരനുഭവമായിരുന്നു. അതുവരെ തർജ്ജമചെയ്ത ഭാഗങ്ങൾ പലതും ഇരുവരും അന്യോന്യം ചൊല്ലിക്കേൾപ്പിച്ചശേഷം, ഇനിയേതായാലും ഒരാൾ തർജ്ജമ തുടർന്നുകൊണ്ടുപോയാൽ മതിയെന്നു തീർച്ചയാക്കി. വള്ളത്തോളിനെ ആ ഭാരം ഏല്പിച്ചു ആറൂർ പിന്മാറുവാൻ സന്നദ്ധതകാണിച്ചപ്പോൾ അങ്ങിനെയാവാമെന്നു വള്ളത്തോൾ സമ്മതിച്ചു.

1081 കർക്കടകം അവസാനിച്ചപ്പോഴേക്കു—പതിനേഴു മാസംകൊണ്ടു—പതിനാറായിരത്തിലധികം ശ്ലോകങ്ങളുടെ തർജ്ജമ തീർന്നിരുന്നു. 1082 തുലാം 23—ാംനു-യോടുകൂടി യുദ്ധകാണ്ഡവും മകരം 29—ാംനു- ഉത്തരകാണ്ഡവും പൂർത്തിയായി. അങ്ങിനെ ഇരുപത്തിമൂന്നു മാസംകൊണ്ടു രാമായണതർജ്ജമ മുഴുവനായി.

തർജ്ജമ അപ്പപ്പോൾ കുഞ്ഞിക്കുട്ടൻതമ്പുരാനെ കാണിക്കുകയും അവിടുത്തെ അഭിപ്രായമനുസരിച്ചു പരിഷ്കരിക്കുകയും ചെയ്തിരുന്നു. അതിനിടയ്ക്കൊരിക്കൽ, തമ്പുരാൻ തന്റെ തർജ്ജമയിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ലെന്നൊരു തോന്നൽ വള്ളത്തോളിന്റെ മനസ്സിൽ കടന്നുകൂടി. കൂട്ടത്തിൽ, 'രാമാനുജൻ' പത്രത്തിനു ആ പേരു കൊടുത്തതിനെപ്പറ്റി, എഴുത്തച്ഛന്റെ പേരു അതല്പായ്മയാൽ, തമ്പുരാൻ ആക്ഷേപിച്ചതായും ആരോ വള്ളത്തോളിനെ ധരിപ്പിച്ചു. രണ്ടും നിരാസ്പദങ്ങളായ ധാരണകളായിരുന്നു. എങ്കിലും തൽക്കാലം വള്ളത്തോളതു വിശ്വസിച്ചു. ഏറെത്താമസിയാതെ ആ ദുശ്ശങ്ക നീങ്ങുകയുംചെയ്തു. തമ്പുരാനും വള്ളത്തോളും യഥാപൂർവ്വം സൌഹാർദ്ദത്തോടുകൂടിത്തന്നെ കഴിഞ്ഞു.

1082 മീനം 21—ാംനു- (1907 ഏപ്രിൽ 3—ാംനു-) വള്ളത്തോളിനെ കുഞ്ഞിക്കുട്ടൻതമ്പുരാൻ അപ്പൻതമ്പുരാന്റെ അടുക്കൽ കൂട്ടിക്കൊണ്ടുപോയി വാല്മീകിരാമായണതർജ്ജമയുടെ കാര്യം അവിടുത്തെയും ധരിപ്പിച്ചു. പിറ്റെദിവസം മുതൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തർജ്ജമ ആസകലം ഒന്നു പരിശോധിക്കുവാൻതുടങ്ങി. തമ്പുരാന്റെ ആ പരിശോധനയെ ചിലർ മറ്റൊരുവിധത്തിൽ വ്യാഖ്യാനിക്കുവാൻ മുതിർന്നു; തർജ്ജമ അധികഭാഗവും തമ്പുരാന്റേതായിരുന്നു എന്നു പറഞ്ഞു പരത്തുവാൻ അവർ മടിച്ചില്ല. പരഗ്രഹണശ്രാഘയിൽ മനുഷ്യർക്കുള്ള അസഹിഷ്ണുതയെയല്ലാതെ മറ്റൊന്നിനെയും ഇക്കാര്യത്തിൽ കുറ്റംപറയുവാൻ കാണുന്നില്ല.

പുസ്തകം അച്ചടിക്കുന്നകാര്യത്തെപ്പറ്റിയായിരുന്നു പിന്നെ

ത്തെ ആലോചന. ഒന്നായി മുഴവനും അച്ചടിപ്പിക്കത്തക്ക ധനസ്ഥിതി പരിഭാഷകനുണ്ടായിരുന്നില്ല. കുറെ വരിക്കാരെ മുൻകൂട്ടി തേടിപ്പിടിച്ചു, ഓരോഭാഗമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയേ ഒരു പോംവഴിയായിക്കണ്ടുള്ളൂ. പത്രങ്ങളിൽ പരസ്യങ്ങൾ ചേർത്തും പലക്കും നേരിട്ടെഴുതിയും ചെയ്ത അഭ്യർത്ഥനയുടെഫലമായി അധികം താമസിക്കാതെതന്നെ കുറെ വരിക്കാരെ സമ്പാദിക്കുവാൻ സാധിച്ചു. ഒന്നാംഭാഗം 1082 മേടമാസത്തിൽ (1907 ഏപ്രിൽ) പുറത്തായി. കേരളവർമ്മ വലിയ കോയിത്തമ്പുരാനും തിരുവിതാംകൂർ മഹാരാജാവും കൊച്ചിസ്സക്കാരും കുറെ കോപ്പികൾ വാങ്ങുവാൻ സമ്മതിച്ചു. ആകപ്പാടെ ആരംഭം തൃപ്തികരമായിരുന്നു.

രാമായണതർജ്ജമ മാസികരൂപത്തിൽ പുറത്തിറക്കുവാനുദ്ദേശിക്കുന്നതിനെപ്പറ്റി ഉള്ളൂരിനെഴുതിയ കത്തിലെ ചില പദ്യങ്ങൾ ഇവിടെ ചേർക്കുന്നു:—

ഹേ മാന്യശീല! ബഹുസാഹസി ഞാൻ തുടർന്ന
രാമായണത്തിനുടെ തർജ്ജമ തീർന്നപങ്കായ്
സാമാന്യമട്ടിലതു മാസികയായ് നടത്താൻ
കാമാതിരേകമിവനുണ്ടു, ഫലിക്കിലായീ.

കൂറാണ്ടിതിന്നു കുറെയാളുകൾ കൂടണം, മുൻ
കൂറായ്വരിപ്പണമുറുപ്പിക നാലുവീതം
മാറാതയച്ചുതരണം, കുറയാതെ പത്ത
ഞ്ഞൂറാളിതേറ്റു പറയുമ്പൊഴതേ തുടങ്ങൂ.

രാമാനുജന്നു കരുതുന്നതിൽ നൂറിരട്ടി
രാമായണത്തിനു തുണയ്ക്കുക നിങ്ങളെല്ലാം
സോമാതിനിർമ്മലയശോധന! രണ്ടുകൊല്ല
മീമാസികയ്ക്കുവധിയാണു, വിരോധമുണ്ടോ?

പ്രേമപ്രാപ്തിയ്ക്കു തമ്മിൽ പരിചയമുളവാം
മുന്നമേ സ്വാർത്ഥവാദ
സ്തോമംതുകുന്ന വല്ലാത്തൊരു കഴിവിവനെ
ന്നങ്ങു തോന്നില്ലയല്ലോ?
ആമട്ടായുള്ളൊരാളല്ലമലമതി ഭവാ
നെന്ന വിശ്വാസമൂലം
കാമം പോലെൻ വിചാരം പലതുമിഹ തുറ
ന്നോതിനേൻ നീതിരാശേ!

വരിയ്ക്കാരെ കൂട്ടുന്നകാര്യത്തിൽ എത്രമാത്രം സഹായം ഉള്ളൂരിൽനിന്നു കിട്ടി എന്നു ഖണ്ഡിച്ചു പറയാൻ വയ്യ. എങ്കിലും

മറുപടി പ്രശംസാമയവും ആശംസാമധുരവുമായിരുന്നു എന്നതിനു താഴേ കാണിച്ച ശ്ലോകങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ട്:—

ശ്രീരാമന്റെ ചരിത്രം,മാദികവിതൻ
കാവ്യം, വിശേഷിച്ചു നൽ
പ്പേരാളുന്ന മണിപ്രവാള,മവിടു
ത്തേയ്ക്കുള്ള ഭാഷാന്തരം
ഈ രാജ്യത്തിലിവണ്ണമില്ല കൃതിമു,
മെല്ലാം നിനച്ചീടുകിൽ
ധാരാളം പിരിയേണമിപ്പുതിയ ബു
ക്കെന്നിന്നു തോന്നുന്നുമേ.

കാലംമാറി, കവീന്ദ്രർ തൻകഥ കഴ
ക്കായ്ത്തീന്നു, പേർത്തും നമു
ക്കാലംബിപ്പതിനാരുമില്ല, കവിതാ
സാരം ഗ്രഹിച്ചീടുവാൻ
നാലഞ്ചില്ല ജനങ്ങൾ, പണ്ഡിതജഗ
ന്നാഥന്റെ വാക്കിൽ ദ്ധരാ
പാലന്മാർ 'കമലാവിലാസമദിരോ
ന്മീലന്മദാഘൂർണ്ണിതർ.'

സാഹിത്യകൃതികളുടെ പ്രസിദ്ധീകരണത്തിനു് അക്കാലത്തുണ്ടായിരുന്ന പ്രയാസം ഇന്നത്തെ തലമുറയ്ക്കു വിഭാവനംചെയ്യുവാൻതന്നെ സാധിക്കുമോ എന്നു സംശയമാണു്. ഇപ്പോൾ ദിവസംപ്രതി പുറത്തുവരുന്ന പുസ്തകങ്ങളുടെ എണ്ണം കാണുമ്പോൾ അരനൂറ്റാണ്ടുമുമ്പു് ഉത്തമഗ്രന്ഥങ്ങൾ വെളിച്ചത്തുവരുവാൻപെട്ടപാടു വെറും കെട്ടുകഥയാണെന്നേ ആധുനികന്മാക്കു തോന്നുകയുള്ളു. പക്ഷേ അതായിരുന്നു അന്നത്തെ യഥാർത്ഥസ്ഥിതി.

മാസികാരൂപത്തിൽത്തന്നെ സാമാന്യം നല്ല പ്രചാരം കിട്ടിയതിനാൽ രാമായണ തർജ്ജമയുടെ പ്രശസ്തി കേരളത്തിൽ പരന്നു. ഭാഷാഭംഗിയെ പലരും പുകഴ്ത്തി. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഭാരതത്തോളം വലിപ്പമില്ലെങ്കിലും സാധാരണക്കാരുടെ കഴിവുകൾക്കതീതമായ ഒരു ഭഗീരഥപ്രയത്നമാണു് രാമായണത്തിന്റെ വിവർത്തകൻ നിർവ്വഹിച്ചതെന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെട്ടു.

ചരിത്രാന്വേഷികളായ വിമർശകന്മാരും ഇല്ലാതിരുന്നില്ല. തർജ്ജമയിലെ സ്ഖലിതങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു 1082 മിഥുനമാസത്തിൽ ഒരു ലേഖകൻ മലയാള മനോരമയ്ക്കെഴുതി. കുറിപ്പുറത്തു കേശവൻനായർ ആ ആക്ഷേപങ്ങളെ ഖണ്ഡിച്ചു

കൊണ്ടൊരു മറുപടിയും എഴുതി. അതിലിടയ്ക്ക് ആ വിമർശനം വലിയ കോയിത്തമ്പുരാന്റെ ശ്രദ്ധയിൽ പെടുകയും, ദോഷാരോപണം പ്രായേണ അസൂയാപ്രേരിതവും ലേഖകൻ ചൂണ്ടിക്കാണിച്ച ദോഷങ്ങൾ അതിതുച്ഛങ്ങളും സുസമാധേയങ്ങളും ആണെന്നു പ്രസ്താവിച്ചുകൊണ്ടു അവിടുന്നുതന്നെ മനോരമയ്ക്കെഴുതുകയും ചെയ്തു.

എല്ലാ വിമർശനങ്ങളും അങ്ങിനെ ആയിരുന്നു എന്നു പറഞ്ഞുകൂടാ. 1082 കർക്കടകമാസത്തിലെ 'സുജനവിനോദിനി'യിൽ കുന്നത്ത് ജനാർദ്ദനമേനോൻ ''വാല്മീകിയും ദക്ഷിണേന്ത്യയും'' എന്നൊരു ലേഖനം എഴുതിയിരുന്നു. അതിൽ, കിഷ്കിന്ധാകാണ്ഡം 41–ാം സർഗ്ഗത്തിലെ

തതോഹേമമയം ദിവ്യം
മുക്താമണിവിഭൂഷിതം
യുക്തം കവാടം പാണ്ഡ്യാനാം
ഗതോ ദ്രക്ഷ്യഥ വാനര!

എന്ന ശ്ലോകത്തിൽ പ്രയോഗിച്ച 'കവാട' ശബ്ദത്തെ 'വാതിൽ' എന്നു തർജ്ജമചെയ്തതു ശരിയായില്ലെന്നും അതൊരു സ്ഥലപ്പേരാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചതു തീർച്ചയായും ചിന്താർഹമായ ഒരു വിമർശനമായിരുന്നു.

അവിടം വിട്ടുപോയിട്ട്
ദിവ്യമായ് മുത്തണിഞ്ഞതായ്
പാണ്ഡ്യർക്കു തക്കതാം പൊന്നിൻ
വാതിൽ കാണാം പുവംഗരേ!

എന്നാണ് തർജ്ജമ. ജനാർദ്ദനമേനോന്റെ അഭിപ്രായത്തിന്നു എന്താണടിസ്ഥാനമെന്നറിയുന്നില്ല. എങ്കിലും ഒരു വാതിലിനെപ്പറ്റി അത്രകാര്യമായി ആദികവി പ്രസ്താവിച്ചിരിയ്ക്കുമോ എന്നു സംശയിച്ചതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ഏതായാലും വിവർത്തനം പഴയപടിതന്നെ ഇന്നും നിലനില്ക്കുന്നുണ്ട്.

1084 എടവത്തിലാണ് വിവർത്തകന്റെ ഒരു മനോഹരചിത്രത്തോടുകൂടി രാമായണതർജ്ജമ കേരളകല്പദ്രുമത്തിൽ അച്ചടിച്ചു് പുസ്തകരൂപത്തിൽ പുറത്തുവന്നതു്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഇംഗ്ലീഷിലെഴുതിയ ഒരു മുഖവുരയും അതിനെ അലങ്കരിച്ചിരുന്നു. യുവകവിയായ വള്ളത്തോളിന്റെ കവനകലയ്ക്ക് അമൂല്യമായൊരു കീർത്തിമുദ്രയായിക്കരുതാവുന്നതാണ് പ്രഗത്ഭസുന്ദരമായ ആ ആമുഖം. ഭാരതഖണ്ഡത്തിലെ നിരക്ഷരലക്ഷങ്ങൾക്കു രാമായണസൂക്തങ്ങൾ പരിചയപ്പെടുത്തിക്കൊടുത്ത സൂരദാസ്, തുളസീദാസ്, തുക്കാറാം, കമ്പർ,

ഫക്കീർ മോഹൻ സേനാപതി, മധുസൂദനദത്ത മുതലായ കേരളീയേതരകവികളുടെയും കണ്ണശ്ശപ്പണിക്കർ, കേരളവർമ്മരാജാ എന്നീ കേരളീയകവികളുടെയും ഭാഷാവിഷയകമായ സേവനം സ്മരണീയമാണെങ്കിലും മൂലകൃതിയുടെ ശരിയായ ഒരു വിവർത്തനം ഭാഷയ്ക്ക് സംഭാവനചെയ്യുകനിമിത്തം ബംഗാളിയിൽ ഹേമചന്ദ്രവിദ്യാരത്നവും തമിഴിൽ ശ്രീനിവാസയ്യങ്കാരും പോലെ മലയാളത്തിൽ വള്ളത്തോൾ നാരായണമേനോനും മഹനീയമായ ഒരു സേവനമാണനുഷ്ഠിച്ചിട്ടുള്ളത് എന്നും അതിബൃഹത്തും അതുല്യവുമായ ഒരിതിഹാസഗ്രന്ഥത്തിന്റെ നിർദ്ദോഷരമണീയമായ ഭാഷാന്തരീകരണത്താൽ, അനുഗൃഹീതനായ ആ യുവകവി കേരളീയരുടെ കൃതജ്ഞതയ്ക്ക് പാത്രമായിത്തീർന്നിട്ടുണ്ടെന്നും, സ്വതസ്സിദ്ധമായ വാഗ്ധാടിയോടുകൂടി, വലിയ കോയിത്തമ്പുരാൻ മുഖവുരയിൽ പ്രസ്താവിച്ചിരുന്നു. 'വിജ്ഞന്മാരഭിനന്ദിച്ചേ വിജ്ഞാനം സാധുവായ്വരൂ' എന്ന കവിവാക്യം അനുസ്മരിച്ചു വിവർത്തകൻ കൃതാർത്ഥനാവുകയുംചെയ്തു.

ഈ മുഖവുരയ്ക്കുപുറമെ, അപ്പൻതമ്പുരാന്റെ സുദീർഘവും സാരസമ്പൂർണ്ണവുമായ ഒരവതാരിക വേറെയും ഉണ്ടായിരുന്നു.

''സംസ്കൃതഭാഷയിൽ അപരിചിതന്മാരായ കേരളീയർക്കു ഭാഷാദേവിയുടെ പ്രസാദംകൊണ്ടു രാമായണകഥാസാരസർവ്വസ്വം പലവിധത്തിലും സുലഭമായിത്തീർന്നിട്ടുണ്ടെങ്കിലും കവിതാശാഖയിലിരുന്നുകൊണ്ടു രാമനാമത്തെ മധുരമാകുംവണ്ണം കൂജനംചെയ്യുന്ന വാല്മീകികോകിലത്തിന്റെ വാങ്മാധുരിയെ ആസ്വദിപ്പാൻ പ്രസ്തുത തർജ്ജമ പുറത്തുവരുന്നതുവരെ യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നതായി ഞാൻ ഓർക്കുന്നില്ല.....വാല്മീകിരാമായണം മൂലത്തിന്റെ അനുഭവമാത്രഗോചരമായ മാധുര്യം കഴിയുന്നേടത്തോളം കുറവുകൂടാതെ ഭാഷയിൽ പകർത്തുവാൻ എവിടെയെങ്കിലും ശ്രമംചെയ്തിട്ടുണ്ടെങ്കിൽ അത് ഈ നേർതർജ്ജമയിൽത്തന്നെയാണ്.....വാല്മീകിരാമായണത്തിന്റെ സ്വയംപ്രകാശം കഴിയുന്നതും പ്രതിബിംബിപ്പിക്കണമെങ്കിൽ വഴിപോലെയുള്ള ഒരു നേർ തർജ്ജമകൊണ്ടേ സാധിയ്ക്കയുള്ളൂ. ഈയൊരു ഫലം ഈ വൃത്താനുവൃത്തതർജ്ജമകൊണ്ടു സിദ്ധിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്നതിൽ ഞാൻ ഒട്ടും സംശയിക്കുന്നില്ല'' എന്നായിരുന്ന അപ്പൻതമ്പുരാന്റെ അഭിപ്രായം. അവതാരികയുടെ ശേഷം ഭാഗം രാമായണാന്തർഗ്ഗതമായ കഥാബന്ധത്തെക്കുറിച്ചുള്ള ഒരു പരാമർശമാണ്.

രാമായണതർജ്ജമ പ്രസിദ്ധപ്പെടുത്തീട്ട് അമ്പതിലധികം കൊല്ലം കഴിഞ്ഞു. വള്ളത്തോളിന്റെ ഇതരകൃതികൾക്കുണ്ടായിട്ടുള്ളത്ര പ്രചാരം അതിനുണ്ടായിട്ടുണ്ടെന്നു പറയുവാൻ പ്രയാസമാണ്. രാമായണമെന്നു പറഞ്ഞാൽ എഴുത്തച്ഛന്റെ അദ്ധ്യാ

ത്മരാമായണമെന്നാണ് കേരളത്തിൽ മിക്കവരും മനസ്സിലാക്കുക. അതിനാണ് ജനമദ്ധ്യത്തിൽ അധികം പ്രചാരവും പ്രാമാണ്യവും ലഭിച്ചിട്ടുള്ളതു്. വാല്മീകിയുടെ ആശയങ്ങൾ ശരിയായറിയുന്നതിനു അദ്ധ്യാത്മരാമായണംമാത്രം മതിയാവുകയില്ല. സാഹിത്യാഭിരുചിയെക്കാൾ അധികം അദ്ധ്യാത്മികവിഷയങ്ങളിലുള്ള അഭിനിവേശമാണ് എഴുത്തച്ഛന്റെ രാമായണത്തിലേക്കു സാധാരണജനങ്ങളുടെ ശ്രദ്ധയെ ആകഷ്ിക്കുന്നതു്. ആദികവിയുടെ ആശയപ്പൊലിമ തികച്ചും ആസ്വദിയ്ക്കണമെങ്കിൽ മൂലഗ്രന്ഥംതന്നെയോ അതിന്റെ ശരിയായൊരു മലയാളവിവർത്തനമെങ്കിലുമോ വായിക്കണം. വള്ളത്തോളിന്റെ പരിശ്രമം അതിനുള്ള വഴി തുറന്നുവെച്ചുസ്ഥിതിയ്ക്കു, കേരളീയർ—വിശേഷിച്ചു സംസ്കൃതഭാഷയറിയാത്തവർ—അതിനെ സ്വാഗതംചെയ്യേണ്ടതാണ്. പക്ഷേ മൂലകൃതിയുടെ സർവാതിശായിയായ പ്രചാരം തർജ്ജമയ്ക്കു കിട്ടിയിട്ടില്ലെന്നാണ് അനുഭവം. വൃത്താനുവൃത്തമായി ശ്ലോകരൂപേണ വിവർത്തനംചെയ്യുന്നതിനുപകരം കേക, കാകളി മുതലായ കേരളീയവൃത്തങ്ങളിലായിരുന്നു തർജ്ജമയെങ്കിൽ അതിനു ജനങ്ങൾ ഇപ്പോഴത്തേതിലുമധികം അംഗീകാരംനല്കുമായിരുന്നില്ലേ എന്നു ചിലപ്പോൾ സംശയം തോന്നിപ്പോകുന്നു. എഴുത്തച്ഛന്റെ കിളിപ്പാട്ടിനു ലഭിച്ചിട്ടുള്ള പ്രചാരം ആലോചിക്കുമ്പോൾ, ദ്രാവിഡവൃത്തങ്ങളോടു പൊതുവെ ആധുനികർ കാണിക്കുന്ന ആഭിമുഖ്യം മുൻനിർത്തി ആ സംശയം തീരേ അസ്ഥാനത്തിലല്ലെന്നു പറയാം. വാല്മീകിരാമായണത്തിനു കോട്ടയത്തു കേരളവർമ്മത്തമ്പുരാന്റെ തർജ്ജമ ദ്രാവിഡവൃത്തത്തിലായിരുന്നു. ആ ഗ്രന്ഥം ഇപ്പോൾ ലുപ്തപ്രചാരമായിത്തീർന്നിരിക്കയാണ്.

വള്ളത്തോളിന്റെ തർജ്ജമയിതുവരെയായി മൂന്നോ നാലോ പതിപ്പുകളുണ്ടായിട്ടുണ്ടു്. ആദ്യത്തെ പതിപ്പിൽ പല പാകപ്പിഴകളും കടന്നുകൂടിയിരുന്നതു് പിന്നീടു പരിഹരിച്ചതെങ്ങിനെയാണെന്നു വള്ളത്തോൾതന്നെ വിവരിച്ചിട്ടുണ്ടു്:—

''എന്റെ രാമായണതർജ്ജമ പുറത്തുവന്നതു് ഒരു നാല്പതിൽപുറം വർഷങ്ങൾക്കുമുമ്പാണ്; അന്നതിനു കിട്ടിയ ശ്ലാഘയോ ആകാശത്തെ കുത്തിത്തുളയ്ക്കുന്നതെന്നു! പിന്നീടു ഒരു പത്തു കൊല്ലങ്ങൾക്കുശേഷം ഒരാവശ്യത്തിനുവേണ്ടി ഒരു സർഗ്ഗം (കാണ്ഡം ഏതെന്നു ഇപ്പോൾ ഓർമ്മയില്ല) വായിച്ചുനോക്കിയപ്പോളാണ് ആ ശ്ലാഘയുടെ പൊള്ളത്തരം എനിയ്ക്കു മനസ്സിലായതു്: ചിലർ സ്തുതിച്ചു; അവരെ മറ്റുള്ളവരും പിന്തുടർന്നു എന്നുമാത്രം! തർജ്ജമയിൽ തെറ്റൊന്നും എന്റെ ദൃഷ്ടിയിൽപ്പെട്ടില്ല; എന്നാൽ ജീവൻ തെല്ലും വന്നിട്ടില്ലായിരുന്നു.

26 വയസ്സുകാരനായ ഒരവ്യൽപന്ന യുവാവു് മുമ്പു വായിച്ചിട്ടില്ലാത്ത ഒരു വിശ്വസാഹിത്യഗ്രന്ഥം വിവർത്തനംചെയ്യാൻ മുതിർന്നാലത്തെ സ്ഥിതിയെന്തായിരിക്കും! അതിനാൽ യഥാശക്യം സംസ്കാരപ്പെടുത്താതിരിക്കുന്നതു സ്വഭാഷയോടു ചെയ്യുന്ന ഒരപരാധംകൂടിയാണെന്നതോന്നി. അന്നുമുതല്ക്കുതന്നെ അച്ചടിപ്പുസ്തകത്തിൽ തിരുത്തിയെഴുതാനും തുടങ്ങി. തിരുത്തൽകഴിഞ്ഞപ്പോഴും തർജ്ജമ മിക്കതും മുമ്പേത്തതല്ലാതായിപ്പോയി. മുമ്പേത്തതിൽ മൂന്നിലൊരംശംപോലും ഈ പതിപ്പിൽ കാണില്ല!

''രാമായണ—ഭാരതങ്ങളിലെ ഭാഷ സംഭാഷണഭാഷപോലെ സരളവും ലളിതവുമാണെന്നാണു് എനിയ്ക്കു തോന്നിയിട്ടുള്ളതു്; അതിനാൽ തർജ്ജമയും കഴിയുന്നത്ര സംഭാഷണഭാഷയിലാകണം. സവ്വോപരി രസവും പുറപ്പെടണം. ഇതിനു വേണ്ടിയാണു് ഞാൻ വെട്ടിത്തിരുത്തൽ തുടങ്ങിയതു്.''*

ചില ഉദാഹരണങ്ങൾകൊണ്ടു മേല്പറഞ്ഞ ഭേദപ്പെടുത്തൽ ദൃഷ്ടാന്തപ്പെടുത്താം:—

1. *മൂലം* യഥാവൽ പൂജിതസ്തേന
ദേവഷ്നിർനാരദസ്തദാ
ആപൃഷ്ടോവാഭ്യനുജ്ഞാതഃ
സ ജഗാമ വിഹായസം.

(ബാലകാണ്ഡം. സർഗ്ഗം 2—2)

ആദ്യത്തെ തർജ്ജമ
ചേരും മട്ടങ്ങവൻ പൂജി
ച്ചോരു ദേവഷ്നിനാരദൻ
പറഞ്ഞു സമ്മതംവാങ്ങി
പ്പുറം വാനേറിനാനവൻ.

പരിഷ്കരിച്ച തർജ്ജമ
അവനാൽ നേർക്കു പൂജിക്ക
പ്പെട്ട ദേവഷ്നിനാരദൻ
യാത്രചോദിച്ചു വിടയും
വാങ്ങി വാനത്തുകേറിനാൻ.

2. *മൂലം* മാനിഷാദ പ്രതിഷ്ഠാം ത്വ
മഗമശ്ശാശ്വതീസ്സമാഃ
യൽ ക്രൌഞ്ചമിഥുനാദേക
മവധീഃ കാമമോഹിതം.

(ബാ: കാ: 2—15)

ആദ്യത്തെ തർജ്ജമ
മാനിഷാദ ഭവാനേല്ലൂ
കേറെക്കാലം പ്രതിഷ്ഠയെ

* 1124 ധനുവിൽ വടക്കുംകൂർ രാജരാജവർമ്മരാജാവിന്നയച്ച ഒരെഴുത്തിൽ നിന്നു്.

കാമാന്ധക്രൌഞ്ചയുഗത്തി
ലേകന്നേകീലയോ വധം?

പരിഷ്കരിച്ച തജ്ജമ
മാനിഷാദ ഭവാൻ നേട്ട
കേറെനാൾ നിലനില്പിനെ
കൊന്നല്ലോ ക്രൌഞ്ചയുഗത്തിൽ
ക്കാമപ്പിച്ചാളമാണിനെ.

3. *മൂലം*

തേഷാം വചസ്സുവ്ഗ്രണോപപന്നം
പ്രസ്വിന്നഗാത്രഃ പ്രവിഷണ്ഡരൂപഃ
നിശമ്യ രാജാ കൃപണസ്സഭാര്യോ
വ്യവസ്ഥിതസ്തം സുതമീക്ഷമാണഃ

(രാ: ക: 40—52)

ആദ്യത്തെ തജ്ജമ
ഗ്രണംതികഞ്ഞുള്ളവർ തൻ വചസ്സു
ദേഹം വിയത്തും പെരുതല്പൽ പൂണ്ടും
കേട്ടാത്തനായ് പത്നികളോടുമൊത്തു
നരേന്ദ്രനാപ്പുത്രനെ നോക്കിനിന്നാൻ.

പരിഷ്കരിച്ച തജ്ജമ
ഗ്രണംതികഞ്ഞുള്ള തദീയവാക്യം
കേട്ടിട്ട പത്നീയുതനാം നൃപാലൻ
വല്ലായ്മ പൂണ്ടുണ്ണിയെ നോക്കിനിന്നാൻ
ദുഃഖം മുഴുത്തും തിരുമൈ വിയത്തും.

4. *മൂലം*

രാത്രിശ്ശശാങ്കോദിത സൌമ്യവക്ത്രാ
താരാഗണോന്മീലിതചാരുനേത്രാ
ജ്യോത്സ്നാംശുക പ്രാവരണാ വിഭാതി
നാരീവ ശുക്ലാംശുകസംവൃതാംഗീ.

(കി: കാ. 30—46)

ആദ്യത്തെ തജ്ജമ
ഉദിച്ച സൌമ്യേന്ദുമുഖം മിഴിച്ച
നൽത്താരകക്കണ്ണിവയൊത്ത രാത്രീ
തുവെണ്ണിലാപ്പട്ടുപുതച്ച വെള്ള
പ്പുതപ്പെഴും പെൺപടിയുല്ലസിച്ചു.

പരിഷ്കരിച്ച തജ്ജമ
പ്രത്യക്ഷസൌമ്യേന്ദുമുഖം മിഴിച്ച
നൽത്താരകക്കണ്ണിവയൊത്ത രാത്രീ
തുവെണ്ണിലാപ്പട്ടു പുതച്ചുനില്പൂ
വെൺപട്ടുടുപ്പാന്നൊരു മങ്കപോലേ.

തജ്ജമ തെറ്റില്ലാത്തതായാൽ പോരാ; സരളവും ലളിതവുമായിരിക്കണമെന്ന നിഷ്കൃഷ്ടയുടെ ഫലമാണു പരിഷ്കരിച്ച പാഠങ്ങളിൽ കാണുന്നത്. ഈമാതിരി മിനുസപ്പണിയിൽവള്ളത്തോൾതുലികയ്ക്കുള്ളകാലത്തും വലിയ മിടുക്കുണ്ടായിരുന്നു!

ഏഴാം അധ്യായം

ബധിരവിലാപം

"എന്താ നിങ്ങൾ സ്വകാര്യം പറയുന്നത്? എനിയ്ക്കു കേൾക്കാൻ പാടില്ലേ?" എന്നു സ്നേഹിതൻ ചോദിച്ചപ്പോൾ കൂട്ടുകാർ അന്ധാളിച്ചുപോയി. അവരുടെ സംഭാഷണത്തിൽ യാതൊരു രഹസ്യവും ഉണ്ടായിരുന്നില്ല. പതിവുപോലെയുള്ള സ്വരത്തിൽത്തന്നെ ആയിരുന്നു അവർ സംസാരിച്ചിരുന്നത്.

ഇതായിരുന്നു വള്ളത്തോളിന്റെ ബാധിര്യാരംഭം!

1084 മിഥുനത്തിൽ (1909) ആകസ്മികമായി ബാധിച്ച ചെറിയൊരു ജലദോഷവും ചെകിടടപ്പും കാലക്രമത്തിൽ ബാധിര്യമായിക്കലാശിക്കുമെന്നാരും തീരേ വിചാരിച്ചില്ല. തൊണ്ടയിൽ തെല്ലൊരസുഖം തോന്നിയത് സാധാരണമായ നീരിളക്കംകൊണ്ടാണെന്നു തൃശ്ശൂരിലെ ഒരു ഡോക്ടർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെയും വൈദ്യൻ പി. കെ. നാരായണൻ നമ്പീശന്റെയും ചികിത്സകൊണ്ടു തൽക്കാലം അതിന്നാശ്വാസം കിട്ടുകയും ചെയ്തു. പക്ഷേ ക്രമേണ ശ്രവണശക്തി കുറഞ്ഞുവരുന്നതായി തോന്നുകയാൽ വേറെ ചില വിദഗ്ധന്മാരെക്കൊണ്ടു ചെവി പരിശോധിപ്പിച്ചു. ഒരെണ്ണ കാച്ചിത്തേച്ചിട്ടും ഫലം കണ്ടില്ല.

കേൾക്കില്ലാരെന്തുതന്നേ പറയുകിലുമിതെ
ന്തീനിലയ്ക്കാകിലാരും
നോക്കില്ലല്ലോ മുഖത്തല്പവുമിതിലധികം
ദുഃഖമെന്തുള്ള വേറേ?
ലാക്കിൽത്തൃക്കണ്ണയച്ചെൻ ചെകിടടവിതു തീ
ത്തെന്നെ നീ ദേവി! മുൻമ—
ട്ടാക്കിത്തീർക്കേണമെന്നേയിതു പൊഴതടിയ
ന്നുള്ള നിന്നോടപേക്ഷ

എന്നു വിലപിക്കത്തക്കവണ്ണം ആശങ്കാജനകമായിരുന്നു അപ്പോഴത്തെ അവസ്ഥ.

ആലുവായിൽ പ്രാക്ടീസുചെയ്തുകൊണ്ടിരുന്ന ഡോക്ടർ ശങ്കരൻ വലിയത്താനെ കാണിച്ചാൽ ഗുണംകിട്ടുമെന്നു പലരും പറഞ്ഞതനുസരിച്ചു വള്ളത്തോൾ അദ്ദേഹത്തെ ചെന്നുകണ്ടു.

ഏതാൻ ദിവസംകൊണ്ടു ചികിത്സിച്ചു ചെവി കേൾക്കാറാക്കാമെന്നും മദിരാശിയിൽനിന്നൊരു മരുന്നെഴുതിവരുത്തി അതോടുകൂടി ചികിത്സയ്ക്കൊരുങ്ങി വരണമെന്നും അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ചു 1085 ധനു 27–ാംനു- (1910 ജനവരി) നാരായണമേനോൻ ആലുവായിലെത്തി അവിടെ താമസമാക്കി. ചികിത്സച്ചിലവിലേക്കു തറവാട്ടിൽനിന്നെന്തെങ്കിലും സഹായംചെയ്യാമെന്നു കാരണവർ പറഞ്ഞയച്ചതും തെല്ലൊരു സമാധാനത്തിനിടയാക്കി. പൂർണ്ണസുഖം കിട്ടുവാൻ രണ്ടുമാസം വേണ്ടിവന്നേയ്ക്കുമെന്നും പതിനഞ്ചുദിവസംകൊണ്ടുതന്നെ ചികിത്സയുടെ ഫലം കാണാതിരിക്കയില്ലെന്നുമായിരുന്നു ഡോക്ടരുടെ അഭിപ്രായം. രോഗശമനത്തെക്കുറിച്ചുള്ള പ്രത്യാശ ആലുവായിലെ നിരുന്മേഷമായ ജീവിതത്തെ ഏറക്കുറെ സഹനീയമാക്കി, ഡോക്ടരുടെ ചികിത്സാവിധിയ്ക്കു വിധേയനായി അങ്ങിനെ കുറച്ചു ദിവസം അവിടെ പാർത്തു. രോഗിയിൽ തനിയ്ക്കുള്ള താൽപര്യത്തെപ്പറ്റി വലിയ കോയിത്തമ്പുരാൻ അറിയിച്ചിരുന്നതിനാൽ, ഡോക്ടർ വലിയത്താന്റെ ശ്രദ്ധ പൂർവ്വാധികം വർദ്ധിച്ചു. ഔഷധവീര്യമുള്ളതായി പ്രസിദ്ധിനേടിയ ചൂർണ്ണിയാറ്റിൽ കുളിയ്ക്കുന്നതിന്നു വിരോധമില്ലെന്നു ഡോക്ടർ അഭിപ്രായപ്പെട്ടതിനാൽ,

ശിവജടയിലെഴുന്നാഗ്രംഗയും കുമ്പിടും നിൻ
ശിവകരസലിലത്തിൽ സ്നാനമിന്നാചരിപ്പൻ
ഇവനനിശമിണങ്ങും നീരിറക്കം നിറുത്താൻ
തവ കനിവിയലേണം തുർണ്ണമെൻ ചൂർണ്ണിയാറേ!

എന്ന പ്രാർത്ഥനയോടുകൂടി അതിൽ സ്നാനംചെയ്തു. എന്തായിട്ടും രോഗംമാറുന്ന ലക്ഷണമൊന്നും കണ്ടില്ല. ഒടുവിൽ ചെവിയ്ക്കുകത്തൊരു ശസ്ത്രക്രിയതന്നെ വേണ്ടിവരുമെന്നും അതിന്നു മദിരാശിയിൽ ഡോക്ടർ ടി. എം. നായരെ ചെന്നുകണ്ടേ മതിയാവൂ എന്നും പറഞ്ഞു ഒരു കത്തോടുകൂടി ഡോക്ടർ വലിയത്താൻ രോഗിയെ ആലുവായിൽനിന്നു യാത്രയാക്കി.

1085 മകരം 18–ാംനു- (1910 ഫിബ്രുവരിയിൽ) വള്ളത്തോൾ മദിരാശിപ്പട്ടണത്തിൽ വണ്ടിയിറങ്ങി. അതു അദ്ദേഹത്തിന്റെ ആദ്യത്തെ സന്ദർശനമായിരുന്നു എങ്കിലും താനൊരു ബധിരനാകുവാൻ പോവുകയാണോ എന്ന ഭയം നിമിത്തം പട്ടണത്തിന്റെ സൌഭാഗ്യത്തിലൊന്നും അദ്ദേഹത്തിന്റെ മനസ്സു പറയത്തക്കവിധം പതിഞ്ഞില്ല.

കർണ്ണരോഗ ചികിത്സയിൽ വിദഗ്ദ്ധനായ ഡോക്ടർ നായരുടെ അഭിപ്രായവും വളരെ ആശാവഹമായിരുന്നില്ല. ചെവി മുൻസ്ഥിതിയിലാവുക മിക്കവാറും അസാദ്ധ്യമാണെന്നും മൂന്നാഴ്ച



ഒന്നാം വരി (ഇരിക്കുന്നവർ): കൊട്ടാരത്തിൽ ശങ്കുണ്ണി, ഉള്ളൂർ, നടുവത്തച്ഛൻ നമ്പൂതിരിപ്പാട്, അപ്പൻതമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പുന്നശ്ശേരി നമ്പി, പന്തളം കേരളവർമ്മത്തമ്പുരാൻ.

രണ്ടാം വരി: ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, കുണ്ടൂർ നാരായണമേനോൻ, നടുവത്ത് മഹൻനമ്പൂതിരിപ്പാട്, കാത്തുള്ളി അച്യുതമേനോൻ, പെട്ടരഴിയത്ത് രാമൻ എളയത്, വള്ളത്തോൾ നാരായണമേനോൻ, സി. പി. കൃഷ്ണനെളയത്.

മൂന്നാം വരി: ചങ്ങരംകോത കൃഷ്ണൻകുത്താവു, ഒടുവിൽ ശങ്കരൻകുട്ടിമേനോൻ.



വാല്മീകിരാമായണം തർജ്ജമചെയ്ത കാലത്ത്

മദിരാശിയിൽ താമസിച്ചു തന്റെ ചികിത്സയ്ക്കു വിധേയനാവുകയാണെങ്കിൽ കുറച്ചൊരാശ്വാസത്തിനു വഴിയുണ്ടോ എന്നു പരീക്ഷിച്ചുനോക്കാമെന്നുമാണദ്ദേഹം പറഞ്ഞത്. രോഗം പരിച്ഛേദമായി മാറുകയില്ലെന്നാണ് ഡോക്ടർ നായരെപ്പോലെ വിദഗ്ധനും പരിചയസമ്പന്നനുമായ ഒരു ഭിഷഗ്വരന്റെ അഭിപ്രായമെന്നു മനസ്സിലായപ്പോൾ വള്ളത്തോൾ നിരാശാഭരിതനായി. എങ്കിലും ഡോക്ടർ നിർദ്ദേശിച്ച ചികിത്സകൊണ്ടു വല്ല ഗുണവും കിട്ടിയാലായല്ലൊ എന്ന മോഹത്താൽ കുറച്ചു നാൾകൂടി മദിരാശിയിൽ താമസിക്കുവാൻ തീച്ചപ്പെടുത്തി ചികിത്സനടത്തി. നിർഭാഗ്യവശാൽ യാതൊരു ഭേദവും ഉണ്ടായില്ല.

ഇതിനിടയിൽ നാട്ടിലുള്ളവർ ഒരു ജ്യോത്സ്യനെക്കൊണ്ടു രാശിവെപ്പിച്ചു നോക്കിയപ്പോൾ, മുജ്ജന്മദുരിതമാണ് ബാധിര്യത്തിനു മുഖ്യഹേതുവെന്നും ചില പ്രതിവിധികൾ ചെയ്തുപ്പുറങ്ങോട്ടു മൂസ്സിനെക്കൊണ്ടു ചികിത്സിപ്പിച്ചാൽ കുറെ പൊറുതികിട്ടാനിടയുണ്ടെന്നും കണ്ടതായി ഒരെഴുത്തു കിട്ടുകയാൽ ഡോക്ടർ നായരോടു വിടവാങ്ങി കുംഭം 8–ാംനു (1910 ഫിബ്രുവരി 19–ാംനു) വള്ളത്തോൾ നാട്ടിലേക്കു മടങ്ങി.

മദിരാശിയിൽ താമസിച്ച കാലത്ത് ആതിഥേയരായിരുന്ന വൈദ്യവിദ്യാർത്ഥികളുടെ ഒത്താശയോടുകൂടി വള്ളത്തോൾ ഒരിയ്ക്കൽ അവിടത്തെ മെഡിക്കൽകോളേജ് സന്ദർശിക്കുവാൻ പോയി. അവയവങ്ങളുടെ ഘടനയും മറ്റും മനസ്സിലാക്കുവാൻ വേണ്ടി വിദ്യാർത്ഥികൾ മൃതദേഹങ്ങൾ കീറിപ്പരിശോധിക്കുന്നതു കണ്ടപ്പോൾ വള്ളത്തോളിനുണ്ടായ മടുപ്പു വൈദ്യശാസ്ത്രം പഠിച്ചു കുറച്ചുകാലം രോഗികളെ ചികിത്സിച്ച ഒരാളുടെ അനുഭവത്തിൽനിന്നുണ്ടായതാണെന്നു വിശ്വസിക്കുവാൻ പ്രയാസം തോന്നുന്നു! അന്നെഴുതിയതാണീ ശ്ലോകങ്ങൾ:—

മേശപ്പുറത്തു മൃതരാം നരരെക്കിടത്തി
യാശങ്കവിട്ടടൽമുറിച്ചുടനീ യുവാക്കൾ
കേശം തുടങ്ങിയടിയോളമകത്തെമട്ടും
ക്ലേശംപെടാതെയിഹകണ്ടു ധരിച്ചിടുന്നു.

എത്തിച്ചുറുമിരുന്നറപ്പൊഴിയെയീ
വിദ്യാർത്ഥിമാരേവരും
കൊത്തിച്ചീന്തി വലിച്ചിടുന്നിതു കഴ
പ്രായം ശവശ്രേണിയെ.
മർദ്ദിയ്ക്കുംപടി മൂക്കിലേക്കുകയറും
ദുർഗ്ഗന്ധമെന്തോതിടാം?
ഛർദ്ദിയ്ക്കാതിവിടുന്നു വിട്ടൊഴിയുവാൻ
നമ്മൾക്കു സാധിച്ചിടാ.

അന്നു മദിരാശിയിൽ പാർത്തിരുന്ന മലയാളികളുടെ മാതൃഭാഷാസ്നേഹത്തിന്റെ വിരളതയെപ്പറ്റി വളരെക്കൊല്ലങ്ങൾക്കുശേഷം വള്ളത്തോൾ ഇങ്ങിനെ അനുസ്മരിക്കുകയുണ്ടായി:—''അക്കാലത്ത് ഈ പട്ടണത്തിലുള്ള മലയാളിമാന്യന്മാർക്ക് അവരുടെ മാതൃഭാഷ ഏതോ ഒരകന്ന ചാർച്ചക്കാരി മാത്രമായിരുന്നു എന്നെനിക്കു തോന്നി. പത്തും പന്ത്രണ്ടും വയസ്സുകൾക്കിടയിലുള്ള രണ്ടു മലയാളി ബാലന്മാർ എന്റെ കൂട്ടുകാരന്റെ അടുക്കൽ ഓടിവന്നു കൈപിടിച്ചുകുലുക്കി ഒരുതരം ബട്ട്ളർ ഇംഗ്ലീഷിൽ സംസാരിച്ചത് ഇന്നും സവിസ്മയം അനുസ്മരിക്കുന്നു. ആ പിഞ്ചുകുട്ടികൾക്കു സ്വഭാഷയിലെ ഒരു പദംപോലും അറിഞ്ഞുകൂടായിരുന്നുപോൽ!''—അരനൂറ്റാണ്ടുമുമ്പുണ്ടായിരുന്ന ആ സ്ഥിതിയിൽനിന്നു ഇന്നു വളരെ ഭേദപ്പെട്ടിട്ടുണ്ടെങ്കിലും മറുനാട്ടിൽ പാർക്കുന്ന മലയാളികളുടെ മാതൃഭാഷാഭിമാനം ഇന്നും വേണ്ടപോലെ വർദ്ധിച്ചിട്ടുണ്ടെന്നു പറയാമോ എന്നു സംശയമാണ്.

കുംഭമാസം 9–ാംനു- വള്ളത്തോൾ വടക്കാഞ്ചേരിയിൽ വണ്ടിയിറങ്ങി പിറ്റെന്നാൾ ഭാര്യവീട്ടിലെത്തിച്ചേർന്നു. അനന്തരകരണീയത്തെക്കുറിച്ചാലോചിക്കുന്നതിനിടയിൽ ഒരു ''ബ്രാഹ്മിസ്തവം'' എഴുതി കേരള കാഹളം എന്ന പത്രത്തിന്നയച്ചുകൊടുത്തു. അതിലുണ്ടായിരുന്ന ഒമ്പതു ശ്ലോകങ്ങളിൽ ആദ്യത്തേത് മുമ്പുദ്ധരിച്ച ''കേൾക്കില്ലാരെന്തുതന്നെ'' എന്നു തുടങ്ങുന്ന ശ്ലോകമായിരുന്നു. വേറെ രണ്ടു ശ്ലോകങ്ങൾകൂടി ഇവിടെ പകർത്താം:—

കൊള്ളാവുംവേലമൂലം തടവിനപുകളാ
ലജ്ജനത്വം ലഭിച്ചാൽ
കൊള്ളാമെന്നോർത്തു തൃക്കാലടികളിലടിമ
പ്പെട്ടു പാർക്കുന്നൊരെന്നെ,
തള്ളാതിങ്ങാവതോളം വിജയനില വരാൻ
കണ്ണുവിദ്വേഷിസൂത
ന്നുള്ളാരോമൽ സ്വസാവേ! മമ ബത ഹതക
ണ്ണത്വമേകുന്നിതോ നീ?

ശീലിച്ചിട്ടില്ല ഞാനാക്കുടിലഗതി, ഭുജം
ഗത്വമില്ലിങ്ങു, കൈവ
ന്നീലിന്നോളം ദ്വിജിഹ്വത്വവുമിവനു ജഗൽ
പ്രാണനല്ലുണിനമ്മേ!
ചേലിൽത്വൽക്കാന്തമെയ്ക്കോപ്പുകളുടെ കിടയിൽ
കണ്ണിനാൽ കേൾക്കുവാനെ
ന്നാലിപ്പോളാവതല്ലെൻ ചെകിടടവിതുടൻ
തീർത്തു നീ കാത്തിടേണം.

ബാധിര്യ ബാധയെക്കുറിച്ചുള്ള അസ്വാസ്ഥ്യത്തിനിടയിലും കവിതാ വിഷയത്തിൽ വൈമുഖ്യം സംഭവിച്ചിരുന്നില്ല. കുണ്ടൂർ, പി. കെ. നാരായണൻനമ്പിശ്ശൻ എന്നിവരോടൊന്നിച്ചു ''കുബ്ജകന്യാ ചരിതം'' എന്ന ഖണ്ഡകാവ്യത്തിൽ ഒരു ഭാഗം വള്ളത്തോളാണ് എഴുതിയത്. വാല്മീകി രാമായണത്തിൽ ബാലകാണ്ഡത്തിലുള്ള ഒരുപാഖ്യാനത്തെ ഉപജീവിച്ചുകൊണ്ടുള്ളതായിരുന്ന അതിലെ ഇതിവൃത്തം. വള്ളത്തോളിൻറെ ഭാഗത്തിലുണ്ടായിരുന്ന ഇരുപത്തഞ്ചു ശ്ലോകങ്ങളിൽ ആദ്യത്തെ രണ്ടു ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

മുഴുമതിമുഖിമാരാം തൻറെ മക്കൾക്കു കൂനേ
റെഴുമഴൽ കുശനാഭൻ കണ്ടു വീർപ്പിട്ടിരിയ്ക്കേ
ഒഴുകിന ചുടുകണ്ണീർകൊണ്ടു താതൻറെ പാദം
കഴുകിയവർ നിലത്തായ് വീണ്ടുമേ വീണുരുണ്ടാർ.

അനലസഘനമഷ്ം പൂണ്ടു കൂനാക്കിവിട്ടോ
രനഘചരിതമാരാം കന്യമാർ നൂറുപേരും
വനമദകരി തുമ്പിക്കയ്യുകൊണ്ടൊന്നിടിച്ചീ
ടിന ലതകൾ കണക്കെക്കൊണികൾക്കല്ലലേകീ.

ബ്രഹ്മദത്തൻ കുമാരിമാരെ വേളികഴിക്കുന്നതോടുകൂടി അവസാനിക്കുന്ന ഈ ഖണ്ഡകാവ്യം കവനകൌമുദിയിൽ പ്രസിദ്ധപ്പെടുത്തിക്കാണാം. പ്രത്യേകം പുസ്തകമാക്കിയിട്ടില്ലെന്നാണ് തോന്നുന്നത്.

അക്കൊല്ലത്തെ ശിവരാത്രിയ്ക്കു തൃപ്പൂറങ്ങോട്ടു തൊഴാൻ പോയ അവസരത്തിൽ വൈദ്യൻ ഉണ്ണിമൂസ്സിനെക്കണ്ടപ്പോൾ, വഷ്ക്കാലത്തൊരു ശിരോവസ്തി കഴിച്ചാൽ കുറെ ആശ്വാസം കിട്ടാനിടയുണ്ടെന്നും തൽക്കാലം വേറൊരു ചികിത്സ പരീക്ഷിച്ചുനോക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എന്തെന്തുചെയ്താലാണ് രോഗം മാറിക്കിട്ടുക എന്ന പരിഭ്രമത്തിൽ തയ്യാറുമൂസ്സിനെയും ചെന്നുകാണുവാൻ തീച്ചയാക്കി. കുണ്ടൂർ നാരായണമേനോൻ, പി. കെ. നാരായണൻനമ്പിശ്ശൻ എന്നിവരൊന്നിച്ചു അദ്ദേഹത്തെകണ്ടു, ഒരാഴ്ചയുള്ള ഒരു ചികിത്സക്കുറിപ്പു അദ്ദേഹത്തിൽനിന്നും സമ്പാദിച്ചു മടങ്ങിപ്പോന്നു.

ഒടുവിൽ തൃപ്പൂറങ്ങോട്ടു മൂസ്സിൻറെ ചികിത്സതന്നെയാവട്ടെ എന്നു തീച്ചപ്പെടുത്തി ചെവിയിൽ ധൂപനവും തലയിൽ എണ്ണതേപ്പും തുടങ്ങിയെങ്കിലും തെല്ലും സമാധാനം കിട്ടിയില്ല.

ഏതെല്ലാമെണ്ണതേച്ചു, ചെവിയിണയിൽ മരു
ന്നെത്രകുട്ടം നിറുത്തീ

കാതെല്ലാനാളുമേറ്റു പുകയുമിഹ പെരു
ച്ചാഴിയുള്ളോവുപോലേ
നീതെല്ലും ദേവി! മത്സങ്കടമറിയുവതി
ല്ലെന്തിതെന്നാധിയായി
പ്പോതെല്ലുംതോല്വുമാകും പടിഞ്ഞടിതിചട
ഞ്ഞുന്നിതെൻമേനി വീണ്ടും.

എന്നായിരുന്നു അന്നത്തെ സ്ഥിതി!

ആ എടവത്തിൽ അമ്മയുടെ ശ്രാദ്ധത്തിന്നു വെട്ടത്തുനാട്ടിൽ പോയപ്പോഴും ആലത്തൂർ വലിയ നമ്പിയെക്കണ്ടു രോഗസ്ഥിതി ധരിപ്പിച്ചു. നമ്പിയുടെ വിധി ഇപ്രകാരമായിരുന്നു:— വാതത്തെ ക്ഷയിപ്പിക്കുന്ന ചികിത്സയാണിതുവരെ ചെയ്തത്. ക്ഷയിച്ച വാതത്തെ വർദ്ധിപ്പിക്കുകയാണിവിടെ ആവശ്യം. അതിനു വേണ്ടത്, നല്ല വെള്ളത്തിൽ രണ്ടുനേരവും മുങ്ങിക്കുളിക്കുക, ചെവിയിൽ, കാലത്തു പച്ചവെള്ളവും വൈകുന്നേരം കടുകെണ്ണയും നിത്തുക. നിത്യവും വയ്യിട്ടു കടുകെണ്ണതേച്ചു കുളിക്കുക ഇതെല്ലാമാണ്. ചികിത്സയാരംഭിക്കുന്നതിന്നുമുമ്പു തുപ്രയാറിൽപോയി തൊഴുതു, വഴിവാടായി നൂറിറിയൊന്നു വെടിവെപ്പിക്കുകയും വേണം.

വെടിയെൻ വഴിവാടിതെങ്കിലും
വെടിയാതെന്നഴലാറുവാനിതാ
അടിയൻ പണിയുന്നു തുപ്പരാ
റടിയുന്നീടിന ജാനകീപതേ!

എന്ന പ്രാർത്ഥനയോടുകൂടി ആ വഴിവാടും കഴിച്ചു ചികിത്സയാരംഭിച്ചു. നമ്പിക്കു ദക്ഷിണകൊടുക്കുമ്പോഴും നാലു ശ്ലോകങ്ങളും സമർപ്പിച്ചിരുന്നു.

പ്രാരബ്ധാൽ ജീവിതപ്പോരതിലനവരതം
മുന്നിടേണ്ടും ചെറുപ്പ
ക്കാരൻ ഞാനിപ്രകാരം ബധിരതപിടിപെ
ട്ടാർത്തനായ്പ്പാർത്തിടുന്നു.
പാരമ്പര്യക്കരുത്തും പഴമയുമറിവും
വാച്ച വൈദ്യേന്ദ്രനായു
ള്ളോരങ്ങുന്നെൻറെ മേലിത്തിരി കനിയുകിലോ
ഗണ്യമാം പുണ്യമുണ്ടാം.

എന്ന ശ്ലോകത്തിലെ 'അങ്ങുന്ന്' എന്ന പ്രയോഗവും

അയ്യോ ഞാൻ ശ്രുതികെട്ട പൊട്ടരിലൊരാ
ളായ്ത്തീർന്നിതിസ്സങ്കടം

വയ്യോതാ,നിതു മാറുവാൻ വിഷമമെ
ന്തങ്ങയ്യുവൈദ്യപ്രഭോ!

എന്ന ശ്ലോകാദ്ധ്യത്തിലെ 'അങ്ങയ്യു' എന്ന പ്രയോഗവും അനാവശ്യമായ ചില ആരോപണങ്ങൾക്കിടയാക്കി. പ്രയോഗങ്ങളുടെ അനൌചിത്യം ഹേതുവായി പ്രസ്തുത പദ്യങ്ങൾ നമ്പിയ്യു അസ്വീകാര്യങ്ങളായിത്തീർന്നിരിക്കയാണെന്നും, പദ്യകാരന്റെ കണ്ണുങ്ങൾക്കു ബാധിച്ച രോഗം ബുദ്ധിയ്യും ബാധിച്ചതുകൊണ്ടായിരിക്കാം ആ പ്രമാദം പററിയതെന്നും സൂചിപ്പിച്ചുകൊണ്ടു, പേരുവെക്കാത്ത ഒരു കത്ത് തപാൽവഴിയായി വള്ളത്തോളിന്നു കിട്ടി. അയച്ച സ്ഥലം തിരുവിലാമലയാണെന്നു തപാലാപ്പീസ്സിന്റെ സീലിൽനിന്നു മനസ്സിലായെങ്കിലും എഴുതിയ ആളുടെ പേരെന്താണെന്നു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. സംസ്കൃതാശയനായ നമ്പിയ്യു തോന്നിയിരിയ്യുവാനിടയില്ലാത്ത നീരസം ഏതോ ഒരല്പരസക്കാരൻ അദ്ദേഹത്തിലാരോപിച്ചുകൊണ്ടു തൊട്ടുത്തുവിട്ട ഒരൊളിയമ്പായിരുന്നു ആ എഴുത്തെന്നു സ്പഷ്ടമായിരുന്നു എങ്കിലും, മര്യാദവിചാരിച്ചു വള്ളത്തോൾ ഉടൻതന്നെ, താൻ യാതൊരനാദരവും ഉദ്ദേശിച്ചിരുന്നില്ലെന്നും അതിനെപ്പററി പരിഭവംതോന്നരുതെന്നും പ്രസ്താവിച്ചുകൊണ്ടു നമ്പിയ്യുരെഴുത്തയച്ചു. നമ്പിയ്യു യാതൊരു മുഷിച്ചലും വാസ്തവത്തിൽ ഉണ്ടായിരുന്നില്ല. ഏതോ ഒരു വക്രബുദ്ധിയുടെ വിക്രിയമാത്രമായിരുന്ന ആ കള്ളക്കത്ത്!

കേരളകല്പദ്രുമം അച്ചുക്കൂടത്തെ ഒരു പുതിയ കമ്പനിയുടെ ഉടമസ്ഥതയിൽ കൊണ്ടുവരുവാനുള്ള ആലോചനകൾ ഇതിനിടയിൽ നടന്നുകൊണ്ടിരുന്നു. മംഗളോദയം ലിമിററഡ് എന്ന പേരിലുള്ള ആ കമ്പനിയുടെ കീഴിൽ, ഇഷ്ടമുള്ളപക്ഷം, വള്ളത്തോളിന്നൊരുദ്യോഗം കൊടുക്കാമെന്നു പുതിയ മേധാവികൾ പറഞ്ഞുവെങ്കിലും അനാരോഗ്യംകാരണമായി കുറച്ചുകാലത്തേക്കു ഉദ്യോഗത്തിൽനിന്നു പിന്മാറാൻതന്നെ അദ്ദേഹം നിശ്ചയിച്ചു. കേരള കല്പദ്രുമത്തിന്റെ മാനേജർ സ്ഥാനത്തുനിന്നു 1085 കർക്കടകം 5—ംനു- (1910 ജൂലായി) വള്ളത്തോൾ ഒഴിഞ്ഞു. യാത്രയയപ്പുസംബന്ധിച്ച പ്രസ്താവകാർ ഒരു മീററിങ്ങ് കൂടി. അതിൽ അദ്ധ്യക്ഷതവഹിച്ച അപ്പൻതമ്പുരാൻ പ്രസ്തിലെ പ്രവൃത്തിക്കാക്കുവേണ്ടി കല്പ പതിച്ച ഒരു മോതിരം വള്ളത്തോളിന്നു സമ്മാനിച്ചു. പലരുടെയും മംഗളാശംസാ പ്രസംഗങ്ങളുണ്ടായിരുന്നു. കെ. വാസുദേവൻമൂസ്സത് ഇങ്ങിനെയൊരു മംഗളപദ്യം ചൊല്ലി:—

അതഃ സ്തുതിഃ കാ പുരുഷോത്തമസ്യ
നാരായണസ്യോജ്ജ്വല പുണ്യഭൂമ്നഃ

യൽ സത്യഭാമാ സഹിതശ്ചകാര
കല്പദ്രുമം ഭ്രജന ഭാഗ്യ ഭോഗ്യം.

അങ്ങിനെ ഉദ്യോഗഭാരം താഴത്തിറക്കി തൃശ്ശൂരിലെ വാസം തല്ക്കാലം അവസാനിപ്പിച്ച വള്ളത്തോൾ സ്വദേശത്തേക്കു മടങ്ങി. നമ്പിയുടെ ചികിത്സ മുറപ്രകാരം നടത്തുവാനും തുടങ്ങി.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ ചെവിയ്ക്കു സ്വല്പമൊരാശ്വാസം തോന്നി; എങ്കിലും ശ്രവണശക്തി ഒട്ടും ഭേദപ്പെട്ടില്ല. പിന്നെയും ഒരാഴ്ച കഴിഞ്ഞു. നാല്പെരിയ്ക്കുയും കഴിഞ്ഞു. ചികിത്സ അവസാനമായി. എന്നിട്ടുമില്ല പറയത്തക്ക യാതൊരു വ്യത്യാസവും!

വള്ളത്തോളിന്നു ചെവികേൾക്കുന്നില്ലെന്ന വർത്തമാനം ഇതിനിടയ്ക്കു നാടെങ്ങും പരന്നു. രാമായണം പിഴച്ച ഭാഷപ്പെടുത്തിയതിന്റെ ഫലമാണിതെന്നു ചിലർ പറഞ്ഞു! അന്തസ്സാരശൂന്യമായ അത്തരം ദുഷ്പ്രവാദങ്ങൾകേട്ടു കുണ്ഠിതപ്പെടരുതെന്നു വലിയ കോയിത്തമ്പുരാൻ വാത്സല്യപൂർവ്വം വള്ളത്തോളിനെ ഉപദേശിച്ചു.

ജ്യോതിശ്ശാസ്ത്ര പണ്ഡിതനായ കൊടുങ്ങല്ലൂർ വലിയ കൊച്ചുണ്ണിത്തമ്പുരാനെക്കൊണ്ടൊരു രാശിവെപ്പിച്ചുനോക്കിയാൽ തരക്കേടില്ലെന്നു കുഞ്ഞിക്കുട്ടൻതമ്പുരാൻ അഭിപ്രായപ്പെട്ടതനുസരിച്ചു വള്ളത്തോൾ കൊടുങ്ങല്ലൂർക്കുപോയി. ആ മഹാ പണ്ഡിതനു ശ്ലോകരൂപത്തിൽ ഇങ്ങിനെയൊരപേക്ഷ സമർപ്പിച്ചു:—

ചോതിപ്പോർതൻ ത്രികാലസ്ഥിതികളെ വെളിവിൽ
ക്കാണുവാൻ തക്കവണ്ണം
ജ്യോതിശ്ശാസ്ത്രാവബോധത്തിരുമിഴി പെരുമാ
റുന്ന രാജർഷിമൗലേ!
മാൽതിങ്ങുമ്മാറെഴുന്നെൻ ഗദമിതൊഴിയുമോ
വല്ല ഭാഷയ്ക്കുമെന്നൊ
ന്നോതിക്കേൾക്കേണമെന്നുണ്ടടിയനിടയിള
ക്കുണ്ടെളില്ലാതെയാകാൻ.

വ്യാഴദശയിൽ ശേഷിപ്പുള്ള നാലു കൊല്ലവും നാലു മാസവും കഴിഞ്ഞാലേ രോഗശമനം കിട്ടുകയുള്ളു എന്നും അതുവരെ ചികിത്സചെയ്യും ശബ്ദബ്രഹ്മദേവതയെ കവിതകൊണ്ടുപാസിച്ചും ഇരുന്നാൽമതിയെന്നുമാണ് തമ്പുരാൻ വിധിച്ചതു്. പ്രസിദ്ധവൈദ്യനായ ചെറിയ കൊച്ചുണ്ണിത്തമ്പുരാന്റെ അഭിപ്രായമാകട്ടെ ഒരു മാസത്തെ വിദഗ്ധചികിത്സകൊണ്ടു രോഗശമനം കിട്ടുമെന്നായിരുന്നു. ഇങ്ങിനെ ദൈവജ്ഞന്റെയും വൈദ്യന്റെയും അഭിപ്രായങ്ങൾതമ്മിലുള്ള പൊരുത്തക്കേടിൽ ഏതാണു സ്വീകരിക്കേണ്ടതെന്നറിയാതെ കുഴങ്ങുന്നതിനിടയ്ക്കു,

തൽക്കാലം നാട്ടിലേക്കു മടങ്ങിപ്പോകാമെന്നും ഒരു മാസത്തെ താമസത്തിനുള്ള ഒരുക്കത്തോടുകൂടി വീണ്ടും കൊടുങ്ങല്ലൂക്കു വരാമെന്നും തീച്ചപ്പെടുത്തി വള്ളത്തോൾ തമ്പുരാക്കന്മാരോടു യാത്ര പറഞ്ഞു. ഒരിസ്സൽകൂടി ആലത്തൂർ നമ്പിയെ ചെന്നുകണ്ടു അദ്ദേഹത്തോടൊരു ചികിത്സക്കുറിപ്പു വാങ്ങി. നാട്ടിൽ ചെന്നു അവിടത്തുകാരനായ ഒരു ജ്യോത്സ്യനെക്കൊണ്ടു വീണ്ടുമൊരു ജാതകപരിശോധന നടത്തി. വ്യാഴദശയുടെ അന്ത്യഘട്ടം വിഷമംപിടിച്ചതാണെന്ന അഭിപ്രായംതന്നെയാണു് ആ ജ്യോത്സ്യനും പറഞ്ഞതു്.

ആ തുലാത്തിൽ വള്ളത്തോളിന്നു മുപ്പത്തിരണ്ടു വയസ്സു തികഞ്ഞു. ഗ്രഹപ്പിഴ തീർക്കുവാൻ ദേവീഭാഗവതപാരായണവും ദേവീഭജനവും മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. അക്കാലത്തെഴുതിയ അനവധി പ്രാർത്ഥനാശ്ലോകങ്ങളിൽ രണ്ടുമൂന്നെണ്ണം മാത്രം ഇവിടെ ചേർക്കാം:—

ജ്ഞാനം ധാരാളമാർജ്ജിക്കിലുമഘഹരമാം
സർവതീർത്ഥത്തിലും പോയ്
സ്നാനംചെയ്താലുമയ്യായിരമഗതികളെ
പ്രത്യഹംപോറ്റിയാലും
ധ്യാനംമുട്ടാതനുഷ്ഠിയ്ക്കിലുമരിയ ഭവൽ
ഭക്തിയൊന്നില്ലയെന്നാ
ലാനന്ദക്കാതലാമപ്പുരപദമണയാ
നാർക്കു സാധിയ്ക്കുമമ്മേ!

ഊനംകൂടാതെ ഗോത്രാധിപകുലകലികേ!
നിൻപദപ്പൊൻതൊഴത്താ
ന്നാനന്ദപ്പാൽ ചുരത്തുംപടി മരുവിടുമെൻ
ഭക്തിയാം ഗോവുതന്നെ
ന്യൂനം പാലിച്ചിടേണ്ടും ചുമതലയവിടേ
യുള്ളതാണി പ്രപഞ്ച
സ്ഥാനം പുല്പാകുവാൻമേ തവപുരു കരുണാ
വൃഷ്ടി കിട്ടേണമല്ലോ.

നല്പന്തസ്സോടു വെള്ളിത്തിരുമലയിലെഴും
രാജമൌലിപ്രിയേ! നിൻ
ചെല്പത്തുക്കാല്കലീയെൻ ചെറുകവിത കുറ
ച്ചില്ല സേവിച്ചുനില്പൂ.
ഇല്ലല്ലോ വൃത്തഭംഗാദികളിതിനതു താ
നോർത്തുവല്ലെങ്കിലും നീ
തെല്പർത്ഥാലങ്കൃതിക്കോപ്പുകളിതിനു കൊടു
ത്തേയ്ക്കു സമ്മാനമായി.

ഈശ്വരവിചാരത്തിനിടയിൽ വള്ളത്തോൾ വൈദ്യപുസ്തകങ്ങളുമായുള്ള പരിചയം പുതുക്കുകയും രോഗികൾക്കു ചികിത്സ വിധിക്കുകയുംചെയ്തുകൊണ്ടിരുന്നു.

1086 വൃശ്ചികം 22–ാംനു (1910 ഡിസമ്പറിൽ) ചെറിയ കൊച്ചുണ്ണിത്തമ്പുരാന്റെ ചികിത്സ പരീക്ഷിക്കാമെന്ന വിചാരത്തോടെ വള്ളത്തോൾ വീണ്ടും കൊടുങ്ങല്ലൂക്കു പോയി. രോഗം കഫവാതങ്ങളുടെ കോപത്താലുണ്ടായതാണെന്നും അതുവരെ ചെയ്ത ചികിത്സകളൊന്നും അതിനു പറ്റിയതായിരുന്നില്ലെന്നുമുള്ള നിഗമനത്തിലാണ് രണ്ടുദിവസത്തെ ഗാഢമായ ആലോചനയ്ക്കുശേഷം തമ്പുരാനെത്തിയത്. താനിപ്പോൾ ആരംഭിയ്ക്കുന്ന ചികിത്സകൊണ്ടു തീച്ചയായും ഫലമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ചികിത്സ രണ്ടു മാസം തുടച്ചയായി നടത്തിയിട്ടും രോഗസ്ഥിതിയ്ക്കൊരു മാറ്റവുംകണ്ടില്ല. ഒരു നസ്യംകൂടി പ്രയോഗിക്കണമെന്നായി അപ്പോൾ തമ്പുരാന്റെ അഭിപ്രായം. പക്ഷേ അതിന്നാവശ്യമായ മൂത്ത മുരിങ്ങാക്കായയുടെ കുരു തൽസമയം കിട്ടാനില്ലായ്കകൊണ്ടു മീനമാസത്തിൽ വന്നു പതിന്നാലു ദിവസം താമസിക്കുന്നതായാൽ നസ്യം പ്രയോഗിക്കാമെന്നുപദേശിച്ചതനുസരിച്ചു വള്ളത്തോൾ നാട്ടിലേക്കു മടങ്ങുവാൻ തീച്ചയാക്കി. മകരം 19–ാംനു യാത്ര പറയുവാൻ കോവിലകത്തു ചെന്നപ്പോൾ തമ്പുരാൻ ചില മരുന്നുകൾ കുറിച്ചുകൊടുത്തതിന്നു പുറമെ ഒരു 'പുണ്യകർമ്മ'വും ഉപദേശിച്ചു. ''അധികാരനില (ശ്രുദ്ധത്വം) കുറുതാതെ രാമായണം തജ്ജമചെയ്തതുകൊണ്ടായിരിക്കാം ഈ ബാധിര്യം ബാധിച്ചത്. തച്ഛാന്തിയ്ക്കു രാമപരമായ ഒരു സ്തോത്രം നാരായണീയത്തിന്റെ രീതിയിൽ ഉണ്ടാക്കണം'' എന്നായിരുന്നു പ്രതിവിധിയായിക്കണ്ട പുണ്യകർമ്മം. ശ്രുദ്ധുനു രാമായണം തൊട്ടുകൂടെന്നു വിധിയ്ക്കുന്നതു യാഥാസ്ഥിതികത്വം എത്ര അറിവുണ്ടായാലും മാറുകയില്ലെന്നല്ലാതെ ഇതിനെന്താണൊരു സമാധാനം പറയേണ്ടത്!

രോഗശാന്തിയെസ്സംബന്ധിച്ചു കൊടുങ്ങല്ലൂരിലെ വാസംകൊണ്ടു യാതൊരു ഗുണവുമുണ്ടായില്ലെങ്കിലും, പാണ്ഡിത്യത്തിന്റെയും കലകളുടെയും വിലാസരംഗമായിരുന്ന കൊടുങ്ങല്ലൂർക്കോവിലകവുമായുള്ള സമ്പർക്കം വള്ളത്തോളിന്റെ വിജ്ഞാനതൃഷ്ണയെ തൃപ്തിപ്പെടുത്തുവാൻ ഒട്ടധികം സഹായിക്കാതിരുന്നില്ല. കോടിലിംഗേശ്വരന്മാരുടെ വിടരാജവിജയം, രാമചരിതം, വിപ്രസന്ദേശം, ബാണയുദ്ധം, ലക്ഷ്മീസ്തവം, ഉമാവിവാഹം മുതലായ വിശിഷ്ടകൃതികളും അക്കാലത്താണദ്ദേഹം ആദ്യമായി വായിച്ചത്. കഥകളിയിൽ ഒരു വിദഗ്ധനടനായിരുന്ന കുഞ്ഞുണ്ണിത്തമ്പുരാന്റെ അനന്യസാധാരണമായ അ

ഭിനയപാടവം കണ്ടാസ്വദിക്കുവാനും അന്നവസരം കിട്ടി. കാവിൽ കുളിച്ചുതൊഴാനും സാഹിത്യരസം ആസ്വദിക്കുവാനും കിട്ടിയ ആ സുവർണ്ണാവസരങ്ങൾ ചികിത്സയുടെ യന്ത്രണകളെയും ശരീരപീഡകളെയും ലഘൂകരിക്കുവാൻ വളരെ ഉപകരിച്ചു.

രോഗസ്ഥിതിയെക്കുറിച്ചു വലിയ കോയിത്തമ്പുരാനും. മറ്റു പല പ്രമുഖ സാഹിത്യകാരന്മാരും എഴുത്തു വഴിയായി കൂടക്കൂടെ ചെയ്തുകൊണ്ടിരുന്ന അന്വേഷണം വല്ലത്തോളിനു തെല്ലൊരാശ്വാസഹേതുവായിരുന്നു. വലിയ കോയിത്തമ്പുരാൻ അയച്ചുകൊടുത്ത 'ശോണാദ്രീശ സ്തോത്രം' കിട്ടിയപ്പോൾ എഴുതിയ മറുപടിക്കത്തിൽ, തന്റെ രോഗാവസ്ഥയെക്കുറിച്ചും ഇങ്ങിനെയൊരു സൂചന ഉൾപ്പെടുത്തിയിരുന്നു:—

> മഹൌഷധനിധിർമ്മഹീധരവരോ ഹിയസ്യാഃ പിതാ
> പതിസ്തു ഭിഷജാംപതിഃ സഹഭവേസ്സ ധന്വന്തരീ
> അനാമയ മനാരതം ദിശതു സാരുണാദ്രീശ്വരീ
> വിഭോ! തവനവസ്തവപ്രഹ്വണിത പ്രസാദോദയാ.

ഏതു സമയത്തും തന്റെ ബാധിര്യത്തെക്കുറിച്ചുള്ള അസ്വസ്ഥത മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു എന്നാണല്ലൊ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്.

കൊടുങ്ങല്ലൂരിൽനിന്നു തിരിച്ചുവന്നശേഷം നാരായണീയ പാരായണത്തിലും പ്രാർത്ഥനയിലുമാണ് അധികസമയവും കഴിച്ചിരുന്നത്.

> ലാവണ്യാവാസഭൂവാം കടലുടെ മകളും
> കാണുകിൽക്കാല്പുൽ വീഴും
> ലാവണ്യാഡംബരത്താൽ സ്മരനുടെ കഥതീ
> ർത്തോരു സന്യാസിയേയും
> പൂവമ്പർഭ്രാന്തിൽ നീന്തിച്ചുവനുടെയുടലും
> കൂടി വീതിച്ചുമേടി
> ച്ചേവം പാരാളമമ്മേ! തവ വിശദ വിലാ
> സങ്ങൾ വിശ്വോത്തരങ്ങൾ.

എന്ന ശ്ലോകം അക്കാലത്തു കവനകൗമുദിയ്ക്കു അയച്ചുകൊടുത്ത ഒരു 'അംബാസ്തുതി'യിലുള്ളതാണ്.

പലരുടെയും വൈദ്യപ്രയോഗംകൊണ്ടു ഫലമില്ലാതായപ്പോൾ ഉപാസനകൊണ്ടു വല്ല ഫലവും കിട്ടിയേക്കുമോ എന്നായി പിന്നെത്തെ ആലോചന. കരുണാകരമേനോൻ എന്നൊരു സുഹൃത്തിന്റെ അഭിപ്രായമനുസരിച്ചു അതൊന്നു പരീക്ഷിക്കുവാനുറച്ചു. അദ്ദേഹത്തെതന്നെ ഗുരുവായിവരിച്ചു പഞ്ചാക്ഷ

രോപദേശം കൈക്കൊണ്ടു ഉപാസനയാരംഭിച്ചു. 'ഓം നമശ്ശി വായ' എന്ന മന്ത്രത്തിലെ ഓരോ അക്ഷരവും ആദ്യാക്ഷരമാക്കി ക്കൊണ്ടൊരു 'പഞ്ചാക്ഷരസ്തോത്രം' നിർമ്മിച്ചു. എവിടെയും അച്ചടിച്ചു കണ്ടിട്ടില്ലാത്ത ആ സ്തോത്രം പൂർണ്ണരൂപത്തിൽ ഇവിടെ ചേർക്കുന്നു:—

1

ഓങ്കാരാത്ഥക്കഴമ്പേ! ത്രിഭുവനശുഭപോ
പങ്ങളൊട്ടുക്കു നേരായ്
ത്താൻകാണും തമ്പുരാനേ! തരുണഹിമകര
ദ്യോതിതോത്തുംഗമൌലേ!
മാൻകാൽക്കുപ്പുന്ന കണ്ണാംമണി മലമകൾ തൻ
മഞ്ജുളാപാംഗഭംഗ
പ്പൂങ്കാവേ! പൂർണ്ണപുണ്യാത്മക! പുരമഥന!
ത്രാണനം ചെയ്കുകെന്നെ.

2

നന്നല്ലാതുള്ള നാനാ നിനവുകളകമേ
നട്ടനട്ടംതിരിഞ്ഞി
ട്ടുന്നത്രാനന്ദദംനിൻ കഴലിണവഴിപോ
ലോത്തതില്ലിത്രനാളും
ഇന്നയ്യോ തീപ്രരോഗത്തിനു വശഗതനായ്
ത്തീന്നു ഞാൻ തുപ്പടാന്തേ
വന്നത്ഥിയ്ക്കുന്നു ശംഭോ! മമപിഴകളം പൊറു
ത്തീയഴൽപ്പാടൊഴിപ്പാൻ.

3

മസ്തംമന്ദാകിനീമണ്ഡന മധുരതരം
തൊട്ട ഗോത്രേന്ദ്ര പുത്രീ
ഹസ്തത്തിന്മാട്ടുവത്തെസ്സുസുഖമനുഭവി
ക്കുന്ന തുക്കാൽവരെയ്ക്കും
നിസ്തന്ദ്രോന്മേഷമോലുംപടി നിഖില ജഗ
ന്നാഥ! നിർബാധമായി
ശ്രുസ്തജ്യോതിർമ്മയം നിൻ തിരുവുടലകമേ
തോന്നുമാറാകണം മേ.

4

ശിക്ഷാ ചാതുര്യമേറും ഗുരുവിനുടെ വിശി
ഷ്ടോപദേശങ്ങളം നേടി
സ്സൽക്ഷാന്ത്യാ തത്ത്വമസ്യാദിമനിഗമവച
സ്തത്ത്വമെന്തെന്നറിഞ്ഞാൽ

ലക്ഷാദിത്യപ്രഭംനിൻവടിവകമലരിൽ
ക്കാണ്മാറാകുമല്ലോ
ദക്ഷാരാതേ! ദയാപൂവ്കമതിനടിയ
ത്തിന്നു യോഗംതരേണം.

5

വാരാണസ്യാദി പുണ്യസ്ഥലികളിൽ നിവസി
ച്ചീടിലും ഗംഗമുമ്പാ
യോരാത്തീർത്ഥങ്ങളാടീടിലുമുടൽ നിറയെ
ച്ചാമ്പൽ താൻ പൂശിയാലും
മാരാരിത്തമ്പുരാനേ! തവപദമലരിൽ
ബ്ഭക്തിചേരാഞ്ഞിലുണ്ടോ
ഘോരാഘശ്രേണിനീങ്ങിപ്പരമസുഖമൊരു
ത്തന്നു കൈവന്നിടുന്നു?

6

യക്ഷാധീശൻ ലഭിച്ചൂ ധനപതിനില നിൻ
സേവനത്താൽ ത്രിലോകീ
രക്ഷാകർമ്മാധികാരം രമയുടെ രമണൻ
നേടി ശ്രദ്ധാനുഭാവം,
അക്ഷാമശ്രീമകണ്ഡാത്മജനമരണനായ്
വന്നിതൈശ്വര്യരാശേ!
ഭിക്ഷാസഞ്ചാരിയാം നിന്നുടെ ഭജനമനു
ഷ്ഠിച്ചിലെന്തെന്തസാദ്ധ്യം?

രോഗത്തിന്നു യാതൊരു ശമനവും വരുത്തിയില്ലെങ്കിലും മാനസികമായ ഭാരം കുറയ്ക്കുവാൻ ആ ഉപാസന സഹായിച്ചു എന്നു തീർച്ചയാണു്. ഉപാസനയ്ക്കിടയിൽ മനസ്സിൽ ഉദിച്ചു രൂപംകൊണ്ട ആശയങ്ങൾ ഏതാനും ദിവസങ്ങൾകൊണ്ടു ഒരു മനോഹര കാവ്യമായി പരിണമിച്ചു. അതാണു് 'ബധിരവിലാപം'. അതിനെപ്പറ്റി പി. വി. കൃഷ്ണവാരിയർ പറയുന്നതു കേൾക്കുക:—

''1085–86 എന്നീ കാലഘട്ടത്തിലാണു് എന്റെ സുഹൃത്തിനു ബാധിര്യം ബാധിച്ചതു്. അതിൽ അദ്ദേഹത്തിനുണ്ടായ ദുസ്സഹമായ മനോവേദനകൊണ്ടു ചെയ്ത വിലാപം 'പ്രാണവേദനയിൽ വീണ വായന' എന്നു പറയുംപോലെയാണെങ്കിലും വാസ്തവത്തിൽ വായനക്കാക്കു ഒരു രാഗാലാപമായിട്ടാണു് പരിണമിച്ചതെന്നു പറയാം. ആ 'ബധിരവിലാപം' ആദ്യമായടിച്ചതു് എന്റെ പുതിയ അച്ചുക്കൂടത്തിലാണു്. പ്രസാധകന്റെ നിലയിൽ ഞാനതിനു് ഒരു മുഖവുരയും എഴുതിച്ചേർത്തിട്ടുണ്ടു്. അന്നു ആ കവിതയോടുകൂടി എനിക്കയച്ചിരുന്ന കത്തിൽ വള്ളത്തോൾ

കവിയശസിദുരാശപൂണ്ട പൊട്ട
ക്കവിതപൊഴിച്ചു മഹാജനത്തിനീ ഞാൻ
ചെവിരുജ തടവിച്ച പാപമാവാ
മവിനയനാം മമ കണ്ണ്രോഗഹേതു

എന്നെഴുതിയിരുന്നതു ഞാൻ ഖണ്ഡിച്ചെഴുതുകയും ആ കാലത്തേയ്ക്കു പരിണതപ്രജ്ഞനായിക്കഴിഞ്ഞിട്ടുള്ള നമ്മുടെ മഹാകവിയ്ക്ക് മറുള്ളവരുടെ പൊട്ടക്കവിതകൾ മേലിൽ കേൾക്കാതെ കഴിയ്ക്കുവാൻ ഒരു സമയം ദൈവം ഇങ്ങിനെ വിധികല്പിച്ചതായിരിക്കാനേ വഴിയുള്ളൂ എന്നു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. കവിയുടെ ഉള്ളിൽ തട്ടിപ്പുറപ്പെട്ടതായ പ്രസ്തുത കൃതി ഏതു കഠിനഹൃദയനും കണ്ണീരൊഴുക്കാതെ വായിക്കുവാൻ സാധിക്കുന്നതല്ല.''

ഉത്ഭവം ഹൃദയഭേദകമായ ഒരത്യാഹിതത്തിൽനിന്നാണെങ്കിലും, കവിതാരസമർമ്മജ്ഞനായ കൃഷ്ണവാരിയർ പറഞ്ഞപോലെ, കാവ്യഭംഗികൊണ്ടു ബധിരവിലാപം തികച്ചും സഹൃദയഹൃദയാവർജ്ജകമായിരുന്നു. സ്വാനുഭവത്തിൽനിന്നു സഞ്ജാതമാകുന്ന കവിതയ്ക്കു ആസ്വാദ്യത കൂടുമെന്നതിനു അതൊരൊന്നാന്തരം ദൃഷ്ടാന്തമാണ്, പ്രാർത്ഥനാഗുപത്തിലുള്ള ശ്ലോകങ്ങൾ അനവധി അതിനു മുമ്പും വള്ളത്തോൾ രചിച്ചിട്ടുണ്ടായിരുന്നു; അദ്ദേഹത്തിന്റെ കവിതവത്തിന്റെ ക്രമാനുഗതമായ വളർച്ചയും വികാസവും അവയിലെല്ലാം ഏറക്കുറെ സ്പുടീഭവിയ്ക്കുകയും ചെയ്തിരുന്നു. സാമാന്യ ഭക്തിഭാവത്തിന്റെ ഒരു പരിവേഷമുണ്ടായിരുന്നു എന്നല്ലാതെ നീറുന്ന ഹൃദയാന്തർഭാഗത്തിലെ അനുഭൂതികളുമായുള്ള തന്മയീഭാവം അവയ്ക്കു ലഭിച്ചിരുന്നതായി പറഞ്ഞുകൂടാ. ഇദംപ്രഥമമായിട്ടതു കൈവന്നതു ബധിരവിലാപത്തിലാണ്. ഒരു തീവ്രതപസ്യയിൻനിന്നു നിഷ്പ്രയാസമായി നിഗ്ഗളിച്ച ആ സാരസ്വതപ്രവാഹം അതിന്റെ രചയിതാവിനെമാത്രമല്ല ആസ്വാദകരെയും നിർവ്വിശങ്കം നിർവൃതികൊള്ളിക്കത്തക്കതായിരുന്നു.

വിനയവും വിഷാദവും സമ്മേളിച്ചുകൊണ്ടുള്ളതാണ് ബധിരവിലാപത്തിന്റെ സ്വരം. അജ്ഞാനത്താൽ ചെയ്തുപോയ അപരാധങ്ങളെ മാതൃസഹജമായ വാത്സല്യത്തോടുകൂടി പൊറുക്കുവാൻ ദേവിയോടുചെയ്യുന്ന അപേക്ഷയിലും, പൊട്ടക്കവിതയെഴുതി മഹാജനങ്ങളെ ദ്രോഹിച്ചതിനുള്ള ശിക്ഷയാണോ ബാധിര്യമെന്ന ആശങ്കയിലും, ലോകത്തിലെ മധുരസ്വരങ്ങൾ കേൾക്കാനോ സ്നേഹിതന്മാരൊന്നിച്ചു വെടിപറഞ്ഞു രസിക്കാനോ സാധിക്കാതെ ഇനിയുള്ളകാലം മുഴുവനും അലസതയിൽ ഉറക്കംതൂക്കിക്കഴിയേണ്ടിവന്നേക്കുമോ എന്ന ഭയത്തിലും, മുമ്പു തന്നെ ലോകയാത്രാ നിർവ്വഹണത്തിനു അസമർത്ഥനായ തനി

സ്സുമേലിൽ ഒരു ചെവിപൊട്ടനായി കാലംകഴിക്കേണ്ടിവരാനാണോ യോഗം എന്ന ദുഃഖത്തിലും ആ വിനയത്തിന്റെയും വിഷാദത്തിന്റെയും സ്മരണം കാണാം.

മേഘപടലങ്ങൾക്കിടയിലെ രജതരേഖപോലെ ഈ അത്യാഹിതത്തിനിടയിൽ കവിയുടെ ഭക്തിസ്സു പുറ്റാധികം പ്രകാശിക്കുവാനവസരം കിട്ടി. ഇനിയും സങ്കടമനുഭവിക്കാനാണ് വിധിയെങ്കിൽ അതും സഹിക്കാനൊരുക്കമാണ്; കാരണം, അപ്പോഴും ഈശ്വരിയുടെ പാദസ്മരണത്തിനുള്ള അഭിനിവേശം വർദ്ധിക്കും. തന്റെ രോഗം പാവനം (അഥവാ പവനസംബന്ധി) ആണെന്നതെ വൈദ്യന്മാരുടെ അഭിപ്രായം. തൽഫലമായി തനിസ്സു ദേവീഭജനത്തിൽ കൂടുതൽ ശ്രദ്ധ പതിയുകയാണെങ്കിൽ അതു മറെറാരർത്ഥത്തിലും പാവനമായിത്തീരുമല്ലൊ.

കദനമഖിലവും കളഞ്ഞിടും തു
പ്പദഭജനത്തിനിതാസ്ഥ നല്ലുമെങ്കിൽ
ഗദഹരർ പറയുംവിധം ശിവേ! മൽ
ഗദമിതു പാവനമെന്നു താനുറയ്ക്കാം.

കാവ്യാവസാനത്തിലെ ശ്ലോകങ്ങൾ ഭക്തിമഹിമയെ പുകഴ്ത്തുന്നവയാണ്:—

നിരവധിമദമത്സരാദിയാദോ
നിരകൾ നിറഞ്ഞ ഭവാബ്ധിയെക്കടപ്പാൻ
നിരയഭയനിഹന്ത്രി! യാനപാത്രം
നിരഘഭവൽ പദഭക്തി മാത്രമത്രേ.

ഭയഭരകരബന്ധമാം ഭവാഖ്യ
ക്കയറിനു വാൾ ഭവദംഘ്രിഭക്തിയല്ലോ
ഉയരെവിലസിടുന്ന മുക്തിസൌധം
കയറുവതിന്നിതുതന്നെതക്ക കോണി.

അഖിലശുഭദയാം വിരക്തിയാകും
സഖി പരിചര്യകൾ ചെയ്വതേറെറജസ്രം
സുഖിതയൊടി ഹ ഭക്തിയായ പൊയ്ത്താർ
മുഖിയെടുമൊത്തു രമിപ്പനംബികേ! ഞാൻ.

കർമ്മജ്ഞാന സമാഖ്യയോഗയുഗളത്തേ
ക്കാളുനായാസമായ്
ശ്രമ്മം ചേർപ്പതു ഭക്തിയോഗവിധിയാ
ണെന്നാണു വിദ്വജ്ജനം
മർമ്മംകണ്ടരചെയ്വതൊട്ടലിവൊടെൻ
വിശ്വേശ്വരി! നിശ്ശേഷദു

ഷ്ണമ്മക്കാടിനൊരഗ്നിയാമതടിയ
ന്നായത്തമാക്കേണമേ.

ഹൃദയസ്പർശിയും അത്രപോലെതന്നെ മധുരവുമായ ബധിരവിലാപത്തെ വലിയ കോയിത്തമ്പുരാൻ, നടുവത്തച്ഛൻ നമ്പൂതിരി, അപ്പൻ തമ്പുരാൻ, ഉള്ളൂർ മുതലായ കവിമുഖ്യന്മാരെല്ലാം മുക്തകണ്ഠം പ്രശംസിച്ചു. സുഹൃത്തിന്റെ ബാധിര്യശാന്തിയ്ക്കുവേണ്ടി നെടിയംവീട്ടിൽ ബാലകൃഷ്ണമേനോൻ, നടുവത്ത് മഹൻനമ്പൂതിരി, എന്നിങ്ങിനെ പലരും പ്രാർത്ഥനാപദ്യങ്ങൾ എഴുതി. വള്ളത്തോളിന്റെ കവിയശസ്സിന്നു അക്കാലം മുതൽ സവിശേഷമായ തെളിവും വ്യാപ്തിയും കിട്ടിത്തുടങ്ങി.

ഗ്രന്ഥപാരായണത്തിലും സാഹിത്യവിചാരത്തിലും ഈശ്വരഭജനത്തിലും മുഴുകിക്കൊണ്ടു വന്നേരിയിൽ താമസിച്ചുകൊണ്ടിരുന്ന ആ കാലത്തെഴുതിയ 'നാരായണസ്തവ'ത്തെക്കുറിച്ചുകൂടി ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. ഏറിയകൂറും ഒരു ദേവീഭക്തനായിട്ടാണ് വള്ളത്തോൾ അത്രവരെ എഴുതിയ കവിതകളിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. ഇടയ്ക്കു ചില വിഷ്ണുസ്തുതിപരങ്ങളായ ഒറ്റ ശ്ലോകങ്ങൾ എഴുതിയിരുന്നില്ലെന്നില്ല. 1086 മേടത്തിലെഴുതിയ നാരായണസ്തവത്തിൽ 'ഓം നമോ നാരായണായ' എന്ന വാക്യത്തിലെ ഓരോ അക്ഷരം കൊണ്ടും തുടങ്ങുന്ന ശ്ലോകങ്ങളാണുള്ളത്. ആദ്യത്തെയും ഒടുവിലത്തെയും ശ്ലോകങ്ങൾമാത്രം ഇവിടെ പകർത്താം:—

ഓങ്കാരാബ്ജ മരന്ദമേ! മുനിമനോ
ഭൃംഗപ്രജങ്ങൾക്കുനൽ
പൂങ്കാവേ! പുരുഷാശനപ്പരിഷയാം
വേനല്ലു കാർകൊണ്ടലേ!
തേങ്കാൽക്കൂപ്പിന വാണിമാക്കൊരു മുടി
ക്കല്പായ പൂമങ്കയാൾ
താങ്കാമിച്ചുവളർത്ത പുണ്യതരുവിൻ
കായേ! വണങ്ങുന്നു ഞാൻ.

യക്ഷാധീശ്വരപട്ടമോ മഹിതമാം
സ്വാരാജ്യ സാമ്രാജ്യമോ
ത്ര്യക്ഷാദിത്രിദശാധികാരനിലയോ
വേണ്ടാ നമുക്കെൻ പ്രഭോ!
ലക്ഷാദിത്യസമാനമായൊരനഘ
ജ്യോതിസ്സു ചിന്നുന്നനി
ന്നക്ഷാമാത്ഭുത ചിത്സ്വരൂപമകമേ
കാണായ്വരേണം സദാ.

ഈ സ്തവം മംഗളോദയം മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.


നാലപ്പാട്ടു നാരായണമേനോൻ, സി. കെ. രാജാ (ആത്മപോഷിണി പത്രാധിപർ) മുതലായ സഹൃദയസുഹൃത്തുക്കളുടെ സാഹചര്യം അനാരോഗ്യജനിതമായ മനോമാന്ദ്യത്തിന്നു തെല്ലൊരയവു വരുത്തുവാൻ സഹായകമായി. മരുമക്കത്തായത്തറവാട്ടുകളിൽനിന്നു വിട്ടൊഴിയാത്ത കുടുംബസംബന്ധമായ അലട്ടുകളും കൂട്ടികളുടെ ചില്ലറസ്സുഖക്കേടുകളുംകൊണ്ടുള്ള അസ്വസ്ഥതയിൽനിന്നു തീരെ വിട്ടൊഴിയുക സാദ്ധ്യമായിരുന്നില്ല. ഭാര്യാസഹോദരനായ ഗോവിന്ദക്കുറുപ്പിന്റെ മരണവും അക്കാലത്താണ് സംഭവിച്ചത്. ആകപ്പാടെ ഗ്രഹപ്പിഴ പിടിച്ചൊരു ദശാസന്ധിയായിരുന്നു അതെന്നുവേണം പറയുവാൻ.

എട്ടാം അധ്യായം

ചിത്രയോഗം

സാങ്കേതികമായ ചട്ടക്കൂട്ടിൽ ഒതുക്കിനിത്തിക്കൊണ്ടു പ്രാചീനരീതിയിലുള്ള മഹാകാവ്യങ്ങളുണ്ടാകേണ്ടതു സാഹിത്യത്തിന്റെ താൽപര്യങ്ങൾ മുൻനിത്തി അത്ര വലിയ ആവശ്യമാണോ എന്ന ചോദ്യം അവിടെ നിൽക്കട്ടെ. ഏതായാലും കൊല്ലവർഷം പതിനൊന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ അങ്ങിനെയൊരു മഹാകാവ്യഭ്രമം കേരളീയകവികളെ ബാധിച്ചിരുന്നു. അതിനുമുമ്പുണ്ടായിരുന്നവരാരും, സംസ്കൃതപക്ഷപാതികളായിരുന്നിട്ടുകൂടി, ആ ഭാഷയിലെ മഹാകാവ്യങ്ങളുടെ മാതൃകയിൽ ഒരൊറ്റ മലയാളമഹാകാവ്യമെങ്കിലും എഴുതിയതായി കേട്ടിട്ടില്ല. ഏഴാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ആവിർഭവിച്ച ചന്ദ്രോത്സവമാണ് സംസ്കൃതവൃത്തനിബദ്ധമായ ആദ്യത്തെ മലയാളകാവ്യമെന്നു പറയാമെങ്കിലും പ്രാചീനാചാര്യനിർദ്ദിഷ്ടമായ മഹാകാവ്യലക്ഷണമൊന്നും അതിന്നില്ല. അഞ്ചു ഖണ്ഡങ്ങളിൽ 670 ശ്ലോകങ്ങളോളംമാത്രമുള്ള ശൃംഗാരരസപ്രധാനമായ ആ കാവ്യം മഹാകവി ഉള്ളൂർ പറയുംപോലെ ''മണിപ്രവാളസാഹിത്യമാലയുടെ നടുനായക''മാണെന്നു സമ്മതിയ്ക്കാമെങ്കിലും സാങ്കേതികാർത്ഥത്തിൽ ഒരു മഹാകാവ്യമല്ലെന്നു, അതിന്റെ സാഹിത്യഗുണത്തെസ്സംബന്ധിച്ചു യാതൊരനാദരവും ഉദ്ദേശിയ്ക്കാതെതന്നെ, പറയേണ്ടിയിരിക്കുന്നു. ചന്ദ്രോത്സവത്തെക്കാളധികം അറിയപ്പെടുന്ന ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിനും സംസ്കൃതമഹാകാവ്യങ്ങളോടു കുറെകൂടി അടുപ്പമുണ്ടെന്നും പറയാം. എന്നാൽ അതിനും സാങ്കേതികമായ മഹാകാവ്യലക്ഷണമില്ല.

ആധുനികമലയാള മഹാകാവ്യങ്ങളിൽ കാലക്രമംകൊണ്ടു ഒന്നാമതായി പുറത്തുവന്നത് അഴകത്ത് പത്മനാഭക്കുറുപ്പിന്റെ രാമചന്ദ്രവിലാസമാണ്. സംസ്കൃതകാവ്യങ്ങളുടെ കരുവിൽ വാർത്ത ഈ കൃതിയിൽ നഗരാണ്ണവാദിവർണ്ണനകൾ, യമകം, ചിത്രബന്ധം എന്നീ സാങ്കേതികനിബന്ധനകളെല്ലാം ദീക്ഷിച്ചിട്ടുണ്ട്. 1083–ൽ എഴുതിത്തീർന്ന പന്തളത്ത് കേരളവർമ്മത്തമ്പുരാന്റെ രുഗ്മാംഗദചരിതത്തിലുമുണ്ട് യമകചിത്രബന്ധാദിവൈചിത്ര്യങ്ങൾ. കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ പാണ്ഡ



കുടുംബമണ്ഡലം



സായാഹ്നസഞ്ചാരത്തിൽ

വോദയം 1085 മുതൽ ലക്ഷ്മീഭായി മാസികയിൽ ഖണ്ഡശഃപ്രസിദ്ധീകൃതമായി. ഗഹനങ്ങളായ ചിത്രശ്ലോകങ്ങളുള്ളതാണ് അതിലെ പതിനൊന്നാം സർഗ്ഗം. 1087–ൽ ഉള്ളൂരിന്റെ ഉമാകേരളം എഴുതിക്കഴിഞ്ഞിരുന്നു; പ്രകാശിതമായത് 1089–ൽ മാത്രമാണ്.

സമകാലികരായ ഈ ഒട്ടുവിൽ പറഞ്ഞ മൂന്നു കവികളുടെ മഹാകാവ്യപക്ഷപാതം പഴയ പാരമ്പര്യത്തിൽ വളർന്നുവന്ന വള്ളത്തോളിനെയും ബാധിച്ചതിൽ അത്ഭുതമില്ല. ആ കാലത്ത് കുറിപ്പുറത്തു കിട്ടുണ്ണിനായർ മലയാളത്തിലേക്കു തർജ്ജമചെയ്തുകൊണ്ടിരുന്ന കഥാസരിൽസാഗരം അപ്പപ്പോൾ വള്ളത്തോളിനെക്കൊണ്ടു പരിശോധിപ്പിച്ചിരുന്നു. അതിനുവേണ്ടി മൂലഗ്രന്ഥം വായിക്കുന്നതിനിടയിൽ അതിലെ 'മന്ദാരവതീ സുന്ദരസേന' കഥ അദ്ദേഹത്തെ ആകഷ്ടിച്ചു. അതൊരു മഹാകാവ്യത്തിനു വിഷയമാക്കുവാൻ പറ്റുമെന്നൊരു തോന്നലും മനസ്സിലുദിച്ചു. അങ്ങിനെയാണ് 1086 വൃശ്ചികത്തിൽ 'ചിത്രയോഗം' എഴുതുവാനാരംഭിച്ചത്.

ബാധിര്യചികിത്സയ്ക്കുവേണ്ടി കൊടുങ്ങല്ലൂക്കു പോകുന്നതിനുമുമ്പുതന്നെ ഒന്നാം സർഗ്ഗത്തിന്റെ പണി മിക്കവാറും തീർക്കുകയും വലിയ കൊച്ചുണ്ണിത്തമ്പുരാനെ അതിലെ പൂരീവർണ്ണന വായിച്ചുകേൾപ്പിക്കുകയുംചെയ്തിരുന്നു. പിന്നെ ചികിത്സയുടെ തിരക്കായതുകൊണ്ടു പണി കുറെ മന്ദഗതിയിലായി. 1086 മേടത്തിൽ രണ്ടാം സർഗ്ഗം ആരംഭിച്ചു. കർക്കടകം പകുതിയായപ്പോഴേക്കു നാലു സർഗ്ഗങ്ങൾ കഴിഞ്ഞു. അതിനുശേഷം ശരീരാസ്വാസ്ഥ്യത്തിന്റെ അലട്ടുകൊണ്ടു നിമിത്തം കാവ്യരചന നീണ്ടുപോയി. ഒട്ടുവിൽ 1088 മകരത്തിലാണ് കാവ്യമെഴുതിത്തീർന്നത്. പിന്നെയും രണ്ടു കൊല്ലത്തോളം താമസമുണ്ടായി പുസ്തകം പ്രസിദ്ധീകരിക്കുവാൻ. 'വിജ്ഞന്മാരഭിനന്ദിച്ചേ വിജ്ഞാനം സാധുവായ്വരൂ' എന്ന വിശ്വാസത്താൽ, കാവ്യപ്പകർപ്പു വലിയ കോയിത്തമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, പന്തളം, ഉള്ളൂർ, കുണ്ടൂർ എന്നിവരെക്കാണിച്ചു അവരുടെ അഭിപ്രായമറിഞ്ഞശേഷമേ അതു അച്ചടിക്കേല്പിച്ചുള്ളൂ.

1090 തുലാമാസത്തിൽ കുറിപ്പുറത്തു കിട്ടുണ്ണിനായരുടെ ഒരു ലഘുടിപ്പണിയോടുകൂടി കോട്ടയ്ക്കൽ ലക്ഷ്മീസഹായം പ്രസ്സിൽ അച്ചടിച്ചു് ചിത്രയോഗം പ്രകാശിതമായി. സാമ്പത്തികമായ പരാധീനതനിമിത്തം ഒന്നാംപതിപ്പിന്റെ പ്രസിദ്ധീകരണാവകാശം മറെറാരാൾക്കു കൊടുക്കേണ്ടിവന്നു. അമ്പതു കോപ്പികൾമാത്രമാണ് ഗ്രന്ഥകർത്താവിനു കിട്ടിയത്.

സോമദേവകവിയുടെ കഥാസരിൽസാഗരത്തിലെ ശശാങ്കവതീലംബകം മുപ്പത്തിനാലാം തരംഗത്തിൽ

അസ്ത്യലങ്കൃതകൌബേരീ
ദിങ്മുഖോനിഷധാഭിധഃ
ദേശസ്തത്രാളകാനാമ
ബഭൂവ നഗരീ പുരാ

എന്ന ശ്ലോകംകൊണ്ടാരംഭിച്ചു 343 ശ്ലോകങ്ങളിൽ വിവരിച്ച മന്ദാരവതീസുന്ദരസേനകഥയിലെ ഇതിവൃത്തത്തെയാണ് ദേശ പാത്രനാമങ്ങളിൽ ഈഷൽഭേദംവരുത്തി 1591 ശ്ലോകങ്ങളുള്ള പതിനെട്ടു സർഗ്ഗങ്ങളായി കാവ്യരൂപത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. കഥ ഇങ്ങിനെ സംഗ്രഹിക്കാം—

നിഷധരാജധാനിയായ അളകയിലെ മഹാസേനരാജാവിന്റെ മനോരമ എന്ന രാജ്ഞിയിൽ ജനിച്ച പുത്രനായിരുന്ന ചന്ദ്രസേനൻ. തുല്യപ്രായരായ മന്ത്രികുമാരന്മാരൊന്നിച്ചു 'വ്യായാമസാധന വിനോദവിശേഷമായ' നായാട്ടിന്നു പുറപ്പെട്ട രാജകുമാരൻ 'പൌരാവലീമിഴികളാലന്വയാതനായി' നഗരദ്വാരം കടന്നപ്പോൾ മാർഗ്ഗമദ്ധ്യത്തിൽ കാത്യായിനി എന്നൊരു താപസി അവക്കെതിരേവന്നു. വയസ്യരുടെ കഥാരസത്തിൽ മുഴുകിയിരുന്ന ചന്ദ്രസേനൻ താപസിയുടെ ആശീർവ്വാദം ചെവിക്കൊള്ളാതെ മുമ്പോട്ടുപോയ്ക്കൊണ്ടിരിയ്ക്കേ താപസി ഇങ്ങിനെ വിളിച്ചുപറഞ്ഞു: 'രാജകുമാരന്നു ഇപ്പോൾ തന്നെ ഇത്ര അഹങ്കാരമാണെങ്കിൽ താരാവലിയെ ഭാര്യയായിക്കിട്ടിയാലത്തെ അവസ്ഥയെന്തായിരിക്കും?' ഈ വാക്കുകൾ ചന്ദ്രസേനന്റെ ശ്രവണപുടത്തിൽ പതിഞ്ഞു; താൻ കാണിച്ച അനവധാനതയെക്കുറിച്ചു താപസിയോടു ക്ഷമാപണംചെയ്തു. ആരായിരിക്കാം താരാവലി എന്നറിയുവാൻ ആഗ്രഹം മുഴുത്തു് താപസിയെ താൻ മടങ്ങിവരുംവരെ ഭാനു എന്നു പേരായ മന്ത്രിയുടെ ഗൃഹത്തിൽ പാർപ്പിക്കുവാൻ ഏർപ്പാടുചെയ്തു. നായാട്ടു കഴിഞ്ഞു വൈകുന്നേരം മടങ്ങി എത്തി സാന്ധ്യവിധികളാചരിച്ചശേഷം കാത്യായിനിയെ സ്വഗൃഹത്തിലേക്കു വരുത്തി ചന്ദ്രസേനൻ വർത്തമാനങ്ങളന്വേഷിച്ചു. സമുൽക്കലാധിപതിയായ വസുദത്തരാജാവിന്റെ മകളായ താരാവലിയുടെ സൌന്ദര്യാദിഗുണങ്ങളെ വിസ്തരിച്ചുകേൾപ്പിച്ചു, ആകന്യകയുടെ ഛായാപടം വരച്ചു കാത്യായനി ചന്ദ്രസേനന്നു സമ്മാനിച്ചു. ചിത്രം കണ്ടതോടെ രാജകുമാരന്റെ അന്തരംഗത്തിൽ 'ഇളംകുരുന്നേന്തിയ മന്മഥദ്രുമം' വളരുവാൻതുടങ്ങി. കാര്യസ്ഥിതി മനസ്സിലാക്കിയ മഹാസേനൻ തന്റെ ചിരന്തനസുഹൃത്തായ വസുദത്തനോടു താരാവലിയെ പുത്രവധുവായപേക്ഷിച്ചതനുസരിച്ചു അദ്ദേഹം അനുമതിനല്കി.

അളകയിൽനിന്നു കാത്യായിനി നേരെ പോയതു് താരാ

വലിയുടെ അടുക്കലേക്കായിരുന്നു. ചന്ദ്രസേനന്റെ ചിത്രം കണ്ടതോടുകൂടി താരാവലിയും അനുരാഗപരവശയായി. വിവാഹമുഹൂർത്തത്തിനു ഇനിയും മൂന്നു മാസം താമസമുണ്ടെന്നറിഞ്ഞപ്പോൾ അവൾ ഉൽകണ്ഠിതയായി. മകളുടെ അവശാവസ്ഥകണ്ടു മനസ്സലിഞ്ഞ മാതാപിതാക്കന്മാർ അവളെ മന്ത്രിയുടെ സംരക്ഷണയിൽ അളകാപുരിയിലേക്കു കപ്പൽ കയറ്റി അയച്ചു. ദുർവ്വിധിബലത്താൽ കപ്പൽ മദ്ധ്യമാർഗ്ഗം കൊടുങ്കാറ്റിൽപ്പെട്ടു തകർന്നുപോയി. ഈശ്വരാനുഗ്രഹംകൊണ്ടു താരാവലി ജീവാപായംകൂടാതെ മതംഗമഹർഷിയുടെ ആശ്രമത്തിൽ രക്ഷപ്രാപിച്ചു.

മുഹൂർത്തസമയത്ത് എത്തിച്ചേരത്തക്കവണ്ണം വസുദത്ത രാജധാനിയിലേക്കു പുറപ്പെട്ട രാജകുമാരനും വയസ്യന്മാരും കയറിയ കപ്പലിനും അതേ ദുരദൃഷ്ടം നേരിട്ടു. കപ്പൽ കൊടുങ്കാറ്റിൽ മുങ്ങിനശിക്കുമെന്ന നിലയിലായി. താൻനിമിത്തം സുഹൃത്തുക്കളും പരിജനങ്ങളും കഷ്ടപ്പെടാറായല്ലൊ എന്ന നൈരാശ്യത്തോടുകൂടി ചന്ദ്രസേനൻ സമുദ്രത്തിലേക്കു ചാടി. തുടൻ മന്ത്രികുമാരന്മാരും ദേഹത്യാഗത്തിനു മുതിർന്നു. കപ്പൽ കടലിന്നടിയിലേക്കും താണു.

നിയതിയുടെ നിഗൂഢഹസ്സം അവിടെയും കുമാരന്മാരുടെ രക്ഷയ്ക്കെത്തി. അവർ പലേടത്തുമായി കരപറ്റി. രണ്ടു പേർ അളകയിൽ തിരിച്ചെത്തി. മറ്റു രണ്ടാൾ വിന്ധ്യകേതു എന്ന ഭില്ലരാജാവിന്റെ ബന്ധനത്തിലകപ്പെട്ടു. ചന്ദ്രസേനനും സുബാഹുവും പലസ്ഥലത്തും ചുറ്റിത്തിരിഞ്ഞു മതംഗാശ്രമത്തിലും എത്തിച്ചേർന്നു.

മതംഗാശ്രമത്തിന്നരികിലെത്തിയ കുമാരന്മാരുടെ ശ്രദ്ധയിൽ ആദ്യമായിപ്പെട്ടത് ഒരു സരസ്സിൽ വിഹരിച്ചുകൊണ്ടിരുന്ന ഏതാനും വനിതമാരുടെ ആത്മസ്വരമാണ്. ഒരു മുതലയുടെ ആക്രമണമാണതിന്നു കാരണമെന്നു മനസ്സിലായതും ഖഡ്ഗപാണിയായി രാജകുമാരൻ വെള്ളത്തിലേക്കെടുത്തുചാടിയതും ഒന്നായിക്കഴിഞ്ഞു. നക്രഭയത്തിൽനിന്നു മോചിക്കപ്പെട്ട കന്യകയുടെയും രാജകുമാരന്റെയും കണ്ണുകൾതമ്മിലിടഞ്ഞപ്പോൾ ഒരു പൂർവ്വപരിചയത്തിന്റെ അവ്യക്താനുഭൂതി യാദൃച്ഛികമായിട്ടെന്നപോലെ ഇരുവർക്കും ഉണ്ടായി. അവൾ താരാവലിയാണെന്നു സഖിമാരുടെ വാക്കുകളിൽനിന്നു രാജകുമാരനും, തന്റെ രക്ഷകൻ ചന്ദ്രസേനനാണെന്നു കുശലാന്വേഷണത്തിൽനിന്നു താരാവലിയും മനസ്സിലാക്കി. അവരുടെ വൃത്താന്തങ്ങളറിഞ്ഞ മതംഗമഹർഷി അടുത്തദിവസംതന്നെ ഇരുവരെയും സുബാഹുവൊന്നിച്ചു സ്വദേശത്തേക്കു യാത്രയാക്കി.

കാൽനടയായി കുറെ സഞ്ചരിച്ചശേഷം കടൽയാത്രയ്ക്കൊരു കപ്പൽ ഏർപ്പാടുചെയ്യുവാനവർക്കു സാധിച്ചു. നിർഭാഗ്യവശാൽ അതിന്റെ ഉടമസ്ഥനായ വണിക്കൊരു വൻചതിയനായിരുന്നു!

രണ്ടാംശ്രീയായ താരാവലിയെ നറുനിലാ
വത്തു മിന്നിത്തിളങ്ങി
ക്കണ്ടാശ്രീലുബ്ധനാം വാണിജനതനു ബലാൽ
വഞ്ചനത്തിന്നുറച്ചു.

താരാവലിയെ ആദ്യം കപ്പലിൽ കയറ്റുവാനും അവൾ കയറിയാലുടനെ കപ്പൽ നീക്കുവാനും അയാൾ കണ്ണുരന്മാർക്കു ശ്രദ്ധമായി ഉത്തരവിട്ടതനുസരിച്ചു രാജകുമാരനും സുബാഹുവും കയറുന്നതിന്നുമുമ്പുതന്നെ കപ്പൽ സമുദ്രത്തിലേക്കു നീങ്ങി.

കുരരിപോലബലാമണി കേണിടും
സ്വരമുയർന്ന വണിഗ്വഹനം ക്ഷണാൽ
തിരകളാലെ മറഞ്ഞു ജഡീഭവൽ
കരണരായ കുമാരകർ കാങ്കവേ.

ഹതഭാഗ്യതയുടെ കൊടുമുടിയിലെത്തിയ ചന്ദ്രസേനൻ സുബാഹുമാത്രസഹായനായി പലവഴിയ്ക്കും ചുറ്റിത്തിരിഞ്ഞശേഷം വിന്ധ്യകേതു എന്ന വേടരാജാവിന്റെ അധീനതയിലുള്ള വൻകാട്ടിൽ ചെന്നുപെട്ടു. കാളിയ്ക്കു ബലിയർപ്പിക്കുവാൻവേണ്ടി പുരുഷന്മാരെ അന്വേഷിച്ചുനടക്കുന്ന ചില വേടന്മാരവരെ പിടികൂടി. അവരിരുവരെയും വിന്ധ്യകേതുവിന്റെ മുമ്പാകെ ഹാജരാക്കി. അവരുടെ വൃത്താന്തങ്ങൾ ചോദിച്ചറിയുന്നതിനിടയ്ക്കു, ഭാഗ്യവശാൽ, അതിലൊരാൾ തന്റെ ചിരന്തനബഹുമാനത്തിന്നും കൃതജ്ഞതയ്ക്കും പാത്രമായ നിഷധരാജാവിന്റെ പുത്രനാണെന്നു വിന്ധ്യകേതുവിന്നു മനസ്സിലായി. പിന്നെ തെല്ലും താമസമുണ്ടായില്ല, ക്ഷമാപണപുരസ്സരം അവരിരുവരെയും മോചിപ്പിച്ചു യഥാർഹം സൽക്കരിക്കുവാനും സന്തോഷിപ്പിക്കുവാനും. കിരാതരാജാവിന്റെ അനുചരവർഗ്ഗം അചിരേണ താരാവലിയെയും തേടിക്കണ്ടുപിടിച്ചു അവിടെ കൂട്ടിക്കൊണ്ടുവന്നു. ആ യുവതീയുവാക്കന്മാരെ അകമ്പടിയോടുകൂടി സ്വദേശത്തെത്തിച്ചു ചിരദുഃഖിതരായ പിതൃജനങ്ങളെ സമാധാനിപ്പിച്ചതോടെ കഥയും അവസാനിക്കുന്നു.

നായികാനായകന്മാരുടെ പേരുകളുംപ്പെടെ പല പേരുകളും മാറ്റീട്ടുണ്ടെന്നല്ലാതെ മൂലകഥയിൽനിന്നു സാരമായ വ്യതിയാനമൊന്നും കാവ്യത്തിൽ വരുത്തീട്ടില്ല. മൂലഗ്രന്ഥത്തിലുള്ളവതന്നെയാണ് മഹാസേനൻ, മതംഗമഹർഷി, കാത്യായനി, വിന്ധ്യകേതു, യമുന (മതംഗപുത്രി) എന്നീ പേരുകൾ.

മറെറന്തിനെപ്പററി അഭിപ്രായഭേദമുണ്ടായാലും കാവ്യത്തിന്റെ നാമകരണം വളരെ ഉചിതമായിട്ടുണ്ടെന്നു ആരും സമ്മതിക്കും. കഥ, ആദ്യംമുതൽ അവസാനംവരെ, സാധാരണ ജീവിതത്തിൽ സംഭവിക്കുവാനിടയില്ലാത്ത പല അത്ഭുതാനുഭവങ്ങൾകൊണ്ടും സങ്കീർണ്ണമാണ്. അതുകൊണ്ടുതന്നെയാണ് ഇതിവൃത്തം അതിശയോക്തിപരവും അസാംഗത്യജടിലവും ആണെന്ന വിമർശനത്തിനു ചിത്രയോഗം വിഷയീഭവിക്കേണ്ടിവന്നതും. കഥാസരിൽസാഗരത്തിലെ കഥാവസ്തുവിനു കാവ്യത്തിൽ പറയത്തക്ക ഭേദഗതികളൊന്നും വരുത്തീട്ടില്ലാത്തതുകൊണ്ടു കഥയെസ്സംബന്ധിച്ചേടത്തോളമുള്ള ന്യൂനതകൾക്കു കാവ്യകാരനെ അപരാധിയാക്കിക്കൂടെന്നു വാദിക്കുന്നതിലർത്ഥമില്ല. കുറെക്കൂടി സ്വാഭാവികതയുള്ള ഒരിതിവൃത്തം കവിസ്വീകരിക്കാമായിരുന്നില്ലേ എന്നായിരിക്കും ഈ വാദത്തിനു മറുപടിയായ മറുചോദ്യം. ഏതായാലും കഥാബീജം ഒരു പ്രാചീനഗ്രന്ഥത്തിൽനിന്നെടുത്തു അതിനെ ഒരു മഹാകാവ്യമായി വളത്തിക്കൊണ്ടുവരണമെന്നൊരാഗ്രഹം, അന്നത്തെ പരിതസ്ഥിതിയിൽ, വള്ളത്തോളിനുണ്ടായതിൽ യാതൊരു തെറുമില്ല. പഴയ പാരമ്പര്യത്തിൽ സാഹിത്യപരിചയം സമ്പാദിച്ച ഒരു ഭാവനാസമ്പന്നനു പൂവ്കവിക്ഷുണ്ണമായ മാഗ്ഗത്തിൽനിന്നു വിഭിന്നമായ ഒരു കാവ്യസരണി സ്വീകരിക്കുവാൻ പ്രേരകമായിത്തീരാവുന്ന സാഹചര്യങ്ങളൊന്നും അക്കാലത്തു കൈവന്നിരുന്നില്ല. അതോക്കുന്നപക്ഷം, ചിത്രയോഗത്തിന്റെ രൂപം മറെറാരുതരത്തിലാകേണ്ടിയിരുന്നു എന്നുള്ള അഭിപ്രായം അപ്രസക്തംമാത്രമല്ല, അസംബന്ധംകൂടിയാണെന്നു കാണാം.

സമ്മിശ്രരീതിയിലുള്ളൊരു സ്വാഗതമാണ് ചിത്രയോഗത്തിനു കേരളീയർ നല്കിയത്. ചിലർ അതിനെ അഭിനന്ദനപൂവ്വം എതിരേറ്റു; മറ്റു ചിലർ നിശിതവിമർശനങ്ങളാൽ നിരസിച്ചു.

''ഈ കൃതി ഞങ്ങൾ ആദ്യന്തം വായിച്ചു. ഒരാവൃത്തികൊണ്ട് തൃപ്തിവരായ്കയാൽ വീണ്ടും വായിച്ചു; വീണ്ടും വീണ്ടും വായിച്ചു. കവനകലയുടെ അദ്ഭുതപൂവ്മായ ഒരു പ്രദർശനവിശേഷമെന്നേ ഇതിനെപ്പററി പറവാൻതോന്നുന്നുള്ളൂ. രചനാവൈജാത്യത്താൽമാത്രമല്ല, കല്പനാവൈചിത്ര്യത്താലും ഭാവനാവൈശദ്യത്താലും ഇതു അപൂവ്സുഷമമായ ഒരു കാവ്യം ആണെന്നു സമ്മതിച്ചേതീരൂ. ഒരിക്കൽ വായിച്ചതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്ന കൃതികളിലല്ലാ, വീണ്ടും വീണ്ടും വായിച്ചാലും അലംഭാവംതോന്നാതിരിക്കുമാറ് ഹൃദയത്തെ ആകഷ്ിക്കുന്ന കൃതികളിലാകുന്നു യഥാർത്ഥ കവിതയെ കാണാവുന്നതെങ്കിൽ

വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ഈ ചിത്രയോഗമഹാകാവ്യത്തിനു അങ്ങിനെയൊരു പ്രശംസലഭിപ്പാൻ ധാരാളം അവകാശമുണ്ടു'' എന്നാണു ചിത്രയോഗത്തെപ്പറ്റി 1090 മേടം ലക്കം ആത്മപോഷിണിയിൽ കെ. രാമകൃഷ്ണപിള്ള രേഖപ്പെടുത്തിയ അഭിപ്രായം. ഇതിൽനിന്നു തീരേ വിപരീതമായ ഒരഭിപ്രായമാണു 1091 കന്നി ലക്കം വിവേകോദയത്തിൽ തൽപത്രാധിപരായിരുന്ന എൻ. കുമാരനാശാൻ എഴുതിയതു:—

''ഇത്തരം കാവ്യങ്ങളുടെ ആവശ്യകതയേയും സ്പൃഹണീയതയേയുംപറ്റി ഞങ്ങൾക്കു പണ്ടേതന്നെ ഭിന്നാഭിപ്രായമാണുള്ളതു്.....ഈ വക കാവ്യങ്ങൾ കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള 'നെടുങ്കുതിര' കെട്ടിയെടുപ്പാണു ഓർമ്മയിൽ വരുന്നതു്, മുളയും കമുങ്ങുംകൊണ്ടു മുപ്പതും നാല്പതും അടി ഉയരത്തിൽ ഗോപുരംപോലെ കെട്ടിയുണ്ടാക്കി വെള്ളയും ചുമപ്പുംകൊണ്ടു പൊതിഞ്ഞ ജാലരുകൊണ്ടു അലങ്കരിച്ചു വമ്പിച്ച ചട്ടക്കൂട്ടുകളിൽ ഉറപ്പിച്ചു താഴേ രണ്ടുവശത്തായി ഒരു കുതിരയുടെ വാലിന്റെയും തലയുടേയും ആകൃതിയും കാണിച്ചു് കൃഷിക്കൂടി തൊഴിലില്ലാതെ അലഞ്ഞുതിരിയുന്ന കരക്കാർ ചെറുപ്പക്കാർ ചേർന്നു ചുമലിലെടുത്തു വിഗ്രഹത്തിന്റെ പുറകേ എഴുന്നള്ളിച്ചുകൊണ്ടുപോകുന്ന ഒരു ബ്രഹ്മാണ്ഡമായ വാഹനമാണു് നെടുങ്കുതിരയെന്നു വായനക്കാർ ഓർക്കുമല്ലൊ. നമ്മുടെ മഹാകാവ്യങ്ങളോടു ഇതിനുവളരെ സാദൃശ്യമുണ്ടെന്നു സ്വല്പം ആലോചിച്ചുനോക്കിയാൽ ആർക്കും അറിയാവുന്നതാണു്. നഗരവർണ്ണനം, സമുദ്രവർണ്ണനം, പർവ്വതവർണ്ണനം, ഋതുവർണ്ണനം തുടങ്ങിയ ഏതാനും വർണ്ണനകൾക്കായി ഒരു കഥയെ ബലികൊടുത്തു വാലും തലയും അങ്ങുമിങ്ങും കാണിച്ചു ബ്രഹ്മാണ്ഡാകൃതിയിൽ എഴുതിയുണ്ടാക്കുന്ന ഈവക ഗ്രന്ഥങ്ങൾ ഇക്കാലത്തു സാഹിത്യരസികന്മാരുടെ ഹൃദയാവർജ്ജനത്തിനു പര്യാപ്തമാകുമോ എന്നു ഞങ്ങൾ ബലമായി സംശയിക്കുന്നു. വിശേഷിച്ചും സംസ്കൃത മഹാകാവ്യ സരണിയിൽനിന്നു സ്വരൂപത്തിലും സ്വഭാവത്തിലും യാതൊരു വ്യത്യാസവുമില്ലാത്ത 'ചിത്രയോഗം'പോലെയുള്ള നവീന കൃതികൾ എഴുതുന്നതിനേക്കാൾ സംസ്കൃത മഹാകാവ്യങ്ങളെ തർജ്ജമചെയ്യുന്നതാണു് അധികം നന്നായിരിക്കുക എന്നും ഈ പുസ്തകം വായിപ്പാൻ ഇടയായപ്പോൾ ഞങ്ങൾക്കു തോന്നി. കാരണം ഒന്നാമതു ഈ കഥ പഴയതു; രണ്ടാമതു ഈ കാവ്യത്തിൽ അവിടവിടെ കാണുന്ന ആശയ വിശേഷങ്ങൾ എല്ലാം സംസ്കൃത ഗ്രന്ഥങ്ങളിൽ സാധാരണ നാം കണ്ടു പരിചയിച്ചിട്ടുള്ളതു്. പല സ്ഥലത്തും രഘുവംശാദി സാഹിത്യ ഗ്രന്ഥങ്ങളിലുള്ള ഭാഗ

ങ്ങളെ അതാതു സന്ദർഭങ്ങളിൽ പദംപ്രതിതന്നെ തർജ്ജിമചെയ്തു ചേർത്തിരിക്കുന്നു. ചില സംസ്കൃത കാവ്യങ്ങളെ ഇപ്പോഴംതന്നെ മറ്റു കവികളം തർജ്ജിമചെയ്തിട്ടുള്ളതിനാലും മറ്റു ചില ഗ്രന്ഥങ്ങൾകൂടി ആരെങ്കിലും തർജ്ജിമചെയ്തു മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ ഇടയുള്ളതിനാലും ചിത്രയോഗത്തിൽ മിസ്റ്റർ മേനോൻ ചെയ്തിരിക്കുന്ന ശ്രമം മിക്കവാറും വിഫലമാണെന്നു ഊഹിക്കാവുന്നതാകുന്നു.''

സമുന്നതമായ പത്രാധിപപീഠത്തിൽനിന്നു നിഗ്രഹിച്ചു ഈ രണ്ടഭിപ്രായങ്ങളം തമ്മിലുള്ള അന്തരം എത്ര വലുതായിരിക്കുന്നു! ''കവനകലയുടെ അദ്ഭുതപൂവ്മായ ഒരു പ്രദർശന വിശേഷ''മെന്ന നിലയിൽ എത്രതന്നെ ആസ്വദിച്ചാലും മതിവരാത്ത ഭാവമാണൊരാളംക്കു; പറയത്തക്ക യാതൊരു പുതുമയുമില്ലാതെ, പഴഞ്ചൻ സമ്പ്രദായത്തിലുണ്ടാക്കിക്കെട്ടിയെടുക്കുന്ന നെടുങ്കുതിരയെക്കാണുമ്പോളം ഉണ്ടാവുന്ന പ്രതീതിയാണ് മറെറാരാളംക്കു്. ഈ രുചിഭേദത്തിൽ വിധികർത്താക്കന്മാരെ കുറപ്പെടുത്തുന്നതു ഭംഗിയായിരിക്കയില്ലല്ലൊ. എങ്കിലും ആ ഭേദത്തിനു പിന്നിലുള്ള മനോഭാവത്തെ അറിയുവാൻ ശ്രമിക്കുന്നതിൽ അനൌചിത്യമുണ്ടാകുവാനിടയില്ലെന്നു തോന്നുന്നു. സാഹിത്യമണ്ഡലത്തിൽ, 'വ്യാപാരി'ക്കും 'നോട്ടക്കാര'നും സ്ഥാനമുണ്ടു്. ഒരു 'നോട്ടക്കാര'ന്റെ നിലപാടിൽനിന്നുകൊണ്ടാണ് രാമകൃഷ്ണപിള്ള ചിത്രയോഗത്തിന്റെ ഗുണദോഷനിരൂപണം ചെയ്തതു്. ഹൃദയസംവാദമാണ് കവിതയുടെ മാറ്റുരച്ചു നോക്കുവാൻ നോട്ടക്കാരൻ അവലംബിക്കുന്ന ഉപാധി. അതിൽ തൃപ്തികരമായ അനുഭവം തോന്നിയപ്പോളം കാവ്യത്തിനു വേണ്ടുന്ന ഗുണങ്ങളെല്ലാമുണ്ടെന്നു അദ്ദേഹം തുറന്നു പറയുകയും ചെയ്തു. കുമാരനാശാൻ എടുത്ത നിലപാടും ഒരു നോട്ടക്കാരന്റെതാണെങ്കിലും അദ്ദേഹം, പ്രധാനമായി, ഒരു വ്യാപാരിയായിരുന്നു; പേരെടുത്ത ഒരു കവിയെന്ന നിലയിലാണദ്ദേഹത്തെ സാഹിത്യലോകം അറിഞ്ഞിരുന്നതു്. ഗതാനുഗതികത്വത്തോടു അശേഷം അനുകൂലമല്ലാത്തതായിരുന്ന അദ്ദേഹത്തിന്റെ വ്യാപാരസരണി. ആ സ്ഥിതിയ്ക്കു, 'സംസ്കൃത മഹാകാവ്യസരണിയിൽനിന്നു സ്വരൂപത്തിലും സ്വഭാവത്തിലും യാതൊരു വ്യത്യാസവുമില്ലാത്ത' ചിത്രയോഗത്തെപ്പററി അദ്ദേഹത്തിനു മതിപ്പുതോന്നാത്തതിലത്ഭുതമില്ല. പക്ഷേ, അതിന്റെ മാനസിക പശ്ചാത്തലം ഒരു നോട്ടക്കാരന്റേതായിരുന്നുവോ എന്നാണ് സംശയം. അല്ലെന്നാണ് നിരൂപണത്തിന്റെ ഗതിയിൽനിന്നു മനസ്സിലാക്കേണ്ടതു്. കവിതയെക്കാളധികം കാവ്യസ്വരൂപത്തെയാണ് ആശാൻ പ്രധാനമായി വിമർശനത്തിനു വിധേയമാക്കിയതു് എന്നു വ്യക്തമാണ്. അദ്ദേഹം

പറഞ്ഞതിങ്ങിനെയാണു്:—''നിരത്ഥകം, അപുഷ്ടാത്ഥം, നേയാത്ഥം മുതലായ അവശ്യവജ്ജനീയങ്ങളായ കാവ്യദോഷങ്ങൾ തന്നെ 'ചിത്രയോഗ'ത്തിന്റെ ശരീരത്തിൽ പല വിധത്തിൽ വൈരൂപ്യം വരുത്തിത്തീർത്തിട്ടുണ്ടു്. ഇതുകൊണ്ടു ഇതിൽ നല്ല കാവ്യതത്വമുള്ള ഭാഗങ്ങൾ ഇല്ലെന്നു ആരും അത്ഥമാക്കരുതു്. പല ഭാഗങ്ങളും നന്നായിട്ടുണ്ടു്. എന്നാൽ ദോഷസൌലഭ്യത്താൽ അങ്ങനേയുള്ള ഭാഗങ്ങളിൽകൂടിയും വായനക്കാക്കു 'സ്യാദപുസ്സുന്ദരമപി ശ്വിത്രേണൈകേനകീയതേ' എന്ന ദണ്ഡിവാക്യത്തെ സാത്ഥീകരിച്ചുണ്ടാകുന്ന ഒരു അനാദരബുദ്ധിയാണു് മുമ്പിട്ടുനില്ക്കുന്നതു്.'' പണിത്തരത്തിന്റെ പഴയ രീതിയെ മുൻനിത്തി, പുതുമയിൽ പ്രതിപത്തിയുള്ള ഒത ശില്പി ആ പഴഞ്ചൻ ശില്പിയെ അപഹസിക്കുവാൻ ഒരുമ്പെടുന്നതിൽ ഒരു പന്തിയില്ലായ്മയുണ്ടു്. ചിത്രയോഗത്തിന്റെ പുറപ്പാടിനെ ഒരു 'നെടുങ്കുതിര'യോടുപമിച്ചതിൽനിന്നുതന്നെ ആ പരിഹാസവാസന വ്യക്തമാവുന്നുണ്ടു്. ആദ്യം സൂചിപ്പിച്ചതുപോലെ, വ്യാപാരി നോട്ടക്കാരനായതുകൊണ്ടു സംഭവിച്ചതാണീ കുഴപ്പം. സമകാലീനരായ കവികൾ, വിശേഷിച്ചും ഏറക്കുറെ സമശീഷ്കരായവർ, അവരുടെ കൃതികളെ പരസ്പരം വിമർശിക്കുവാൻ പുറപ്പെട്ടാൽ ഇങ്ങിനെ ചില അസ്വാരസ്യങ്ങൾക്കിടവരുമെന്നു മുൻകൂട്ടി മനസ്സിലാക്കി അത്തരം സംരംഭങ്ങളിൽനിന്നു മാറിനില്ക്കുകയായിരിക്കുകയില്ലേ ഉത്തമം?

ചിത്രയോഗത്തെപ്പറ്റി വിവേകോദയം പ്രകടിപ്പിച്ച അഭിപ്രായവും, അതിനു അന്നു ഞാനെഴുതിയ പ്രത്യാഖ്യാനവും അതിനു പത്രാധിപർ പറഞ്ഞ 'ഉത്തര'വും മഹാകവി കുമാരനാശാന്റെ 'നിരൂപണങ്ങൾ' എന്ന പുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തിക്കാണാം. എന്നാൽ പത്രാധിപരുടെ 'ഉത്തര'ത്തിലടങ്ങിയ വിമർശനങ്ങളെ ഖണ്ഡിച്ചുകൊണ്ടു ഞാൻ എഴുതി അയച്ച മറുപടിയുടെ വിവേകോദയത്തിൽ സ്ഥലം അനുവദിക്കുവാൻ പത്രാധിപർ വിസമ്മതിക്കുകയാണു് ചെയ്തതു്. പിന്നീടു അതിന്റെ ഏതാനും ഭാഗങ്ങൾമാത്രം 'കൈരളി' മാസികയിൽ പ്രസിദ്ധംചെയ്തിരുന്നു. ആ മറുപടി പൂർണ്ണരൂപത്തിൽ എടുത്തു ചേർക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. എങ്കിലും മഹാകവി കുമാരനാശാന്റെ ആക്ഷേപങ്ങൾക്കു ആകെയും ഒരു സമാധാനവും പറയാനുണ്ടായിരുന്നില്ല എന്നൊരു ധാരണ അവശേഷിക്കുന്നതു് ചിത്രയോഗ കർത്താവിന്റെ യശസ്സിനോടു നീതി കാണിയ്ക്കൽ ആവുകയില്ലെന്നുള്ള ബോധത്താൽ മേല്പറഞ്ഞ വിമർശനങ്ങളിൽ മുഖ്യമായിത്തോന്നുന്ന ചില ഭാഗങ്ങൾക്കുമാത്രം ചുരുക്കത്തിൽ സമാധാനം പറയുന്നതു യുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കാവ്യാരംഭത്തിൽ പ്രാചീനസമ്പ്രദായ പ്രകാരം ആശീർ മസ്ക്രിയാ ഇത്യാദി പ്രമാണ വിഹിതമായ മംഗളാചരണം കവി ചെയ്തിട്ടില്ല എന്നായിരുന്നു ഒന്നാമത്തെ ആക്ഷേപം. 'ഇത്യാദി'സ്തൂപകരം 'വസ്തു നിർദ്ദേശഃ' എന്ന പദംകൂടി നിരൂപകൻ ഉദ്ധരിച്ചു പ്രമാണത്തിനു പൂർണ്ണരൂപം കൊടുത്തിരുന്നെങ്കിൽ മംഗളാചരണത്തിന്റെ കാര്യം പറയേണ്ടിവരികയില്ലായിരുന്നു. അതു വിട്ടുകളഞ്ഞതു് ഒട്ടും ഭംഗിയായില്ല.

ധരാതലത്തിൽ ധനപുഷ്ടിയൊത്തു
ണ്ടൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്നു കുബേരദിക്കാം
വരാംഗിയാംതൊട്ടൊരു പൊട്ടുപോലേ

എന്ന ആദ്യശ്ലോകം ആകപ്പാടേ മാറ്റിയെഴുതേണ്ടിവരത്തക്ക വണ്ണം ദോഷകലുഷിതമായിട്ടാണു് ആശാൻ കണ്ടതു്. 'ധരാതലത്തിൽ' എന്ന പ്രയോഗത്തിൽ നിരർത്ഥകം എന്ന പദദോഷവും അപുഷ്ടാർത്ഥം എന്ന വാക്യദോഷവും ഉണ്ടു്; 'ധനപുഷ്ടിയൊത്ത' എന്ന പ്രയോഗത്തിൽ 'ഏറ്റവും' എന്ന പദത്തിന്റെ അഭാവം നിമിത്തം ന്യൂനപദദോഷമുണ്ടു്: 'ആര്യദേശം' എന്നതിനുള്ള ദോഷങ്ങൾ പലതാണു്; ആര്യാവർത്തത്തെയാണുദ്ദേശിച്ചതെങ്കിൽ ആര്യാവർത്തത്തിനു ഭൂമിയിലല്ലാതെ മറ്റെങ്ങും പ്രസിദ്ധിയില്ലാത്തതുകൊണ്ടു 'ധരാതലത്തിൽ' എന്ന പ്രയോഗത്തിന്റെ നിരർത്ഥകതയെ അതു സ്പഷ്ടതരമാക്കുന്നു; ആര്യശബ്ദം ശ്രേഷ്ഠാർത്ഥകമാണെങ്കിൽ 'പൊട്ടുപോലെ വിളങ്ങുന്നു' എന്നു പറഞ്ഞതിൽനിന്നുതന്നെ വ്യംഗ്യമര്യാദയാൽ ശ്രേഷ്ഠത്വം സിദ്ധമാകുന്നതിനാൽ അതു വീണ്ടും നിരർത്ഥകം; ഇങ്ങിനെപോകുന്നു ആശാൻ അതിൽക്കണ്ട ദോഷങ്ങളുടെ നീണ്ട പട്ടിക. ഈ ആരോപണങ്ങൾക്കു ചുരുക്കത്തിൽ സമാധാനം പറയുവാൻ ശ്രമിക്കാം.

ശ്രീമധുരാപുരിയെന്നൊരു നാമമായ്
ശ്രീമതിയായൊരു രാജധാനി
യാദവന്മാക്കെല്ലാമാധാരമായിനി
ന്നാദിയാലുണ്ടായി പണ്ടുപാരിൽ

എന്ന കൃഷ്ണഗാഥാ പദ്യത്തിലെ 'പാരിൽ' പ്രയോഗത്തിനുള്ള ഔചിത്യം മേലുദ്ധരിച്ച ശ്ലോകത്തിലെ 'ധരാതലത്തിൽ' എന്ന പ്രയോഗത്തിനുമുണ്ടു്. അതിൽ നിരർത്ഥകത്വം കാണുന്നതിൽ അർത്ഥമില്ല—(ചെറുശ്ശേരി പഴഞ്ചനാണെന്നു പറയാവുന്നതാണെങ്കിലും!) 'ഒത്ത' എന്ന പദത്തിനു 'തികഞ്ഞ' എന്നാണർത്ഥം. 'ധാരാളം ധനപുഷ്ടിയുള്ള' എന്ന അർത്ഥം പ്രകൃതത്തിൽ വ്യക്തമാകുന്നുണ്ടു്. ഏറ്റവും ധനപുഷ്ടിയുള്ളതു് എന്ന അർത്ഥ

മാണ് കവി ഉദ്ദേശിച്ചതെന്നു വിമർശകൻ എന്തു ന്യായത്തിന്മേലാണ് തീർച്ചയാക്കിയതെന്നു മനസ്സിലാവുന്നില്ല. 'ആര്യദേശ'ത്തിനു ആര്യന്മാരുടെ ദേശം അഥവാ സജ്ജനാലങ്കൃതമായ ദേശം എന്ന നിർദ്ദോഷാർത്ഥം കിട്ടുവാൻ ഒട്ടും പ്രയാസമില്ല. പൊട്ടപോലെ വിളങ്ങുന്നു എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു ആര്യപദത്തിന്റെ പ്രയോഗത്താൽ ശ്രേഷ്ഠാർത്ഥം ആവർത്തിച്ചത് അനാവശ്യമാണെന്ന വാദത്തിനും കാതലില്ല. അങ്ങിനെയാണെങ്കിൽ മേഘസന്ദേശത്തിലെ

ഗന്തവ്യാ തേ വസതിരളകാനാമ യക്ഷേശ്വരാണാം
ബാഹ്യോദ്യാനസ്ഥിതഹരശിരശ്ചന്ദ്രികാധൌതഹർമ്മ്യാ

എന്ന ശ്ലോകാർദ്ധത്തിൽ 'ഗന്തവ്യാതേ അളകാ' എന്ന പദങ്ങളൊഴിച്ചു ശേഷം ഭാഗമെല്ലാം നിരർത്ഥകമാണെന്നു പറയേണ്ടിവന്നേയ്ക്കും! അളക യക്ഷേശ്വരരാജധാനിയാണെന്നും അതിൽ ശിവനുണ്ടെന്നും ശിവന്റെ ശിരസ്സിൽ ചന്ദ്രനുണ്ടെന്നും കൈലാസം അതിന്നടുത്താണെന്നും പുരാണപ്രസിദ്ധമാണെന്നതുതന്നെ കാരണം. ചമൽകാരോത്പാദിതങ്ങളായ ലളിതപ്രയോഗങ്ങളെ കാവ്യസാമ്രാജ്യത്തിൽനിന്നു നാടുകടത്തണമെന്നാണോ നിരൂപകമതം എന്നു തോന്നിപ്പോകുന്ന ഈ ആക്ഷേപം കേൾക്കുമ്പോൾ. 'കുബേരദിക്കാം വരാംഗിയാൾ തൊട്ടൊരു പൊട്ടപോലെ' എന്ന അലങ്കാരപ്രയോഗത്തിലും ആശാൻ ദോഷം കാണുകയുണ്ടായി. 'വരാംഗിയാൾ' ഇല്ലായിരുന്നെങ്കിൽ ഉൽപ്രേക്ഷ സമാസോക്തിയെ അംഗമായി സ്വീകരിച്ചു ശോഭിക്കുമായിരുന്നു എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. പക്ഷേ സമാസോക്തിയ്ക്കിവിടെ പ്രസക്തിയുണ്ടോ എന്ന സംഗതിതന്നെ ചിന്തനീയമാണ്. ''പ്രകൃതമായ ഒരു ധർമ്മിയെ വർണ്ണിക്കുമ്പോൾ അതിനു ചെയ്യുന്ന വിശേഷണങ്ങളെ ഒരപ്രകൃതവസ്തുവിനുകൂടി യോജിക്കുവാനായി വിവക്ഷിച്ചിട്ട് ഈ വിശേഷണസാമ്യംകൊണ്ടു പ്രതീയമാനമായ അപ്രകൃതവൃത്താന്തത്തെ വ്യർത്ഥമായിപ്പോകാതിരിപ്പാൻവേണ്ടി പ്രകൃതധർമ്മിയിൽ മനസ്സുകൊണ്ട് ആരോപിക്കുന്നതു സമാസോക്തി അലങ്കാരം'' എന്നാണ് ഭാഷാ ഭൂഷണകാരൻ വിധിച്ചിരിക്കുന്നത്. ഇവിടെ എന്തു വിശേഷണസാമ്യമാണുള്ളത്? നിഷ്ഠദേശത്തെ പൊട്ടായി കല്പിച്ചതുകൊണ്ടു ദിക്കിനു വരാംഗീത്വം ആക്ഷിപ്തമാകുന്നുവെങ്കിൽ (പൊട്ടു വരാംഗിമാക്കു തൊട്ടുകൂടാ എന്നില്ലാത്തതിനാൽ ആ ആക്ഷേപംതന്നെ വാദഗ്രസ്തമാണ്) അതു സമാസോക്തി വ്യപദേശത്തിനു വിഷയമാകുന്നില്ല. 'വരാംഗി' എന്നു കണ്ഠതഃപറയാതിരുന്നാൽ രൂപകംതന്നെ ഏകദേശവിവർത്തിയാണെന്നു പറയേണ്ടിവരും. സമസ്തവസ്തുവിഷയമായ സാവ

യവ രൂപകത്തെക്കാൾ ഏകദേശ വിവരിച്ചി രൂപകത്തിന്നു് അധികം ചമൽക്കാരമുണ്ടെന്നു പറവാനെന്തു ന്യായമാണുള്ളതു്, ആവോ?

ഈ ശ്ലോകത്തിനു പകരം ആശാൻ ഒരു നിദ്ദോഷ ശ്ലോകം നിദ്ദേശിച്ചിട്ടുള്ളതു് ഇങ്ങിനെയാണു്:—

പുരാണ രാജ്യങ്ങളിൽ മുഖ്യമായ
ള്ളൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിരാജിച്ചു കുബേരദിക്കിൻ
പരാർദ്ധ്യമായുള്ളൊരു പൊട്ടപോലെ.

ആശാന്റെ വിമർശനസരണിയെ അംഗീകരിച്ചുകൊണ്ടു ഈ ശ്ലോകത്തിലും അനേകം കുറങ്ങൾ കാണിക്കാവുന്നതാണു്: പുരാണരാജ്യങ്ങളിൽ മുഖ്യമായ ഒരാര്യദേശം വിരാജിച്ചു' എന്നതിന്റെ അർത്ഥമെന്താണു്? ഒരു ദേശം ഒന്നിലധികം രാജ്യങ്ങളിൽ പ്രകാശിക്കുമോ? ഇതിൽ രാജ്യം, ദേശം എന്ന രണ്ടു പദങ്ങളുടെ പ്രയോഗം നിരർത്ഥകമെന്നോ അപുഷ്ടാർത്ഥമെന്നോ മറേറാ പറയേണ്ടിവരികയില്ലേ? 'മുഖ്യം' എന്ന പദമുള്ളപ്പോൾ 'പരാർദ്ധ്യം' 'ആര്യം', 'പൊട്ടപോലെ വിരാജിച്ചു' എന്നിങ്ങിനെയുള്ള ആവർത്തനത്തിൽ 'അലങ്കാരദൂഷകമായ പുനരുക്തദോഷം' ഇല്ലെന്നെങ്ങിനെ പറയും? 'പൊട്ട' എന്ന വാക്കിന്നു 'ശകലം' എന്ന അർത്ഥം ധ്വനിക്കുവാനും വഴികാണുന്നുണ്ടു്. 'ദിവഃകാന്തിമൽഖണ്ഡം' എന്ന പ്രയോഗത്തോടുള്ള സാമ്യം ഓർത്തു 'കുബേരദിക്കിൻ പൊട്ട' എന്നതിനെ ആ അർത്ഥം കല്പിച്ചു വ്യാഖ്യാനിച്ചുകൂടേ? വേണമെങ്കിൽ, പരിഷ്കൃതശ്ലോകത്തിനു ഇങ്ങിനെ പല കുറങ്ങളും പറയാനുണ്ടാവും. പക്ഷേ അതല്ലല്ലൊ കാവ്യനിരൂപകൻ അംഗീകരിക്കേണ്ട രീതി!

ചന്ദ്രസേനരാജകുമാരന്റെ ശൈശവത്തെ വർണ്ണിച്ചതിലും ആശാൻ ചില പന്തികേടുകൾ എടുത്തുകാണിക്കുന്നുണ്ടു്. ശൈശവലീലകളിൽ രാജത്വം പ്രകാശിച്ചുകാണാത്തതാണൊരാക്ഷേപം. രാജവംശത്തിൽ പിറന്ന ഒരു കുമാരൻ കണ്ണഞ്ചിരട്ടകൊണ്ടു മണ്ണപ്പമുണ്ടാക്കിക്കളിക്കുന്നതും മറ്റും സ്വാഭാവികമല്ലത്രെ.

സന്താനാഭരണങ്ങളാം തനയർവന്നങ്കത്തിലേറീടവേ
ഹന്താലിംഗ്യതദംഗ സംഗജരജസ്സില്ലുന്ന ധന്യം ജനം

എന്ന കശ്യപാശ്രമത്തിന്നരികെ കളിച്ചുകൊണ്ടിരുന്ന ഭരതകുമാരനെ കണ്ടപ്പോൾ ദുഷ്യന്തമഹാരാജാവുച്ചരിച്ച വാക്കുകളിലും മേല്പറഞ്ഞ അസ്വാഭാവികത കാണുകയില്ലേ? കൃഷ്ണഗാ

ഥാകത്താവു വർണ്ണിക്കുന്ന ശ്രീകൃഷ്ണലീലകളിലുമുണ്ടോ അതേ അസ്വാഭാവികത?

പൂഴി ചോറാക്കിക്കളിച്ചുതുടങ്ങിനാ
നാഴിപ്പെണ്ണാളമക്കാവ്വർന്നതാൻ.

ഇത്യാദി വർണ്ണനകൾ നോക്കുക.

കട്ടമാങ്കിതപാണിനാ
കിഞ്ചിൽഗ്രഹീതാ കബളം
പുനരേവ പലായതേ.

എന്നു ശ്രീരാമചന്ദ്രന്റെ ശൈശവവർണ്ണനയിൽ അദ്ധ്യാത്മരാമായണകർത്താവു പറഞ്ഞിട്ടുള്ളതും സ്വഭാവവിരുദ്ധമാണെന്നു പറയേണ്ടിവരികയില്ലേ?

തദാനനം മൽസുരഭിക്ഷിതീശ്വരോ
രഹസ്യുപാഘ്രായ ന തൃപ്തിമായയൌ

എന്ന രഘുവംശത്തിലെ ശ്ലോകാർദ്ധത്തിന്റെ താൽപര്യവും ആക്ഷേപാർഹമാകാതിരിക്കുമോ?

തിരുവിതാംകൂറുകാക്കു പരിചിതമല്ലാത്ത ഭാഷ ശരിയായിരിക്കയില്ല എന്ന ന്യായംകൊണ്ടല്ലാതെ പദപ്രയോഗങ്ങളെക്കുറിച്ചുള്ള ആശാന്റെ ആക്ഷേപങ്ങളിൽ ചിലത് സാധൂകരിക്കാവുന്നതല്ല. 'നിദാനം' എന്ന വാക്കിന്നു 'ദിവസേന' എന്ന അർത്ഥം മലബാറിൽ സുപരിചിതമാണ്. 'പതിവായി', എന്നുള്ള അർത്ഥവും അതിലന്തർഭവിക്കുന്നുണ്ട്. 'വിഴുമെന്നു' എന്നതും ഗ്രാമ്യമല്ല. 'കഷ്ടം സന്ന്യാസിരക്തം വിഴുകിലശുഭമാമെന്നു ചൊല്ലിത്തദാനീം' എന്ന ഇരയിമ്മൻതമ്പി ഉത്തരാസ്വയംവരത്തിൽ പ്രയോഗിച്ചിട്ടുണ്ട്. 'ഇമ' അക്ഷിരോമവാചിമാത്രമാണെന്ന വാദം അസാധുവാണ്. 'ഇമയ്ക്കുക' എന്നു കണ്ണടയ്ക്കുക എന്ന അർത്ഥത്തിൽ പ്രയോഗിക്കാറുണ്ട്—'കണ്ണിമയ്ക്കുന്നതിനുമ്പെയൊട്ടുക്കിനാൻ' എന്നു എഴുത്തച്ഛൻ. ഇമയ്ക്കുക എന്ന ക്രിയയിൽനിന്നുണ്ടായതാണ് 'ഇമ' എന്ന നാമപദം. 'ഇമവെടിഞ്ഞക്ഷി' എന്ന പദത്തെ 'അനിമേഷലോചനം' എന്നു വ്യാഖ്യാനിക്കുവാൻ ഒട്ടും ഞെരുങ്ങേണ്ടതില്ല.

'ശ്രീ' എന്നും 'ഒരു' എന്നും വള്ളത്തോൾ പലേടത്തും അസ്ഥാനത്തിലുപയോഗിച്ചു എന്നുമുണ്ടൊരാക്ഷേപം. ശ്രീവന്മാളിക, വടശ്രീവിടപി, എന്നും മറ്റും പ്രയോഗിക്കുന്നതിലെന്താണൊരു തെറ്റെന്നു മനസ്സിലാവുന്നില്ല. 'ഒരു വെമ്പലോടൊത്തടുത്തിടും' 'ഒരു ചന്ദ്രാംഗദൻ' 'പാന്ഥളിൽവന്നടിച്ചിടുന്നോരത്തിരക്കാറു' 'കപ്പലേറിടുന്നോരങ്ങവൻ' എന്നിവയി

ലെ 'ഒരു'കൊം കാവ്യത്തെ ദുഷിപ്പിച്ചുവയാണത്രെ. ഒടുവിലത്തെ ഉദാഹരണത്തിൽ ആശാൻ കണ്ട 'ഒരു' മറാക്കും കാണുവാൻ കഴിയുകയില്ലതാനും! കാരണം അങ്ങിനെ ഒരു 'ഒരു' അതിലില്ലാത്തതുതന്നെ! കപ്പലേറിടുന്നോർ—അങ്ങു്—അവൻ എന്നാണതിലെ പദഘടന. രസ്ത്രാനേഷണസംരംഭത്തിൽ പറഞ്ഞുപോയ ഒരബദ്ധംമാത്രമാണിതെന്നു സമാധാനിക്കാം. 'ഒരു വെമ്പലോടെ' എന്നതിലെ 'ഒരു'വിന്നു അനിവാച്യമായ എന്നാണർത്ഥം. മറു രണ്ടു 'ഒരു'കളും സാധാരണ പ്രയോഗിക്കാറുള്ളതാണു്. 'കൂച്ചു്റമായിവർ വെടിഞ്ഞുപോന്നൊരാ സച്ചുസൌഹൃദരിവരൊക്കു തുല്യരാം' എന്നു 'നളിനി'യിൽ ആശാൻതന്നെ പ്രയോഗിച്ചുകാണുന്നുണ്ടു്.

രുചിഭേദംകൊണ്ടുള്ള അഭിപ്രായവ്യത്യാസത്തെപ്പറ്റി ആക്ഷേപമുണ്ടാവുകയില്ല. പക്ഷേ കുറ്റം കണ്ടുപിടിച്ചേ അടങ്ങു എന്ന മനോഭാവത്തെ വെച്ചുപുലർത്തുന്നതും അങ്ങിനെ വെച്ചുപുലർത്തുന്നുണ്ടെന്നു മറുള്ളവക്കു തോന്നാനിടവരുത്തുന്നതും ആശാസ്യമല്ല. അതാണു് നിർഭാഗ്യവശാൽ ചിത്രയോഗനിരൂപണത്തെസ്സംബന്ധിച്ചു സംഭവിച്ചതു്.

ചിത്രയോഗത്തിന്റെ കവിതാഭംഗിയെപ്പറ്റി, പൊതുവെ, ആക്ഷേപത്തിന്നു വഴിയില്ല. വളരെ മനസ്സിരുത്തി എഴുതിയവയാണു് അതിലെ ശ്ലോകങ്ങൊം എന്നു ആക്കും മനസ്സിലാവാതിരിക്കുകയില്ല. തന്റെ ഉദ്യമം ആവുന്നത്ര അനവദ്യമാക്കിത്തീർക്കണമെന്നു നിഷ്ഠ കവിയുണ്ടായിരുന്നു എന്നതിന്നു കാവ്യത്തിന്റെ ആകപ്പാടെയുള്ള ആകർഷകത്വം സാക്ഷ്യം വഹിക്കുന്നുണ്ടു്. മനോഹരമായ ആശയങ്ങൊം അടങ്ങിയ പദ്യങ്ങൊം ഇതിലുണ്ടെന്നു ആശാൻതന്നെ സമ്മതിച്ചിരിക്കുന്നു. പക്ഷേ, ''എല്ലാം നേരെ അല്ലെങ്കിൽ വളഞ്ഞ വഴിയുള്ള സംസ്കൃതമഹാകവികളുടെ വക''യായിപ്പോയി എന്നാണദ്ദേഹത്തിന്റെ ആക്ഷേപം. ചില ശ്ലോകങ്ങളിലെ ആശയങ്ങൊംക്കു ആശാൻ പറയുംപോലെ രഘുവംശം, കിരാതാർജ്ജുനീയം, മാഘം എന്നീ കാവ്യങ്ങളോടു കടപ്പാടുണ്ടു്. അവയോടുമാത്രമല്ല, ശാകുന്തളത്തോടും ഉണ്ടു് അങ്ങിനെയൊരു കടപ്പാടു്. പതിമൂന്നാം സർഗ്ഗത്തിൽ താരാവലിയെ മതംഗമുനി യാത്രയാക്കുന്ന സന്ദർഭത്തിൽ ചില ശ്ലോകങ്ങൊം ശാകുന്തളം നാലാം അങ്കത്തെ അനുസ്മരിപ്പിക്കുന്നവയാണു്.

നവദൃഷ്ടപൂർവ്വനാണങ്ങുന്നിവളന്യ ശകുന്തള
തവ ഞാനിവളെത്തന്നെ ഭുവനേ കണ്വതുല്യനായ്

എന്ന ശ്ലോകത്തിന്റെ ടിപ്പണിയിൽ കുറിപ്പുറത്തു കിട്ടുണ്ണിനായർ ഇങ്ങിനെ പറയുന്നുണ്ടു്: ''ഈ ശ്ലോകംകൊണ്ടു കവി

സ്വയം സമ്മതിച്ചതായി വിചാരിക്കാവുന്ന ശാകുന്തളചതുർത്ഥാങ്കച്ഛായാപഹരണം ഇവിടെ സ്വല്പംമാത്രമേ ഉള്ള എന്നും സന്ദർഭസൗമ്യമാണ് പ്രധാനമായി ശകുന്തളാപ്രസ്ഥാപനത്തെ അനുസ്മരിപ്പിക്കുന്നതു എന്നും കുറെ സൂക്ഷ്മമായി നോക്കിയാൽ അറിയാവുന്നതാണ്.'' ഇതേ സന്ദർഭസൗമ്യംതന്നെയാണ് ഇതര കവികളുടെ ആശയങ്ങൾ അവിടവിടെയായി കാവ്യത്തിൽ കടന്നുകൂടിയതിന്റെയും കാരണം. അക്കാര്യം കവി മറച്ചുവെയ്ക്കുവാനുദ്ദേശിച്ചിരുന്നുമില്ല. കവിഞ്ഞത് ഇരുന്നൂറു പദ്യങ്ങളിൽ ഇതരകവികളുടെ ആശയം കാണുമായിരിക്കാമെന്നും ബാക്കി മുഴുവനും നന്നെങ്കിലാകട്ടെ ചീത്തയാണെങ്കിലാകട്ടെ, തന്റെ ആശയംതന്നെയാണെന്നും അക്കാലത്ത് (1916 ജനുവരി) വള്ളത്തോൾ ഒരെഴുത്തിൽ പ്രസ്താവിച്ചിരുന്നു. വാസ്തവത്തിൽ വലിയ കഴമ്പില്ലാത്തതാണ് അന്യാശയാപഹരണത്തെക്കുറിച്ചുള്ള ഈ ആക്ഷേപം. സാവ്ത്രിക പ്രാധാന്യമോ പ്രചാരമോ ഉള്ള കാര്യങ്ങൾ പ്രസ്താവിക്കേണ്ടിവരുമ്പോൾ പ്രാമാണികന്മാരായ പൂർവാചാര്യന്മാർ പ്രയോഗിച്ചിരുന്ന ആശയങ്ങളെ ഔചിത്യഭംഗംകൂടാതെ സ്വീകരിക്കുന്നതിൽ ഒരു കവിയ്ക്കുള്ള സ്വാതന്ത്ര്യത്തെ നിഷേധിക്കുവാൻ ആർക്കാണധികാരം? വാല്മീകിയെയും വ്യാസനെയും യഥേഷ്ടം ഉപജീവിച്ചു കാവ്യനിർമ്മാണം അനുഷ്ഠിച്ചവരല്ലേ നമ്മുടെ പൂർവകവികളെല്ലാം? രഘുവംശത്തിലും കുമാരസംഭവത്തിലുമുള്ള എത്രയെത്ര ആശയങ്ങളാണ് അതേരൂപത്തിൽ പദ്മപുരാണത്തിലും മറ്റും കാണുന്നത്? എന്നിട്ടാണോ ഒരാധുനികകവി ആ ഗ്രന്ഥഭ്രതന്മാരുടെ കാലടിപ്പാടുകളനുസരിക്കുന്നതിൽ ഇത്രയൊക്കെ ആക്ഷേപകോലാഹലം കൂട്ടുന്നത്?

പഴയ സമ്പ്രദായത്തിൽ ഒരു മഹാകാവ്യം നിർമ്മിച്ചതിനെപ്പറ്റി അത്രയൊക്കെ ലഹളകൂട്ടത്തക്കവണ്ണം എന്തൊരു കൊള്ളരുതായ്മയാണ് ആ സാഹിത്യരീതിയ്ക്കുള്ളത് എന്നാണ് മനസ്സിലാവാത്തത്. ഗതാനുഗതികത്വത്തേക്കാൾ നവീനസരണികയ്ക്കു സ്വീകരിക്കുന്നതിൽ പലർക്കും അധികം കൌതുകം തോന്നുമെന്ന കാരണത്താൽമാത്രം പ്രാചീനരീതിയിൽ രചിക്കപ്പെടുന്നതെന്തും ഹേയമാണെന്നു വിചാരിക്കുന്നതിനർത്ഥമില്ല. അതു മിക്കവാറും ഒരു രുചിഭേദത്തിന്റെ കാര്യമാണ്. കഥകളിയിലെ വേഷവിധാനങ്ങളും അഭിനയസമ്പ്രദായവും നാടകത്തിലെ വേഷാഭിനയങ്ങളിൽനിന്നു വ്യത്യസ്തമാണെന്ന കാരണത്താൽ കഥകളിയെ ആസ്വദിക്കുവാൻ സാധിക്കാത്ത സഹൃദയന്മാർ പലരുമുണ്ടെന്ന പരമാർത്ഥം എല്ലാവർക്കും അറിയാവുന്നതാണ്. എന്നതന്നെയല്ല ഇടക്കാലത്ത് ആ മനോഭാവത്തിന്റെ ഫലമായി കഥകളിയുടെ കഥതന്നെ കഴിഞ്ഞതാ

യി പലരും ഭയപ്പെട്ടിരുന്നു. എന്നിട്ടും ഇന്നു ആ കലയെ പുനരുദ്ധരിക്കുവാനും പരിപോഷിപ്പിക്കുവാനുമുള്ള പരിശ്രമങ്ങളാണു് നടന്നുവരുന്നതു്. (വള്ളത്തോൾതന്നെ ആ വിഷയത്തിൽ ചെയ്തിട്ടുള്ള പ്രയത്നത്തെക്കുറിച്ചു അന്യത്ര പ്രസ്താവിക്കുന്നതുമായിരിക്കും.) ഗതാനുഗതികത്വം, ചിലർ വിചാരിക്കും പോലെ, പിഴതെറിഞ്ഞുകളയേണ്ടുന്ന ഒരു ദുസ്വഭാവമൊന്നുമല്ലെന്നു ഇതിൽനിന്നു വ്യക്തമാകുന്നുണ്ടു്. അതുകൊണ്ടാണു് പറയുന്നതു്, ചിത്രയോഗം പഴയ കാവ്യസമ്പ്രദായത്തിലെഴുതിയ ഒരു കൃതിയാണെന്ന കാരണത്താൽമാത്രം അതിനെ അധിക്ഷേപിച്ചതിൽ ഒട്ടും ഔചിത്യം ഉണ്ടായിരുന്നില്ലെന്നു. യാതൊരുദ്ദേശവും ഇല്ലാതെ ആയിരുന്നില്ല പ്രാചീനകവികൾ മഹാകാവ്യങ്ങളെഴുതിയതു. വിസ്തൃതമായ ഒരു 'ക്യാൻവാസ്സി'ൽ ജീവിതത്തിന്റെ വിവിധവശങ്ങളെ ചിത്രീകരിക്കുന്നതിനുള്ളൊരുപാധിയായിരുന്നു മഹാകാവ്യം. പലതും അതിൽ ഉൾക്കൊള്ളിക്കുവാൻ തൽകർത്താക്കൾ മനഃപൂർവം ശ്രമിച്ചു. ഒരേ ഇരിപ്പിൽ എഴുതിത്തീർക്കണമെന്നോ വായിച്ചുതീർക്കണമെന്നോ ഉള്ള നിഷ്കർഷയൊന്നും അവർക്കുണ്ടായിരുന്നില്ല. വായിക്കുവാൻ ഇഷ്ടപ്പെടുന്നവർ വായിച്ചാൽമതിയെന്നായിരുന്നു അവരുടെ മനോഭാവം. കാളിദാസൻ പറഞ്ഞതുപോലെ 'തം സന്തഃ ശ്രോതു മർഹന്തി' എന്നു അവരും വിചാരിച്ചിരിക്കാം. പക്ഷേ, ചിലർക്കു അതു കേൾക്കാൻ മനസ്സോ, മനസ്സിലാക്കുവാൻ കെല്പോ ഇല്ലെന്നുവരികിൽ അത്തരക്കാരെ അനുരഞ്ജിപ്പിച്ചുകൊള്ളണമെന്നു, ശ്രീഹർഷനെപ്പോലെ, അവർക്കും നിർബന്ധമുണ്ടായിരുന്നില്ല.

നഗരാണ്യവാദിവർണ്ണനകൾ എഴുതിച്ചേർത്തു കഥാശില്പത്തിനൊരു കൃത്രിമത്വംവരുത്തുന്നു എന്നാണു് മഹാകാവ്യത്തിന്റെ സാങ്കേതികവശത്തെപ്പറ്റി പലരും ആവർത്തിച്ചുപറഞ്ഞു കേൾക്കാറുള്ള ഒരാക്ഷേപം. വാസ്തവത്തിൽ അങ്ങിനെയൊരു കൃത്രിമത്വമുണ്ടെങ്കിൽത്തന്നെ അതു കലാസൃഷ്ടികൾക്കു അവശ്യം വേണ്ടതല്ലേ? വസ്തുസ്ഥിതികളുടെ യഥാതഥമായ വിവരണം സാഹിത്യകലയാവുകയില്ല. ചില പൊടിപ്പും തൊങ്ങലും കൂട്ടിച്ചേർത്തെങ്കിലേ അവയ്ക്കു കലാരൂപം കൈവരികയുള്ളൂ. ആ കൂട്ടിച്ചേർക്കൽ, പക്ഷേ, രസവിച്ഛിത്തിയുണ്ടാകാത്ത വിധത്തിലായിരിക്കണം എന്നുമാത്രം. ഒരു നഗരത്തിലോ, വനത്തിലോ, സമുദ്രത്തിലോ നടന്നകാര്യങ്ങളെപ്പറ്റി പറയാനുള്ള സന്ദർഭംവരുമ്പോൾ ആ പശ്ചാത്തലങ്ങളെ സമീചീനമായ രീതിയിൽ വർണ്ണിച്ചു തന്മയത്വം ഉളവാക്കുന്നതു, ഒരർത്ഥത്തിൽ കൃത്രിമമായേക്കാമെങ്കിലും, മറ്റൊരർത്ഥത്തിൽ സ്വാഭാവികമാണു്. ഒരു മഹാകാവ്യത്തിനുവേണ്ടി ഒരുക്കിവെ

ച്ചിട്ടുള്ള ബൃഹത്തായ ഭൂമികയിൽ അതൊട്ടും അധികപ്പറ്റാവുകയില്ല. ചിത്രയോഗത്തെസ്സംബന്ധിച്ച, അത്തരം വർണ്ണനകൾ എവിടെയും അസ്ഥാനത്തിലായിരുന്നില്ല എന്നു ഏതു നിഷ്പക്ഷനിരീക്ഷകനും കാണുവാൻ കഴിയും.

ഇതുതന്നെയാണു് അസംഭാവ്യാംശങ്ങളുടെയും അതിശയോക്തികളുടെയും നില. കവിത എന്നുവെച്ചാൽ ഭാവനയുടെ വിലാസമാണു്. കവിഭാവനയ്ക്കു പറന്നെത്താൻകഴിയാത്ത ദൂരമില്ല. പ്രവേശിക്കുവാൻകഴിയാത്ത ദുർഗ്ഗങ്ങളുമില്ല. ചിത്രയോഗത്തിലെ കഥതന്നെ അങ്ങിനെയുള്ള ഒരു ഭാവനാലോകത്തിൽ നടന്നതായിട്ടാണു് കവി സങ്കല്പിച്ചിരുന്നതു്. അതിന്റെ മൂലസ്ഥാനമായ കഥാസരിത്സാഗരത്തിൽനിന്നു സിദ്ധമായതാണു് ആ അസംഭാവ്യതയുടെ ഭൂരിഭാഗവും. ആ സ്ഥിതിയ്ക്കു കാവ്യത്തിൽ അതു കുറെക്കൂടി പ്രകടമായിക്കാണുന്നതിലുത്തമമില്ല. ശാകുന്തളത്തിൽ ദുഷ്യന്തനാൽ നിരാകൃതയായ ശകുന്തളയെ ഒരു ദിവ്യതേജസ്സുവന്നു പെട്ടന്നു എടുത്തുകൊണ്ടുപോകുന്നതും, ചിന്താവിഷ്ടയായ സീതയ്ക്കു അന്തർദ്ധാനംചെയ്യുവാൻ ഭൂമിദേവി ഒരു പഴുതുണ്ടാക്കിക്കൊടുത്തതും സാധാരണ ദൃഷ്ട്യാ അസംഭാവ്യങ്ങളല്ലേ? എന്നിട്ടും കവിമനോധർമ്മത്തിന്റെ ആ വഴിയ്ക്കുള്ള പ്രവർത്തനത്തിൽ ഒരു അനൌചിത്യം ആരോപിച്ചതായി കേട്ടിട്ടില്ല. കവിതയുടെ കാതലായ ഭാഗത്തിന്നു വല്ല ന്യൂനതയും വരുന്നുണ്ടെങ്കിലല്ലാതെ ഈ മാതിരി പ്രതിപാദനവൈചിത്ര്യങ്ങളെ ദോഷങ്ങളായി പരിഗണിയ്ക്കുന്നതിൽ അർത്ഥമില്ല.

ആദ്യം പറഞ്ഞതുപോലെ, രുചിഭേദത്തിന്നു വിധേയമായ ഏതാദൃശവിഷയങ്ങളിൽ ഖണ്ഡിതമായ ഒരു നിലപാടു കൈക്കൊള്ളുന്നതു അനാശാസ്യമാണു്. ചിത്രയോഗമെന്നൊരു മഹാകാവ്യമെഴുതിയതു അക്ഷന്തവ്യമായ അപരാധമായിപ്പോയെന്ന നിലയിലുള്ള വിമർശനകോലാഹലത്തെ ആ രുചിഭേദത്തിന്റെ തീവ്രപ്രകടനമെന്ന നിലയിൽമാത്രം കരുതുന്നതായിരിക്കും ശരി. അല്ലാതെ മഹാകാവ്യം ഒരു ദുഷിച്ച പാരമ്പര്യത്തിന്റെ അവശിഷ്ടമാണെന്നോ അവയ്ക്കു പുരോഗമന പ്രവണമായ സാഹിത്യ വ്യവസ്ഥയിൽ സ്ഥാനമില്ലെന്നോ ശഠിക്കുന്നതു മൌഢ്യമാണു്. എളുപ്പത്തിൽ വായിച്ചുതള്ളാവുന്നതും അവഗാഢമായ ചിന്തയ്ക്കു വകനല്കാത്തതുമായ ലഘുകൃതികളിൽ പ്രതിപത്തി വർദ്ധിച്ചു വരുന്നതു ബൃഹൽകൃതികളുടെ ദോഷംകൊണ്ടായിക്കൊള്ളണമെന്നില്ല. നിർമ്മാണവിഷയത്തിലും ആസ്വാദനവിഷയത്തിലും കാലാനുസൃതമായി സംഭവിച്ച അധഃപതനത്തിന്റെ ഫലമായും അങ്ങിനെയൊരു മനോഭാവം സംജാതമാവാം. ചക്രനേമിക്രമത്തിൽ ജനങ്ങളുടെ സാഹിത്യാഭിരുചി

യിൽ വന്നുകൊണ്ടിരിക്കുന്ന ദശാഭേദങ്ങളനുസരിച്ചു ഭാവിയിൽ കാറു തിരിച്ചടിച്ചുകൂടെന്നുമില്ല. ആ നിലയ്ക്കു ചിത്രയോഗത്തിനും അതിന്റെ വഴ്ത്തിൽപ്പെട്ട ഇതരകൃതികൾക്കും സാഹിത്യത്തിൽ ഒരു സമഭ്യർഹമായ സ്ഥാനം കൈവരാതിരിക്കയില്ല.

കാവ്യത്തിലെ 'ലളിതകോമളകാന്ത പദാവലി'യും ശബ്ദാർത്ഥങ്ങളിൽ കവി സനിഷ്ഠം ദീക്ഷിച്ചിട്ടുള്ള ഔചിത്യവും ചിത്രയോഗത്തെ ഒരു മനോഹര കലാശില്പമാക്കിത്തീർത്തിട്ടുണ്ടെന്നുവേണം പറയുവാൻ. ചിത്രസർഗ്ഗവും യമകസർഗ്ഗവും വേണ്ടെന്നുവെച്ചതിൽനിന്നു മഹാകാവ്യങ്ങൾക്കു വിധിച്ചിട്ടുള്ള കൃത്രിമോപാധികളെ ആവശ്യമുള്ളേടത്തോളം മാത്രമേ വള്ളത്തോൾ അംഗീകരിച്ചിരുന്നുള്ളു എന്നു വ്യക്തമാകുന്നുണ്ട്. പ്രാസാഭാവംകൊണ്ടു ശ്ലോകങ്ങളുടെ ഭംഗി കുറഞ്ഞു പോവുകയില്ലെന്നതിനുദാഹരണമാണ് പതിനൊന്നാം സർഗ്ഗം.

പതഞ്ഞ വെള്ളം പഥി വായിൽനിന്നു
തുകുന്ന കുന്നാലിയെ മുൻനടത്തി
നുകം കരിക്കോലിവ തോളിലും വെ
ച്ചിതാ കൃഷിക്കാർ വയൽ വിട്ടിടുന്നു.

പരന്ന പാടത്തിഹ പഞ്ചകാകളം
പെണ്ണുങ്ങളഭ്യർണ്ണലതാ ഗൃഹത്തിൽ
ഗ്രാമീണ വീണാകണിതം കലർന്ന
ഗാനം മുതിർക്കുന്നു വിനോദനാർത്ഥം.

കാന്താകരാന്ദോളിതതാലവൃന്ത
ക്കാറേറേറു ചൂടേതു മറിഞ്ഞിടാതെ
ഇപ്പോളണിപ്പൊൻകുളിർ മച്ചിനുള്ളി
ലിരിക്കയാം നാഗരിക പ്രഭുക്കൾ.

ഈ ശ്ലോകങ്ങളുടെ രചനാസൌഷ്ഠവവും ഭാവമാധുര്യവും വള്ളത്തോൾകവിതയ്ക്കു പൊതുവേയുള്ള 'വിപഞ്ചീസ്വര സൌഭാഗ്യ'ത്തിനൊരുദാഹരണമാണ്. സന്ദർഭാനുരൂപമായ സ്ഫോടം ജനിപ്പിക്കുവാൻ കെല്പുള്ളതായിരിക്കണം കവിതയുടെ രചന എന്ന നിർബന്ധം വള്ളത്തോളിനുണ്ടായിരുന്നതുകൊണ്ട് അക്കാര്യത്തിൽ അദ്ദേഹം പ്രത്യേകം മനസ്സിരുത്തിയിരുന്നു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനായിരുന്നു അതിൽ വള്ളത്തോളിന്നു മാർഗ്ഗനിർദ്ദേശം നല്കിയതെന്നു പറഞ്ഞാൽ അബദ്ധമാവില്ല. നല്ല ശ്ലോകങ്ങൾ സ്ഫോടജനകമായ രീതിയിൽ ചൊല്ലിക്കേൾക്കുന്നതുതന്നെ ഒരു മധുരാനുഭവമാണ്. പക്ഷേ അങ്ങിനെ സ്ഫോടം ജനിക്കണമെങ്കിൽ രചനയും അതിനനുസരിച്ചതായി

രിക്കണം. ചിത്രയോഗത്തിൽനിന്നു അതിനുള്ള ഉദാഹരണങ്ങൾ അനേകം എടുത്തുകാണിക്കുവാൻ സാധിക്കും. കുത്താമ്പള്ളി രാമൻനമ്പ്യാർ ചിത്രയോഗത്തിന്റെ കാവ്യഭംഗിയെപ്പറ്റി പറയുന്ന അവസരങ്ങളിൽ ചൊല്ലാറുണ്ടായിരുന്ന ഈ രണ്ടു ശ്ലോകങ്ങൾ കേൾക്കുക:—

തദാഗമം കരുതിരസിച്ച വണ്ണമാ
മദാലസഭ്രമരനിനാദിയാം വനം
സദാഗതി പ്രചലിത വൃക്ഷശാഖയാ
യുദാരനാമവനിലുതിർത്തു പൂക്കളെ.

മുമ്പേ മുഗ്ധാംഗിയാളെച്ചെറിയ തരണിയിൽ
ക്കേറി രാജാത്മഭ്രവും
പിമ്പേ തൻ മന്ത്രിതാനും ഹരിഹരി കയറാ
നാഞ്ഞടങ്ങുമ്പൊഴേക്കും
എമ്പേനഞ്ഞില്ലശേഷം വിവരമെഴുതുവാൻ
ശേഷി മേന്മേൽ സ്മരൻത
ന്നമ്പേല്ലന്നാവണിക്കിൻ വഹനമുദധിയിൽ
ദൂരമെത്തിക്കഴിഞ്ഞു.

വള്ളത്തോൾക്കവിതയുടെ ക്രമാനുഗതമായ വളച്ചയിൽ ഒരു ഘട്ടത്തെയാണ് ചിത്രയോഗം കുറിക്കുന്നത്. അതു മനസ്സിലാക്കിക്കൊണ്ടുവേണം വിമർശകന്മാർ അതിനെ സമീപിക്കുക. വ്യക്തിപരമായ രുചിഭേദത്തെമാത്രം മുൻനിർത്തിച്ചെയ്യപ്പെടുന്ന വിമർശനം ഒരിക്കലും കാവ്യകൃത്തിനോടു നീതി പ്രവൃത്തിക്കുന്നതായിരിക്കുകയില്ല.

ഒമ്പതാം അധ്യായം

കവനകൌമുദി

കേരളത്തിലെ ഏക പദ്യമാസികയെന്ന പദവി വഹിച്ചുകൊണ്ട് അക്കാലത്തു കോട്ടയ്ക്കൽനിന്നു പി. വി. കൃഷ്ണവാരിയരുടെ പ്രസാധകത്വത്തിൽ പ്രതിമാസം പ്രകാശിച്ചുകൊണ്ടിരുന്ന കവനകൌമുദി കവികൾക്കൊരു വിഹാരരംഗമായിരുന്നു, പന്തളത്ത് കേരളവർമ്മത്തമ്പുരാന്റെ ആധിപത്യത്തിൽ കേരളകല്പദ്രുമത്തിൽ മുദ്രിതമായിരുന്ന കാലത്തുതന്നെ വള്ളത്തോൾ അതുമായി ബന്ധപ്പെട്ടിരുന്ന സംഗതി മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. കൌമുദി 'കൃഷ്ണപക്ഷ'ത്തിലായപ്പോഴും ആ ബന്ധം തുടർന്നുവന്നിരുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ, പന്തളത്തു കേരളവർമ്മത്തമ്പുരാൻ, കെ. സി. കുട്ടിയപ്പനമ്പ്യാർ, കൂട്ടമത്ത് കുന്നിയൂർ കുഞ്ഞിക്കൃഷ്ണക്കുറുപ്പ്, തെക്കെ കുന്നത്ത് കല്യാണിക്കുട്ടിയമ്മ, കെ. എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ, പള്ളത്ത് രാമൻ, കുറിപ്പുറത്ത് കിട്ടുണ്ണിനായർ, കേശവൻനായർ, നാലപ്പാട്ട നാരായണമേനോൻ, പട്ടം കൊച്ചുകൃഷ്ണപിള്ള, മേലങ്ങത്ത് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണനമ്പി, നടുവത്ത് മഹൻനമ്പൂതിരി, ഉള്ളൂർ പരമേശ്വരയ്യർ എന്നീ കവികളെല്ലാവരും വള്ളത്തോളും നാരായണമേനോനോടൊപ്പം കൌമുദിയിൽ കാവ്യവിഹാരം ചെയ്തവരായിരുന്നു.

കൃഷ്ണവാരിയരുടെ അധീനതയിൽ വന്നശേഷം കൌമുദിയ്ക്കു വള്ളത്തോൾ ആദ്യമായി സംഭാവനചെയ്ത ദീർഘകവിത 'ദണ്ഡകാരണ്യം' ആയിരുന്നു. അതുവരെ വള്ളത്തോൾ നിർമ്മിച്ച മറെറല്ലാ കൃതികളെക്കാളും അധികം രസപുഷ്ടിയും രചനാഭംഗിയും അത്ഥകല്പനാ വിശേഷവും ഉള്ള കൃതിയാണ് ദണ്ഡകാരണ്യമെന്നു വാരിയക്ഭിപ്രായമുണ്ടായിരുന്നു. ഇയ്യടെ മാത്രമാണ് അതു പ്രത്യേകം പുസ്തകമായി പ്രസിദ്ധീകൃതമായത്; അമ്പതോളം കൊല്ലം കൌമുദിയുടെ പഴയൊരു ലക്കത്തിൽ മറഞ്ഞുകിടന്നിരുന്ന അതിനെപ്പററി അതുവരെ അവ്വാചീനരിൽ പലരും അറിഞ്ഞിരുന്നില്ല. കവിതയ്ക്കു വിഷയീഭവിച്ച സാക്ഷാൽ ദണ്ഡകാരണ്യത്തിന്റെ പുനരുദ്ധാരണത്തിനു ഭാരതഗവർമ്മെണ്ട് ചെയ്തവരുന്ന സംരംഭങ്ങളോടൊപ്പം ഈ കാവ്യവും വിസ്മൃതിയുടെ കഹരത്തിൽനിന്നു വെളിച്ചത്തിലെത്തുവാനിട

വന്നതു എന്തുകൊണ്ടും സന്തോഷാവഹമായിട്ടുവേണം കരുതുവാൻ.

സൂര്യവംശജനായ ദണ്ഡൻ എന്ന രാജാവു ഗുരുപുത്രിയായ അരജയെ ബലാൽക്കാരമായി പ്രാപിച്ച വിവരമറിഞ്ഞു കോപാവിഷ്ടനായിത്തീർന്ന ഗുരു ദണ്ഡന്റെ രാജ്യം ഏഴു ദിവസത്തിനകം ശൂന്യമായ് ഭവിക്കട്ടെ എന്നു ശപിക്കുകയും, ആ ശാപം ഫലിക്കുകയും ചെയ്തു. ഈ പുരാണ കഥയെ ആസ്പദമാക്കിയെഴുതിയതാണ് 'ദണ്ഡകാരണ്യം'.

ഉലകിനുപകരിയ്ക്കു മുത്തമന്മാർ
പലരുളവാകിന ഭാസ്സുരാന്വയത്തിൽ
ഖലനൊരു നൃപനുത്ഭവിച്ചു പണ്ടാ
ക്കലശപയോധിയിൽ വൻവിഷം കണക്കെ.

എന്നിങ്ങിനെയാരംഭിക്കുന്ന കാവ്യത്തിലുടനീളം ഭാവിവള്ളത്തോളിന്റെ കാവ്യശൈലിയുടെ ഗുണങ്ങളും പലതും നിഴലിച്ചുകാണാം. അലങ്കാരപ്രയോഗത്തിൽ കവി ദീക്ഷിച്ചിട്ടുള്ള ഔചിത്യത്തിനൊരുദാഹരണമാണ് മേലുദ്ധരിച്ച ശ്ലോകത്തിലെ നാലാം പാദത്തിലെ ഉപമ. ദണ്ഡന്റെ സ്വഭാവത്തെക്കുറിച്ചു സമഗ്രമായൊരു വിവരണം അതിൽ ഒതുക്കിയിട്ടുണ്ടെന്നു പറയാം. തപോവനത്തിലെ 'വസന്തലക്ഷ്മിത്തിരുവിളയാട്ടം' ആസ്വദിക്കുവാനെത്തിയ ദണ്ഡനു വസന്തശ്രീയുടെ മൂർത്തീഭാവം പോലെ അവിടെ പൂവുത്തു നിന്നിരുന്ന സുന്ദരിയെ വേറിട്ടു തിരിച്ചറിയുവാൻ കുറെനേരം വേണ്ടിവന്നുവത്രെ.

ചെടികളുടെ നടുക്കു നില്പുമാപ്പെൺ
കൊടിയെ നൃപൻ സുചിരാൽത്തിരിച്ചറിഞ്ഞു

എന്ന വാക്യത്തിലെ 'സുചിരാൽ' പ്രയോഗം എത്ര രസികത്തം നിറഞ്ഞതാണ്! പെട്ടെന്നു കണ്ണിൽപ്പെട്ട സുന്ദരിയുടെ ദർശനത്താൽ 'വിടനൃപനൊട്ടിടകുറിപോലെ നിന്നു' എന്നു പറയുന്ന കവി വെണ്മണിശ്ശൈലിയുടെ സ്വാധീനതയിൽ അറിയാതെതന്നെ അകപ്പെട്ടുപോയിരിക്കാം.

1085 മിഥുനത്തിലാണ് ദണ്ഡകാരണ്യം എഴുതിയത്. അന്നു വള്ളത്തോൾ ചിത്രയോഗത്തിൽ കൈവെച്ചുകഴിഞ്ഞിരുന്നില്ല. എങ്കിലും ചിത്രയോഗത്തിലെ കവിതാരീതിയുമായി ദണ്ഡകാരണ്യത്തിന്റെ രീതിയ്ക്കു വളരെ സാമ്യം കാണ്മാൻ പ്രയാസമില്ല. ചില ഉദാഹരണങ്ങൾ ഇതാ:—

വ്രതമെഴു മൃഷികൾക്കു ദേവപൂജ
സ്തുതികിന പൂക്കൾ മരങ്ങൾതോറുമേന്തി

ചിതമൊടമരുമാവനം വസന്താ
ജ്ജിത മദനായുധശാലപോലെ കണ്ടാൻ.

വരമുനിവടുസാമഗാനമട്ടായ്
കരവം കവരും കളകണുകണ്ണ്നാദം
നരപതി നളിനാസ്രുഘോഷയാത്രാ
വിരചിതമാം കുഴലൊച്ചപോലെ കേട്ടു.

തുരുതുരെ മുനിഹോമധൂമഭാസ്സായ്
പ്പുരുമദമാന്നിളകും ദ്വിരേഫജാലം
സുരുചിരമധുലക്ഷ്മിയാളഴിച്ചി
ട്ടൊരു കരിവാർകുഴലെന്നവന്നു തോന്നീ.

ഉചിതപദവിന്യാസത്തിൽ കൃതഹസ്തത നേടിക്കഴിഞ്ഞ ഒരു കവിയുടെ അരങ്ങേറ്റമാണ് ദണ്ഡകാരണ്യത്തിൽ കാണുന്നതെന്നു ചുരുക്കത്തിൽ പറയാം.

വള്ളത്തോളിന്റെ ഒരോട്ടംതുള്ളലായിരുന്ന കൌമുദിയുടെ 'പട്ടാഭിഷേകമഹോത്സവം' എന്ന ഒന്നാമത്തെ വിശേഷാൽ പ്രതിസ്സുള്ള സംഭാവന.

വൃന്ദാരകരേ! വിവിധ മഹോത്സവ
സന്ദായകമൊരു സുദിനമിതല്ലൊ.
സന്ദാനിതമിന്നംക്കമലമൊരാ
നന്ദാതിശയത്താലഖിലക്കും.

നന്ദനമെന്നു പുകഴ്ന്നൊരു ഹൃദയാ
നന്ദനമാകിന പൂങ്കാവിങ്കൽ
മന്ദാകിനിയുടെ ജലകണമണിയും
മന്ദാനിലനേറിലയിളകീടിന

മന്ദാരാദി മരങ്ങളിലനിശമ
മന്ദാരാവമിളിന്ദാവൃതമായ്
സുന്ദരമായി വിരിഞ്ഞുവരും സുമ
വൃന്ദമുത്തണിമാലകളം കെട്ടി

ചന്ദന സാരോത്തരളിതപരിമള
കന്ദളമാം പനിനീരും പാററി
മന്നിൽനിരക്കെത്തുക്കുവിനുള്ളിൽ
ച്ചിന്നിയഹഷ്ംപൂണ്ട ഭവാന്മാർ.

എന്നിങ്ങിനെ പോകുന്ന അതിലെ ശബ്ദാഡംബരം.

'ലളിതാ സ്തുതി'യാണ് കൌമുദിസ്സ്വയച്ചുകൊടുത്ത അടുത്ത കവിത. 1087 മേടം ലക്കത്തിൽ അതു പ്രസിദ്ധപ്പെടുത്തി.

ആ ദശകത്തിന്റെ ആരംഭമിങ്ങിനെയായിരുന്നു:—

ഹ്രീങ്കാരക്ഷീരവാരാന്നിധിപരമസുധേ!
പാണിചഞ്ചൽകൃപാണീ
ഭാങ്കാരത്രാസിതാഖണ്ഡല വിമതകുലേ!
വിശ്വവല്ലിക്കിഴങ്ങേ!
ഞാൻ കാൽ കുപ്പുന്ന യോഗീശ്വരഹൃദയമിളി
ന്താളി മേളിയ്ക്കുമോമൽ
പൂങ്കാവേ! നിന്റെ പേരിൽ ബ്ഭഗവതി ലളിതേ
ഭക്തി സിദ്ധിക്കണം മേ.

ലളിതാത്രിശതിയിലെ 'ഹയ്യംഗവീനഹൃദയാ' എന്ന നാമത്തെ അനുസ്മരിച്ചുകൊണ്ടുള്ളതാണ് അതിലെ മറ്റൊരു ശ്ലോകം:—

കുന്നായ്പ്പോരിട്ട പോർക്കൊങ്കകളുപരി
വഹിച്ചീടുവാൻ തക്കകെല്പും
ണ്ടെന്നാലും ദേവി! നിൻ നെഞ്ചഹഹ പുതു
നുംവെണ്ണയാണെന്ന കേംപ്പൂ.
എന്നാൽ വാവിട്ട കേഴും മമ കടുകടനത്തിയ്യു
തിൽത്തട്ടിയിട്ടി
ല്ലെന്നാണെൻപക്ഷ,മുണ്ടെങ്കിലതുരുകിയലി
ഞ്ഞീടുവാൻ ഞായമില്ലേ?

പ്രദോഷസ്തോത്രത്തിലെ 'നൃത്തനാദ്ധ്യുപരേശസ്യ ചതുഷ്ഷഷ്ടി കലാജനിഃ' എന്ന വാക്യത്തെയാണ് മറ്റൊരു ശ്ലോകത്തിൽ സൂചിപ്പിക്കുന്നത്:—

നേരെത്താത്താണ്ഡവത്താൽക്കലകളുറപതും
നാലുമൊപ്പം ചമപ്പോൻ
തീരെപ്രേമാന്ധനായ്ക്കീഴ്പ്പെട്ടമല കലേ
ശോല്ലസന്മൌലിയാം നീ
പാരെല്ലാം തീർത്തഴിക്കും പുരികലത കുറ
ഞ്ഞൊന്നിളക്കുന്നതായാ
ലാരെസ്സേവിക്കുകില്ലാ സകല കലകളും
ദാസിമാരെന്നപോലെ?

അക്കൊല്ലം ഗുരുവായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽകൂടിയ ഒരു പണ്ഡിതസമാജത്തിന്റെ വിജയകരമായ നിർവ്വഹണത്തിൽ വള്ളത്തോളിന്നൊരു പങ്കുണ്ടായിരുന്നു. ദേവസ്വം കാര്യക്കാരായ മേലേപ്പുറത്ത് കോന്തിമേനോന്റെയും അദ്ദേഹത്തിന്റെ ജാമാതാവായ കുത്താമ്പുള്ളി രാമൻനമ്പ്യാരുടെയും ഒരാപ്തമിത്രമെന്ന നിലയിൽ വള്ളത്തോൾ ആ ചുമതല

സന്തോഷപുരസ്സരം നിറവേറ്റി. മദിരാശി ഹൈക്കോടതിയിലെ ജഡ്ജി ശ്രീ സുന്ദരയ്യരായിരുന്ന സമ്മേളനാധ്യക്ഷൻ. അപ്പൻതമ്പുരാൻ, പുന്നശ്ശേരി നമ്പി, കൃഷ്ണമാചാരി, അനന്തനാരായണശാസ്ത്രി മുതലായി അനേകം പണ്ഡിതവരേണ്യന്മാരുടെ സന്നിധാനത്താലും വാഗ്വിലാസത്താലും മഹനീയമായ ആ സദസ്സിനെപ്പറ്റി പദ്യരൂപത്തിലൊരു നിരൂപണം വള്ളത്തോൾ എഴുതി കവനകൌമുദിക്കയച്ചുകൊടുത്തു.

1087 മിഥുനം ലക്കം കൌമുദിയിൽ ചേർത്ത ആ കത്തിൽ നിന്ന ചില ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം. സമ്മേളനത്തിന്റെ പൊതുവെയുള്ള പശ്ചാത്തലത്തെ വർണ്ണിക്കുന്നതാണീ ശ്ലോകം:—

ഉല്ലാസം കൂടികൊണ്ടിടാത്ത മുഖമോ
നല്ലോരലങ്കാരവാ—
സ്തില്ലാതുള്ളൊരു ഭാഗമോ മലിനതാ
സമ്മിശ്രമാം വേഷമോ
ചൊല്ലാളും ഗുരുവായുമന്ദിരമതിൽ
ക്കണ്ടെത്തിയില്ലെന്ന ഞാ
നെല്ലാടത്തുമൊരേ വിധം നടനമാ
ടുന്ന മഹാലക്ഷ്മിയാൾ.

ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയ്ക്കൽ വന്നെത്തിയ അദ്ധ്യക്ഷനെ സമാജം ഭാരവാഹികൾ

'കാമാരിസ്വാമിതന്നെക്കമലഭവ മഹേ
ന്ദ്രാദിവാനോർ കണക്കു
ദ്ദാമാഹ്ലാദാനുരൂപോത്സവഭരമെതിരേ
ല്പാചരിച്ചാദരിച്ചൂ'.

ആ എതിരേല്പിന്റെ ഒരു ചിത്രീകരണമാണ് അടുത്ത പദ്യത്തിൽ:—

കൊന്നപ്പൂതോറ്റ പൊൻകോപ്പുടയ കരികളാം
മിന്നൽ മേഘങ്ങളാലും
സന്നദ്ധാനേക വാദ്യച്ചുടയുടെയിടിപോ
ലുള്ള ഘോഷത്തിനാലും
എന്നല്ലെങ്ങും മഴപ്പാറലിനെതിർ പനിനീർ
വീശലാലും തദാനീ
മന്നത്തെ ദ്യോവിനൊത്തു ഗുരുപവന പുര
ക്ഷേത്ര പാശ്ചാത്യ ഭാഗം.

സമ്മേളനത്തിന്ന തയ്യാറാക്കിയ സഭാശാലയെ വർണ്ണിക്കുന്ന

ശ്ലോകങ്ങളിൽ ചിലതാണിവ:—

ഓമൽപ്പൊന്നിൻനിറംപൂണ്ടൊരു ചെറുതരമാം
വേലിചൂഴെച്ചുഴന്നും
ശിമക്കമ്മായമിട്ടും വിലപെരുകുമനേ
കാസനാദ്യങ്ങളൊത്തും
വൈമല്യശ്രീ തികഞ്ഞുള്ളൊരു തറയവിടെ പൂ
വ്വ്ഭാഗത്തു കാണായ്
പ്രേമത്താലാസ്ഥലത്തെത്തിയ മലർമകനും തൻ
കൂത്തരങ്ങെന്നപോലെ.

തങ്കത്താൽപ്പണിചെയ്ത കല്പുകവും പതി
ച്ചിട്ടുള്ളതാണെന്ന ഹ
ത്തിങ്കൽക്കാണികളോക്കുമാറൊരഴകാ
ന്നീടും നടുത്തുണിനാൽ
തങ്കൽച്ചേന്ന വിശാലകാന്തിയെ വിശേ
ഷിപ്പിക്കുമാക്കെട്ടിട
ത്തിങ്കൽച്ചെന്ന ജനങ്ങളം നിന്ദകരുതീ
ചക്ഷുന്നിമേഷങ്ങളിൽ.

* * *

ഭ്രഷ്ടുമാസ്ഥലമതിൻ കഥ വിസ്തരിച്ചാൽ
കാര്യം കഴിഞ്ഞിടുകയില്ലിതുമാത്രമോതാം
കാര്യസ്ഥനന്ന ഗുരുവായുപുരേശ്വരന്റെ
ഭാര്യയ്ക്കുവണ്ണമൊരു കേളിഗൃഹം ചമച്ചു.

'താരാവൃതാംബരതലേ മുഴുതിങ്കളംപോലെ' സഭാമണ്ഡപത്തിൽ അദ്ധ്യക്ഷൻ ആസനസ്ഥനായശേഷം അച്യുതൻനായർ സ്വാഗത പ്രസംഗം നടത്തിയതും അപ്പോഴേയ്ക്കും കൊച്ചി പതി നൊന്നാംകുറു തമ്പുരാൻ സഭാശാലയിൽ എത്തിച്ചേർന്നതും അ ദ്ദേഹത്തെ ഭാരവാഹികളം അദ്ധ്യക്ഷന്നടുത്തായി ഒരു മാന്യസ്ഥാ നത്തിരുത്തിയതും കവി സരസമായി വർണ്ണിച്ചിട്ടുണ്ട്.

'നേരായ് മേധാഗ്രണോദഞ്ചിതഗുരുമഹി
മാവായിടും സുന്ദരയ്യ
ക്കാരാൽ സ്വാരാട്ടിനെപ്പോലരുളി വിലസിനാ
നാമഹീ ഭൃൽക്കുമാരൻ

എന്ന ശ്ലോകാർദ്ധം പ്രത്യേകം ഉദ്ധരിക്കാൻ അർഹതയുള്ളതാണ്. സംസ്കൃത പാഠശാലകളുടെ പരിശോധകസ്ഥാനം വഹിച്ചിരുന്ന കൃഷ്ണമാചാര്യർ പിന്നീട്

'ഓരോ പാഠാലയത്തിന്നധിപരെയുമതിൽ
ച്ചേരുമധ്യാപകാഗ്ര്യ
ന്മാരോടൊപ്പം സഭാനാഥനു പരിചിതരാ
ക്കീടിനാൻ വേറെ വേറെ.'

അങ്ങിനെ പരിചയപ്പെടുത്തലിന്റെ ചടങ്ങും കഴിഞ്ഞശേഷം അദ്ധ്യക്ഷൻ ചെയ്ത പ്രാരംഭ പ്രസംഗത്തിൽ തനിക്കു ഗീർവ്വാണ ഭാഷോന്നതിയിലുള്ള ഉൽക്കണ്ഠയെ വ്യക്തമാക്കിയിരുന്നു. പിന്നെ ഏറാല്പാട്ട തമ്പുരാൻ—സാക്ഷാൽ വിദ്വാൻ മാനവി ക്രമ ഏട്ടൻ തമ്പുരാൻതന്നെ—അയച്ച ഒരുപന്യാസമാണു വാ യിക്കപ്പെട്ടതു്. വായിച്ചതു പുന്നശ്ശേരി നമ്പിയായിരുന്നു. അനന്തരം, വിബുധഭാഷയ്ക്കു ഈ നാട്ടിൽ വേണ്ടവിധം അഭി വൃദ്ധിയുണ്ടാകുന്ന വിഷയത്തിൽ ഗവമ്മെണ്ടു കാണിക്കേണ്ടുന്ന കാരുണ്യത്തെക്കുറിച്ചും നമ്പി സരസമായി പ്രസംഗിച്ചു. ആ വാഗ്വിലാസത്തെ കവി വണ്ണിച്ചിട്ടുള്ളതിങ്ങിനെയാണു്:—

കൂടിച്ചേന്ന ബുധേന്ദ്രരാൽ പ്രണതനാ
യദ്ദിവ്യഗോവിൽ പ്രിയം
തേടിക്കൊണ്ടമരും വിഭ്രതിധരനാം
ശ്രീനീലകണ്ഠൻ തദാ
കേടില്ലാത്തഴകോടൊഴുക്കിയ വചോ
ഗംഗാ പ്രവാഹത്തിലാ
റാടിസ്സഭ്യജനങ്ങളൽപുളകരായ്
സന്തൃപ്തിപൂണ്ടീടിനാർ.

പ്രഥമദിവസത്തെ സഭാനടപടികളും സന്ധ്യയ്ക്കുവസാനിച്ചു. അന്നു രാത്രി പട്ടാമ്പി സംസ്കൃത വിദ്യാലയത്തിലെ അദ്ധ്യേ താക്കളുടെ വകയായി ശാകുന്തളം നാടകത്തിൽ ആദ്യത്തെ രണ്ടു ങ്കങ്ങളുടെ അഭിനയമുണ്ടായി. അതിനെപ്പറ്റിയുള്ള വണ്ണന കേൾക്കുക:—

നൈകസ്സാടിക ദീപകാന്തി പതിയു
ന്നാകല്പശില്പങ്ങളൊ
ത്താകപ്പാടെ കിടന്നമിന്നിയ സഭാ
ശാലയ്ക്കുകത്താളകം
നാകത്തിൽ സുരരെന്നപോലെ നവമാ
നാട്യപ്രയോഗത്തെയും
ഹാകണ്ണാലെ നുകർന്നുകൊണ്ടനിമിഷ
ന്മാരായി വാണീടിനാർ.

കൂർവിട്ടോതുവനൊട്ടു നന്നഭിനയം,
കണ്ടാൽ മുഷിപ്പാക്കുമു

ണ്ടാവി,ല്ലേതുനിലക്കുമീനടരെ നാ
മേറ്റം പ്രശംസിക്കണം.
ഈ വിദ്യാർത്ഥികളല്ലയോ മടിവെടി
ഞ്ഞിക്കേരളാഭിഖ്യമാം
ഭൂവിൽ സംസ്കൃത നാടകം പുതുനില
യ്ക്കുന്നാമതായാടിയോർ?

പുതിയ നിലയിൽ ഒരു സംസ്കൃത നാടകം അഭിനയിച്ച ആ വിദ്യാർത്ഥികൾ അഭിനന്ദനാർഹരാണെന്ന മാത്രമല്ല, അവർ പരിശ്രമിക്കുന്നപക്ഷം നല്ലൊരു സംസ്കൃതനാടകസംഘംതന്നെ ഏർപ്പെടുത്തുവാൻ സാധിക്കുമെന്നും കവിയ്ക്കഭിപ്രായമുണ്ടായിരുന്നു. പിറ്റെന്നാളും ശാകുന്തള നാടകാഭിനയമുണ്ടായി. ഒന്നും മൂന്നും നാലുമങ്കങ്ങളായിരുന്ന അന്നഭിനയിച്ച ഭാഗം. ആകപ്പാടെ പണ്ഡിതസമാജം വിജയപൂർവം നടത്തപ്പെട്ടു. അതുപോലൊരു സമ്മേളനം അതിനുമുമ്പുണ്ടായിരുന്നില്ലെന്നു സർവരും സമ്മതിച്ചു.

1088 കന്നി ലക്കത്തിൽ ശ്രീമൂലം തിരുനാളിന്റെ അമ്പത്താറാം പിറന്നാൾ പ്രമാണിച്ചു കൌമുദി പ്രസിദ്ധംചെയ്ത മംഗളാശംസകളിൽ പത്തുശ്ലോകങ്ങളും വള്ളത്തോൾ എഴുതിയവയായിരുന്നു. അതിൽനിന്നു ഒന്നരണ്ടെണ്ണം ഇവിടെ ചേർക്കാം:

തുമ്പത്താരാൽ പ്രതാപക്കസവുകരപിടി
പ്പിച്ചു മോടിപ്പെടുത്തി
ത്തുമ്പത്താരായ്പ്പൊരും തൻപുകൾവസനമിള
യ്ക്കുമിബ്ഭ്രമണാളൻ
തമ്പ,ത്താറാടിമോദാബ്ധിയിലഖിലരുമി
ങ്ങുത്സവംകൊണ്ടമട്ടാ
ത്തമ്പത്താറാമതാകും തിരുവയസിയഥാ
സൌഖ്യമർപ്പിച്ചിതിപ്പോൾ.

ജഗദ്രക്ഷോപായ പ്രകടിതമഹാ സത്വനവനി
പ്രസൂതശ്രീജുഷ്ടൻ പ്രഥമകവിസംകീർത്തിതഗുണൻ
പരായോദ്ധ്യാവാസൻ സസുഖഭരതാ ശ്രേഷ്ഠവിലസ
ദവപുസ്സീ ശ്രീരാമപ്രഭുവിഹ ജയിക്കട്ടെ സുചിരം.

കവനകൌമുദിയുടെ വകയായി 'തീവണ്ടി'യെക്കുറിച്ചൊരു കവിതാ സമാഹാരവും ആയിടയ്ക്കു പുറപ്പെടുകയുണ്ടായി. കൊട്ടങ്ങല്ലൂർ കുഞ്ഞുക്കുട്ടൻതമ്പുരാൻ, പന്തളത്തു കേരളവർമ്മത്തമ്പുരാൻ, എ. കെ. ശങ്കരവർമ്മരാജാ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, കൊട്ടങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, കൊട്ടാ

രത്തിൽ ശങ്കുണ്ണി, കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്, കുണ്ടൂർ നാരായണമേനോൻ, ചെറുവറ ഗോവിന്ദൻനമ്പൂതിരി, പി. കെ. നാരായണൻനമ്പീശൻ, കെ. സി. കേശവപിള്ള, ടി. നാരായണനമ്പി, തോരണത്തു പരമേശ്വരമേനോൻ, പി. വി. കൃഷ്ണവാരിയർ എന്നീ കവികളിൽ ഓരോരുത്തരും എട്ടെട്ടു ശ്ലോകങ്ങടംവീതമാണതിലേക്കു സംഭാവന ചെയ്തത്: പലരും പല വൃത്തങ്ങളിലാണെഴുതിയിരുന്നത്. മന്ദാക്രാന്തയാണ് വള്ളത്തോടം സ്വീകരിച്ച വൃത്തം.

നീരും തീയും നിയതമൊരുപോലേന്തിടുന്നുണ്ടു തങ്കൽ
ച്ചേരും ലോകക്ഷേമതപദപ്രാപ്തിനല്കുന്ന ശീലം
പേരുറേറാരീപ്പെരിയ ശകടം ഭ്രതിയും സംഭരിപ്പൂ
ശ്രീരുദ്രൻപോലിതു പരഗതിസ്സേവനം സേവനീയം

എന്നാരംഭിച്ചു

നീരസ്രോദ്യൽ ഘനരവസമുല്ലാസിയായ്ച്ചിത്രവണ്ണാ
കാരശ്രീപൂണ്ടനിശമനിമേഷേക്ഷണാലക്ഷ്യഭംഗ്യാ
ദൂരംപായും ശിഖിരഥമിതിൽക്കേറിയാൽ കൌതുകപ്രാ
ഗ്ഭാരംമൂലം ഹരി ഹരി! കുമാരാഭ വൃദ്ധന്നുമുണ്ടാം

എന്നിങ്ങിനെയാണ് കവിതയവസാനിച്ചത്.

1088 തുലാം മുതൽ 1089 കന്നിവരെയുള്ള കൌമുദിയുടെ എട്ടാം പുസ്തകത്തിൽ വള്ളത്തോടം നാരായണമേനോന്റെ പേരിലുള്ള കവിതകടം പലതും കാണാം. 'കള്ളനു സമ്മാനം' എന്ന കവിതയാണാദ്യത്തേത്. വയോധികനായ ഭർത്താവിനു യുവതിയായ ഭാര്യയിൽനിന്നനുഭവിക്കേണ്ടിവന്ന അനാസ്ഥയെക്കുറിച്ചുള്ള ആവലാതിയോടുകൂടിയാണ് കവിത ആരംഭിക്കുന്നത്. അയാളുടെ അനുനയവാക്കൊന്നും തരുണിയിൽ യാതൊരനുകൂലമനോഭാവവും ഉളവാക്കിയില്ല.

അവനതമുഖിയായ്ക്കിടന്നിതന്നും
യുവതി വയസ്സനൊടങ്ങിണങ്ങിയില്ലാ.
അവസിതസുമകാലമാംമരത്തെ
ധ്രുവമളിനീഗണമാശ്രയിപ്പതുണ്ടോ?

എങ്കിലും പെട്ടന്നു ഒരു മാറ്റം സംഭവിച്ചു. നിരാശനായ വൃദ്ധൻ എരിപൊരികൊണ്ടിരിയ്ക്കുന്നതിനിടയ്ക്കു യുവതി അയാളെ കെട്ടിപ്പിടിച്ചാശ്ലേഷിച്ചു. ഇത്ര പൊടുന്നനെ ഇങ്ങിനെ ഭാവഭേദമുണ്ടാകുവാൻ കാരണമെന്തെന്നന്വേഷിച്ചുകൊണ്ടു വൃദ്ധൻ നാലുപാടും കണ്ണോടിച്ചു. അപ്പോടം,

അറയുടെയൊരുമുക്കിലന്ന കാറിൻ
നിറമൊട്ടനീണ്ടതടിച്ചുമെയ്യുമായി
നിറവിധുമുഖിയാംക്ക ദശ്നത്താൽ
വിറതടവിച്ചൊരു ചോരനുണ്ടിരിപ്പൂ.

ആ കള്ളൻ നിമിത്തമാണല്ലൊ തനിയ്ക്ക ആ യുവതിയുടെ ആശ്ലേഷസുഖം ലഭിച്ചതെന്നോർത്ത അവനെ കോടീശ്വരനായ ഭർത്താവു സമ്മാനിച്ചു. അതാണ് 'കള്ളനു സമ്മാനം.'

വൃശ്ചികം ലക്കത്തിലും ധനു ലക്കത്തിലും വള്ളത്തോളിന്റെ ഓരോ മംഗളശ്ലോകം ഉണ്ടായിരുന്നു. നടുവത്തച്ഛൻനമ്പൂതിരിയുടെ ചരമത്തിൽ അനുശോചിച്ചുകൊണ്ട 'ഒരു ദുഃഖം' എന്ന ശീർഷകത്തിലൊരു കവിതയും ധനു ലക്കത്തിലുണ്ടായിരുന്നു.

ജഗതി പ്രഥമൻ ശമോന്മുഖൻ
ഭഗവദ്ധ്യ നടത്തി ഭംഗിയിൽ
സ്വഗതാർജ്ജനകീർത്തിഭാരനി
സ്സുഗതി പ്രൌഢനജാതശത്രുതാൻ.

സരളം ലളിതം സമുജ്ജ്വലം
സരസം സദ്വിഷയൈക സംശ്രയം
കരളാക്കലിയിക്കയില്ലയീ
വരധീമാന്റെ വചോനിഗ്രംഭനം

എന്നും മറ്റുമായി നടുവത്തച്ഛന്റെ സാഹിത്യസേവനത്തെപ്പറ്റി അതിൽ പുകഴ്ത്തിയിട്ടുണ്ട്.

രാജാക്കന്മാരെക്കുറിച്ചുള്ള മതിപ്പു തീരേ കുറഞ്ഞുപോയിട്ടില്ലാത്ത ഒരു കാലഘട്ടമായിരുന്ന അതു്. അന്നത്തെ കേരളത്തിൽ രാജ്യഭാരാധികാരം ഉള്ളവരും ഇല്ലാത്തവരുമായി പല തമ്പുരാക്കന്മാരും കലാവല്ലഭത്വംകൊണ്ടും പാണ്ഡിത്യ പ്രചുരിമകൊണ്ടും ബുധജനബഹുമതി സവിശേഷം സമാർജ്ജിച്ചിട്ടുള്ളവരായിരുന്നു. അവരുടെ തിരുനാളാഘോഷങ്ങളും സ്ഥാനാരോഹണാവസരങ്ങളും കവികൾ പുകഴ്ത്തുന്നതും അന്നൊരു പതിവായിരുന്നു. തിരുവിതാംകൂറിലെ ശ്രീമൂലംതിരുനാളിന്റെ ജന്മർക്ഷത്തെ പ്രമാണിച്ചു മറ്റു കവികളോടൊപ്പം വള്ളത്തോളും എഴുതിയ മംഗളാശംസകളും ഇതിനു മുമ്പുദ്ധരിച്ചിട്ടുണ്ടല്ലൊ. കൊച്ചി രാമവർമ്മ വലിയ തമ്പുരാൻ—അദ്ദേഹമാണ് പിന്നീടു ബ്രിട്ടീഷ് ഭരണാധികാരികളുമായുണ്ടായ അഭിപ്രായഭേദം നിമിത്തം സ്ഥാനത്യാഗം ചെയ്തത്—അപാരമായ പാണ്ഡിത്യംകൊണ്ടും അചഞ്ചലമായ മേധാബലംകൊണ്ടും അപ്രതിമമായ കാര്യപ്രാപ്തികൊണ്ടും ഒരസാമാന്യ പ്രഭാവനായിരുന്നു. അവി

ടുത്തെ ഷഷ്ടിപൂത്തിമഹോത്സവത്തോടനുബന്ധിച്ചും കവന കൌമുദി ഒരു വിശേഷാൽ പ്രതി പ്രസിദ്ധീകരിക്കുകയുണ്ടായി. കേരളത്തിലെ കേമംവികേട്ട കവികളെല്ലാവരും അതിലെഴുതി യിരുന്നു. 'ഷഷ്ടിപൂത്തി മംഗളം' എന്ന പേരിൽ ഇരുപതു ശ്ലോകങ്ങളും വള്ളത്തോളിന്റെ വകയായും ഉണ്ടായിരുന്നു.

'എന്നാളും ഹാ! സുധമ്മാദ്യതമതി, കനക
ക്കുന്നിനീശൻ, ബുധന്മാ
ക്കൊന്നാമൻ, വിത്തവഷോദ്യതനുപരിജയി
സ്സുന്ന മാടാധിരാജൻ'
എന്നാരാൽസ്സിദ്ധർവാഴ്ത്തും പൊഴതൊടുവിലെയ
ഞ്ചക്ഷരം കേൾക്കുവോളം
നന്നായ് സ്വശ്രാഘയായിക്കുതി ഞെളിയുമേ
ദപ്പ്സാന്ദ്രൻ മഹേന്ദ്രൻ,

നൂനംദാനജലസ്രവാർദ്രകരനെ
ന്നാലും മദാപേതനീ
പ്പീനശ്രീനൃപകുഞ്ജരൻ ബലിപുരീ
വാസ്തവ്യരാം വിജ്ഞരാൽ
സാനന്ദം നുതനായിടുന്നതു ചെവി
ക്കൊൾവീല ഭാഗ്യം! വെടി
ഞ്ഞാനവ്യാഹതിയാലുടൻ ബധിരരായ്
നില്ക്കുന്ന ദിക്കുംഭികളും.

ഈ രീതിയിലായിരുന്ന ആ ശ്ലോകങ്ങളും.

1088 വൃശ്ചികമാസത്തിൽ മാനവിക്രമ കുഞ്ഞനുജൻതമ്പു രാനെന്ന നാമധേയമായ സാമൂതിരിപ്പാട്ട തീപ്പെട്ടതിനെതുടൻ കേരള ഭോജരാജനെന്ന വിഖ്യാതനായ കോഴിക്കോട്ട പടി ഞ്ഞാറെ കോവിലകത്തെ മാനവിക്രമനെന്ന വിദ്വാൻ ഏട്ടൻ തമ്പുരാൻ സാമൂതിരിയായി. സാമൂതിരിപ്പാട്ടകും തീപ്പെട്ട ന്നതും ഏറാൽപ്പാട്ടസ്ഥാനത്തിരുന്നവർ സാമൂതിരിസ്ഥാന ത്തിൽ അവരോധിക്കപ്പെട്ടന്നതും സാധാരണ നടപ്പുമാത്രമാണെ ങ്കിലും വിദ്വാൻ ഏട്ടൻതമ്പുരാനെസ്സംബന്ധിച്ചേടത്തോളം അ തിനൊരു സവിശേഷതയുണ്ടായിരുന്നു. വളരെ മുമ്പുതന്നെ വിദ്വത്വംകൊണ്ടും കവിത്വംകൊണ്ടും ലോകപരിചയംകൊ ണ്ടും പ്രശസ്തനായിത്തീർന്നിരുന്ന ആ തമ്പുരാൻ അരിയിട്ടുവാഴ്ച കഴിച്ചു സ്ഥാനാരോഹണംചെയ്യുന്ന സന്ദർഭത്തെ പ്രമാണിച്ചു കവനകൌമുദി ഒരു വിശേഷാൽപ്രതിപ്പു പുറത്തിറക്കുവാൻ തീർച്ചയാക്കി. ചരിത്രപ്രസിദ്ധമായ ആ ചടങ്ങിന്റെ സമ്പ്ര ദായങ്ങളും വിവരിച്ചുകൊണ്ടു ആറു കവികളും തയ്യാറാക്കിയ

ഈ പതിപ്പിൽ ഒരു ഭാഗം എഴുതിയത് വള്ളത്തോളായിരുന്നു. സ്വരൂപവിവരണത്തെസ്സംബന്ധിച്ച ഭാഗം തേലപ്പുറത്തു നാരായണനമ്പിയും, ആഴ്വാഞ്ചേരിത്തമ്പുരാനുമായുള്ള കൂടിക്കാഴ്ചയെപ്പറ്റി കുറിപ്പുറത്തു കിട്ടുണ്ണിനായരും, തോന്നിയിൽ നായരെപ്പറ്റി കുറിപ്പുറത്തു കേശവൻനായരും, അരിയിടലിനെപ്പറ്റി വള്ളത്തോൾ നാരായണമേനോനും തിട്ടരം ഒപ്പിട്ടന്നതിനെക്കുറിച്ചു പി. വി. കൃഷ്ണവാരിയരും തിരുവളയനാട്ടു ദേവിയെപ്പറ്റി കെ. വാസുദേവൻമൂസ്സതും എഴുതി.

'അരിയിട'ലിനെപ്പറ്റിയുള്ള വണ്ണന ഇങ്ങിനെയാണ് വള്ളത്തോളാരംഭിച്ചത്:—

തങ്കരത്നമയകുണ്ഡലാദികളണിഞ്ഞ
തിൽ തരണിമണ്ഡല
ച്ചെങ്കതിർക്കുല പതിഞ്ഞു മിന്നിയൊളിയേറി
ടുന്ന തിരുമെയ്യൊടും
തങ്കരത്തിലുചിതായുധം ചിലതെടുത്തു
തത്ര വയറത്തള
ത്തിങ്കലേക്കു നടകൊണ്ടു പിന്നെയരിയിട്ടു
വാഴുവതിന്നുഴിപൻ

അരിയിട്ടുവാഴ്ചയെക്കുറിച്ചുള്ള വണ്ണനയ്ക്കു പുറമെ അഞ്ചു സംസ്കൃതശ്ലോകങ്ങൾകൂടി വള്ളത്തോൾ തിരുമുമ്പാകെ സമർപ്പിച്ചു. അവയിൽ ഒടുക്കത്തേതാണീ ശ്ലോകം:—

താതഃസ്പീതമഹൌഷധോ ഗിരിപതി
ർഭ്രാന്തരിസ്സോദരോ
യസ്യാഃ കിഞ്ചഭിഷിക്തമഃ കിലതനോ
രദ്ധ്രം സ മൃത്യുഞ്ജയഃ
സ്വാമിൻ കേരളസാവ്ഭൌമ! ഭവതാ
മാരോഗ്യലക്ഷ്മീർജുഷേ
സേയം ചൂതവനേശ്വരീ കരുണയാ
ജാഗർത്തു ദീഘ്രായുഷേ.

വലിയ കോയിത്തമ്പുരാനു എഴുതിയ കത്തിലെ അരുണാദ്രീശ്വരിയോടുള്ള പ്രാർത്ഥനയെ അനുസ്മരിപ്പിക്കുന്നുണ്ടു് ഈ ഒടുവിലത്തെ ശ്ലോകത്തിലെ 'ചൂതവനേശ്വരീ'പ്രയോഗം.

1088 മകരം ലക്കം കൌമുദി ഏറെക്കുറെ ഇരുളടഞ്ഞതായിരുന്നു. കുഞ്ഞുക്കുട്ടൻതമ്പുരാന്റെ അകാലചരമമായിരുന്നു ആ ഇരുളിനു കാരണം. കെ. സി. കേശവപിള്ള, പന്തളം മുതലായ കവികളെഴുതിയ ചരമശ്ലോകങ്ങൾക്കു പുറമെ 'കഠിനമായ ഒരാപത്ത്' എന്ന തലക്കെട്ടോടുകൂടി വള്ളത്തോളിന്റെ

മുപ്പത്തൊന്നു ശ്ലോകങ്ങളും ഇതിലുണ്ടായിരുന്നു.

വീര്യംവിപത്തേ! നരരെക്കുഴക്കാ
നുണ്ടെങ്കിലും നീയൊരു ഭീരുതന്നെ;
കൂട്ടത്തൊടല്ലാതൊരു ദിക്കിലൊറ്റ
യ്ക്കിറങ്ങലുണ്ടോ തവ മിക്കവാറും?

എന്ന ശ്ലോകത്തിൽ നടുവത്തച്ഛന്റെ നിര്യാണത്താൽ കൈരളി വാത്ത കണ്ണീരാറുന്നതിന്നു മുമ്പു ദുർവ്വിധി ഇങ്ങിനെയൊരു കടന്ന കയ്യ് ചെയ്തുവെച്ചതിനെപ്പററി കവി സ്മരിച്ചു. തമ്പുരാനുമായി തനിക്കുണ്ടായിരുന്ന അടുപ്പവും മമതയും ആലോചിക്കുമ്പോഴും അവിടത്തെ വിയോഗം വള്ളത്തോളിന്നു അത്യന്തം ഹൃദയഭേദകമായിരുന്നു എന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല.

ഹാ വെണ്മണിബ്രാഹ്മണ വര്യസൂനോ!
ഹാ കൈരളീകൈരവ ശീതഭാനോ!
ഹാ നൂതനവ്യാസ! തമോനിമഗ്ന
രനാഥരീശ്ശിഷ്യർ ഭവദ്വിയോഗാൽ

എന്ന ശ്ലോകത്തിൽ സൂചിപ്പിച്ച അനാഥശിഷ്യത്വം വാസ്തവത്തിൽ കവിയനുഭവിച്ചതുതന്നെയായിരുന്നു. തമ്പുരാന്റെ അപദാനങ്ങളെ എണ്ണിപ്പുകഴ്ത്തുന്ന ഈ ശ്ലോകങ്ങളുടെ ഹൃദയംഗമത്വം നോക്കുക:—

വിമുദ്ധയാം കേരളഭാഷയേയും
നൽപ്രൌഢയാം നിർജ്ജരഭാഷയേയും
തെളിഞ്ഞൊരേമട്ടിലിണക്കിവെച്ച
ലാളിച്ച ദാക്ഷിണ്യവിലാസശാലി,

ഇബ്ഭാഷയാകും തറവാട്ടിൽ മുന്നേ
നേരിട്ട ദാരിദ്ര്യമകറ്റുവാനായ്
പലേതരം നവ്യസുഭവ്യകാവ്യ
ദ്രവ്യങ്ങളുണ്ടാക്കിയ സച്ചരിത്രൻ,

ശബ്ദങ്ങളെട്ടാസരെയെന്നപോലെ
ശരിയ്ക്കു കീഴ്നിർത്തിയ ശക്തിയുക്തൻ,
തനിച്ചു മുവ്വാണ്ടിടകൊണ്ടു സാക്ഷാൽ
ശ്രീഭാരതം തജ്ജമചെയ്ത ധീരൻ,

കാളീകടാക്ഷഭ്രമരക്കളിപ്പൂ
ങ്കാവായ കല്യൻ, കവിസാർവ്വഭൌമൻ
കലാഭിമാനപ്രദകീർത്തി കുഞ്ഞി
ക്കുട്ടക്ഷിതീശൻ—ശിവരാമരാമ!

മലയാളഭാഷയുടെ ദൌർഭാഗ്യത്തെപ്പററി കവിയ്ക്കിരുയേ പറയാനുള്ളൂ:

മറെറന്തുചൊല്ലാം മലയാളഭാഷാ
മരന്ദവാണിയ്ക്കു മഹാകഷ്ടപ്പം
താരുണ്യകാലം തടവുപൊഴേക്കും
തരങ്ങം തെററിത്തിരുതാലിയറു!

കഥകളുടെ കലവറയായ പുരാണങ്ങളിൽനിന്നു ഇതിവൃത്തങ്ങം തിരഞ്ഞെടുത്തു ഖണ്ഡകാവ്യങ്ങം നിർമ്മിക്കുന്നതിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ നല്കിയ മാഗ്ദനിദ്ദേശത്തെയാണു് വള്ളത്തോം സനിഷ്ഠം അനുവർത്തിച്ചുപോന്നതു്. അങ്ങിനെ കിട്ടിയതാണു് ദണ്ഡകാരണ്യത്തിന്റെ ഇതിവൃത്തം. അതിനെത്തുടന്നു കാശീമാഹാത്മ്യത്തിൽനിന്നു തേടിപ്പിടിച്ച ഒരു കഥയാണു് 'ഒരു രാക്ഷസകൃത്യം' എന്ന കവിതയ്ക്കവലംബം. വള്ളത്തോളിന്റെ കേകയുടെ ഒരാദ്യകാലമാതൃകയെന്നനിലയിൽക്കവിഞ്ഞ മേന്മയൊന്നും അതിന്നു കല്പിക്കാവുന്നതായി തോന്നുന്നില്ല. എന്നാൽ, മഹാശിവപുരാണത്തിൽനിന്നെടുത്ത 'ഗണപതി'യുടെ കഥ അതല്ല. മനോധർമ്മത്തിന്റെ നിപുണതകൊണ്ടും രചനയുടെ സൌകുമാര്യംകൊണ്ടും സവിശേഷമായ പരിഗണനയർഹിക്കുന്ന ഒരു ഖണ്ഡകാവ്യമാണു് 'ഗണപതി.'

ജഗൽപിതാക്കളായ പാർവ്വതീപരമേശ്വരന്മാരുടെ ഗൃഹമണ്ഡലത്തിൽ ആകസ്മികമായി (അഥവാ മറിച്ചാണോ?) സംഭവിച്ച ഒരു ചെറിയ കൊടുങ്കാറിന്റെ കഥയാണിതു്. വളർന്നുവരുന്ന വള്ളത്തോംക്കവിതയുടെ ചടുലതയ്ക്കു അതൊരുദാഹരണവുമാണു്. ചുരുക്കത്തിൽ അതിലെ ഇതിവൃത്തം ഇപ്രകാരമാണു്—

ശീതളാചലകുമാരിയെ പാണിഗ്രഹണംചെയ്ത കൈലാസത്തിൽ തിരിച്ചെത്തിയ പരമേശ്വരൻ,

ബാലയാം പ്രിയയിൽ നാണമാം തിര
സ്ക്രീലകൊണ്ട മറവാന്കാമനെ

വെളിച്ചത്തുകൊണ്ടുവരുവാൻ പല അടവുകളും പ്രയോഗിച്ചുകൂട്ടത്തിൽ ഒരുദിവസം 'മജ്ജനോചിതവേഷ'യായി ശ്രീപാർവ്വതി വാണരുളുന്ന ഗൃഹാന്തർഭാഗത്തു മുന്നറിയിപ്പുനല്കാതെ കടന്നുചെന്നു. നവപരിണയലജ്ജയിൽനിന്നു തികച്ചും ഉത്തീർണ്ണയായിരുന്നില്ലാത്ത ദേവിയ്ക്കതൊട്ടും രസിച്ചില്ല. ഇനിയും അതാവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലായി ദേവി 'തിരുമെയ്യഴക്കിനാൽ' ഒരു വീരകുമാരനെ സൃഷ്ടിച്ചു ഒരു പൊൻചൂരലും

കൊടുത്തു ദ്വാരപാലനത്തിനു നിയോഗിച്ചു. 'തലേദിനം കറഞ്ഞാനുകണ്ട പുതുകാഴ്ച കാണുവാൻ' ഉദ്ദേശിച്ചുകൊണ്ടു അടുത്തദിവസം വീണ്ടും പരമേശ്വരനെഴുന്നള്ളിയപ്പോഴും ദ്വാരപാലൻ തടഞ്ഞുനിർത്തി. ദേവൻ പിന്മാറാൻ ഭാവമില്ലെന്നുകണ്ടു യുവാവു അമ്മ കൊടുത്ത ചൂരൽ ദേവന്റെ ദേഹത്തിലൊന്നു മയക്കി! അടികൊണ്ട പാടുമായി മട്ടുമാറിയ മഹേശ്വരൻ വല്ലായ്മയോടുകൂടി സ്ഥലംവിട്ടു, ആ കരുത്തനോടെതിർക്കുവാൻ ഭൂതഗണങ്ങളെ പറഞ്ഞയച്ചു. അവരും തോറ്റു പിന്മാറി. ബ്രഹ്മാവുതന്നെ വന്നിട്ടും ഫലമുണ്ടായില്ല. പിതാമഹന്റെ 'വെൺകമ്പിപോലെ നെടുതായ താടിയിൽ' പിടികൂടിയ ബാലനോടു

'അരുതരുതനുകമ്പ്യനന്തണൻ ഞാൻ
പൊരുവതിനല്ല ശമത്തിനായണഞ്ഞോൻ;
പരുഷത കരുതായ്കിവങ്കൽ.....'

എന്നു അപേക്ഷിക്കേണ്ടിവന്നു! ഒടുവിൽ മഹാവിഷ്ണുതന്നെ യുദ്ധസന്നാഹത്തോടുകൂടി പുറപ്പെടുവാനുറച്ചു. പരാക്രമിയായ ദ്വാരപാലന്റെ ചൂരൽപ്രയോഗം ഭൂകാന്തനായ ഭഗവാനു ഭൂസമാശ്ലേഷസൌഖ്യം അരുളിയെന്നുകണ്ടപ്പോഴും, പൂമകൾക്കു വൈധവ്യം വരാതിരിക്കുവാൻവേണ്ടി മഹേശ്വരൻതന്നെ സംഹാരമൂർത്തിയായിവന്നു മഹേശ്വരീപുത്രന്റെ ശിരസ്സു ശൂലായുധംകൊണ്ടു ഖണ്ഡിച്ചുവീഴ്ത്തി. സാഹസം പ്രവൃത്തിച്ചുകഴിഞ്ഞശേഷമേ അതിന്റെ ഗൌരവത്തെപ്പറ്റി പരമേശ്വരനോർത്തുള്ളൂ. അപ്പോഴേക്കു പുത്രനാശത്താൽ ക്രുദ്ധയായിത്തീർന്ന ദേവിയുടെ മെയ്യിൽനിന്നു 'ഭാനുശ്രീശക്തിസാഹസ്രകം' പുറപ്പെട്ടു ലോകത്തിനുറുതിവരുത്തുമെന്ന നിലയായി. ദേവന്മാരുടെയും ഋഷികളുടെയും സ്തോത്രങ്ങളാൽ ദേവി ഒരുവിധം പ്രസന്നയായി.

എന്നാലെന്നുണ്ണി ജീവിച്ചിവനഖില ഗണാ
ധ്യക്ഷനായ്പ്പൂജ്യനായും
വന്നാലല്ലാതെ പാരിന്നഴലിതൊഴികയില്ലാ
യതിന്നായ് ശ്രമിപ്പിൻ.
എന്നാര്യാദേവി കല്പിച്ചതു കരുംകുളിരെ
ക്കേട്ടു ദേവഷ്ടിവൃന്ദം
ചെന്നാരാൽത്താണുണർത്തിച്ചളവതിനുപദേ
ശിച്ചുമാഗ്ഗം മഹേശൻ.

പരമേശ്വരൻ ഉപദേശിച്ചപ്രകാരം ദേവന്മാർ ഒരു ഒറ്റക്കൊമ്പനാനയുടെ തല കൊണ്ടുവന്നു ആ മൃതശരീരത്തിൽ ഘടിപ്പിച്ചു. മന്ത്രോദകം തളിച്ചു ചൈതന്യംവരുത്തിയ ഗജമുഖനെ അവർ

മലയാളഭാഷയുടെ ദൌർഭാഗ്യത്തെപ്പററി കവിയ്ക്കിതുയേ പറയാനുള്ളു:

മറെറന്തുചൊല്ലാം മലയാളഭാഷാ
മരന്ദവാണിയ്ക്ക മഹാകഷ്ടം
താരുണ്യകാലം തടവുമ്പൊഴേക്കും
തരങ്ങം തെററിത്തിരുതാലിയറു!

കഥകളുടെ കലവറയായ പുരാണങ്ങളിൽനിന്നു ഇതിവൃത്തങ്ങം തിരഞ്ഞെടുത്തു ഖണ്ഡകാവ്യങ്ങം നിർമ്മിക്കുന്നതിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ നല്കിയ മാർഗ്ഗനിദ്ദേശത്തെയാണ് വള്ളത്തോം സനിഷ്കർഷം അനുവർത്തിച്ചുപോന്നത്. അങ്ങിനെ കിട്ടിയതാണ് ദണ്ഡകാരണ്യത്തിന്റെ ഇതിവൃത്തം. അതിനെത്തുടർന്നു കാശീമാഹാത്മ്യത്തിൽനിന്നു തേടിപ്പിടിച്ച ഒരു കഥയാണ് 'ഒരു രാക്ഷസകൃത്യം' എന്ന കവിതയ്ക്കവലംബം. വള്ളത്തോളിന്റെ കേകയുടെ ഒരാദ്യകാലമാതൃകയെന്നനിലയിൽക്കവിഞ്ഞ മേന്മയൊന്നും അതിനു കല്പിക്കാവുന്നതായി തോന്നുന്നില്ല. എന്നാൽ, മഹാശിവപുരാണത്തിൽനിന്നെടുത്ത 'ഗണപതി'യുടെ കഥ അതല്ല. മനോധർമ്മത്തിന്റെ നിപുണതകൊണ്ടും രചനയുടെ സൌകുമാര്യംകൊണ്ടും സവിശേഷമായ പരിഗണനയർഹിക്കുന്ന ഒരു ഖണ്ഡകാവ്യമാണ് 'ഗണപതി.'

ജഗൽപിതാക്കളായ പാർവ്വതീപരമേശ്വരന്മാരുടെ ഗൃഹമണ്ഡലത്തിൽ ആകസ്മികമായി (അഥവാ മറിച്ചാണോ?) സംഭവിച്ച ഒരു ചെറിയ കൊട്ടക്കാറിന്റെ കഥയാണിത്. വളർന്നുവരുന്ന വള്ളത്തോംക്കവിതയുടെ ചടുലതയ്ക്ക അതൊരുദാഹരണവുമാണ്. ചുരുക്കത്തിൽ അതിലെ ഇതിവൃത്തം ഇപ്രകാരമാണ്—

ശീതളാചലകുമാരിയെ പാണിഗ്രഹണംചെയ്ത കൈലാസത്തിൽ തിരിച്ചെത്തിയ പരമേശ്വരൻ,

ബാലയാം പ്രിയയിൽ നാണമാം തിര
സ്കാരകൊണ്ടു മറവാൻകാമനെ

വെളിച്ചത്തുകൊണ്ടുവരുവാൻ പല അടവുകളും പ്രയോഗിച്ചുകൂട്ടത്തിൽ ഒരുദിവസം 'മജ്ജനോചിതവേഷ'യായി ശ്രീപാർവ്വതി വാണരുളുന്ന ഗൃഹാന്തർഭാഗത്തു മുന്നറിയിപ്പുനല്കാതെ കടന്നുചെന്നു. നവപരിണയലജ്ജയിൽനിന്നു തികച്ചും ഉത്തീർണ്ണയായിരുന്നില്ലാത്ത ദേവിയ്ക്കതൊട്ടും രസിച്ചില്ല. ഇനിയും അതാവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലായി ദേവി 'തിരുമെയ്യഴക്കിനാൽ' ഒരു വീരകുമാരനെ സൃഷ്ടിച്ചു ഒരു പൊൻചൂരലും

കൊടുത്തു ദ്വാരപാലനത്തിനു നിയോഗിച്ചു. 'തലേദിനം കറഞ്ഞൊന്നുകണ്ട പുതുകാഴ്ച കാണുവാൻ' ഉദ്ദേശിച്ചുകൊണ്ടു അടുത്തദിവസം വീണ്ടും പരമേശ്വരനെഴുന്നള്ളിയപ്പോഴും ദ്വാരപാലൻ തടഞ്ഞുനിർത്തി. ദേവൻ പിന്മാറാൻ ഭാവമില്ലെന്നുകണ്ടു യുവാവു അമ്മ കൊടുത്ത ചൂരൽ ദേവന്റെ ദേഹത്തിലൊന്നു മയക്കി! അടികൊണ്ട പാടുമായി മടുമാറിയ മഹേശ്വരൻ വല്ലായ്മയോടുകൂടി സ്ഥലംവിട്ടു, ആ കരുത്തനോടെതിർക്കുവാൻ ഭൃതഗണങ്ങളെ പറഞ്ഞയച്ചു. അവരും തോറ്റു പിന്മാറി. ബ്രഹ്മാവുതന്നെ വന്നിട്ടും ഫലമുണ്ടായില്ല. പിതാമഹന്റെ 'വെൺകമ്പിപോലെ നെടുതായ താടിയിൽ' പിടികൂടിയ ബാലനോടു

'അരുതരുതനുകമ്പ്യനന്തണൻ ഞാൻ
പൊരുവതിനല്ല ശമത്തിനായണഞ്ഞോൻ;
പരുഷത കരുതായ്കിവങ്കൽ.....'

എന്നു അപേക്ഷിക്കേണ്ടിവന്നു! ഒടുവിൽ മഹാവിഷ്ണുതന്നെ യുദ്ധസന്നാഹത്തോടുകൂടി പുറപ്പെടുവാനൊരുങ്ങി. പരാക്രമിയായ ദ്വാരപാലന്റെ ചൂരൽപ്രയോഗം ഭൃകുണ്ഠനായ ഭഗവാനു ഭ്രസമാശ്ലേഷസൌഖ്യം അരുളിയെന്നുകണ്ടപ്പോഴും, പൂമകൾക്കു വൈധവ്യം വരാതിരിക്കുവാൻവേണ്ടി മഹേശ്വരൻതന്നെ സംഹാരമൂർത്തിയായിവന്നു മഹേശ്വരീപുത്രന്റെ ശിരസ്സു ശൂലായുധംകൊണ്ടു ഖണ്ഡിച്ചുവീഴ്ത്തി. സാഹസം പ്രവൃത്തിച്ചുകഴിഞ്ഞശേഷമേ അതിന്റെ ഗൌരവത്തെപ്പറ്റി പരമേശ്വരനോർത്തുള്ളൂ. അപ്പോഴേക്കു പുത്രനാശത്താൽ ക്രുദ്ധയായിത്തീർന്ന ദേവിയുടെ മെയ്യിൽനിന്നു 'ഭാനുശ്രീശക്തിസാഹസ്രകം' പുറപ്പെട്ടു ലോകത്തിനുതിവരുത്തുമെന്ന നിലയായി. ദേവന്മാരുടെയും ഋഷികളുടെയും സ്തോത്രങ്ങളാൽ ദേവി ഒരുവിധം പ്രസന്നയായി.

എന്നാലെന്നുണ്ണി ജീവിച്ചിവനഖില ഗണാ
ധ്യക്ഷനായ്പ്പൂജ്യനായും
വന്നാലല്ലാതെ പാരിന്നഴലിതൊഴികയില്ലാ
യതിന്നായ് ശ്രമിപ്പിൻ.
എന്നാര്യാദേവി കല്പിച്ചതു കരകൂളിരെ
ക്കേട്ടു ദേവഷ്ടിവൃന്ദം
ചെന്നാരാൽത്താണുണർത്തിച്ചുളവതിനുപദേ
ശിച്ചുമാഗ്ഗം മഹേശൻ.

പരമേശ്വരൻ ഉപദേശിച്ചപ്രകാരം ദേവന്മാർ ഒരു ഒറ്റക്കൊമ്പനാനയുടെ തല കൊണ്ടുവന്നു ആ മൃതശരീരത്തിൽ ഘടിപ്പിച്ചു. മന്ത്രോദകം തളിച്ചു ചൈതന്യംവരുത്തിയ ഗജമുഖനെ അവർ

ഗണനാഥനായഭിഷേകംചെയ്തു. അതോടുകൂടി കൈലാസത്തിലെ പ്രക്ഷുബ്ധാന്തരീക്ഷം പ്രശാന്തമായി.

1088–ൽ കൌമുദിയിൽ പ്രകാശിതമായ ഗണപതി പ്പിന്നീട് കൃഷ്ണവാരിയരുടെ മുഖവുരയോടുകൂടി പുസ്തകരൂപത്തിൽ പുറത്തുവന്നു. സുപരിചിതനായ ഒരു ദേവന്റെ കഥ, അലങ്കാരപ്പകിട്ടുകളൊന്നും കൂടാതെയുള്ള പ്രതിപാദനം, ഫലിതമയവും സരളവുമായ ഭാഷ, ഇതെല്ലാം ഒത്തുചേർന്ന 'ഗണപതി'യ്ക്കു ജനങ്ങളുടെ അംഗീകാരം കൈവന്നതിലത്ഭുതമില്ല. ഇങ്ങിനെ വള്ളത്തോൾകവിത ക്രമേണ ജനമധ്യത്തിലേക്കിറങ്ങിവന്നു തുടങ്ങി!

1088 കർക്കടകത്തിലെ കവനകൌമുദിയിൽ, കവിയുടെ പേരു പറയാതെ 'ശൃംഗാരവിംശതി' എന്നൊരു കവിത പ്രസിദ്ധപ്പെടുത്തിയിരുന്നു. ശ്ലോകങ്ങളെപ്പറ്റി വായനക്കാരുടെ അഭിപ്രായം അറിയിക്കണമെന്നൊരപേക്ഷയും പത്രാധിപർ ചെയ്തിരുന്നു. ശൃംഗാരമെന്നു കേട്ടാൽ നെറ്റി ചുളിക്കുന്നവർ പലരുമുണ്ടെന്നോർത്തായിരിക്കണം പത്രാധിപർ അങ്ങിനെ അനുവാചകന്മാരുടെ അഭിപ്രായമാരാഞ്ഞത്.

ശൃംഗാരവിംശതിയുടെ കർത്താവു് വള്ളത്തോളായിരുന്നു. അമരുകശതകത്തിന്റെ സമ്പ്രദായത്തിൽ, ശൃംഗാരരസത്തിന്റെ സാരാംശങ്ങളുംക്കൊള്ളിച്ചുകൊണ്ടൊരു കൃതി നിർമ്മിക്കുവാൻ കുണ്ടൂർ നാരായണമേനോനും മറ്റു സുഹൃത്തുക്കളും ഉത്സാഹിപ്പിച്ചതിന്റെഫലമായിട്ടാണു് അതെഴുതിത്തുടങ്ങിയതു്. സൌന്ദര്യബോധമാണു് ശൃംഗാരകവിതയുടെ മുഖ്യമായി വേണ്ടതു മനോധർമ്മം; സ്ത്രീപുരുഷപ്രേമമാണു് അതിന്റെ വിഷയം. അതു രണ്ടും കൈകാര്യംചെയ്യുവാൻ വേണ്ടുന്ന കെല്പു് വള്ളത്തോളിനുണ്ടെന്നു മുൻകൃതികളിൽ പലതും ധാരാളം ദൃഷ്ടാന്തപ്പെടുത്തിയിരുന്നു. ഋതുവിലാസത്തിന്റെ നിർമ്മാണംമുതല്ക്കേ സ്പഷ്ടമായ ആ പ്രവണത ശൃംഗാരവിംശതിയിൽ സവിശേഷം വികസിച്ചുകാണ്മാനുണ്ടായിരുന്നു. ആ വികാസത്തിന്റെ പരിമാണം മനസ്സിലാക്കുവാൻ, പതിനൊന്നു കൊല്ലം മുമ്പെഴുതിയ ഒരു 'വിലാപപഞ്ചക'ത്തിലെ ആശയങ്ങളുമായി വിംശതിയിലെ ആശയങ്ങളെ താരതമ്യപ്പെടുത്തിനോക്കുന്നതു് രസാവഹമായിരിക്കും—

പാരാകെപ്പുഴയാംവിധം തുരുതുരെ
പ്പെയ്യുന്ന പേമാരിയും
ധാരാളം നിറയുന്ന കൂരിരുളിനെ
ച്ചീന്നിച്ചിടും മിന്നലും

മാരാകൃഷ്ടധനുഃസ്വനത്തൊടെതിരാം
കാറൊച്ചയും ചേന്നതാ
മീരാവെങ്ങിനെ പോക്കിടുന്നു ദയിതേ!
നിന്നോടുവേർപെട്ട ഞാൻ?

എന്നിങ്ങിനെയുള്ള വിലാപത്തെക്കാൾ ഹൃദയാവജ്ജകമല്ലേ ജാഗരൽക്ലിഷ്ടനായ വിരഹിയുടെ

സന്താപോഷ്മളവീർപ്പുകൊണ്ടു മുഗ്ദവുാം
ചുണ്ടാകെ വാടിക്കര
ച്ചെന്താരിൽപ്പുതിയും വിളർത്ത കവിളിൽക്ക
ണ്ണീരൊലിപ്പാടുമായ്
ചിന്താക്രാന്തി വെളിപ്പെടുത്തിവിലസും
തനവീമുഖാബ്ജത്തെ ഞാൻ
ഹന്താനന്ദമൊടൊന്നു കാൺവതിനെൻ
നിദ്രേ! പ്രസാദിയ്ക്ക നീ!

എന്ന അപേക്ഷ?

കൌമുദീ പത്രാധിപരുടെ ആ കുറിപ്പിന്റെ പിന്നിലുള്ള ഉദ്ദേശം എന്തായിരുന്നാലും, താത്വികമായി ചിന്തിച്ചാൽ, ശൃംഗാരരസത്തെ പരിപുഷ്ടമാക്കുന്ന ചേതോവികാരങ്ങളുടെ പ്രതിപാദനത്തിൽ ആക്ഷേപാർഹമായി യാതൊന്നും ഉണ്ടാകേണ്ടതില്ല. അനുരക്തരായ കാമിനീകാമുകന്മാരുടെ പരോക്ഷമോ പ്രത്യക്ഷമോ ആയ ഔത്സുക്യപ്രകാശനത്തിൽ അന്തർവികസ്വന മനോവൃത്തിയെ വിഷയീകരിച്ചുകൊണ്ടുള്ള ഉത്തമ കാവ്യങ്ങൾ എല്ലാ ഭാഷകളിലും ഉണ്ടായിട്ടുണ്ട്—സംസ്കൃത ഭാഷയിൽ വിശേഷിച്ചും. സ്ത്രീപുരുഷബന്ധത്തെസ്സംബന്ധിച്ച വർണ്ണനകൾ ഏറക്കുറെ വിവൃതരീതിയിലാണെങ്കിൽത്തന്നെ, ഭാരതീയസംസ്കാരത്തിൽ അതിനൊരു നികൃഷ്ടത ആരും കല്പിച്ചിരുന്നില്ല എന്നതിന്നു പ്രശസ്തകാവ്യങ്ങളിലെ സൌന്ദര്യവർണ്ണനകൾ സാക്ഷ്യംവഹിക്കുന്നുണ്ട്. സൌന്ദര്യാസ്വാദനം, അതിന്റെ പരമകാഷ്ഠയിൽ, ഭൌതികാതീതമായ ഒരനുഭൂതിയാണ്. അതു സംജാതമാകത്തക്കവിധത്തിൽ, യാതൊരു ധാർമ്മികമര്യാദകളെയും ലംഘിക്കാതെയും കലാഭംഗിയ്ക്കു വൈകല്യംവരുത്താതെയും ഉള്ള പ്രഗല്ഭഭാഷയുപയോഗിച്ചു സൌന്ദര്യവർണ്ണന നിർവ്വഹിക്കുവാൻ കെല്പുള്ളവരായിരുന്ന നമ്മുടെ പ്രാചീനമഹാകവികൾ. അതുപോലെതന്നെ, നായികാനായകന്മാരുടെ വിലാസജീവിതത്തിൽ സംഭവിക്കാവുന്ന ദശാവിശേഷങ്ങളനുസരിച്ചു അവരുടെ വികാരങ്ങളെ വ്യഞ്ജിപ്പിക്കുന്ന വിധത്തിലുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്ന കവിതയും ആ വ

ശ്യവചസ്സുകൾ നമുക്കു സമ്മാനിച്ചിട്ടുണ്ട്. ജനങ്ങളുടെ സംസ്കാരബോധത്തെ ക്ഷതപ്പെടുത്തുന്നതായി യാതൊന്നും ശൃംഗാര രസപ്രതിപാദനത്തിൽ ഉൾപ്പെടുത്തുവാനവർക്കുദ്ദേശമുണ്ടായിരുന്നില്ലെന്നു തീർച്ചയാണ്. പക്ഷേ, കാലം മാറിയതോടുകൂടി, ആ പഴയ മാനദണ്ഡങ്ങൾക്കു, പരിഷ്കൃതരെന്നു സ്വയം അഭിമാനിക്കുന്നവരുടെ ദൃഷ്ടിയിൽ വിലയില്ലാതായി. പാശ്ചാത്യനാഗരികതയുടെ സ്വാധീനശക്തിയ്ക്കു വശംവദരായ നവീനന്മാർ വിശേഷിച്ചും, പരിഷ്കാരത്തിന്റെ പേരിൽ, ഭാഷയുടെ നൈസർഗ്ഗികമായ ആജ്ജവത്തെ കൃത്രിമോപാധികൾകൊണ്ടു ആച്ഛാദനംചെയ്യുവാൻ ആരംഭിച്ചപ്പോഴാണ് ശൃംഗാരശബ്ദത്തിനു അശ്ലീലമായൊരു പ്രതീതി ജനങ്ങൾക്കിടയിൽ ജനിക്കുവാനിടയായത്. സ്ത്രീപുരുഷന്മാരുടെ രൂപവർണ്ണനകളിൽ പലതും നിർദ്ദോഷങ്ങളാണെങ്കിൽകൂടി, സഭ്യേതരങ്ങളായിക്കരുതുന്നതു 'മാന്യത'യുടെ ലക്ഷണമായി പരിഗണിക്കപ്പെട്ടു. ഇംഗ്ലീഷിൽ 'പ്രൂഡറി' എന്നു പറയുന്ന ആഭിജാത്യാഭാസത്തെയാണ് ശൃംഗാരമെന്നു കേട്ടാൽ ചുളിയുന്ന നെറ്റികൾ വിളംബരപ്പെടുത്തുന്നത്!

ശൃംഗാരവിംശതിയുടെ പ്രസിദ്ധീകരണത്തിൽ കവനകൌമുദീ പത്രാധിപർക്കു തോന്നിയിരുന്ന സങ്കോചത്തിന്റെ പശ്ചാത്തലം എന്തായിരുന്നു എന്നു സൂചിപ്പിക്കുവാൻവേണ്ടിയാണ് ഇത്രയും പറഞ്ഞതു്. അന്നത്തെ പരിതഃസ്ഥിതിയിൽ ആ സംശയം തീരേ അസ്ഥാനത്തിലായിരുന്നു എന്നു പറഞ്ഞുകൂടാ. ഏതായാലും കൌമുദിയിലെ ഇരുപതു ശ്ലോകങ്ങൾക്കു പുറമെ എണ്പത്തിരണ്ടു ശ്ലോകങ്ങൾകൂടി ചേർത്തു 'വിലാസലതിക' എന്ന ഭാഷാലഘുകാവ്യം അചിരേണ പുറത്തുവന്നു.

കുന്തളാവലി വിയത്പൂങ്കവിളിൽമിന്നിയും കുളിർമുലക്കുടം
ചന്തമോടു നടമാടിയും പൃഥുനിതംബമണ്ഡലമുലഞ്ഞുമേ
ചെന്തളിർത്തനു തളർന്നിടംപടി സലീല മദ്രിജ നിജാന്തികേ
പന്തടിയ്ക്കു നിടിലാക്ഷനാന്ന പുളകം നമുക്കരുൾക മംഗളം.

ആരാൽ നിർമ്മിതനായ് പ്രജാസമുദയത്തിന്നാത്മഭൂ,വാരെ നേ
ക്കാരാധിച്ചു വരുന്നവർക്കു പരമാനന്ദം കരാഗ്രസ്ഥിതം
തീരാ വാഴ്ത്തുകിലത്രയുണ്ട മഹിമാ, വാക്കാരിലാദ്യത്വമെ
ല്ലാരാലും കഥിതം, ജയിക്കചിരമ ശ്രീശൃംഗാര നാരായണൻ

എന്നിങ്ങിനെയാണ് കാവ്യാരംഭം. പഴയ 'സങ്കേത'ങ്ങളെ നേരിച്ചെഴുതിയ കൃതിയായതുകൊണ്ടു ആധുനികരീതിയ്ക്കു നിരക്കാത്ത ചില ആശയങ്ങൾ ഇതിലടങ്ങിയിട്ടുണ്ടാവാമെങ്കിലും അസാന്മാർഗ്ഗികമെന്നോ അവാച്യമെന്നോ ആക്ഷേപിക്കാവുന്ന

തൊന്നും ഇതിലില്ല. പരസ്പരം അനുരക്തരായ നായികാനായകന്മാരെയാണ് കവി കാവ്യത്തിൽ നമുക്കു പരിചയപ്പെടുത്തിത്തന്നിട്ടുള്ളത്. വിവാഹാനന്തരമുള്ള ദശാസന്ധികളിലാണ് ചിലരെ കാണുന്നത്. പരസ്പരപ്രേമപാശത്താൽ ബദ്ധരാണ് മറ്റു ചിലർ; വിവാഹബന്ധത്തിൽ പ്രവേശിക്കുന്നതിനു മുമ്പുള്ള വൈകാരിക സമ്മർദ്ദങ്ങളാണ് അവരെസ്സംബന്ധിച്ചുള്ള കവിവാക്യങ്ങളിൽ കാണുന്നത്. പതിനെട്ടാം ശ്ലോകത്തിലെ സഖിയും നാല്പത്തെട്ടാം ശ്ലോകത്തിലെ വേശ്യാംഗനയും മാത്രമേ അനുരാഗക്ഷേത്രത്തിന്റെ പരിപാവനതയ്ക്കു യോജിക്കാത്ത രീതിയിൽ പെരുമാറുന്നുള്ളൂ. ആ രണ്ടപവാദങ്ങളും ഒഴിച്ചാൽ മറ്റുള്ളവരുടെ ചരിതങ്ങളും പ്രേമത്തിന്റെ ധാർമ്മിക മര്യാദകൾക്കു തികച്ചും യോജിച്ചുതന്നെയാണ്. കാവ്യത്തിൽ കാണുന്ന അഭിസാരികാ പ്രസ്താവം ചിലർക്കു അരോചകമാവാനിടയുണ്ട്. പക്ഷേ അവർ വിചാരിക്കുംപോലെയുള്ള അസാന്മാർഗ്ഗികമായ സാഹചര്യം ആ ശബ്ദത്തിനില്ല. പ്രേമഭാജനമായ കാമുകനെ കാണുവാൻവേണ്ടി നിശ്ചിതമായ സങ്കേതത്തിലേക്കു പോകുന്ന സ്ത്രീ എന്നേ അതിനർത്ഥമുള്ളൂ. തോന്നിയപോലെ ഇറങ്ങി നടക്കുന്ന ദുസ്വഭാവമുള്ളവളായിട്ടല്ല വള്ളത്തോൾ അഭിസാരികയെ ചിത്രീകരിച്ചിട്ടുള്ളതെന്നു ഈ അപ്രഗല്ഭനായികയുടെ വർണ്ണനയിൽനിന്നു മനസ്സിലാക്കാം:—

ഫാലാന്തേ സഖി! ചന്ദനക്കുറികളും
പോർകൊങ്ക വെള്ളിക്കുടം
പോലാകുംപടി വെള്ളരൌക്കിയുമതി
ന്മേലച്ഛഹാരങ്ങളും
ചേലായ്ച്ചേർത്തു കഴിഞ്ഞു; വേണ്ട ഭയ,മി
പ്പൂമ്പട്ടുത്തുജ്ജ്വല
ശ്രീലാത്തുന്ന നിലാവിൽ മറൊരു നിലാ
വായങ്ങു പോയ്ക്കൊൾക നീ.

വിലാസലതികയെക്കുറിച്ചു ബാലിശങ്ങളും അജ്ഞതാവിജൃംഭിതങ്ങളുമായ വിമർശനങ്ങൾ പലതും അക്കാലത്തു പുറത്തുവന്നിരുന്നു. 'ജയദേവകൃതിയായ പുഷ്പബാണവിലാസത്തിന്റെ ഛായാപഹരണമാണ്' അതെന്നു ഒരാൾ ആക്ഷേപിച്ചു. 'അഞ്ജനമെന്നതു ഞാനറിയും, മഞ്ഞളുപോലെ വെളുത്തിരിയ്ക്കും' എന്നു പറഞ്ഞ ആളുടെ അഞ്ജനജ്ഞാനത്തെ അനുസ്മരിപ്പിക്കുന്ന ആ അഭിപ്രായം ആരെയും വഴിപിഴപ്പിച്ചില്ല. അപ്രഗല്ഭമായ പുഷ്പബാണവിലാസത്തിന്റെ കർത്തൃത്വം ഗീതഗോവിന്ദകർത്താവായ ജയദേവ കവിയിൽ ആരോപിക്കത്തക്ക വിവരമേ ആ വിമർശകന്മാർക്കുണ്ടായിരുന്നുള്ളൂ! ഭാഷയ്ക്കു ഭംഗിപോരെന്നായി

ശ്യവചസ്സുകൾ നമുക്കു സമ്മാനിച്ചിട്ടുണ്ട്. ജനങ്ങളുടെ സംസ്കാരബോധത്തെ ക്ഷതപ്പെടുത്തുന്നതായി യാതൊന്നും ശൃംഗാരരസപ്രതിപാദനത്തിൽ ഉൾപ്പെടുത്തുവാനവക്കുദ്ദേശമുണ്ടായിരുന്നില്ലെന്നു തീച്ചയാണ്. പക്ഷേ, കാലം മാറിയതോടുകൂടി, ആ പഴയ മാനദണ്ഡങ്ങൾക്കു, പരിഷ്കൃതരെന്നു സ്വയം അഭിമാനിക്കുന്നവരുടെ ദൃഷ്ടിയിൽ വിലയില്ലാതായി. പാശ്ചാത്യനാഗരികതയുടെ സ്വാധീനശക്തിയിലുള്ള വശംവദരായ നവീനന്മാർ വിശേഷിച്ചും, പരിഷ്കാരത്തിന്റെ പേരിൽ, ഭാഷയുടെ നൈസർഗ്ഗികമായ ആജ്ജവത്തെ കൃത്രിമോപാധികൾകൊണ്ടു ആച്ഛാദനംചെയ്യുവാൻ ആരംഭിച്ചപ്പോഴാണ് ശൃംഗാരശബ്ദത്തിന്നു അശ്ലീലമായൊരു പ്രതീതി ജനങ്ങൾക്കിടയിൽ ജനിക്കുവാനിടയായതു്. സ്ത്രീപുരുഷന്മാരുടെ രൂപവർണ്ണനകളിൽ പലതും നിഷ്ദോഷങ്ങളാണെങ്കിൽകൂടി, സഭ്യേതരങ്ങളായിക്കരുതുന്നതു് 'മാന്യത'യുടെ ലക്ഷണമായി പരിഗണിക്കപ്പെട്ടു. ഇംഗ്ലീഷിൽ 'പ്രൂഡറി' എന്നു പറയുന്ന ആഭിജാത്യാഭാസത്തെയാണ് ശൃംഗാരമെന്നു കേട്ടാൽ ചുളിയുന്ന നെറ്റികൾ വിളംബരപ്പെടുത്തുന്നതു്!

ശൃംഗാരവിംശതിയുടെ പ്രസിദ്ധീകരണത്തിൽ കവനകൌമുദീ പത്രാധിപക്കു തോന്നിയിരുന്ന സങ്കോചത്തിന്റെ പശ്ചാത്തലം എന്തായിരുന്നു എന്നു സൂചിപ്പിക്കുവാൻവേണ്ടിയാണ് ഇത്രയും പറഞ്ഞതു്. അന്നത്തെ പരിതഃസ്ഥിതിയിൽ ആ സംശയം തീരേ അസ്ഥാനത്തിലായിരുന്നു എന്നു പറഞ്ഞുകൂടാ. എന്തായാലും കൌമുദിയിലെ ഇരുപതു ശ്ലോകങ്ങൾക്കു പുറമെ എണ്പത്തിരണ്ടു ശ്ലോകങ്ങൾകൂടി ചേർത്തു 'വിലാസലതിക' എന്ന ഭാഷാലഘുകാവ്യം അചിരേണ പുറത്തുവന്നു.

കുന്തളാവലി വിയത്പൂങ്കുവിളിൽമിന്നിയും കുളിർമുലക്കുടം
ചന്തമോടു നടമാടിയും പൃഥുനിതംബമണ്ഡലമുലഞ്ഞുമേ
ചെന്തളിർത്തനു തളന്നിടുംപടി സലീല മദ്വിജ നിജാന്തികേ
പന്തടിയ്ക്കു നിടിലാക്ഷനാന്ന പുളകം നമുക്കരുൾക മംഗളം.

ആരാൽ നിർമ്മിതനായ് പ്രജാസമുദയത്തിന്നാത്മഭൂ,വാരെ നേ
ക്കാരാധിച്ചു വരുന്നവക്കു പരമാനന്ദം കരാഗ്രസ്ഥിതം
തീരാ വാഴ്ത്തുകിലത്രയുണ്ട മഹിമാ, വാക്കാരിലാദ്യത്വമെ
ല്ലാരാലും കഥിതം, ജയിക്കചിരമ ശൃംഗാര നാരായണൻ

എന്നിങ്ങിനെയാണ് കാവ്യാരംഭം. പഴയ 'സങ്കേത'ങ്ങളനുസരിച്ചെഴുതിയ കൃതിയായതുകൊണ്ടു ആധുനികരീതിയ്ക്കു നിരക്കാത്ത ചില ആശയങ്ങൾ ഇതിലടങ്ങിയിട്ടുണ്ടാവാമെങ്കിലും അസാന്മാർഗ്ഗികമെന്നോ അവാച്യമെന്നോ ആക്ഷേപിക്കാവുന്ന

തൊന്നും ഇതിലില്ല. പരസ്പരം അനുരക്തരായ നായികാനായകന്മാരെയാണ് കവി കാവ്യത്തിൽ നമുക്കു പരിചയപ്പെടുത്തിത്തന്നിട്ടുള്ളത്. വിവാഹാനന്തരമുള്ള ദശാസന്ധികളിലാണ് ചിലരെ കാണുന്നത്. പരസ്പരപ്രേമപാശത്താൽ ബദ്ധരാണ് മറ്റു ചിലർ; വിവാഹബന്ധത്തിൽ പ്രവേശിക്കുന്നതിനു മുമ്പുള്ള വൈകാരിക സമ്മർദ്ദങ്ങളാണ് അവരെസ്സംബന്ധിച്ചുള്ള കവിവാക്യങ്ങളിൽ കാണുന്നത്. പതിനെട്ടാം ശ്ലോകത്തിലെ സഖിയും നാല്പത്തെട്ടാം ശ്ലോകത്തിലെ വേശ്യാംഗനയും മാത്രമേ അനുരാഗക്ഷേത്രത്തിന്റെ പരിപാവനതയ്ക്കു യോജിക്കാത്ത രീതിയിൽ പെരുമാറുന്നുള്ളൂ. ആ രണ്ടപവാദങ്ങളും ഒഴിച്ചാൽ മറ്റുള്ളവരുടെ ചരിതങ്ങളും പ്രേമത്തിന്റെ ധാർമ്മിക മര്യാദകൾക്കു തികച്ചും യോജിച്ചുതന്നെയാണ്. കാവ്യത്തിൽ കാണുന്ന അഭിസാരികാ പ്രസ്താവം ചിലർക്കു അരോചകമാവാനിടയുണ്ട്. പക്ഷേ അവർ വിചാരിക്കുംപോലെയുള്ള അസാന്മാർഗ്ഗികമായ സാഹചര്യം ആ ശബ്ദത്തിനില്ല. പ്രേമഭാജനമായ കാമുകനെ കാണുവാൻവേണ്ടി നിശ്ചിതമായ സങ്കേതത്തിലേക്കു പോകുന്ന സ്ത്രീ എന്നേ അതിന്നർത്ഥമുള്ളൂ. തോന്നിയപോലെ ഇറങ്ങി നടക്കുന്ന ദുസ്വഭാവമുള്ളവളായിട്ടല്ല വള്ളത്തോൾ അഭിസാരികയെ ചിത്രീകരിച്ചിട്ടുള്ളതെന്നു ഈ അപ്രഗല്ഭനായികയുടെ വർണ്ണനയിൽനിന്നു മനസ്സിലാക്കാം:—

ഫാലാന്തേ സഖി! ചന്ദനക്കുറികളും
പോർകൊങ്ക വെള്ളിക്കുടം
പോലാകുംപടി വെള്ളരൌക്കിയുമതി
ന്മേലച്ഛഹാരങ്ങളും
ചേലായ്ച്ചേർത്തു കഴിഞ്ഞു; വേണ്ട ഭയ,മി
പ്പൂമ്പട്ടുത്തുജ്ജ്വല
ശ്രീലാത്തുന്ന നിലാവിൽ മറെറാരു നിലാ
വായങ്ങു പോയ്ക്കൊൾക നീ.

വിലാസലതികയെക്കുറിച്ചു ബാലിശങ്ങളും അജ്ഞതാവിജൃംഭിതങ്ങളുമായ വിമർശനങ്ങൾ പലതും അക്കാലത്തു പുറത്തുവന്നിരുന്നു. 'ജയദേവകൃതിയായ പുഷ്പബാണവിലാസത്തിന്റെ ഛായാപഹരണമാണ്' അതെന്നു ഒരാൾ ആക്ഷേപിച്ചു. 'അഞ്ജനമെന്നതു ഞാനറിയും, മഞ്ഞളുപോലെ വെളുത്തിരിയ്ക്കും' എന്നു പറഞ്ഞ ആളുടെ അഞ്ജനജ്ഞാനത്തെ അനുസ്മരിപ്പിക്കുന്ന ആ അഭിപ്രായം ആരെയും വഴിപിഴപ്പിച്ചില്ല. അപ്രഗല്ഭമായ പുഷ്പബാണവിലാസത്തിന്റെ കർത്തൃത്വം ഗീതഗോവിന്ദകർത്താവായ ജയദേവ കവിയിൽ ആരോപിക്കത്തക്ക വിവരമേ ആ വിമർശകന്നുണ്ടായിരുന്നുള്ളൂ! ഭാഷയ്ക്കു ഭംഗിപോരെന്നായി

രുന്ന മറെറാരു പരാതി.

സദവണ്ണാഞ്ചിതശയ്യ ചേന്നഴകെഴും
ഭാവ പ്രഭാവത്തൊടും
മുദ്രാംഗാനുഗ്രണപ്രയുക്ത വിവിധാ
ലങ്കാര സമ്പത്തൊടും
വിദ്വല്പ്രാളിത കാളിദാസ കവിത
യ്ക്കൊപ്പം വിളങ്ങുന്ന നീ
മദ്വക്ഷോമണിമാലികേ! കിമപി കൈ
ക്കൊൾകാ പ്രസാദത്തെയും

എന്ന നായികയെക്കുറിച്ചുല്ലേഖനംചെയ്ത ഗുണങ്ങളൊക്കെയും—പ്രദാസമുംപ്പെടെ—വിലാസലതികയിലെ കവിതയ്ക്കും ഉണ്ടെന്ന മറ്റുള്ള നിരീക്ഷകന്മാരും പറഞ്ഞിരുന്ന. ശൃംഗാര രസപ്രയോഗത്തിൽ ഉള്ളതായിസ്സങ്കല്പിച്ച അശ്ലീലതയായിരുന്ന മറ്റു ചിലരുടെ ശരവ്യം. തലശ്ശേരിയിലെ ഒരു പ്രശസ്ത പണ്ഡിതനും പരമസാത്വികനുമായിരുന്ന എം. കോരപ്പൻ ഗുരുക്കൾ വിലാസലതികയിലെ ശൃംഗാര രസത്തിന്റെ ശാസ്ത്രീയ സ്വഭാവം വിശദീകരിച്ചുകൊണ്ടൊരു വ്യാഖ്യാനമെഴുതുവാൻ തുടങ്ങിയതിൽനിന്നുതന്നെ ആ ആക്ഷേപത്തിന്റെ അസാധുത്വം വ്യക്തമാവുന്നതാണ്. അങ്ങിനെയുള്ള ഒരു മഹാശയന്റെ വ്യാഖ്യാനവ്യവസായത്തിന്നു പാത്രമാകത്തക്ക പരിശുദ്ധി വിലാസലതികയ്ക്കുണ്ടായിരുന്ന എന്നല്ലെ അതിന്നർത്ഥം?

ഏതായാലും വിലാസലതിക അന്നത്തെ ആക്ഷേപങ്ങളെയെല്ലാം അതിജീവിച്ചു ധാരാളം പ്രചാരം നേടിക്കഴിഞ്ഞിരിക്കുന്ന. പന്തളത്ത് കേരളവർമ്മത്തമ്പുരാൻ അതിനെ ഇങ്ങിനെ അഭിനന്ദിച്ചു:—

വിലാസലതികാഭിധം വിവിധ ഭാവനാഡിന്ധമം
കലാകുശലഭോ! ഭവൽക്കൃതിയെ നോക്കി യുംക്കൌതുകാൽ
തുലാധികരസോല്ലസല്ലഹരിയിൽക്കുളിക്കുന്ന ഞാൻ
സലാം സുകവിതേ! സലാം, ജയ സജീവശൃംഗാരമേ!

ഇതിലെ ചില പദ്യങ്ങൾ ഷെല്ലിയുടെ പൌത്രി ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തതായി കേട്ടപ്പോൾ വള്ളത്തോൾ എനിക്കെഴുതിയ ഒരു കത്തിൽ ഇങ്ങിനെ പറഞ്ഞിരുന്ന:—

''അവക്കൊക്കെ വിലാസലതിക കുറെ രുചിച്ചതായിട്ടാണ് കാണുന്നത്. ഇംഗ്ലീഷുകാരെ ആപാദചൂഡം അനുകരിക്കുന്ന മലയാളികൾക്കുമാത്രം അതു ഭരണിപ്പാട്ടായിപ്പോയി.''

ശാന്തം പാപം!

വിലാസലതികയുടെ ആവിർഭാവത്തിന്നുശേഷം ഒരു പത്തു കൊല്ലം കഴിഞ്ഞിട്ടെഴുതിയ ''ഒരു ക്ഷമാപണം''* എന്ന കവിതയെപ്പറ്റി ഇവിടെ പ്രസ്താവിക്കുന്നത് പ്രക്രമഭംഗമായേക്കാമെങ്കിലും വള്ളത്തോളിന്റെ ശൃംഗാരകൃതികളുടെ സ്വഭാവത്തിന്നൊരുദാഹരണമെന്ന നിലയിൽ അപ്രസക്തമാവുകയില്ല. താൻ സ്നേഹിക്കുന്ന യുവാവിനെ ധ്യാനിച്ചുകൊണ്ടു ഒരു യുവതി തനിച്ചൊരു പൂങ്കാവിൽ ഇരിക്കുകയാണ്. ഇന്ദിരോത്സവം കാണുവാനാണവൾ അവിടെ വന്നിരിക്കുന്നത്. വെയിലില്ലാത്ത ഒരു പേരാലിൻ തറമേലായിരുന്ന അവളുടെ ഇരിപ്പ്. പക്ഷേ അവളവിടെയിരുന്നുകൊണ്ടു ഉത്സവം കാണുകയല്ല ചെയ്തത്; സഖിമാരറിയാതെ തന്റെ നീണ്ട നീലക്കണ്ണുനകൊണ്ടു അനതിദൂരസ്ഥിതനായൊരു യുവാവിന്റെ നെറ്റിയിൽ ചില ശുഭാക്ഷരങ്ങൾ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു! ഇടയ്ക്കു കണ്ണിമച്ചതുകൊണ്ടു ആ എഴുതിയതു മുഴുവനും അയാൾക്കു കാണുവാൻ സാധിച്ചില്ല എന്ന കാരണത്താൽ അതിന്നു മാപ്പുചോദിക്കാനെന്ന ഭാവത്തിൽ യുവാവു യുവതിയുടെ അടുക്കൽ വന്നു തന്റെ ആഗമനോദ്ദേശം അറിയിച്ചു.

പെട്ടെന്നു പെരിയൊരു സംഭ്രമം പരന്നിത
പ്പട്ടടലാം തൻ സ്നിഗ്ധപക്ഷ്മള മിഴികളിൽ
എങ്ങിനെ പുറത്തായീ മനഃക്ഷേത്രത്തിലവം
ഭംഗിയിൽ പ്രതിഷ്ഠിച്ച ദിവ്യമംഗളരൂപം?
താനിതേവരെ സ്സംസേവിച്ചോരീശ്വരനതാ
മാനിനിയ്ക്കുഗ്രേ നില്പൂ വരകാംക്ഷിയെപ്പോലെ!

തന്റെ പ്രണയഭാജനമായ യുവാവിന്റെ പെട്ടെന്നുള്ള ആ വരവു കണ്ടപ്പോൾ അവൾക്കുണ്ടായ മനോഗതമാണ് കാവ്യത്തിന്റെ മേലുദ്ധരിച്ച ആദ്യവരികളിൽ വിവരിച്ചിട്ടുള്ളത്. മറ്റു സംഗതികളെല്ലാം യുവാവിന്റെ വാക്കുകളിലൂടെയാണ് കവി വിശദീകരിക്കുന്നത്. ആ വാക്കുകളുടെ അവസാനത്തിൽ

'അപ്പൊഴാകാശേ സാന്ധ്യപ്പൊന്മുകിൽക്കീറൊന്നൊരു
ശുഭ്രമേഘത്തിൽച്ചെന്നു ചേർന്നിതു മന്ദം മന്ദം'

എന്ന കവിവാക്യത്തോടുകൂടി കവിതയും അവസാനിക്കുന്നു. ശൃംഗാരരസത്തെ പ്രയോഗിക്കുന്നതിൽ കവി ദീക്ഷിച്ചിട്ടുള്ള നിയന്ത്രണം അനന്യസാധാരണമാണ് എന്നു ഇതിൽ നിന്നു മനസ്സിലാക്കാം.

---

* സാഹിത്യമഞ്ജരി 5–ാം ഭാഗം

പത്താം അധ്യായം

സാഹിത്യമഞ്ജരി

ചിത്രയോഗത്തിന്റെ പരിസമാപ്തി പഴയ ചാലൂകളിലൂടെയുള്ള കാവ്യസഞ്ചാരത്തെ ഒരു ദശാസന്ധിയിലെത്തിച്ചു എന്നു പറഞ്ഞാൽ തെറ്റില്ല. അവിടുന്നങ്ങോട്ടുള്ള യാത്ര ഏതു സരണിയിൽക്കൂടെ ആയിരിക്കണമെന്ന പ്രശ്നം കവിയുടെ നിണ്ണായകവിധിയ്ക്കു കാത്തിരിപ്പായി. മാറിക്കൊണ്ടിരിക്കുന്ന ലോകരുചിയെ തൃപ്തിപ്പെടുത്തുവാൻ ഒരു വ്യതിയാനം ആവശ്യമാണെന്നു കവിയുടെ ക്രാന്തദർശിത്വം ഉപദേശിച്ചിരിക്കണം. കവിതയ്ക്കുള്ള വിഷയങ്ങൾ പുരാണങ്ങളിൽനിന്നെടുക്കുന്നതായാൽത്തന്നെ,

ചൊല്ലാൻ ശില്പികളെടുത്തു കടഞ്ഞുവെച്ച
നല്പാകരോത്ഥമണിപോലെ

വിളങ്ങത്തക്കവണ്ണം അവയിൽനിന്നു ചില ബിന്ദുക്കൾ വകതിരിവോടെ തിരഞ്ഞെടുത്തു അവയെ കേന്ദ്രമാക്കിക്കൊണ്ടൊരു ചമൽക്കാര പരിവേഷം സൃഷ്ടിക്കാമെന്നു വള്ളത്തോൾ മനസ്സിലാക്കി. ആ പുതിയ കാഴ്ചപ്പാടിൽനിന്നു രൂപംകൊണ്ട കൃതിയാണ് 'ബന്ധനസ്ഥനായ അനിരുദ്ധൻ.'

ആശാന്റെ നിശിതമായ ചിത്രയോഗവിമർശനത്തിനുശേഷമാണ് വള്ളത്തോൾ ഈ വഴിത്തിരിവിലെത്തിയതെന്നു വിചാരിക്കുന്നതു തീരേ തെറ്റാണ്. വിമർശം വന്നതു 1091 മേടമാസത്തിലാണ്. 'ബന്ധനസ്ഥനായ അനിരുദ്ധൻ' അതിനു രണ്ടു കൊല്ലം മുമ്പുതന്നെ ആത്മപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

'ദണ്ഡകാരണ്യ'വും 'ഗണപതി'യും പോലെ ഉഷാനിരുദ്ധകഥയും പുരാണാന്തർഗ്ഗതമാണ്. പക്ഷേ ആദ്യത്തെ രണ്ടു കഥകൾ കൈകാര്യം ചെയ്ത രീതിയിൽനിന്നു വ്യത്യസ്തമാണ് അനിരുദ്ധകഥയെ പ്രതിപാദിച്ച രീതി. ഉറക്കത്തിൽ ഉഷ അനിരുദ്ധനെ സ്വപ്നംകാണുന്നതും ചിത്രലേഖയുടെ സാമർത്ഥ്യത്താൽ അവരിരുവരും രഹസ്യമായി സമ്മേളിക്കുന്നതും പരസ്പരം ഹൃദയവിനിമയം ചെയ്യുന്നതും മറ്റും പ്രാചീനകവിയുടെ സവിസ്തരമായ പ്രതിപാദനത്തിനു വിധേയമായിക്കഴിഞ്ഞ

കാര്യങ്ങളാണ്. അതൊക്കെ ഒരാധുനികകവി അതേപടി ആവത്തിച്ചതുകൊണ്ടൊന്നും കിട്ടാനില്ല. നേരേമറിച്ചു പുരാണകത്താവിന്റെ സവിശേഷപരാമർശത്തിന്നു വിഷയീഭവിച്ചിട്ടില്ലാത്ത ഒരു ഭാവത്തെ സ്വന്തം മനോധർമ്മത്തിന്റെ വെളിച്ചത്തിൽ ആവിഷ്കരിക്കുന്നതിലൊരു പുതുമയുണ്ടതാനും. തന്റെ അപേക്ഷയനുസരിച്ചു അവിടെവന്ന അനിരുദ്ധകുമാരനെ പിതൃസൈന്യം 'വ്യാജപ്പയറ്റിൽ വിജയിച്ചു' ബന്ധനസ്ഥനാക്കിയപ്പോഴും ഉഷസ്സുണ്ടായ വിഷാദപാരവശ്യത്തിന്റെ ഒരു വിശേഷചിത്രം വരച്ചു കാണിക്കുവാനാണ് കവി മുതിർന്നത്. പരിചിത പൂർവ്വമല്ലാത്ത ആ സമീപനമാണ് 'അനിരുദ്ധ'നെ ആകഷ്കമാക്കുന്നത്. പാരമ്പര്യ ശൃംഖലയാൽ ബന്ധനസ്ഥമായിരുന്ന കവിമനോധർമ്മത്തിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള വിമോചനത്തിന്റെ പ്രതീകമായി ഈ കാവ്യത്തെക്കരുതാവുന്നതാണ്.

ആത്മപോഷിണിയിൽ ആ കാവ്യം ആവിർഭവിച്ചപ്പോൾ സാഹിത്യരസികന്മാർ അതിനെ ആദരിച്ചതിനൊരു കയ്യും കണക്കുമില്ലായിരുന്നു. അതിലെ എഴുപത്തിമൂന്നു ശ്ലോകങ്ങളും കാണാപ്പാഠമാക്കി ഉരുക്കഴിക്കുക അന്നത്തെ ചെറുപ്പക്കാക്കൊരു പതിവായിരുന്നു. വിദ്യാർത്ഥികൾക്കിടയിൽ വിശേഷിച്ചും അതൊരു പുതിയ 'റിക്കാർഡു' സൃഷ്ടിച്ചു!

'മേദുരദീർഘകായ'നായ ബാണസചിവന്റെ വരവും,'പ്രാലേയ ശൈലരുചിയാം നിജമാളികസ്യ മേലേറെ മോടി തടവുന്ന വരാന്തയിങ്കൽ', ആലേഖ്യരൂപിണികണക്കെ,

> ആലസ്യമാണ്ടമുഖമൊട്ടു കുനിച്ചു, വേർത്ത
> ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടുതാങ്ങി
> ചേലഞ്ചിമിന്നുമൊരു വെൺകളർ കൽത്തറയ്ക്കു

മേൽ, മാലേന്തി മന്ദിതചേഷ്ടയായി ചാരിയിരുന്നിരുന്ന ഉഷയുടെ ദയനീയാവസ്ഥയും,

> ഹാ ജന്യസീമ്നി പല യോധഗണത്തെയൊറ്റ
> യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ
> വ്യാജപ്പയറ്റിൽ വിജയിച്ചരുളുന്ന ദൈത്യ
> രാജന്നെഴും സചിവ പുംഗവ! മംഗളംതേ

എന്നു പറഞ്ഞുകൊണ്ടു പിതൃതുല്യനായ മന്ത്രിവൃദ്ധനെ ആ മനസ്വിനി ചെയ്ത അഭിവാദ്യവും, മന്ത്രിയുടെ മൌനാനുവാദം നേടി തനിയെ നടന്നുപോയി, ഇരുണ്ട കല്പറയിൽ 'കുപ്പയിലിട്ട സാളഗ്രാമം'പോലെ ഇരുന്നു വിഷമിക്കുന്ന കാമുകന്റെ സന്ദർശനവും,

പത്താം അധ്യായം

സാഹിത്യമഞ്ജരി

ചിത്രയോഗത്തിന്റെ പരിസമാപ്തി പഴയ ചാലുകളിലൂടെയുള്ള കാവ്യസഞ്ചാരത്തെ ഒരു ദശാസന്ധിയിലെത്തിച്ചു എന്നു പറഞ്ഞാൽ തെറ്റില്ല. അവിടുന്നങ്ങോട്ടുള്ള യാത്ര ഏതു സരണിയിൽക്കൂടെ ആയിരിക്കണമെന്ന പ്രശ്നം കവിയുടെ നിണ്ണായകവിധിയ്ക്കു കാത്തിരിപ്പായി. മാറിക്കൊണ്ടിരിക്കുന്ന ലോകരുചിയെ തൃപ്തിപ്പെടുത്തുവാൻ ഒരു വ്യതിയാനം ആവശ്യമാണെന്നു കവിയുടെ ക്രാന്തദർശിത്വം ഉപദേശിച്ചിരിക്കണം. കവിതയ്ക്കുള്ള വിഷയങ്ങൾ പുരാണങ്ങളിൽനിന്നെടുക്കുന്നതായാൽത്തന്നെ,

ചൊല്ലാന്ന ശില്പികളെടുത്തു കടഞ്ഞുവെച്ച
നല്ലാകരോത്തമണിപോലെ

വിളങ്ങത്തക്കവണ്ണം അവയിൽനിന്നു ചില ബിന്ദുക്കൾ വകതിരിവോടെ തിരഞ്ഞെടുത്തു അവയെ കേന്ദ്രമാക്കിക്കൊണ്ടൊരു ചമൽക്കാര പരിവേഷം സൃഷ്ടിക്കാമെന്നു വള്ളത്തോൾ മനസ്സിലാക്കി. ആ പുതിയ കാഴ്ചപ്പാടിൽനിന്നു രൂപംകൊണ്ട കൃതിയാണ് 'ബന്ധനസ്ഥനായ അനിരുദ്ധൻ.'

ആശാന്റെ നിശിതമായ ചിത്രയോഗവിമർശനത്തിനുശേഷമാണ് വള്ളത്തോൾ ഈ വഴിത്തിരിവിലെത്തിയതെന്നു വിചാരിക്കുന്നതു തീരേ തെറ്റാണ്. വിമർശം വന്നതു 1091 മേടമാസത്തിലാണ്. 'ബന്ധനസ്ഥനായ അനിരുദ്ധൻ' അതിനു രണ്ടു കൊല്ലം മുമ്പുതന്നെ ആത്മപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

'ദണ്ഡകാരണ്യ'വും 'ഗണപതി'യും പോലെ ഉഷാനിരുദ്ധകഥയും പുരാണാന്തർഗ്ഗതമാണ്. പക്ഷേ ആദ്യത്തെ രണ്ടു കഥകളും കൈകാര്യം ചെയ്ത രീതിയിൽനിന്നു വ്യത്യസ്തമാണ് അനിരുദ്ധകഥയെ പ്രതിപാദിച്ച രീതി. ഉറക്കത്തിൽ ഉഷ അനിരുദ്ധനെ സ്വപ്നംകാണുന്നതും ചിത്രലേഖയുടെ സാമർത്ഥ്യത്താൽ അവരിരുവരും രഹസ്യമായി സമ്മേളിക്കുന്നതും പരസ്പരം ഹൃദയവിനിമയം ചെയ്യുന്നതും മറ്റും പ്രാചീനകവിയുടെ സവിസ്തരമായ പ്രതിപാദനത്തിനു വിധേയമായിക്കഴിഞ്ഞ

കാര്യങ്ങളാണ്. അതൊക്കെ ഒരാധുനികകവി അതേപടി ആവത്തിച്ചതുകൊണ്ടൊന്നും കിട്ടാനില്ല. നേരേമറിച്ചു പുരാണകത്താവിന്റെ സവിശേഷപരാമശ്ത്തിന്നു വിഷയീഭവിച്ചിട്ടില്ലാത്ത ഒരു ഭാവത്തെ സ്വന്തം മനോധമ്മത്തിന്റെ വെളിച്ചത്തിൽ ആവിഷ്കരിക്കുന്നതിലൊരു പുതുമയുണ്ടതാനും. തന്റെ അപേക്ഷയനുസരിച്ചു അവിടെവന്ന അനിരുദ്ധകുമാരനെ പിതൃസൈന്യം 'വ്യാജപ്പയറ്റിൽ വിജയിച്ചു' ബന്ധനസ്ഥനാക്കിയപ്പോഴും ഉഷസ്സുണ്ടായ വിഷാദപാരവശ്യത്തിന്റെ ഒരു വിശേഷചിത്രം വരച്ചു കാണിക്കുവാനാണ് കവി മുതിന്നത്. പരിചിത പൂർവ്വമല്ലാത്ത ആ സമീപനമാണ് 'അനിരുദ്ധ'നെ ആകഷ്കമാക്കുന്നത്. പാരമ്പര്യ ശൃംഖലയാൽ ബന്ധനസ്ഥമായിരുന്ന കവിമനോധമ്മത്തിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള വിമോചനത്തിന്റെ പ്രതീകമായി ഈ കാവ്യത്തെക്കരുതാവുന്നതാണ്.

ആത്മപോഷിണിയിൽ ആ കാവ്യം ആവിർഭവിച്ചപ്പോഴും സാഹിത്യരസികന്മാർ അതിനെ ആദരിച്ചതിനൊരു കയ്യും കണക്കുമില്ലായിരുന്നു. അതിലെ എഴുപത്തിമൂന്നു ശ്ലോകങ്ങളും കാണാപ്പാഠമാക്കി ഉരുക്കഴിക്കുക അന്നത്തെ ചെറുപ്പക്കാക്കൊരു പതിവായിരുന്നു. വിദ്യാത്ഥികൾക്കിടയിൽ വിശേഷിച്ചും അതൊരു പുതിയ 'റിക്കാർഡു' സൃഷ്ടിച്ചു!

'മേദുരദീഘ്കായ'നായ ബാണസചിവന്റെ വരവും,'പ്രാലേയ ശൈലരുചിയാം നിജമാളികസ്യ മേലേറെ മോടി തടവുന്ന വരാന്തയിങ്കൽ', ആലേഖ്യരൂപിണികണക്കെ,

> ആലസ്യമാണ്ടമുഖമൊട്ടു കുനിച്ചു, വേത്ത
> ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടുതാങ്ങി
> ചേലഞ്ചിമിന്നുമൊരു പെൺകൊടി കൽത്തറസ്യ

മേൽ, മാലേന്തി മന്ദിതചേഷ്ടയായി ചാരിയിരുന്നിരുന്ന ഉഷയുടെ ദയനീയാവസ്ഥയും,

> ഹാ ജന്യസീമ്നി പല യോധഗണത്തെയൊറ്റ
> യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ
> വ്യാജപ്പയറ്റിൽ വിജയിച്ചരുളുന്ന ദൈത്യ
> രാജന്നെഴും സചിവ പുംഗവ! മംഗളംതേ

എന്നു പറഞ്ഞുകൊണ്ടു പിതൃതുല്യനായ മന്ത്രിവൃദ്ധനെ ആ മനസ്വിനി ചെയ്ത അഭിവാദ്യവും, മന്ത്രിയുടെ മൌനാനുവാദം നേടി തനിയെ നടന്നുപോയി, ഇരുണ്ട കല്പറയിൽ 'കൂപ്പയിലിട്ട സാളഗ്രാമം'പോലെ ഇരുന്നു വിഷമിക്കുന്ന കാമുകന്റെ സന്ദർശനവും,

'സ്സാരാന്തതാപഗരിമാവിന്റെ കീഴടങ്ങി

ദ്ധീരാംഗനാനില' വിടാതെ, യദൃസ്ന്നഷയ്ക്ക ചേന്ന വിധത്തിൽ, പൃതുബാന്ധവന്മാർ വന്ന ജാമാതാവിന്റെ കുലീനത ബോധ്യപ്പെടുത്തി അവളെ ജയലക്ഷ്മിയെപ്പോലെ മാധവീയപുരിയിലേക്ക കൂട്ടിക്കൊണ്ടുപോകുംവരെക്ഷമിച്ചിരിക്കണമെന്ന അനിരുദ്ധന്റെ ഉൽബോധനവും അന്തവാചകഹൃദയത്തെ വികാരോത്തരളിതമാക്കുന്ന സന്ദർഭങ്ങളാണ്. കാവ്യത്തിലെ നായിക മാത്രമല്ല ഇതര കഥാപാത്രങ്ങളും 'നാനാവികാരപരിവാരിത'രായിട്ടാണ് കാണുന്നത്. പ്രഭാകുമാരിയുടെ വിഷാദസംഭാരവിപ്ലവം കണ്ട കുംഭാണ്ഡൻ സ്തംഭാഭനായി നിന്ന പോകുന്നു; തന്റെ ദുരവസ്ഥയെപ്പറ്റി മന്ത്രിയോട വിവരിച്ച പറഞ്ഞശേഷം വല്ലാത്ത തൊണ്ടവിറയൽ ശേഷം ചൊല്ലാൻ കുഴങ്ങി കുമാരി കരഞ്ഞുപോകുന്നു; സൌഗന്ധികപ്രസവസൌഭഗമായ പദത്താൽ ഭ്രഗഭ്ഗേഹത്തിലെ ചരലിൽ ചവിട്ടാൻ ഉഷയ്ക്ക യോഗം വരുത്തിയതു തന്റെ ദോഷമല്ലേ എന്നു ചിന്തിച്ച അനിരുദ്ധന്റെ കണ്ണുകളിലും ചുട്ടനീരുയരുന്നു; അച്ഛന്നവമാനം വരുത്തുന്നതൊന്നും ചെയ്യരുതെന്നും തുറുങ്കിൽനിന്നു താമസിക്കാതെ തിരിച്ച പോകണമെന്നും ഭർത്താവു പറഞ്ഞപ്പോൾ

ഹാ കഷ്ടമെൻ ദുരിത! മെന്നെ വെറുത്തുവല്ലോ
ലോകത്തിലെൻ പരമദൈവതമാം ഭവാനും

എന്നു പറഞ്ഞു ഉഷ തേങ്ങിക്കരയുന്നു; അതുകണ്ട,

പ്രാണാധിഭർത്താ! കരയാസ്സുളിമുകുനാനാ
ബാണാളിതാങ്ങുവതിനീയൊരു നെഞ്ചുപോരും
ബാണാത്മജാ നയനനീരൊരു തുള്ളിപോലും
വീണാൽസ്സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ

എന്നിങ്ങിനെ അനിരുദ്ധനും വിലപിക്കുന്നു.

ഇങ്ങിനെ കരുണരസത്തിന്റെ ഓളംതള്ളലാണീ കാവ്യത്തിലുടനീളം അനുഭവപ്പെടുന്നത്. ഒടുവിൽ

കാന്താംഗി! നമ്മളിൽ മുറ്റുന്നരാഗവിത്തു
താൻ താൻ വിതച്ചതു വൃഥാ കളയില്ല ദൈവം
സ്വാന്താത്തിവിട്ട തിരികേ നടകൊൾക വേഗം
നാം താതശാസന വിലംഘികളായ്വരൊല്ലാ

എന്ന ശുഭാശംസ ഉഷയ്ക്കുന്നപോലെ നമുക്കും ആശ്വാസം തരുന്നു.

'അനിരുദ്ധ'ന്റെ കാവ്യസരണിയനുസരിച്ചാണ് 'സാംബൻ' എന്ന ഖണ്ഡകാവ്യം കുണ്ടൂർ നാരായണമേനോൻ എഴുതിയത്. ആ രീതിയിലുള്ള കാവ്യരചനയ്ക്ക വള്ളത്തോളം അങ്ങിനെയൊരു മാഗ്ഗദർശകനും ആയിത്തീർന്നു.

ആമാടയിൽ പുഴുക്കുത്തു കാണാൻ ശ്രമിക്കുംപോലെ അനിരുദ്ധനെയും വിമർശിക്കുവാൻ ചിലർ മുമ്പോട്ടു വരാതിരുന്നില്ല. 'ആലസ്യമാണ്ടമുഖം' എന്നു തുടങ്ങുന്ന ശ്ലോകത്തിലെ ഇരിപ്പു കുനികൾക്കേ സാധിക്കൂ എന്ന പരിഹാസഗർഭമായ ആക്ഷേപമായിരുന്നു ഒന്നു. പക്ഷേ അതിന്റെ അന്തസ്സാരഹീനതയെക്കുറിച്ചു, പ്രസിദ്ധ നടനായ ഗോപീനാഥനു ഒരു സ്വന്തം അനുഭവം പറയാനുണ്ട്. അദ്ദേഹം സ്കൂളിൽ പഠിക്കുന്നകാലത്തു 'ബന്ധനസ്ഥനായ അനിരുദ്ധൻ' ഒരു പാഠപുസ്തകമായിരുന്നു. അതിലെ 'ആലസ്യമാണ്ട' എന്നുതുടങ്ങുന്ന ശ്ലോകത്തിലെ ഭാവം (അദ്ദേഹം പറയുകയാണ്) ''ഞാൻ പലപ്പോഴും തനിയെ അഭിനയിക്കാറുണ്ടായിരുന്നു; എന്നു മാത്രമല്ല ക്ലാസ്സിൽ ചരിത്രം എടുത്തുകൊണ്ടിരുന്ന ഒരു ദിവസം ഞാൻ അതിൽ ശ്രദ്ധിക്കാതെ പ്രസ്തുത ഇരിപ്പ് അഭിനയിക്കുകയും അദ്ധ്യാപകൻ അതു കണ്ടു ശിക്ഷാരൂപത്തിൽ ക്ലാസ്സിന്റെ നടുക്കു വിളിച്ചു അഭിനയിക്കാൻ പറകയും യാതൊരു സങ്കോചവും കൂടാതെ ഞാൻ മുപ്പതു വിദ്യാർത്ഥികളുടെ നടുവിൽ തറയിൽ ഇരുന്നു അഭിനയിക്കുകയുംചെയ്തു.''*

കുറെമല്ല അക്കാലത്ത് വിദ്യാലയത്തിലേക്കു നടന്നുപോകുമ്പോഴും ഏതോ ഒരു മാളികപ്പുറത്ത് അങ്ങിനെ ചാരിയിരിക്കുന്ന ഒരു ചാരുമുഖിയെ 'കുനി'ല്ലാതെ കാണുവാൻ ചേലനാട്ട് അച്യുതമേനോനും സാധിച്ചുത്! §

ഗ്രണങ്ങൾക്കുനേരെ കൊഞ്ഞനം കാട്ടാൻ മനുഷ്യനുള്ള ദുശ്ശീലം ഏതു വിഷയത്തിലും വിട്ടുമാറുന്നില്ല എന്നേ ഇതിനൊക്കെ അർത്ഥമുള്ളൂ.

അനിരുദ്ധൻ ആത്മപോഷിണിയിൽ ആവിർഭവിക്കുന്നതിനൊരു മാസം മുമ്പു (1089 മീനത്തിൽ) 'ഒരു കത്ത്—അഥവാ രുഗ്മിയുടെ പശ്ചാത്താപം' കവനകൌമുദിയിൽ വന്നിരുന്നു. പക്ഷേ അനിരുദ്ധൻ എഴുതിയതു കുംഭത്തിലും ഒരു കത്തു എഴുതിയതു മീനത്തിലുമാണ്. അനിരുദ്ധനിൽ തെളിഞ്ഞുകാണാനിടവന്ന നൂതനസരണിയുടെ ആരംഭമായിട്ട് ആ കത്തിനെയും കരുതാവുന്നതാണ്. വിദഭ്നന്ദനനായ രുഗ്മി, സോദരിയായ പുരുഷോത്തമപത്നിയ്ക്ക പശ്ചാത്താപ പുരസ്സരം അയ

---

* വള്ളത്തോളം സപ്തതി ഉപഹാരഗ്രന്ഥം. P 108.

§ ടി ടി P 202.

ച്ചതായി കവി സങ്കല്പിക്കുന്ന ഈ കത്ത് കുടിലചിത്തരായ മനുഷ്യർ സ്വാർത്ഥസമ്പാദനത്തിന്നുവേണ്ടി സാധുത്വം അഭിനയിക്കുന്നതിന്നൊരുദാഹരണമാണ്. രുഗ്മിണിയെ കൃഷ്ണനിൽ നിന്നകറ്റി ശിശുപാലനു വേളികഴിച്ചുകൊടുക്കുവാൻ ചെയ്ത ശ്രമത്തിൽ, അനേകം അശ്രുഭോക്തികളും ചൊല്ലി ആ സഹോദരിയുടെ കണ്ണിൽനിന്നു ചുടുകണ്ണീർ കണക്കില്ലാതെ വീഴ്ത്തിച്ച പിശുനനെക്കൊണ്ടു

തരുണീ ദശയെ പ്രപന്നയായ്
മരുവും മൽ സുതയെ ത്വദന്തികേ
ഒരുപായന മായി വെയ്ക്കുവാൻ
കരുതുന്നേൻ കലുഷക്ഷയൈഷിണാൻ

എന്നും

തവ പൊന്നു മകനുവേണ്ടി നീ
യിവളെ സ്സാധ്വി! പരിഗ്രഹിയ്ക്കിലേ-
ഭവദഗ്രജനാശ്വസിയ്ക്കുവാ
നവകാശം ചെറുതിങ്ങു കൈവരു

എന്നും പറയിച്ചതു തൻകാര്യം നേടാനുള്ള വ്യഗ്രതയോ 'കൃതാഘനുണ്ടോ മനുതാപവാഞ്ഛോ' എന്ന ചോദ്യം അപ്രസക്തമാവുകയില്ല. കവി അതിൽ കാണുന്നതു പശ്ചാത്താപമാണെന്നു കാവ്യത്തിന്നിട്ട പേരുകൊണ്ടും താഴേകൊടുക്കുന്ന ശ്ലോകങ്ങളിലെ ആശയഗതികൊണ്ടും ഊഹിക്കേണ്ടിയിരിക്കുന്നു:—

ഉലകിന്നൊരു നീല ചന്ദ്രനായ്
വിലസുന്നേതു വിശിഷ്ടരൂപനെ
അലർബാണ നവാവതാരമായ്
പ്പുലരും വാഴ്ത്തി വരുന്നു കാണികൾ.

* * *

അവനെൻ പ്രിയ ഭാഗിനേയനെ
ന്നവലേപം ഹൃദി വാച്ചിടുന്നു മേ
അവനിൽ പ്രതിപത്തി തോന്നിടാ
ത്തവളല്ലെന്റെ വിനീതയാം മകൾ.

ഒരു വീരനു യോഗ്യയല്ലനിൻ
ഗുരുസോദര്യ കുമാരിയെങ്കിലോ
കരുതില്ലിവളാൽ ഗൃഹാശ്രമം
മരുവാക്കാൻ മമ വത്സകന്നു ഞാൻ!

എന്തൊരൌദാര്യവും ഭാഗിനേയസ്നേഹവുമാണിതിൽ നിഴലി

ച്ചിരിക്കുന്നത്! പക്ഷേ അതും സ്വാത്മപ്രചോദിതമായിരുന്നില്ലേ?

അസ്ഥാനത്തിലുള്ള ഒരൊറ്റ അലങ്കാരപ്രയോഗമോ അതിശയോക്തിയോ വക്രതയോ സ്പർശിക്കാതെ സരളകോമളങ്ങളായ അമ്പത്തിരണ്ടു ചെറുശ്ലോകങ്ങളുംകൊള്ളുന്ന ഈ കൃതിയിലും വള്ളത്തോളിന്റെ പുതിയ പ്രവണത കാണുവാൻ പ്രയാസമില്ല.

അങ്ങിനെ വള്ളത്തോൾക്കവിതയുടെ നവവസന്തം ആഗതമായി; സാഹിത്യലതമേൽ അനേകം മഞ്ജരികൾ ആവിർഭവിക്കുവാൻ തുടങ്ങി.

സുരഭിലമൊരുതെന്നൽ വന്നു മൈത്രീ
ഭരമൊട്ടുതൊട്ടു തലോടിടുന്ന മന്ദം*

എന്നു തോന്നുവാനിടവരുത്തിയ കദംബവാടിയിലെ കനകമഹാമണിമണ്ഡപാന്തരത്തിൽ കവി കണ്ട അനഘമനോഹരമായ ദിവ്യതേജസ്സ് വാസ്തവത്തിൽ താനുപാസിച്ചുകൊണ്ടിരുന്ന കവിതാദേവിയുടെ സാന്നിധ്യത്തെപ്പറ്റിയല്ലെങ്കിൽ മറെറന്തിനെപ്പറ്റിയാണ് മുന്നറിയിപ്പു നല്കിയിരിക്കുക?

അനഘമധുമദാൽ തുടുത്ത തുക്ക
ണ്മുനയെ മുദാ രമണന്റെ നേക്കുനീട്ടി
മനതളിർ കവരും മൃദുസ്മിതത്താൽ
തനതധരപ്പവിഴത്തിൽ മുത്തിണക്കി,

ഒരു കനകവിപഞ്ചിയെ പ്രിയപ്പെ
ട്ടൊരു നിജപുത്രിയെയെന്നപോലെ മന്ദം
തിരുമടിയിലെടുത്തുവെച്ചിടുന്നു
തരുണികൾ മാലികയായ തമ്പുരാട്ടി.*

ആ സംഗീതധാര പൊഴിയുന്ന വിളയാട്ടകാവിലൊരു മൂക്കിൽ നില്ക്കുവാനുള്ള അനുമതി അതോടെ കവിയ്ക്കു കിട്ടിക്കഴിഞ്ഞു!

സാഹിത്യമഞ്ജരികൾ ഒരു പുതിയ വള്ളത്തോളിനെയാണ് കേരളീയർക്കു പരിചയപ്പെടുത്തിയത്. പ്രാചീനസരണിയിൽനിന്നു വ്യത്യസ്തമായ ഒരു പ്രസ്ഥാനമാണ് വള്ളത്തോൾ തുറന്നുവെച്ചതെന്നു പലരും പറയാറുണ്ട്. പക്ഷേ വള്ളത്തോൾ ഉൽഘാടനംചെയ്ത ആ പ്രസ്ഥാനം വാസ്തവത്തിൽ പ്രാചീനംതന്നെ ആയിരുന്നു. 1101—ാമാണ്ടിൽ ചേത്തലത്താലൂക്കു നിവാസികൾ സമർപ്പിച്ച ഒരു മംഗളപത്രത്തിനുള്ള മറുപടിപറയു

* 'ഒരു ഭാവന' സാഹിത്യമഞ്ജരി ഒന്നാം ഭാഗം.

മ്പോൾ വള്ളത്തോൾ തന്റെ കവിതയെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:—

''വള്ളത്തോൾപ്രസ്ഥാനം എന്നു ഇപ്പോൾ പലരും പറയാറുണ്ട്. അതു് ഒരു പുതിയ പ്രസ്ഥാനമല്ല, പഴയതുതന്നെയാണ്. ഭാരതത്തിൽതന്നെ ആദികവികളായ വാല്മീകി, കാളിദാസൻ ഇവരുടെ ഛായ പിടിച്ചായിരുന്നു ആദ്യകവിതകൾ ഉണ്ടായത്. അതിന്റെശേഷം അത്യുക്തി, അതിശയോക്തി മുതലായ അലങ്കാരങ്ങൾക്കു കവിതകളിൽ പ്രാബല്യം ലഭിച്ചുതുടങ്ങി. ഉദാഹരണമായി നൈഷധത്തിലെ ഒരു ഭാഗമെടുക്കാം. ദമയന്തിയുടെ ക്രീഡിയുന്നതിനു ഒരു ശൈലം; അതിനൊരു കൊട്ടമുടി; അതു മരതകംപോലെ ശോഭയായ മാനം; അതിന്റെ തലപ്പത്തുനിന്നു രശ്മി ബ്രഹ്മാണ്ഡംവരെ ചെന്നു. അവിടെനിന്നും കീഴ്പോട്ടതിരിച്ച് സ്വർഗ്ഗത്തിൽ വന്നു. അവിടെവെച്ചു മേല്പോട്ടു മുഖമുള്ള പശുക്കളുടെ അകത്തുകടന്നു. ക്രീഡാശൈലരശ്മി പച്ചനിറമായിരിക്കുമല്ലൊ. അപ്പോൾ പശുക്കൾക്കു ക്രീഡാശൈലം തീറ്റകൊടുത്തു എന്നു ചുരുക്കം. നല്ല മരതകംപോലെ ശോഭയുള്ളതാണ് ക്രീഡാശൈലമെന്നു സാരം .....ഈവക അലങ്കാരങ്ങളെല്ലാം കവിതയുടെ മോടിയാണെന്നു അന്നു പലർക്കും തോന്നിയിരുന്നു. ഇപ്പോൾ ആ കാലമെല്ലാം കഴിഞ്ഞു. ഇപ്പോൾ നമ്മളെ ഇതൊക്കെ ഉപേക്ഷിച്ചു പഴയതിലേക്കു ക്ഷണിക്കുന്നു. നമ്മെ പുരാതനഋഷിമാരുടെ മാർഗ്ഗത്തിലേക്ക് വിളിക്കയാണ് ചെയ്യുന്നത്.....അതുകൊണ്ടു നമ്മുടെ ഋഷികളുടെ പിന്നാലെ പോകണമെന്നാണ് ഞാൻ പറയുന്നത്.*

സാഹിത്യമഞ്ജരികളിൽ ഉൾപ്പെട്ടുത്തിയ കവിതകളിൽ ഈ തിരിച്ചുപോക്കു കാണാം.

ഒന്നാംഭാഗത്തിലെ 'മാതൃവന്ദനം' മലയാളത്തിന്നൊരു 'വന്ദേമാതരം'തന്നെയാണെന്നു പറയാം.

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ വന്ദിപ്പിൻ വരദയെ.
എത്രയും തപശ്ശക്തിപൂണ്ട ജാമദഗ്ന്യനു
സത്രാജിത്തിനു പണ്ടു സഹസ്രകരൻപോലേ
പശ്ചിമരത്നാകരം പ്രീതിയാൽദ്ദാനംചെയ്ത
വിശൈകമഹാരത്നമല്ലി നമ്മുടെ രാജ്യം?

ഭാഗ്യവക്ഷേത്രത്തിന്റെ വൈഭവങ്ങളെ സങ്കീർത്തിക്കുന്ന ഈ ഗാനം മാതൃഭൂമിയുടെ സേവനത്തിങ്കൽ സന്നദ്ധരാകുവാൻ നാട്ടു

* 1101 എടവം ലക്കം 'ഗുരുനാഥ'നിൽനിന്നു.

കാരെ ഉൽബോധനംചെയ്യുകൊണ്ടാണവസാനിക്കുന്നത്.

മാതൃവാക്കൊന്നാകണം നമുക്കു സാക്ഷാൽ വേദം
മാതൃശുശ്രൂഷായത്നമാകണം മഹായജ്ഞം
മാതാവിന്നുഴിഞ്ഞിടുകാത്മജീവിതം, പ്രിയ
ഭ്രാതാക്കന്മാരേ! പാരിൽത്തുല്യമേതുള്ള വേറേ?
വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ സർവ്വാഭീഷ്ട സാധകപ്രസാദയെ.

1092–ൽ (1917) മദിരാശിയിലെ മലയാളിക്ലബ്ബുകാക്കു ഓണക്കാലത്തു ചൊല്ലുവാൻവേണ്ടി എഴുതി അയച്ചതാണ് ഈ കവിത. വള്ളത്തോളിന്റെ ദേശാഭിമാനദ്യോതകങ്ങളായ കവനങ്ങളിൽ പ്രഥമസ്ഥാനം ഇതിന്നുണ്ട്.

ഒന്നാം ഭാഗത്തിലെ എടുത്തുപറയത്തക്ക മറെറാരു മനോഹരകൃതിയാണ് 'ഒരു ചിത്രം.'

നിയ്യിതുകാണ്കൊരാൺകുഞ്ഞിതാ തൻകുഞ്ഞി
ക്കയ്യിൽച്ചെറിയ പാൽപ്പാത്രവുമായ്
പയ്യിനെക്കാലേ കറന്നീടുമമ്മതൻ
മെയ്യിൻവലംവശം ചാരിനില്പൂ.

എന്നാരംഭിക്കുന്ന ആ കവിത 'അന്തിയ്ക്കു നാമംജപിയ്ക്കുമ്പോഴം' കൂട്ടികാണിക്കു ചൊല്ലുവാൻവേണ്ടി കുത്താമ്പള്ളി രാമൻനമ്പ്യാരുടെ അപേക്ഷപ്രകാരം എഴുതിയതാണെന്നു നമ്പ്യാർതന്നെ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. പശുവിനെ കറക്കുന്ന യശോദയെ ചാരിനില്ക്കുന്ന ഉണ്ണിക്കൃഷ്ണന്റെ ചിത്രമാണ് ഈ കവിതയ്ക്കു പ്രചോദനംനല്കിയത്. ചെറിയ കുട്ടികാണിക്കും ഉള്ളിൽ തട്ടുന്നതാണിതിലുടനീളം പരിലസിക്കുന്ന രചനാഭംഗി. അതിൽ സ്വീകരിച്ചിട്ടുള്ള വൃത്തമോ ചെറുശ്ശേരിയുടെ മാകന്ദമഞ്ജരിയെ സവിശേഷം അനുസ്മരിപ്പിക്കുന്നതും!

എമ്മട്ടെന്നോതുവാനേതും കഴിവില്ലാ
ത്തിമ്മധുരാനനമൊന്നു കണ്ടാൽ
അമ്മയ്ക്കുമാത്രമല്ലാക്കുമേ ചെന്നെടു
ത്തുമ്മവെച്ചീടുവാൻ തോന്നുമല്ലോ.
കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളൊരി
പ്പൂവൽമൈ പൂണ്മോർതാൻ പുണ്യവാന്മാർ.

ശൈശവത്തിന്റെ മനോമോഹനതയെ വർണ്ണിക്കുമ്പോഴം കവിയുടെ തൂലിക ആനന്ദനൃത്തംചെയ്യുന്നതായിട്ടാണിതു വായിക്കുന്നവക്കു തോന്നുക. ആ ബാലഗോപാലരൂപത്തിന്റെ ഒരു പാദാദികേശവർണ്ണന ഇരുപതു വരികളിൽ നിർവ്വഹിച്ചശേഷം

കവിഹൃദയം ഭക്തിപാരവശ്യത്താൽ ഇങ്ങിനെ വാചാലമായിത്തീരുന്നു:—

അമ്മതൻ മൈ ചാരി നില്പോനേ! ലോകങ്ങൾ
ക്കമ്മയുമച്ഛനുമായവനേ!
ധർമ്മസംരക്ഷണ്ണായ്ക്കുടക്കുടെ ജന്തു
ധർമ്മം കൈക്കൊള്ളും പരമാത്മാവേ!

ഭാവം പാർത്തമ്പാടിപ്പെണ്ണുങ്ങൾ തന്മുന്നിൽ
പ്പാൽവെണ്ണയൊട്ടൊട്ടു കിട്ടുവാനായ്
മൂവടികൊണ്ടു മുപ്പാരുമളന്ന തൃ
ക്കാൽവെച്ചു തത്തിക്കളിക്കുവോനേ!

ഓടക്കുഴലൂതിശ്ശീലിച്ചപോരുമി
പ്പാടലപേലവച്ചുണ്ടിനാലേ
പ്പൌഢനാം ഫൽഗുനന്നൽക്കൃഷ്ണധർമ്മത്തിൻ
ഗൂഢമാം സത്തുപദേശിച്ചോനേ!

ബാലകരൂപനാം നിന്നുടെയത്ഭുത
ലീലകൾക്കുണ്ടോ പറഞ്ഞാലറ്റം!
നീലകളേബര! നിശ്ശേഷവിശ്വൈക
പാലക! പോററി! പണിഞ്ഞിടുന്നേൻ.

ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികൾകൊണ്ടു ലോകത്തിലൊട്ടാകെ ഒരു നെടുക്കം അനുഭവപ്പെട്ട കാലത്തെഴുതിയ 'ഉണ്ണാനില്ല ഉടുപ്പാനില്ല'* എന്ന കവിതയിലും വള്ളത്തോളിന്റെ പുതിയ കവനശൈലി പ്രത്യക്ഷപ്പെടുന്നുണ്ടു്. പരിതസ്ഥിതികളെക്കുറിച്ചുള്ള ബോധം കവിയുടെ ആശയഗതിയിൽ ഉളവാക്കിയ പ്രതികരണങ്ങൾ അതിൽ പ്രതിഫലിച്ചു കാണാം.

രണ്ടോണ്ടിടയ്ക്കിഗ്ഗിരിയിത്രമാത്രം
കുണ്ടാകിൽ മൺതിട്ടകളെന്തു പിന്നെ?
തണ്ടാരിലമ്മയ്ക്കു മുടപ്പുമൂന്നു
മുണ്ടാവുകില്ലത്ര നിറഞ്ഞു പഞ്ചം!

പോരിന്റെ പീരങ്കിവമിച്ചധൂമം
പൂരിച്ച യൂറോപ്പിലെ വാനിനേക്കാൾ
പാരിച്ചിരുട്ടാണ്ടിതു ഭാരതാഭ്രം
ദാരിദ്ര്യതപ്തശ്വസിതോൽഗമത്താൽ.

ജീവിതയാഥാർത്ഥ്യങ്ങളെ കവിതയ്ക്കു വിഷയമാക്കുന്നതിൽ

* സാഹിത്യമഞ്ജരി രണ്ടാം ഭാഗം.

ചില വൈഷമ്യങ്ങളുണ്ട്. അവയുടെ യഥാതഥമായ പ്രതിപാദനം വൈരസ്യജനകമായിത്തീരാനിടയുണ്ടെന്ന മനസ്സിലാക്കിക്കൊണ്ടുവേണം അവയെടുത്തു കൈകാര്യംചെയ്യുക. 'ഉണ്ണാനില്ല ഉടുപ്പാനില്ല' എന്ന കവിതയുടെ രചനയിൽ വള്ളത്തോൾ വളരെയധികം മനസ്സിരുത്തിയിരുന്നതായി അദ്ദേഹംതന്നെ സന്ദർഭവശാൽ പറയുകയുണ്ടായിട്ടുണ്ട്.

കേരളത്തെസ്സംബന്ധിക്കുന്ന കവിതകളാണ് അക്കാലത്തുണ്ടായ കവിതകളിൽ പലതും.

'ഭാരതപ്പുഴ'യെ* മലയാളത്തിലെ ദേവഗംഗയായിട്ടാണ് കവി കാണുന്നത്.

പരിചേറിയ കേരപാരിജാതം
മരിചൈലാദിക കല്പവല്ലിജാലം
അരിയോരഴകിങ്കലപ്സരസ്ത്രീ
പരിഷയ്ക്കൊത്ത പതിവ്രതാജനങ്ങൾ,

കുലശുദ്ധിതികഞ്ഞു ദഗ്രതേജോ
ബലമേന്തും ദ്വിജർ ദേവസന്നിഭന്മാർ—
പല്തീവകയാൻ വിണ്ണിനൊക്കും
മലയാളത്തിനിത ഭ്രഗംഗയത്രേ.

തിരുനാവാമണപ്പുറത്തു 'തരളായുധപാതതാള'ത്തോടുകൂടി നൃത്തംചെയ്തിരുന്ന വീരലക്ഷ്മിയെ കവി സ്മരിച്ചുകൊണ്ടിങ്ങിനെ കവിതയെ ഉപസംഹരിക്കുന്നു:—

ആ രംഗംസവ്മാഹ്ലാദിത മഹഹ ചിരാൽ
കാലമാം ജാലവിദ്യ
ക്കാരൻതൻ പിഞ്ഞരികോച്ചാലനമുലകിൽ വരു
ത്തില്ല എന്തെന്തു മാറ്റം?
നേരംപോക്കെത്രെകണ്ടു ഭവതിയിഹ പദം
തോറും എന്തൊക്കെ മേലിൽ
സൈരം കാണും! പുരാണപ്രഥിതനദി! നിളാ
ദേവി! നിത്യം നമസ്തേ!

'പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി'† വെട്ടത്തുരാജാവിന്റെ പേരുമായി ബന്ധപ്പെട്ട ഒരൈതിഹ്യത്തെ അവലംബിച്ചെഴുതിയ കവിതയാണ്. കൊച്ചിയിലെ ശക്തൻതമ്പുരാന്റെ വാഴ്ചക്കാലത്തുണ്ടായ ഒരു സംഭവത്തെ ആധാരമാക്കി കുറച്ചുകൊല്ലം മുമ്പെഴുതിയ 'ഒരൈതിഹ്യ'ത്തെ അപേക്ഷിച്ചു 'തീ

---

* സാഹിത്യമഞ്ജരി ഒന്നാം ഭാഗം.

†സാഹിത്യമഞ്ജരി. രണ്ടാം ഭാഗം.

ക്കൊള്ളി'ക്ക ഗണ്യമായ ഗുണാധിക്യമുണ്ട്. രണ്ടിനും കഥാ വിഷയകമായ ഒരു സാദൃശ്യമുണ്ടുതാനും. കവിയുടെ സ്വദേശ ത്തോടുള്ള അഭിമാനം കവിതയുടെ ആദ്യശ്ലോകങ്ങളിൽ തങ്ങി നില്ക്കുന്നതു ആക്കും അനുഭവവേദ്യമാണ്.

ചട്ടറ കക്കടകമാസി കുത്തവാവാ
ണൊട്ടല്ല രാത്രിയുടെ തീവ്രഭയങ്കരത്വം.
വെട്ടംപ്രദേശമിതു തന്നുടെ പേരുപാഴാം
മട്ടത്തു ക്രൂരിരുൾ'ലാണ്ടു കിടന്നിരുന്നു.

അനന്തര സംഭവങ്ങൾക്കു യോജിച്ച ഒരു പശ്ചാത്തലം ഈ വർണ്ണ നയിൽത്തന്നെ സൃഷ്ടിച്ചുകഴിഞ്ഞു. വെട്ടത്തരചന്റെ നിശാസ ഞ്ചാരത്തെക്കുറിച്ചുള്ള വർണ്ണന പഴയ രീതിയിലാണെങ്കിലും പുതുമക്കാക്കും അശേഷം അരോചകമായിത്തോന്നുകയില്ല.

സുക്ഷത്രിയാഭനവനാ വടിവാളിടത്തെ
ക്കക്ഷത്തിൽവെച്ചു കരതാമരസങ്ങളം ക്ലുപ്പി
ത്ര്യക്ഷന്റെ മങ്കയുടെ മുമ്പിൽ മുഹൃത്തനേര
മക്ഷയ്യ ഭക്തിയൊടു വീഴ്പ്പുമടക്കി നിന്നാൻ

എന്നിങ്ങിനെ തൊഴുകയ്യായി നില്ക്കുന്ന വീരപുരുഷന്റെ ചി ത്രം അനുവാചക ഹൃദയഭിത്തിയിൽനിന്നു മാഞ്ഞുപോവുക യില്ല. ശൃംഗാരവീരരസങ്ങളുടെ സമഞ്ജസസമ്മേളനമുണ്ടിക്ക വിതയിൽ. 'അന്തസ്സെഴും ധരണിദേവകുലേപിറന്നോ രന്ത ർജ്ജന'ത്തിന്റെ കാമുകസങ്കേതത്തിലേക്കുള്ള യാത്രയാണ് രാജാ വിന്റെ ദൃഷ്ടിയിൽ പെട്ടത്. ആളെ തിരിച്ചറിയുന്നതിന്റെ സമ്പ്രദായം വർണ്ണിച്ചതിൽ കവി അന്യാദൃശമായ മനോധർമ്മം പ്രദർശിപ്പിച്ചിട്ടുണ്ട്. ആദ്യം കണ്ടത്.

'മുന്നിൽക്കുറച്ചകലെയുണ്ടൊരു കൊള്ളിമെല്ലെ
മിന്നിച്ചൊരാനം സരഭസം നടകൊണ്ടിടുന്നു'

എന്നുമാത്രം പറയാവുന്ന രീതിയിലുള്ള കാഴ്ചയാണ്. പിന്നെ,

തിക്കൊത്തിട്ടും തിമിരമാ മുരകല്പതന്മേ
ലക്കൊള്ളി വീശൽ ചില പൊൻവര ചേർത്തിടുമ്പോൾ
തൽക്കൊച്ചുമെ വടിവൊരിത്തിരി കാങ്കയാലി
ച്ചൊല്ലുണ്ടുപാന്ഥനതൊരംഗനയെന്നുതോന്നീ.

എന്നിട്ടും ശരിയായ വിവരം കിട്ടിയില്ല. അപ്പോഴാണ്

''ആലോലമാം വിറകുകൊള്ളിയതിൻ വെളിച്ച
ത്താലോട്ടുകൈവളകളം മിന്നിയ തൽഭുജാന്തം
ആലോകപദ്ധതിയിലല്പമണഞ്ഞ''തും

ആ ലോകമാന്യൻ അറിയാതൊരു ഞെട്ടൽ ഞെട്ടിയതും!

അന്തസ്സെഴും ധരണിദേവകുലേ പിറന്നൊ
രന്തർജ്ജനം നിശി ബഹിർജ്ജനതുല്യമട്ടിൽ
പന്തംകൊളുത്തി നടകൊള്ളുകയോ തനിച്ചീ
തെന്തക്രമം, മിഴിചതിസ്സുകയല്ലി നമ്മെ!

കുടിലിന്റെ വാതിൽ തുറന്നപ്പോഴും അകത്തുനിന്നു എതിരേല്ക്കുവാൻ വന്ന കൈവിളക്കിന്റെ മങ്ങിയ വെളിച്ചത്തിലാണ് ആ സ്വരൂപം മുഴുവനും രാജാവിനു കാണുവാൻ കഴിഞ്ഞതു്.

പൂതോററ പാണിയിണകൊണ്ടു പുതപ്പെടുത്തു
കാൽതോൽത്തു മക്കമനിതൻ കമനീയരൂപം
ചേതോഭവന്റെ വിളയാട്ടമൊടാ വെളിച്ച
ത്തേതോ സുരാംഗനയുടേതു കണക്കു കാണായ്.

ചുറ്റിട്ട കാതിണ തുടും കവിളിൽപ്പതിഞ്ഞും
നെറ്റിസ്സു ചന്ദനവരക്കുറി ചെറു മാഞ്ഞും
തെറ്റിത്തെറിച്ച മിഴിതുള്ളിയുമാവെളിച്ചം
പറ്റിത്തിളങ്ങിയരുണാധരിതൻമുഖാബ്ജം.

കവിമനോധർമ്മത്തിന്റെ മൂഢ്യം കാണുന്നതു് കവിതയുടെ സമാപനത്തിലാണു്. എരികൊള്ളിയുമെടുത്തു ആരുമറിയാതെ തമ്പുരാൻ ആ സ്ഥലത്തുനിന്നു തിരോധാനംചെയ്യുന്നു. എന്നിട്ടു,

* * *

* * *

പിറേറന്നാഹം മുതലക്കരശ്ശി ജഡനാ
മാബ്രാഹ്മണീ ജാരനിൽ
ച്ചെറേററീലരചന്റെ കല്പനയവന്നെ
ന്നേസ്സു മാവാസമായ്.

ആജ്ഞാകരന്മാരുടെ പക്കൽ 'പൂവിന്നൊത്ത പുതുത്തുകിൽപ്പൊതിയിൽ വെച്ചെത്തിച്ചു' ആ തീകൊള്ളികൊണ്ടുതന്നെ അന്തർജ്ജനത്തെ കുടതല്പിപ്പുറത്താക്കുകയും ചെയ്യുന്നു: അരനൂറാണ്ടു മുമ്പത്തെ സമുദായസ്ഥിതികളെക്കുറിച്ചു ചിന്തിച്ചുകൊണ്ടുവേണം ഈ കവിത വായിക്കുവാൻ. എന്നാലേ അതിന്റെ സാരസ്യം മുഴുവനും മനസ്സിലാവുകയുള്ളൂ.

തിരുരിൽനിന്നു പലപ്പോഴും തോണിവഴിയായി പൊന്നാനിസ്സും ഗുരുവായൂക്കും മറ്റും യാത്രചെയ്തിരുന്ന വള്ളത്തോളിന്നു തിരുർ--പൊന്നാനിപ്പുഴയോടൊരു സവിശേഷസ്നേഹമുണ്ടാ

യതിലത്ഭുതമില്ല. സാഹിത്യമഞ്ജരിയുടെ മൂന്നാംഭാഗത്തിലെ 'തിരുർ പൊന്നാനിപ്പുഴ' എന്ന കവിത ആ പ്രത്യേക സ്നേഹത്തിന്റെ സന്തതിയാണ്. അതിന്റെ കിഴക്കേക്കരയിലുള്ള ഒരാലയത്തറയും പറമ്പും മലയാളഭാഷയുടെ സാഷ്ടാംഗ നമസ്കാരത്തിന്നവകാശപ്പെട്ടതാണ്—അതാണ് സാക്ഷാൽ 'തുഞ്ചൻ പറമ്പ്.'

ആ മുക്കുവപ്പാഴ്ക്കുടിലിങ്കൽനിന്നു
സഞ്ജാതമഞ്ചാംമറയെങ്ങുനിന്നോ
കരസ്ഥമായ് കൈരളിയാംകു പണ്ടു
ച്ചക്കാല വീട്ടിൻ തറയാണിതത്രേ.

നിരന്തരം തത്ത്വനിരൂപണങ്ങൾ
നടന്നതാമിഗ്ഗുരു മന്ദിരത്തിൽ
വെറും കളിപ്പൈങ്കിളിപോലുമെത്ര
വേദാന്തസിദ്ധാന്തമെടുത്തു പാടീ!

പണ്ടത്രെ കൂത്താടിയ വാണിമാതിൻ
പദാബ്ജലാക്ഷാ വളമേല്ക്കയാലോ
വിശുദ്ധമാകുന്നിവിടത്തെ മണ്ണു
വിദ്യക്കൃഷിയ്ക്കിന്നുമതീവമുഖ്യം.

അതെഴുതിയ കാലത്ത് (1917) തീബോട്ടുകാരും ആ പുഴയിൽ ഗതാഗതംചെയ്തു തുടങ്ങിയതിനെ സൂചിപ്പിക്കുന്നതാണീ രണ്ടു ശ്ലോകങ്ങളും:—

ക്ഷണേനമായും വലുതാം വഴിച്ചാ
ലൊന്നിസ്സരിത്തിൻനടുവിൽപ്പെടുത്തി
യന്ത്രങ്ങളാൽതൻ ഫുൽകൃതിയും മുഴക്കി
നവാഗ്നിപോതങ്ങളും ജവാൽഗ്രമിയ്ക്കേ,

കേവഞ്ചിയുന്നിസ്വഗൃഹം പുലർത്തും
തീരസ്ഥരാം വേട്ടുവർതൻ വധുക്കൾ
പകച്ചുനോക്കുന്ന കടാക്ഷശാസ്ത്രം
പ്പഠിപ്പുനേടാത്ത വിടന്ന കണ്ണാൽ.

കാളിദാസന്റെ 'ഭ്രൂവിലാസാനഭിജ്ഞ'കളെയാണ് ഇതിലെ വേട്ടുവസ്ത്രീകളും അനുസ്മരിപ്പിക്കുന്നത്. 'വെട്ടം നൃപന്മാരനിശംഭജിച്ചു' ഭദ്രകാളിയെയും ഇതിൽ കവി സ്മരിക്കുന്നുണ്ട്. സ്വദേശാഭിമാനത്തിന്റെ വിജൃംഭണം ഈ കവിതയിൽ ഉടനീളം കാണാം.

തുഞ്ചത്താചാര്യനെ സ്മരിക്കുന്ന വേറെ രണ്ടു കവിതകളും

കൂടി ഇതേ സമാഹാരത്തിലുണ്ട്. അതിലൊന്നാണ് 'ഒരു തോണിയാത്ര.'

'തിരിക്കയായ് സന്ധ്യ; വഴിക്കിടയ്ക്കു
വിരിച്ചു ഞാൻ കേറിയ തോണിതാനും
സ്മരിക്കുമോളങ്ങൾ മുറിച്ചുകൊണ്ടാ
സ്സരിത്തിലൂടേ ഗമനംതുടങ്ങീ'

ഓരോ മനോരാജ്യത്തിലാണ്ടുകൊണ്ട് കവി ഉറങ്ങാൻ ഭാവിക്കുകയായിരുന്നു. അപ്പോഴേക്കും, തോണിക്കാരിൽ ഒരാൾക്കും ഇത്തിരി രാമായണം വായിച്ചാൽക്കൊള്ളാമെന്നൊരു മോഹം തോന്നി. അതിന്നുവേണ്ടി അയാൾ മാന്യനായ യാത്രക്കാരന്റെ അനുമതി ചോദിച്ചപ്പോൾ, സ്വപ്നാവസ്ഥയിൽനിന്നുണർന്ന കവിയുടെ മനസ്സിൽ, കേരളത്തിലെ ജാതിസമ്പ്രദായം നാട്ടിലൊട്ടാകെ വരുത്തിവെച്ച വിനകളെപ്പറ്റിയുള്ള ചിന്തകൾ ഓരോന്നായി ട്ടിങ്ങിനെ പൊന്തിവന്നു:—

അനർത്ഥഗർത്തങ്ങളിലാണ്ടതന്നെ
കിടക്കണംപോലിവർ കീടതുല്യം;
വേദേതിഹാസാദി വിഭ്രുതിയെല്ലാം
മേൽജ്ജാതിതൻ പൈതൃകമാണുപോലും!

വാദ്ദേവിയെത്താനറിയാതെ തീണ്ടി
പ്പോയെന്നിവൻ മാപ്പിനിരന്നിടുന്നു.
ഭയാനകം ഹാ സ്മൃതി വാക്യഘോഷം—
ജാതിപ്പിശാചിൻ പ്രചുരാട്ടഹാസം!

സൌഭ്രാത്ര സസ്യത്തിനു ജന്മഭൂവീ
സ്സൽക്ഷേത്ര മേതോ കെടുനീരൊഴുക്കാൽ
പലേടവും പാഴ്മണൽ വന്നടിഞ്ഞി
ട്ടിതുയ്യോ നിമ്നോന്നതമായിയല്ലൊ.

ബ്രഹ്മർഷിമാർമുഖ്യനെ മുക്കുവത്തി
പെറേറാരു പുണ്യക്ഷിതി മണ്ഡലത്തിൽ
അഹോ മനുഷ്യന്നു മനുഷ്യനോട്ട
സാമീപ്യസമ്പർക്കമധർമ്മമായീ.

പ്രാസംഗികമായി തുഞ്ചത്താചാര്യനു കവി ഇങ്ങിനെയൊരഭിവാദനമർപ്പിക്കുകയും ചെയ്യുന്നു.

രാമാനുജപ്പൈങ്കിളിപാടിയോരു
രാമായണത്തിൻ മധുര പ്രവാഹാൽ

ആവെണ്ണിലാവഞ്ഞൊരു പാൽക്കുഴമ്പോ
ടാമേളനം ചെയ്തതുപോലെയായീ.

ചൊല്ലൊണ്ട തുഞ്ചൻഗുരുവിന്റെ കാവ്യ
രത്നത്തിൽ നിന്നേന്തിയ കാന്തിയാലേ
അപ്പൊട്ടമണ്ണെണ്ണ വിളക്കുവിദ്യൽ
പ്രദീപമായെന്നുമെനിക്കുതോന്നീ.

തൻചിത്രവണ്ണാംഗമരീചിയാൽ ക്ക
ണ്ണഞ്ചിപ്പൊരോമൽക്കിളിയേറെനേരം
കൊഞ്ചിക്കളിച്ചു കളനിസ്വനത്തോ
ടെഞ്ചിത്തവല്ലിച്ചെറു ചില്ലതോറും.

തുഞ്ചന്റെ പൈങ്കിളിമാത്രമല്ല, വള്ളത്തോളിന്റെ കവിതക്കിളിയും ആ ആനന്ദത്തിൽ നൃത്തം ചവിട്ടുന്നതായിത്തോന്നുന്നില്ലേ ഈ ഒടുവിലത്തെ ശ്ലോകം വായിക്കുമ്പോഴും?

'തുഞ്ചത്തെഴത്തച്ഛൻ' എന്ന കേകയെഴുതിയതും അതേ കാലത്തുതന്നെയാണ്. (1920)

ആലത്തൂർ ഗ്രാമം ഗുരുശ്രേഷ്ഠ! നിന്നവതാര
ത്താലതി പ്രശസ്തമായ്ച്ചമഞ്ഞിതെന്നെന്നെയ്യും
മെച്ചത്തിൽ ബ്രഹ്മപോനെയിപ്പദ സംസ്കാരം പഠി
പ്പിച്ചതാ ഗ്രാമംവാഴും മാത്താണ്ഡശിഷ്യൻ താനോ?

എന്ന വരികളിൽ ആലത്തൂർ ഗ്രാമത്തെപ്പറ്റിയും ആ ഗ്രാമപരദേവതയായ ശ്രീഹനുമാനെപ്പറ്റിയും കവിയ്ക്കുള്ള അഭിമാനവും ഭക്തിയും, എഴുത്തച്ഛനോടുള്ള ഭക്തിയോടൊന്നിച്ചു സ്മരിക്കുന്നുണ്ട്.

'പൈതലാം മലയാള ഭാഷതൻ ശരിയായ ജാതകം കുറിച്ചിട്ടത്' ദൈവജ്ഞനായ എഴുത്തച്ഛന്റെ തിരുനാരായമാണെന്നും അദ്ദേഹം താലോലിച്ച പൈങ്കിളിയുടെ പഞ്ചമസ്വരാലാപമാണ്

'ഇരുളിൽ മയങ്ങിയ ലോകത്തെയുണർത്തിയി
ട്ടരുണപ്രഭാവൈഭ്രം സുപ്രഭാതത്തെക്കാട്ടി''യതെന്നും

കവി ചൂണ്ടിക്കാണിക്കുന്നു.

* * *

ആയിടയ്ക്കാണ് വള്ളത്തോൾ പുരാണ തജ്ജമയിൽ കൈവെച്ചത്.

പതിനൊന്നാം അധ്യായം

പുരാണ തർജ്ജമ

പതിനെട്ട പുരാണങ്ങളും മലയാളത്തിലേക്ക തർജ്ജമചെയ്യണമെന്ന കുഞ്ഞിക്കുട്ടൻ തമ്പുരാന മോഹമുണ്ടായിരുന്ന. പക്ഷേ അവിടത്തേക്കതു നിറവേറുവാൻ അവസരം കിട്ടിയില്ല. വാല്മീകിരാമായണത്തിന്റെ തർജ്ജമവഴിയ്ക്ക വിവത്തനവൈദഗ്ധ്യം വെളിപ്പെടുത്തിയ വള്ളത്തോളിനെക്കൊണ്ട ആകൃത്യം നിവ്വഹിപ്പിക്കുവാൻ പുരാണപ്രിയരായ പല സഹൃദയന്മാക്കും ആഗ്രഹം ജനിച്ചു. ഇടപ്പള്ളി കുറുമ്പൂർ നാരായണൻനമ്പൂതിരിപ്പാടാണ് ആദ്യം ഇക്കാര്യത്തിൽ വള്ളത്തോളിനെ സമീപിച്ചത്. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച മാർക്കണ്ഡേയപുരാണം വള്ളത്തോൻ ഗദ്യരൂപത്തിൽ തർജ്ജമചെയ്തു. അപ്പോഴേക്ക കമലാലയാ പ്രസ്സടമസ്ഥൻ കൊളക്കുന്നത്ത് രാമൻമേനോൻ പുരാണ പരിഭാഷയ്ക്കുള്ള ഒരു പരിപാടിയുംകൊണ്ട വള്ളത്തോളിന്റെ സഹകരണം ആവശ്യപ്പെട്ട. വാമനം, പാദ്മം, മാത്സ്യം, ആഗ്നേയം എന്നീ പുരാണങ്ങളും തർജ്ജമചെയ്യുവാൻ അദ്ദേഹം വള്ളത്തോളിനെ ഏല്പിക്കുകയും അതു വള്ളത്തോൻ ഏറെറടുക്കുകയുംചെയ്തു. വളരെ ഔചിത്യബോധത്തോടുകൂടിയ ഒരേപ്പാടായിരുന്ന അത്. രണ്ട പ്രകാരത്തിൽ ആക്ഷണനം വള്ളത്തോളിന്ന സ്വീകാര്യമായിരുന്ന. ഒന്നാമത്, ബൃഹത്തായ പുരാണ പാരാവാരത്തിൽ ഇറങ്ങിച്ചെല്ലുവാനുള്ള സൌകര്യം കിട്ടിയതുകൊണ്ടുള്ള ചരിതാർത്ഥത; രണ്ടാമത് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ, തന്റെ അഭിരുചിയ്ക്കിണങ്ങിയവിധത്തിലൊരുപായം കൈവന്നതിലുള്ള മനസ്സമാധാനം. സാഹിത്യംകൊണ്ടുമാത്രം നിത്യവൃത്തി കഴിക്കുവാനുള്ള സാദ്ധ്യത അക്കാലത്തു് കേരളത്തിൽ ഇല്ലാതിരുന്നതുകൊണ്ടും മിക്ക സാഹിത്യകാരന്മാരും ഉപജീവനത്തിന്ന മറു തൊഴിലുകൂടെ ആശ്രയിക്കേണ്ടിവന്നവരായിരുന്നതുകൊണ്ടും വള്ളത്തോളിന്ന അങ്ങിനെയൊരു ധനാഗമമാർഗ്ഗം തുറന്നുകിട്ടിയതിൽ തീർച്ചയായും സന്തുഷ്ടിയ്ക്കവകാശമുണ്ടായിരുന്നു. ആ കാരണത്താലാണ് ഔദാര്യനിധിയായ രാമൻമേനോന്റെ സമയോചിതമായ സഹായം പ്രത്യേകം സ്വാഗതാർഹമായിത്തീർന്നത്.

പുരാണ തർജ്ജമയുടെ നിവ്വഹണത്തിൽനേരിട്ട ദുഷ്ടങ്ങളെ

പ്പറഞ്ഞി വാമന പുരാണത്തിന്റെ മുഖവുരയിൽ വള്ളത്തോൾ ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ട്. ''ചിലേടത്തു ഏതു നിഘണ്ടുവിലും അർത്ഥം കാണാത്ത പദങ്ങളും, ചിലേടത്തു അപൂർണ്ണങ്ങളായ വാക്യങ്ങളും, ചിലേടത്തു വിഷയത്തിന്റെ ഗംഭീരത, ഇത്യാദികളുംകൊണ്ടു പ്രകൃത്യാ ദുരവഗാഹങ്ങളാകുന്ന ഭാരതീയരുടെ അക്ഷയധനമായ അഷ്ടാദശ പുരാണങ്ങളും. അവ അച്ചടിച്ചിട്ടുള്ളതിലോ അക്ഷരത്തെറ്റുകളും അസംഖ്യം. സംശയം തീർപ്പാൻ ഒരു ടിപ്പണിപോലും ഇല്ലാതാനും. ഇതിൽനിന്നു വ്യത്യസ്തമല്ല ഈ തർജ്ജമയ്ക്ക് അവലംബമായ അച്ചടിപ്പുസ്തകം.''

വാമന പുരാണത്തിന്റെ തർജ്ജമ കഴിഞ്ഞു പദ്മപുരാണത്തിലേക്കു കടന്നപ്പോഴത്തെ അനുഭവം ''മേടരാവിരുളിൽ നിന്നു ആടിരാക്കുരിരുട്ടിലണഞ്ഞാലത്തെ അവസ്ഥാഭേദ'' മായിരുന്നുപോൽ! അച്ചടിപ്പുസ്തകത്തിലെ ലിപിഭ്രംശങ്ങൾക്കു പുറമെ ശ്ലോകങ്ങളും ശ്ലോകാർദ്ധങ്ങളും വിട്ടുപോകയാൽ സംഭവിച്ച അസാംഗത്യങ്ങളും തർജ്ജമയുടെ സുഗമതയ്ക്കൊരു വമ്പിച്ച പ്രതിബന്ധമായിത്തീർന്നു.

അത്രയധികം ഗഹനമായ സാഹിത്യകാന്താരത്തിൽ കേരളീയർക്കു കടന്നുചെല്ലുവാനൊരു കൈവിളക്കു സംഭാവനചെയ്ത വള്ളത്തോൾതർജ്ജമ ഒരു വലിയ സഹായംതന്നെ ആയിരുന്നു. വിഷയസ്വഭാവമനുസരിച്ചു തർജ്ജമയുടെ സമ്പ്രദായത്തിനുള്ള വൈചിത്ര്യം വരുത്തുവാൻ വള്ളത്തോൾ ശ്രദ്ധവെച്ചിരുന്നു. ഹൃദയംഗമങ്ങളായ വർണ്ണനകളെ തദനുരൂപമായ പദ്യത്തിലും നീരസമോ ശ്രമാവഹമോ ആയ ഭാഗങ്ങളെ സംക്ഷിപ്തമായ ഗദ്യത്തിലും ആണ് തർജ്ജമചെയ്തത്. രണ്ടിനും ഓരോ ഉദാഹരണം എടുത്തുകാണിയ്ക്കാം.

ഒരു ശരൽകാല വർണ്ണന:—

വങ്കരിമുകിലുകൾ വാനിനെ വിട്ടുകയായ്
കങ്കങ്ങൾ മരത്തേയും നദികൾ തടത്തേയും
നീരിത്താർ മണത്തേയും പക്ഷികൾ നീഡത്തേയും
വാരികാലുഷ്യത്തേയും തരുക്കൾ ശൃംഗത്തേയും.

അല്ലിത്താർ വിരിയുന്നു, തിങ്കളിൻകതിരുകളുല്ലസിയ്ക്കുന്നു തുലോം വല്ലികൾ പുഷ്പിയ്ക്കുന്നു.
ഉഴുതും ഗോവൃന്ദവുമുന്മേഷമടയുന്നു,
മുഴുകെപ്പരിതോഷം സത്തുക്കൾക്കുദിയ്ക്കുന്നു.

സരസ്സിൽ പദ്മങ്ങളും വാനിൽ നക്ഷത്രങ്ങളും
സലിലാശയങ്ങളിൽ ജലവും തെളിയുന്നു.
സന്മനസ്സിനെപ്പോലെ ദിങ്മുഖങ്ങളോടൊപ്പം
വെണ്മതേടുന്നു കുളിരമ്പിളി പ്രഭാപൂരം.

ദക്ഷയാഗത്തിനെന്തേ സതീദേവി പോകാഞ്ഞത്‌ എന്ന ഗൌത മപുത്രിയായ ജയ വന്ന ചോദിക്കുന്ന സന്ദർഭത്തിലുള്ളതാണ്‌ ഈ ഗദ്യം:—

''ആ അവസരത്തിൽ ഗൌതമപുത്രിയായ ജയ ദേവിയെ കാണ്മാനായി, അഴകൊത്ത കന്ദരങ്ങളുള്ള മന്ദരമഹാദ്രിയിൽ വന്നെത്തി. ജയ തനിയേ വന്നതു കണ്ടിട്ട്‌ സതി ചോദിച്ചു: 'എന്തേ വിജയയും ജയന്തിയും അപരാജിതയും പോരാഞ്ഞത്‌?' അവൾ മഹേശ്വരിയോട്ട മറുപടിപറഞ്ഞു: 'അവരെല്ലാം ക്ഷണ നപ്രകാരം അച്ഛനായ ഗൌതമനോട്ടം അമ്മയായ അഹല്യ യോട്ടം ഒരുമിച്ചു മുത്തച്ഛന്റെ യാഗത്തിന്ന പോയ്ക്കഴിഞ്ഞു. ഞാൻ ഇവിടത്തെ കാണ്മാൻ വന്നതാണ്‌. എനിയ്ക്കും അങ്ങോട്ട പോകണം. ഇവിടന്നും മഹേശ്വരനും എന്തേ അങ്ങോട്ട്‌ എഴു ന്നെള്ളാഞ്ഞത്‌? അച്ഛൻ ക്ഷണിച്ചിട്ടില്ലെന്നുണ്ടോ? അ തോ എഴുന്നെള്ളുന്നുവോ? ഋഷിമാരും ഋഷിപത്നിമാരും ദേവ കളും ഇളയമ്മമാരും സഭാര്യനായ ചന്ദ്രനുമൊക്കെ യാഗത്തിന്ന പോയ്ക്കഴിഞ്ഞു. പതിന്നാലുലോകത്തിലുള്ള ചരാചരദേഹി കളെ മുഴുവൻ യാഗത്തിന്ന ക്ഷണിച്ചിട്ടുണ്ട്‌. ഇവിടത്തെ ക്ഷ ണിച്ചിട്ടില്ലെന്നുവരുമോ?''

കവിഹൃദയം വ്യക്തമായി മനസ്സിലാക്കി സ്വന്തം ഭാഷ യിലേക്ക സംക്രമിപ്പിക്കുവാനുള്ള കഴിവിനെയാണല്ലൊ മേലു ദ്ധരിച്ച പദ്യത്തിന്റെയും ഗദ്യത്തിന്റെയും സരളത ദൃഷ്ടാന്ത പ്പെടുത്തുന്നത്‌. അതിനുമുമ്പു അധികവും പദ്യരചനയിൽമാത്രം ശ്രദ്ധിച്ചിരുന്ന വള്ളത്തോളിന്ന ഗദ്യത്തിലെഴുതുവാനും ധാരാളം വശമുണ്ടെന്ന അപ്പോഴാണ്‌ സാഹിത്യലോകം അറിഞ്ഞത്‌. ഗദ്യമാണ്‌ കവികളുടെ മാറ്റുരച്ചുനോക്കാനുള്ള നികഷമെങ്കിൽ ആ പരീക്ഷയിലും വള്ളത്തോൾ നിഷ്പ്രയാസം ജയംനേടി എന്നർത്ഥം.

പുരാണതജ്ജമയിൽ ഏർപ്പെട്ടതുകൊണ്ടു കവിതാവിഷയ ത്തിലും വള്ളത്തോളിന്ന ഗണ്യമായ പുരോഗതിനേടുവാൻ സാധിച്ചു. പ്രകൃതിരമണീയവും ശാന്തഗംഭീരവും സുകൃതി നിഷേവ്യവുമായ ആ വിജ്ഞാനഭാണ്ഡാഗാരത്തിന്റെ മഹാ രാജ്യത്തിൽ സഞ്ചരിക്കുവാൻ അവസരംകിട്ടുന്നവർക്കുണ്ടോ കാ വ്യലക്ഷ്മിയുമായി വിഹരിയ്ക്കുവാൻ വല്ല പ്രയാസവും? പുരാ ണങ്ങളുടെ രാമണീയകത്തിൽ കവി എത്രമാത്രം ആഗ്രഹനാ യിരുന്ന എന്നതിന്നുദാഹരണമാണ്‌ 1093 കർക്കടകത്തിൽ എഴു തിയ 'പുരാണങ്ങൾ'* എന്ന മനോഹരകവിത. ഭാരതസം സ്കാരത്തിന്റെ മഹിമാതിശയത്തെ എത്ര വാചാലതയോടെ

* സാഹിത്യമഞ്ജരി രണ്ടാം ഭാഗം

യാണ്‌ അതിൽ വള്ളത്തോൾ കീർത്തിച്ചിരിക്കുന്നത്‌! 'പാരി നുള്ളടിക്കല്ല പാർത്തുകണ്ടറിഞ്ഞ' പൂവ്രാമൃഷീന്ദ്രന്മാരുടെ വാസ സ്ഥലം

പൊട്ടപ്പുല്ലുകൊണ്ടും ശ്രുഷ്ടപത്രൌഘംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്‌ക്കുടിലുകൾ

ആയിരുന്നുവെങ്കിലും മഹാഘ്ടങ്ങളും മറെറങ്ങുമലഭ്യങ്ങളും ആയ മണിത്തങ്കങ്ങളെയാണവയിൽനിന്നു നമുക്കു കിട്ടിയത്‌.

'മങ്ങാതോത്തു മുഷിഞ്ഞിരുന്നുരുകഴി
ച്ചിഗ്ഗന്ധമില്ലാത്തൊരാ
ച്ചങ്ങാതിക്കിഴവൻ മുനിസ്സ്ഥ'

ഭുവനമോഹിനിയായ ഉർവ്വശിയുടെ രൂപം സൃഷ്ടിക്കുവാൻ എ ങ്ങിനെ കഴിഞ്ഞുവോ അങ്ങിനെയാണ്‌ യോഗൈകനിരതരും ഭോഗനിസ്പൃഹരുമായ ആ തത്വചിന്തകന്മാക്കു വാഗധീശ്വ രിയുടെ മഞ്ജുകൈത്തണ്ടിൽച്ചിന്നിമിന്നിയ വളകളുടെ ശിഞ്ജി തം പുരാണങ്ങളിലൂടെ നമ്മെ കേൾപ്പിക്കുവാൻ സാധിച്ചത്‌.

'അമ്മഹാശയന്മാരാം മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം നിർത്തി വിശ്രമിക്കുമ്പോൾ
നന്മയിൽക്കവിതയാം ദേവിയുമായിച്ചെയ്ത
നർമ്മസല്ലാപങ്ങൾ'

ആയിട്ടാണ്‌ കവി പുരാണങ്ങളെ കാണുന്നത്‌. ചുരുക്കിപ്പറ ഞ്ഞാൽ പുരാണങ്ങളുടെ അപാരമഹിമയനുഭവിച്ച കവിഹൃദയ ത്തിൽനിന്നു നിഗ്ഗമിച്ചൊഴുകിയ ഒരു കാവ്യനിർഝരിയാണ്‌ 'പുരാണങ്ങൾ' എന്ന ഖണ്ഡകവിത.

പുരാണപരിചയത്തിന്റെ ലാഞ്ഛനകൾ പതിഞ്ഞിട്ടുള്ള അനേകം കവിതകൾ അതിനുശേഷം വള്ളത്തോൾ എഴുതി. ആ കൂട്ടത്തിൽ 'മുറ്റത്തെ തുളസി'*യും 'കിളിക്കൊഞ്ച'†ലും പ്രത്യേകം എടുത്തുപറയത്തക്കവയാണ്‌.

സന്ധ്യയ്ക്കു മുറ്റത്തെ തുളസിത്തറയിൽ തിരി കൊളുത്തി വെക്കുന്നതും കാലും മുഖവും കഴുകി ഭസ്മക്കുറിയിട്ടു കുട്ടികൾ നാമംചൊല്ലുന്നതും കേരളീയഗൃഹങ്ങളിൽ പണ്ടേക്കു പണ്ടേ യുള്ള പതിവാണ്‌. സാവ്ത്രികമായ ആ ദൈനന്ദിനച്ചടങ്ങി ന്റെ പശ്ചാത്തലത്തിൽ ആലേഖനം ചെയ്ത ഒരു ചിത്രമാണ്‌ 'മുറ്റത്തെ തുളസി.'

---

* സാഹിത്യമഞ്ജരി മൂന്നാം ഭാഗം.

† നാലാം ഭാഗം.

അന്തിമയാകും സന്ധ്യ ഭാസ്കരകരംകൊണ്ടു
നിന്തിരുമെയ്യിൽപ്പുത്തൻ സിന്ദൂരമണിയിക്കേ
രാജരാജേന്ദ്രാദി ദിക്പാലന്മാർ മണിമൌലി
രാജിയാൽ നീരാജനംചെയ്ക നിൻതൃപ്പാദത്തിൽ

പാവപ്പെട്ട തന്റെ കുടുംബിനി കേവലം ചെറുവിരൽ പ്രായമായ ഒരന്തിത്തിരി കൊണ്ടുവന്നപ്പിക്കുന്ന കാഴ്ച കവിഹൃദയത്തിൽ തുളസീദേവിയെക്കുറിച്ചുള്ള പുരാണകഥയിലെ ആവേശജനകങ്ങളായ സംഭവങ്ങളുടെ സ്മരണയെ ഉദ്ദീപനംചെയ്യുന്നു. ഗോലോകവാസിനിയായിരുന്ന തുളസീദേവിയുടെ ശാപത്താൽ ധർമ്മധ്വജപുത്രിയായി ഭൂമിയിൽ ജനിക്കേണ്ടിവന്നു. ബ്രഹ്മാവിന്റെ പ്രസാദത്താൽ ശംഖചൂഡനെന്ന അസുരരാജാവിന്റെ ഭാര്യയായിത്തീരുന്നു തുളസീദേവി. 'തൻകരബലാജ്ജിതത്രിജഗത്സാമ്രാജ്യ'നായി ഇന്ദ്രപദവിയിലെത്തിച്ചേർന്ന ആ ദാനവേശ്വരനെ നിഗ്രഹിക്കുവാൻ ദേവകൾ ചെയ്ത ശ്രമമൊന്നും ഫലിക്കായ്കയാൽ അവർ മഹാവിഷ്ണുവിനെ അഭയംപ്രാപിയ്ക്കുന്നു. തുളസീദേവിയുടെ ചാരിത്രശക്തിയാണ് ശംഖചൂഡന്റെ രക്ഷാകവചമെന്ന മനസ്സിലാക്കിയ വിഷ്ണു ശംഖചൂഡന്റെ വേഷം ധരിച്ചു തുളസിയുടെ പാതിവ്രത്യത്തിന്നു ഭംഗംവരുത്തുകയും അതോടുകൂടി ശംഖചൂഡന്നു മരണവും തുളസിയ്ക്കു വൈധവ്യവും സംഭവിക്കുകയുംചെയ്യുന്നു. പക്ഷേ ആ വൈധവ്യംതന്നെ തുളസിയുടെ മോക്ഷത്തിനുള്ള വഴിയും തുറക്കുന്നു. ദേവിയുടെ ദേഹം ഗണ്ഡകീനദിയായി; തലമുടി തുളസിച്ചെടിയുമായി; ആ തുളസി വിഷ്ണുവിന്നു വളരെ പ്രിയമായും തീർന്നു. കഥ വിസ്മരിക്കാതെതന്നെ തുളസിയുടെ ചരിത്രംമുഴുവനും പ്രാസംഗികമായി കവിതയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നതാണ് അതിന്റെ ഒരു വിശേഷവിധി. പല മനോഹരഭാവനകളും അതിനെ ആലോചനാമൃതമാക്കിത്തീർക്കുന്നുണ്ട്. കവിയുടെ നിരീക്ഷണപാടവം അതിൽ ഉടനീളം പരിലസിക്കുന്നുമുണ്ട്—

കൈടഭാന്തകനുടെ കൌസ്തുഭരത്നപ്രഭാ
കൂടദീപിതമാകും പ്രൌഢമാറിടത്തിങ്കൽ
പൊന്നാരിൽ മാതോടൊപ്പം വിളങ്ങും ഭവതിയെ
ങ്ങത്യന്തം ലഘുവാമിക്കാണിയ്ക്കുയെങ്ങോ ഭദ്രേ!
എങ്കിലും ലജ്ജിക്കുന്നില്ലിജ്ജനം വഷ്കാലവങ്കരിങ്കാറിന്നൊരു നീരാവി നിവേദിപ്പാൻ.

അങ്ങയെ യഥാർഹമൊന്നച്ചിപ്പാനാരാളാകും?
ഞങ്ങളോപരാധീനർ, പട്ടിണിപ്പരിഷക്കാർ!

അന്നപാലൊഴുകിക്കൊണ്ടിരുന്ന രാജ്യത്തെങ്ങു
മിന്ന പാഞ്ഞൊലിപ്പതു കാഞ്ഞിരക്കായ് നീരല്ലോ!

തിരുമെയ്പിറന്നുന്നതെന്തയ്യോ! ഭവതിയെ
വെറുതെ ദുഃഖം ചൊല്ലിവേദനിപ്പിച്ചു ഞങ്ങൾ.
വീശുകെന്നന്തിക്കാറേറ! ഞങ്ങളെച്ചൊല്ലിത്താപ
മേശുന്ന ജനനിയെ നിൻ കുളിർവിശറിയാൽ.

ഇത്തിരിയാണെന്നാലും നമ്മൾ തന്നുപചാര
മുത്തമസ്നേഹാക്തമാണെന്നുകണ്ടിതാ ദേവി
ചഞ്ചൽപ്പൂങ്കതിരണിശ്ശിരസ്സായ് കൈക്കൊള്ളുന്നു:
മഞ്ചാടിയേയും പ്രേമം മാണിക്യമണിയാക്കും!

ഒരച്ഛന്റെ മക്കളായ ദേവാസുരന്മാരെ തമ്മിൽത്തല്ലിച്ചത് 'ജാതി'യുടെ കുസൃതിയാണെന്നു കവി ഉൽപ്രേക്ഷിക്കുന്നു. കേരള സമുദായത്തിൽ ഛിദ്രമുണ്ടാക്കിയ ജാതിസമ്പ്രദായത്തെ മനസ്സിൽവെച്ചുകൊണ്ടും അക്കാലത്തു നാട്ടിൽ ആരംഭിച്ചിരുന്ന ജാതിവിരുദ്ധപ്രസ്ഥാനത്തെ മുൻനിത്തിയും ആയിരുന്നു ഈ ചിന്താഗതി പൊന്തിവന്നത്. 'ബഹുകാലവൻതപസ്സുംസ്മാരത്താൽ ഉട്ടീപ്പതേജസ്സാ'യിത്തീർന്ന പുരുഷരത്നമായിരുന്ന ശംഖചൂഡൻ; എന്നിട്ടും അദ്ദേഹം അമർത്ത്യപ്പരിഷ്ക്കു ഹന്തവ്യനായി! അതിന്നുതക്കവണ്ണം എന്തൊരു കുറമാണദ്ദേഹം ചെയ്തത്? പെട്ടന്നു കവിക്കു ലോകരീതി ഓർമ്മവന്നു, പറയുകയാണ്,

അല്ലല്ല, മറന്നു ഞാൻ, തൻപിറപ്പസുരരി
ലല്ലയോ? ഗുണമെല്ലാമിതൊന്നിന്നിരയായ് പോയ്.
ത്രൈലോക്യപ്പെരുമാറ്റച്ചെങ്കോലൊരു ദൈത്യൻ കൈക്കൊ
ണ്ടാലുണ്ടോ സമചിത്തർ ദേവകൃം സഹിക്കുന്നു!

ആ 'സമചിത്തർ' എന്ന പ്രയോഗത്തിലെ പരിഹാസഗർഭിതസവിശേഷം ശ്രദ്ധാർഹമാണ്.

പുരാണകഥ വിസ്തരിക്കുന്നതിനിടയിൽ കവി ആ ചെറിയ അന്തിത്തിരിയുടെ കഥ മറക്കുന്നില്ല. നേരേമറിച്ചു, ആ കഥയിലൂടെതന്നെ കവിഭാവന തിരിയുടെ ഗതിയെക്കുറിച്ചുള്ള ചിന്തയിലേക്കു അനായാസേന നീങ്ങുന്നു. ശംഖചൂഡന്റെ ശരീരത്തിലെ അസ്ഥികൾ സമുദ്രത്തിലിട്ടതിനാൽ അവ ശംഖുകളായി രൂപാന്തരപ്പെട്ടു; അദ്ദേഹത്തിന്റെ ആത്മാവോ, തുളസീഭക്തിവൈഭവത്താൽ, 'മർത്ത്യലോകത്തിങ്കൽനിന്നുൽഗമിച്ചുൽകൃഷ്ടമാം നിത്യലോകത്തിൽ ചേർന്നു' നിർവൃതിയടഞ്ഞു. അതുപോലെ,

പുണ്യമാം നിൻ തൃക്കാല്ക്കലപ്പിച്ച ദീപമിതു
മെണ്ണയാം തന്നായുസ്സിന്നുതിയണഞ്ഞപ്പോഴം
കൃശവും മലിനവുമായ തൻദേഹം വല്ല
കൃമിയ്ക്കും തിന്നാനായിമന്നിങ്കൽ വെടിഞ്ഞിതാ
അമത്ത്യപദം കേറിത്താരകങ്ങളിലൊന്നായ്
ച്ചമഞ്ഞുമിന്നുന്ന നിന്നുപരിസ്ഥാനത്തു താൻ!

എന്നായി ആ തിരിയുടെ അവസ്ഥ.

മൂലകഥയ്ക്ക ചില ഭേദഗതികളം വരുത്തീട്ടുണ്ടെങ്കിലും പത്മ പുരാണത്തിൽനിന്നെടുത്ത ഒരിതിവൃത്തമാണ് 'കിളിക്കൊ ഞ്ച'*ലിന്റ അവലംബം. സീതയുടെ യൌവനദശയിൽ, കളിക്കുവാൻ എവിടുന്നോ രണ്ട തത്തകളെ പിടികിട്ടി. അ തിൽ ആണിനെ സീത വിട്ടയച്ച പെണ്ണിനെ ബന്ധനത്തിൽ പാപ്പിച്ച. നിർഭാഗ്യവശാൽ അതു അവിടെക്കിടന്ന മരിച്ച പോയപ്പോഴം ആൺതത്തയ്ക്ക സങ്കടം സഹിക്കുവാൻകഴിഞ്ഞി ല്ല. 'നിന്നെ ഞാൻ ഭർത്താവിൽനിന്ന വേർപെടുത്തും' എന്ന ശപഥംചെയ്തകൊണ്ട അതും മൃതിയടഞ്ഞു. ആ കീരദമ്പതിക ളാണ് പുനർജ്ജന്മത്തിൽ മണ്ണാനും മണ്ണാത്തിയുമായി സീതയെ ക്കുറിച്ച അപവാദം പറഞ്ഞുപരത്തി സീതയുടെ നിർവ്വാസന ത്തിന്റ കാരണഭൂതരായത്. ഇതാണ് പുരാണത്തിലെ കഥ. വള്ളത്തോളിന്റെ കവിതയിൽ വിശദാംശങ്ങളം അല്പം വ്യ ത്യാസപ്പെടുത്തിയിട്ടുണ്ട്. അതിലെ സീത 'അഞ്ചിതകേളി കളാടി വാഴന്ന' അഞ്ച വയസ്സായ ബാലികയാണ്. തന്റെ കളിക്കുന്നിന്റെ മുകളംത്തട്ടിൽനിന്ന കേളംക്കാനിടയായ കിളി പ്പാട്ട ആ കിളികളെ കയ്യിൽ കിട്ടാനുള്ള ആഗ്രഹത്തെ അവ ളിൽ അങ്കുരിപ്പിച്ച. വാനിൽ പറക്കുന്ന പക്ഷിയെയും മു റ്റത്തെ മരത്തിലെ പച്ചിലയാക്കുവാൻ കെല്പുള്ളതാണല്ലൊ കൊട്ടാരത്തിലെ കാംക്ഷിതങ്ങളം. ഭൃത്യന്മാർ എങ്ങിനെ യോ ആ തത്തകളെ പിടിച്ചുകൊണ്ടവന്ന രാജകുമാരിയ്ക്ക സ മ്മാനിച്ച. പ്രീതിപൂർവ്വം പല സ്വാഗതോക്തികളും കൊഞ്ചി പ്പറഞ്ഞു അവളം സൽക്കരിച്ചിട്ടും ആ ശുകദമ്പതികളംക്കൊട്ടും തൃപ്തിതോന്നിയില്ല. പരന്ന ആകാശത്തിൽ സ്വച്ഛന്ദം പറ ക്കുന്ന ആ പക്ഷികളംക്ക 'ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനംതന്നെ'യാണെന്നനുഭവപ്പെട്ട. ആദിമധ്യാ ന്താപേതമായും, ആനന്ദപ്പരപ്പായും സ്വാതന്ത്ര്യപ്പടപ്പായും സ്വാ ച്ഛന്ദ്യവിരിപ്പായും ചിരപരിചിതമായ ആകാശത്തെക്കു റിച്ചാണ് അവരെല്ലാസമയത്തും ഓർത്തിരുന്നത്. ഏതായാ ലും സീതയുടെ ധാത്രി അവരെക്കൊണ്ട രാമായണകഥ പാ

* സാഹിത്യമഞ്ജരി—നാലാം ഭാഗം.

ടിച്ചു. പാട്ടിലെ ചില ഭാഗങ്ങൾ തന്നെസ്സംബന്ധിച്ചാണെന്നു സീതയ്ക്കു മനസ്സിലായപ്പോൾ, ആ വിവരം അമ്മയെ അറിയിക്കുവാൻ കൊച്ചമകൾക്കു തിടുക്കമായി. കുട്ടികളുടെ മാനസികപ്രവർത്തനം നല്ലപോലെ അറിയുന്ന കവി പറയുകയാണ്—

അമ്മയ്ക്കു ലാളനമേളം വളർത്താനി
ന്നമ്മകളക്ഷമയായിരുന്നു.
ആരാമവൃത്തം കഥിക്കുവാനുണ്ടവൾ
ക്കാരോമലാളതിന്നാരംഭിച്ചു:
'അത്തത്തയെന്തസത്താണമ്മേ! രാമൻ
വന്നമ്മതൻ കുഞ്ഞിനെ വേൾക്കുമത്രേ.

ഞാനതു സമ്മതി—'

വാക്യം മുഴുപ്പിക്കുവാൻ കവിയും സമ്മതിക്കുകയില്ല! അതങ്ങിനെതന്നെയാണല്ലൊ വേണ്ടതും. ഏതായാലും അമ്മയ്ക്കൊന്നും മനസ്സിലായില്ല. ഏതാണാത്തത്ത? എവിടുന്നു വന്നു? ജാനകി അതിനെ എവിടുന്നാണ് കണ്ടത്? ഇതൊന്നും രാജ്ഞിയ്ക്കറിഞ്ഞുകൂടായിരുന്നു. 'ജാനകി ചൊല്വതെന്തംബാലികേ?' എന്നു ധാത്രിയോടു ചോദിച്ചപ്പോൾ,

അദ്ധാത്രിചൊല്ലിനാൾ ''വാല്മീകി തന്നുടെ
സിദ്ധാശ്രമത്തിങ്കൽ നിന്നിവിടെ
രണ്ടുനൽത്തത്തകൾ വന്നുമലക്കാവിൽ,
ഉണ്ടവയ്ക്കുത്രയും വാക്ചാതുര്യം.''

കുട്ടിയ്ക്കു ക്ഷമകെടായി. 'നമ്മെപ്പോലാണവ ഞായം പറവത്' എന്നു ഇടയ്ക്കു കയറിപ്പറഞ്ഞപ്പോൾ 'ഓമനേ, ധാത്രി കഥിയ്ക്കട്ടെ, നില്ല്' എന്നു രാജ്ഞിയ്ക്കു തടയേണ്ടിവന്നു. ധാത്രി തുടർന്നു:—

ഭാവികണ്ടമ്മുനി തീർത്ത രാമായണ
മാവിഹഗേന്ദ്രക്കു കേട്ടറിയാം.
പ്രൌഢിമത്താമതിൽ നിന്നൊട്ട പദ്യങ്ങൾ
പാടിനാർ സീതയ്ക്കു കേൾപ്പാനവർ.

ശ്രീമദ്ദശരഥ രാജതനൂജനാം
രാമൻ നിസർഗ്ഗാഭിരാമരൂപൻ
ജാനകിക്കുട്ടിയെ വേൾക്കുമെന്നോർത്തുന്നു
ജ്ഞാനവാൻ വാല്മീകി, ഭാഗ്യം ഭാഗ്യം!

ഉൽകൃഷ്ടനായ ഒരു ജാമാതാവിനെ കിട്ടാൻ ഇടയുണ്ടെന്നറി

ഞ്ഞപ്പോൾ രാജ്ഞിയ്ക്കു പരമാനന്ദം തോന്നി. പക്ഷേ 'എ
ന്തിനീ വാല്മീകി രാമനെക്കൊണ്ടെന്നെ വേറെപ്പിക്കുന്നു' എന്നു
സീതയ്ക്കുറിഞ്ഞേകഴിയൂ. പെൺകുട്ടികൾക്ക് അങ്ങിനെയൊരു
കുമ്മുണ്ടെന്നു അമ്മ പറഞ്ഞുവെങ്കിലും

കന്യക തീർമാനംചെയ്തു 'മറ്റാരും വേ
ണ്ടെന്നെയെന്നമ്മതാൻ വേട്ടാൽ മതി'

എന്നു. എല്ലാവരും അതു കേട്ടു പൊട്ടിച്ചിരിച്ചുപോയി. കുട്ടി
അമ്മയുടെ കഴുത്തു കെട്ടിപ്പിടിക്കുകയുംചെയ്തു. ഇതാണ് കഥ.
ഈ ഒടുവിലത്തെ കെട്ടിപ്പിടിക്കലിൽ സീതയുടെ ജീവിത
ത്തിലെ അന്ത്യഘട്ടത്തിന്റെ സൂചനയുണ്ടെന്നു കുട്ടിക്കൃഷ്ണമാ
രാർ വിചാരിക്കുന്നു; ശരിയായിരിക്കാം; അല്ലാതെതന്നെ ആ
കെട്ടിപ്പിടിയ്ക്കലിനു സന്ദർഭോചിതമായ ഒരു സ്വാഭാവികത
യുണ്ടു്.

ജനകരാജധാനിയുടെയും ഉദ്യാനത്തിൽ കളിച്ചുകൊണ്ടി
രുന്ന കൊച്ചുകുമാരിയുടെയും വർണ്ണനകൾ അതിവിദഗ്ധമായി
ട്ടാണ് വള്ളത്തോൾ നിർവ്വഹിച്ചിട്ടുള്ളതു്. മൈത്രേയി ചൊ
ല്ലിക്കൊടുത്ത വേദാന്തസൂത്രത്തെ ചിന്തിച്ചുകൊണ്ടുള്ള രാജ്ഞി
യുടെ ഇരിപ്പും ആ മനസ്വിനിയെ വലയംചെയ്തിരുന്ന സാ
ത്വികശാന്തിയും വാല്മീകി ശബ്ദത്തിൽ താമരമൊട്ടായി
ത്തീരുന്ന പാണിയുഗ്മവും വർണ്ണിച്ചുകേൾക്കുമ്പോൾ നമ്മുടെ
കൈകളും അറിയാതെ കൂമ്പിപ്പോകുന്നു. 'വാനമേ ഗഗനമേ'
എന്നു തുടങ്ങുന്ന ആ കിളിപ്പാട്ടു സന്ദർഭത്തിനൊത്തവിധം
പ്രഗല്ഭവും സുന്ദരവുമാണ്. 'കിളിക്കൊഞ്ച'ലിനു സഹൃദയ
ലോകം നല്കിയിട്ടുള്ള അംഗീകാരം തികച്ചും അതർഹിക്കുന്നുണ്ടു്.

പുരാണപഠനം വള്ളത്തോളിന്റെ കാവ്യജീവിതത്തിൽ
ചെലുത്തിയ സ്വാധീനശക്തിയെ ഉദാഹരിക്കുവാൻവേണ്ടിയാ
ണ് മേല്പറഞ്ഞ രണ്ടു കൃതികളെപ്പറ്റി, പ്രക്രമഭംഗം വകവെ
യ്ക്കാതെ, ഇവിടെ പ്രസ്താവിച്ചതു്. 1097 കന്നി—തുലാം
(1921) ആണ് അവയുടെ നിർമ്മാണ കാലം 1093 കർക്കടക
ത്തിൽ (1918) എഴുതിയ മറെറാരു കാവ്യത്തെപ്പറ്റിയാണിനി
പറയാനുള്ളതു്.

അഞ്ചു കൊല്ലം മുമ്പെഴുതിയ 'ഗണപതി'യുടെ പശ്ചാത്ത
ലംതന്നെയാണ് 'ശിഷ്യനും മകനും' എന്ന കാവ്യത്തിനേറ്റതും.
എങ്കിലും പ്രതിപാദനത്തിന്റെ പ്രൌഢതകൊണ്ടും ഓജസ്സു
കൊണ്ടും 'ശിഷ്യനും മകനും' 'ഗണപതി'യെക്കാൾ ഒരു പടി
മേലെയാണ്. കൈലാസത്തിലെ ഗൃഹാന്തരീക്ഷത്തിൽ സംഭ
വിച്ച ഒരു കോളിളക്കമാണ് രണ്ടിലെയും വിഷയം. പരമേ
ശ്വരനെ കുറച്ചൊന്നു കളിയാക്കിക്കൊണ്ടായിരുന്നു 'ഗണപതി'

യിൽ കവിയുടെ നമ്മബോധം പ്രവത്തിച്ചുത്. 'ശിഷ്യനും മകനും' അക്കാര്യത്തിൽ കുറച്ചുകൂടി നിയന്ത്രണം ദീക്ഷിച്ചിട്ടുണ്ട്. അന്നത്തെ പാവ്തീപരമേശ്വരന്മാർ വിവാഹംകഴിഞ്ഞ ഉടനെയുള്ള 'മധു ചന്ദ്രിക'യിൽ മുഴുകിക്കഴിയുകയായിരുന്നു. ഇന്നു അവർ രണ്ടു മുതിന്ന പുത്രന്മാരുടെ അമ്മയച്ഛന്മാരായിക്കഴിഞ്ഞിരിക്കുന്നു. ആ ഒരു സംഗതി മതിയല്ലൊ കവിതയുടെ പ്രഗല്ഭതയ്ക്കു ശക്തികൂട്ടുവാൻ. പുത്രവാത്സല്യപ്രേരിതയായ പാവ്തിയുടെ ചപലതയെയാണ് ഇതിൽ കവി ശരവ്യമാക്കിയിട്ടുള്ളത്. ഭഗവാന്റെ വിശിഷ്ടശിഷ്യനായ ഭാഗ്ഗവരാമൻ ഗുരുദർശനതൽപരനായി ഒരു ദിവസം അപരാഹ്നത്തിൽ കൈലാസത്തിലെത്തി. അവിടത്തെ മണിഗോപുരവും കടന്നു, നന്ദികേശ്വരപ്രഭൃതികളുടെ അഭിവാദ്യം കൈക്കൊണ്ടു ആ മുനീന്ദ്രൻ,

'വെയ്ലാന്നിടാത്തവടമൂലതലേ വിളങ്ങും
ശൈലാത്മജാരമണ കേളിഗൃഹത്തിലെത്തി'യപ്പോൾ

അവിടെ പുറന്തിണ്ണയിൽ വലത്തും ഇടത്തുമായി ഗണപതിയും സുബ്രഹ്മണ്യനും കാവലിരിക്കുന്നതുകണ്ടു. അവരെയും അഭിവാദ്യംചെയ്തു അദ്ദേഹം അകത്തേക്കു കടക്കാൻ മുമ്പോട്ടു നടന്നു. അച്ഛൻ അന്തഃപുരത്തിൽ അല്പം വിശ്രമിയ്ക്കുകയാണ്, അതുകൊണ്ടു കുറച്ചു നിൽക്കൂ എന്നു ഭംഗയിൽ പറഞ്ഞു ഗണപതി പരശുരാമനെ തടഞ്ഞുനിത്തിയതു അദ്ദേഹത്തിനു രസിച്ചില്ല. 'ലീലാരസത്തിനിടയില്പുനാ, വിളംബമേലാതുണത്തുവതിനുണ്ടൊരു കാര്യം' എന്നു പറഞ്ഞുകൊണ്ടു ഗണപതിയുടെ പിടിത്തംവിടുത്തി വീണ്ടും ഭാഗ്ഗവൻ മുമ്പോട്ടു കാൽവെയ്ക്കാൻ ഭാവിച്ചപ്പോൾ

'ഏകാന്ത സീമ്നിമരുവും ഗുരുതന്നടുക്കൽ
പോകാവതോ സഹജ! സമ്മതി കിട്ടിടാതെ?
വൈകാതെയച്ഛനിവിടെയ്ക്കെഴുനള്ളും'

എന്നു നയത്തോടുകൂടി കാത്തികേയൻ ധരിപ്പിച്ചു കൈപിടിച്ചു നിത്തി. എന്നിട്ടും നില്ക്കാനല്ല ഭാവമെന്നു കണ്ടപ്പോൾ ഗണപതി, നീണ്ടതുമ്പിക്കരംകൊണ്ടു ഋഷിയെ തടഞ്ഞുനിത്തി. ശിഷ്യനു ഗുരുനാഥനെ കാണാൻ സ്ഥലവും സമയവും നോക്കേണ്ടതില്ലെന്നും വേണ്ടാത്ത തൊഴിലിന്നു നില്ക്കേണ്ടെന്നും മുറുത്തു പറഞ്ഞു പരശുരാമൻ പിന്നെയും നടന്നു. ഒടുവിൽ ഗണപതിയും ഭാഗ്ഗവനും തമ്മിൽ വാക്കേറ്റംമുഴുത്തു കയ്യേറ്റത്തിലെത്തി. അവരെ സമാധാനിപ്പിക്കുവാൻ സുബ്രഹ്മണ്യൻചെയ്ത ശ്രമമൊന്നും ഫലിച്ചില്ല. ഗണപതി ആ ഗവ്വിഷ്ടനെ കാല്ക്കു

പിടിച്ചെടുത്തു ആകാശത്തിൽ നല്ല കണക്കിനു ചുഴറ്റി താഴത്തുനിത്തി.

ഉല്ലാസിതഭ്രൂകുടിയായ് ഭൂഭൃമുഖ്യനെന്തെ
ന്നില്ലാത്തൊരിപ്രഥമമായ പരാഭവത്താൽ.
വല്ലായ്മ ദേവകരം പെടുത്തുവതും ക്ഷമിപ്പൊ
ന്നല്ലായിരുന്നു ഹഹ! ഭാരതപൂർവരക്തം.

ക്രോധാവേശത്തിന്നധീനനായ പരശുരാമൻ ഗുരുദത്തമായ മഴുകൊണ്ട് ഗജമുഖന്റെ ഇടത്തുകൊമ്പു വെട്ടിവീഴ്ത്തി. ബ്രഹ്മാണ്ഡമൊട്ടുക്കും ഞെട്ടിക്കുന്ന ആ സംഭവമറിഞ്ഞു അച്ഛനമ്മമാർ ഉടനെ അങ്ങോട്ടെഴുനെള്ളി.

കൊമ്പൊന്നുപോയ്ച്ചോരയിലാണ്ട നില്പും
ഗജാസ്യനെക്കണ്ടതി സംഭ്രമത്താൽ
'എന്തെന്തിതെന്നീശ്വര പത്നി പാഞ്ഞു
ചെന്നങ്ങെടുത്തങ്കതലത്തിൽവെച്ചു.

തൃക്കാല്പൽ വീണ്നീടിനശിഷ്യനേയും
കൃത്താംഗനാസ്തന്യം തനൂജനേയും
കാരുണ്യവാത്സല്യ കഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ.

ആത്മക്കാരുമായ്ഗ്ഗൌരി പരിക്കുപെട്ട
പുത്രന്നുവേണ്ടും പരിചര്യചെയ്യേ
അഭിജ്ഞനാം ഷണ്മുഖനച്ഛനമ്മ
മാരെഗ്രഹിപ്പിച്ചു നടന്നതെല്ലാം.

കാര്യം മനസ്സിലായപ്പോഴ്,

ഉടൻ മഹാദേവിയിടത്തു കയ്യാ
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരുനോക്കു നോക്കി
പ്പാശ്വസ്ഥനാകും പതിയോടരച്ചു

ആ വാക്കുകളെന്തായിരിക്കുമെന്നു ദേവിയുടെ നിലപാടു ചിത്രീകരിക്കുന്ന കവിവാക്യത്തിൽനിന്നുതന്നെ ആർക്കും ഊഹിക്കാൻ പ്രയാസമില്ല. അതു നാടകീയമായിട്ടുണ്ട് ആ വർണ്ണന.

സുതാംഗഭംഗാർദ്ദിതയായ ദേവി പറഞ്ഞതിന്റെ ഒരംശം മാത്രമേ കവി രേഖപ്പെടുത്തുന്നുള്ളൂ. 'എന്തൊക്കെയോ ഹന്ത കഥിച്ചു വീണ്ടും' എന്നുമാത്രം പറഞ്ഞു ആ ഭാഗത്തിന്നു കവി വിരാമമിടുന്നു. എന്നിട്ടു പറയുകയാണ് 'ഭർത്താവതിന്നുത്തരമൊന്നു മോതീല' എന്നു! അവിടുന്നെന്തു പറയാനാണ്?

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം
സുതാംഗ വൈകല്യമൊരുഗ്രശല്യം.
സർവ്വജ്ഞനെന്നാലുമിതിങ്കൽ ഞായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ.

ഇടയ്ക്കൊന്നു പറഞ്ഞുകൊള്ളട്ടെ. നാലു ഖണ്ഡങ്ങളുള്ള ഈ കാവ്യത്തിൽ മൂന്നു ഖണ്ഡങ്ങളിലും കവി ദ്വിതീയാക്ഷരപ്രാസം ദീക്ഷിച്ചിട്ടുണ്ട്. ഒന്നിൽമാത്രം പ്രാസമില്ല. വ്യാകുലാവസ്ഥയെ വർണ്ണിയ്ക്കുന്ന സന്ദർഭങ്ങളിൽ പ്രാസദീക്ഷ അനുചിതമാണെന്നു മനസ്സിലാക്കിക്കൊണ്ടുള്ള ഈ വ്യതിയാനം തികച്ചും സമഞ്ജസമായിരിക്കുന്നു.

ആ സംഘർഷാവസ്ഥ അധികനേരം തുടരേണ്ടിവന്നില്ല:

നിമേഷമഞ്ചാറിനിടയ്ക്കുമംഗള
പ്രമേയമാരംഗമതാ മറഞ്ഞുപോയ്!
ക്രമേണ സംഗീതമരന്ദ സാന്ദ്രമാ
യുമേശശൈലോപരി വായുമണ്ഡലം

എന്നു കേൾക്കുമ്പോൾ നമുക്കും ഒരാശ്വാസം തോന്നുന്നു. 'സുതവ്യഥാവിമോഹമറിയിക്കുകപോലും' പെട്ടന്ന് പ്രമോദരോമാഞ്ചിതയായതത്രെ. കുറേമല്ല

നമോനമസ്തേ ശ്രുതിമാത്രവേദ്യമാ
മമോഘസംഗീതകലാനു ഭാവമേ!

എന്നു കവി പാടിപ്പോയത്. ഗോലോകനികേതനത്തിലെ ഗൃഹസ്ഥരായ രാധാകൃഷ്ണന്മാർ പുരാണ ദമ്പതികളായ ഗൌരീപരമേശ്വരന്മാരുടെ നടക്കൽ വന്നിറങ്ങിയപ്പോൾ

അലോലതേജോമയനഷ്ടമൂർത്തിയും
തുലോമണഞ്ഞൂ ദിനദീപരീതിയെ.

പാർവ്വതിയുടെ ഭാവത്തിൽനിന്നു തീരേ വ്യത്യസ്തമായ ഭാവമാണ് രാധാദേവി അവിടെ പ്രദർശിപ്പിച്ചതു്.

ത്രിവിക്രമപ്രേയസിയേക ദന്തനെ
സ്സവിത്രിപോലത്രയുമോമനിച്ചുടൻ
പവിത്രപാണിത്തളിർകൊണ്ടവന്റെറയ
ക്കവിൾത്തടം തൊട്ടതലോടി മെല്ലവേ.

ഗണപതിയുടെ ഗണ്ഡക്ഷതവും പാർവ്വതിയുടെ ഹൃദയക്ഷതവും അതോടെ ഉണങ്ങി. ഗണേശനെ മടിയിലിരുത്തി, ഗോകുലരാജ്ഞി ശിവപത്നിയോടു് ഇങ്ങിനെ ഗുണദോഷിച്ചു:—

പരസ്പരം കൂട്ടികൾ കാട്ടുകാട്ടിയാ
ലൊരമ്മ യിത്രസ്സരിശപ്പെടാവതോ
ഹരങ്കലാര്യേ! ഭൃഗുസൂനു ശിഷ്യനാ
യൊരന്നുതൊട്ടുണ്ണികൾ മൂവരായ്തവ.

നിനസ്സുണം പുത്രരിൽ മീതെയായിയും
കനത്ത വാത്സല്യമൊടിക്കുലീനനെ
നിനക്കു ഗർഭപ്രസവാദി പീഡയാൽ
മനംകലങ്ങാതെ ലഭിച്ച കുഞ്ഞിവൻ.

നയകോവിദനായ ശ്രീകൃഷ്ണന്റെ അനുനയശ്രമം ഇപ്രകാരമായിരുന്നു:—

പ്രതിവിധി നിയതിസ്സൃഷ്ടമുള്ള? വേദേതിഹാസ
സ്മൃതിവിഹിതമിഭാസ്യന്നേകദന്തത്വമത്രേ.
അതിപടുമതിയാമീ നമ്മളംതൻ ജ്യോത്സ്യനുണ്ണി
സ്സ്ഥിതിനുടെ വഴിപണ്ടേ ദുഷ്ടിയിൽപ്പെട്ടിരിയ്ക്കും.

ഗുരുവിനയത്തോടുകൂടി അരികത്തു നിന്നിരുന്ന ഗുഹനെ ഹരി തിരുമാറിൽ ചേർത്തുതഴുകി. ഭർത്താവിന്റെ അഭിപ്രായഗർഭമായ നോക്കുകണ്ടു ലജ്ജിച്ചു തലതാഴ്ത്തിയ രുദ്രാണി കാല്മൽ പ്രണമിച്ച പരശുരാമനെ പ്രേമപുരസ്സരം മടിയിൽ പിടിച്ചിരുത്തി. സ്വബുദ്ധീരസ്വാന്തനായ ആ വിശൈകയോദ്ധാവു ഒരു ചെറു ശിശുപോലെ അംബികയുടെ അങ്കതലത്തിൽ വിളങ്ങി.

വള്ളത്തോൾക്കവിതയ്ക്കൊരു മകുടാലങ്കാരമാണ് ഹൃദയസ്പർശിയായ ഈ ചെറുകാവ്യമെന്നു പലർക്കും തോന്നിയിട്ടുണ്ട്. പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരിയുടെ അപേക്ഷപ്രകാരം അദ്ദേഹത്തിന്റെ 'ആര്യകേസരി' മാസികയിലാണ് ഇതാദ്യം പ്രസിദ്ധപ്പെടുത്തിയത്.

1094 മേടത്തിൽ വള്ളത്തോൾ ഒരാട്ടക്കഥയെഴുതി—ഔഷധാഹരണം. അതിലെ രാവണനു ആടുവാൻവേണ്ടി എഴുതിയ 'രാവണന്റെ അന്തഃപുരഗമനം' എന്ന കവിത മാത്രമാണ് ആ ആട്ടക്കഥയുടെ പേരു നിലനിൽക്കുന്നതെന്നു പറഞ്ഞാൽ തെറ്റില്ല. ഇതിനെപ്പറ്റി അന്യത്ര പ്രസ്താവിയ്ക്കാം.

വള്ളത്തോൾ തർജ്ജമചെയ്ത പുരാണങ്ങളുടെ കൂട്ടത്തിൽ മാർക്കണ്ഡേയ പുരാണം ഉൾപ്പെട്ടിരുന്നില്ല. ആ പുരാണത്തിലുള്ളതാണെന്നു വിശ്വസിക്കപ്പെടുന്നതും, എന്നാൽ അച്ചടിച്ചിട്ടുള്ള മാർക്കണ്ഡേയ പുരാണ പുസ്തകങ്ങളിലൊന്നും കാണാത്തതുമായ ഭദ്രകാളിയുടെ അവതാരകഥയടങ്ങിയ ഒരു പഴയ താളിയോലഗ്രന്ഥം യദൃച്ഛയാ ആ കാലത്തു വള്ളത്തോളിന്റെ കയ്യിൽ

എത്തിച്ചേർന്നു. പാഠവും ചിതലും സ്വാദുനോക്കിത്തുടങ്ങിയിരുന്ന ആ ഗ്രന്ഥത്തിലെ കവിത രസസ്ഫൂർത്തികൊണ്ടും രചനാസൌഷ്ഠവംകൊണ്ടും കവിയെ ആകഷ്ടിച്ചതിന്റെ ഫലമായി അതൊന്നു തർജ്ജമചെയ്യുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി. സ്വതേ സ്വതന്ത്ര തർജ്ജമയുടെ വിരോധിയാണെങ്കിലും 'ഭദ്രാവതാരം' പാനയുടെ കാര്യത്തിൽ താൻ സ്വല്പം സ്വാതന്ത്ര്യം അവലംബിച്ചിട്ടുണ്ടെന്നു വള്ളത്തോൾ സമ്മതിക്കുന്നുണ്ട്. ദേവീഭക്തനായ കവിസ്സു വളരെക്കാലം മുമ്പേ ഉള്ളതായിരുന്നു ''ദേവീപരമാക്കു നിത്യപാരായണത്തിന്നുതകുന്ന ഒരിതിഹാസത്തെ ഭക്തിസ്മരണത്തിന്നു അധികം സഹായിക്കുന്ന പാനപ്പാട്ടിൽ പകർത്തു''വാനുള്ള അഭിലാഷം. അതാണ് 'ഭദ്രാവതാരം'കൊണ്ടു നിറവേറിയത്.

ഒമ്പതധ്യായത്തിലെഴുതിയ ഈ പാന വളരെ സാരള്യമുള്ള ഒരു കൃതിയാണ്. വള്ളത്തോളിന്റെ കവിതയിൽ കാണാറുള്ള പ്രസാദാദി ഗുണങ്ങൾ അതിലും നല്ലപോലെ തെളിഞ്ഞു വിലസുന്നുണ്ട്.

തെല്ലുനേരത്തിനുള്ളിലക്കുഞ്ജര
മല്ലന്മാരുടെ കാൽച്ചുവിട്ടേല്ക്കയാൽ
പുറശേഷമുടഞ്ഞു തകർന്നുപോയ്,
തെറന്നായതിൽ നിന്നൊരു പൂരുഷൻ
വൻകരിമ്പനപോലെ പുറപ്പെട്ടാൻ
ചെങ്കനൽനിര ചിന്തുന്ന കണ്ണുമായ്.
ഏറമീറ പൂണ്ടാപ്പ്മിട്ടാക്കരീം
കൂറനഞ്ജസാ രണ്ടു ഗജത്തെയും
ചീർത്തുനീണ്ട കയ്യോരോന്നിനാൽപ്പിടി
ച്ചാർത്തിയോടെ വയറ്റിലാക്കീടിനാൻ

എന്നിങ്ങിനെ അക്ലിഷ്ടമായൊഴുകുന്നൊരു ഭാഷയാണിതിൽ ഉടനീളം കാണുക. ചീർത്ത രോഷാഗ്നി കെട്ടടങ്ങാതെ, കൈലാസത്തിലേക്കു കയറിച്ചെല്ലുവാൻ വെമ്പുന്ന ഭദ്രകാളിയുടെ കോപം തെല്ലൊന്നു തണുപ്പിക്കുവാൻവേണ്ടി ഗണപതിയോടും നന്ദികേശ്വരനോടും രണ്ടു പിഞ്ചുപൈതങ്ങളായി ഗോപുരദ്വാരത്തിൽ കൈകാൽകുടഞ്ഞു മലർന്നുകിടക്കുവാൻ പരമേശ്വരൻ ആജ്ഞാപിക്കുകയും അവരപ്രകാരം അനുഷ്ഠിക്കുകയും ചെയ്യുന്നു. ആ കിടാങ്ങളെ കണ്ടമാത്രയിൽ പ്രേമത്തോടെ അവരെ വിശ്വമാതാവെടുത്തോമനിക്കുമ്പോൾ ഉച്ചരിച്ച വാക്കുകൾ കേൾക്കുക:

ഹാ കനകക്കിടാങ്ങളേ നിങ്ങളാ
രേകദേശം വയസ്സൊന്നു ചെന്നവർ?

കഷ്ടമെൻപിഞ്ചുപൈതങ്ങൾ പൈദാഹം
പെട്ടവല്ലാതെ വാടിച്ചമഞ്ഞല്ലോ.

അമ്മയമ്മിഞ്ഞ നല്കാമിതാ കനി
ഞ്ഞിമ്മണിവായ് പിളർത്തുകെന്നണ്ണികൾ.
ജന്മമിന്ന സഫലമായ് മേരണ
കന്മഷാദിയുമെല്ലാമൊഴിഞ്ഞുപോയ്.

കോമളമൊന്ന പുഞ്ചിരിക്കൊംവിനീ
യോമനമുഖം രണ്ടും, കുമാരരേ!
രാവിൽ വെണ്ണിലാവേശിനോരാമ്പല
പ്പൂവിനൊത്തു വിളങ്ങുമാറാകട്ടേ!

പന്ത്രണ്ടാം അധ്യായം

പത്രപ്രവർത്തനം

ഇതിനിടയിൽ 1090–ൽ വള്ളത്തോളൊരു പത്രാധിപരായിക്കഴിഞ്ഞിരുന്നു. തൃശ്ശൂരിൽനിന്നു പുറപ്പെട്ട കേരളോദയത്തിൽ സാഹിത്യവിഭാഗത്തിന്റെ ചുമതല തൽപ്രവർത്തകന്മാർ വള്ളത്തോളിനെയാണു് ഏല്പിച്ചതു്.

ഒരു വൃത്താന്തപത്രത്തിന്റെ നേതൃത്വം യഥാവിധി നിർവ്വഹിക്കുവാൻ വേണ്ടുന്ന കാര്യപരിചയം അന്നു തനിക്കുണ്ടായിരുന്നില്ലെന്ന ബോധത്തോടുകൂടിത്തന്നെയാണു് വള്ളത്തോൾ ആ ഉത്തരവാദിത്വം ഏറ്റെടുത്തതു്. തന്റെ മുഖ്യ ചുമതലയിൽപ്പെട്ട സാഹിത്യ വിഷയങ്ങളെപ്പറ്റി ഒട്ടും അനഭ്യസ്തനല്ലാതിരുന്നതുകൊണ്ടും തന്റെ വിജ്ഞാനമണ്ഡലത്തിന്റെ പരിമിതി പരിഹരിക്കുവാനുള്ള സന്നദ്ധത ഉണ്ടായിരുന്നതുകൊണ്ടും ആ പത്രാധിപത്യ പ്രവൃത്തി അദ്ദേഹത്തിന്നു ആകപ്പാടെ ആയാസകരമായിരുന്നില്ല; ഹൃദ്യമായിരുന്നതാനും.

അന്നു, ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രതികരണങ്ങളും ഭാരതീയാന്തരീക്ഷത്തെയും ഏറക്കുറെ ബാധിച്ചിരുന്നതിന്നു പുറമെ ഭാരതസ്വാതന്ത്ര്യസമരത്തിന്റെ പ്രഥമസന്നാഹങ്ങളും പലസ്ഥലത്തും പരോക്ഷമായി നടന്നുകൊണ്ടിരുന്നു. പുതിയ അറിവു സമ്പാദിക്കുവാനുള്ള അവസരങ്ങളും പലതും, അതിൽ താൽപര്യമുള്ളവക്കു, സുലഭമായിരുന്നു. പത്രപ്രവർത്തനവുമായുള്ള ബന്ധം നിമിത്തം ഈ വക കാര്യങ്ങളിൽ വള്ളത്തോളിന്നു ശ്രദ്ധ പതിക്കേണ്ടതായിവന്നു. ആകപ്പാടെ അതൊരു വിലയേറിയ അനുഭവംതന്നെ ആയിരുന്നു.

ബാധിര്യത്തിന്റെ ഫലമായി അക്കാലത്തു് വള്ളത്തോളിന്നു പിണഞ്ഞ ഒരബദ്ധത്തെപ്പറ്റി മുകുന്ദരാജാവിന്നൊരു കഥ പറയാനുണ്ടു്:—

''ഒരു നല്ല വാഗ്മിയായ ശ്രീ വേലുക്കുട്ടിമേനോൻ തൃശ്ശൂർ ശ്രീമൂലസ്ഥാനത്തു് ആൽത്തറമേൽനിന്നു 'ഹിന്ദുമതവും ഭക്തിയും' എന്ന വിഷയത്തെക്കുറിച്ചു് ഒരു വലിയ ആൾക്കൂട്ടത്തിന്റെ മുമ്പിൽ ഒരു ഗംഭീരപ്രസംഗം ചെയ്തു. സ്വാമി വിവേകാനന്ദന്റെ ആരാധകനായിരുന്ന വേലുക്കുട്ടിമേനോന്റെ പ്രസംഗം സദസ്യരെ കണക്കിലേറെ വശീകരിച്ചു. എന്നാൽ

കേരളോദയത്തിലെ റിപ്പോർട്ട 'പ്രസംഗം ജനങ്ങൾ ഇഷ്ടപ്പെട്ടില്ലെന്നും പ്രാസംഗികൻ ഒരു വെളിച്ചപ്പാടിനെപ്പോലെ കലിതുള്ളുകയായിരുന്നു എന്നും' മറ്റും കൂറെ കളിയാക്കിയ മട്ടിലായിരുന്നു. ആ പ്രസംഗം കേട്ട എനിയ്ക്ക വാസ്തവവിരുദ്ധമായ ആ റിപ്പോർട്ട കണ്ടപ്പോൾ ഒരു മറുപടിയെഴുതുവാൻതോന്നി. അതെഴുതി ഞാൻ വള്ളത്തോളിനെ ചെന്നുകണ്ട അതു കൊടുത്തു. അതു വായിച്ച ഉടനെ അദ്ദേഹം പറഞ്ഞു: 'ഇങ്ങനെയാണോ വാസ്തവം? ആ റിപ്പോർട്ട എനിയ്ക്ക തന്നത് തിരുവിതാംകൂറിലെ പേരുകേട്ട ഒരു പത്രാധിപരും സ്വരാജ്യസ്നേഹിയുമായ ഒരു മാന്യനാണ്. ഞാൻ അദ്ദേഹമൊന്നിച്ച് വൈകുന്നേരം നടക്കുവാൻ പോയ അവസരത്തിൽ ആ ആൽത്തറയ്ക്കടുത്ത് വലിയ ഒരാൾക്കൂട്ടത്തെയും ഒരു പ്രാസംഗികനെയും കണ്ട. അതിനെപ്പറ്റി ചെവികേൾക്കാത്ത ഞാൻ എന്റെ കൂട്ടുകാരനോട അന്വേഷിച്ചപ്പോൾ 'കേരളോദയത്തിൽ പ്രസിദ്ധപ്പെടുത്താൻ ഞാനൊരു റിപ്പോർട്ടെഴുതിത്തരാം. അതു വായിച്ചാലറിയാം' എന്നു അദ്ദേഹം പറഞ്ഞു. അതിൻപ്രകാരംതന്നെ റിപ്പോർട്ടിന്റെ ചന്തം കണ്ടപ്പോൾ ഞാനതു പ്രസിദ്ധപ്പെടുത്തി എന്നേയുള്ള. അദ്ദേഹം മതമൊന്നുമില്ലാത്ത ഒരു നിരീശ്വരവാദിയായതുകൊണ്ടാവണം ഇങ്ങിനെ കളിയാക്കി എഴുതിയത്. ഏതായാലും അവിടുത്തെ മറുപടി പ്രസിദ്ധപ്പെടുത്തുകതന്നെവേണം. പത്രാധിപധർമ്മം പാലിയ്ക്കണമല്ലൊ. അദ്ദേഹം വലിയ ഒരാളാണെന്നു കരുതി ചെവികേൾക്കാത്ത ഞാൻ അതു വിശ്വസിച്ചുപോയി. ഞങ്ങൾക്കു വലിയവരും ചെറിയവരും എന്നതല്ല കാര്യം, സത്യമാണ്.''*

പത്രധർമ്മത്തെ ദീക്ഷിക്കുന്ന കാര്യത്തിൽ വള്ളത്തോളിന്നുണ്ടായിരുന്ന നിഷ്കർഷയ്ക്ക ഇതൊരു നല്ല ഉദാഹരണമാണ്. കവിതയെഴുത്തിന്നു, വാസ്തവത്തിൽ, ഈ പത്രാധിപത്യം വളരെ സഹായകമായിരുന്നില്ല. കേവലം ഒരു സാഹിത്യപത്രമായിരുന്നുമില്ല കേരളോദയം; അങ്ങിനെ ആയിരുന്നെങ്കിൽ കവിതയെടുത്തു കൈകാര്യംചെയ്യാനുള്ള സന്ദർഭങ്ങൾ പലതും കണ്ടേക്കുമായിരുന്നു. അക്കാലത്തൊരിയ്ക്കൽ, പ്രസിദ്ധകവിയായ കാലടി രാമൻനമ്പ്യാർക്ക വള്ളത്തോളെഴുതിയ ഒരെഴുത്തിൽ ഇങ്ങിനെ പറഞ്ഞുകാണുന്നു:—

കേളിങ്ങുവന്ന കനമേറിയ പത്രഭാണ്ഡം
തോളിൽത്തൊടുത്തതുമുതൽക്കൊരനക്കമെന്യേ
ചൂളിപ്പിടിച്ചു നിലകൊള്ളുകയാണു വള്ള
ത്തോളിൽക്കവിതാശകലം കവിരാജമൗലേ!

---

* മാതൃഭൂമി ആഴ്ചപ്പതിപ്പ്. 1958 ഏപ്രിൽ 20—ാംനു-

അഞ്ചായിമാസമൊരു പദ്യമിവൻകുറിച്ചീ
ട്ടെഞ്ചാപലാൽ കവിതയെന്നെ വെടിഞ്ഞുദിക്കായ്.
അഞ്ചാതുദിപ്പിതൊരുണച്ച് ഭവാന്റെ പദ്യ
പഞ്ചാമൃതം ഹൃദിപകർന്നതുകൊണ്ടിദാനീം.

ഒരു ഭാഗത്തു പത്രാധിപത്യച്ചുമതലകളും മറെറാരു ഭാഗത്തു പുരാണ തജ്ജമയിലുള്ള വ്യഗ്രതയും ചെലുത്തിയ സമ്മർദ്ദത്തിനിടയിൽ കവിതയെഴുത്തിന്നു അല്പം അമാന്തം നേരിട്ടതിൽ അത്ഭുതമില്ല. 1090–1092 കൊല്ലങ്ങളിൽ എഴുതിയ കവിതകളുടെ എണ്ണക്കുറവിൽനിന്നു ഈ സംഗതി ധാരാളം വ്യക്തമാകുന്നുണ്ട്.

കേരളോദയത്തിലാണ് വള്ളത്തോളൊരു ഗ്രന്ഥനിരൂപകനായി ആദ്യംതന്നെ പ്രത്യക്ഷപ്പെട്ടത്. അതിലെഴുതിയ പുസ്തകനിരൂപണങ്ങളിൽവെച്ചു ഏറെറവുമധികം ഒച്ചപ്പാടുണ്ടാക്കിയത് കുമാരനാശാന്റെ 'ലീല'യെക്കുറിച്ചുള്ള ഒരു നിരൂപണമായിരുന്നു. ചിത്രയോഗത്തെപ്പററിയുള്ള അധ്യായത്തിൽ പറഞ്ഞപോലെ, സമശീഷ്കരായ കവികൾ അന്യോന്യം വിമർശിക്കുവാൻ തുടങ്ങിയാൽ പല തെററിദ്ധാരണകളും അസ്വാരസ്യങ്ങളും ഉണ്ടായിത്തീരാൻ എളുപ്പമാണ്. ലീലാ നിരൂപണത്തിനും ചിത്രയോഗ നിരൂപണത്തിനും തമ്മിലൊരു കാര്യകാരണബന്ധമുണ്ടെന്നുകൂടി അക്കാലത്ത് ചിലർ സംശയിക്കാതിരുന്നില്ല. വള്ളത്തോൾ 'ലീല'യെ അത്ര നിശിതമായി വിമർശിച്ചിരുന്നില്ലെങ്കിൽ, ആശാൻ ചിത്രയോഗത്തെയും അങ്ങിനെ വിമർശിക്കുകയില്ലായിരുന്നു എന്നായിരുന്നു അവരുടെ വാദഗതി. ദിവംഗതരായ ആ രണ്ടു മഹാന്നുഭാവന്മാരെപ്പററി അത്തരത്തിലൊരു ചിത്തവൃത്തിയംഗീകരിച്ചു അവരോടപരാധികളായിത്തീരാതിരിക്കുകയാണ് ഏതായാലും ഉചിതം. സംഭവിച്ച കാര്യങ്ങൾ വസ്തുനിഷ്ഠമായി പ്രസ്താവിക്കേണ്ടതു ചരിത്രദൃഷ്ട്യാ ആവശ്യമാണതാനും.

'ലീല'യെക്കുറിച്ചു വള്ളത്തോളിന്റെ അഭിപ്രായം ഇങ്ങിനെ സംഗ്രഹിക്കാം ''ഇതൊരു കമനീയമായ ഖണ്ഡകാവ്യമാകുന്നു. നല്ല ആശയങ്ങൾകൊണ്ടു അത്യന്താസ്വാദ്യങ്ങളാണ് ഇതിലെ മിക്ക ശ്ലോകങ്ങളും. അവഗാഢമായി ആലോചിച്ചു നിർമ്മിക്കപ്പെട്ട ഒരു കൃതിയാണിതെന്നു ഇതിന്റെ ഏതു പുറം നോക്കിയാലും സ്പഷ്ടമായി അറിയാവുന്നതാണ്. വിപ്രലംഭശൃംഗാരത്തെ തദനുഗ്രഹണമായ കരുണരസത്തിന്റെ സ്മൃത്തിയോടുകൂടി ഇത്ര മനോഹരമായി വർണ്ണിക്കുന്നതായ ഒരു കാവ്യം മലയാളഭാഷയിൽ ഇതേവരെ അവതരിച്ചിട്ടില്ലെന്നുകൂടി പറയാൻ തോന്നുന്നു.'' ഇത്രയും മണ്ഡനപരമായി പറഞ്ഞ ശേഷം നിരൂപകൻ ഖണ്ഡനപരമായും ചിലതു പറയുന്നു:—

''കഥാഘടനയിൽ സ്വല്പം വിപ്രതിപത്തിയുണ്ടിടയില്ലായ്കയില്ല. ലീലയുടെ ചിത്രീകരണത്തിൽ ചില പന്തികേടുകളുണ്ട്. ലീലയുടെ വിലാപത്തിൽപെട്ട ഒരു പദ്യം അശ്ലീലസ്പർശമാണ്. ഈ കാവ്യത്തിൽ എത്രത്തോളം ആശയഗ്രഹണങ്ങളുണ്ടോ അത്രത്തോളമോ അതിലധികമോ രചനാദോഷങ്ങളും കാണപ്പെടുന്നുണ്ട്.'' ഇതിനു ചില ഉദാഹരണങ്ങളും നിരൂപകൻ കൊടുത്തിട്ടുണ്ട്. ഒടുവിൽ നിരൂപണം ഉപസംഹരിക്കുന്നതിങ്ങിനെയാണ്:—''ദോഷങ്ങളും എത്രയെങ്കിലും കിടക്കട്ടെ; 'ലീല' ഒരു വിശേഷപ്പെട്ട യഥാർത്ഥ കവിതയാണെന്നു ആരും സമ്മതിക്കും. ചവിട്ടും കുത്തും കലശലാണെന്നുവെച്ചു ധാരാളം പാലുള്ള ഒരു പശുവിനെ ആരും കറക്കാതിരിക്കുക പതിവില്ലല്ലൊ. അതുകൊണ്ടു രചനാവൈഷമ്യംകൊണ്ടുള്ള കഷ്ടപ്പാടുകളെ ഗണിയ്ക്കാതെ ഈ ലഘുകാവ്യം മുഴുവനും ക്ഷമയോടുകൂടി വായിക്കേണമെന്നു ഞങ്ങളും പ്രിയപ്പെട്ട വായനക്കാരോടു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.''

മലയാളസാഹിത്യത്തിൽ പ്രതിഷ്ഠനേടിക്കഴിഞ്ഞിരുന്ന രണ്ടു പ്രശസ്തകവികൾക്കിടയിൽ ഇങ്ങിനെയൊരഭിപ്രായഭേദം പൊന്തിവന്നപ്പോൾ അതു അനാവശ്യമായ ദുർവ്യാഖ്യാനത്തിന്നിടയാക്കി. കുറെ കൊല്ലങ്ങൾക്കുശേഷം വള്ളത്തോളിന്റെ 'ഗ്രന്ഥവിഹാരം' പുറത്തുവന്നപ്പോൾകൂടി ആ പ്രവണത പ്രത്യക്ഷപ്പെട്ട എന്നതാണ് ഏറെ ദൌർഭാഗ്യകരമായത്. കോഴിക്കോട്ടുനിന്നു പുറപ്പെട്ട മിതവാദി പത്രത്തിൽ മൂക്കോത്തു കുമാരൻ 'ആശാന്റെ ലീലയും വള്ളത്തോളിന്റെ വിഹാരവും' എന്ന ശീർഷകത്തിൽ ഒരു ലേഖനമെഴുതി.

''ഒരേ കലാവിദ്യയിൽ ഏറ്റപ്പെട്ടിരിക്കുന്നവരും തുല്യയോഗ്യത അവകാശപ്പെട്ടുകൊണ്ടിരിക്കുന്നവരും ആയ രണ്ടു പേരിൽ ഒരാളുടെ കലാനൈപുണ്യപ്രകടനയുടെ വല്ല ഫലത്തെയും പറഞ്ഞു മറ്റെയാളും ചെയ്യുന്ന ഖണ്ഡനവിമർശനം വളരെ ആലോചനയോടുകൂടി ചെയ്യാതിരുന്നാൽ പലപ്പോഴും അബദ്ധത്തിലും പരിഹാസത്തിലും കലാശിക്കുവാൻ ഇടവരുന്നതാണ്. എന്നു മാത്രമല്ല ആ വിമർശത്തെ അടിസ്ഥാനപ്പെടുത്തിയുണ്ടാകുന്ന വാദപ്രതിവാദങ്ങൾവഴിയായി രണ്ടു പേരുടെയും യോഗ്യതാതാരതമ്യപ്പെടുത്തി അറിവാൻ ബഹുജനങ്ങൾക്കു അവസരം ലഭിക്കുകയും വിമർശകനു ആ കലാവിദ്യയിലുള്ള പാടവത്തിന്റെ ചെമ്പു പുറത്താകുകയുംചെയ്യും'' എന്നായിരുന്നു ലേഖനത്തിന്റെ ഉപക്രമം. വള്ളത്തോളിനു തന്റെ സ്വന്തം അഭിപ്രായം പ്രകാശിപ്പിക്കുവാനുള്ളതു സ്വാതന്ത്ര്യം കുമാരനു തന്റെ അഭിപ്രായം പ്രകാശിപ്പിക്കുന്നതിലും ഉണ്ടായിരിക്കെ, ലീലാനിരൂപണത്തെ അദ്ദേഹം ഖണ്ഡിച്ചതിൽ അശേഷം അ

നൗചിത്യമില്ല. പക്ഷേ സാഹിത്യബാഹ്യങ്ങളായ ചില വാദഗതികളുന്നയിച്ചതിലാണ് കുമാരനു ഔചിത്യഭംഗം പറ്റിപ്പോയത്. ലീലയിലെ ഒരു ശ്ലോകം അശ്ലീലസ്പുഷ്ടമാണെന്നുള്ള വിമർശനത്തിനു മറുപടിയായി ''വിലാസലതികയുടെ കത്താവു ഈവക ശ്ലോകങ്ങളിൽ അശ്ലീലം അശേഷം കാണുകയില്ല'' എന്നെഴുതുകയും, തുടർന്ന്, ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാന്റെ അന്യാപദേശമാലയിൽ കവിയുടെ നവനവോല്ലേഖന നൈപുണ്യത്തിനുദാഹരണമായി വള്ളത്തോൾ ഉദ്ധരിച്ച ശ്ലോകത്തിലാണ് അശ്ലീലത്വമെന്നു സൂചിപ്പിക്കുകയുംചെയ്തു. അതുകൊണ്ടും കുമാരൻ തൃപ്തിപ്പെട്ടില്ല. ''ഇതു നവനവോല്ലേഖനൈപുണ്യത്തിനുദാഹരണം! അതു അശ്ലീലസ്പുഷ്ടം! ഇതു തമ്പുരാൻ; അതു ഈഴവൻ'' എന്നിങ്ങിനെ ഒരു ജാതിസ്പർദ്ധയും ലീലാനിരൂപകന്റെമേൽ കുമാരൻ തീരേ അനാവശ്യമായി ആരോപിച്ചു. അതുകൊണ്ടും മതിവരാഞ്ഞിട്ടെന്നപോലെ ''നിരൂപകന്റെ ധിക്കാരം ശമിപ്പിക്കുവാൻ ആ മഹാകവി ഇന്നു ജീവനോടുകൂടി ഇല്ലാത്തതു് നിരൂപകന്റെ പരമഭാഗ്യമാണെന്നു പറയാതെ നിവൃത്തിയില്ല'' എന്നൊരവസാനത്തീപ്പും കല്പിച്ചു. ലീലാനിരൂപണം കേരളോദയത്തിൽ പ്രസിദ്ധംചെയ്തകാലത്തു് മഹാകവി കുമാരനാശാൻ ജീവിച്ചിരിക്കുന്നുണ്ടായിരുന്നു എന്ന കഥ മാന്യലേഖകൻ തൽക്കാലം ഓർത്തില്ലായിരിക്കാം.

/ ചിത്രയോഗനിരൂപണം ആശാൻ എഴുതിയപ്പോഴും ജാതിയെസ്സംബന്ധിച്ചു ഇങ്ങിനെ ചില പ്രസ്താവങ്ങൾ കേട്ടിരുന്നു. അവയെപ്പറ്റി ആശാൻതന്നെ ഇങ്ങിനെ എഴുതുകയുംചെയ്തിരുന്നു:* ''വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ചിത്രയോഗമഹാകാവ്യത്തെപ്പറ്റി ഞങ്ങൾ പറഞ്ഞ അഭിപ്രായത്തെ ദുർവ്യാഖ്യാനംചെയ്തും അതിന്റെ ഉദ്ദേശത്തെ തെറ്റിദ്ധരിച്ചും അതിനെ കെട്ടിവലിച്ചു വർഗ്ഗവൈരത്തിന്റെ ഇടുങ്ങിയ മാർഗ്ഗങ്ങളിലേക്കു കൊണ്ടുപോയി ഉള്ളിലുള്ള വിഷങ്ങളെ വമിച്ചും ഒരു ലേഖനപരമ്പര ഇവിടെയുള്ള ഒരു പത്രത്തിൽ കാണുന്നു.....ഉത്തമഭാഷാസാഹിത്യത്തിന്റെ അഭിവൃദ്ധിയിൽ സഹജമായ ഉൽകണ്ഠയെയും ഉയർന്നതരം ഗ്രന്ഥകാരന്മാർക്കുപൂർവ്വമായ ഗുണശ്രാഘയേക്കാൾ നിഷ്പക്ഷപാതമായ ദോഷപ്രഖ്യാപനം യഥാർത്ഥോപകാരകമായിരിക്കുമെന്നുള്ള വിശ്വാസത്തെയും മുൻനിർത്തിയാണ് ഞങ്ങൾ ഈ പംക്തികളിൽ സാഹിത്യഗ്രന്ഥനിരൂപണം ചെയ്യാറുള്ളത്.....''

ഗ്രന്ഥനിരൂപണത്തിൽ വള്ളത്തോൾ അംഗീകരിച്ച നയ

---

* സി. ഒ. കേശവന്റെ 'മഹാകവി കുമാരൻ ആശാൻ' P. 442

വും ഇതുതന്നെ ആയിരുന്നു. എന്നിട്ടും അദ്ദേഹത്തിൽ ചിലർ ജാതിസ്പർദ്ധ ആരോപിച്ചു. മൂക്കോത്തു കുമാരൻ എടുത്തുകാണിച്ച ''തമ്പുരാ''ന്റെ കവിത നിരൂപിച്ചപ്പോഴും അതിലെ രചനാദോഷത്തെപ്പറ്റിയും വള്ളത്തോൾ പറഞ്ഞിരുന്നു: ''ആശയഭംഗിയിലെന്നപോലെ രചനാസൌകുമാര്യത്തിൽ കൂടി കവിയുടെ ദൃഷ്ടി പതിഞ്ഞിരുന്നുവെങ്കിൽ ഇക്കൊച്ചു കാവ്യം എത്രയധികം ആസ്വാദ്യമാകുമായിരുന്നു!'' എന്നു്. ഇതുതന്നെയാണു് ആശാന്റെ കവിതയെപ്പറ്റിയും വള്ളത്തോളിനുണ്ടായിരുന്ന ആക്ഷേപം. എന്നിട്ടും ലീലാനിരൂപണത്തിൽ കുമാരൻ ജാതിക്കൂശ്മാണ്ഡം കണ്ടു! എന്തൊരു വൈപരീത്യം!

കുടുംബകാര്യങ്ങളുടെ നിർബന്ധംനിമിത്തം, 1091 അവസാനത്തിൽ, വള്ളത്തോളിനു കേരളോദയവുമായുള്ള ബന്ധത്തിൽനിന്നൊഴിയേണ്ടിവന്നു. മക്കളുടെ സ്കൂംപ്രവിപ്പിനുള്ള സൌകര്യം മുൻനിർത്തി അദ്ദേഹം കുന്നംകുളത്തു് താമസമാക്കി. അവിടെനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന ആത്മപോഷിണി മാസികയ്ക്കു് അന്നൊരു പത്രാധിപരെ ആവശ്യമുണ്ടായിരുന്നു. സാരഗ്രാഹിയും സമർത്ഥനുമായ ആത്മപോഷിണിയുടമസ്ഥൻ, ഡീക്കൺ പി. ജോസഫ്, വള്ളത്തോളിനെ ആ സ്ഥാനത്തേക്കു ക്ഷണിച്ചപ്പോഴും അദ്ദേഹം സമ്മതിച്ചു. അങ്ങിനെ വള്ളത്തോളും നാരായണമേനോൻ ആത്മപോഷിണി പത്രാധിപരായിത്തീർന്നു. ഒരു കവിയുടെ നിലയിൽ, മുമ്പുതന്നെ, ആ മാസികയുമായി വള്ളത്തോളും ബന്ധപ്പെട്ടിരുന്നു. അഞ്ചു കൊല്ലം മുമ്പു സി. കെ. രാജാവിന്റെ പത്രാധിപത്യക്കാലത്തു് ഒരു പാവ്തീസ്സവം എഴുതിയതിനു പുറമെ, രണ്ടു കൊല്ലം മുമ്പു, രാമകൃഷ്ണപിള്ളയുടെ ആധിപത്യക്കാലത്തു് 'ബന്ധനസ്ഥനായ അനിരുദ്ധ'നെഴുതി പ്രസിദ്ധംചെയ്തതും അതിലായിരുന്നു.

വള്ളത്തോളിന്റെ സാഹിത്യനായകത്വം ആത്മപോഷിണിയ്ക്കൊരു ഭ്രഷണമായിരുന്നു. ലബ്ധപ്രതിഷ്ഠരായ എഴുത്തുകാരെപ്പോലെ ഉത്തിഷ്ഠമാനന്മാരായ സാഹിത്യകാരന്മാരും അതിൽ ലേഖനമെഴുതുവാൻ മുന്നോട്ടുവന്നു. പത്രാധിപരുടെ കവിതകളും ഇടയ്ക്കിടെ പോഷിണിയെ ഭ്രഷിതയാക്കാതിരുന്നില്ല. വള്ളത്തോളിന്റെ പല മുക്തകങ്ങളും 'മംഗള'രൂപത്തിൽ അതിൽ അപ്പപ്പോഴും കാണാമായിരുന്നു.

ചേറാണ്ടുള്ള കൃഷീവലന്റെ ചുമലിൽ
ച്ചായും നകത്തണ്ടിലും
താറാവിന്റെ നടപ്പിലും തടിയനാം
പോക്കിൻ കിടപ്പിങ്കലും

മാറാപ്പേന്തിയ ഭിക്ഷുവിൻ വിളിയിലും
നാനാവിധാകാരമാം
മാറാഹന്ത! വിളങ്ങിടുന്ന കവിതേ!
നിൻ കാല്ക്കീതാ വന്ദനം.

* * *

വെൺപത്മശ്രംഖിൽനിന്നുള്ളളിനിനദവുമായ്
ച്ചാപവാദ്യം മുഴങ്ങീ
തൻപക്ഷംവീശി വെള്ളിപ്പറവനിര കൊടി
ക്കൂറയായ്പ്പാറി വാനിൽ
തുമ്പപ്പൂച്ചോറുരുകീ മൃദുപവനനിതിൻ
വണ്ണമോണോത്സവശ്രീ
സമ്പന്നം ഹാ ജയിപ്പൂ ഭുവി ഭൂഗ്രതനയ
ക്ഷേത്രമുൽസ്നോത്രപാത്രം.

* * *

ഉത്തുംഗം കുതുകേന കുങ്കുമപടീ
രാദ്യത്തെ മൂദ്ധാവിലു
ള്ളത്തിങ്കൽക്കലതൻ തെളിഞ്ഞ കുളിർനീ
രാലിട്ട ചാലിച്ചുടൻ
വൃത്തിയ്യൊത്തു പലേതരത്തിലഗജാ
വക്ഷോജകുംഭങ്ങളിൽ
പ്പത്തിക്കീറെഴുതുന്ന പാണിമലരാൽ
ഭവ്യംതരട്ടേ ഹരൻ.

* * *

ഇങ്ങിനെ മറെറങ്ങും പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടില്ലാത്ത പല ഒററശ്ലോകങ്ങളും ആത്മപോഷിണിയുടെ പഴയ ലക്കങ്ങളിൽ മറഞ്ഞുകിടപ്പുണ്ട്. എന്നാൽ കവിതയെക്കാളധികം ആത്മ പോഷിണിയിലൂടെ ഭാഷയ്ക്കു വള്ളത്തോൾ നല്കിയ സംഭാവന ഗദ്യത്തിലുള്ള ചില കുറിപ്പുകളാണ്. സമകാലികസംഭവങ്ങ ളെക്കുറിച്ചു 'പോഷിണീഭാഷണം' എന്ന ശീർഷകത്തിൽ എഴു തിയ ആ കുറിപ്പുകൾ വിജ്ഞാനപ്രദങ്ങളും വിനോദാവഹങ്ങളു മായിരുന്നു.

ഒന്നാം ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന കാലമായി രുന്നു അതെന്നു പറഞ്ഞുവല്ലൊ. കേരളത്തിൽ സ്വാതന്ത്ര്യസമ രത്തിന്റെ സന്നാഹം ആരംഭിച്ചിരുന്നില്ല. ജനങ്ങളിൽ ഭൂരി പക്ഷവും ഭരണകർത്താക്കളുടെ നേരെ ഭക്തി പുലർത്തിക്കൊണ്ടു തന്നെയാണ് കാലക്ഷേപംചെയ്തിരുന്നത്. വള്ളത്തോളിന്റെ മനോഭാവവും അതിന്നനുസരിച്ചുതന്നെ ആയിരുന്നു. 1091

മിഥുനം ലക്കം ആത്മപോഷിണിയിൽ ചേർത്തുകാണുന്ന ഈ 'പോഷിണീഭാഷണ'ത്തിലെ ആശയഗതി നോക്കുക:—

''മറ്റസംഖ്യം സദാചാരങ്ങളുടെ എന്നപോലെ, രാജഭക്തിയുടേയും വിളനിലം ഇന്ത്യാരാജ്യംതന്നെയാണ്; ഒരു ഹിന്ദു ജനിച്ചുവളരുന്നതുതന്നെ 'രാജാ പ്രത്യക്ഷദൈവതം' എന്നരുവിട്ടുംകൊണ്ടാണ്. 'നാ വിഷ്ണുഃ പൃഥിവീപതിഃ' എന്ന യാതൊരു മതം ഉൽഘോഷിയ്ക്കുന്നുവോ ആ ശ്രേഷ്ഠതരമായ ഹിന്ദുമതത്തിൽ ചിരന്തനമായ വിശ്വാസത്തോടുകൂടി, അതിന്റെ ഉന്നമനത്തിൽ ഉത്സാഹിച്ചുംകൊണ്ടിരിയ്ക്കുന്ന ആ വന്ദ്യവയോധികയായ ആനിബസൻറ് മദാമ്മ രാജാവിന്റെ പ്രീതി കേടിന്നു പാത്രീഭവിയ്ക്കുക എന്നത് എത്രയും അത്ഭുതകരമായി തോന്നുന്നു. മദിരാശിയിൽനിന്നു പ്രസിദ്ധീകരിയ്ക്കുന്ന ഒരുത്തമദിനപത്രമായ 'ന്യൂ ഇൻഡ്യ'യുടെ ആധിപത്യംവഹിയ്ക്കുന്ന മദാമ്മയെക്കൊണ്ടു മദിരാശിഗവമ്മെണ്ടു് പ്രസ്സ്ആക്ടനുസരിച്ചു 2000 ഉറുപ്പിക ജാമ്യം കെട്ടിവെപ്പിച്ച വർത്തമാനം ഒട്ടും പഴകിക്കഴിഞ്ഞിട്ടില്ലല്ലൊ; ഇപ്പോഴും ഇതാ ബോമ്പേഗവമ്മെണ്ടു് മദാമ്മയുടെ പേരിൽ ഒരു നിരോധക്കല്പന പുറപ്പെടുവിച്ചിരിയ്ക്കുന്നു.....ജാമ്യം കെട്ടിവെപ്പിച്ചതിൽത്തന്നെ നിസ്ഗ്രശാന്തമായ മദിരാശിസംസ്ഥാനംകൂടി തെല്ലൊന്നിളകിവശായിരിയ്ക്കേ, ബോമ്പേഗവമ്മെണ്ടു് ഇപ്രകാരം കല്പിച്ചതു തക്കതായ കാരണത്താലായിരിയ്ക്കും എന്നേ നമുക്കു അനുമാനിച്ചുകൂടൂ. ആ കാരണം എന്തായിരിയ്ക്കുമെന്ന ജിജ്ഞാസ ഇന്ത്യാരാജ്യത്തെ മുഴുവനും ഉൽക്കണ്ഠാകുലമാക്കിയിട്ടുണ്ടു്. ഇയ്യിടയിൽവെച്ചു രാജ്യഭരണവിഷയത്തിലും മനസ്സിരുത്തിവരുന്ന മനസ്വിനിയായ മദാമ്മയുടെ പരിശ്രമത്താൽ ഇന്ത്യയിൽ അനേകം ഗുണങ്ങൾ അങ്കുരിച്ചിട്ടുണ്ടെന്നു് ആരും സമ്മതിയ്ക്കും. ദുർമ്മാഗ്ഗികളായ അരാജകക്ഷിക്കാർ 'ഹോംറൂൾ' ആകുന്ന സന്മാഗ്ഗത്തിലേയ്ക്കു തിരിഞ്ഞതുതന്നെ ആ രണ്ടാം സരസ്വതിയുടെ അന്യാദൃശമായ വാഗ്വിലാസത്തിന്നു ദൃഷ്ടാന്തമാകുന്നു. എല്ലാംകൊണ്ടും അവർ ഇന്ത്യക്കാരുടെ നിഷ്കളങ്കമായ സ്നേഹത്തേയും പ്രീതിയേയും സമ്പാദിച്ചാണിരിയ്ക്കുന്നതു്. ആ മാന്യമഹതിയ്ക്കു ഈ വാർദ്ധക്യകാലത്തു് ഇങ്ങിനെയൊന്നു സംഭവിച്ചതു് എന്തോ ഗ്രഹപ്പിഴയുടെ ഫലമായിരിയ്ക്കാം. കാലഗതിയ്ക്കു കീഴ്പെടാതെ ലോകത്തിൽ ആരുംതന്നെയില്ലല്ലൊ.''

1092 ചിങ്ങം ലക്കത്തിലെ പോഷിണീഭാഷണത്തിൽ നിന്നുകൂടി ചില വാചകങ്ങൾ ഇവിടെ പകർത്തട്ടെ. വർഷാന്തചിന്തകൾക്കിടയിൽ പത്രാധിപർ എഴുതുകയാണു്:

''നമ്മുടെ മാന്യസഹോദരന്മാരിൽ അനവധി പേർ നമു

ക്കൊക്കെ പ്രത്യക്ഷദൈവമായിരിക്കുന്ന ആ ചക്രവർത്തിത്തിരു മനസ്സിലേയ്ക്കുവേണ്ടി—അല്ലാ നമുക്കുവേണ്ടിത്തന്നെ—തങ്ങളു ടെ ജീവരക്ഷകൊണ്ടു യുദ്ധദേവതയെ ആരാധിക്കുന്നു; അസം ഖ്യം സാധുക്കൾ കക്ശെഹൃദയനായ കൈസരുടെ ദുരാശയിൽ നിന്നുണ്ടായി വളർന്ന ദുർഭിക്ഷപ്പിശാചിനാൽ പണ്ടു ദുർവാസ സ്സിന്റെ ജടയിൽനിന്നു ജനിച്ച ഘോരകൃത്യയാലെന്നപോലെ പീഡിക്കപ്പെട്ട മുറവിളികൂട്ടുന്നു. അതിനാൽ പലതരം കല ഹങ്ങൾകൊണ്ടു വാടിത്തളർന്ന ഈ ഭാരതഭൂമി വളരെക്കാല മായി യാതൊന്നിന്റെ തണലിൽ നിർബാധമായ വിശ്രമ സുഖം അനുഭവിച്ചുവരുന്നുവോ ആ സിംഹക്കൊടി എല്ലാറ്റി നുംമീതെയായി എന്നെന്നും പരിലസിക്കേണമേ എന്ന പ്രാർത്ഥ നയ്ക്കു നിവൃത്തിയുണ്ടെങ്കിൽ ഒന്നുകൂടി ദൃഢതകൂട്ടുകയാണ് നാമി പ്പോൾ ചെയ്യേണ്ടതു്.''

രാജഭക്തിയിൽ പ്രതിഷ്ഠിതമായ ദേശാഭിമാനമാണല്ലൊ ഈ കുറിപ്പിൽ സ്ഫുരിച്ചിട്ടുള്ളതു്. എന്നാൽ

> 'പ്രത്യക്ഷദൈവതം രാജേ'തിഭാഷിതം
> പ്രത്യക്ഷരം ശരിയായിരിക്കാം പുരാ.
> അദ്യശ നേർമറിച്ചായ്പ്പോയ് മനുഷ്യത്വ
> മദ്ദ്കൻ മന്നനിന്നേത്തെ നിഘണ്ടുവിൽ*

എന്നു പിൻകാലത്തെഴുതിയ വള്ളത്തോളിന്റെ ആശയഗതി യിൽനിന്നു ധ്രുവാന്തരംപോലെ വിപരീതമായ ഒരഭിപ്രായമാ യിരുന്നു അന്നു വള്ളത്തോൾ പുലർത്തിപ്പോന്നിരുന്നതു്. പൊ തുകാര്യങ്ങളെസ്സംബന്ധിച്ചു ഒരു അപകടപരിചയമേ അന്നു ദേഹം നേടിക്കഴിഞ്ഞിരുന്നുള്ളു എന്നും തെളിയുന്നുണ്ടു്. പ്രാ മാണികമായിട്ടൊരഭിപ്രായം പ്രകാശിപ്പിക്കത്തക്ക അവഗാ ഹം ആവക വിഷയങ്ങളിൽ സമ്പാദിക്കുവാൻ പിന്നെയും കുറെക്കാലം കഴിയേണ്ടിവന്നു.

സമുദായപരിഷ്കാരത്തെപ്പറ്റി വളരെയൊക്കെ പ്രസംഗി ച്ചുകേൾക്കാറുള്ള ഒരു കാലമായിരുന്നു അതു്. ആ വിഷയ ത്തെക്കുറിച്ചു പോഷിണിയുടെ പങ്ക്തികളിൽ വള്ളത്തോൾ അപ്പപ്പോളായി പ്രകാശിപ്പിച്ച അഭിപ്രായങ്ങൾ രസമുള്ളവ യാണ്. 1091 മിഥുനം ലക്കം ആത്മപോഷിണിയിൽനിന്നു തന്നെ തിരഞ്ഞെടുത്ത ഈ വാക്യങ്ങൾ ശ്രദ്ധിക്കുക:

''സമുദായത്തെസ്സംബന്ധിച്ച ഒരു സംഗതി ഒന്നോ രണ്ടോ അംഗങ്ങൾക്കുമാത്രം തോന്നിയാൽ പോരാ; അതു സമുദായ പൂർണ്ണപുരുഷന്റെ ഹൃദയകുഹരത്തിൽ മുളച്ചുയർന്നു പടരണം.

---

* ''ഇന്നത്തെ നിഘണ്ടുവിൽ''—സാഹിത്യമഞ്ജരി എട്ടാം ഭാഗം.

ലോകചരിത്രസിദ്ധമായ ഈ വാസ്തവത്തിന്റെ പുതിയ ദൃഷ്ടാന്തം വേണമെങ്കിൽ തിരുവിതാംകൂറിൽനിന്നു പോന്ന എറണാകുളത്തു ബോട്ടിറങ്ങിയിരിക്കുന്ന നായർ റഫ്രഷ്മെന്റിനെ എതിരേറ്റു സ്വാഗതംപറയാൻ സന്തോഷമുള്ളവരായി കൊച്ചിരാജ്യത്ത് ആകെ എത്രപേരുണ്ട് എന്നു അന്വേഷിച്ചാൽ മതി. വിവാഹബന്ധത്തിനു ഒരു നിയമശൃംഖല ഇല്ലാത്തതുകൊണ്ടു മരുമക്കത്തായക്കാർക്കു ഒരാപത്തും ഉണ്ടാകാനില്ല; അനുരാഗത്തിന്മേലാണ് ദാമ്പത്യധർമ്മം അടിയുറച്ചുനില്ക്കുന്നത്. ആ പരിപാവനമായ വികാരത്തെ ജനിപ്പിക്കുവാൻ ഒരു രാജനിയമത്തിനു സാധിച്ചതായി കേട്ടുകേൾവിയില്ല.''

മരുമക്കത്തായത്തറവാട്ടുകാർക്കു താവഴിഭാഗം നിർബന്ധമാക്കുന്നതു തറവാടിന്റെ തറക്കല്ലു തകർക്കാനുള്ള മാർഗ്ഗമായിരിക്കുമെന്നായിരുന്നു വള്ളത്തോളിന്റെ അഭിപ്രായം. അവസ്ഥാവിശേഷംകൊണ്ടു ഭാഗം അപരിഹാര്യമായിവരുമ്പോൾ അങ്ങിനെയുള്ള തറവാട്ടുകാർ ഭാഗിച്ചുകൊള്ളട്ടെ എന്നല്ലാതെ ''ലക്ഷ്മീദേവിയുടെ ചേട്ടത്തിയ്ക്ക് അധികാരം വർദ്ധിപ്പിക്കുന്നതായ'' ഒരു നിർബന്ധനിയമം ഒരു സമുദായത്തിന്റെ മുഴുവൻ തലയിൽ ചുമത്തുന്നതു കഷ്ടമാണെന്നും തറവാടുകളെ തട്ടിയുടയ്ക്കുന്നതിനുപകരം അവയെ നിലനിർത്തുന്നതിനാവണം സമുദായനേതാക്കന്മാരുടെ ശ്രമം എന്നും വള്ളത്തോൾ വിശ്വസിച്ചു. ''ഭാര്യയ്ക്കും മക്കൾക്കും മുതൽകൊടുക്കുന്നത് ഏറിപ്പോകുന്നു എന്ന മുറവിളി എല്ലാ നായർത്തറവാട്ടുകളിലും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ഭർത്താവിനെക്കൊണ്ടു ഭാര്യാപുത്രന്മാരെ സ്നേഹിപ്പിക്കുകയും പുലർത്തിക്കുകയുമൊക്കെ പ്രകൃതിദേവി താൻതന്നെ ചെയ്യുകൊള്ളും. പ്രകൃതിവിഹിതത്തിനെന്തിനാണ് രാജനിയമം? പഴയതൊക്കെ തുച്ഛവും പുതിയതൊക്കെ മെച്ചവുമല്ല. മലയാളി മലയാളിയായിത്തന്നെ ഇരിക്കുന്നതാണ് അവനഭിമാനം.''

സാഹിത്യവിഷയങ്ങളിൽ കൂടുതൽ പ്രാമാണികതയോടെ അഭിപ്രായം പറയക്കത്തനില അക്കാലത്തു വള്ളത്തോളിനു വന്നു കഴിഞ്ഞിരുന്നു. മലയാളത്തിലെ ഗ്രന്ഥനിരൂപണത്തെപ്പറ്റി അദ്ദേഹത്തിനു ഒട്ടും സന്തൃപ്തി ഉണ്ടായിരുന്നില്ല. സാഹിത്യത്തിന്റെ വളച്ചുകെട്ടും ഉയച്ചുകെട്ടും പ്രതിബന്ധമായിരുന്ന ആ ന്യൂനതയുടെ പരിഹാരം ഇംഗ്ലീഷുമുതലായ മഹാഭാഷകളിലും സ്വഭാഷയിലും ഒരുപോലെ പരിജ്ഞാനമുള്ള മലയാളികളെ ആശ്രയിച്ചാണിരിക്കുന്നതെന്നും അദ്ദേഹം വിശ്വസിച്ചു. പാശ്ചാത്യ വിദ്യാഭ്യാസ പദ്ധതിയനുസരിച്ചു ഇംഗ്ലീഷു പഠിച്ചവരിൽനിന്നു ദോഷമേ ഭാഷയ്ക്കുണ്ടായിട്ടുള്ളൂ എന്നു ഏതു കാലത്തും ആക്ഷേപിക്കാറുള്ള ചില പണ്ഡിത

ന്മാരുടെ സങ്കുചിതമായ മനോഭാവത്തിൽനിന്നു എത്ര വ്യത്യസ്തമായിരുന്നു ഇംഗ്ലീഷു പഠിക്കാത്ത വള്ളത്തോളിന്റെ മനോവൃത്തിയെന്നാലോചിക്കുമ്പോൾ അത്ഭുതംതോന്നും. പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെ ആവുന്നത്ര മനസ്സിലാക്കുവാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. തരം കിട്ടുമ്പോഴൊക്കെ അവയെപ്പറ്റി ഉപന്യസിക്കുകയും ചെയ്തിരുന്നു. *അതിൽ അരിശം കൊണ്ട യാഥാസ്ഥിതികന്മാരുടെ പരിഹാസാധിക്ഷേപങ്ങൾ പലതും അക്കാലത്തു വള്ളത്തോളിന്നു* സഹിക്കേണ്ടിവന്നിട്ടുണ്ട്. പക്ഷേ പതറാത്ത ആത്മസ്ഥൈര്യം അദ്ദേഹത്തിന്നുണ്ടായിരുന്നതുകൊണ്ടു എതിരാളികൾ പിന്മാറുകയേ ചെയ്യുള്ളൂ. സംസ്കൃതകാവ്യങ്ങൾ കിട്ടുന്നേടത്തോളം വായിക്കുവാനും ഇംഗ്ലീഷിലും ഇതരഭാഷകളിലും ഉള്ള ഉത്തമസാഹിത്യകൃതികളെപ്പറ്റി ചോദിച്ചറിയുവാനും വള്ളത്തോളിന്നു അന്നു അളവറ്റ താൽപര്യമുണ്ടായിരുന്നു. ''എനിയ്ക്കിപ്പോൾ കാവ്യനിർമ്മാണത്തിനല്ല, കാവ്യപരിശീലനത്തിന്നാണ് ഏറെ ആഗ്രഹം. കവി എന്ന അഭിമാനംകൊണ്ടു വാസ്തവത്തിൽ ഗുണമൊന്നും കാണുന്നില്ല'' എന്നുകൂടി അക്കാലത്തൊരിയ്ക്കൽ അദ്ദേഹം ഒരു സുഹൃത്തിന്നെഴുതിയിരുന്നു.

ഗ്രന്ഥനിരൂപകന്മാർ ദീക്ഷിക്കേണ്ടുന്ന മര്യാദകളെപ്പറ്റി വള്ളത്തോൾ പറയുന്നതു കേൾക്കുക:—

''പഠിപ്പും പരിചയവും പരുങ്ങലാണെങ്കിലും ഉള്ളിൽ തോന്നിയ അഭിപ്രായം മനസ്സാക്ഷിയെ മറയ്ത്തു തള്ളാതെ വെളിപ്പെടുത്തുക എന്നൊരു വ്രതം ഗ്രന്ഥകാരന്മാർക്കു പരക്കെ അനുഷ്ഠിക്കാവുന്നതാണ്. ഒരു ഗ്രന്ഥം ഗുണഭ്രയിഷ്ഠമാണെങ്കിൽ അതിന്റെ ഗുണങ്ങളെ വേണ്ടംവണ്ണം പ്രശംസിക്കുന്നതുകൊണ്ടു നിരൂപകന്റെ വൈദുഷ്യകീർത്തിയ്ക്കു ഒരു വാട്ടവും വരാനില്ല. ഗുണശ്ലാഘനത്തെക്കാൾ ദോഷഘോഷണം ഇഷ്ടപ്പെടുന്ന വായനക്കാരുണ്ടാവാം. എന്നാൽ അവരെ പ്രസാദിപ്പിക്കുന്നതിന്നു നിരൂപകൻ ശ്രമിക്കുന്നതു ദുർവ്വാസനയ്ക്കു വളംകൊടുക്കുകയാണ്. സൌമ്യങ്ങളും ഗുണാശംസയെ ദ്യോതിപ്പിക്കുന്നവയും ആയ അക്ഷരങ്ങൾകൊണ്ടുവേണം ദോഷങ്ങളെ ഉപന്യസിപ്പാൻ. തീക്ഷ്ണമായ ദോഷപ്രഖ്യാപനം, മേലിൽ നന്നാകുന്നവരായി കാണപ്പെടുന്ന യുവകവികൾക്കു ഉത്സാഹഭംഗം വരുത്തിയേക്കാവുന്നതാകയാൽ, അവരെസ്സംബന്ധിച്ചേടത്തോളം വിശേഷിച്ചും, വർജ്ജനീയമാകുന്നു. എന്നാൽ എങ്ങിനേയോ സാഹിത്യകാരന്മാരുടെ പംക്തിയിൽ സ്ഥലംപിടിച്ച വാശേവിയോടു മല്ലിടുന്ന 'മഹാനുഭാവ'ന്മാരുടെ കാര്യത്തിൽ ഈ നിയമത്തിന്നു് അല്പം ഭേദഗതി വരുത്തിക്കൂടെന്നില്ല; അതു പക്ഷേ പ്രയോജനകരമായും ഭവിച്ചേക്കാം. ഈ തത്വം ഉള്ളിൽവെച്ചുംകൊ

ണ്ടാണ് പ്രായേണ സി. പി. അച്യുതമേനോനവർകളും പരേതനായ രാമകൃഷ്ണപിള്ള അവർകളും ഗ്രന്ഥവിമർശനം ചെയ്തിരുന്നത്. * * * ഗ്രന്ഥനിരൂപണം സമീചീനമായി സാധിക്കേണമെങ്കിൽ അറിവുവേണം, നെറിവുവേണം, കാഴ്ചവേണം, ഓച്ച്വേണം എന്നതൊക്കെ പഴംകഥയായിപ്പോയി! ഇപ്പോഴത്തെ 'മഹാനിരൂപക'ന്മാർ ദയവുചാരിച്ച് ഗ്രന്ഥനിരൂപണത്തെ വൈരനിര്യാതനത്തിന്നുള്ള ആയുധമാക്കാതിരിയ്ക്കയെങ്കിലും ചെയ്യുമോ, ആവോ!''

നാല്പതിലധികം കൊല്ലങ്ങൾക്കു മുമ്പെഴുതിയ ഈ ഒടുവിലത്തെ വാചകത്തിൽ പ്രകാശിപ്പിച്ച പ്രത്യാശ ആവർത്തിച്ചുകൊണ്ടിരിക്കേണ്ട കാലം ഇപ്പോഴും അവസാനിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

ആത്മപോഷിണിയിലും, അതിനു മുമ്പു കേരളോദയത്തിലും എഴുതിയ നിരൂപണങ്ങളുടെ കാര്യത്തിൽ മേല്പറഞ്ഞ പ്രമാണങ്ങൾ വള്ളത്തോൾ സാമാന്യേന അനുസരിച്ചിട്ടുണ്ടെന്നു പറയാം. ആ നിരൂപണങ്ങളിൽ ചിലതെല്ലാം സംഭരിച്ചുകൊണ്ടാണ് 1103–ൽ 'ഗ്രന്ഥവിഹാരം' എന്ന പേരിലൊരു പുസ്തകം പ്രസിദ്ധീകൃതമായത്. കേരളോദയത്തിൽനിന്നു എട്ടും ആത്മപോഷിണിയിൽനിന്നു മുപ്പത്താറും നിരൂപണങ്ങൾ ഉൾപ്പെടുത്തീട്ടുള്ളവയിൽ നാലെണ്ണം നാലപ്പാട്ടു നാരായണമേനോൻ എഴുതിയതാണ്. ചില ഇംഗ്ലീഷ് പുസ്തകങ്ങളുടെ തർജ്ജമയോ അനുകരണമോ ആയ പുസ്തകങ്ങളുടെ നിരൂപണങ്ങളാണ് നാലപ്പാടന്റെ നാലു ലേഖനങ്ങളും. ഇവയെപ്പറ്റി കൃഷ്ണമാരാരുടെ അവതാരികയിൽ ഇങ്ങിനെ പറഞ്ഞിട്ടുണ്ട്:—''ഗദ്യത്തിലും പദ്യത്തിലും മഹാകവി വള്ളത്തോളിനെ സ്വാത്മനാ അനുവർത്തിച്ചുപോരുന്ന ശ്രീ നാലപ്പാട്ടു നാരായണമേനോനവർകൾ എഴുതിയ മൂന്നു നാലു നിരൂപണങ്ങൾകൂടി ഇതിലുൾപ്പെടുത്തിയിട്ടുള്ളതിനെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല.'' ഇല്ലായിരിക്കാം! എന്നാലും വള്ളത്തോളിന്റെ ഗ്രന്ഥവിഹാരത്തിൽ മറ്റൊരാളുടെ നിരൂപണങ്ങൾ ചേർത്തതിന്റെ ഔചിത്യം സന്ദേഹാസ്പദമായിത്തന്നെ അവശേഷിക്കും. നാലപ്പാടനേറതിൽനിന്നൊട്ടും താഴെയല്ലാത്ത മറ്റു ചില നിരൂപണങ്ങൾ (ആത്മപോഷിണിയിൽ പ്രസിദ്ധംചെയ്തവതന്നെ) പുസ്തകത്തിൽ ചേർക്കാഞ്ഞതെന്തുകൊണ്ടാണെന്ന ചോദ്യത്തിനും പ്രസക്തിയില്ലായ്കയില്ല.

വള്ളത്തോളിനു ഇംഗ്ലീഷ് ഭാഷയറിഞ്ഞുകൂടാത്തതുകൊണ്ടു ഇംഗ്ലീഷിൽനിന്നുള്ള തർജ്ജമകളെ നിരൂപണംചെയ്യേണ്ട ഭാരം നാലപ്പാടനെയാണ് ഏല്പിച്ചിരുന്നത്. തർജ്ജമയെസ്സംബ

ന്ധിച്ചു വള്ളത്തോളിന്റെ നിർബന്ധപൂർവ്വമായ ചില പിടിത്തങ്ങളുണ്ടായിരുന്നതു് നാലപ്പാടന്റെ നിരൂപണത്തിൽ പ്രതിഫലിച്ചുകാണുന്നുണ്ടു്. തർജ്ജമ ഒരിക്കലും സ്വതന്ത്രമായിക്കൂടെന്നായിരുന്ന മുഖ്യമായ നിഷ്കർഷ. ഏറ്റവും ആദരാർഹമായതാണു് ആ അഭിപ്രായമെന്നു സമ്മതിക്കാം. പക്ഷേ അതാതു ഭാഷയുടെ സ്വഭാവമനുസരിച്ചു ആശയപ്രകാശനത്തിൽ സംഭവിച്ചേക്കാവുന്ന വ്യത്യാസങ്ങൾ പരിഗണിക്കേണ്ടതില്ലെന്നു വാശിപിടിക്കുമ്പോഴാണു് കുഴപ്പം ആരംഭിക്കുന്നതു്. ഗ്രന്ഥവിഹാരത്തിലെ 'സുധാബിന്ദു' നിരൂപണത്തിൽനിന്നു ഇതു വിശദമാക്കാം. 'Palm-girdled lake' എന്ന മൂലഗ്രന്ഥത്തിലെപ്രയോഗത്തെ 'കരിമ്പനകളാൽ അരപ്പട്ടയിട്ട തടാകം' എന്നുതന്നെ തർജ്ജമചെയ്യാതിരുന്നതിനാൽ മൂലകൃതിയിലെ ആശയമാധുര്യം നഷ്ടപ്പെട്ടുപോയി എന്നാണു് നിരൂപകന്റെ ആക്ഷേപം. ഇതിന്റെ പരാമർശത്തിൽ ഒന്നിലധികം സംഗതികൾ ഓർക്കേണ്ടതുണ്ടു്. രമേശചന്ദ്രദത്തിന്റെ 'താലപുഷ്കരിണി' എന്ന മൂലഗ്രന്ഥം ബങ്കാളിഭാഷയിലാണു്. അതിനെ അദ്ദേഹംതന്നെ 'The Lake of Palms' എന്ന പേരിൽ ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തു. അതിൽനിന്നാണു് കുന്നത്തു് ജനാർദ്ദനമേനോൻ 'സുധാബിന്ദു' എന്ന പേരിൽ വിവർത്തനംചെയ്തതു്. ബങ്കാളിയിൽ മേല്പറഞ്ഞ ആശയത്തിന്റെ മൂലരൂപം എന്താണെന്നു നിശ്ചയമില്ല. മൂലത്തിലെ വർണ്ണനയിൽ 'അരപ്പട്ട'യുടെ ഉപമതന്നെ ഉണ്ടായിക്കൊള്ളണമെന്നില്ല. 'വലയിത'മായ എന്നോ 'ചുറ്റപ്പെട്ട' എന്നോ അർത്ഥം വരുന്ന ഒരു പ്രയോഗമായിരിക്കാം അതിലുള്ളതു്. ഇംഗ്ലീഷിൽ girdled എന്ന വാക്കിനു 'ചുറ്റപ്പെട്ട' എന്ന അർത്ഥം സാമാന്യസിദ്ധമാണു്. 'Within the thick belt of palms' എന്ന വാക്യത്തിലും അരപ്പട്ടയുടെ പര്യായം പ്രയോഗിച്ചിട്ടുണ്ടെങ്കിലും 'അരപ്പട്ടയ്ക്കുള്ളിൽ' എന്നതിനെക്കാൾ 'വലയത്തിനുള്ളിൽ' എന്ന തർജ്ജമയാണു് ഭാഷയ്ക്കു യോജിക്കുക. അർത്ഥത്തിനുതന്നെ മാറ്റം വരുത്തുന്ന തർജ്ജമകൾ തീച്ചയായും ആക്ഷേപാർഹങ്ങളാണു്. പക്ഷേ പദാനുപദതർജ്ജമകൊണ്ടു സംഭവിച്ചേക്കാവുന്ന ഭാഷാവൈകല്യത്തെക്കുറിച്ചും വിവർത്തകൻ സദാ ജാഗരൂകനാകാതിരുന്നുകൂടാ.

'കൃഷ്ണകാന്തന്റെ മരണപത്രം' നിരൂപണം ചെയ്യുമ്പോൾ പുസ്തകത്തിന്റെ പേരിനെക്കുറിച്ചു നാലപ്പാടൻ ചെയ്ത ആക്ഷേപവും അസ്ഥാനത്തിലായിപ്പോയി. 'കൃഷ്ണകണ്ണ'നെ കൃഷ്ണകാന്തനാക്കിയതു ശരിയായില്ലെന്നായിരുന്ന സാഹിത്യസഖി ടി. സി. കല്യാണിയമ്മയുടെ പേരിൽ നിരൂപകൻ ആരോപിച്ച കുറ്റം. 'സാഹിത്യകുശല'നായ പ്രസാധകൻ ആനന്ദമഠത്തെ ആനന്ദമാതാവാക്കിക്കളഞ്ഞതുപോലെ ആയിപ്പോയി നിരൂപ

കട്ടഷ്ടിയിൽ ഈ പ്രമാദം! ബങ്കിമചന്ദ്രന്റെ മൂലകൃതിയുടെ പേരു 'കൃഷ്ണകാന്തന്റെ മരണപത്രം' എന്നതന്നെ ആണ്.

മറ്റുള്ളവരുടെ ലേഖനങ്ങളും സ്വന്തം പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയതുകൊണ്ടുണ്ടാവുന്ന ഇത്തരം കുഴപ്പങ്ങളും പരിഹാര്യങ്ങളാണ്. തർജ്ജമയ്ക്കെടുക്കുന്ന ഗ്രന്ഥങ്ങളും ഉൽകൃഷ്ടങ്ങളായിരിക്കണമെന്നും വള്ളത്തോളിന്നഭിപ്രായമുണ്ടായിരുന്നു. 'ഭാഷാഭൈമീപരിണയം' എന്ന നാടകത്തിന്റെ നിരൂപണത്തിൽ വള്ളത്തോളും ഇത് ഊന്നിപ്പറഞ്ഞിട്ടുണ്ട്. നിസർഗ്ഗസുന്ദരമായ നളോപാഖ്യാനത്തെ സാമാന്യത്തിലേറെ വികൃതമാക്കി പ്രതിപാദിച്ചിട്ടുള്ള ഒരു നാടകമാണ് സംസ്കൃതത്തിലുള്ള ഭൈമീപരിണയം, വള്ളത്തോളിന്റെ ദൃഷ്ടിയിൽ. ''മൂലംമുഴക്കെ ശ്രുഷ്ടം'' എന്നാരംഭിച്ചുകൊണ്ടു, തർജ്ജമയെപ്പറ്റി നിരൂപകൻ പറയുന്നതിങ്ങിനെയാണ്:—''നളചരിത നാടകം ഇല്ലാഞ്ഞിട്ട കൈരളികണുപ്രാണയായി കിടന്നുകൊള്ളട്ടെ!'' ''ഇത്ര വിലക്ഷണമായ ഒരു ഗ്രന്ഥം വിദ്വാൻ കുറുപ്പനവർകൾ സ്വഭാഷയിലേക്കു കൊണ്ടുവന്നതെന്തിനാണ്?'' എന്നും വള്ളത്തോൾ ചോദിക്കുന്നു.

വള്ളത്തോൾ എഴുതാത്തതും നിരൂപകന്റെ പേരു പറയാതെ ആത്മപോഷിണിയിൽ പ്രസിദ്ധംചെയ്തിരുന്നതും ആയ ഒരു നിരൂപണത്തിന്നു നേരിട്ട ഒരു അപവാദത്തെക്കുറിച്ചു ഈ സന്ദർഭത്തിൽ ഓർമ്മവരുന്നു. മഹാകവി കുമാരനാശാന്റെ 'പ്രരോദനം' പ്രസിദ്ധപ്പെടുത്തിയ ഉടനെ അതിന്റെ ഒരു കോപ്പി ആശാൻ വള്ളത്തോളിന്നയച്ചുകൊടുത്തിരുന്നു. അതിനെ പ്രശംസിച്ചുകൊണ്ടു അദ്ദേഹം ആശാനു മറുപടി അയക്കുകയും അതൊരു മനോഹരകൃതിയായിട്ടാണ് തനിക്കു തോന്നിയതെന്നു മറൊരു സുഹൃത്തിന്നെഴുതുകയും ചെയ്തിരുന്നു. പക്ഷേ ആത്മപോഷിണിയിൽ 'പ്രരോദനം' നിരൂപണം തികച്ചും മണ്ഡനപരമായിരുന്നില്ല. ചില ദോഷങ്ങളും എടുത്തുകാണിച്ചിരുന്നു. സ്വാഭാവികമായി, ഇതു ആശാനെ അസന്തുഷ്ടനാക്കി. പുസ്തകത്തെ പ്രശംസിച്ചു തനിക്കു നേരിട്ടെഴുതിയ വള്ളത്തോളാണ് മാസികയിൽ അതിനെ പ്രതികൂലമായി വിമർശിച്ചതെന്നാണ് ആശാൻ ധരിച്ചത്. അതിനെപ്പറ്റി ആശാൻ 'ആത്മപോഷിണിയും പ്രരോദനനിരൂപണവും'* എന്നൊരു പ്രത്യാഖ്യാനമെഴുതിയതിലെ ആദ്യത്തെ വാചകം ഇതായിരുന്നു:—''കഴിഞ്ഞ മകരം കുംഭം ലക്കങ്ങളും ഒന്നായുള്ള ആത്മപോഷിണിയിൽ പത്രാധിപർ വള്ളത്തോളും നാരായണമേനോൻ അവർകളും എന്റെ നവീന കൃതികളിൽ ഒന്നായ 'പ്രരോദന'ത്തെ വിമർശിച്ചു അഭിപ്രായം പറഞ്ഞിരിക്കുന്നു.'' വിമർശം പ്രസിദ്ധ

* കുമാരനാശാന്റെ ''നിരൂപണങ്ങളും'' എന്ന പുസ്തകത്തിൽനിന്നു.

പ്പെടുത്തിയ 'ദയ'സ്സായി നന്ദിപറഞ്ഞുകൊണ്ട് ആശാൻ ഇങ്ങിനെ തുടർന്നു:—

'' 'ചിത്രയോഗ' മഹാകാവ്യംകൊണ്ട് പ്രശസ്തിനേടിയ 'മഹാകവി'യും ഇപ്പോഴും 'കേരള രവീന്ദ്രനാഥടാഗ്ഗൂർ' എന്ന അത്യൽകൃഷ്ടോപദാനത്താൽ ജനങ്ങളും സ്തുതിച്ചുവരുന്ന 'കവിതിലക'നുമായ ഈ മഹാന്റെ വിമർശനത്തിനു വിഷയമാകുന്നതുതന്നെ ഒരു കൃതിക്കു ചാരിതാർത്ഥ്യഹേതുവായിക്കരുതേണ്ട ദിക്കായിട്ടുണ്ട്. വിശേഷിച്ചും ആത്മപോഷിണി അദ്ദേഹത്തിന്റെ കീഴിലായതിൽപിന്നെ ഒന്നോ അരയോ പുറത്തിൽ അച്ചടിശാലകളിലെ പ്രൂഫ്വായനക്കാരുടെ മാത്രിരിയിലുള്ള ചില പിഴതിരുത്തൽകൊണ്ടു മാത്രം ഗ്രന്ഥപരിശോധന പൂർത്തിയാക്കാറുള്ള സാധാരണ പതിവിൽനിന്നു തെറ്റി 'പ്രരോദന'നിരൂപണത്തിനായി വിലയേറിയ എട്ടു പുറങ്ങളും ഉപയോഗിച്ച ആകൃതിയെ ബഹുമാനിച്ചതിനു പ്രത്യേകിച്ചു നന്ദിപറയേണ്ടതാവശ്യമാണ്.''

പുസ്തകനിരൂപണങ്ങളും എല്ലായ്പ്പോഴും പത്രാധിപർ എഴുതുന്നതായിക്കൊള്ളണമെന്നില്ല എന്ന സാധ്യതയെക്കുറിച്ചാലോചിക്കാതെ, പരിഹാസഗർഭമായി വള്ളത്തോളിനെപ്പറ്റി ഇങ്ങിനെ ചിലതെഴുതുവാൻ ആശാനെപ്പോലെയുള്ള ഒരു സഹൃദയൻ മുതിർന്നതു വലിയ നിർഭാഗ്യമായിപ്പോയെന്നല്ലാതെ എന്തു പറയും? 'പ്രരോദന' നിരൂപകൻ വള്ളത്തോളായിരുന്നില്ല. ആ നിരൂപണം ഗ്രന്ഥവിഹാരത്തിൽ ചേർക്കുന്നതു നിരൂപകനു സമ്മതമായിരുന്നില്ല; അതുകൊണ്ടാണ് നാലപ്പാടന്റെ നിരൂപണങ്ങളോടൊപ്പം അതു പുസ്തകത്തിൽ ഉൾപ്പെടുത്താതിരുന്നത്. എന്നിട്ടും പരിഭവം—മാത്രമല്ല പരിഹാസവും—അവശേഷിച്ചു!

മറ്റുള്ളവരെഴുതുന്ന അഭിപ്രായം, തന്റെ ആധിപത്യത്തിലുള്ള പത്രത്തിലായാലും, തന്റെ അഭിപ്രായത്തോടു യോജിച്ചതായിരിക്കണമെന്നു ഒരു പത്രാധിപരും നിർബന്ധിക്കുമെന്നു തോന്നുന്നില്ല. എന്തിനത്രത്തോളം പോകുന്നു? വ്യക്തിപരമായി വള്ളത്തോൾ പറയുന്ന അഭിപ്രായവും പത്രാധിപരുടെ നിലയിൽ പറയുന്ന അഭിപ്രായവും തമ്മിൽ പൊരുത്തപ്പെടാതിരുന്നതിനും ഉദാഹരണങ്ങളുണ്ട്. അങ്ങിനെയൊരുദാഹരണമാണ് ഈ. വി. രാമൻനമ്പൂതിരിയുടെ 'ഭാഷാ കണ്ണഭാര'ത്തെപ്പറ്റി ആത്മപോഷിണി പറഞ്ഞ അഭിപ്രായം. ''കണ്ണഭാരം കണ്ണാമൃതമായിരിക്കുന്നു എന്നു ഈ കണ്ണവികലൻ പറഞ്ഞാൽ ഭവാൻ പുഞ്ചിരിക്കൊള്ളുമായിരിക്കാം'' എന്നിങ്ങി

നെ കവി ഭാഷയിൽ രാമൻനമ്പൂതിരിക്കയച്ച ഒരെഴുത്തിൽ എഴുതിയ വള്ളത്തോൾ അതേ പുസ്തകത്തെ ആത്മപോഷിണിയിൽ നിരൂപണം ചെയ്തപ്പോൾ ''കവിതയിൽ കുറെക്കൂടി പരിചയിച്ചിട്ടു മതിയായിരുന്നു നമ്പൂരി അവർകൾ ഒരു മഹാകവിയുടെ കാവ്യത്തിൽ കൈവെയ്ക്കുക'' എന്നും മറ്റും ആണെഴുതിയത്. പത്രാധിപാഭിപ്രായം പൊതുജനാഭിപ്രായത്തിന്നു യോജിച്ചതായിരിക്കണം എന്ന വിചാരഗതിയാണ് ആ വിഭിന്നതയ്ക്കു കാരണമെന്നായിരുന്നു വള്ളത്തോളിന്റെ സമാധാനം. എന്നാൽ വാസ്തവത്തിൽ അങ്ങിനെയൊരു പൊരുത്തക്കേടു മനഃപൂർവ്വമായി വരുത്തിക്കൂട്ടേണ്ടതുണ്ടോ എന്ന ചോദ്യം ഇവിടെ അപ്രസക്തമായിരിക്കയില്ല. അന്നത്തെ ചില അഭിപ്രായഗതികളും ഒരു മഹാകവിയുടെ മനോവൃത്തിയ്ക്കനുരൂപമായിരിക്കുന്നില്ല എന്നാക്ഷേപിച്ച സുഹൃത്തുക്കളോടു വള്ളത്തോളിന്നു പറയാനുള്ള മറുപടി ഇപ്രകാരമായിരുന്നു:—''എന്റെ വ്യാപാരം ഒരു മഹാകവിയുടെ മനോവൃത്തിയ്ക്കനുരൂപമായിത്തീരുന്നതെങ്ങിനെ? എന്നിൽ മഹാകവിതാപം യുഷ്മാദൃശരായ സഹൃദയന്മാർ എന്തോ ഒരു പ്രതിപത്തി വിശേഷാൽ വെറുതെ ആരോപിച്ചതുമാത്രമാണല്ലൊ. ഹാ! ആ മഹനീയമായ പദം എവിടെ? ഈ കിഞ്ചിൽജ്ഞൻ എവിടെ?'' അത്യന്തം വിനയപൂർണ്ണമായ ഒരു മറുപടിതന്നെ; പക്ഷേ മുൻപറഞ്ഞ അഭിപ്രായ വൈവിധ്യത്തെ സാധൂകരിയ്ക്കുവാൻ ചിലരുടെ ദൃഷ്ടിയിൽ അതൊട്ടും പര്യാപ്തമായിരിക്കുകയില്ല.

കുട്ടിക്കൃഷ്ണമാരാരുടെ അവതാരിക അന്നു സാഹിത്യലോകത്തിൽ തെല്ലൊരു പ്രക്ഷോഭമുണ്ടാക്കി. ഗ്രന്ഥവിഹാരമായ സാഹിത്യോപനിഷത്തിന്റെ പലവിധത്തിലും അദ്വിതീയവും അത്യുത്തമവുമായ മഹിമയെ വെളിപ്പെടുത്തുകയായിരുന്ന അതിന്റെ ഉദ്ദേശമെങ്കിലും, വ്യാഖ്യാനമദ്ധ്യേ മാരാർ പ്രകാശിപ്പിച്ച സ്വന്തം അഭിപ്രായങ്ങളും പരാമർശങ്ങളും പലരെയും നീരസപ്പെടുത്തി. വള്ളത്തോളിന്റെ ഗ്രന്ഥനിരൂപണതത്ത്വങ്ങളെന്തെല്ലാമാണെന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങളുദ്ധരിച്ചും മറ്റും അവതാരികയിൽ വിസ്തരിച്ചു സ്ഥിതിയ്ക്കു, മാരാക്ക് ഇഷ്ടപ്പെടാത്ത ചില നിരൂപണങ്ങൾ (പേരുപറഞ്ഞും പറയാതെയും) എടുത്തുകാണിച്ചു, അവയെഴുതിയ 'പത്രാധിപനിരൂപക'ന്മാരെ അത്ര നിശിതമായ രീതിയിൽ അധിക്ഷേപിക്കേണ്ടിയിരുന്നില്ല എന്നായിരുന്നു പൊതുവെയുള്ള അഭിപ്രായം. തന്റെ പുസ്തകത്തിന്റെ അവതാരിക അങ്ങിനെയൊരു പ്രക്ഷോഭം ജനിപ്പിച്ചതിൽ വള്ളത്തോളിനും കുറച്ചൊരു വല്ലായ്മതോന്നിയിരുന്നു.

അക്കാലത്തെഴുതിയ ഗ്രന്ഥനിരൂപണങ്ങൾവഴിയ്ക്കു വള്ള

ത്തോളിന്നു ചില ആക്ഷേപങ്ങൾ കേൾക്കേണ്ടിവന്നു എങ്കിലും അതുകൊണ്ടു ക്ഷോഭിക്കുകയോ തന്റെ നിലപാടിൽനിന്നു അണുമാത്രം വ്യതിചലിയ്ക്കുകയോ അദ്ദേഹം ചെയ്തില്ല.

സാഹിത്യനിരൂപണസമ്പ്രദായം അന്നത്തേതിൽനിന്നു വളരെ മാറിയിട്ടുള്ള ഇക്കാലത്തു വള്ളത്തോളിന്റെ ഗ്രന്ഥവിഹാരരീതിയെ മാതൃകയായി സ്വീകരിക്കുന്നവർ അധികമുണ്ടോ എന്നു സംശയമാണു്. ഭാഷാശുദ്ധിയുടെ കാര്യത്തിൽ വളരെ നിഷ്ഠയുണ്ടായിരുന്നു വള്ളത്തോളിന്നു. നേരേമറിച്ചു് ഇന്നത്തെ നിരൂപണപദ്ധതിയിൽ ഭാഷാശുദ്ധിയ്ക്കു പറയത്തക്ക യാതൊരു സ്ഥാനവുമില്ല. പാണ്ഡിത്യംപോലെ, ഭാഷാപരമായ സംസ്കാരവും ഇന്നത്തെ സാഹിത്യ കൃതികളിൽ ഒരധികപ്പറ്റാണു്. ജനകീയതയ്ക്കു് അതൊരു വിലങ്ങുതടിയാണെന്നതായിരിക്കാം കാരണം. സാഹിത്യകൃതികളെ വിലയിരുത്തുന്നതിൽ ദീക്ഷിക്കേണ്ടുന്ന തത്വങ്ങളെപ്പറ്റി പലർക്കും പലതരത്തിലുള്ള അഭിപ്രായമാണിന്നുള്ളതു്. പാശ്ചാത്യരീതിയാണു് ചിലർക്കധികം പിടിച്ചിരിക്കുന്നതു്. സാഹിത്യത്തിന്റെ സ്വഭാവം, ലക്ഷ്യം, എന്നീ വിഷയങ്ങളെക്കുറിച്ചുള്ള അഭിപ്രായഭേദങ്ങളനുസരിച്ചു നിരൂപകന്റെ ഗ്രന്ഥസമീപനരീതിയും മാറിക്കൊണ്ടിരിക്കുന്നു. സാഹിത്യബാഹ്യങ്ങളായ മാനദണ്ഡങ്ങളെയും നിരൂപണപ്രക്രിയയിൽ പ്രയോഗിക്കാവുന്നതാണെന്നു കരുതുന്നവരും ഇല്ലായ്കയില്ല. ആസ്വാദകന്റെ നിലപാടിൽനിന്നുകൊണ്ടു ഗ്രന്ഥങ്ങളുടെ ഗുണദോഷങ്ങളെ പരാമർശിക്കുന്നതിന്നു പകരം ഒരു പരീക്ഷകന്റെ വിട്ടുവീഴ്ചയില്ലാത്ത മൻതീപ്പോട്ടുകൂടി അവയെ അപഗ്രഥനം ചെയ്യുവാനൊരുങ്ങുന്ന വിമർശകന്മാരും കുറവല്ല. ഒരു സാഹിത്യകൃതിയിൽ തനിയ്ക്കിഷ്ടപ്പെട്ട തത്ത്വസംഹിതകൾ വല്ലതും ഉൾപ്പെടുത്തീട്ടുണ്ടെങ്കിൽ അതിനെ മണ്ഡനപരമായും ഇല്ലെങ്കിൽ ഖണ്ഡനപരമായും നിരൂപണം ചെയ്യുവാനുള്ള പ്രവണത ഒരു നിഷ്പക്ഷ നിരൂപകന്റെ ലക്ഷണമാവുകയില്ല. തത്ത്വസംഹിതകളെക്കാൾ പ്രാധാന്യമർഹിക്കുന്ന മറ്റു ചില മൂല്യങ്ങളാണു് ഉത്തമസാഹിത്യത്തിന്നുണ്ടായിരിക്കേണ്ടതെന്ന പരമാർത്ഥത്തെ അവഗണിച്ചുകൊണ്ടുള്ള നിരൂപണക്രമം സാഹിത്യനിർമ്മാതാക്കളെ കല്പിച്ചുകൂട്ടി അവമാനിക്കുകയാണു് ചെയ്യുന്നതു്. സാഹിത്യകാരന്മാരുടെ സർഗ്ഗാത്മകപ്രക്രിയയെക്കാൾ മേത്തരമായ ഒരു സാമൂഹ്യസേവനമാണു് സംഹാരാത്മകമായ നിരൂപണംകൊണ്ടു തങ്ങൾ ചെയ്യുന്നതു് എന്നു സ്വയം അഭിമാനിക്കുന്ന നിരൂപകന്മാരെയാണു് ചില പ്രശസ്ത പാശ്ചാത്യ കവികൾ 'സാഹിത്യത്തിന്റെ തലയിലെ പേനുകൾ' എന്നും 'സാഹിത്യ സൌധത്തിലേക്കുള്ള പ്രവേശം തടയുന്ന കാവൽ നായ്ക്കൾ' എന്നും മറ്റും വിളിച്ചുധി

ക്ഷേപിച്ചിട്ടുള്ളത്. വാസ്തവത്തിൽ, ഒരു കൃതിയുടെ പിന്നിലുള്ള മനോധർമ്മത്തിന്റെ ശരിയായ നിദ്ധാരണമായിരിക്കണം നിരൂപണത്തിന്റെ ആത്യന്തികലക്ഷ്യം. അപ്പോഴാണ് നിരൂപകൻ നിർമ്മാതാവിന്റെ നിലപാടുമായി യോജിപ്പിലെത്തുന്നത്. അതല്ലാതെ, നിർമ്മാതാവിന്റെതിൽനിന്നു വിഭിന്നമായ ഒരു നിലപാടു സ്വീകരിച്ചുകൊണ്ടുള്ള നിരീക്ഷണം നിരൂപ്യവസ്തുവോടു നീതികാണിക്കുന്നതായിരിക്കുകയില്ല.

വള്ളത്തോൾ ഒരു ഗ്രന്ഥ നിരൂപകന്റെ നിലയിൽ വിജയിച്ചിരുന്നുവോ എന്ന ചോദ്യത്തിനു കിട്ടുന്ന ഉത്തരത്തിൽ ഐകകണ്ഠ്യം ഇല്ലാതിരിക്കുവാനാണെളുപ്പം. ആധുനികരീതിയുമായി താരതമ്യപ്പെടുത്തുമ്പോൾ, പ്രത്യേകിച്ചും, വള്ളത്തോളിന്റെ നിരൂപണസമ്പ്രദായത്തിൽ പല വൈകല്യങ്ങളും കണ്ടേക്കാം. കാലത്തിന്റെതുമാത്രമല്ല പരിശീലനത്തിന്റെയും വ്യത്യാസംകൊണ്ട് ഇന്നത്തെ നിരൂപണമാനദണ്ഡം വള്ളത്തോളിനു യോജിക്കുകയില്ല. പക്ഷേ ഒരു കാര്യം തീച്ചയാണ്. ഒരു തികഞ്ഞ സാഹിത്യകാരനെന്ന നിലയിൽ സാഹിത്യത്തിനു വേണ്ടുന്ന ഗുണങ്ങളെസ്സംബന്ധിച്ചു വള്ളത്തോളിനുണ്ടായിരുന്ന അഭിപ്രായങ്ങൾ ആലോചനാർഹങ്ങളാണ്. സാഹിത്യത്തിന്റെ ഭാവരൂപങ്ങളെപ്പറ്റി നവീനന്മാക്കിടയിൽ ചില അഭിപ്രായഭേദങ്ങൾ പിന്നീട് പൊന്തിവന്നപ്പോൾ, ഭാവം നന്നായാൽ രൂപം താനേ സുന്ദരമായിക്കൊള്ളും എന്നു വാദിച്ചവരുണ്ടായിരുന്നു. വള്ളത്തോളിനു ആ സിദ്ധാന്തം ഒട്ടും സ്വീകാര്യമായിരുന്നില്ല. ഭാവത്തെ അനുരൂപമായ രൂപത്തിൽ പ്രകാശിപ്പിക്കുവാൻ കെല്പുണ്ടെങ്കിലേ ഒരാൾക്കു സാഹിത്യത്തെക്കൊണ്ടു അതിന്റെ ധർമ്മം നിർവ്വഹിപ്പിക്കുവാൻ കഴിയൂ എന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. കാളിദാസൻ ശാകുന്തളനിർമ്മിതിയ്ക്കു ഏഴു വർഷം ചിലവാക്കിയത് ഭാവത്തിനല്ല, രൂപത്തിനുവേണ്ടിയാണ്. ശാകുന്തളസംബന്ധിയായ ആശയം പത്തു നിമിഷംകൊണ്ടു കാളിദാസനു തോന്നിയിട്ടുണ്ടാകും; ആർക്കും തോന്നുകയുമാകാം. ആ ഭാവത്തെ അനുരൂപമായ രൂപത്തിൽ പ്രകാശിപ്പിപ്പാനാണ് അദ്ദേഹം പ്രയത്നിച്ചതൊക്കെ. എല്ലാ ഉത്തമകൃതികളെസ്സംബന്ധിച്ചും ഇതാണ് സ്ഥിതി. രൂപത്തെക്കുറിച്ചു നവീനപണ്ഡിതന്മാരിൽ ചിലർ കാണിക്കുന്ന അനാസ്ഥ നല്ല വാസനയുള്ള യുവാക്കന്മാരെ വഴിപിഴപ്പിക്കുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു എന്നും വള്ളത്തോൾ ഒരവസരത്തിൽ പ്രസ്താവിച്ചിരുന്നു. രചനാവിഷയത്തിൽ വള്ളത്തോളിനുണ്ടായിരുന്ന നിഷ്കർഷയുടെ പിന്നിലുള്ള മനോഭാവവും ഈ അഭിപ്രായഗതിയെ അനുസരിച്ചതാണ്. ഒരു പദ്യത്തിലെ പദഘടനയെയോ പദലാളിത്യത്തെയോ മാത്രമാ

ശ്രയിക്കുന്നതല്ല രചന. ശ്രവണസുഖത്തെ മുൻനിത്തി ചില പദങ്ങളുപയോഗിച്ചതുകൊണ്ടുമാത്രം രചന നന്നായിക്കൊള്ള ണമെന്നുമില്ല. സന്ദർഭോനുയോജ്യമായ അത്ഥസ്ഫുരണത്തിന്നു അ നായാസേന സഹായകമായിത്തീരുന്നതായിരിക്കണം പദഘ ടന. ആശയമുണ്ടായാൽമാത്രം പോരെന്നും അതു ഹൃദയാവജ്ജ കമായ രൂപത്തിൽ പ്രകാശിപ്പിക്കുകകൂടി വേണമെന്നും അത്ഥം. അതിൽ സവിശേഷം മനസ്സിരുത്തിയിരുന്ന വള്ളത്തോളിന്നും അതിന്റെ അഭാവം മറ്റു ചിലരുടെ കവിതയിൽ കാണു മ്പോഴും, ആശയപരമായി ആ കവിതയ്ക്കു എന്തുതന്നെ മേന്മയു ണ്ടെങ്കിലും രചനാപരമായ ആ ന്യൂനതയെ കശ്നമായി വിമ ശിക്കാതിരിക്കുവാൻ മനസ്സു സമ്മതിച്ചിരുന്നില്ല. വള്ളത്തോ ളിന്റെ നിരൂപണസമ്പ്രദായത്തെപ്പറ്റി അഭിപ്രായം പ്രകാ ശിപ്പിക്കുന്നവർ ഈ സംഗതികൂടി ഓർമ്മിക്കുന്നത് നന്നായി രിക്കും.

പതിമൂന്നാം അധ്യായം

മംഗലനമറിയം

'ചിത്രയോഗ'ത്തിന്റെ ആവിർഭാവത്തിന്നു ശേഷമുള്ള പന്തീരാണ്ടു കാലത്തിനിടയിൽ വള്ളത്തോളിന്റെ സാഹിത്യ ജീവിതം ഒരു പുതിയ പതനത്തിലെത്തി. പഴയ വള്ളത്തോളെ നാരായണമേനോൻ സാക്ഷാൽ വള്ളത്തോളായി മാറിയത് അക്കാലത്താണ്. കേരളത്തിനകത്തും പുറത്തും ഉണ്ടായിക്കൊണ്ടിരുന്ന നവചൈതന്യത്തിന്റെ സ്പന്ദനങ്ങളെ ഉൾക്കൊള്ളുവാനും അവയെ കവിതയിൽ പ്രതിഫലിപ്പിക്കുവാനും സാധിച്ചു എന്നതാണ് ആ പരിവർത്തനത്തിന്റെ സവിശേഷത.

മൂന്നു പ്രമുഖവ്യക്തികളാണ് ഈ പരിവർത്തനഘട്ടത്തിൽ സമുന്നതശീർഷരായി മലയാളസാഹിത്യത്തെ സമുജ്ജ്വലമാക്കിത്തീർക്കുവാൻ പ്രയത്നിച്ചത്. ആശാനും ഉള്ളൂരും വള്ളത്തോളും സമകാലീനരായതു യാദൃച്ഛികമായിട്ടാണെങ്കിലും അത്ഥവത്തായിരുന്നു. പഴയ പാരമ്പര്യങ്ങൾക്കു വിധേയരായി സാഹിത്യരംഗത്തിൽ പ്രവേശിച്ച ഈ മൂന്നു പേരും കാലത്തിന്റെയും പരിതസ്ഥിതികളുടെയും പ്രചോദനങ്ങൾക്കു വശംവദരായി യാഥാസ്ഥിതികതയുടെ ശൃംഖലാബന്ധത്തിൽനിന്നു കാലാന്തരത്തിൽ വിമുക്തിനേടി. ഏ. ആർ. രാജരാജവർമ്മത്തമ്പുരാന്റെ നേതൃത്വത്തിൽ നവസരണിയിലേക്കു ആദ്യം കാലെടുത്തുവെച്ചത് ആശാനാണ്. ഉള്ളൂരിനെയും വള്ളത്തോളിനെയുംപോലെ അത്രയധികംകാലം ആശാൻ പഴയ പന്ഥാവിൽ പര്യടനംചെയ്യുകയോ തങ്ങിനില്ക്കുകയോ ചെയ്തില്ല. സംസ്കൃതപാണ്ഡിത്യത്തിന്നു പുറമെ, ലോകപരിചയവും പാശ്ചാത്യവിദ്യാഭ്യാസവും ഉണ്ടായിരുന്നതുകൊണ്ടു അദ്ദേഹത്തിന്നു പുതുമയിലേക്കുള്ള സംക്രമണം സുകരവും സ്വാഭാവികവുമായി തോന്നിയിരിക്കാം. ഉള്ളൂരിന്നു ആശാനെക്കാളധികം ആധുനികവിദ്യാഭ്യാസത്തിന്റെ ആനുകൂല്യമുണ്ടായിട്ടും പ്രാചീനരീതിയോടുള്ള അഭിരുചിയിൽനിന്നു വിട്ടുതികിട്ടുവാൻ അധികം കാലതാമസം നേരിട്ടു. എങ്കിലും കാലം മാറിയെന്നു തീർച്ചയായപ്പോൾ അദ്ദേഹവും അതിന്നനുരൂപമായി അനുവർത്തിക്കുവാൻ മടികാണിച്ചില്ല. ആംഗലഭാഷാഗന്ധം ലഭിക്കാ

ത്ത വള്ളത്തോളാകട്ടെ, നവനാഗരികതയുടെ സീമയിൽനിന്നു വളരെ അകന്നു, പഴയ രീതിയിൽ നിർബാധമായി സാഹിത്യസേവനം നടത്തിവരികയായിരുന്നു. എന്നിട്ടും പുതിയ മാതൃകകളുമായി ഇണങ്ങിച്ചേരുവാൻ അദ്ദേഹത്തിന്നു തീരെ പ്രയാസമുണ്ടായില്ല. ഈ മൂന്നു കവിപ്രവരന്മാരുടെയും കാവ്യപഥസഞ്ചാരത്തിന്റെ ക്രമം എന്തായിരുന്നു എന്നു ചൂണ്ടിക്കാണിക്കുവാൻമാത്രമാണ് ഇത്രയും പറഞ്ഞത്; യാതൊരു താരതമ്യവിവേചനവും ഉദ്ദേശിച്ചല്ല.

പുതുമയിലേക്കുള്ള ഈ മാറ്റം ചിലക്കു അഭിമതമായിരുന്നില്ല. 1093 കക്കടകത്തിൽ (1918) എഴുതിയ ''ശിഷ്യനും മകനും'' ''ഉണ്ണാനില്ല ഉടുപ്പാനില്ല'' എന്നീ രണ്ടു കൃതികളെപ്പറ്റി പണ്ഡിതർ ഈ. വി. രാമൻനമ്പൂരി പ്രകാശിപ്പിച്ച അഭിപ്രായങ്ങൾതമ്മിലുള്ള ഭിന്നത അതിനൊരുദാഹരണമാണ്. ആദ്യത്തേത് പുരാണകഥയാണെന്ന കാരണത്താൽ സ്വീകാര്യമായും രണ്ടാമത്തേത് നവീനസ്ഥിതികളുടെ ചിത്രീകരണമെന്നനിലയിൽ അസ്വീകാര്യമായും തീർന്നതു വെറും യാഥാസ്ഥിതികതകൊണ്ടുമാത്രമായിരുന്നു. കാവ്യഗുണംകൊണ്ടു ഒട്ടും അവഗണ്യമായിരുന്നില്ല 'ഉണ്ണാനില്ല, ഉടുപ്പാനില്ല' എന്ന കവിത.

ഏതായാലും വള്ളത്തോളിന്റെ കവിത്വം പൊതുസമ്മതി നേടിക്കഴിഞ്ഞു എന്നതിന്നു 1094 കന്നിയിൽ കൊച്ചി വലിയ തമ്പുരാന്റെ ഷഷ്ടിപൂർത്തിപ്രമാണിച്ചു സമ്മാനിക്കപ്പെട്ട 'കവിതിലക'സ്ഥാനം സാക്ഷ്യംവഹിക്കുന്നുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണി, വരവൂർ ശാമുമേനോൻ, ഉള്ളൂർ പരമേശ്വരയ്യർ, പന്തളം കേരളവർമ്മത്തമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ എന്നിവരായിരുന്ന അതേ സ്ഥാനംകൊണ്ടു ബഹുമാനിക്കപ്പെട്ട മറ്റു കവികൾ. പ്രായംകൊണ്ടു വള്ളത്തോളും പന്തളവുമായിരുന്ന ഇവരിൽവെച്ചു ഏറ്റവും ചെറുപ്പം. (രണ്ടുപേരും സമവയസ്കരായിരുന്നു.) ബിരുദദാനത്തെപ്പുരസ്കരിച്ചു വള്ളത്തോൾ മഹാരാജാവിന്നു സമർപ്പിച്ച ശ്ലോകങ്ങൾ ഇവിടെ ചേർക്കാം:—

നാനാജാതി പ്രജൌഘത്തിനുമവരവർ തൻ
ഭാവനാമൂർത്തിയായി
ത്താനാവോളം ജയിപ്പൂ ശുഭഗുണമയി
ഗോശ്രീശ ഷഷ്ട്യബ്ദപൂർത്തി
ദാനാദ്യുന്നിദ്രയാമബ്ഭഗവതിയൊരു തൃക്ക
ണ്മുനക്കോണെറിഞ്ഞീ
ഞാനാം മൂകന്നുമേകീ 'കവിതിലക'പദം
ഹന്ത! കാമാക്ഷിപോലേ.

ഈ മന്ദാത്മാവുഞാനെ,ങ്ങരിയ സുകൃതികൾ
ക്കെന്നിയേ ഹൃത്തുകൊണ്ടും
കാമത്താൽത്തൊട്ടുകൂടാത്തൊരു കവിതിലക
സ്ഥാനമെങ്ങത്യുദാരം?
ഹാ മറെറന്തിത്രദൂരം ലഘുവിവനുമയ
ന്നീടിനേൻ മാടരാജ
ശ്രീമൽഷഷ്ട്യബ്ദപൂർത്ത്യുത്തരള പരിമള
ത്തെന്നലാൽ പഞ്ഞിപോലേ.

സൈ്വരംതാവക സുപ്രസാദകലയാൽ
ക്കൈവന്നിതിശ്ശോഭനോ
ദാരസ്ഥാനമൊരല്പനാമടിയനും
രാജാഹ്തേജോനിധേ!
സൂരൻതൻ കിരണാങ്കുരം പതിയുകിൽപ്പാ
ഴായ്ക്കിടക്കുന്ന വെ
ള്ളാരങ്കല്പമനഘ്ല വൈരമണിയെപ്പോ
ലായ്ത്തിളങ്ങില്ലയോ?

ഏതാനും കൂട്ടിവായിപ്പതിനുമപടുവാ
മെൻ കവിതപക്കിടാവേ!
മാതാവെപ്പോലെ മാടക്ഷിതിരമണ കൃപാ
ലക്ഷ്മി നിൻനെററിതന്മേൽ
ഹാ! താലോലിച്ചു ചേർക്കും തിലകമിതഴ
കിന്നല്ല രക്ഷാർത്ഥമത്രേ
നീ തായാടാതെ തച്ചേവടികളിൽ നിയതം
ചെയ്തു സാഷ്ടാംഗപാതം.

കവിതയുടെ വിശ്വജനീനമായ സൌഭാഗ്യത്തെസ്സംബന്ധിച്ചു ഇതിനിടയ്ക്കു വള്ളത്തോളിന്നൊരുറച്ച പിടിപാടുണ്ടായിക്കഴിഞ്ഞിരുന്നു. 'കവിതിലക'നെന്ന ബിരുദത്തിന്നു സർവ്വഥാ അർഹതയുണ്ടെന്നു പല കവിതകൾകൊണ്ടും അദ്ദേഹം വെളിപ്പെടുത്തുകയുംചെയ്തിരുന്നു. തന്റെ സങ്കല്പത്തിൽ കവിതയെങ്ങിനെയിരിക്കണമെന്നു സമർത്ഥിക്കുന്ന ഒരു കവിതയും* വള്ളത്തോൾ അക്കാലത്തെഴുതി.

മോഹിക്കേണ്ടുമഖണ്ഡകീർത്ത്യുദുനിര
സ്സ്തോമൽത്രിയാമാഗമം,
ദാഹിയ്ക്കും മതിചാതകിയ്ക്കു പുതുതാം
കാദംബിനീകന്ദളം

* "കവിത"—സാഹിത്യമഞ്ജരി—ആറാം ഭാഗം.

സാഹിത്യത്തിരുമാറിടത്തിനു മഹാ
നീലപ്പുതക്കം, ജഗൽ
സൌഹിത്യത്തിനുലാലസിപ്പു കവിതാ
ലക്ഷ്മീ കടാക്ഷാഞ്ചലം.

'കാവ്യം യശസേ' എന്ന പൂർവികമതം സ്മരിച്ചുകൊണ്ടായിരിക്കണം ഇതിലെ ആദ്യത്തെ പാദം എഴുതിയത്. രസോദ്ദീപകമായ ഏതു വസ്തുവിലും കവിതയുടെ കമനീയരൂപം നിഴലിച്ചുകാണുവാൻ കെല്പുള്ളതായിരുന്നു വള്ളത്തോളിന്റെ പ്രതിഭ.

മാനംചേന്ന ഭടന്റെ മിന്നൽചിതറും
കൈവാളിളക്കത്തിലും
മാനഞ്ചുംമിഴിതൻ മനോരമണനിൽച്ചാ
യുന്ന കൺകോണിലും
സാനന്ദംകളിയാടിടുന്ന ശിശുവിൻ
തൂവേപ്പുണിപ്പൂങ്കവിൾ
സ്ഥാനത്തും നിഴലിച്ചുകാണ്മു കവിതേ!
നിൻ മഞ്ജുരൂപത്തെ ഞാൻ.

സൌന്ദര്യത്തെ അതിന്റെ അത്യുച്ചവും പരിശുദ്ധവുമായ ഭാവത്തിൽ കാണിച്ചുതരികയാണ് കവിതയുടെ പ്രധാനലക്ഷ്യമെന്നു വള്ളത്തോൾ വിശ്വസിച്ചിരുന്നു:

ആരമ്യദ്യുതി നിന്നപാംഗമുന താൻ
സൌഭാഗ്യസൌധോത്തമ
ദ്വാരം ദേവി! തുറന്നുവെച്ചൊരു മണി
ത്താക്കോലശേഷക്കുമേ.
സ്വൈരംനിൻ കനിവിന്നൊരിക്കലുമയേ ലാ
ക്കായ് ഭവിക്കായ്കിലോ
ധീരൻ ഭീരു, ബുധൻ ജഡൻ, ഗിരി തൃണം,
ഭൂപാലകൻ യാചകൻ!

ധീരതയും ബുധത്വവുമാണല്ലൊ സൌഭാഗ്യലക്ഷണങ്ങൾ. അതുപോലെതന്നെ, ഉച്ചത്വത്തിലാണ് സൌന്ദര്യം; നീചത്വത്തിലല്ല.

കുറെ മുമ്പൊരിക്കൽ ഒരു 'ഭാവന'യിൽ കണ്ട അനഘമനോഹരമായ ദിവ്യതേജസ്സു വീണ്ടും കവിയുടെ ദൃഷ്ടിയ്ക്കു ഗോചരമായി. ഈ പ്രാവശ്യം അതിന്നു പൂർവ്വാധികം തെളിവും പ്രകാശവും ഉണ്ടായിരുന്നു.

അല്പാകും മറനീങ്ങി വെണ്മവിലസീ,
പൊൻകാലച്ചിലമ്പൊച്ചയോ
തെല്പാരാൽ നിശമിപ്പ, തുറൊരനഘ
ജ്യോതിസ്സിതാ മുന്നിൽമേ.
എല്പാം സാധിതമിന്നെനിസ്സനുപമാ
നന്ദൈക സാന്ദ്രം ജഗ
ത്ത——ല്പാ വീണ്ടുമിരുട്ടു; നിന്നുടൽ മറ
സ്സാസ്സെൻ മനോനായികേ!

കവിതയുടെ സ്മരണത്തിൽ അനുഭവപ്പെടുന്ന നിർവൃതിയുടെയും അതു മങ്ങുമ്പോഴം ബാധിക്കുന്ന മനോമാന്ദ്യത്തിന്റെയും സൂചനകളാണിതിൽ കാണുന്നത്. യഥാർത്ഥകവികളുടെ അനുഭൂതികളെ എങ്ങിനെയാണിതിലും തന്മയത്വത്തോടുകൂടി വർണ്ണിക്കുക? വാസ്തവത്തിൽ ആ അനുഭൂതികളം വർണ്ണനാതീതങ്ങളാണ്. കവിതാസൃഷ്ടിയ്ക്കു ഒരു തപസ്യതന്നെ ആവശ്യമാണെന്നു പറയുന്നതിന്റെ രഹസ്യം മറൊന്നല്ല.

സൌന്ദര്യാരാധകനായ വള്ളത്തോളിനെ അക്കാലത്തുണ്ടാക്കിയ പല കൃതികളിലും നമുക്കു കാണുവാൻകഴിയും. വള്ളത്തോളിന്റെ കവിതതന്നെ 'അഷ്ടമംഗലമണിത്താലം' വഹിച്ചുകൊണ്ടു സൌന്ദര്യദേവതയെ എതിരേല്ക്കുന്ന ഒരു രംഗത്തെയാണ് 1094 മേടത്തിൽ എഴുതിയ 'രാവണന്റെ അന്തഃപുരഗമനം'* എന്ന കവിത ആവിഷ്കരിക്കുന്നത്. 'ഔഷധാഹരണം' ആട്ടക്കഥയിലെ രാവണനു ആടാൻവേണ്ടി എഴുതിയ അതിലെ ശ്ലോകങ്ങളം അതിമനോഹരങ്ങളാണ്. ബ്രഹ്മാസ്ത്രം പ്രയോഗിച്ചു വാനരസൈന്യത്തെ നിർവീര്യമാക്കി തന്റെ മകൻ ബാലിവൈരിയെ നിലം പൊത്തിച്ച വർത്തമാനം കേട്ടു സന്തുഷ്ടനായ ലങ്കേശ്വരൻ 'അന്തസ്സൌകുമവന്റെയംബികയെ'യൊന്നറിച്ചുകൊംവാൻവേണ്ടി മന്ദോദരീമന്ദിരത്തിലേക്കെഴുന്നള്ളുന്നതാണ് സന്ദർഭം. കഥകളിയിലെ അഭിനയമർമ്മമറിയുന്ന ഒരു കവിയ്ക്കുല്ലാതെ അങ്ങിനെയൊരു മനോധർമ്മം ഉദിക്കുകയില്ല. നായകന്റെ ഗാംഭീര്യത്തിനും ആത്മാഭിമാനത്തിനും അനുയോജ്യമായ സ്തോഭം ഉംക്കൊള്ളുന്നതാണതിലെ കവിതാരീതി.

ഹന്ത! ക്രീഡയിലിക്കരം കടപറി
ച്ചിട്ടോരു വെള്ളാനതൻ
ദന്തത്താൽ മഘവോപലക്കുമിളയും വെ
ച്ചെൻ പ്രസാദാത്മായ്

* സാഹിത്യമഞ്ജരി——മൂന്നാം ഭാഗം.

വിൺതച്ചൻ വിരചിച്ച പാദുകകളെ
സ്വൈരം ത്രിലോകീമലർ
പ്പെൺതയ്യത്ര തലോടുമെന്നടികളിൽ
ച്ചേക്കുന്ന ചേടീജനം.

മകൻ ഇന്ദ്രനെ ജയിച്ച വീരനാണെങ്കിൽ അച്ഛന്റെ വീര്യപ രാക്രമങ്ങൾ അതിലും മേലെയാണെന്ന ആശയം വരുത്തുവാൻ വേണ്ടി ദേവലോകത്തിലെ എതെല്ലാം വിഭ്രതികളെയാണി തിൽ ഔചിത്യബോധത്തോടുകൂടി കവി അവതരിപ്പിച്ചിരി ക്കുന്നതെന്നു നോക്കുക! സർവ്വതോസുന്ദരമായ മന്ദോദരീമന്ദിരം അടുക്കുന്തോറും പരിവാരങ്ങളോരോന്നായി പിന്മാറുന്നതിനെ വർണ്ണിക്കുന്നതിൽ രാവണന്റെ അധ്യാത്മികപ്രവണതയുടെ സൂ ചനകൂടി ഭംഗ്യന്തരേണ കവി ഘടിപ്പിച്ചതായിത്തോന്നുന്നു.

ഈടേറും മണിമഞ്ജുമച്ചിനൊടടുക്കുംതോറു
മെന്നെക്രമ
ത്തോടേ വിട്ടുപിരിഞ്ഞിടുന്നിതു പരീവാരങ്ങ
ളേകൈകരായ്.
കേടേലാതുരുചിത്സമാധിനിലയിൽക്കേറുന്ന
യോഗീന്ദ്രനെ
പ്പാടേ തൽക്കരണപ്രവൃത്തികളുപേക്ഷിക്കുന്ന
തിൻവണ്ണമേ.

ഇങ്ങിനെ പതിപ്രേമശ്രീയുടെ പൊന്നുചേവടികളിൽ സ്വഭുജ പ്രതാപജിതമായ മുപ്പാരിനെയും കാണിയ്ക്കയായ്വെച്ച രാമ വൈരിയായ ലങ്കേശ്വരനെ എതിരേല്ക്കുവാൻ മാണിക്യമഞ്ച ത്തിൽനിന്നെഴുന്നേറു വരുന്ന മന്ദോദരിയുടെ മനോമോഹനമാ യ ചിത്രം കാണിച്ചുതന്നുകൊണ്ടാണ് ഈ രംഗത്തിന്മേൽ കവി തിരശ്ശീലവീഴ്ത്തുന്നത്. കണ്മുന്നിൽനിന്നു മറഞ്ഞാലും മന സ്സിൽനിന്നു മായാൻ കൂട്ടാക്കാത്തതാണ് ആ ചിത്രം.

വിഷയം തീരേ വ്യത്യസ്തമാണെങ്കിലും പ്രതിപാദനസാ മ്യംകൊണ്ടു അതേ വഴ്ത്തിൽ പെടുത്തേണ്ട മറെറാരു കൃതിയാ ണ് 1095 ധനുവിൽ എഴുതിയ 'ഒരു സന്ധ്യാപ്രണാമം,' (സാ: മ: 3) വൈകുന്നേരത്തെ നിസ്സാരത്തിനൊരുങ്ങുന്ന ഒരു 'മാഹ ത്മ്യമങ്ക'യുടെ നിസർഗ്ഗസുന്ദരമായൊരു ചിത്രമാണിത്. നേരം സന്ധ്യയാവാറായി. മറയാൻപോകുന്ന മാർത്താണ്ഡൻ ഒരു കൊച്ചുപുരയുടെ 'അന്തിസ്സമീരസ്സുരൽത്തെങ്ങോലപ്പുഴതിങ്കലൂ ടെ' എത്തിനോക്കുന്നു. കോലായിൽ 'മാരിക്കാറണിചുഴമി ന്നുകല'പോലെ മനോജ്ഞാംഗിയായ ഒരു ജോനകത്തരുണി വായുകോണിനെ അഭിമുഖീകരിച്ചുനില്ക്കുന്നു. അവളുടെ കൊ

ച്ചിളംപൈതൽ അടുത്തു മണ്ണിൽ കളിച്ചുകൊണ്ടിരിക്കുന്നു. പരിഷ്കാരിണികളായ നാഗരികാംഗനമാർ 'പൂമച്ചിൽ പുതുമോടി ചേർക്കുവാൻ' തുടങ്ങുന്ന ആ ദിനാന്തവേളയിൽ ആ ഗ്രാമീണയുവതിയാകട്ടെ നിഷ്പമ്പയായ് സന്ധ്യയെ ഉപാസിക്കുവാനുള്ള ഒരുക്കമാണ്. പ്രഭാകടുംബങ്ങളിലെ സ്ത്രീകൾ ചന്ദനാദികൾകൊണ്ടു തിലകം തൊടുമ്പോൾ ഒരു കൂലിപ്പണിക്കാരന്റെ കെട്ടിയവളായ ഈ പെങ്കിടാവു സന്ധ്യയുടെ പാദധൂളികൾകൊണ്ടു നെറ്റിയ്ക്കു സൌഭാഗ്യം വരുത്തുവാനുദ്യമിക്കുകയാണ്. ഇതാണ് ആ സൌഭാഗ്യശാലിനിയുടെ ചിത്രം:—

പൈന്തിങ്കൾത്തെളിനെറ്റി ചെറുമറയും
മാറായി നീലാഞ്ജന
ച്ചാന്തിൻ ചേലണിവേണിതൻ തലയിലി
ട്ടിട്ടുള്ള ശുഭ്രാംബരം
കാന്തിപ്പെട്ടനിതംബമണ്ഡല മണൽ
ത്തിട്ടിങ്കലൂടേ മന
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴകി
ച്ചുംബിപ്പു കാൽപ്പൂവിനെ.

പൂവൽക്കയ്യകളാൽ മുൻവശത്തു രശനാസ്ഥാ
നത്തിലപ്പിച്ചിതാ
ദേവൻതൻകഴൽ മൌലിയാൽ മുകരുവാൻ
കുമ്പിട്ട നില്പാകയാൽ
താവൽക്കഞ്ചുക സംവൃതസ്തനഭര
വ്യാനമ്രകമ്രാംഗിതൻ
തൂവക്രൂരംഹഹ! തണ്ടൊടിഞ്ഞ നളിനം
പോലേ വിളങ്ങുന്നിതേ.

യുവതി 'കാൽമടമ്പുകൾ നിതംബാന്തം തൊട്ടമ്മാറിരുന്നു' നിമീലിതാക്ഷിയായി ധ്യാനാമൃതത്തിൽ മുഴുകുന്ന തക്കംനോക്കി അവളുടെ ചെറുപൈതൽ അടുക്കലേക്കോടിവരുന്നു. അപ്പോൾ കവി പറയുകയാണ്:

പോയാലും പൊടിയിൽക്കളിപ്പതിനു താൻ
നിന്നമ്മതൻ മേനിയിൽ
ചായാനും മറിയാനുമിത്തിരി കഴി
ഞ്ഞാവാമിളം പൈതലേ!
നീയാകും നിധിയെക്കൊടുത്ത പരമോദാ
രന്റെ പാദാരുണ
മ്ലായാചാതുരി നേർക്കു കണ്ടൊരു ലയം
പ്രാപിച്ചിരിപ്പാണിവൾ.

തെല്ലിടകൊണ്ട് അവൾ ധ്യാനം നിത്തി കണ്ണു തുറന്നു. അപ്പോ ഴേക്കതാ അവളുടെ പ്രാത്ഥന കേട്ടിട്ടെന്നപോലെ ത്രിജഗതീ നാഥന്റെ തൃക്കൈകൊണ്ട് കടിലിൻ മേൽഭാഗത്തുള്ള ആകാശ വീഥിയിൽ അനവധി സുവർണ്ണനാണ്യങ്ങൾ വാരിവീതച്ചിരി ക്കുന്നു! എത്ര പ്രശാന്തരമണീയമായ ഒരു ചിത്രം!

ഇതേ സൌന്ദര്യബോധത്തിൽനിന്നുറവെടുത്തതാണ് 'മദ ലനമറിയം.' അതിന്നാധാരമായ ഇതിവൃത്തം ലൂക്കോസിന്റെ സുവിശേഷത്തിലുള്ളതാണ്. ഹൃദയസ്പൃശിയായ ഒരു കഥാ ബീജം കണ്ടുകിട്ടിയാൽ അതിനെ നട്ടുവളത്തി പല്ലവപുഷ്പശോ ഭിയായ ഒരാരാമവൃക്ഷമാക്കിത്തീർക്കുവാൻ വള്ളത്തോളിന്റെ ഭാവനയ്ക്കൊരു സവിശേഷമായ വാസനയുണ്ടായിരുന്നു. ആത്മ പോഷിണിയുടെ പത്രാധിപത്യംവഹിച്ചുകൊണ്ട് കവി കുന്നംകുളത്തു പാർത്തകാലത്ത്, യേശുമശീഹയുടെ പീഡാനുഭവത്തെ പ്രാത്ഥനാരൂപത്തിൽ പ്രതിപാദിക്കുന്ന ഒരു പുസ്തകം വള്ള ത്തോൾ കാണുകയുണ്ടായി. ആത്മപോഷിണി മാനേജരായി രുന്ന ഡീക്കൺ പി. ജോസഫ് (ദിവ്യശ്രീ പുലിക്കോട്ടിൽ യോസേഫ് ശെമ്മാച്ചൻ) സിറിയൻ ഭാഷയിലുള്ള ആ പുസ്ത കത്തെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുകയായിരുന്നു. മൂലകൃതിയിലെ അന്യാദൃശ ഭംഗിയുള്ള ആശയങ്ങൾ ഏതാണ്ടെ ങ്കിലും മലയാളത്തിൽ പ്രകാശിപ്പിക്കുന്നതിന്നു സുറിയാനി യിലും മലയാളത്തിലും നല്ല പാണ്ഡിത്യം ആവശ്യമായിരുന്നു. മലയാളത്തെസ്സംബന്ധിച്ചേടത്തോളം വള്ളത്തോളിന്റെ സാ ഹായ്യം ശെമ്മാച്ചൻ ആവശ്യപ്പെട്ടു. തൽഫലമായി പുസ്തക ത്തിലെ പല ഭാഗങ്ങളും അവധാനപൂർവ്വം വായിച്ചു ഗ്രഹിക്കു വാൻ വള്ളത്തോളിന്നവസരം കിട്ടി. ആ കൂട്ടത്തിൽ മദലനമ റിയത്തെസ്സംബന്ധിച്ച ഇതിവൃത്തം അദ്ദേഹത്തെ കണക്കില ധികം ആകഷ്ടിച്ചു, രസഗ്രാഹിയായ ശെമ്മാച്ചന്റെയും മറ്റു സുഹൃത്തുക്കളുടെയും നിർബന്ധപൂർവ്വമായ അപേക്ഷയനുസരിച്ചു അതൊരു കാവ്യവിഷയമാക്കുവാൻ വള്ളത്തോൾ സമ്മതിക്കു കയും ചെയ്തു.

മദലനമറിയത്തിന്റെ മാനസപരിവർത്തനമാണ് കവി യെ ഏറ്റവുമധികം ആകഷ്ടിച്ചത്. പ്രാത്ഥനാഗ്രന്ഥത്തിലുള്ള ഈ ഖണ്ഡികകാവ്യനിർമ്മാണത്തിന്നു ശക്തിയേറിയ പ്രേരണ നല്കി:—

''അമൂല്യമായ—അധർമ്മ്യമായ ദുർവ്യാപാരത്താൽ താൻ സമ്പാദിച്ചതായ മുറോൻ തൈലം അവൾ നിന്തിരുവടിയുടെ മാഹാത്മ്യമുള്ള ശിരസ്സിൽ, തിരുമെയ്യിൽ ഒഴുകുമാറ്, ഒഴിച്ചു. എല്ലാ ലോകത്തിന്റെയും പാപം സ്വദേഹത്തിൽ വഹിപ്പാൻ ത്രാണിയുള്ള നിന്തിരുവടിയുടെ പരിശുദ്ധങ്ങളായ തൃപ്പാദങ്ങ

ളെ അവൾ അശ്രദ്ധങ്ങളായ കൈകൾകൊണ്ടു പിടിച്ചു യാതൊരു മാലിന്യവുമില്ലാത്ത ഊഷ്മളസ്നേഹം നിമിത്തം കരഞ്ഞുംകൊണ്ടു അശുചിയായ അധരംകൊണ്ടു ചുംബിച്ചു. ദുഃഖംനിറഞ്ഞ കണ്ണുനീരുകൊണ്ടു അവയെ അഭിഷേചിച്ചു. തുവാലയുപകരം തലമുടികൊണ്ടു തോർത്തി സ്വദേഹത്തിന്റെ പാപമോചനത്തെയും പരിശുദ്ധിയേയും പ്രാർത്ഥിച്ചു ഇപ്രകാരം ഉണർത്തിച്ചു:

'എന്റെ നാഥ! മരുഭൂമിയിലെ കൊള്ളരുതാത്ത കൊള്ളക്കാരന്റെ കയ്യിൽപെട്ടിരിയ്ക്കുന്നവളും തുക്കൈകൊണ്ടു സൃഷ്ടിക്കപ്പെട്ടവളുമായ സ്വദാസിയെ നിന്തിരുവടി കടാക്ഷിക്കേണമേ * * കെടുതലോറ ആടിനെ ഉദ്ദേശിച്ചു വന്ന നല്ല ഇടയനായുള്ളോവേ, നിന്തിരുവടി ദയചെയ്തു കെടുതലോറ പെണ്ണാടിനെ ആരാഞ്ഞുനോക്കി അതിനെ ദ്രോഹിക്കുന്ന ചെന്നായുടെ വായിൽനിന്നു പുറത്താക്കേണമേ * * എന്റെ നാഥ! വിളിച്ചുകൊൾവിൻ, ഞാൻ വിളികേൾക്കും എന്നും മുട്ടിക്കൊൾവിൻ, ഞാൻ തുറക്കും എന്നും.....നിന്തിരുവടി അരുളിച്ചെയ്തിട്ടുണ്ടല്ലൊ. ഇതാ ഞാൻ നിന്തിരുവടിയുടെ വാതിൽക്കൽ മുട്ടുന്നു. നിന്തിരുവടിയുടെ കരുണയെ പ്രതീക്ഷിയ്ക്കുന്നു.''*

ഈ വാചകങ്ങളിലടങ്ങിയ ആശയങ്ങളുടെ പ്രതിധ്വനി മശലനമറിയം വായിച്ചിട്ടുള്ളവർക്കെല്ലാം അനുഭവപ്പെട്ടിരിക്കും.

കഥാബീജം ബൈബിളിൽനിന്നെടുത്തതാണെങ്കിലും അതിനു നല്കിയിട്ടുള്ള കലാരൂപം തികച്ചും വള്ളത്തോളിന്റെ സ്വന്തമാണ്. കാവ്യത്തിന്റെ ലക്ഷ്യവും ബൈബിൾക്കഥയുടെ ഉദ്ദേശ്യത്തിൽനിന്നു ഏറക്കുറെ വിഭിന്നമാണ്. ക്രിസ്തുവിന്റെ ധർമ്മോപദേശപ്രസ്ഥാനത്തെക്കുറിച്ചു സംശയാലുക്കളും സ്പഷ്ടാലുക്കളുമായ യഹൂദവൈദികപ്രമാണികളുടെയും പരീശന്മാരുടെയും നിലപാടിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആ കഥയിൽ പുതിയ ധർമ്മവും പഴയ ധർമ്മസംഹിതയും തമ്മിലുള്ള ഇടച്ചലിന്റെ ഒച്ചയാണയിന്നു കേൾക്കുന്നത്. എന്നാൽ കാവ്യത്തിലാകട്ടെ മറിയത്തിന്റെ ജീവിതാനുഭവങ്ങൾക്കാണ് പ്രാധാന്യം. പരിതസ്ഥിതികളുടെ സമ്മർദ്ദമാണ് മറിയത്തെ വേശ്യാവൃത്തിയിലേക്കു വലിച്ചിഴച്ചത്; അതിൽ അവളല്ല, ചുറ്റുപാടുകളാണ് ഉത്തരവാദിത്വം വഹിക്കേണ്ടതു്. ദാരിദ്ര്യശ്രുഷ്ടമായ ഒരു പാഴ്ക്കുടിലിലായിരുന്നു അവളുടെ ജനനം. പാറപ്പുറത്തുണ്ടായ ആ പനിനീരലരിന്റെ സൌരഭ്യം പരക്കാൻ തുടങ്ങിയപ്പോൾ അതുവരെ ആരും തിരിഞ്ഞുനോക്കാതിരുന്ന കൂടിൽ 'പുരുഷന്മാക്കൊക്കെ പൂമേടയായി.' അങ്ങിനെ, 'കൊറിന്

* ''പീഡാനുഭവോത്സയിലെ പ്രൂമിയോൻ''—166—168 ഭാഗങ്ങൾ

ന്നൊഴക്കരി കാണാതിരുന്നവർ' ക്രമേണ കൊറക്കുട ചൂടുന്ന റാണിയായി മാറി. സപ്പോപധാനത്തിൽ കാൽവെച്ചുറങ്ങുക യായിരുന്നു, പക്ഷേ, ആ വേശ്യ. നല്ല കാലത്തിന്റെ നിശാ സങ്കൽ മെയ്തൊട്ടണത്തിയപ്പോൾമാത്രമേ തന്റെ കേളി സൌധം വാസ്തവത്തിൽ അന്ധതാമിസ്രമാണെന്നവർക്കു ബോ ധംവന്നുള്ളൂ. ബൈബിളിലെ മറിയത്തിന്റെ സ്ഥിതി ഇതാ യിരുന്നില്ല. ദാരിദ്ര്യപീഡയോ പരിതസ്ഥിതികളുടെ നിർബ ന്ധമോ അല്ല അവളെ സൈരിണിയാക്കിയത്; സ്വേച്ഛയാ ണ്. എങ്കിലും അവർക്കു മാനസാന്തരം വന്നത് ക്രിസ്തുവി ന്റെ ധർമ്മോപദേശത്തിന്റെ സ്വാധീനശക്തിയേറപ്പോൾ ആണെന്ന കാര്യത്തിൽ ബൈബിൾകഥയും കാവ്യവും യോജി ക്കുന്നു.

ക്രിസ്തുവിന്റെ അധിപ്രസരത്തെസ്സംബന്ധിച്ചു യാതൊര വധീരണയും സ്പർശിക്കാത്ത വിധത്തിൽ മനസ്സിരുത്തിക്കൊണ്ടാ ണ് വള്ളത്തോൾ ഈ കാവ്യമെഴുതീട്ടുള്ളത്. ''ക്രിസ്തുമത തത്വ ങ്ങൾക്കും തദനുരൂപങ്ങളായ ആശയങ്ങൾക്കും, മൂലകഥയിലെ വിവക്ഷിതാർത്ഥത്തിനും ലേശവും ഹാനിസംഭവിക്കാതെ'' നി ർമ്മിക്കപ്പെട്ടതാണ് മശലനമറിയമെന്നു അവതാരികയിൽ ചി ത്രമെഴുത്ത് കെ. എം. വർഗ്ഗീസ്സ് പ്രസ്താവിച്ചിട്ടുണ്ട്. എന്നിട്ടും നിർഭാഗ്യവശാൽ ചില ക്രൈസ്തവസഹൃദയന്മാർ അതിൽ ചില ഭാഗങ്ങളെക്കുറിച്ചാക്ഷേപിക്കുവാൻ മുതിർന്നു. ക്രിസ്തുവിനെ സന്ദർഭോചിതമായ രോധേന കൃഷ്ണനോടുപമിച്ചതു ''കൃസ്ത്യാനികളുടെ ദൃഷ്ടിയിൽ ഒരു കടുംകൈ ആയിട്ടേ തോന്നൂ'' എന്നു ഒരു നിരൂ പകൻ* എഴുതി. ആക്ഷേപത്തിന്നിടവരുത്തിയ വരികൾ ഇവയായിരുന്നു:—

അമ്പാടി തന്നിലെ ചങ്ങാതിമാരൊന്നി
ച്ചമ്പാളും ഗോവിന്ദനെന്നപോലെ.

(യേശുദേവൻ ശീമോന്റെ വീട്ടിൽ 'മിത്രങ്ങളൊത്തമീത്തിന്നി രുന്ന'താണ് സന്ദർഭം)

കൃസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശമാം
നിസ്തുല കോമള വീണാഗാനം
ഏതോ സ്വനഗ്രാഹിയന്ത്രത്തിൽനിന്നാവിർ
ഭൂതമായ്ത്തൻ ചെവിപൂകിയാറെ
വൃന്ദാവനത്തിലെ മാൻപേടപോലെ നി
സ്പന്ദയായ്നിന്നു മുഹൂർത്തമിവർ.

* സാഹിത്യതിലകൻ സി. കെ. മന്നത്തിന്റെ 'നിരൂപണസാഹിത്യം' നോക്കുക.

(യേശുദേവന്റെ ധർമ്മോപദേശസൂക്തം മറിയത്തിന്റെ കാതിൽ പതിഞ്ഞതാണ് സന്ദർഭം.)

ഒരു ഹിന്ദുവായ കവിയ്ക്കു ശ്രീകൃഷ്ണനെക്കുറിച്ചുള്ള ഭക്തിബഹുമാനാദികളും എത്ര വലുതാണോ അത്രതന്നെ വലുതാണ് കൃസ്തുദേവനെക്കുറിച്ചുള്ള ഭക്തിബഹുമാനാദികളും എന്നേ ആരും മേലുദ്ധരിച്ച വരികളിൽനിന്നു അനുമാനിക്കുകയുള്ളു. അതേ മനോഭാവം ഇങ്ങോട്ടും കാണിക്കാതെ ശ്രീകൃഷ്ണനെ തരംതാഴ്ത്തുകയല്ലേ പ്രസ്തുത പ്രയോഗത്തെക്കുറിച്ചാക്ഷേപിച്ചവർ ചെയ്തത് എന്നു മറുഭാഗക്കാക്കും ശങ്കിക്കുവാനിടവരുത്തിയതു ഭംഗിയായില്ല.

യാതൊരു പവ്തത്തിങ്കലോ ഭക്ഷണം
യാതൊന്നു മില്ലാതെ നാല്പതുനാളും
ധ്യാനംകൊണ്ടാത്മാവെയാത്മാവിൽ കണ്ടുകൊ
ണ്ടാനന്ദലീനനായ്ക്കന്യാപുത്രൻ
വൻതപംചെയ്ത ഹിമാലയസാനുവി
ലന്തകസൂദനസ്വാമിപോലെ

എന്ന വരികളെസ്സംബന്ധിച്ചും ഉണ്ടായി ഒരാക്ഷേപം. ''യേശു മനുഷ്യനാണെങ്കിലും സദാ ദൈവവുമാകയാൽ തനിയ്ക്കു പ്രത്യേകമൊരു ധ്യാനം കൂടാതെതന്നെ ആത്മജ്ഞാനം സ്വയംസിദ്ധമാണ്'' എന്നായിരുന്നു അവയെക്കുറിച്ചുള്ള വിമർശം. അന്തകസൂദനസ്വാമിയും മനുഷ്യനല്ല, ദൈവമാണ് എന്ന സംഗതി ഓർപ്പിയ്ക്കൊണ്ടും ആത്മാവെ ആത്മാവിൽ കാണുക എന്ന ആശയം ശരിയ്ക്കു മനസ്സിലാക്കായ്കകൊണ്ടും സംഭവിച്ചതാണ് വിമർശകന്റെ ഈ പ്രമാദം.

മശലനമറിയത്തിന്റെ മാനസപരിവർത്തനത്തിനു പിന്നിലുള്ള ഭാവഭാസുരത ഹൃദയത്തിൽ തട്ടിയപ്പോൾ കവിയ്ക്കുണ്ടായ പ്രചോദനമാണ് ആ മനോഹര കാവ്യത്തെ ആവിഷ്കരിച്ചതെന്നതിനെപ്പറ്റി സംശയിക്കുവാനില്ല. ചിലർ ഇതിനു വള്ളത്തോൾ കൃതികളിൽ പ്രഥമസ്ഥാനം കല്പിച്ചുകണ്ടിട്ടുണ്ട്: കവിയുടെ കലാശില്പം അതിലാണ് അത്യുച്ചകോടിയിലെത്തീട്ടുള്ളതെന്നാണ് അവരുടെ അഭിപ്രായം. ആസ്വാദകന്മാരുടെ രുചിഭേദമനുസരിച്ചുള്ള ഇത്തരം സ്ഥാനനിർണ്ണയസംരംഭങ്ങൾ വളരെ ആവശ്യമാണെന്നു തോന്നുന്നില്ല. എന്നിരിയ്ക്കിലും മശലനമറിയത്തിനു് അതിന്റെ മുൻഗാമികളായ ഖണ്ഡകാവ്യങ്ങളെ അപേക്ഷിച്ചു ചില സവിശേഷതകളുണ്ട്. മാകന്ദമഞ്ജരിവൃത്തത്തെ കൈകാര്യം ചെയ്യുവാൻ വള്ളത്തോളിനുള്ള വിദഗ്ധതയ്ക്കു് എണ്ണം പറഞ്ഞ ഉദാഹരണമാണ് മശലനമറിയം. കുറെ കൊല്ലങ്ങൾ മുമ്പെഴുതിയ 'ഒരു ചിത്ര'വും അല്പം മുമ്പെ

ഴുതിയ 'അമ്പാടിയിൽ ചെല്ലുന്ന അക്രൂര'നും ഭാവംകൊണ്ടും രൂപംകൊണ്ടും ചെറുശ്ശേരിയുടെ മധുരോദാരമായ കാവ്യശൈലിയെ അനുകരിച്ചിരുന്നുവെങ്കിലും ഒരു സമ്പൂർണ്ണ കാവ്യശില്പമെന്ന നിലയിൽ വള്ളത്തോളെഴുതിയ ഒന്നാമത്തെ കൃതിയായിക്കരുതേണ്ടതു് മശലനമറിയത്തെയാണു്. കാവ്യത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഭാവവും ആ ഭാവാവിഷ്കരണത്തിന്നുപയോഗിച്ച രൂപവും ഒരുപോലെ കമനീയമാണു്. അഞ്ചു ഭാഗമായിട്ടാണു് കാവ്യത്തെ പകുത്തിട്ടുള്ളതു്. ആദ്യത്തെ ഭാഗത്തിൽ, ശീമോന്റെ പൂമേടയിലേക്കെഴുന്നെള്ളുന്ന കൃസ്തുദേവന്റെ രംഗപ്രവേശമാണു് പ്രതിപാദ്യം. 'ആ യഹൂദ പ്രഭു തന്നാൽ നിമന്ത്രിതനായെഴുന്നെള്ളിയ യേശുദേവ'നെ എതിരേറ്റു സ്വീകരിക്കുന്നതിൽ ഗൃഹനായകൻ കാണിച്ച ഉദാസീനതയുടെ വർണ്ണനം പിന്നീടു സംഭവിക്കുവാൻ പോകുന്ന അത്ഭുതത്തിന്റെ അനിതരസാധാരണത്വത്തെ വേർതിരിച്ചു കാണിക്കുവാൻ സഹായകമായ രീതിയിലാണു് നിർവ്വഹിക്കപ്പെട്ടിട്ടുള്ളതു്. ശൃംഗാരത്തിന്റെ മൂർത്തീഭാവമായ മശലനമറിയത്തിന്റെ വരവാണു് രണ്ടാം ഭാഗത്തിൽ വർണ്ണിച്ചിരിക്കുന്നതു്. മുല്ലപ്പൂപോലുള്ള തൂനിലാവിൽ മറെറാരു കൊച്ചുനിലാവായി നടന്നുവരുന്ന ആ സുഭഗസുന്ദരിയുടെ രൂപവർണ്ണനയിൽ കവി അശേഷം പിശുക്കു കാണിച്ചിട്ടില്ല. 'പേർത്തുമുൽക്കണ്ഠിതയായു്ച്ചമഞ്ഞോരോരോ കാൽത്തളിർവെപ്പിനാലഞ്ചുമാറും വെങ്കൽപ്പടകവും പിന്നിട്ടകൊണ്ടാഗു്ഗൃഹത്തിങ്കലേക്കു്' കയറിയ തിങ്കൾമുഖി പെട്ടെന്നു വാതിലുൽ ശങ്കിച്ചുനില്ക്കുന്നതായി പറഞ്ഞുകൊണ്ടു കവി ആ ഭാഗം അവസാനിപ്പിക്കുന്നു, ശങ്കിച്ചുകൊണ്ടുള്ള ആ നില്പു് ക്ഷണികമായിരുന്നു എങ്കിലും അതിലന്തർഭവിച്ച ഭയോശങ്കകളുടെ വൈപുല്യം കാണിക്കുവാനായിരിക്കണം അടുത്ത രണ്ടു ഭാഗങ്ങളിൽ മറിയത്തിന്റെ പൂർവ്വചരിതം വിസ്തരിച്ചു നമ്മുടെ ശ്രദ്ധയെ കവി പിടിച്ചുനിർത്തുന്നതു്. ഒടുവിൽ അഞ്ചാം ഭാഗത്തിൽ 'സാധ്വിഗൃഹത്തിന്നകത്തു കടന്നു താനോത്ത സങ്കേതത്തിലെത്തി'ച്ചേരുന്നതിനെ കവി നമുക്കു കാണിച്ചുതരുന്നു. 'സാധ്വി' എന്ന ശബ്ദം ഉപയോഗിച്ചുകൊണ്ടാണാ ഭാഗം തുടങ്ങുന്നതെന്ന സംഗതി പ്രത്യേകം ശ്രദ്ധേയമാണു്. അതിനുമുമ്പു മറിയത്തെപ്പററി പ്രസ്താവിക്കുമ്പോളെല്ലാം കവി അവളെ സുന്ദരിയുടെയോ വേശ്യയുടെയോ പര്യായങ്ങളെക്കൊണ്ടേ വിശേഷിപ്പിച്ചിരുന്നുള്ളു. നാലാം ഭാഗത്തിലെ അവസാനത്തിൽ മാത്രമാണു് 'ഇന്നലെ നാം കണ്ട തേവിടിപ്പെണ്ണല്ലി തിന്നിവൾ ചാരിത്രചാരുമൂർത്തി' എന്നു പറയുന്നതു്. 'ഒററനാൾകൊണ്ടൊക്കെ മാറിമറിഞ്ഞവൾ മറെറാരു ജന്മം ജനിച്ചപോലാ'യതുകൊണ്ടാണു് ഗൃഹത്തിനകത്തു കടന്ന മറിയത്തെ കവി സാധ്വിയെന്നു

വിളിക്കുവാനൊരുമ്പെട്ടത് എന്ന നാലാം ഭാഗത്തിലെ വിവരണത്തിൽനിന്ന മനസ്സിലാക്കാം.

മുമ്പു ചെയ്തുപോയ പാതകത്തിന്നൊക്കെ പശ്ചാത്താപം കൊണ്ട പ്രായശ്ചിത്തമായി എന്ന തത്വത്തെയാണല്ലൊ മശ്ദലനമറിയം ഭംഗ്യന്തരേണ പ്രതിപാദിക്കുന്നത്. അങ്ങിനെയൊരു പശ്ചാത്താപത്തിന്ന മാനസപരിവർത്തനം വരുത്തുവാൻ സാധിക്കുമോ എന്ന ചിലർ സംശയിക്കുന്നു. എന്തുകൊണ്ട സാധിക്കുകയില്ല? ഉള്ളിൽത്തട്ടിയതാണ് ആ പശ്ചാത്താപമെങ്കിൽ തീച്ചയായും അതിന്റെ ഫലം മാനസപരിവർത്തനം ആകാതിരിക്കുവാൻ നിവൃത്തിയില്ല. ഈ കാവ്യത്തിൽതന്നെ അതിന്റെ സാദ്ധ്യത കവി (മനഃപൂർവമായിട്ടല്ലെങ്കിൽ വേണ്ട) കാണിച്ചിട്ടുണ്ട്. നല്ലകാലത്തിന്റെ നിശ്വാസങ്ങളം മയക്കത്തിൽനിന്ന മറിയത്തെ തട്ടിയുണർത്തിയപ്പോളം കേളംക്കാറായ കുസുവിന്റെ ധർമ്മോപദേശം അവളെ ഇരുത്തിച്ചിന്തിപ്പിച്ചു. തന്റെ പൂർവചരിത്രത്തിന്റെ ഭയങ്കരത അവളെ നടുക്കി. ഭോഗങ്ങളിൽ അവളംക്കു വിരക്തി ജനിച്ചു. എന്നിട്ട

ഏതും പൊറുതികാണാതിവളങ്ങൊരു
പൈതലെപ്പോലെ വാവിട്ട കേണു.

'കേഴന്നോക്ക്കാശ്വാസമേകും ദൈവം' എന്ന തിരുവായ്മൊഴി അവളംക്കോർമ്മവന്ന. അങ്ങിനെ അവളം 'മലീമസചര്യയിൽ നിന്ന' ദൈവവിശ്വാസത്തിലെത്തിച്ചേർന്ന. അവളം മറൊരു ജന്മം ജനിച്ചപോലെ തോന്നി. യേശുക്രിസ്തു സമീപത്തിലെത്തിയിട്ടുണ്ടെന്നറിഞ്ഞപ്പോളം അവളംക്കദ്ദേഹത്തെ കാണുവാൻ കൊതിയായി. ഉത്തമഭക്തിയോടുകൂടി അവളം ഉള്ളിൽ പ്രതിഷ്ഠിച്ചിരുന്ന നിത്യകല്യാണമായ ആ ദിവ്യരൂപം നേരിട്ട കാണുകകൂടി ചെയ്തപ്പോളം,

ഈശങ്കലായവളംക്കുള്ള രതിഭാവം,
പേശലശുഭ്രമാം പ്രേമപൂരം,
ഉള്ളിൽ നിറഞ്ഞു വഴിഞ്ഞു പുറത്തേയ്ക്ക
തള്ളിയൊഴുകി തൽക്കണ്ണിലൂടെ.

അതിലൊട്ടും അസാംഗത്യമില്ല; അത്രത്തോളം പരിവർത്തനം അവളുടെ ചിത്തവൃത്തിയ്ക്ക വന്നുകഴിഞ്ഞിരുന്ന. വേശ്യയുടെ പരിചരണം യേശുവിനെ പ്രീതനാക്കിയതിലും അത്ഭുതമില്ല. ചുറുപാടും നിന്നിരുന്നവർക്ക, പക്ഷേ, അതു വിശ്വസിക്കാനുള്ള മനശ്ശുദ്ധി കിട്ടിക്കഴിഞ്ഞിരുന്നില്ലായിരിക്കാം.

വേശ്യതൻ സ്നേഹത്തിൽ മുങ്ങീ മഹേശ്വരൻ
പാർശ്വസ്ഥരാശ്ചര്യസ്തബ്ധരായീ,

പാരാതവളുടെ സൽക്രിയാസൌരഭ്യം
താരാപഥത്തിലും വ്യാപരിച്ചു.

പശ്ചാത്താപനിർഭരമായ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും വെടിഞ്ഞ അവളുടെ ദീനരോദനം ദേവനെ പ്രസാദിപ്പിച്ചു. നിർവൃതിദായകമായ ആ ദിവ്യാനുഭൂതിയെ കവി ഇങ്ങിനെ ചിത്രീകരിയ്ക്കുന്നു:—

ചുറ്റുമൊരാനന്ദ ശാന്തത ചേർന്നിതു
മുറ്റുമനങ്ങാതായ് ദീപനാളം
ചന്ദ്രമസ്സുന്നിദ്ര നക്ഷത്രമദ്ധ്യത്തിൽ
നിന്നുവിളങ്ങിനാനൊന്നുകൂടി.
ഘോരനരകത്തിൽനിന്നാശു വിണ്ണിലേ
യ്ക്കേറുന്ന സാധ്വിയെക്കൊണ്ടാടാനോ
ശുഭ്രമേഘങ്ങളാം വെള്ളിവിമാനങ്ങ
ളുഭ്രസ്ഥലത്തങ്ങു വന്നു നില്പായ്.
ഏതിൻതടത്തിലെ മുക്കുവർ യേശുവാം
നേതാവു നല്കിയ നേർവലയാൽ
ആടൽപ്പെടുത്താതെ പുണ്യമത്സ്യങ്ങളെ
ത്തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു,
അഗ്രലേലക്കടൽ പാപിനീ മുക്തിക
ണ്ടഗ്ര്യപ്പെരുംപറ കൊട്ടിയാർത്തു.

എത്ര മനോഹരമായൊരു ഭാവനാചിത്രം!
ഒടുവിൽ,

പ്രേമസ്വരൂപങ്കൽ നിന്നൊരിറ്റുംകൂപ
രുമധുരോക്തിയായ് നിഗ്രഹിച്ചു,
അപ്പാതകിസ്ത്രീനിമേലിലൊരിയ്ക്കലു
മുംചൂട്ട ചേരായ്വാൻ തക്കവണ്ണം:—

'പോയ്ക്കൊംക, പെൺകുഞ്ഞേ, ദുഃഖംവെടിഞ്ഞു നീ
യുംക്കൊണ്ട വിശ്വാസം കാത്തുനിന്നെ.
അപ്പപ്പോം പാതകം ചെയ്തതിന്നൊക്കെയു
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം.'

'ലളിതകോമളകാന്തപദാവലി'യുടെ സമഞ്ജസവും സമുചിതവുമായ വിനിവേശത്താൽ ആപാദചൂഡം അഭിരാമമാണ് മദ്ഗലനമറിയം. മതവിശ്വാസങ്ങളുടെ സങ്കുചിതമായ പരിമിതിയൊന്നും കവിഭാവനയുടെ വിശ്വജനീനതയ്ക്കു വിഭംഗംവരുത്തുകയില്ലെന്നതിന്നു മികച്ചൊരുദാഹരണമാണ് ഈ കാവ്യം. ഇതിന്നു ഇംഗ്ലീഷുഭാഷയിലൊരു തർജ്ജമയുണ്ട്.

പതിനാലാം അധ്യായം

ദേശീയകവിത

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടുകൂടി മാനവരാശിയുടെയിടയിൽ ഭൌതികവും മാനസികവുമായ പല പരിവർത്തനങ്ങളും സംഭവിച്ചു. ഭാരതത്തിന്റെ പാരതന്ത്ര്യ ജനിതമായ അഭിമാനഭംഗത്തെക്കുറിച്ചുള്ള ബോധം ചിന്താശീലരായ ജനങ്ങളിൽ അതുവരെ അറിഞ്ഞിട്ടില്ലാത്തവിധത്തിലുള്ള ഒരസ്വസ്ഥതയുളവാക്കി. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സജ്ജീകൃതമായിട്ടൊണ്ടിരുന്ന സമരസന്നാഹങ്ങൾ ജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിൽ പ്രതികരണങ്ങളുണ്ടാക്കി. രാഷ്ട്രീയരംഗത്തിലെ പരാധീനതയുടെ പുറമെ സാമ്പത്തികവും സാമുദായികവുമായ രംഗങ്ങളിലെ അവശതകളും നാട്ടുകാരെ അലട്ടിക്കൊണ്ടിരുന്നു. ജാതിഭേദങ്ങളും അയിത്തവും നിമിത്തം ചില സമുദായങ്ങൾക്കു നേരിട്ടുകൊണ്ടിരുന്ന ക്ലേശങ്ങൾക്കൊക്കെ പരിഹാരംകണ്ടെങ്കിലേ സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽക്കാരം സഫലമായതായി അവകാശപ്പെടാനാവുകയുള്ള എന്നു ഗാന്ധിജി ആവർത്തിച്ചുപദേശിച്ചു. രാജപ്രതാപത്തിന്റെ കാലം കഴിഞ്ഞുപോയെന്നും ജനായത്തമായ ഭരണസമ്പ്രദായമാണ് ഇനിയുള്ള കാലത്ത് അഭികാമ്യമെന്നുമുള്ള ബോധം സാധാരണജനങ്ങൾക്കിടയിൽ പരന്നുതുടങ്ങി. വളരെനാളായി വെച്ചുപുലർത്തിപ്പോന്ന പരാശ്രയപ്രവണത പൌരുഷത്തെ നിഹനിക്കുകയാണെന്ന വിവേകോദയം പൌരാവലിയുണ്ടായി.

ഈ മനോഭാവം സാഹിത്യമണ്ഡലത്തെയും ഏറക്കുറെ ബാധിക്കാതിരുന്നില്ല. മാമൂലിന്റെ പിടിയിൽനിന്നു സാഹിത്യത്തെ മോചിപ്പിക്കേണ്ടതാണെന്നൊരാശയം ആസ്വാദകക്കിടയിൽ തോന്നിത്തുടങ്ങി. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാലം കഴിഞ്ഞതോടുകൂടി സംസ്കൃതപാണ്ഡിത്യത്തോടുള്ള പക്ഷപാതത്തിനു ശൈഥില്യം സംഭവിച്ചു. മുമ്പു സംസ്കൃതപണ്ഡിതന്മാർക്കുണ്ടായിരുന്ന സ്ഥാനം മലയാളവിദ്വാന്മാർ കൈവശപ്പെടുത്തി. പുന്നശ്ശേരി നമ്പിയുടെ ഗുരുകുലത്തിൽനിന്നു ഉപാത്തവിദ്യരായി പുറത്തുവന്നവരിൽ ചിലരൊഴികെ മറ്റുള്ളവർ മിക്കവരും ഗൈർവ്വാണിയിലെക്കാളധികം കൈരളി

യിൽ അഭിനിവിഷ്ടരായിത്തീർന്നു. ആംഗലസാഹിത്യവുമായി പരിചയം പുലർത്തിപ്പോന്നവർക്കും മാതൃഭാഷയോടു മുമ്പത്തെക്കാൾ കൂറച്ചധികം പ്രതിപത്തി തോന്നിത്തുടങ്ങി. അതിലെ മാതൃകകൾ അനുകരിച്ചു സ്വഭാഷയിൽ നൂതനസമ്പ്രദായങ്ങൾ ഏർപ്പെടുത്തുവാനും പഴയ ചാലുകളിൽനിന്നു മാറി പുതിയ ചാലുകളിലേക്കു ചിന്താഗതിയെ തിരിച്ചുവിടുവാനും അവർക്കു താല്പര്യം ജനിച്ചു. സാഹിത്യത്തിനു ജനാവലിയുടെ ദൈനന്ദിനജീവിതവുമായി ഒരു ബന്ധമുണ്ടായിരിക്കണമെന്നൊരു മനോഭാവവും അവരിലങ്കുരിച്ചു. കാലാനുഗതമായ ഈ ആശയഗതി വള്ളത്തോൾ കണ്ടറിഞ്ഞു.

ദേശാഭിമാനത്തിന്റെ വിലാസരംഗം വളരെ വിശാലമാണ്. ഭരണസംബന്ധികളായ ഏതാനും ചില കാര്യങ്ങളെ മാത്രം സ്പർശിക്കുന്നതല്ല യഥാർത്ഥമായ ദേശാഭിമാനം. ആത്യന്തികമായ പരിഗണനയിൽ, ദേശത്തിന്റെ ആധ്യാത്മികവും സാംസ്കാരികവുമായ മണ്ഡലങ്ങളെ ആ ആശയം ഗാഢമായി ആശ്ലേഷിക്കുന്നതായിക്കാണാം. ആ വിസ്തൃതാർത്ഥത്തിലാണ് വള്ളത്തോൾക്കവിതയുടെ ദേശീയതയെ മനസ്സിലാക്കേണ്ടതു്. ദേശീയകവിതയ്ക്കു താൽക്കാലികമായ പ്രാധാന്യമേ ഉണ്ടാവുകയുള്ളൂ എന്നും അതുകൊണ്ടു അതിന്നു് ഉത്തമസാഹിത്യകോടിയിൽ സ്ഥാനമുണ്ടാവുകയില്ലെന്നും വാദിക്കുന്നവരുണ്ടു്. ഈ വിഷയത്തെപ്പറ്റി വള്ളത്തോൾതന്നെ ഒരവസരത്തിൽ പ്രസ്താവിച്ചതിവിടെ സ്മർത്തവ്യമാണു്: ''സ്വരാജ്യം കിട്ടിയാൽ പിന്നെ ഇതുകൊണ്ടു ഫലമെന്താണു് എന്നാണവരുടെ ചോദ്യം. അതിന്നു എന്റെ സമാധാനം ഇതാണു്: സ്വരാജ്യത്തിലും സാഹിത്യം കടക്കും. അതിൽ കവിതയുണ്ടെങ്കിൽ അതവിടെ കിടക്കും.''*

തനിദേശീയകവിതകളെപ്പറ്റി പറയുന്നതിന്നുമുമ്പു്, ജീവിതത്തെ സമഗ്രമായി വീക്ഷിച്ചതിൽനിന്നു കവിയുള്ളവായ ചിന്തകളെ പ്രതിഫലിപ്പിക്കുന്ന ചില കവിതകളെപ്പറ്റി കുറഞ്ഞൊന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആ കൂട്ടത്തിൽ പ്രത്യേകം ശ്രദ്ധാർഹങ്ങളാണു് 'സത്യഗാഥ' 'ഒരുറക്കുപാട്ടു', 'ഇന്നലെ' 'നരകണ്ടിട്ടു്' 'പ്രഭാതഗീതം' 'അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ' എന്നീ കൃതികളും. 1097-നും 1098-നും മധ്യത്തിൽ എഴുതിയ അവയിലെ ആശയങ്ങളും ഉപനിഷത്തുക്കളുമായുള്ള നിത്യപരിചയത്താൽ ടാഗോർക്കവിതകളിൽ കാണുന്ന ആശയങ്ങളെ അനുസ്മരിപ്പിക്കുന്നവയാണു്. ടാഗോറിന്റെ കവിതകളുമായി വള്ളത്തോൾ പരിചയപ്പെട്ടതുകൊണ്ടാണീ

* 1101 എടവം ലക്കം 'ഗുരുനാഥൻ' മാസികയിൽ.

സാദൃശ്യമെന്നു വിചാരിക്കുന്നതു് അബദ്ധമായിരിക്കും.

'സത്യം സത്യേ പ്രതിഷ്ഠിതം' എന്ന ആപ്തവാക്യത്തെ ആധാരമാക്കിക്കൊണ്ടു രചിച്ച 'സത്യഗാഥ'* ആരംഭിക്കുന്നതിങ്ങിനെയാണു്:—

അമ്മേ! ജയിക്ക ജയിക്കുക സൽസത്യ
ധർമ്മാധിദേവതേ! ധന്യധന്യേ!
നിന്മഹിമാവൊന്നു താനല്ലോ നിശ്ശ്രേഷ്ഠ
ബ്രഹ്മാണ്ഡഭാണ്ഡങ്ങൾക്കേകാലംബം

സത്യദേവതയുടെ പ്രതിഭാസങ്ങളായി വിശ്വപ്രകൃതിയുടെ വിവിധവിലാസങ്ങളെ കവി ഇങ്ങിനെ വിഭാവനംചെയ്യുന്നു:

മേൽവശത്തറമില്ലാതെ കിടക്കുമാ
ക്കേവലമാം മരുഭ്രമിതന്നിൽ
എത്ര പുഷ്പങ്ങളെ മിന്നിത്തിളങ്ങിപ്പൂ
ചിത്രം നിൻതേജസ്സിൻ കന്ദളങ്ങൾ!

ആലക്ഷ്യമായൂർദ്ധ്വഭാഗത്തീ മാഹേന്ദ്ര
നീലപ്പുലകപ്പുറത്തു നീളേ
തങ്കലിപികളിൽ കൊത്തിയിട്ടുണ്ടല്ലോ
ശങ്കരി! നിൻ ചരിത്രാംശലേശം.

ആ ദേവതയുടെ നിശ്ശബ്ദഗീതങ്ങൾ പാടുന്നവൻതന്നെയാണു് കവി എന്നും അവിടുത്തെ പാദപീഠത്തിൽ സർവ്വസ്വസമർപ്പണമാണു് ശരിയായ ത്യാഗമെന്നും ആ നിർമ്മലമഞ്ജുളരൂപത്തിന്റെ ധ്യാനമാണു് രാജയോഗമെന്നും പറഞ്ഞുകൊണ്ടാണു് ഗാഥ അവസാനിക്കുന്നതു്.

നിരപായകാലജലരാശി തന്നിലെ
ത്തിരയൊന്നു പിന്നെയുമയന്നുവന്നിതാ
കരമേലടിച്ചു ചെറുഖണ്ഡഖണ്ഡമായ്
സ്മരണൈകഗോചരദശാന്തരത്തിലായ്.

എന്നിങ്ങിനെ 'ഇന്നലെ†'യുടെ തിരോധാനം കവിയുടെ മനസ്സിൽ ചില ജീവിതചിന്തകളങ്കുരിപ്പിക്കുന്നു. 'ഇന്നലെ'യും അതിന്റെ കൂട്ടുകാരും ഐഹികവിരക്തരായി ഏതു സ്ഥലത്തേക്കു പോയിരിക്കുന്നുവോ, ആ സ്ഥലം 'ഗരിഷ്ഠഭാഗ്യോജ്ജ്വല'മായിരിക്കണമെന്നാണു് കവിയുടെ അഭ്യൂഹം. അഥവാ അങ്ങിനെയല്ലെങ്കിൽത്തന്നെ എന്താണൊരു തരക്കേട്?

---

* സാഹിത്യമഞ്ജരി—രണ്ടാം ഭാഗം.

† സാഹിത്യമഞ്ജരി രണ്ടാംഭാഗം.

അതാണല്ലൊ നമ്മുടെ മൂലമന്ദിരം; അവിടേക്കുതന്നെയാണ് എല്ലാവരും മടങ്ങിച്ചെല്ലേണ്ടതു്. 'സ്വതത്ത്വമോക്കാതെ വിദേശലക്ഷ്മിതൻ സ്മിതപ്പകിട്ടിൽ' മയങ്ങുന്നതു ശരിയല്ലതാനും!

കവിയ്ക്കു നാല്പത്തിമൂന്നു വയസ്സുള്ളപ്പോൾ എഴുതിയതാണ് 'നര കണ്ടിട്ടു്' * എന്ന കവിത. യദൃച്ഛയായിട്ടൊരു ദിവസം കണ്ണാടി നോക്കിയപ്പോൾ കണ്ട നരയാണ് അതിലെ വിചാരധാരയെ തുറന്നുവിട്ടതു്. പല വൃത്തങ്ങളിലായി ഇരുപത്തൊന്നു ശ്ലോകങ്ങളിൽ ഒതുക്കിയ ആ ചിന്തകൾ പലവഴിയ്ക്കു ചാടിപ്പോയതിൽ വളരെ സ്വാഭാവികതയുണ്ടു്. അതിസമർത്ഥനായ മനുഷ്യൻ ദിവസംപ്രതി പുതിയ പുതിയ യന്ത്രങ്ങൾ പലതും കണ്ടുപിടിയ്ക്കുന്നുണ്ടെങ്കിലും മരണത്തെത്തടുക്കാനുള്ള യന്ത്രമൊന്നും കണ്ടുപിടിച്ചതായറിവില്ല. എന്നാലും കവിയ്ക്കു അതിനെ ചെറുക്കുകതന്നെ വേണം! 'ആകമ്രശോഭനപദാർത്ഥസമൃദ്ധ'മായ ഈ ലോകത്തിൽനിന്നു കടന്നുപോകാൻ താനിഷ്ടപ്പെടുന്നില്ല. അതുകൊണ്ടു പ്രകൃതിദേവിയോടദ്ദേഹം ഇങ്ങിനെ അപേക്ഷിക്കുന്നു:—

പുരുവിഭവോത്തരം പുരമിതെങ്ങു? മതിയ്യെഴമാ
മരുനിലമെങ്ങു? ഹാ പ്രകൃതിദേവി ദയാം കുരുമേ
തിരുവടിതാണുകൂപ്പിയിതു മാത്രമിരയ്ക്കുവനങ്ങരുളരുതാജ്ഞയെന്നൊടു കടന്നിവിടം വിടുവാൻ.

ജീവിയ്ക്കുവാനുള്ള അദമ്യമായ അഭിലാഷത്തെദ്യോതിപ്പിക്കുന്ന ഈ അപേക്ഷയ്ക്കു പ്രകൃതി നല്കുന്ന ഉത്തരമിതാണ്:—

നന്നാലോചന ഹേ ഗൃഹസ്ഥ! തറവാ
ടൊട്ടുക്കുപേക്ഷിയ്ക്കു നീ
യെന്നാർ ചൊല്ലി? നിനക്കെഴും പുതുവുടപ്പാമൃത്യുവിൻപക്കലാം;
ഒന്നാമ്മാറെഴുനേറുടപ്പുമുറിയിൽപ്പോയ്പ്പോരുവാനാവത
ല്ലെന്നാലീയൊരു ജീർണ്ണമാം തുകിലുമായ്
നാളെത്രുപോക്കും ഭവാൻ?

'വാസാംസിജീർണ്ണാനി' എന്നാരംഭിയ്ക്കുന്ന ഗീതാപദ്യത്തിലെ ആശയം ഇങ്ങിനെയാവർത്തിച്ചുകൊണ്ടു് ആ ചിന്തകൾ അവസാനിപ്പിക്കുന്നു.

'ബ്രഹ്മാണ്ഡഹർമ്മ്യത്തിൻ മേൽത്തട്ടും കീഴ്ത്തട്ടും നിർമ്മലമായി വിളങ്ങി'ക്കാണ്മാനിടയാക്കിയ പ്രഭാതത്തെ കീർത്തിച്ചു

* സാഹിത്യമഞ്ജരി മൂന്നാം ഭാഗം.

കൊണ്ടുള്ള ഒരു കൊച്ചുകൃതിയാണു് ''പ്രഭാതഗീതം''* വിശ്വം ഭരിയ്ക്കുന്ന പരാശക്തിയ്ക്കു വിളയാടുവാൻവേണ്ടി ബ്രഹ്മാണ്ഡഹ മ്മ്യത്തെ അടിച്ചുവാരി വെടുപ്പാക്കിവെയ്ക്കാൻ ഉഷസ്സെന്ന വേല ക്കാരിയുടെ വരവാണു് വർണ്ണനാവിഷയം. കടലിന്റെ ഇര മ്പവും കോഴികളുടെ കൂകലും കേട്ടുണരുന്ന ഉഷസ്സിന്റെ ഈ ചിത്രം നോക്കുക:—

ചിക്കെന്നുണർന്നെഴുന്നേറുഷസ്സെന്നവം
ശുക്രനാം കൈവിളക്കേന്തിയെത്തി,
നാനാവിഹംഗമനാദമാം കങ്കണ
കാണമോടംബരശാലയിങ്കൽ

ഇന്നലെ രാവുപയോഗിച്ച പൂക്കളാ
കുന്ന താരങ്ങളടിച്ചുവാരി
താവൽക്കസ്തൂരിച്ചാറാക്കിയ വാർതിങ്കം
ത്തുവെള്ളിക്കിണ്ണവും ദൂരേമാററി

വെൺകുളിർനീരാൽത്തളിച്ചു പുരോഭ്രവി
കുങ്കുമലേപവുമാചരിച്ചാം
ആവേലക്കാരിതൻ നിശ്വാസംപോലവേ
പൂവിൻമണവുമായ് വീശീതെന്നൽ.

ഏതു ഗ്രാമീണഗൃഹത്തിലും പുലർച്ചയ്ക്കു കാണാവുന്ന ഒരു കാഴ്ച യാണിത്. വളരെക്കൊല്ലങ്ങൾക്കുശേഷം ഭൂഗോളത്തിലെ ഉഷസ്സിന്റെ വർണ്ണനകം തജ്ജമചെയ്ത കവിതകളിൽ തികച്ചും അഭിമാനിക്കാവുന്നതാണിതിലെ കാവ്യഭംഗി.

പണ്ടത്തെ അമ്മമാർ പാടാറുണ്ടായിരുന്ന

'മൂലോകനായകനെൻ പൈതൽ തന്നുടെ
മൌലിയെപ്പാലിച്ചുകൊള്ളേണമേ'

എന്നാരംഭിക്കുന്ന താരാട്ടിന്റെ ഓമ്മയെ ഉണർത്തുന്നതാണു് 'ഒരു റക്കപാട്ടി'ലെ† ഈ വരികം:—

സൈരംതൻ പൈതലാം ലോകത്തെയൊക്കയു
മോരോരോ നിശ്ശബ്ദഗീതം പാടി
ഹാ തക്കനേരത്തുറക്കിയുണർത്തുന്ന
മാതാവെൻ ബാലനെപ്പാലിക്കട്ടെ.

ഇരയിമ്മൻതമ്പിയുടെ 'ഓമനത്തിങ്കംക്കിടാവോ' എന്ന താരാ

* സ: മ: നാലാം ഭാഗം.
† സാ: മ: രണ്ടാം ഭാഗം.

ട്ടിന്റെ ആകർഷണം അതിൽ കോത്തിണക്കിയ മനോഹരോല്ലേഖങ്ങളുടെ വൈവിധ്യത്തിലാണ് നിലകൊള്ളുന്നത്. ലോകത്തിലുള്ള വിശിഷ്ടവസ്തുക്കളുടെ ഒരു നീണ്ട പട്ടികതന്നെ അതിലുൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ വള്ളത്തോളിന്റെ 'ഉറക്കുപാട്ട്' അതിൽനിന്നു വ്യത്യസ്തമാണ്.

എല്ലാക്കും നിദ്രതന്നങ്കത്തിൽ വിശ്രമി
ച്ചുല്ലാസംകോലുവാൻ കാലമായി

എന്നുള്ള ഉപക്രമത്തോടുകൂടി ആ നിദ്രസ്സുപയുക്തമായ ഒരു രംഗസംവിധാനമാണ് കവിയുടെ ലക്ഷ്യം. കുട്ടികളെ ഉറക്കുവാൻ വേണ്ടി അമ്മമാർ കെട്ടിച്ചമച്ചു പറയാറുള്ള കഥകളുടെ കവിതാരൂപത്തിലുള്ള ആഖ്യാനമാണതിൽ ഉടനീളം കാണുന്നത്. വെള്ളിച്ചാറൊഴുകു വിളങ്ങുന്ന നിലാവു വെള്ളക്കിടക്കു വിരിച്ചതും, തങ്കത്തിന്റെ കണ്ണുങ്ങളിൽ പൂന്തേൻകുഴമ്പു നിറയ്ക്കുവാൻ ഇളങ്കയിൽ ഓടക്കുഴലൂതുന്നതും, ഓമനക്കുട്ടന്റെ ചെങ്കുരുന്നൊളിമൈ തലോടാൻ മന്ദമാരുതൻ പിച്ചനടന്നുവരുന്നതും മറ്റും അമ്മ വിസ്തരിക്കുന്നതു കുട്ടിയെ ഉറക്കാനുള്ള ഉപായങ്ങളാണെന്നു പറയേണ്ടതില്ലല്ലൊ. തന്നെപ്പോലെയുള്ള മറെറാരു കുട്ടി ഉറങ്ങിയതു കണ്ടില്ലേ എന്നു പറയുന്നതും അമ്മമാരെക്കാറുള്ള വേറൊരടവാണ്.

ശ്യാമയാം ദേവി തന്നോമൽക്കിടാവിതാ
ശ്യാമളപ്പൂമെയ്യനങ്ങീടാതെ
അച്ഛനാംയാമിനീനാഥന്റെ മാത്തട്ടിൽ
സ്വച്ഛന്ദം പററിക്കിടന്നീടുന്നു.

വാത്സല്യരസം തുളുമ്പുന്ന ഈ പാട്ടിന്റെ രചനയിൽ വള്ളത്തോളിന്റെ ശബ്ദപ്രയോഗൌചിത്യം തികച്ചും അനുഭവപ്പെടുന്നുണ്ട്.

ചെറുശ്ശേരിശ്ശൈലിയുടെ ഒരു പുതിയ പതിപ്പിന്റെ പ്രതീതിയെയാണ് 'അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ'* ജനിപ്പിക്കുന്നത്. അതോടൊപ്പം കവിയുടെ ഭക്തിഭാവത്തിന്റെ ഒരു മനോഹരനിദർശനവും ആവിഷ്കൃതമാകുന്നു. മധുരയിൽനിന്നു ഗോകുലത്തിലേക്കുള്ള യാത്രയ്ക്കിടയിൽ കാണുന്ന ഓരോ കാഴ്ചയും അക്രൂരനെ ഓരോ മനോരാജ്യത്തിൽ മാററി മാററി എത്തിക്കുന്നു. കാളിന്ദിയാണ് ആദ്യം ദൃഷ്ടിപഥത്തിൽ പതിയുന്നത്. അന്തിച്ചുകപ്പാന്റെ മേഘശകലങ്ങൾ പ്രതിബിംബിക്കുകയാൽ ചെന്താമരപ്പൂക്കൾ നിറഞ്ഞപോലെ തോന്നുന്ന കാ

* സാ: മ: മൂന്നാം ഭാഗം.

ളിന്ദിയുടെ നിറപ്പകിട്ടിന്റെ കാരണം അക്രൂരൻ ഇങ്ങിനെ ഉൽപ്രേക്ഷിക്കുന്നു:

ചുംബിച്ചുപോരുന്നുവല്ലോ നീ നിത്യവു
മംബുജനേത്രന്റെ തൃപ്പദത്തെ.
നിങ്കലിക്കാണും നിറപ്പകിട്ടാ മണി
ച്ചെങ്കഴലപ്പിച്ച കാന്തിതാനോ?

കുറച്ചുകൂടി മുന്നോട്ടുചെന്നപ്പോൾ 'കാളിന്ദികൊണ്ടൊരു നീലക്കരയിട്ട' ചേലിൽ വിളങ്ങുന്ന വൃന്ദാവനം കണ്ടുതുടങ്ങി.

കാലികൾ നക്കിത്തുടയ്ക്കുമച്ചെന്തളിർ
ക്കാലടി വെച്ചുകൊണ്ണ്ണിക്കണ്ണൻ
സഞ്ചരിക്കുന്ന നിൻദിക്കിലെങ്ങാനൊരു
പിഞ്ചു പുല്ലായിപ്പിറക്കാവൂ ഞാൻ

എന്നായിരുന്നു അപ്പോൾ അക്രൂരന്റെ അന്തരംഗത്തിൽ കിളർന്നുവന്ന ആഗ്രഹം.

തേരുരുളുകയും പിന്നെയും മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. തൊഴുത്തിലെത്താറായ പശുക്കളുടെ ഉമ്പാരവം കേൾക്കാറാവുന്നു; വൈക്കോൽ മേഞ്ഞ ഗോപഗൃഹങ്ങളുടെ മേല്പുരകൾ കാണാറാവുന്നു; അസാധാരണമായുള്ള ഒരു തേരിന്റെ വരവു കണ്ടപ്പോൾ ഗോക്കളും ഗോപന്മാരും പകച്ചുനില്ക്കുന്നു; മണ്ടിനടക്കുന്ന കാളക്കിടാങ്ങളുടെ കഴുത്തിൽ കെട്ടിയ കുടമണികളുടെ ഒച്ച അക്രൂരന്റെ ചെവിയിൽ പതിയുന്നു; അതൊക്കെ കണ്ടും കേട്ടുംകൊണ്ട ആ ഭക്തശിഖാമണി ചിരദിദൃക്ഷിതമായ ഗോകുലത്തിലെത്തുന്നു. ഒരു തനി നാട്ടിൻപുറമാണ്[ൗ] ആ ഗോപവാടം. താഴികക്കുടംവെച്ച വന്മേടകളൊന്നും അവിടെ കാണ്മാനില്ല. പക്ഷേ അതുകൊണ്ടെന്താണ്[ൗ]? സമ്പൽസമൃദ്ധങ്ങളെന്നഭിമാനിച്ചു ഞെളിയുന്ന പട്ടണങ്ങൾ

ഏതാനും പുൽമേഞ്ഞ കൊച്ചുപുരകളെ
മാർതന്നിൽ ച്ചേർക്ക മിഗ്ഗോകുലത്തെ
താണുവണങ്ങട്ടെ, വാഴ്ന്നതിങ്ങല്ലോ
താർമാതിൻ പ്രാണനാം തമ്പുരാൻ താൻ

എന്നു അക്രൂരൻ തന്നെത്താൻ പറഞ്ഞുപോകുന്നു!

ഗോകുലത്തിലെങ്ങും വൈകുന്നേരത്തെ പശുക്കറവു നടക്കുന്ന സമയമാണത[ൗ]:—

പലാഴിമങ്കതൻ പര്യായ ഭേദങ്ങൾ
പോലെഴും ഗോപാലപ്പെങ്കൊടിമാർ

ത്രൈലോക്യ നാഥനാം തങ്കക്കിടാവിനെ
ത്താലോലിയ്ക്കുന്ന നൽക്കൈകളാലേ

ത്വംഗന്മണി മയ കങ്കണകാണമാം
മംഗല്യസംഗീതം പൊങ്ങുംവണ്ണം
നാക്കിനാൽ ക്കട്ടിയെ നക്കിമിനുക്കുന്ന
പൈക്കളെ സ്നേഹം കറന്നീടുന്നു.

പാത്രത്തിന്റെ വക്കത്തു നില്ക്കുന്ന പാൽപ്പുതകം 'എവിടെ ആ പാൽവെണ്ണക്കള്ളൻ?' എന്നന്വേഷിക്കുകയാണോ എന്നു തോന്നിപ്പോയി.

ഇങ്ങിനെ ശ്രീകൃഷ്ണപരമായ വിചാരധാരയിൽ മുഴുകിക്കൊണ്ടു തേരിലിരുന്ന അക്രൂരൻ, താൻ തേടിവന്ന ദിവ്യസ്വരൂപം മുമ്പിൽത്തന്നെ നിലകൊള്ളുന്ന കഥ ക്ഷണനേരത്തേയ്ക്കറിഞ്ഞതേയില്ല. പെട്ടന്നാണ് ആ കോമളശ്യാമളമായ ബാലരൂപം ദൃഷ്ടിയിൽ പെട്ടത്. അപ്പോഴേക്കു, 'ഉല്ലുളൽബാഷ്പാക്ഷ'നാവുകയാൽ അതിനെ നല്ലപോലെ കാണുവാൻതന്നെ കഴിഞ്ഞില്ല. അരക്ഷണംകൊണ്ടു, ജന്മസാഫല്യം കൈവന്നതോന്നലോടുകൂടി അക്രൂരൻ തേരിൽനിന്നു ചാടിയിറങ്ങി,

ആഴിപ്പൈങ്കാന്തന്റെ തൃക്കാൽപതിഞ്ഞവെൺ
പൂഴിയിൽ വീണു കിടന്നുരുണ്ടാൻ.

പിന്നീടുള്ള സ്ഥിതി വർണ്ണിക്കുവാൻ കവി ആളാക്കുന്നില്ല.

ഉന്മസ്തകോത്തമഭക്തിയിൽ പ്രാജ്ഞനു
മുന്മത്തചേഷ്ടനായ്ത്തീരുമല്ലൊ.

എന്നുമാത്രം പറഞ്ഞു വിരമിക്കുന്നു. ശ്രീകൃഷ്ണാവതാരംകൊണ്ടു ധന്യമായ ഒരു ചിങ്ങമാസത്തിലാണ് (1094) ഈ കവിതയെഴുതിയത്.

ദേശാഭിമാനത്തിന്റെ ഒരു പ്രകാരഭേദമാണ് ഇപ്പറഞ്ഞ കവിതകളിലെല്ലാം സ്ഫുരിച്ചിരുന്നത്. ആഷ്സംസ്കാരത്തോടുള്ള അളവറ്റ ഭക്തിബഹുമാനങ്ങൾ അവയിൽ ഓളംവെട്ടുന്നതു മാതൃഭൂമിയോടുള്ള ആദരാതിരേകത്തിന്റെ ഒരു പര്യായമായിക്കരുതാവുന്നതാണ്.

ഏതു കാലം മുതല്ക്കാണ് വള്ളത്തോൾ ദേശീയ ഗാനങ്ങൾ എഴുതിത്തുടങ്ങിയതെന്നു പരിശ്ലേദിച്ചു പറയുക എളുപ്പമല്ല. സാഹിത്യമഞ്ജരിയുടെ ഒന്നാം ഭാഗത്തിൽ ചേർത്ത 'ദാദാബായ് നവറോജി' എന്ന കവിതയിൽ ദേശാഭിമാനത്തിന്റെ നേരിയൊരു ശബ്ദം കേൾക്കാവുന്നതാണ്.

പരാശ്രയോത്താപമിയന്ന നിങ്കൽ
പ്പലപ്പൊഴും ബാഷ്പപയസ്സൊഴുക്കി
നിർവാണമൊട്ടേകിയ നിർവ്യളീക
നേത്രങ്ങളെന്നെസ്സുമടഞ്ഞിതയ്യോ.

ഇന്ത്യാവനീദേവി! ഭവച്ചിരസ്സിൽ
സ്വാതന്ത്ര്യകോടീരമെടുത്തു ചാത്താൻ
ആ വൈദികാഗ്ര്യന്റെ കരങ്ങളെപ്പോ
ലഹ്നങ്ങളായുള്ളവ വേറെയുണ്ടോ?

എന്നും മറുമുള്ള ശ്ലോകങ്ങളും നോക്കുക. 1094 വൃശ്ചികത്തി ലെഴുതിയ 'ഇന്നലെ'യിൽ*

സ്വതത്വമോക്ഷാതെ വിദേശലക്ഷ്മിതൻ
സ്മിതപ്പകിട്ടിങ്കൽ മയങ്ങിടായ്ക നാം

എന്ന ശ്ലോകാദ്ധത്തിലും ദേശാഭിമാനദ്യോതകമായൊരു ധ്വനി യുണ്ട്. 1095 ചിങ്ങത്തിൽ ലോകമാന്യതിലകന്റെ നിര്യാ ണത്തെപ്പററി എഴുതിയ 'അത്യാഹിതം'† ആ വിഷയത്തിൽ ഒരടിക്കൂടി മുമ്പോട്ട പോകുന്നു.

കല്ലോലം കൊട്ടംകാററത്തിരമ്പി മറിയുന്ന
കപ്പലോ കടലിന്റെ നേർ നടുക്കുഴലുന്ന
കണ്ണധാരരിൽ മുഖ്യ നിദ്രശാന്തരത്തിൽത്താൻ
കണ്ണടയ്ക്കുണമെന്നോ കല്പിച്ചു ഹതവിധി!

* * *

ഇന്ത്യതൻ മുക്തിയ്ക്കുങ്കുന്നംപ്പുക്കബന്ധാഗാരം
മന്ത്രദൃശ്യിയാമൊരു യോഗിതൻ ഗ്രഹയായീ
ധർമ്മരക്ഷണോദ്യോഗദുഃഖമേ തവസുഖ
മമ്മയ്ക്കായ് മരിക്കൽതാൻ ജീവിതം തവവിഭോ!

തനിയ്ക്കും മാതൃഭൂമിയുടെ സേവനത്തിൽ ഒരു പങ്കുവഹിക്കാനു ണ്ടെന്നും അതിൽ ഇത്രനാളും ഉദാസീനനായിരുന്നതു നന്ദികേ ടായിപ്പോയെന്നും സമ്മതിക്കുന്ന ഒരു കവിതയാണ് 'എന്റെ കൃതഘ്നത'.† 1095 ധനുവിൽ ആത്മപോഷിണി മാസികയി ലാണിത് ആദ്യം പ്രസിദ്ധീകൃതമായത്.

ആരാലുമവിജ്ഞാതമായെങ്ങോ കിടക്കുന്ന
ക്രൂരിരുൾക്കുഴിയിൽനിന്നുദ്ധരിച്ചടിയനെ

---

* സാ: മ. രണ്ടാം ഭാഗം

† സാ: മ. മൂന്നാം ഭാഗം

തെളിവാത്സല്യം തൂവുംതിരുമാത്തട്ടിൽച്ചേർത്തു
വെളിച്ചത്തണച്ചിതു ദേവി! നിന്തിരുവടി
അംബ! നിന്നമ്മിഞ്ഞതാനമൃതു ചുരത്തിമേ
നിന്മടിത്തട്ടിൽ സ്വർഗ്ഗലീലയും പൂണ്ടേനിവൻ!

അത്രമാത്രം മാതൃലാളനമേറ്റിട്ടും മാതൃശുശ്രൂഷയിൽ പുത്രൻ വേണ്ടത്ര ശ്രദ്ധവെയ്ക്കുന്നില്ല:—

ഹാ കഷ്ട മമ്മേ! മേന്മേലക്ഷയദിവ്യാമൃതം
ചുകുന്നനിൻ തൃപ്പാദപങ്കജം തൊട്ടീടാതെ
പാപിയെൻ പാണിദ്വന്ദ്വം പാനീയ സമ്പ്രാപ്തിയ്ക്ക
പാറക്കല്ലുകൾ ഞെക്കിപ്പിഴിയാനുഴറുന്നു!

ഒടുവിൽ തന്റെ കൃതഘ്നതയെപ്പറ്റി കവി ഇങ്ങിനെ പരിതപിക്കുന്നു:—

പുത്രനിൽ നിന്നിച്ചിപ്പീലമ്മ യാതൊന്നും,പക്ഷെ
പുത്രനു തള്ളാവതോ മാതൃശുശ്രൂഷാധർമ്മം?
എത്രയുമകൃതാർത്ഥൻ വേണ്ടതു ചെയ്യാത്ത ഞാൻ;
എത്രയും കൃതഘ്നനെന്നമ്മയെ മറന്ന ഞാൻ!

ഏറിയപരിത്യാഗധർമ്മശീലരാമൃഷി
വീരരെവഹിച്ചോരു നിൻഗർഭപുണ്യക്ഷേത്രം
എന്തിനു കടന്നിരുന്നശ്രദ്ധിപ്പെടുത്തി ഞാ
നെന്തിനു മനുഷ്യന്റെ രൂപത്തിൽ പിറന്നു ഞാൻ?

സ്വദേശത്തെക്കുറിച്ചുള്ള അഭിമാനവിജൃംഭണമാണ് 'ഒരു കൃഷ്ണപ്പരുന്തിനോട്'* എന്ന കവിതയിൽ അനുഭവപ്പെടുന്നത്. 1095 മിഥുനത്തിലെഴുതിയ ഈ കവിത സാഹിത്യമഞ്ജരിയുടെ നാലാംഭാഗത്തിലാണാംപ്പെടുത്തിയിരിക്കുന്നത്. ആ ഭാഗത്തിലെക്കവിതകൾക്കെല്ലാം ഒരു പ്രത്യേക വൈശിഷ്ട്യമുണ്ട്; അവയുടെ കൂട്ടത്തിൽ ഉൾപ്പെടുത്തത്തക്ക കാവ്യഗുണം മേല്പറഞ്ഞ കവിതയ്ക്കുമുണ്ട്. വിദേശാധിപത്യത്തിന്റെ സമ്മർദ്ദത്താൽ ജ്ഞാനവൈഭവയായിത്തീർന്ന ഭാരതമാതാവിന്റെ ധീരസന്താനങ്ങളിൽ ചിലർ, തങ്ങളുടെ സംസ്കാരവൈഭവം അന്യരാജ്യക്കാർക്കു മനസ്സിലാക്കിക്കൊടുക്കുവാൻവേണ്ടി, ലോകസംഗ്രഹബുദ്ധ്യാ ദേശാന്തരങ്ങളിൽ ചെല്ലുമ്പോൾ അവിടെ അവർക്കു സഹിക്കേണ്ടിവന്നിരുന്ന അപമാനത്തെയോർത്തു കവിഹൃദയത്തിൽനിന്നുയർന്ന പരിദേവനമാണ് ആ കവിത. ഭാരതത്തിന്റെ പരാധീനതയാണ് വിദേശീയർക്കു അങ്ങിനെ അവജ്ഞാപൂർവകമായ ഒരു മനോഭാവമുണ്ടാക്കിത്തീർത്തത്. 'സുരസിദ്ധാദി

* സാ: മ: നാലാം ഭാഗം

മഹാസുകൃതിസരണി'യിൽ ചരിക്കുന്ന പക്ഷിശ്രേഷ്ഠൻ ചളിപ്പാടത്തിരിക്കുന്ന ഏതാൻ ചില കൊറ്റികളുടെ ഇടയിൽ അകപ്പെട്ടുപോയിരിക്കയാണ്. ആ കൊറ്റികളുടെ പ്രകൃതമെന്താണെന്നു കവി വിവരിക്കുന്നു:—

പുറമേ കാണും വെണ്മയുള്ളിലില്ലിവക്കതി
ച്ചെറുപാടത്തെച്ചേറിന്നൊപ്പമേ കറുത്തതാം

* * *

ഇച്ചളിവെള്ളം തന്നിൽക്കിടന്നു വലയുന്ന
കൊച്ചുമീൻ തവള മുമ്പാകിയ ജന്തുക്കളെ
പാലനംചെയ്വാനല്ലിക്കുട്ടർതൻ സമ്മേളനം
ലീലയോടൊക്കെക്കൊത്തി വിഴുങ്ങുന്നതിനത്രേ.
കണ്ടജീവികളുടെ ജീവശോണിതം കൊണ്ടേ
കണുത്തിൻ വരംച്ചയിസ്സൌമ്യക്കു നിലസ്സുള്ളൂ.

കാവിവസ്ത്രമുടുത്തു കഴുത്തിൽ ഭസ്മം പൂശിയ കൃഷ്ണപ്പരുന്ത് അവരുടെ ദൃഷ്ടിയിലൊരു വെറും പിച്ചക്കാരനാണ്. അവരുടെ നാട്ടിലെ സംസ്കാരസമ്പന്നന്മാരെന്നഭിമാനിക്കുന്നവരുടെ വേഷം അത്ര പ്രാകൃതമല്ല! അതുകൊണ്ടാണീ അവജ്ഞാഭാവം.

കാവിവസ്ത്രത്താൽ സമാച്ഛാദിതശരീരനായ്
കേവലം ഭസ്മാലിപ്തഗ്രീവനാകിയ ഭവാൻ
ജീവദ്രോഹികളാകുമിവർതൻ ദൃഷ്ടിയ്ക്കതോ
പാവമാമൊരു പിച്ചക്കാരനായ്ത്തീന്നിട്ടുണ്ടാം.
ലോലചാമരയായ രാജലക്ഷ്മിയാം പണ്ണ
ശാലതൻ മുറ്റമടിയ്ക്കുന്ന നാടിതല്ലല്ലൊ!

ഭാരതസംസ്കാരത്തിന്റെ അന്തസ്സത്തയിലേക്കു വെളിച്ചം വീശുന്നതാണ് മേല്പുദ്ധരിച്ച ഒടുവിലത്തെ രണ്ടു വരികളും.

കൈവിടുകടൻ, കൃഷ്ണപ്പരുന്തേ! ശ്രുഭ്രാത്മാക്കളെ
മേവുമിദ്ദീനാക്രന്ദതുന്ദിലം കൊലനിലം,
എത്രയും പ്രശാന്തമായ് സ്വതന്ത്ര സഞ്ചാരമായ്
വിസ്തീർണ്ണമാകും നഭോഭാഗമേ തവ യോഗ്യം.

എന്നു മാത്രമേ കവിയ്ക്കിതിനെപ്പറ്റി പറയാനുള്ളൂ.

1096 കുംഭം ലക്കം ആത്മപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയ 'ഓം ശാന്തി: ശാന്തി:' എന്ന ചെറിയ കവിതയിൽ ഗാന്ധിജിയുടെ സത്യാഗ്രഹസമരത്തെക്കുറിച്ചുള്ള സൂചനകളും കാണാം.

നീർകൊണ്ടു നനയില്ല വൈലേല്ലിലുണങ്ങില്ല
തീകൊണ്ടു ദഹിക്കില്ല ബന്ധിച്ചാൽ കുടുങ്ങില്ല.
ജന്മവും മൃതിയുമില്ലാദിമധ്യാന്തങ്ങളി
ല്ലിമ്മട്ടിലുദ്യോതിക്കുമാത്മാവേ! നമസ്കാരം.

എന്നാണതിന്റെ ആരംഭം.

നിച്ചിലും ഹാ ഹാ മാതൃപാദശൃംഖലാശബ്ദം
പൊൽച്ചിലമ്പൊലിപോലെ കേട്ടനില്പോനോപുത്രൻ?
ചാരത്തായ് ജയം വീണ്ടു മങ്ങുന്നു; ചിരത്യക്തം
ചോരയെ സ്പർശിക്കാത്ത തന്മഹായുദ്ധം, ത്യാഗം—
വരിഷ്ഠസ്നേഹംകൊണ്ടു തുരുമ്പും പൂപ്പുംനീക്കി
ദ്ധരിച്ചു കഴിഞ്ഞുനിൻ ധീരദാസന്മാരമ്മേ!

ഇങ്ങിനെ മാതൃഭൂമിയോടുള്ള സേവന സന്നദ്ധതയെയും അതിൽ കവി പ്രഖ്യാപിച്ചിരിക്കുന്നു. സത്യത്തെ എന്നെന്നേക്കുമായി അടിച്ചമർത്തുവാൻ സാധിക്കുന്നതല്ലെന്നും അതിന്റെ പ്രകാശം പുറത്തേക്കു വരികതന്നെ ചെയ്യുമെന്നും കവി സമർത്ഥിക്കുന്നു.

വ്യർത്ഥമേ തവയത്നം ലോകമേ! തേജസ്വിയാം
സത്യത്തെപ്പിടിച്ചേതോ പാഴ്ഗ്രഹസ്ഥകത്താക്കി
നരകമധ്യത്തിലെ ക്ലൂരിരുട്ടിനാൽ ചുറും
കരിങ്കൽ പ്രാകാരവും കെട്ടിയുണ്ടാക്കുന്നു നീ.
ഇപ്പണിതീരുമ്പോഴെയ്ത്താട്ടിവ്യമൂർത്തിയുള്ള
തുപ്പൊന്നിൻമുടിമീതേ ചെങ്കതിർചിന്നിക്കാണാം.
മറയ്ക്കുംതോറും താനേ വെളിപ്പെട്ടീടും സത്യം
മറക്കാൻനോക്കുംതോറും മനസ്സിൽ സ്മരിച്ചീടും.
കറചെറേല്ലാ ശരദ്ഭ്രശുഭ്രമാമതിൻ
നിറത്തിന്നിടതുന്ന പീരങ്കിപ്പുകയാലും.
ഇരുട്ടു ചവിട്ടാതേ, ബാലാക്കൻ തനിത്തങ്കം
ചൊരിയുന്നേടത്തെത്തിച്ചേരുവാനെളുതാമോ?
ശാന്തിദേവതയുടെ ശാശ്വതസുഖദമാം
പൂന്തിരുവടിയിങ്കലർപ്പിയ്ക്കു സർവ്വസ്വം നാം!

അതേ കൊല്ലം കർക്കടകമാസത്തിൽ എഴുതിയ 'കാലം മാറി'* എന്ന കവിതയിലാണ് വള്ളത്തോളിന്റെ ദേശീയ കവിതകളുടെ യഥാർത്ഥത്തിലുള്ള അരങ്ങേറ്റമെന്നു പറയാം. ഇതെഴുതിയതിന്റെ പിന്നിൽ ഒരു ചെറിയ കഥയുണ്ട്. ശ്രീമതി വി. കെ. ചിന്നമ്മാളമ്മ 'നവയുഗം' എന്ന പേരിൽ ഒരു പുതിയ മാസികയാരംഭിച്ചപ്പോൾ അതിന്റെ ആദ്യലക്കത്തി

* സാ: മ: ഏഴാം ഭാഗം

ലേക്ക വള്ളത്തോളിന്റെ ഒരു കവിത വരുത്തിക്കൊടുക്കണമെന്ന ചിന്നമ്മാള അമ്മയുടെ സഹോദരൻ ശ്രീ വി. കെ. കൃഷ്ണമേനോൻ എന്നോടാവശ്യപ്പെട്ട. മാസികയുടെ പേരുതന്നെയാണ് കവിതയുടെ വിഷയത്തിന്നും പ്രേരകമായത്. കാലം മാറിയതിന്റെ പല ലക്ഷണങ്ങളും അന്ന നാട്ടിൽ കണ്ടുതുടങ്ങിയിരുന്ന. ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിന്ന മുൻകൈ എടുത്തു പ്രവൃത്തിച്ച ഗാന്ധിജിയുടെ രംഗപ്രവേശത്തെയാണ് ആ കവിതയിലെ ആദ്യത്തെ വരികളം വിവരിച്ചത്:—

ചെമ്പരുത്തിപ്പൂ ചൂടും കോഴികളം ചെവികളംക്കൊ
രിമ്പത്തെക്കൊടുക്കുന്ന കാഹളമൂതിക്കൊണ്ടാർ.
ക്രൂരിരുട്ടുകളെന്തോ മന്ത്രിച്ചു തമ്മിൽത്തമ്മിൽ—
'ആരിതു കിഴക്കുഭാഗത്തൊരു കൃശഗാത്രൻ,

ദാരിദ്ര്യം വെളിപ്പിച്ചുകൊടുത്തോരുടുപ്പുമായ്
നേരിട്ട നമ്മേ നോക്കിനില്ക്കുന്ന നിരാശങ്കം?
ദിങ്മുഖങ്ങളിലെല്ലാം കരിതേപ്പിച്ചോരായ
നമ്മുടെ നേരേ നോക്കാനെവനീ വെണ്ണീർക്കൊച്ചൻ?'

അന്നത്തെ പരിതസ്ഥിതിയിൽ ഭരണാധികൃതന്മാരുടെ ദൃഷ്ടിയിൽ രാജദ്രോഹപരമായിത്തോന്നാവുന്നതായിരുന്ന ഈ വരികളിലെ ആശയം. പക്ഷേ അതു ഗ്രഹിക്കാൻവേണ്ടുന്ന സഹൃദയത്വമുണ്ടായിരുന്നവരായിരുന്നില്ല അധികൃതസ്ഥാനത്തിരുന്നവർ എന്നാണ് വിചാരിക്കേണ്ടത്. അക്കാര്യം നില്ക്കട്ടെ. കവിയുടെ ആശയഗതിയെത്തന്നെ പിന്തുടരാം.

ക്രൂരിരുട്ടകളംക്കേ ആ 'വെണ്ണീർക്കൊച്ചനെ' കണ്ടപ്പോൾ പരിഭ്രമമുണ്ടായുള്ള. പക്ഷികൾ കളഗീതം പാടി ആ അക്ഷയജ്യോതിർമ്മൂർത്തിക്കു സ്വാഗതമരുളുകയാണ് ചെയ്തത്. ഉപചാരദീപങ്ങൾ കൊളുത്തിവെക്കുവാൻ അവർ ആലയങ്ങളോടുപദേശിച്ചു. ഇരുട്ടകളംക്കു അഭയം നല്കുന്ന സമുദ്രങ്ങൾ ഗർജ്ജിച്ചുവെങ്കിലും പ്രജകൾക്കു ആ ഭീഷണിഘോഷം ശുഭസൂചകമായ 'പ്രത്യുഷപ്പെരുമ്പറ ധ്വാന'മായിട്ടാണ് തോന്നിയത്. ഭീകരശക്തികൾ ആകാശത്തോളം കെട്ടിപ്പൊക്കിയ കരിങ്കൽപ്രാകാരം കളിമണ്ണിനേറതുപോലെ ഉടയുന്നതും അവരുടെ ചവിട്ടടിയിലമന്ന ചെറുകുന്നുകൾ തലപൊക്കി നില്ക്കാൻ തുടങ്ങുന്നതും കണ്ടപ്പോൾ അവയ്ക്കുമ്പറപ്പായി,

നിങ്ങൾ കണ്ടിട്ടില്ലാത്ത നാണ്യങ്ങൾ ചിലതുണ്ടു
തുംഗമാം പ്രകൃതിതൻ തുക്കലവറയ്ക്കുള്ളിൽ.
കേവലമതുകളിലൊന്നിനെ വെളിയ്ക്കെത്തി
ച്ചീവെള്ളി തനിത്തങ്കം പൂശിയ്ക്കുമുലകത്തെ.

ആവതില്ലിനിച്ചളിപ്രായരേ! നില്ക്കാൻ നിങ്ങൾ
ക്കാവലിൻ ചിറകിനാൽ പറന്നുപോയ്ക്കൊൾക—

എന്ന ഒരിളംകാറ്റു പിറുപിറുക്കുന്നതു കേട്ടിട്ടായിരിക്കാം, ഇരുൾ
ക്കാട്ടാളർ എല്ലാവരും ഓടിപ്പോയി. നാടിന്റെ നൈസർഗ്ഗിക
സൌഭാഗ്യം വെളിപ്പെടുകയും ചെയ്തു.

അപ്പഞ്ഞക്കരിമ്പടം കടലിൽക്കളഞ്ഞു വെ
ച്ചിപ്പൂവ്ഹരിത്തിതാ ചാരുനീരാളം ചാർത്തീ.
അലസംപ്രബുദ്ധമായ് മലിനം വിശുദ്ധമായ്
കലുഷംപ്രസന്നമായ് കാലമത്രയും മാറീ.

ഇതിനിടയിൽ കവി ഗാന്ധിജിയെ ഗുരുനാഥനായി മന
സാവരിച്ചു കഴിഞ്ഞിരുന്നു. ഭാരത സംസ്കാരത്തിന്റെ മൂർത്തീ
ഭാവമായിട്ടാണു മഹാത്മാവിനെ വള്ളത്തോൾ കണ്ടതു്. ആത്മീയമായ ആ ഐക്യമായിരുന്നു ഗുരുശിഷ്യബന്ധത്തി
ന്റെ അടിത്തറ. 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ
ആ ഗുരുഭക്തി പ്രകാശിതമാവുന്നതിനുമുമ്പുതന്നെ ഗുരുദേവന്റെ
ആദർശങ്ങൾ ഉൾക്കൊള്ളുവാനും അപദാനങ്ങൾ കീർത്തിക്കുവാനും
വള്ളത്തോൾ ആരംഭിച്ചിരുന്നു. 1096 മകരത്തിൽ (1921)
എഴുതിയതാണെങ്കിലും സാഹിത്യമഞ്ജരിയുടെ ഒമ്പതാം ഭാഗം
പ്രസിദ്ധപ്പെടുത്തുന്നതുവരെ (1958) പുസ്തകത്തിലുൾപ്പെടുത്തി
യിരുന്നില്ലാത്ത 'ഇതിലെ ഇതിലെ' എന്ന വഞ്ചിപ്പാട്ടിൽ
മഹാത്മജിയെപ്പറ്റി ഇങ്ങിനെ പാടിക്കാണാം:—

ഹാ കരം കരളിനോടും ചുമൽ ചുമലിനോടും ചേ
ർത്തുകരുത്തമുൾപ്പായുന്ന കൈകളാൽ നമ്മെ
ഒത്തുപിടിച്ചേതാണ്ടെട്ടുപത്തു തുഴതുഴഞ്ഞെച്ചാ
ലെത്തുമുദ്ദിഷ്ടമാം കരയ്ക്കിപ്പൊരു വഞ്ചി.
ആർ മനശ്ശമംവ്യാപിപ്പിച്ചാടാക്കുന്ന സിംഹത്തെയു
മാമഹാത്മാവല്ലോ നമുക്കമരക്കാരൻ.

കാവ്യഭംഗികൊണ്ടു ഇതിനെക്കാൾ ഒരു പടി ഉയർന്നു നില്ക്കുന്നുണ്ടു് 1097 ചിങ്ങത്തിലെഴുതിയ 'അമാന്തം, അമാന്തം'* എന്ന അന്നനട.

അനഘർ നമ്മുടെ ഗുരുവര്യരാരെ
പ്പുനശ്ചകണ്ടെത്താൻ കൊടുംതപംചെയ്വൂ
മനംകനിയുമാവിമുക്തലക്ഷ്മിതൻ
മണിച്ചിലങ്കകളതാകിലുങ്ങുന്നു;
പരാജ്ഞകൾ കേട്ട ദുഷിച്ച കണ്ണുമേ
പരിശുദ്ധികൊൾകീശ്രുതിനിഷ്പോഷത്താൽ

* സാ: മ: അഞ്ചാം ഭാഗം

എന്നൽബോധിപ്പിച്ചുകൊണ്ട ആ ദേവിയെ എതിരേല്പാൻ അമാന്തിച്ചുക്കൂടെന്ന കവി ഉപദേശിക്കുന്നു.

അടിയ്ക്കടി ചപ്പുചവറിടചേന്ന
തടിച്ചുകൂട്ടിയോ കരിച്ചുതള്ളുവാൻ?
സമബുദ്ധി സത്യഗ്രഹമഹിംസനം
ശമം,ദമം മുമ്പാം മൂടന്മൂലുകളാൽ
വഴിപോലെ നെയ്യ് വിചിത്ര കംബളം
വഴിയിൽ നീളവേ വിരിച്ചുവോ നമ്മൾ?

* * *

തിരുമുമ്പിൽക്കെടാവിളക്കു കത്തിപ്പാ
നൊരുക്കിവെച്ചുവോ സുവിമലസ്നേഹം?
വരപ്രദാത്രിയെ വണങ്ങിയച്ചിപ്പാൻ
കരംപ്പൂക്കൾ വൃത്തിപ്പെടുത്തിയോ നന്നായ്?

സഖീസമാഗമത്വരയൊടുമിതാ
സഖേദമീക്ഷിപ്പൂ സവിത്രി നമ്മളെ.
ക്ഷമാഹ്മല്ലിതു പൊഴുതും നമ്മുടെ
യമാന്തമത്യുഗ്രമമാന്ത മത്യുഗ്രം!

ചക്കയും നൂൽനൂല്പും ദേശീയ പരിപാടിയിലെ മുഖ്യ വിഷയങ്ങളായിരുന്നുവല്ലൊ. പഞ്ഞപ്പിശാചിനെ 'ചക്രം തിരിയ്ക്ക' ന്നതിന്റെ പ്രതീകമായിട്ടാണ് ചക്കയെ കവി വിഭാവനം ചെയ്തത്. പുതിയ ലോകൈകനായകനായ ഗാന്ധിജി ദാരിദ്ര്യ നരകനിഗ്രഹത്തിന്നുവേണ്ടി ജനങ്ങളെ ഏല്പിച്ച 'നവ്യസുദർശന' ത്തെക്കുറിച്ചുള്ളൊരു ഗാനമാണ് ''ചക്രഗാഥ''*.കവി ഭാവനയ്ക്കു വിഹരിയ്ക്കുവാൻ പല ഉല്ലേഖങ്ങളും ചക്കയുടെ പ്രവർത്തനം കാഴ്ച വെക്കുന്നുണ്ട്. ത്യാഗിയായ മഹാത്മാവാൽ പ്രകാശിതമായ ചക്രം ഒരു നിസ്തുലശ്രീചക്രമാണെന്നും, കാറിൽ പറക്കുന്ന പരുത്തിയെ അതിൽ ചേർത്തു നൂല്ക്കുമ്പോൾ നീണ്ടുവരുന്ന നൂൽ അതിന്റെ കരുണാമയമായ പുഞ്ചിരിയാണെന്നും, അതിന്റെ നാദം ചെറുപൈതലിന്റെ കൊഞ്ചൽപോലെ അമ്മയെ കോൾമയിക്കൊള്ളിക്കുമെന്നും മറ്റും കവിയ്ക്ക സങ്കല്പിക്കുവാൻ യാതൊരു പ്രയാസവുമില്ല. ചക്കയിൽ നൂൽ നൂല്ക്കുന്നതിന്റെ അന്തിമമായ ഫലം മാതൃഭൂമിയുടെ വിമോചനമായിരിക്കുമെന്ന ഗാന്ധിജിയുടെ വിശ്വാസത്തെ കവി രേഖപ്പെടുത്തുന്നതിങ്ങിനെയാണ്:—

കാട്ടിലെസ്സുമുട്ടായ്സ്സർവത്ര കൈയ്യേക്കു
കാട്ടിത്തിമർക്കുന്ന കേസരിയെ

---

* സാ: മ: അഞ്ചാം ഭാഗം

നിത്തിത്തളയ്ക്കുന്ന താമര നൂൽകൊണ്ടേ
നിത്യം തിരിയുന്ന കാല ചക്രം.
ആവിധം നിർജ്ജീവരായിക്കിടന്നോരിൽ
ജ്ജീവസിരയേയും സ്പന്ദിപ്പിപ്പൂ.

* * *

നമ്മുടെ രാജ്ഞിതൻദിവ്യ ചക്രാങ്കിത
പ്പൊന്മണിത്തുക്കൊടിക്കൂറതാൻതാൻ
ധർമ്മക്ഷയോത്താപം തീരെശ്ശമിച്ചുപോ
മമ്മട്ടിൽ വിണ്ണിനെ വീശിടട്ടേ,
ചങ്ങാതിമാർകളേ പഞ്ഞപ്പിശാചിനെ
ച്ചക്രംതിരിയ്ക്ക, തിരിയ്ക്ക, നമ്മാൽ!

ഗാന്ധിജിയുടെ അഹിംസാവ്രതവും ത്യാഗശീലവും ബുദ്ധഭഗവാന്റെ പാവന ചരിത്രത്തെ അനുസ്മരിപ്പിച്ചതിന്റെ പ്രതികരണമാണ് 1098 ചിങ്ങത്തിലെഴുതിയ 'നാം സ്വാതന്ത്ര്യമടയാവൂ'* എന്ന കവിതയിൽ സ്മരിച്ചുകാണുന്നത്. അതിന്റെ ആരംഭംതന്നെ ഗംഭീരമാണ്:—

അഹിംസാപരധർമ്മ മഖിലാഗമമർമ്മ
മഹിതാഹവവർമ്മമഭയ കൃഷികർമ്മം
ലോകത്തെപ്പഠിപ്പിച്ച സൽഗുരോ! നരകത്തിൽ
നാകത്തെപ്പണിചെയ്ക വിശ്വകർമ്മാവേ! തൊഴാം.

തുംഗമൂർത്തിയാം ഹിമവാങ്കൽനിന്നുളവായ
ഗംഗയെ ലഭിച്ചോരു ലോകവും ചിരകാലം
കാത്തിരുന്നിതു തൃഷ്ണാശാന്തിയ്ക്കു മഹാത്മാവേ!
പേർത്തുമൊഴുക്കിയ ധർമ്മശ്രീ സരിത്തിനെ!

തുടർന്നു കുറെ വരികളിൽ ബുദ്ധചരിതത്തിന്റെ ഒരു സംക്ഷേപമാണടങ്ങിയിരിക്കുന്നത്. അങ്ങിനെ ഭാരതത്തിലെ പരമർഷിയായി പരിലസിക്കുന്ന ബുദ്ധദേവന്റെ തത്ത്വോപദേശം കൊണ്ടു

'ബന്ധനമഴിച്ചു നാം സ്വാതന്ത്ര്യമടയാവൂ'

എന്ന പ്രാർത്ഥനയോടുകൂടി കവിത അവസാനിക്കുന്നു.

1098 ധനുമാസത്തിൽ എഴുതിയ 'എന്റെ ഗുരുനാഥൻ'† എന്ന കവിതയാണ് വള്ളത്തോളിന്റെ ദേശീയകവിതകളിൽ

* സാ: മ: അഞ്ചാം ഭാഗം.
† സാ: മ: നാലാം ഭാഗം.

പലവിധത്തിലും പ്രാധാന്യമർഹിക്കുന്നത്. തന്റെ ദേശീയത്വം രാഷ്ട്രീയപ്രവർത്തകരുടെ മുദ്രാവാക്യങ്ങളിൽനിന്നു വിഭിന്നമാണെന്നും ഭാരതത്തിന്റെ സാംസ്കാരികവും ആധ്യാത്മികവുമായ അന്തസ്സത്തയിൽ അധിഷ്ഠിതമായ ഒരു തപസ്യയാണെന്നും ആ കവിത വിശദീകരിച്ചു. മഹാത്മാഗാന്ധിയുടെ തത്വസംഹിതയിലുള്ള ഉറച്ച വിശ്വാസമായിരുന്നു ആ തപസ്യയുടെ പശ്ചാത്തലം. 'വസുധൈവ കുടുംബക'മെന്നും 'ത്യക്തേനഭുഞ്ജീഥാഃ' എന്നും മറ്റുമുള്ള ആഷ്ടഭാരതതത്വങ്ങളെ അനുസ്മരിച്ചുകൊണ്ടാണ് 'എന്റെ ഗുരുനാഥൻ' ആരംഭിക്കുന്നത്.

ലോകമേതറവാട്ടു തനിസ്സ്ത്രീച്ചെടികളും
പുൽകളും പുഴക്കളുംകൂടിത്തൻ കുടുംബക്കാർ
ത്യാഗമെന്നതേ നേട്ടം, താഴ്ചതാനഭ്യുന്നതി,
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ.

ഗാന്ധിജിയുടെ അധ്യാത്മമഹത്വത്തെ അപഗ്രഥനംചെയ്തു അതിലെ ഓരോ അംശത്തെയും എടുത്തു വിവരിക്കുന്നതാണ് തുടർന്നുള്ള വരികളെല്ലാം.

താരകാമണിമാല ചാർത്തിയാലതും കൊള്ളാം,
കാറണിച്ചുളി നീളെപ്പുരണ്ടോലതും കൊള്ളാം;
ഇല്ലിഹസംഗം ലേപമെന്നിവ, സമസ്വച്ഛ
മല്ലയോ വിഹായ,സ്സുവർണ്ണമെൻ ഗുരുനാഥൻ.

മഹാത്മാവിന്റെ ആശയവിശാലതയെയാണ് ആകാശത്തോടുള്ള ഇതിലെ ഉപമ വിശദീകരിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. വിഷയത്തിന്റെ ഉൽകൃഷ്ടതയ്ക്കനുരൂപമാണ് രചനയുടെ അക്ലിഷ്ടമായ രാമണീയകവും. 'എന്റെ ഗുരുനാഥൻ, എന്റെ ആചാര്യൻ' എന്നിങ്ങിനെയുള്ള ആവർത്തനങ്ങളിൽ എന്തൊരു ഗുരുഭക്തിയാണ് സ്ഫുരിയ്ക്കുന്നത്!

പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാചാര്യൻ

എന്നും

.....ഹിംസാ
ദോഷമെന്നിയേ യജ്ഞംചെയ്വവനെന്നാചാര്യൻ

എന്നും

മുക്തിതൻ മണിമയക്കാൽത്തളക്കിലുക്കങ്ങൾ
മുറ്റുമെൻഗുരുവിന്റെ ശോഭനവചനങ്ങൾ

എന്നും

ചെല്ലുവിൻ ഭവാന്മാരെൻഗുരുവിൻ നികടത്തിൽ
അല്പാസ്ഥിലവിടുത്തെച്ചരിത്രം വായിക്കുവിൻ

എന്നും ഉള്ള ആവർത്തനങ്ങളും ഉദാഹരണങ്ങളായിക്കാണുക. ആ ഗുരുഭക്തിപ്രദർശനത്തിനിടയിലും ഭാരതത്തിന്റെ അധ്യാത്മമഹത്വത്തെക്കുറിച്ചുള്ള സ്മരണ കവിയുടെ മനസ്സിൽ ഒട്ടിപ്പിടിച്ചിരിക്കുകയാണ്. അതാണ് കവിതയുടെ അവസാന വരികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും:—

ഗീതസ്സു മാതാവായ ഭൂമിയേ ദുഃഖമിതു
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കു.
ഹിമവദ്വിന്ധ്യാചല മധ്യദേശത്തേ കാണു
ശമമേ ശീലിച്ചൊഴമിത്തരം സിംഹത്തിനെ.

ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിസ്സിത്രം
മംഗളം കാസ്സും കല്പപാദപമുണ്ടായ്വരു.
നമസ്തേ ഗതതഷ്! നമസ്തേ ദുരാധഷ്!
നമസ്തേ സുമഹാത്മൻ! നമസ്തേ ജഗൽഗുരോ!

ഭാരതമഹാജനസഭയുടെ ഗതിവിഗതികളെ നിരീക്ഷണംചെയ്തുകൊണ്ടാണു അക്കാലത്ത് വള്ളത്തോൾ ദേശീയവിഷയങ്ങളെ പരാമർശിച്ചിരുന്നത്. അതിലും ഗാന്ധിജിയുടെ നിലപാടായിരുന്ന കവിസ്സു മാഗ്ദനിർദ്ദേശം നല്കിയത്. ചുരുക്കിപ്പറഞ്ഞാൽ രാജ്യമീമാംസയെസ്സംബന്ധിച്ചു വള്ളത്തോളിന്നു ഗാന്ധിജിയായിരുന്നു പരമപ്രധാനമായ പ്രമാണം. സ്വരാജ്യകക്ഷിക്കാരുടെ നിയമനിർമ്മാണസഭാ പ്രവേശത്തിന്നനുകൂലമായ മനോഭാവം നല്ലതിനല്ലെന്ന അഭിപ്രായക്കാരനായിരുന്നു വള്ളത്തോൾ. അതിന്റെ പ്രതിഫലനമാണ് 'നിങ്ങൾതൻ പോക്കു വിപരീതമാകൊലാ'* എന്ന കവിത.

'ഏതൊരുയ്ക്ഷി വഴിപിഴപ്പിച്ചിതീ
പ്പൂതമാശ്ലൈകപഥികരാം നിങ്ങളെ?
ഇണ്ടുമടങ്ങുവിനിങ്ങുമടങ്ങുവിൻ
നിങ്ങൾതൻ പോക്കു വിപരീതമാകൊലാ;
കാര്യസിദ്ധിസ്സു കിഴക്കോട്ടപോകേണ്ട
കാലുകളയ്യോ പടിഞ്ഞാട്ടനീങ്ങൊലാ.'

ലക്ഷ്യം പരിശുദ്ധമായാൽ പോരെന്നും അതിന്നുള്ള മാഗ്ദവും ശുദ്ധമായിരിക്കേണ്ടതാണെന്നുമുള്ള ഗാന്ധിതത്വത്തിന്റെ ധ്വനിയുണ്ട് 'പൂതമാശ്ലൈകപഥികർ' എന്ന പ്രയോഗത്തിൽ. അതിന്റെ വിവരണംതന്നെയാണ് പിന്നീടുള്ള വരികളിലും

* സാ: മ: നാലാം ഭാഗം.

കാണുന്നത്—

ദേശവും കാലവും ലോകസ്വഭാവവും
ലേശം പിഴയ്ക്കാതെ കണ്ടുവെയ്ക്കുന്നതിൽ
വിസ്മയനീയ ദൃക്പാടവമുള്ളവ
രസ്മൽഗുരുക്കളസത്യപരാങ്മുഖർ
ഹിംസാവിഷപ്പല്ലിളക്കിപ്പറിപ്പവർ
സംസാരമായയെസ്സസ്മിതം നോക്കുവോർ
ക്ലേശങ്ങളെ മടികേറി ലാളിപ്പവർ
നാശമകിഞ്ചനത്വത്താലകറുവോർ
അമ്മഹാത്മാക്കൾ വെടിഞ്ഞ വഴിപിടി
ച്ചമ്മയ്ക്ക ശോച്യരാം മക്കളാകൊല്ല നാം!

സ്വരാജ്യകക്ഷിപ്പിണക്കത്തെത്തുടന്നുണ്ടായ ഭിന്നിപ്പിനെക്കുറിച്ചും കവി ബോധവാനായിരുന്നു. അച്ഛിന്നഗതിയായി പ്രവഹിച്ചുകൊണ്ടിരുന്ന ഭാരതമഹാജനസഭയുടെ പുരോഗമനത്തിന്നു സംഭവിക്കാനിടയുള്ള പ്രതിബന്ധങ്ങളെ നീക്കംചെയ്യേണ്ടത് ലക്ഷ്യപ്രാപ്തിയ്ക്കത്യന്തം ആവശ്യമാണെന്നു സമർത്ഥിക്കുകയാണ് 'വൈശസം പോരും പോരും'* എന്ന കവിതയിൽ ചെയ്യുന്നത്.

എന്തിതേതിരുൾക്കുണ്ടിൽനിന്നുവാൻ പൊടുന്നനെ
പ്പൊന്തി നേർവഴിയ്ക്കൊരു പർവ്വതപ്പരപ്പയ്യോ!
പ്രത്യഹപ്പെരുംകോട്ട—ദൌർഭാഗ്യസമുച്ചയം
പ്രത്യഗ്രവിപത്തിന്റെ വിസ്തൃതക്കൽക്കുമ്പാരം!

അക്കരിംകൂറനതാ—ചിക്കെന്നാച്ചെകുത്താന്റെ
കക്ശമുടിത്തട്ടിലിടിവാൾ പതിയ്ക്കട്ടെ—
നമ്മുടെ നലമേറുമമ്മ തന്നുടയാട
യുന്മദാൽപ്പിടിക്കുടിച്ചീന്തിയിട്ടിതു രണ്ടായ്.

വിഭിന്നകക്ഷികളുടെ വകതിരിവില്ലായ്മയുടെ ഫലമായി കോൺഗ്രസ്സിന്റെ ചരിത്രത്തിൽ മുമ്പും ചില അസ്വാരസ്യങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടായിരുന്നു. പക്ഷേ മഹാത്മാഗാന്ധിയുടെ പരിശ്രമത്താൽ ആ അനൈക്യം ഒരുവിധം മാറിക്കൊണ്ടുവന്നു.

സ്വാർത്ഥതൽപ്പരർ ചില കൃഷിക്കാരന്നന്നായി
ച്ചീർത്ത കല്ലുകൾകൊണ്ടു കെട്ടിയ ചിറകളാൽ
ആയിരംമുറിത്തോടായിട്ടല്ലോ കിടന്നു ഹാ
നീയിതുവരെയ്യൈക്യശബ്ദമേ ശ്രുവിയ്ക്കാതെ!

---

* സാ: മ: ആറാം ഭാഗം.

നിൻെറയത്തടവ്വതാ ദിവ്യമാമൊരുത്തേറു
നിശ്ശേഷം പറന്നുപോയ് മാറാലമറപോലെ.
സ്വച്ഛന്ദം പ്രവഹിച്ചുകൊൾക നീയൊരേചാലാ
യച്ഛിന്നം തവ പുരോഗമനം നദീമൌലേ!
ആറേഴുകൃഷിക്കാർതൻ പിന്നാലെയിഴകയോ
പാരാകെക്കളിപ്പിയ്യുവേണ്ടും നിൻ ശുഭജലം?

സ്വരാജ്യകക്ഷിനിമിത്തമുണ്ടായ കുഴപ്പം താൽക്കാലികമാണെന്നും അതിന്നിടവരുത്തിയ തെറ്റിദ്ധാരണകളും തീർന്നാൽ അനൈക്യം നീങ്ങുമെന്നുമുള്ള പ്രത്യാശയിന്മേലാണ് കവിവാക്യം അവസാനിക്കുന്നത്:—

വൈശസം പോരും പോരും, കണ്കളാൽത്തുകൊല്ലേ നാ
മാശപ്പൂഞ്ചെടിയുടെ കടയ്യൽച്ചുടുവെള്ളം!
മന്ദമിട്ടുഴുപ്രാന്തം പിന്നിട്ടതീർന്നാൽ വീണ്ടു
മിന്നദിയുടെയിരുചാലുകളുംക്കൊന്നായ്ക്കുടാം.
പാടുകാണാതീത്തുകിൽത്തുണ്ടുകളും തുന്നിച്ചേർക്കും
പാരിനു വൻമേലാപ്പു തീത്തൊരുത്തയ്യൽക്കാരൻ
അദ്വൈതപ്രവണയാം നമ്മുടെതൻ പ്രിയമാതാ
വെത്രുകണ്ടിദ്വൈതത്തെക്കൺചിമ്മിസ്സഹിച്ചീടും?
വൈശസം പോരും പോരും കണ്കളാൽത്തുകൊല്ലേനാ
മാശപ്പൂച്ചെടിയുടെ കടയ്യൽച്ചുടുവെള്ളം!

വിഷയം രാഷ്ട്രീയമാണെങ്കിലും ആശയങ്ങളുടെ വ്യംഗ്യഭംഗികൊണ്ടു കവിമനോധർമ്മത്തിൻെറ ചമൽക്കാരാതിശയം ഒളംവെട്ടുന്ന ദേശീയഗീതങ്ങളാണ് അക്കാലത്തെഴുതിയവയിൽ മിയ്യുതും. സ്വാതന്ത്ര്യസമരത്തിലെ യുവഭടന്മാർക്കു 'മാച്ചു' ചെയ്യുമ്പോൾ പാടുവാൻവേണ്ടി എഴുതിയ ''പോരാ പോരാ''* എന്ന വഞ്ചിപ്പാട്ടിലും പുളകോൽഗമകാരിയായ വചഃപ്രസരം മുറ്റിത്തെളിഞ്ഞു കാണാം.

പച്ചനിറവും വെളുപ്പും നൽച്ചുകപ്പുമിണങ്ങുമീ
മെച്ചമേറും വൈജയന്തി വാനിൽത്തിളങ്ങി
ദേവേഷ്ടികൾക്കാനന്ദത്തെ കൈവളത്തീടട്ടേ, വാസു
ദേവവക്ഷസ്സിലെ വനമാലപോലവേ.

മന്ദാകിനീമണിത്തെന്നൽവന്നു പനിനീർത്തുള്ളികൾ
മന്ദം മന്ദം തളിയ്യുമിക്കൊടിക്കൂറകൾ
വീശിയാശ്വസിപ്പിയ്യുട്ടേ വീണ്ടും വീണ്ടും പാരിൽദ്ധർമ്മ
നാശംകണ്ടു സന്തപിച്ചനാകിവൃന്ദത്തെ

* സാ: മ: അഞ്ചാം ഭാഗം.

എന്നും മറ്റുമുള്ള വരികൾ പാടിക്കേൾക്കുമ്പോഴുള്ള സ്ഫോടം അന്നത്തെ സമരരംഗത്തെ എത്രമാത്രം അഭിമാനവിജൃംഭിതമാക്കിത്തീർത്തിരുന്നു! ഭാരതത്തിന്റെ വിജയവൈജയന്തികയെക്കുറിച്ചുള്ള ഒരു സങ്കീർത്തനമെന്നനിലയിൽ ഈ കവിതയ്ക്കു ഒരു ശാശ്വതമൂല്യവുമുണ്ട്.

മേല്പറഞ്ഞ കവിതകളെഴുതിയ കാലത്ത് വള്ളത്തോൾ മഹാത്മജിയെ നേരിട്ടുകണ്ടിരുന്നില്ല. ഏകലവ്യനെപ്പോലെ അകലത്തിരുന്ന ആ ഗുരുനാഥനെ സ്മരിക്കുകയും അനുവർത്തിക്കുകയുംമാത്രമേ ചെയ്തിരുന്നുള്ളൂ. 1100–ൽ (1925) വൈക്കം സത്യാഗ്രഹകാലത്ത് ഗാന്ധിജിയെ അവിടെച്ചെന്നു കാണുവാൻ സൌകര്യപ്പെട്ടുമെന്നുകരുതി വള്ളത്തോൾ വൈക്കത്തേക്കു പോയി. അടുത്തൊരുദിവസംതന്നെ (മാച്ച് 18–ാംനു) ഗാന്ധിജി ആലുവായിലെ അദ്വൈതാശ്രമം സന്ദർശിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നും അന്നു അവിടെച്ചെന്നു കാണുവാനായിരിക്കും അധികം സൌകര്യമെന്നും സ്നേഹിതൻ സി. പി. കൃഷ്ണൻ എളയത് അറിയിച്ചിരുന്നുവെങ്കിലും സത്യാഗ്രഹസമരത്തിന്റെ രംഗത്തുവെച്ചുതന്നെ കാണണമെന്നായിരുന്ന കവിയുടെ മോഹം. നിർഭാഗ്യവശാൽ അവിടെവെച്ചൊരഭിമുഖദർശനത്തിനു തരമായില്ല; ഒന്നു കണ്ടു എന്നു മാത്രം വന്നു. ആ അനുഭവത്തിൽനിന്നു രൂപംകൊണ്ടതാണ് 'പാപമോചനം' എന്ന കവിത. (സാ: മ: 6).

കഷ്ടമെൻ പുണ്യപ്പുഴക്കുത്തു! കാശിയിൽ
ട്ടിഷ്ട്യാഗമിയ്ക്കിലും മുങ്ങീല ഗംഗയിൽ

എന്ന ഇമ്മ്ലാഭംഗത്തിന്നിടയിലും

അത്തിരുമേനിതൻ മൈത്രീമസൃണമാം
വക്ത്രമെൻനേക്കൊന്നു പുഞ്ചിരിക്കൊൾകവേ
ശുദ്ധമേ താമസനാമെങ്കിലും തെല്ല
സത്പ്രഭാണാംശം പുരണ്ടതായ്ത്തോന്നിമേ

എന്നൊരു സമാശ്വാസത്തിന്നു് ആ സന്ദർഭം ഇടനല്കാതിരുന്നില്ല.

അഭ്രസ്ഥിതനായ ചന്ദ്രന്റെ കാന്തിയോ
അഭ്യാഗതനായ ഗാന്ധിതൻ ശാന്തിയോ
പാലൊഴുക്കീടിന സത്യഗ്രഹാശ്രമ
ശാലാങ്കണസ്ഥലം പൂക്കേനുഷസ്സിൽ ഞാൻ.

വൈക്കത്തെയമ്പലത്തിന്നുള്ളിൽ നിന്നുടൻ
കേൾക്കായി മന്ദ്രമാം യാമശംഖസ്വനം

എന്നാശതൻ ജയശംഖൊലി താനിതെ
ന്നെൻ നെഞ്ചു സ്തംഭംചവുട്ടീ തെരുതെരെ!

മിത്രങ്ങളേ! ലോകയാത്രയിൽ മുമ്പെത്ര
യെത്ര രാക്കായൽ കടന്നിരിക്കുന്ന ഞാൻ!
എന്നാൽ ശരിയാം പ്രഭാതത്തിലെൻ വഞ്ചി
യിന്നാണു നൂനമണഞ്ഞതൊന്നാമതായ്!

അങ്ങിനെ അതൊരു പുതിയ പ്രഭാതമായി കവിയ്ക്കനുഭവപ്പെട്ടു.

കിട്ടീലിടമെനിയ്ക്കാംത്തിക്കുമൂലമ
ശ്ശിഷ്യന്റെ മുന്നിൽവടിപോലെ വീഴുവാൻ.
തൊട്ടതലയിൽ വെയ്ക്കാനേ കഴിഞ്ഞുള്ള
പട്ടുപോലുള്ളപ്പവിത്രപദതലം.

എന്നാലും അതു മതി. ആശ്രമം വിട്ടു നടയ്ക്കലെത്തിയപ്പോൾ കണ്ട കാഴ്ച കവിഹൃദയത്തിൽ തന്റെ നാട്ടിനെക്കുറിച്ചുള്ള ചില തിക്തചിന്തകളെ ഉദ്ദീപിപ്പിക്കുന്നു.

ഹാലാഹലോൽഗാരിയായ സപ്പത്തിനും
വെൺപാൽകൊടുക്കുമെൻ നാടിന്റെ ഭ്രാന്തു
കമ്പയാം പയ്യിൻകറവാകെ വറ്റിയോ?

എന്നു കവി സ്വയം ചോദിച്ചുപോകുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഏതാൻ യുവധീരന്മാർ അവിടെ തപസ്സാചരിക്കുന്നതിന്റെ ഉദ്ദേശമോത്തപ്പോൾ കവിയ്ക്കു ലജ്ജതോന്നി.

എന്തിനാണിത്തപം? മാനുഷരിൽച്ചില
ക്കെല്ലൊക്കുമുള്ള പെരുവഴികിട്ടുവാൻ!
എത്ര ലജ്ജാകരം! ചായുന്നതില്ലയോ
മിഥ്യാഭിമാനമേ നിൻതലയിപ്പൊഴും?

അദ്വൈതഭ്രവിലനൈക്യം വിതപ്പതിൽ
കൃത്യപ്പിഴവു നിരൂപിച്ചുകാണുകയാൽ
സത്യഗ്രഹികം തിരിയുന്ന ചക്രത്തി
നെത്രമേൽ നീണ്ടീല പുഞ്ചിരിനൂലുകം!

അദ്വൈതത്തിന്റെ നാടാണെന്നഭിമാനിക്കുന്ന കേരളത്തിന്റെ ഈ കൃത്യപ്പിഴവിന്നുനേരെ, പലപ്പോഴും, കവി തന്റെ കുരമ്പുകളയക്കാറുണ്ടായിരുന്നു. അഞ്ചു കൊല്ലം മുമ്പെഴുതിയ ''ഒരു തോണിയാത്ര''യിൽ

ബ്രഹ്മഷ്ടിമാർ മുഖ്യനെ മുക്കുവത്തി
പെറ്റോരു പുണ്യക്ഷിതിമണ്ഡലത്തിൽ

അഹോമനുഷ്യന്നു മനുഷ്യനോട്ട
സാമീപ്യസമ്പക്മെധമ്മമായി

എന്നു കവി എഴുതിയതോക്കുമല്ലൊ. ഒരിക്കൽ നടക്കാൻപോ യപ്പോഴം കണ്ട ഒരു കാഴ്ചയെപ്പററി 'മഴയത്തൊരു നടത്തം'* എന്ന കവിതയിൽ ഇങ്ങിനെ വിവരിച്ചു കാണാം.—

കൈതക്കെട്ടെ ചുമന്നൊരേഴ ചെറുമ
പ്പെണ്ണാവഴിയ്ക്കെത്തിനാഗം
'ഹോ തമ്പ്രാക്കളയിത്ത'മെന്നവളതാ
വെള്ളത്തിലേയ്ക്കോടിനാഗം
സ്വാതന്ത്ര്യത്തിനു ചുറുമിത്രയകല
ത്തോളം പടന്നാളുവാ
നേതത്യുഗ്രസമീരനോ തുണ നിര
ത്ഥാചാരവഹനിയ്ക്കുഹോ!

നീരാളം മുകിലിൻനിറം തിരളുമെൻ
സഹ്യാചലാധീശ! നിൻ
പേരാർ ഗംഗ മികച്ചകുന്നുമുടയും
പാടല്യിപായുന്നു ഹാ!
പാരാതീയൊരു ജാതിമൺചിറ ജവാൽ
തട്ടിത്തകക്കാൻ പുതു
പ്പേരാറൊന്നൊഴുകട്ടെ നിന്നടിയിൽ നി
ന്നന്നാഗംശിവം കേരളം.

സഹ്യാദ്രിയെ കാർനിറമുള്ളതായി വിശേഷിപ്പിച്ചതിൽ വണ്ണ ഭേദത്തിന്റെ ഒരു സൂചനയുണ്ടെന്നു വ്യക്തമാണ്.

സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ സഗ്രാത്മകമായ ഒരു വിഭാ ഗമെന്നനിലയിൽ സാമുദായികോന്നമനത്തിനു പ്രത്യേകം പ്രാധാന്യമുണ്ടായിരുന്നു എന്നു മനസ്സിലാക്കിക്കൊണ്ടാണ് വള്ളത്തോഗം ജാതിയുടെ കെടുതികളെപ്പററി, അവസരംകിട്ടു മ്പോളൊക്കെ, എഴുതിയിരുന്നത്.

'ഭാഗ്ഗവസ്വാമിൻ തൊഴാം†' എന്ന കവിതയിൽ കേരളീ യരുടെ മാതാമഹനായ പരശുരാമനോട് ഈ നാടിന്റെ ദുരവ സ്ഥയെപ്പററി കവി ആവലാതിപ്പെടുന്നുണ്ട്:—

അന്നന്നായനാചാരവിത്തോരോന്നതാതിടം
വന്നു വീണതു മുളച്ചുയന്നു തഴയ്ക്കുയാൽ

---

* സാഹിത്യമഞ്ജരി 5—ാം ഭാഗം.

† സാ: മ: ആറാം ഭാഗം.

ശ്രേയസ്സുവിളഞ്ഞ നിൻ നാടിതുവെറും കാടായ്
പ്പോയതു കണ്ടീലയോ വെണ്മഴുവേന്തുന്നോനേ?

ബലവാനബലന്റെ ചോരയാൽ ദ്വാഹംതീർക്കും
ഖലഹിംസ്രാചാരവുമിങ്ങു കൈവളർന്നുപോയ്.
വൈകൊല്ലീ വിനനീക്കാൻ, ഹാ വെറും കാടന്മാരായ്
പ്പോകയോ ഭഗവാനേ! ഭവദീയന്മാർ ഞങ്ങൾ?

കാടു വെട്ടിത്തെളിയിക്കുവാൻ ആശ്രയിക്കേണ്ടതു് മഴക്കാരനെത്തന്നെയാണല്ലൊ!

1924—ലെ വെള്ളപ്പൊക്കത്തിൽ കേരളത്തിനു അനവധി കഷ്ടനഷ്ടങ്ങൾ നേരിട്ടിരുന്നു. പക്ഷേ പ്രകൃതി വരുത്തിക്കൂട്ടിയ ആ വിനകൾക്കും ഒരു മുറവശമുണ്ടായിരുന്നു എന്നു കവി വിശ്വസിച്ചു:—

വിപ്രനും പറയനും നിസ്വനും ധനികനും
നില്പൊരേ നിലയിലായന്തരം നീങ്ങീമുറ്റും
ഇപ്പടി കണ്ടും കണ്ണും നികത്തിസ്സൌഭ്രാത്രത്തെ
യല്പാല്പം വിതപ്പാനോ താൻതന്നേ മുതിർന്നു നീ?

എങ്കിൽ ത്തേ നമസ്കാരം പ്രകൃതിപ്രഭാവമേ!
നിങ്കൃഷിയുടെ ഫലം കൊയ്തെടുത്തെളുപ്പത്തിൽ
പാക്കനാരുടെ ജന്മഭൂവിതു നേടീടട്ടേ
പോക്കില്ലാസ്സമൃദ്ധിയാ മദ്വൈതം ശിവം ശാന്തം.

വെള്ളപ്പൊക്കത്തിന്റെ കെടുതികളിൽനിന്നു മോചനംകിട്ടിയശേഷം പ്രകാശിച്ച സൂര്യനെ സ്തുതിച്ചുകൊണ്ടു അതേകാലത്തെഴുതിയ 'ഓണപ്പുടവ' (സാ: മ: 6) എന്ന കവിതയിലുമുണ്ടു് കേരളത്തിലെ ജാതിഭേദങ്ങളെപ്പറ്റിയൊരു പ്രസ്താവം:—

മറയോൻ മനസ്സിലെപ്പൂജപ്പൂത്തട്ടത്തെയും
പറയക്കുടിലിലെ പ്പുരൽമീൻ ചട്ടിയെയും
നിർവ്വിശേഷമായല്പീ ചുംബിപ്പൂ ചിദാത്മാവേ!
നിന്നുടെ കിരണങ്ങൾ നിസ്ത്രപവിത്രങ്ങൾ.
വന്മണിമുടിചൂടാൻ നിവന്ന പുഷ്പത്തിലും
ചുമ്മാടു ചുമക്കുവാൻ കുനിഞ്ഞ മുതുകിലും
ഒപ്പമേ തലോടുന്നു നിൻകരം, കാട്ടപ്പുല്ലും
കല്പദ്രുവിനു മേകപ്രാണദനായുള്ളോവേ!
ഞങ്ങൾക്കോ നിഴൽ പിമ്പേ നീണ്ടുനില്ക്കുന്നു, നേരിട്ടങ്ങയെത്തൊഴുമ്പോഴും ഭേദധീ മാലിന്യത്താൽ!

ഒരു ദിവസം രാത്രി വീട്ടിന്റെ മുറ്റത്തു, നിലാവു നിറഞ്ഞ

ആകാശത്തിൽ ദൃഷ്ടി നടത്തിക്കൊണ്ടു കിടന്നിരുന്ന കവിയുടെ മനസ്സിൽ പൊന്തിവന്ന ചില ചിന്തകളാണു് 'ഐക്യമേ സേവ്യാൽ സേവ്യം' എന്ന കവിതയിലെ വിഷയം. (സാ: മ: 5) അതിലും ജാതിയെപ്പറ്റി ഇങ്ങിനെ ചില ആശയങ്ങളുണ്ടു്:—

അമ്പെഴ മച്ചൻ മക്കൾക്കെല്ലാക്കും കൂടിത്തന്ന
സമ്പത്തു കരുത്തരാം ചിലർതൻ വകയായ്പ്പോയ്.
ചെന്നതു യാചിപ്പാനും വഴിയില്ലീ ഭ്രാതാക്കൾ
ക്കുന്നമ്രജാതിക്കോട്ടയുണ്ടവരുടെ ചുറ്റും!

* * *

തീണ്ടാപ്പാതൊടൊല്ലെന്നു തങ്ങൾ തങ്ങളെ മൌഢ്യം
പൂണ്ടാട്ടിയോടിയ്ക്കുന്ന ഘോഷമെന്നോളം നില്ക്കും
അന്നോളം ശ്രവിയ്ക്കാ നാമാഷ്ധമ്മത്തിൻ ഗാനം
അന്നോളം തിരിച്ചെത്താ ഭ്രഷ്ടർ നാം സ്വരാജ്യത്തിൽ!

എണ്ണത്തിലും വണ്ണത്തിലും ഒട്ടധികം കവിതകൾ എഴുതിയ കാലമായിരുന്നു 1096മുതൽ 1100വരെയുള്ള അഞ്ചു വർഷങ്ങൾ. ദേശാഭിമാനത്തിന്റെ സ്പന്ദനങ്ങൾകൊണ്ടു അവയ്ക്കെല്ലാം ഒരു പ്രത്യേകമായ ഓജസ്സും ചൈതന്യവുമുണ്ടായിരുന്നു. ഏറ്റവും ചെറിയ ഒരു പ്രചോദനമുണ്ടായാൽമതി കവിയുടെ തൂലികയ്ക്കു മാതൃഭൂമിയെക്കുറിച്ചാവേശംകൊള്ളുവാൻ എന്നായിരുന്നു അന്നത്തെ സ്ഥിതി. 1099 മേടത്തിൽ ചില ബാലികമാർക്കു പാടുവാൻവേണ്ടി എഴുതിക്കൊടുത്ത 'സുപ്രഭാതം' എന്നൊരു ചെറിയ ഗാനത്തിലുള്ളതാണു് താഴേ ചേർക്കുന്ന വരികൾ:—

മഞ്ജുകളേബരത്തെയഞ്ജസാവിളിപ്പിച്ചു
മഞ്ഞുടുപ്പുപേക്ഷിച്ചു മന്ദം മന്ദം
അർക്കമണ്ഡലമാകും ചക്രത്തിൽനിന്നു നീണ്ട
നൽക്കതിർകളാം വെള്ള നൂലുകളാൽ
നൂതനവസനത്തെ പ്രീതയായ്ച്ചാർത്തിനില്ക്കും
മാതൃഭൂദേവിയുടെ തൃപ്പാദത്തെ
ക്ഷാളനംചെയ്യീടട്ടെ ബാലികമാരേ! നിങ്ങൾ
മേളത്തിൽപ്പൊഴിക്കുന്ന ഗീതാമൃതം.
പേലവമായാലുമിക്കാലടികൊണ്ടു നിങ്ങൾ
ലീലയാ ചവുട്ടും ചവുട്ടോരോന്നും
മർത്ത്യൻ പരത്തിപ്പോന്ന മിഥ്യാഭിമാനങ്ങളെ
മർദ്ദനംചെയ്യീടട്ടെ പേർത്തും പേർത്തും
കാളിയഫണങ്ങളെ കാളായ വർണ്ണനടെ
നാളീകതൂച്ചേവടി വെപ്പുപോലേ.

വള്ളത്തോൾ ഒരു കാലത്തും ഒരു സമുദായവാദിയായിരു

ന്നില്ല. പക്ഷേ ആ കാരണത്താൽ അദ്ദേഹം സ്വന്തം സമുദായത്തിന്റെ പോരായ്മകളെ നിശിതമായി വിമർശിക്കുന്ന വിഷയത്തിൽ ഉദാസീന മനോഭാവം കൈക്കൊള്ളുകയും ചെയ്തിരുന്നില്ല. താൻ ജനിച്ച നായർസമുദായത്തിനു നേരിട്ടുകണ്ട ദുരവസ്ഥ അദ്ദേഹത്തെ കണക്കിലധികം വേദനിപ്പിച്ചു. തലശ്ശേരിയിൽ ഒരു കളരി ഏറ്റെടുത്തിയ വർത്തമാനം പത്രങ്ങളിൽ വായിച്ചപ്പോൾ വള്ളത്തോളിനുണ്ടായ സന്തോഷം കുറച്ചൊന്നുമായിരുന്നില്ല. അനേകം വീരയോദ്ധാക്കളെ സൃഷ്ടിച്ച ''നാല്പത്തീരടി''കളും, പഴമയുള്ള മിക്ക തറവാട്ടുകളുടെയും മുറ്റങ്ങളിൽ നാമമാത്രങ്ങളായി നില്ക്കുന്നതും ''ആയുർവ്വേദമാറ്റമില്ലാത്ത അവയുടെ ഉള്ള മുഴുവനും അസൂഖചിന്താതന്ത്രക്കാരുപോലുള്ള മാറാലകളാൽ'' മൂടപ്പെട്ടിരിക്കുന്നതും ഓർത്തു കവിയുടെ ഹൃദയം പരിതപിക്കുമ്പോൾ കളരിപ്പയറ്റിനെ പ്രത്യുദ്ധരിക്കുവാൻ തലശ്ശേരിക്കാർ ചെയ്ത ആ പരിശ്രമം ആശ്വാസപ്രദമായതിലത്ഭുതമില്ല. ആ സന്ദർഭത്തിൽ വള്ളത്തോൾ എഴുതിയ ഒരു ലേഖനത്തിൽ നിന്നു ചില വരികൾ ഇവിടെ ഉദ്ധരിക്കാം:—

''നന്നെ പുതിയ പ്രഭാതത്തിന്റെ ഉന്മേഷകരമായ കാറ്റു നാലുപാടും വീശുന്നുണ്ട്. സകലരും ഉണർന്നെഴുന്നേറ്റു സ്വകൃത്യങ്ങളിൽ വ്യാപൃതരായിരിക്കുന്നു. എന്നാൽ ചില കുന്നുകൾ ഇപ്പോഴും മഞ്ഞിനാൽ മൂടിപ്പുതച്ചുതന്നെ കിടക്കുകയാണ്. ഇവ ഇതേവരെ ഇരുൾത്തുറുങ്കിൽക്കിടന്നു ലോകത്തിന്റെ മുമ്പിൽ ചിരപ്രാർത്ഥിതമായ സ്വാതന്ത്ര്യജ്യോതിസ്സ് ഉദിച്ചുയരുന്നതിന്റെ രാമണീയകം കാണുന്നില്ല; പറവകളുടെ പരമാനന്ദഗാനം കേൾക്കുന്നില്ല. ഈ കുന്നുകളോടുപമിയ്ക്കാം ഉയർന്ന സ്ഥിതിയിലുള്ള നായന്മാരെ. കാലത്തിന്റെ മാറ്റമൊന്നും ആ മഹത്തുക്കളുടെ ശ്രദ്ധയിൽപ്പെടുന്നില്ല. അവരുടെ മാമൂൽപ്പുതപ്പു നീക്കപ്പെടുന്നതെപ്പോഴോ! അവർ ഈ ഇരുപതാം നൂറ്റാണ്ടിലും താലികെട്ടുകല്യാണം മുതലായി അർത്ഥഹീനങ്ങളും അപഹാസ്യങ്ങളുമായ അടിയന്തരങ്ങൾക്കു പണ്ടുള്ളവർ പണിപ്പെട്ടു നേടിവെച്ച പണം വാരിവഷ്ടിയ്ക്കുന്നുണ്ടല്ലൊ. എന്നാൽ അതിന്റെ നാലഞ്ചു തുള്ളിയെങ്കിലും ഏഴകളാകുന്ന വേഴാമ്പൽപ്പക്ഷികളുടെ വായിൽ വീണിരുന്നുവെങ്കിൽ.....
മദ്യപാന മഹാപാപം ഒന്നുതന്നെ എത്രയെത്ര നായർ വീടുകളെ നരകത്തിൽ പതിപ്പിച്ചിട്ടില്ല!.....മദ്യപാനത്തിന്നു മാഹാത്മ്യം വരുത്താൻ മലയാളി അവന്റെ പൂർവികരെ 'കൂടി വെച്ചു' മദ്യമാംസാദികൊണ്ടു പൂജിയ്ക്കുന്നു; കാരണവന്മാരെ കള്ളുകുടിയന്മാരെന്നു സ്തുതിയ്ക്കുന്നു! പോരാത്തതിന്നു തുഞ്ചത്തു ഗുരുപാദരുടെ സുരഭിലമായ തിരുനാമത്തെക്കൂടി മദ്യത്തിൽ മുക്കി ദുർഗ്ഗന്ധപ്പെടുത്തിവെച്ചിരിക്കുന്നു. ആ ദ്വേഷിതുല്യനായ

ധമ്മഗായകന്റെ 'പര പര പര' എന്ന ഭക്തിലഹരിയെപ്പോലും മദ്യലഹരിയാക്കി പ്രഖ്യാപനം ചെയ്ത മനുഷ്യകണ്ണങ്ങളുടെ മദ്യതൃഷ്ണാതിശയം എത്ര നിഷ്ഠുരം, എത്ര ഭയങ്കരം, എത്ര ലജ്ജാകരം!.....തിരുവിതാംകൂറിലും കൊച്ചിയിലും തെക്കെ മലയാളത്തിലും വടക്കേ മലയാളത്തിലുമുള്ള നായർമഹാജനങ്ങളേ.....ജാത്യഭിമാനത്തെ മുറുക്കിപ്പിടിച്ചിട്ടുള്ള പിടിവിട്ട നിങ്ങളുടെ കൈകൾ വ്യവസായോപകരണങ്ങളിൽ പെരുമാറട്ടെ. നിങ്ങളുടെ വിശാലമായ ഹൃദയത്തിൽ അന്ധവിശ്വാസം അധൈര്യം മുതലായ കളകൾ പറിച്ചുകളയപ്പെട്ട സൌഭ്രാത്രം ശരിയ്ക്കു വിളഞ്ഞാൽ, അന്നു കുമാരീ ഗോകർണ്ണ മധ്യപ്രദേശം സുസമൃദ്ധമായി, അന്നു മലയാളത്തിന്നു ഓണമായി!''

പതിനഞ്ചാം അധ്യായം

"പ്രകരണശുദ്ധി"

മുൻ അദ്ധ്യായത്തിൽ എടുത്തു കാണിച്ച കവിതകളിൽ നിന്നു വ്യത്യസ്ത സ്വഭാവമുള്ള അനേകം കവിതകളും ആ കാല ഘട്ടത്തിൽ വള്ളത്തോൾ എഴുതിയിരുന്നു. 'കവിതിലകൻ വള്ളത്തോൾ നാരായണമേനോൻ' എന്ന പേരിൽ അക്കാലത്തു പല മാസികകളിലും അദ്ദേഹത്തിന്റെ കവിതകൾ ധാരാളം കാണാമായിരുന്നു. കവനകൌമുദിയെ വള്ളത്തോൾ സവിശേഷം സ്നേഹിച്ചു ലാളിച്ചിരുന്നു എന്നതിനു ആ മാസികയുടെ പഴയ ലക്കങ്ങൾ സാക്ഷ്യംവഹിക്കും. ഉദാഹരണമായി 1095 മേടം—ഇടവം ലക്കത്തിന്റെ ആരംഭംതന്നെ വള്ളത്തോളിന്റെ ഒരു മംഗളശ്ലോകത്തോടുകൂടിയാണ്.

സിതദ്യുതിത്തെല്ലണിയുന്ന ദേവിതൻ
ധൃതപ്രസാദം മൃദുഹാസകന്ദളം
ചിതംപെടും വെണ്മ തരട്ടെ മാസികാ
വതംസമേ! നിൻപുകളിന്നു വീണ്ടുമേ.

തുടർന്നു 'കാറുകണ്ട കഷ്കൻ' (സാ: മ: 3) എന്ന കവിത കാണാം. 'ഋതുവിലാസം' എഴുതിയ യുവകവിയുടെ ആശയങ്ങളുടെ അപകതയിൽനിന്നു എത്ര വളരെ മുമ്പോട്ടു പോന്നിരുന്നു വള്ളത്തോൾപ്രതിഭ എന്നതിനൊരുദാഹരണമാണ് അതിലെ കാവ്യശൈലി.

വേഴാമ്പൽപോലുന്മുഖനായി നില്പും
കൃഷീവലന്നേറെ വിടർന്ന കണ്ണിൽ
സുഖാഞ്ജനസ്സുത്തെഴുതിച്ചു മേഘം
സൌദാമിനീരൂപ്യ ശലാകയാലേ.

മേഘത്തിന്റെ ആവിർഭാവം കൃഷിക്കാരനെ ആശാഭരിതനാക്കുന്നു. അയാൾ അമ്മയായ ഭൂമിദേവിയെ ഇങ്ങിനെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു:—

ധരിത്രി! പോരും പരിതാപമമ്മേ,
ദുഃഖങ്ങൾ സൌഖ്യത്തിനകമ്പടിക്കാർ.
ഇതാ നമുക്കായമൃതം നിറച്ചു
നീലാശ്മകുംഭങ്ങൾ നിരന്നുവാനിൽ.

വിദ്യുന്മഹാലക്ഷ്മി പുണർന്ന മെയ്യിൽ
വലാരിവില്ലാം വനമാല ചാർത്തി
താപാർത്ത രക്ഷയ്ക്കെഴുനെള്ളി നില്പൂ
താപിഞ്ഛവർണ്ണം തടവുന്ന ദേവൻ.

ആമോദഭ്രമാവുയരുംവിധം നീ
രാടിയ്ക്കുമിന്നങ്ങയെ വാരിദങ്ങം
നാളെ സ്വയം നിൻതിരുമാറിൽ ഞാനെൻ
നെൽവിത്തിനാൽ പൊന്മണിമാല ചാർത്തും.

പക്ഷേ, ആ കൃഷിക്കാരന്റെ മനോരഥസഞ്ചാരം പെട്ടന്നു നിലച്ചുപോകുന്നു. കാറിന്റെ കല്ലേറുകൊണ്ടു കാറുകം ചിന്നിച്ചിതറിപ്പോകുന്നു.

പ്രാരംഭമൊന്നും ഫലിയാതെ ജന്മം
പാഴായ് ക്കലാശിച്ച പയോധരങ്ങം
ഏഴെട്ട ബാഷ്പോദകബിന്ദു മന്നിൽ
വീഴിച്ചുടൻപോയി മറഞ്ഞിതെങ്ങോ.

വില്ലുമേന്തിപ്പുറപ്പെട്ട കരുത്തക്കുപോലും ശരപ്രയോഗത്തിനു തഞ്ചംകിട്ടാതെ ജീവിത സംഗരത്തിൽ പരാജയപ്പെട്ട പിന്മാറേണ്ടി വരുന്ന എന്ന തത്വമാണിതിൽ കവി കാണുന്നത്.

മണക്കുളത്ത് മുകുന്ദരാജാവിന്റെ വകയായി അമ്പലപുരത്ത് ഒരു സ്കൂളിന്റെ പുതുകെട്ടിടം പാട്ടത്തിൽ നാരായണമേനോൻ ഉൽഘാടനം ചെയ്ത അവസരത്തിൽ കുട്ടികൾക്കു ചൊല്ലാൻവേണ്ടി എഴുതിക്കൊടുത്ത 'ഒരു മംഗളഗാഥ'യും ഇതേ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിക്കാണാം. കുട്ടികളുടെ മാനസിക നിലവാരത്തിനു യോജിച്ച തരത്തിലാണ് ആ ഗാഥയുടെ രചന.

അമ്പുറച്ചങ്ങാതിമാരേ മുകുന്ദനാം
തമ്പുരാൻ തന്റെ കാരുണ്യലക്ഷ്മി
പുത്തനാം നല്പാഠശാലയായ് നിന്നിതാ
പുഞ്ചിരിതൂകി വിളിപ്പൂ നമ്മെ.

അന്യൂനവാത്സല്യ പൂവ്മാസ്സന്മടി
തന്നിലിരുത്തി നമുക്കെല്ലാക്കും
മുറുമറിവാകുമമ്മിഞ്ഞപ്പാലേകും
മറെറാരു മാതാവുതാനിതത്രേ.

എന്നിങ്ങിനെ പോകുന്ന അതിലെ ആശയങ്ങം. ഒടുവിൽ ഇങ്ങിനെ രണ്ടു ശ്ലോകങ്ങളുമുണ്ട്:—

ശ്രീനാരായണനേകനാഴിയിലൂറ
ങ്ങുന്നുണ്ടവൻ വേണ്ടമ
ട്ടായ്നാമത്രഭജിഷ്ണുവിൽ വിശ്രമസുഖ
ദ്വാരം തുറന്നേകിടും;
ഹാ നാട്ടാരുടെ സവ് നന്മകളിലും
പ്രോന്നിദ്ര നീ യന്യനാം
ശ്രീനാരായണനോ നമുക്കിഹ തുറ
ന്നേകുന്ന പാഠാലയം.

ഈ മാടക്ഷിതിമണ്ഡലത്തിലെ മഹ
ദ്ധർമ്മാസനം സൽഗ്രണ
സ്ഥമാവാന്ന ഭവാനെറ വാഴ്ചയിൽ മഹ
ദ്ധർമ്മാസനം തന്നെയായ്.
പൂമാതും മൊഴിമാതുമൊത്തു പുണരും
നാരായണാഖ്യ പ്രഭോ!
ധീമാനാമിവിടെസ്സു ദീഘ്കുശലം
നല്കട്ടെ ലോകേശ്വരൻ.

എടവം 17–ാംന്ന-യാണ് ഈ വിദ്യാലയത്തിന്റെ ഉൽഘാടനം നടന്നത്. മിഥുനം 21–ാംന്ന- കുന്നംകുളം ഹൈസ്സ്കൂളിൽനടന്ന മറെറാരു ചടങ്ങിലേക്കുവേണ്ടിയും വള്ളത്തോൾ കുറെ ശ്ലോകങ്ങളുണ്ടാക്കിക്കൊടുത്തു. പരിചയസമ്പന്നനും വിദ്യാഭ്യാസവിഷയത്തിൽ വിദഗ്ധസേവനം അനുഷ്ഠിച്ച ആളുമായ അവിടത്തെ പ്രധാനാധ്യാപകൻ ശ്രീമാൻ സി. വി. സുബ്രഹ്മണ്യയ്യർ അടുത്തുൺപററി പിരിയുന്ന അവസരത്തിൽ വിദ്യാർത്ഥികൾ വായിച്ചു സമർപ്പിച്ചതാണ് ആ ശ്ലോകങ്ങൾ:——

ഏതാളാൽ വഴിപോലെ ഭർത്തൃമതിയായ്
നീ പാഠശാലേ! ചിരം
മാതാവും പ്രിയധാത്രിയും സഖിയുമായ്
വർത്തിച്ചതീ ഞങ്ങളിൽ
നേതാവാഗ്രരു നമ്മെ വിട്ടുപിരിയാ
നല്ലോ തുടങ്ങുന്നു! ഹാ
താതാങ്കസ്ഥലിയിങ്കൽനിന്നു പതിത
ന്മാരായി പൈതങ്ങൾതേ.

പാരാതൊട്ടു തളർത്തുകിഷ്ടസഹജ
ന്മാരേ! ഗുരുശ്രേഷ്ഠനാം
ധീരാത്മാവു പിരിഞ്ഞുപോവതിൽ നമു
ക്കാളുന്ന ദുഃഖാഗ്നിയെ

സൈരാവാസ പദത്തിലേക്കയരുമി
ത്തുപ്പാദതാരാനത
ന്മാരായ് നാം കഴകിപ്പതെങ്ങിനെ കടം
ചൂടാന്ന കണ്ണീരിനാൽ?

നേരായ് ശ്ശിഷ്യരെ മക്കളാക്കിയ ഭവാൻ
പാലിച്ച സത്രത്തിലും
ചേരാൻ സംഗതിവന്ന ധന്യതരരാം
വിദ്യാത്ഥി വൃന്ദങ്ങളിൽ
ആരാദ്ഗ്യഗ്രരോ ശരിയ്ക്കനഭവി
ച്ചിട്ടില്ല പൌരാണിക
ന്മാരാൽ കീർത്തിതമാകുമാ 'ഗുരുകുലാ
വാസ' പ്രസന്നോത്സവം?

വേറെ രണ്ടു ശ്ലോകങ്ങൾകൂടിയുണ്ടായിരുന്ന ആ മംഗളപത്രത്തിൽ. വിദ്യാത്ഥികളെസ്സംബന്ധിക്കുന്ന കാര്യങ്ങളിൽ എല്ലായ്പോഴും വള്ളത്തോൾ താൽപര്യം പ്രദർശിപ്പിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു എന്നതിന്നു ഇതുപോലെ വേറെയും അനവധി ഉദാഹരണങ്ങളുണ്ട്.

തന്റെ വിസ്തൃതമായ സുഹൃന്മണ്ഡലത്തിൽപ്പെട്ട കുട്ടംബങ്ങളുമായി വള്ളത്തോൾ ഏറെറവും അടുപ്പത്തോടുകൂടി പെരുമാറിപ്പോന്നിരുന്നു എന്നതിന്നു സാക്ഷ്യം വഹിക്കുന്നതാണ് പല സന്ദർഭങ്ങളിലും അദ്ദേഹം എഴുതിയിട്ടുള്ള വിവാഹമംഗളാശംസകളും, 1096 വൃശ്ചികം ലക്കം കവനകൌമുദിയിലെ ഈ 'വിവാഹമംഗളം' കേൾക്കുക:—

ഏതാനുംതിഥികൾക്കുമുമ്പു മൊരിളം തി
ങ്കൾപ്പൊളിക്കൊപ്പമായ്
ത്താതാങ്കാംബര സീമ്നി കൌതുകമൊടും
നാം കണ്ട പൂങ്കുഞ്ഞിതാ
നേതാവൊത്തണയുന്ന പൂർണ്ണനിലയിൽ
ക്കാലപ്പെരും കപ്പലീ
സ്സീതാഗുഗാദസുധാരസത്തുറമുഖ
ത്തെത്തിച്ചുനമ്മെ ക്ഷണാൽ.

വെള്ളപ്പൂപ്പുഞ്ചിരിയൊട്ട കിളി
പ്രായമോരോന്നു കൊഞ്ചും;
'വള്ളത്തോളിൻ പൊടിവലി' തളിർ
പ്പിഞ്ചുകൈകൊണ്ടു കാട്ടും;

കള്ളംവിട്ടിക്കളിവിരുതിലെൻ കൺ
കുളിപ്പിച്ച പെൺകൊ
ഞ്ഞുള്ളംചേരും പുരുഷനൊടിണ
ങ്ങുന്ന പൂണ്ണാശനായ് ഞാൻ.

കണ്ടാലക്ഷണമോടിവന്ന മുതുകിൽ
പ്പററിശ്ശിശുക്രീഡയാൽ
മിണ്ടാതെൻമിഴിപൊത്തിനിന്ന മിനസ
ച്ചെങ്കൈത്തലംകൊണ്ടതാൻ
രണ്ടാമാശ്രമമേ! സരസ്വതിയിതാ
നിൻ കാൽ തലോടുന്ന നീ
കൊണ്ടാടിച്ചിരമോമനിക്ക മടിയിൽ
ച്ചേർത്തീ മണിത്തയ്യിനെ!

കേവലം ഔപചാരികമായ ഒരാശംസയായിട്ടല്ല, കവിതാദേവിയുടെ ഹൃദയസ്പർശിയായ അനുഗ്രഹമായിട്ടാണ് ഈ മാതിരി മംഗള ശ്ലോകങ്ങളെ വള്ളത്തോൾ കരുതിയതെന്ന അവയിൽ പ്രകാശിപ്പിച്ച ആശയങ്ങളുടെ ചമൽക്കാരം വ്യക്തമാക്കുന്നുണ്ട്. ഒന്നാമത്തെ ശ്ലോകത്തിലെ ഇളംതിങ്കളും, താതാങ്കാംബരവും, പൂണ്ണനിലയും, സ്നീതാഹ്ലാദസുധാരസത്തുറമുഖവും മറ്റും ആശയപ്രകാശനത്തിൽ കവിയുടെ പദപ്രയോഗത്തിലുള്ള ഔചിത്യബോധത്തെ വിളിച്ചുപറയുന്നവയാണ്. മറ്റു രണ്ടു ശ്ലോകങ്ങളിലെ സാരസ്യവും ഒട്ടും പിന്നിലല്ല. എന്തെഴുതുമ്പോഴും അതിലൊരാത്മാത്ഥത സൂക്ഷിക്കണമെന്ന നിഷ്കർഷയുണ്ടായിരുന്ന വള്ളത്തോളിന്ന. കവിതയുടെ വിജയം നിലകൊള്ളുന്നത് അതിലാണല്ലൊ.

ഇതേ കാലഘട്ടത്തിലെഴുതിയ വേറെ ചില കവിതകളെപ്പററിയാണിനിപ്പറയാനുള്ളത്. രാധയുടെ കൃതാർത്ഥത, ഒട്ടക്കത്തെക്കുറിപ്പു, പരീക്ഷയിൽ ജയിച്ചു, ഭാരതസ്ത്രീകാംതൻ ഭാവശുദ്ധി, നാഗിള എന്നിവ ഏകദേശം സമകാലികങ്ങളായ ഉൽകൃഷ്ടകൃതികളാണ്.

ഒരു പ്രേമഭംഗത്തിന്റെ കഥയാണ് 'രാധയുടെ കൃതാർത്ഥത'*യിലും 'ഒട്ടക്കത്തെക്കുറിപ്പിലും'† കവി കൈകാര്യംചെയ്തിട്ടുള്ളത്. പക്ഷേ അവ തമ്മിൽ ഗണ്യങ്ങളായ ചില വ്യത്യാസങ്ങളുമുണ്ട്. ഒരു കൃഷീവലകന്യകയുടെ പ്രണയത്തിന്ന നേരിട്ട ആഘാതമാണ് ആദ്യത്തേതിലെ പ്രമേയം. രണ്ടാമത്തേതിൽ, അങ്ങിനെയൊരിച്ഛാഭംഗത്തിന്ന വിധേയയാവുന്നത്

---

* സാ. മ. നാലാം ഭാഗം.

† സാ. മ. ആറാം ഭാഗം.

ഒരു നാഗരികബാലികയാണ്. തന്റെ ഏക പ്രേമഭാജനമായ യുവാവിനെയോ അയാൾ വേട്ട സൌഭാഗ്യവതിയെയോ അധിക്ഷേപിക്കുവാനോ ശപിക്കുവാനോ രാധ മുതിരുന്നില്ലെന്നു തന്നെയല്ല, അവരുടെ ദാമ്പത്യംകൊണ്ടു ശോഭനമായ ലോകത്തിൽ ഒരു കോണിലിരുന്നു സ്വയം തൃപ്തിയടയുവാനും ദമ്പതികളുടെ ഗൃഹാശ്രമത്തിനു ശാന്തി നേരുവാനും അവൾ സന്നദ്ധയുമാണ്. ഭാമസ്സത്രൂ സമചിത്തതയില്ല. തന്നെ ഗാന്ധർവ്വമായി വേളികഴിച്ച യുവാവു മറെറാരു കന്യകയെ പരസ്യമായി വിവാഹംചെയ്ത വിവരം അറിഞ്ഞപ്പോൾ നൈരാശ്യം മൂഴുത്തു അവൾ ആത്മഹത്യയ്ക്കൊരുങ്ങുകയും തന്റെ ദുരന്തത്തിനു കാരണമായ സ്ഥിതിവിശേഷത്തെ ഭർത്താവിനുള്ള ഒരെഴുത്തിൽ എഴുതിവെക്കുകയുംചെയ്യുന്നു. അതാണ് 'ഒടുക്കത്തെ കുറിപ്പു.'

സ്ത്രീപുരുഷബന്ധത്തിന്റെ സമവിഷമദശാഭേദങ്ങളിൽ സ്ത്രീഹൃദയത്തെ ബാധിക്കുന്ന വികാരസമ്മർദ്ദത്തിന്മേൽ വെളിച്ചം വീശുന്നവയാണ് ഈ രണ്ടു കൃതികളും. നാട്ടിൻപുറക്കാരിയായ ഒരു പെങ്കിടാവിനും നാഗരികതയുടെ മടിത്തട്ടിൽ വളർന്ന മറെറാരു പെങ്കിടാവിനും അതിന്റെ പ്രത്യാഘാതങ്ങളനുഭവപ്പെടുന്നതു രണ്ടു വ്യത്യസ്തരീതികളിലാണ്. 'രാധയുടെ കൃതാർത്ഥത'യിൽ ഉടനീളം പരിലസിക്കുന്നതു് സൌമ്യതയും സൌമനസ്യവുമാണെങ്കിൽ, 'ഒടുക്കത്തെക്കുറി'പ്പിൽ തങ്ങിനിൽക്കുന്നതു് നൈരാശ്യത്തിന്റെയും അവിവേകത്തിന്റെയും കരിനിഴലുകളാണ്. മധുരസ്മൃ പോസ്സളഞ്ഞ ശ്രീകൃഷ്ണനെക്കുറിച്ചു ഗോകുലത്തിലെ രാധികസ്സുണ്ടായ മനോഭാവമാണ് കവിതയിലെ രാധയിലും സ്മുരിക്കുന്നതു്. ആ മനോഭാവത്തിനു ഒടുക്കത്തെക്കുറിപ്പിൽ സ്ഥാനം നന്നെക്കുറവാണ്. രാധ തന്റെ പ്രേമഭാജനത്തെ 'ആര്യപുത്ര' എന്നു സംബോധനചെയ്യുവാൻ ഭാവിച്ചുവെങ്കിലും 'സൂര്യനെത്തൊടുവാൻ കൈനീട്ടിപ്പോയ് നിശീഥിനി' എന്നു മനസ്സിലാക്കി ആ 'ശ്രേഷ്ഠസംബുദ്ധി'യെ അപൂർണ്ണനിലയിൽ വിട്ടുകളയുന്നു. കാമുകന്റെ പെരുമാറ്റത്തിൽ യാതൊരു കുറവും ആരോപിക്കുവാൻ മനസ്സുവരാതിരിക്കത്തക്കവണ്ണം അത്ര പരിശുദ്ധമാണ് അവളുടെ ഹൃദയത്തിൽ തങ്ങിനിൽക്കുന്ന പ്രേമവികാരം. ''സ്ഥാനമാനാദി ഗുണം ചേർന്ന നാഗരികാഗ്ര്യ''ന്നു ചേരാത്ത ഒരു കൃഷീവലകന്യകയാണെന്നറിയുവാനുള്ള തൻറേടവും അവൾക്കുണ്ട്.

ഒരുനാളസ്സാമാന്യമോടിയോടിത്തോട്ടത്തിൽ
ത്തരുണവസന്തംപോലാഗതനായ ഭവാൻ
സാന്ധ്യസൂര്യനു നിറംകൂട്ടിയാക്കവിൾത്തടിൻ
സാന്ദ്രകാന്തിയാലെൻ കൺമയക്കിനില്ലുന്നേരം

കലശത്തഴമ്പേന്തു മിക്കൈകളക്കണ്ണെത്തി
ലിലഞ്ഞിപ്പൂമാലയൊന്നിടുവിച്ചില്ലേ മന്ദം?
പ്രേമചാപലമിതു മാമക,മതിങ്കൽത്താൻ
കോമളഭുജാമാല്യം ചാർത്തിനസുഭഗയെ
നമ്മസൂക്തികൾക്കിടയ്ക്കുങ്ങാനുമറിയിച്ച
സ്സമ്മാന്യസഹോദരിയ്ക്കുസ്വാസ്ഥ്യം വരുത്തൊല്ലേ.

എന്തൊരു ഹൃദയനൈർമ്മല്യമാണീ വാക്കുകളിൽ സ്ഫുരിക്കുന്നത്! ആ ഗ്രാമീണകന്യകയുടെ ഭുജാമാല്യത്തിനല്ല, അവളിട്ട ഇലഞ്ഞിപ്പൂമാലയ്ക്കാണ് കാമുകഗാത്രാശ്ലേഷധന്യതയുളവായത്. എന്നിട്ടും,

അപ്പെണ്ണുണ്ണികളപ്പൂമാലയോടൊത്തത്തോളി
ലപ്പണംചെയ്താളല്ലോ തന്റെ ജീവിതഭാരം!

അതാണ് ശരിയായ ആത്മസമർപ്പണം! പക്ഷേ, സ്ത്രീഹൃദയത്തിന്റെ ആ തത്ത്വം മനസ്സിലാക്കിയിരുന്നില്ലാത്ത അവളുടെ അച്ഛനും, അവളുടെ കാമുകൻ മറ്റൊരുത്തിയെ വിവാഹംചെയ്യാൻ തീച്ചപ്പെടുത്തിയെന്നറിഞ്ഞപ്പോഴും ഒരാപച്ചങ്കയുണ്ടായത്രെ—'വേണ്ടാത്തൊരാപച്ചങ്ക' എന്നാണ് കവി അതിനെ വിശേഷിപ്പിക്കുന്നത്. അതെ, ആ ഭയം അനാവശ്യമായിരുന്നു!

താദൃശസൌഭാഗ്യയാം ഭാര്യയായ്ച്ചേർന്ന ഭവാ
നേതൊരു ഭവനത്തെശ്ശോഭനമാക്കീടുന്നു,
ആലോകത്തൊരു കോണിൽജ്ജീവിച്ചാൽ കൃതാർത്ഥ ഞാൻ

എന്ന വിശ്വാസം പുലർത്തിക്കൊണ്ടിരുന്ന അവൾ ആത്മഹത്യ ചെയ്യുകയോ? ശാന്തം പാപം! പോരെങ്കിൽ ആ യുവാവു അവൾക്കു 'സവ്സവ'മായിരുന്നുതാനും. അയാളുടെ ദേഹം മാത്രമേ അന്യാധീനമായിരുന്നുള്ളൂ.

ഭാമയും അവളുടെ കാമുകനുംതമ്മിലുള്ള ബന്ധം, അവളുടെ നിലപാടിൽനിന്നു, കുറെക്കൂടി ദൃഢമായിരുന്നു. അവർ ഗാന്ധർവ്വവിധിപ്രകാരം വിവാഹിതരായിരുന്നു. പക്ഷേ ആധുനിക സമുദായഘടനയിൽ ഗാന്ധർവ്വത്തിനുണ്ടോ എന്തെങ്കിലും പ്രാബല്യം? എങ്കിലും ഭാമ ഭർത്തൃവിശ്വാസത്തിൽ അടിയുറച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് അയാൾ മറ്റൊരുവളെ വിവാഹംചെയ്തത്. അവൾ എഴുതിവെച്ച എഴുത്തും 'പ്രാണേശ' എന്ന സംബുദ്ധിയോടുകൂടിയാണാരംഭിക്കുന്നത്. രാധയെപ്പോലെ അവൾ ആ സംബോധനയെ അധോക്ഷതയിൽ നിർത്തുന്നില്ല; അവൾക്കങ്ങിനെ വിളിക്കാനവകാശമുണ്ടെന്നവൾ

വിശ്വസിച്ചു. ലൌകികമര്യാദയ്ക്കുവേണ്ടി അവൾ 'ചേക്കതേ സംതൃപ്തിയെപ്പുതിയ ഗൃഹാശ്രമം' എന്നാശംസിക്കുന്നുണ്ടെങ്കിലും അതിൽ രാധയുടെ ആശംസയിൽക്കണ്ട ആത്മാർത്ഥതയുണ്ടായിരുന്നില്ല. അടുത്ത വരികളിൽനിന്നതു തെളിയുന്നുമുണ്ട്:—

'എൻപ്രിയാവരജ നീ സുഭദ്രേ! തവ കാന്ത
നെൻറെയീവയറിലെപ്പൈതലിൻ പിതാവത്രേ.
എന്തിതിൽത്തെറ്റധീര,ന്നംഗനമാരെ സൈരം
ഹന്ത കൈക്കൊള്ളാം, തള്ളാം, സ്വതന്ത്രനല്ലോ പുമാൻ!
ജ്യേഷ്ഠത്തിയുടെ ഗതിവന്നുകൂടൊല്ലേ ഗുണ
ശ്രേഷ്ഠയാം നിനക്കെന്നു നേരുന്നേൻ വരാകി ഞാൻ.

കവിയ്ക്കും ഇക്കാര്യത്തിൽ ആ യുവാവിനോടു ചിലതു പറയാനുണ്ട്.

ഭാമയെ—പ്രണയാഭിരാമയെച്ചതിച്ചോനേ!
കാമിയാം നിന്നാൽത്യക്തയായ്വരാം സുഭദ്രയും
ഇന്നു നീ വേട്ട വധൂഭ്രൂണഹത്യകളോ എ
ന്നെന്നുമേ ത്യജിക്കാവല്ലാത്ത പത്നികളത്രേ.

രാധയുടെ കൃതാർത്ഥതയിലെന്നപോലെ, ഒടുക്കത്തെക്കുറിപ്പിലും കത്തോടുകൂടി കവിതയവസാനിപ്പിച്ചു, ഒടുവിലത്തെ വരികളിലടങ്ങിയ ആശയഗതിയെ അനുവാചകരുടെ ഭാവനയ്ക്കു വിട്ടാൽ മതിയായിരുന്നു എന്നു തോന്നിപ്പോകുന്നു.

മീൻപിടിക്കുവാൻ പോയ ഭർത്താവു കൂട്ടുകാരുടെകൂടെ കരയിൽ മടങ്ങിയെത്താതെ കടലിൽ വീണുപോയ വിവരമറിഞ്ഞ ഭാര്യ കടലിൽച്ചാടി മരിക്കാനൊരുങ്ങുകയും ഭാഗ്യവശാൽ അതിനിടയ്ക്കു കരയ്ക്കുണഞ്ഞ ഭർത്താവുതന്നെ അവളെ ആ ദുരന്തത്തിൽനിന്നു രക്ഷപ്പെടുത്തുകയുംചെയ്തതാണ് 'പരീക്ഷയിൽ ജയിച്ചു'* എന്ന കവിതയിലെ വിഷയം. പ്രേമത്തെ പരീക്ഷിപ്പാൻ ഈശ്വരൻ ചെയ്ത മറിമായത്തിൽ സതി നേടിയ ജയമാണ് കവിതയ്ക്കു പേരുകൊടുത്തത്. അന്തിയ്ക്കു അവളുടെ ഏകസൂര്യൻ കാലസിന്ധുവിലാണ്ടതായറിഞ്ഞതോടെ അവളും അയാളെ അനുഗമിക്കുവാൻ തീച്ചയാക്കി. ബന്ധുക്കൾ തടഞ്ഞുനിർത്തുകയാൽ അവർ പിരിഞ്ഞുപോകുംവരെ അവൾ കാക്കേണ്ടിവന്നു. അവൾക്കു രണ്ടു ചെറുപൈതങ്ങളുണ്ട്; അവരെയാരുണ്ടു നോക്കുവാൻ? അവരുടെ അച്ഛനെ നഷ്ടനാക്കിയ ജഗദീശൻറെ കയ്യിൽത്തന്നെ അവരെ ഏല്പിക്കുവാൻ അവൾക്കശേഷം മടിയുണ്ടായില്ല. എന്നിട്ട്, പാതിരയായപ്പോൾ ആരുമറിയാതെ അവൾ കടപ്പുറത്തെത്തി.

* സാ. മ. നാലാം ഭാഗം.

പാരെല്ലാം പൊതിഞ്ഞ കുരിരുളിൽ മറഞ്ഞീലാ
താരകാസമുജ്ജ്വലമവംതൻ ഭർത്തൃസ്നേഹം.
കേവലം വായിച്ചിട്ടില്ലനുരാഗാഖ്യാനങ്ങം
ഭാവഹാവാദികളുമഭ്യസിച്ചിട്ടില്ലവം;

അക്ഷരപരിജ്ഞാനംതന്നെയില്ലവം,ക്കെന്നാ
ലസ്സലായറിയാമേ പതിയെ സ്നേഹിക്കുവാൻ.
ദുർമ്മൃതി പാതാളത്തിൽക്കൊണ്ടുതള്ളാനോ വല്ലീ
ബ്രഹ്മനസ്സാധുസ്ത്രീയ്ക്ക സാവിത്രിയുടെ ചിത്തം?

ആ സാവിത്രീസാമ്യം കവിഭാവനയുടെ ഒരു വിജയപതാക യായി പരിലസിക്കുന്നുണ്ടെന്നുവേണം പറയുവാൻ. മരണാ കൃതിയായ സമുദ്രത്തിന്റെ അധീനതയിൽനിന്നു ഭർത്താവിനെ വീണ്ടെടുത്തിട്ടല്ലേ അവം തിരിച്ചുപോന്നുള്ളൂ.

ഈ പ്രമേയത്തിൽനിന്നു 'ഭാരതസ്ത്രീകം തൻ ഭാവശു ദ്ധി'* യിലേക്കുള്ള സംക്രമണം തികച്ചും സ്വാഭാവികമാണ്. ഒരേ കാലത്തുതന്നെ (1098 കർക്കടകം) ആവിർഭവിച്ച ഈ രണ്ടു കവിതകളുടെയും സാധർമ്മ്യം കേവലം യാദൃഛികമായിരിക്ക യില്ല. ചാരിത്രരക്ഷയെസ്സംബന്ധിച്ച കവിതകം വള്ളത്തോ ളിന്റെ തൂലികയിൽനിന്നു നിർഗ്ഗമിക്കുവാൻ തുടങ്ങിയത് അ ന്നോ തലേന്നോ ആയിരുന്നില്ല. അത്തരം കവിതകളുടെ കൂട്ട ത്തിൽ ഒരു മികച്ച സ്ഥാനമുണ്ട് 'ഭാരത സ്ത്രീകം തൻ ഭാവശു ദ്ധി'ക്ക്. സാഹിത്യലോകത്തിൽ വളരെയധികം പ്രചാരമുള്ള താണിക്കവിത. 'പരസ്ത്രീയെ പ്രാവയായെണ്ണുന്ന' പുണ്യശ്ലോ കനായിരുന്ന ഹുമയൂൺ ചക്രവർത്തി. ഒരു ദിവസം തന്റെ കേ ളിസഞ്ചാരത്തിനിടയിൽ ഒരു മാളികയുടെ കണ്ണാടിജനലിങ്കൽ നിൽക്കുന്ന ഒരു സുന്ദരി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടപ്പോം 'വിണ്മലർത്തോപ്പിലെ പ്പൊൻപനിനീർപ്പൂവ്' എന്ന ആ സൗ ന്ദര്യാരാധകൻ തന്നെത്താൻ പറഞ്ഞതു പരിചാരകനായ ഉ സ്താൻ കേട്ട മനസ്സിലാക്കി. രാജപ്രസാദംകൊണ്ടു തനിക്കു കി ട്ടിയേക്കാവുന്ന ഉൽകർഷം മനസ്സിൽ കണ്ടുകൊണ്ടു ഉസ്താൻ ആ സുകുമാരിയെ രാജസന്നിധിയിലെത്തിക്കുവാൻ ഒരുപായം കണ്ടുപിടിച്ചു. ക്ഷേത്രത്തിൽനിന്നു തിരിച്ചുപോകുന്ന അവസ രത്തിൽ മേനാവുകാക്കു കൈക്കുലികൊടുത്തു ഉസ്താൻ അവളെ ആദ്യം സ്വന്തം വീട്ടിലും പിന്നെ ഹുമയൂന്റെ കൊട്ടാരത്തിലുമെ ത്തിച്ചു. സേവകൻ തുക്കാല്ലൽ കാണിക്കവെച്ച സ്ത്രീരത്നത്തെ കണ്ടപ്പോം ചക്രവർത്തി സന്തുഷ്ടനായി യായൊരു ചാപല്യവും കാണിക്കാതെ

* സാ. മ. നാലാം ഭാഗം.

ഭദ്രേ! ഭവതിയ്ക്കു സമ്മതം താനല്ലീ
ഭക്തനാമെന്നുടെ ദേവീപദം?

എന്നു ചോദിക്കത്തക്ക ധൈര്യബോധം ആ അഭിജാതന്നുണ്ടായിരുന്നു. തന്റെ സ്വഭാവം നല്ലപോലെ അറിയുന്ന അനുചരൻ അനർഹമായ ഒരു സംഭാവന സമർപ്പിക്കുവാനിടയില്ലെന്നായിരുന്നു ആ ദേഹത്തിന്റെ വിശ്വാസം. പക്ഷേ ആ വനിതയുടെ വിനീതവും കുലീനവുമായ മറുപടി അദ്ദേഹത്തെ സ്തംഭിപ്പിച്ചുകളഞ്ഞു!

കന്യകയല്ല ഞാൻ— കാന്തനെൻ പ്രാണനാ—
ണന്യനെ— യപ്രീതി തോന്നരുതേ.

എന്നേ അവൾ പറഞ്ഞുള്ളൂ. അതു കേട്ടതോടെ ഹുമയൂൺ അനുതാപഗ്രസ്തനായി; അദ്ദേഹത്തിനു ഭാവം പകർന്നു. സേവകന്റെ സമാധാനം കേട്ട ശേഷം അയാളെ തടവിലിടുവാനാജ്ഞാപിച്ചു. എന്നിട്ടു ആ സഹോദരിയോടിങ്ങിനെ മാപ്പുചോദിച്ചു:—

മങ്കേ കരയായ്ക മാലോകർ കണ്ണീരെൻ
ചെങ്കോലിതാഴിയിലേയ്ക്കൊഴുക്കും;
മാപ്പിളമാർ ചെയ്ത തെറ്റു മറന്നു നീ
മാപ്പീഹുമയൂണിന്നേകിയാലും.
ഇപ്പോഴേ നമ്മുടെ പല്ലക്കുകാർനിന്നെ
ത്തൽഭർത്തൃ മന്ദിരം പ്രാപിപ്പിയ്ക്കും.
എന്നനുജ്ഞാതി, നീ സൌഖ്യമായ് വാണാലും.....

കൃതജ്ഞതയായ ആ അനുജ്ഞാതിയ്ക്കു പക്ഷേ പോകുംമുമ്പൊരപേക്ഷയുണ്ടായിരുന്നു.

എന്നിൽതിരുവുള്ളമുണ്ടെന്നാകിൽ
ഭൃത്യന്റെ കുറ്റം പൊറുക്കുമാറാകണം,
മത്സ്യന്ദ കൈപ്പിഴ ജന്മസിദ്ധം—എന്ന്, ഉസ്മാനെയും ആപത്തിൽനിന്നു കരകയറ്റിയതിനു ശേഷമേ അവൾ അവിടുന്നു പുറപ്പെട്ടുള്ളൂ.

ഗീരിതരചനു രോമാഞ്ചമേറ്റി ഹാ
ഭാരതസ്ത്രീകുലതൻ ഭാവശുദ്ധി!

അനേകം കവികല്പനകൾകൊണ്ടു ചമൽക്കൃതമാണീ കൊച്ചുകാവ്യം. ചാരിത്രഭംഗം ഭയന്നു നെടുവിർപ്പിടുന്ന നായികയോടു ഉസ്മാൻ ചോദിക്കുന്നതിങ്ങിനെയാണ്:—

പൊങ്ങിപ്പരന്നമാത്തട്ടിതു നിശ്വാസം
തങ്ങിത്തുളുമ്പുവതെന്തിനയ്യോ

കാലേ സമാഗതമാകിയ ഭാഗ്യത്തിൻ
കാൽകഴുകിപ്പതു കണ്ണീർകൊണ്ടോ?

മാന്യരായ അതിഥികളെ കാൽകഴുകിച്ചെതിരേല്ക്കുന്ന സമ്പ്രദായമാണിവിടെ സൂചിപ്പിച്ചിട്ടുള്ളത്.

മുഗൾചക്രവർത്തികളുടെ പരമതസഹിഷ്ണുതയെക്കുറിച്ചാണീ വരികൾ:—

ജാതിപോമെന്നൊരു ചിന്ത ഭവതിതൻ
വാർതിങ്കൾ വക്ത്രത്തിൽക്കാറാകൊല്ലേ.
എൻതമ്പുരാനുടെയന്തഃപുരത്തിലെ
ഹിന്ദുസ്ത്രീയെന്നെന്നും ഹിന്ദുസ്ത്രീതാൻ.

അപ്പപ്പോൾ തന്നോട് ചേരും നദികളെ
യുപ്പുപിടിപ്പിക്കില്ലിസ്സമുദ്രം.
അന്യ മതദ്വേഷമുണ്ടോ മുഹമ്മദ
മന്നോർ മണികൾക്കു പണ്ടു പണ്ടേ?

തന്റെ ഭർത്താവു സമ്പന്നനായിരിക്കാം; എന്നാൽ, ഹുമയൂന്റെ ചക്രവർത്തിനിയായാൽ കിട്ടാൻപോകുന്നത് അതിലും മേന്മയുള്ളൊരവസ്ഥയാണ്—എങ്ങിനെയെന്നോ?

ഇന്ദിരാ തുല്യയാം ദേവിയെ വേട്ടവ
നിന്നൊരു സമ്പന്നനായിരിക്കാം.
എന്നാലിതോർക്കണം മൂടൽമഞ്ഞാന്നൊരു
കുന്നെങ്ങീ പ്രാലേയ ശൈലമെങ്ങോ!

കൊള്ളാമോ ശ്രേയസ്സിൽ സ്സംതൃപ്തി നമ്മൾക്കു?
വെള്ളിനിലാവിൽക്കുളിച്ചുരാവും
ചെമ്പൊന്നാമാദിത്യ രശ്മിയെ യാരാഞ്ഞു
മുമ്പോട്ടു പോവതു കാണുന്നില്ലേ?

തെല്ലിട തന്റെ വീട്ടിൽ തങ്ങേണ്ടിവന്നതിലുള്ള ക്ലേശം സഹിക്കണമെന്ന് ഉസ്താൻ അപേക്ഷിക്കുന്നു—

മോശമാമീ വീട്ടിലൊട്ടിട വാഴ്വതിൻ
ക്ലേശത്തെ ദേവി സഹിക്കവേണം
മാരിനീർത്തുള്ളിയ്ക്കു ചിപ്പിയുംപ്പൂകാതെ
മാഞ്ഞെഴും മുത്തായ്ത്തീരുവാനും
മാന്യരത്നാഹ്മാം മന്നവൻ തൻതിരു
മാറിലണവാനു മാവതാണോ?

ചിന്താധീനനായ ഹുമയൂന്റെ തൽക്കാലാവസ്ഥ വർണ്ണിച്ചതും രസകരമായിട്ടുണ്ട്:—

നിദ്രയ്ക്കുമതി കിട്ടിക്കഴിഞ്ഞിട്ടി
ല്ലുത്തിരു നെറ്റി തലോടിക്കൊംവാൻ
എന്തോ വിചാരത്തിൽ സഞ്ചാരം ചെയ്കയാം
ഹന്ത മഹീശന്റെയന്തരംഗം.

കൊട്ടാരം ചിന്തയാൽ ജാഗരംകൊള്ളുന്നു
കൊച്ചുകടില്ലുത്രേ നിദ്രാസുഖം.
എന്നാലവിടേയ്ക്കു രാജ്യതന്ത്രത്തിലു
ല്ലിന്നേരം ബുദ്ധിയെന്നൂഹിക്കുന്നേൻ.

താരനേക്കണ്ണു വിടൻതെളിയുന്നു
ധീരമാം വക്ത്രത്തിൽ ശൃംഗാരവും
മന്മഥനെന്ന മഹാകവിയാകണം
ഇമ്മനോ രാജ്യത്തിൻ ഗ്രന്ഥകാരൻ.

മനുഷ്യസ്വഭാവത്തിന്റെ അഗാധതലങ്ങളിലേക്കു ചുഴി ഞ്ഞുചെല്ലുവാനുള്ള ഒരുപാധിയാണ് കവികൾക്കു എല്ലാ ഇതി വൃത്തങ്ങളും എന്ന സാമാന്യതത്വത്തിന്നൊരു നല്ല ഉദാഹരണ മാണ് വള്ളത്തോളിന്റെ 'നാഗില'*. ഭവദത്തനും ഭവദേവനും ജ്യേഷ്ഠാനുജന്മാരായിരുന്നു. ജ്യേഷ്ഠൻ ചെറുപ്പത്തിൽത്തന്നെ ബൌദ്ധസന്യാസം സ്വീകരിച്ചു. അനുജൻ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുവാൻ വട്ടംകൂട്ടി.

നിലയത്തിലിവൻ നവോഢയാകും
കുലകന്യയ്ക്കുണിചേക്കയായിരുന്നു.
മലർസായക ചാപയഷ്ടിയിന്മേൽ
ച്ചില ചായപ്പണിചെയ്കയായിരുന്നു.

ആ വിവരമറിഞ്ഞു ഭവദത്തൻ വീട്ടിലെത്തി; ഉടനെ വിവാഹ മണ്ഡപത്തിൽനിന്നു അനുജനെ നിർബ്ബന്ധിച്ചു കൂട്ടിക്കൊണ്ടുപോ യി അയാളൊരു ദീക്ഷാവരനാണെന്നു തന്റെ ഗുരുപാദരെ അ റിയിച്ചു. ജ്യേഷ്ഠന്റെ വാക്കു പാഴായിപ്പോകരുതെന്ന വിചാ രത്താൽ ഭവദേവൻ അതിനെ എതിർത്തില്ല. അങ്ങിനെ,

ശ്രീമത്താം ഗൃഹമൊട്ട യാത്രചൊല്ലിയാര്യ
പ്രേമത്താലവനൊരു സാധുവായ് നടന്നു
വൈമല്യം തിരളുമവന്റെ തീവ്രരാഗം
പാഴ്മഞ്ഞത്തുണിയിൽ മറഞ്ഞിരുന്നു നീണാൾ.

പലദിക്കിലും ചുറ്റിസ്സഞ്ചരിച്ചുകൊണ്ടു ഭവദേവൻ എട്ടു സംവ ത്സരം ഒരുവിധം കഴിച്ചുകൂട്ടി. എന്നിട്ടും അയാളുടെ വിഷയാ

---

* സാ: മ. ആഞ്ചം ഭാഗം.

സക്തി കെട്ടാറിയില്ല.

'എന്നാളുമേ തൊടുകയില്ലിനി ഞാൻ സുവർണ്ണ'
മെന്നാംപ്രതിജ്ഞ ദശശീല പരിഗ്രഹത്തിൽ;
എന്നാൽത്തുലോമപടുവജ്രജിന യോഗിനെഞ്ചിൽ
നിന്നാസ്വകാന്തയുടെ പൊന്നുടൽ നീക്കിവെപ്പാൻ.

എന്നുമാത്രമല്ല,

ധ്യാനക്രിയസ്സു മുറപോലെയിവൻ വിവിക്ത
സ്ഥാനത്തിരിപ്പളവടച്ചമിഴിസ്സു മുന്നിൽ
ആനന്ദകന്ദമൊരു രൂപമുദിച്ചുകാണാം
പീനസ്തനാവനതമദ്ധ്യവിഭ്രഷ്ടിതാംഗം.

മനോഭിത്തിയിൽ പതിഞ്ഞ ആ ചിത്രം മായ്ക്കുവാൻ അയാൾ വളരെ ശ്രമിച്ചിട്ടും ഫലമുണ്ടായില്ല.

ഒന്നായ്സ്വദൃഷ്ടി ബലമൊക്കെയണച്ചുകൂട്ടി
നിന്നായുവാവു പലവട്ടവുമുറുനോക്കീ
എന്നാൽ വിമുക്തിയുടെ ശ്ലക്ഷ്ണമുഖത്തു കണ്ടീ
ലന്നാഗിലസ്സുടയ സൌഭഗസൌഷ്ഠവങ്ങൾ.

നാഗിലയെത്തഴുകാതെ മുക്തിവന്നാലും തനിക്കു ബന്ധമോക്ഷം വരികയില്ലെന്നും ചിദമൃതാപ്തി യതിധർമ്മമരുപ്പരപ്പിൽനിന്നാണെന്ന ശാസ്ത്രോക്തി മിഥ്യയാണെന്നും ഒടുവിൽ ഉറപ്പുവന്നതോടെ ആ സന്യാസി മുക്തിപദങ്ങളായ മന്യാശ്രമസ്ഥലികളും വിട്ടു സംസാരത്തിലേക്കു തിരിച്ചുപോകാൻതന്നെ തീച്ചയാക്കി. അങ്ങിനെ സ്വദേശമായ മഗധത്തിലേക്കു ഭവദേവൻ നടന്നെത്തി. ഗംഗാതീരത്തിലെ സ്വന്തഗ്രാമം കണ്ടതോടെ അയാൾക്കു വീണ്ടും മനസ്സു ചഞ്ചലമായി. ഭാഗീരഥിയുടെ ഊർമ്മിസ്വരമർമ്മരങ്ങൾ തന്റെ നടപടിയുടെ കൊള്ളരുതായ്മയെ അപലപിക്കുന്നതായി അയാൾക്കു തോന്നി.

അരിക്തമാമവ്യയ വിശ്രമാസ്പദം
ശരിസ്സു പൂകുന്ന വഴിസ്സിറങ്ങിയാൽ
ഒരിസ്സുലും ജന്മപദത്തിലേസ്സു പിൻ
തിരിസ്സുകില്ലെന്നുടെ കൂട്ടരെന്നതോ?

അതോർത്തപ്പോൾ അയാൾക്കു ലജ്ജകൊണ്ടു കാൽ മുന്നോട്ടു നീങ്ങാതായി.

പുനശ്ച സന്ന്യാസി ഗൃഹസ്ഥനാവുകിൽ
ജനങ്ങളെന്തെന്തു ഹസിച്ചുരച്ചിടാ?

എന്ന സംശയവും അയാൾക്കുണ്ടായി. അങ്ങിനെ, പാവം, ഭവദേവൻ വലിയ ധർമ്മസങ്കടത്തിൽപ്പെട്ടു. കുറച്ചു വിശ്രമിക്കാമെന്നു വിചാരിച്ചു അയാൾ ഒരാൽത്തണലിൽച്ചെന്നിരുന്നു, അറിയാതെ ഉറങ്ങിപ്പോയി. എന്തോ കാരണവശാൽ പെട്ടെന്നു ഞെട്ടിയുണർന്നപ്പോൾ, തന്റെ നാഗിലയുണ്ടു് മുൻവശത്തു 'ഗംഗാസലിലാർദ്രവസ്ത്രയായു്' നിലകൊള്ളുന്നു! സന്യാസധർമ്മം സ്വീകരിച്ചിരിക്കയായിരുന്ന അവളും! തന്നെത്താൻ മറന്നു ഭവദേവൻ നാഗിലയെ പിടിക്കുവാൻ കൈനീട്ടി. പക്ഷേ,

'തൊടായ്ക മാം നാഥ തൊടായ്ക; സക്തിതേ
പെടായ്ക കൈവിട്ട നികൃഷ്ടവസ്തുവിൽ'

എന്നു ആദരവോടും സ്നേഹത്തോടും കൂടി പറഞ്ഞു അവൾ ഒഴിഞ്ഞുമാറുകയാണു് ചെയ്തതു്. അവളുടെ അപ്പോഴത്തെ ഭാവത്തെ കവി അല്പാക്ഷരങ്ങൾകൊണ്ടാണെങ്കിലും അർത്ഥവത്തായിട്ടാണു വർണ്ണിച്ചിരിക്കുന്നതു്—

സ്ഫുടാദര സ്നേഹമിതോതി, യുൾക്കനം
കെടാതെ കല്യാണിയൊഴിഞ്ഞുമാറിനാൾ

എന്ന ശ്ലോകാർദ്ധത്തിലെ ഓരോ ശബ്ദത്തിനുമുണ്ടു് അപാരമായ അർത്ഥശക്തി!

വ്രതഭംഗമാകുന്ന ആത്മഹത്യയിൽനിന്നു ആ പ്രിയതമനെ വിലക്കുവാൻ മതിയ്ക്ക നാഗിലയുടെ ഒടുവിലത്തെ ഉൽബോധനം എത്ര പ്രഗൽഭമാണെന്നു നോക്കുക:—

ആ രാജേന്ദ്ര കിരീട, മാരമണിയാ, ളപ്പൊന്മണിപ്പൈതൽ—പ
ണ്ടാ രാഹന്ത വെടിഞ്ഞുപോ സകലവും സായുജ്യമാമൊന്നിനായു്
പാരാതാഗ്രഹവെ സ്മരിച്ചു തിരിയേ പോകൂ തപോവിഘ്നമായു്
ത്തീരായ്കാത്മപതിയ്ക്കു നാഗില, കൃതാത്മാവേ തവാനുഗ്രഹാൽ.

ഇനി വേറെ ഒരു തരത്തിൽപ്പെട്ട കവിതകളെപ്പറ്റി ചിലതു പറയാം. ഭാരതീയത്വത്തിലും കേരളീയത്വത്തിലും അഭിമാനംകൊള്ളുന്ന ഒരു കവിഹൃദയത്തെയാണു് 'മലയാളത്തിന്റെ തല' * നമുക്കു കാണിച്ചുതരുന്നതു്. ശ്രീശൈലശിഖരത്തിലെ മല്ലികാർജ്ജുനക്ഷേത്രത്തിനടുത്തുള്ള തപോവനത്തിൽ ശങ്കരാചാര്യസ്വാമികൾ വസിച്ചിരുന്ന കാലത്തു് ഒരു കാപാലികൻ കപ

* സാഹിത്യമഞ്ജരി ആറാം ഭാഗം.

ടഭക്തിയോടുകൂടി സമീപിച്ചു തന്റെ തപസ്സിന്റെ പൂത്തിയ്യുവേണ്ടി സ്വാമികളുടെ തല വേണമെന്നറിയിച്ചപ്പോൾ അവിടുന്നു അങ്ങിനെയാവാമെന്നു സമ്മതിച്ചു. പക്ഷേ ആ നിഷ്ണ്ഡകന്റെ ശൂലം സ്വാമികളുടെ കണ്ഠത്തിൽ പതിയ്യുന്നതിന്നുമുമ്പെ ഒരു നരസിംഹാകാരം അവിടെ പ്രത്യക്ഷപ്പെട്ടു കാപാലികന്റെ കടർമാല പിച്ചിച്ചീന്തി. അങ്ങിനെ മലയാളത്തിന്റെ 'ജ്ഞാനവിജ്ഞാനമണിച്ചെ'പ്പായ ശിരസ്സു നശിക്കാതെ അവശേഷിച്ചു. ഇതാണു് കവിതയിലെ വിഷയം. സമസ്തഷ്ടിസ്നേഹം, ദീനദയാലുത്വം, നിവ്യാജൌദാര്യം, ആത്മപരിത്യാഗം, ഗുരുഭക്തി, മന്ത്രസിദ്ധിബലം എന്നിവയ്ക്കെല്ലാം നിധാനമായിരുന്ന ഒരു കാലവ്യവസ്ഥയുടെ അനുസ്മരണമാണിതിൽ കവി പ്രധാനമായി ചെയ്തിട്ടുള്ളതു്. കാപാലികനുമായുള്ള സംഭാഷണത്തിൽ, കണ്ണൻ, ജീമൂതവാഹനൻ, ശിബി, രന്തിദേവൻ എന്നീ ഭാരതീയർ പ്രദർശിപ്പിച്ച ത്യാഗസന്നദ്ധതയെപ്പറ്റി ആചാര്യസ്വാമികളും പറയുന്നതു് ഇതിനുദാഹരണമാണു്.

അന്യഥാ കരുതായ്ക മാമുനേ ഭവാദൃശർ
തന്നനുഗ്രഹത്തിന്നായ്ത്താഴാത്തതല്പെൻ ശീർഷം.
അത്യുഗ്രതപശ്ശുഷ്കവിഗ്രഹനങ്ങുന്നെനി
ക്കുത്കൃഷ്ടിയാണതിഥിയാണഖിലംകൊണ്ടും പൂജ്യൻ.

സിദ്ധമാം ക്രതുവങ്ങയ്ക്കുന്നറിഞ്ഞിട്ടുമതി
ന്നിത്തിരി തീച്ചൂടേല്പാൻ ചായില്ലെൻ തലയെങ്കിൽ
ഇക്കമ്പ്രഭുഖണ്ഡത്തിൻ പ്രഥമാകീർത്തിപ്പൊതി
യ്ക്കുകവൊന്നിതെന്തിന്നെൻ തോലുകളാൽ ഭേഷിക്കുന്നു?

എന്നു പറഞ്ഞുകൊണ്ടു, ശിഷ്യന്മാരാരും അടുത്തില്ലാത്ത തക്കം നോക്കി, ഇഷ്ടംപോലെ തല കൊണ്ടുപോയ്ക്കൊള്ളുവാൻ ഗുരുപാദർ കാപാലികനു അനുവാദംകൊടുക്കുന്നു. ആ ഭയങ്കരമായ വാശ്ചാനംകേട്ടിട്ടും ശ്രീശൈലത്തെ ചുഴന്നുനില്ക്കുന്ന പ്രകൃതിയ്ക്കു യാതൊരു ഭാവഭേദവുമുണ്ടായില്ലത്രെ. അതിനു കവി പറയുന്ന കാരണം,

അത്ഥിയെ പ്രാണൻകൊണ്ടുമാരാധിക്കുകയൊരു
പുത്തനാമേടല്ലല്ലോ ഭാരതചരിത്രത്തിൽ

എന്നാണു്. ആ പൈശാചകൃത്യത്തിനുതകുന്ന രംഗസംവിധാനം കവി ഇങ്ങിനെ വർണ്ണിക്കുന്നു:—

വൻകടൽ പൂകീസൂര്യൻ, സാന്ധ്യമാം സ്നാനത്തിന്നായ്
ശങ്കരയതീന്ദ്രന്റെ ശിഷ്യരത്നുവിണ്ണാറും.

രക്തമായ്മിന്നീ പശ്ചിമാംബരം, കാപാലിക
നസ്താദ്രിതടത്തിലോ വഹ്നിയെ ജ്വലിപ്പിച്ചൂ?

ശാരീരകാഖ്യാതാവിശ്രാന്തമാം മുഹൂർത്തത്തിൽ
ബൈഭേവയജ്വാവിനെപ്പൂരിത കർമ്മാവാക്കാൻ
ഏകനായേകാന്തത്തിൽസ്സ്വസ്ഥിരമാകും ധ്യാന
യോഗത്താൽച്ചിദാനന്ദലീനനായ്സ്ഥിതിചെയ്താൻ.

അസ്സുതപ്രണത്തിന്റെ പിൻവശത്തെത്തീ ലാക്കിൽ
ക്രൂസിതക്രൂരാകാരധാരിയാം തമോഗ്രഹം—
അപ്പരോപകാരത്തിൻ പിറകേ പൊന്തിക്കാണായ്
നിർഭരമാകും സ്വാർത്ഥലോഭത്തിൻ നിഴൽക്കൂട്ടം.

കൊടുംചുടലച്ചെകുത്താനായ കാപാലികന്റെ വൻവേഷം വ
ർണ്ണിച്ചശേഷം ശതകോടികല്പമായ ശൂലത്തിന്റെ ഓങ്ങൽ
കണ്ട കണ്ണിനോട പോളക്കൂട്ടാനാവശ്യപ്പെട്ടകൊണ്ടാണ് കവി
ആ രംഗത്തെ അനുവാചകദൃഷ്ടിയിൽനിന്നു മറയ്ക്കുന്നത്. പെ
ട്ടന്നു 'വിരിഞ്ചഭാണ്ഡങ്ങ'ളുടയുന്നമട്ടിലൊരു ശബ്ദംകേട്ട കേരള
യതിശ്രേഷ്ഠന്റെ തൃക്കണ്ണുകളം തുറക്കുന്നതിനോടപ്പമാണ് അനു
വാചകദൃഷ്ടികളും തുറക്കുന്നത്. മുമ്പിൽ കണ്ടതോ,

സ്വന്തം പ്രഭുശിഷ്യരിലേകൻ,
വെട്ടത്തുകാരൻ നമ്പൂതിരിയാം സനന്ദനൻ;
പിന്നിലോ വയർനെഞ്ചും പിളർന്നു കുടർമാല
ചിന്നിയ കാപാലികൻ ചോരയിൽക്കിടക്കുന്നു!

സിദ്ധികൊണ്ടു ആ രണ്ടാമത്തെ നരസിംഹാവതാരം സംഭവി
പ്പിച്ച ശിഷ്യനെ നോക്കി 'കഷ്ടമിത്തപസ്വിയാം വൃദ്ധനെ—'
യെന്നു ആചാര്യൻ പറഞ്ഞപ്പോഴും ആ ശിഷ്യന്റെ മറുപടി
ഇപ്രകാരമായിരുന്നു:—

കൈവണങ്ങുന്നേൻ, കനിഞ്ഞരുൾകീയുലകൊക്കെ
ക്കൈലാസമാക്കാൻ പോരുമിദ്ദിവ്യശിരസ്സേവം
ദുഷ്ടനാമൊരു കൈലാസേച്ഛുവിൻ ദുരത്തിയ്യിൽ
ച്ചുട്ടെരിച്ചാലോ സ്വാമിൻ! ദയസ്സുമതിർവേണം.

അങ്ങിനെ മലനാടിന്റെ അദ്വിതീയമായ സവ്യജ്ഞശിരസ്സ്
സംരക്ഷിതമായി.

കർമ്മഭൂമിയുടെ തലയെക്കുറിച്ചുള്ള ഈ കവിതയോടൊപ്പം
നില്ക്കേണ്ടതാണ്.

ധ്വസ്തഭവനമാം ദൈഷ്ട്യമേ! നിൻതല
യെത്ര പരത്തിയുയർത്തിയാലും

ഇക്കമ്മ്ഭ്രമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കെന്നതൊക്കെച്ചവിട്ടിത്താഴ്ത്താൻ

എന്ന ഫലശ്രുതിയിലവസാനിക്കുന്ന 'കമ്മ്ഭ്രമിയുടെ പിഞ്ചുകാൽ'.* ധമ്മ്ത്തിന്റെ ഗ്ലാനിയും അധമ്മ്ത്തിന്റെ അഭ്യുത്ഥാനവും സംഭവിക്കുമ്പോഴെല്ലാം ഭഗവാൻ അവതരിക്കുന്നു എന്ന ഗീതാവചനത്തിന്റെ വ്യാഖ്യാനമായിട്ടോ, അല്ലെങ്കിൽ, ടിപ്പണിയിൽ കുട്ടിക്കൃഷ്ണമാരാർ പറയുംപോലെ, ലൌകികദുഷ്ട്യാതാഴ്ന്നപടിയിലിരിക്കുന്നവനും ആത്മശക്തികൊണ്ടു ലോകത്തിന്റെ ധൃഷ്ടതയെ ചെറുത്തുനില്പ്പാൻ സാധിക്കുന്നു എന്ന തത്വത്തിന്റെദാഹരണമായിട്ടോ മേല്പറഞ്ഞ വാക്യത്തെ അംഗീകരിക്കാവുന്നതാണു്. കാളിയമർദ്ദനം പല കവികളുടെയും വർണ്ണനയ്ക്കു വിധേയമായിട്ടുണ്ടു്. പ്രതിഭാശാലികളായ കവികൾക്കു പുരാണകഥകളെക്കൊണ്ടു എങ്ങിനെയെല്ലാം കൈകാര്യംചെയ്യാമെന്നതിന്നൊരുദാഹരണമാണു് ഈ ചെറുകൃതി. പുരാണകഥാവലംബികളായ മറ്റനേകം വള്ളത്തോൾക്കവനങ്ങളിലെന്നപോലെ ഇതിലും ഒരു പ്രതിപാദനപ്പുതുമ കാണാം.

ആറ്റിലേയ്ക്കുചാടുന്നു! ചാടൊല്ലേ ചാടൊല്ലേ,
കാട്ടിലെപ്പൊയ്കയിൽപ്പോയി നീന്താം,
കാളക്കൂടോൽക്കടകാകോളമാളിന
കാളിയൻ പാമ്പ്ണ്ടിക്കാളിന്ദിയിൽ.

അതറിഞ്ഞുകൊണ്ടുതന്നെയാണു് കൃഷ്ണൻ കാളിന്ദിയിലേക്കു ചാടിയതു്—വാസ്തവത്തിൽ അതൊരു നാടകാഭിനയമായിരുന്നു.

മുങ്ങുമൊരേടത്തു, മറ്റൊരേടത്തുപോയ്
പൊങ്ങു,മലകയും മുറിച്ചു നീന്തും
ഇങ്ങിനെ സംസാരനാടകമാടിനാ
നങ്ങവൻ വാരുണരംഗത്തിങ്കൽ.

പക്ഷേ അതിന്റെ പിന്നിലുള്ള ഉദ്ദേശം ചങ്ങാതിമാർ അറിഞ്ഞിരുന്നില്ല. ദുഷ്ടജനങ്ങളെ ക്രോധോന്മത്തരാക്കിത്തീർത്തിട്ടാണു് ഈശ്വരൻ അവരെ നിഗ്രഹിക്കുക പതിവു്. അതനുസരിച്ചു കാളിയനെയും 'പൂരിതക്രോധ'നാക്കുവാനായിരുന്നു കൃഷ്ണന്റെ ആദ്യത്തെ ഉദ്യമം. തന്റെ സ്വൈരവാസത്തിന്നു വിഘാതംവരുത്തിയ കോലാഹലമെന്താണെന്നറിയുവാൻവേണ്ടി കാളിയൻ പുറത്തുവന്നപ്പോൾ അവന്റെ വാലു് പിടിച്ചുവലിച്ചും വായ പിടിച്ചു പിളർത്തിയും അരിശംകൊള്ളിച്ചുശേഷമാണു് തങ്കച്ചിലങ്കകിലുങ്ങുംവണ്ണം ചെങ്കഴൽകൊണ്ടു പാമ്പിന്റെ പൊങ്ങിയ പത്തിതോറും കൃഷ്ണൻ നൃത്തംചവിട്ടിത്തുടങ്ങി

* സാ. മ. നാലാം ഭാഗം.

യത്. അതു കണ്ടപ്പോൾ,

ചിന്നിപ്പരന്നിതു ഹാഹാ മഹാരവം
മന്നിലും വാനിലും നാലിടത്തും;
ആവു, കരുന്ന കാലാരോമൽക്കഞ്ഞിനു
നോവുകയില്ലേ, മുറിപ്പെടില്ലേ?
പാരിച്ചപാമ്പിന്റെ പത്തിപ്പരപ്പിതു
പാറയെക്കാളും കഠോരമേറും,
ചോരതെറിയ്ക്കുന്നവല്ലൊ കുമാരക;
പോരുമേ പോരുമേ സാഹസങ്ങൾ.

പക്ഷേ ചോര തെറിച്ചതു കുഞ്ഞിന്റെ കരുന്നുകാലിൽനിന്നായിരുന്നില്ല. ആ പിഞ്ചുകാൽച്ചവിട്ടേറു വശംകെട്ട കാളിയൻ കക്കിയ രക്തമായിരുന്നു കാളിന്ദിയെ കറുപ്പിച്ചതു! കൃഷ്ണനെ കാളിന്ദിയുടെ കറുത്ത ചേലയിൽച്ചെന്നുവീണയശോദയുടെ മാറിലെത്തുമണിമാലയുമായിസ്സങ്കല്പിച്ചതും, കൃഷ്ണന്റെ 'പല്ലവംപോലുള്ള രണ്ടിളം കൈകൾവന്നുല്ലസ്സല്ലീലമായ്ത്തല്ലുകയാൽ' ചിന്നിച്ചിതറിയ നരകളെ ആ നദീമാതാവിന്റെ ആർദ്രനെഞ്ചിൽ തെറിച്ച 'വെണ്മുലപ്പാൽനര'യായി ഉൽപ്രേക്ഷിച്ചതും അച്യുതന്റെ ശൈശവലീലാവർണ്ണനയുടെ ഗുണമായിട്ടുണ്ട്. ഔചിത്യവേദിയായ വള്ളത്തോളിൽനിന്നു ഒട്ടും അപ്രതീക്ഷിതമല്ല ഈ സവിശേഷത.

വള്ളത്തോൾക്കവിതയുടെ സവ്പ്രധാനമായ ഒരു ഗുണമാണ് അതിന്റെ 'പ്രകരണശുദ്ധി' എന്നു കുട്ടിക്കൃഷ്ണമാരാർ പറഞ്ഞിട്ടുണ്ട്. കവിയാൽത്തന്നെ കല്പിതമായ ഈ സാങ്കേതികശബ്ദത്തിന്റെ ആന്തരാർത്ഥം ''ഏതൊരാശയവും അലങ്കാരവും രചനയും പദവുമെല്ലാം അതുപയോഗിക്കുന്ന സന്ദർഭത്തോട് പൊരുത്തപ്പെട്ടിരിക്കണം'' എന്നാണ്. 'ഔചിത്യം' എന്ന വാക്കുകൊണ്ട് സംസ്കൃതസാഹിത്യപണ്ഡിതന്മാരുദ്ദേശിക്കുന്ന കാവ്യഗുണത്തെക്കാൾ വ്യാപകമായ അർത്ഥമാണ് പ്രകരണശുദ്ധികൊണ്ട് വള്ളത്തോളുദ്ദേശിച്ചിരുന്നത്. പദഘടനയിലുള്ള സാമരസ്യത്തിനും അർത്ഥസ്മരണത്തിലുള്ള സുഗമത്വത്തിനും പുറമെ സ്ഫോടജനകത്വത്തെയും അതിലുൾപ്പെടുത്തേണ്ടതാണ്. തന്റെ 'പണിത്തരം' കഴിയുന്നത്ര കുറ്റമറ്റതായിരിക്കണമെന്ന നിഷ്കർഷയോടുകൂടി 'പണിപ്പുര'ക്കത്തുവെച്ചു കവി നടത്തുന്ന പ്രക്രിയകൾ എന്തൊക്കെയാണെന്നു പുറത്തുള്ളവർ അറിയുകയില്ല. മിനുക്കുപണികളെല്ലാം തീർന്ശേഷമേ അതിനെ അന്യന്മാർ കാണുന്നുള്ളൂ. അങ്ങിനെ ജനഹൃദയങ്ങളെ അത്യന്തം ആവർജ്ജിച്ചിട്ടുള്ള ചില കവിതകളെയാണിവിടെ എടുത്തുദാഹരിച്ചിട്ടുള്ളത്.

പതിനാറാം അധ്യായം

ഭാസനാടകങ്ങൾ

1098 കന്നിമാസം ഒടുവിൽ വള്ളത്തോൾ ഒരു പനി നിമിത്തം കിടപ്പിലായി. രണ്ടു മാസത്തോളം നീണ്ടുനിന്ന ആ അനാരോഗ്യസ്ഥിതിയെപ്പറ്റി അദ്ദേഹം ഇങ്ങിനെ എഴുതിയിട്ടുണ്ട്:—

''അന്ന് ഏറെ ദുസ്സഹമായതു നേരം നീങ്ങാഞ്ഞിട്ടുള്ള സങ്കടമായിരുന്നു. പഴയ ചങ്ങാതിയായ പകലുറക്കം വൈദ്യശാസനത്താൽ പടിയ്ക്കു പുറത്താക്കപ്പെട്ടു. പുസ്തകം വല്ലതും വായിപ്പാൻ അതിന്റെ കനം താങ്ങുന്നതിന്നു കൈകൊക്കു കരുത്തും പോരാ. ഓരോ പകലും ആ ശരൽസൂര്യകിരണങ്ങളാൽ എന്നെ ആപഹസിച്ചുകൊണ്ടെന്നപോലെ ഇറങ്ങിവന്നു എന്റെ മുമ്പിൽ സഹാറാ മരുഭൂമിയ്ക്കൊപ്പം നീണ്ടുകിടക്കുകയായി! ആ ദുർഗ്ഗമപ്രദേശത്തിന്റെ ഏതാനും ഭാഗം ഞാൻ പിന്നിട്ടതു് ഏതന്നാടകവിവർത്തനമാകുന്ന ഒട്ടകത്തിന്റെ പുറത്തു കേറിയിട്ടാണു്. മൂലപുസ്തകം കിടയ്ക്കുമേൽ മലർത്തിവെച്ചു് ഒരു പകലിന്നിടയിൽ അപ്പപ്പോഴായി ഒരങ്കംവീതം പരിഭാഷപ്പെടുത്തിപ്പോന്നു. അങ്ങിനെ ആറു നാൾകൊണ്ടു കഴിഞ്ഞുകൂടിയ തജ്ജമ അരമാസത്തിനുശേഷമാണു് മനസ്സിൽനിന്നു കടലാസ്സിൽ പകർന്നതു്.''

ഭാസമഹാകവിയുടെ 'സ്വപ്നവാസവദത്ത'മാണു് വിവർത്തനവിഷയമായിത്തീർന്ന നാടകം.

അതിന്നു മുമ്പുതന്നെ ഭാസന്റെ ഊരുഭംഗം, മധ്യമവ്യായോഗം, അഭിഷേകം, പഞ്ചരാത്രം എന്നീ നാടകങ്ങളും വള്ളത്തോൾ തജ്ജമചെയ്തിരുന്നു.

ഊരുഭംഗം തജ്ജമ 1094 കുംഭത്തിലാണു് കഴിഞ്ഞതു് ഭീമസേനന്റെ ഗദാപ്രഹരത്താൽ ഭഗ്നോരുവായിത്തീർന്ന ദുര്യോധനന്റെ അന്ത്യമാണതിലെ കഥാവസ്തു. ദുഃഖപര്യവസായികളായ നാടകങ്ങളും സംസ്കൃതഭാഷയിൽ പ്രായേണ വിരളമാണെന്ന ന്യൂനതയെ പരിഹരിക്കുന്ന ഒരു വിശിഷ്ട കൃതിയെന്ന നിലയിൽത്തന്നെ ഊരുഭംഗത്തിന്നു സമ്മാന്യമായൊരു സ്ഥാനമുണ്ടാകേണ്ടതാണു്. അതിന്നു പുറമെ, കരുണരസം തുളുമ്പുന്ന സുന്ദർ

ഭങ്ങളാൽ ഹൃദയഹാരിയായ ഒരു സാഹിത്യശില്പവുമാണിത്. പല കടങ്കൈകൾകൊണ്ടും സജ്ജനങ്ങളുടെ പങ്ക്തിയിൽനിന്നു ബഹിഷ്കൃതനായിത്തീർന്ന ദുര്യോധനന്റെ സ്വഭാവത്തിൽ ഈ നാടകത്തിലൂടെ ഭാസൻ സ്പൃഹണീയമായൊരു പരിവർത്തനം വരുത്തിയിട്ടുള്ളതായിക്കാണാം. പശ്ചാത്താപത്തിൽ നിന്നുണ്ടായ ആ മാറ്റമാണ് നാടകത്തിലെ കരുണരസത്തിനു ദ്വീപകമായിത്തീരുന്നത്. ധൃതരാഷ്ട്രരുടെ പങ്കിൽ പുത്രന്മാർ നൂറുപേരും മൃതിപ്പെട്ട ദുര്യോധനൻ മാത്രവും യുധിഷ്ഠിരന്റെ പങ്കിൽ പാണ്ഡവകൃഷ്ണന്മാർ മാത്രവും ബാക്കിയായപ്പോഴും രാജാക്കന്മാരുടെ ദേഹങ്ങൾ ചിന്നിക്കിടക്കുന്ന സമന്തപഞ്ചകത്തിലാണ് ഈ ഏകാങ്ക നാടകത്തിന്റെ തിരശ്ശീല പൊങ്ങുന്നത്. മൂന്നു ഭടന്മാരുടെ വർണ്ണനയിൽനിന്നു ആ കാഴ്ചയുടെ ഭയങ്കരതതികച്ചും മനസ്സിലാക്കാം. പിന്നെ, ദുര്യോധനനും ഭീമസേനനും തമ്മിൽ നടന്നുകൊണ്ടിരുന്ന ഗദായുദ്ധത്തിന്റെ വിവരണമാണ്. ഊക്കിലടിയേറ്റു ദേഹം കുഴഞ്ഞു വീഴുന്ന ഭീമസേനനെ കണ്ടിട്ട അവർ തമ്മിൽ പറയുന്നതു കേൾക്കുക:—

സാശ്ചര്യം വ്യാസർ താടിയ്ക്കൊരു വിരൽ മുന
ചേർത്താനനം പൊക്കിനില്പായ്,
മൂർച്ഛിപ്പൂ ധർമ്മപുത്രന്നവശത, വിദുര
ന്നശ്രുവാൽക്കൺനിറഞ്ഞു.
തൊട്ടു ഗാണ്ഡീവചാപം വിജയനഹഹ മേ—
ല്പോട്ടുനോക്കുന്നു കൃഷ്ണൻ
ശിഷ്യസ്നേഹാൽച്ചുഴറ്റുന്നിതു കരിയെ രണം
കണ്ടു നില്ക്കുന്ന രാമൻ.

ഒടുവിൽ ശ്രീകൃഷ്ണൻ തുടമേലടിച്ചു എന്തോ ഒരടയാളം ഭീമസേനനു കാണിച്ചു കൊടുക്കുകയും അതനുസരിച്ചു വീണ്ടും ഗദായുദ്ധത്തിനൊരുങ്ങി ഭീമസേനൻ കൌരവന്റെ തുടമേൽ ഗദ പ്രയോഗിച്ചു അയാളെ വീഴ്ത്തുകയും ചെയ്യുന്നു.—ഇതൊക്കെ വിഷ്കംഭത്തിൽ കഴിയും. ബലദേവന്റെ പ്രവേശത്തോടുകൂടിയാണ് നാടകം ശരിയ്ക്കു തുടങ്ങുന്നത്. ധർമ്മവും യുദ്ധമര്യാദയും നോക്കാതെ ശത്രുപക്ഷം തന്റെ ശിഷ്യനോടു കാണിച്ച നീതികേടിനെ ബലഭദ്രൻ രൂക്ഷഭാഷയിൽ അധിക്ഷേപിച്ചുകൊണ്ടിങ്ങിനെ പ്രഖ്യാപിച്ചു:—

വാഴ്കും ദൈത്യവ്രജത്തിൻ പുരമതിലു പൊളിയ്ക്കുന്നതായ്സ്സൂര്യ പുത്രീ
നീക്കാശാനായരാതിപ്പടയുടെയൊരുയിർ
പൂജ കൈക്കൊൾവതായി,

സൌഭോച്ഛിഷ്ടാസ്യ മാമൻ കരിയടവിലെട്ട
ത്തസ്രഘമ്മോദകച്ചേ
റോലും വിസ്മീർണ്ണ ഭീമോരസി വയലുഴതും
വേല സാധിപ്പനിപ്പോഴം.

ഇതു കേട്ട ദുര്യോധനൻ, തുടപൊട്ടി ഞെരിഞ്ഞ നിലയിൽ ഒരു കുട്ടിയെപ്പോലെ നിലത്തിഴഞ്ഞുകൊണ്ടു, തന്റെ ഗുരുവിന്റെ മുമ്പിലെത്തിച്ചേർന്ന അദ്ദേഹത്തെ ഇങ്ങിനെ അഭിവാദ്യം ചെയ്യുന്നു:—

പാരിന്മേൽ വീണവനുടെ ശിര
സ്സൊന്നിതാ വീണ നിങ്കാൽ
ത്താരിൽ, ക്രോധംവെടിയുകിവിട്ട
ന്നാദ്യ,മക്കുട്ടർ മുറും
ജീവിയ്ക്കുട്ടേ കുരുകുല നിവാപാംബു
വാഹങ്ങളായ്ത്താൻ!
വൈരംതാനും കലഹ കഥയും
ഞങ്ങളും തീർന്നവല്ലൊ!

കുന്തീപുത്രന്മാരെ ദുര്യോധനന്റെ സ്വർല്ലോകയാത്രയിൽ അനുചരന്മാരാക്കിയിട്ടേ താനടങ്ങൂ എന്ന ബലരാമൻ പറഞ്ഞപ്പോഴം ആ വീരൻ അതു ചെയ്യരുതെന്നപേക്ഷിക്കുന്നു. ''എന്റെ മുമ്പിൽവെച്ചു അങ്ങയെ ചതിച്ചുവല്ലൊ എന്നാണ് എനിയ്ക്കു ദ്വേഷ്യം'' എന്നു പറഞ്ഞപ്പോഴേ ദുര്യോധനനു തന്നിൽ ശത്രുപക്ഷം പ്രയോഗിച്ച ചതി മനസ്സിലായുള്ളൂ. അപ്പോഴം ആ അഭിമാനി പറയുകയാണ്:—

''അഹോ എന്റെ പ്രാണനു വില കിട്ടി, എന്തുകൊണ്ടെന്നാൽ,

ആ ലാക്ഷപ്പുരവെന്തനാഴം കരുതലാൽ
സംരക്ഷ സാധിച്ചവൻ,
കൈലാസേശഗുഹാഹവത്തിലചല
ക്കല്ലേറു പുല്ലാക്കിയോൻ,
ക്രവ്യാദേശഹിഡിംബജീവിതഹരൻ,
ഭീമൻ, ചതിച്ചാണെനി
ക്കേവം തോൽവി പിണച്ചതെങ്കിലിഹതോ
റിറിട്ടില്ല താലാങ്ക! ഞാൻ.''

എന്നു. വാസ്തവത്തിൽ ചതിച്ചത് ഭീമസേനനല്ലെന്നായിരുന്നു ദുര്യോധനന്റെ വിശ്വാസം. പിന്നെയോ?

ആരന്നാപ്പാരിജാതം സുരപതിയുടെയ
ന്തസ്സൊടൊത്താഹരിച്ചൂ,
നേരമ്പോക്കായുറങ്ങീ കടലിനടിയിലാ
രായിരം ദിവ്യവർഷം,
നേരായ്പ്പോരാട്ടമെന്നെജ്ജഗദഭിമതനാ
യീട്ട മദ്ദേഹമത്രേ
സൈരം ഭീമന്റെ യത്യൽക്കടഗദയിലണ
ഞ്ഞന്തകന്നേകിവിട്ടൂ!

മകനായ ദുർജ്ജയനോടൊന്നിച്ചു മാതാപിതാക്കന്മാർ വന്നപ്പോൾ ദുര്യോധനന്നുണ്ടായ വികാരവൈക്ലബ്യം അതിസമർത്ഥമായി ഭാസൻ കൈകാര്യം ചെയ്തിട്ടുണ്ട്.

ദീപ്താഗ്നിയെക്കൂടി നിനച്ചിടാതെ നിൻ
തൃക്കാൽത്തൽമാത്രം തലതാഴ്ത്തിവന്ന ഞാൻ
സഞ്ജാതനായേതൊരു മാനമോടുമൊ
ത്താമാനമോടേ സുരനാടുപൂകുവൻ

എന്ന അച്ഛനോടും

കുമ്പിട്ട ചൊല്ലാം പുണ്യം ഞാൻ
ചെയ്തിട്ടുണ്ടെന്നിരിക്കിലോ
മറുജന്മത്തിലുമെനി
ക്കുമ്മയാകിവിടുന്ന താൻ!

എന്ന അമ്മയോടും

ഈയെൻ കോട്ടാഞരമ്പാഹവസമയ ഗദ
ത്തല്പിനാൽ വിണ്ടിരിപ്പൂ
മാറിൽത്തുളുമുത്തുമാലയ്തിടമപഗതമായ്
പോർനിണപ്പൊങ്ങൽമൂലം
കാങ്കീമിന്നും ക്ഷതപ്പൊൻ ചുമൽ വളകളണി
ക്കൈകൊ, പിന്നൊട്ടൊഴിക്കാ
തല്പോ പോരിൽക്കൊലപ്പെട്ടതുപതി; കരയാ
നെന്തിതിൽ ക്ഷത്രിയേ നീ?

എന്ന സഹധർമ്മചാരിണിയായ മാളവിയോടും

''പാണ്ഡവന്മാരെ എന്നെ എന്നപോലെ ശുശ്രൂഷിക്കണം; അമ്മ കുന്തീദേവി പറയുന്നതുപോലെ നടക്കണം; അഭിമന്യുവിന്റെ അമ്മ, ദ്രൌപദി എന്നിവരെ അമ്മയെപ്പോലെ ആദരിയ്ക്കണം,

ചാരേ ധർമ്മസുതന്റെ നൽവളയണി
കൈതൊട്ടു നിന്നിട്ടു താൻ
നീരേകേണ മെനിയ്ക്കു പാണ്ഡവരുമായ്,
പ്പേർചൊല്ലി നിർത്തുമ്പൊഴാം നീ''

എന്ന മകനായ ദുർജ്ജയനോടും പറയുന്നതു കേൾക്കുമ്പോൾ ആർക്കാണ് കണ്ണിൽ വെള്ളം നിറയാതിരിക്കുക?

ഭാസനാടകങ്ങളുടെ കൂട്ടത്തിൽ ചെറുതെങ്കിലും മനോഹരമായ ഊരുഭംഗത്തെ അതിനനുയോജ്യമായ സൌഭാഗ്യത്തോടു കൂടിത്തന്നെയാണ് വള്ളത്തോൾ തർജ്ജമ ചെയ്തിട്ടുള്ളത്. തർജ്ജമയുടെ രാമണീയകത്തിനു മേലുദ്ധരിച്ച ശ്ലോകങ്ങൾതന്നെ ഉദാഹരണമാണ്.

ബലഭദ്രരുടെ വരവിനെ വർണ്ണിക്കുന്ന ഈ ശ്ലോകവും ഉദ്ധരണാർഹമാണ്:—

ഭംഗിയാൽ കിരീടമാടി വീടൻ
കണ്ണരിശത്തിനാൽ
ചെങ്ങിയും വരിവണ്ടുകൊത്തിയ
മാലയിത്തിരികേറിയും
മിന്നിടുന്നിതഴിഞ്ഞു തുങ്ങിയ നീല
മെയ്യ്കിൽതാങ്ങിയും
മന്നിതിൽപ്പരിവേഷമോടു മണഞ്ഞ
വെണ്മതിപോലവേ.

1095 മകരത്തിലാണ് മധ്യമവ്യായോഗത്തിന്റെ പരിഭാഷ പുറത്തുവന്നത്. ഘടോൽക്കചന്റെ ബാധയിൽനിന്നു ഒരു ബ്രാഹ്മണകുടുംബത്തെ ഭീമസേനൻ രക്ഷിക്കുന്നതാണിതിലെ വിഷയം. ഊരുഭംഗത്തിലുള്ളപോലെ മർമ്മസ്പൃക്കുകളായ ഭാഗങ്ങൾ ഇതിൽ കാണുകയില്ല. അതിനു പരിഭാഷകനല്ലല്ലൊ ഉത്തരവാദി. എങ്കിലും മറെറാരു പ്രകാരത്തിൽ ഈ നാടകത്തിനും ഒരു മനോഹാരിതയുണ്ട്. ഘടോൽക്കചന്റെ മാതൃസ്നേഹം, ഹിഡിംബിയുടെ ഭർത്തൃഭക്തി, ബ്രാഹ്മണന്റെ സാത്വികബുദ്ധി എന്നിവയെല്ലാം മധ്യമവ്യായോഗത്തിന്റെ സവിശേഷതകളാണ്. മറു ചില ഭാസനാടകങ്ങളിൽനിന്നു വ്യത്യസ്തമാണ് ഇതിലെ നാന്ദിയുടെയും ഭരത വാക്യത്തിന്റെയും സ്വഭാവം. നാന്ദിയിൽ കഥാപാത്രങ്ങളുടെ പേരുകൾ സൂചിപ്പിക്കുന്ന സമ്പ്രദായം ഇതിൽ സ്വീകരിച്ചിട്ടില്ല.

ത്രൈലോക്യം നേർക്കളപ്പാൻ മുതിരുമളവിലേ
തൊന്നു വൈഡൂര്യരത്ന
പ്പാലംപോലേ വിളങ്ങീ ഗഗന വലയമാ
കുന്ന വാരാശിതന്നിൽ,

ആ ലക്ഷ്മീകാന്ത പാദം കുവലയകുസുമ
സച്ഛനിസ്നിംശനീലം
പാലിയ്ക്കട്ടേ ഭവാന്മാർകളെയസുരവധൂ
ലോക ശോകൈകമൂലം.

എന്നാണ് ഇതിലെ നാന്ദി. ഭരതവാക്യത്തിൽ പതിവു പോലെ. രാജപ്രശസ്തിയല്ല വിഷ്ണുപ്രശസ്തിയാണുള്ളത്.

പരമാഗുകംക്കു കടൽപോലെയും പലേ
തരമാഹതിയ്ക്കു ഹതഭുക്കുപോലെയും
കരണത്തിനൊക്കെ മനമെന്നപോലെയും
ശരണം നമുക്കു ഭഗവാൻ ജനാർദ്ദനൻ.

സന്ദർഭാനുസാരമായ സ്തോഭം ജനിപ്പിക്കത്തക്കവണ്ണം തജ്ജമയിലെ രചനയ്ക്കു വൈചിത്ര്യം വരുത്തിയതിനു പല ഉദാഹരണങ്ങളും എടുത്തുകാണിക്കാൻ കഴിയും. ഘടോൽക്കചൻ വൃദ്ധ ബ്രാഹ്മണനോടു വിളിച്ചുപറയുന്നതാണീ വാക്കുകൾ:—

സന്ന്യാസം തടവുന്ന ദാരസുതരെ
പ്പാലിയ്ക്കുവാൻ ശേഷികെ
ട്ടെന്താണങ്ങു ഗമിച്ചിടുന്നതിവനെപ്പേ
ടിച്ചുനിർധൈര്യനായ്.
ഹന്താഖണ്ഡസുപണ്ഡപക്ഷപവന
പ്രോദ്ധൂതകോപാഗ്നിയാൽ
വെന്താത്മീയകളത്രമൊത്തു വലയും
സപ്തത്തിനെപ്പോലവേ?

നേരേമറിച്ചു അയാളുടെ ആന്തരമായ സാതികബുദ്ധിയുടെ ഈ പ്രചോദനം കേൾക്കുക:—

എല്ലാടവും ധരയിലെന്നു മതീവപൂജ്യർ
ചൊല്ലാണ്ട വിപ്രവരരെന്നറിവുണ്ടു, പക്ഷേ
ഒല്ലാത്ത കാര്യമിതു മമ്മ കഥിക്കയാൽ ഞാൻ
കില്ലാന്നിടാതിഹ നടത്തണമെന്നു വന്നു.

അതേ കൊല്ലത്തിൽ(1095)ത്തന്നെയാണ് അഭിഷേകനാടകവും വള്ളത്തോൾ വിവർത്തനം ചെയ്തത്. രാമായണകഥയാണിതിലെ ഇതിവൃത്തം. രാമകൃതമായ ബാലീ നിഗ്രഹത്തിന്നുശേഷം ഹനുമാൻ ലങ്കയിൽചെന്നു സീതയെ കാണുന്നതും വിഭീഷണൻ രാമനെ ശരണംപ്രാപിക്കുന്നതും രാവണൻ പോക്കളത്തിൽ നിഹനിക്കപ്പെടുന്നതും സീത അഗ്നിപരീക്ഷയ്ക്കു വിധേയയാകുന്നതും ആണ് ആറങ്കങ്ങളിലായിട്ടിതിൽ പ്രതിപാദിച്ചിട്ടു

ള്ളത്. ഭാസനാടകങ്ങളുടെ കൂട്ടത്തിൽ താരതമ്യേന കലാഭംഗി കുറഞ്ഞതാണീ നാടകം. മറ്റു ചില നാടകങ്ങളിൽക്കാണുന്ന സംഭാഷണ സൌഭാഗ്യം ഇതിലില്ലെന്നുതന്നെ പറയാം. ഭാസനേറെതാണെന്നു വിശ്വസിക്കപ്പെടുന്ന നാടകങ്ങളിൽ ചിലതെല്ലാം അന്യകർത്തൃകങ്ങളാണെന്നു അഭിപ്രായപ്പെടുന്നവരുണ്ട്; അത്തരക്കാരുടെ ഗണനയിൽ അഭിഷേകനാടകത്തിന്റെ കർത്തൃത്വവും സംശയ വിധേയമായിട്ടുണ്ട്. ഏതായാലും വള്ളത്തോളിന്റെ തർജ്ജമ സാമാന്യം ഭംഗിയായിട്ടുണ്ട്. പ്രാസം ഗികമായി, ഇതിലെ ഒരു ശ്ലോകത്തിനു ശാകുന്തളത്തിലെ ഒരു ശ്ലോകത്തോടു സാദൃശ്യമുണ്ടെന്നുകൂടി ചൂണ്ടിക്കാണിക്കട്ടെ. ശാകുന്തളം നാലാമങ്കത്തിലെ 'പാതും ന പ്രഥമം' എന്നു തുടങ്ങുന്ന ശ്ലോകത്തിലെ 'നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം' എന്ന പാദത്തിലടങ്ങിയ ആശയംതന്നെയാണ് അഭിഷേകനാടകം മൂന്നാമങ്കത്തിലുള്ള

യസ്യാംനപ്രിയ മണ്ഡനാപി മഹിഷീ
ദേവസ്യ മന്തോദരീ
സ്നേഹാല്പല്ലവതി പല്ലവാൻ ന ച പുന
ർവ്വീജന്തിയസ്യാം ഭയാൽ
വീജന്തോ മലയാനിലാ അപി കരൈ
രസ്പൃഷ്ട ബാലദ്രുമാ
സേയം ശക്രരിപോരശോകവനികാ
ഭഗ്നേതി വിജ്ഞാപ്യതാം

എന്ന ശ്ലോകത്തിലും കാണുന്നത്. ഇതിനെ വള്ളത്തോൾ ഇങ്ങിനെ തർജ്ജമചെയ്തിരിക്കുന്നു:—

പ്രേമത്താൽ തളിർനുള്ളുകില്ലണിയുവാൻ
കാംക്ഷിക്കിലും ദേവിയാം
ശ്രീ മണ്ഡോദരിയേതി, ലേതിൽ മലയ
ക്കാറ്റും ചലിക്കാ ഭയാൽ
ആരും ചെന്നുതൊടാത്ത തൈകളിടചേ
ന്നൊന്നാകുമാദ്ദേവർകോൻ
വൈരിക്കൊക്കുമശോകവാടിയിതുട
ച്ചാനെന്നുണർത്തിക്ക നീ.

ഭാസകാളിദാസന്മാരുടെ ഈ ആശയൈക്യം യാദൃച്ഛികമാണെന്നും അല്ലെന്നും വിചാരിച്ചുകൂടായ്കയില്ല. പ്രിയമണ്ഡനാപി, സ്നേഹാൽ, പല്ലവാൻ എന്ന പ്രയോഗങ്ങളുടെ ഐകരൂപ്യം പ്രത്യേകം ശ്രദ്ധേയമാണ്. വള്ളത്തോളിന്റെ ശാകുന്തള ശ്ലോക തർജ്ജമയിലെ 'നുള്ളാറില്ലണിവാൻ കൊതിച്ചുകിലുമാരമ്പാൽ

ബ്ധവൽ പല്ലവം' എന്ന പാദത്തോട സ്വാഭാവികമായി ഒരു സഹോദരബന്ധം പുലത്തുന്നുണ്ട് 'പ്രേമത്താൽത്തളിർന്നുള്ളകില്ലണിയുവാൻ കാംക്ഷിക്കില്ലും' എന്ന വാക്യം. പക്ഷേ 'ആരും ചെന്നു തൊടാത്ത തൈകളിടചേന്നൊന്നാകുമാദ്ദേവർകോൻ വൈരിക്കൊക്കുമശോകവാടി' എന്ന വിവത്തനത്തിനു വള്ളത്തോളിന്റെ ഉത്തമരചനയുള്ള നിലവാരം എത്തുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. ഇതിലെ നാന്ദി ശ്ലോകത്തിലും കഥാപാത്ര സൂചനയില്ല; ശ്രീരാമ സ്തുതിയാണതിൽ കാണുന്നത്. പക്ഷേ ഭരതവാക്യത്തിൽ രാജസിംഹനെ പ്രകീത്തിച്ചിട്ടുണ്ട്.

വരാതിരിക്കട്ടെ ദുരാതിശോകവും
ക്കരാതി ചക്രം ലയമേറിടട്ടെ,
ചിരാൽ ബ്ധരിക്കട്ടെ സമസ്തമായി
ദ്ധരാതലം നമ്മുടെ രാജസിംഹൻ.

'പഞ്ചരാത്രം' ഒരു സമവകാരമാണ്—രൂപകങ്ങളംക്കിടയിൽ അതിനു വിധിക്കപ്പെട്ടിട്ടുള്ള സവിശേഷതകളം 'പ്രഖ്യാതമായ ഇതിവൃത്തം, ദേവാസുരവശ്ത്തിൽപ്പെട്ട പന്തിരണ്ടു ഉദാത്തനായകന്മാർ, മുഖ്യ ചെറുതുചെറുതായ മൂന്നങ്കങ്ങളം, വീരരസത്തിനു പ്രാധാന്യം' എന്നിവയാണ്. ഈ ലക്ഷണങ്ങളം മിക്കതും പഞ്ചരാത്രത്തിനുണ്ട്. പന്തീരാണ്ടു കാലത്തെ വനവാസവും പിന്നെ ഒരാണ്ടത്തെ അജ്ഞാതവാസവും അനുഭവിച്ചുതീരാറായ പാണ്ഡവന്മാക്കു അവകാശപ്പെട്ട അർദ്ധരാജ്യം കൊടുക്കണമെന്നു ദ്രോണാചാര്യർ ദുര്യോധനനോട 'ആചാര്യ ദക്ഷിണ'യായി അപേക്ഷിക്കുന്നു. ശകുനിയുതിഷ്ടമായില്ലെങ്കിലും ദുര്യോധനൻ അതിനു സമ്മതിക്കുന്നു—പക്ഷേ ഒരുപാധിയിന്മേൽ. പഞ്ചരാത്രംകൊണ്ടു പാണ്ഡവന്മാരുടെ വൃത്താന്തം വരുത്താമെങ്കിൽ പകുതി രാജ്യം കൊടുക്കുവാൻ താൻ തയ്യാറാണെന്നു ദുര്യോധനൻ ഏല്ക്കുന്നു: അപ്പോഴേക്കു വിരാടരാജ്യത്തെ ആക്രമിക്കുവാൻ ദുര്യോധനാദികൾക്കൊരവസരം കിട്ടുകയും ഗോഗ്രഹണത്തിനു സൈന്യത്തെ അവിടേക്കയക്കുകയും ചെയ്യുന്നു. യുദ്ധത്തിൽ അഭിമന്യുവിനെ വിരാടസേനയിലെ ഭടന്മാർ കീഴടക്കിയതും, ഭീമാർജ്ജുനന്മാരുടെ പരാക്രമത്താൻ കൌരവരഥം നിശ്ചലമായിത്തീന്നതും അതിലെ ധ്വജത്തെ ശത്രുബാണം തീണ്ടിയതും മറും ബോധ്യപ്പെട്ടിട്ടും പ്രതിജ്ഞയിൽനിന്നു പിന്മാറുവാൻ തക്കംനോക്കി നില്ക്കുന്ന ശകുനിപ്രഭൃതികളെ വിരാടപുത്രനായ ഉത്തരന്റെ ആഗമനം ആശ്ചര്യസ്തബ്ധരാക്കുന്നു. 'അത്ര ഭവാൻ യുധിഷ്ഠിരൻ' പറഞ്ഞയച്ചിട്ടു വന്നതാണ് താനെന്നും,

ഉത്തരയെ സ്നുഷയായ്മേ
കിട്ടി നൃപന്മാരെ ഞാൻ ക്ഷണിയ്ക്കുന്നു
അവിടെത്താനോ ഇങ്ങോ
പരിണയമെവിടത്തിൽവെച്ചു ചെയ്യേണ്ടു?

എന്നാണ് ധർമ്മരാജന്റെ സന്ദേശമെന്നും ഉത്തരൻ അറിയിച്ച തോടുകൂടി ദ്രോണർ ഏറെ കൃത്യം നിവ്വഹിക്കപ്പെടുന്നു.

ഏവം ഞാൻ വാത്തയെത്തിച്ചേൻ
തീന്നിട്ടില്ലഞ്ചു രാത്രിയും
ധർമ്മത്താലേറെതാം ഭിക്ഷ
ധർമ്മത്താൽത്തന്നെ നല്ലമേ

എന്നു ദ്രോണർ ആവശ്യപ്പെടുകയും

ഓഹോ രാജ്യമിതാ നഷ്ടമീ
മുന്നട്ടിൽപ്പാണ്ഡവർക്കു ഞാൻ
ചത്താലും മത്സ്യരെപ്പേടും
സത്യം നില്ക്കുകിൽ നില്ക്കുമേ

എന്നു ദുര്യോധനൻ സമ്മതിക്കുകയും ചെയ്യുന്നതോടുകൂടി നാടകം അവസാനിക്കുന്നു. തർജ്ജമ നന്നായിട്ടുണ്ട്. അഭിമന്യു പ്രതിപക്ഷത്തിന്റെ പിടിയിൽപ്പെട്ടതെങ്ങിനെയെന്നു ദ്രോണർ ചോദിച്ചതിന്നുള്ള ഉത്തരം പരിഭാഷപ്പെടുത്തിയതിന്റെ സാരള്യം നോക്കുക:—

തേരെങ്ങാനും ചെരിഞ്ഞോ? കുതിര പതറിയോ?
ഭ്രമി ചക്രത്തെ നിത്താൻ
പോരെന്നായോ? കഴിഞ്ഞോ കണകും? പിഴനിന
ക്കേറെറിതോ? ഞാൺമുറിഞ്ഞോ?
പോരിൽക്കേടേവമുണ്ടാം രഥികനു വിധിയാൽ,
ശത്രു ശസ്ത്രങ്ങളേറും
ചേരാം വല്ലായ്മ—യെന്നാലവനരിയ പയ
റിനു മേലാളിയല്ലോ.

സ്വപ്നവാസവദത്തമാണ് ഏറെവും ഒടുവിൽ തർജ്ജമചെയ്തത്. ഭാസനാടകങ്ങളുടെകൂട്ടത്തിൽ പലതുകൊണ്ടും ഔൽകൃഷ്ട്യമുള്ളൊരു കൃതിയാണിത്. ഇതിവൃത്തത്തിന്റെ നാടകീയത അതിനെ അത്യന്തം രംഗപ്രയോഗക്ഷമമാക്കിത്തീർക്കുന്നുണ്ട്. അവന്തിരാജാവായ മഹാസേനൻ വത്സരാജാവായ ഉദയനന്റെ ഗുണോൽകർഷത്താൽ ആകൃഷ്ടനായി അദ്ദേഹത്തെ സ്വപുത്രിയായ വാസവദത്തയുടെ ഭർത്താവാക്കുവാനാഗ്രഹിച്ചു. നേർവഴിയ്ക്കു ആ അഭിലാഷം സാധിക്കായ്കയാൽ അവന്തിരാ

ജാവു കപടംപ്രയോഗിച്ചാണ് ഉദയനനെ സ്വാധീനത്തിൽപ്പെടുത്തിയത്. അങ്ങിനെ അവന്തിയിലെ അന്തഃപുരത്തിലൊരിടത്തു ബന്ധനസ്ഥനാക്കപ്പെട്ട ഉദയനന്റെ അടുക്കൽ വാസവദത്തയെ വീണവായന പഠിക്കുവാൻ രാജാവു നിയോഗിച്ചു. പ്രായംകൊണ്ടും കുലീനതാദിഗുണങ്ങൾകൊണ്ടും അന്യരൂപരായിരുന്ന ഗുരുശിഷ്യർ പരസ്പരാനുരക്തരായിത്തീരുവാൻ ഏറെത്താമസമുണ്ടായില്ല. വത്സരാജമന്ത്രിയായ യൌഗന്ധരായണന്റെ നീതികൌശലത്താൽ ഉദയനൻ ബന്ധനത്തിൽനിന്നു വിമുക്തനായി വാസവദത്തയോടൊന്നിച്ചു രാജധാനിയിലേക്കു മടങ്ങിപ്പോന്നു. അങ്ങിനെ വാസവദത്താസമേതനായി വസിക്കുന്നതിനിടയിൽ ഉദയനന്റെ രാജ്യം ശത്രുവിന്നധീനമായിത്തീർന്നു. അതു വീണ്ടെടുക്കുവാൻ മഗധരാജാവിന്റെ സഹായം അത്യാവശ്യമായി. മഗധരാജസോദരിയായ പദ്മാവതിയെ വേട്ടെങ്കിലേ അതു സാധിക്കുകയുള്ളൂ. വാസവദത്തയെ അത്യധികം സ്നേഹിച്ച ഉദയനന്നു അക്കാര്യം ഒട്ടും ഹിതമായിരുന്നില്ലാത്തതിനാൽ, മന്ത്രി അവിടെയും ഒരു കൌശലം പ്രയോഗിച്ചു. വാസവദത്ത മരിച്ചുപോയി എന്നൊരു സംസാരം പരത്തി ഉദയനനെ വിശ്വസിപ്പിച്ചു, രാജ്ഞിയെ കുറച്ചുകാലം ഒളിവിൽ പാർപ്പിക്കണമെന്നു യൌഗന്ധരായണൻ പ്രമുഖരായ മറ്റു മന്ത്രിമാരോടുകൂടി ആലോചിച്ചു നിശ്ചയിച്ചു. ഭർത്തൃപരായണയായ വാസവദത്തയും രാജ്യനന്മയ്ക്കുവേണ്ടി അതു സമ്മതിച്ചു. യൌഗന്ധരായണൻ ഒരു സന്ന്യാസിവേഷത്തിലും വാസവദത്ത ഒരവന്തിരാജ്യക്കാരിയുടെ വേഷത്തിലും പുറപ്പെട്ടു; തന്റെ സോദരിയാണെന്നു പറഞ്ഞു വാസവദത്തയെ പദ്മാവതിയുടെ കയ്യിൽ ഏല്പിക്കുവാൻ ഒരവസരം സമ്പാദിച്ചു. ഈ ഉപായം ക്രമേണ പദ്മാവതിയുടെ വിവാഹത്തിന്നും ശത്രുഹൃതമായ രാജ്യത്തിന്റെ വീണ്ടെടുപ്പിന്നും സഹായകമായി. ശീലവതിയായ ഒരനുജത്തിയെ കിട്ടി വാസവദത്തയും ചരിതാർത്ഥയായി.

അഭിഷേകനാടകത്തിലെന്നപോലെ ഇതിലും ശാകുന്തളത്തോടു സാദൃശ്യമുള്ള ചില സന്ദർഭങ്ങളും കാണാം. ഒന്നാം അങ്കത്തിൽ ബ്രഹ്മചാരി തപോവനത്തെപ്പറ്റി പറയുന്ന വാക്യത്തിലെ

'വിസ്രബ്ധം ഹരിണാശ്ചരന്ത്യ ചകിതാ
ദേശാഗതപ്രത്യയാഃ'

എന്ന ആശയംതന്നെയാണ് ശാകുന്തളം ഒന്നാം അങ്കത്തിലെ

'വിശ്വാസോപഗമാദഭിന്നഗതയഃ ശബ്ദം സഹന്തേ മൃഗാഃ'

എന്ന വാക്യത്തിലും ഉള്ളതു്. വള്ളത്തോളിന്റെ തജ്ജ്ഞകളിങ്ങിനെയാണു്:—

'വിശ്വാസേനവിശങ്കവിട്ടഭയമായ് മേ
യുന്നമാനിൻ ഗണം (സ്വ: വാ)
വിശ്വാസാൽ നിലമാറിടാതെയൊലി കേൾ
ക്കുന്നു കുരംഗവ്രജം' (ശാ:)

അംഗ്രലീയദർശനംകൊണ്ടു ദുഷ്യന്തനിൽ ഉളവായ ശകുന്തളാസ്മരണവും പശ്ചാത്താപവുംപോലെതന്നെ കരുണമയമായ ഒരു രംഗമാണു് ഘോഷവതീവീണയുടെ ദർശനത്താൽ വത്സരാജഹൃദയത്തിൽ ഉത്തേജിതമായ അനുതാപത്തിന്റെ ആവിഷ്കരണം.

ശ്രുതിസുഖനിനദേ! ശുഭാംഗിതൻ
സ്തനജഘനങ്ങളിൽ വിശ്രമിച്ച നീ
കിളികളം പൊടിയുതിർത്ത തണ്ടുമായ്
ക്കൊടിയവനത്തിൽ വസിച്ചതെങ്ങിനെ?

എന്ന ശ്ലോകവും

തവസുകൃതവുമെന്നുടേതിനൊപ്പം
പരിലഘു മോതിരമേ! ഫലം നിനച്ചാൽ
അവളുടയനഖം തുടുത്ത നൽക്കൈ
വിരൽകളിൽ മേവിന നീ പതിച്ചുവല്ലോ

എന്ന ശ്ലോകവും സമാനതരാനുഭവങ്ങളെയാണല്ലൊ വർണ്ണിക്കുന്നതു്. തുടർന്നു, വത്സരാജന്റെ ഈ വാക്കുകളും കേൾക്കുക:—

''ഘോഷവതി, ക്രൂരില്ല നിനക്കു്; നീ ഓർക്കുന്നില്ലല്ലൊ ആ പാവത്തിന്റെ

ശ്രോണിത്തടിൽ വഹിയ്ക്കലും സുദ്ധമായ്
പ്രാശ്വങ്ങളിൽച്ചേർക്കലും
ക്ഷീണിയ്ക്കുകളിർകൊങ്കുകളുംക്കിടയിൽ വെ
ച്ചുദ്യൽസുഖം പുല്കലും
എന്നെച്ചൊല്ലി വിയോഗവേളയിലുതി
ർന്നീടും വിലാപങ്ങളും
മീട്ടുന്നേരമിടയ്ക്കു പുഞ്ചിരിപുര
ണ്ടുള്ളോരു സല്ലാപവും.

ഈ മനോഭാവംതന്നെ ദുഷ്യന്തന്റെ വാക്കുകളിലും കാണാം:—

നീയാമനോജ്ഞമൃദുലാം ഗ്രലിയാംകരത്തെ
യെന്മട്ടുവിട്ടു സലിലേ മുഴുകിക്കളഞ്ഞൂ?

അഥവാ

എന്തെന്നുവെച്ചിഹ പഴിക്കുമചേതനത്തെ
ഞാൻതന്നെയെന്തിനു വെടിഞ്ഞിതു കാന്തയാളെ?

തജ്ജമയുടെ സൌകുമാര്യം മേലുദ്ധരിച്ച ശ്ലോകങ്ങളുടെ രചനയിൽനിന്നുതന്നെ വ്യക്തമായിരിക്കുമല്ലൊ. ഒന്നുരണ്ടുദാഹരണങ്ങൾകൂടി എടുത്തുകാണിക്കാം.

ചീരംമുണ്ടിനു, കാട്ടുകായ്കനി ഭുജി
പ്പാനിപ്പടിയ്ക്കാശ്രമേ
ധീരംവാണരുളുന്ന മാന്യജന
തയ്ക്കുദ്വേഗമാപ്പെട്ട പോം
സൈരം ചഞ്ചലലക്ഷ്മിയാൽ വിനയമില്ലാ
തായ്മദത്തള്ളലാ
ന്നാരയ്യോ നിഭൃതം തപോവനമൊരു
രാക്കുന്നു തന്നാജ്ഞയാൽ?

* * *

ഭോഗ്യങ്ങൾ വേണ്ട, മമവിത്തധനങ്ങൾ വേണ്ടാ
ഞാൻ കാവിമുണ്ടുകൾ ധരിച്ചതു കൊറിനല്ല.
ഇദ്ധീരകന്യമതി ധർമ്മനടപ്പറിഞ്ഞോ
ളെൻപെങ്ങൾ തന്നുടെ സതീവ്രതരക്ഷചെയ്വാൻ.

ശ്രദ്ധക്കുറവുകൊണ്ടായിരിക്കാം ചില പാകപ്പിഴകളും പറ്റിയിട്ടില്ലെന്നില്ല. രണ്ടാമങ്കത്തിൽ പന്തടിച്ചുകൊണ്ടു പദ്മാവതിയും വാസവദത്തയും പ്രവേശിക്കുന്ന രംഗത്തിലെ സംഭാഷണത്തിനിടയിൽ വാസവദത്ത പറയുകയാണ്:—

'അല്ലല്ല, തോഴി ഇപ്പോൾ ഏറെശ്ശോഭിക്കുന്നു. എനിയ്ക്കു തോഴിയുടെ ഓമനമുഖം നാലുവശത്തും കാണുന്നതായി തോന്നുന്നു!'—എന്നു.

മൂലകൃതിയിലെ വാക്കുകൾ ഇങ്ങിനെയാണ്:—

'നഹി നഹി. ഹലാ! അധികമദ്യശോഭതേ അഭിത ഏവ തേദ്യ വരമുഖം പശ്യാമി.' ഇതിലെ ''വരമുഖം'' വെറും ഓമനമുഖമാക്കിയതു പന്തിയായില്ല. വരന്റെ സാമ്മുഖ്യത്തെകൂടി സൂചിപ്പിക്കുന്നതിനു വേണ്ടിയാണ് ഇവിടെ വരശബ്ദം പ്രയോഗിച്ചതെന്നു തീർച്ചയാണല്ലൊ.

വള്ളത്തോളിനു കവിതാവിഷയത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന ഉൽകർഷം അറിയേണ്ടവർ അറിയുകയും അഭിനന്ദിക്കുകയുംചെയ്യാതിരുന്നില്ല. 1922 ജനവരിയിൽ വെയിത്സ് രാജകുമാരന്റെ ഭാരതസന്ദർശനം പ്രമാണിച്ച് പ്രമുഖ ഭാഷാപണ്ഡിതന്മാർക്കു ബഹുമതിമുദ്രകൾ സമ്മാനിക്കുവാൻ അന്നത്തെ

ഭരണാധികാരികളും തീരുമാനിച്ചിരുന്നു. കേരളത്തിൽനിന്നു ആ ബഹുമതിയ്ക്കു തിരഞ്ഞെടുക്കപ്പെട്ടവർ കുമാരനാശാനും വള്ളത്തോളുമായിരുന്നു. അന്നത്തെ പരിതസ്ഥിതിയിൽ, ഗവ മ്മെൻറിൽനിന്നു അങ്ങിനെയുള്ള സംഭാവനകളും സ്വീകരിക്കുന്നത് അഭിമാനഭംഗമായിട്ടാണ് വള്ളത്തോളിനു തോന്നിയത്. അതുകൊണ്ടദ്ദേഹം അതു സ്വീകരിച്ചതുമില്ല.

നേരേമറിച്ചു, 1098 കുംഭത്തിൽ (1923) തൃശ്ശക്കെഴുന്നള്ളിയ തിരുവിതാംകൂർമഹാരാജാവിൽനിന്നു ഒരു വീരശൃംഖല വാങ്ങുവാൻ വള്ളത്തോളിനു സന്തോഷമേ ഉണ്ടായുള്ളൂ. കേരളത്തിലെ പ്രമുഖകവികളും മിക്കവരും അതാതുകാലത്തു അവിടത്തെ രാജാക്കന്മാരുടെ പ്രോത്സാഹനവും അനുമോദനവും അനുഭവിച്ചിട്ടുള്ളവരായിരുന്നതുകൊണ്ടും അവരുടെ സമ്മാനങ്ങളും അതാതു കവികളുടെ ഗുണങ്ങളെ നേരിട്ടറിഞ്ഞു ബോധ്യപ്പെട്ടിട്ടുള്ള സന്തുഷ്ടിയിൽനിന്നു പുറപ്പെട്ടവയായിരുന്നതുകൊണ്ടും അവയ്ക്കൊരു പ്രത്യേകമായ ഔചിത്യമുണ്ടായിരുന്നു. തദവസരത്തിൽ വള്ളത്തോളും വഞ്ചീശവരനു സമർപ്പിച്ചവയാണീ നാലു ശ്ലോകങ്ങളും:—

കുന്നിന്മേൽക്കുടികൊണ്ട കൊച്ചിയരചൻ
ശ്രീപാവ്തീവല്ലഭൻ
കുന്നിസ്സും വിഭവങ്ങളും ചേന്ധനദൻ
താനാണുവേണാടർ കോൻ.
ഇന്നിഷ്ടപ്പടി വിസ്സുരൽപുളകയായ്
വീക്ഷിക്കു മാടോവ്വി നീ
യുന്നിദ്രസ്ഥിരമൈത്രരാകുമിവർ തൻ
യോഗം ജഗൽഭ്രതിദം.

കൈലാസം ഹി പുരാവിദഃ ശിവപുരീ
മാചക്ഷതേ ദക്ഷിണം
ഗൌരീസുസ്മിത ചന്ദ്രികാധവളിത
പ്രാസാദശൃംഗാവൃതാം.
തത്രാദ്യ ത്വദുപാഗമോത്സവ ഇദം
പൂവ്സ്സഹഷ്ടാച്ച്ന
വ്യഗ്രം കൃ കഃ ന രാജരാജ! കുരുതേ
പൌരേഷു കം കം ഗണം?

ധിക്ത്വാം മാമകകണ്ണു ഭഗ്നപുടകം,
ലബ്ധ്വാപിന ത്വം ക്ഷമഃ
പാതും യൽസുമനോജനൈകസുലഭാം
വഞ്ചീശവാണീസുധാം;

ദിഷ്ട്യാ ലോചന വർദ്ധസേ ശ്രിതതമോ
ജ്യോത്സ്നാദ്യയസ്ഥിന്നഹോ
മൂലക്ഷ്മാപപദദ്വയീ നഖരുചിഃ
കർപ്പൂരധാരായതേ.

ത്വൽപാദാംബുജയോസ്സമപ്പ്യ മകുടീം
പുണ്യാനുഭാവശ്രിയാ
യൈർദ്ദാസീകൃത ദൈവതൈഃ സ്വശിരസാ
ത്വദ്ദാസ്യമേവാദൃതം
തേഷാമേഷകുലോത്ഭവഃക്ഷിതിപതിഃ
പ്രാണാഃ പ്രജാനാംപരം
കിംബ്രൂമോ ഭുവനസ്ഥിതി സ്ത്വയിഖലൂ
ശ്രീപദ്മനാഭ പ്രഭോ!

പതിനേഴാം അധ്യായം

വൈപരീത്യങ്ങൾ

സാമുദായിക വിഷയങ്ങളോടും ദേശീയ പ്രസ്ഥാനത്തോടും വള്ളത്തോളും പ്രദർശിപ്പിച്ച മനോഭാവം യാഥാസ്ഥിതികന്മാക്കൊട്ടും രസിച്ചിരുന്നില്ല. പുതിയ ആശയങ്ങളുംകൊള്ളുന്ന ദേശീയ കവിതകളും മിക്കവയും ദ്രാവിഡവൃത്തങ്ങളിലെഴുതിയതിനെപ്പറ്റിയും അവക്കാക്ഷേപമുണ്ടായിരുന്നു. പൂവ് കവികളോട് കാണിക്കുന്ന ഒരു ബഹുമാനക്കുറവായിട്ടാണവർ അതിനെ വ്യാഖ്യാനിച്ചത്. കവനകൌമുദി മാസികയിൽ ഒരാളിങ്ങിനെ എഴുതി:—

വിലയേറിയ പദ്യ കാവ്യരത്നം
ചിലവാക്കീടരുതെന്നു മാത്രമോർത്തോ
നിലവിട്ട നിരർത്ഥ ഗീതിജാതി
സ്ഥൂലമിക്കൌമുദിയിൽ സ്ഥലംകൊടുപ്പൂ?

ആ ശ്ലോകകൃത്തിന്റെ ദൃഷ്ടിയിൽ സംസ്കൃതവൃത്തങ്ങളിലുള്ള കവിതയ്ക്കേ വിലയുണ്ടായിരുന്നുള്ളൂ. ദ്രാവിഡവൃത്തത്തിലുള്ളത് 'നിരർത്ഥ'മായിപ്പോയി. ഇതിനു കൌമുദിയുടെ മറുപടി ഒരു മധ്യസ്ഥനിലയിലായിരുന്നു:—

വിലയറ്റൊരു സാഹിതീ കടാക്ഷം
വിലസും ഗാഥകളും നല്ല പണ്ഡിതന്മാർ
നലമോടുകൃതിച്ചയച്ചിടുമ്പോൾ
സ്ഥലമിക്കൌമുദിയിൽക്കൊടുക്കവേണ്ടേ?

സംസ്കൃത പാണ്ഡിത്യത്തിന്റെ അഭാവമോ അപൂർണ്ണതയോകൊണ്ടാണ് പുത്തൻകൂറുകാർ ദ്രാവിഡവൃത്തപ്രേമികളായതെന്നു ധരിച്ചുവെച്ചവർ,

'പ്രായേണ വൃത്തഹീനാ

സ്സൂര്യാലോകേ നിരസ്ത ഗോപ്രസരാഃ' എന്നു പറഞ്ഞു ഭാഷാ കവികളെ പുച്ഛിച്ച ഉദ്ദണ്ഡന്റെ അനന്തരവന്മാരായിരുന്നു എന്നു വേണം വിചാരിക്കുവാൻ. വാസ്തവത്തിൽ ദ്രാവിഡവൃത്തങ്ങളും മലയാള സാഹിത്യത്തിൽ പൂവ്പരിചിതങ്ങളും തന്നെ ആയിരുന്നു. എഴുത്തച്ഛൻ പ്രയോഗിച്ചിരുന്ന ദ്രാവിഡ

വൃത്തങ്ങൾ ''സംസ്കൃതത്തെ അപേക്ഷിച്ചു ശിഥില ബന്ധങ്ങളും തന്നിമിത്തം പ്രയോഗ സൌകര്യകരങ്ങളുമാണ്. ഇതുകൊണ്ടു അവ നിയമരഹിതങ്ങളെന്നു തെറ്റിദ്ധരിക്കരുത്. അവയുടെ സുശ്രവത്വം സുശിക്ഷിതത്വംകൊണ്ടല്ലാതെ സാദ്ധ്യമല്ല'' എന്നു സാഹിത്യ പഞ്ചാനനൻ അഭിപ്രായപ്പെട്ടിട്ടുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. വള്ളത്തോളിനു സ്വതേ സംസ്കൃതവൃത്തങ്ങളോടു വളരെ പ്രിയമുണ്ടായിരുന്നു; അതിലാണ് തനിസ്സിദ്ധികം സ്വാധീനമെന്നും അദ്ദേഹം സമ്മതിക്കാറുണ്ടായിരുന്നു. പക്ഷേ ജനങ്ങൾക്കു ദ്രാവിഡവൃത്തങ്ങളുടെ ഗീതാത്മകത്വം ആകർഷകമായിരിക്കുമെന്നു മനസ്സിലാക്കിയതുകൊണ്ടു അദ്ദേഹം അവയെ ധാരാളം ഉപയോഗിച്ചു.

നൂതന നൂതന സംസ്കാരമോരോന്നു
നാന്നാതോറുമുണ്ടായ്വരട്ടെ നാട്ടിൽ
കോകില കാകളിയ്ക്കുന്തുവാൻ വ്യത്യാസം
ഏകമതാനന്ദമന്നുമിന്നും.

('പണ്ടത്തെ പാട്ടുകൾ.' സാ: മ: 5)

എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. വള്ളത്തോൾക്കവിതയുടെ ബാഹ്യവും ആഭ്യന്തരവുമായ കമനീയതയാണ് അതിനെ ബഹുജനങ്ങൾക്കു ആകർഷകമാക്കിത്തീർത്തത് കാവ്യാസ്വാദനം പണ്ഡിതന്മാർക്കു മാത്രമേ പാടുള്ളൂ എന്നു കരുതുന്നവരുടെ കണ്ണിൽ ഈ ജനസ്വാധീനം ഒരു കരടായിത്തീർന്നിരിക്കാം. അതായിരുന്നു അവർ വള്ളത്തോൾക്കവിതയിൽ കളങ്കം കണ്ടുപിടിക്കുവാൻ മിനക്കെട്ടതിന്റെ രഹസ്യം. ഏതായാലും ഈ വിരുദ്ധാഭിപ്രായപ്രക്ഷോഭങ്ങളൊന്നും വള്ളത്തോളിനെ സ്വകീയസരണിയിൽനിന്നു തിലമാത്രം വ്യതിചലിപ്പിച്ചില്ല.

സ്വച്ഛന്ദം പ്രവഹിച്ചുകൊൾക നീയുണർച്ചപ്പൂ
ണ്ടച്ഛിന്നം തവപുരോഗമനം നദീമൌലേ

എന്ന വരികൾ സ്വന്തം കവിതയോടും ചെയ്യാവുന്ന ഒരുൽബോധനമായിരുന്നു.

അതിനിടയ്ക്കു വള്ളത്തോളിന്റെ ആരാധകന്മാരിൽ ചിലർ അനാവശ്യമായിട്ടൊരു കുഴപ്പം ഉണ്ടാക്കിവെച്ചു. ആത്മപോഷിണിയുടെ പത്രാധിപത്യത്തിൽനിന്നൊഴിഞ്ഞു നില്ക്കുകയായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ സഹായംകൊണ്ടു ആ മാസികയ്ക്കുണ്ടായ ഉൽകർഷത്തിന്റെ പേരിൽ കൃതജ്ഞത കാണിക്കാനുള്ള ഔത്സുക്യംകൊണ്ടോ എന്തോ, കേരള കാളിദാസ ബിരുദം വള്ളത്തോളിനു നല്കണമെന്നൊരു വെളിപാടു മാസികാ പ്രവർത്തകന്മാർക്കു പെട്ടന്നുളവായി! ആ അവസരത്തിൽ അങ്ങിനെ

യൊരാലോചനയ്ക്കു വിശേഷിച്ചൊരു പ്രസക്തിയും ഉണ്ടായിരുന്നില്ല. ഈ മാതിരി ബിരുദങ്ങൾ പ്രശസ്തരായ വ്യക്തികൾക്കു നല്കുന്നതിന്റെ ഔചിത്യംതന്നെ വിവാദാർഹമാണ്. കാളിദാസന്റെയോ വാല്മീകിയുടെയോ വ്യാസന്റെയോ കൃതികൾ തർജ്ജമചെയ്യുന്നതുകൊണ്ടു മാത്രം യാതൊരു കവിയും ഒരഭിനവ കാളിദാസനോ വാല്മീകിയോ വ്യാസനോ ആയിക്കൊള്ളണമെന്നില്ല. അഥവാ വല്ലവരും വല്ല കാരണത്താലും മുമ്പങ്ങിനെ ചെയ്തിട്ടുണ്ടെന്നു കരുതി അതേ സമ്പ്രദായം ആവർത്തിക്കണമെന്നുമില്ല. ഏതായാലും കേരളവർമ്മ വലിയകോയിത്തമ്പുരാനു അദ്ദേഹത്തിന്റെ ആരാധകന്മാർ ആദരപൂർവ്വം നല്കിയ കേരള കാളിദാസ ബിരുദം ആ നിലയിൽത്തന്നെ നിർത്തിയാൽ മതിയെന്നാലോചിക്കാതെ, ഏതാനും കൊല്ലങ്ങൾക്കുമുമ്പു ദിവംഗതനായ ആ തിരുമേനിയുടെ പേരുമായി ബന്ധപ്പെട്ട പദവിയിലേക്കു അവിടത്തെ ശിഷ്യഭാവത്തിൽ വർത്തിച്ചുപോന്ന ഒരനന്തരവനെയോ മറ്റാരെയെങ്കിലുമോ നാമനിർദ്ദേശം ചെയ്യേണ്ടുന്ന ആവശ്യമൊന്നും നേരിട്ടിരുന്നില്ലാത്ത സ്ഥിതിയ്ക്കു വള്ളത്തോളിനെ കേരള കാളിദാസ സ്ഥാനത്തവരോധിക്കുന്നതിനെക്കുറിച്ചൊരു 'ഹിതപരിശോധന'യ്ക്കു ആത്മപോഷിണി പ്രവർത്തകന്മാർ വട്ടംകൂട്ടിയതു കണ്ടപ്പോൾ കേരളത്തിലെ സാഹിത്യലോകം ഒട്ടാകെ അമ്പരന്നുപോയതിലത്ഭുതമില്ല. ഈ സംരംഭത്തെപ്പറ്റി അറിഞ്ഞവർ അതിനെ നിശിതമായെതിർത്തു—സർദാർ പണിക്കർ, കെ. സുകുമാരൻ, പി. ശങ്കരൻനമ്പ്യാർ, ഈ. വി. കൃഷ്ണപിള്ള മുതലായി പലരും. 1097 കർക്കടകം 5—ാംനു- ഈ. വി. കൃഷ്ണപിള്ള ഇങ്ങിനെയെഴുതി:—

''ഈശ്വരദത്തമായ കാവ്യനിഷ്പത്തിയാൽ സൂഷ്മമായിട്ടുള്ള ഒരു സ്വതന്ത്ര മണ്ഡലത്തിൽതന്നെയാണ് വള്ളത്തോൾ പരിലസിക്കുന്നത്. വേറെ വല്ല പേരുകളും വലിച്ചിഴയ്ക്കുകൊണ്ടുവന്നു വള്ളത്തോളിന്റെ മഹിമയെ കൂട്ടുവാനോ കുറയ്ക്കുവാനോ ആരും സാഹസപ്പെടണമെന്നില്ല.

* * *

''കേരളകാളിദാസൻ എന്നുള്ള പേരു ശരിയായോ തെറ്റായോ മുപ്പതുവർഷങ്ങൾക്കു മേലായി വലിയ കോയിത്തമ്പുരാന്റെ നാമധേയത്തോടുകൂടിയാണ് സംഘടിപ്പിച്ചുവന്നിട്ടുള്ളത്. മലയാളഭാഷയ്ക്കു അനവധി നന്മകൾചെയ്ത, ഔദാര്യം ആശ്രിതവാത്സല്യം, പ്രിയഭാഷണം എന്നീ സൽഗുണങ്ങൾക്കു വിളനിലമായി ജീവിച്ച വാർദ്ധക്യത്തിൽ ദിവംഗതനായ ആ മഹാമനസ്കനിൽനിന്നും ഈ അഭിധാനത്തെ വേർപെടുത്തുന്നതു

ഒട്ടും നന്നായിരിക്കുകയില്ല. ഏറിയനാളത്തെ എതുകൈവശം കൊണ്ടു കാലഹരണംവഴിയായി സിദ്ധിച്ചിട്ടുള്ള അവകാശത്തെ സക്കാർപോലും പരിരക്ഷിച്ചുപോരുന്നു. ലോകവും അതിനെ അവിതക്കിതമായി മാനിക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ യാതൊരുവാദവും പുറപ്പെടുവിക്കരുതെന്നാണ് എന്റെ താഴ്മയായ അപേക്ഷ.

''മശലനമറിയത്തിന്റെ മുഖവുരക്കാരൻ* എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ. അവിടത്തെ പത്രാധിപത്യത്തിൽ കുറെനാൾ ഇരുന്നതായ ആത്മപോഷിണി ലാഭേച്ഛകൊണ്ടായാലും അല്ലെങ്കിലും ഈ വാദം ആരംഭിക്കുന്നതുകൊണ്ടു അവിടത്തെപ്പറ്റി വല്ല ദുഷ്കഥകളും ഉണ്ടായേക്കാം എന്നു ഭയപ്പെടുന്നു. അതുകൊണ്ടു സംഭവിക്കാൻപോകുന്ന വാദകലാപത്തെ അവിടത്തെ സ്വാധീനശക്തി ഉപയോഗിച്ചു ഇല്ലാതാക്കണമെന്നാണ് അവിടത്തെ ആരാധകന്മാരിൽ ഒന്നാമനായ എന്റെ അഭിപ്രായം''

അപ്പോഴാണ് തങ്ങൾ തുറന്നുവിട്ട കടന്നൽക്കൂടിന്റെ പ്രകൃതം മാസികക്കാർ മനസ്സിലാക്കിയത്. ഈ. വി.യുടെ എഴുത്തിനു മറുപടിയായി വള്ളത്തോൾ ഇങ്ങിനെ എഴുതി:—

''സൌഹാർദ്ദസുഭഗമായ നിങ്ങളുടെ എഴുത്തു കിട്ടി. ഇന്നും എന്റെ ആരാധനാമൂർത്തിയായി ഹൃദയത്തിൽ വാണരുളുന്ന ആ പുണ്യശ്ലോകൻതിരുമേനിയിൽനിന്നു കേരളകാളിദാസമുദ്ര അടർത്തിയെടുക്കുന്ന കാര്യംതന്നെ എനിക്കു പ്രാണവേദന ഉണ്ടാക്കുന്നതാണ്. പിന്നെ അത് എന്റെ തലയിൽ പതിയ്ക്കാൻ പുറപ്പെട്ടാലത്തെ തീവ്രദുഃഖം വിശേഷാൽ വിവരിക്കേണ്ടതില്ലല്ലൊ. എന്നാൽ പരാഭിപ്രായപ്രകടനം തടയുക എന്നതു് അധർമ്മവും ഈ നിമിഷംവരെ എന്നാൽ അനുഷ്ഠിതമായ വ്രതത്തിനു വിരുദ്ധവുമാകയാൽ എന്റെ മനസ്ഥിതിയെ രേഖപ്പെടുത്താതിരുന്നതാണ്. നിങ്ങളുടെ ഈ പ്രൌഢവും സാരപൂർണ്ണവുമായ എഴുത്തു ആത്മപോഷിണിയിൽതന്നെ പ്രസിദ്ധപ്പെടുത്തുന്നതു ഏറ്റവും ഉചിതമായിരിക്കും.''

തീരേ അവിഹിതവും അപ്രഗല്ഭവുമായ ആ പുറപ്പാടങ്ങിനെ ഒരുവിധം അവസാനിച്ചു. എങ്കിലും അതിന്റെ ചവപ്പു ജനങ്ങളുടെ രസനയിൽനിന്നു വിട്ടൊഴിയുവാൻ കുറച്ചുകാലം വേണ്ടിവന്നു. ഇക്കാര്യത്തിൽ വള്ളത്തോളിന്നു യാതൊരുത്തരവാദിത്വവുമില്ലെന്നു അവക്കറിയാമായിരുന്നുവെങ്കിലും അദ്ദേഹം അതിനെ മുളയിൽത്തന്നെ നുള്ളേണ്ടതായിരുന്നില്ലേ എ

* ചിത്രമെഴുത്തു കെ. എം. വർഗ്ഗീസിന്റെ അവതാരികയിൽ 'ഇന്നത്തെ സാക്ഷാൽ കേരളകാളിദാസനായ മഹാകവി വള്ളത്തോൾ നാരായണമേനവൻ അവർകൾ' എന്നെഴുതിയിരുന്നു.

ന്നൊരഭിപ്രായം അവരിൽ അവശേഷിച്ചതു കേവലം സ്വാഭാവികമായിരുന്നു. പരാഭിപ്രായസ്വാതന്ത്ര്യത്തെ തടയുന്നതിനെക്കാൾ വലിയൊരധർമ്മമല്ലേ തന്റെ പേരിനെ ബന്ധപ്പെട്ടത്തിക്കൊണ്ടു സുഹൃത്തുക്കൾ അത്തരം മര്യാദകേടു തുടങ്ങുന്നതു കണ്ടു മിണ്ടാതിരിക്കുന്നതെന്നു അദ്ദേഹം ചിന്തിക്കേണ്ടതായിരുന്നു.

എന്തുകൊണ്ടാണെന്നറിഞ്ഞില്ല,നാലഞ്ചു മാസം കഴിഞ്ഞിട്ടാണ് ഈ സംഭവത്തെപ്പറ്റി പിന്നീടു ആത്മപോഷിണി ഒരു 'സമാധാനം' പറയുവാൻ മുന്നോട്ടുവന്നത്. 1098 ധനു ലക്കത്തിലെ 'പോഷിണീഭാഷണം' തുടങ്ങിയതിങ്ങിനെയായിരുന്നു:—

''ഉലയിൽ ചാണ്ടിയ കനകക്കട്ടി കനലൊളി തിളങ്ങിതിളച്ചു തുളുമ്പുന്നതുപോലെ കേരളകാളിദാസപ്പട്ടവാദമിതാമലയാളഭാഷാസാഹിത്യാഗ്നികുണ്ഡത്തിൽ കിടന്നു ചുട്ടുചുട്ടുള്ള ഓളമിളക്കുന്നു! പ്രക്ഷോഭജനകമായ ഈ സാഹിത്യസമരത്തിൽ ആത്മപോഷിണിക്കും തൽപ്രവർത്തകന്മാർക്കുമുള്ള ബാദ്ധ്യതയെപ്പറ്റി പലർക്കും തെറ്റിദ്ധാരണയുള്ളതായി ഞങ്ങൾ ഇതിനകം പലകുറി കണ്ടറിഞ്ഞു. ഇന്നത്തെ ലോകത്തിൽ കേരളകാളിദാസമകുടത്തിനു സാക്ഷാൽ അവകാശി വലിയ കോയിത്തമ്പുരാനോ വള്ളത്തോളോ എന്നുള്ള സംഗതിയെ സംബന്ധിച്ചു സാഹിത്യരസികന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുള്ളതായി ഇയ്യിടക്കുമാത്രമാണ് ഞങ്ങൾക്കറിവാൻ ഇടയായതു്. നിരുപകപ്രവീരന്മാരും പണ്ഡിതാഗ്രേസരന്മാരുമായ സാഹിത്യരസികന്മാർ ഒരു സാഹിത്യസമരംകൊണ്ടു ഇതിനൊരു തീർച്ച കല്പിപ്പാൻ ഉഭയപക്ഷത്തും ആയുധസജ്ജീകരണംചെയ്തു പോഷിണീരംഗത്തെ അവലംബിച്ചപ്പോൾ ആത്മപോഷിണിയുടെ രക്ഷിതാക്കളിലൊരാളായ മഹാകവി വള്ളത്തോളിനു ഈ സംരംഭം ഒട്ടുംതന്നെ ഹിതകരമായിരിക്കയില്ലെന്നു ഞങ്ങൾക്കറിയാമായിരുന്നു. പോരെങ്കിൽ പോഷിണീപംങ്ക്തിയെ ഇതിന്നായിട്ടു വിട്ടുകൊടുക്കുന്നതിലും ഇത്തരം സ്ഥാനമാനങ്ങൾക്കായി വഴക്കടിക്കുന്നതിലും സാത്വികബുദ്ധിയായ വള്ളത്തോളിനു വിപരീതാഭിപ്രായമുള്ളതിനാൽ പോഷിണീരംഗത്തെ ഒരു യുദ്ധക്കളമാക്കിത്തീർക്കരുതെന്നു കഥഗ്രഹിച്ചിരുന്ന ചില ഉറ്റ മിത്രങ്ങൾ ഞങ്ങളെ ഉപദേശിക്കയും ചെയ്തിരുന്നു.''

ആത്മപോഷിണീപ്രവർത്തകന്മാർ അങ്ങിനെയൊരു വഴക്കിനു പത്രസ്ഥലം തുറന്നുകൊടുത്തതിന്റെ അനൌചിത്യം മേല്പറഞ്ഞ സമാധാനംകൊണ്ടു പരിഹരിക്കപ്പെട്ടുന്നില്ല. ''കേരളകാളിദാസൻ എന്ന പദത്തിനു ആധുനികമലയാളസാഹി

ത്യലോകത്തിലെ പ്രഥമഗണനീയനായ മഹാകവി എന്നു അത്ഥ കല്പനചെയ്തുകൊണ്ടാണു് വള്ളത്തോൾകക്ഷികൾ വാദസമരത്തിനു സന്നദ്ധരായതു'' എന്നു പറഞ്ഞതു ഒരു പശ്ചാച്ചിന്തനത്തിന്റെ ഫലമാണെന്നേ ആരും കരുതുകയുള്ളു. ''ഇന്നത്തെ നവീനമലയാളസാഹിത്യലോകത്തിൽ കവി സാവ്ഭൌമസ്ഥാനത്തിനു അർഹതയുള്ള ഒരു മഹാകവി എന്നതിനെ വ്യക്തപ്പെടുത്തുവാൻ 'കേരളകാളിദാസ'ശബ്ദത്തോളം ശക്തിയും വ്യക്തിയുമുള്ള ഇതരപദങ്ങൾ മലയാളഭാഷയിൽ വേറെ ഇല്ലാത്തതിനാൽ അതൊരു പര്യായശബ്ദമായി സ്വീകരിച്ചുകൊണ്ടു്, യഥാർത്ഥമഹാകവികളായ വലിയ കോയിത്തമ്പുരാനും വള്ളത്തോളിനും ആധുനികകവിതാലോകത്തിലുള്ള സ്ഥാനം എന്താണെന്നു ആരായുക എന്നുള്ളതിൽ ഞങ്ങൾ യാതൊരു ദൃഷ്യവും കണ്ടിരുന്നില്ല'' എന്ന വാദവും അത്യന്തം ദുർബ്ബലമാണു്. കേരളകവി സാവ്ഭൌമൻ എന്നു പറഞ്ഞാൽതന്നെ വള്ളത്തോൾ കക്ഷിക്കാരുദ്ദേശിക്കുന്ന ഫലം സിദ്ധിക്കുമായിരുന്നു; കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കേരളകാളിദാസപ്പട്ടത്തിനു അതുകൊണ്ടു യാതൊരു ക്ഷതവും ഏല്ക്കുകയുമില്ലായിരുന്നു. പിന്നെയെന്തിനവർ ആ മര്യാദകെട്ട ഉദ്യമത്തിന്നിറങ്ങിപ്പുറപ്പെട്ടു?

ചുരുക്കിപ്പറഞ്ഞാൽ, വള്ളത്തോളിന്റെ സദ്യശസ്സിനു കളങ്കശങ്കയുണ്ടാക്കുവാൻ സാധ്യതയുള്ള അത്തരമൊരുദ്യമത്തെ, ആദ്യംമുതല്ക്കേ, ആ മഹാകവിയുമായി അടുത്തബന്ധം പുലർത്തിപ്പോന്ന ആത്മപോഷിണി ചെറുക്കേണ്ടതായിരുന്നു!

മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ ഇതേമാതിരി മറെറാരു ദൌർഭാഗ്യകരമായ സംഭവമുണ്ടായി. ഈ പ്രാവശ്യം കവനകൌമുദിക്കായിരുന്നു അതിന്റെ ഉത്തരവാദം ഏല്ക്കുകയും അവസാനത്തിൽ ഒരു സന്ധി തേടിപ്പിടിക്കുകയും ചെയ്യേണ്ടിവന്നതു്. 1100–ൽ കവനകൌമുദി പ്രസിദ്ധംചെയ്ത ഭാഷാവിലാസത്തിൽ വിദ്വാൻ സി. ശങ്കുണ്ണിനായർ 'ഭാഷാസാഹിത്യത്തിലെ പുതിയ പ്രസ്ഥാനം' എന്ന വിഷയത്തെക്കുറിച്ചൊരു ദീർഘലേഖനം എഴുതി. പത്രാധിപരുടെ മദ്ധ്യസ്ഥനിലതെറെറാതെകഴിയ്ക്കണമെന്ന പിടിത്തമുണ്ടായിരുന്ന പി. വി. കൃഷ്ണവാരിയർ ലേഖനം മേലിൽ ഒരു വഴക്കിനും വഴിവെയ്ക്കാത്തവിധം നിഷ്പക്ഷപാതമായിരിക്കുവാൻ മനസ്സിരുത്തണമെന്നു ആദ്യംതന്നെ ശങ്കുണ്ണിനായരോടാവശ്യപ്പെട്ടിരുന്നു. പക്ഷേ അനുഭവം നേരേമറിച്ചായി; ലേഖനം പലരെയും മുഷിപ്പിച്ചു. ''പൂവ്വകവികളുടെ ആശയങ്ങളും ഉല്ലേഖങ്ങളും വർണ്ണനരീതികളുംമാത്രം ഉപജീവിച്ചുകൊണ്ടു യാതൊരു പുതുമയും വൈചിത്ര്യവുമില്ലാതെ കേവലം യാന്ത്രികമായ ഒരു നിർജ്ജീവരീതിയിൽ കവിത

എഴുതിയ'' യാഥാസ്ഥിതികരെപ്പറ്റിയും ''യമകം മുതലായ പ്രാസപ്രപഞ്ചങ്ങളും ഏകാക്ഷരം, ദ്വ്യക്ഷരം, പത്മബന്ധം, രഥബന്ധം മുതലായ ബന്ധവിശേഷങ്ങളും അടങ്ങിയ ചിത്ര സഗ്ഗങ്ങം ഇല്ലെങ്കിൽ മഹാകാവ്യത്വത്തിന്നും മഹാകവിത്വത്തിന്നും അതു ഗണ്യമായ ഒരു ന്യൂനതയാണെന്നു ശഠിക്കുന്ന'' വരെപ്പറ്റിയും പ്രാസംഗികമായി അതിൽ ലേഖകൻ പ്രസ്താവിച്ചതു പഴയ കവികൗക്കും പഴമയോടു കൂറുപുലർത്തുന്ന പുതിയ കവികൗക്കും അപമാനകരമായിപ്പോയെന്നു പലരും ആക്ഷേപിച്ചു.

ഭാഷാവിലാസത്തെപ്പറ്റി 'ഒരു ഭാഷാഭിമാനി' ഒരു സുഹൃത്തിന്നയച്ച കത്തിൽനിന്നു പത്തു ശ്ലോകങ്ങളും 1100 മീനം ലക്കം കൌമുദിയിൽ പ്രസിദ്ധപ്പെടുത്തിയതോടുകൂടിയാണ് കോലാഹലം ആരംഭിച്ചതു്. അതിൽ ശങ്കുണ്ണിനായരുടെ ലേഖനത്തെ ഇങ്ങിനെ വിമർശിച്ചിരുന്നു:—

ശങ്കുണ്ണിനായർ ഭാഷ
പ്പെൺകുട്ടിയെ ഹന്ത! ഹന്ത! വഷളാക്കാൻ
തങ്കം കൊതികൊണ്ടുണ്ടതി
ലുങ്കുംപൂണ്ടെത്തി നിലവിളിയ്ക്കുന്നു.

സാഹിത്യമല്ല തദ്ഭ്യാ
മോഹിപ്രവരന്റെ തുവൽ തൻ തുവൽ
ദ്രോഹി സ്വഭാവപൂവ്വക
മാഹിത്യം മാത്രമാണഹോ! കഷ്ടം.

ശ്രീഹഷ് മഹിഷമംഗല
ധീഹഷ്ണ രാജരാജകവിരാജൻ
ആഹന്ത! മറെറാരാളാ
ലാഹതരാമോ വിഷാക്തവാക്കുകളാൽ?

ഭാരതസാഹിത്യമത
സ്സാരതരാഭൌമ ഭവ്യഭ്രമാവിൽ
സാരതയില്ലെന്നലറുകി
ലാരതനാക്ഷേപയോഗ്യമെന്നോതും?

കൂട്ടത്തിൽ, വള്ളത്തോളിന്റെ ഒരു കവിതയെപ്പറ്റി ഇങ്ങിനെയും പറഞ്ഞിരുന്നു:—

തള്ളത്തക്കൊന്നല്ലാ
വള്ളത്തോളിന്റെ പാനയും നൂനം
വെള്ളത്തൽപ്പുകഴെങ്ങോ
വെള്ളംപോലുള്ള കൃതികളങ്ങെങ്ങോ?

ശങ്കുണ്ണിനായരുടെ സുഹൃത്തുക്കളിൽ ചിലക്കു ഭാഷാഭിമാനിയുടെ ഈ വിമർശനം സഹിച്ചില്ല. അതിനൊരു മറുപടിയായി ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ മേടം—എടവം ലക്കം കൌമുദിയിൽ പത്തു ശ്ലോകങ്ങളെഴുതി. ആ പ്രത്യാഖ്യാനം തികച്ചും മിതമായ ഭാഷയിലായിരുന്നു.

പ്രാജ്യഭാരത സാഹിത്യ
സാമ്രാജ്യത്തിന്റെ മേന്മകൾ
സാരമില്ലെന്നാരലറീ?
വ്യാജം കെട്ടിച്ചമയ്ക്കയോ?

സ്വാഭിപ്രായം നേരെനിന്നു
പറവാൻ കഴിയാത്തവർ
ഒളിയമ്പെയ്യ ഹാ കഷ്ടം!
ചരിതാർത്ഥത്വമേല്ക്കയാം.

എന്നിങ്ങിനെയായിരുന്ന നമ്പീശന്റെ വാക്യഗതി. ജീവിച്ചിരിക്കുന്ന യാതൊരു വ്യക്തിയെപ്പറ്റിയും അതിലാക്ഷേപിച്ചിരുന്നില്ല. കാര്യം അതുകൊണ്ടവസാനിപ്പിക്കാമായിരുന്നു. പക്ഷേ അങ്ങിനെയല്ല സംഭവിച്ചത്. മിഥുനം—കക്കടകം ലക്കത്തിൽ പണ്ഡിതർ കെ. കെ. താങ്കൾ എന്ന പേരുവെച്ചൊരു ലേഖകൻ 'കഷ്ടം കഷ്ടം' എന്ന ശീർഷകത്തിലെഴുതിയ ഒരു 'കേക'യാണ് അനാവശ്യമായി പലരുടെയും പേരുകളെ വാദമുഖത്തേക്കു വലിച്ചുകൊണ്ടുവന്നത്. ''ലേഖകാഭിപ്രായങ്ങൾക്കൊന്നിനും പത്രാധിപരുത്തരവാദിയല്ല'' എന്ന കുറിപ്പോടുകൂടിയാണിതു പ്രസിദ്ധപ്പെടുത്തിയതെന്നതിൽനിന്നുതന്നെ അതിൽ വിവാദത്തിന്നിടംകൊടുക്കുന്ന അഭിപ്രായങ്ങളുണ്ടായിരുന്നതായി മനസ്സിലാക്കാം.

'കോമാളിത്തരംകൊണ്ടു ചെപ്പടികളിയ്ക്കുന്ന
കേമനാംതവ രാജരാജന്റെ പീറപ്പദ്യം
ഞങ്ങളെ ലഹരിപ്പിയ്ക്കി,ല്ലതാകവേ നിത്യം
നിങ്ങൾതാൻ സേവിച്ചാഹ്ലാദിച്ചുകൊൾകയേ വേണ്ടൂ

എന്നും

താവകരാജാവിന്റെ 'കഴുതക്കരച്ചിൽ' കേ
ട്ടേവനുണ്ടാനന്ദിപ്പാൻ?

എന്നും കേവലം അസഭ്യഭാഷയിൽ പറയുവാൻ ഒരുമ്പെട്ട ആ ലേഖകന്റെ കവിത, എന്തുതന്നെ നിർബന്ധമുണ്ടായാലും, കൌമുദിയിൽ ചേർക്കാതിരിക്കുകയായിരുന്നു ഉചിതം: പത്രാധിപർ കൌമുദിയുടെ അന്തസ്സും ആഭിജാത്യവും മുൻനിർത്തി അതു ചെയ്യാതിരുന്നതു വലിയ ആലോചനക്കുറവായിപ്പോയി.

അതുകൊണ്ടാണ് ചിങ്ങം ലക്കം കൌമുദിയിൽ ഒരു 'യുവ കവി' രംഗപ്രവേശംചെയ്യുവാൻ ധൈര്യപ്പെട്ടത്.

വള്ളത്തോൾക്കമ്പനിക്കാർ ചിലർ പുതിയ പരി
ഷ്കാരമദ്യാതിപാനാൽ
തൊള്ളത്തുമ്പിന്നു ദുർഗ്ഗന്ധത പെരുകിവിളി
ച്ചാക്രു മുച്ചപ്രലാപം
വെള്ളപ്പൂച്ചിൽക്കറങ്ങുന്നവർ നിഗമനില
യ്ക്കോക്രുമെന്നാലതിന്നും
പ്പൊള്ളക്കാര്യം പഠിപ്പുള്ളവർ സഹൃദയരോ
മുമ്പിലേ കണ്ടതല്ലോ.

എന്നും

കാളും ധർമ്മപ്രജുഗുപ്സനകലുഷതയെ
പ്പൂജചെയ്തിന്നു വള്ള
ത്തോളമ്പോ തീർത്തു തള്ളം കൃതികം വികൃതചാ
വ്കാ വേദങ്ങളല്ലോ

എന്നും മറുമുള്ള ക്രൂരമ്പുകം വാഗ്വിലാസത്തിന്റെ ആവനാ ഴിയിൽനിന്നു ആ വില്ലാളി ഊരിയെടുത്തു വഴിയ്ക്കുവഴിയെ തൊടുത്തുവിട്ടു.

മുന്നം ശ്രീകാളിദാസപ്രഥ നിജഗുരു
വിന്നേകുവാൻ ചാടി; പററി
ല്ലെന്നായപ്പോളൊതുങ്ങീ കുറെ.....

യെന്നു പറഞ്ഞു ആ പഴയ കേരളകാളിദാസബിരുദത്തെക്കുറിച്ചുള്ള വാദത്തെയും വായനക്കാരെക്കൊണ്ടു അനുസ്മരിപ്പിച്ചു. ഒടുവിൽ അതേ ലക്കത്തിൽതന്നെ ഭാഷാഭിമാനിയുടെ 'നമ്പീശനും താങ്കുംകും' ഉള്ള മറുപടിയും പ്രസിദ്ധീകൃതമായി. വള്ളത്തോളിന്റെ കവിത 'തള്ളത്തക്കത'ല്ലെന്നു പറഞ്ഞിരുന്ന ഭാഷാഭിമാനിയുടെ സ്വരം അപ്പോഴേക്കും വളരെയധികം പകർന്നുകഴിഞ്ഞിരുന്നു. വ്യൂഹബലം വർദ്ധിച്ചപ്പോഴും പരാക്രമാടോപത്തിന്നു ശക്തികുടിയെന്നതത്രം!

രാജാവിൻ കരച്ചിൽതാൻ ഹൃദ്യമീ ഞങ്ങളുംക്കെല്ലാം
വൈജാത്യം വമിയ്ക്കുന്ന വള്ളത്തോളുംക്കുരയേക്കാളും

എന്നിങ്ങിനെ പറഞ്ഞുവെച്ചിട്ടു, 'വള്ളത്തോളിനെ താങ്കുംവലിച്ചിങ്ങിഴച്ചതു—വല്ലാത്ത കടുങ്കയ്യായി' എന്നു സ്ഥാപിക്കുവാനുള്ള ഒരു ശ്രമമാണ് ഭാഷാഭിമാനി നടത്തിയത്. 'താങ്കും' ഒരു വകതിരിവുകേടു കാണിച്ചു എന്നുവെച്ചു 'ഭാഷാഭിമാനി'

യും അങ്ങിനെ ചെയ്യേണ്ടിയിരുന്നുവോ എന്ന ചോദ്യം അപ്രസക്തമല്ലെങ്കിലും പോരാട്ടത്തിൽ എന്തും ആവാം എന്ന ന്യായത്തിന്മേൽ അതു ചോദിച്ചിട്ടു ഫലമില്ല.

വ്യാജാകാരാലംകാരലാളിത്യം വഹിച്ചും ഹാ
വൈജാത്യവിഷം നിജവക്ഷോജങ്ങളിൽ തേച്ചും
നാംതോറുമോരോദിക്കിൽ തനിയേ തിരിച്ചെത്തി
ച്ചേതോഭീകരങ്ങളാം ദുഷ്ടമ്മങ്ങളെച്ചെയ്‌വോം

വള്ളത്തോംക്കവിതയാം പൂതനാനിശാചരി
കള്ളത്താൽക്കെട്ടഴിത്തല്ലോ കേരളീയബാലരെ;
എന്നിട്ടും തള്ളേണ്ടതെന്നോതിഞാ,നിനിയുമെൻ
മുന്നിലേക്കട്ടേഹത്തെയെന്തിനായയക്കുന്നു?

അങ്ങിനെ ചിങ്ങം ലക്കം കൌമുദിയിൽ 'ഒരോണത്തല്ല്' നടന്നു! അതിന്റെ അവസാനത്തിൽ പത്രാധിപർ കെ. കെ. താങ്കം എന്ന ലേഖകന്റെ 'ഒരെഴുത്തും ക്ഷമായാചനവും' പ്രസിദ്ധപ്പെടുത്തി. വടക്കുംകൂർ തമ്പുരാനെ അനാവശ്യമായി അധിക്ഷേപിച്ചതിന്നായിരുന്നു ക്ഷമാപണം. അതു അത്യന്തം ഉചിതമായെന്നും, അതുപോലെ മഹാകവി വള്ളത്തോളിനെ ആക്ഷേപിച്ച ലേഖകന്മാർ യഥാർത്ഥ ഭാഷാഭിമാനികളാണെങ്കിൽ അതിന്നും തീച്ചയായും മാപ്പുചോദിക്കേണ്ടതാണെന്നും പത്രാധിപർ അഭിപ്രായപ്പെട്ടു. പക്ഷേ ആരും മാപ്പുചോദിച്ചതായി അറിവില്ല—യഥാർത്ഥ ഭാഷാഭിമാനികളല്ലാത്തതുകൊണ്ടായിരിക്കാം!

ഏതായാലും ഇതൊരു വമ്പിച്ച മര്യാദകേടായിരുന്നു. സാഹിത്യത്തിലെ പുതിയ പ്രവണതകളുടെ ഗുണദോഷനിരൂപണത്തിൽ തുടങ്ങിയ ചർച്ച വ്യക്തിപരമായ ശകാരത്തിലവസാനിച്ചതും, യാതൊരു ദുരുദ്ദേശവുമില്ലാതെയാണെങ്കിലും, അതിന്നു കവനകൌമുദി കളമൊരുക്കിക്കൊടുത്തതും കഷ്ടാൽകഷ്ടതരമെന്നേ പറയാനുള്ളൂ. ശങ്കുണ്ണിനായരുടെ അഭിപ്രായങ്ങളോടു യോജിക്കുവാൻകഴിയാത്തവർക്കു അവയെ ഖണ്ഡിക്കുവാൻ പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. എന്നാൽ ആ വിമർശനത്തിന്റെ മറപിടിച്ചുകൊണ്ടു ആരെയും വ്യക്തിപരമായി മര്യാദകെട്ട ഭാഷയിൽ അധിക്ഷേപിക്കേണ്ടിയിരുന്നില്ല. കവിതാമണ്ഡലത്തിലെ നൂതനപ്രവണതകളോടായിരുന്നു വാസ്തവത്തിൽ വിമർശകന്മാരുടെ ചന്ദ്രഹാസപ്രചാലനം. യാഥാസ്ഥിതികത്വത്തിൽ ഉറച്ചുനിന്നിരുന്ന ചിലരുടെ പിൻബലം അതിന്നുണ്ടായിരുന്നു എന്നു സംശയിക്കുവാൻ ന്യായമുണ്ടായിരുന്നു. ഗാന്ധിജിയുടെ ഉപദേശങ്ങളോടും ആദർശങ്ങളോടും വള്ളത്തോളും

കാണിച്ചുപോന്ന ശ്രദ്ധയും ബഹുമാനവും അത്തരക്കാക്കൊട്ടും രസിച്ചിരുന്നില്ല. ജാതിസമ്പ്രദായത്തിന്റെ കെടുതികളെപ്പറ്റി വള്ളത്തോൾ ചെയ്യാറുണ്ടായിരുന്ന നിശിതവിമർശങ്ങളാണ് അവരുടെ ദൃഷ്ടിയിൽ ചാവ്വാകവേദപ്രചരണമായിത്തോന്നിയത്. ഭാരതീയസംസ്കാരത്തിന്റെ മഹത്വത്തിലും പരിശുദ്ധിയിലും അങ്ങേ അറ്റത്തോളം അഭിമാനം പുലർത്തിപ്പോന്ന വള്ളത്തോളിന്റെ ആശയങ്ങളിൽ ചാർവാകച്ചുവ കണ്ടവരുടെ രുചിവൈകല്യത്തെയല്ലാതെ മറ്റെന്തിനെയാണിക്കാര്യത്തിൽ കുറ്റപ്പെടുത്തേണ്ടത്? വാസ്തവത്തിൽ ഈ കോളിളക്കം മലയാളകവിതയുടെ നവോന്മേഷത്തിന്നുണ്ടായിക്കൊണ്ടിരുന്ന വിജയത്തിന്റെ അടയാളമായിട്ടുവേണം കണക്കാക്കുവാൻ.

പല ഭാഗത്തുനിന്നും ഇത്തരം ആഘാതങ്ങൾ ഏല്ക്കേണ്ടിവരുന്നത് ഒട്ടും സുഖമുള്ളൊരവസ്ഥയല്ലെങ്കിലും അതിന്നും ഒരു സമാധാനമുണ്ട്. എല്ലാ കലകളോടുംകൂടി പ്രകാശിയ്ക്കുന്ന പൂർണ്ണചന്ദ്രനെയാണല്ലൊ രാഹു ഗ്രസിയ്ക്കുന്നത്. ഗ്രഹണതമസ്സൊഴിയുമ്പോൾ താരാനാഥന്റെ സത്പ്രഭ പൂർവ്വാധികം തെളിഞ്ഞുകാണുവാൻ സാധിയ്ക്കുകയും ചെയ്യും. വള്ളത്തോളിന്റെ 'സോമഗ്രഹണം'* എന്ന കവിതയെയാണ് ഈ സന്ദർഭത്തിൽ അകസ്മാത്തായി ഓർത്തുപോകുന്നത്, 1099 മീനത്തിൽ (1924) സംഭവിച്ച സോമഗ്രഹണത്തെപ്പറ്റിയെഴുതിയ ആ കവിത അബോധപൂർവ്വമായി കവിയുടെ അക്കാലത്തെ അനുഭവങ്ങളെയും ആവിഷ്കരിക്കുന്നില്ലേ എന്നു സംശയിക്കുന്നതു അസംഗതമാവുകയില്ല.

> മേല്ക്കുമേലെരി ചൂടാൽ വരണ്ട ജഗത്തിന്നായ്
> പ്പാല്ക്കുതിരുതിക്കയോ? കുറ്റമെന്തതിൽ മീതേ?

അതായിരുന്നു വള്ളത്തോളിന്റെയും കുറ്റം. കാലത്തിന്റെ മാറ്റമൊന്നും കാണുവാൻ കൂട്ടാക്കാതെ മാമൂലുകളെ ശാശ്വതപ്രമാണങ്ങളായിപ്പരിഗണിച്ചു കാലക്ഷേപം ചെയ്യുന്നവർക്കു ആ പുതിയ വെളിച്ചത്തിന്റെ ആവിർഭാവം ദുസ്സഹമായിത്തോന്നി.

> എന്നാലുമൊരു ഭാവഭേദമില്ലസ്സൌമ്യന്നു
> ചന്ദ്രികാമൃദുഹാസമിപ്പൊഴും പൊഴിയുന്നു.

ആരെങ്ങിനെയെല്ലാം കയർത്താലും തന്റെ കർത്തവ്യം അഭംഗുരമായി നിറവേറുകയാണെന്ന വിശ്വാസമുള്ളപ്പോൾ ധീരന്നു അമ്പരപ്പുണ്ടാവുകയില്ല.

---

* സാ: മ: ആറാം ഭാഗം

തമസ്സു തേജസ്സിനെത്തട്ടത്ത കഥയിതു
സമത്ര പരക്കട്ടേ, മൂങ്ങകൾ മൂളിക്കേൾക്കട്ടെ.

അതും ലോകസ്വഭാവമാണ്. പക്ഷേ അതിന്നൊരു മാറ്റം വരാതിരിക്കയില്ലെന്നും തീച്ച്യയാണ്.

സത്യത്തിൻ സമുത്ഥാനക്ഷണത്തിലുടഞ്ഞുപോം
കൃത്രിമനയത്തിന്റെ കരിങ്കന്മതിൽപോലും.

അപവാദവിമുക്തമായ യശസ്സു വീണ്ടും തെളിയും. യാതൊന്നും സംഭവിക്കാത്ത മട്ടിൽ സകലവും പ്രസന്നമായിത്തീരുകയും ചെയ്യും.

അല്പിങ്കലിരുളാന്നമപ്പൊഴേ വെളിച്ചത്തി
ലുല്ലസിപ്പാനും പണ്ടേ ശീലിച്ചതല്ലോ ലോകം.

ആ സംഭവങ്ങളൊന്നുംകൊണ്ടു വള്ളത്തോൾ അശേഷം ക്ഷുബ്ധനായില്ല. അവരവരുടെ നിലയ്ക്കുനിന്നാൽ, മറ്റുള്ളവരുടെ നിർമ്മര്യാദങ്ങൾ തങ്ങളെ ബാധിക്കുകയില്ലെന്നു മനസ്സിലാക്കുവാനുള്ള വകതിരിവും തൻറേടവും അദ്ദേഹത്തിനു ധാരാളമുണ്ടായിരുന്നു. തനിക്കു ശരിയാണെന്നു തോന്നുന്ന മാർഗ്ഗത്തിലൂടെ മുമ്പോട്ടു പോകുന്നതിനുള്ള നിശ്ചയത്തിൽനിന്നു എള്ളിടപോലും വ്യതിചലിപ്പിക്കുവാൻ അത്തരം ദുഷ്പ്രചരണങ്ങൾക്കു സാധിച്ചതുമില്ല.

പതിനെട്ടാം അധ്യായം

സാഹിത്യപരിഷത്ത്

"ഞാൻ ജനിച്ചതിന്നുശേഷം ജനവരി ഒന്നാം തീയതിയുടെ വരവും പോക്കും ഒരു നാല്പത്താറു പ്രാവശ്യം നടന്നിട്ടുണ്ട്. എന്നാൽ 1925–ാം ആണ്ടിലെ ജനവരി ഒന്നാംതീയതിയായിരുന്ന എനിക്കു ജനവരി ഒന്നാം തീയതി. അന്നത്തെ ദിവ്യശ്രീ സി. എഫ്. ആൻഡ്രൂസിനെ—ഇന്ത്യാദേവിയ്ക്കു യൂറോപ്പിൽ നിന്നയച്ചുകിട്ടിയ അനഘ്ഘമായ സന്താനത്തെ കണ്ടാനന്ദിപ്പാൻ എനിക്കു ഭാഗ്യം കൈവന്നത്''—എന്നാണ് വള്ളത്തോൾ ദീനബന്ധു ആൻഡ്രൂസുമായുള്ള പ്രഥമ സന്ദർശനത്തെപ്പറ്റി എഴുതിയത്. കുന്നംകുളത്തെ ചില കൃസ്തീയ സഹോദരിമാരുടെ ഉത്സാഹത്താൽ അവിടെ ഏർപ്പെടുത്തുവാനുദ്ദേശിച്ച അനാഥമന്ദിരത്തിന്റെ അസ്തിവാരക്കല്ലിടുവാൻ വന്നതായിരുന്ന ദീനബന്ധു. ഒരു സ്നേഹിതന്റെ വീട്ടിൽവെച്ചാണ് അദ്ദേഹവും വള്ളത്തോളും പരിചിതരായത്. ആ അനുഭവത്തെ മഹാകവി ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു:—

''വൈകുന്നേരം നാലു മണിയ്ക്കുശേഷം ആ മഹാ പുരുഷനെ വഹിച്ചിരുന്ന മോട്ടോർകാർ ആഡ്ഡാദശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ആ വീട്ടിന്റെ മുൻവശത്തു വന്നെത്തി. ഞാൻ ഏറ്റവും വണക്കത്തോടേ എന്റെ നിസ്സാരമായ തൊഴുകൈ ആ ഗുരുവിന്റെ മുൻഭാഗത്തു കാണിയ്ക്കുവെച്ചു. അതിനെ അദ്ദേഹം കൈക്കൊണ്ടതു് അഞ്ജലിബന്ധത്താൽതന്നെ ആയിരുന്നു. എന്നാൽ അതുകൊണ്ടും ആ മഹാമനസ്കൻ തൃപ്തിപ്പെട്ടില്ല. അദ്ദേഹമൊരു വന്ദനീയമായ സംഭ്രമത്തോടെ എന്നെ ഇരുകൈകൊണ്ടും കെട്ടിപ്പിടിച്ചു് ആ വാത്സല്യവിശാലമായ വക്ഷസ്സുടത്തിൽ ചേർത്തു് എന്റെ പാഴ്ചുമലുകളിൽ പരിചുംബിച്ചു. അതേ, ത്രേതായുഗത്തിലെ ഒരു പ്രസിദ്ധ സംഭവം ഇതാ കലിയുഗത്തിൽ പുനരാവർത്തിച്ചു. അന്നു രാജപദത്തെ തൃണപ്രായം ഉപേക്ഷിച്ച രാമഭദ്രൻ ഒരു നിഷാദനെ–ഗുഹനെ–സമാശ്ലേഷിക്കയുണ്ടായി. ഇന്നു സർവ്വസ്വവും ത്യജിച്ച ഈ സന്യാസിവര്യൻ എന്നെയും. എന്റെ അപ്പോഴത്തെ മനോവികാരം അജ്ഞനന്നു കർമ്മയോഗം ഉപദേശിച്ച ജഗൽഗുരുവിനാൽ തിരുമാറണയ്ക്കപ്പെട്ട കുചേലനന്നറിയാം. ആ ബ്രാഹ്മണന്റെ ദരിദ്രഗൃഹമെന്നപോലെ എന്റെ ജീവിതം ക്ഷണേന സൌഭാഗ്യ സമൃദ്ധി

യാൽ നിറയപ്പെട്ട് എന്റെ ദുഷ്ടികളെ കുറച്ചിട അമ്പരപ്പിക്കുക തന്നെ ചെയ്യു.''

അന്നത്തെ സദസ്സിൽ അദ്ധ്യക്ഷസ്ഥാനംവഹിച്ചതു വള്ളത്തോളായിരുന്നു.

''അഗതികളുടെ, അധഃകൃതരുടെ 'തലയ്ക്കു കല്ലിടുക' എന്ന മഹാപാപംകൊണ്ടു മലിനീഭവിച്ചിരിക്കുന്ന മേൽജാതിക്കാരിൽപ്പെട്ട ഒരുത്തനു് അനാഥരക്ഷയ്ക്കു് അടിക്കല്ലിടലാകുന്ന പുണ്യകർമ്മത്തിൽ പങ്കുകൊള്ളുക ചെറിയൊരു പ്രായശ്ചിത്തമെങ്കിലും ആകുമല്ലൊ'' എന്നു പറഞ്ഞുകൊണ്ടാണു് അദ്ദേഹം അധ്യക്ഷപ്രസംഗം ആരംഭിച്ചതു്. ദീനബന്ധുവിന്റെ കഴുത്തിൽ സമ്മേളന ഭാരവാഹികളർപ്പിച്ച പൂമാല അദ്ദേഹം വേഗത്തിലൂരി വള്ളത്തോളിന്റെ കഴുത്തിലിട്ടു ഇങ്ങിനെ പറഞ്ഞു:— ''രവീന്ദ്രനാഥടാഗോറിനെ മാലയണിയിക്കുവാൻ എനിക്കു പലപ്പോഴും ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. ഇന്നു ഈ മഹാകവിയെയും മാലയണിയിച്ചു ഞാൻ അഭിമാനമനുഭവിക്കട്ടെ.'' ഈ സംഭവം സദസ്യരെ കോരിത്തരിപ്പിച്ചു.

കവിയുടെ ശ്രദ്ധയും താൽപര്യവും ദേശീയ പ്രസ്ഥാനത്തിന്റെ വിവിധ വശങ്ങളിലേക്കു തിരിയുവാൻ തുടങ്ങിയെങ്കിലും സജീവമായ ദേശീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നില്ലാത്തതുകൊണ്ടും ആദർശോന്മിഷിതമായ ദേശീയതാബോധം കവിതയിന്നു ഉത്തേജകമായിത്തീർന്നതുകൊണ്ടും അതു് അനുഭവത്തിൽ ഒരു നഷ്ടമായി കണക്കാക്കാനില്ലായിരുന്നു. രാജ്യത്തിലൊട്ടാകെ പടർന്നുപിടിച്ച ദേശീയതയുടെ അധിപ്രസരം കവിതാമണ്ഡലത്തെയും സാരമായി സ്പർശിച്ചതു് ഒരു വിധത്തിൽ സാഹിത്യത്തിന്നു ഗുണപ്രദമായിട്ടാണു് തീർന്നത്.

രാഷ്ട്രീയതലത്തിലെന്നപോലെ സാമുദായികതലത്തിലും സ്പഷ്ടമായി കേട്ടുതുടങ്ങിയിരുന്ന സ്വാതന്ത്ര്യവാഞ്ഛയുടെ അലയൊലികൾ വള്ളത്തോൾക്കവിതയിൽ അനുരണനംചെയ്യാതിരുന്നില്ല. അതിനുദാഹരണമാണു് നമ്പൂതിരി സമുദായത്തിലെ സ്ത്രീകളനുഭവിച്ച അവശതകളെപ്പറ്റി പ്രതിപാദിയ്ക്കുന്ന 'ബഹിഷ്കൃതമായ അന്തർജ്ജനം*' എന്ന കവിത. (1100)

തള്ളവാലാട്ടമിടമുലകം പൂച്ചക്കുട്ടി
സ്സില്ലത്തിൻ പടിഞ്ഞാറ്റി നമ്പൂരിമടവാക്കും

എന്നായിരുന്ന അന്നത്തെ സ്ഥിതി. മുപ്പതു വയസ്സുള്ള പെങ്ങളെ കൊടുക്കാൻവേണ്ടി അല്പവിത്തനായ നമ്പൂതിരി ഗൃഹസ്ഥൻ മൂന്നാംവേളി കഴിച്ചപ്പോൾ നവോഢയെ വല്ലവിധത്തിലും പുറത്താക്കുവാൻ മൂത്ത രണ്ടു പത്നിമാരുംകൂടി പ്രയോഗിച്ച തല

* 'വിഷുക്കണി'

യണമന്ത്രം അചിരേണ ഫലിക്കുകതന്നെ ചെയ്യു.

തിങ്ങളാറേഴാൽസ്സിദ്ധമവക്കു ജപയജ്ഞ
മങ്ങഞ്ചാം പുരസ്സള്ളിൽക്കിടപ്പായ് മൂന്നാംവേളി

എന്ന ഗതികേടിന്നു ആ യുവതി വിധേയയായി. വല്ലപാടും അതിൽനിന്നു മോചനം ലഭിക്കുവാൻ മറെറാരു പോംവഴിയും കാണായ്കയാൽ ആത്മഹത്യയ്ക്കു തുല്യമായിട്ടൊരു കളവു പറയുവാൻതന്നെ ആ പാവം നിർബന്ധിതയായി. അതിൻെറ ഫലമോ?

സ്വാത്തന്നു കൃതാർത്ഥത്വം, ജ്യേഷ്ഠത്തിമാക്കു മന
സ്സ്വാസ്ഥ്യ,മെൻഭർത്താവിന്നു ദാരിദ്ര്യനിവാരണം,
എനിയ്ക്കോ, മനുഷ്യർതൻ സ്വാതന്ത്ര്യം—പല ഗുണം
ജനിച്ചുവല്ലോ ഭോഷ്ക്കാന്നന്നു ഞാൻ പറകയാൽ.

അങ്ങിനെയെങ്കിലും ആ നിസ്സഹായയായ യുവതിയുടെ നരകയാതനയ്ക്കൊരുതി കിട്ടിയല്ലൊ എന്നു സമാധാനിക്കാം! സാമുദായികമായ അടിത്തറമേൽ പണിത ഈ കാവ്യസൌധത്തിന്നു ഒരു ദേശീയച്ചായം കൊടുത്തു മോടിപിടിപ്പിക്കുവാനും കവി ശ്രമിക്കാതിരുന്നില്ല. ദേശീയ പ്രസ്ഥാനത്തിലെ നൂൽനൂൽപ്പു പരിപാടിയുമായി അതിനെ ബന്ധപ്പെടുത്തിക്കൊണ്ടാണ് കാവ്യം അവസാനിക്കുന്നത്:—

ഞാനൊരു സാധാരണ നാരിയായ് മാറിയതിൽ
ദീനതവേണ്ടാ നിങ്ങൾക്കെൻെറ സോദരിമാരേ!
ഹന്തമേ പുറത്താക്കപ്പെട്ട ജീവിതത്തിന്മേൽ
സ്സന്തതം തട്ടുന്നുണ്ട നൽക്കാറ്റും വെളിച്ചവും.
പര്യാപ്തവിഭവ ഞാൻ സ്വപ്രയത്നത്താൽ,പോരാ
പതിത്വമാണിപ്പെണ്ണുങ്ങൾക്കൊരു സമ്പത്തെങ്കിൽ
ഭർത്താവുമീയുള്ളോൾക്കുണ്ടിങ്ങു—നൂൽച്ചക്രമിതു
ഭദ്രശബ്ദത്താലെങ്കൽത്തുകുന്ന പ്രിയവാക്യം
വെൺനൂൽത്തുമ്പുകളാലേ പുഞ്ചിരിക്കൊണ്ടീടുന്നു
മന്ദിയാതെനിയ്ക്കുണ മുട്ടപ്പു മുതകുന്നു.

അതേ കൊല്ലത്തിൽത്തന്നെ തൃത്താലയിലെ ചില ചെറുപ്പക്കാരുടെ പരിശ്രമത്താൽ ഏർപ്പെടുത്തിയ അഗ്നിഹോത്രി വായനശാലയുടെ ഉൽഘാടനത്തെപ്പുരസ്കരിച്ചെഴുതിയ 'ഏക കുടുംബം ഭുവനം'* എന്ന കവിതയിൽ അയിത്തത്തിൻെറ കെടുതികളെക്കുറിച്ചുള്ള പ്രസ്താവങ്ങൾ കാണാം. അഗ്നിഹോത്രിയുടെ പേരു പറഞ്ഞപ്പോഴേക്കും പറയിപെറ പന്തിരുകുലത്തിൻെറ കഥയും

* വീരശൃംഖല

കേരളത്തിലെ ജാതിസമ്പ്രദായവും കവിയുടെ സ്മൃതിപഥത്തിൽ പൊന്തിവന്നു.

മറയവർ മണിയവിടെയ്ക്കിഹ
പറയൻ മുതൽപേരുമുറ സോദരർ താൻ
അവരൊത്തൊരു പുല്ലിന്മേ
ലവിടുന്നപ്പിച്ചുപോന്ന പിതൃപിണ്ഡം

അതുപില്പാടു പഴംകഥ
യായ്പ്പോംവിധമേതു കമ്മിതൻ കരമോ
അതൈത ജന്മഭൂവിലെ
യപ്പരമൈക്യത്തിനെള്ളുനീരേകി!

പതിനൊന്നാം നൂറ്റാണ്ടിന്റെ വാൽ, ''കാലമാം പാമ്പാട്ടിതൻ കൈക്കുട്ടയ്ക്കകത്തായ''പ്പോഴും എഴുതിയ 'പുതുവഷ്ം'† എന്ന കവിതയിലുമുണ്ട് ജാതിസ്പർദ്ധയെപ്പറ്റിച്ചില പ്രസ്താവങ്ങൾ:—

ഇടയിൽക്കേറിജ്ജാതിസ്പർദ്ധകൾ തിക്കുകയാൽ
പിടിവിട്ടകന്നു പോയ്പ്പോയ കൈയുകൾ വീണ്ടും
ഒത്തൊരുമിയ്ക്കാതേ ചെറ്റെടുത്തു പൊക്കാവത
ല്ല,തുയും പാതാളത്തിലായല്ലോ മലയാളം!

ആരുടെ തോട്ടത്തിലെക്കിളിയും പാടിപ്പോന്നു
നീരുജസ്വാതന്ത്ര്യൈക മാഗ്ഗമാമദൈതത്തെ
അമ്മന്നിനുടെ മക്കൾ, മർത്ത്യർ നാമെന്നുള്ളോമ്മ
നമ്മളിൽപ്പുതുക്കട്ടേ കനിഞ്ഞിപ്പുതുവഷ്ം!

കോൺഗ്രസ്സിന്റെ ആശയങ്ങളോടുള്ള ആനുകൂല്യവും ജനദ്രോഹകരങ്ങളായ ദുരാചാരങ്ങളോടുള്ള വെറുപ്പും വള്ളത്തോളിന്റെ കവിതയിലും പ്രസംഗങ്ങളിലും ധാരാളമായികണ്ടുതുടങ്ങിയപ്പോൾ, ഭരണസമ്പ്രദായത്തെ വിമർശിക്കുന്ന ദേശഭക്തന്മാരെ രാജ്യദ്രോഹികളായി പരിഗണിച്ചുപോന്ന യാഥാസ്ഥിതികരുടെ ദൃഷ്ടിയിൽ അദ്ദേഹം അനഭിമതനായിത്തീർന്നു. ആഷ്ഭാരതത്തിന്റെ സംസ്കാരപാരമ്പര്യത്തിൽ അടിയുറച്ചുനില്ക്കുന്ന വള്ളത്തോളിന്റെ ജാതിയ്ക്കെതിരായുള്ള നിലപാടു അവരുടെ നിശിതാധിക്ഷേപങ്ങൾക്കു ശരവ്യമായിത്തീർന്നു. ഭാഷാവിലാസപ്രക്ഷോഭത്തിൽ കേട്ടത് അതിന്റെ ചില മാറ്റൊലികൾ തന്നെ ആയിരുന്നു. ദേശാഭിമാനത്തിന്റെ വിജൃംഭണത്തോടൊപ്പം വള്ളത്തോളിന്റെ ഭാഷാഭിമാനവും കരകവിഞ്ഞൊഴുകി.

---

* 'വീരശൃംഖല'

† 'ദിവാസ്വപ്നം'

സന്നികൃഷ്ടാബ്ധിതൻ ഗംഭീരശൈലിയും
സഹ്യഗിരിതന്നടിയുറപ്പും
ഗോകർണ്ണക്ഷേത്രത്തിൻ നിർവൃതികൃത്വവും
ശ്രീകന്യാമാതിൻ പ്രസന്നതയും

ഗംഗപോലുള്ള പേരാറിൻ വിശ്രുതിയും
തെങ്ങിളംകായ്നീരിൻ മാധുര്യവും
ചന്ദനൈലാലവംഗാദിവസ്തുക്കൾ തൻ
നന്ദിതഘ്രാണമാം തുമണവും

സംസ്കൃതഭാഷതൻ സ്വാഭാവികൌജസ്സും
സാക്ഷാൽത്തമിഴിന്റെ സൌന്ദര്യവും
ഒത്തുചേർന്നുള്ളൊരു ഭാഷയാണെൻ ഭാഷ—
മത്താടിക്കൊൾകഭിമാനമേ! നീ.

1102 മിഥുനത്തിലെഴുതിയ 'എന്റെ ഭാഷ'*യിലെ ചില വരികളാണിവ. വിണ്ണൊഴി തോഴിയായും ദ്വീപാന്തരങ്ങളിൽ നിന്നു വിദ്യാധനംനേടി വന്നവർ മക്കളായും ഉള്ള കൈരളിയ്ക്ക് ദാരിദ്ര്യമനുഭവിക്കേണ്ട ആവശ്യമേ ഇല്ലെന്നു സമർത്ഥിച്ചുകൊണ്ടു ഭാഷത്തറവാടിന്റെ സമ്പത്തു വർദ്ധിപ്പിക്കുവാൻ കവി കേരളീയരെ ഇപ്രകാരം ഉൽബോധിപ്പിച്ചു:—

ഏറെ വാക്കെന്തിനു നാളെ മുതല്ക്കിനി
കൈരളി തന്റെ ഗൃഹാങ്കണത്തിൽ
പാണ്ഡിത്യ ഭിക്ഷയ്ക്കായ് വന്നവർ വന്നവർ
ഭാണ്ഡം നിറച്ചേ തിരിച്ചുകൊട്ടൂ.
കേടറ്റൊരൌദാര്യ ശീലത്തിലെന്നെന്നേ
കേളികേട്ടുള്ളവർ കേരളീയർ!

ആയിടയ്ക്ക് (1102 മേടത്തിൽ) ഇടപ്പള്ളിയിൽവെച്ചു നടത്തിയ സമസ്തകേരള സാഹിത്യപരിഷത്തിന്റെ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ട് വള്ളത്തോൾ ചെയ്ത പ്രസംഗത്തിലെ പ്രധാന വിഷയവും ഇതുതന്നെ ആയിരുന്നു. വായിക്കുവാൻ വേണ്ടേടത്തോളം നല്ല പുസ്തകങ്ങളില്ലാത്ത കാലത്തോളം ഒരു ഭാഷയ്ക്കു പുഷ്ടിവന്നതായിപ്പറഞ്ഞുകൂടെന്നും, വിശന്നുവലഞ്ഞ കുട്ടികൾ മുഷിഞ്ഞുകീറിയ ഉടുവസ്ത്രത്തിൽ പിടികൂടിയപ്പോൾ കുചേലപത്നിയ്ക്കുണ്ടായ അതേ വികാരമാണ് സാഹിത്യതൃഷ്ണിതരായ വായനക്കാർമൂലം നമ്മുടെ മാതൃഭാഷയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്നതെന്നും ആ പ്രസംഗത്തിൽ വള്ളത്തോൾ പ്രസ്താവിച്ചു. സാഹിത്യത്തിനു വളച്ചുവരണമെങ്കിൽ സാഹിത്യം

* സാ: മ: ഏഴാം ഭാഗം

കൊണ്ടുതന്നെ ഉപജീവനംകഴിക്കാമെന്ന നില വരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആ കാലത്തു മലയാളഭാഷയെ സംബന്ധിച്ചേടത്തോളം അങ്ങിനെയൊരു നില എത്തിക്കഴിഞ്ഞിരുന്നില്ല. ആ വഴിയ്ക്കു കുറച്ചെങ്കിലും വിജയംവരിച്ചിരുന്നതായി പറയാവുന്ന ഒരേയൊരു മലയാളകവി അന്നു വള്ളത്തോൾ മാത്രമായിരുന്നു.

തജ്ജമകളെക്കൊണ്ടു സാഹിത്യത്തിനു വളച്ചുയുണ്ടാക്കേണ്ടതിന്റെ ആവശ്യകതയാണു് അദ്ധ്യക്ഷപ്രസംഗത്തിൽ വള്ളത്തോൾ ചൂണ്ടിക്കാണിച്ച മറെറാരുകാര്യം. ''ഏതുൽകൃഷ്ടഗ്രന്ഥവും അന്യഭാഷയിലേക്കു സംക്രമിപ്പിക്കാവുന്നതായിരിക്കും'' എന്നു് എമഴ്സൺ പറഞ്ഞിട്ടുള്ളതിനെ ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം തന്റെ അഭിപ്രായത്തെ ഇങ്ങിനെ വിശദീകരിച്ചു:—

''ഒരു മഹാകവി സംസാരിക്കുന്നതു് അദ്ദേഹത്തിന്റെ അയൽക്കാക്കുമാത്രം കേൾക്കാൻ വേണ്ടിയല്ല; ലോകത്തിനു മുഴുവൻ കേൾക്കാൻവേണ്ടിയാണു്. അദ്ദേഹം ഏതു ഭാഷയിൽ സംസാരിച്ചാലും ലോകംമുഴുവൻ കേൾക്കും. കേൾക്കുകയും വേണം. ഇതരഭാഷകളിലെ ഉൽകൃഷ്ടഗ്രന്ഥങ്ങളെ തിരഞ്ഞെടുത്തു തജ്ജമചെയ്താൽമാത്രമേ നമ്മുടെ സാഹിത്യത്തിന്നും സാഹിത്യകാരന്മാക്കും വളച്ചുയുണ്ടാകയുള്ളു.''

മലയാളവും സംസ്കൃതവുമല്ലാതെ ഇംഗ്ലീഷുഭാഷയോ മറുഭാഷകളോ പഠിക്കുവാൻ അവസരം ലഭിച്ചിരുന്നില്ലാത്ത ഒരു വിജ്ഞാനേച്ഛുവിന്നു സാഹിത്യപോഷണത്തിന്നു് ഒഴിച്ചുകൂടാത്ത ഒരുപാധിയാണു് തജ്ജമകൾ എന്നു തോന്നിയതു് സ്വാഭാവികമാണു്. തന്റെ വിജ്ഞാനമണ്ഡലത്തിന്റെ വിസ്താരം എത്രത്തോളം കഴിയുമോ അത്രത്തോളം വർദ്ധിപ്പിക്കുവാനുള്ള തൃഷ്ണ അദ്ദേഹത്തെ ആജീവനാന്തം വിട്ടുപിരിഞ്ഞിരുന്നില്ല. വിക്ടർ ഹ്യൂഗോവിന്റെ പ്രശസ്തിഖ്യായികാഗ്രന്ഥത്തിന്റെ മലയാളവിവർത്തനമായ 'പാവങ്ങൾ' വള്ളത്തോളിനെ അത്രയധികം ആകർഷിക്കുവാൻ കാരണം അതു തന്റെ മുമ്പിൽ തുറന്നുവെച്ച സമുന്നതാശയങ്ങളുടെ വിശ്വവിശാലതയാണു്. ''എല്ലാ നദികളും വന്നുചേരുന്ന ഒരു സമുദ്രമായിത്തീരണം എന്റെ ഭാഷ'' എന്നാശംസിച്ച എമെഴ്സന്റെ ആദർശത്തെ ആദരിച്ചനുവർത്തിക്കുന്നതിൽ വള്ളത്തോൾ അഭിമാനംകൊണ്ടു.

കുറച്ചുകാലമായി, ഏതു വിഷയത്തിലും ജാതിസ്പർദ്ധയുടെ നിഴലുകൾ കാണുവാനുള്ള ഒരു ദുർവാസന വിവിധസമുദായങ്ങളിലെ അംഗങ്ങളെ തമ്മിൽതല്ലിരുവാൻ തക്കംപാർത്തു നില്ക്കുകയായിരുന്നു. നിർഭാഗ്യവശാൽ സാഹിത്യരംഗവും അതിന്റെ ആക്രമണത്തിൽനിന്നു മുക്തമായിരുന്നില്ല. ഇടപ്പള്ളി

യിലെ സാഹിത്യപരിഷത്തിൽ അദ്ധ്യക്ഷപ്രസംഗമദ്ധ്യേ പ
ണ്ഡിതർ കെ. പി. കറുപ്പനെപ്പററി വള്ളത്തോൾ ചെയ്ത പ്ര
സ്താവം അവിചാരിതമായ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.
ഇതായിരുന്ന പ്രസ്താവത്തിലെ പ്രസക്തഭാഗം:— ''അദ്ദേഹം
ഇന്നലെ വായിച്ച കവിത തുലോം കമനീയമായിരിക്കുന്നു.
കറുപ്പനെ നാട്ടുകാർ എത്രത്തോളം ആദരിക്കുന്നുണ്ട്? കേരള
ത്തിൽ ഏററവും താഴ്ന്ന ഒരു സമുദായത്തിൽപ്പെട്ട ആളാണ്
കറുപ്പൻ. കുടിക്കാൻ വെള്ളമില്ല; കിടക്കാൻ പുരയില്ല; ഉട
ക്കാൻ തുണിയില്ല; എല്ലാററിനും പുറമെ നടക്കാൻ വഴിയു
മില്ല. ഇങ്ങിനെയുള്ള ഒരു സമുദായത്തിലെ അംഗമായ ഇദ്ദേ
ഹം എങ്ങിനെയോ കുറെ സംസ്കൃതപാണ്ഡിത്യവും സൽക്കവി
ത്വവും സമ്പാദിച്ചു.....കുമാരനാശാനവർകളെ ഈഴവർ
ഭക്തിപൂർവം ആരാധിച്ചുപോരുന്നു; ആ വിധം സജാതീയരുടെ
പൂജനംപോലും (അവർ പ്രായേണ പഠിപ്പും പണവും ഇല്ലാത്ത
വരാകയാൽ) കറുപ്പനു കൈവരുന്നില്ല! ഈഴവരിൽ കുമാര
നാശാനുള്ള സ്ഥാനം ഏതോ അതുതന്നെയാണ് വാലവഗ്ഗ
ത്തിൽ കറുപ്പനുമുള്ളത്.....കറുപ്പന്റെ പാണ്ഡിത്യത്തെയും
കവിത്വത്തെയും മേൽജാതിക്കാർ മാനിച്ചതു മതിയായിട്ടി
ല്ലെന്നും ഇത്തരം പ്രോത്സാഹനക്കുറവു സാഹിത്യവർദ്ധനയ്ക്കു
പ്രതിബന്ധമായി തീരുന്നുണ്ടെന്നും സൂചിപ്പിക്കമാത്രമാണു
ഞാനിവിടെ ചെയ്തത്.'*

ഈ പ്രസംഗത്തിൽ കുമാരനാശാനെപ്പററി ആക്ഷേപാഹ
മായ എന്തോ സൂചനയുണ്ടെന്നു ധരിച്ചു 'നീതിമാൻ' പത്രത്തിൽ
'കുമാരനാശാനും വള്ളത്തോളും' എന്നൊരു മുഖപ്രസംഗം തൽ
പത്രാധിപർ എഴുതി പ്രസിദ്ധപ്പെടുത്തി. അതിനെസ്സംബ
ന്ധിച്ച വസ്തുസ്ഥിതിയെന്താണെന്നന്വേഷിച്ചുകൊണ്ടു വക്കീ
ശിവഗിരിമഠത്തിൽനിന്നു പി. എൻ. ഗോവിന്ദൻവൈദ്യർ
എന്നൊരു മാന്യൻ വള്ളത്തോളിനെഴുതി. ''ഈഴവപ്പരിഷ
യിൽ ഒരു മഹാകവിയുണ്ടായിവന്നതിനെക്കാൾ അത്ഭുതവും
അഭിമാനകരവുമാണ് ഈഴവരെക്കാൾ എത്രയോ താണസ്ഥി
തിയിൽ കിടക്കുന്ന വാലവഗ്ഗത്തിൽ ഒരു സൽക്കവിയുണ്ടായി
വന്നതെന്നും എന്നിട്ടും മേൽജാതിക്കാർ അദ്ദേഹത്തെ യഥാ
ർഹം അഭിനന്ദിക്കുന്നില്ലെന്നും സമർത്ഥിച്ചുകൊണ്ടാണ് ഞാൻ
സംസാരിക്കയുണ്ടായത്'' എന്നുള്ള മറുപടി വൈദ്യരെ തൃപ്തി
പ്പെടുത്തിയില്ലെന്നു തോന്നുന്നു. ''ഇത്രയും ഏടാകൂടങ്ങൾക്കു
നിദാനമാകത്തക്കവണ്ണം സാഹിത്യപരിഷത്തിൽ നല്ല നല്ല
കവികളെ ജാതിപിടിച്ചു ക്ലാസ്സു തിരിച്ചുനിത്തി എന്നു മററു

* പ്രൊഫ. പി. ശങ്കരൻനമ്പ്യാർ പ്രസാധനംചെയ്ത 'സാഹിത്യപ്രഭവം' എന്ന പുസ്തകത്തിൽനിന്നു.

ള്ളവക്ക് തോന്നുമാറു ചിലതു പറവാൻ താങ്കളെ പ്രേരിപ്പിച്ച ആ ദുഷ്ടശയെ സ്മരിക്കേണ്ടിവരുന്നതു വ്യസനകരംതന്നെ'' എന്നും മറും വൈദ്യർ വീണ്ടും വള്ളത്തോളിനെഴുതി. അതിന്നു വള്ളത്തോൾ ഇങ്ങിനെ മറുപടി അയച്ചു:—

''വാലന്മാരാകുന്ന അധഃകൃതവർഗ്ഗത്തിന്നു ഏകവിജയസ്തംഭമാണ് ശ്രീ കുറുപ്പൻ. അവരെക്കാളയന്നവരെങ്കിലും അധഃകൃതാവസ്ഥയിൽത്തന്നെ വർത്തിയ്ക്കുന്ന ഈഴവരിൽ ഒരദ്വിതീയസ്ഥാനമാണ് ആശാനവർകളാൽ അലങ്കരിയ്ക്കപ്പെട്ടിട്ടുള്ളത്. ഈയൊരു സാമ്യത്തെ, അധഃകൃതസമുദായാഗ്രിമത്വം, സാഹിത്യകാരത്വം എന്നീ രണ്ടെണ്ണത്താലുള്ള അടുപ്പത്തെമാത്രം മുൻനിർത്തിയാണ്, ജാതിപിടിച്ചല്ല, അദ്ഭുതപൂർവമായ വല്ല ഉദ്ദേശയാലും പ്രേരിതനായിട്ടമല്ല, 'ഈഴവരിൽ കുമാരനാശാനുള്ള സ്ഥാനംതന്നെയാണ് വാലവർഗ്ഗത്തിൽ കുറുപ്പനവർകൾക്കുള്ളത്'' എന്നു ഞാൻ പറയുകയുണ്ടായത്. ഈ കൂട്ടിയിണക്കലിൽ നിന്നു ആശാന്നൊത്ത മഹാകവിയാണ് കുറുപ്പൻ എന്നു വരുന്നില്ല. നേരേമറിച്ചു മഹാകവി കുമാരനാശാനും പണ്ഡിതർ കുറുപ്പനും തമ്മിലുള്ള സവ്വിദിതമായ അന്തരം 'കുറുപ്പൻ കുറെ സംസ്കൃത പാണ്ഡിത്യവും സൽക്കവിത്വവും സമ്പാദിച്ചു' എന്ന പൂർവ വാക്യത്താൽ വേണ്ടുവോളം വിശദീഭവിച്ചിട്ടുണ്ട്. സ്വജാതിക്കാരുടെ പൂജനംപോലും കുറുപ്പനു കൈവരുന്നില്ല എന്നത് ആശാന്റെ സർവജനാരാധിതത്വത്തെ വേറെ വ്യഞ്ജിപ്പിക്കുന്നുമുണ്ട്. ഒരു പ്രകരണത്തിന്റെ താൽപര്യം നിർണ്ണയിക്കുക അതിലെ എല്ലാ വാക്യങ്ങളും നോക്കിയിട്ടവേണമല്ലൊ.''

ആക്ഷേപം ഒരു പരിഭവവും തോന്നിക്കുവാൻ ഇടംകൊടുക്കാത്ത ഒരു ന്യൂനവാക്യത്തിന്റെ വ്യാഖ്യാനത്തിൽ അതുയെല്ലാം ദുരർത്ഥം ആരോപിച്ച ലേഖകൻ മൂന്നുകൊല്ലം മുമ്പു ആശാന്റെ അകാലനിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു വള്ളത്തോൾ എഴുതിയ ഈ വരികളും ഓർക്കാതെ പോയതു വലിയ കഷ്ടമായിപ്പോയി എന്നേ പറയുവാൻ കാണുന്നുള്ളു:—

വേണാട്ടിന്നൊരു പൌരശ്രേഷ്ഠനും ഭൂരാമ
ക്ഷോണിയ്ക്കു നവോല്ലേഖനായൊരുകവീന്ദ്രനും
ഈഴവക്കൊരു മഹാ നേതാവും, ഹതവിധി
പാഴാക്കിവിട്ടാനെല്ലാമൊരടിയ്ക്കുന്നേ വേണ്ടൂ.*

ഭൂരാമക്ഷോണിയിലെ ഒരു കവീന്ദ്രനായിട്ടാണ്, ഏതെങ്കിലുമൊരു സമുദായത്തിലെമാത്രം കവിയായിട്ടല്ല ആശാനെ വള്ളത്തോൾ കരുതിയിരുന്നതെന്നു ഇതിൽനിന്നു സ്പഷ്ടമാണല്ലൊ.

* ''പൂർണ്ണവിശ്രമ സൌഖ്യം''—വിഷുക്കണിയിൽ

യിലെ സാഹിത്യപരിഷത്തിൽ അദ്ധ്യക്ഷപ്രസംഗമദ്ധ്യേ പണ്ഡിതർ കെ. പി. കറുപ്പനെപ്പറ്റി വള്ളത്തോൾ ചെയ്ത പ്രസ്താവം അവിചാരിതമായ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു. ഇതായിരുന്നു പ്രസ്താവത്തിലെ പ്രസക്തഭാഗം:— ''അദ്ദേഹം ഇന്നലെ വായിച്ച കവിത തുലോം കമനീയമായിരിക്കുന്നു. കറുപ്പനെ നാട്ടുകാർ എത്രത്തോളം ആദരിക്കുന്നുണ്ട്? കേരളത്തിൽ ഏറ്റവും താഴ്ന്ന ഒരു സമുദായത്തിൽപ്പെട്ട ആളാണ് കറുപ്പൻ. കുടിക്കാൻ വെള്ളമില്ല; കിടക്കാൻ പുരയില്ല; ഉടുക്കാൻ തുണിയില്ല; എല്ലാറ്റിനും പുറമെ നടക്കാൻ വഴിയുമില്ല. ഇങ്ങിനെയുള്ള ഒരു സമുദായത്തിലെ അംഗമായ ഇദ്ദേഹം എങ്ങിനെയോ കുറെ സംസ്കൃതപാണ്ഡിത്യവും സൽക്കവിത്വവും സമ്പാദിച്ചു.....കുമാരനാശാനവർകളെ ഈഴവർ ഭക്തിപൂർവം ആരാധിച്ചുപോരുന്നു; ആ വിധം സജാതീയരുടെ പൂജനംപോലും (അവർ പ്രായേണ പഠിപ്പും പണവും ഇല്ലാത്തവരാകയാൽ) കറുപ്പന്നു കൈവരുന്നില്ല! ഈഴവരിൽ കുമാരനാശാന്നുള്ള സ്ഥാനം ഏതോ അത്ഭുതന്നെയാണ് വാലവഗ്ഗത്തിൽ കറുപ്പന്നുമുള്ളത്.....കറുപ്പന്റെ പാണ്ഡിത്യത്തെയും കവിത്വത്തെയും മേൽജാതിക്കാർ മാനിച്ചതു മതിയായിട്ടില്ലെന്നും ഇത്തരം പ്രോത്സാഹനക്കുറവു സാഹിത്യവർദ്ധനയ്ക്കു പ്രതിബന്ധമായി തീരുന്നുണ്ടെന്നും സൂചിപ്പിക്കമാത്രമാണു ഞാനിവിടെ ചെയ്തത്.'*

ഈ പ്രസംഗത്തിൽ കുമാരനാശാനെപ്പറ്റി ആക്ഷേപാഹ്വമായ എന്തോ സൂചനയുണ്ടെന്നു ധരിച്ചു 'നീതിമാൻ' പത്രത്തിൽ 'കുമാരനാശാനും വള്ളത്തോളും' എന്നൊരു മുഖപ്രസംഗം തൽപത്രാധിപർ എഴുതി പ്രസിദ്ധപ്പെടുത്തി. അതിനെസ്സംബന്ധിച്ച വസ്തുസ്ഥിതിയെന്താണെന്നന്വേഷിച്ചുകൊണ്ടു വക്കൽ ശിവഗിരിമഠത്തിൽനിന്നു പി. എൻ. ഗോവിന്ദൻവൈദ്യർ എന്നൊരു മാന്യൻ വള്ളത്തോളിന്നെഴുതി. ''ഈഴവപ്പരിഷയിൽ ഒരു മഹാകവിയുണ്ടായിവന്നതിനെക്കാളും അത്ഭുതവും അഭിമാനകരവുമാണ് ഈഴവരെക്കാളും എത്രയോ താണസ്ഥിതിയിൽ കിടക്കുന്ന വാലവഗ്ഗത്തിൽ ഒരു സൽക്കവിയുണ്ടായിവന്നതെന്നും എന്നിട്ടും മേൽജാതിക്കാർ അദ്ദേഹത്തെ യഥാർഹം അഭിനന്ദിക്കുന്നില്ലെന്നും സമർത്ഥിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കയുണ്ടായത്'' എന്നുള്ള മറുപടി വൈദ്യരെ തൃപ്തിപ്പെടുത്തിയില്ലെന്നു തോന്നുന്നു. ''ഇത്രയും ഏടാകൂടങ്ങൾക്കു നിദാനമാകത്തക്കവണ്ണം സാഹിത്യപരിഷത്തിൽ നല്ല നല്ല കവികളെ ജാതിപിടിച്ചു ക്ലാസ്സു തിരിച്ചുനിർത്തി എന്നു മറു

---

* പ്രൊഫ. പി. ശങ്കരൻനമ്പ്യാർ പ്രസാധനംചെയ്ത 'സാഹിത്യപ്രഭവം' എന്ന പുസ്തകത്തിൽനിന്നു.

ള്ളവക്കു തോന്നുമാറു ചിലതു പറവാൻ താങ്കളെ പ്രേരിപ്പിച്ച ആ ഉദ്ദശയെ സ്മരിക്കേണ്ടിവരുന്നതു വ്യസനകരംതന്നെ'' എന്നും മറും വൈദ്യർ വീണ്ടും വള്ളത്തോളിനെഴുതി. അതിനു വള്ള ത്തോൾ ഇങ്ങിനെ മറുപടി അയച്ചു:—

''വാലന്മാരാകുന്ന അധഃകൃതവഗ്ഗത്തിനു ഏകവിജയസ്തം ഭമാണ് ശ്രീ കുറുപ്പൻ. അവരെക്കാളുയർന്നവരെങ്കിലും അധഃകൃ താവസ്ഥയിൽത്തന്നെ വർത്തിയ്ക്കുന്ന ഈഴവരിൽ ഒരദ്വിതീയ സ്ഥാനമാണ് ആശാനവർകളാൽ അലങ്കരിയ്ക്കപ്പെട്ടിട്ടുള്ളത്. ഈയൊരു സാമ്യത്തെ, അധഃകൃതസമുദായാഗ്രിമത്വം, സാഹി ത്യകാരത്വം എന്നീ രണ്ടെണ്ണത്താലുള്ള അടുപ്പത്തെമാത്രം മുൻ നിർത്തിയാണ്, ജാതിപിടിച്ചല്ല, അഭ്രതപൂർവമായ വല്ല ഉദ്ദശ യാലും പ്രേരിതനായിട്ടമല്ല, 'ഈഴവരിൽ കുമാരനാശാനുള്ള സ്ഥാനംതന്നെയാണ് വാലവഗ്ഗത്തിൽ കുറുപ്പനവർകൾക്കുള്ള ത്' എന്നു ഞാൻ പറയുകയുണ്ടായത്. ഈ കൂട്ടിയിണക്കലിൽ നിന്നു ആശാന്നൊത്ത മഹാകവിയാണ് കുറുപ്പൻ എന്നു വരു ന്നില്ല. നേരേമറിച്ചു മഹാകവി കുമാരനാശാനും പണ്ഡിതർ കുറുപ്പനും തമ്മിലുള്ള സവ്വവിദിതമായ അന്തരം 'കുറുപ്പൻ കുറെ സംസ്കൃത പാണ്ഡിത്യവും സൽക്കവിത്വവും സമ്പാദിച്ചു' എന്ന പൂർവ വാക്യത്താൽ വേണ്ടുവോളം വിശദീഭവിച്ചിട്ടുണ്ട്. സ്വ ജാതിക്കാരുടെ പൂജനംപോലും കുറുപ്പനു കൈവരുന്നില്ല എന്ന ത് ആശാന്റെ സർവജനാരാധിതത്വത്തെ വേറെ വ്യഞ്ജിപ്പി ക്കുന്നുമുണ്ട്. ഒരു പ്രകരണത്തിന്റെ താൽപര്യം നിർണ്ണയി ക്കുക അതിലെ എല്ലാ വാക്യങ്ങളും നോക്കിയിട്ടുവേണമല്ലൊ.''

ആക്ഷം ഒരു പരിഭവവും തോന്നിക്കുവാൻ ഇടംകൊടുക്കാത്ത ഒരു ലഘുവാക്യത്തിന്റെ വ്യാഖ്യാനത്തിൽ അത്രയെല്ലാം ഭര ത്ഥം ആരോപിച്ച ലേഖകൻ മൂന്നുകൊല്ലം മുമ്പു ആശാന്റെ അകാലനിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു വള്ളത്തോൾ എഴുതിയ ഈ വരികളും ഓക്കാതെ പോയതു വലിയ കഷ്ടമാ യിപ്പോയി എന്നേ പറയുവാൻ കാണുന്നുള്ളു:—

വേണാട്ടിന്നൊരു പൌരശ്രേഷ്ഠനും ഭൂഗരാമ
ക്ഷോണിയ്ക്കു നവോല്ലേഖനായൊരുകവീന്ദ്രനും
ഈഴവക്കൊരു മഹാ നേതാവും, ഹതവിധി
പാഴാക്കിവിട്ടാനെല്ലാമൊരടിയ്ക്കുന്നേ വേണ്ടൂ.*

ഭൂഗരാമക്ഷോണിയിലെ ഒരു കവീന്ദ്രനായിട്ടാണ്, ഏതെങ്കിലു മൊരു സമുദായത്തിലെമാത്രം കവിയായിട്ടല്ല ആശാനെ വള്ള ത്തോൾ കരുതിയിരുന്നതെന്നു ഇതിൽനിന്നു സ്പഷ്ടമാണല്ലൊ.

* ''പൂണ്ണവിശ്രമ സൌഖ്യം''—വിഷുക്കണിയിൽ

ഏതായാലും ആ പ്രക്ഷോഭം അങ്ങിനെ കെട്ടടങ്ങി.

1927 അക്ടോബർ മാസത്തിൽ (1103 കന്നിയിൽ) വള്ളത്തോൾ ദക്ഷിണ തിരുവിതാംകൂർ സന്ദർശിക്കുകയുണ്ടായി. നെയ്യാറ്റിൻകരയിൽ രാജാകേശവദാസിന്റെ സ്മരണയ്ക്കായി നടത്തിവന്നിരുന്ന ഒരു വിജ്ഞാനകേന്ദ്രത്തിന്റെ (വായനശാലയുടെ) വാഷ്കികയോഗത്തിൽ അധ്യക്ഷതവഹിക്കുവാനായിരുന്നു ആ യാത്ര. പത്തിരുപത്താറു സംവത്സരം മുമ്പൊരിക്കൽ ഒരു സഭയിൽ സംബന്ധിക്കുന്നതിന്നുവേണ്ടി 'കൂറ കപ്പലിൽപോയതിന്നൊപ്പം' തിരുവനന്തപുരത്തു പോയിരുന്നതല്ലാതെ അതിന്നുമുമ്പദ്ദേഹം ആ നഗരം സന്ദർശിച്ചിരുന്നില്ല. അന്നു കേരളവർമ്മ വലിയ കോയിത്തമ്പുരാന്നുമായി നേരിട്ടുകണ്ടു പരിചയപ്പെട്ടതിനെപ്പറ്റി മുമ്പൊരധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഈ യാത്ര ഒരു സ്മരണീയാനുഭവമായിരുന്നു. സ്വാഭാവികമായ കവിഭാഷയിൽ ചെയ്ത ആ പ്രസംഗം ഒരു കമനീയമായ വാഗ്വിലാസംതന്നെയായിരുന്നു. ''പൂതുവഷ്ം പിറന്നിട്ട—ഞാനാകുന്ന ഒരുണക്കില കാല നദിയുടെ ഒരലയിൽനിന്നു മറെറാരലയിലേക്കു സംക്രമിക്കപ്പെട്ടിട്ട് മുപ്പതു നാൾ തികയുന്നതിന്നുമുമ്പു ഈ വാഷ്കികയോഗമാകുന്ന പുണ്യോത്സവം അനുഭവപ്പെട്ടതുകൊണ്ടു എനിക്കു 1103—ാമാണ്ടു മുഴുവൻ മംഗളമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു'' എന്നാണദ്ദേഹം പ്രസംഗമധ്യേ പ്രസ്താവിച്ചതു. മലബാറിലെയും തിരുവിതാംകൂറിലെയും കൊല്ലപ്പിറപ്പിലുള്ള വ്യത്യാസത്തെപ്പറ്റിയും മഹാകവി ഇങ്ങിനെ പറഞ്ഞു:—''തിരുവിതാംകൂർകാർ അയൽക്കാരായ കൊച്ചിക്കാരോടുകൂടി 1103—ാമാണ്ടിൽ കടന്നപ്പോഴും മലബാറുകാർ പഴയ 1102—ൽത്തന്നെ കിടക്കുകയായിരുന്നു. അതേ, നിങ്ങളിൽനിന്നു ഒരു മാസം പിമ്പുതന്നെയാണു ഞങ്ങളും.'' വേണാട്ടിന്നുള്ള മേന്മയെക്കുറിച്ചും വള്ളത്തോൾ ഇപ്രകാരം വിസ്തരിച്ചു:—''ഓരോ സമുദായവും ഉണർന്നു സ്വാതന്ത്ര്യനടസ്സിലേയ്ക്കു പറക്കുവാൻ ചിറകടിയ്ക്കുന്ന ശബ്ദം ഏതു ഭൂവിഭാഗത്തെയാണ് മുഖരീകരിക്കുന്നത്? വേണാടിനെ—ഈ പക്ഷാന്ദോളനം പ്രഭാതസമുദ്രത്തിലെ അലയടിയായി രാജ്യലക്ഷ്മിയാൽ ഗണിക്കപ്പെടുന്നതെവിടെയാണ്? വഞ്ചിമണ്ഡലത്തിൽ —അന്ധവിശ്വാസഖഡ്ഗങ്ങൾകൊണ്ടു കഴുത്തു വെട്ടപ്പെട്ട അസംഖ്യം മിണ്ടാപ്രാണികളുടെ ചോര കട്ടപിടിച്ചുകിടന്നിരുന്ന ബലിവേദികളെ കഴുകി വെടിപ്പുവരുത്തിയ കരുണാപ്രവാഹത്തോടുകൂടിയ ഒരു മാതൃഹൃദയം—പൊന്നുതമ്പുരാട്ടി ഏതു രാജ്യത്തെ ഭരിച്ചുപോരുന്നു? ധർമ്മ രാജ്യത്തെ—സ്വന്തം ഭാഷയിൽത്തന്നെ ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചുപോരുന്നതെവിടെയാണ്? കേരള കാളിദാസൻ തിരുമേനിയുടെ മാതൃഭൂമിയിൽ

——സാഹിത്യസമാരാധനം നിത്യകൃത്യങ്ങളിൽ ഒന്നാക്കിയിട്ടുള്ളവർ എവിടെയാണുള്ളത്"? ശ്രീവാഴം കോടിൽ——അടുത്ത കാലത്തു നമുക്കു കിട്ടിയ ആകെയുള്ള മഹാകവികളും രണ്ടുപേരും (പരേതനായ കുമാരനാശാൻ അവർകളും എന്റെ പരമസ്നേഹിതൻ പരമേശ്വരയ്യരവർകളും) എവിടുത്തുകാരാണ്"? തിരുവിതാംകൂർകാർ. എല്ലാംകൊണ്ടും മലയാളത്തിന്റെ തലയായിത്തന്നെ ഉയർന്നുനില്ക്കുന്ന ഈ രാജ്യം.''

നെയ്യാറ്റിങ്കരയിലെ യോഗത്തിന്നുശേഷം മടക്കത്തിൽ വള്ളത്തോളും തിരുവനന്തപുരത്തു മള്ളൂർ ഗോവിന്ദപ്പിള്ളയുടെ അതിഥിയായി താമസിച്ചു. അവിടെ ജൂബിലി ടൌൺഹാളിൽവെച്ചു മഹാകവി ഉള്ളൂരിന്റെ അധ്യക്ഷതയിൽകൂടിയ ഒരു യോഗത്തിൽ പൌരന്മാരുടെ ഒരു മംഗളപത്രസമർപ്പണമുണ്ടായി. വള്ളത്തോളിന്റെ ജീവചരിത്ര സംക്ഷേപവും വെട്ടത്തുനാട്ടിന്റെ മാഹാത്മ്യവും സ്പർശിച്ചുകൊണ്ടുള്ള അധ്യക്ഷപ്രസംഗത്തിന്നും മംഗളപത്രത്തിന്നും മറുപടിയായി മഹാകവി തിരുവിതാംകൂറിന്റെയും അതിന്റെ തലസ്ഥാനനഗരിയുടെയും രാജകുടുംബത്തിന്റെയും യോഗ്യതകളെപ്പറ്റി ഉപന്യസിച്ചു. പ്രാസംഗികമായി ഖദറിന്റെ മഹിമയെപ്പറ്റിയും പ്രസ്താവിക്കുകയുണ്ടായി.

സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ രണ്ടാം സമ്മേളനം 1927 ഡിസമ്പറിൽ തൃശ്ശൂർവെച്ചു നടത്തുവാൻ അപ്പൻതമ്പുരാന്റെ അധ്യക്ഷതയിലുള്ള സ്വാഗതസംഘം നിശ്ചയിച്ചു. ആദ്യത്തെ യോഗത്തിൽ പ്രത്യേക താൽപര്യം പ്രദർശിപ്പിച്ച വള്ളത്തോൾ ആ രണ്ടാം യോഗത്തിലും സന്നിഹിതനാവാതിരിക്കുകയില്ലെന്നായിരുന്നു പ്രവർത്തകന്മാർ പ്രതീക്ഷിച്ചത്. പക്ഷേ നിർഭാഗ്യവശാൽ അതുണ്ടായില്ല. അതേ കാലത്ത് മദിരാശിയിൽ നടക്കുന്ന കോൺഗ്രസ്സ് സമ്മേളനത്തിലെത്തിച്ചേരണമെന്ന അത്യാഗ്രഹത്താൽ വള്ളത്തോൾ മദിരാശിക്കു പുറപ്പെട്ടു. പരിഷത്ത് തുടങ്ങുമ്പോഴേക്കു മടങ്ങിയെത്താമെന്നായിരുന്നു ആഗ്രഹമെങ്കിലും അതു സാധിച്ചില്ല. അതിനെപ്പറ്റി വള്ളത്തോൾ സ്വാഗതാദ്ധ്യക്ഷന്നെഴുതിയ എഴുത്തിലെ ചില ഭാഗങ്ങളിവിടെ ഉദ്ധരിക്കാം:—

''മദിരാശിയ്ക്കു പോരുമ്പോൾ ഭാരതമഹാജനസഭാ സമ്മേളനം ദർശിച്ച് 14–ാംനു- മടങ്ങി 15–ാംനു- സാഹിത്യപരിഷത്തിന്നെത്തിച്ചേരാമെന്നൊരാശ ഹൃദയത്തിന്റെ കോണിൽ തെല്ലൊന്നുരിഞ്ഞുകിടക്കുന്നുണ്ടായിരുന്നു; എന്നാൽ അത് ബംഗാൾ ഉൾക്കടലിന്റെ കാറ്റു തട്ടിയതോടുകൂടിത്തന്നെ പൊലിഞ്ഞു പൊയ്പോയി. ഈ വ്യസനത്തെ തലോടിത്തളർത്താൻ

കോൺഗ്രസ്സ് യോഗം കണ്ടതിലുള്ള സന്തുഷ്ടിയുടെ മുദ്രലഹസ്ത ങ്ങൾക്കേ ത്രാണിയുള്ള.''

സാമാന്യം ദീർഘമായ ആ എഴുത്തിന്റെ അടുത്ത ഖണ്ഡികയിൽ കോൺഗ്രസ്സ് സമ്മേളിച്ച സ്ഥലത്തിന്റെയും സ്വാഗതസ്ത്യലക്ഷ്മിയുടെ തിലകമായിട്ടുൽപ്രേക്ഷിക്കാവുന്ന അതിലെ 'തിലകമണ്ഡപ'ത്തിന്റെയും വർണ്ണനകളാണ്. അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുത്തതിൽ നിർവ്വാഹകസംഘം കാണിച്ച ഔചിത്യത്തെ പ്രശംസിച്ചശേഷം, പരിഷത്തിന്റെ ദൃഷ്ടി പതിയേണ്ടുന്ന വിഷയങ്ങളെപ്പറ്റി വള്ളത്തോൾ ചുരുക്കത്തിൽ പ്രസ്താവിച്ചു. അന്യൂനമായ ഒരു നിഘണ്ടുവും സംപൂർണ്ണമായ സാഹിത്യചരിത്രവും അചിരേണ കിട്ടാനിടയുണ്ടെന്നാശംസിച്ചുകൊണ്ട് എഴുത്തിങ്ങിനെ തുടർന്നു:

''ഇതര മഹാഭാഷകളിലെ ഉൽകൃഷ്ടഗ്രന്ഥങ്ങളുടെ സംക്രമണം നമ്മുടെ ഭാഷ പുഷ്ടിപ്പെടുത്തുന്നതിനു വിശേഷിച്ചും പ്രയോജനപ്പെടുമെന്ന് അറിയാമല്ലൊ. അതിനാൽ വിവർത്തനത്തിനു വിദ്വാന്മാരുടെ ഒരു സംഘം ഉടനടി നിയമിക്കപ്പെടേണ്ടിയിരിക്കുന്നു. അതിലും ഇതിലും ചേരുന്ന വകയല്ലാത്ത ഏകദേശ തർജ്ജമ, അല്ലെങ്കിൽ സ്വതന്ത്ര തർജ്ജമ വർജ്ജനീയമാണെന്നു ഞാൻ പലപ്പോഴും പറയാറുള്ളത് ഒന്നുകൂടി ആവർത്തിച്ചുകൊള്ളട്ടെ. ലോകത്തിലെ ഏതൊരു പരിഷ്കൃത ഭാഷയാലും അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഈ സമ്പ്രദായത്തെ മലയാളഭാഷ എന്തിനു കൈക്കൊള്ളുന്നു? ഇത്രയും പരിമിതങ്ങളായ നീർത്തുള്ളികൊണ്ടു ശമിപ്പിക്കപ്പെടാവുന്നതാണോ നവീന കൈരളിയുടെ ജ്ഞാനതൃഷ്ണ? ഈ അശക്തിവിശേഷത്തിന്റെ സോപാനങ്ങളിലൂടെ മേല്പോട്ടു കയറുവാൻ വരാകിയായ കൈരളിയെക്കൊണ്ടു മേലിലും പാഴ്ശ്രമം ചെയ്യിക്കുകയാണോ?''

''ഈ വക വിഷയങ്ങൾ യഥാർത്ഥ ഭാഷാസ്നേഹികളുടെ ആലോചനയിൽപെടുമാറാകണം. ഇതിലധികം വല്ലതും പറയുവാൻ, കോൺഗ്രസ്സ് ദർശനംകൊണ്ട് ആറ്റാദാതിരേകത്താൽ ഓളംവെട്ടുന്ന എന്റെ ഹൃദയം ശക്തമല്ല. സാഹിത്യപരിഷത്ത് നിർവിഘ്നമായും പ്രയോജനകരമായും കഴിഞ്ഞുകൂടുന്നതിനു സരസ്വതീദേവി സദയം അനുഗ്രഹിക്കട്ടെ'' എന്നു പറഞ്ഞുകൊണ്ടാണ് എഴുത്തുപസംഹരിച്ചത്.

കോൺഗ്രസ്സിന്റെ ആശയങ്ങളോടു വള്ളത്തോളിനുണ്ടായിരുന്ന പ്രതിപത്തിയെക്കുറിച്ചു സ്വതേ ആക്ഷേപമുണ്ടായിരുന്നവരുടെ കയ്യിൽ ഈ സംഭവം നിശിതമായൊരു വിമർശനായുധമായിത്തീർന്നു. 1103 ധനുവിലെ സദ്ഗുരു മാസിക അല്പം പരിഹാസഭാവത്തിൽ ഇങ്ങിനെ എഴുതി:—''ഭാഷാഭിമാനിയായ മലയാളി ടാഗോർ ഈ അവസരത്തിൽ മദ്രാസിലേക്കുപോയി

അവിടെ കടപ്പുറത്തുവെച്ചു കോൺഗ്രസ്സ് പന്തലിൽ ഇരുന്നു യാതൊന്നും കേൾക്കുവാൻ സാധിക്കാതെ ഈ സാഹിത്യപരിഷൽപന്തലിനെ സ്മരിക്കുന്നു.'' പക്ഷേ ഭാഷാസാഹിത്യത്തോട് തെല്ലും അനാദരമുണ്ടായിട്ടല്ല പരിഷത്തിൽ സംബന്ധിക്കാതെ കോൺഗ്രസ്സ് കാണുവാൻ വള്ളത്തോൾ മദിരാശിക്കു പോയതെന്നു എഴുത്തിൽനിന്നു സ്പഷ്ടമായിരുന്നതുകൊണ്ടും പരിഷത്തിന്റെ ശ്രദ്ധയിൽപെടേണ്ടുന്ന വിഷയങ്ങളെ അതിൽ നിർദ്ദേശിച്ചിരുന്നതുകൊണ്ടും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തെഅന്നു ആരും അത്ര ആക്ഷേപാർഹമായി കണക്കാക്കിയില്ല.

1928 മെയ് മാസം ഒടുവിലത്തെ ആഴ്ചയിൽ (1103 എടവം) കേരള സംസ്ഥാന മഹാസഭയുടെ വാർഷികയോഗം പയ്യന്നൂരിൽ കൊണ്ടാടപ്പെട്ടു. ജവഹർലാൽനെഹറുവായിരുന്നു അതിന്റെ അധ്യക്ഷൻ. അതിനോടനുബന്ധിച്ചു നടന്ന കേരള സാഹിത്യ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചത് വള്ളത്തോളായിരുന്നു. സാഹിത്യപരിഷത്തുപോലെ അഖില കേരള പ്രാതിനിധ്യം ആ സാഹിത്യ സമ്മേളനത്തിന്നുണ്ടായിരുന്നില്ല. കുട്ടമത്ത് കുഞ്ഞിക്കൃഷ്ണക്കുറുപ്പിന്റെ സ്വാഗത പ്രസംഗത്തിന്നു ശേഷം വള്ളത്തോൾ പ്രസംഗം ആരംഭിച്ചത് ''പവിത്ര മോതിരങ്ങൾക്കു ശ്രുതിപ്പെട്ട പയ്യന്നൂരിന്നു നാളെ ഇവിടെ എത്തുന്ന ജവഹർലാൽനെഹറുവിന്റെ സാന്നിധ്യത്താൽ പവിത്രത്വം ഒന്നുകൂടി വർദ്ധിച്ചിരിക്കുന്നു'' എന്ന മുഖവുരയോടുകൂടിയായിരുന്നു. ഉത്തിഷ്ടമാനന്മാരായ മലയാള കവികളെപ്പറ്റി പ്രസംഗമധ്യേ വള്ളത്തോൾ ഇങ്ങിനെ പ്രസ്താവിച്ചു: ''നൈപുണ്യവും പരിജ്ഞാനവും നിരീക്ഷണശീലവും അഭ്യാസവും തികഞ്ഞ ഒരുവനിൽമാത്രമേ കവിതാദേവി പ്രസന്നയായിരിക്കൂ. നിരീക്ഷണശീലം നമ്മുടെ ഇന്നത്തെ വളരെ കവികളും കാര്യമായി കരുതുന്നില്ല. മഴവില്ലു ചുകന്നതാണെന്നു മലയാളത്തിലെ ഏറ്റവും ശ്രുതിപ്പെട്ട ഒരു കവി പറകയുണ്ടായി. അതിന്റെ അയാഥാർത്ഥ്യം ഒരു സ്നേഹിതൻ ചൂണ്ടിക്കാണിച്ചപ്പോൾ 'ഓ, അതു സാരമില്ല' എന്നത്രെ ആ കവി പറഞ്ഞത്. മഴവില്ലിന്റെ നിറവിശേഷം സാരമില്ലെങ്കിൽ എന്തൊന്നാണ് സാരമായിട്ടുള്ളത്? പ്രകൃതിനിരീക്ഷണപാടവത്തിന്റെ ദുർഭിക്ഷമാണിതുദാഹരിക്കുന്നത്.'' സംസ്കൃതക്കാരെ വിശ്വസിച്ചുകൂടാ എന്നു ഏതോ ഒരാൾ ആക്ഷേപിച്ചതിനെപ്പറ്റി ''ഗംഗയും സംസ്കൃതവും എടുത്തുകളഞ്ഞാൽ ഇന്ത്യ പിന്നെ ഇന്ത്യയാകുമോ?'' എന്നായിരുന്നു വള്ളത്തോളിന്റെ ചോദ്യം. പ്രേമലഹരി, പ്രേമരഹസ്യം, പ്രേമപ്രവാഹം എന്നെല്ലാം പേരുകളിൽ പ്രേമത്തെ ആഭാസപ്പെടുത്തിക്കൊണ്ടു എഴുതുന്ന പുതിയ കൃതികളെപ്പറ്റിയും വള്ളത്തോൾ സന്ദർഭവശാൽ പറയുകയുണ്ടായി.

കോൺഗ്രസ്സ് യോഗം കണ്ടതിലുള്ള സന്തുഷ്ടിയുടെ മൃദുലഹസ്തങ്ങൾക്കേ ത്രാണിയുള്ളൂ.''

സാമാന്യം ദീർഘമായ ആ എഴുത്തിന്റെ അടുത്ത ഖണ്ഡികയിൽ കോൺഗ്രസ്സ് സമ്മേളിച്ച സ്ഥലത്തിന്റെയും സ്വാതന്ത്ര്യലക്ഷ്മിയുടെ തിലകമായിട്ടുൽപ്രേക്ഷിക്കാവുന്ന അതിലെ 'തിലകമണ്ഡപ'ത്തിന്റെയും വർണ്ണനകളാണ്. അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുത്തതിൽ നിർവ്വാഹകസംഘം കാണിച്ച ഔചിത്യത്തെ പ്രശംസിച്ചശേഷം, പരിഷത്തിന്റെ ദൃഷ്ടി പതിയേണ്ടെന്ന വിഷയങ്ങളെപ്പറ്റി വള്ളത്തോൾ ചുരുക്കത്തിൽ പ്രസ്താവിച്ചു. അന്യൂനമായ ഒരു നിഘണ്ടുവും സംപൂർണ്ണമായ സാഹിത്യചരിത്രവും അചിരേണ കിട്ടാനിടയുണ്ടെന്നാശംസിച്ചുകൊണ്ട് എഴുത്തിങ്ങിനെ തുടർന്നു:

''ഇതര മഹാഭാഷകളിലെ ഉൽകൃഷ്ടഗ്രന്ഥങ്ങളുടെ സംക്രമണം നമ്മുടെ ഭാഷ പുഷ്ടിപ്പെടുത്തുന്നതിനു വിശേഷിച്ചും പ്രയോജനപ്പെടുമെന്ന് അറിയാമല്ലൊ. അതിനാൽ വിവർത്തനത്തിനു വിദ്വാന്മാരുടെ ഒരു സംഘം ഉടനടി നിയമിക്കപ്പെടേണ്ടിയിരിക്കുന്നു. അതിലും ഇതിലും ചേരുന്ന വകയല്ലാത്ത ഏകദേശ തർജ്ജമ, അല്ലെങ്കിൽ സ്വതന്ത്ര തർജ്ജമ വർജ്ജനീയമാണെന്നു ഞാൻ പലപ്പോഴും പറയാറുള്ളത് ഒന്നുകൂടി ആവർത്തിച്ചുകൊള്ളട്ടെ. ലോകത്തിലെ ഏതൊരു പരിഷ്കൃത ഭാഷയാലും അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഈ സമ്പ്രദായത്തെ മലയാള ഭാഷ എന്തിനു കൈക്കൊള്ളുന്നു? ഇത്രയും പരിമിതങ്ങളായ നീർത്തുള്ളികൊണ്ടു ശമിപ്പിക്കപ്പെടാവുന്നതാണോ നവീന കൈരളിയുടെ ജ്ഞാനതൃഷ്ണ? ഈ അശക്തിവിശേഷത്തിന്റെ സോപാനങ്ങളിലൂടെ മേല്പോട്ടു കയറുവാൻ വരാകിയായ കൈരളിയെക്കൊണ്ടു മേലിലും പാഴ്ശ്രമം ചെയ്യിക്കുകയാണോ?''

''ഈ വക വിഷയങ്ങൾ യഥാർത്ഥ ഭാഷാസ്നേഹികളുടെ ആലോചനയിൽപെടുമാറാകണം. ഇതിലധികം വല്ലതും പറയുവാൻ, കോൺഗ്രസ്സ് ദർശനംകൊണ്ട് ആഹ്ലാദാതിരേകത്താൽ ഓളംവെട്ടുന്ന എന്റെ ഹൃദയം ശക്തമല്ല. സാഹിത്യപരിഷത്ത് നിർവിഘ്നമായും പ്രയോജനകരമായും കഴിഞ്ഞുകൂടുന്നതിനു സരസ്വതീദേവി സദയം അനുഗ്രഹിക്കട്ടെ'' എന്നു പറഞ്ഞുകൊണ്ടാണ് എഴുത്തുപസംഹരിച്ചത്.

കോൺഗ്രസ്സിന്റെ ആശയങ്ങളോടു വള്ളത്തോളിനുണ്ടായിരുന്ന പ്രതിപത്തിയെക്കുറിച്ചു സ്വതേ ആക്ഷേപമുണ്ടായിരുന്നവരുടെ കയ്യിൽ ഈ സംഭവം നിശിതമായൊരു വിമർശനായുധമായിത്തീർന്നു. 1103 ധനുവിലെ സദ്ഗുരു മാസിക അല്പം പരിഹാസഭാവത്തിൽ ഇങ്ങിനെ എഴുതി:—''ഭാഷാഭിമാനിയായ മലയാളി ടാഗോർ ഈ അവസരത്തിൽ മദ്രാസിലേക്കുപോയി

അവിടെ കടപ്പുറത്തുവെച്ചു കോൺഗ്രസ്സ് പന്തലിൽ ഇരുന്നു യാതൊന്നും കേൾക്കുവാൻ സാധിക്കാതെ ഈ സാഹിത്യപരിഷൽപന്തലിനെ സ്മരിക്കുന്നു.'' പക്ഷേ ഭാഷാസാഹിത്യത്തോട് തെല്ലും അനാദരമുണ്ടായിട്ടല്ല പരിഷത്തിൽ സംബന്ധിക്കാതെ കോൺഗ്രസ്സ് കാണുവാൻ വള്ളത്തോൾ മദിരാശിക്കു പോയതെന്നു എഴുത്തിൽനിന്നു സ്പഷ്ടമായിരുന്നതുകൊണ്ടും പരിഷത്തിന്റെ ശ്രദ്ധയിൽപെടേണ്ടുന്ന വിഷയങ്ങളെ അതിൽ നിർദ്ദേശിച്ചിരുന്നതുകൊണ്ടും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തെഅന്നു ആരും അത്ര ആക്ഷേപാർഹമായി കണക്കാക്കിയില്ല.

1928 മെയ് മാസം ഒടുവിലത്തെ ആഴ്ചയിൽ (1103 എടവം) കേരള സംസ്ഥാന മഹാസഭയുടെ വാർഷികയോഗം പയ്യന്നൂരിൽ കൊണ്ടാടപ്പെട്ടു. ജവഹർലാൽനെഹറുവായിരുന്നു അതിന്റെ അധ്യക്ഷൻ. അതിനോടനുബന്ധിച്ചു നടന്ന കേരള സാഹിത്യ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചത് വള്ളത്തോളായിരുന്നു. സാഹിത്യപരിഷത്തുപോലെ അഖില കേരള പ്രാതിനിധ്യം ആ സാഹിത്യ സമ്മേളനത്തിനുണ്ടായിരുന്നില്ല. കുട്ടമത്ത് കുഞ്ഞിക്കൃഷ്ണക്കുറുപ്പിന്റെ സ്വാഗത പ്രസംഗത്തിനു ശേഷം വള്ളത്തോൾ പ്രസംഗം ആരംഭിച്ചത് ''പവിത്ര മോതിരങ്ങൾക്കു ശ്രുതിപ്പെട്ട പയ്യന്നൂരിനു നാളെ ഇവിടെ എത്തുന്ന ജവഹർലാൽനെഹറുവിന്റെ സാന്നിധ്യത്താൽ പവിത്രത്വം ഒന്നുകൂടി വർദ്ധിച്ചിരിക്കുന്നു'' എന്ന മുഖവുരയോടുകൂടിയായിരുന്നു. ഉത്തിഷ്ഠമാനന്മാരായ മലയാള കവികളെപ്പറ്റി പ്രസംഗമധ്യേ വള്ളത്തോൾ ഇങ്ങിനെ പ്രസ്താവിച്ചു: ''നൈപുണ്യവും പരിജ്ഞാനവും നിരീക്ഷണശീലവും അഭ്യാസവും തികഞ്ഞ ഒരുവനിൽമാത്രമേ കവിതാദേവി പ്രസന്നയായിരിക്കൂ. നിരീക്ഷണശീലം നമ്മുടെ ഇന്നത്തെ വളരെ കവികളും കാര്യമായി കരുതുന്നില്ല. മഴവില്ലു ചുകന്നതാണെന്നു മലയാളത്തിലെ ഏറ്റവും ശ്രുതിപ്പെട്ട ഒരു കവി പറകയുണ്ടായി. അതിന്റെ അയാഥാർത്ഥ്യം ഒരു സ്നേഹിതൻ ചൂണ്ടിക്കാണിച്ചപ്പോൾ 'ഓ, അതു സാരമില്ല' എന്നത്രെ ആ കവി പറഞ്ഞത്. മഴവില്ലിന്റെ നിറവിശേഷം സാരമില്ലെങ്കിൽ എന്തൊന്നാണ് സാരമായിട്ടുള്ളത്? പ്രകൃതിനിരീക്ഷണപാടവത്തിന്റെ ദുർഭിക്ഷമാണിതുദാഹരിക്കുന്നത്.'' സംസ്കൃതക്കാരെ വിശ്വസിച്ചുകൂടാ എന്നു ഏതോ ഒരാൾ ആക്ഷേപിച്ചതിനെപ്പറ്റി ''ഗംഗയും സംസ്കൃതവും എടുത്തുകളഞ്ഞാൽ ഇന്ത്യ പിന്നെ ഇന്ത്യയാകുമോ?'' എന്നായിരുന്നു വള്ളത്തോളിന്റെ ചോദ്യം. പ്രേമലഹരി, പ്രേമരഹസ്യം, പ്രേമപ്രവാഹം എന്നെല്ലാം പേരുകളിൽ പ്രേമത്തെ ആഭാസപ്പെടുത്തിക്കൊണ്ടു എഴുതുന്ന പുതിയ കൃതികളെപ്പറ്റിയും വള്ളത്തോൾ സന്ദർഭവശാൽ പറയുകയുണ്ടായി.

പത്തൊമ്പതാം അധ്യായം

കൊച്ചുസീത

1103-ൽ വള്ളത്തോളിന്റെ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകൃതങ്ങളായി—ഗ്രന്ഥവിഹാരവും കൊച്ചുസീതയും. ഗ്രന്ഥവിഹാരത്തെപ്പറ്റി മുമ്പൊരധ്യായത്തിൽ പ്രസ്താവിച്ചുകഴിഞ്ഞിരിക്കയാൽ അതിനെപ്പറ്റി ഇവിടെയൊന്നും പറയേണ്ടതായിട്ടില്ല. തമിഴ് നാട്ടിൽ സംഭവിച്ചതായി പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തിരുന്ന ഒരു ദേവദാസിക്കുട്ടിയുടെ ദുരന്തകഥയാണ് 'കൊച്ചുസീത' എഴുതുവാൻ പ്രേരണ നല്കിയത്.

വേശ്യമാരുടെ കുലത്തിൽ പിറന്നുവെങ്കിലും പതിപ്രേമചാരിത്രത്തോടുകൂടിയ ജീവിതം നയിക്കുവാൻ ആഗ്രഹിച്ച ഒരു ബാലികയുടെ, പഴയ പാരമ്പര്യത്തിൽ മുത്തുമുരടിച്ച മുത്തശ്ശിയുടെ നിർബന്ധം സഹിക്കുവാൻ വയ്യാഞ്ഞിട്ട് ആത്മഹത്യ ചെയ്തു ജീവനാശം വരുത്തേണ്ടിവന്നൊരു കഥയാണ് 'കൊച്ചുസീത'യിലെ വിഷയം. ചെറുപ്പംമുതല്ക്കേ ചമ്പകവല്ലിയുടെ—അതായിരുന്ന ആ പെങ്കിടാവിന്റെ പേരു—രാമായണം വായിക്കുവാൻ വലിയ പ്രതിപത്തിയുണ്ടായിരുന്നു. പതിവുപോലെ ഒരു ദിവസം ഉച്ചയ്ക്കു പൂമണിമേടത്തളത്തിൽ രാമായണം വായിച്ചുകൊണ്ടിരിക്കുന്ന ചമ്പകവല്ലിയുടെ അടുക്കലേക്കാണ് കവി നമ്മെ പ്രവേശിപ്പിക്കുന്നത് അവരുടെ അമ്മയിലല്ല; അമ്മയുടെ അമ്മയാണവളെ വളർത്തിക്കൊണ്ടുവന്നതു്. ആ മുത്തശ്ശി, അടുത്തൊരു കട്ടിലിൽ 'മല്ലീശരന്റെ യൊടിഞ്ഞവിൽ പോലവേ' വളഞ്ഞു ചെരിഞ്ഞു കിടക്കുന്നുണ്ട്. പെട്ടെന്നു, ചമ്പകവല്ലി വായന നിർത്തി എന്തോ മനോരാജ്യത്തിൽ മുഴുകി ഇരിപ്പായി. 'രാമഭദ്രനു സമാനനായോരഭിരാമപുരുഷന്റെ' പത്നിയായി സ്വയം സങ്കല്പിച്ചുകൊണ്ട് അവൾ ഏതോ സ്വപ്നമേഖലയിൽ സഞ്ചരിക്കുകയായിരുന്നു. മുത്തശ്ശിയുടെ ''ഇന്നിത്ര വേഗം കഴിഞ്ഞുവോ വായിക്കൽ'' എന്ന ചോദ്യമാണവളെ ആ സ്വപ്നത്തിൽനിന്നുണർത്തിയത്. തനിയ്ക്കും സീതയെപ്പോലെ ആവണമെന്നു ചമ്പകവല്ലിയുടെ മറുപടി കേട്ടപ്പോൾ തള്ളയുടെ ഭാവം ആകപ്പാടെ മാറി. വാരാംഗനകളുടെ ധർമ്മസംഹിതയെപ്പറ്റി ആ കിഴവി നടത്തിയ നീണ്ട പ്രസംഗത്തിനു ചമ്പകവല്ലിയുടെ അഭിപ്രായഗതിയെ മാറ്റുവാൻ സാ

ധിച്ചില്ല. ശരീരത്തിന്റെ സൌഭാഗ്യത്തോടൊപ്പം ആ കൊച്ചു നത്തകിയുടെ മനോവൃത്തിയും സീതാഗ്രണാനുധ്യാനത്താൽ ശോഭനതരമായിത്തീർന്നുകൊണ്ടിരുന്നു. ദുരാശ മുഴുത്ത കിഴവിയുടെ വാശിയും സുശീലയായ ബാലികയുടെ പൊറുതികേടും അനുദിനം വർദ്ധിച്ചുവന്നു. അങ്ങിനെയിരിക്കുമ്പോഴും ഒരു ദിവസം കിഴവിയുമായിച്ചെയ്ത ഉടമ്പടിയനുസരിച്ചു, അമ്പതോളം വയസ്സുള്ള ഒരു ധനികൻ ചമ്പകവല്ലിയുടെ ശയനാഗാരത്തിൽ കടന്നുചെന്നു. അതായിരുന്നു അയാൾക്കുവേണ്ടി നിർദ്ദേശിച്ചുവെച്ചിരുന്ന സങ്കേതം. കട്ടിലിൽ മൂടിപ്പുതച്ചു കിടക്കുന്ന സ്വരൂപം ചമ്പകവല്ലിയാണെന്നു വിചാരിച്ചുകൊണ്ടു ആ ലമ്പടൻ അടുത്തുചെന്നാശ്ലേഷിച്ചപ്പോഴാണ് അത് ഒരു ചേലകൊണ്ടു മൂടിവെച്ച ഒരു നീളൻ തലയണയാണെന്നു മനസ്സിലായത്. ധനികനു ശ്രുണിവന്നു, വൃദ്ധയോടു കയർത്തുവെങ്കിലും അക്കാര്യത്തിൽ ആ സ്ത്രീ നിരപരാധയായിരുന്നു! ചമ്പകവല്ലിയുടെ മുത്തശ്ശിയുടെ നിബ്ബന്ധത്തിനു വഴങ്ങുവാൻ സാധിക്കാതെ അവൾ ഒരെഴുത്തെഴുതിവെച്ചു എവിടെയ്ക്കോ പോയ്ക്കളഞ്ഞിരുന്നു.

മന്ദിരാൽപ്പാഞ്ഞു രാവിൻ മറയിൽവെ
ച്ചുന്നു സൂക്ഷിച്ച ചാരിത്ര മെൻധനം
ഇന്നി മൃത്യുവിൻ പെട്ടിയിൽത്താൻകൊണ്ടു
ചെന്നുവെയ്ക്കിലേ സംരക്ഷിതമാകൂ

എന്നു വിശ്വാസത്തോടുകൂടിയാണ് അവൾ ആത്മഹത്യയ്ക്കായുള്ള ആ യാത്രയ്ക്കൊരുമ്പെട്ടത്.

ഇതിനുമുമ്പും ഒരു വേശ്യയുടെ കഥ വള്ളത്തോൾക്കവിതയ്ക്കു വിധേയമായിട്ടുണ്ട്. പക്ഷേ മശലനമറിയത്തിന്റെയും ചമ്പകവല്ലിയുടെയും ചരിത്രങ്ങൾ വിഭിന്നങ്ങളാണ്. മശലനമറിയം ജനനാൽ വേശ്യയായിരുന്നില്ല; പിന്നീടു വേശ്യാവൃത്തി കൈക്കൊണ്ടവളാണ്. ക്രിസ്തുവിന്റെ സൂക്തങ്ങൾ ചെവിയിൽ പതിഞ്ഞപ്പോളുണ്ടായ മാനസാന്തരമാണ് അവളിൽ പശ്ചാത്താപം ജനിപ്പിച്ചത്. നേരെമറിച്ചു, ചമ്പകവല്ലിയുടെ ജനനംതന്നെ കുലപാരമ്പര്യമായി നടത്തിപ്പോന്ന വേശ്യാവൃത്തികൊണ്ടു സമ്പാദിച്ച ധനസമൃദ്ധിയുടെ മദ്ധ്യത്തിലാണ്. എന്നിട്ടും കുട്ടിക്കാലം മുതല്ക്കേ അവൾക്കു സീതയെപ്പോലെയാവാനായിരുന്നു ആഗ്രഹം. അതു പറയുമ്പോൾ, കവിയുടെ ആഷ്സംസ്കാരം ആവേശംകൊള്ളുന്നതു നോക്കുക:

അമ്പോ മഹിമാവിതാഷ്ട്രവേ! തവ
വൻപോക്കെത്തിലും നിഷ്കാമകാഹളം,
വേടകുടിലിലും ബ്രാഹ്മണ്യസമ്പത്തി,
വേശത്തെരുവിലും ചാരിത്രസൌരഭം!

ചമ്പകത്തിന്റെ മനോഗതി മാറ്റുവാൻ മുത്തശ്ശി ആവുന്നതും ശ്രമിച്ചുനോക്കിയിട്ടും ഫലമുണ്ടായില്ല. 'കോവിലിൽ നൃത്തമാടുവാനല്ലാതെ, പാഴ്‌വിടന്മാക്ക പാവയായാടുവാൻ' അവൾ സമ്മതിച്ചില്ല. ഇടംപ്രഥമമായി അതിന്നും മുത്തശ്ശി നിബ്ബന്ധിച്ചപ്പോൾ,

നല്ല കന്മതിൽ ചുറ്റുമുള്ളെൻവീട്ടി
ലില്ല രക്ഷയെൻ മാനത്തിനെന്നായി

എന്നു മനസ്സിലാക്കി അതേ രാത്രിയിൽത്തന്നെ 'വന്ദ്യ വൈദേഹി തക്കതു തോന്നിച്ച'തുകൊണ്ടു വീടു വിട്ടു പുറത്തേയ്ക്കോടി രക്ഷപ്പെടുകയും ചെയ്തു.

'കൊച്ചുസീത'യുടെ ആദ്യത്തെ പതിപ്പിൽ കുട്ടിക്കൃഷ്ണമാരുടെ സാമാന്യം ദീർഘമായൊരുപോൽഘാതമുണ്ടായിരുന്നു. മലയാളരാജ്യത്തിലെ നായർസമുദായത്തെയും ആചാരങ്ങളെയും ഏറക്കുറെ ശക്തിയായി അതിൽ വിമർശിച്ചതു പലരിലും അമർഷമുളവാക്കി. ദേവദാസിസമ്പ്രദായത്തിന്റെ ദോഷങ്ങളെ മുൻനിർത്തി അതു തീരെ നടപ്പില്ലാത്ത ഒരു സമുദായത്തെ ആക്ഷേപിച്ചതിലുള്ള അനൌചിത്യം മനസ്സിലാക്കിയതുകൊണ്ടായിരിക്കാം ആ ഉപോൽഘാതം പിൻ പതിപ്പുകളിൽ ഉൾപ്പെടുത്താതിരുന്നത്. എങ്കിലും ഗ്രന്ഥവിഹാരത്തിലെന്നപോലെ കൊച്ചുസീതയിലും മാരാരുടെ തൂലികാവിലാസം കൊണ്ടൊരു കോളിളക്കം സൃഷ്ടിക്കപ്പെട്ട എന്ന വസ്തുത ഈ സന്ദർഭത്തിൽ പ്രസ്താവാർഹമാണ്.

വള്ളത്തോൾക്കവിതയ്ക്ക് ആകപ്പാടെ ഒരു ഗ്രഹപ്പിഴപിടിച്ച കാലമായിരുന്നു അതെന്നു തോന്നുന്നു. ഒരു 'കവിരാക്ഷസൻ' കൊച്ചുസീതയെ കലശലായി പിടികൂടുവാൻ ഭാഷാപോഷിണി മാസികയിൽ ഒരു ശ്രമംനടത്തി. കാവ്യത്തിന്റെ നാമകരണംമുതൽ പരിസമാപ്തിവരെ ആ വിമർശകന്റെ പലതരത്തിലുമുള്ള ആക്ഷേപത്തിന്നു ശരവ്യമായിത്തീർന്നു. നായികയായ ചമ്പകവല്ലി രാമായണം വായിച്ചു സീതയെപ്പോലെ ആയിത്തീരുവാൻ ആഗ്രഹിച്ചതുകൊണ്ടുമാത്രം അവളെ കൊച്ചുസീതയാക്കിയത് രാക്ഷസന്നു അശേഷം സമ്മതമായില്ല! അവളുടെ അവസാനത്തെ എഴുത്ത് 'തൻപവിത്ര ഹൃദ്ഭവിലീഖിത'മാണെന്നു വർണ്ണിച്ചതു അസംബന്ധമാണെന്നും അയാൾ വിധിയെഴുതി. ''ഇതെന്തൊരു പുതുമയാണാവോ? ടാഗോർ പ്രസ്ഥാനം ഇവിടെയാണ് മൂർത്തിമത്തായിക്കാണുന്നത്! വള്ളത്തോൾ ഈ മെരട്ടിൽ പെട്ടുവല്ലൊ!'' എന്നായിരുന്നു അയാളുടെ ആവലാതി. ഇതിൽ ടാഗോറിന്റെ പേരും വലിച്ചു

ഴച്ചതെന്തിനാണെന്നു മനസ്സിലാവാനാണ് അധികം പ്രയാസം. 'ടാഗോർപ്രസ്ഥാന'ത്തെപ്പറ്റിയുള്ള പരിഹാസമനോഭാവം ആ വിമർശകനെപ്പോലെ മറ്റു ചിലരും അന്നു പുലർത്തിപ്പോന്നിരുന്നു. ടാഗോറിന്റെ കവിതകളെപ്പറ്റി വാസ്തവത്തിൽ യാതൊന്നും അറിഞ്ഞുകൂടാത്തവരായിരുന്നു അവരിൽ പലരും. തങ്ങൾ പരിചയിച്ചിട്ടുള്ളതിൽനിന്നു വ്യത്യസ്തമായിട്ടെന്തോ ചിലതുണ്ട് ടാഗോർക്കവിതയിലെന്നല്ലാതെ അതെന്താണെന്നോ അതിന്റെ കലാപരമായ മേന്മ എന്താണെന്നോ അവർ മനസ്സിലാക്കിയിരുന്നില്ല. ഏതായാലും 'തൻപവിത്ര ഹൃദ്കവിലിഖിത'മെന്ന പ്രയോഗത്തിനും ടാഗോർക്കവിതയ്ക്കും തമ്മിലുള്ള സംബന്ധത്തെ പുരസ്കരിച്ചുകൊണ്ടു ചെയ്ത ആ ദോഷാരോപണം അത്യന്തം വിചിത്രമായിരുന്നു. 'രാക്ഷസമദാപഹരണം' എന്ന പ്രത്യാഖ്യാനത്തിൽ എം. ആർ. നായർ പറഞ്ഞതുപോലെ, മലയാളപദ്യസാഹിത്യത്തിലെ പുതിയ പ്രസ്ഥാനത്തോടു പൊരുവിലും വള്ളത്തോളിനോടു വ്യക്തിപരമായും തോന്നിയ വൈരസ്യമായിരുന്നു കവിരാക്ഷസന്റെ അഭിപ്രായത്തിന്റെ പിന്നിലുള്ള പ്രേരകശക്തി. അല്ലെങ്കിൽ മേല്പറഞ്ഞ പ്രയോഗത്തിന്റെ സാരസ്യം അയാംക്കത്രമാത്രം ദുർഗ്രഹമാകുമായിരുന്നില്ല. ചമൽക്കാരത്തിന്റെ നേക്കു കവി രാക്ഷസൻ മനഃപൂർവ്വം കണ്ണടച്ചതിനു വേറൊരുദാഹരണംകൂടി പറയാം.

വേളിവജ്ജിതം വേശ്യമാക്കു, മണ
വാളരോ യഥാകാമമനേകം പേർ
താളിയോലക്കുറിപ്പിതെൻ തപ്പാശ്രു
ക്ഷാളനാലവക്കേറെത്തെളികയായ്

എന്ന വരികളെപ്പറ്റി കവിരാക്ഷസൻ ചോദിക്കുകയാണ് ''താളിയോലക്കുറിപ്പിൽ തപ്പാശ്രു വീണതെങ്ങിനെയാണാവോ? താളിയോലയുടെ മുകളിൽ ഇരുന്നിട്ടായിരിക്കുമോ ചമ്പകവല്ലി കരഞ്ഞത്?'' എന്ന്. എഴുതിയതു വായിക്കുവാൻ ആരും ഗ്രന്ഥത്തിന്റെയോ താളിയോലയുടെയോ മുകളിൽ കയറി ഇരിക്കാറില്ലെന്നും, ഇരുന്നാൽത്തന്നെ അതിന്മേൽ വായനക്കാരന്റെ കണ്ണുനീർ വീഴുകയില്ലെന്നും കൂട്ടികാണുകപോലും അറിയാം. എന്നിട്ടും ഇങ്ങിനെയൊരു ചോദ്യം ചോദിക്കുവാൻ കവിരാക്ഷസനൊരു ലജ്ജയുണ്ടായില്ല. കവിഹൃദയം മനസ്സിലാക്കുവാൻ ക്ഷമയില്ലാതെ സ്വയംകൃതങ്ങളായ മുൻതീപ്പുകളെ അടിസ്ഥാനപ്പെടുത്തി എന്തൊക്കെയോ ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയായിരുന്ന കവിരാക്ഷസൻ ചെയ്തത് എന്നതിനു വേറൊരുദാഹരണംകൂടി എടുത്തുകാണിക്കട്ടെ.

താരകങ്ങളേ! നിങ്ങളിൽ വത്തിച്ച
പോരുമെൻ മുതുമുത്തശ്ശിമാരെല്ലാം
ദൂരതകൊണ്ടു കാണുന്നതില്ലെന്നോ
ഭാരതത്തിന്റെ വൈപരീത്യങ്ങളെ?

ഇതിനെക്കുറിച്ചുള്ള ആക്ഷേപത്തിന്റെ പോക്കിങ്ങിനെയാണു്:—''പോരുന്ന രാത്രിയാണു് നക്ഷത്രങ്ങളെക്കണ്ടതു്(?) അന്നല്ലേ അവരോടു വല്ലതും പറയേണ്ടതു്? ഇതു അനുചിതവും അസംബന്ധവുമാണു്. പിന്നെ വേശ്യാവൃത്തിയിൽ ജീവിക്കുന്നവക്കു നരകമാണു് ഗതിയെങ്കിൽ അവരെങ്ങിനെ സ്വർഗ്ഗസ്ഥരായ നക്ഷത്രങ്ങളുടെകൂട്ടത്തിൽ പെടും? മരിച്ചുപോയ മുതുമുത്തശ്ശിമാർ നക്ഷത്രങ്ങളായിത്തീർന്നിരിക്കുമെന്ന ഊഹം ഭംഗിയല്ല.'' അനൌചിത്യവും അസംബദ്ധതയും ചമ്പകവല്ലിയുടെ മേലുദ്ധരിച്ച വാക്യത്തിലല്ല, വിമർശനത്തിലാണു് കാണുക. ആത്മഹത്യ ചെയ്യുവാനുറച്ചു് വീടുവിട്ടോടിപ്പോവുകയല്ല ചമ്പകവല്ലി ചെയ്തതു്. വിടനായ പണക്കാരനെ തന്റെ അറയ്ക്കകത്തേക്കു പറഞ്ഞയക്കുവാൻ മുത്തശ്ശി നിശ്ചയിച്ച ആ രാത്രി അവൾ 'വേടനമ്പെയ്ത മാൻപേടപോലെ' വീടു വിട്ടുപോന്നിരുന്നു. പത്തുനാൾ കഴിഞ്ഞിട്ടേ അവൾ ആത്മഹത്യചെയ്തുള്ളൂ എന്നു എഴുത്തിലെ വാചകങ്ങൾ തെളിയിക്കുന്നുണ്ടു്:—

അപ്പരിഭ്രമപ്പാച്ചലിൻ വൻ കിത
പ്പിപ്പൊഴും—പത്തുനാളിന്നു ശേഷവും—
ഉൽപ്പതിപ്പതുണ്ടെൻ പ്രാണവായുത
ന്നഭ്രയാത്രയ്ക്കുകമ്പടിക്കാരനായു്

എന്ന വരികളും നോക്കുക. വേശ്യാവൃത്തിയിൽ ജീവിക്കുന്നവക്കു സ്വർഗ്ഗസ്ഥരായ നക്ഷത്രങ്ങളുടെകൂട്ടത്തിൽ സ്ഥാനമുണ്ടോ എന്ന ചോദ്യത്തിന്നും ഈ സന്ദർഭത്തിൽ പ്രസക്തിയില്ല. ഏതായാലും ചമ്പകവല്ലി വിഭാവനംചെയ്ത മുത്തശ്ശിമാർ അവരല്ല; പുരാണേതിഹാസങ്ങളിലെ നായികമാരായ സാവിത്രി, ശീലാവതി, ദമയന്തി മുതലായ ചാരിത്രശാലിനികളെയാണു് അവൾ സ്മരിക്കുന്നതു്—

മൃത്യുദണ്ഡിനെത്തന്നെയും തൃക്കാല്പൽ
ക്ലൃപ്തദണ്ഡനമസ്കാരമാക്കിയോർ,
അക്കനെപ്പോലുമാജ്ഞാ മഹത്ത്വത്താ
ലല്പിൽനിന്നു പൊന്താതേ നിറുത്തിയോർ,
മൌഢ്യജാതമാം മുഷ്ടിനെയാർദ്രമാം
നോട്ടമേകൊണ്ടു ഭസ്മീകരിച്ചവർ

മുതലായവരെതന്നെ. അങ്ങിനെയുള്ള പതിവ്രതമാരുടെ രാജ്യത്തു ജനിച്ചവർ 'കാമകിങ്കരന്മാരുടെ കൈത്തൊഴിലാമൊരു തരം കണ്ണടവെക്കയാൽ' പാപദാരിദ്ര്യരോഗക്ലപങ്ങളിൽ ആപതിച്ചടിഞ്ഞുകിടക്കുന്ന സ്ഥിതിവൈപരീത്യത്തെപ്പററി വിലപിക്കുകയായിരുന്ന ചമ്പകവല്ലി. അതു ധരിക്കുവാനുള്ള മനോധർമ്മമോ സന്നദ്ധതയോ ഇല്ലാത്ത വിമശ്കനോടു സമാധാനം പറയുന്നതിനു പകരം

അരസികേഷു കവിത്വ നിവേദനം
ശിരസിമാലിഖ മാലിഖ മാലിഖ

എന്നു ദൈവത്തോടു പ്രാത്ഥിക്കുകയായിരിക്കും അധികം ഉചിതം. അതാണ് വള്ളത്തോൾ ചെയ്തതും. പതിവുപോലെ, കവിരാക്ഷസന്റെ വിമശ്നകോലാഹലത്തിലും കവിയുടെ മനോഭാവം തികച്ചും ഉദാസീനവും അവിക്ഷുബ്ധവുമായിരുന്നു. വിമശ്നത്തിന്റെ വിഷലിപ്തങ്ങളായ ശരങ്ങൾ കൊച്ചുസീതയുടെ സൌഭാഗ്യത്തെ ക്ഷതപ്പെടുത്തുവാൻ തെല്ലും പര്യാപ്തമായില്ല. ഉള്ളിൽ തട്ടിയ വികാരങ്ങളിൽനിന്നു രൂപംകൊണ്ട കാവ്യങ്ങൾക്കു ഇങ്ങിനെ ചില താൽകാലികാഘാതങ്ങൾ കൊണ്ടു യാതൊരു വൈകല്യവും സംഭവിക്കുകയില്ല. ദേവദാസികളെ അധഃപതിപ്പിക്കുവാനിടവരുത്തിയ സാഹചര്യങ്ങളെപ്പററി വള്ളത്തോളിനു എല്ലായ്പോഴും ആക്ഷേപമുണ്ടായിരുന്നു. കൊച്ചുസീതയുടെ പ്രസിദ്ധീകരണത്തിനുശേഷം, ഒരു സാഹിത്യപരിഷൽസമ്മേളനത്തിൽ നാട്യനൃത്തകലകളെപ്പററി പ്രസംഗിക്കുന്നതിൻമധ്യേ അദ്ദേഹം ഉച്ചരിച്ച ഈ വാക്യങ്ങൾ അതിനുദാഹരണമാണ്:—

''ക്ഷേത്രനത്കികിമാർ അപരിണീതമാരായി വ്യഭിചാരിണികളായി വത്തിക്കേണമെന്ന ധർമ്മശാസ്ത്രത്തെ എഴുതിയ നാരായം പുരുഷന്റെ നിശിതമായ കാമചാപല്യമല്ലാതെ മറെറാന്നല്ല. ഈശ്വരാരാധനത്തിന്നായി ക്ഷേത്രങ്ങളെ പ്രാപിപ്പിയ്ക്കപ്പെട്ട ആ പുഷ്പങ്ങളിൽ ചളി തെറിപ്പിച്ചുപോന്നതും ഇപ്പോൾ ആ കോമളവസ്തുക്കളെ 'ചരീ, ചേറുപുരണ്ടവ' എന്നു തട്ടിനീക്കുന്നതും പുരുഷന്മാർതന്നെ. അഹോ! മനുഷ്യന്റെ മറിമായം!''

1104 കന്നിമാസത്തിൽ കൊച്ചിമഹാരാജാവിന്റെ ജന്മദിനാഘോഷം പ്രമാണിച്ചു വള്ളത്തോളിനു 'കവിസാവ്ഭൌമൻ' എന്ന ബിരുദം സമ്മാനിക്കപ്പെട്ടു. പ്രതിമാസം പതിനഞ്ചുറുപ്പിക അടുത്തുണ്ടും അതിനോടൊന്നിച്ചനുവദിക്കപ്പെട്ടു.

അക്കൊല്ലം ധനുമാസത്തിൽ (1928 ഡിസമ്പറിൽ) സാഹിത്യപരിഷത്തിന്റെ തൃതീയവാഷ്കികസമ്മേളനം കോട്ടയ്ത്തുൽ

വെച്ചു നടന്നു. അതിൽ സന്നിഹിതനാവുകയും ഒരു കവിത പാരായണംചെയ്യുകയും വേണമെന്നു ഭാരവാഹികൾ വള്ളത്തോളിനോടപേക്ഷിച്ചിരുന്നു. പക്ഷേ അക്കുറിയും കോൺഗ്രസ്സിനു പോകാനുള്ള ഉത്സാഹത്താൽ അദ്ദേഹം പരിഷത്സമ്മേളനത്തിൽ സംബന്ധിച്ചില്ല. പത്രങ്ങളുടെ വിമർശങ്ങൾക്കു മുമ്പത്തെക്കാൾ ശക്തികൂടി. 'സദ്ഗുരു'വിന്റെ സ്വരം പൂർവ്വാധികം പരുഷമായി. ''ഇയ്യിടയിൽ സാഹിത്യപോഷണത്തെ ഉദ്ദേശിച്ചു (അല്പാതെ മറെറാരു യോഗ്യതകൊണ്ടല്ല) കവിസാവ്ഭൌമസ്ഥാനവും പ്രതിമാസം 15 ക. വേതനവും കൊച്ചിമഹാരാജാവു തിരുമനസ്സിലെ ഔദാര്യവിശേഷത്താൽ സിദ്ധിച്ച നമ്മുടെ മലയാളി ടാഗോർ കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ ചെയ്ത അഭ്യർത്ഥനയെ (കണ്ടിട്ടോ കാണാതെയോ) തൃണവൽഗണിച്ചു ഇക്കുറിയും കോൺഗ്രസ്സിന്റെ പിന്നാലെ പോയിരിക്കുന്നുവത്രെ. കാര്യപരിപാടിപ്രകാരം രണ്ടാം യോഗത്തിൽ ഈ മഹാകവിയ്ക്കു ഒരു പദ്യം ചൊല്ലുവാനുണ്ടായിരുന്നു. വരുവാൻ തരപ്പെട്ടില്ലെങ്കിൽ ആ പദ്യമെങ്കിലും അദ്ദേഹം അയച്ചില്ലല്ലൊ എന്നു യോഗത്തിൽ സന്നിഹിതരായ സകലരും പറയുന്നതുകേട്ടു. ഈവിധത്തിലും തന്റെ പേർ ഒന്നുകൂടി പൊങ്ങട്ടെ എന്നായിരിക്കുമോ നാരായണമേനോൻ അവർകളുടെ വിചാരം?.....ഞങ്ങളുടെ അല്പബുദ്ധിയിൽ തോന്നുന്നത് കൈരളീദാസനായ വള്ളത്തോളുംകൂടി ചേർന്നാലേ കേരളസാഹിത്യപരിഷത്ത് പൂർണ്ണമാകയുള്ളു എന്നാണ്.''

കോൺഗ്രസ്സ്സന്ദർശനവും ഉത്തരഭാരതത്തിലെ ചില സ്ഥലങ്ങളിൽ സക്കീട്ടും കഴിഞ്ഞ് 1929 ഫിബ്രുവരിയിൽ സ്വദേശത്തെത്തിയ ശേഷം, ആക്ഷേപങ്ങൾക്കു മറുപടിയായി വള്ളത്തോൾ പത്രങ്ങളിലേക്കു ഇങ്ങിനെയൊരു കുറിപ്പെഴുതി അയച്ചു:

''.....ധനുമാസത്തിൽ കോട്ടയ്ക്കൽവെച്ചു നടന്ന സാഹിത്യപരിഷത്തിൽ ചേരാതെ ഞാൻ കോൺഗ്രസ്സിനു പോയ്ക്കളഞ്ഞത് വലിയൊരപരാധമായി ചിലർ ഗണിച്ചിട്ടുള്ളതായി കാണുന്നു. അതിനുതക്കവണ്ണം ആ സഹൃദയന്മാർക്കു എന്റെ പേരിലുണ്ടായിട്ടുള്ള പ്രതിപത്തിയെക്കുറിച്ചു എനിയ്ക്കുള്ള കൃതജ്ഞതയെ ഈ സന്ദർഭത്തിൽത്തന്നെ രേഖപ്പെടുത്തിക്കൊള്ളുന്നു; അവരുടെ സ്വഭാഷാപ്രണയജന്യമായ അനന്യമനസ്കതയ്ക്ക് ആയുരൈശ്വര്യം ആശംസിക്കുകയുംചെയ്യുന്നു.

''എന്നാൽ എന്റെ ഈ അപരാധം വീണ്ടും ആവർത്തിച്ചേക്കാം. നമ്മുടെ എല്ലാ ശ്രേയസ്സുകൾക്കും നിദാനമായിരിക്കുന്ന ഭാരതമഹാജനസഭയിൽ സംബന്ധിപ്പാൻ ഭാഗ്യവശാൽ കൈവരുന്ന അവസരത്തെ കേരളസാഹിത്യപരിഷത്തിനു

വേണ്ടി പാഴാക്കിക്കളയാൻ എനിയ്ക്ക് മേലിലും ധൈര്യമുണ്ടാകയില്ല. ഞാൻ ഒന്നാമത് ഒരു ഭാരതീയനാണ്; രണ്ടാമതേ കേരളീയനാകുന്നുള്ളൂ.

''എനിയ്ക്ക് സാഹിത്യപരിഷത്തിൽ വന്നുചേരാൻ തരമില്ലെന്നും എന്റെ ഏതു കൃതിയും പരിഷൽസമ്മേളനത്തിൽ ആരെക്കൊണ്ടെങ്കിലും വായിപ്പിപ്പാൻ പി. വി. കൃഷ്ണവാരിയരവർകൾക്കധികാരമുണ്ടെന്നും ഞാൻ ആ സ്നേഹിതനെ (അദ്ദേഹത്തിന്നുള്ള മറുപടിയിൽ) മുൻകൂട്ടി അറിയിച്ചിരുന്നു. കടുത്ത ജോലിത്തിരക്കുമൂലം അതോക്കാഞ്ഞിട്ടായിരിക്കാം, അദ്ദേഹം പരിഷൽക്കാര്യപരിപാടിയിൽ എന്റെ 'പദ്യം' വായന ഉൾപ്പെടുത്തിയതു്.''

ഈ കുറിപ്പിലെയും മുൻകൊല്ലം സ്വാഗതസംഘാദ്ധ്യക്ഷന്നെഴുതിയ എഴുത്തിലെയും സ്വരങ്ങൾതമ്മിലുള്ള വ്യത്യാസം ശ്രദ്ധാർഹമാണ്. കവിയുടെ ഭാരതീയത്വത്തിലുള്ള അഭിമാനം അഭിനന്ദനീയംതന്നെ എന്നേ ആരും പറകയുള്ളൂ. പക്ഷെ ഭാഷാപ്രണയികളുടെ അനന്യമനസ്കതയെക്കുറിച്ചുള്ള പ്രസ്താവത്തിൽ ധ്വനിക്കുന്ന പരിഹാസരസവും പരിഷത്സമ്മേളനങ്ങളിൽ പങ്കുകൊള്ളുവാൻവേണ്ടി വിനിയോഗിക്കുന്ന സമയത്തിന്റെ ഉപയോഗശൂന്യതയെപ്പറ്റിയുള്ള സൂചനയും സാഹിത്യപ്രേമികളെ അസ്വാസ്ഥ്യപ്പെടുത്തിയതിൽ അവരെ കുറപ്പെടുത്തിക്കൂടാ.

ഇക്കാര്യത്തിൽ ഇരുപക്ഷക്കാരും ആവശ്യത്തിലധികം ക്ഷോഭിച്ചു എന്നതാണ് വാസ്തവം. ഒരു കവിയ്ക്ക് ഭാരതമഹാജനസഭായോഗത്തേക്കാൾ പ്രാധാന്യമുള്ളതല്ലേ സാഹിത്യപരിഷത്തു് എന്ന ചോദിക്കുന്നവരുടെ വാദഗതി കഴമ്പില്ലാത്തതാണ്. സാഹിത്യരംഗത്തിൽ നിരന്തരം പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നവർക്ക് രാജ്യകാര്യങ്ങളെപ്പറ്റി ചിന്തിക്കുവാനഹ്രതയില്ലെന്നാരു പറഞ്ഞു? ക്രാന്തദർശിയായ കവിക്ക് സ്വന്തം ഭാഷയുടെ നാലതിരുകൾക്കുള്ളിൽമാത്രം അടങ്ങിയൊതുങ്ങിക്കഴിയുക സാദ്ധ്യമാണോ? വിശാലമായ ലോകത്തിലേക്കിറങ്ങിച്ചെന്നു് ലോകവ്യവഹാരങ്ങളെക്കുറിച്ചറിയുകയും ചിന്തിക്കുകയും, വേണ്ടിവന്നാൽ തന്റെ സമുന്നതസ്ഥാനത്തിരുന്നുകൊണ്ടു ലോകത്തോടു ഗുണദോഷിക്കയുംചെയ്യുവാനധികാരം കവിയ്ക്കില്ലേ? വള്ളത്തോളാകട്ടെ, മഹാത്മാഗാന്ധിയെപ്പോലെയുള്ള ഒരു വിശ്വവന്ദ്യനായ നേതാവിന്റെ ശിഷ്യത്വം സ്വയമേവ കൈക്കൊണ്ടു, ആ ഗുരുവിന്റെ പ്രവർത്തനപരിപാടികളെ ഒരു കവിയ്ക്കാവുന്നരീതിയിൽ അനുവർത്തിക്കുവാൻ ശ്രമിക്കുകയുംചെയ്തിരുന്നു. ആ സ്ഥിതിക്ക് അദ്ദേഹം അക്കൊല്ലത്തെ സാഹിത്യപരിഷത്തിൽ പങ്കെടുക്കാതെ ഭാരതമഹാ

ജനസഭയിൽ സന്നിഹിതനാകുവാൻവേണ്ടി പുറമേ പോയതിൽ യാതൊരു തെറ്റും പറയുവാനില്ല. പോരെങ്കിൽ ആ കല്ലുത്തായാത്ര ചില നല്ല കവിതകൾക്കുത്തേജകവുമാവുകയും ചെയ്തിരുന്നു. ഉദാഹരണമായി, സാഹിത്യമഞ്ജരിയുടെ എട്ടാം ഭാഗത്തിലുള്ള 'എന്റെ പ്രയാഗസ്നാനം' എന്ന കവിത നോക്കുക. സാധാരണയായി, പഠിപ്പും പരിഷ്കാരവുമുള്ളവർമാത്രം സംബന്ധിക്കാറുള്ള കോൺഗ്രസ്സിന്റെ അക്കൊല്ലത്തെ സമ്മേളനത്തിൽ, പതിവിലധികം തൊഴിലാളികൾ പങ്കെടുത്തതിനെയാണ് ഗംഗായമുനകളുടെ സംഗമമായി കവി സങ്കല്പിച്ചിരിക്കുന്നത്.

കായമെല്ലാമേ കുത്തിരുണ്ട കൂലിപ്പണി
ക്കാരവരുടെ കമനീയമാം സാന്നിദ്ധ്യത്താൽ
കാണായിവന്ന വെണ്മ കോല്യമസ്സുയേന്നാം
കാളിന്ദി സമ്മേളിച്ച വിണ്ടലപ്പുഴപോലെ.

ആ സംഗമതീർത്ഥത്തിൽ ആണ്ടുമുങ്ങുവാൻ സാധിച്ചതുകൊണ്ടാണ് അതു് കവിയ്ക്കൊരു പ്രയാഗസ്നാനമായിത്തീർന്നതു്. അതേ ഉത്തരഭാരതയാത്രയിൽ രൂപമെടുത്തവയാണ്, 'സുദിനം', 'ഒരു കിഴവൻ പേരാല്' (സാ. മ. 7), 'പുലർകാലമെപ്പൊഴോ?' (വിഷുക്കണി) എന്നീ കവിതകളും. കോൺഗ്രസ്സിനോടുള്ള ബഹുമാനം സാഹിത്യത്തോടുള്ള അനാദരമായി വ്യാഖ്യാനിക്കുന്നതിലുള്ള അനൌചിത്യം ഇതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലൊ.

എങ്കിലും തൃശ്ശൂർ സമ്മേളനത്തിനു ചെന്നുചേരാൻ സാധിക്കാത്തതിനെപ്പറ്റി വള്ളത്തോൾ പ്രദർശിപ്പിച്ച കുണ്ഠിതത്തിന്റെ ഒരു നേരിയ ഛായപോലും കോട്ടയ്ക്കൽ പരിഷത്തിനെ സംബന്ധിച്ചു് കാണിച്ചിരുന്നില്ല എന്നു ആവലാതിപ്പെടുവാൻ ന്യായമില്ലായ്കയില്ല. പരിഷത്തിന്റെ പ്രവർത്തനങ്ങളിൽ തനിക്കുള്ള താൽപര്യത്തെ അന്നു വള്ളത്തോൾ തുറന്നുപറഞ്ഞതുകൊണ്ടു് പരിഷൽഭാരവാഹികൾക്കു് അദ്ദേഹത്തിന്റെ സഹാനുഭൂതിയുണ്ടെന്നു ധൈര്യപ്പെടാമായിരുന്നു; ഇന്നാകട്ടെ, അങ്ങിനെയൊരു മനോഭാവത്തിന്റെ കണികപോലും അദ്ദേഹത്തിന്റെ പത്രക്കുറിപ്പിൽ സ്മരിച്ചുകാണാത്തതിൽ അവർക്കു സ്വാഭാവികമായി കുണ്ഠിതംതോന്നി. അതിൽ അവരെ കുറ്റപ്പെടുത്തിക്കൂടാതാനും. വള്ളത്തോൾ സാഹിത്യപരിഷത്തിനെ ബഹിഷ്കരിച്ചിരിക്കയാണെന്നൊരു ധാരണ ഇതിനുശേഷം കുറെക്കാലത്തോളം സാഹിത്യമണ്ഡലത്തിൽ നിലനിന്നു.

എണ്ണത്തിൽക്കുറവാണെങ്കിലും പല നല്ല കവിതകളും ഈ കാലത്തു് വള്ളത്തോൾ എഴുതിയിരുന്നു. ജീവിതതത്വങ്ങളെ

പരാമശ്രിക്കുന്നവയായിരുന്ന അവയിൽ മിക്കവയും. പ്രപഞ്ചവുമായി പരിചയപ്പെട്ട അതിലെ യാഥാത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുന്നതിനുമുമ്പുതന്നെ ജീവിതം അവസാനിക്കുന്നതിനെക്കുറിച്ചെഴുതിയ കൃതിയാണ് 'തിരുമനസ്സിലെ മതം' (1103 കന്നി.)*

മുകളിൽ വൻനീലക്കടലാസ്സിൽക്കണ്ട
സുകാഞ്ചനാക്ഷരങ്ങളിൽ നിന്നല്പാല്പം
പൊരുളറിഞ്ഞു യാതൊരുവെളിച്ചത്തെ
ത്തിരഞ്ഞുപോന്നുവോ തമസ്വിനിയിവൾ
ചിരാലതിനോട്ട സമീപിച്ചപ്പൊഴേ
സ്സ്തുതിപെട്ടതിശ്രമവതിസ്സ്തയ്യോ

* * *

ഉലകുമായ് സ്വല്പം പരിചയപ്പെട്ട
ചിലവരി വായിച്ചിടാമെന്നാം വിധൌ
കരുത്തേറുമേതോ കരം വന്നു പൊത്തി
ക്കളയുന്നു നിൻ കൺകളെജ്ജീവിതമേ!

എന്നിങ്ങിനെയാണതിലെ ചിന്താഗതി.

ഇരുപതാം നൂറ്റാണ്ടിലെ ഒരു ജ്ഞാനപ്പാനയാണ് 1103 മകരത്തിലെഴുതിയ 'ജ്ഞാനം'* എന്ന കവിത. അപ്രമേയ സുവിസ്താര ഗാംഭീര്യമായും അഭംഗമായും അഭിപൂർണ്ണമായും പരിലസിക്കുന്ന ജ്ഞാനസമുദ്രത്തിൽനിന്നു നാലഞ്ചു തുള്ളികൾ മാത്രമേ നമുക്കു കിട്ടുന്നുള്ള. ജ്ഞാനദേവതയുടെ ദിവ്യൌഷധി ഇന്നും ഏതോ കൊടുങ്കാട്ടിന്റെ ഇരുട്ടിൽ മറഞ്ഞുകിടക്കുകയാണ്. ആ പരാവിദ്യയുടെ പ്രകാശത്തിനുവേണ്ടി ലോകാരംഭം മുതൽ മനുഷ്യൻ പ്രയത്നിക്കുന്നുണ്ടെങ്കിലും പൂവ്വ്ഷ്ിമാർ നന്നെ പണിപ്പെട്ട സമ്പാദിച്ചുതന്നിട്ടുള്ള ഏതാനും നുറുങ്ങുകൾകൊണ്ടു നാം തൃപ്തിപ്പെട്ടുവരികയാണ്. മിന്നാമിനുങ്ങുകളുടെ വെളിച്ചമെങ്കിലും അങ്ങിനെ നമുക്കു കിട്ടുന്നുണ്ട്. പ്രകൃതിയെ ജയിക്കുവാൻ തനിയ്ക്കു കെല്പുണ്ടെന്നഭിമാനിക്കുന്ന മനുഷ്യൻ വാസ്തവത്തിൽ ഇപ്പോഴും സാക്ഷാൽ ജ്ഞാനദേവതയുടെ മന്ദിരദ്വാരത്തിൽനിന്നു വളരെ അകലത്താണ് സ്ഥിതിചെയ്യുന്നത്. എങ്കിലും അവന്റെ ഉൽഗതിസംരംഭം ദിവ്യമായ ആ ആകാശത്തിലെ ശുദ്ധവായു ശ്വസിക്കുവാനുള്ള അവസരമെങ്കിലും നല്കുന്നുണ്ടല്ലൊ എന്നു നമുക്കാശ്വസിക്കാം.

---

* സാ. മ. ഏഴാം ഭാഗം.

ബുദ്ധികൊണ്ടു ചിറകുകൾ സമ്പാദി
ച്ചെത്ര മേല്പോട്ടു കേറിപ്പറന്നാലും
മാനവന്നു മൻമട്ടിലേ ദൂരസ്ഥം
ജ്ഞാനദേവതേ! നിൻനഭോ മണ്ഡലം!

എങ്കിലുമവനുൽഗ്രതിസംരംഭ
ത്തിങ്കൽനിന്നു പിന്മാറില്ലൊരിക്കലും
തപ്തചിദാകാശ ശുദ്ധമരുത്തിനെ
യുച്ഛ്വസിക്കായ്തിലാരുണ്ടയിർക്കൊൾവൂ!

മനുഷ്യന്റെ ഉയച്ചയും താഴ്ചയും—ഉൽകർഷവും അപകർഷവും—കാലത്തിന്റെ വിലാസംകൊണ്ടുണ്ടാകുന്ന അവസ്ഥാവിശേഷങ്ങളാകയാൽ അവയെക്കുറിച്ചഹങ്കരിക്കുകയോ വിഷാദിക്കുകയോ ചെയ്യുന്നതിന്റെ അർത്ഥമില്ലായ്മയെ ഉദാഹരിച്ചു കാണിക്കുന്ന കവിതയാണ് 'ഇന്ദ്രനും മാബലിയും'* (1103 വൃശ്ചികം). സമ്പത്തിന്റെ ആഗമാപായങ്ങളിൽ അനാസക്തരായി നിലകൊള്ളുന്നവരാണ് മഹാത്മാക്കൾ.

വെള്ളിപ്പതയെപ്പരത്തും തരംഗങ്ങൾ
തള്ളിയേറട്ടേ, തിരിയട്ടെ യബ്ധിയാ.
ശുദ്ധിച്ചിടുന്നില്ല രണ്ടിലും സിന്ധുവിൻ
സത്വഗുണവെണ്മതാവും മണൽപ്പുറം.

വന്ന മലവെള്ളമൊക്കെയൊലിച്ചുപോ
മെന്നതുകൊണ്ടു പുഴയ്ക്കെന്തുഹാനിയാം?
നേരേമറിച്ചതു പുഞ്ചിരിക്കൊള്ളുന്ന
പാരംതെളിവാൻതു തുമണൽത്തിട്ടിനാൽ!

പ്രസന്നമായ ശരൽക്കാലം കഴിഞ്ഞാൽ ഹേമന്തം വരുന്നതും പകലവസാനിച്ചാൽ രാത്രിയാവുന്നതും പ്രകൃതിനിയമമാണ്. അതിനെ അന്യഥാകരിയ്ക്കുക സാദ്ധ്യമല്ല. അതെല്ലാം കാലത്തിന്റെ പ്രഭാവമാണ്:

നമ്മളെക്കൊണ്ടൊക്കെയിട്ടു തെരുതെരെ
യമ്മാനമാടുന്ന കാലം തിരുവടി

* * *

കാലമതിന്റെ കനത്തകരംകൊണ്ടു
ലീലയാലൊന്നു പിടിച്ചു കുലുക്കിയാൽ
പാടേ പതറിക്കൊഴിഞ്ഞു പോം ബ്രഹ്മാണ്ഡ
പാദപപ്പൂക്കളാം താരങ്ങൾകൂടിയും.

* * *

* സാ: മ: ഏഴാംഭാഗം

കാലം തരുന്നു തിരിച്ചെടുക്കുന്നു, തൻ
ബാലരാം നമ്മെക്കളിപ്പിച്ചുകൊണ്ടഹോ!

'അമ്പിത്തിരകൊംതൻ കൂടെപ്പിറന്നവ'ളാണ് മഹാലക്ഷ്മി. അവം വളരെനേരം ഒരേ ദിക്കിൽ നിലകൊള്ളാത്തതിലത്ഭുത മില്ല. ഒരു ഭാരതീയന്റെ മുഖത്തുനിന്നല്ലാതെ കേംക്കാൻ ഇടയില്ലാത്ത ഈ വാക്കുകംകൊണ്ടാണ് മാബലി ഇന്ദ്രനെ തിരിച്ചയക്കുന്നത്:—

കാലജിതനെ സ്വജിതനെന്നെണ്ണായ്ക
മൌലിനോവിക്കായ്ക ഗർവിൻ ചുമടിനാൽ,
ലോലനാകാതേ ഭ്രജിച്ചുകൊണ്ടാലുമീ
നാലഞ്ചു നാളേയ്ക്കു കൈവന്ന ലക്ഷ്മിയെ.

കേരളത്തോടുള്ള അഭിമാനം സ്മരിക്കുന്ന ഒരു മനോഹര കവിതയാണ് 1103 മേടത്തിലെഴുതിയ 'വിഷുക്കണി'*. മേടം ഒന്നാംതീയതി പുതുവഷ്പ്പിറപ്പിൽ കണികാണുക കേരളീയർ പണ്ടുപണ്ടേ ആചരിച്ചുവരുന്ന ഒരു ശുഭകർമ്മമാണല്ലൊ. ജ്യോതിശ്ശാസ്ത്രപ്രകാരം കൊല്ലത്തിൽ രണ്ടു വിഷുവമുണ്ട്. ദിഗംഗനമാർ ഭ്രരിസസ്യങ്ങളായ പച്ചപ്പുടവകം വാരിയണിയുകയും ഗന്ധവാഹൻ പാലപ്പൂമണംപെയ്തു നടക്കുകയും ചെയ്യുന്ന ശരൽക്കാലത്തിലെ വിഷുവമാണൊന്നു—തുലാമാസം ഒന്നാംതീയതി. ആഡംബരങ്ങളിൽ ആനന്ദംതോന്നാത്ത ആഷ്ഭാരതം ആ വിഷുവത്തെ ഉത്സവമായിക്കൊണ്ടാടാറില്ല. എന്നാൽ, അത്രതന്നെ സമ്പൽസമൃദ്ധമോ ആഡംബരനിർഭരമോ അല്ലാത്ത വസന്തകാലത്തിലെ വിഷുവത്തെ—മേടം ഒന്നാംതീയതിയെ—കേരളീയർ കൊണ്ടാടാറുണ്ടുതാനും.

ആഡംബരങ്ങളിലാനന്ദം തോന്നലീ
യാഷ്പ്രദേശത്തിനുണ്ടോ പണ്ടേ?

എന്നു ചോദിച്ചുകൊണ്ടു മേടത്തിലെ വിഷുവിനെ കവി ഇങ്ങിനെ വർണ്ണിക്കുന്നു:—

ആഴമുംക്കൊണ്ട തടാകകൂപാദിക
ളാത്മീയസംപത്താം നീർമുക്കാലും
തീ വെയിൽതട്ടിയെരിഞ്ഞ നഭസ്സിലേ
ക്കാവികളാക്കിയയക്കുകയാൽ

* 'വിഷുക്കണി' എന്ന സമാഹാരം

ശിഷ്ടരാരാധിപ്പോരില്ലായ്മയിങ്കലേ
യ്ക്കൊട്ടൊന്നിറങ്ങിപ്പോയ്ക്കൊണ്ടിരിക്കേ,
വെണ്ണിലാപ്പൈതങ്ങൾപോലുള്ള മേഘങ്ങൾ
വണ്ണാഭിമാനം വെടിഞ്ഞു വാനിൽ

പാരിനു ചൂടുപോയ് ജീവനം കൈവരാൻ
മാറാതെ ചെയ്യുന്ന വേലകളാൽ
ക്രൂരിതകൊപ്പം കറുപ്പാന്ന കാർകളെ
സ്വൈരമായ്ച്ചേത്തണച്ചാശ്ലേഷിക്കേ,

ആമ്പൽപ്പൂവല്ലികൾ നക്ഷത്ര ലോകത്തെ
സ്സാഞ്ഞു പറക്കാൻ മുതിർന്നപോലെ
കണ്ടിൽപ്പോം വെള്ളത്തിൽനിന്നേറെപ്പൊങ്ങിയ
തണ്ടിൻതലസ്സൽ വിടർന്നു നില്ക്കേ,

ആദ്യത്തുകൊണ്ടു വരുന്ന വിഷുവമേ
സ്വാദ്യവും പൂജ്യവും ഞങ്ങൾക്കെല്ലാം
ഔദാര്യമഗ്നരഭംഗുരസൌഭ്രാത്ര
രാദ്ധതോൽക്കഷ്ടേച്ചുർ കേരളീയർ.

ആദ്യത്തെ ആറു വരികൾകൊണ്ടു കേരളീയരുടെ ഔദാര്യത്തേയും തുടർന്ന് ആറു വരികൾകൊണ്ടു അവരുടെ സൌഭ്രാത്രത്തേയും പിന്നത്തെ നാലു വരികൾകൊണ്ട് അവരുടെ ഉൽക്കഷ്ടേച്ഛയേയുമാണ് കവിഭാഷയിൽ **വള്ള**ത്തോൾ ഉദാഹരിക്കുന്നത്. ഇതു കൂടാതെ, വിഷുക്കണി വെയ്ക്കുന്നതിന്റെ ഒരു മനോഹര ചിത്രവും ഇതിലുണ്ട്:—

വാനവും മിന്നൽത്തീ പാറിടുമാറിടി
ധ്വാനാൽപ്പടക്കങ്ങൾ പൊട്ടിയ്ക്കുവേ
മേഘഭക്ഷ്യശ്രുവിലാറാടി മേവുമീ
മേഷമാസാദിമ പ്രത്യൂഷസ്സിൽ,

അക്ബിംബത്തിനൊക്കുന്നോ രുരുളിയി
ലപ്പിച്ച മംഗള ദ്രവ്യങ്ങളിൽ—
വെള്ളരി, ശുദ്ധമേ പൊൻകട്ടിപോലുള്ള
വെള്ളരിക്കായ്, പാക്കു—വെറ്റിലകൾ,

ഓട്ടുവാൽക്കണ്ണാടി, പീതാംബരം, കുറി
ക്കൂട്ടു, മഷിച്ചെപ്പിത്യാദികളിൽ—
സംക്രമിച്ചേവർക്കും ദർശനം നൽകിന
സംക്രമപൂരുഷ! കൈതൊഴാം തേ.

രണ്ടു തേങ്ങാമുറിയുള്ളിലരിക്കിഴി
കൊണ്ടജ്ജലിപ്പിച്ച ദീപികകളും
നിങ്കനിവിങ്കൽനിന്നങ്കുരിയുമിരു
തങ്കക്കതിരുകളെന്നപോലെ

കൺകാഴ്ച, നല്ലാവൂ ലോകക്കിത്താമസം
സങ്കടം നീക്കിസ്സഹസ്രഭാനോ!
ഇക്കണിപ്പാത്രത്തിലുണ്ടു മണിമയ
നിഷ്ക്കമണിയിച്ചൊരോല ഗ്രന്ഥം;

മറെന്തു, വാണിയെപ്പുല്ലിനാം പൂമങ്ക
മത്സരം വിട്ടാശു നിൻപ്രഭാവാൽ;
ദോഷാന്ധകാരത്തെപ്പായിക്കുവോന്നല്ലോ
പൂഷാവേ പുണ്യമാം തൽസാന്നിദ്ധ്യം.

നന്നായ് വെളിച്ചം വിതച്ചീടുമങ്ങയെ
നിന്നിദ്രമായ്ക്കണി കാണുന്നേരം
എൻ നയനത്തിനിപ്പൊന്മണിമാലയും
കൊന്നപ്പൂമാലയുമൊന്നുപോലെ;

അപ്പടിയ്യൊപ്പമേ വെള്ളിപ്പണങ്ങളു
മിപ്പുതുകർപ്പൂരവട്ടകളും!
ഇത്തിരി നേരത്തേക്കെങ്കിലു മാഹന്ത
സത്യസനാതന ചിന്മഹസ്സേ!
അദ്വൈതാചാര്യന്റെ നാട്ടുകാർ തന്നെയായ്
തദ്ദശ്നോദ്ബുദ്ധരിന്നു ഞങ്ങളും!

ദീർഘമെങ്കിലും കവിയുടെ അഭിമാന വിജൃംഭണത്തിന്നുദാഹരണമെന്ന നിലയിൽ ഈ ഉദ്ധരണത്തിനൊരു ക്ഷമാപണം ആവശ്യമില്ല.

സ്വന്തം അനുഭവങ്ങളെ അവലംബിച്ചെഴുതിയ ചില കവിതകളെപ്പറ്റിയും ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതായിട്ടുണ്ട്. അതിലൊന്നാണ് 1104 കുംഭത്തിൽ എഴുതിയ 'നിത്യകന്യക'*. വീട്ടിൽ പോറ്റിയിരുന്ന ഒരു പശുവിന്റെ കറവു വറ്റിയപ്പോഴും അതിനെ വിറ്റു മറ്റൊന്നിനെ വാങ്ങാമെന്നാലോചിച്ചിരിക്കുമ്പോഴ്, ഒരു മുസ്ലീം കച്ചവടക്കാരൻ അതിനെ വാങ്ങാൻ വന്നു. തൽസമയത്ത് കവിയ്ക്കു അതിനെ കൊടുത്തുകളയുന്നതിൽ എന്തോ ഒരു വൈമനസ്യം തോന്നി. എങ്കിലും വീട്ടിലുള്ളവരുടെ അഭിപ്രായമനുസരിച്ചു അതിനെ ആ മുസ്ലീമിന്നു വിറ്റു. തന്റെ വൈമനസ്യത്തിന്നു പിന്നിലുണ്ടായി

* സാ: മ: എട്ടാംഭാഗം

രുന്ന ചിന്താഗതിയാണ് 'നിത്യകന്യക'യിൽ നിഴലിച്ചത്. കവിതയിലെ ചേന്നനും ഉണ്ണൂലിയും ചിരുതയും കവിസങ്കല്പത്തിൽനിന്നുദയംകൊണ്ട ഒരു സാധു കുടുംബമാണ്. അതിലെ പശുവാകട്ടെ തള്ള ചത്ത ഒരു പൈക്കിടാവും. വളരെ സ്നേഹിച്ചു വളർത്തിയ ആ പശുക്കുട്ടിയെ കൈവിട്ടു കൊടുത്തത് ഗത്യന്തരമില്ലാഞ്ഞിട്ടാണ്.

ജന്മിയ്ക്കു പുക്കിയ്ക്കേണം നെൽ വില, ചില നാളാൽ
ത്തന്മകം ചിരുതയെക്കെട്ടിച്ചു കൊടുക്കേണം
രണ്ടിനത്തിൻകൂടിയൊട്ടുറുപ്പിക കിട്ടാൻ
കണ്ടില്ല വേറെ മാർഗ്ഗം വിറ്റു പയ്യിനെപ്പാവം!

അന്നു രാത്രി അവരുറങ്ങിയില്ല; പശുക്കുട്ടിയുടെ വേർപാട് അവരെ അത്ര അസ്വസ്ഥരാക്കി. പിറ്റെന്നാൾ ചിരുതയുടെ കല്യാണത്തിനുവേണ്ടി കഷ്ടിപിഷ്ടി വല്ലതും വാങ്ങുവാൻ ചേന്നൻ കടത്തെരുവിൽ ചെന്നപ്പോൾ കണ്ട കാഴ്ച അയാളെ നടുക്കി. തന്റെ കുമ്പിപ്പയ്യിനെ അറക്കാനുള്ള ഭാവമാണവിടെ. അമ്പതുറുപ്പികയ്ക്കുവേണ്ടി താനതിനെ ബലികൊടുത്തല്ലോ എന്നായിരുന്നു അത് കണ്ടപ്പോൾ ആ പാവത്തിന്റെ സങ്കടം. ഇനിയെന്തു ചെയ്യും എന്ന മനോവേദനയോടുകൂടി അയാളവിടെ നില്ക്കുമ്പോൾ, കശാപ്പുകാരന്റെ കൈവാൾ പയ്യിന്റെ കഴുത്തിൽ അതാ വീഴാറായെന്നു വന്നപ്പോൾ, നല്ലകാലത്തിന്നു, എവിടുന്നോ ഒരു ദയാശീലൻ അവിടെ ചാടിവീണു, പശുവിനെ കൊല്ലരുതെന്നും താനതിനെ വിലയ്ക്കുവാങ്ങാനൊരുക്കമാണെന്നും പറഞ്ഞു. നൂറുറുപ്പികതന്നാൽ പയ്യിനെ വിടാമെന്നായി ഉടമസ്ഥൻ. അത് കേട്ട ചേന്നൻ പറഞ്ഞു: ''ഞാനതിനെ അമ്പതുറുപ്പികയ്ക്കാണ് വിറ്റത്; അറക്കാനാണെന്നറിഞ്ഞിരുന്നെങ്കിൽ വില്ക്കുകയേ ഇല്ലായിരുന്നു'' എന്ന്. കിട്ടിയ അമ്പതുറുപ്പികയിൽ പതിനഞ്ചുകൊണ്ട് പാട്ടം പുക്കിച്ചുപോയതിനാൽ കയ്യിൽ മുപ്പത്തഞ്ചേ ബാക്കിയുണ്ടായിരുന്നുള്ളു. അത് ചേന്നൻ നിസ്സംശയം ആ ദയാശീലന്റെ കയ്യിൽവെച്ചുകൊടുത്തു. ആ നല്ല മനുഷ്യൻ അതിനോടൊരു നാല്പതുറുപ്പികയും ചേർത്തു എഴുപത്തഞ്ചുറുപ്പികയ്ക്കു പശുവിനെ വാങ്ങി അതിനെ ചേന്നനു സമ്മാനിച്ചു. അങ്ങിനെ തന്റെ കുമ്പി മൃത്യുവക്ത്രത്തിൽനിന്നു രക്ഷിയ്ക്കപ്പെട്ടതുകൊണ്ട് ചേന്നനുണ്ടായ ആശ്വാസത്തെ കവി ഇങ്ങിനെ വർണ്ണിയ്ക്കുന്നു:—

വിറ്റ പൈ വീണ്ടും കയ്യിൽ വന്നതല്പമൃത്യു
പറ്റിയില്ലിതിനെന്നതാണവന്നത്യാശ്വാസം;

കല്യാണം നടത്താൻ കാശില്ലെങ്കിൽ വേണ്ടാ, നിത്യ
കന്യയായിരുന്നുകൊള്ളട്ടേ തൻ പൊന്നുമകൾ.

ഇതിലെ ദയാശീലനെ ഒരു മുസ്ലീമും പശുവിനെ അറുക്കാൻ വേണ്ടി വാങ്ങിയ ആളെ ഒരിതരസമുദായക്കാരനും ആക്കിയതിൽ കവി സവിശേഷമായൊരൌചിത്യം കാണിച്ചിട്ടുണ്ട്. ആരുടെയും ഉള്ളം കവരുന്നൊരു മനോഹര കവിതയാണ് 'നിത്യകന്യക.'

1104 കർക്കടകത്തിലെഴുതിയ 'എന്റെ കൊച്ചുമകൾ'* ആണ് സ്വാനുഭവത്തെ ഉൾക്കൊള്ളിച്ചെഴുതിയ മറെറാരു കവിത. ഒരു സായാഹ്നത്തിൽ, കവി മനോരാജ്യം കണ്ടുകൊണ്ടു വന്നേരിയിലെ വീട്ടിന്റെ പടിഞ്ഞാറു ഭാഗത്തുള്ള പടി ചാരിയിരിക്കുകയായിരുന്നു. 'വാരുണപുരിലെ ബന്ധുരച്ചെമ്പനിനീർപ്പൂന്തോട്ട'ത്തിലേക്കു പൂക്കൊതിയാൽ കൈനീട്ടിക്കൊണ്ടിരുന്ന തന്റെ കവിതക്കുട്ടിയെ തൃപ്തിപ്പെടുത്താൻ സാധിക്കാതെ കുഴങ്ങുന്നതിനിടയ്ക്ക് കനിഷ്ഠപുത്രിയായ വാസന്തിക്കുട്ടിയെ സഹധർമ്മിണി അച്ഛന്റെ മടിയിൽകൊണ്ടിരുത്തി. അഞ്ചിതമായ മറെറാരു ദിവ്യകുസുമം അങ്ങിനെ കൈവന്നതോടെ, അന്തിച്ചുകപ്പിന്റെ പൂക്കൾ കിട്ടായ്കകൊണ്ടുള്ള ഇച്ഛാഭംഗം തീർന്നു.

പല്ലുകുരിച്ചു തുടങ്ങിയിട്ടില്ലാത്ത
പല്ലവച്ചോരിവായ്കൊണ്ടു പൈതൽ
മെല്ലെച്ചിരിക്കയായുമ്മവെച്ചുമ്മവെ
ച്ചുല്ലാസമുൾക്കൊള്ളുമെന്റെറനേരേ.

ശൈശവത്തിന്റെ ആ 'ചെഞ്ചെറുവായ്മലർപ്പുഞ്ചിരിയിൽ' ലോകത്തിലെ സൌന്ദര്യവിലാസങ്ങൾ അനുഭവപ്പെടുകയാൽ അന്തിച്ചുകപ്പിലേക്കു കൈനീട്ടേണ്ട ആവശ്യം പിന്നെ കേവലം ഇല്ലാതായി. എന്നുമാത്രമല്ല, ഇരുട്ടിന്റെ പുറപ്പാടിനെ കുറിയ്ക്കുന്ന അന്തിച്ചുകപ്പിനെക്കാൾ സ്വാഗതാർഹമായിരുന്നതാനും വെളിച്ചംവളർത്തുന്ന ആ ഉഷസ്സ്.

ചായത്തിരശ്ശീല നീട്ടിപ്പിടിയ്ക്കുട്ടേ
സായമിരുട്ടിൻ പുറപ്പാടിന്നായ്,
തുവെളിച്ചത്തെ വളർത്തുമുഷസ്സല്ലോ
കൈവന്നിരിയ്ക്കുന്ന ഭാഗ്യത്താൽ മേ.

ആ ജന്മരമ്യമാമുറ്റാദരശ്മീ നീ
യാനന്ദ സാമ്രാജ്യച്ചെങ്കോലു നീ

---

* സാ: മ: ഏഴാംഭാഗം

ആസ്തിക്യബുദ്ധി നീ യദ്വൈതസിദ്ധി നീ
യാത്മാവു നീയെനിസ്തോരോമലേ!

എന്ന വിചാരധാരയിൽ കവിഹൃദയം നിർവൃതി നേടി. പക്ഷേ പെട്ടെന്ന, ആ സൌകുമാര്യാനുഭോഗത്തിൽനിന്നു കവി ഭാവന ജീവിത യാഥാർത്ഥ്യങ്ങളിലേക്കു നീങ്ങുകയും ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ പലതും ഉള്ളിൽ കിളുത്തുവരികയും ചെയ്തു. ലോകത്തിലെ ദുഃഖങ്ങൾക്കു തെല്ലെങ്കിലും ശാന്തിനല്കുവാനുള്ള കരുത്ത് ആ കുഞ്ഞിക്കൈകൾക്കു ഈശ്വരൻ കൊടുക്കാതിരിക്കുകയില്ലെന്നുള്ള സമാധാനത്തോടുകൂടി കവിത അവസാനിപ്പിക്കുംവരെ പല ചിന്തകളും കവിഹൃദയത്തിൽകൂടി കടന്നുപോയ്ക്കൊണ്ടിരുന്നു.

കലാമണ്ഡല കാര്യങ്ങളിൽ വ്യാപൃതനായി അന്നു വള്ളത്തോൾ താമസിച്ചിരുന്നത് മുളകുന്നത്തു കാവിലായിരുന്നതുകൊണ്ടു സത്യാഗ്രഹവുമായി നേരിട്ടു ബന്ധപ്പെടുവാൻ സൌകര്യപ്പെട്ടിരുന്നില്ല. അക്കാര്യത്തിൽ കവി അവലംബിച്ച മൌനം അനാസ്ഥകൊണ്ടായിരിക്കുമോ എന്നു കേളപ്പനുൾപ്പടെ ചിലർ സംശയിച്ചിരുന്നു. വാസ്തവത്തിൽ അങ്ങിനെയൊരുദാസീനമനോഭാവം കവിയ്ക്കുണ്ടായിരുന്നില്ല. ആറേഴുകൊല്ലം മുമ്പ് വൈക്കത്തപ്പന്റെ സന്നിധിയിൽ നടന്ന സത്യാഗ്രഹക്കാലത്ത്, അമ്പലത്തിന്റെ പടിഞ്ഞാറേ നടയിൽ ആ മീനമാസത്തിലെ ചെന്തീവെയിലിനാൽ ചുട്ടുപഴുത്ത തരിമണലിൽ ചമ്രം പടിഞ്ഞിരുന്നു പഞ്ചാഗ്നിമദ്ധ്യത്തിലെന്നപോലെ തപസ്സനുഷ്ഠിച്ച യുവാക്കളെ കണ്ടപ്പോൾ പൊട്ടിപ്പുറപ്പെട്ട ബാഷ്പജലം അന്നും നിശ്ശേഷം വറ്റിക്കഴിഞ്ഞിരുന്നില്ലാത്ത കണ്ണുകളോടുകൂടി, ഒരുപക്ഷേ വൈക്കത്തേതിനെക്കാളും സുതീവ്രമായ സഹനസംരംഭം വ്യാപിച്ചുതുടങ്ങിയിരുന്ന ഗുരുവായൂർ ക്ഷേത്രത്തിൽ താൻ എങ്ങിനെ ചെന്നണയും എന്നായിരുന്നു സംശയാലുക്കളോട് അദ്ദേഹത്തിനു പറയാനുണ്ടായിരുന്ന മറുപടി.

1108 കന്നിയിൽ സാമൂതിരി മഹാരാജാവിനെക്കണ്ടു നിവേദനം സമർപ്പിക്കുവാൻ ചിലർ കോഴിക്കോട്ടേക്കു പുറപ്പെട്ടപ്പോൾ ശരീരാസ്വാസ്ഥ്യംകൊണ്ടു അവരൊന്നിച്ചു പോകാൻ സാധിച്ചില്ലെങ്കിലും തമ്പുരാനൊരു നിവേദനപത്രം അവരുടെ പക്കൽ വള്ളത്തോൾ കൊടുത്തയച്ചിരുന്നു. മഹാത്മാഗാന്ധിയുടെ പരിശുദ്ധമായ തപസ്സിന്റെ തീവ്രത വടക്കെ ഇന്ത്യയിലും മറുമുള്ള പല പുരാതന മഹാക്ഷേത്രങ്ങളുടെയും ഗോപുരങ്ങളെ അധഃകൃതക്കായി തുറന്നുകൊടുത്തു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ''ഇതിന്നെത്രയോ മുമ്പുതന്നെ വേണ്ടിയിരുന്ന ഈ ധാമ്മി

കവിഷയത്തിൽ, അദ്വൈതാചാര്യന്റെ ജന്മഭൂമിയെന്നഭിമാനിക്കുന്ന കേരളം കണ്ണുതുറക്കാതിരിക്കുന്നതു് യുക്തമാണോ?'' എന്നായിരുന്നു അതിൽ വള്ളത്തോൾ തമ്പുരാനോടു ചോദിച്ച ചോദ്യം. ''ഇതിൽ കേരള ചക്രവർത്തി പ്രദർശിപ്പിക്കുന്ന സ്ഥാനസിദ്ധമായ സ്വാതന്ത്ര്യത്താൽ, കേരളം ഇന്ത്യയുടെ മറ്റു വിഭാഗങ്ങളോടൊപ്പം തലപൊക്കിനില്പാൻ ശക്തമായിച്ചമയട്ടെ'' എന്നും ''തിരുമനസ്സിലെ കലധർമ്മം ഒരു കളത്ത നെടുവീപ്പു വിട്ടു് ആ ചുട്ടെരിയുന്ന നഭോമണ്ഡലത്തെ നിർവൃതിപ്പെടുത്തട്ടെ'' എന്നും ആശംസിച്ചുകൊണ്ടാണാ പത്രിക അവസാനിപ്പിച്ചിരുന്നതു്.

സനാതന ഹിന്ദുക്കളെന്നു സ്വയം അഭിമാനിച്ചിരുന്ന ജനവിഭാഗത്തിനു ഇതൊന്നും ഇഷ്ടമായില്ല. അവരിൽ ചിലർ അധഃകൃതരുടെ ക്ഷേത്രപ്രവേശ സംരംഭത്തെ തടയുന്നതിനുള്ള പരിശ്രമത്തിൽ വള്ളത്തോളിന്റെ സഹകരണം ആവശ്യപ്പെടുകളടിച്ചേല്പു. ഒരു മിഥ്യാചാരമായ അയിത്തത്തെ ആസ്പദമാക്കി ഹിന്ദുവർഗ്ഗത്തിൽ ഒരു വലിയ വിഭാഗത്തെ സന്മാർഗ്ഗങ്ങളിൽ കയറാൻ സമ്മതിക്കാത്തതു് അന്യായമാണെന്ന തന്റെ ചിരന്തനാഭിപ്രായത്തെ അവരാവശ്യപ്പെട്ടതിൻ വണ്ണം മാറ്റി മറിപ്പാൻ താൻ ശക്തനാകുന്നില്ലെന്നാണു് അവർക്കു വള്ളത്തോൾ കൊടുത്ത ഖണ്ഡിതമായ മറുപടി. ഒരു തുടമേൽ അഗ്നിഹോത്രിബ്രാഹ്മണനെയും മറേറ തുടമേൽ പറയനേയും ഇരുത്തി നിർവ്വിശേഷമായ പുത്രവാത്സല്യത്തോടെ ഇരുകൈകൊണ്ടും മുറുകെപ്പുണർന്നുപോന്ന കേരളവസുന്ധരയുടെ സനാതനമായ സൌഭ്രാതൃഗാനത്തിൽ ആ മാതാവിന്റെ സന്താനങ്ങൾ ഇനിയൊരിക്കലും അയിത്തമെന്ന അപശ്രുതി വരുത്തിക്കൂട്ടുകയില്ല എന്ന പ്രതിജ്ഞയെടുക്കണമെന്നും അദ്ദേഹം ബഹുജനങ്ങളെ ഉൽബോധിപ്പിച്ചു.

ആ മോഹനസ്വപ്നത്തിന്റെ യഥാർത്ഥീകരണം മനസ്സിൽ കണ്ടുകൊണ്ടെഴുതിയതാണു് 'ശാപമോക്ഷം' എന്ന കവിത.* ഒരു ചെറുമിപ്പെൺകുട്ടിയുടെ കയ്യുംപിടിച്ചുകൊണ്ടു്, കാലത്തു് കുളികഴിഞ്ഞു അമ്പലത്തിൽ തൊഴാൻ പോകുന്ന ഒരു നായർപ്പെണ്മണിയുടെ ചിത്രമാണിതിൽ കവി വരച്ചു കാണിച്ചിട്ടുള്ളതു്.

> കാലത്തു കുളികഴിഞ്ഞീറനായ്പ്പിന്നോട്ടിട്ട
> നീലവാർകുഴൽകൊണ്ടു മറഞ്ഞ നിതംബവും
> തുവെള്ളപ്പുടവയാൽ മറഞ്ഞ പൂമെയ്യുമായു്
> ക്കോവിലിൽത്തൊഴാൻ പോകും നായർപ്പെണ്മണിയിതാ

* 'വീരശൃംഖല' എന്ന കവിതാസമാഹാരത്തിൽ,

ചെറുതും മടിയ്ക്കാതേ പിടിച്ചുകൊണ്ടാളൊരു
ചെറുമിപ്പെൺകൂട്ടിതൻ കരിങ്കൈ തെളികയ്യാൽ.

അങ്ങിനെ

ധന്യമാം ക്ഷേത്രദ്വാരത്തിസ്സിതാസിതയോഗ
മന്യമായൊരു ഗംഗാ കാളിന്ദീ സമാഗമം

ആയിത്തീർന്നു.

ഇപ്പുതുപ്രയാഗത്തിലൊന്നുമുങ്ങിയാൽപ്പോരും
മൽപ്രിയനാടേ! നിന്നെറ തീണ്ടലാം പങ്കംനീങ്ങാൻ.

ഈ കുട്ടിയെമാത്രം അകത്തേക്കു കൂട്ടിക്കൊണ്ടുപോയാൽപോരാ. മാമൂൽത്തടങ്ങലുകളെല്ലാം തട്ടിനീക്കി, ഉള്ളിൽക്കടക്കാൻ ഉഴുക്കനമില്ലാത്ത അമ്മച്ചെറുമിയേയും അകത്തേക്കു കൂട്ടിക്കൊണ്ടുപോകണം; എന്നാലേ അദ്വൈതക്ഷേത്രത്തെ ബാധിച്ച ശാപത്തിൽനിന്നു പൂർണ്ണമായ മോക്ഷം കൈവന്നതായി കരുതിക്കൂടൂ എന്നായിരുന്നു കവിയുടെ അഭിപ്രായം.

ഗംഗാ കാളിന്ദികളുടെ സംഗമത്തെപ്പററിയുള്ള ആശയം വള്ളത്തോളിന്നു ഇതിന്നു മുമ്പും ഇതേ വിഷയത്തെപ്പററി ചിന്തിക്കുമ്പോഴും ഉദിച്ചിട്ടുള്ളതാണ്. ഏഴു കൊല്ലം മുമ്പെഴുതിയ 'എന്നെറ പ്രയാഗസ്നാനം' എന്ന കവിത നോക്കുക.

ഇരുപതാം അധ്യായം

തെറ്റിദ്ധാരണകൾ

സമസ്തകേരള സാഹിത്യപരിഷത്തുമായി വള്ളത്തോൾ തെറ്റിപ്പിരിഞ്ഞിരിക്കയാണെന്ന ജനമധ്യത്തിൽ പരന്നിരുന്ന ധാരണ അടിസ്ഥാനരഹിതമാണെന്നു തോന്നിക്കുന്ന ഒരു സംഭവം അതിനിടയ്ക്കുണ്ടായി. 1934 ഏപ്രിൽമാസത്തിൽ പരിഷത്തിന്റെ എട്ടാം വാഷ്കികസമ്മേളനം നിലമ്പൂരിൽവെച്ചു നടന്നപ്പോൾ അതിന്റെ രണ്ടാമത്തെ യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചത് വള്ളത്തോളായിരുന്നു. ''സമസ്തകേരള സാഹിത്യപരിഷത്തിന്റെ അദ്ധ്യക്ഷസ്ഥാനം അതിനർഹതയില്ലാത്ത ഒരുവനാൽ ആക്രമിക്കപ്പെടുന്നതു ഇതു രണ്ടാമത്തെതവണയാകുന്നു'' എന്നു പറഞ്ഞുകൊണ്ടാണ് അദ്ധ്യക്ഷപ്രസംഗമാരംഭിച്ചത്. ഇടപ്പള്ളിസ്സമ്മേളനത്തിനുശേഷം രണ്ടുപ്രാവശ്യം വള്ളത്തോൾ പരിഷദ്യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. 1931-ൽ കൊല്ലത്തുവെച്ചു നടന്ന സമ്മേളനത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചതിനുപുറമെ മൂന്നാംദിവസം മള്ളൂർ ഗോവിന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ വള്ളത്തോൾ ഒരു പ്രസംഗം ചെയ്തിരുന്നു. അടുത്തകൊല്ലം എറണാകുളത്തു നടത്തിയ ആറാം സമ്മേളനത്തിൽ പൊതുയോഗാദ്ധ്യക്ഷൻ എം. രാജരാജവർമ്മയായിരുന്നുവെങ്കിലും കേരളകലാപ്രവർത്തനത്തെപ്പറ്റി നടത്തിയ ചർച്ചായോഗത്തിൽ വള്ളത്തോളായിരുന്നു അദ്ധ്യക്ഷൻ. പ്രധാനാദ്ധ്യക്ഷന്റെ സ്ഥാനം വഹിച്ചതു രണ്ടാമത്തെ പ്രാവശ്യമായിരുന്നു എന്നേ നിലമ്പൂരിലെ പ്രസംഗാരംഭത്തിൽ ചെയ്ത മുഖപ്രസ്താവനയ്ക്കുതാത്പര്യമുള്ളൂ.

പരിഷത്തിന്റെ അതുവരെയുള്ള പ്രവർത്തനത്തെപ്പറ്റി നിശിതമായൊരു വിമർശനമായിരുന്നു നിലമ്പൂർ യോഗത്തിലെ അദ്ധ്യക്ഷപ്രസംഗം. അതിന്റെ പ്രവൃത്തിമണ്ഡലം ഇനിയും കാര്യമാത്രപ്രസക്തമായിട്ടില്ലെന്നും നാടകം, കൈകൊട്ടിക്കളി, വീണവായന മുതലായ കലാവിദ്യകളുടെയും അക്ഷരശ്ലോകപരീക്ഷ, ഗ്രന്ഥകവിതാനിർമ്മാണപരീക്ഷ മുതലായ ബാലിശവിനോദങ്ങളുടെയും പ്രകടനരംഗമായി അധഃപതിക്കാതെ സാഹിത്യത്തിനു ശ്രേയസ്കരങ്ങളായ വിഷയങ്ങളിൽ ശ്രദ്ധപതിപ്പിക്കേണ്ട കാലം വൈകിയിരിക്കുന്നു എന്നും വള്ളത്തോൾ

ഉൽബോധിപ്പിച്ചു. വിശിഷ്ടഗ്രന്ഥകാരന്മാക്ക് വിശപ്പടക്കുവാൻ വകകിട്ടത്തക്ക ഏർപ്പാടുകളുടെ ആവശ്യകതയെക്കുറിച്ചും വള്ളത്തോൾ ഊന്നിപ്പറഞ്ഞു. ഗ്രന്ഥദാരിദ്ര്യം പരിഹരിക്കുന്നതിന്നുവേണ്ടി വിശ്വമഹാഗ്രന്ഥങ്ങളെ മലയാളത്തിലേക്കു സംക്രമിപ്പിക്കുവാൻ ചുരുങ്ങിയതു് ഒരു ലക്ഷം ഉറുപ്പികയോളമെങ്കിലും വരുന്ന മൂലധനത്തിന്റെ പിൻബലത്തോടുകൂടി ഒരു വിദഗ്ധവിവർത്തകസംഘം വേണ്ടതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഈ വിഷയത്തെപ്പറ്റി പരിഷത്തിന്റെ ദ്വിതീയസമ്മേളനത്തിലേക്കു താനയച്ചിരുന്ന ഒരെഴുത്തിനെയും മഹാകവി പ്രാസംഗികമായി അനുസ്മരിച്ചു. ഒരു നല്ല നിഘണ്ടുവിന്റെയും അത്യാവശ്യകങ്ങളായ ശാസ്ത്രഗ്രന്ഥങ്ങളുടെയും ആവിർഭാവം പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് പരിഷ്കൃതരീതിയിലുള്ള ഗദ്യനാടകങ്ങളുടെ നിർമ്മാണമെന്നും വള്ളത്തോൾ ചൂണ്ടിക്കാണിച്ചു.

തുടർന്ന്, കേരളത്തിലെ ചെറുപ്പക്കാരുടെ സാഹിത്യസംരംഭങ്ങളെ അഭിനന്ദിച്ചുകൊണ്ടു വള്ളത്തോൾ ഇങ്ങിനെ പറഞ്ഞു:— ''അപൂർവ്വങ്ങളായ സാഹിത്യസാമഗ്രികളെ ചുമന്നുകൊണ്ടുവരുവാൻ ത്രാണിയുള്ള തലകളും കവിതാദേവിയുടെ തൃക്കാലുകളിൽനിന്നു മാമൂൽച്ചങ്ങലയെ വെട്ടിയെറിയുവാൻതക്ക കരുത്തുള്ള കൈകളും അവരുടെ ഇടയിൽ നാം കൺവിരിയെ കാണുന്നുണ്ട്. തീച്ചയായും ആ താരുണ്യത്തിളപ്പുള്ള മുഖങ്ങളിലേക്കുതന്നെയാണ് കൈരളിയുടെ പ്രത്യാശ കലർന്ന നോട്ടം. അവർ സംസ്കൃതവൃത്തങ്ങളെ സന്ത്യജിക്കാൻതുടങ്ങിയതുതന്നെ ഒരു ശുഭലക്ഷണമാണ്. സ്വഭാഷാപദങ്ങളെക്കൊണ്ടു ഇതരഭാഷാവൃത്തത്തിൽ പദ്യം രചിക്കുക എന്നതു ലോകത്തിൽ കേരളീയരല്ലാത്ത മറ്റാരെങ്കിലും ചെയ്തിട്ടുണ്ടോ ആവോ!''

ഇതു കുറെ അതിരുകവിഞ്ഞൊരഭിപ്രായമായിരുന്നു. മലയാളഭാഷയും സംസ്കൃതവൃത്തവുംതമ്മിൽ വല്ല പൊരുത്തക്കേടും ഉള്ളതായി അതുവരെ ആർക്കും തോന്നിയിരുന്നില്ല. എത്രയോ കവികളും മലയാളപദ്യങ്ങളും സംസ്കൃതവൃത്തങ്ങളിലെഴുതി പ്രശസ്തി ആർജ്ജിച്ചിട്ടുള്ളവരാണ്. വള്ളത്തോൾതന്നെ അനവധി കൃതികളും സംസ്കൃതവൃത്തങ്ങളിൽ രചിച്ചു വിജയിച്ചിട്ടുണ്ടായിരുന്നു. ആ സ്ഥിതിയ്ക്കു മേല്പറഞ്ഞ അഭിപ്രായപ്രകടനത്തെ ഒരു താൽക്കാലികാവേശത്തിന്റെ ഫലമായിട്ടേ കരുതുവാൻ നിവൃത്തിയുള്ളു. ''ഈ അസ്വാഭാവികമായ നടപടിയാൽ കൈരളിയ്ക്കു വലിയ ഇടിവുപറ്റിയിട്ടില്ലെങ്കിൽ അതിനു കാരണം സംസ്കൃതപദങ്ങളെ പ്രായേണ തൽസമത്വേന ഉപയോഗിക്കുക എന്നതാകുന്നു.'' എന്നും ''എന്നാൽ സംസ്കൃതവൃത്ത

ങ്ങളെ എന്നപോലെ സംസ്കൃതപദങ്ങളെയും പരിത്യജിച്ചുകള വാൻ മലയാളി മുതിർന്നുകൂടാ; സംസ്കൃതസാഹചര്യംകൊണ്ടാ ണ് മലയാണ്മയ്ക്ക് ഇത്ര മിടുക്കും അടുക്കും ഉണ്ടായതെന്ന വാ സ്തവം അയാൾ വിസ്മരിക്കുന്നതു് കൃതഘ്നതകൂടിയായിത്തീരും'' എന്നും തുടച്ചുയായി പരിഷദ്ധ്യക്ഷപീഠത്തിൽനിന്നു അദ്ദേഹ ത്തിനു പറയുവാൻതോന്നിയതു് നന്നായി. സംസ്കൃതത്തോടു അത്രയധികം സാമീപ്യംവഹിക്കുന്ന മലയാളഭാഷയ്ക്ക് മറേറതു ദ്രാവിഡഭാഷയേക്കാളധികം സംസ്കൃതവൃത്തങ്ങളിൽ കവനം ചെയ്യുവാനുള്ള കെല്പും സാദ്ധ്യതയുമുണ്ടു്; ആ വൃത്തങ്ങൾ അകേരളീയങ്ങളാണെന്ന തോന്നൽതന്നെ മിക്കവാറും ഇല്ലാതാ യിത്തീർന്നിട്ടുണ്ടു്. അത്രത്തോളം മലയാളഭാഷയുടെ ചൈത ന്യവുമായി ഇണങ്ങിച്ചേർന്നിട്ടുള്ള സംസ്കൃതവൃത്തങ്ങളുപേക്ഷി ക്കണമെന്നുപദേശിച്ചതിന്റെ യുക്തിക്ഷമത അത്യന്തം സംശ യിതവ്യമായിട്ടാണിരിക്കുന്നതു്.

ഈ അദ്ധ്യക്ഷപ്രസംഗത്തിൽ വള്ളത്തോൾ പ്രത്യേകിച്ചെ ടുത്തുപറഞ്ഞ വേറൊരു വിഷയം കവികൾക്കു് അവരുടെ പ്രവൃ ത്തിയ്ക്കനുരൂപമായ പ്രതിഫലം കിട്ടേണ്ടതിന്റെ ആവശ്യകത യായിരുന്നു. തന്റെ ലേഖനത്തിനു വില കിട്ടണമെന്നു ശഠി യ്ക്കുന്ന ഗ്രന്ഥകാരനെ

കവനത്തിനു കാശു കിട്ടണംപോൽ
ശിവനേ! സാഹിതി തേവിടിശ്ശിയെന്നോ?

എന്നും മറ്റും പറഞ്ഞു ധിക്ഷ്ണനാക്കുവാൻ ചില പത്രക്കാർ കണ്ണുരുട്ടുന്നതിനെപ്പററി വള്ളത്തോൾ നിശിതമായി ആക്ഷേ പിച്ചു. കവികളെക്കൊണ്ടു വെറുതെ തൂലികാവ്യാപാരം ചെ യ്യിപ്പിക്കുന്നതിന്റെ അനൌചിത്യത്തെക്കുറിച്ചുള്ള ആക്ഷേപം തികച്ചും ന്യായീകരിക്കത്തക്കതാണെങ്കിലും വള്ളത്തോൾ ഉദ്ധ രിച്ച ശ്ലോകാർദ്ധത്തിനു ആ വിഷയത്തിന്റെ വിചിന്തന ത്തിൽ പ്രസക്തിയുണ്ടായിരുന്നില്ല. നീലകണ്ഠദീക്ഷിതർ കലിവിഡംബനത്തിൽ* സൂചിപ്പിച്ചിട്ടുള്ള സാഹിത്യവിക്രയ ത്തിന്റെ നില നമ്മുടെ കവിതാമണ്ഡലത്തിൽ വന്നുകൂടെന്ന ആശയത്തെമാത്രമാണ് ആ ശ്ലോകാർദ്ധം പ്രകാശിപ്പിച്ചിരു ന്നതു്. അല്ലാതെ യഥാർത്ഥകവികളുടെ കവനവ്യവസായത്തി നു പ്രതിഫലംകൊടുക്കരുതെന്ന വിവക്ഷ അതിലുണ്ടായിരു ന്നില്ല. സാമ്പത്തികമായ കഴിവുകേടുകൊണ്ടായിരിക്കാം,

---

* ശബ്ദാഖ്യമപരം ബ്രഹ്മ
സന്ദർഭേണ പരിഷ്കൃതം
വിക്രീയതേ കതിപയൈർ
വൃഥാന്യൈർവ്വിനിയുജ്യതേ.

പത്രങ്ങളും മാസികകളും എഴുത്തുകാർക്കു പ്രതിഫലംകൊടുക്കുന്ന സമ്പ്രദായം അക്കാലത്തു കേരളത്തിൽ നടപ്പായിക്കഴിഞ്ഞിരുന്നില്ല. കേരളത്തിലെ പ്രമുഖന്മാരായ എഴുത്തുകാരുടെകൂട്ടത്തിൽ ആദ്യം പ്രതിഫലം കിട്ടിത്തുടങ്ങിയതു് വള്ളത്തോളിനായിരുന്നു എന്നു തോന്നുന്നു. സാഹിത്യം ജീവിതത്തൊഴിലാക്കിയ ഒരാൾ തന്റെ പ്രവൃത്തിയ്ക്കു തക്ക പ്രതിഫലം ആവശ്യപ്പെടുന്നതിൽ ഒട്ടും തെറ്റില്ല. പക്ഷെ ആ ആവശ്യം സമ്മതിച്ചുകൊടുക്കുവാൻ പത്രപ്രവർത്തകന്മാർ വൈമനസ്യംകാണിക്കുന്നതിനു മേലുദ്ധരിച്ച ശ്ലോകാർദ്ധവുമായി എന്തെങ്കിലും ബന്ധമുണ്ടെന്നു സംശയിച്ചതിലേ അല്പം തെറ്റു പറ്റിപ്പോയിട്ടുള്ളു.

ഈ തെറ്റിദ്ധാരണ സാഹിത്യലോകത്തിൽ പലപ്പോഴും നിർഭാഗ്യവശാൽ ആവർത്തിക്കപ്പെട്ടിട്ടുണ്ടു്. കുറെ കൊല്ലങ്ങൾക്കുശേഷം (1121 എടവത്തിലെ മംഗളോദയത്തിൽ) കുട്ടിക്കൃഷ്ണമാരാരുടെ 'സാഹിത്യസല്ലാപം' എന്ന കൃതിയുടെ നിരൂപണത്തിൽ കുറിപ്പുഴ കൃഷ്ണപിള്ള ഇങ്ങിനെ എഴുതി:—

''കവനത്തിനു കാരുകിട്ടണംപോൽ
ശിവനേ സാഹിതി തേവിടിശ്ശിയെന്നോ!

എന്ന് പദ്യശകലം ആവിഷ്കരിക്കുന്ന പഴഞ്ചൻ വിചാരഗതിയുടേയും ആ വഴിയ്ക്കു ഇപ്പോഴും പൊന്തിവരുന്ന സങ്കുചിതാഭിപ്രായങ്ങളുടേയും തല പൊളിഞ്ഞു തകർന്നുപോകത്തക്കവണ്ണം ഊക്കനായൊരടി ഗ്രന്ഥകാരൻ കൊടുത്തിട്ടുണ്ടു്. അതു വേണംതാനും. കമലാപ്രസാദം ലഭിയ്ക്കാതെ ക്ലേശിക്കുന്ന സകല സാഹിത്യകാരന്മാരും ഇതുയും കരുത്തേറിയ ഒരു നിരൂപണം എഴുതിയതിനു അദ്ദേഹത്തോടു കൃതജ്ഞത പറയുന്നുണ്ടാകും.''

മേലുദ്ധരിച്ച ''പദ്യശകല''ത്തിന്റെ കർത്താവു ഞാനായിരുന്നതിനാൽ എനിയ്ക്കു അതിനെപ്പറ്റി ചിലതു പറയാനവകാശമുണ്ടെന്നു വിശ്വാസത്താൽ ഞാൻ മംഗളോദയം പത്രാധിപക്കിങ്ങിനെ എഴുതി:—

''എടവം ലക്കത്തിൽ 'സാഹിത്യസല്ലാപ'നിരൂപണത്തിനിടക്കു്

'കവനത്തിനു കാരുകിട്ടണംപോൽ
ശിവനേ സാഹിതി തേവിടിശ്ശിയെന്നോ'

എന്നുള്ള എന്റെ ഒരു പഴയ ശ്ലോകാർദ്ധം ഉദ്ധരിച്ചുകാണുകയുണ്ടായി. ശ്രീ കുട്ടിക്കൃഷ്ണമാരാർ ഏതു സന്ദർഭത്തിലാണു് അതെടുത്തുപയോഗിച്ചതെന്നറിഞ്ഞുകൂടെങ്കിലും ഞാനുദ്ദേശിച്ച അർത്ഥത്തിലല്ല അദ്ദേഹം അതിനെ ധരിച്ചിട്ടുള്ളതെന്നു തോന്നി

പ്പോകുന്നു. സാഹിത്യത്തിനു പ്രതിഫലമിച്ഛിക്കുന്നതു സാഹിത്യകലയെ അധഃപതിപ്പിക്കലാണെന്നുള്ള അഭിപ്രായം എനിക്കുണ്ടായിട്ടില്ല. ആ ശ്ലോകാർദ്ധംകൊണ്ടു ഞാനുദ്ദേശിച്ചതു യശോലുബ്ധരായ ചില കവികളും കനത്ത പാരിതോഷികങ്ങളും കൊടുക്കുവാൻ വലിയവരെ കണ്ണടച്ചു സ്തുതിക്കുവാൻ സ്വാഭാവത്തെ യുക്തായുക്തവിചാരമെന്നിയേ ഉഴിഞ്ഞിടുന്ന നിന്ദ്യമായ സമ്പ്രദായത്തെയാണു്.''

ഇതിനു മറുപടിയായി മംഗളോദയം പത്രാധിപർ ആ മാസികയിൽത്തന്നെ താഴെപ്പറയുന്ന പ്രകാരം ഒരു കുറിപ്പെഴുതിച്ചേർത്തു:—

''സാഹിത്യസല്ലാപത്തിൽ കലാ—കമലാവിവാദം എന്ന ലേഖനത്തിൽ ശ്രീ കുട്ടിക്കൃഷ്ണമാരാർ പറഞ്ഞിട്ടുള്ളതിപ്രകാരമാണു്:—'സാഹിത്യത്തെ ധനസമ്പാദനത്തിനുള്ള മാർഗ്ഗമായി മാറ്റുന്നതു കേവലം നിന്ദ്യമാകയാൽ എന്റെ പദ്യങ്ങൾക്കു ധനസഹായത്രുപേണയുള്ള പ്രോത്സാഹനമല്ല ഒരിക്കലും ഞാൻ പ്രതീക്ഷിക്കുന്നത്' എന്നും മറ്റും ഇയ്യിടെ ചില പത്രലേഖകന്മാർ എടുത്തുകൂട്ടിയ വന്ദ്യതാഭിനയം കാണാനിടവന്നപ്പോൾ പണ്ടൊരിക്കൽ കവനകൌമുദിയിൽ ശ്രീമാൻ വി. ഉണ്ണികൃഷ്ണൻ നായർ ബി. ഏ.

കവനത്തിനു കാശുകിട്ടണംപോൽ
ശിവനേ സാഹിതി തേവിടിശ്ശിയെന്നോ

എന്നിങ്ങിനെ ആവിഷ്കരിച്ച വിചാരഗതി ഇന്നും നമ്മുടെ സാഹിത്യലോകത്തിൽ വേരറാതെ കിടക്കുന്നുണ്ടല്ലോ എന്നോർത്ത് എനിക്കൊരസഹിഷ്ണത തോന്നി'. രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും മറ്റും പ്രോത്സാഹനത്തെമാത്രം കാത്തുകഴിഞ്ഞുകൂടേണ്ടിവന്ന ഒരു കാലമുണ്ടു് സാഹിത്യത്തിനു്. അന്നു ഇന്നത്തെപ്പോലെ പ്രതിഫലം അവകാശപ്പെടാവുന്ന ഒന്നായിരുന്നില്ല സാഹിത്യം. അതുകൊണ്ടു, ഗതികെട്ട ചില എഴുത്തുകാർ ശ്രീ. ഉണ്ണികൃഷ്ണൻനായർ ആക്ഷേപിക്കുന്നതുപോലെ അസ്ഥാനകീർത്തനങ്ങൾക്കു മുതിർന്നിട്ടുണ്ടാവാം. അതിനു അവരായിരുന്നിരിക്കുമോ മുഴുവൻ കുറക്കാർ? അന്നത്തെ പരിതഃസ്ഥിതിയിൽ അവരുടെ പ്രവൃത്തിയെ ആക്ഷേപിക്കുന്നതും സാഹിത്യകാരൻ പ്രതിഫലമവകാശപ്പെടുന്നതു് ഒട്ടൊക്കെ സാഹിത്യത്തെ വ്യഭിചരിപ്പിക്കലാണെന്നു വാദിക്കുന്നതും ഏതാണ്ടൊരുപോലെയാണു്. എന്നാൽ നേരും നെറിയുമുള്ള സാഹിത്യകാരനു തലയെടുത്തുപിടിച്ചവകാശവാദം ചെയ്യാമെന്നായിട്ടുള്ള ഇക്കാലത്തു കാവ്യകലയെ ശ്രീ. ഉണ്ണികൃഷ്ണൻനായർ പറയുന്നതുപോലെ വ്യഭിചരിപ്പിക്കുന്നതു നിന്ദ്യമാണു്.''

ഏതായാലും പദ്യകർത്താവുദ്ദേശിച്ച അർത്ഥത്തിലായിരുന്നില്ല പലരും അതു മനസ്സിലാക്കിയത്. അതായിരുന്നു തെറ്റിദ്ധാരണയുടെ നിദാനം.

അക്കാലത്തു യുവകവികളിൽ പലരുടെയും ഭാവന ''പ്രായത്തിന്റെ പ്രേരണകൊണ്ടല്ല ആശയദാരിദ്ര്യംകൊണ്ടുതന്നെ ആയിരിക്കും'' വീണ്ടും വീണ്ടും അനുരാഗത്തിന്റെ അടുക്കൽ ചെന്നടിയുന്നതിനെപ്പറ്റിയും വള്ളത്തോൾ പരാമർശിച്ചു. ''നമ്മുടെ കവനസരസ്സു് കാമുകപ്രേമത്താൽ വല്ലാതെ കലുഷമായി''പ്പോയി എന്നു വരുതെന്നും ''അനുരാഗവിധേയരായ കഥാപാത്രങ്ങളെക്കൊണ്ടു് ആത്മഹത്യ ചെയ്യിക്കുന്നതിലുള്ള അഭിനിവേശത്തിനും ഒരടക്കം വെയ്ക്കുക വേണ്ടിയിരിക്കുന്നു'' എന്നും മഹാകവി ചെറുപ്പക്കാരായ കവിയശഃപ്രാർത്ഥികളെ ഉൽബോധിപ്പിച്ചു. ആറു കൊല്ലം മുമ്പു പയ്യന്നൂരിൽ നടന്ന സമ്മേളനത്തിലും വള്ളത്തോൾ ഇതേ വിഷയത്തെപ്പറ്റിത്തന്നെയാണല്ലൊ ഊന്നിപ്പറഞ്ഞിരുന്നതു്.

ഈ പ്രകൃതത്തെക്കുറിച്ചുള്ള പ്രസ്താവം അവസാനിക്കുന്നതിനുമുമ്പായി, വള്ളത്തോൾ പലപ്പോഴും ഊന്നിപ്പറയാറുള്ള അനുപദവിവർത്തനത്തെപ്പറ്റി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. നിലമ്പൂർ പരിഷത്തിലെ അദ്ധ്യക്ഷപീഠത്തിൽനിന്നുതന്നെ മഹാകവി ഇങ്ങിനെ അഭിപ്രായപ്പെടുകയുണ്ടായി:—

* * ഏറ്റവും മികച്ച ഗ്രന്ഥങ്ങളെ തനിപ്പകർപ്പായി തർജ്ജമചെയ്യുകിട്ടിയേ ഇന്നത്തെ കൈരളി തൃപ്തിപ്പെടുകയുള്ളു. മൂലത്തിലെ ആശയം മുഴുക്കെ വെളിപ്പെടുത്തുന്നതിൽ ശൈലീപരിപാലനം പ്രതിബന്ധമായി വരുന്നതെവിടെയോ അവിടെ ശൈലിയെപ്പോലും ത്യജിപ്പാൻ വിവർത്തകനു അധൈര്യം ഉണ്ടായിക്കൂടാ.'' ഇതിനെ ന്യായീകരിക്കുവാൻ കാർലൈലിന്റെ ഒരഭിപ്രായത്തെ ഉദ്ധരിച്ചശേഷം അദ്ദേഹം തുടർന്നു:—

''വിചാരശീലന്മാരുടെ അഭിപ്രായം ഇങ്ങിനെയിരിക്കെ, 'ചുണ്ടത്തു ഒരു വെള്ളിക്കയിലുമായി (ധനികന്റെ വീട്ടിൽ) ജനിയ്ക്കുക; അതിൽ കിടക്കുന്ന സകലവും' എന്ന വാക്യത്തിലും മറ്റും ശൈലീഭംഗത്തെ സമുൽഘോഷിക്കുന്ന മലയാളനിരൂപകന്മാരുടെ തെറ്റിദ്ധാരണയെപ്പറ്റി എന്തു പറയേണ്ടു! 'ചുണ്ടത്തു വെള്ളിക്കയിലുമായി ജനിയ്ക്കുക' ഒരു ശൈലിയേ അല്ല. പാശ്ചാത്യന്മാരുടെ ഭക്ഷണരീതിയെ ആശ്രയിച്ചിട്ടുള്ള ഒരലങ്കാരം മാത്രമാകുന്നു. നമ്മുടെ പ്രഭുത്തറവാടുകളിലെ നടപ്പിനെ ആസ്പദമാക്കി 'അന്നപ്രാശം പൊന്നിൻ വാഴയിലയിൽ നിന്നാവുക' എന്നൊരു വാക്യം നമ്മിലൊരാളാൽ നിർമ്മിക്കപ്പെടുകയും, അതു അങ്ങിനെതന്നെ ഒരു പാശ്ചാത്യഭാഷയിൽ സംക്രമിക്ക

പ്പെടുകയും ചെയ്യ എന്നിരിക്കട്ടെ, ഈ തജ്ജമയിൽ ഒരു പാശ്ചാത്യൻ ശൈലീഭംഗം ആരോപിക്കുമോ?''

നാലപ്പാടന്റെ 'പാവങ്ങൾ' എന്ന പുസ്തകത്തിൽനിന്നെടുത്ത ഉദാഹരണമാണ് 'വെള്ളിക്കയ്യി'ലിന്റേത്, വള്ളത്തോളിന്റെ സവിശേഷാംഗീകാരത്തിനും അഭിനന്ദനത്തിനും പാത്രീഭവിച്ച ആ വിശിഷ്ട ഗ്രന്ഥത്തിലെ ഭാഷാപ്രയോഗത്തിൽ ഇടയ്ക്കിടെ പറ്റിപ്പോയിട്ടുള്ള വൈകൃതങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനിടയിൽ ഇംഗ്ലീഷിലെ ഉക്തിവൈചിത്ര്യത്തെ അതേപടി, പദാനുപദമായി, മലയാളത്തിലേക്കു തജ്ജമചെയ്യുവാൻ ശ്രമിക്കുമ്പോൾ നേരിടുന്ന അബദ്ധത്തിനൊരുദാഹരണമായിട്ടാണ് മേല്പറഞ്ഞ പ്രയോഗത്തിന്റെ കാര്യം ചില വിമർശകന്മാർ എടുത്തുപറഞ്ഞിരുന്നത്. മഹാകവിയുടെ അഭിപ്രായത്തിൽ അതു ഒരു ശൈലിയല്ല; പാശ്ചാത്യരുടെ ഭക്ഷണരീതിയെ ആശ്രയിച്ചിട്ടുള്ള ഒരലങ്കാരംമാത്രമാണത്രെ. ഇത്രയും പറഞ്ഞു വിവർത്തകന്റെ ബാദ്ധ്യതയിൽ ഒഴിഞ്ഞുമാറാമെന്നു വിചാരിക്കുന്നതു ശരിയല്ല. ഒന്നിലധികം സംഗതികൾ ഇതു സംബന്ധിച്ചു ഓർക്കേണ്ടതായിട്ടുണ്ട്. ഒന്നാമത്, ഈ 'അലങ്കാരം'തന്നെയാണോ മൂലഗ്രന്ഥകാരനായ വിക്ടർ ഹ്യൂഗോ ഉപയോഗിച്ചിരുന്നതു? നിശ്ചയമില്ല. ഇംഗ്ലീഷിൽനിന്നാണല്ലൊ നാലപ്പാടൻ 'പാവങ്ങൾ' തജ്ജമചെയ്തത്. ഫ്രഞ്ചു ഗ്രന്ഥത്തിൽ എന്താണുപയോഗിച്ചതെന്നു അറിഞ്ഞുകൂടാ. രണ്ടാമത്, ഇംഗ്ലീഷിൽ 'വെള്ളിക്കയ്യി'ലിന്റെ ആശയമാണ് കാണുന്നതെന്ന കാരണത്താൽ, ഗ്രന്ഥകാരൻ പാശ്ചാത്യരുടെ ഭക്ഷണരീതിയുടെ ഒരു ചിത്രം വരച്ചുകാണിക്കുവാനുദ്ദേശിച്ചതായി ഊഹിക്കുന്നതു യുക്തിസഹമാണോ? അല്ലെന്നുവേണം പറയുവാൻ. കാരണം, ഒരു ധനികകുടുംബത്തിൽ ജനിക്കുക എന്ന ആശയത്തെ സാഹിത്യഭാഷയിൽ പ്രകാശിപ്പിക്കുകമാത്രമാണ് ഗ്രന്ഥകാരന്റെ ഉദ്ദേശം. അതിനുള്ള ഒരുക്തിവൈചിത്ര്യംമാത്രമാണ് ഈ പ്രയോഗം. മൂലകൃതിയിലെ ആശയത്തെ സുന്ദരമായ ഭാഷയിലും അനുവാചകർക്കു ആകർഷകമായ രീതിയിലും പ്രകാശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഗ്രന്ഥകാരൻ—അഥവാ വിവർത്തകൻ—അയാളുടെ ഭാഷയെ, പദാനുപദവ്യവസ്ഥയുടെ പേരിൽ, അലങ്കോലപ്പെടുത്തണമെന്നാരും പറയുകയില്ല. മൂലഗ്രന്ഥകാരൻ പറയുവാനുദ്ദേശിച്ചതെന്താണെന്നു—അഥവാ കവിഹൃദയം എന്താണെന്നു ശരിയായി മനസ്സിലാക്കുകയാണ് വിവർത്തകന്റെ ഭാരം. അതു മനസ്സിലാക്കിക്കഴിഞ്ഞാൽ അതാതു ഭാഷയുടെ ചൈതന്യത്തിന്നനുരൂപമായവിധത്തിൽ വേണം ആ ആശയപ്രകാശനത്തിനു പറ്റിയ ഉക്തിസമ്പ്രദായം സ്വീകരിക്കുക. ''ആരാണ് സഞ്ചിയിൽ

നിന്റെ പൂച്ചയെ പുറത്താക്കിയത്?'' എന്ന അന്വർത്ഥമായ തർജ്ജമയെക്കാൾ ''ആരാണ് കള്ളി വെളിച്ചത്താക്കിയത്?'' എന്ന ശാലീനവാക്യമായിരിക്കും ഇംഗ്ലീഷിലുള്ള ''Who let the cat out of the bag?'' എന്ന വാക്യത്തിന്റെ ശരിയായ തർജ്ജമ. അന്വർത്ഥതർജ്ജമ ചെയ്യേണ്ട അവസരങ്ങളുണ്ടാവാം; ഇല്ലെന്നല്ല പറയുന്നത്. ധനികരായ പാശ്ചാത്യർ വെള്ളിക്കയ്യിൽകൊണ്ടു കോരിക്കുടിക്കുന്ന സന്ദർഭങ്ങൾ പ്രതിപാദിക്കേണ്ട ഘട്ടങ്ങളിൽ അങ്ങിനെതന്നെ പറയേണ്ടിവരും. പക്ഷേ അതു വിവർത്തനഭാഷയുടെ അലങ്കാരഭംഗിക്കുവേണ്ടിയാവില്ല; വിഷയഗ്രഹണസൌകര്യത്തിന്നുമാത്രം വേണ്ടിയായിരിക്കും. ഇരുഭാഷകളിലും നല്ല തഴക്കവും പ്രാവീണ്യവും ഉണ്ടെങ്കിലല്ലാതെ ഏതൊരു വിവർത്തനശ്രമവും വിജയിക്കുകയില്ല. ഒരു നിഘണ്ടു അടുത്തു നിവർത്തിവെച്ചു, വാക്കിന്നു വാക്കായി അർത്ഥം മനസ്സിലാക്കി ചെയ്യപ്പെടുന്ന തർജ്ജമ അത്യന്തം ശ്രദ്ധ്യവും അപൂർണ്ണവും ആയേതീരൂ. ഇംഗ്ലീഷുഭാഷാജ്ഞാനം വേണ്ടത്ര ഉണ്ടായിരുന്നെങ്കിൽ ശൈലീസംബന്ധമായ വള്ളത്തോളിന്റെ വിവർത്തനസിദ്ധാന്തങ്ങൾ മറെറാരു പ്രകാരത്തിലാകുമായിരുന്നു എന്നു തോന്നിപ്പോകുന്നു.

പരിഷത്സമ്മേളനം കഴിഞ്ഞു അടുത്തമാസത്തിൽ കേരളകലാമണ്ഡലത്തിനുവേണ്ടിയുള്ള പണപ്പിരിവിന്നു കഥകളിയോഗത്തോടുകൂടി വള്ളത്തോൾ മലയാസ്റ്റേറുകളിലേക്കൊരു യാത്രപുറപ്പെട്ടു. ആദ്യത്തെ ആ കപ്പൽയാത്രയിലെ അനുഭവങ്ങൾ പിന്നീടൊരു കവിതയ്ക്കു* വിഷയമായിത്തീർന്നു എന്നൊരു മെച്ചവും ആ വിദേശസഞ്ചാരത്തിന്നവകാശപ്പെടാം.

ബന്ധർവിട്ടെൻ കപ്പലേതോ പെരിയൊരു
ജന്തുപോലൊട്ടൊട്ടിഴകയായാഴിയിൽ;
എന്നാദിമക്കപ്പൽ യാത്രയെക്കൊണ്ടാടി
വെണ്ണുരക്കൈലേസ്സു വീശി സിന്ധു മ്മികൾ.
നോട്ടമെങ്കൽത്താനുറപ്പിച്ചുകൊണ്ടു പി
മ്പോട്ടു നടന്നുമറഞ്ഞു കരപ്പുറം.
പ്രാച്യസമുദ്രമേ! പശ്ചിമാംഭോധിതൻ
പാശ്വസ്ഥനാമിബ്ബുധിരന്റെ നേർക്കു നീ
ആ നിൻസുഹൃത്തിന്നു സൌഖ്യമോ എന്നല്ലി
യാംഗ്യങ്ങൾ കാട്ടുന്ന വീചിഹസ്തങ്ങളാൽ!

ദക്ഷിണഭാരതത്തിൽനിന്നു മലയാനാട്ടുകളിൽ ചെന്നു ഉണ്ടിക്കച്ചവടം നടത്തി പണം സമ്പാദിക്കുന്നവരുടെ സങ്കുചിതമനഃ

* ''ആ കപ്പൽയാത്ര''—വീരശൃംഖലയിൽ.

സ്ഥിതിയെപ്പറ്റി കവിയ്ക്കോമ്മയുണ്ടാകുവാൻ തക്ക കാരണമുണ്ടായിരുന്നതുകൊണ്ടായിരിക്കണം താഴെ എഴുതിയ ആശയങ്ങൾ കവിഹൃദയത്തിൽ അങ്കുരിക്കുവാൻ ഇടയായത്:—

പൊട്ടുന്ന ചക്രവാളത്തിലൊരു മുടൽ
പൊട്ടിപ്പുറപ്പെട്ട പാരിച്ചുനില്ക്കയാൽ
കട്ടിക്കരിങ്കന്മതിൽ ചുഴന്നുള്ളൊരു
വട്ടക്കുളംപോലെ കാണായി വങ്കടൽ.

ഉണ്ടികക്കാരായ്ച്ചമഞ്ഞാൽ മഹാന്മാക്കു
മുണ്ടാകുമെത്ര കണ്ടാശയവിസ്തൃതി?
അല്പാല്പനീരാവി താൻ താൻ കൊടുത്തതി
ന്നന്തരീക്ഷത്തിനെറ കയ്യിൽനിന്നഞ്ജസാ

നല്ല മഴയാം പലിശ മേടിയ്ക്കുവാ
നല്പോ മുതിന്നു രത്നാകരമേ! ഭവാൻ.
കൊള്ളാം ദശാഭേദ,മെങ്ങുപോയ് ഫേനമാം
വെള്ളി വിതറിയിരുന്ന നിൻ ത്യാഗവും?

മലയേഷ്യയ്ക്ക കേരളത്തോടുള്ളതായി തോന്നിയ സാദൃശ്യം വള്ളത്തോളിനെ ആവേശംകൊള്ളിച്ചു. പത്തു നാളകംകൂശേഷം ''കപ്പൽത്തുറുകിൽ'' നിന്നിറങ്ങിയപ്പോഴം, ''സംസാരസാഗരം കുമ്പ്റാൽക്കടന്നോരു സംയമീയ്ക്കൊപ്പം'' ഒരു സമാശ്വാസം കവിയ്ക്ക് അനുഭവപ്പെട്ടുവത്രെ.

1934 ജൂൺ 15—ാംനു-യാണ് വള്ളത്തോളം കോലാലമ്പൂരിൽ കപ്പലിറങ്ങിയത്. ജൂലായ് 1—ാംനു- അവിടുത്തെ ഇന്ത്യൻ അസോസിയേഷൻ മഹാകവിയ്ക്കൊരു സ്വീകരണംനല്കി. മഴനിമിത്തം കാലാവസ്ഥ അനുകൂലമല്ലായിരുന്നെങ്കിലും സ്റ്റേറിലെ മിക്ക കേരളീയരും തദവസരത്തിൽ സന്നിഹിതരായിരുന്നു. കേരളകലകളെപ്പറ്റി അന്നു അവിടെവെച്ചു ചെയ്ത പ്രസംഗത്തിൽ വള്ളത്തോളം മലയാളസാഹിത്യത്തെക്കുറിച്ചും നാടകം, കഥകളി, മോഹിനിയാട്ടം എന്നീ കലകളെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചു. കേരളകലാമണ്ഡലത്തിനു കെട്ടിടം പണിയുവാൻ വേണ്ടുന്ന ധനസഹായമഭ്യർത്ഥിച്ചുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചത്. അവിടുത്തെ കേരളീയരുടെ ഉത്സാഹത്താൽ ഏതാനും തുക പിരിഞ്ഞുകിട്ടുകയുംചെയ്തു. സിംഗപ്പൂരിൽ കെ. പി. കേശവമേനോന്റെ ആതിഥ്യത്തിലും കുറച്ചുദിവസം വള്ളത്തോളം താമസിച്ചു. അവിടെയും കേരളീയരുടെ ഒരു വമ്പിച്ച പൊതുയോഗം വള്ളത്തോളിനെ സ്വീകരിക്കുവാനും കലാമണ്ഡലത്തിനു സഹായം വാഗ്ദാനംചെയ്യുവാനുംകൂടി. കലാമണ്ഡലത്തിനു പണം പിരിക്കുന്നതിലും വാ

ല്ലീകിരാമായണം വിറ്റഴിക്കുന്നതിലും ആ യാത്ര സാമാന്യം വിജയിച്ചു എന്നു വേണം പറയുവാൻ.

വള്ളത്തോൾ സിങ്കപ്പൂരിൽ തന്റെ ആതിഥ്യം സ്വീകരിച്ചു താമസിച്ചകാലത്തെ ചില അനുഭവങ്ങൾ കെ. പി. കേശവമേനോൻ ഇങ്ങിനെ വിവരിച്ചിട്ടുണ്ട്:—''കേരളീയർ പാത്തിരുന്ന പ്രദേശത്തെല്ലാം അദ്ദേഹത്തിന്നു വമ്പിച്ച സ്വീകരണം ലഭിച്ചു. വള്ളത്തോളിനെ ഒരിക്കൽ കണ്ടവരാരും അദ്ദേഹത്തിന്റെ നമ്മബോധവും സ്നേഹപൂർവ്വമായ പെരുമാറ്റവും, അതേസമയത്തുതന്നെ ആക്കും ബഹുമാനമുളവാക്കുന്ന ഭാവവും മറക്കുന്നതല്ല. സിംഗപ്പൂരിൽ പാത്തിരുന്നപ്പോൾ പലപ്രാവശ്യവും ഭക്ഷണംകഴിക്കുവാൻ എന്റെ വസതിയിൽ വന്നിരുന്നു. നല്ല കറികളും ആസ്വദിക്കുവാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു എന്നുമാത്രമല്ല ആ ആസ്വാദനം നമ്മബോധത്തോടെ മറ്റുള്ളവരെ അറിയിക്കുവാനുള്ള താൽപര്യവും അദ്ദേഹത്തിന്നുണ്ടായിരുന്നു. സിംഗപ്പൂരിലെ മലയാളികൾ അദ്ദേഹത്തിന്നു നല്കിയ സ്വീകരണാവസരത്തിൽ മലയയിലെ റോഡുകളെപ്പറ്റി വള്ളത്തോൾ പറഞ്ഞത് എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. അവിടെ ചരൽക്കല്ലുകൊണ്ടു ഉറപ്പിച്ച ടാറിട്ട റോഡുകളുടെ ഇരുവശത്തും പുൽമെത്തകൾ കാണാം. അവയെ വള്ളത്തോൾ വിവരച്ചിത് ഇങ്ങിനെയായിരുന്നു. 'ഇരുവശത്തും പച്ച നാടകൾ തുന്നിപ്പിടിപ്പിച്ച നീണ്ട പരവതാനിപോലെ കിടന്നിരുന്ന മലയയിലെ റോഡുകളിൽക്കൂടെ അനേകം നാഴിക സഞ്ചരിക്കുന്നതിനുള്ള ഭാഗ്യം എനിയ്ക്കുണ്ടായി. ഒരിക്കലും വിസ്മരിക്കുവാൻ പ്രയാസമായ ഒരനുഭവമാണത്. മലയാരാജ്യത്തിന്റെ പ്രകൃതിവൈഭവം കേരളത്തോട് കിടപിടിയ്ക്കുവാൻ ശ്രമിക്കുകയാണ്''.''

കലാകുതുകിയായ വള്ളത്തോളിന്നു സിങ്കപ്പൂരിൽവെച്ചു ചില നൃത്തങ്ങൾ കാണുവാൻ തരമായി. ചീനക്കാരുടെ നൃത്തങ്ങൾ അദ്ദേഹത്തിന്നിഷ്ടപ്പെട്ടില്ല. എന്നാൽ അവിടത്തെ ഒരു സിനിമയിൽ കാണാനിടയായ ഉമാഭായി എന്ന ഭാരതീയ വനിതയുടെ അഭിനയം അദ്ദേഹത്തെ വളരെ സന്തോഷിപ്പിക്കയും ചെയ്തു. അഭിനയ നൃത്തകലകൾകൊണ്ടു യശസ്സും പരിഷ്കൃതജനങ്ങളുടെ പ്രീതിയും പല ഭാരതീയ യുവതികളും അങ്ങിനെ സമ്പാദിച്ചുപോരുമ്പോൾ, പരിഷ്കാരികളെന്നഭിമാനിക്കുന്ന കേരളീയർമാത്രം തരുണിമാരുടെ നൃത്തവിദ്യയുടെനേരെ കണ്ണുരുട്ടുന്നതിനെപ്പറ്റി, അതേ സമയം, മഹാകവി പരിതപിച്ചു.

1110 കന്നിയിൽ (1934) മലയായാത്രയിൽനിന്ന് വള്ളത്തോൾ നാട്ടിൽ തിരിച്ചെത്തി. നാലുമാസം കഴിഞ്ഞപ്പോൾ

(1935 ജനുവരി) വീണ്ടും മറെറാരു യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. ബമ്മയായിരുന്നു ഇക്കുറിയത്തെ ലക്ഷ്യം. കഥകളിയോഗത്തേയുംകൂട്ടി റങ്കൂണിലും മറു പട്ടണങ്ങളിലും നടത്തിയ പര്യടനത്തിൻെറ ഫലമായി അവിടെനിന്നും ഏതാനും തുക സമ്പാദിക്കുവാൻ സാധിച്ചു. ബാരിസ്റ്റർ ഏ. കെ. പിള്ള, കെ. ഭരതയ്യർ മുതലായവരായിരുന്നു അവിടെ അതിന്നുവേണ്ടുന്ന ഒത്താശകൾ ചെയ്തുകൊടുത്തത്.

1935 മെയ്മാസത്തിൽ സമസ്തകേരള സാഹിത്യപരിഷത്തിൻെറ വാഷ്ിക സമ്മേളനം തലശ്ശേരിയിൽവെച്ചു കൂടുവാനായിരുന്നു ഏർപ്പാട്. പരിഷത്തിൻെറ അതുവരെയുള്ള പ്രവർത്തനം യുവജനങ്ങളുടെ പ്രതീക്ഷകളെ നിറവേറുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണെന്നൊരഭിപ്രായഗതി അന്നു ഉത്തരകേരളത്തിൽ ചിലക്കിടയിൽ പ്രചരിക്കുവാൻ തുടങ്ങിയിരുന്നു. യുവജനങ്ങളുടെ ആത്മവിശ്വാസത്തെയും കർമ്മകുശലതയെയും ഓജസ്സുരമായ സാഹിത്യം നിർമ്മിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും പ്രയോജനപ്പെടുത്തുന്നതിന്നായിരിക്കണം സാഹിത്യസംഘടനകളുടെ ഉദ്യമമെന്നും അതിന്നുവേണ്ടി പരിഷത്തു യാതൊന്നും ചെയ്തിട്ടില്ലെന്നും ആയിരുന്നു അവരുടെ പരാതി. എളിയവരുടെ ജീവിതത്തിൻെറ മാഹാത്മ്യത്തെയും ഹൈന്ദവസംസ്കാരത്തിൽ കടന്നുകൂടീട്ടുള്ള മാലിന്യത്തെയും പ്രതിഫലിപ്പിക്കുന്ന സാഹിത്യകൃതികളുടെ വിരളത പരിഹരിക്കപ്പെടേണ്ടതാണെന്നും അവർക്കഭിപ്രായമുണ്ടായിരുന്നു. അതിനെ മുൻനിർത്തി ഒരു യുവജന സാഹിത്യ സമ്മേളനം തലശ്ശേരിയിൽ സാഹിത്യപരിഷത്തു സമ്മേളിക്കുന്ന കാലത്തുതന്നെ നടത്തുവാൻ കെ. ടി. ചന്തുനമ്പ്യാർ മുതലായ സാഹിത്യ രസികന്മാരുടെ നേതൃത്വത്തിൽ ഒരു പരിശ്രമമാരംഭിച്ചു. കഥകളിയോഗത്തോടുകൂടി ബമ്മയിലേക്കു പുറപ്പെടാൻ ഒരുക്കംകൂട്ടുന്ന അവസരത്തിൽ വള്ളത്തോളിനെ ആ വിവരം കെ. ടി. ചന്തുനമ്പ്യാർ അറിയിക്കുകയും അതിൽ അദ്ധ്യക്ഷനായിരിക്കാമെന്നദ്ദേഹം സമ്മതിക്കുകയും ചെയ്തിരുന്നു. അങ്ങിനെ 1934 മെയ്മാസം 10—ാംനു- ആ സമ്മേളനത്തിൽ സംബന്ധിക്കുവാൻ മുകുന്ദരാജ, യു. ഗോപാലമേനോൻ, കെ. കേളപ്പൻ മുതലായവരോടൊന്നിച്ചു വള്ളത്തോളും തലശ്ശേരിയിലെത്തി. ഏഴാനകളും ബാൻറുവാദ്യവും അകമ്പടിസേവിച്ചുകൊണ്ടാണ് അദ്ധ്യക്ഷനെ സ്വാഗതസംഘം സ്വീകരിച്ച് സമ്മേളനസ്ഥലത്തേക്ക് ആനയിച്ചത്. സമസ്തകേരള സാഹിത്യപരിഷത്തിനോടൊരു വെല്ലുവിളിയെന്ന നിലയിൽ ഏർപ്പെടുത്തപ്പെട്ട ആ യുവജന സമ്മേളനത്തിൽ വള്ളത്തോൾചെയ്ത അദ്ധ്യക്ഷ പ്രസംഗം സാഹിത്യസംബന്ധമായി പല നല്ല നിർദ്ദേശങ്ങളും അടങ്ങിയതായി

രുന്നു. പക്ഷെ ആ സമ്മേളനത്തിന്റെ പിന്നിലുള്ള മനോഭാവം —പരിഷത്തിനോടുള്ള എതിർപ്പ്—പലരേയും അസ്വസ്ഥരാക്കി. കൊല്ലംതോറും വെള്ളിനാണ്യങ്ങളെയെന്നപോലെ പ്രമേയങ്ങളെയും തുരുതുരെ വിതറിക്കളയുകയല്ലാതെ മറ്റൊന്നും പരിഷത്ത് ചെയ്തിട്ടില്ലെന്നായിരുന്നു വള്ളത്തോളിന്റെ ആക്ഷേപം, പക്ഷേ, ആ യുവജന സമ്മേളനവും, വാസ്തവത്തിൽ പരിഷത്തിന്റെ വെറും ഒരു പകർപ്പുമാത്രമായിട്ടാണ് കാണപ്പെട്ടത്. ''നവീനാദർശങ്ങൾക്കനുസരിച്ചതും കേരളീയരുടെ ജീവിതത്തെ പാവനവും പരിപൂർണ്ണവുമാക്കുന്നതുമായ ഒരു സാഹിത്യത്തെ നിർമ്മിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി'' സമസ്തകേരള യുവജന സാഹിത്യ സമിതി എന്ന പേരിൽ ഒരു സ്ഥിരം സമിതി സ്ഥാപിക്കുവാൻ ആ സമ്മേളനം നിശ്ചയിച്ചു. എന്നിട്ടോ, ഫലമൊന്നും ഉണ്ടായില്ലെന്നതാണ്. പരിഷത്തിന്റെ പ്രവർത്തനത്തെ കുറച്ചെടുത്തിക്കൊണ്ട് സമ്മേളനാവസരത്തിൽ അവതരിപ്പിക്കുവാനുദ്ദേശിച്ച പ്രമേയം ഭാഗ്യവശാൽ പാസ്സായില്ല. അതങ്ങിനെ കലാശിച്ചതിൽ വള്ളത്തോൾ സന്തോഷം പ്രദർശിപ്പിച്ചു എന്നതും ഇവിടെ സ്മരണീയമാണ്. പിന്നെ എന്തിനായിരുന്നു ആ ബഹളമെല്ലാം എന്നാണ് മനസ്സിലാവാത്തത്.

പരിഷത്തിന്റെ പ്രവർത്തനത്തിലുള്ള ഫലൈവൈരള്യം വാസ്തവത്തിൽ എല്ലാവർക്കും അറിയാവുന്നതായിരുന്നു. ഏതെങ്കിലും ഒരു ധനികന്റെയോ പല ധനികന്മാരുടെയോ ഔദാര്യം കൊണ്ട് ഓരോ സ്ഥലത്തു വമ്പിച്ച തോതിലുള്ള സദ്യയും ആഘോഷങ്ങളുമായി മൂന്നോ നാലോ ദിവസം നീണ്ടുനില്ക്കുന്ന സമ്മേളനയോഗങ്ങളിൽ അനവധി പ്രസംഗങ്ങളും പ്രമേയാവതരണങ്ങളും കലാപരിപാടികളും നടന്നതല്ലാതെ അനുഭവഗോചരങ്ങളായ ഫലങ്ങൾ വളരെയൊന്നും ഉണ്ടായിരുന്നില്ലെന്ന ആക്ഷേപം അടിസ്ഥാനരഹിതമായിരുന്നു എന്നു പറയുവാൻ പാടില്ല. എന്നാൽ തലശ്ശേരിയിൽവെച്ചുകൂടിയ യുവജന സമ്മേളനവും ആ ദോഷത്തിൽനിന്നു നിശ്ശേഷം വിമുക്തമായിരുന്നില്ല! സാഹിത്യപരിഷത്തിനെതിരായുള്ള ഒരു സംഘടനയുടെ ആവിർഭാവത്തിനുള്ള ചില കരുനീക്കങ്ങൾ മാത്രമായിരുന്നു അതുകൊണ്ടുണ്ടായ ഒരേ ഒരു നേട്ടം. യുവജനങ്ങളുടെ ഇടയിൽ ജീവൽസാഹിത്യം എന്നൊരു പുതിയ പ്രസ്ഥാനത്തിന്റെ ബീജാവാപം ചെയ്യുവാൻ അതു ഏറ്റക്കുറെ ഉപകരിച്ചു എന്നും പറയാം, പിന്നീട് പുരോഗമന സാഹിത്യമെന്ന പേരിൽ രൂപാന്തരപ്പെട്ട ആ പ്രസ്ഥാനത്തിലും സാഹിത്യത്തിന്റെ പഴയ പാരമ്പര്യത്തോടുള്ള എതിർപ്പും സാഹിത്യത്തെ ജനകീയമാക്കുവാനുള്ള താല്പര്യവും പ്രകടമായി കാണുകയുണ്ടായി.

നവീനാദർശങ്ങൾ പുലർത്തുന്നതിനെപ്പറ്റി ഒട്ടും ആക്ഷേപമില്ലാത്തവരെപ്പോലും, പഴമയിലുള്ള നല്ല വശങ്ങളെ സംബന്ധിച്ചു നവീനന്മാർ വകതിരിവില്ലാതെ പ്രദർശിപ്പിച്ച അവഹേളനമനോഭാവം അസുഖപ്പെടുത്തി. ഇടപ്പള്ളിയിൽ ചേർന്ന ആദ്യത്തെ പരിഷത്സമ്മേളനത്തിനു പൂർണ്ണമായ സഹകരണം നല്കിയ വള്ളത്തോൾ പിന്നീട് കുറച്ചുകാലം അതിനോട് അനാസ്ഥ ഭാവിച്ചതും, വീണ്ടും നിലമ്പൂരിൽവെച്ചു അതിൽ പങ്കെടുത്തതും, ഒടുവിൽ തലശ്ശേരിവെച്ചു രൂപംകൊണ്ട ഒരു വിരുദ്ധ സംഘടനയോടു സഹകരിക്കുവാൻ പ്രത്യക്ഷമായി മുന്നോട്ടു വന്നതും സാഹിത്യലോകത്തിൽ പലരെയും അമ്പരപ്പിച്ചു. നിലമ്പൂരിലെ യോഗത്തിൽ അദ്ധ്യക്ഷപദം സ്വീകരിച്ചത് അതിന്റെ നിർവ്വാഹക സംഘത്തിന്റെ നായകത്വംവഹിച്ച മഹാനുഭാവനോടു വള്ളത്തോളിനു വ്യക്തിപരമായുണ്ടായിരുന്ന സ്നേഹാദരങ്ങളുടെ ഫലമായിട്ടാണെന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. അതുപോലെ തലശ്ശേരി യുവജനസമ്മേളനത്തിൽ അദ്ധ്യക്ഷനാകുവാൻ സമ്മതിച്ചത്, (അദ്ദേഹത്തിന്റെ ഭാഷയിൽത്തന്നെ), 'ചാരുശീലനായ ചന്തുനമ്പ്യാ'രോടുള്ള സ്നേഹാദരങ്ങൾകൊണ്ടായിരുന്നു എന്നു വിചാരിക്കാം. വള്ളത്തോളിനെപ്പോലെ ആദർശാലിയായ ഒരു മഹാകവിയുടെ നേതൃത്വം യുവജനങ്ങൾക്കുണ്ടാകേണ്ടതിന്റെ ഔചിത്യത്തെപ്പറ്റി ആർക്കും എതിരഭിപ്രായമുണ്ടായിരുന്നില്ല. പക്ഷേ, അതിനുവേണ്ടി സാഹിത്യപരിഷത്തിന്റെ സ്വാധീനവലയത്തിൽനിന്ന് അവരെ അങ്ങിനെ അകറ്റി നിർത്തേണ്ടിയിരുന്നില്ല എന്നേ അവർ പറഞ്ഞുള്ളൂ. ബഹുജനപ്രീതി സമ്പാദിക്കുന്നതിനുള്ള ഒരു വെമ്പലല്ലേ വള്ളത്തോളിന്റെ ഈ നിലപാടിനു പ്രധാന കാരണമായിരുന്നതെന്നു ചിലർ സംശയിക്കാതിരുന്നില്ല. പാണ്ഡിത്യത്തിന്റേയും വ്യൽപത്തിയുടേയും നേരേയുള്ള വൈമുഖ്യംകൊണ്ടും ഭാവനാശക്തിയുടെ ദാരിദ്ര്യംകൊണ്ടും ഭാഷാപരിജ്ഞാനത്തിന്റെ വിരളതകൊണ്ടും സാഹിത്യമെടുത്തു കൈകാര്യം ചെയ്യുവാൻ കെല്പ് നന്നെ കഷ്ടിയായവർക്ക് സാഹിത്യകാരന്മാരെന്നു യശസ്സു സമ്പാദിക്കാനുള്ള അദമ്യാഭിലാഷം സാധിക്കുവാൻ പറ്റിയൊരു പദ്ധതി തുറന്നുവെക്കുകയായിരുന്നില്ലേ അതിന്റെ ഫലമെന്നും പലരും ധരിച്ചുപോയി! ദേവന്മാരുടെയും രാജാക്കന്മാരുടെയും കഥകൾക്കു പകരം ദൈനന്ദിനജീവിതത്തിലെ കഷ്ടപ്പാടുകളെയും അവശതകളെയും പ്രതിപാദിക്കുന്ന കൃതികൾ മാത്രമാണ് സാഹിത്യകാരൻ നിർമ്മിക്കേണ്ടതെന്നൊരു സിദ്ധാന്തംതന്നെ ഈ പുത്തൻകൂറുകാർക്കുള്ളതായി തോന്നി. പക്ഷേ വള്ളത്തോളിന്റെ അഭിപ്രായഗതി ആ സിദ്ധാന്തത്തെ അനുകൂലിക്കുന്നതായിരുന്നില്ല. ചെറുപ്പക്കാരുടെ സാഹിത്യപ്രതിപ

ത്തിയെ നേർവഴിയ്ക്കു നയിക്കുവാൻ, മുതിന്ന സാഹിത്യനായക ന്മാക്കൊരു ചുമതലയുണ്ടെന്ന അത്ഥത്തിലാണ് അദ്ദേഹം അവ രുടെ ആ സംരംഭത്തിൽ നേതൃത്വം സ്വീകരിച്ചത് എന്ന പല പ്രകാരത്തിലും പ്രത്യക്ഷപ്പെട്ടിരുന്നു. അഭ്യസ്തവിദ്യരായ ഒരാ യിരംപേർ കാവിയിൽ മുക്കിയ ഖദർവസ്ത്രം ഉടുത്തു തുഞ്ചത്താ ചാര്യന്റെ ചായാമുദ്രയും ഹൃദയാന്തത്തിൽ പതിച്ചു ഭിക്ഷുക്ക ളായി സഞ്ചരിച്ചു പണം പിരിച്ചുണ്ടാക്കണമെന്നു വള്ളത്തോൾ യുവജനങ്ങളോടുപദേശിച്ചതു അവരുടെ അനാശാസ്യമായ 'പു രോഗമന' പ്രവണതയെ പ്രോത്സാഹിപ്പിക്കുവാനായിരുന്നില്ല എന്നു സ്പഷ്ടമാണ്. നേരേമറിച്ചു കേരളീയരുടെ പരമ്പരാസി ദ്ധമായ സാഹിത്യത്തെ പോഷിപ്പിക്കുവാനുള്ള സേവനമനോ വൃത്തി അവരിൽ ഉളവാക്കുകയായിരുന്നു മഹാകവിയുടെ ലക്ഷ്യം.

ഇരുപത്തൊന്നാം അധ്യായം

കേരളകലാമണ്ഡലം

വള്ളത്തോളിന്റെ സാഹിത്യജീവിതത്തിൽ ഒരു പുതിയ ദശയിലേക്കുള്ള കാൽവെപ്പായിരുന്നു കലാമണ്ഡലത്തിന്റെ ആവിർഭാവമെന്നു പറയാം. അന്നോളം അവിചലിതമായ ഏകതാനതയോടേ കവിതാകാമിനിയ്ക്കുപ്പിച്ചുകൊണ്ടിരുന്ന അനുരാഗം അന്നുമുതൽ ഒരു സപത്നിയ്ക്കുകൂടി പങ്കിട്ടുകൊടുക്കേണ്ടതായിവന്നു. പ്രൌഢയും പരിണതാശയയുമായ പ്രഥമപരിഗ്രഹത്തിനു അതുകൊണ്ടൊട്ടും അപ്രിയം തോന്നാനിടയില്ലെന്നു മനസ്സിലാക്കിയതുകൊണ്ടായിരിക്കാം നവോഢയുടെ ഹാവഭാവാദികളിൽ കാമുകൻ അത്രയധികം മയങ്ങിപ്പോയത്. അഥവാ പണ്ടത്തെ ധരാവല്ലഭന്മാക്കെന്നപോലെ, കലാവല്ലഭന്മാക്കും പരിഗ്രഹബഹുത്വം നിഷിദ്ധമല്ലല്ലൊ! ഏതായാലും കവിതയ്ക്കുവേണ്ടിമാത്രം വിനിയോഗിച്ചിരുന്ന സമയത്തിന്റെ വലിയൊരുഭാഗം കലാമണ്ഡലത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി നീക്കിവെക്കുവാൻ ആയിടയ്ക്കു വള്ളത്തോൾ നിർബന്ധിതനായി.

കുട്ടിക്കാലത്ത് അച്ഛനിൽനിന്നു പുത്രാവകാശമായിക്കിട്ടിയ കലാഭിരുചിയ്ക്കു പുഷ്ടിതാവസ്ഥയിൽനിന്നു ഫലോദയത്തിലേക്കു നീങ്ങുവാൻ അനുകൂലമായ സാഹചര്യങ്ങൾ കുന്നംകുളത്തു പാത്തിരുന്നകാലത്ത് വള്ളത്തോളിനു സുലഭമായിരുന്നു. വെട്ടത്തുനാട്ടിലും തൃശ്ശൂരിലും പാത്തിരുന്നപ്പോൾ കഥകളിയുള്ള ദിക്കിലെല്ലാം എത്താറുണ്ടായിരുന്ന വള്ളത്തോൾ കുന്നംകുളത്തും അങ്ങിനെയുള്ള സന്ദർഭങ്ങൾ വിട്ടുകളഞ്ഞിരുന്നില്ല. 1089–ൽ ഔഷധാഹരണം എന്നൊരാട്ടക്കഥ എഴുതിയതുതന്നെ കഥകളിയോടുണ്ടായിരുന്ന ഈ പ്രതിപത്തികൊണ്ടാണ്.

ആട്ടക്കഥകളില്ലായ്കകൊണ്ടുള്ള ന്യൂനതയായിരുന്നില്ല കഥകളിയുടെ കലാവിഷയകമായ പോഷണത്തെ കാര്യമായി ബാധിച്ചിരുന്നത്. കൊല്ലവർഷം പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധം ആട്ടക്കഥകളുടെ ഒരു കൊയ്ത്തുകാലമായിരുന്നു. അന്നു കഥകളിയെ പ്രോത്സാഹിപ്പിക്കുവാൻ പ്രഭുകുടുംബങ്ങൾ ധാരാളം ഔദാര്യം പ്രദർശിപ്പിച്ചിരുന്നു. പൊതുജനങ്ങൾക്കും അതിലൊരഭിരുചിയുണ്ടായിരുന്നു. ആ അഭിരുചിയുടെതെല്ലൊ

രയവുവന്നത് ഭാഷാനാടകങ്ങൾക്കു പ്രചാരംകിട്ടിത്തുടങ്ങിയ പ്പോഴാണ്. കഥകളിയുടെ കലാഭംഗി ആസ്വദിക്കുവാൻ വേ ണ്ടത്ര പാണ്ഡിത്യമോ സംഗീതാഭിരുചിയോ സാങ്കേതിക പരിചയമോ സാമാന്യജനങ്ങളിൽ ക്രമേണ കുറഞ്ഞുവന്നു. പ്രേക്ഷകന്മാരുടെ ആനുകൂല്യവും ക്രമേണ ക്ഷയിച്ചു. അങ്ങിനെ കഥകളിയോഗങ്ങൾക്ക് ആകപ്പാടെ ഒരു തളർച്ചയും വിളർച്ചയും തട്ടി. കലാകാരന്മാരുടെ നില പരുങ്ങലിലായി. അഭ്യസ്ത വിദ്യരായ അർവാചീനരുടെ ഇടയിൽ കഥകളി മിക്കവാറും ഒരു പഴഞ്ചൻകലയെന്ന നിലയിലേക്കു താണു. വേഷവിധാ നങ്ങളുടെ പ്രാചീനതയെപ്പറ്റി അവർ പരിഹാസരസത്തിൽ സംസാരിക്കുവാൻ തുടങ്ങി. അവരെസ്സംബന്ധിച്ചേടത്തോളം കഥകളി വെറും ഊമക്കളിമാത്രമായിത്തീർന്നു.

ഈ ദുരവസ്ഥയിൽനിന്നു കഥകളിയെ ഉദ്ധരിക്കുവാൻ എ ന്തെങ്കിലും ചെയ്തേകഴിയൂ എന്നു വള്ളത്തോൾ നിശ്ചയിച്ചു. അങ്ങിനെയിരിക്കുമ്പോഴാണ് മണക്കുളം രാജാവിന്റെ രക്ഷാ ധികാരത്തിലുള്ള കഥകളിയോഗത്തിന്റെ അഭ്യാസപരിപാടി കൾ നേരിട്ടുകാണുവാൻ വള്ളത്തോളിനു ഒരവസരം കിട്ടിയത്. ആപൽക്കരമായ പരിഷ്കാരഭ്രകമ്പത്താൽ കുറെ കേട്ടപാട്ടുകൾ പററിപ്പോയിട്ടുണ്ടെന്നല്ലാതെ അടിക്കല്ലിനു അത്രയൊന്നും ഇള ക്കം തട്ടിയിട്ടില്ലെന്നും, വളരെക്കാലത്തെ അനാസ്ഥനിമിത്തം കാടുപിടിച്ചുകിടക്കുന്ന കഥകളിക്ഷേത്രത്തെ ജീർണ്ണോദ്ധാരണം ചെയ്തു പരിശുദ്ധീകരിക്കുവാൻ ഏകതാനതയോടെ പ്രയത്നി ച്ചാൽ ഫലമുണ്ടാകാതിരിക്കയില്ലെന്നും അദ്ദേഹത്തിനപ്പോൾ മനസ്സിലായി. പഴയ നടന്മാർ മിക്കവരും അരങ്ങത്തുനിന്നു അന്തർദ്ധാനം ചെയ്തുകഴിഞ്ഞിരുന്നതുകൊണ്ടും അവശേഷിച്ചവ രിൽ പലരും കലാമണ്ഡത്തിലേക്കു കടന്നുചെല്ലുവാൻ വേണ്ടുന്ന അഭ്യാസംനേടിയവരല്ലാതിരുന്നതുകൊണ്ടും ഒരു കഥകളിവേഷ ക്കാരനായതുകൊണ്ടുമാത്രം നിത്യവൃത്തികഴിക്കുവാൻ സാധ്യമ ല്ലാത്ത സ്ഥിതിയുള്ള അതിലൊരു വൈദഗ്ധ്യംനേടണമെന്ന ആഗ്രഹം അവരിൽ പ്രായേണ അങ്കുരിക്കായ്കകൊണ്ടുമാണ് കഥ കളിയുടെ ആകർഷണത്തിനു ഭംഗംസംഭവിച്ചതെന്നു അദ്ദേഹം കണ്ടറിഞ്ഞു. ഈ അനാസ്ഥ തുടരുകയാണെങ്കിൽ കഥകളി കഥാവശേഷമാവുകയേ ഉള്ളൂ എന്നും, ആലോചനാമൃതമായ സാഹിത്യവും ആപാതമധുരമായ സംഗീതവും നയനമോഹന മായ നടനകലയും ഒത്തുചേർന്നുണ്ടായ ആ 'ത്രിമധുരം' പരശു രാമക്ഷേത്രത്തിൽ കിട്ടാതെപോയേക്കുമെന്നും ഭയപ്പെടേണ്ട നില വന്നുകൂടി. ആ ദുരന്തത്തിന്നിടവരാതിരിക്കട്ടെ എന്ന അത്യാഗ്രഹത്തോടുകൂടി വള്ളത്തോൾ ഒരു പരിപാടി ആസൂ ത്രണംചെയ്വാനാരംഭിച്ചു. അതിന്റെ പ്രാരംഭമായി, കഥകളി

ക്കാരിൽ മികച്ചവരെ വിളിച്ചുകൂട്ടി പലസ്ഥലങ്ങളിലും അര ങ്ങേപ്പെടുത്തി കളിപ്പിക്കുവാനും അവിടെവെച്ചു കളിക്കാരെ യഥോചിതം അഭിനന്ദിച്ചു പ്രോത്സാഹിപ്പിക്കുവാനും നിശ്ച യിച്ചതനുസരിച്ചു മണക്കുളം മുകുന്ദരാജാവ്, കണ്ണങ്കത്ത് രാമൻ മേനോൻ മുതലായ ഏതാനും സുഹൃത്തുക്കളുടെ സഹായത്തോടു കൂടി തൃശ്ശൂരിൽ നാലു ദിവസത്തെ കളി കെങ്കേമമായി നട ത്തി. ആ കളികളിൽ പങ്കെടുക്കുവാൻ കൊച്ചി, തിരുവിതാം കൂർ, മലബാർ എന്നീ പ്രദേശങ്ങളിലെ പല വിദഗ്ധനടന്മാരും എത്തിച്ചേർന്നിരുന്നു.

ഇതിനെ തുടർന്നു കഥകളിയുടെ പുനരുദ്ധാരണത്തിനുള്ള ഒരു പദ്ധതി രൂപീകരിക്കുന്നതിൽ വള്ളത്തോളിന്റെ ശ്രദ്ധ കേന്ദ്രീ കൃതമായി. ആ ഒരു വിഷയത്തിൽത്തന്നെ ആയിരുന്നു ഏതു സമയത്തും മനസ്സു വ്യാപരിച്ചുകൊണ്ടിരുന്നത്. പ്രധാനമായ ആവശ്യം യുവകലാകാരന്മാക്ക് അഭ്യസനംനല്കുവാൻ പറ്റിയ ഒരു വിദ്യാലയത്തിന്റെ സ്ഥാപനമാണെന്നുകണ്ട്, കേരളകലാ മണ്ഡലം എന്ന പേരിൽ ഒരു കലാക്ഷേത്രം നിർമ്മിക്കുവാനെ ന്താണുപായമെന്നായി പിന്നത്തെ ആലോചന. മൂലധനത്തി നുള്ള ഏകമാർഗ്ഗം ഒരു ഷോടതി നടത്തുകയായിരിക്കുമെന്നു ചിലരുപദേശിച്ചു. അതിന്നാവശ്യമായ സക്കാരിന്റെ അനു മതി കിട്ടുവാൻ ഭാഗ്യവശാൽ വലിയ പ്രയാസമുണ്ടായില്ല. ടി ക്കറ്റു വില്പനയിലാണ് പ്രയാസം അനുഭവപ്പെട്ടത്. വള്ള ത്തോൾ തന്നെ ടിക്കറ്റു ബുക്കുകളുമായി നാടൊട്ടുക്കു സഞ്ചരിച്ചു പല പടികളും കയറിയിറങ്ങി. പലരും സഹകരിച്ചു; വേറെ ചിലർ അപഹസിച്ചു; മറ്റുചിലർ അദ്ധ്മനസ്സാലെ സഹാ യിച്ചു. ഉദ്ദിഷ്ടകാര്യത്തിന്റെ പ്രാധാന്യമോർത്ത് ആ വക അവ ധീരണകളൊന്നും ഗണ്യമാക്കാതെ, വിചാരിച്ചതുയായില്ലെ ങ്കിലും ഏതാണ്ടൊരു സംഖ്യ പിരിഞ്ഞുകിട്ടിയശേഷം ഷോട തിയുടെ നറുക്കെടുപ്പു പൂർത്തിയാക്കി. എഴുപത്തയ്യായിരം ഉറു പ്പിക മൂലധനമായി നിക്ഷേപിച്ചു അതിൽനിന്നു കിട്ടുന്ന പലി ശകൊണ്ടു വിദ്യാലയപ്രവർത്തനം ആരംഭിയ്ക്കുവാൻ തീർച്ചയാക്കി.

കലാവല്ലഭനായ മണക്കുളം വലിയ രാജാവിന്റെ ഔദാ ര്യത്താൽ, 1930 നവമ്പറിൽ, വള്ളത്തോളിന്റെ അമ്പത്തിര ണ്ടാം ജന്മദിനത്തിൽ, കുന്നംകുളത്ത് ഒരു കഥകളി വിദ്യാലയം പ്രവർത്തനമാരംഭിച്ചു. മണക്കുളത്തെ കഥകളി യോഗത്തിന്റെ വിലപിടിച്ച കോപ്പുകളെല്ലാം തമ്പുരാൻ വിദ്യാലയത്തിന്നു സംഭാവന ചെയ്തു. അങ്ങിനെയാണ് 'കേരള കലാമണ്ഡലം' ഉടലെടുത്തത്.

ആറു മാസത്തോളമേ കുന്നംകുളത്തുള്ള അഭ്യാസം തുടർന്നുള്ളു. അപ്പോഴേക്കു സ്ഥലസൌകര്യം മതിയാവാതെ വന്നതുകൊണ്ടു

മറെറാരു സ്ഥലം കണ്ടുപിടിക്കേണ്ടതായി വന്നു. മണക്കുളം രാജകുടുംബത്തിന്റെ ഔദാര്യംതന്നെ അതിനും ഒരു പോംവഴി യുണ്ടാക്കിക്കൊടുത്തു. കലാപ്രേമിയും സഹൃദയനുമായ മുകുന്ദ രാജാവു് മുളകുന്നത്തുകാവു റെയിൽവെ സ്റ്റേഷനിൽനിന്നു രണ്ടു നാഴിക വടക്കു അമ്പലപ്പുരത്തുള്ള തന്റെ ബങ്കളാവു കലാ മണ്ഡലത്തിന്റെ ഉപയോഗത്തിനുവേണ്ടി വിട്ടുകൊടുത്തു. അടുത്തൊരു വീടു വാടകയ്ക്കെടുത്തു വള്ളത്തോളും കുടുംബസമേതം അവിടെ താമസമാക്കി. അതിനുശേഷം കവിയുടെ ശ്രദ്ധ മുഴുവ നും കലാമണ്ഡലത്തിന്റെ പോഷണത്തിൽ കേന്ദ്രീകൃതമായി.

കഥകളിയിൽ കടന്നുകൂടിയിരുന്ന പല വൈകല്യങ്ങളും പരിഹരിക്കുവാൻ വള്ളത്തോൾ ശ്രമിക്കുകയും അതിൽ വിജയം ലഭിക്കുകയുംചെയ്തു. അരങ്ങത്തും അണിയറയിലും അനേകം മാറങ്ങൾ ആവശ്യമായിത്തോന്നുകയാൽ, യാഥാസ്ഥിതിക രുടെ എതിർപ്പുകൾ കൂട്ടാക്കാതെ ആ വക പരിഷ്കാരങ്ങൾ അദ്ദേ ഹം സധൈര്യം നടപ്പിൽവരുത്തി. വേഷവിധാനങ്ങൾ പ ലതും പരിഷ്കരിക്കേണ്ടതുണ്ടെന്ന അഭിപ്രായക്കാരനായിരുന്ന ഔചിത്യമർമ്മജ്ഞനായ വള്ളത്തോൾ. പഴമക്കാർക്കാണെങ്കിൽ അതത്ര സമ്മതമായിരുന്നില്ല. എങ്കിലും കാലാനുരൂപമായ ഭേദഗതികൾ വരുത്തുന്ന കാര്യത്തിൽ അദ്ദേഹം ഉറച്ചൊരു നിലപാടുതന്നെ കൈക്കൊണ്ടു. വേണ്ടത്ര സാഹിത്യപരിചയമി ല്ലാത്തതുകൊണ്ടു പാട്ടുകളുടെ അർത്ഥം ശരിയ്ക്കു മനസ്സിലാക്കാതെ വേഷക്കാർ അരങ്ങത്തുവെച്ചു പല തെറ്റുകളും വരുത്താറുണ്ടാ യിരുന്നു. അവയെ അപ്പപ്പോൾ തിരുത്തി അഭിനേതാക്കൾക്കു മാഗ്ദ്ധനിർദ്ദേശം നല്കുന്ന കാര്യത്തിലും അദ്ദേഹം മനസ്സിരുത്തി. പുരാണകഥകളെസ്സംബന്ധിച്ചു വേഷക്കാക്കിടയിലുണ്ടായി രുന്ന പല അബദ്ധധാരണകളും അങ്ങിനെ വള്ളത്തോൾ അക ററിയിട്ടുണ്ടു്. സന്ദർഭംപോലെ അർത്ഥഭേദം പ്രകാശിപ്പിക്കേണ്ട മുദ്രകളെക്കുറിച്ചു വേഷക്കാരെ പ്രത്യേകം ധരിപ്പിച്ചിരുന്നതിനു പുറമെ അദ്ദേഹം പല മുദ്രകളും സ്വയം സൃഷ്ടിച്ചു കലാമണ്ഡല ത്തിലെ വിദ്യാർത്ഥികൾക്കു പഠിപ്പിച്ചുകൊടുക്കുകയുംചെയ്തു.

സന്ദർഭാനുരൂപമായ മനോധർമ്മപ്രകാശനംകൊണ്ടു അഭിനയ ത്തിനു തന്മയത്വം വരുത്തുവാൻ സാഹിത്യബോധം അത്യാവ ശ്യമാണു്. ആശാന്മാർ പഠിപ്പിച്ച രീതിയിൽ അഭിനയിച്ചു പോവുക എന്നല്ലാതെ സഹൃദയത്വത്തിന്റെ സഹായത്താൽ അ തിനെ പരിപുഷ്ടമാക്കുവാനുള്ള കഴിവു മിക്ക നടന്മാർക്കും ഉണ്ടാ യിരുന്നില്ല. ആ ന്യൂനത പരിഹരിച്ചു വേഷക്കാരെ സാഹിത്യ ബോധമുള്ളവരാക്കിത്തീർക്കേണ്ടതും കഥകളിയുടെ പുനരുദ്ധാര ണത്തിനു ഒഴിച്ചുകൂടാത്തൊരാവശ്യമാണെന്നു മനസ്സിലാക്കി വള്ളത്തോൾ അതിലേക്കൊരധ്യാപകനെ നിയമിച്ചു. തന്റെ


കാര്യദർശിയുടെ നിലയിൽ അന്നു കൂടെപ്പാത്തിരുന്ന സാഹിത്യ ശിരോമണി കുട്ടിക്കൃഷ്ണമാരാരെയാണ് ആ സ്ഥാനത്തു ആദ്യ മായി നിശ്ചയിച്ചത്. മാരാരുടെ അവഗാഢമായ സാഹിത്യ ജ്ഞാനവും ഇംഗിതജ്ഞതയും അതിന്നേറവും ഉപയുക്തമായ യോഗ്യതകളായിരുന്നു.

ഇതിനിടയ്ക്കു വള്ളത്തോളിന്റെ കഥകളിപ്രേമം ചില പ്രതികൂല വിമർശങ്ങൾക്കു കാരണമായി. പൊതുജനങ്ങളിൽ നിന്നു പിരിച്ചുണ്ടാക്കിയ പണം കഥകളിയുടെ പോഷണത്തി നുപയോഗപ്പെടുത്തുന്നതിനെക്കാൾ ആവശ്യമായത് നാടകക ലയെ പോഷിപ്പിക്കുവാനും നാടക നടന്മാരെ പ്രോത്സാഹിപ്പി ക്കുവാനും വിനിയോഗിക്കുകയാണെന്നൊരഭിപ്രായഗതി പൊ ന്തിവന്നു. 'കഥകളിയും നാടകവും' എന്ന ശീർഷകത്തിൽ 1933 മാച്ച് 26-ാംനു-ത്തെ മലയാളരാജ്യം പത്രത്തിൽ ഈ. വി. കൃഷ്ണ പിള്ള എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങിനെ പറഞ്ഞിരുന്നു:—

''കഥകളിയുടെ അംശങ്ങൾ തപ്പിയെടുത്തു പൊക്കിനിറു ത്തുന്നതിനല്ലാ നവ്യാശയങ്ങൾക്കു അനുയോജ്യമായ നാടകം നന്നാക്കുന്നതിനാണ് കേരളീയർ ഇഷ്ടപ്പെടുന്നതു എന്നു അദ്ദേഹ ത്തിനു (വള്ളത്തോളിനു) ബോധ്യംവന്നാൽ ആ ബോധ്യത്തിനു അനുസരിച്ചു പ്രവർത്തിക്കുവാനുള്ള വലിയ കൃത്യ ഭാരം അദ്ദേഹ ത്തിൽ ചുമലുന്നു.''

കാവ്യാംശങ്ങളെയോ സംഭവങ്ങളെയോ ദൃശ്യമായി രൂ പാന്തരപ്പെടുത്തുന്നതിനു കഥകളിയെക്കാൾ നാടകമാണുതകുന്ന തെന്നതിനുദാഹരണമായി ഈ. വി. എടുത്തുകാണിച്ചതു വള്ള ത്തോളിന്റെ 'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി' എന്ന കവി തയെത്തന്നെയായിരുന്നു. ''ഹുമയൂണിന്റെ പച്ചയും ഉസ്മാന്റെ കത്തിയും ഹിന്തു സ്ത്രീയുടെ ലളിതാനിവ്വിശേഷമായ സ്ത്രീവേഷ വും വച്ചുകൊണ്ടു അതു ഒരു കഥകളിയാക്കി വള്ളത്തോൾ ഒന്നെഴ തിയാൽ കൊള്ളാമായിരുന്നു. നേരേമറിച്ചു ഹുമയൂണും ഉസ്മാനും കൂടി തെരുവിൽവെച്ചു അവളെക്കാണുന്നതു്, പിന്നീട്ടുള്ള ഹുമയൂ ണിന്റെ ചിന്താ വൈക്ലബ്യം, രാജ്യഭരണ കാര്യങ്ങളിൽ ശ്രദ്ധ യില്ലായ്മ, ഉസ്മാന്റെ ദുർമ്മോഹാധിക്യം.....ഇങ്ങിനെ ഈ ചെറുകവിത ഒരു ഒന്നാന്തരം നാടകമാക്കി എഴുതാമെന്നു ഈ ഞാൻ പറയുന്നു. അല്ലാതെ ഗ്വാഗ്വാ എന്നലറി ഡൽഹി ചക്ര വർത്തി ഇരട്ടക്കലാശം ചവുട്ടി വിയർക്കുന്നതു കാണുവാൻ ഇന്ന ത്തെ ചെറുപ്പക്കാർ, അല്ലാ ഔചിത്യബുദ്ധിയുള്ള വൃദ്ധന്മാരും ആരുംതന്നെ തയ്യാറാകുമെന്നു തോന്നുന്നില്ല'' * * *

''ആംഗ്യത്തെക്കാൾ വളരെക്കാലം കഴിഞ്ഞു ജനിച്ചതുകൊണ്ടു ശക്തികൂട്ടുന്ന വാക്കിന്നുപോലും വയ്യാത്ത ഈ മാതിരി കാവ്യ



ട്ടോഗ്രാഫുകൾ പിറകോട്ട വലിച്ചുകൊണ്ടുപോയി വല്ലതും സാധിക്കുമെന്ന് 'വാക്കി'നേയും കടന്ന ആദിമഗിരിവാസികളുടെ അപ്പുണ്ണിമാരായ കുരങ്ങന്മാരുടെ ആംഗ്യത്തിലേക്കു കൊണ്ടു തട്ടുന്നുണ്ടോ, വാക്കിനുപോലും താങ്ങുവാൻ വഹിയാത്ത ഗാംഭീര്യമുള്ള കവിതകളും എഴുതിയ വള്ളത്തോൾ നാരായണമേനവൻ അവർകളും പറയുന്നത്?'' ഈ രീതിയിലായിരുന്നു ഈ. വിയുടെ വാദഗതി.

ഈ അഭിപ്രായത്തിന്റെ സാധുത്വം നിർണ്ണയിക്കേണ്ടത് പില്ക്കാലത്തെ അനുഭവംകൊണ്ടാണ്. കേരളകലാമണ്ഡലത്തിനു നാടകകലയോടു യാതൊരു വൈമുഖ്യവും ഉള്ളതായി തെളിവില്ല. കഥകളിയും ഇതര നൃത്യകലകളും പരിപോഷിപ്പിക്കുകയാണ് അതിന്റെ ഉദ്ദേശമെങ്കിൽ അതിൽ നാടകം ഉൾപ്പെടുന്നില്ലെന്ന ആക്ഷേപത്തിനു ആസ്പദമില്ല. വാസ്തവത്തിൽ നാടകങ്ങളോടു വള്ളത്തോളിനു അശേഷം വിപ്രതിപത്തിയുണ്ടായിരുന്നില്ലെന്നു മാത്രമല്ല അവയെ പരിഷ്കരിക്കുന്നതിന്റെ ആവശ്യകതയിലും അദ്ദേഹം വിശ്വസിച്ചിരുന്നു. ഗദ്യനാടകങ്ങൾ നിർമ്മിക്കുന്നതിൽ സാഹിത്യകാരന്മാരുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു എന്നും നാടകങ്ങളുടെ രംഗപ്രയോഗത്തിൽ കണ്ടുവരുന്ന വൈകല്യങ്ങൾ പരിഹരിക്കുവാൻ ഒരു പരിശ്രമം ആവശ്യമാണെന്നും വള്ളത്തോൾ പലപ്പോഴും പറയാറുണ്ടായിരുന്നു. പുരുഷന്മാർ സ്ത്രീവേഷം ധരിക്കുന്നത് പ്രകൃതിവിരുദ്ധമാണെന്ന കാരണത്താൽ ആ പതിവു തുടർന്നുപോകാൻ വിദ്യാസമ്പന്നകളായ വനിതകളും സമ്മതിക്കരുതെന്ന നിഷ്കർഷയും അദ്ദേഹത്തിനുണ്ടായിരുന്നു.

ഏതായാലും, കഥകളി ആസ്വദിക്കുവാൻ കെല്പുള്ളവർ എണ്ണത്തിൽ കുറവായിരിക്കും എന്നുവെച്ചു ആ കലയെ അതിന്റെ ജീർണ്ണാവസ്ഥയിൽനിന്നു സമുദ്ധരിക്കുവാൻ പാടില്ലെന്നു സിദ്ധാന്തിക്കുന്നത് ഒരു തരം മക്കടമുഷ്ടിയാണ്. ലോകത്തിന്റെ ഭിന്നരുചിത്വം മുൻനിർത്തിക്കൊണ്ടുവേണം ഈ വക കാര്യങ്ങളിൽ ഗുണദോഷനിരൂപണത്തിനൊരുങ്ങുന്നത്. എല്ലാ കലകളുടേയും കാര്യത്തിൽ ഇതുതന്നെയാണ് സ്ഥിതി. ശാസ്ത്രീയസംഗീതം ഇഷ്ടപ്പെടുന്നവരുണ്ട്; ലളിതസംഗീതപക്ഷപാതികളുമുണ്ട്. കഥകളി ഇഷ്ടപ്പെടുന്നവരുണ്ട്; നാടകത്തിൽ പ്രതിപത്തി കൂടുന്നവരുമുണ്ട്; ഇതു രണ്ടുമല്ലാതെ സിനിമയാണ് വേണ്ടതെന്നു വിചാരിക്കുന്നവരും ഉണ്ട്. ''കഥകളിയുടെ കാലം അസ്തമിച്ചു; നാടകത്തിന്റെ കാലം തെളിഞ്ഞു തെളിഞ്ഞു വരുന്നു; കേരള കലാമണ്ഡലം മാത്രം ഇക്കഥ അറിയുന്നില്ല. എന്നാൽ വളരെ വേഗം അറിഞ്ഞുകൊള്ളും'' എന്ന ഈ. വി. യുടെ പ്രവചനം ഒരു ശാശ്വത തത്ത്വമായിക്കൊള്ളണമെന്നില്ല!

കഥകളിയുടെ കാലം അസ്തമിച്ചിട്ടില്ലെന്നതിന്റെ പല തെളിവുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. പല സ്ഥലങ്ങളിലും കഥകളിസമിതികളും രൂപംകൊണ്ടിട്ടുണ്ട്. അവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കളികളും കാണുവാൻ അസംഖ്യം ജനങ്ങളും തിരക്കിക്കൂടുന്നുമുണ്ട്. പെൺകുട്ടികളുംകൂടി കഥകളിയിൽ ഒരഭിനിവേശം കടന്നുകൂടിയിട്ടുണ്ട്. ഇന്ദുലേഖയിലെ ''കളിഭ്രാന്ത''ല്ലതാനും ആ അഭിനിവേശം! കഥകളിയഭ്യസിക്കുവാനുള്ള ആഗ്രഹമാണ് ഇന്ന അവരിൽ പ്രകടമായിത്തീന്നിട്ടുള്ളത്. കലാമണ്ഡലത്തിൽ കഥകളിയഭ്യസിക്കുവാൻ വന്നുചേന്നിരുന്ന കേരളീയേതരരുടെ കൂട്ടത്തിൽ ആദ്യം മുതല്ക്കേ ചില വനിതകളുമുണ്ടായിരുന്ന. അതു കണ്ടപ്പോളാണ് കേരളത്തിലെ ബാലികമാക്കും ഒരുത്സാഹം ജനിച്ചത്. വള്ളത്തോൾതന്നെ ഇതിനെപ്പററി ഒരിക്കൽ ഒരു നേരമ്പോക്കു പറഞ്ഞിരുന്ന. പൂതനയുടെ വേഷം കെട്ടിയാടുന്നതിലാണ് മിക്ക പെൺകുട്ടികൾക്കും കമ്പം കടന്നുകൂടീട്ടുള്ളതെന്ന സൂചിപ്പിച്ചുകൊണ്ട് ''നമ്മുടെ നാട്ടിൽ ഇപ്പോൾ പൂതനകളുടെ തിരക്കാണ്. ഇവരുടെ ഇടയിൽ പിഞ്ചുകുട്ടികൾ ജീവിച്ചിരിക്കുന്നുണ്ടല്ലൊ എന്നതാണത്ഭുതം'' എന്ന മഹാകവി ഒരിക്കൽ പറയുകയുണ്ടായി. ഇതും കഥകളിയുടെ കാലം കഴിഞ്ഞതിന്റെ ലക്ഷണമല്ലല്ലൊ.

ഏതായാലും താനാരംഭിച്ച കാര്യത്തിൽ ആഫലോദയകമ്മാവായി പ്രവത്തിക്കുവാൻ ബദ്ധപരികരനായിത്തന്നെ വള്ളത്തോൾ മുന്നോട്ടുപോയി. അതിന്ന കേരളത്തിലുള്ളവരെ മാത്രം ആശ്രയിച്ചാൽ മതിയാവുകയില്ലെന്ന അദ്ദേഹത്തിന്ന പല പ്രകാരത്തിലും മനസ്സിലായിക്കഴിഞ്ഞിരുന്ന. കഥകളി നാമാവശേഷമായിക്കാണുവാനാണ് തനിക്കു മോഹം എന്ന പറഞ്ഞിട്ടാണ് ഒരിക്കൽ ഒരു മലയാളി മാന്യൻ വള്ളത്തോളിന്റെ ധനാഭ്യത്ഥനയെ നിരസിച്ചത്. ഹ്യദ്രോഗമാകയാൽ തനിയ്ക്കധികം സംസാരിക്കുവാൻ വയ്യെന്ന പറഞ്ഞു മഹാകവിയെ സൽക്കരിപ്പാൻ കാര്യസ്ഥന്മാരെ ഏല്പിച്ചു അകത്തുപോയികിടക്കുകയാണ് മറെറാരു ധനികൻ ചെയ്തത്. ഹ്യദ്രോഗമുണ്ടെന്ന പറഞ്ഞതിൽനിന്ന ഹൃദയം ഉള്ള ആളാണെന്ന തെളിയുന്നുണ്ടല്ലൊ എന്നൊരു ഫലിതമാണപ്പോൾ വള്ളത്തോളിന്റെ നാവിൽനിന്ന പുറപ്പെട്ടത്. ഇങ്ങിനെ പല തരത്തിലുള്ള വിപരീതാനുഭവങ്ങൾ നേരിട്ടിട്ടും നിരാശപ്പെടാതെ അദ്ദേഹം മറു മാഗ്ഗങ്ങൾ ആരാഞ്ഞു. കേരളീയർ ധാരാളം അധിവസിക്കുന്ന മലായ്, ബമ്മ മുതലായ പുറംനാടുകളിൽ പോയാൽ എന്തെങ്കിലും ഫലമുണ്ടായേക്കാമെന്ന കരുതി 1934 ജൂൺമാസത്തിൽ വള്ളത്തോൾ കഥകളിയോഗത്തോടൊന്നിച്ചു മലായ്പ്രദേശത്ത് കപ്പലിറങ്ങി. ചില സുഹൃത്തുക്കളുടെ സഹായത്താൽ അവിടുന്ന കുറച്ചു

പണം പിരിഞ്ഞുകിട്ടി. അടുത്ത ജനവരി മാസത്തിൽ ബമ്മ യിലേക്കും ഒരു സക്കീട്ടുപോയി. അവിടെനിന്നും ഏതാൻ സംഖ്യ കലാമണ്ഡല നിധിയ്ക്കുവേണ്ടി സമ്പാദിക്കുവാൻ സാ ധിച്ചു. 1935 ഒടുവിൽ ഓറിയൻറൽ കോൺഫറൻസിൻെറ ക്ഷ ണനപ്രകാരം മുകുന്ദരാജാവോടൊരുമിച്ചു കഥകളി യോഗത്തെ യുംകൊണ്ടു മൈസൂരിലേക്കുപോയി. ചില അരങ്ങുകൾ അവി ടെ കളിച്ചശേഷം ഉത്തരേന്ത്യയിലേക്കു യാത്ര തിരിച്ചു. പൂന, ബോമ്പേ, സൂറത്ത്, അഹമ്മദാബാദ്, ബറോഡ, അല്ലഹാ ബാദ്, ലക്നൌ, കാശി, ഡൽഹി, നാഗപ്പൂർ എന്നീ സ്ഥല ങ്ങൾ ആ യാത്രാപരിപാടിയിൽ ഉൾപ്പെട്ടിരുന്നു. അല്ലഹാ ബാദിൽ ആനന്ദഭവനിൽച്ചെന്ന ജവഹർലാൽ നെഹറുവിനെ കണ്ടപ്പോൾ അദ്ദേഹം കഥകളിയെപ്പറ്റി സ്നേഹപൂർവ്വം കുശല പ്രശ്നംചെയ്തു. ''കഥകളിയെ പഠിപ്പുള്ളവരൊക്കെ മേല്പ്പുമേൽ പ്രശംസിക്കുന്നുണ്ടെങ്കിലും ഞങ്ങൾക്കു ടിക്കറ്റുവില്പനയിൽ നി ത്യച്ചിലവിനുപോലും വകയുണ്ടാകുന്നില്ല'' എന്ന വാസ്തവം വള്ളത്തോൾ തുറന്നു പറഞ്ഞപ്പോൾ പണ്ഡിറ്റ്ജിയ്ക്കു ആശ്ചര്യം തോന്നി. ''യോഗത്തിൽ സ്ത്രീകളില്ലായ്കയാൽ നിങ്ങളുടെ കഥ കളിയ്ക്ക് ഇവിടങ്ങളിൽ പണം കിട്ടുകയില്ല'' എന്നു മുമ്പൊരി ക്കൽ സരോജിനിദേവി തന്നോടു പറഞ്ഞതു വള്ളത്തോൾ അനു സ്മരിച്ചു. വേഷത്തിനു സ്ത്രീകളില്ലായ്കകൊണ്ടു കഥകളിയ്ക്കു പ ണം പിരിയാതിരിക്കത്തക്കവണ്ണം അതിനു് അധഃപതിച്ചുപോ യോ നമ്മുടെ രാജ്യം എന്നാണപ്പോൾ നെഹ്റു ചോദിച്ചത്.

കലാമണ്ഡലത്തിൻെറ പ്രവർത്തനത്തിനു പറ്റിയ ഒരു കെ ട്ടിടം പണിയിക്കുവാൻ വേണ്ട മൂലധനം സമ്പാദിക്കുകയായി രുന്നു വള്ളത്തോളിൻെറ വിദേശപര്യടനങ്ങളുടെ ഉദ്ദേശം. ചെ റുതുരുത്തിയിൽ ഭാരതപ്പുഴയുടെ വക്കത്തു അതിൻെറ പണി ആ രംഭിച്ചു പുരോഗമിക്കുന്നുണ്ടായിരുന്നു. അമ്പലപുരത്തുള്ള താമ സം കെട്ടിടപ്പണിയുടെ മേൽനോട്ടത്തിനു വേണ്ടത്ര സൌകര്യം നല്കുന്നില്ലെന്നു കണ്ടപ്പോൾ വള്ളത്തോൾ സകുടുംബം ചെറുതുരു ത്തിയിലേക്കു താമസം മാറ്റി. കഥകളിയഭ്യാസവും അങ്ങോട്ടു മാറ്റി. അങ്ങിനെ മഹാകവിയുടെ സനിഷ്ഠമായ മേൽനോ ട്ടത്തിൽ മരാമത്തു ഒരു വിധം പൂർത്തിയായി. 1937ൽ അ ദ്ദേഹത്തിൻെറ അമ്പത്തൊമ്പതാം ജന്മദിനത്തിൽ പുതിയ എടുപ്പിൻെറ ഉൽഘാടനകർമ്മവും നിർവ്വഹിക്കപ്പെട്ടു. ആ പി റന്നാൾ ദിവസം വള്ളത്തോൾ അനുഭവിച്ച കൃതാർത്ഥതയു ടെ ആഴവും തെളിവും അത്തരം മഹനീയോദ്യമങ്ങളിൽ ഏ പ്പെട്ട വിജയം വരിച്ചവർക്കേ ശരിയായി വിഭാവനം ചെയ്യു വാൻ കഴിയുകയുള്ളൂ. താൻ പലപ്പോഴും സാഭിമാനം സ്മരി ക്കാറുള്ള നിളാനദിയുടെ തീരത്തിൽ കലാദേവിയെ ആവാ

ഹിച്ചിരുത്തുവാൻ സാധിച്ചതിൽ ആ പ്രതിഭാശാലിയുടെ വിശാലഹൃദയം ആനന്ദനിർഭരമായിത്തീർന്നു. കേരളത്തിന്റെ നാലതിരുകൾക്കപ്പുറത്തുനിന്നും—ഭാരതത്തിന്റെ വിവിധപ്രദേശങ്ങളിൽനിന്നു മാത്രമല്ല, വിദേശങ്ങളിൽനിന്നും—കലാപ്രേമികളെ ആകർഷിച്ചാമോദിപ്പിക്കുവാൻ കെല്പുള്ള ഒരു കലാകേന്ദ്രത്തിന്റെ ആവിർഭാവത്തിനു കാരണഭൂതനാകുവാനുള്ള അപൂർവ്വ ഭാഗ്യം കൈവന്നപ്പോൾ, മഹാകവി രവീന്ദ്രനാഥടാഗോറിനു വിശ്വഭാരതി രൂപീകൃതമായപ്പോൾ ഉണ്ടായ്വന്ന ആത്മനിർവൃതിയോടുപമിക്കാവുന്ന ഒരാനന്ദാനുഭൂതി വള്ളത്തോളിനും സഞ്ജാതമായിരിക്കണം. അന്നു മുതൽ കഥകളിയുടെ ഒരു പര്യായമെന്ന നിലയിൽ വള്ളത്തോളിന്റെ പേരിനു ദിഗന്തവ്യാപിയായ പ്രശസ്തി ദൃഢപ്രതിഷ്ഠിതമായി. ''പരിഹസിക്കുവാൻ ഒരുങ്ങിവന്നവർ പ്രാർത്ഥിക്കുവാൻ കാത്തിരിപ്പായി'' എന്നു പറഞ്ഞ കൂട്ടത്തിലായിത്തീർന്ന പരിഷ്കാരികളാണെന്നഭിമാനിച്ചിരുന്ന കേരളീയരുടെ സ്ഥിതി. മറുനാട്ടുകാരിൽനിന്നു അത്രയധികം അഭിനന്ദനങ്ങൾ കിട്ടിയ സ്ഥിതിയ്ക്കു കഥകളിതങ്ങൾ അതുവരെ വിചാരിച്ചപോലെ പ്രാകൃതമായ ഊമക്കളിയല്ലെന്നു അവർക്കു അപ്പോഴാണ് അല്പാല്പം മനസ്സിലായിത്തുടങ്ങിയത്.

എത്രതന്നെ എതിർപ്പുണ്ടായാലും നല്ല കാര്യങ്ങൾക്കു ഒരിക്കലും നാശം സംഭവിക്കുകയില്ലെന്നതിന്നൊരു നിദർശനമാണ് കലാമണ്ഡലത്തിനു കിട്ടിക്കൊണ്ടിരുന്ന ജനസമ്മതി. സ്വന്തം ആളുകൾ കുറവും കുറവും പറഞ്ഞു വിമർശിക്കുവാൻ മിനക്കെട്ടപ്പോൾ പുറമെയുള്ളവർ ആ സംരംഭത്തിന്റെ ഗുണാംശങ്ങൾ മനസ്സിലാക്കി അവയിൽ പങ്കുകൊള്ളുവാൻ ഔത്സുക്യം പ്രദർശിപ്പിക്കുകയാണു ചെയ്തത്. മഹാകവി രവീന്ദ്രനാഥടാഗോറിന്റെ ശാന്തിനികേതനത്തിലും ഈ മലയമാരുതന്റെ കലാസുരഭിലമായ ശീതളസ്പർശം അനുഭൂതമായി. ശാന്തിമയ ഘോഷ്, ശരദിന്ദുകുമാർസിൻഹ എന്നിങ്ങിനെ രണ്ടു ബങ്കാളിയുവാക്കന്മാർ കേരളകലാമണ്ഡലത്തിലെ അന്തേവാസികളായിത്തീർന്നത് ആ വഴിയ്ക്കാണ്. ഇവരിൽനിന്നു കലാമണ്ഡലത്തിലെ അധ്യയനപരിപാടികളെക്കുറിച്ചറിയുവാനിടയായ മഹാകവിയ്ക്കു കൈകൊട്ടിക്കളിയും മോഹിനിയാട്ടവും മറ്റും ശാന്തിനികേതനത്തിലെ വിദ്യാർത്ഥിനികളെ പഠിപ്പിച്ചാൽ കൊള്ളാമെന്നൊരാഗ്രഹം ജനിച്ചു. അതനുസരിച്ചു കലാമണ്ഡലത്തിലെ മോഹിനിയാട്ടത്തിനുള്ള അധ്യാപികയായിരുന്ന കല്യാണിയമ്മയെ വള്ളത്തോൾ ശാന്തിനികേതനത്തിലേക്കു അയച്ചുകൊടുത്തു. കലാമണ്ഡലത്തിൽവെച്ചുതന്നെ ഇവരിൽനിന്നു സരോജിനീദേവിയുടെ സഹോദരി സുനളിനീദേവിയും

അമേരിക്കക്കാരിയായ രാഗിണീദേവിയും മോഹിനിയാട്ടം അഭ്യസിച്ചിരുന്നു.

1114 തുലാമാസത്തിലായിരുന്നു വള്ളത്തോളിന്റെ ഷഷ്ടിപൂർത്തി. ആയുഷ്മാനായ മഹാകവിയ്ക്കു അറുപതുവയസ്സു തികയുന്ന ആ മംഗളാവസരത്തെ ആഘോഷപൂർവം കൊണ്ടാടുവാൻ അദ്ദേഹത്തിന്റെ നാട്ടുകാർ പല സ്ഥലങ്ങളിലും വട്ടംകൂട്ടി. ആഘോഷങ്ങളുടെ പ്രധാനകേന്ദ്രം കേരളകലാമണ്ഡലമായിരുന്നു. മഹാകവിയുടെ ജന്മദിനംതന്നെയാണ് കലാമണ്ഡലത്തിന്റെ ജന്മദിനമായും അംഗീകരിക്കപ്പെട്ടിരുന്നത്. മൂന്നു ദിവസം നീണ്ടുനിന്ന ആഘോഷച്ചടങ്ങുകളിൽ, കവിയും കലാമർമ്മജ്ഞനുമായ ഡോക്ടർ കസിൻസ് അധ്യക്ഷതവഹിച്ചു. മിസ്സിസ്സ് കസിൻസ്, പ്രസിദ്ധനർത്തകനായ ഉദയശങ്കർ മുതലായി അനേകം പ്രമുഖസന്ദർശകന്മാരുടെ സാന്നിധ്യത്തിൽ മൂന്നുദിവസവും വിവിധകലാപരിപാടികളുണ്ടായിരുന്നു.

കമ്പികളായും കത്തുകളായും മംഗളപത്രങ്ങളായും അന്നു വള്ളത്തോളിനു കിട്ടിയ ആശംസകൾക്കു കയ്യുംകണക്കുമുണ്ടായിരുന്നില്ല. കലാമണ്ഡലത്തിലെ അന്തേവാസികൾ സമർപ്പിച്ച മംഗളപത്രത്തിനു ഒരു വിശേഷവിധിയുണ്ടായിരുന്നു. മറ്റുള്ള പത്രങ്ങളെല്ലാം അച്ചടിച്ചവയായിരുന്നു എങ്കിലും അതുമാത്രം അച്ചടിച്ചിരുന്നില്ല. മഹാകവിതന്നെയാണ് അതച്ചടിക്കാനുള്ള ആലോചനയെ തടഞ്ഞത്. കലാമണ്ഡലത്തിലെ വിദ്യാർത്ഥിനിയായിരുന്ന കല്യാണിക്കുട്ടിയമ്മ വായിച്ച സമർപ്പിച്ച മംഗളപത്രത്തിനുള്ള മറുപടിയിൽ മഹാകവി ഇങ്ങിനെ പറഞ്ഞു:—''നിരവധി മംഗളപത്രങ്ങൾ എനിക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ ഒരു സ്ത്രീയുടെ മൃദുലഹൃദയത്തിൽനിന്നൊഴുകിവന്ന മാർദ്ദവമുള്ള ആ കൈകൊണ്ടെഴുതപ്പെട്ട അച്ചടിയന്ത്രങ്ങളുടെ പരുക്കേറ്റു മാധുര്യം നഷ്ടപ്പെടാതെ അത് എനിക്കു ലഭിക്കുന്നത് ഇന്നാദ്യമാണ്.''

മദിരാശിയിലെ മലയാളികൾ ഗോഖലെ ഹാളിൽ സമ്മേളിച്ച മഹാകവിയുടെ അപദാനങ്ങൾ പ്രകീർത്തിച്ചു. ബോമ്പെ, ഡൽഹി, കല്ക്കത്ത എന്നീ മഹാനഗരങ്ങളിലും പ്രത്യേകസമ്മേളനങ്ങൾ ഇതേ ആവശ്യത്തിനു വിളിച്ചുകൂട്ടിയിരുന്നു. എല്ലാ സദസ്സുകളിലും വള്ളത്തോളിന്റെ കവിതകളെക്കുറിച്ചുള്ള പ്രശംസകൾക്കു പുറമെ കലാമണ്ഡലസ്ഥാപനത്തെപ്പറ്റിയുള്ള അഭിനന്ദനങ്ങളും മുഴങ്ങിക്കേൾക്കാമായിരുന്നു.

പേരാക്കരയിലെ കലാക്ഷേത്രത്തിലും ഭാരതത്തിലെ വൻനഗരങ്ങളിലും വള്ളത്തോളിന്റെ അറുപതാംപിറന്നാൾ അങ്ങിനെ ഉത്സവച്ഛായയോടുകൂടി ആഘോഷിക്കപ്പെട്ടപ്പോൾ വെട്ടത്തുനാട്ടിലെ ഒരു ഗ്രാമത്തിലെ ജനങ്ങൾ, നാഗരികത

യുടെ നവാഡംബരങ്ങളൊന്നുംകൂടാതെ, ഗ്രാമദേവതയുടെ ക്ഷേത്ര സന്നിധിയിൽ ചുറ്റുവിളക്കും നിറമാലയും മറ്റു വഴിവാട്ടകളും ഭക്തിപ്രശ്രയപുരസ്സരം നടത്തിക്കൊണ്ടിരുന്നു. മഹാകവിയുടെ ജന്മഗൃഹമായ കൊണ്ടയൂർ വീട്ടിന്റെ പരിസരങ്ങളും ആ ദേശക്കാക്ക് അന്നൊരു തീർത്ഥാടനകേന്ദ്രമായിത്തീർന്നു. അറുപതുകൊല്ലം മുമ്പു ഭൂതലസ്പർശമുണ്ടായപ്പോൾ ഏതൊരു ചെറുപൈതലിന്റെ ആദ്യത്തെ കരച്ചൽ ആ ഗൃഹത്തിലെ നായികയുടെ ഹൃദയതലത്തെ ആനന്ദതരംഗങ്ങളാൽ തരളിതമാക്കിയോ, ആ പൈതൽ ഇന്നു് ദിഗന്തവിശ്രാന്തയശോവിലാസനായിത്തീർന്നതിൽ പ്രകൃതിസുന്ദരമായ ചേന്നരപ്രദേശം അഭിമാനവിജൃംഭിതമായിത്തീർന്നിരിക്കണം.

ഷഷ്ടിപൂർത്തിയെത്തുടർന്നു വിശ്രമിക്കുകയല്ല വള്ളത്തോൾ ചെയ്തതു്. കലാമണ്ഡലത്തിന്റെ ഭാവി സുപ്രതിഷ്ഠിതമാക്കുവാൻ പല കാര്യങ്ങളും ചെയ്യുവെക്കേണ്ടതുണ്ടായിരുന്നു. 1939 മാർച്ചു്മാസത്തിൽ കഥകളിയോഗത്തോടുകൂടി വള്ളത്തോൾ കല്ലുത്തയ്യ പോയി. മഹാകവി ടാഗോറിന്റെ സന്നിധിയിൽ ഒരു കഥകളി നടത്തുകയായിരുന്നു മുഖ്യമായ ഉദ്ദേശം.

വള്ളത്തോൾ അതിന്നുമുമ്പു ടാഗോറിനെ നേരിട്ടുകണ്ടിരുന്നില്ല. കലാമണ്ഡലവും കഥകളിയുമാണു് ആ രണ്ടു പ്രതിഭാശാലികളുടെ സമ്മുഖദർശനത്തിന്നവസരമുണ്ടാക്കിയതു്. ഇരുവർക്കും ഒരുപോലെ സന്തോഷാവഹമായിരുന്ന ആ സന്ദർശനം. വള്ളത്തോളിന്റെ കവിതകൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യേണ്ടതാണെന്നു ടാഗോർ ആ സന്ദർഭത്തിൽ പ്രസ്താവിക്കുകയുണ്ടായി. സംഭാഷണവിഷയം പ്രധാനമായും കഥകളിയായിരുന്നു. മഹാകവിയുടെ വസതിയായ 'ഉത്തരായണ'ത്തിന്നടുത്തുള്ള മൈതാനത്തിൽ പ്രദർശിപ്പിക്കപ്പെട്ട കഥകളി അദ്ദേഹത്തെ വളരെയധികം ആഹ്ലാദിപ്പിച്ചു. പൂതനാമോക്ഷത്തിൽനിന്നും രുഗ്മാംഗദചരിതത്തിൽനിന്നും ചില ഭാഗങ്ങളാണു് അന്നവിടെ അഭിനയിച്ചതു്. അതിന്നുപുറമെ ശ്രീകൃഷ്ണനും ഗോപികളുംകൂടിയുള്ള ഒരു നൃത്തപരിപാടിയും ഉണ്ടായിരുന്നു. അഭിനയത്തിന്റെ കലാഭംഗിയും താളമേളങ്ങളുടെ കൊഴുപ്പും രവീന്ദ്രകവിയെ അത്യധികം ആകർഷിച്ചു. ആ ആസ്വാദനത്തിന്റെ പ്രതികരണമാണു് അന്നുതന്നെ മഹാകവി രേഖപ്പെടുത്തിയ ഈ അഭിനന്ദനസന്ദേശം:—

''ശ്രുദ്ധമായ ഭാരതീയനൃത്തത്തിന്റെ സ്മരണകൂടി മറഞ്ഞുകഴിഞ്ഞ ഉത്തരേന്ത്യക്കാരായ ഞങ്ങൾക്കു കേരളീയകലയായ കഥകളിയുടെ ഈ മഹനീയപ്രദർശനം പുളകോൽഗമകാരിയായിട്ടാണു് തോന്നിയതു്. ഈ പ്രാചീനവിശിഷ്ടകല, അതിന്റെ എല്ലാ നാടകീയതയോടും മനോഹാരിതയോടും ചൊറു

ചൊറുക്കോട്ടംക്കൂടി ഇപ്പോഴും ഭാരതത്തിന്റെ പാരമ്പര്യമായിത്തന്നെ നിലനില്ക്കുന്നു എന്നു ഉറപ്പുതന്നതിനു ഞാൻ വളരെ നന്ദിയുള്ളവനാണു്.''*

ശാന്തിനികേതനത്തിലെ കഥകളിപ്രദർശനത്തെ തുടർന്നു കല്ക്കത്തയിൽ എമ്പയർ തിയറ്ററിൽ രണ്ടരങ്ങു കളിച്ചതിനുശേഷമാണു് കളിയോഗം നാട്ടിലേക്കു മടങ്ങിയതു്.

ആ കൊല്ക്കത്തിൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധം സൃഷ്ടിച്ച അസ്വാസ്ഥ്യവും ആർത്ഥികക്കുഴപ്പവും കലാമണ്ഡലത്തിന്റെ പരിപോഷണസംരംഭങ്ങൾക്കാകപ്പാടെ ഒരു പ്രതിബന്ധമായിത്തീർന്നു. ഒരൊറ്റ വ്യക്തിയുടെ പരിശ്രമംകൊണ്ടു മാത്രം നിലനിർത്താവുന്നതല്ല അതു ബൃഹത്തായൊരു സ്ഥാപനമെന്നു മനസ്സിലാക്കാതെയായിരുന്നില്ല വള്ളത്തോൾ അതിന്റെ ചുമതല വഹിച്ചുപോന്നതു്. തന്റെ ആദർശങ്ങൾക്കും ഉദ്ദേശങ്ങൾക്കും യോജിച്ചവിധത്തിൽ അതിനെ നടത്തിക്കൊണ്ടുപോയില്ലെങ്കിൽ ഉണ്ടാവാനിടയുള്ള ഭവിഷ്യത്തുകളെ ഭയപ്പെട്ട കലാമണ്ഡലനൌകയുടെ കണ്ണ്ധാരത്വം അപരഹസ്തങ്ങളിൽ സമർപ്പിക്കുവാൻ അദ്ദേഹത്തിനു സമ്മതമായിരുന്നില്ല.

കലാമണ്ഡലത്തിന്റെ ആസ്ഥാനമായ ചെറുതുരുത്തി അന്നത്തെ കൊച്ചിസംസ്ഥാനത്തിൽപെട്ടതായിരുന്നു. സാഹിത്യത്തോടും കഥകളി മുതലായ കലകളോടും പ്രായേണ ആഭിമുഖ്യംകാണിച്ചുപോന്നവരായിരുന്നു കൊച്ചിയിലെ രാജാക്കന്മാർ. ആ നിലയിൽ, മഹാരാജാവിന്റെ സഹായഹസ്തം കലാമണ്ഡലത്തിന്റെ നേർക്കു നീട്ടുവാൻ ഇടവരികയാണെങ്കിൽ അതിന്റെ ഭാവിഭാഗധേയത്തെക്കുറിച്ചു ആശങ്കയ്ക്കവകാശമില്ലെന്നു വള്ളത്തോളിനു തോന്നി. സ്ഥാപനം സ്വകാര്യവ്യക്തികളുടെ അധീനതയിലിരിക്കുന്നേടത്തോളംകാലം രാജസ്ഥാനത്തുനിന്നു ഗണ്യമായ സഹായമൊന്നും കിട്ടുവാനിടയില്ലെന്നും അതിനെ ഗവർമ്മെൻറിന്റെ കയ്യിലേല്പിക്കുന്നപക്ഷം ആ ഭാരം സ്വീകരിക്കുവാൻ ഗവർമ്മെൻറിനു വിരോധമുണ്ടായിരിക്കയില്ലെന്നും അന്നത്തെ ദിവാൻ ശ്രീ ഷൺമുഖംചെട്ടി ധരിപ്പിച്ചപ്പോൾ, മറ്റൊരു പോംവഴിയും കാണായ്കയാൽ കേരളകലാമണ്ഡലത്തെ കൊച്ചിസർക്കാരിനേല്പിച്ചുകൊടുക്കുവാൻതന്നെ വള്ളത്തോൾ നിശ്ചയിച്ചു. അങ്ങിനെ 1116–ൽ അതു ഗവർമ്മെൻറിന്റെ അധീനതയിലാവുകയുംചെയ്തു.

ഞാൻ മുന്നമോത്തപടിതന്നെ തനിയ്ക്കു തക്ക
ഭർത്താവുമായ് ഭവതി ചേർന്നുകഴിഞ്ഞു ഭാഗ്യാൽ

---

* ശ്രീ എം. മുകുന്ദരാജാവിന്റെ 'ടാഗോർ കണ്ട കഥകളി' എന്ന ലേഖനത്തിൽനിന്നു.

എന്നു പറഞ്ഞു ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്കയച്ച കണ്വമഹർഷിയനുഭവിച്ച കൃതാർത്ഥതയുടെ ഒരേകദേശമായെങ്കിലും കേരളകലാമണ്ഡലത്തെ സക്കാരിന്റെ പക്കലേല്പിച്ചപ്പോൾ വള്ളത്തോൾ അനുഭവിച്ചിരിക്കണം. അദ്ദേഹത്തെ നിരന്തരം അലട്ടിക്കൊണ്ടിരുന്ന അനിശ്ചിതാവസ്ഥയ്ക്കുതൊരു പരിഹാരമായി എന്നതിൽ സംശയമില്ല. വേണ്ടതുപോലെ ഇനിയും ആയിക്കഴിഞ്ഞിട്ടില്ല എന്നൊരു തോന്നൽ അപ്പോഴും അവശേഷിച്ചിരുന്നുവെങ്കിലും ആകപ്പാടെയൊരു മനസ്സമാധാനത്തിന്നതന്നെയാണ് ആ പരിണാമം അവകാശം നൽകിയത്.

കലാമണ്ഡലത്തിൽനിന്നു അഭ്യാസംനേടി പുറത്തേക്കു പോയ കലാകാരന്മാർ കേരളത്തിന്റെ കലാസമ്പത്തിനെപ്പറ്റി വിദേശങ്ങളിൽപോലും അളവറ്റ മതിപ്പുളവാക്കിയിട്ടുണ്ട്. ഉദയശങ്കറിന്റെ സഹനർത്തകനായി കലാമണ്ഡലത്തിൽനിന്നു പോയ മാധവൻ എന്ന നൃത്തവിദ്വാന്റെ അഭിനയം കണ്ടപ്പോൾ പാരീസ്സിലെ ഒരു പത്രം ഇങ്ങിനെ എഴുതുകയുണ്ടായി:—''ഈ നൃത്തവും ഇന്ത്യൻഗാനവും നമ്മെ അമ്പരപ്പിക്കുന്നു. ഒരേ അവസരത്തിൽ കാണുകയും കേൾക്കുകയും ചെയ്യുക എങ്ങിനെ എന്നു നമുക്കറിഞ്ഞുകൂടാ.....മാധവൻ വില്ലു കുലയ്ക്കുന്നതു കാണുന്നതുതന്നെ ഒരാനന്ദമാണ്; ഇല്ലാത്ത വില്ലാണ് അയാൾ കുലയ്ക്കുന്നത്; അഭിനയംകൊണ്ടാണ് ഇതെല്ലാം വെളിപ്പെടുത്തുന്നത്. വെളിപ്പെടുത്തേണ്ടുന്ന ആശയങ്ങളെ ഒരിക്കലും സാധാരണത്വത്തിലേക്കു താഴ്ന്നുപോകാതെ ഇത്ര വ്യക്തമായി വെളിപ്പെടുത്തുന്ന അംഗചലനങ്ങളെ എങ്ങിനെ അഭിനന്ദിക്കേണമെന്നറിയാതെ നാം കുഴങ്ങുന്നു.''

''മഹാകവി വള്ളത്തോൾ ഭാരതത്തിന്നു നല്കിയിരിക്കുന്ന സാഹിത്യസംഭാവനയ്ക്കു പുറമെ, ഭാരതീയനാട്യകലയുടെ മകുടമായ കഥകളിയെ പുനരുദ്ധരിക്കുവാൻ അദ്ദേഹം ചെയ്യുന്നസൽപരിശ്രമങ്ങൾക്കും ഭാരതം അദ്ദേഹത്തോടു അഗാധമായി കടപ്പെട്ടിരിക്കുന്നു'' എന്നു ശ്രീമതി സരോജിനിദേവി അഭിപ്രായപ്പെട്ടിട്ടുള്ളതിൽനിന്നും കേരളകലാമണ്ഡലസ്ഥാപനത്താൽ വള്ളത്തോൾ കേരളകലകൾക്കു നേടിക്കൊടുത്തിട്ടുള്ള സമ്പത്തിന്റെ അമൂല്യത സ്പഷ്ടമാകുന്നുണ്ടല്ലൊ.

ഇരുപതിരണ്ടാം അധ്യായം

ശാകുന്തളം

കേരളാമണ്ഡലത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾക്കിടയിൽ, കനത്ത കാവ്യചിന്തയ്ക്കനുകൂലമായ സാഹചര്യങ്ങളുടെ അഭാവത്തിൽ, ഒരു വിശ്രമോപാധിയെന്നനിലയ്ക്കു കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിലെ പദ്യങ്ങൾ ഓരോന്നായി തർജ്ജമചെയ്യുക അക്കാലത്തൊരു പതിവായിരുന്നു. പരിഭാഷപ്പെടുത്തിയ ശ്ലോകങ്ങൾ ചൊല്ലിക്കൊടുത്ത് ഇടയ്ക്കിടെ ആരെക്കൊണ്ടെങ്കിലും എഴുതിവെപ്പിയ്ക്കും. ശ്ലോകങ്ങളെല്ലാം തർജ്ജമചെയ്തുകഴിഞ്ഞശേഷം ഗദ്യഭാഗങ്ങളിലേക്കു പ്രവേശിച്ചു. ഇങ്ങിനെയാണ് വള്ളത്തോൾ ശാകുന്തളനാടകത്തിന്റെ തർജ്ജമ നിറവേറ്റിയത്. ''ആരുടെ വിശാലമായ ഹൃദയം എങ്കൽ, ഒരു ശിഷ്യങ്കലെന്നപോലെ, വാത്സല്യാമൃതത്തെ പൊഴിച്ചുകൊണ്ടിരുന്നുവോ, ആ പുണ്യശ്ലോകനായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമേനിയുടെ പാവന സ്മരണയ്ക്ക്'' സമർപ്പണംചെയ്തുകൊണ്ട് അഭിജ്ഞാനശാകുന്തളതർജ്ജമ 1112–ൽ (1936) പ്രസിദ്ധീകൃതമായി. വാല്മീകിരാമായണതർജ്ജമയെ പ്രഗല്ഭമായൊരവതാരികകൊണ്ടനുഗ്രഹിച്ച കേരളകാളിദാസന്തന്നെ ശാകുന്തളതർജ്ജമ സമർപ്പിച്ചതിൽ പ്രത്യേകമൊരൗചിത്യമുണ്ടായിരുന്നു. അവിടുന്നായിരുന്നുവല്ലൊ വള്ളത്തോളിന്റെ പ്രസ്തുത സമർപ്പണത്തിൽ പറഞ്ഞപോലെ, നിർവ്യാജമായ സ്വഭാഷാഭിമാനത്തിന്റെ പ്രേരണയാൽ നാല്പതിൽപ്പുറം സംവത്സരങ്ങൾക്കു മുമ്പേ അഭിജ്ഞാനശാകുന്തളമെന്ന സാഹിത്യരത്നത്തെ ഇന്നത്തെക്കാളും ദരിദ്രയായിരുന്ന കൈരളിയുടെ കയ്യിൽക്കൊടുത്തേല്പിച്ചത്.

സംസ്കൃതത്തിലുള്ള ഏതുത്തമകാവ്യം കണ്ടാലും അതിനെ മലയാളത്തിലേക്കു സംക്രമിപ്പിക്കുവാൻ ആദ്യംമുതല്ക്കേ ഔത്സുക്യം പ്രദർശിപ്പിച്ചുപോന്ന വള്ളത്തോളിന്നു ശാകുന്തളതർജ്ജമയിൽ അഭിനിവേശം ജനിച്ചതിലൊട്ടും അസാംഗത്യമില്ല. വലിയ കോയിത്തമ്പുരാന്റെ ഭാഷാശാകുന്തളം ആവിർഭവിച്ചതിന്നുശേഷം അനേകം ശാകുന്തളതർജ്ജമകളും മലയാളഭാഷയിലുണ്ടായിട്ടുണ്ട്. വള്ളത്തോളും അതിൽ കൈവെയ്ക്കുന്നതിന്നുമുമ്പുതന്നെ മറ്റു പലരുടെയും തർജ്ജമകളും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരുന്നു. ശാകുന്തളവിവർത്തനോദ്യമം കോയിത്തമ്പുരാനോട്

കാണിയ്ക്കുന്ന അനാദരമായി വ്യാഖ്യാനിക്കപ്പെട്ടേയ്ക്കുമോ എന്ന ഭയത്താൽ പലരുടെയും തജ്ജമകൾ പുറത്തിറക്കാതെ വിവ ത്തകന്മാരുടെ കയ്യെഴുത്തുപുസ്തകങ്ങളിൽക്കിടന്നു വിസ്മൃതിയിൽ പ്പെട്ടിരിക്കയാണെന്നും കേട്ടിരുന്നു. ചാത്തുക്കുട്ടിമന്നാടിയാരും കുഞ്ഞിക്കുട്ടൻതമ്പുരാനും ശാകുന്തളവിവർത്തനത്തെപ്പറ്റി ചിന്തി ച്ചവരായിരുന്നു. അത്ര സമുന്നതരല്ലാത്ത മറ്റു ചിലരും അതി ന്നുദ്യമിക്കാതിരുന്നില്ല. അങ്ങിനെയുള്ള പരിതസ്ഥിതിയി ലാണ് വള്ളത്തോളിന്റെ തജ്ജമ പുറത്തുവന്നത്. അല്പംമുമ്പു ആറ്റൂരിന്റെ കേരള ശാകുന്തളവും പ്രസിദ്ധീകൃതമായിരുന്നു.

ശാകുന്തളത്തിന്റെ വിവിധ വിവർത്തനങ്ങളെ താരതമ്യ പ്പെടുത്തിക്കൊണ്ടുള്ള നിരൂപണങ്ങളും പലതും ഉണ്ടായിട്ടുണ്ട്. ഏതു തജ്ജമയാണ് മൂലകൃതിയോട് ഏറ്റവുമധികം നീതിയ ന്നുപുലർത്തിട്ടുള്ളത് എന്ന പരാമർശത്തിലാണ് മിക്ക നിരൂപക ന്മാരും ഏർപ്പെട്ടിരുന്നത്. അതുകൊണ്ടൊരു തരക്കേടും വരാ നില്ല. പക്ഷേ, എത്രയെത്ര ഭാഷാന്തരങ്ങളും ഉണ്ടായിട്ടും, കാളി ദാസകൃതിയിലെ ആശയപ്പൊലിമ അതേ അളവിലും അതേ സൌഭാഗ്യത്തോടുകൂടിയും മലയാളത്തിലേക്കു പകർത്തിത്തരുന്ന കാര്യത്തിൽ ഇപ്പോഴും ആരും പൂർണ്ണവിജയം പ്രാപിച്ചിട്ടില്ല എന്നതാണ് വാസ്തവം. അഥവാ അങ്ങിനെയൊരവസ്ഥയെ പ്പറ്റി വിഭാവനംചെയ്യുന്നതുതന്നെ സാഹസമായിരിക്കും. അത്രത്തോളം വിവർത്തനാതീതയാണ് കാളിദാസ സരസ്വതി!

കേരളവർമ്മയുടെ ശാകുന്തളതജ്ജമയുണ്ടായിട്ടുള്ളത്ര പ്രചാരം മറ്റാരുടെയും തർജ്ജമയ്ക്കു കൈവന്നതായി തോന്നുന്നില്ല. അ തിന്നു പല കാരണങ്ങളുമുണ്ടുതാനും. ഒന്നാമത്, അതായിരുന്നു മലയാള ഭാഷയിൽ ശാകുന്തളത്തിനുണ്ടായ ആദ്യത്തെ തർജ്ജമ. രണ്ടാമത്, കേരള സാഹിത്യത്തിലെ അപ്രതിഷേധ്യമായ നായകത്വം വഹിച്ചിരുന്ന പണ്ഡിതശ്രേഷ്ഠനായിരുന്ന പരിഭാ ഷകൻ. മൂന്നാമത്, അന്നത്തെ സ്ഥിതിയിൽ, കേരളത്തിലെ നാടകരംഗത്തിൽ പ്രയോഗിക്കുവാൻ അങ്ങിനെയൊരു വിശി ഷ്ടകൃതി ലഭ്യമായതിൽ കലാകുതുകികളായ ജനങ്ങൾക്കു അ ത്യന്തം സന്തോഷമുണ്ടായി; അതിലെ മിക്ക ശ്ലോകങ്ങളും അവർക്കു മുഖസ്ഥങ്ങളായിത്തീർന്നു. വലിയകോയിത്തമ്പുരാ ന്റെ ഭാഷയുണ്ടായിരുന്ന പ്രഗല്ഭത അവരെ സവിശേഷം ആകഷ്ടിച്ചു. 'അംഭോബിന്ദുത്രുഷാര' എന്നും 'മാനോടൊത്തു വളർന്നു' എന്നും മറ്റുമുള്ള ശ്ലോകങ്ങളെ നീട്ടിച്ചൊല്ലി അഭിനയി ക്കുവാൻ അന്നത്തെ നടന്മാക്കൊരാനന്ദമായിരുന്നു. അതുകൊ ണ്ടാണ്, അതിനെക്കാളും സരളവും സുഗമവുമായ ഭാഷയിലുള്ള തർജ്ജമകളും പലതും പിന്നീടുണ്ടായിട്ടുകൂടി അതിനെത്തന്നെ മഹാജനങ്ങളും സർവോപരിയായി കൊണ്ടാടിക്കൊണ്ടിരുന്നത്,

പക്ഷേ, അങ്ങിനെയൊരു സർവ്വസമ്മതമായ തർജ്ജമയുണ്ടെന്ന കാരണത്താൽമാത്രം മറ്റുള്ള തർജ്ജമകൾക്കു പ്രസക്തിയില്ലെന്നു വരുന്നില്ല. വലിയ കോയിത്തമ്പുരാന്റെ തർജ്ജമ പുറത്തായതിന്നുശേഷം ഉണ്ടായ എ. ആർ. രാജരാജവർമ്മയുടെ 'മലയാള ശാകുന്തള'ത്തെപ്പറ്റി അവിടുന്നുതന്നെ ഈ സംശയത്തിന്നുസമാധാനം പറഞ്ഞിട്ടുണ്ട്.

വ്യാഖ്യാനഭേദോഽപി പാഠഭേദോ
ഽനേകഭേദം യദി മൂലമേവ
പ്രസ്ഥാനഭേദോഽഥ രുചിഭേദതശ്ച
ഭേദോവകാശഃ സുതരാം വിവത്തേ.

അതുകൊണ്ടു ഒരു പുതിയ വിവർത്തനപരിശ്രമം ഒരിയ്ക്കലും പിഷ്ടപേഷണമാവുകയില്ലെന്നായിരുന്നുകേരളകാളിദാസന്റെവിധി.

വലിയ കോയിത്തമ്പുരാന്റെ ശാകുന്തള തർജ്ജമ അതിന്റെ ആദ്യരൂപത്തിൽ ആവിർഭവിച്ചതു് 1056–1057 കൊല്ലങ്ങളിലും പരിഷ്കരിച്ച 'മണിപ്രവാള ശാകുന്തള'മെന്ന പേരിൽ പ്രസിദ്ധീകൃതമായതു് 1087–ലും ആണു്. അതിനുശേഷം മലയാള ഭാഷാകവിതയിലുണ്ടായിട്ടുള്ള മാറ്റങ്ങളാലോചിക്കുമ്പോൾ 1111–ൽ ഒരു പുതിയ തർജ്ജമയുടെ രംഗപ്രവേശം ഒരിക്കലും അസ്ഥാനത്തിലാണെന്നു പറഞ്ഞുകൂടാ. പാഠഭേദങ്ങൾ പലതും പരിശോധിച്ചു കാളിദാസന്റേതായിരിക്കാനിടയില്ലെന്നു തോന്നിയ ഭാഗങ്ങൾ തള്ളിക്കളയുന്ന കാര്യത്തിൽ വള്ളത്തോൾ മനസ്സിരുത്തീട്ടുണ്ടെന്നതുതന്നെ ആ പുതിയ തർജ്ജമയുടെ പുറപ്പാടിന്നു തക്കതായ ന്യായീകരണമായിത്തീരുന്നുണ്ടു്. ഒന്നാമങ്കത്തിൽ, വൈഖാനസൻ കയ്യയത്തിക്കൊണ്ടു 'രാജാവേ! ഇതാശ്രമ മൃഗമാണു്; കൊല്ലരുതേ, കൊല്ലരുതേ', എന്നു പറഞ്ഞു കഴിഞ്ഞ ഉടനെ

ന ഖലു ന ഖലു ബാണഃ സംനിപാത്യോയ മസ്മി
ന്മൃദുനി മൃഗശരീരേ പുഷ്പരാശാ വിവാഗ്നിഃ
ക്വ ബത ഹരിണകാനാം ജീവിതം ചാതിലോലം
ക്വ ച നിശിതനിപാതാഃ സാരപൂങ്ഖാഃ ശരാസ്തേ

എന്നൊരു ശ്ലോകം ചില പതിപ്പുകളിൽ ചേർത്തു കാണാം. കോയിത്തമ്പുരാന്റെ തർജ്ജമയിൽ അതും ഉൾപ്പെടുത്തീട്ടുണ്ടു്.

അതിക്രൂരം ബാണം കുസുമ മതിയിൽച്ചെങ്കനലുപോൽ
പതിപ്പിച്ചീടൊല്ലാ പരിമൃദുലയാമീ മൃഗതനൌ
നിതാന്തം നിസ്സാരം ബത മൃഗമിതിൻ ജീവനെവിടെ?
ക്രൂതാന്താ ദൈത്യാനാം തവ ച കടുബാണങ്ങളെവിടെ?

എന്നാണവിടത്തെ തർജ്ജമ. രാഘവഭട്ടന്റെ അത്ഥദ്യോത നികാവ്യാഖ്യാനത്തോടുകൂടിയ പതിപ്പിൽ ഈ ശ്ലോകം സ്വീകരിച്ചിട്ടില്ല. ആ ശ്ലോകത്തിന്ന് സന്ദർഭത്തിൽ പ്രത്യേകിച്ചൊരു യോജ്യതയില്ല എന്ന കാരണത്താൽ വള്ളത്തോളും അതു വിട്ടുകളഞ്ഞിരിക്കുന്നു. ഉദാഹരണങ്ങൾ വേറെയുമുണ്ട്. ഒന്നുകൂടി ഇവിടെ എടുത്തുകാണിയ്ക്കാം. നാലാം അങ്കത്തിലെ പ്രവേശകത്തിന്നുശേഷം, കണ്വശിഷ്യൻ നേരം പുലർന്നുവോ എന്നു നോക്കിയറിയുവാൻവേണ്ടി രംഗപ്രവേശം ചെയ്യുന്ന ഘട്ടത്തിൽ, മിക്ക പതിപ്പുകളിലും പ്രഭാതത്തെപ്പറ്റി രണ്ടു ശ്ലോകങ്ങൾ കാണാവുന്നതാണ്. അവയിൽ 'യാത്യേകതോ ഽസ്ത ശിഖരം പതിരോഷധീനാം' എന്നു തുടങ്ങുന്ന ആദ്യ ശ്ലോകം മാത്രമേ വള്ളത്തോൾ തർജ്ജമയ്ക്കു സ്വീകരിച്ചിട്ടുള്ളൂ. 'അന്തർഹിതേ ശശിനി സൈവ കുമുദ്വതീ മേ' എന്നാദിയായ ശ്ലോകം വിട്ടുകളഞ്ഞിരിക്കുന്നു. രാഘവഭട്ടൻ ഈ രണ്ടു ശ്ലോകങ്ങളും തന്റെ വ്യാഖ്യാനത്തിന്നു വിധേയമാക്കീട്ടു വേറെ രണ്ടു ശ്ലോകങ്ങൾകൂടിയുണ്ടെന്നു സൂചിപ്പിച്ചിട്ടുണ്ട്. 'കക്ഷ്യൂ നാ മുപരി തുഹിനം രഞ്ജയത്യഗ്രസന്ധ്യാ' എന്നും 'പാദന്യാസംക്ഷിതിധര ഗ്രരോർമ്മൂധ്നി'എന്നും ആരംഭിക്കുന്ന ആ ശ്ലോകദ്വയത്തെ ആരും മലയാള തർജ്ജമയിൽ അംഗീകരിച്ചതായറിവില്ല. പക്ഷേ ആദ്യത്തെ രണ്ടും വലിയ കോയിത്തമ്പുരാനും ഏ. ആർ. രാജരാജവർമ്മയും തർജ്ജമചെയ്തിട്ടുണ്ട്: അതു മാത്രമല്ല, രണ്ടാമത്തെ (പ്രക്ഷിപ്ത) ശ്ലോകവും തുടർന്നുവരുന്ന അനസൂയയുടെ വാക്യവും തമ്മിൽ ബന്ധമുള്ളതായും ഏ. ആർ. തമ്പുരാൻ കരുതുന്നു. ഇതു നാടകത്തിന്റെ പൊരുളിന്നു തീരേ യോജിക്കാത്തൊരു നിലപാടാണ് എന്നു തോന്നുന്നു. രണ്ടാം ശ്ലോകത്തിലെ

ഇഷ്ടപ്രവാസ മതിനാലുളവാമവസ്ഥ
കഷ്ടം തുലോമബല മാക്കൊരു തർക്കമില്ല

എന്നതിലെ ആശയത്തെ ശരിപ്പെടുത്തുകൊണ്ടാണത്രെ അനസൂയയുടെ രംഗപ്രവേശം. ഏ. ആർ. തമ്പുരാന്റെ വാക്കുകൾ തന്നെ ഇവിടെ ഉദ്ധരിയ്ക്കാം:—

''അത്—'ഇഷ്ടപ്രവാസ....തർക്കമില്ല' എന്ന ശിഷ്യൻ പറഞ്ഞതു—ഉറങ്ങിക്കിടന്നിരുന്ന അനസൂയ കേട്ടുകൊണ്ടാണു ഉണരുന്നതു്. ശിഷ്യൻ വേറെ പ്രസംഗത്തിൽ പറഞ്ഞതെങ്കിലും അവന്റെ വാക്കു തനിക്കു തല്ക്കാലമുണ്ടായിരുന്ന വിചാരത്തോടു തന്നെ യോജിക്കയാൽ അനസൂയ 'ശരി' എന്നു പറഞ്ഞുംകൊണ്ടു ബദ്ധപ്പെട്ടു എഴുന്നേറ്റുവരികയാണ്.''

ഇതു തീർച്ചയായും സംഭാവ്യമല്ല. ശിഷ്യന്റെ വാക്കുകൾ ആത്മഗതമാണ്; സൂര്യോദയവും ചന്ദ്രാസ്തമനവും കണ്ടപ്പോൾ

അയാളുടെ മനസ്സിൽ കിളർന്നുവന്ന ചിന്തകളെയാണവ സൂചിപ്പിക്കുന്നത്. അനസൂയയുടെ വാക്കുകളും അവളുടെ ശകുന്തളാവിഷയകമായ വിചാരത്തിന്റെ പ്രകാശനം മാത്രമാണ്. രണ്ടിനും തമ്മിൽ ബന്ധമില്ല. വാസ്തവത്തിൽ അനസൂയാവാക്യത്തിന്റെ ആരംഭത്തിലും എന്തോ ഒരു വിടവുണ്ട്; പാഠത്തിലുള്ള ന്യൂനതയായിരിക്കാനാണെളപ്പം. പ്രക്ഷിപ്ത ശ്ലോകത്തെ വിട്ടുകൊണ്ടുള്ള വള്ളത്തോളിന്റെ തർജ്ജമയിലും ഈ വിടവു് ഭവപ്പെടുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ''ഇങ്ങിനെയുമാവാമോ? ഇതു വിഷയവിമുഖരായിട്ടുള്ളവർക്കും അറിയാം. ആ നിലയിലായിരുന്ന രാജാവു ശകുന്തളയിൽ പ്രവർത്തിച്ചതു് അന്യായംതന്നെയാണ്'' എന്നാണ് തർജ്ജമ. എങ്ങിനെയുമാവാമോ എന്നാണ് അനസൂയ ചോദിയ്ക്കുന്നത് എന്നു വ്യക്തമല്ല. വിഷയവിമുഖന്മാർക്കും അറിയാവുന്ന 'ഇതു' എന്താണ് എന്ന സംശയത്തിനും മൂലകൃതി നിവൃത്തിവരുത്തുന്നില്ല. പാഠങ്ങളെ പരിശോധിച്ചുവേണം വിവർത്തനത്തിനു തുനിയുക എന്നു കാണിക്കുവാനാണിത്രയും പറഞ്ഞതു്.

വള്ളത്തോളിന്റെ തർജ്ജമയിലെ ഭാഷ മിക്കവാറും ലളിതവും പ്രസന്നവുമാണ്. അധിക ശ്ലോകങ്ങളും വൃത്താനുവൃത്തമായിട്ടാണ് തർജ്ജമ ചെയ്തിട്ടുള്ളതു്. വള്ളത്തോളിന്റെ രചനാവൈഭവം അതിൽ ഉടനീളം പരിലസിക്കുന്നുമുണ്ടു്.

പരമ സുഖം നീരാടാൻ
പാടല സുമസുരഭി കാനനത്തെന്നൽ
പാര മുറങ്ങാം തണലിൽ
പ്പകലുകളും പരിണാമരമ്യങ്ങളും.

പൂകട്ടേ മഹിഷങ്ങളും കൊക്കരണിയിൽ
ക്കൊമ്പിട്ടു മേന്മേലടി
ച്ചേനം ചേർന്നു തണൽപ്പുറത്തയവിറ
ക്കട്ടേ ചിരം മാനുകം;
സൈരം ചേറു കുളത്തിൽ മുസ്തകളം കിള
സ്തട്ടേ വരാഹവ്രജം
ഞാങ്ങെട്ടല്ലമഴിച്ചു വിശ്രമസുഖം
നേടട്ടെയെൻ വില്ലിതും.

മതിയാവോളം പുണരാം
മലരമ്പച്ചൂടിയന്ന ഗാത്രത്താൽ
മാലിനിയലനീർത്തുള്ളിയു
മേടലർ മണവും കലർന്നു തെന്നലിനെ.

വീശേണമോ ക്രമമറും കുളിർകാറ്റു കിട്ടാൻ
നാളീക ശീതള ദള വ്യജനങ്ങളാൽ ഞാൻ?
അങ്കത്തിൽ വെച്ചഥ തലോട്ടുകവേണമോ നിൻ
ചെന്താമരക്കഴൽകളെ ക്കരഭോരു! മന്ദം?

പുറിൽപ്പുകിയ പാതിമെയ്യൊടരവ
ത്തോൽ ചേന്ന മാത്തട്ടൊട്ടം
ചുറിച്ചീത്ത കിഴട്ടുവള്ളികം തുലോം
നോവിച്ച കണുത്തൊട്ടം
മുറിപ്പക്ഷികം കൂട്ടവെച്ചു ചുമലിൽ
ത്തിങ്ങും ചിടച്ചാത്തൊട്ടം
കുറിയ്ക്കാത്തിളകാതതാ മുനിയൊരാം
മേവുന്നിതഭ്യക്നായ്

എന്നിങ്ങിനെ അനേകം ശ്ലോകങ്ങം ഉദാഹരണമായുദ്ധരിയ്ക്കാവുന്നതാണ്.

തത്തപ്പൊത്തു വഴിയ്കുതിന്നു വരിനെൽ
കാണ്മൂ മരക്കീഴ് നില
-ത്തോടല്ലായ്കളുടച്ചതാം ചില മെഴു
ക്കേറുന്ന പാറപ്പുറം
വിശ്വാസാൽ നില മാറിടാതെയൊലി കേം
ക്കുന്നു കുരംഗപ്രജം
വല്മീന്ത സ്രുത വാരിരേഖകളുമു
ണ്ടംബുപാശയാധ്വാക്കളിൽ

എന്ന ഒന്നാമങ്കത്തിലെ ശ്ലോകത്തിന്റെ നാലാം പാദം 'കാണ്മൂ വല്മീ ശിഖാംബു വീണ വരയും നീരാഴി മാഗ്ഗങ്ങളിൽ' എന്നായിത്തീന്നപ്പോം മാത്രമേ അതു സാക്ഷാൽ വള്ളത്തോളിന്റെ ശൈലിയ്കുനയോജ്യമായി എന്നു പറയാറായുള്ളു. അതുവരെ അതിന്നൊരു കേരളവമ്മച്ചായയാണുണ്ടായിരുന്നത്; പുണ്യശ്ലോകനായ ആ തിരുമേനിയുടെ ശിഷ്യത്വം അവകാശപ്പെട്ടന വള്ളത്തോളിന്നു അതും ഭ്രഷണമല്ലാഞ്ഞിട്ടല്ല ഇത്രയും പറഞ്ഞത്!

കാളിദാസ കവിതയെ തജ്ജമ ചെയ്യുമ്പോം ഇതര കവിതകളെയപേക്ഷിച്ചു വളരെയധികം മനസ്സിരുത്തേണ്ടൊരു കാര്യമാണ് പദപ്രയോഗൌചിത്യം. ഉചിത പദ വിന്യാസത്തിൽ കാളിദാസന്നുള്ള നിഷ്കൃഷ്ടയെ തികച്ചും വിവർത്തനത്തിൽ നിലനിർത്തുവാൻ അനിതര സാധാരണമായ പാടവം കൂടിയേ കഴിയൂ. ശാകുന്തളത്തിലെ നാന്ദിശ്ലോകത്തിന്റെ തജ്ജമയിൽ മിക്ക വിവർത്തകന്മാക്കും വിജയംവരിക്കുവാൻ സാധിച്ചിട്ടില്ല. വലിയ

കോയിത്തമ്പുരാന്റെ തർജ്ജമയിലെ അത്ഥസ്ഫുടത നാന്ദിശ്ലോകത്തിലുദ്ദേശിച്ചിട്ടുള്ളതായിക്കരുതപ്പെടുന്ന ഇതിവൃത്ത സൂചനയ്ക്കു വിഘാതംവരുത്തുകയാണു് ചെയ്തിട്ടുള്ളതു്. ഉദകം, വീതിഹോത്രൻ, ദിനേശൻ, നിശയുടെ പതി, നഭസ്സു്, പൃഥിവി, മാരുതൻ എന്നിങ്ങിനെയുള്ള വിശദീകരണമാണു് അതിനുള്ള കാരണം. ഏ. ആർ. രാജരാജവർമ്മ പ്രഭൃതികളും ആ വിവരണത്തിന്നൊരുങ്ങിയില്ല എന്നൊരു മെച്ചമുണ്ടു്, വള്ളത്തോളും ഇതിവൃത്തസൂചനയ്ക്കു ഭംഗംവരാത്ത വിധത്തിലാണു് തർജ്ജമചെയ്തിട്ടുള്ളതെന്നുവേണം പറയുവാൻ.

ഏതാദ്യം ബ്രഹ്മസൃഷ്ടം, വിധിഹുതഹവിരാ
ദായിയേ തേതു ഹോതാ
വേതെങ്ങും ചേർന്നു നില്പൂ ശ്രുതിചര ഗുണമായു്
ക്കാലകൃത്വന്ദ്യമേതോ
ഭ്രതങ്ങൾക്കൊക്കെ യേതൊന്നൊരുമുരടുലകിൻ
പ്രാണനായിട്ടിരിപ്പൊ
ന്നേതാ പ്രത്യക്ഷ മൂർത്ത്യഷ്ടക മുടയ പുരാൻ
നിങ്ങളെക്കാത്തിടട്ടേ

എന്നാണു് തർജ്ജമ. പക്ഷേ, ആരുതന്നെ തർജ്ജമ ചെയ്താലും മൂലശ്ലോകത്തിന്റെ ഒരേകദേശഛായയേ ലഭ്യമാകുന്നുള്ളൂ!

മൂന്നാമങ്കത്തിലെ

സ്തനന്യസ്തോശീരം പ്രശിഥിലമൃണാളൈക വലയം
പ്രിയായാ: സാബാധം സദപി കമനീയം വപുരിദം

എന്ന ശ്ലോകാർദ്ധം

ഊരിച്ചോരും മൃണാളീവളയൊട്ട മുലമേൽ
ത്തേച്ച രാമച്ചവും പൂ
ണ്ടോരോമൽത്തയ്യലിൻ മെയ്യിതൊരഴൽ പെടുവൊ
ന്നെങ്കിലും മഞ്ജുളം താൻ

എന്ന തർജ്ജമചെയ്തത് പതിവുപോലെ നന്നായെന്നു പറഞ്ഞുകൂടാ. 'മൃണാളീവളയൊട്ട മുലമേൽത്തേച്ച' എന്ന കൂട്ടിവായിക്കുവാനിടവരുത്തുന്ന പദഘടനയാണു് തർജ്ജമയെ സുഖകരമല്ലാതാക്കുന്നതു്.

അതേ അങ്കത്തിലെ

ഇദമശിശിരൈ രന്തസ്താപാദവിവർണ്ണ മണീകൃതം
നിശിനിശി ഭുജന്യസ്താപാംഗ പ്രസപ്പിഭിരശ്രുഭിഃ
അനതിലുളിത ജ്യാഘാതാങ്കം മുഹുർമ്മണി ബന്ധനാൽ
കനകവലയം സ്രസ്തം സ്രസ്തം മയാ പ്രതിസാര്യതേ

എന്ന ശ്ലോകത്തിന്റെ തർജ്ജമയ്ക്കും മാറ്റ്വം പോരാ.

രാതോറും ഭൂജലഗ്ന വാൽമിഴിയിൽനിന്നോലും
വ്യഥാതപ്തമാം
കണ്ണീരാലൊളികെട്ട കല്പുകളൊടൊത്തി
പ്പൊന്നണിക്കങ്കണം
വിൽ ഞാൺ പാടിലുരുമ്മിടാതിടയിടയ്ക്കുർ
ന്നൂർന്നു പോരുന്നത
പ്പപ്പോം കൈക്കുഴയിങ്കൽനിന്നു തിരിയേ
കേറീടുവോനായി ഞാൻ!

ഒന്നാം വരിയിലെ 'ഭൂജലഗ്ന വാൽമിഴി'യ്ക്കു വല്ലാത്തൊരു പന്തിയില്ലായ്കയുണ്ട്.

മേലേ ഉദ്ധരിച്ച 'പുറിൽ പൂകിയ' എന്നു തുടങ്ങുന്ന ശ്ലോകവും തീരേ നിർദ്ദോഷമല്ല. 'എവിടെയാണ് കശ്യപാശ്രമം' എന്നു രാജാവു ചോദിച്ചതിനുള്ള മറുപടിയായി 'കുറിഞ്ഞോത്തിളകാതതാ മുനിയൊരാം മേവുന്നിതഭ്യക്നായ്' എന്നു മാത്രം പറഞ്ഞാൽ മതിയോ? മൂലശ്ലോകത്തിലെ 'യത്ര' ശബ്ദത്തിന്റെ അർത്ഥം തർജ്ജമയിൽ വരുത്താത്തതുകൊണ്ടുള്ളതാണ് ഈ അപര്യാപ്തത.

ചതുർത്ഥാങ്കത്തിലെ പ്രസിദ്ധമായ ശ്ലോകചതുഷ്ടയത്തിന്റെ തർജ്ജമയ്ക്കു ഒരിതര ഭാഷയിൽ വരുത്താവുന്നേടത്തോളം ആശയവൈശദ്യം വരുത്തീട്ടുണ്ടെന്നു പറയാം. അവ ഇവിടെ പകർത്തുന്നു:—

1. ഇപ്പോംപ്പോവുകയായ് ശകുന്തളയിതോ
ത്തിണ്ടൽപ്പെടുന്നു മനം,
കണും ബാഷ്പനിയന്ത്രണാൽക്കലുഷിതം,
മങ്ങുന്നു കൺ ചിന്തയാൽ,
സ്നേഹാലിത്രയുമാകുലൻ ഹഹ! വനേ
മേവുന്ന ഞാൻ പോലുമേ,
ഗേഹസ്ഥക്ഴെലെത്രയെത്ര പുതുതാം
പുത്രീ വിയോഗാൽപ്പെടാം!

2. വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ നി
ങ്ങൾക്കു നല്ലാതെയാർ
നുള്ളാറില്ലണിവാൻ കൊതിയ്ക്കുകിലു മാ
രമ്പാൽബ്ധ വൽപ്പല്ലവം

കോയിത്തമ്പുരാന്റെ തർജ്ജമയിലെ അത്ഥസ്ഫുടത നാന്ദിശ്ലോകത്തിലുദ്ദേശിച്ചിട്ടുള്ളതായിക്കരുതപ്പെടുന്ന ഇതിവൃത്ത സൂചനയ്ക്കു വിഘാതംവരുത്തുകയാണ് ചെയ്തിട്ടുള്ളത്. ഉദകം, വീതിഹോത്രൻ, ദിനേശൻ, നിശയുടെ പതി, നക്തസ്സ്, പൃഥിവി, മാരുതൻ എന്നിങ്ങിനെയുള്ള വിശദീകരണമാണ് അതിനു കാരണം. ഏ. ആർ. രാജരാജവർമ്മ പ്രഭൃതികളും ആ വിവരണത്തിനൊരുങ്ങിയില്ല എന്നൊരു മെച്ചമുണ്ട്, വള്ളത്തോളും ഇതിവൃത്തസൂചനയ്ക്കു ഭംഗംവരാത്ത വിധത്തിലാണ് തർജ്ജമചെയ്തിട്ടുള്ളതെന്നുവേണം പറയുവാൻ.

ഏതാദ്യം ബ്രഹ്മസൃഷ്ടം, വിധിഹുതഹവിരാ
ദായിയേ തേതു ഹോതാ
വേതെങ്ങും ചേന്നു നില്പൂ ശ്രുതിചര ഗ്രണമായ്
ക്കാലകൃത്വന്ദമേതോ
ഭ്രതങ്ങൾക്കൊക്കെ യേതൊന്നൊരുമരുടലകിൻ
പ്രാണനായിട്ടിരിപ്പൊ
ന്നേതാ പ്രത്യക്ഷ മൂർത്ത്യഷ്ടക മുടയ പുരാൻ
നിങ്ങളെക്കാത്തിടട്ടേ

എന്നാണ് തർജ്ജമ. പക്ഷേ, ആരുതന്നെ തർജ്ജമ ചെയ്താലും മൂലശ്ലോകത്തിന്റെ ഒരേകദേശഛായയേ ലഭ്യമാകുന്നുള്ളൂ!

മൂന്നാമങ്കത്തിലെ

സ്തനന്യസ്തോശീരം പ്രശിഥിലമൃണാളൈക വലയം
പ്രിയായാ: സാബാധം സദപി കമനീയം വപുരിദം

എന്ന ശ്ലോകാർദ്ധം

ഊരിച്ചോരും മൃണാളീവളയൊട്ട മുലമേൽ
ത്തേച്ച രാമച്ചവും പൂ
ണ്ടാരോമൽത്തയ്യലിൻ മെയ്യിതൊരഴൽ പെടുവൊ
ന്നെങ്കിലും മഞ്ജുളം താൻ

എന്നു തർജ്ജമചെയ്തത് പതിവുപോലെ നന്നായെന്നു പറഞ്ഞുകൂടാ. 'മൃണാളീവളയൊട്ട മുലമേൽത്തേച്ച' എന്ന കൂട്ടിവായിക്കുവാനിടവരുത്തുന്ന പദഘടനയാണ് തർജ്ജമയെ സുഖകരമല്ലാതാക്കുന്നത്.

അതേ അങ്കത്തിലെ

ഇദമശിശിരൈ രന്തസ്താപാദവിവർണ്ണ മണീകൃതം
നിശിനിശി ഭുജന്യസ്താപാംഗ പ്രസർപ്പിഭിരശ്രുഭിഃ
അനതിലുളിത ജ്യാഘാതാങ്കം മുഹുർമ്മണി ബന്ധനാൽ
കനകവലയം സ്രസ്തം സ്രസ്തം മയാ പ്രതിസാര്യതേ

എന്ന ശ്ലോകത്തിന്റെ തർജ്ജമയ്ക്കും മാറ്റ്വം പോരാ.

രാതോറും ഭ്രജലഗ്ന വാൽമിഴിയിൽനിന്നോല്വം
വ്യഥാതപ്തമാം
കണ്ണീരാലൊളികെട്ട കല്ലുകളൊടൊത്തി
പ്പൊന്നണിക്കങ്കണം
വിൽ ഞാൺ പാടിലുരുമ്മിടാതിടയിടയ്ക്കുർ
ന്നുർന്ന പോരുന്നത
പ്പപ്പോഴ് കൈക്കെഴയിങ്കൽനിന്നു തിരിയേ
കേറീടുവോനായി ഞാൻ!

ഒന്നാം വരിയിലെ 'ഭ്രജലഗ്ന വാൽമിഴി'യ്ക്ക് വല്ലാത്തൊരു പന്തിയില്ലായ്മയുണ്ട്.

മേലേ ഉദ്ധരിച്ച 'പുറിൽ പൂകിയ' എന്നു തുടങ്ങുന്ന ശ്ലോകവും തീരേ നിർദ്ദോഷമല്ല. 'എവിടെയാണ് കശ്യപാശ്രമം' എന്ന രാജാവു ചോദിച്ചതിനുള്ള മറുപടിയായി 'കുറിയ്ക്കൊത്തിളകാതതാ മുനിയൊരാഴ് മേവുന്നിതഭ്യക്നായ്' എന്നു മാത്രം പറഞ്ഞാൽ മതിയോ? മൂലശ്ലോകത്തിലെ 'യത്ര' ശബ്ദത്തിന്റെ അർത്ഥം തർജ്ജമയിൽ വരുത്താത്തതുകൊണ്ടുള്ളതാണ് ഈ അപര്യാപ്തത.

ചതുർത്ഥാങ്കത്തിലെ പ്രസിദ്ധമായ ശ്ലോകചതുഷ്ടയത്തിന്റെ തർജ്ജമയ്ക്ക് ഒരിതര ഭാഷയിൽ വരുത്താവുന്നേടത്തോളം ആശയവൈശദ്യം വരുത്തീട്ടുണ്ടെന്നു പറയാം. അവ ഇവിടെ പകർത്തുന്നു:—

1. ഇപ്പോഴപ്പോവുകയായ് ശകുന്തളയിതോ
ത്തിണ്ടൽപ്പെടുന്നു മനം,
കണ്ണും ബാഷ്പനിയന്ത്രണാൽക്കലുഷിതം,
മങ്ങുന്നു കൺ ചിന്തയാൽ,
സ്നേഹാലിത്രയുമാകുലൻ ഹഹ! വനേ
മേവുന്ന ഞാൻ പോലുമേ,
ഗേഹസ്ഥക്ഴലെത്രയെത്ര പുതുതാം
പുത്രീ വിയോഗാൽപ്പെടാം!

2. വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ നി
ങ്ങൾക്കു നല്ലാതെയാർ
നുള്ളാറില്ലണിവാൻ കൊതിയ്ക്കുകിലു മാ
രമ്പാൽബ്ഭ വൽപ്പല്ലവം

നല്ലോരുത്സവമാക്കു നിങ്ങടെ കടി
ഞ്ഞിൽപ്പൂപ്പിറിപ്പേകുകി
ഞ്ഞെല്ലാരും വിട, യശ്രുകന്തളയിതാ
പോകുന്ന കാന്താലയേ.

3. ധന്യം തൻകുലമെന്നതും ശമധന
ന്മാർ ഞങ്ങളെന്നുള്ളതും
നിന്നിൽ സ്നേഹമിവംക്കു ബന്ധുകൃതമ
ല്ലെമ്മട്ട മെന്നുള്ളതും
നന്നായോത്തു ഭവാൻ ഗ്രഹിസ്സുകിവളെ
സ്സാമാന്യ പത്നീ ജനേ,
പിന്നെ ബ്ഭാഗ്യവിധേയ മപ്പറ,മതെന്തോ
തേണ്ട പെൺ കൂറുകാർ?

4. ശ്രുശ്രൂഷിസ്സു ഗുരുക്കളെ,സ്സുസഖിയായ്
ച്ചേത്തു സപത്നീ ജനേ
ഭർത്താവിന്നെതിർ ചെയ്യു പോകരുതവൻ
നിന്ദിസ്സിലും ശ്രുണിയാൽ
കൊംകാവോള മിണക്കവും പരിജനേ
ഭാഗ്യങ്ങളിൽ ഗ്രുവ്വിയാ
തേവം ഗേഹിനിമാർ വധൂടികം, മറി
ച്ചായാൽ ക്കുലവ്യാധികം!

മൂന്നാമത്തെ ശ്ലോകത്തിന്റെ മൂലത്തിലെ ആശയം അന്യനാ നതിരിക്തമായി കൊണ്ടുവരുവാൻകഴിഞ്ഞിട്ടുണ്ടെന്നു അവകാ ശപ്പെടാമോ എന്നു സംശയമാണു്. 'തവ്യസ്യാഃ കഥമപ്യ ബാന്ധവകൃതാം സ്നേഹപ്രവൃത്തിം ചതാം' എന്നതിലെ ആശ യംമുഴവനും 'നിന്നിൽ സ്നേഹമിവംക്കു ബന്ധുകൃതമല്ലെമ്മട്ട മെന്നുള്ളതും' എന്നുള്ള തർജ്ജമയിൽ സ്ഫുരിക്കുന്നില്ല. യാതൊ രുവിധത്തിലും ബന്ധുജനങ്ങളുടെ ഇടപെടലില്ലാതെ നിന്നിൽ അവം പ്രദർശിപ്പിച്ച ആ സ്നേഹപ്രവൃത്തിയേയും നന്നായോ ക്കണം എന്നാണു് മൂലശ്ലോകത്തിന്റെ വിവക്ഷ. സ്നേഹം ബന്ധുകൃതമല്ലെന്നതിനേക്കാം പ്രാധാന്യം ബന്ധുകൃതമല്ലാത്ത ആ സ്നേഹത്തിന്നാണു്. 'താം സ്നേഹപ്രവൃത്തിം' എന്നതിലെ സർവ്വനാമപ്രയോഗത്തിന്റെ ശക്തി തർജ്ജമയിൽ വേണ്ടത്ര പ്രതിഫലിച്ചിട്ടില്ല എന്നതൊരു സാരമായ ന്യൂനതതന്നെയാ ണു്. വലിയ കോയിത്തമ്പുരാന്റെ തർജ്ജമയിൽ ഈ ന്യൂന തയില്ല. 'തന്നാം പ്രേരണയെന്നെ നിന്നിലിവം താനപ്പി ച്ചൊരപ്രേമവും' എന്നാണവിടത്തെ തർജ്ജമ. 'ബന്ധുകൃതിക്ക ടാതിവം നിജഹൃദയം നിങ്കലർപ്പിച്ചതും' എന്നു ഏ. ആർ. രാജ രാജവർമ്മയും, 'നിന്നിൽ സ്നേഹമിവംക്കബന്ധുകൃതം' എന്നു

ആറുരും പരിഭാഷപ്പെടുത്തിയതും മേല്പറഞ്ഞ ആക്ഷേപത്തിൽ നിന്നു വിമുക്തമല്ല. വ്യാഖ്യാതാക്കളുടെ അഭിപ്രായപ്രകാരം, സ്നേഹപ്രവൃത്തിയുണ്ടിവിടെ സ്നേഹപ്രവാഹം എന്നുതന്നെ വേണം അർത്ഥം കല്പിക്കുവാൻ. രാജദർശനംമുതൽ ശകുന്തളയിൽ പ്രതിക്ഷണം വളർന്നുവന്ന അനുരാഗസാഗരത്വമാണ് പ്രവൃത്തി പദപ്രയോഗത്തിൽ ധ്വനിയുന്നതെന്നു രാഘവഭട്ടൻ പറഞ്ഞിട്ടുണ്ട്. ഏതായാലും തർജ്ജമയിൽ അനുഭവപ്പെടുന്ന മേല്പറഞ്ഞ ദൌർബ്ബല്യം ഒട്ടും നിസ്സാരമല്ല.

മൂന്നാം പാദത്തിലെ 'ഗ്രഹിക്കുകിവളെസ്സാമാന്യപത്നീജനേ' എന്ന തർജ്ജമയും ആശയസ്ഫുടത പോരാ. 'ഇവളെ മറ്റു പത്നിമാരുടെനിലയിലുള്ള ഒരുവളായി കൈക്കൊള്ളുമാറാകണം' എന്നാണിതിന്നർത്ഥമെന്നു വ്യാഖ്യാനിച്ചിട്ടുണ്ട്, ശരിതന്നെ. 'സാമാന്യപ്രതിപത്തിപൂർവ്വകമിയം ദാരേഷു ദൃശ്യാതായാ' എന്ന വാക്യത്തിന്റെ അർത്ഥം 'ഇവളെ ഭാര്യമാരുടെകൂട്ടത്തിൽ സാമാന്യപ്രതിപത്തിയോടുകൂടി കണ്ടുകൊള്ളണം' എന്നാണല്ലൊ. തർജ്ജമയിൽനിന്നു ഈ അർത്ഥം കിട്ടുന്നില്ല. 'സാമാന്യപത്നികളുടെകൂട്ടത്തിൽ ഇവളെയും കൈക്കൊള്ളണം' എന്നു കേൾക്കുമ്പോൾ ദുഷ്യന്തനു സാമാന്യപത്നികൾക്കു പുറമെ ചില അസാമാന്യപത്നികളും ഉണ്ടായിരുന്നു എന്നൊരു തോന്നലിന്നവകാശമുണ്ട്. സാമാന്യത്വം പ്രതിപത്തിയുടെയാണ്, പത്നീജനത്തിന്നല്ല എന്ന ആശയം തർജ്ജമയിൽ സ്പഷ്ടമാകുന്നില്ല. ഇതരദാരങ്ങളോടുള്ളതുമാതിരി പ്രതിപത്തി—അഥവാ ആദരവ്—ഇവളോടും കാണിയ്ക്കണമെന്നാണ് കണ്വൻ ആവശ്യപ്പെടുന്നത്.

'അതെന്തോതേണ്ട പെൺകൂറുകാർ' എന്നതിനെക്കാൾ 'അതൊന്നും പെൺകൂറുകാർ പറയേണ്ടതല്ലല്ലൊ' എന്നായിരിക്കും അധികം സമീചീനമായ തർജ്ജമ. 'നഖല്വ തദ്വാച്യം വധൂബന്ധുഭിഃ' എന്നതിനെ 'അതു വധൂബന്ധുക്കൾ ചൊല്ലേണമോ' എന്നു കേരളവർമ്മയും തർജ്ജമചെയ്തിട്ടുണ്ട് എന്നു വിസ്മരിക്കുന്നില്ല.

നാലാമത്തെ ശ്ലോകത്തിലെ നാലാം പാദത്തെക്കുറിച്ചും അല്പമൊരാക്ഷേപത്തിന്നു വകയില്ലെന്നില്ല.

'യാന്യേവം ഗൃഹിണീപദം യുവതയോ വാമാഃ കുലസ്യാധയഃ' എന്ന മൂലശ്ലോകത്തിലെ വാക്യത്തിന്നു 'ഇങ്ങിനെ (മുൻപറഞ്ഞപ്രകാരം) വർത്തിച്ചാൽ സ്ത്രീകൾ ഗൃഹിണീപദം പ്രാപിക്കുന്നു; മറിച്ചാണെങ്കിൽ, അവർ കുലത്തെ കെടുത്തുന്നവരായിത്തീരുന്നു' എന്നാണല്ലൊ അർത്ഥം.

'ഏവം ഗേഹിനിമാർ വധൂടികൾ, മറിച്ചായാൽക്കുലവ്യാ

ധികം' എന്ന തജ്ജമയ്ക്കു ഒരു വ്യാഖ്യാനമുണ്ടെങ്കിലേ ആ അർത്ഥം വ്യക്തമാവുകയുള്ളൂ. 'ഇങ്ങിനെയാണ് സ്ത്രീകൾ ഗൃഹിണികൾ (ഗേഹിനിമാർ) ആകുന്നത്'' എന്നാണ് വിവക്ഷ; പക്ഷേ തജ്ജമ വായിച്ചാൽ, 'ഇങ്ങിനെ ഗേഹിനിമാർ വധൂടികളാണ്'' എന്ന അർത്ഥമാണാദ്യം തോന്നുക. 'ഇത്ഥം വാഴുന്നയോഷിത്തുകൾ ഗൃഹിണികളായന്യഥാ ഗേഹബാധാഃ' എന്ന കേരളവർമ്മദേവന്റെ തജ്ജമ ഗീർവ്വാണശബ്ദപ്രചുരമാണെങ്കിലും അർത്ഥസ്ഫുരണത്തിന്നു കുറച്ചുകൂടി സഹായകമാണ്.

തജ്ജമ മൂലത്തോടു വേണ്ടത്ര പൊരുത്തപ്പെടാത്ത മറ്റൊരുദാഹരണംകൂടി എടുത്തുകാണിച്ചുകൊള്ളട്ടെ. ആറാം അങ്കത്തിലെ

> മുനിസുതാ പ്രണയസ്മൃതിരോധിനാ
> മമ ച മുക്തമിദം തമസാ മനഃ
> മനസിജേന സഖേ പ്രഹരിഷ്യതാ
> ധനുഷി ചൂതശരശ്ച നിവേശിതഃ

എന്ന ശ്ലോകം വള്ളത്തോൾ പരിഭാഷപ്പെടുത്തീട്ടുള്ളതിങ്ങിനെയാണ്:—

> മമ മനസ്സിതിൽനിന്നൃഷിനന്ദിനീ
> പ്രണയവിസ്മൃതി വിട്ടതൊടൊപ്പമേ
> ധനുഷി ചേർത്തുകഴിഞ്ഞിതു മാവലർ
> ക്കണ സഖേ ദൃഢമെയ്യുവിടാൻ സ്മരൻ.

'തമസാ' എന്ന പ്രയോഗം തജ്ജമയിൽ വിട്ടുകളഞ്ഞതു മൂലശ്ലോകത്തിലെ അർത്ഥസ്ഫുടതയ്ക്കു ഭംഗംവരുത്തുന്നു. രാജാവിന്റെ മനസ്സിൽനിന്നു പ്രണയസ്മൃതിയെ തടഞ്ഞുനിർത്തിയ തമസ്സു വിട്ടൊഴിഞ്ഞപ്പോളാണ് കാമദേവനു ശരപ്രയോഗത്തിന്നു പഴുതു കിട്ടിയത് എന്നു ആശയം തർജ്ജമയിൽ വ്യക്തമായിട്ടില്ല; അതൊരു ന്യൂനതയാണ്.

വിദ്വാൻ സി. എസ്സ്. നായരുടെ സാമാന്യം ദീർഘമായ അവതാരികയോടും കൂട്ടിക്കൃഷ്ണമാരാരുടെ പ്രിയംവദാഖ്യയായ ടീകയോടുംകൂടി 1936–ൽ ആണ് വള്ളത്തോളിന്റെ അഭിജ്ഞാനശാകുന്തളവിവർത്തനം പ്രസിദ്ധീകൃതമായത്. അവതാരികയിലെ ചില അഭിപ്രായങ്ങളും നിരൂപകന്മാക്കിടയിൽ തെല്ലൊരു കോളിളക്കം സൃഷ്ടിക്കാതിരുന്നില്ല. താൻ അവതരിപ്പിക്കുന്ന തജ്ജമയ്ക്കുള്ള മേന്മയെ സ്ഥാപിക്കുന്നതിന്നിടയിൽ ഇതരവിവർത്തനങ്ങളെപ്പറ്റി വിദ്വാൻ നായർ ചെയ്ത വിമർശനമാണ് വിവാദവിഷയമായിത്തീർന്നത്. ഒരേവിഷയത്തെസ്സം

ബന്ധിച്ച വിഭിന്നഗ്രന്ഥങ്ങളുടെ ഗുണദോഷങ്ങളെക്കുറിച്ചുള്ള താരതമ്യപഠനം പാടില്ലെന്നാരും പറയുകയില്ല. വിശേഷിച്ച്, വിവത്തനത്തിന്നു വിധേയമായ മൂലകൃതിയുടെ ആശയം പ്രകാശിപ്പിക്കുന്നതിൽ വിവത്തകന്മാക്കു പിണഞ്ഞിട്ടുള്ള അബദ്ധങ്ങളെയും അപാകതകളെയുംപററി സനിഷ്ഷ്ടമായ നിരൂപണം ആവശ്യംതന്നെയാണ്. പക്ഷേ അക്കാര്യത്തിലും ചില മര്യാദകളും പാലിക്കേണ്ടതായിട്ടുണ്ടെന്നു മറന്നാലാണ് വിമശ്നം അസുഖകരമായ വാദകോലാഹലത്തിന്നിടവരുത്തുന്നത്. എന്നതന്നെയല്ല, മറെറാരു വിവത്തനത്തിന്റെ ദോഷങ്ങളും, പ്രകൃതഗ്രന്ഥത്തിന്റെ ഒരു ഭാഗമായിക്കരുതാവുന്ന അവതാരികയിൽ, മറെറാരാളുടെ അഭിപ്രായമായിട്ടാണെങ്കിലും, എടുത്തുവിമശിക്കുന്നത്, ആ വിവത്തകന്മാർതമ്മിലുള്ള സൌഹാർദ്ദത്തിന്നും സൌമനസ്യത്തിന്നും അനാവശ്യമായിട്ടൊരു വിഘാതം ഉണ്ടാക്കിത്തീർക്കുകയാണ് ചെയ്യുക. പണ്ഡിതവര്യനായ ആറൂർ കൃഷ്ണപ്പിഷാരോടിയുടെ 'കേരളശാകുന്തള'ത്തെക്കുറിച്ചുള്ള പ്രസ്താവങ്ങളും ഇത്തരത്തിൽപ്പെടുത്താവുന്നവയാണ്. പുസ്തകത്തിന്റെ അവതാരികയിലല്ലാതെ, സ്വതന്ത്രരീതിയിൽ ഒരു താരതമ്യപഠനത്തിനാണ് വിദ്വാൻ നായർ പുറപ്പെട്ടിരുന്നതെങ്കിൽ അതിന്റെ ഔചിത്യത്തെപ്പററി അത്രയൊന്നും ആക്ഷേപത്തിനിടവരുമായിരുന്നില്ല. ''ആപാതമധുരവും ആലോചനാമൃതവുമായ അഭിജ്ഞാനശാകുന്തളം ആരേതു ഭാഷയിൽ തർജ്ജമചെയ്താലും അതിന്റെ സർവാംഗീണമായ സൌന്ദര്യം തർജ്ജമയിൽ വരുത്തുവാൻ സാധിക്കുന്നതല്ലെന്നുള്ളതു പരമാർത്ഥംതന്നെ. എങ്കിലും സാധിക്കുന്നിടത്തോളം സാഹിത്യഗുണംകൊണ്ടു മൂലത്തോടടുക്കുന്ന ഒരു തർജ്ജമ ഏതു ഭാഷയ്ക്കും ആശാസ്യമാകയാൽ അതിലേയ്ക്കുവേണ്ടി അഹ്മാർ ചെയ്യുന്ന ശ്രമം അഭിനന്ദനീയമായേ ഭവിക്കുകയുള്ളു. ഈ നിലയിൽ മഹാകവി വള്ളത്തോളും ശാകുന്തളം തർജ്ജമചെയ്വാൻ പുറപ്പെട്ടതു സംബന്ധിച്ചു വിശേഷവിധിയായിട്ടു വല്ലതും ഒരു സമാധാനം പറയേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നില്ല. ഇപ്പോളും മഹാജനങ്ങളുടെ മുമ്പിൽ അവതരിക്കുന്ന വള്ളത്തോളിന്റെ ഈ തർജ്ജമതന്നെ അതിന്റെ അവതാരൌചിത്യത്തെ വേണ്ടതുപോലെ തെളിയിക്കുന്നതുമാണ്''. അവതാരികാകർത്താവിന്നു പറയുവാൻ തികച്ചും അർഹതയുള്ളതാണ് ഈ വാക്യങ്ങളിലടങ്ങിയ അഭിപ്രായം. അതുകൊണ്ടുമാത്രം അദ്ദേഹത്തിന്നു തൃപ്തിപ്പെടാമായിരുന്നു. വലിയ കോയിത്തമ്പുരാന്റെയും, ഏ. ആർ. രാജരാജവർമ്മയുടെയും ആറൂരിന്റെയും തർജ്ജമക

ളിൽനിന്നു ചില ഉദാഹരണങ്ങളുദ്ധരിച്ചു വള്ളത്തോളിന്റെ തജ്ജ്ഞമയുടെ മെച്ചം കാണിക്കുവാൻ വേണ്ടി അനാവശ്യമായിട്ടൊരു വാദബീജം വിതയ്ക്കേണ്ടിയിരുന്നില്ല. തൽഫലമായി പണ്ടത്തെ ഭാഷാവിലാസവാദത്തിലെന്നപോലെ ഈ വാദകോലാഹലത്തിലും ചില അസ്വാരസ്യങ്ങൾ തല പൊന്തിച്ചു. താരതമ്യപഠനം വ്യക്തിനിഷ്ഠമാക്കാതെ വസ്തുനിഷ്ഠം മാത്രമാക്കിയിരുന്നെങ്കിൽ ഇതെല്ലാം കൂടാതെകഴിക്കാമായിരുന്നു.

ഇരുപത്തിമൂന്നാം അധ്യായം

"അച്ഛനും മകളും"

1930–ന്റെ ശേഷം കവിതാനിർമ്മാണത്തിൽ വള്ളത്തോളിന്റെ തെല്ലൊരുദാസീനതയാണ് കണ്ടുവന്നത്. ആ ദശാബ്ദത്തിൽ അധികസമയവും കേരളകലാമണ്ഡലത്തിന്റെ പരിപോഷണത്തിനുവേണ്ടി വിനിയോഗിക്കേണ്ടിവന്നതായിരുന്നു ഒരു പ്രധാനകാരണം. 1941–ൽ ആ സ്ഥാപനത്തെ സക്കാരിന്റെ മേൽനോട്ടത്തിന്നേല്പിച്ചുകൊടുക്കുന്നതുവരെ മഹാകവിയുടെ ശ്രദ്ധ അധികവും അതിലാണ് പതിഞ്ഞത്.

എങ്കിലും ഇക്കാലത്തും കവിപ്രതിഭയ്ക്ക് യാതൊരു മങ്ങലും സംഭവിച്ചിരുന്നില്ല എന്നതിന്നു പല തെളിവുകളുമുണ്ട്. എണ്ണത്തിൽക്കുറവാണെങ്കിലും ഗുണപുഷ്ടലങ്ങളായ കവിതകൾ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു. ജീവിതതത്വങ്ങളെക്കുറിച്ചുള്ള ചിന്തകളുംകൊള്ളുന്നവയായിരുന്ന അവയിൽ പലതും. 1106 വൃശ്ചികത്തിൽ എഴുതിയ 'ഇരുളിൽനിന്നു'* അവസാനിക്കുന്നത് ഇങ്ങിനെയാണ്:—

> എങ്ങുനിന്നിവിടത്തിൽവന്നു ഞാൻ? ഇരുളിൽനി,
> ന്നെങ്ങിനെയുള്ളൊന്നാണ,താരുമില്ലറിഞ്ഞവൻ,
> എങ്ങോട്ടു നടകൊണ്ടീടുന്നു ഞാൻ? ഇരുളിലേ,
> യ്ക്കെന്തിനാണിടയിൽവെച്ചിത്രയും വെളിച്ചംമേ?

ആദിയും അവസാനവും അവ്യക്തമാണ്, മദ്ധ്യഭാഗം മാത്രമേ വ്യക്തമായിട്ടുള്ളു. അതിനിടയ്ക്കു കുറച്ചു വെളിച്ചം കിട്ടുന്നുമുണ്ട്. എന്താണിതിന്റെയെല്ലാം പൊരുൾ? സൂര്യനും സൂര്യനായി പ്രകാശിക്കുന്ന സനാതനബ്രഹ്മതേജസ്സ് വല്ലപ്പോഴും മനുഷ്യന്നു പ്രത്യക്ഷീഭവിച്ചാൽത്തന്നെ അതിന്റെ ചിൽപ്രകാശം മനുഷ്യബുദ്ധിയ്ക്കു സഹിയ്ക്കുമോ എന്നാണ് സംശയം.

> സന്തതചിത്തേജസ്സേ! സൂര്യനുമൊരു സൂര്യൻ
> നിന്തിരുവടി കാലേ പ്രത്യക്ഷീഭവിച്ചെന്നാൽ
> എന്തൊരു നിലയിലായ്പ്പോയേക്കുമന്നേരത്തു
> ഹന്ത മറെറാരു മൂഢയായ ഞാനശക്തകാക്ഷൻ!

---

* സാ. മ. എട്ടാം ഭാഗം.

അതുകൊണ്ടു തമഃപ്രാണിയായ തനിയ്ക്കു ദീപ്തമാൽദീപ്തമായ ആ ദിവ്യപ്രകാശം കാണണമെന്നില്ലെന്നും അതു എങ്ങും എന്തിലുമുണ്ടെന്നും, കേട്ടാൽമതിയെന്നും കവി സമർത്ഥിക്കുന്നു.

ഈയിവൻമേവും മഹാഗോളത്തിനെക്കാളനേ
കായിരമിരട്ടിയാണെവതൻവല്യപ്പം പോൽ
നക്ഷത്രസമാഖ്യങ്ങളദ്ദിവ്യഗോളങ്ങൾ നി
ന്നക്ഷയമഹസ്സിനെറ കൊച്ചുതുണ്ടുകളല്ലൊ.
അവയുണ്ടിരുളിൽ മേ വിശേശ! വെളിച്ചത്തി
ന്നവതൻ ശേഷക്കാരിങ്ങുണ്ടു ഖദ്യോതങ്ങളും.

ഈശ്വരനെറ തേജശ്ശകലങ്ങളിൽനിന്നു ഇങ്ങിനെ കുറച്ചൊരു വെളിച്ചം കിട്ടുകയാണെങ്കിൽ ഇരുട്ടിൽ കഴിച്ചുകൂട്ടുവാനൊട്ടും വൈമനസ്യമില്ലെന്നാണ് കവിയുടെ നിലപാട്. പ്രാസംഗികമായി, ഇരുട്ടിനു ചില ഗുണങ്ങളും കവി കാണുന്നുണ്ട്. വെളിച്ചവും ഇരുട്ടും പ്രകൃതീശ്വരിയുടെ ഉടുപ്പിനെറ വർണ്ണഭേദത്തെ മാത്രമാണ് കാണിക്കുന്നത്. പകൽവെളിച്ചം ലോകത്തെ പോരിന്നിറക്കുന്നു. ശാന്തസ്വഭാവമുള്ള രാത്രിയാകട്ടെ അതിനു സുഖവിശ്രമം കൊടുക്കുന്നു. അത്രമാത്രമല്ല, വെളിച്ചം ലോകത്തെ പകുത്തുകാണിക്കുന്നു; ഇരുട്ടു അതിനെ ഒന്നാക്കിത്തീർക്കുന്നു. വെളിച്ചത്തിനുള്ള അന്വേഷണംതുടങ്ങീട്ടു കാലം വളരെ ആയെങ്കിലും ഇനിയും വേണ്ടത്ര കണ്ടുകിട്ടിയിട്ടില്ല.

എത്രകിട്ടിയാൽ നിങ്ങൾ തൃപ്തരാം വെളിച്ചത്താൽ,
പ്രത്യഹം തേടുന്നുണ്ടാം സൂര്യനും വെളിച്ചത്തെ.
പകൽതന്നുദിപ്പിങ്കിൽ കോട്ടുവായ്കൊണ്ടു പൂക്കൈ
വികസിപ്പാനായ് രാവിലുറക്കമിളയ്ക്കുയാൽ.
ജീവിതത്തിനെറ ശിരോരേഖ ന,ന്നിഷ്ടം കൃഷ്ണറാൽ
കൈവെരുമ്പോഴേയ്ക്കുമിതിൻകല്യത തളരുന്നു.

എത്ര മനോഹരമായ ആശയം! കിട്ടാനിടയില്ലാത്ത വെളിച്ചത്തിനുവേണ്ടി കഷ്ടപ്പെടാതെ, കിട്ടിയ വെളിച്ചത്തിൽ നേർവഴിക്കു നടക്കുകയായിരിക്കും ബുദ്ധിപൂർവ്വമായ പ്രവൃത്തി എന്നാവാം കവിയുടെ വിവക്ഷ. 'ജ്ഞാനം' എന്ന കവിതയിലെ ചിന്താഗതിയുടെ ഒരു രൂപാന്തരം ഇതിൽക്കാണാം.

താൽക്കാലികമായ ഉന്നതപദപ്രാപ്തികൊണ്ടു കണക്കിലധികം ഞെളിയുന്നവരാണ് അല്പബുദ്ധികളായ മനുഷ്യർ. അവരെ ഉദ്ദേശിച്ചെഴുതിയതാണ് 'മിന്നുന്നതൊക്കെ പൊന്നല്ല' എന്ന കവിത* (1107 മേടം). ആകാശത്തിൽനിന്നൊരു നക്ഷത്രം വീഴുന്നതുകണ്ടപ്പോളാണ് ഇതിലെ ആശയങ്ങൾ കിള

* വീരശൃംഖല

ന്നവന്നത്. ആദ്യവരികളിലെ ഉൽപ്രേക്ഷകംക്കു കവിഭാവനകളിൽക്കവിഞ്ഞ പ്രാധാന്യം കല്പിക്കേണ്ടതില്ല. എന്നാൽ പിന്നീടുള്ള ആശയങ്ങളിൽ പല ലോകതത്വങ്ങളും കവി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അനേകം തെളിർനക്ഷത്രം പതിച്ചിട്ടുള്ള ആകാശത്തട്ടിൽനിന്നു ഒന്നെങ്ങിനെയോ അടർന്നു താഴത്തുവീണു പോയതുകണ്ടപ്പോൾ

> നിസ്സമ്പമിതിൻ താഴേ കൈക്കുടന്നയും കാട്ടി
> നില്ക്കുവാനുണ്ടാം ചില രത്നഹാരികളും പാരിൽ

എന്നു കവി സംശയിക്കുന്നു. ഭൂവിലെ തുച്ഛങ്ങളായ വിഭവങ്ങളും പോരാ ആ 'വിശ്വം വിഴുങ്ങി'കളുടെ വിശപ്പടക്കുവാൻ; അതുകൊണ്ടാണവർ മേൽവശത്തേക്കു നോക്കിക്കൊണ്ടുനില്ക്കുന്നത്. എന്നാൽ തങ്ങളുടെകൂട്ടത്തിൽനിന്നൊരു നിർഭാഗ്യവാൻ ഇടിവേറു വീഴുന്നതുകണ്ടപ്പോൾ ആരെങ്കിലും പിടിച്ചുനിത്താൻ നോക്കിയോ? അതൊട്ടില്ലതാനും! അതിനു കവി കാണുന്ന കാരണം ഇതാണ്:—

> പതിതൻ പതിയ്ക്കട്ടേ; ചുവട്ടിൽച്ചിലർ വേണം
> പതിവായ് നിൻ തേജസ്സിൽപ്പകയ്ക്കാനൊന്നത്യമേ!
> അഥവാ കാലാധീനമവതൻ നിലനില്പും
> അവശനവശനാലെന്തു സാഹായ്യം കിട്ടും?

ഇവിടെയും, 'ഇന്ദ്രനും മാബലിയും' എന്ന കവിതയിലെന്നപോലെ, കാലത്തിന്റെ സർവ്വാധിപത്യത്തെയാണ് കവി സൂചിപ്പിച്ചിരിക്കുന്നത്. അങ്ങിനെ ഉന്നതസ്ഥാനഭ്രംശം വന്നു നിലം പൊത്തിയ ആ തേജഃഖണ്ഡം ഒടുവിൽ മിന്നാമിനുങ്ങുകളുടെ കൂട്ടത്തിൽ പെട്ട എന്നു വരാനാണെളുപ്പം; അല്ലെങ്കിൽ വെറും കരിക്കട്ടയായി വല്ലദിക്കിലും വീണിരിക്കാനും മതി; ഒരുസമയം വല്ലവരുടെയും ശില്പകൌശലപ്രയോഗത്താൽ ആ കരിക്കട്ടയ്ക്കു വീണ്ടും നക്ഷത്രപ്രകാശം ആജ്ജിക്കാൻ കഴിഞ്ഞു എന്നും വരാം. എന്നാലും ഉന്നതസ്ഥാനത്തു മിന്നിക്കാണുന്നതെല്ലാം പൊന്നായിക്കൊള്ളണമെന്നില്ല. അടുത്തു ചെന്നുനോക്കുമ്പോൾ, അഥവാ സ്ഥാനഭ്രംശം സംഭവിക്കുമ്പോൾ, അതിന്റെ 'ചെമ്പു' പുറത്തായിക്കൂടായ്കയില്ല.

> അതിരിയ്ക്കട്ടേ, വാനത്തിവ്വണ്ണമല്ലിൽ ക്രമ്മ
> ദ്യുതിയായ്ക്കാണാകുന്ന കാഞ്ചനത്തുട്ടോരോന്നും
> മന്നിലാക്കറിയാം, കാരിരുമ്പിൻതുണ്ടല്ലെന്നായ്?
> മിന്നുന്നതൊക്കെപ്പൊന്നല്ലെന്നുമുണ്ടല്ലോ കേൾപ്പൂ.

1108 ചിങ്ങത്തിൽ വള്ളത്തോൾ 'കാത്തിരിയ്ക്കൽ' എന്നൊരു

'ഗീതകം' എഴുതി. പന്ത്രണ്ടു വരികളിൽ കാകളിവൃത്തത്തിൽ ഇങ്ങിനെയൊരു 'ലഘുഗാഥ' നിർമ്മിച്ചതിൽ എന്തെങ്കിലും പ്രത്യേകമായ ഉദ്ദേശമുള്ളതായിതോന്നുന്നില്ല. പതിനാല്വരികളിൽ ഇംഗ്ലീഷുഭാഷയിൽ കണ്ടിട്ടുള്ള 'ഗീതക'ത്തിന്റെ ഒരനുകരണമെന്ന നിലയ്ക്കല്ലാതെ ഈ 'കാത്തിരിയ്ക്ക'ലിന്നു യാതൊരു പ്രാധാന്യവും കല്പിക്കേണ്ടതില്ല. തന്റേതല്ലാത്ത ഒരു കവിതാസങ്കേതത്തിൽ വള്ളത്തോൾ കൈവെച്ചത് ഇത് ആദ്യത്തേയും ഒടുവിലത്തെയും പ്രാവശ്യമാണെന്നു തോന്നുന്നു!

ഒരു തീർത്ഥയാത്രക്കാരന്റെ ആവശ്യമനുസരിച്ചു 1108 ധനു മാസത്തിൽ എഴുതിയതാണ് 'ശരണമയ്യപ്പാ!' എന്ന കീർത്തനം.

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവ ശിവ പ്രേമ വിപാകമേ!
ഹാ ശരണമിയ്യേഴകൾക്കയ്യപ്പാ!
പാശമോചനം നിൻ പദമൊന്നുതാൻ

എന്ന പല്ലവിയോടുകൂടിയ ഈ സ്തോത്രത്തിൽ ശബരിമല അയ്യപ്പന്റെ അപദാനങ്ങളെ മധുരമായി പാടിയിട്ടുണ്ട്. കെ. കെ. രാജാവിന്റെ ഒരു പ്രസ്താവനയോടുകൂടി ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്തിട്ടുണ്ട്. വള്ളത്തോളിന്റെ ആദ്യകാലകൃതികളെ ഓർമ്മിപ്പിക്കുന്നതാണ് ഭക്തിരസപ്രധാനമായ ഈ കൊച്ചുകൃതി. അയ്യപ്പഭക്തന്മാർ വർദ്ധിച്ചുവരുന്ന ഈ കാലത്തു് ഇതിന്നൊരു സവിശേഷമായ ഔചിത്യമുണ്ട്.

കേരളത്തിന്റെ അപദാനങ്ങളെ കീർത്തിക്കുന്നതാണ് 'ചോരതിളയ്ക്കുണം'* (1109) എന്ന ഗീതം. മലനാടിന്റെ പ്രകൃതിവിഭവങ്ങളെയും നാട്ടുകാരുടെ സാംസ്കാരികപ്രവണതകളെയും സംക്ഷിപ്തമായിട്ടതിൽ വിവരിച്ചിട്ടുണ്ട്. കൂട്ടത്തിൽ ചാക്യാർകൂത്തിനെയും കഥകളിയെയും പറ്റി പറയുവാനും കവി മറന്നിട്ടില്ല. ലോകത്തിന്റെ ഏതു കോണിലും എത്തീട്ടുള്ള കേരളീയൻ എവിടെച്ചെന്നാലും അയാളുടെ കേരളീയത്വം കൈവിടുകയില്ലെന്നാണ് കവിയുടെ വിവക്ഷ.

കേരളജാതർ നാമെങ്ങെങ്കു പാർത്താലും
കേരളനാട്ടിൽത്താനത്രേ വാഴ്വു.
ദൂരദൂരങ്ങളിലാപതിയ്ക്കുമ്പോഴും
സൂരനിൽത്താനല്ലോ തദ്ദൃഷ്ടികളും.

ദേശാന്തരമിതു ഭോഗ്യസമൃദ്ധിയാൽ
ദേവലോകോപമമായിരിക്കാം;

* 'ദിവാസ്വപ്നം'

സ്വർഗ്ഗത്തിൽ വാണാലും നമ്മുടെ നോട്ടമോ
തൃക്കേരളത്തിൻ മുഖത്തേയ്ക്കുതാൻ!

തെൻകടലിന്റെ വീചികളും ഭക്തിപുരസ്സരം കഴുകിയ്ക്കുന്ന ആഷ്ട്രവിന്റെ പൂജ്യമായ തൃപ്പാദമാണ് നമ്മും പിറന്ന കേരളമെന്ന ഭിമാനിയ്ക്കുന്ന കവിയ്ക്ക് ഭാരതത്തോടും കേരളത്തോടുമുള്ള ഭക്തിയെയ്യാണ് കവിതാവസാനത്തിലെ ഈ ഉൽബോധനം ഉദാഹരിയ്ക്കുന്നത്:—

മാനവശ്രേഷ്ഠരേ! നിങ്ങളും തന്നുന്നത
സ്ഥാനവും ജ്ഞാനവും സ്വസ്വവും
കാണിയ്ക്ക വെയ്ക്കുവിൻ മാതൃഭൂവാകുന്ന
റാണിതൻ തൃപ്പാദപ്പൊൽപ്പീഠത്തിൽ.
പായുകയല്ല പറക്കുകയാണല്ലോ
പ്രാപ്യത്തെ പ്രാപിപ്പാനിന്നുലോകം;
ചേത്തുബന്ധിപ്പിനതിന്റെ ചിറകിന്മേൽ
സ്വാർത്ഥ വിചിന്തനതന്തുക്കളെ;
ഇല്ലായ്മയിൽപ്പക്ഷിതൻ പിമ്പിലെ ദുമ്പായ്പ്പോ
കില്ലയോ കേവല മസദ്രാജ്യം!
ഭാരതമെന്നപേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം;
കേരളമെന്ന കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ!

ശൃംഗാരകവിതയിൽ വള്ളത്തോളിനുണ്ടായിരുന്ന കൃതഹസ്തതയ്ക്ക ആ പ്രായത്തിലും ക്ഷീണംതട്ടിയിട്ടില്ലെന്നുദാഹരിയ്ക്കുന്ന ഒരു കമനീയ കൃതിയാണ് 'വീരശൃംഖല'* (1110 കുംഭം). കവിത തുള്ളുന്നതാണ് ഇതിലെ നാല്പത്തെട്ട വരികളും. നവോഢയായ നായികയ്ക്ക സമ്മാനിക്കുവാൻ ഒരു ചമ്പകമാലയുമായി സഖി അവളുടെ അടുക്കൽ ചെല്ലുന്നു; തലമുടി ചീകിമിനുക്കിക്കെട്ടിച്ച അതിൽ മാല ചൂടിച്ചുകഴിഞ്ഞപ്പോഴേയ്ക്ക നായകൻ ജോലിസ്ഥലത്തുനിന്നു തിരിച്ചെത്തുന്നു. അതുകണ്ട സഖി ആ രംഗത്തിൽനിന്നു നിഷ്ക്രാന്തയാവുന്നു. നായികനാണിച്ച അകത്തേക്കും ഓടുന്നു. ഇത്രമാത്രമാണ് 'വീരശൃംഖല'യിലെ വിഷയം.

എന്നാലക്കുതിച്ചോട്ടം പാഴിലായ്, സാരിത്തുമ്പു
തന്നാഥനുടെ നീണ്ട കൈക്കുള്ളിൽപ്പെടുകയാൽ.
''നില്ക്കുകോമനേ! നില്ക്കുകന്യോന്യമകലുക
ദുഷ്കരമാത്മാവാത്മാവോടടക്കിയ നമ്മാൽ.

---

* 'വീരശൃംഖല' എന്ന സമാഹാരത്തിൽ

മണ്ടുന്നതെന്തിന്നേവം? ചമ്പകപ്പൂവിൻ ഗന്ധം
കൊണ്ടുവല്ലായ്കയ്ക്കൊംവാൻ വണ്ടാണോ തവ കാന്തൻ?
ആരുടെ സമ്മാനമിദ്ധമ്മില്ലാഭരണം തേ?''
ചാരു പുഞ്ചിരിപൊഴിച്ചഭിനന്ദിച്ചാൻ കാന്തൻ.

''കാറിനെ കാല്ക്കീഴിട്ട കാന്തിവാസ്തിത്ര തൃപ്പൊൻ
വീരശൃംഖലവാങ്ങാൻ തികച്ചുമഹംതന്നെ.
ഹേ രമ്യേ! ജയലക്ഷ്മി! നിൻ സമാശ്ലേഷാൽ ഞാനും
വീരശൃംഖല നേടീടാവു ജീവിതപ്പോരിൽ!''

കവിതയിലെ അവസാന വരികളാണിവ. ഇവയെക്കാളൊട്ടും രസംകുറഞ്ഞവയല്ല ആദ്യവരികളും. സഖികളുടെ സംഭാഷണത്തോടുകൂടിയാണ് ആ തുടക്കം.

'ഹേ തോഴീ! വരൂ വരൂ മടിയിലെന്താ'ണെന്നാരും
സൌധോപാഗതയോടു സാദര മാരോമലാരും.
'മടിയിലെന്താണെന്നും മനസ്സിലെന്താണെന്നും
മടിയാതുരയ്ക്കുമോ മത്ത്യരാരാനും മുദ്ധേ?

അഴിഞ്ഞു തുങ്ങിക്കിടക്കുകയാണല്ലോ നിൻപൂ
ങ്കുഴലിതനാഥത്വം പെട്ടപോലവശമായ്.
ഇതൊന്നു ചീകിക്കെട്ടിയ്ക്കുട്ടെ മുല്പാടീ ഞാൻ,'എ
ന്നതിഥി നിലകൊണ്ടാളാതിഥേയി തൻ പിന്നിൽ.

തോഴിയുടെ തല ചീകിക്കെട്ടിക്കൊടുത്തു്, അതിൽ ചമ്പകമാല ചൂടിച്ചശേഷം ആഗത പറയുകയാണ്:—

''ഇന്നെന്റെ സൈരന്ധ്രീകൃത്യം
നന്നായോ? കനിഞ്ഞൊന്നു നോക്കുകേ കണ്ണാടിയിൽ;
എന്നാലെന്നനുജത്തി തീച്ചൂയായ്ക്കാണു മതി
ലുന്നിദ്ര ചാംപേയാവതംസയാം ചൈത്രശ്രീയെ.

അല്ലെങ്കിലിസ്സൌന്ദര്യം നുകരാനാർ തൻ കണ്ണോ
നല്ല നൈപുണിയുള്ളോന്നദ്ധന്യ നിതാവന്നു—
വാനമാം കച്ചേരിയിലന്നത്തെത്തൊഴിൽ തീന്ന
ഭാനുമാനതാ സന്ധ്യാദേവിയെ സ്സമീപിച്ചു.''

ഗൃഹനാഥന്റെ വരവു കണ്ടപ്പോൾ ബദ്ധപ്പെട്ടു പോകാൻ പുറപ്പെട്ട സ്നേഹിതസ്ത്രീ കിട്ടിയ പണിക്കുലി

ഉല്പുളൽസ്മിതഗർഭമാകിയ കവിളത്ത
ക്കല്യാണീമണിയുടെ കൈവിരൽത്തളിർകളാൽ
സല്പീലമായുള്ളോരു തിരുമ്മൽ

മാത്രമായിരുന്നു!

നിസ്സ്തരമണീയമായ ഒരു ശൃംഗാര ചിത്രമാണിത്.

പ്രായാധിക്യം കവിപ്രതിഭയെ ഒരു വിധത്തിലും ബാധിച്ചിരുന്നില്ലെന്നു മേൽക്കൊണിച്ച ഓരോ കവിതയും വിളിച്ചു പറഞ്ഞു. കാലം മുന്നോട്ടു നീങ്ങിക്കൊണ്ടേയിരുന്നു എങ്കിലും ക്ലിയോപാട്രയുടെ സൌന്ദര്യത്തിനെന്നപോലെ വള്ളത്തോളിന്റെ കവിതയ്ക്കും വാർദ്ധക്യത്തിന്റെ ദൌർബല്യമോ ക്ലാന്തതയോ ബാധകമായില്ല. ഇടയ്ക്കിടെ അതിന്റെ ഉന്മേഷശാലിത സവിശേഷം പ്രത്യക്ഷപ്പെടുകയും ചെയ്തിരുന്നു.

നാലഞ്ചുകൊല്ലം മുമ്പു തലശ്ശേരിയിലെ യുവജന സാഹിത്യ സമാജത്തിൽ തൽപ്രവർത്തകന്മാർ പൊക്കിപ്പിടിച്ച പുരോഗമനപത്രികയുടെ കാറ്റേറ്റു പറന്നുപോകാത്തവണ്ണം കനമില്ലാത്ത കരിയിലയല്ല ആഷ്ഭാരതസംസ്കാരത്തിൽ അടിയുറച്ച വള്ളത്തോളിന്റെ കലാശില്പമെന്നു ദൃഷ്ടാന്തപ്പെടുത്തുന്നതായിരുന്ന അക്കാലത്തു പുറത്തുവന്ന കൃതികളിൽ പലതും. ആ കൂട്ടത്തിൽ ഒരുയർന്ന സ്ഥാനമുണ്ട് 1116-ൽ, മഹാകവിയുടെ അറുപത്തിരണ്ടാം വയസ്സിൽ ആവിർഭവിച്ച 'അച്ഛനും മകളും' എന്ന ഖണ്ഡകാവ്യത്തിന്നു. ഐതിഹാസിക പശ്ചാത്തലത്തിൽ സംവിധാനംചെയ്തതാണെങ്കിലും തികച്ചും സ്വതന്ത്രമായൊരു മനോധർമ്മത്തിന്റെ പ്രകാശനമാണിതുകൊണ്ടു കവി സാധിച്ചത്. ദുഷ്യന്തനാൽ നിരാകൃതയായ ശകുന്തള 'തനതു വിധിയെപ്പറ്റി നിന്ദിച്ചുകൊണ്ടു' അശരണ ഭാവത്തിൽ കേഴുവാൻ തുടങ്ങിയപ്പോഴേക്ക് അപ്സരസ്തീർത്ഥസമീപത്തിൽനിന്നു സ്ത്രീരൂപംപൂണ്ടൊരു ജ്യോതിസ്സ് ആ നിർഭാഗ്യവതിയെ എടുത്തുപോയിക്കളഞ്ഞതായിട്ടാണല്ലൊ ശാകുന്തളനാടകത്തിലെ അഞ്ചാം അങ്കത്തിൽ പറഞ്ഞിട്ടുള്ളത്. പിന്നെ നാം ശകുന്തളയെക്കാണുന്നതു ഏഴാം അങ്കത്തിലെ മാരീചാശ്രമപ്രദേശത്തിലാണ്. അതിനിടയിൽ ശകുന്തള സപുത്രയായി ഇന്ദ്രമാതാവിന്റെ സംരക്ഷണത്തിൽ ആശ്വസിച്ചുകഴിയുന്നുണ്ടെന്നൊരു സൂചന ആറാം അങ്കത്തിലെ സാനുമതീവാക്യത്തിൽനിന്നു കിട്ടുന്നുണ്ട്. ദമ്പതികളുടെ പുനർമ്മിളനത്തിന്നു മുമ്പു യാദൃച്ഛികമായി വിശ്വാമിത്രമഹർഷി മാരീചാശ്രമത്തിലെത്തുന്നതും അച്ഛനും മകളും തമ്മിൽക്കണ്ടുമുട്ടുന്നതുമാണ് ഈ പുതിയ കാവ്യത്തിലെ വിഷയം. മഹാഭാരതത്തിലോ കാളിദാസനാടകത്തിലോ മറെറവിടെയെങ്കിലുമോ ഇല്ലാത്തതും കവിസങ്കല്പത്തിൽനിന്നുദിച്ചതുമാണീ പിതൃപുത്രീസമാഗമം.

ഇതിഹാസത്തിലെ ശകുന്തളയെക്കാൾ വളരെയധികം മൃദുലപ്രകൃതിയായിട്ടാണ് കാളിദാസൻ തന്റെ നായികയെ

ചിത്രീകരിച്ചിട്ടുള്ളത്. ആശ്രമവാസികളോടും വളർത്തച്ഛനായ താത കണ്വനോടുമുള്ള പെരുമാറ്റത്തിൽ മാത്രമല്ല രാജധാനിയിൽ എല്ലാവരുടേയും മുമ്പിൽവെച്ചു തന്നെ നിഷ്ഠുരം നിരാകരിച്ച ദുഷ്യന്തനോടുള്ള പെരുമാറ്റത്തിൽകൂടി ആ മൃദുലത സവിശേഷം പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വന്തം അച്ഛനെപ്പറ്റി ശകുന്തളയ്ക്കു കേട്ടറിവേ ഉണ്ടായിരുന്നുള്ളൂ; അതുതന്നെ ആ രാജഷ്ിയുടെ സന്താനസ്നേഹത്തെക്കുറിച്ചു മതിപ്പുതോന്നിക്കുന്ന വിധത്തിലായിരുന്നില്ല. നേരേമറിച്ചു,

ഞെട്ടറ്റെരിക്കിൻ മുകളിൽക്കൊഴിഞ്ഞതാം
പൈംപിച്ചകത്തുമലരെന്നപോലവേ

തനിയ്ക്കു കളഞ്ഞുകിട്ടിയ ആ കുട്ടിയെ ഔരസപുത്രിയോടു തോന്നാവുന്നതിലൊട്ടും കുറയാത്ത വാത്സല്യത്തോടുകൂടിയായിരുന്നു കണ്വമഹഷ്ി ലാളിച്ചുവളർത്തിയിരുന്നത്. അത്തരത്തിലുള്ള ഒരച്ഛനോടു ശകുന്തള വഹിച്ചിരുന്ന സ്നേഹവും അളവറ്റതായിരുന്നു. 'തപോനുഷ്ഠാനംകൊണ്ടു ക്ഷീണിച്ചിരിക്കുന്ന അച്ഛന്റെ ശരീരം; അതിനാൽ എന്നെക്കുറിച്ച് അച്ഛൻ അധികം ഉൽക്കണ്ഠപ്പെടരുതേ' എന്ന അപേക്ഷയോടുകൂടിയാണ് ആ പിതൃവത്സല അച്ഛനോടു വിടവാങ്ങുന്നത്. അവരുടെ വേർപാടിലുള്ള വൈക്ലബ്യം എത്രത്തോളം ഹൃദയസ്പൃശിയായിരുന്നു എന്നു നാടകത്തിൽനിന്നു നമുക്കു മനസ്സിലാവുന്നുണ്ട്. എന്നാൽ, സ്വന്തം അച്ഛനും മകളും തമ്മിൽ അപ്രതീക്ഷിതമായി കണ്ടുമുട്ടുമ്പോൾ എന്തായിരിക്കും സ്ഥിതി എന്നു വിഭാവനംചെയ്യുന്ന കവി നമുക്കും ആ അനുഭൂതിയിൽ പങ്കുകൊള്ളുവാനൊരവസരം ഉണ്ടാക്കിത്തരികയാണ് 'അച്ഛനും മകളും' എന്ന കൊച്ചു കാവ്യം മുഖേന ചെയ്യുന്നത്.

വാല്മീകിരാമായണവും പദ്മാദിപുരാണങ്ങളും കാളിദാസശാകുന്തളവും തജ്ജമചെയ്തു പരിണതാശയനായിത്തീർന്ന വള്ളത്തോളിനെയാണ് നാം ഈ കവിതയിൽ കാണുന്നത്. ഹേമകൂടശൈലവും കശ്യപാശ്രമക്കാടും അശോകത്തണലും ശാകുന്തളം ഏഴാം അങ്കത്തിലുള്ളവതന്നെ; വിശ്വാമിത്രനും ശുനശ്ശേഫനും വാല്മീകി രാമായണം ബാലകാണ്ഡത്തിൽനിന്നിറങ്ങിവന്നവരും. അങ്ങിനെ ഒരൈതിഹാസികമായ പ്രൌഢിയോടുകൂടിയാരംഭിക്കുന്ന കാവ്യത്തിലെ ഓരോ രംഗത്തെയും സവിശേഷമായ നാടകീയതയോടുകൂടിയാണ് കവി ആവിഷ്കരിച്ചിട്ടുള്ളത്. ഗുരുപാദരായ കശ്യപ മഹഷ്ിയെ കണ്ടു വന്ദിക്കാനെപ്പോഴാണവസരമെന്നറിഞ്ഞുവരുവാൻ വിശ്വാമിത്രൻ സ്വശിഷ്യനെ ആശ്രമത്തിലേക്കയക്കുന്നു. തപോവനത്തിലെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടുള്ള ആ സ്നിഗ്ധഗംഭീരസ്വരം അവിടെ

കളിച്ചുകൊണ്ടിരുന്ന സുന്ദരനായ കുമാരന്റെ ശ്രദ്ധയെ ആകർഷിക്കുകയും 'ഞാൻ കാണിച്ചുതരാമല്ലൊ മുത്തച്ഛനെ' എന്നു ആ ബാലകൻ ഉത്സാഹപൂർവ്വം പറയുകയും ചെയ്തു. വികാരനിർഭരമായ ഒരു നാടകത്തിന്റെ തിരശ്ശീല അതോടുകൂടി നീങ്ങുകയായി. കാശ്യപ ഭഗവാനെ മുത്തച്ഛനെന്നു വിളിക്കുന്നെ ആ തങ്കക്കിടാവാരായിരിക്കുമെന്നറിയുവാൻ വിശ്വാമിത്രനു കൌതുകം ജനിച്ചുവെങ്കിലും അവനെ വാരിയെടുത്തു മാറത്തണയ്ക്കുവാനുള്ള ആഗ്രഹമാണു് ആ ജിജ്ഞാസയെക്കാൾ മുന്നിട്ടുനിന്നതു്. അങ്ങിനെ ആ ക്ഷാത്രതേജസ്സിൻ കുമ്പും ബ്രാഹ്മതേജസ്സിൻ കാമ്പും തമ്മിൽച്ചേർന്ന നേത്രരഞ്ജകമായ കാഴ്ചയെ കവി ഇങ്ങിനെ വർണ്ണിയ്ക്കുന്നു:—

സാഹസക്കാരൻ പൈതലാവിമുക്തനെ വീണ്ടു
മൈഹികത്തിലേയ്ക്കുതാ വലിച്ചു താക്ഷീ ക്ഷണാൽ:
കുനിഞ്ഞു വാരിയെടുത്തുണ്ണിയെപ്പുണ്യാകാരൻ
കനിഞ്ഞു കെട്ടിപ്പുണരാൻ പെരിയ ബാഹുക്കളാൽ;
ലസിച്ചു മാൻതോലേറാപ്പിട്ട തന്മാറിൽപ്പൊങ്കു
ഞ്ഞസിതാകാശോദ്ദേശത്താതിരത്താരം പോലേ.
തോഴംവരെ ഞാന്ന കുറുകുന്തളം ലീലായാസ
ത്തുവിയപ്പിങ്കൽപ്പതിഞ്ഞിരുന്നതൊരു കയ്യാൽ
സാവധാനമായ് മാടിനീക്കിയക്കുഞ്ഞിൻ കവിൾ
പ്പൂവോട ചേർത്താൻ താടി നീണ്ട തന്മുഖം ധന്യൻ.

താൻ തന്നെ സൃഷ്ടിച്ച ലോകവാസികളുടെ പെരുമാറ്റങ്ങളിലുള്ള പൊരുത്തക്കേടുകളും വൈചിത്ര്യങ്ങളും കാണുമ്പോൾ ഈശ്വരൻ മന്ദഹസിക്കാറുള്ളതായി പറഞ്ഞു കേട്ടിട്ടുണ്ടല്ലൊ; അതുപോലെയാണു് കവിയും ഈ സന്ദർഭത്തിൽ നൈസർഗ്ഗികമായ തന്റെ നർമ്മബോധത്തെ പ്രകാശിപ്പിക്കുന്നതു്:

ഞാനൊന്നു ചോദിയ്ക്കട്ടെ സാദരം മഹാമുനേ!
ധ്യാനത്തിലുറഞ്ഞേരുന്നാസ്സച്ചിദാനന്ദം താനോ
മാനിച്ചീയിളം പൂമൈ പുല്ലലിലുളവായൊ
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം?

ബാലസംശ്ലേഷസുഖംകൊണ്ടു മീലിതാക്ഷനായിത്തീർന്ന മുനിയുടെ അപ്പോഴത്തെ അവസ്ഥകണ്ടാൽ ആരും അങ്ങിനെ ചോദിച്ചുപോകും.

ആ ഘട്ടത്തിലാണു്,

മുഷിഞ്ഞ വസ്ത്രങ്ങളും മെടഞ്ഞ വാർകുന്തലും
മെലിഞ്ഞ ലാവണ്യൈക ഭ്രഷ്മാമുടലുമായ്

അത്തലിൻ സ്വരൂപംപോലെ ഒരു യുവതി അവിടെ എത്തുന്നു. മേനകയുടെ മുഖച്ഛായ കണ്ടപ്പോഴും 'മേനക എന്തേ ഇങ്ങിനെ മാറിപ്പോയത്?' എന്നു ചോദിക്കാനായിരിക്കുമോ വിശ്വാമിത്രൻ ഭാവിച്ചതു എന്നു കവി സംശയിക്കുന്നു. ഏതായാലും ചോദിച്ചതങ്ങിനെയല്ല. തന്റെ മാറോടണച്ചുപിടിച്ച കുഞ്ഞിന്റെ അമ്മയാണതെന്നദ്ദേഹത്തിനു 'അമ്മേ ഞാനിതാ' എന്ന അവന്റെ വാക്കുകൊണ്ടു മനസ്സിലായിരുന്നതിനാൽ, ചക്രവർത്തിലക്ഷണമുള്ള ഈ കുട്ടിയുടെ അമ്മയാവാൻ ഭാഗ്യം സിദ്ധിച്ച ആ യുവതി ആരാണെന്നു സൌമ്യമായി ചോദിക്കുവാനാണ് അദ്ദേഹം മുതിർന്നതു്. ഉത്തരം പറയുവാൻ നേരംകിട്ടുംമുമ്പു 'ചായംതേച്ച മൺമയിലതാ മാർക്കണ്ഡേയന്റെ കയ്യിൽ' എന്നു പറഞ്ഞു, കുട്ടി ബ്രഹ്മർഷിയുടെ വക്ഷസ്സിൽനിന്നു ചാടിയിറങ്ങി അമ്മയുടെ പിടിയുംവിട്ടു ഓടിപ്പോയ്ക്കളഞ്ഞു. ഉചിതജ്ഞനായ കവി വളരെ സ്വാഭാവികതയോടാണിവിടെ അച്ഛനും മകളും തമ്മിലുണ്ടാവാൻ പോകുന്ന സംഭാഷണത്തിനു നിർബാധമായ രംഗം സൃഷ്ടിച്ചതു്. കൂട്ടത്തിൽ പറയട്ടെ, ആ തപസ്വിനിയുടെ സ്വരൂപവും, ചായം തേച്ച മൺമയിലും ശാകുന്തളത്തിലുള്ളവതന്നെ.

ഇതിനുശേഷമാണു് കവിതാവിലാസത്തിനു സ്വാച്ഛന്ദ്യം കൂടുന്നതു്. കാരണം ആ രംഗം തികച്ചും കവികല്പിതമായതുതന്നെ. അവിടെ കാണുന്ന ഋഷി ആരാണെന്നു ശകുന്തളയ്ക്കറിഞ്ഞുകൂടാ. അറിയുമായിരുന്നെങ്കിൽ ഈ മുത്തച്ഛനുമായി മകനെ പരിചയപ്പെടുത്തുവാൻ ഒരു സമയം ശകുന്തള മുതിരുമായിരുന്നു. അറിയാത്തതു് ഏതായാലും നന്നായി. ബാലമനസ്സിനു ഇമ്പംതോന്നിയ്ക്കുന്നതായിരിക്കയില്ലല്ലൊ അവിടെ നടക്കാൻപോകുന്ന സംഭാഷണം! അതിനിടയ്ക്കു് ശകുന്തള 'ഉണ്ണി തന്നോട്ടം കണ്ടു നെടുതാം വീപ്പൊന്നിട്ട' കഥയെ പ്രാസംഗികമായി സൂചിപ്പിക്കുവാൻ കവി മറന്നിട്ടില്ല. ഭർത്തൃപരിത്യക്തയായ ശകുന്തളയ്ക്കു് ആ നെടുവീർപ്പിടൽ അന്നത്തെ ഒരു നിത്യാനുഭവമായിരുന്നിരിക്കണമല്ലൊ. ശകുന്തള തന്റെ ചരിതം പറയുവാൻ തുടങ്ങി. അഭിജാതയായ ഒരു സ്ത്രീ അപരിചിതനായ ഒരാളോടു അങ്ങിനെ ആത്മചരിതം തുറന്നു പറയുക ശരിയാണോ എന്ന സംശയം പരിഹരിക്കുവാനാണ്

ഭക്തിയുമതിലേറെ സ്നേഹവുമൊക്കൊണ്ടാത്മ
വൃത്താന്തമറിയിച്ചാളൃഷിയെസ്സദൃത്തയാം

എന്നു കവി വ്യക്തമായി പറഞ്ഞതു്. ഏതായാലും ഒരന്യനോടു പറയാവുന്നേടത്തോളം മാത്രമേ ശകുന്തള പറയുവാനുദ്ദേശിച്ചിരുന്നുള്ളൂ.

'മുക്താത്മൻ പിറന്നന്നേ വനത്തിൽ മാതാപിതൃ
ത്യക്ത ഞാൻ, കണ്വഷ്ിയാലെടുത്തു പോററപ്പെട്ടോൾ,
മന്നനാം ദുഷ്ഷന്തനാൽ ഗ്ാന്ധവ് പരിണീത,
യെന്നുടെ ജനകനോ വിശ്രുതൻ വിശ്വാമിത്രൻ.'

'വിശ്രുതൻ വിശ്വാമിത്രൻ' എന്ന ആ വാക്കുകൾ അവളച്ചരിച്ചതും 'ഞാനോ?' എന്ന മഹഷ്ി ചോദിച്ചതും ഒന്നായിക്കഴിഞ്ഞു. ആ ചോദ്യത്തിന്റെ സ്വാഭാവികതയെയോ ശകുന്തളയുടെ മുഖച്ഛായ കണ്ടപ്പോൾതന്നെ മേനകയെ ഓർമ്മിപ്പിച്ച മഹഷ്ിയ്ക്ക് അതിനെപ്പററി സംശയമില്ലെന്ന വാക്കുകൊണ്ടും നീരുറന്ന കണ്ണുകൊണ്ടും വ്യക്തമാക്കിയതിലുള്ള ഔചിത്യത്തെയോ ഏതിനെയാണധികം ശ്ലാഘിക്കേണ്ടതെന്ന പറയുവാൻ പ്രയാസമാണ്. പിതൃദർശനത്താൽ ആനന്ദാകുലയായ മകളും പുത്രീദർശനത്താൽ വാത്സല്യപരവശനായ പിതാവും തമ്മിലുണ്ടായ ആ സമ്മിളനം ദേവന്മാർക്കും കണ്ടാനന്ദിയ്ക്കാൻ കൊള്ളാവുന്നൊരു കാഴ്ചയായിരുന്നു!

തന്റെ ചരിത്രം അച്ഛനെ ധരിപ്പിക്കുന്നതിനിടയിൽ അദ്ദേഹം തന്നോട് കാണിച്ച ഉദാസീനതയെക്കുറിച്ചുള്ള നേരിയൊരുപാലംഭം തങ്ങിനിന്നിരുന്നതായി ശകുന്തളയുടെ വാക്കുകൾ മനസ്സിരുത്തി പരിശോധിച്ചാൽ കാണാം. 'പേരിട്ടാൻ ശകുന്തളയെന്നെനിയ്ക്കച്ഛൻ കണ്വൻ' എന്നും 'അമ്മതന്നനുഗ്രഹാലിദ്ദിവ്യാശ്രമമല്ലോ വന്മാലിലാഴ്മെനിയ്ക്കീറില്ലമായിത്തീർന്നു' എന്നുമുള്ള വാക്യങ്ങൾ നോക്കുക. ഭർത്താവിൽനിന്നു അനുഭവിക്കേണ്ടിവന്ന നിരാകരണത്തെപ്പററി പറയുമ്പോഴും, സങ്കടം സഹിക്കാനാവാതെ തേങ്ങിക്കരഞ്ഞുകൊണ്ടിരുന്നുവെങ്കിലും, ശകുന്തളയുടെ വാക്കുകളിൽ ഭർത്തൃഭക്തിയ്ക്കു തെല്ലും വൈകല്യം സംഭവിച്ചിട്ടില്ല. 'സന്ത്യക്തയായേ നല്ലോ സൌമ്യനാം കണ്വനാൽ' എന്ന വാക്യത്തിലെ സൌമ്യശബ്പ്രയോഗം വളരെ അർത്ഥവത്താണ്. നാടകത്തിന്റെ ഏഴാമങ്കത്തിൽ 'എന്റെ സുകൃതനിരോധിയായ പൂർവകർമ്മം അക്കാലത്തു മൂർത്തു തുടങ്ങിയിരിയ്ക്കുണം. അത്രയ്ക്കു ദയാശീലനാണെങ്കിലും ആര്യപുത്രൻ ആ നിലയിലായിത്തീർന്നവല്ലൊ' എന്നു ശകുന്തള ദുഷ്യന്തനോടു പറയുന്ന വാക്കുകളെ ഈ സന്ദർഭത്തിൽ കവി ഓർത്തിരിയ്ക്കുണം. ആ ഭർത്തൃസ്നേഹംതന്നെയാണ്

പൌരവൻ കേട്ടിട്ടില്ലേ ത്രിശങ്കുഹരിശ്ചന്ദ്ര
ന്മാരുടെ യനുഭവം കൌശികപ്രഭാവജം
ഒരിയ്ക്കൽക്കൂടിയിതാ കണ്ടുകൊള്ളട്ടേ ലോകം
ശരിയ്ക്കിഗ്ാധേയന്റെ വൻ തപഃപ്രതാപത്തെ

എന്നു പറഞ്ഞുകൊണ്ടു ശാപാസ്ത്രം തൊടുക്കുവാൻ ഭാവിക്കുന്ന

വിശ്വാമിത്രന്റെ ചുരുട്ടിയ മുഷ്ടിയെ രണ്ടു കൈകൊണ്ടും കടന്നു പിടിച്ചു 'എന്നെയോത്തടങ്ങേണമച്ഛ'നെന്നു ശകുന്തളയെക്കൊണ്ടു പറയിച്ചത്. അവിടെയാണ് ഇതിഹാസത്തിലെ ശകുന്തളയുടെ പ്രഗത്ഭത വള്ളത്തോളിന്റെ ശകുന്തളയിലേക്കും സംക്രമിക്കുന്നത്.

ഭർത്തൃനാശിനിയായിത്തീരൊലാ ഭവൽപുത്രി
നിർദ്ദയയായും തീരൊല്ലഗ്രവൈധവ്യത്തിയ്യാൽ.
സുബഹിഷ്കൃതമായിക്കൊള്ളട്ടെയെൻ ജീവിതം
സുതനും പുറത്തായിപ്പോകൊലാ മമദോഷാൽ

എന്നുമാത്രം പറഞ്ഞാൽ പോരായ്കയില്ലായിരുന്നു വിശ്വാമിത്രനെ ശാപാസ്ത്ര പ്രയോഗത്തിൽനിന്നു തടഞ്ഞു നിർത്തുവാൻ. പക്ഷേ കവിയുടെ നമ്മബോധ സന്തപ്പണത്തിനു അതു പോരാ.

അച്ഛനമ്മമാർ കാലേ വെടിഞ്ഞനിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടൂ

എന്നുകൂടി പറഞ്ഞെങ്കിലേ അസ്വം കുറിയ്ക്കൊള്ളുകയുള്ളൂ. അതു ഫലിക്കുകയും ചെയ്തു.

പഴയ ഇതിവൃത്തങ്ങളിൽ പുതുമയുടെ രസബിന്ദുക്കൾ തളിച്ചു ചൈതന്യം സൃഷ്ടിക്കുവാൻ വള്ളത്തോളിനുള്ള കൈവിരുതിന്റെ നിദർശനമാണ് 'ശിഷ്യനും മകനും' എന്നപോലെ 'അച്ഛനും മകളും' എന്ന ഈ കാവ്യവും.

ഒരു പന്തീരാണ്ടു മുമ്പെഴുതിയ 'എന്റെ കൊച്ചുമകൾ' എന്ന കവിതയെ അനുസ്മരിപ്പിക്കുന്നതും ഏറക്കുറെ അതേ മനോധർമ്മമുൾക്കൊള്ളുന്നതുമാണ് 'പനിനീർ പൂവും പൈതലും'* (ചിങ്ങം 1117) ഇതിനുമുണ്ട് സ്വാനുഭവത്തിന്റെ പശ്ചാത്തലം. വള്ളത്തോളിന്റെ സായാഹ്നസഞ്ചാരത്തിൽ കല്പാമണ്ഡലത്തിലും ചെല്ലുക പതിവായിരുന്നു. ഒരിക്കൽ അവിടത്തെ തോട്ടത്തിൽനിന്നു കുറെ പനിനീർപ്പൂക്കളെടുത്തുകൊണ്ടാണ് വീട്ടിലേക്കു മടങ്ങിയത്, മുത്തച്ഛന്റെ കയ്യിലെ പൂക്കൾ കണ്ടു കൌതുകത്തോടെ ഓടിയെത്തി അവയെ കൈവശപ്പെടുത്തിയ ദൌഹിത്രിയാണീ കവിതയുടെ കാരണക്കാരിയായത്.

സൈരമാം സായാഹ്ന സഞ്ചാരവേളയിൽ
വാരുണത്തോപ്പിലെച്ചെന്താർകളെ
വാരിയെടുപ്പാനോ നുള്ളാനോ വാഞ്ഛയാ
ത്തോരാതെ പൊങ്ങിയ മൽക്കരങ്ങൾ

* സാ. മ. എട്ടാം ഭാഗം.

പാത്ഥിവമായൊരു തോപ്പിലെ മുഗ്ധച്ചെടി
ച്ചാത്തോട്ട ചേച്ച് ലഭിക്കയാലേ
ഹന്ത സംപൂർണ്ണങ്ങളാസ്സീന്നിതേതാനു
മന്തിച്ചുകപ്പിൻ നറുങ്ങുകളാൽ.

പണ്ടത്തെ അന്തിച്ചുകപ്പും വാരുണത്തോപ്പും മറ്റും തന്നെയാണിവിടെയും; പക്ഷേ ഈ പ്രാവശ്യം കയ്യിൽ കിട്ടിയ നറുങ്ങുകളും പാത്ഥിവമായ തോപ്പിലെ മുഗ്ധച്ചെടിപ്പടപ്പോട്ട ചേർന്നവയായിരുന്ന എന്നൊരു വ്യത്യാസമുണ്ട്. അതുകൊണ്ട് ആസ്വാദനത്തിന്നു കുറവൊട്ടുമില്ലതാനും. പൂക്കളുടെ സൌരഭ്യം കവർന്നുകൊണ്ടുപോകുവാൻ പിന്തുടർന്നുവന്ന കാറിനു അതിലൊരംശം കൊടുക്കുവാൻ കവി തയ്യാറായിരുന്നില്ല. ആ കാറു അതിന്റെ പാട്ടിനു പിന്മാറിപ്പോയി. എങ്കിലും കാറിനെക്കാളധികം കൊതി കാണിക്കുന്നുണ്ടായിരുന്ന മറു ചിലർ!

പാതയ്ക്കടുത്ത ഗൃഹത്തിൽക്കരിങ്കുഴൽ
കോതിനില്പുന്നൊരു താരുണ്യശ്രീ
വാദ്ധ്കനീതങ്ങളാമസ്സുമങ്ങളിൽ
ക്കൂത്ത കൺകോണാലൊരേറെറിഞ്ഞു!

ഭംഗിയുള്ള സാധനങ്ങളനുഭവിക്കുവാൻ കിഴവന്മാക്കെന്തധീകാരം എന്നു ചോദിക്കുന്ന ചെറുപ്പക്കാരുടെ മനോഭാവമാണിവിടെ സൂചിപ്പിച്ചിരിക്കുന്നത്. കൂട്ടത്തിൽ, പുതിയ കവിതക്കാക്കു പഴയ വണ്ടിനോടും തണ്ടാരിനോടും മറുമുള്ള വിരക്തിയേയും കവി ഭംഗ്യന്തരേണ ചൂണ്ടിക്കാണിക്കുന്നു:—

ഹൃദ്യമാം ഗന്ധം പരക്കിലും ഹാ പറ
ന്നെത്തീല വണ്ടുകളെൻ പൂക്കളിൽ.
അത്തേൻ കൊതിയരെയാട്ടിയോടിച്ചതിൽ
പ്പുത്തൻ കവികൾ കൃതജ്ഞതാഹ്ർ!

വീട്ടിന്റെ പടിയ്ക്കലെത്തിയപ്പോഴേക്കും 'അമ്മാ—പൂ, പൂ' എന്നു പറഞ്ഞുകൊണ്ടോടിയെത്തിയ കൊച്ചുമകളുടെ കൈകളിൽ അപ്പിതങ്ങളായപ്പോൾ മാത്രമേ ആ പൂവുകൾ പൂവുകളായുള്ള.

വൃദ്ധന്റെ ചുക്കിച്ചുളിഞ്ഞു കുഴഞ്ഞുള്ള
ഹസ്തത്തിൽനിന്നു കിടാവിനുടെ
പൂവൽക്കരത്തിൽപ്പകർന്തോടൊപ്പമ
പ്പൂവുകൾ പൂവുകളായി പേർത്തും.

വാദ്ധ്ക്യത്തിന്റെ പരുപരുപ്പു തന്റെ കവിതയുടെ സൌഭാഗ്യത്തെ ബാധിക്കരുതെന്നുള്ള നിഷ്ഷ്ഠയുടെ സൂചനയാണോ താഴെ

ചേത്ത വരികളിൽ കവി ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നു തോന്നിപ്പോകുന്നു:—

വാടൊല്ലേ വാടൊല്ലേ ഞെഞ്ഞൊല്ലേ ഞെഞ്ഞൊല്ലേ
വാടികാസൌഭാഗ്യക്കുമ്പുകളേ!
കാൽവേദനിപ്പിക്കും കല്പറമ്പിങ്കൽ നി
ന്നാവിർഭവിച്ച പതുപ്പുകളേ!

മുള്ള നിറഞ്ഞൊരു ജീവിതത്തേയുമൊ
ട്ടുല്ലസിപ്പിക്കുന്ന ഭാഗ്യങ്ങളേ!
ഇമ്മ്പോലൊന്നു തൊടാതല്ലേ കൈകളിൽ
വെച്ചിരിക്കുന്നതു നിങ്ങളെ ഞാൻ.

പ്രകൃതിനിരീക്ഷകന്റെയും സൌന്ദര്യാരാധകന്റെയും നിലപാടിൽനിന്നു ആ പ്രായത്തിലും അണുമാത്രം വ്യതിചലിച്ചിരുന്നില്ല വള്ളത്തോൾ എന്നാണല്ലൊ ഇതിന്നർത്ഥം.

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്നതായിരുന്ന കാലം. ഭാരതത്തിലെ സ്വാതന്ത്ര്യസമരവും കൊടുമ്പിരിക്കൊണ്ടുവന്നു. വിദേശീയാധിപത്യത്തിന്നവസാനം അടുത്തതിന്റെ അടയാളങ്ങൾ അല്പാല്പം കണ്ടുതുടങ്ങി. എങ്കിലും ഭാരതാന്തരീക്ഷം ആകപ്പാടെ ഇരുണ്ടതായിരുന്നു. യുദ്ധത്തിന്റെ പേക്കോലപ്പിശാചുകൾ ഉച്ചത്തിൽ പറന്നാലും ഉച്ചണ്ഡമായലറിയാലും തീയുണ്ടകളെറിഞ്ഞാലും ഭാരതീയർ ഭയപ്പെടുകയില്ലെന്നും ഹിംസാദേവത ഇങ്ങോട്ടവരികയാണെങ്കിൽ വന്നുകൊള്ളട്ടെ എന്നും അതുകൊണ്ടു് ആഷ്ട്രമിയ്ക്കൊരാപത്തും നേരിടുകയില്ലെന്നും സൂചിപ്പിച്ചുകൊണ്ടു വള്ളത്തോൾ 'സ്വാഗതം'* എന്നൊരു കവിത എഴുതി. (1117 മേടം).

ദുശ്ശമം ദുഷ്ടാലത്തിൻ ജൃംഭണമുഷിഭ്രവേ!
വിശ്വനാശാർത്ഥം വെമ്പും ഹിംസതന്നലച്ചുകൾ
നിച്ചലുമഹിംസതൻ ഗീതമേ നുകർന്ന നിൻ
തുച്ചെവിയേയും തീണ്ടാൻ പാഞ്ഞടുത്തല്ലോ ദൂരാൽ

എന്ന ആവലാതിയോടുകൂടിയാണു് കവിതയുടെ ആരംഭം.

നമ്മൾ നാല്പതുകോടിയാളുകൾ ചലിപ്പിയ്ക്കു
മമ്മതൻകൊടിയുടെ നനുത്ത കാറ്റിൽപ്പോലും
ഇമ്മാറാർവിമാനങ്ങൾ കച്ചിലപ്രായങ്ങളാം
ധർമ്മമെങ്ങങ്ങേ ജയമെന്നല്ലോ ഗുരുപ്രോക്തം.

'യതോ ധർമ്മ സ്തതോ ജയഃ' എന്ന ഋഷിവാക്യത്തിൽ വിശ്വ

* സാ. മ. ഒമ്പതാം ഭാഗം.

സിക്കുന്ന ഈ നാട്ടുകാർ നിരായുധരാണെങ്കിലും ആയുധം കണ്ടു പേടിച്ചോടുകയില്ല.

ദിവ്യാസ്ത്രശതങ്ങളെ ബ്രഹ്മദണ്ഡൊന്നാൽത്തട്ടെ
അവ്യഥം വാണ മുനിശ്രേഷ്ഠനേറ നാട്ടാർ നമ്മം.
ആയുധപ്രയോഗോപസംഹാരപ്രബോധക
മായുള്ള ധനുവേദം ജനിച്ച രാജ്യത്തുണ്ടോ
സ്ത്രീബാലാതുരവൃദ്ധ ക്ഷേത്രവേശ്മാദിധ്വംസ
വ്യാപൃതമാമീയുദ്ധം യുദ്ധമായ്ത്തോന്നീടുന്നു?

അതുകൊണ്ടാണ്

ഇന്ത്യയാം വരാകിതൻ ധൈര്യവും സൌഭ്രാത്രവും
ചിന്തനവിശ്രുതിയും കണ്ടനുഗ്രഹിപ്പാനായ്

ഇങ്ങോട്ടെഴുന്നള്ളാമെന്നു ഹിംസാദേവതയോടു കവി പറയുന്നത്.

യുദ്ധത്തിന്റെ ഭയങ്കരത്വത്തെത്തന്നെ മുൻനിർത്തിക്കൊണ്ടെഴുതിയതാണ് 'ഒരു വിവാഹോത്സവം'* (1117) എന്ന കവിതയും. അധികാരലോഭവും ജയലക്ഷ്മിയും തമ്മിലാണ് വിവാഹം. യുദ്ധസന്നാഹങ്ങളാണ് അതിന്നുള്ള വിഭവങ്ങൾ,

പട്ടമേലാപ്പിതാ വാനമടച്ചിടം
പെട്ട പീരങ്കിതൻ ധൂമപ്പടപ്പിനാൽ,
ഭൂതലം നീളേ മെഴുകിയിരിക്കുന്നു
യോധർതൻ ചോരയാം കുങ്കുമച്ചാറിനാൽ

എന്നിങ്ങിനെ പോകുന്നു ആ വർണ്ണന.

നീതി വിധിച്ചതാണാത്മാവനത്തിനും
മാതൃഭൂരക്ഷയ്ക്കുമായുധധാരണം
ഭ്രാതൃരാജ്യങ്ങളെച്ചുമ്മാ വെടിവെയ്ക്കു
ലേതു തട്ടിപ്പറിശ്ശാസ്ത്രത്തിലുള്ളതോ?

അഭിരുചികൊണ്ടും പരിചയംകൊണ്ടും തനിക്കേറ്റവും ഇഷ്ടപ്പെട്ട കവിതാസരണിയിൽനിന്നു താൽക്കാലികസാഹചര്യങ്ങളുടെ പ്രചോദനത്താൽ വള്ളത്തോൾ വഴുതിപ്പോയതിന്നു ദാഹരണമാണ് 'ഇന്ത്യയുടെ കരച്ചിൽ' എന്ന പേരിൽ 1943–ൽ പ്രസിദ്ധപ്പെടുത്തിയ കവിതാസമാഹാരം. അതിലെ ആദ്യത്തെ കവിതയുടെ പേരാണ് പുസ്തകത്തിനും കൊടുത്തിരിക്കുന്നത്. പുരോഗമനവാദികളെ സന്തോഷിപ്പിച്ചിരിക്കാമെങ്കിലും വള്ളത്തോൾക്കവിതയുടെ ചരിത്രത്തിൽ

* സാ: മ: എട്ടാം ഭാഗം

'പൂവ്വാധികം ഉജ്ജ്വലമായ ഒരദ്ധ്യായത്തെ'യാണ് അതു കുറിക്കുന്നതെന്ന അവതാരികാകാരന്റെ പ്രസ്താവം സാവ്ത്രികമായി സമ്മതിക്കപ്പെടുമെന്നു തോന്നുന്നില്ല.

തീവണ്ടികളിൽ സഞ്ചരിക്കുന്നവർ കണ്ടു പരിചയിച്ചിരിക്കാനിടയുള്ള

'ഒട്ടിയ വയറത്തു കൈകളാൽ മൃദംഗവും
കൊട്ടിക്കൊണ്ടൊരു സദിർ'

നടത്തുന്ന പിച്ചക്കാരനെപ്പോലെയും അതിലധികവും വലഞ്ഞുഴലുന്ന 'ബഹുകോടിപ്പുത്രരാൽപ്പരീതയായ' ഇന്ത്യയുടെ കരച്ചലിന്റെ ഒരു ബീഭത്സചിത്രമാണതിന്റെ വിഷയം. ദാരിദ്ര്യത്തെയും വിശപ്പിനെയും അവയുടെ ഏറ്റവും നഗ്നമായ രൂപത്തിൽ വരച്ചുകാണിക്കുന്നതാണ് 'നമ്മുടെ പഴയ എല്ലാ സുന്ദരപാരമ്പര്യങ്ങളുടെയും ഒരു പുതിയ മുന്നേറ്റം' എന്നു വിശ്വസിക്കുന്നവരെ ഇത്തരം കവിതകൾ തൃപ്തിപ്പെടുത്തുമായിരിക്കാം! 'കവികൾക്കും നാട്ടുകാർക്കും ഇന്നത്തെ നിജ്ജീവാവസ്ഥയിൽ അത്യന്താപേക്ഷിത'മെന്നു അവതാരികാകാരനു തോന്നുന്ന ആ നേതൃത്വം, അഥവാ 'പുരോഗമനപരമായ ആശ, ആവേശം, വിശ്വാസം' എന്നിവ ഇതിൽ കാണുന്നതിനു കഴിവുള്ളവരായിരിക്കുമല്ലൊ അവർ! പക്ഷേ അങ്ങിനെ ഉളവാകുന്ന ആശയും ആവേശവും വിശ്വാസവും കവനകലയുടെ അന്തസ്സുത്തയുമായി എത്രത്തോളം പൊരുത്തപ്പെടുമെന്ന കാര്യം പിന്നെയും സംശയഗ്രസ്തമായിത്തന്നെ അവശേഷിക്കും. ഭാഗ്യവശാൽ ഈ മാതിരി കാവ്യാഭാസങ്ങൾ വള്ളത്തോളിന്റെ തൂലികയിൽനിന്നു അധികം ഉണ്ടായിട്ടില്ല. ഇരുപത്തഞ്ചു കൊല്ലം മുമ്പെഴുതിയ 'ഉണ്ണാനില്ല ഉടുപ്പാനില്ല' എന്ന കവിതയിലെ വിഷയവും ദാരിദ്ര്യക്ലേശത്തിന്റെ കെടുതിയായിരുന്നു എങ്കിലും അതിന്റെ പ്രതിപാദനത്തിനു പ്രത്യേകമൊരു കലാസൌഭാഗ്യമുണ്ടായിരുന്നു.

കീറിപ്പൊളിഞ്ഞുള്ളൊരുടുപ്പിലും വിള
പ്പേറി ക്ലമപ്പെട്ട മുഖാംബുജത്തിലും
മാറിന്നകം വേവുമിവണ്ണമിതാ നിറം
മാറിക്കിടപ്പുണ്ടു കുലീനതാഗ്രണം

എന്ന വർണ്ണന അതിലെ നായികയ്ക്കുന്നപോലെ ആ കവിതയ്ക്കും യോജിക്കുന്നതാണ്. സഹൃദയത്വത്തിനു വിരുദ്ധമായ യാതൊരു സങ്കോചത്തിനും അത് ഇടംനല്കുന്നില്ല. അതിനെക്കാൾ കുറെകൂടി 'പുരോഗമന'സരണിയോടടുപ്പമുള്ളതാണ് 1925--ൽ എഴുതിയ 'മാപ്പു്'. യാത്രോദ്യതരായ ജനങ്ങൾ തി

ങ്ങിക്കൂടിയ തീവണ്ടിയാപ്പീസിൽ

ഒറ്റയ്ക്കൊരാളങ്ങൊരഴക്കു മുക്കിൽ
മലന്നു മൈ നീണ്ടുകിടന്നിരുന്ന

കാഴ്ചയാണീ കവിതയ്ക്കു പ്രേരണനല്കിയത്.

പൈശാചതൃഷ്ണയ്ക്കടി പെട്ടൊടുങ്ങാ
പ്പണിയ്ക്കു നിത്യം മുതലാളിവർഗ്ഗം
ചെഞ്ചോരതീന്പൊഴുതിട്ടെറിഞ്ഞ
മനുഷ്യദേഹങ്ങളിലൊന്നിതത്രെ

എന്നു സങ്കല്പിച്ചുകൊണ്ടു കവി ആ പരലോകപാന്ഥന്റെ കഥ പറയുന്നു. അയാളുടെ പൂർവ്വചരിത്രം അതായിരുന്നു എന്നതു് വെറും ഊഹംമാത്രമാണു്. ദേശീയസ്വാതന്ത്ര്യത്തിനുള്ള സമരം കൊടുമ്പിരിക്കൊണ്ടിരുന്നകാലത്തു് നാട്ടിലെ ഏതു ദുരവസ്ഥയ്ക്കും 'മുതലാളി'വർഗ്ഗത്തെ കുറ്റപ്പെടുത്തുന്നതൊരു പരിഷ്കാരമായിരുന്നു. പണിയെടുക്കാത്തവനാണെങ്കിലും തൊഴിലാളി അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൽപെട്ടവനാണു്; ഉദാരശീലനെങ്കിലും മുതലാളി ചൂഷകനാണു്; കാരണമുണ്ടായാലും ശരി, ഇല്ലെങ്കിലും ശരി, ഇങ്ങിനെ പറയുന്നതായിരുന്നു അന്നത്തെ പതിവു്. ആ ഒഴുക്കിനൊത്തു കവിയും നീന്തി.

എന്നാൽ അതിനെക്കാളും വളരെയധികം 'പുരോഗമന' പരത്വം പുലർത്തിക്കൊണ്ടുള്ളതാണു് 'ഇന്ത്യയുടെ കരച്ചിൽ.'

ഇതേ സമാഹാരത്തിൽപ്പെട്ട മറ്റൊരു കവിതയാണു് 'അധഃപതനം.'

'അഞ്ഞൂറു ചീനക്കുഞ്ഞിൻ ചോര വാറണ'മെന്നു മേലധികാരികൾ കല്പിച്ചതനുസരിക്കുവാൻ പുറപ്പെട്ട ഒരു ജപ്പാൻകാരനായ പട്ടാളക്കാരൻ ഒരു ചീനക്കാരിയോടു കാണിച്ച നിർമ്മര്യാദത്തെയാണിതിൽ കവി വർണ്ണിച്ചിരിക്കുന്നതു്. തനിയ്ക്കു കുട്ടിയില്ലെന്നു ആ സ്ത്രീ പറഞ്ഞപ്പോൾ ഭടന്റെ നിർബന്ധം മറ്റൊന്നായി. പിന്നീടുണ്ടായ സംഭവങ്ങളെ 'പച്ച'യായി വിവരിക്കുകയാണു് കവി ചെയ്തിട്ടുള്ളതു്. വളരെക്കൊല്ലം മുമ്പു 'ഒരു നായർസ്ത്രീയും മുഹമ്മദീയനും' എഴുതിയ തൂവൽതന്നെയാണു് ഈ 'അധഃപതന'വും കുറിച്ചതു്. അതു വല്ലാത്തൊരധഃപതനംതന്നെ ആവുകയുംചെയ്തു!

വേറെ രണ്ടു കവിതകൾകൂടി ഈ സമാഹാരത്തിലുണ്ടു്. അവ മുൻപറഞ്ഞ ദോഷത്തിൽനിന്നു വിമുക്തങ്ങളാണു്.

നേർതന്നെയോ കുറുകുത്ത ലിപിവ്രജത്തി
ലീ നാട്ടുപത്രിക നിരത്തിയ നീചവൃത്തം?

ടോൾസ്റ്റോയ്ഗൃഹത്തെയുമെരിച്ചു പുകച്ചുവെന്നോ
റഷ്യാരിപുക്കളുടെ ദുശ്ചരിതാഗ്നിഗോളം?

എന്നിങ്ങിനെ ചോദിച്ചുകൊണ്ടാണ് 'വാസ്തവംതന്നെയോ?' എന്ന കവിതയുടെ ആരംഭം. റഷ്യയുടെമാത്രമല്ല, ലോകത്തിലെ ഏതു നാട്ടിന്റെയും ആരാധ്യനായ ഗുരുവും കവീന്ദ്രനുമാണ് ടോൾസ്റ്റോയി. അദ്ദേഹത്തിന്റെ ഗൃഹത്തിലുള്ള 'പതിനായിരമത്യുദാരഗ്രന്ഥങ്ങ'ളാണ് ഭസ്മീകൃതങ്ങളായത്.

പീരങ്കിതൻ ചടചടാരടിതങ്ങൾകൊണ്ടേ
ചേരു നവീനരസികക്കൊരു കണ്ണസൌഖ്യം

എന്നു വന്നാൽ വാശേവിയുടെ മണിവീണമീട്ടൽകൊണ്ടു മുദ്ദവായ ആ കരാഗ്രം നോവിച്ചിട്ടെന്തു കാര്യം എന്നു കവി ചോദിക്കുന്നു.

'സംസ്കാരമാണു നരജീവിതലക്ഷ്യ'മെന്നു ജനങ്ങളെ ഉൽബോധിപ്പിച്ച ഗീഥെയുടെ ജന്മഭൂമിയിൽ പിറന്നവർ അത്തരം കിരാതധർമ്മം അനുഷ്ഠിക്കുവാനാണ് ആര്യത്വത്തിന്റെ പേരിൽ മുതിരുന്നതെങ്കിൽ, അനാര്യത്വംതന്നെ നിലനില്ലട്ടെ എന്നും കവിയ്ക്കു തോന്നിപ്പോകുന്നു.

എങ്ങാനുമേതൊരുവനോ പിഴചെയ്തതിനു
കണ്ടെത്തുമാളുകളെയൊക്കെ നിരത്തിനിത്തി
മേല്പോയ്കകാട്ടി വെടിവെച്ചു മരിക്കയാണ
ങ്ങാര്യത്വമെങ്കിൽ നിലനില്ലുകനാര്യതേ! നീ.

എന്തു ചെയ്താലും കൊള്ളാം, നാട്ടാക്കൊരപേക്ഷയേയുള്ളു: പ്രജ്ഞാനമൂർത്തിയുടെ നെഞ്ചിനു പാവകാസ്ത്രം അയക്കരുതേ എന്നു.

'ആ പൊട്ടിച്ചിരി'യാണ് ഈ സമാഹാരത്തിലെ നാലാമത്തെ കവിത. 'എന്റെ ഗുരുനാഥൻ' എഴുതിയ തൂലികയുടെ ഒരു നേരിയ നിഴലാട്ടം ഇതിൽ കാണാം. ഭാരതീയരുടെ ജീവൻ ഗാന്ധിജിയുടെ ദേഹരക്ഷയെ ആശ്രയിച്ചാണിരിക്കുന്നതെന്നും തപഃക്ലേശമായ ആ ദേഹത്തെ ഉപവാസംകൊണ്ടു വീണ്ടും മെലിയിക്കരുതെന്നും കവി ഒരിക്കൽ മഹാത്മജിയോടപേക്ഷിച്ചപ്പോൾ കിട്ടിയ മറുപടിയാണ് പല്ലില്ലാത്ത ആ പൊട്ടിച്ചിരിക്കതിർ. ഗാന്ധിജിയുടെ ഉപവാസാഗ്നിപ്രവേശത്തെപ്പറ്റി കേട്ടപ്പോൾ ആ ചിരിയുടെ പൊരുൾ കവി ഓർത്തുപോകുന്നു.

അവിടുന്നു ജീവിച്ചിരിക്കുന്നുണ്ടെങ്കി
ലവശതയിലും സ്വതന്ത്രരിന്ത്യക്കാർ

അവിടത്തോട്ട വേർപെട്ടകിലോ മുക്ത്യു
ത്സവത്തിലുമിവർ തടവുപുള്ളികൾ

എന്ന വിചാരത്തെ തുടർന്നുകൊണ്ടതന്നെ, നിരാഹാരതപത്തിനു പുരാതനതപോധനന്മാരുടെ രക്തം ഞരമ്പുകളിലൊഴുകുന്ന ഒരു പവിത്രദേഹത്തിന്റെ നില തെറ്ററിക്കുവാൻ കഴിയുകയില്ലെന്നും കവി സ്വയം സമാശ്വസിക്കുന്നു.

വിടുതി നേടിയ ജനിഭ്രവിനെയും
പടപ്പുക വിട്ട സുരപഥത്തെയും
ഇടരറ്റ ലോകത്തെയും ചിരം കാണാ
തടയുകയില്ലീദ്രയാർദ്രമാം നേത്രം.

ആ പ്രത്യാശ ഫലിക്കുകയുംചെയ്തു. ജന്മഭ്രമിയുടെ വിമോചനം കണ്ടശേഷമേ ആ കണ്ണുകളടഞ്ഞുള്ളു. പക്ഷേ ആ 'ചിര' ശബ്ദപ്രയോഗത്തിനുമാത്രം സാർത്ഥകത കൈവന്നില്ല! ഈ ആശയംതന്നെയാണ്, അഞ്ചു കൊല്ലത്തിനുശേഷം 'ബാപ്പുജി' എന്ന കവിതയിൽ കവി അനുസ്മരിച്ചാവർത്തിച്ചതു്:—

'മദസ്ഥി പുണ്യസ്രവമാം ത്രിവേണിയിൽ
പ്പതിപ്പതിൻ മുമ്പു, തപിച്ച ഭാരതം
വിമോക്ഷതീർത്ഥാഭിഷവം കഴിയ്ക്ക'മെ
ന്നശങ്കമായ്ച്ചൊല്ലിയതൊത്തുവെങ്കിലും,

സ്വമന്ത്രവീര്യാഹൃതമുക്തിദേവ ദാ
പ്രതിഷ്ഠ പൂരിക്കുവതിനു മുന്നമേ—
അഹോ മഹാദ്ഭർഭഗർ നാം—അചേഷ്ടമായ്
ച്ചമഞ്ഞിതല്ലോ ഗുരുവിന്റെ തൃക്കരം!

വള്ളത്തോളിന്റെ ചിരന്തനമായ ഗാന്ധിഭക്തിയിലുരുസമുചിതമായ സംഭാവനയാണു് മഹാത്മജിയുടെ അന്ത്യത്തെക്കുറിച്ചെഴുതിയ 'ബാപ്പുജി.' അനേകം മനോഹരോല്പേഖങ്ങളുംകൊള്ളുന്ന കവിതയാണിതു്. ഗാന്ധിജിയുടെ ചരമത്തിനു ഏതാനും ദിവസം മുമ്പാണു് അദ്ദേഹത്തിന്റെ 'നിർമ്മല' എന്ന ആടു മരണത്തിന്റെ കൂട്ടിൽച്ചെന്നു മുളഞ്ഞതു്. അതിനെ സൂചിപ്പിക്കുന്നവയാണീവരികൾ:—

മിതാശിയാം നാഥനിതരലോകത്തും
സ്വദുഗ്ധമനുദിനം കൊടുപ്പാനായ് മുന്നേ
മൃതിക്കൂട്ടിൽപ്പോയി മുളഞ്ഞ് നീയെത്ര
കൃതിനി, നിർമ്മലാഹവയപ്പിടയാടേ!

മുടന്തുകാലനാമൊരാടിനെത്തോളി
ലെടുത്തൊട്ടുവഴി നടന്ന ബുദ്ധനെ
അതിശയിച്ചു തന്നജാസഹജയെ
മുതിയിലെയ്ക്കും പിന്തുടർന്ന ഗാന്ധിജി!

മൃതദേഹത്തെ കണ്ടു വന്ദിപ്പാൻ ചെന്നവരപ്പിച്ച പുഷ്പമാലകളെപ്പററി കവി പറയുന്നു:—

തുമലരല്ലോ പിറപ്പിലേ ബാപ്പുവിൻ
കോമളസ്വച്ഛമാമന്തരംഗം.
ഹാ മരിച്ചപ്പോഴോ തദ്ബഹിരംഗവും
പൂമയമായ്ത്തീർന്നു കാണെക്കാണെ.

യമുനാതീരത്തിലേക്കു ആ ധർമ്മചക്രവർത്തിയുടെ മൃതദേഹം കൊണ്ടുപോകുമ്പോൾ വഴിനീളെ തിങ്ങിക്കൂടിയ ജനാവലിയെക്കണ്ടു ഡൽഹിനഗരത്തിന്നു ഒരു പൂവ്സ്മരണയുണർന്നിരിക്കാമെന്നു കവി വിഭാവനംചെയ്യുന്നതിങ്ങിനെയാണു്:—

രാജസൂയാവസാനത്തിലവർത്തത
മാചരിപ്പാനായജാതശത്രു
അന്നു കാളിന്ദിയിലേക്കു നടകൊണ്ട
തൊന്നോർത്തിരിയ്ക്കാമിന്നിന്ദ്രപ്രസ്ഥം.

അന്നത്തെ പ്രഭാതത്തിലെ ഡൽഹിയുടെ അന്തരീക്ഷത്തെപ്പററിയുള്ള വർണ്ണനയാണിതു്:—

എങ്ങുമേ ചികെന്നു കണ്ണുടച്ചു നിറം
മങ്ങിയ ദില്ലിതൻ മിന്നൽവിളക്കുകൾ;
തങ്ങൾതൻ ജ്ഞാതികളായ്നിന്ന താരങ്ങ
ളെങ്ങുപോയ് വാനിൽനിന്നെന്നു ചിന്തിക്കയോ!

ഇന്ദ്രനീലാഭമോമംബരാരാമത്തിൽ
നിന്നിരുന്ന തെളിതാരകപ്പൂക്കളെ
മുൻനോക്കി നുള്ളിയെടുത്തീരിക്കാം ജഗ
ദ്വന്ദ്യനിൽക്കാലേ പൊഴിപ്പാൻ വിമാനഗർ!

യമുനയുടെ സ്ഥിതിയെയും കവി വർണ്ണിച്ചിട്ടുണ്ടു്:—

ഭാവിയെന്താകുമെന്നിണ്ടലാണ്ടുള്ള ചു
ട്ടാവികം പൊങ്ങിയ കാളിന്ദിയാം നദി
ദേഹമഗ്നിയ്ക്കു കൊടുപ്പാൻവരും മഹാ
ദേവനെയന്ത്യമായൊന്നു ദർശിക്കുവാൻ

നീല ജലത്തിൽ നിഴലിച്ച തൃപ്പുലർ
കാലത്തുടുപ്പായ കാഷായവസ്ത്രവും
വെൺനരച്ചാത്തിന്റെ ഭസ്മക്കുറിയുമായ്
നിന്നാളൊരു നവഭിക്ഷുകി പോലവേ.

ചിതക്കുട്ടുവാനുപയോഗിച്ച ചന്ദനമുട്ടികളിലും ഗാന്ധിജിയുടെ സാദൃശ്യം കവി കാണുന്നു:—

വെട്ടുന്ന മഴുവിനും നൈസർഗ്ഗികാമോദത്താൽ
സ്വസ്ഥസമ്മാനം നല്കിപ്പോരുന്ന പടീരമേ!
ശത്രുവിനപ്പോലും പ്രീതിപൂശിച്ച സുശീലനു
മെത്തയായ്ച്ചമയുവാൻ നിൻവിറകഹംതന്നെ.

* * *

ചന്ദനത്തിനു വേണമെങ്കിലിത്തിരുമെയ്യിൽ
നിന്നു ശീലിയ്ക്കാം പേത്തും സൽക്കമ്മസൌരഭ്യത്തെ.

മഹാത്മാവിന്റെ ചിതാഭസ്മത്തോടൊപ്പം അദ്ദേഹത്തിന്റെ വടിയും കണ്ണടയും ചെരിപ്പും പുതപ്പും സൂക്ഷിച്ചുവെയ്ക്കുന്നതിന്റെ പിന്നിൽ കവി കാണുന്നത് സിദ്ധാർത്ഥന്റെ 'പഞ്ചശീല'ത്തിന്റെ അനുസ്മരണമാണ്.

ഇരുപത്തിനാലാം അധ്യായം

വത്സരാജ കൃതികളും മറ്റും

"ഇക്കഴിഞ്ഞ 1120 കന്നിമാസംവരെ ഞാൻ വത്സരാജന്റെ പേരേ കേട്ടിട്ടില്ലായിരുന്നു. ഇദ്ദേഹത്തിന്റെ ദൃശ്യകാവ്യങ്ങം വായിച്ചപ്പോളാകട്ടേ ഇവയിൽ ചിലതെങ്കിലും സംസ്കൃതാനഭിജ്ഞരായ എന്റെ നാട്ടുകാരുടെ മുമ്പിൽ യഥാശക്തി ആവിഷ്കരിക്കണമെന്നു എനിക്കു തോന്നി. ആ തോന്നലിനെ എന്റെ ആത്മസുഹൃത്തും പ്രസിദ്ധ സാഹിത്യകാരനുമായ സർദാർ കെ. എം. പണിക്കരുടെ പ്രേരണ ഉദ്ദീപിപ്പിക്കുകയും ചെയ്തു."

ഇങ്ങിനെയാണ് വത്സരാജകൃതങ്ങളായ നാലു രൂപകങ്ങളും വള്ളത്തോളും മലയാളത്തിലേക്കു തർജ്ജമചെയ്യുവാൻ ഇടയായത്.

ക്രിസ്താബ്ദം പന്ത്രണ്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കാലഞ്ജര രാജ്യം ഭരിച്ച പരമർദ്ദിദേവൻ എന്ന രാജാവിന്റെ മന്ത്രിയായിരുന്ന വത്സരാജൻ ഒരു നല്ല കവിയും നാടകകൃത്തുമായിരുന്നു. ആറു രൂപകങ്ങളാണ് വത്സരാജന്റെ വകയായി കണ്ടുകിട്ടിയിട്ടുള്ളത്. കിരാതാർജ്ജുനീയമെന്ന വ്യായോഗം, കർപ്പൂരചരിതമെന്ന ഭാണം, രുഗ്മിണീഹരണമെന്ന ഈഹാമൃഗം, ഹാസ്യ ചൂഡാമണി എന്ന പ്രഹസനം, സമുദ്രമഥനമെന്ന സമവകാരം, ത്രിപുരദാഹമെന്ന ഡിമം എന്നീ ആറു രൂപകങ്ങളും ബറോഡയിലെ 'ഗേകവാഡ പ്രാച്യഗ്രന്ഥാവലി'യിൽ എട്ടാം സമ്പുടമായി 1918–ൽ പ്രസിദ്ധപ്പെടുത്തി. അവയിൽനിന്നു നാലെണ്ണം—ഹാസ്യ ചൂഡാമണി, കർപ്പൂര ചരിതം, രുഗ്മിണീഹരണം, ത്രിപുരദഹനം——വള്ളത്തോളും 1120–നും 1123–നും ഇടയിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്തു.

പഴയ രീതിയിൽ വിരചിതങ്ങളായ ഈ കൃതികളുടെ മലയാള പരിഭാഷകൊണ്ടു വല്ല പ്രത്യേക പ്രയോജനവും ഉണ്ടോ എന്ന ചോദ്യത്തിനു, ഡോക്ടർ സി. കുഞ്ഞൻരാജാവു ത്രിപുരദഹനത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുള്ള സമാധാനം ഇതാണ്:—"ഇക്കാലത്തു ഇപ്രകാരമുള്ള രൂപകങ്ങളെ രംഗത്തിൽ പ്രയോഗിച്ചാൽ ജനങ്ങൾക്കു രുചിക്കുമോ എന്നുള്ള കാര്യം ഒന്നു വേറെ. ഒരു കാവ്യം എന്ന നിലയിലും ഇക്കാലത്തു പലേ സാഹിത്യ രസികന്മാരും ഇതു വായിക്കുമ്പോൾ

നെറ്റി ചുളിച്ചു എന്നുവരാം. എന്നാൽ ഏതു കലയിലും കലയ്ക്കു പുറമെ വസ്തു എന്നൊരംശമുണ്ട്. കാലഭേദംകൊണ്ടു വസ്തുവിനുമാത്രമേ ആനന്ദജനകത്വത്തിൽ മാറ്റം വരുന്നുള്ളൂ. കല എന്ന അംശത്തിന്റെ ആഢ്യാദകരത്വം കാലദേശഭേദങ്ങളെ അപേക്ഷിക്കാതെ ശാശ്വതവും സാവ്ത്രികവുമാണ്. വസ്തുവിനെക്കാൾ കലയിൽ പ്രതിപത്തിയുള്ളവരുടെ ദൃഷ്ടിയിൽ ഈ രൂപകത്തിന്റെ രാമണീയകം തിളങ്ങി പ്രകാശിക്കുമെന്നുള്ള വാസ്തവത്തിനു മഹാകവി വള്ളത്തോൾ ഇതിനെ മലയാള ഭാഷയിൽ അവതരിപ്പിക്കാൻ ഉദ്യമിച്ചതുതന്നെ തക്ക തെളിവാണല്ലൊ.''

പലതരത്തിലുള്ള സാഹിത്യസൃഷ്ടികളുമായി പരിചയപ്പെടുന്നതു എന്തുകൊണ്ടും രസാവഹമാണ്. അവയെ ഇന്നത്തെ സഹൃദയലോകം കൌതുകപൂർവ്വം സ്വാഗതം ചെയ്യാതിരിക്കുകയില്ല എന്നു വള്ളത്തോൾ വിശ്വസിച്ചിരിക്കണം. പൂർവികന്മാരുടെ സാഹിത്യവ്യവസായത്തിന്റെ മാതൃകകളായിട്ടെങ്കിലും അവയെക്കുറിച്ചറിഞ്ഞിരിക്കുന്നത് ആവശ്യമാണ്. രംഗത്തിൽ പ്രയോഗിച്ചുകൊള്ളണമെന്നു നിർബന്ധമില്ലതാനും. അഥവാ പഴയ കാലത്തിന്റെ പ്രതീകമെന്ന നിലയിൽ പ്രയോഗിച്ചാൽ ദോഷവുമില്ല.

വള്ളത്തോൾ ആദ്യം തർജ്ജമയ്ക്കെടുത്ത വത്സരാജകൃതി 'ഹാസ്യചൂഡാമണി'യാണ്. അതിലെ പ്രധാന പാത്രമായ കപടകേളി എന്ന വൃദ്ധവേശ്യയുടെ പേരാണ് തർജ്ജമയ്ക്കു കൊടുത്തിട്ടുള്ളത്. മദ്യലഹരികൊണ്ടു മതിമറന്നുറങ്ങിപ്പോയ ആ സ്ത്രീയുടെ ആഭരണങ്ങളെല്ലാം രാത്രിയിൽ കള്ളന്മാർ കൈക്കലാക്കിയതായറിഞ്ഞപ്പോൾ കളവു തെളിയിക്കുവാൻവേണ്ടി അവൾ ജ്ഞാനരാശി എന്ന 'ലക്ഷണക്കാര'നെ സമീപിക്കുന്നതും, അവളുടെ മകളിൽ അഭിനിവിഷ്ടനായ ആര്യാൻ അഭീഷ്ടസിദ്ധിയ്ക്കു പ്രയോഗിച്ച മന്ത്രംകൊണ്ടു കപടകേളിതന്നെ അയാളിൽ അനുരക്തയായിത്തീരുന്നതും മറ്റുമാണ് ഈ പ്രഹസനത്തിലെ സംഭവങ്ങൾ. വേശ്യാത്വത്തിന്റെയും ചൂതാട്ടത്തിന്റെയും അന്തരീക്ഷമാണ് അതിനെ വലയം ചെയ്യുന്നത്. അതിനനുരൂപമായ നിലവാരത്തെ പുലർത്തുന്നവയാണ് അതിലെ സംഭാഷണങ്ങൾ. ഹാസ്യരസപ്രതിപാദനമാണ് ഈ കൃതിയുടെ പ്രധാനോദ്ദേശമെന്നു മനസ്സിലാക്കിക്കൊണ്ടു വായിച്ചാൽ, അതിന്റെ അപ്രഗല്ഭതയെക്കുറിച്ചാക്ഷേപം തോന്നുവാനവകാശമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആദ്യത്തെ നാന്ദ്യശ്ലോകംതന്നെ ഹാസ്യരസം കലർന്നതാണ്:—

ദാനോഷ്ണാതുരനാം ഗജാസ്യനനിശം
യാതൊന്നു കണ്ടിട്ടെട്ട
പ്പാനായ്ത്തുമ്പി വ്വഥൈവനീട്ട മളവിൽ
പ്പൊട്ടിച്ചിരിയ്ക്കും ഹരൻ,
പീനച്ചെഞ്ചിടമേൽപ്പരന്നമരുമ
ച്ചൂഡേന്ദുരശ്മിവ്രജം
താനേ നിങ്ങളിൽ നന്മ ചേക്കുക ശിരോ
ഗംഗാംബുധാരോപമം.

സൂത്രധാരന്റെ വാക്കുകളിലുമുണ്ട് ഹാസ്യരസത്തിന്റെ സൂചനകൾ.

മുല്ലാട്ട പുത്തനണിമുല്ല മലർത്തഴപ്പോ
ടിപ്പാരനംഗമയ മാക്കിയിരുന്നതേതോ
അപ്പാൽമതിക്കതിരിതാ നരയെന്നപോലെ
നില്പായി പശ്ചിമഗിരീന്ദ്ര മുടിപ്പരപ്പിൽ

എന്നിങ്ങിനെ രാത്രിയുടെ അവസാനം അടുത്തതിനെ സൂചിപ്പിച്ചുകൊണ്ടു അയാൾ പറയുകയാണ് 'അതിനാൽ കിഴവനായ ഞാനും ഇങ്ങിനെ നാടകമാടാനൊരുങ്ങുന്നതു ഹാസജനകംതന്നെ' എന്ന്. കപടകേളിയുടെ ശൃംഗാരാഭാസത്തിന്റെ ഒരു സൂചനയും ഇതിലടങ്ങിയിട്ടുണ്ടെന്നു തോന്നുന്നു. വാദ്ധക്യം വന്നിട്ടും താരുണ്യം വിട്ടുപോയിട്ടില്ലെന്നു നടിക്കുന്ന വേശ്യകളുടെ ഒരു വർണ്ണനം കേൾക്കുക:—

വായ് വീർപ്പിച്ചു നികത്തുമൊട്ടിയ കവിൾ
ദന്ദഹത്തെ വായുക്കളാൽ
ഭാവിയ്ക്കും മുലകൾക്കുയച്ചു ബഹുധാ
മാർത്തട്ട പൊന്തിക്കയാൽ
പാഴ്വെൺ കൂന്തൽ മറച്ചുവെച്ചു മകളെ
ക്കാളും ചുരുക്കും വയ
സ്സേവം ഹന്ത മുതുക്കി വേശ്യകളും നടി
ച്ചീടുന്നു താരുണ്യമേ.

'കർപ്പൂരചരിതം' എന്ന ഭാണമാണ് രണ്ടാമതായി തർജ്ജമചെയ്തത്. ഇതും ഹാസ്യരസപ്രധാനമാണ്. മലയാളത്തിൽ ഭാണങ്ങൾ അധികമില്ല. ''ഒരൈമ്പതു വഷ്ങ്ങൾക്കുമുമ്പേ പുറത്തുവന്ന മഹിഷമംഗല ഭാണതർജ്ജമ ഇപ്പോൾ ഒരേടത്തും കാണുന്നില്ല; വെണ്മണിയുടെ കാമതിലകം ഭാണം അപൂർണ്ണവും ഗദ്യരഹിതവുമാണ്; കൊച്ചുണ്ണിത്തമ്പുരാന്റെ സോമതിലകം ഭാണം അച്ചടിച്ചിട്ടേ ഇല്ലെന്നു തോന്നുന്നു. നമ്മുടെ ഈ ഭാണ

ദുർഭിക്ഷം വിചാരിച്ചിട്ടുകൂടിയാണ് കർപ്പൂരചരിതം തജ്ജമചെയ്യാൻ മഹാകവിയെ ഞാൻ പ്രേരിപ്പിച്ചത്'' എന്നു മുഖവുരയിൽ കെ. എം. പണിക്കർ പറഞ്ഞിട്ടുണ്ട്.

ഒരു നടൻ മാത്രം രംഗത്തു വന്നു അഭിനയിക്കുന്ന രൂപകവിശേഷമാണ് ഭാണം. വിലാസവതിയെന്ന ഒരു വേശ്യാസ്ത്രീയിൽ അനുരക്തനായ കർപ്പൂരകൻ എന്ന ചൂതാടി സ്വാനുഭവങ്ങളെ അപ്രത്യക്ഷനായ ഒരു സ്നേഹിതനോടു പറയുന്നതാണ് കർപ്പൂരചരിതത്തിലെ കഥ. തന്റെ കാര്യം നേടുവാൻ എന്തെല്ലാം കപടവിദ്യകളും പ്രയോഗിച്ചു എന്നു വിവരിക്കുന്നതു കേൾക്കാൻ രസമുണ്ട്. പല ഭാവങ്ങളും അഭിനയിച്ചു കാണിക്കുവാൻ നടനു് അവസരം നല്കുന്നതാണീ വിവരണം. അദൃശ്യനായ സ്നേഹിതന്റെ ശബ്ദം രംഗത്തു കേൾക്കുകയില്ല. ''താങ്കൾ എന്തു പറയുന്നു? 'അമ്പോ അങ്ങയുടെ ഭാഗ്യം: തന്റെ സൌഭാഗ്യം എതിരാളിയുടെ മുഖത്തുനിന്നു കേട്ടുവല്ലോ. എന്നോ?'' എന്നിങ്ങിനെ 'ആകാശത്തു ചെവികൊടുത്തിട്ട്' നടൻതന്നെ ആ സ്നേഹിതന്റെ വാക്കുകളും പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്. നാടകങ്ങളിൽ തന്മയത്വം വേണമെന്നു സിദ്ധാന്തിക്കുന്നവർക്കു ഈ സമ്പ്രദായം എത്രത്തോളം രുചിക്കുമെന്നു പറയുവാൻ പ്രയാസമുണ്ട്. എങ്കിലും കഥനരീതിയിലെ ഹാസ്യരസം ശ്രോതാക്കളെ രസിപ്പിക്കാതിരിക്കുകയില്ല. ''ഇത്ര മനോഹരമായ ഒരു കാവ്യരീതിയെ പരിഷ്കരിച്ചു നടപ്പിൽവരുത്തുന്നതിനാണ് ഉപേക്ഷിക്കുന്നതിനല്ല നാം ശ്രമിക്കേണ്ടതു'' എന്നു സർദാർ പണിക്കർ പ്രസ്താവിച്ചിട്ടുള്ളതും ഇവിടെ ശ്രദ്ധേയമാണ്.

നടൻ ഒന്നേയുള്ളു എങ്കിലും നാന്ദിശ്ലോകങ്ങളും സൂത്രധാരനും ഇതിലും ഉണ്ട്. ആ പൂർവ്വരംഗപൂജ കഴിഞ്ഞിട്ടാണ് നാടകകഥയുടെ ആരംഭം.

നാന്ദിശ്ലോകങ്ങളിൽ കഥാസൂചന കാണാം:—

തന്നേയ്യാം തവ ധൂർത്ത! ചൂതുപണമാ മാലിംഗനം
തോററഞ്ഞാൻ
നിന്നിമ്മട്ടഴറായ്യതിന്നവധിയായ് നൂറില്ലയോ
രാപ്പകൽ?
എന്നായ്ശ്ശൌരി കഥിയ്ക്കു രാത്രിദിനകൃത്തേജോ
ക്ഷിയുമ്മത്തെയൊ
ന്നൊന്നായാശു മിഴിച്ചു ചിമ്മിയരുളും ശർവ്വൻ
നമുക്കാശ്രയം.

പാർവ്വതീപരമേശ്വരന്മാർ ചൂതുകളിക്കുകയാണ്; തോററ ആരംഭിച്ച ആളെ ആലിംഗനം ചെയ്യണമെന്നാണ് പന്തയം. പ

ക്ഷേ കളിയ്ക്കു നൂറു ദിവസത്തെ അവധിയുണ്ട്. പാവ്തിയാണ് തോറ്റത്; എങ്കിലും അവധി കഴിയുംവരെ കളിക്കാൻ ഇടയുണ്ട്. അത്രയധികം കാത്തിരിക്കുവാനുള്ള ക്ഷമ പരമേശ്വരന്നില്ലതാനും. അതുകൊണ്ട് അവിടുന്നൊരു കൌശലം പ്രയോഗിച്ചു —സൂര്യചന്ദ്രന്മാരായ നേത്രങ്ങളെ പല പ്രാവശ്യം അടയ്ക്കുകയും തുറക്കുകയും ചെയ്തു. അങ്ങിനെ പന്തയം വേഗത്തിൽ നേടുവാൻ കഴിഞ്ഞു.

രണ്ടാമത്തെ നാന്ദിശ്ലോകത്തിലെ വിഷയവും ചൂതുകളി തന്നെയാണ്:—

പോരേറും സഖിമാർ ചിരിയ്ക്കയൊളികണ്ണിട്ടിട്ട
മെല്ലെത്തട്ടത്തോരോ ചുക്കിണിയേറിലും നുണപറഞ്ഞെണ്ണും,
കവിയ്ക്കും സ്ഥലം,
ഈ രീതിയ്ക്കു കഴുത്തു പുല്കൽ പണമാം ചൂതാടലിൽ
ദ്യേവിയെ
ച്ചേരുംപോലെ ചതിയ്ക്കു മീശനുടെയക്കള്ളക്കളി
ക്കായ്ത്തൊഴാം.

ഭാണങ്ങളിൽ ഹാസ്യവും ശൃംഗാരവുമാണ് മുഖ്യരസങ്ങളെന്നാണ് കർപ്പൂരചരിതം വായിക്കുമ്പോഴും മനസ്സിലാവുക. ചൂതുകളിയും വേശ്യാസംസർഗ്ഗവുമാണ് ധനത്തിന്റെ പ്രയോജനമെന്നു വിശ്വസിക്കുന്ന ആളാണ് ഇതിലെ നായകനായ കർപ്പൂരകൻ.

ചൂതാട്ടമില്ലാത്തവനും
വേശ്യാസ്ത്രീ വിമുഖന്നുമേ
ഉണ്ടെന്നിരിക്കിലും വിത്തം
സ്വപ്നവിത്തോപമം ദ്വയം.

ലോകത്തെയൊക്കെ കള്ളത്തരംകൊണ്ട് വഞ്ചിയ്ക്കുന്ന ചൂതാടിയെ ദേവന്മാക്കു കൂടി പേടിയാണ്, പിന്നെ പാവപ്പെട്ട മനുഷ്യന്റെ കഥ ചോദിക്കാനുണ്ടോ?

മേവുന്നു സാഗരത്തിന്നടിയിൽ മധുഹരൻ ലക്ഷ്മിയെ
ച്ചേർത്തു പുല്കി;
ത്തുവെള്ളിക്കുന്നിൽ വാഴുന്നിതു നിധിനിവഹംകയ്യട
ക്കിദ്ധനേശൻ;
ദേവേന്ദ്രൻ കല്പ വൃക്ഷപ്രഭൃതികളെ മഹാമേരുവിൻ
മീതെവെച്ചാൻ
ഏവം പേടിച്ചു ചൂതാടികളെ യമരരും പിന്നയോ
സാധുമത്ത്യൻ?

ഫലിതസങ്കലിതമായ ഇതിലെ കഥയിൽ വേശ്യാലമ്പടന്മാരുടെ പരാക്രമങ്ങളം ഉൾക്കൊള്ളിച്ചിട്ടുള്ളത് മനുഷ്യസ്വഭാവത്തിന്റെ ചില വശങ്ങളിൽ വെളിച്ചംവീശുന്ന തരത്തിലുള്ളതാണ്. തജ്ജമ അക്ലിഷ്ടരമണീയമായിട്ടുണ്ട്.

ദശരൂപകങ്ങളിൽ ഈഹാമൃഗമെന്ന വിഭാഗത്തിൽപെട്ടതാണ് രുഗ്മിണീഹരണം. ഏതാനും ഭാഗം ഖ്യാതവും ഏതാനും കല്പിതവുമായ കഥാവസ്തു; ദിവ്യനും നരനുമായ നായകപ്രതിനായകന്മാർ; നാലങ്കങ്ങളം; മുന്നു സന്ധികളം; വീരരസപ്രാധാന്യം ഇതൊക്കെയാണ് ഈഹാമൃഗത്തിന്റെ ലക്ഷണങ്ങളം. 'നായികയെ ഉൽക്കടമായ രാഗത്തോടെ മൃഗവൃത്തിയായി അപഹരിപ്പാൻപോലും പുറപ്പെടുക' കൊണ്ടാണ് ഇതിന്നു ഈഹാമൃഗം എന്ന പേരുണ്ടായതെന്നു ലക്ഷണകാരന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതായി അവതാരികയിൽ പി. എസ്സ്. അനന്തനാരായണശാസ്ത്രി പ്രസ്താവിച്ചിട്ടുണ്ട്.

ഏതു രീതിയിൽ പ്രതിപാദിച്ചാലും ഹൃദയാവർജ്ജകമായ ഒരിതിവൃത്തമാണ് രുഗ്മിണീപരിണയത്തിന്നുള്ളത്. വത്സരാജന്റെ ഈഹാമൃഗത്തിലും ആ സാരസ്യം കാണാവുന്നതാണ്. ഇതിലെ നാന്ദിശ്ലോകങ്ങളംകൂടെ തെല്ലൊരു പുതുമയുണ്ട്.

ഗിരിമകളണയുമ്പോൾ പുഷ്പമാം തൂഷ്ണീ നൽപ്പു
ഞ്ചിരിയുടയ മുഖാബ്ജം ചെറുതടഞ്ഞുള്ള കണ്ണും
സ്മരരസമയഭാവധ്യാനവും ചേർന്നതാകും
ഹരനുടെ മുനിനാട്യം നല്ല നിങ്ങൾക്കഭീഷ്ടം.

കാവല്ലാരൻ നിയതമൊരു കല്മഷമാംകൌസുഭം മേ;
സ്ത്രീവഗ്ഗം തേ മനസികയറീടുന്നതാരുണ്ടുനിർത്താൻ?
ഭാവൽക്കാംഗം കുവലരുചിയായ് തൽക്കടക്കണ്ണതിപ്പാ
ലേവം പൂമാതരുംകൈയുരിയാടാത്ത കൃഷ്ണൻ സഹായം.

കവിയുടെ ഉല്ലേഖചാതുര്യത്തിന്നു നല്ലൊരുദാഹരണമാണ് ഒന്നാമങ്കത്തിലെ ഈ ശ്ലോകം:—

സ്പഷ്ടം മാരകതങ്ങളാം ചിലവയും
ചേർക്കുന്ന താലാങ്കനെ,
കെട്ടിച്ചില്ലുകളാൽച്ചമച്ച ചിലതോ
ബിംബിച്ച ഗോവിന്ദനെ,
ഒട്ടല്ലാതിവർതൻ നിസർഗ്ഗസുഭഗ
ജ്യേഷ്ഠാനുജപ്രീതിക
ണ്ടിഷ്ടംപോലെ പകുത്തിതോ ഇവരെയീ
നന്മാളികത്തുൺകളം!

സഭാമാളികയിലെ തൂണുകളിൽ പ്രതിഫലിച്ച രാമകൃഷ്ണവിഗ്ര ഹങ്ങളെക്കുറിച്ചാണിതിലെ ഉൽപ്രേക്ഷ.

ബലരാമന്റെ ഈ വാക്കുകൾകൂടി പകർത്തട്ടെ:—

ചെന്നാരുഗ്മിണിയായ കന്യകയെയി
ക്കംസാരിതാൻ വേഗംക്കണം,
സ്വന്നാരീഗണമോടു ചേന്ന വിഹരി
ച്ചേണം ചിരാൽ ചേദിപൻ.
വന്നാളം ഭുജവിക്രമത്തൊടിതു ഞാൻ
പോർമന്നിലൊപ്പിച്ചിലേ
നന്നായ്ത്തീരുകയുള്ള സാർത്ഥകതയാ
ന്നെൻ കാമപാലാഹ്വയം!

തർജ്ജമയുടെ സരളത കാണിക്കുവാനും മേലുദ്ധരിച്ച ഉദാഹര ണങ്ങൾ പര്യാപ്തങ്ങളാണല്ലൊ. എന്നാൽ ചില സ്ഥലങ്ങളിൽ തർജ്ജമയെ സംസ്കൃതബാഹുല്യം ബാധിച്ചതായിക്കാണുന്നുണ്ട്. ഒരുദാഹരണമിതാ:—

എന്തോതിടാം, പരിണയം ശ്രുതിമാത്രമാണെ
ന്നാലും മഹോത്സവമണപ്പു ഹരിഷ്യ ദ്വൈഷ്ണി
സംദൃഷ്ടപോലെ, സവിധാദുപനീതപോലെ,
സോൽ പ്രാസചാടുമൊഴിയാൽപ്പരിതുഷ്ടപോലെ.

ഭാഷയുടെ കാര്യത്തിൽ അല്പം ചില സ്വാതന്ത്ര്യങ്ങളും വള്ള ത്തോൾ അംഗീകരിച്ചിട്ടുള്ളതായിക്കാണാം. കായിതം, കിട ച്ചത്, ആൺ പെണ്ണ് (നപുംസകം എന്ന അർത്ഥത്തിൽ) എന്ന പ്രയോഗങ്ങളും പോർപ്പെരുമ്പറക്കൊട്ട, തേക്കുതിരക്കടിഞ്ഞാൺ പിടിത്തം, കരളിടർ മുതലായ സമാസങ്ങളും ഇതിനുദാഹരണ ങ്ങളാണ്.


ഒരു പൂവെവിടെപ്പാവുകി
ലുടനടിയതു കല്പവൃക്ഷമായ്ത്തീരും
സുരതടിനീ പരിവൃതമ
പ്പുരമശിവ ശിരസ്സു വിജയിപ്പൂ.

ഇതാണ് ത്രിപുരദഹനം എന്ന ഡിമത്തിലെ നാന്ദിശ്ലോകങ്ങ ളിൽ ആദ്യത്തേത്. മുപ്പുരം ചുട്ടെരിച്ച 'പുരജിദ്ബാണാഗ്നി' യെ സ്തുതിക്കുന്നതാണ് മറ്റു രണ്ടു ശ്ലോകങ്ങളും. നാടകത്തിന്റെ വിഷയവും അതുതന്നെയാണല്ലൊ.

''പ്രഖ്യാതവസ്തുക്കളാൽ മനസ്സുംസ്സാരമുള്ള അഭിരൂപന്മാരെ ആഹ്ലാദിപ്പിക്കുന്നതിനു കവികൾ നാടകത്തെ ആശ്രയിക്കുന്ന



വള്ളത്തോളും പത്നിയും--ഷഷ്ടിപൂർത്തികാലത്ത്



റഷ്യയിൽ

തുപോലെ, സാമാന്യജനങ്ങളുടെ ശ്രദ്ധയെ പ്രഖ്യാതവസ്തുക്കളിലേക്കാകഷ്ടിക്കുവാൻ ഡിമാദിരൂപകഭേദങ്ങളെ അവലംബിക്കുന്നു'' എന്നാണ് ഇതിന്റെ അവതാരികയിൽ ഡോക്ടർ സി. കുഞ്ഞൻരാജാവു പറഞ്ഞിരിക്കുന്നത്. കാവ്യരചനയിലും രംഗത്തിൽ അഭിനയിക്കുമ്പോഴും ശൃംഗാരം വഴിപിഴച്ചു ഗ്രാമ്യമായിത്തീരാനിടയുള്ളതുകൊണ്ടു അതിനെ കൈകാര്യം ചെയ്യാനും ആസ്വദിക്കുവാനും ഉയർന്നനിലവാരത്തിലുള്ള ബുദ്ധിസംസ്കാരം ആവശ്യമാണ് എന്നും നേരെമറിച്ചു വീരാദിരസങ്ങളുടെ പ്രയോഗത്തിൽ, താരതമ്യേന, രസവിച്ഛിത്തിക്കുള്ള മാർഗ്ഗം കുറവായതുകൊണ്ടു അവയെ സാമാന്യജനങ്ങളുടെ മുമ്പാകെ പ്രദർശിപ്പിക്കുന്നതിൽ അബദ്ധംവരാനിടയില്ലെന്നും ഉള്ള വിശ്വാസം മൻനിത്തിയായിരിക്കാം ബഹുജനാസ്വാദനത്തിനുവേണ്ടി വത്സരാജൻ ഈ രൂപകം എഴുതിയത് എന്നു വിചാരിക്കാം.

കലഹകുതൂഹലിയായ നാരദൻ, ഇന്ദ്രാദിദേവന്മാർ, ത്രിമൂർത്തികൾ, അസുരപ്രമാണികൾ, എന്നിങ്ങിനെയുള്ള കഥാപാത്രങ്ങൾ നിറഞ്ഞതാണീ ത്രിപുരദഹനത്തിലെ നാടകരംഗം. പാത്രങ്ങളുടെ സ്വഭാവത്തിനനുരൂപമായ അലൌകികത്വം അതിലെ അന്തരീക്ഷത്തിനുമുണ്ട്. പിതാമഹന്റെയും വിഷ്ണുവിന്റെയും വരബലത്താൽ ഗർവ്വിഷ്ഠരായ മുപ്പുരാസുരന്മാർ വരുത്തിക്കൂട്ടുന്ന വിനകൾ കണ്ടു നാരദൻ ദേവന്മാരെ യുദ്ധോദ്യതരാക്കുവാൻ തന്റെ കലഹകൌശലം പ്രയോഗിക്കുന്നതും അസുരന്മാരുടെ ദുഷ്കരമായ നിഗ്രഹം നിറവേറുവാൻ ഭഗ്നോത്സാഹനായ തന്നെ പുറപ്പെട്ട അതു സാധിക്കുന്നതുമാണ് വീരരസപ്രധാനമായ 'ത്രിപുരദഹന'ത്തിലെ കഥാവസ്തു. സന്ദർഭാനുഗുണമായ സ്ഫോടം ജനിപ്പിക്കുവാൻ ഭാഷയ്ക്കും രചനയ്ക്കും ഉണ്ടാകേണ്ടുന്ന ചൊടിയും ജീവനും തജ്ജമയിലും വരുത്തുവാൻ വള്ളത്തോളും മനസ്സിരുത്തീട്ടുണ്ടെന്നതിനുദാഹരണമാണ് സ്ഥാലീപുലാകന്യായേന ഉദ്ധരിക്കുന്ന ഈ ശ്ലോകങ്ങൾ:—

കല്പാന്തക്കാറടിച്ചാളിന ശിഖിയുടെ വൻ
ജ്വാലയാലും രവിയ്ക്കു
ള്ളബ്ഭാസ്സാലും പൂടപ്പെട്ടരുണിമ തിരളു
ന്നീയിരിമ്പിൻ പുരത്തെ
നിർബാധം തൃണശായിക്കണയുളിനിരയാൽ
ച്ചെത്തുവിൻ ചെമ്പരുത്തി
പ്പുഷ്പം നുള്ളുന്നതിനുട്ടടനടി ദിവിഷദ്വീ
രരേ! തുണ്ടുതുണ്ടായ്.

(മൂന്നാം അങ്കം. 7)

അഗ്ന്യസ്ത്രജ്വാല തട്ടിച്ചുട്ട ചുടെയടരും
പൊന്മതിൽത്തുണ്ടനേകം
വ്യക്തച്ഛാംകാരമായ് വീണമുതുകയമിതാ വററി
യും തുന്മമായ്പ്പോയ്
ധിക്കഷ്ടം കഷ്ടമെമ്മട്ടിനി രണമുതരാം
ദൈത്യർ ജീവിയ്ക്കുവേണ്ട
ചിക്കെന്നിന്നാദ്യമായിട്ടുതിയിൽ മുഴകീ
സവ്താപന്റെ സൈന്യം!

(മൂന്നാമങ്കം. 26)

നേരിട്ടുണ്ടണയുന്ന കാഞ്ചനപുരം,
സ്വർണ്ണാചലത്തിന്റെ താ—
ഴ്വാരങ്ങൾക്കെതിരായ് നഭസ്ഥലമിതിൻ
കാന്തിപ്പരപ്പേല്ക്കയാൽ;
സ്വാരാജ്യപ്പുഴതൻ നിറത്തൊട്ട, മതിൻ
പിന്നാലെ വെള്ളിപ്പുരം;
മാരിക്കാറണിയെന്നപോലതിനടു
ത്തായുണ്ടിരിമ്പാംപുരം

(നാലാമങ്കം. 11)

ഏഴെട്ടു നൂറാണ്ടുകാലം മുമ്പെഴുതപ്പെട്ട ഈ വത്സരാജകൃതി കാലങ്ങളാധുനികരുചിഭേദങ്ങളെ തൃപ്തിപ്പെടുത്തുവാൻ കെല്പുണ്ടെങ്കിലാവട്ടെ ഇല്ലെങ്കിലാവട്ടെ അവയുമായി പരിചയപ്പെടുന്നതു ഒരു ഹൃദ്യമായ അനുഭവമാണ്. മലയാളികാലങ്ങളുടെ അഭിഗമ്യമായരീതിയിൽ അവയെ വിവർത്തനംചെയ്യുവാൻ വള്ളത്തോൾ ചെയ്ത പരിശ്രമം ഒരിക്കലും അസ്ഥാനത്തല്ലതന്നെ.

1124 തുലാമാസത്തിൽ (1948) വള്ളത്തോളിന്നു എഴുപതു വയസ്സു തികഞ്ഞു. മഹാകവിയുടെ സപ്തതി കേരളത്തിലും പുറത്തും ആഘോഷപൂർവം കൊണ്ടാടപ്പെട്ടു. കേരളകലാമണ്ഡലത്തിന്റെ ആദിമുഖ്യത്തിൽ വിവിധകലാപരിപാടികളോടുകൂടി ഒരുത്സവംതന്നെ നടന്നു. മദിരാശിയിലെ മലയാളികൾ ഒരുപഹാരഗ്രന്ഥവും ചെറിയൊരു പണക്കിഴിയും മഹാകവിയ്ക്കു സമർപ്പിച്ചു.

മദിരാശിഗവർമ്മെൻറ് ആയിടയ്ക്ക് നാലു ദക്ഷിണഭാരതഭാഷകളിലും ഓരോ ആസ്ഥാനകവിയെ നിയമിക്കുവാൻ നിശ്ചയിച്ചിരുന്നു. മലയാളത്തിലെ ആസ്ഥാനകവിസ്ഥാനം നല്കിയത് വള്ളത്തോളിനാണ്. ഒരു വിദഗ്ധസമിതിയുടെ ഏകകണ്ഠമായ ശിപാർശയനുസരിച്ചാണ് നിയമനമുണ്ടായത്.

കൊല്ലത്തിൽ ആയിരം ഉറുപ്പിക പാരിതോഷികവും അതൊന്നിച്ചുണ്ടായിരുന്നു. ആദ്യത്തെ നിയമനാവധി അഞ്ചു കൊല്ലത്തേക്കായിരുന്നു. 1953 വരെ വള്ളത്തോൾ ആ സ്ഥാനം അലങ്കരിച്ചു. അതിന്നുശേഷം 'ആസ്ഥാനകവി'യുടെ ഏർപ്പാട് കേരളത്തിൽ തുടർന്നുകണ്ടില്ല. എങ്കിലും ഔപചാരികമായ ആ പദവിയുടെ അഭാവത്തിലും വള്ളത്തോൾ കേരളീയർക്കൊരാസ്ഥാനകവിതന്നെ ആയിരുന്നു.

അക്കാലത്തു സംസ്കൃതഗ്രന്ഥപാരായണത്തിൽ വള്ളത്തോളിനുണ്ടായിരുന്ന അഭിനിവേശം കുറച്ചൊന്നുമായിരുന്നില്ല. ആയിടയ്ക്കു ഡെൽഹിയിൽ കൂടിയിരുന്ന രാഷ്ട്രഭാഷാപരിഷത്തിന്റെ യോഗത്തിൽ നാഗരലിപിയിലുള്ള ഹിന്ദിയാണ് ഭൂരിപക്ഷാനുസാരേണ രാഷ്ട്രഭാഷയായി സ്വീകരിക്കപ്പെട്ടത്. ഗവമ്മെണ്ടിന്റെ അഭിമതവും അതായിരുന്നു. ഭരണാധികൃതന്മാരുടെ അഭിപ്രായമെന്നനിലയിൽ വള്ളത്തോൾ ആ തീരുമാനത്തോടു വൈമുഖ്യംഭാവിച്ചില്ലെങ്കിലും 'ഉത്തമപക്ഷം സംസ്കൃതം പൊതുഭാഷയാകുകതന്നെയാണ്; എന്നാൽ അതു ക്ഷിപ്രസാധ്യമല്ലല്ലൊ' എന്നു ഒരു സുഹൃത്തിന്നെഴുതിയ കത്തിൽ പ്രസ്താവിച്ചിരുന്നു.

പണ്ഡിതനും സഹൃദയനുമായ ഇ. വി. രാമൻനമ്പൂതിരി വള്ളത്തോൾക്കവിതകളെക്കുറിച്ചു വളരെ മതിപ്പുള്ള ഒരു ചിരന്തനസുഹൃത്തായിരുന്നു. 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിന്റെ ആവിർഭാവത്തിന്നു ഹേതുഭൂതൻ അദ്ദേഹമായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ക്ഷേമേന്ദ്രന്റെ 'ബോധിസത്ത്വാവദാനകല്പലത'യെന്ന സംസ്കൃതകാവ്യത്തെ വള്ളത്തോളിന്റെ ശ്രദ്ധയിൽ പെടുത്തിയതും അദ്ദേഹംതന്നെയാണ്. ജാതകകഥകളിലുള്ള ചില ഇതിവൃത്തങ്ങളെ അവലംബിച്ചെഴുതിയ ഈ മനോഹരകാവ്യത്തിലെ ഏതാനും ഭാഗങ്ങൾ ടാഗോർ മഹാകവിയുടെ ഗീതങ്ങൾക്കും വിഷയീഭവിച്ചിട്ടുണ്ട്. ബങ്കാൾ റോയൽ ഏഷ്യാററിക്ക് സൊസൈററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഈ കൃതി, പ്രാചീനങ്ങളായ മററനേകം വിശിഷ്ടസംസ്കൃതഗ്രന്ഥങ്ങളെപ്പോലെ, പുനർമ്മുദ്രണത്തിന്നു വിധേയമാകാതെ മിക്കവാറും അലഭ്യമായിത്തീർന്നിരിക്കുകയായിരുന്നു. ഉത്സാഹശീലനും ഗവേഷണതൽപരനുമായ രാമൻനമ്പൂതിരി വളരെ പ്രയാസപ്പെട്ട് അതിന്റെ ഒരു കോപ്പി സമ്പാദിച്ചു വള്ളത്തോളിനെ ഏല്പിച്ചു; അതിന്റെ വിവർത്തനത്തിനദ്ദേഹത്തെ പ്രേരിപ്പിച്ചു. അങ്ങിനെയാണ് കല്പലതയുടെ തർജ്ജമയിൽ വള്ളത്തോൾ വ്യാപൃതനായത്.

ബുദ്ധജാതകകഥകളിൽ പെട്ട നൂറെട്ടോളം കഥകളെയാ

ണ് ക്ഷേമേന്ദ്രകവി കല്പലതയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മൂലഗ്രന്ഥത്തിന്റെ ആമുഖത്തിൽ ശരച്ചന്ദ്രദാസ് എന്ന പണ്ഡിതൻ പറഞ്ഞിട്ടുള്ളപോലെ, മഹനീയവും പരിപൂർണ്ണവുമായ ഒരു മഹാകാവ്യത്തിന്റെ സ്വഭാവവിശേഷങ്ങൾ തികഞ്ഞതാണീ അപദാനകല്പലത. ടിബറൻഭാഷയിലൊഴികെ മറെറാരുഭാഷയിലും ഇതിന്നൊരു പൂർണ്ണമായ വിവർത്തനമുണ്ടായിട്ടില്ലെന്നു പറയപ്പെടുന്നു. പിന്നീടുണ്ടായ തർജ്ജമ വള്ളത്തോളിന്റേതാണ് എന്ന വസ്തുത മലയാളഭാഷാസ്നേഹാഭിമാനകാരണമാണ്, സംശയമില്ല. സ്വതേ ഹൃദയാവർജ്ജകങ്ങളാണ് ജാതകകഥകൾ. ക്ഷേമേന്ദ്രസരസ്വതി ആ മനോഹാരിതയ്ക്കു മാറുകൂട്ടുകയും ചെയ്തിട്ടുണ്ട്. കഥകളുടെ സ്വഭാവം കാണിക്കുവാൻ ഒന്നുരണ്ടുദാഹരണങ്ങൾ ചുരുക്കത്തിൽ എടുത്തുകാണിക്കാം.

'ഏകശൃംഗാപദാനം' ഗൌതമന്റെയും യശോധരയുടെയും പൂർവ്വജന്മത്തെസ്സംബന്ധിച്ച കഥയാണ്. ഹൈന്ദവേതിഹാസത്തിലെ ഋശ്യശൃംഗകഥയോട് അതിന്നു വളരെ സാദൃശ്യമുണ്ട്. കാശ്യരാജാവിന്റെ ഏകസന്താനമായ നളിനി കാശ്യപമഹർഷിയുടെ ആശ്രമത്തിനടുത്തു കളിക്കാൻ ചെന്ന അവസരത്തിൽ മഹർഷിപുത്രനായ ഏകശൃംഗൻ അവളെ കണ്ടു അവളിൽ സ്നേഹബദ്ധനായിത്തീരുന്നു. മഹർഷിക്കു ഒരു പെണ്മാനിൽ പിറന്ന പുത്രനാണ് ഏകശൃംഗൻ; തലയിൽ ഒരംഗുലം നീളത്തിൽ ഒരു കൊമ്പുണ്ടായിരുന്നതുകൊണ്ടാണ് അയാൾക്ക് ആ പേരിട്ടത്. അവരിരുവരുടെയും പ്രേമകഥയാണ് ഏകശൃംഗാപദാനത്തിൽ വിവരിച്ചിട്ടുള്ളത്. അതിൽനിന്നു ചില ശ്ലോകങ്ങൾ—തർജ്ജമയുടെ രീതി കാണിക്കുവാൻമാത്രം—ഇവിടെ ഉദ്ധരിക്കാം:—

പെൺകുട്ടിയെത്താതന്നു കയ്യിൽവെയ്ക്കാ
നാവില്ല, കത്തും തിരിയെക്കണക്കെ;
ന്യാസം കണക്കന്യനു നല്കിടേണ്ടും
പെൺകുട്ടി വീട്ടിന്നൊരു ചിന്തതന്നെ.

* * *

കാണിക്ക പുണ്യാശ്രമമെന്നു പേശു
മസ്സാധുവെക്കണ്ണിണ ചിമ്മുമാറായ്
പിടിച്ചു കൈവല്ലികളാൽപ്പുണർന്നു
പോന്നീടുകെന്നോതി നരേന്ദ്രപുത്രി.

* * *

ഹാ കഷ്ടമീയുടറിയാത്ത സാധു
മാങ്കുട്ടിയെ ക്രൂരനനംഗവേടൻ

വരാംഗിയാളാം വലയാൽക്കടാക്ഷ
ക്കുടുക്കിൽ വീഴിച്ചുകളഞ്ഞു ശീഘ്രം!

* * *

പുളച്ച ഭള്ളിന്റെ പുരന്ധ്രിയായു
മുന്മാദമൂർച്ഛാ വിഷവല്ലിയായും
പെരും വിമോഹപ്പിണിയായുമുള്ളി
പ്പെൺചാതി തൊട്ടോന്ന പൊറുപ്പുകിട്ടാ.

എന്നച്ഛനോരോന്ന വിവേകയുക്തം
ചൊല്ലിപ്പണിപ്പെട്ടണർവേററിയിട്ടും
ഉണന്തില്ലൈങ്കണയൻ തുണച്ച
ലാവണ്യപാനാൽത്തല ചുറ്റുമായാം.

മുക്താലതാപദാനമാണ് മറെറാരു കഥ. മഹാനെന്ന പേരായ ഒരു ശാക്യരാജവംശജൻ ബുദ്ധഭഗവാന്റെ ധമ്മോപദേശം കേട്ട സ്വഗൃഹത്തിൽ തിരിച്ചുവന്ന അതിനെപ്പററി പ്രശംസിക്കുന്നതു കേട്ടപ്പോൾ പത്നി ശശിപ്രഭ ഇങ്ങിനെ പറഞ്ഞു: ''നിങ്ങൾ പുരുഷന്മാർ ഭാഗ്യവാന്മാരാണ്. നിങ്ങൾക്കു ഭഗവാന്റെ ഉപദേശം കേൾക്കാനും അനുഗ്രഹം നേടാനും പ്രയാസമില്ല. ഞങ്ങൾ പെണ്ണുങ്ങൾ അനഹ്കളും നിന്ദ്യകളുമായിപ്പോയി.'' സർവ്വകാരുണികനായ ഭഗവാനു അങ്ങിനെ സ്ത്രീപുരുഷഭേദമൊന്നുമില്ലെന്നു ഭർത്താവു മറുപടിപറഞ്ഞതനുസരിച്ചു ശശിപ്രഭ മറു ശാക്യസ്ത്രീകളൊന്നിച്ചു ഭഗവാന്റെ പുണ്യാരാമത്തിലേക്കു പുറപ്പെട്ടുപോയി. രത്നാഭരണങ്ങളണിഞ്ഞെത്തിയ ശശിപ്രഭയെക്കണ്ടു് ''ഈ ധാടികലന്ന വേഷം തപോവനത്തിനു ചേർന്നതല്ല'' എന്നു ആനന്ദഭിക്ഷു പറഞ്ഞതു അവൾ കേട്ടു. ഉടനെ പണ്ടങ്ങളഴിച്ചു ദാസിയുടെ പക്കൽ കൊടുത്തു അവ വീട്ടിൽ കൊണ്ടുവെക്കാൻ പറയുകയുംചെയ്തു. അതിനിടയ്ക്കു് മറെറാരു ശാക്യസ്ത്രീ അവിടെ ഇരുന്ന തന്റെ മാറിലണിഞ്ഞ മുത്തുമാലയിൽ കുടുക്കുടെ കണ്ണുകടുന്നതു് ശശിപ്രഭ കണ്ടു. തന്റെ ഹാരം കാണിച്ചുകൊടുത്തു ആ സ്ത്രീയുടെ അഹങ്കാരമൊന്നു ശമിപ്പിക്കണമെന്നു അപ്പോൾ ശശിപ്രഭയ്ക്കു തോന്നി. അതെടുത്തുകൊണ്ടുവരാൻ ദാസിയായ രോഹികയോടാജ്ഞാപിച്ചു. ധമ്മപ്രസംഗം കേട്ട അതിൽ മതിമറന്നിരിക്കുകയായിരുന്ന രോഹിക. എങ്കിലും സ്വാമിനിയുടെ ആജ്ഞയനുസരിക്കാതെ നിവൃത്തിയില്ലെന്നുകരുതി അവൾ മനമല്ലാമനസ്സോടെ രാജഗൃഹത്തിലേക്കു പോയി. ഇതെല്ലാം ഭഗവാൻ കാണുന്നുണ്ടായിരുന്നു. രോഹികയുടെ ഈ ജന്മം അവസാനിക്കാറായെന്നും അവിടുന്നു ദിവ്യദൃഷ്ടികൊണ്ടറിഞ്ഞു.

അതുപോലെതന്നെ, വഴിയ്ക്കുവെച്ചു ഒരു പത്രം കത്തിവീഴ്കയാൽ രോഹിക മരിക്കുകയുംചെയ്തു. അവളുടെ അടുത്ത ജന്മം ലങ്കാദ്വീപിലായിരുന്നു.

പിന്നെപ്പിറന്നു സദ്ശ്രീയ്ക്കുടത്താസ്സിംഹളോവ്വിയിൽ
പാലാഴിയിങ്കൽപ്പൈന്തികനംപോലെ ദിവ്യാഭയായവനം.

അവനംതൻ ജനനേ വാനിൽനിന്നു മുത്തുകനം പെയ്തയാൽ
മുക്താലതാഖ്യയായ് സിംഹളേശന്റെ മകളായവനം.

സിംഹളദ്വീപിൽ കച്ചവടത്തിന്നെത്തിയ ശ്രാവസ്തീപുരവാസികളായ വണിക്കുകൾ‍ൽനിന്നു മുക്താലത ബുദ്ധഭഗവാനെപ്പറ്റി കേട്ടപ്പോഴം ഭഗവാനിൽ ഭക്തിജനിച്ച അവനം അവരുടെ കൈവശം ഭഗവാനു ഒരു കത്തു കൊടുത്തയച്ചു.

ഭവൽസ്മരണമേ ഹഹാ കിമപി പുണ്യപുണ്യം സദാ–
ശയക്കു ഭവഭേഷജം വ്യസനതാപതൃഷ്ണാപഹം
ഭവൽക്കഥകനം കേനംക്കയാലൊരു വിബോധമാസ്വാദ്യമാ
യുദിച്ചതനഘാമൃതിൻ പെരിയപങ്കെനിസ്സ്നേഹ വിഭോ.

ബുദ്ധഭഗവാനു മുക്താലതയുടെ പൂവ്വചരിത്രമറിയാമായിരുന്നു. അവിടുന്നുതന്നെ എഴുതിയ സ്വന്തം ചിത്രപടം വണിക്കുകളുടെ കൈവശം മുക്താലതയ്ക്കയച്ചുകൊടുത്തു. അതിനടിയിൽ ഈ സന്ദേശവും കുറിച്ചിരുന്നു:—

വിഷമവിഷയവ്യാളപ്രാതം ചുഴന്നിഴയുന്നതാ
മിരുനംനിറയുമീമോഹാഗാരത്തിൽനിന്നു പുറത്തുപോയ്
ജനനമരണക്ലേശാദ്ദുഃഖം മുഴുത്ത ജനങ്ങളേ!
ശരണമണവിൻ ബൌദ്ധംധമ്മം ഭവാമയമില്ലിതിൽ.

മുക്താലതാപദാനത്തെപ്പറ്റി എടുത്തുപറയുന്നതിൽ എനിയ്ക്കു വ്യക്തിപരമായും അഭിമാനമുണ്ടു്. വളരെ കൊല്ലങ്ങനംക്കുമുമ്പു, എന്റെ പ്രഥമസാഹിത്യപരിശ്രമഫലമെന്നനിലയിൽ, ഞാൻ ഈ കഥ ഒരു ഖണ്ഡകാവ്യരൂപത്തിലെഴുതിയിരുന്നു. രമേശചന്ദ്രദത്തിന്റെ ഒരിംഗ്ലീഷുകവിതയെ അവലംബിച്ചെഴുതിയ ആ കവിതയെ വള്ളത്തോൾ പരിശോധിച്ചതും ഉള്ളൂരിനെക്കൊണ്ടു അതിന്നൊരവതാരിക എഴുതിച്ചതന്നതും ഞാൻ ഈ സന്ദർഭത്തിൽ കൃതജ്ഞതയോടും അഭിമാനത്തോടുംകൂടി സ്മരിക്കുന്നു. ബോധിസത്ത്വാപദാനകല്പലതയാണു് രമേശചന്ദ്രന്റെ കവിതയ്ക്കാലംബമെന്നു ഞാൻ ആ കാലത്തു് മനസ്സിലാക്കിയിരുന്നില്ല. ഈ കഥയുമായി വള്ളത്തോളിന്റെ പ്രഥമപരിചയത്തിന്നു എന്റെ കവിത കാരണമായിട്ടുണ്ടെന്നു സൂചിപ്പി

ക്കുകയാണു് ഇത്രയും പറഞ്ഞതിന്റെ ഉദ്ദേശം.

ആറു മാസംകൊണ്ടു പണിതീർത്ത കല്പലതാവിവർത്തനമാണു് രാമൻനമ്പൂതിരിയുടെ അഭിപ്രായത്തിൽ വള്ളത്തോളിന്റെ 'മാസ്റ്റർപീസു്!' മഹാകവിയ്ക്കാകട്ടെ, തന്റെ വാല്മീകിരാമായണ തർജ്ജമയെക്കഴിച്ചിട്ടേ മറേറതു തർജ്ജമയെപ്പററിയും മതിപ്പുണ്ടായിരുന്നുള്ളു. സന്താനങ്ങളെസ്സംബന്ധിച്ചു പിതാക്കൻമാർക്കും അന്യന്മാർക്കുമുള്ള മതിപ്പുകൾ ഒരുപോലെ ആയിക്കൊള്ളണമെന്നില്ലല്ലൊ. തർജ്ജമയുടെ ചില മാതൃകകൾകൂടി എടുത്തു കാണിക്കാം.

തൃക്കാൽ വൻവിരൽ കൽവക്കിൽ
തട്ടിപ്പൊട്ടിയതെന്തിനാൽ?
എന്തുകൊണ്ടിക്കഴൽ കരി
ങ്ങാലിമുള്ളേറ്റു വിണ്ടുപോയു്?

* * *

അപ്പോൾ ചിറകെരിഞ്ഞിട്ട
പോക്കു മുട്ടിയപോലെയായു്
വന്നുവീണ പിറാവൊന്നു
തമ്പുരാന്റെ തുടയ്ക്കുമേൽ.

പച്ചമലയാളത്തിലുള്ള ഈ ശ്ലോകങ്ങൾക്കു തർജ്ജമയാണെന്നു തോന്നാത്തവിധം സരളതയുണ്ടു്.

അശോകപക്രവർത്തിയ്ക്കു പദ്മാവതീദേവിയിൽ ജനിച്ച മകനായിരുന്നു കുണാലൻ. അശോകന്റെ മറെറാരു ഭാര്യയും യുവതിയുമായിരുന്ന തിഷ്യരക്ഷയ്ക്കു കുണാലനിൽ അരുതാത്തൊരഭിനിവേശമുണ്ടായി. ആ സന്ദർഭത്തിലുള്ളതാണു് താഴെ ചേർക്കുന്ന ശ്ലോകങ്ങൾ:—

മുട്ടോളവും ഞാന്നഭുജം നെടുംകൺ
തടിച്ച തോളം തെളിചന്ദ്രഭാസ്സും
ചേർന്നുള്ളവൻ തന്നരികത്തു ചെന്നാ
സ്നേഹാർദ്രഹൃത്താമിളയമ്മ ചൊന്നാൾ:

കുമാരകന്ദർപ്പനവപ്പിറപ്പേ!
സംസാരസാരം തവ കൺവിളക്കം
ആക്രമിക്കനം പോകുകയില്ല പാരിൽ
ച്ചേലൊത്ത മെയ്മോടിയിതും വിശേഷാൽ?

എന്നഞ്ജസാലജ്ജ വെടിഞ്ഞയാളെ
ക്കെട്ടിപ്പുണർന്നാളവൾ കൈകളാലെ.

ആടിക്കിലുങ്ങും നിജഭൂഷണത്താൽ
പ്പാരം വിലക്കപ്പെടുവോം കണക്കെ!

മറന്മയെന്നാലു മജസ്രമെന്നെ
പ്പെറന്മപോലുണ്ടിവളോമനിപ്പൂ
എന്നെണ്ണി നിശ്ശങ്കമവൻ വണങ്ങി
ച്ചേത്താൻ മുടിപ്പൂണ്വവംതൻ പദത്തിൽ.

ഘനപ്രമോഹത്തിൽ മദാൽപ്പുളച്ച
മീനാങ്ക പാതാലിളകിക്കലങ്ങി
പായും നദിയ്ക്കും വനിതയ്ക്കുമില്ല
തെല്ലും തടസ്സം കുഴിയിൽപ്പതിപ്പാൻ.

''നീ മേ പ്രിയൻ, തുല്യവയസ്സു, മാതാ
വല്ലോമനേ! മാതൃസപത്നി ഞാൻ തേ
ഈയെൻ തവാലിംഗനയോഗ്യമംഗം
സൌഭാഗ്യസമ്പത്തിനെ നേടിടട്ടെ.''

അവൻ കരത്താൽച്ചെവി പൊത്തിയിട്ടാ
സ്ത്രീതൻ പുണച്ച്ക്കറ മോറുവാനായ്
ഒഴക്കിനാൻ പല്ലൊളിയാൽ വെളുത്ത
സദാക്കിനെഗ്രംഗയെയെന്നപോലെ.

''ചാപല്യം വിടു കമ്മ, ചാത്തുക സദാ
മിന്നും പുകഴ്ച്ചന്ദ്രനെ,
ശ്ലീലം പോററുക, പാക്കനിമ്മലകുലം,
പാപത്തിലുംവെയ്ക്കൊലാ
പാപിയ്ക്കുപ്പരലോകവീഥികളും പെരും
ദുസ്സാരകത്തീയിൽ വെ
ന്തമ്പിപ്രേതഗണം പുലമ്പുമലഘു
ക്ലേശപ്രദേശങ്ങളാം.''

കുണാലാപദാനത്തിൽനിന്നൊരു ഗദ്യക്കത്തിന്റെ പരിഭാഷ കൂടി ഇവിടെ പകർത്തട്ടെ:—

''സ്വസ്തി! പാടലീപുത്രത്തിൽനിന്നു.

''കിടയല്ലാത്തൊരടർമിടുക്കുകൊണ്ടു കടലതിരൊക്കെക്കീഴടക്കി, മുഴുപ്പുള്ള പുകഴ്പ്പരപ്പാകുന്ന വെള്ളപ്പുടവ കൊടുക്കപ്പെട്ട ഭൂമികാമിനിയെ ഭുജിക്കുകയാകുന്ന സൌഭാഗ്യത്തള്ളലാൽ പററലരുടെ മുറിയ പ്രതാപത്തെ പറെക്കുറുതാക്കിയവനും ശത്രുശാതോദരീവിലാസങ്ങൾക്കു ഒരു ശാപംപോലെയുള്ളവനും പ്രണാമവേളയിൽ പ്രതിഫലിച്ച സംഖ്യയില്ലാസ്സാമന്തമുഖസരേ

ജങ്ങളെ കൂടികൊണ്ട് നിർമ്മലമണിപാദപീഠമുള്ളവനും സുഹൃൽ ക്കമലങ്ങളെ വികസിപ്പിക്കുന്ന സൂര്യനും ശൌര്യമേറിയ മൌര്യവംശമെന്ന കാനനത്തിലെ സിംഹവുമായ ശ്രീമാനശോ കദേവൻ തക്ഷശിലാപതിയായ ശ്രീ കഞ്ജരകണ്ണനെ അറിയി ച്ചുകൊള്ളുന്നു.''

പദ്യങ്ങളുടെ സരളത ഗദ്യത്തിനുണ്ടെന്നു സമ്മതിക്കുവാൻ കുറെ ഞെരുക്കം തോന്നുമെങ്കിലും വിഷയസ്വഭാവം മുൻനി ർത്തി അതിനും ഒരു സാരസ്യമുണ്ടെന്നുകാണുവാൻ പ്രയാ സമില്ല. അഥവാ, ഒരു കൃത്രിമരീതിയിൽ എഴുതപ്പെട്ട ഇത്തരം എഴുത്തുകളെ ആശയത്തിനു കോട്ടംവരാതെ മറെറങ്ങിനെയാ ണ് വിവർത്തനംചെയ്യുക? സംസ്കൃതപദങ്ങൾക്കു സമാനാർത്ഥ ങ്ങളായ മലയാളപദങ്ങളെ പ്രയോഗിച്ചതിൽ വിവർത്തകൻ തന്റെ ഭാഷാസ്വാധീനം തെളിയിച്ചിട്ടുണ്ടെന്നു സംശയമില്ല.

തിരുവിതാംകൂർ സർവകലാശാലയാണ് ബോധിസത്ത്വാ പദാന കല്പലതയുടെ വിവർത്തനം 1951–ൽ പ്രസിദ്ധീകരി ച്ചത്.

കല്പലതത്തിന്റെ പൂർത്തിയായി ഏറെക്കഴിയുംമുമ്പെ 'ഹാല ഗാഥാസപ്തശതി' എന്നൊരു പ്രാചീനകൃതി വള്ളത്തോളിന്റെ കയ്യിൽ വന്നുചേർന്നു. രാമൻനമ്പൂതിരിതന്നെയാണിതിനും കാര ണഭൂതനായത്. കവിവത്സലൻ, സാതവാഹനൻ, ഹാലൻ എന്നിങ്ങിനെ പല പേരുകളാൽ അറിയപ്പെടുന്ന ഒരു രാജാവാ ണ് ഈ സപ്തശതിയുടെ സമ്പാദകൻ.

ഒരു കോടിയിൽ നിന്നെഴുന്ന
രുചിതാലംകൃതികളായ ഗാഥകളെ
വഴിപോലെ സംഗ്രഹിച്ചാൻ
കവിവത്സലനായ ഹാല നൃപൻ.

ഇതിൽ അമ്പതെണ്ണം മാത്രമാണ് ഹാലന്റെ സ്വന്തം കൃതി; മറെറല്ലാം ഇതര കവികളുടെ രചനകളാണ്.

കുന്തളരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന പ്രതിഷ്ഠാന ത്തിലാണ് ക്രിസ്തുവർഷം ഒന്നാംശതകത്തിൽ ഹാലൻ ജീവി ച്ചത്. അമ്മുന്നു ശതകർണ്ണൻ, ദീപകർണ്ണൻ എന്ന പേരുകളുണ്ടാ യിരുന്നതിനാൽ ഹാലനെ ശാതകർണ്ണി, ദൈപകർണ്ണി എന്നി ങ്ങിനെയും വിളിച്ചിരുന്നു. പ്രാകൃതഭാഷയിൽ എഴുന്നൂറു ഗാഥ കളുടെ സമാഹാരമായ മൂലകൃതിയെപ്പററി രാമൻ നമ്പൂതിരി യുടെ വാക്കുകൾ ഇവിടെ ഉദ്ധരിക്കാം:—

''പാശ്ചാത്യ പണ്ഡിതന്മാരെയും നവീന ജനങ്ങളെയും സവിശേഷം ആകർഷിക്കുന്ന പല ഗുണങ്ങളും ഈ കൃതിയ്ക്കുണ്ട്.

അവയെ ഇങ്ങിനെ സംഗ്രഹിക്കാം. സ്വാഭാവികസംഗതികളെപ്പറ്റി സ്വാഭാവികങ്ങളായ വർണ്ണനങ്ങൾ, നായികാനായകന്മാരുടെ ഗ്രാമീണത്വം, നായികമാരുടെ അകൃത്രിമവിലാസം, യഥേഷ്ടപ്രണയം, ഗ്രാമീണയുവാക്കന്മാരായ നായകന്മാരുടെ സ്വച്ഛന്ദചര്യ, കൃഷിസമൃദ്ധങ്ങളായ ഗ്രാമപരിസരങ്ങൾ, ആറുവക്കുകൾ, വള്ളിക്കുടിലുകൾ, ചുള്ളിക്കാടുകൾ, മറ്റും സങ്കേതസ്ഥാപനങ്ങളായിരിക്കുന്നത്, സർവോപരി ശൃംഗാരപ്രകടനശൈലിയിലെ ഉച്ചൃംഖലത്വം, പിന്നെ ഗ്രന്ഥസമകാലികമായ ഭാരതീയ സാമാന്യജനചരിത്രത്തിന്റെ ഒരു ഭാഗം സാരസ്യത്തോടെ ഇതിൽ പ്രതിബിംബിച്ചിരിക്കുന്നത്.''*

അന്യാപദേശരൂപത്തിലെഴുതിയ ഒരു ശൃംഗാരകാവ്യമാണിതെന്നു പറഞ്ഞാൽ തെറ്റില്ല. ഗ്രാമീണജീവിതത്തിലെ സ്ത്രീപുരുഷപ്രണയബന്ധത്തിന്റെ വിഭിന്നവശങ്ങളാണിതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. മിക്കപ്പോഴും അനുരാഗത്തിന്റെ അപഥസഞ്ചാരത്തെക്കുറിച്ചുള്ള വർണ്ണനകളാണിതിൽക്കാണുക. ജാരസംസർഗ്ഗവും കലഹവ്യുത്തിയും അത്രയ്ക്കധികം ഉണ്ടായിരുന്നുവോ അന്നത്തെ ഗ്രാമീണജീവിതത്തിൽ എന്നൊരു സംശയംതോന്നിപ്പോകും ഇതിലെ ശ്ലോകങ്ങൾ വായിക്കുമ്പോൾ. മിക്കവയും അന്യാപദേശമായിട്ടാണെന്നതുകൊണ്ടു ശ്രവണമാത്രത്തിൽ വ്യംഗ്യാർത്ഥം സ്ഫുരിച്ചു എന്നുവരികയില്ല. എങ്കിലും ചില ശ്ലോകങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ യാതൊരു പ്രയാസവുമില്ല. ഉദാഹരണമായി, ഏഴാം ശതകത്തിലെ ഈ ശ്ലോകംനോക്കുക:—

ഇങ്ങു കിടക്കും ശ്വശ്രൂ
വിങ്ങീടാ നിങ്ങുസവ് പരിജനവും
മമ മെത്തയിൽ വീഴൊല്ലേ
മാലക്കണ്ണുള്ള പഥിക! ഭവാൻ

എന്നിങ്ങിനെ 'അനുരാഗം ജനിച്ച ഒരു ഗൃഹിണി പഥികന്റെ ഉള്ളറിഞ്ഞു പറയുന്ന'തു വ്യാഖ്യാനംകൂടാതെ മനസ്സിലാക്കാവുന്നതാണല്ലൊ!

കവിതയെപ്പറ്റിപ്പറയുകയാണെങ്കിൽ, ഇതിൽ അനവധി നല്ല പദ്യങ്ങളുണ്ട്. നാട്ടിൻപുറത്തുള്ളവക്കു പരിചിതങ്ങളാണ് അതിലെ പല ചിത്രങ്ങളും. ചില ഉദാഹരണങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

അരിവെപ്പുകാരി! ചെമ്പാ
തിരിമലർ മണമാന്ന് നിന്മുഖാനിലനെ
നുകരാൻ പുകയുകകൊണ്ടോ
ണനലൻ കത്താത്ത, തരിശമരുതിഹതേ (1—14)

* 'ഗ്രാമസൌഭാഗ്യത്തി'ന്റെ അവതാരികയിൽ.

പെരുകിന ചൂടനെടു വീപ്പാ
ലെരിപൊരികൊണ്ടക്ഷിനീരിലാറാടി
'ശ്യാമശബളം' ചരിപ്പൂ
ധ്രുവമവം തൻ ചുണ്ടുനിൻവിയോഗത്തിൽ (2—85)

[തീയിൽച്ചാടിയിട്ട് ഉടനെതന്നെ വെള്ളത്തിലും ചാടുക എന്ന വ്രതമാണത്രെ 'ശ്യാമശബളം.]

വിലസുന്ന മന്നിടത്തിൽ
ത്തത്തക്കൊക്കെതിർ പിലാശലർക്കൂട്ടം
വന്ദിച്ച ഭിക്ഷു സംഘം
ബുദ്ധൻ തൻ കാല്ലൽ വീണതിൻവണ്ണം (4—8)

[യാത്രാരംഭത്തിൽ ബുദ്ധഭിക്ഷുസംഘത്തെക്കാണുന്നത് ദുശ്ശകുനമായി അക്കാലത്തു കരുതിയിരുന്നു.]

ഘനനവ ജലധാരകളാം
കയറുകളിലുടക്കിവെച്ച മേദിനിയെ
പൊക്കാനെളുതാകാഞ്ഞോ
നിലവിളിക്കുട്ടുന്ന നീരദം നോക്കൂ. (5—36)

ആമ്പൽപ്പൂവിതളുകളിൽ
ച്ചലിയാതെ ലസിപ്പൂ മത്തമധുപങ്ങം
ശശിരശ്മിയാൽ മൂടിക്ക
പ്പെട്ട തമസ്സിന്റെ തുണ്ടുകംക്കൊപ്പം (6—61)

മുതലില്ലാപ്പുരപോലേ
തണ്ണീരില്ലാത്തൊരുറവുകഴിപോലേ
പശുവില്ലാത്ത തൊഴുത്തും
പോലേ തദ്വദനമിന്ന നിൻ വിരഹാൽ. (7—9)

ഗ്രന്ഥാരംഭത്തിലെയും അവസാനത്തിലെയും മംഗളശ്ലോകങ്ങം ശിവസ്തുതിപരങ്ങളാണ്:—

തൊഴുവിൻ ശിവയുടെ രോഷാ
രുണമാം മതിനേർമുഖം പതിഞ്ഞതിനാൽ
അർഘത്തണ്ടലർ ചേന്തു
പോലായ ഹരന്റെ സാന്ധ്യകാഞ്ജലിനീർ.

ഊക്കാനേന്തിയ തണ്ണീർ
ക്കുടനയിലഗജാമുഖം പതിഞ്ഞതിനാൽ
മന്ത്രം മറന്ന കളവാ
യധരമനക്കും ഹരന്റെ കുമ്പിടുവിൻ.

മൂലകൃതി പ്രാകൃതത്തിലാണ്. അതിലെ പദ്യങ്ങളെ സംസ്കൃതശ്ലോകത്തിൽ കാവ്യമാലാ പ്രസാധകന്മാർ പ്രസിദ്ധീകരിച്ചതിനെ ആശ്രയിച്ചാണ് ഈ തർജ്ജമ തയ്യാറാക്കിയത്. സർദാർ പണിക്കർ അഭിപ്രായപ്പെട്ടിട്ടുള്ളപോലെ മൂലകൃതിയുടെ 'സംസ്കൃത–പ്രാകൃത ഭംഗികളും' തർജ്ജമയിൽ സംയോജിപ്പിക്കുവാൻ വള്ളത്തോളിന്നു സാധിച്ചിട്ടുണ്ട്.

1949–ൽ പൂർത്തിയായ 'ഗ്രാമസൌഭാഗ്യം' പുറത്തുവന്നതു മൂന്നു കൊല്ലം കഴിഞ്ഞിട്ടാണ്. സാമ്പത്തികകാരണങ്ങളാലാണ് താമസം നേരിട്ടതെന്നും, കത്തിടപാടുകൊണ്ടുമാത്രം വള്ളത്തോളിന്നു പരിചിതയായിരുന്ന ഒരാംഗലേയ മഹിളയുടെ സഹായത്താലാണ് 1952 ആഗസ്റ്റിലെങ്കിലും അതു പുറത്തിറക്കാൻ സാധിച്ചതെന്നും പ്രസാധകന്മാർ പ്രസ്താവിച്ചുകാണുന്നു. പഴയ സംസ്കൃത കാവ്യങ്ങളും വായിക്കുവാനും കൊള്ളാവുന്നവയെ മലയാളത്തിലേക്കു വിവർത്തനം ചെയ്യുവാനും ആ കാലത്തൊക്കെ വള്ളത്തോളിന്നുള്ള ഉത്സാഹം കുറച്ചൊന്നുമായിരുന്നില്ല. ആയിടയ്ക്കു കല്ഹണന്റെ രാജതരംഗിണിയെപ്പറ്റി ഒന്നരണ്ടു ലേഖനങ്ങളും ഞാൻ 'പാരിജാതം' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു മഹാകവിയുടെ ശ്രദ്ധയിൽ പെടുകയുണ്ടായി. ഉടനെ അദ്ദേഹം എനിക്കെഴുതി ആ ഗ്രന്ഥം തനിക്കൊന്നു വായിച്ചാൽക്കൊള്ളാമെന്നുണ്ടെന്നും എവിടെക്കിട്ടുമെന്നറിയിച്ചുകൊടുക്കണമെന്നും. മദിരാശി യൂനിവഴ്സിറ്റി ലൈബ്രറിയിൽനിന്നാണ് ഞാൻ ആ പുസ്തകമെടുത്തുവായിച്ചതെന്നും ഡോക്ടർ ചേലനാട്ട അച്യുതമേനോൻ മുഖേന പുസ്തകം കിട്ടാൻ സാധ്യതയുണ്ടെന്നും ഞാനറിയിച്ചതനുസരിച്ചു വള്ളത്തോൾ പുസ്തകം വരുത്തി വായിച്ചു. കല്ഹണൻ സാമാന്യനല്ലെന്നും രാജതരംഗിണി മലയാളത്തിലേക്കു വരേണ്ടൊരു ഗ്രന്ഥമാണെന്നും അദ്ദേഹത്തിന്നു ബോധ്യമായെങ്കിലും പുസ്തകം കിട്ടാനുള്ള പ്രയാസം നിമിത്തം താൻതന്നെ മദിരാശിയിൽ പോയിത്താമസിക്കാമെന്നുവെച്ചാൽ അതു തത്സമയം അത്ര എളുപ്പമല്ലെന്നു കണ്ടതിനാൽ രാജതരംഗിണിയുടെ തർജ്ജമക്കാര്യം ഉപേക്ഷിക്കേണ്ടിവന്നു.

കേരളത്തിലെ സംസ്കൃതപണ്ഡിതന്മാർക്കു അത്ര പരിചിതമല്ലാത്തതും ഹേമേന്ദ്രനെന്നൊരു കവിയാൽ വിരചിതവുമായ ഒരു ജൈനകാവ്യത്തെപ്പറ്റിയും വള്ളത്തോൾ അക്കാലത്തു ചില അന്വേഷണങ്ങളും നടത്തിയിരുന്നു. അതിൽ രണ്ടു ഭാഗങ്ങളും മുമ്പേപ്പോഴോ വായിച്ച ഓർമ്മയെ മുൻനിർത്തിയാണ് അതിന്റെ പിന്നാലെ പോകാൻ മുതിർന്നത്. പക്ഷേ ശ്രമം ഫലിച്ചില്ല. രാജശേഖരന്റെ സൂക്തിമുക്താവലിയും 23000 ശ്ലോകങ്ങളുള്ള

ങ്ങിയ വിഷ്ണുപുരാണവും ആയിരുന്നു അന്നു വായിക്കുവാൻ ആഗ്രഹിച്ച മറ്റു രണ്ടു ഗ്രന്ഥങ്ങൾ. ആറായിരം ഗ്രന്ഥമുള്ള ഒരു വിഷ്ണുപുരാണം മുമ്പുതന്നെ വായിച്ചിരുന്നു; അതിലും ബൃഹത്തായൊന്നുണ്ടെന്നറിഞ്ഞപ്പോൾ അതും വായിച്ചാൽ കൊള്ളാമെന്നായിരുന്നു മോഹം. ഇങ്ങിനെ പുതിയ പുതിയ പുസ്തകങ്ങളുമായി പരിചയപ്പെടുവാനുള്ള അഭിലാഷം ആ പ്രായത്തിലും വളരെയോ വെച്ചുപുലർത്തിപ്പോന്നിരുന്നു.

ഇരുപത്തിഅഞ്ചാം അധ്യായം

വിദേശ സഞ്ചാരം

ഇതിനിടയിൽ മഹാകവിയുടെ വിദേശസഞ്ചാരത്തിലുള്ള ഉത്സാഹം വർദ്ധിച്ചുകൊണ്ടിരുന്നു. പുതിയ സ്ഥലങ്ങളും പുതുമുഖങ്ങളുമായി പരിചയപ്പെടുവാനുള്ള താൽപര്യം സാധിപ്പിക്കുവാൻ പറ്റിയ ചില സന്ദർഭങ്ങളും വന്നുചേർന്നു.

1950 അവസാനത്തിൽ ഇംഗ്ലണ്ടിൽ സമ്മേളിക്കുവാൻ നിശ്ചയിച്ചിരുന്ന അഖിലലോക സമാധാനകോൺഫറൻസിൽ സംബന്ധിക്കണമെന്നു വള്ളത്തോളിനു മോഹമുണ്ടായിരുന്നു. അധികൃതസ്ഥാനത്തുനിന്നു അതിന്നാവശ്യമായ പാസ്സ്പോർട്ടും യഥാകാലം സമ്പാദിച്ചു. പക്ഷേ ഒന്നിച്ചുപോകാൻ നിശ്ചയിച്ചിരുന്നവരിൽ ആർക്കും യാത്രാനുമതി കിട്ടിയില്ല. ഇംഗ്ലീഷോ മറേറതെങ്കിലും പാശ്ചാത്യഭാഷയോ അറിയാത്ത ഒരു വയോധികന്റെ ആ പുറപ്പാട് ആകപ്പാടെ സാഹസമാണെന്നു പലരും പറഞ്ഞു നോക്കി. പക്ഷേ അതൊന്നും വകവെയ്ക്കാതെ വള്ളത്തോൾ ബോമ്പേക്കു പുറപ്പെട്ടു. കോൺഫറൻസ് ഇംഗ്ലണ്ടിൽ കൂടണം എന്നായിരുന്നു ആദ്യത്തെ നിശ്ചയം. പക്ഷേ സമ്മേളനസ്ഥലം വാർസയിലേക്കു മാറിയതായി ബോമ്പെയിലെത്തിയപ്പോൾ അറിവുകിട്ടി. കൊടുംതണുപ്പുള്ള വാർസയിലേക്കു അനന്യസഹായനായി വള്ളത്തോളിനെ അയക്കരുതെന്നുകരുതി ബോമ്പെയിലെ സുഹൃത്തുക്കളിൽ പലരും അതിനെപ്പററി അദ്ദേഹത്തോടു സനിഷ്ഠം പ്രാണദോഷിച്ചു. ലണ്ടൻവരെ പോയാൽ മതിയെന്നും അവിടെ ചെന്നതിന്നു ശേഷം യാത്ര വേണ്ടെന്നുവെച്ചതായി പ്രസ്താവിക്കാമെന്നും ചിലർ ഉപദേശിച്ചു. അതൊരു വാസ്തവവിരോധമായിരിക്കുമെന്നാണപ്പോൾ വള്ളത്തോൾ ആവേശപൂർവ്വം മറുപടി പറഞ്ഞതു. സുഹൃത്തുക്കൾ പിന്നീടു് നിർബ്ബന്ധിച്ചതുമില്ല.

നവമ്പർ 12–ാംനു-, അങ്ങിനെ, വള്ളത്തോൾ സഹായത്തിന്നാരുമില്ലാതെ ബോമ്പെയിൽനിന്നു ലണ്ടനിലേക്കു വിമാനം കയറി. അന്നത്തെ ഇന്ത്യാ ഹൈക്കമ്മീഷണറായിരുന്ന വി. കെ. കൃഷ്ണമേനോൻ ലണ്ടനിൽ വള്ളത്തോളിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തതിനാലും, അധികം താമസിയാതെ മഹാകവിയുടെ കനിഷ്ഠപുത്രൻ ബാലചന്ദ്രൻ ലണ്ടനിൽ എത്തി

ച്ചേന്നതിനാലും തൽക്കാലത്തെ ബുദ്ധിമുട്ടുകളും അവസാനിച്ചു.

പാശ്ചാത്യഭോഷകളൊന്നുമറിഞ്ഞുകൂടാത്ത ഒരു കേരളീയൻ വാർസയിലെ സമാധാനസമ്മേളനത്തിൽ സജീവമായി പങ്കെടുക്കുക എന്നതു എളുപ്പത്തിൽ വിശ്വസിക്കുവാൻ കഴിയാത്തൊരവസ്ഥയാണു്. എന്നാൽ, വള്ളത്തോളിന്നതു സാധിച്ചു. നാനാഭാഷക്കാരായ അനവധിയാളുകളും നിറഞ്ഞ ഒരു സദസ്സിൽവെച്ചു മഹാകവി മലയാളത്തിലൊരു 'സമാധാന ഗാനം' തന്നെ പാടി! ഇതായിരുന്നു ആ ഗാനം:—

ന്യനം പ്രകൃതിയെക്കീഴാക്കിയെന്നഭി
മാനിച്ചു വിശ്വം മുടിയ്ക്കും വിദശ്ധരേ!
തെല്ലുമൊന്നോക്കാതിരിക്കെ പ്പറപ്പെട്ടം
വെള്ളക്കയറാറമോ മന്നിൻ കുലുക്കമോ
അഗ്നിശൈലത്തിൻ പിളപ്പോ തടുക്കുവാൻ
ശക്തമോനിങ്ങുതൻ വിജ്ഞാനവൈഭവം?
നീതിവിധിച്ചതാണാത്താവനത്തിനും
മാതൃഭ്രരക്ഷയ്ക്കു മായുധധാരണം.
ഭ്രാതൃരാജ്യങ്ങളെ ച്ചുമ്മാവെടിവെയ്ക്കു
ലേതു തട്ടിപ്പറിശ്ശാസ്ത്രത്തിലുള്ളതോ?
വാനിൽപ്പറക്കാൻ ചിറകുകളും കിട്ടിയ
മാനുഷവീരർതൻ കൊള്ളകളും കാങ്കയാൽ
ശവ്വരീ ദേവി പുറത്തെടുക്കില്ല തൻ
ദിവ്യരത്നങ്ങളെ മേലിലെന്നും വരാം.
നേതൃപദത്തിൽ സുഖേന വാണ ചില
രേതും വിഴുങ്ങുമാസ്വാത്മപിശാചിനെ
പ്രീതിപ്പെടുത്താൻ കുരുതി കുറുക്കുന്നു
സാധുനാട്ടാരുടെ ജീവരക്തങ്ങളാൽ!
കാമിപ്പവരല്ല സോദര ഹത്യയെ
ക്കോയ്മപ്രഭുക്കളേ നിങ്ങളുതന്നാളുകളും.
പാരിച്ച ദാസ്യമാറാപ്പു മുതുകത്തു
പേറേണ്ടിവന്ന പൊതിക്കുന്നുകളവർ.

ഒരു പന്തീരാണ്ടിന്നു മുമ്പു, രണ്ടാം ലോകമഹായുദ്ധക്കാലത്തു് 'ഒരു വിവാഹോത്സവം'* എന്ന പേരിലെഴുതിയ കവിതയിലെ ചില വരികളായിരുന്നു ഇവ. ആശയം പരിഭാഷപ്പെടുത്തി വിവരിച്ചുകൊടുത്തപ്പോഴും സദസ്യർ കവിയെ മുക്തകണ്ഠം അഭിനന്ദിച്ചു.

ഈ യാത്രയിൽ പാരിസ്സിലും, ജനീവയിലും, റോമിലും മഹാകവി തെല്ലിടതങ്ങുകയുണ്ടായി. പാരിസ്സു് സവ്കലാശാലയുടെ ആഭിമുഖ്യത്തിൽ വള്ളത്തോളൊരു പ്രസംഗംചെയ്തു.

---

* സാ: മ: എട്ടാം ഭാഗം.


ട്ടുഷിതുല്യനായ വിക്ടോർയൂഗോവിന്റെ ജന്മഭൂമി സന്ദർശിക്കുക എന്ന തീർത്ഥസേവനം സാധിച്ചതിലുള്ള മനോനിർവൃതിയും വിശ്വവിദ്യാലയം നല്കിയ സ്വീകരണത്തിലുള്ള സന്തോഷവും പ്രകാശിപ്പിച്ചുകൊണ്ടാരംഭിച്ച പ്രസംഗത്തിലെ പ്രധാനവിഷയം കഥകളിയായിരുന്നു. ''അനേകം കലാകാരന്മാരെ ജനിപ്പിച്ച ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസ്സ് നഗരത്തിൽവെച്ച് എന്റെ രാജ്യത്തിലെ, കേരളത്തിലെ, ഏറ്റവും പഴക്കമുള്ള നൃത്തനാട്യകലയായ കഥകളിയെപ്പറ്റി സംസാരിക്കുക എന്നതു എനിയ്ക്കൊരു ബഹുമതിയാണ്'' എന്ന മുഖവുരയോടുകൂടി മഹാകവി കഥകളിയുടെ സ്വഭാവത്തെപ്പറ്റിയും അതിന്നു കാലക്രമത്തിൽ നേരിട്ട ദുരവസ്ഥയെപ്പറ്റിയും, അതിൽനിന്നതിനെ കരയേറ്റുന്നതിന്നു കേരളകലാമണ്ഡലം മുഖേന ചെയ്തുവരുന്ന ശ്രമങ്ങളെപ്പറ്റിയും സരസമായി പ്രസംഗിച്ചു. കലാമണ്ഡലത്തിൽ വന്നു രണ്ടുനാലു മാസമോ ഏറിയാൽ ഒരു കൊല്ലമോ പഠിച്ച കഥകളിയുടെ ചില അടിയും പൊടിയും പോക്കറ്റിലാക്കി മടങ്ങിപ്പോകുന്ന ചെറുപ്പക്കാർ അതു കഥകളിയാണെന്നും പറഞ്ഞു പ്രയോഗിച്ചുകൊണ്ടു പല രാജ്യങ്ങളിലും സഞ്ചരിക്കുന്നുട്ടത്തിൽ അത്തരം ചില കഥകളിയെല്ലുകഷം പാരീസ്സിലെ ഹാളുകളിലും വിതറിയിരിക്കാനിടയുണ്ടെന്നും അതു കണ്ടിട്ട് 'ഇതാണ് കഥകളി' യെന്നു പാരീസ്സുകാർ ധരിച്ചുപോയിട്ടുണ്ടെങ്കിൽ ആ ധാരണ ഇപ്പോഴത്തെന്നെ ചുവന്ന മഷികൊണ്ടു വെട്ടിയേക്കണമെന്നും വള്ളത്തോൾ ശ്രോതാക്കളെ ഉൽബോധിപ്പിച്ചു. പ്രസംഗം ഉപസംഹരിച്ചതിങ്ങിനെയായിരുന്നു:—

''ക്ഷയം നീങ്ങി ആരോഗ്യംപ്രാപിച്ചു തുടങ്ങിയ കഥകളിയെ കലാപ്രണയികളെന്നു പുകഴ്ത്തപ്പെട്ട പാരീസ്സുകാരുടെ ദൃഷ്ടിയ്ക്കു വിഷയമാക്കണമെന്നു കലാമണ്ഡലം കരുതിട്ടില്ല അടിലഷിക്കുന്നത്. എന്നാൽ പതിനഞ്ചുപേരെങ്കിലും അടങ്ങിയ ഒരു കഥകളിയോഗത്തെ ആറായിരം നാഴിക ദൂരത്തുനിന്നു സമുദ്രങ്ങളുടെ ഇപ്പുറത്തെത്തിക്കത്തക്ക ധനശക്തി അതിന്നില്ല. ഇതിൽ പാരീസ്സിലെ പണപ്പെട്ടികഷം തെല്ലൊന്നു കണ്ണിഴിക്കുകതന്നെ വേണം. നമ്മുടെ പഴയ കൊട്ടാരത്തിന്റെ മുൻവശത്തുള്ള വിശാലദീഘ്രമായ മരക്കൂട്ടം തളിർക്കാനും പൂക്കാനും വസന്താഗമനത്തെ എപ്രകാരമോ അപ്രകാരം പാരീസ്സിൽ കഥകളി പ്രദർശിപ്പിപ്പാൻ നിങ്ങളുടെ അപൂർവ്വകലാപ്രണയോദയത്തെ കാത്തുനില്ക്കയാണ് കലാമണ്ഡലം.''

1950—ലെ ക്രിസ്മസ്സ് കാലത്ത് വള്ളത്തോൾ പാരീസ്സിലുണ്ടായിരുന്നു. ആ നൂതനാനുഭവത്തിൽനിന്നുടലെടുത്ത കവിതയാണ് 'പാരീസ്സിലെ ക്രിസ്മസ്സ്.'



മഹാകവി പ്രധാനമന്ത്രിയോടൊന്നിച്ച്



എഴപത്തഞ്ചാം വയസ്സിൽ
(1954)

പച്ചവെള്ളത്തെ നറും മുന്തിരിക്കഴമ്പാക്കി
വെച്ച കത്താവിൻ പിറന്നാളിന്റെ മഹിമയാൽ
മച്ചകങ്ങളിൽപ്പൌരർ നാട്ടിയ ചെടിയൊട്ട
ക്കച്ചേനീയമാം ക്രിസ്തുമസ്സു വൃക്ഷമായ് മാറീ

എന്നാരംഭിച്ചുകൊണ്ടുള്ള ഒരു 'ക്രിസ്തുമസ്സ്ട്രീ'യുടെ വണ്ണനയാണ് ആദ്യത്തെ ഖണ്ഡം.

തപ്പരാം ഭവാദ്ധഗക്കൊട്ടൊട്ടതണലേകും
കൃത്യമേ കൃപാലുവാം യേശുവിന്നേറെപ്രിയം

എന്ന ഫലശ്രുതിയോടുകൂടി ആ ഖണ്ഡം അവസാനിക്കുന്നു. പാരീസ്സിലെ ക്രിസ്തുമസ്സാഘോഷങ്ങളെ അടുത്ത രണ്ടു ഖണ്ഡങ്ങളിൽ കവി വണ്ണിക്കുന്നു.

ആലയിലീരായിരത്താണ്ടു മുമ്പൊരു നര
ബാലകൻ പെറുണ്ടായൊരത്ഭുത മുഹൂർത്തത്തിൽ
ആലയം തോറും ചുക്കിച്ചുളിഞ്ഞ കിഴവരും
ബാലരായ്ച്ചമഞ്ഞിതു കേളികൌതുകങ്ങളിൽ.

'മുക്കാലും കതിരോനെക്കാണാത്ത' പാരീസ്സിന്റെ മുക്കിലും മൂലയിലും പൊന്നിളവെയിൽ പാകിയ വൈദ്യുത ദീപങ്ങളും 'കന്യയുണ്ണിയെപ്പെറ്റ പാതിരാസ്സമയത്തെ' ധന്യമാം പകലാക്കിയതായും കവി വണ്ണിച്ചിട്ടുണ്ട്. വിക്ടറോർയൂഗോവിന്റെ ജന്മഭൂവെന്നനിലയിലും യൂറോപ്പിൽ ആദ്യമായി പ്രജായത്തഭരണം പ്രതിഷ്ഠിച്ച നാടിന്റെ മകുടമെന്ന നിലയിലും കവി പാരീസ്സിനെ സ്തുതിക്കുന്നു.

പാരിസ്സേ! കലോല്ലാസ പ്രീണിത സചേതസ്സേ!
പൂരിതൌജസ്സേ! ഹമ്മ്യചുംബിതവിഹായസ്സേ!
എത്രമേൽ വിശ്രുതവും രമ്യവുമായ്ത്തീർന്നീലാ
ക്രിസ്തുമസ്സിതുനിന്നാൽ, ക്രിസ്തുമസ്സിനാൽ നീയും

എന്നിങ്ങിനെ ആ വണ്ണനയവസാനിപ്പിച്ചശേഷം നോത്രുദാം പള്ളിയിൽ കത്തിച്ചുവെച്ച മെഴുതിരികളിൽ 'ക്രിസ്തുവക്കോദയത്തിന്റെ തേജസ്സിൻ നുറുങ്ങുക'ളെ കാണുവാൻ കവിഭാവനയ്ക്കു തെല്ലും പ്രയാസമില്ല. 'മന്നിലും വരേണമേ നാഥ നിൻ നിത്യസ്വർഗ്ഗം' എന്ന പ്രാർത്ഥന കേട്ടപ്പോഴും

ഭക്തരേ വരും വരും സ്വർഗ്ഗമൂഴിയിലേക്കും
സക്തരാകിന്നാംതൊട്ടു സർവ്വമൈത്രിയിൽ നമ്മം;
സ്ഫുർത്തൻ പുക പടർത്താതിരിക്കുക വാന
ത്തത്തിരു നാടിന്നിങ്ങോട്ടിറങ്ങിയെഴനെള്ളാൻ

എന്ന ഭാവുകാശംസയും അനായാസേന ആ തൂലികയിൽനിന്നു ആവിഷ്കൃതമായി.

റോംനഗരിക്കുടി സന്ദർശിച്ചശേഷമാണ് വള്ളത്തോൾ സ്വദേശത്തേക്കു മടങ്ങിയത്. പോപ്പിനെ കാണുവാൻ കിട്ടിയ അനുവാദം അനാരോഗ്യം നിമിത്തം ഉപയോഗപ്പെടുത്തുവാൻ മഹാകവിക്കു സാധിച്ചില്ല. മകൻ ബാലചന്ദ്രനാണ് തനിക്കുവേണ്ടി പോപ്പിനെ ചെന്നുകണ്ടത്. കവിക്കുള്ള പാരിതോഷികം പോപ്പു മകനെറ പക്കൽ കൊടുത്തയക്കുകയും ചെയ്തു. അല്പം പനിയോടുകൂടി ബോമ്പെയിലെത്തിയ വള്ളത്തോളിന്നു നാട്ടിലേക്കു പുറപ്പെടുവാൻ ഒരാഴ്ച അവിടെ മനസ്സില്ലാമനസ്സോടെ താമസിക്കേണ്ടിവന്നു. ജനവരി 21–ാനു ഡാക്ടർമാരുടെ നിർബന്ധത്തിന്നു വഴിപ്പെടാതെയാണദ്ദേഹം നാട്ടിലേക്കു വണ്ടികയറിയത്. അങ്ങിനെ, പത്താഴ്ച നീണ്ടുനിന്ന ആ വിദേശയാത്ര വിജയകരമായി പര്യവസാനിച്ചു.

1951 ജൂൺമാസത്തിൽ വീണ്ടും വള്ളത്തോൾ വിദേശത്തിലേക്കു പുറപ്പെട്ടു. സോവിയറ്റ് യൂനിയനായിരുന്നു ഈ പ്രാവശ്യത്തെ ലക്ഷ്യം. പെഷവാർ മുതൽ കാബൂൾവരെയുള്ള യാത്ര ഒട്ടും സുഖകരമായിരുന്നില്ലെങ്കിലും പുതിയ അനുഭവങ്ങളെക്കുറിച്ചുള്ള പ്രതീക്ഷയിൽ മഹാകവി അതത്ര കൂട്ടാക്കിയില്ല. രണ്ടുമാസത്തോളം നീണ്ടുനിന്ന സഞ്ചാരത്തിനിടയിൽ കണ്ടും കേട്ടും അറിഞ്ഞ കാര്യങ്ങളിൽനിന്നുളവായ ചിന്തകളാണ് 'വള്ളത്തോൾ റഷ്യയിൽ' എന്ന കവിതാസമാഹാരത്തിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടുള്ളത്.

പാരിസ്സിൻ പൊലിമയും ലണ്ടനെറ പെരുമയും
ഭ്രരിയാം ന്യൂയോക്കിനെറ വിഭവസമൃദ്ധിയും

ഒത്തിണങ്ങിയ മോസ്കോവിൽവെച്ചു ലെനിനെറ ശവകുടീരം സന്ദർശിച്ചതിനെക്കുറിച്ചെഴുതിയ കവിതയിൽ ലെനിനെയും ഗാന്ധിജിയെയും കവി ഇങ്ങിനെ താരതമ്യപ്പെടുത്തുന്നുണ്ട്:—

സമഭാവനൻ ലെനിൻ സമഗ്രോഷ്മളമായ
സമര തേജസ്സാലീ റഷ്യയെപ്പുതുപ്പിച്ചു.
ഗാന്ധിജി സത്യഗ്രഹ നിലാവാലിന്ത്യയേയും,
ആന്ധ്യമോചകർ നമുക്കാദിത്യ ചന്ദ്രരിവർ.

പാരിനെറ മുറികെട്ടാൻ പള്ളിപ്പൊൻ തിരശ്ശീല
കീറിനാനൊരാളന്യൻ ശാന്തിയെത്തുന്നിച്ചേർത്തു
കർമ്മയോഗികളൊരുപോലിവരിരുവരും
കല്മഷാപഹർ, കെടുനീതിതൻ തടവുകാർ.

റഷ്യൻ ജനതയുടെ അഭിവൃദ്ധി വള്ളത്തോളിനെ സന്തുഷ്ടനാക്കി യതിന്റെ ലക്ഷണമാണ്

നിന്നുടെയൈനാങ്കഞ്ഞു കോടിമക്കളിലൊരു
ഖിന്നനി,ല്ലലസനി,ല്ല ജ്ഞാതാക്ഷരനില്ല
സ്ത്രീകളും പുമാന്മാരും സവ്വരും സമത്വത്തി
ലേകചിത്തരായ് നില്പൂ —നിൻ ജയം ജയം റഷ്യേ!

എന്ന വരികളിൽ കാണുന്നത്. റഷ്യയിലെ കലകളുടെ പരി പുഷ്ടിയും കലാപ്രേമിയായ കവിയെ ആകഷ്ടിക്കാതിരുന്നില്ല.

കല്യരുഴുതുന്ന റഷ്യാവയൽകളിൽ
നെല്ലൊടൊപ്പം വിളയുന്നു കലകളും
ക്ഷുത്തടങ്ങാത്തവക്കെന്തുവാൻ സംസ്കാര,
മുദ്യമവജ്ജിതക്കുദ്ഗതിയെങ്ങുവാൻ?

('കലകളും വിളയുന്നു' എന്ന കവിതയിൽ)

പിന്നെത്തെ യാത്ര ചൈനയിലേക്കായിരുന്നു. 1953 ജൂൺ മാസാവസാനത്തിൽ, അഖിലേന്ത്യാ സമാധാന കൌൺ സിലിന്റെ സിക്രട്ടറിയിൽനിന്നു വള്ളത്തോളിനൊരെഴുത്തു കിട്ടി. ചീനസ്സമാധാനക്കമ്മിറ്റിയുടെ ക്ഷണനപ്രകാരം ഒരു കലാകാരസംഘത്തെ ഇന്ത്യയിൽനിന്നയക്കുന്നുണ്ടെന്നും അതിൽ കഥകളിയുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുവാനാഗ്രഹമു ണ്ടെന്നുമായിരുന്നു എഴുത്തിലെ താല്പര്യം. അതൊരു കലാപ്രേ ദശ്കന്മാരുടെ സംഘമായിരുന്നതുകൊണ്ടും വള്ളത്തോളിന്റെ പ്രായാധിക്യം പരിഗണിച്ചും അദ്ദേഹം സംഘത്തിലുണ്ടായി രിക്കണമെന്നു കമ്മിറ്റി ഉദ്ദേശിച്ചിരുന്നില്ല. പക്ഷേ കഥകളി ക്കാരുടെകൂടെ താനില്ലാതിരുന്നാൽ ശരിയാവുകയില്ലെന്നു തോ ന്നുകയാൽ വള്ളത്തോളും പുറപ്പെടുവാൻ തീച്ചയാക്കി. ജൂലായി 14–ാംനു- സംഘം ഡൽഹിയിൽനിന്നു വിമാനം കയറി.

ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങളിൽനിന്നുമുള്ള പ്രതി നിധികളടങ്ങിയ ആ സംഘത്തിന്റെ കാരണവസ്ഥാനം വാ സ്തവത്തിൽ വള്ളത്തോളിന്നുതന്നെ ആയിരുന്നു. പക്ഷേ ഇംഗ്ലീ ഷോ മറ്റു വിദേശ ഭാഷകളോ അറിയായ്കകൊണ്ടും ബാധിര്യം പരിഗണിച്ചും സംഘത്തിന്റെ ഔദ്യോഗികമായ നേതൃത്വം വ ള്ളത്തോൾ സ്വീകരിച്ചില്ല. ബങ്കാളി സാഹിത്യകാരനായ സ ച്ചിൻ സെൻഗുപ്തയാണാ സ്ഥാനംവഹിച്ചത്.

സംഘത്തെ എതിരേല്ക്കാൻ പീക്കിങ്ങിൽ കാത്തുനിന്നി രുന്ന ചെറുപ്പക്കാർക്കു വള്ളത്തോളിനെ കണ്ടപ്പോൾ വളരെ സ ന്തോഷമായി. അവരുടെ കുശലപ്രശ്നങ്ങളും ഉപചാരങ്ങളും

അദ്ദേഹത്തെയും സന്തുഷ്ടനാക്കി. ''കയ്യിൽ പൂച്ചെണ്ടുകളും ചുണ്ടുകളിൽ അവയെക്കാളും മനോഹരങ്ങളായ പുഞ്ചിരിയും ഏന്തിയ നിങ്ങളും എന്നെയും ഒരു ചെറുപ്പക്കാരനാക്കിയിരിക്കുന്നു. ചെറുപ്പക്കാരായ നിങ്ങൾക്കു എന്നെ കൂട്ടുകാരനാക്കുവാൻ മടിയുണ്ടാവും. എന്നാലും —'' എന്നിങ്ങിനെയുള്ള കവിയുടെ നമ്മസല്ലാപം അവക്കൊക്കെ നന്നെപ്പിടിച്ചു.

അത്യന്തം ഹൃദയംഗമമായ രീതിയിലായിരുന്നു ചൈനയിൽനിന്നു കിട്ടിയ സ്വീകരണം. നന്ദി പ്രകടിപ്പിച്ചുകൊണ്ടു വള്ളത്തോൾ ചെയ്ത മലയാള പ്രസംഗം മകൻ ബാലകൃഷ്ണക്കുറുപ്പു ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി. ഇന്ത്യയും ചൈനയുമായുള്ള പൂർവ്വകാല സമ്പർക്കത്തെപ്പറ്റി പറയുന്നതിനിടയ്ക്കു ചീനവല, ചീനഭരണി മുതലായി കേരളീയർക്കു പരിചിതങ്ങളായ സാധനങ്ങളെക്കുറിച്ചും മഹാകവി പ്രസ്താവിക്കുകയുണ്ടായി. അപ്പോൾ നടന്നുകൊണ്ടിരുന്ന കൊറിയൻ യുദ്ധവിരാമസംഭാഷണത്തെപ്പറ്റിയും കവി ഇങ്ങിനെ സൂചിപ്പിച്ചു. ''ലോകത്തിലെ സമാധാനതൽപരരായ ജനങ്ങളുടെ അഭിലാഷംമാനിച്ചു സംഭാഷണം ഫലവത്തായിത്തീരുമെന്നുതന്നെ ആശിക്കുക. യുദ്ധാഗ്നി തൽക്കാലം കുറച്ചൊന്നു കെട്ടടങ്ങുമെന്നും നമുക്കാശിക്കാം. എന്നാൽ ഈ തീ ഒട്ടൊന്നു കെട്ടടങ്ങുന്നതു സഹിക്കാൻ വയ്യാത്ത ചിലരുണ്ട്. അവർ ദുരാഗ്രഹം നിറഞ്ഞ സ്വാർത്ഥത്തിന്റെ വിറകിൻ കൊള്ളികളും ഇടയ്ക്കിടെ കുത്തിത്തിരുകി തീ ആളിക്കത്തിക്കാൻ ശ്രമിക്കുന്നുണ്ടെന്നു നാം മറന്നുകൂടാ..... യുദ്ധത്തിന്റെ ഈ കൊടും തീ എന്നെന്നേയ്ക്കുമായി ശമിയ്ക്കുണമെങ്കിൽ ഗംഗയിലെയും വാംഗയിലെയും യാങ്ട്സിയിലെയും ജലം കുടങ്ങളിലേന്തി ഒന്നിച്ചുനിന്നു ധാരയായി ഒഴക്കിയേ മതിയാവൂ എന്നു വിശ്വസിക്കുന്നവനാണ് ഞാൻ.''

ചൈനയിൽ പല സ്ഥലങ്ങളിലുമായി മഹാകവി ആറാഴ്ചക്കാലം കഥകളി സംഘത്തോടൊന്നിച്ചു സഞ്ചരിച്ചു. പീക്കിങ്ങ്, നാങ്കിങ്ങ്, ഷാങ്ങ്ഹായ് മുതലായ സ്ഥലങ്ങളിൽ ചെയ്ത പ്രസംഗങ്ങളിലും നേതാക്കന്മാരുമായി ചെയ്ത അഭിമുഖഭാഷണങ്ങളിലും കഥകളിയുടെ കാര്യം പ്രത്യേകം എടുത്തുപറഞ്ഞിരുന്നു.

ചൈനയാത്ര വള്ളത്തോളിനെ വളരെ സന്തുഷ്ടനാക്കിയെന്നു പറയാതെ നിവൃത്തിയില്ല. ''പ്രാചീന സംസ്കാരകേദാരമായ ആ മഹാരാജ്യത്തെപ്പറ്റി തൽപരകക്ഷികൾ പറഞ്ഞു പരത്തുന്ന അസത്യങ്ങളുടെയും അർദ്ധസത്യങ്ങളുടെയും ഇരുൾപ്പരപ്പിലേക്കു സ്വന്തം ബാഹ്യാന്തര നേത്രങ്ങളുടെ ഒരു കൊച്ചുവെളിച്ചം പായിച്ച് വാസ്തവത്തിന്റെ വല്ല നുറുങ്ങുകളും പെറുക്കിയെടു

ക്കാൻ ഒരു കൌതുകം എന്റെ ഉള്ളിൽ മുളച്ചു പൊന്തിനിന്നിരുന്നു. അതു ഇത്തിരിയെങ്കിലും ഫലിക്കുമാറു കാലാനുകൂല്യം കൈവന്നതു് ഒരു വിലയേറിയ നേട്ടവും അപൂർവ്വസൌഭാഗ്യവുമായി ഈ എഴുപത്തഞ്ചുവയസ്സുകാരൻ കരുതുന്നു'' എന്നാണു് 'മഹത്തായ ചീന ഉണർന്നുകഴിഞ്ഞു' എന്ന ശീർഷകത്തിൽ 1953 ഒക്ടോബർ 4–ാംനു-യത്തെ ദേശാഭിമാനി പത്രത്തിലെഴുതിയ ഒരു ലേഖനത്തിൽ അദ്ദേഹം പ്രസ്താവിച്ചതു്.

1954 മധ്യത്തിൽ സിങ്കപ്പൂരിലും മലായു് പ്രദേശങ്ങളിലും കഥകളിസംഘത്തോടൊന്നിച്ചുചെയ്ത പര്യടനമായിരുന്നു വള്ളത്തോളിന്റെ ഒടുവിലത്തെ വിദേശയാത്ര. പല സ്ഥലങ്ങളിലും മഹാകവിയ്ക്കു സ്വീകരണങ്ങളും ലഭിച്ചു. യാത്ര ആകപ്പാടെ ഭംഗിയിലാണു് നിവ്വഹിച്ചതെങ്കിലും ചില കേരളീയർ അല്പം കുശുമ്പു കാണിക്കാതിരുന്നില്ല. വള്ളത്തോളിനെയും കഥകളിയെയും ആഫ്രിക്കയിലേക്കു നാടുകടത്തണമെന്നായിരുന്ന അവരുടെ അഭിപ്രായം! കഥകളിയോടുള്ള വെറുപ്പോ വല്ലതും കൈവിട്ടു ചിലവിടേണ്ടിവന്നേക്കുമോ എന്ന ഭയമോ ഏതാണതിന്റെ പിന്നിലുണ്ടായിരുന്ന മാനസിക പ്രവർത്തനമെന്നു തീച്ചയില്ല. ഏതായാലും കഥകളിയ്ക്കോ മഹാകവിയ്ക്കോ അതുകൊണ്ടൊരു ഗൌരവക്ഷതവും പറ്റിയില്ല എന്നു പറഞ്ഞാൽ മതിയല്ലൊ.

പിറ്റെത്തെകൊല്ലം ഒക്ടോബർമാസത്തിൽ വള്ളത്തോൾ കുറച്ചുദിവസം മദിരാശിയിൽചെന്നു താമസിച്ചു. അന്നു അവിടെ ജെമിനി സക്സ്സുകാർ പ്രദർശനങ്ങൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു. മഹാകവിയുടെ സാന്നിധ്യത്തിൽ അവരൊരു പ്രത്യേക പ്രദർശനമേർപ്പെടുത്തി. ഭാരവാഹികളുടെ സ്വാഗതത്തിന്നുശേഷം അവർ കലാമണ്ഡലനിധിയിലേയ്ക്കൊരു സംഭാവന നല്കിയതിന്നു നന്ദിപറഞ്ഞുകൊണ്ടു സംസാരിക്കുന്നതിന്മധ്യേ, മലയാണ്മയുടെ മക്കളായ കായികാഭ്യാസികളുടെ വീരസാഹസികതയെ അദ്ദേഹം അഭിമാനപുരസ്സരം അഭിനന്ദിച്ചു. റഷ്യ മുതലായ രാജ്യങ്ങളിൽ താൻ കണ്ട സക്സ്സുകളോടു സമശീർഷതവഹിക്കുന്നതാണു് കേരളീയരുടെ സക്സ്സുകളെന്നും ആവിഷ്കരണപ്പകിട്ടിൽ മാത്രമേ അവയ്ക്കു തെല്ലൊരു മുൻസ്ഥാനം നല്കാനുള്ളു എന്നും അദ്ദേഹം പ്രസ്താവിച്ചു.

കിഴക്കൻയൂറോപ്പിലും സോവിയ്റ്റു് യൂനിയനിലും ഒരിക്കൽകൂടി സഞ്ചരിച്ചാൽ കൊള്ളാമെന്നു 1956–ൽ വള്ളത്തോളാഗ്രഹിച്ചു. പക്ഷേ വാർദ്ധക്യംമുൻനിർത്തി അതിന്നു അധികൃതന്മാർ അനുമതി നിഷേധിച്ചതുകൊണ്ടു ആ മോഹം നിറവേറിയില്ല. കേരളത്തിലും ഇന്ത്യയിൽ മറ്റു പ്രദേശങ്ങളിലും സഞ്ചരിച്ചു ചെയ്യുന്നതിന്നു, പക്ഷേ, യാതൊരു നിരോധവുമുണ്ടായിരുന്നില്ല.

ഇരുപത്താറാം അധ്യായം

ഋഗ്വേദം

വേദേതിഹാസാദി വിഭ്രതിയെല്ലാം
മേൽജ്ജാതി തൻ പൈതൃകമാണുപോലും

എന്നെഴുതുവാൻ വള്ളത്തോളിനെ പ്രേരിപ്പിച്ച പരിതസ്ഥിതികം എന്തുതന്നെ ആയിരുന്നാലും, അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മനോഭാവത്തിന്റെ ഫലമായി ഭാരതീയ സംസ്കാരത്തിന്റെ ഉത്തുംഗ തലങ്ങളിൽ നിന്നു അനേകകോടി ജനങ്ങളെ എന്നെന്നേയ്ക്കുമായി അകറ്റിനിർത്തുവാനിടയായിട്ടുണ്ടെന്ന വാസ്തവം ആർക്കും നിഷേധിയ്ക്കാവുന്നതല്ല. വേദപാരായണത്തിനുള്ള അധികാരമില്ലെന്നു മാത്രമല്ല വേദശ്രവണം പോലും പാടില്ലെന്നു വിധിക്കപ്പെട്ട ഭാരതീയ സമുദായങ്ങൾക്കു ആ പ്രാചീനസാഹിത്യവുമായി തെല്ലൊന്നു പരിചയപ്പെടുവാൻ പാശ്ചാത്യപണ്ഡിതന്മാരുടെ സന്മനസ്സിനെ ആശ്രയിക്കേണ്ടിവന്നു എന്നതൊരു വിധിവൈപരീത്യമല്ലേ? വേദങ്ങളുടെ ഇംഗ്ലീഷ് തർജ്ജമകൾ അച്ചടിച്ചു പുറത്തുവന്നപ്പോൾ, അവയുടെ ഉള്ളടക്കം ഏതാണ്ടൊരു വിധത്തിൽ ഗ്രഹിക്കുവാൻ വൈദികസംസ്കൃതഭാഷയറിഞ്ഞുകൂടാത്തവർക്കും സാധിച്ചു. ഭാരതീയരുടെ പ്രാചീനചരിത്രത്തിൽ അറിയപ്പെടേണ്ടുന്ന അനേകം വിഷയങ്ങളെക്കുറിച്ചു ആധുനികലോകത്തിന്നൊരു സാമാന്യജ്ഞാനം നല്കുന്നത് വൈദികസാഹിത്യമാണ്. ഭാഷകളുടെയും ചിന്തകളുടെയും ഉത്ഭവം, മതവിശ്വാസങ്ങളുടെ വളർച്ച, ശാസ്ത്രങ്ങളുടെ ആവിർഭാവം, ഗാർഹികവും സാമുദായികവും രാഷ്ട്രീയവുമായ ജീവിതസമ്പ്രദായത്തിന്റെ വികസനം എന്നിങ്ങിനെ അനവധികാര്യങ്ങൾ അറിയുന്നതിന്നു വൈദിക സാഹിത്യപരിചയം അത്യാവശ്യമാണ്. വേദങ്ങളിൽ നിന്നു കിട്ടുന്ന ആ വെളിച്ചം പുരാണേതിഹാസങ്ങളിൽ നിന്നു ലഭ്യമല്ല. അവയെക്കാൾ എത്രയോ അധികം പ്രാചീനതയുണ്ട് വേദങ്ങൾക്കു എന്നതാണിതിന്നു കാരണം. ഹിമാലയപർവ്വതനിരയുടെ ഉയരം കണക്കാക്കുവാൻ എവറസ്റ്റ് കൊടുമുടിയുടെ ഔന്നത്യത്തെ ആശ്രയിക്കേണ്ടിവരുന്നതുപോലെ, ഭാരതീയ സംസ്കാരത്തിന്റെ ഉത്തുംഗത മനസ്സിലാക്കുവാൻ സാദ്ധ്യമാവുന്നത് വൈദികർത്താക്കളായ കവികളുടേയും ഉപനിഷത്തത്വവേദികളായ ഋഷികളുടെയും വേദാന്ത ദർശകന്മാരായ ജ്ഞാനി

കളുടെയും ധൈഷണിക സംഭാവനകളിൽനിന്നാണ്.

കാലക്രമത്തിൽ ഇതിഹാസപുരാണങ്ങളുടെ ഭാഷാവിവ ത്തനങ്ങളും ലഭ്യങ്ങളായെങ്കിലും വേദകവാടങ്ങളും,സാമാന്യ ജന ങ്ങളുടെ സമീപിക്കുവാൻ സാധ്യമല്ലാത്തവിധത്തിൽ, അടഞ്ഞു തന്നെ കിടന്നു. പ്രാദേശിക ഭാഷകളിലൊന്നിലും അവയെ സംക്രമിപ്പിക്കുവാൻ ആരും ധൈര്യപ്പെട്ട മുന്നോട്ടുവന്നില്ല.

വേദപ്രചാരായണത്തിന്നു സാമാന്യജനങ്ങളും അധികാരികള ല്ലെന്ന വിശ്വാസത്തിന്നു യുക്തിപൂർവ്വകമായിട്ടാലോചിച്ചാൽ യാ തൊരടിസ്ഥാനവും ഇല്ല. വേദവാക്യങ്ങളിലൂടെ ആവിഷ്കൃ തമായ തത്വസംഹിത ബഹുജനങ്ങളിൽനിന്നൊളിച്ചുവെക്കേണ്ട താണെന്നു അതിന്റെ കർത്തൃത്വം വഹിക്കുന്ന ഋഷികളാരും വി ധിച്ചിട്ടില്ല. നേരെമറിച്ചു, സാമുദായികമോ സാംസ്കാരികമോ ആയ സ്ഥിതിഭേദങ്ങളും വകവെയ്ക്കാതെ വേദതത്വങ്ങളെ ബഹു ജനങ്ങൾക്കിടയിൽ വിതരണം ചെയ്യണമെന്ന വിചാരക്കാരാ യിരുന്ന വേദാചാര്യന്മാർ എന്നതിന്നു അഥർവ്വവേദത്തിലെ ഒരു സൂക്തം സാക്ഷ്യംവഹിക്കുന്നുണ്ട്:—

അശ്വിനാ സാരഘ്നേണ മാ
മധുനാങ്കതം ശുഭസ്പതീ
യഥാ ഭർഗ സ്വതീം വാചം
അവദാനി ജനാൻ അനു.

''ഭദ്രസ്വതിയായ - മംഗളകരമായ— വാക്കു ജനങ്ങളോടു പറയു വാൻ എന്നിൽ മധുനിറയ്ക്കുക'' എന്നാണ് ദേവന്മാരോടു ഋഷി അപേക്ഷിക്കുന്നത്. ''സർവ്വജനങ്ങളോടും ആ മംഗളവാക്കുച്ചരി ക്കുവാൻ എന്നിയ്ക്കു സാധിക്കട്ടേ'' എന്നൊരു പ്രാർത്ഥന യജുർവ്വേദ ത്തിലുമുണ്ട്. ''ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും എന്റെ സ്വന്തം ജനങ്ങളും അന്യജനങ്ങളും'' ആണ് സർവ്വജന ങ്ങളും എന്ന ശബ്ദംകൊണ്ടു വിവക്ഷിക്കപ്പെട്ടിട്ടുള്ളതെന്നും പറ ഞ്ഞിട്ടുണ്ട്. ആര്യന്മാരല്ലാത്തവർക്കും വേദപരിചയം ഉണ്ടായി രുന്നു എന്നതിന്നു വാല്മീകിരാമായണത്തിൽ ഹനുമാന്റെ സം സാരംകേട്ടു രാമൻ ലക്ഷ്മണനോടു പറയുന്ന

നാനൃഗ്വേദ വിനീതസ്യ നായജുർവേദധാരിണ:
നാസാമവേദവിദുഷശ്ശക്യമേവം പ്രഭാഷിതും

എന്ന വാക്കുകളും സാക്ഷ്യംവഹിക്കുന്നുണ്ട്. ലങ്കയിൽ ചെന്ന ഹനുമാൻ രാക്ഷസഗൃഹങ്ങളിൽനിന്നു മന്ത്രോച്ചാരണം കേട്ടു എ ന്നും ആദികവി വർണ്ണിച്ചിട്ടുണ്ട്. ജാതിസമ്പ്രദായത്തിന്റെ സ്വഭാവം മാറിയതോടുകൂടിയായിരിക്കണം വേദേതിഹാസാദി വിഭ്രുതിയെല്ലാം മേൽജാതിയുടെ പൈതൃകമാണെന്ന തെറ്റി

ദ്ധാരണ പ്രചരിക്കുവാൻ തുടങ്ങിയത് എന്നുഹിക്കേണ്ടിയിരിക്കുന്നു.

വള്ളത്തോൾ ഋഗ്വേദം മലയാളത്തിലേക്കു തർജ്ജമചെയ്യുന്നുണ്ടെന്ന വർത്തമാനം നാട്ടിൽ പരന്നപ്പോൾ പലരും ആശ്ചര്യപ്പെട്ടതിന്റെ കാരണം ഇതിൽനിന്നു വ്യക്തമാകുന്നുണ്ട്. പല ഭാഗത്തുനിന്നും പലതരത്തിലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പൊന്തിവന്നു. അപൌരുഷേയമായ വേദത്തെ മൂലഭാഷയിൽനിന്നു വിവർത്തനംചെയ്താൽ മന്ത്രങ്ങളുടെ വീര്യം പാടേ ചോർന്നുപോകുമെന്നായിരുന്നു ചിലരുടെ ആക്ഷേപം. വേദപാരായണത്തിന്നധികാരികളല്ലാത്തവർക്കു വേദരഹസ്യം ഗ്രാഹ്യമായിത്തീർന്നാലുള്ള ഗൌരവച്യുതിയാണ് മറു ചിലരെ വ്യാകുലപ്പെടുത്തിയത്. വേദഭാഷയിൽ ശബ്ദാങ്ങൾക്കുള്ള സാങ്കേതികാർത്ഥം മലയാണ്മയിലേക്കു പകർത്തുവാൻ പ്രയാസമുണ്ടെന്നായിരുന്ന യാഥാസ്ഥിതികപണ്ഡിതന്മാരുടെ സിദ്ധാന്തം. ഇങ്ങിനെ പലതരത്തിലുമുള്ള പരാതികൾക്കിടയിലാണ് വള്ളത്തോൾ ഋഗ്വേദതർജ്ജമയാരംഭിച്ചത്.

പെട്ടന്നുണ്ടായ ഒരാവേശമല്ല എഴുപത്തിയഞ്ചാം വയസ്സിൽ വള്ളത്തോളിനെ ഈ സാഹസകൃത്യത്തിന്നു പ്രേരിപ്പിച്ചത്. വളരെക്കാലമായി ഉള്ളിൽ കൂടികൊണ്ടിരുന്ന ഒരാഗ്രഹത്തിന്റെ ബാഹ്യസ്ഫുരണംമാത്രമായിരുന്നു അത്. 1944–ൽ എറണാകുളത്തുവെച്ചു നടന്ന പരിഷത്സമ്മേളനത്തിൽ ചെയ്ത അധ്യക്ഷപ്രസംഗത്തിൽ വള്ളത്തോൾ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു:—''റഷ്യയ്ക്കു തന്റെ യുവപണ്ഡിതന്മാരെക്കൊണ്ടു മഹാഭാരതം പകർപ്പിച്ചെടുക്കാമെങ്കിൽ എന്തുകൊണ്ടു കേരളത്തിന്നു ഋഗ്വേദം സ്വായത്തമാക്കിക്കൂടാ? ഒരു ലളിതവും മിതവുമായ വ്യാഖ്യാനത്തോടെ ആ പരിശുദ്ധമഹാഗ്രന്ഥം മലയാണ്മയിൽ അവതരിക്കുമെങ്കിൽ അതു ഒരു ചില്ലറ നേട്ടമായിരിക്കുമോ? വളരെക്കാലം മഹാകവി ടാഗോറിന്റെ വിശ്വഭാരതിയിൽ സംസ്കൃതാധ്യാപകപദത്തെ അലങ്കരിച്ച വിദ്വൽപ്രവരനായ ശ്രീ വിധുശേഖരശർമ്മാ എം. എ. മുപ്പതു നാല്പതു കൊല്ലങ്ങൾക്കു മുമ്പെ ഒരു സംസ്കൃതപത്രഗ്രന്ഥത്തിൽ ഋഗ്വേദത്തിലെ ചില സൂക്തങ്ങൾക്കു ചെറിയ ചെറിയ സംസ്കൃതവ്യാഖ്യാനം എഴുതിയിരുന്നതു ഞാൻ കണ്ടിട്ടുണ്ട്.....ഇത്തരത്തിൽ ഒരു വ്യാഖ്യാനംകൊണ്ടു ഋഗ്വേദം മലയാളികൾക്കു സുഗ്രഹമാക്കിയാലത്തെ ഫലം മധുരോദാരമായിരിക്കും. അതു അന്ധവിശ്വാസങ്ങളകറ്റും; വർഗ്ഗമത്സരങ്ങളെ വററിയ്ക്കും; ഐക്യബുദ്ധിയെ അങ്കുരിപ്പിയ്ക്കും; സദാചാരനിഷ്ഠയെ സമുന്നമിപ്പിക്കും; കർമ്മവൈമുഖ്യത്തെ കൈവെടിയിക്കും; സാഹിത്യത്തെ സംസ്കാരപൂതമാക്കും.''

പത്തു കൊല്ലം മുമ്പുച്ചരിച്ച ഈ വാക്കുകളുടെ പ്രതിധ്വനി ഉള്ളിൽ അലതല്ലിക്കൊണ്ടിരിക്കെയാണ് വയോധികതയുടെ ഭീഷണികളൊന്നും വകവെയ്ക്കാതെ വള്ളത്തോൾ ഋഗ്വേദപരിഭാഷയ്ക്കൊരുങ്ങിപ്പുറപ്പെട്ടത്. അനേകം സംസ്കൃതഗ്രന്ഥങ്ങളെ തജ്ജമചെയ്യുകയും തഴക്കംവന്നതായിരുന്ന അദ്ദേഹത്തിന്റെ കൃതികളെന്നു പറഞ്ഞിട്ടുകാര്യമില്ല. ആ ഗ്രന്ഥങ്ങളിലെ സംസ്കൃതത്തിൽനിന്നു വളരെ വിഭിന്നമാണ് വൈദികസംസ്കൃതമെന്നു ധരിച്ചെങ്കിലേ അതിന്റെ സാഹസികതമുഴുവനും മനസ്സിലാവുകയുള്ളൂ. പുരാണകർത്താക്കന്മാരുടെയോ വാല്മീകിയുടെയോ ഭാസകാളിദാസാദികളുടെയോ സംസ്കൃതഭാഷ ഏതു സംസ്കൃതവിദ്യാർത്ഥിക്കും പരിചിതമാണെങ്കിലും വേദങ്ങളിലെ ഭാഷയുടെ സ്ഥിതി അതല്ല. മൂന്നു നാലു സഹസ്രാബ്ദങ്ങളുടെ വിദൂരതയിൽ നെടുനീളെ ഉയർന്നു നിവർന്നുനില്ക്കുന്ന ഒരു മഹാപർവ്വതനിരയാണ് വൈദികസാഹിത്യം. ദൈനന്ദിനവ്യവഹാരങ്ങളിൽനിന്നു അകന്ന ഒരു മേഖലയിൽ സ്ഥിതിചെയ്യുന്ന ആ വനപഥത്തിലൂടെ സാമാന്യജനങ്ങൾ അധികം സഞ്ചരിച്ചിട്ടില്ല. അക്ഷുണ്ണമായ ആ ദുർഗ്ഗമമാർഗ്ഗത്തിലാണ് വൈകിയവേളയിൽ ധൈര്യപൂരസ്സരം വള്ളത്തോൾ കാലെടുത്തുവെക്കുവാൻ മുതിർന്നത്. പ്രതിബന്ധങ്ങളോടു മല്ലിടുവാൻ കരുത്തുള്ള ആത്മവിശ്വാസമായിരുന്ന ആ സാഹസയാത്രികനു മുഖ്യമായ സഹായമായിത്തീർന്നത്.

ഭാഷയുടെ വൈജാത്യംകൊണ്ടും ആശയങ്ങളുടെ അവ്യക്തതകൊണ്ടും മാത്രമല്ല അതിജടിലങ്ങളായ ഗ്രന്ഥഗ്രന്ഥികൾ കൊണ്ടും അത്യന്തം ദുഷ്കരമായിരുന്ന വേദമാർഗ്ഗസഞ്ചാരം. ദിവസംപ്രതി അനേകം നീണ്ട മണിക്കൂറുകൾ ഏകാഗ്രതയോടെ വിനിയോഗിച്ചതിന്റെഫലമായി 10472 ഋക്കുകളടങ്ങിയ 1017 സൂക്തങ്ങളുടെ വിവർത്തനം രണ്ടരക്കൊല്ലംകൊണ്ടു വള്ളത്തോൾ മുഴുപ്പിച്ചു, അതൊരു ഭഗീരഥപ്രയത്നമായിരുന്നു. അവഗാഢമായ ആശ്വാസത്തിന്റെ ഒരു നെടുവീർപ്പോടുകൂടിയാണ് 1955 ജൂൺമാസത്തിൽ ഋഗ്വേദസംഹിതയെ വള്ളത്തോൾ കേരളീയഹസ്തങ്ങളിൽ സമർപ്പിച്ചത്. ''ഇന്ത്യയിലെ അധഃകൃതരെ വേദം വഴിപോലെ പഠിപ്പിക്കുണ''മെന്ന വിവേകാനന്ദസ്വാമികൾ ഒരവസരത്തിൽ പ്രസ്താവിച്ചത് മുപ്പതു കൊല്ലം മുമ്പു എവിടെയോ വായിച്ചപ്പോൾ പിടികൂടിയ ഒരാശയമാണ് എഴപത്തഞ്ചാം വയസ്സിൽ തന്നെ''ഋഗ്വേദവിവർത്തനമെന്ന അലകലടലിൽ'' ഉന്തിവീഴ്ത്തിയതെന്നു വള്ളത്തോൾ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ ഋഗ്വേദതർജ്ജമകൾ ഉണ്ടായിരുന്നു എങ്കിലും ഭാരതീയഭാഷകളിൽ, മറാട്ടിയിലൊഴികെ, ഒരു പരിഭാഷ അതുവരെയുണ്ടായിരുന്നില്ല. അങ്ങിനെ വള്ള

ത്തോളിന്റെ വിവർത്തനോദ്യമത്തിന്നു അനിതരസാധാരണമായ ഒരു പ്രമുഖതയുണ്ടായിത്തീർന്നു. വേദങ്ങളുടെ പ്രാമാണ്യത്തെപ്പറ്റി പൊതുവെ ചിലതെല്ലാം പ്രസംഗിക്കുവാനും എഴുതുവാനും കെല്പുള്ള പണ്ഡിതന്മാർ അവിടവിടെയുണ്ടായിരുന്നുവെങ്കിലും അവയുള്ളിൽ കടന്നുചെന്നു അവയുടെ അപരിമിതമായ ആശയപ്രകാശം വേണ്ടവിധത്തിൽ അനുഭവിച്ചറിഞ്ഞവർ അധികമുണ്ടായിരുന്നില്ല. പരേതനായ വി. കെ. നാരായണഭട്ടതിരിയായിരുന്നു ആ വിഷയത്തിൽ കുറെയധികം പരിശ്രമിച്ച ഒരു പ്രശസ്ത കേരളീയപണ്ഡിതൻ. അദ്ദേഹം ഋഗ്വേദത്തിനൊരു ഗദ്യവിവർത്തനംതന്നെ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുവാനുദ്ദേശിച്ചത് എന്തോ കാരണത്താൽ ഫലിയ്ക്കുകയുണ്ടായില്ല. ഭട്ടതിരിയുണ്ടായിരുന്ന വൈദികസാഹിത്യപരിചയം അവകാശപ്പെടുവാൻ വഴിയില്ലാത്ത വള്ളത്തോൾ വേണ്ടിവന്നു ഒടുവിൽ ആ വിവർത്തനകൃത്യം നിർവ്വഹിക്കുവാൻ. തന്റെ ആദ്യഗുരുവായിരുന്ന കൈക്കുളങ്ങര രാമവാരിയരുടെ ആത്മാവും ആ പരിശ്രമത്തെക്കുറിച്ചു അനുഗ്രഹബുദ്ധ്യാ അനുമോദിച്ചിരിയ്ക്കുണം.[1]

സംസ്കാരശൂന്യതയെന്ന അർത്ഥത്തിൽ പ്രാചീനതയെ പ്രാകൃതത്വത്തിന്റെ പര്യായമായി പരിഗണിയ്ക്കുന്ന ഒരു മനസ്ഥിതി ഇന്നും പ്രചാരത്തിലുണ്ട്. മുപ്പത്തഞ്ചോ അധികമോ ശതാബ്ദങ്ങൾക്കു മുമ്പുണ്ടായതായി വിശ്വസിക്കപ്പെടുന്ന വേദസംഹിതകളുടെ തജ്ജമകൊണ്ടു ഇരുപതാം നൂറ്റാണ്ടിലെ പരിഷ്കൃതലോകത്തിന്നെന്തു പ്രയോജനമാണുണ്ടാവുക എന്ന ചോദ്യം ചില സ്ഥാനങ്ങളിൽനിന്നു പൊന്തിവരാതെയും ഇരുന്നില്ല. വേദങ്ങളിൽ പ്രതിപാദിച്ച വിഷയങ്ങളെന്താണെന്നറിയാതെ വെറും ഊഹത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള അത്തരം ആക്ഷേപങ്ങൾക്കുത്തരം പറയേണ്ട ആവശ്യമില്ല. പ്രാചീനമാണെന്ന കാരണത്താൽമാത്രം വേദസാഹിത്യം പ്രാകൃതമാവുകയില്ല. പില്ക്കാലങ്ങളിലെ നാഗരികതയുടെ ആഘാതപ്രത്യാഘാതങ്ങളാൽ അലങ്കോലപ്പെട്ടിരുന്നില്ലാത്ത ഒരു ജീവിത സരണിയാണ് അതിൽ പ്രതിഫലിച്ചുകാണുന്നത്. ജീവിക്കുന്നതിലുള്ള ആനന്ദവും ശുഭപ്രതീക്ഷയും തുളുമ്പുന്ന ഒരു ചിത്തവൃത്തിയുടെ ഓളംവെട്ടലാണ് വേദമന്ത്രങ്ങളിൽ കേൾക്കുന്നത്. ജീവിതത്തോടും അതിനെ നിയന്ത്രിക്കുന്ന പരാശക്തിയോടും വൈദികഷ്ടികൾക്കു അപാരമായ സ്നേഹമുണ്ടായിരുന്നതുകൊണ്ടു അധ്യാത്മസുഖത്തിന്നുമാത്രമല്ല ഭൌതികവിഭൂതികൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ അവർ വിമുഖത കാണിച്ചിരുന്നില്ല. അങ്ങിനെയുള്ള പ്രാർത്ഥനകളാണ് ഋഗ്വേദത്തിൽ അധികഭാഗവും.

പക്ഷേ വേദമന്ത്രങ്ങൾക്ക അപ്രകാരത്തിലുള്ള അർത്ഥകല്പന ഉപരിപ്ലവതയിന്റെ ഫലമാണെന്നും ജ്ഞാനികൾക്ക അവയിൽ അധ്യാത്മികമായ രഹസ്യാർത്ഥം കാണുവാൻ കഴിയുമെന്നുമാണ് മറെറാരുപക്ഷം. വേദത്തിലുപയോഗിച്ച ഭാഷ കാവ്യപുരാണേതിഹാസങ്ങളിലെ ഭാഷയിൽനിന്നു ഏറക്കുറെ വിഭിന്നമായതുകൊണ്ടു വേദകർത്താക്കളുദ്ദേശിച്ച അർത്ഥം ഗ്രഹിക്കുവാൻ കെല്പില്ലാത്തവരാണ് വേദമന്ത്രങ്ങളെ വെറും ഭൌതികാർത്ഥത്തിൽ മനസ്സിലാക്കി സന്തൃപ്തരാവുന്നത് എന്നാണ് അധ്യാത്മവാദികളുടെ വാദഗതി. സായണൻ മുതലായ ഭാഷ്യകാരന്മാർ മുഖ്യമായി ബാഹ്യാർത്ഥത്തെമാത്രം കണ്ടവരാകയാൽ, അവരുടെ വ്യാഖ്യാനത്തെ അവലംബിക്കുന്ന ഏതൊരു തജ്ജ്ഞയുടെയും അധ്യാത്മികമൂല്യം അത്യല്പമായ്വരാനേ തരമുള്ള എന്നു പറഞ്ഞാണ് അവർ ഋഗ്വേദതജ്ജ്ഞയെ വിമർശിക്കുന്നത്. സായണാദികളും കരുതുംപോലെ വേദം ചില ആരാധനച്ചടങ്ങുകളെ നിർദ്ദേശിക്കുകമാത്രമാണ് ചെയ്യുന്നതെങ്കിൽ അതിനെ കൈക്കൊള്ളാത്തതിൽ ആധുനികന്മാരെ കുറപ്പെടുത്തിക്കൂടാ. അഥവാ പാശ്ചാത്യപണ്ഡിതന്മാർ വിചാരിക്കുംപോലെ അതൊരു പ്രാകൃത ജനതയുടെ പ്രാർത്ഥനാഗ്രന്ഥം മാത്രമാണെങ്കിൽ അതിനെ അവ്വാചീനന്മാർ പഴഞ്ചനാക്കി തള്ളുന്നതിലും അസാംഗത്യമില്ല. എന്നാൽ, അരവിന്ദഘോഷിന്റെ നിലയിലുള്ള ഒരഗാധ ചിന്തകൻ കാര്യകാരണ സഹിതം വിശ്വസിക്കുംപോലെ അതു അത്യുന്നതമായ അധ്യാത്മജ്ഞാനത്തിന്റെ ഭണ്ഡാഗാരമാണെങ്കിൽ അതിന്റെ ആന്തരമായ സന്ദേശം എന്താണെന്നു മനസ്സിലാക്കേണ്ടതു നമ്മുടെ അനിഷേധ്യമായ ബാധ്യതയാണ് എന്നു സമ്മതിക്കേണ്ടിവരും. പക്ഷേ അതിനോടൊപ്പം തന്നെ വേദത്തിന്റെ ലൌകികമായ വീക്ഷണഗതിയെയും അംഗീകരിക്കുന്നതുകൊണ്ടു ദോഷമൊന്നും വരാനില്ല. എന്നുതന്നെയല്ല, യഥാശ്രുതമായ അർത്ഥം ഗ്രഹിച്ചതിനുശേഷം ഗൂഢാർത്ഥഗ്രഹണത്തിനു മുതിരുകയായിരിക്കും സാധാരണ ജനങ്ങളുടെ ബുദ്ധിയ്ക്കു അധികം എളുപ്പമായ പദ്ധതി. ആ നിലയിൽ, വള്ളത്തോളിന്റെ വിവർത്തനവ്യവസായത്തിന്റെ സമീചീനതഅനുക്തസിദ്ധമാണെന്നു പറയാവുന്നതാണ്.

മന്ത്രോച്ചാരണത്തിന്റെ ശുദ്ധിയെപ്പററി അധികം പറയാതിരിക്കുകയാണ് ഭേദം! വേദപാഠശാലകളുടെ വിരളതനിമിത്തം ഇന്നത്തെ 'വൈദിക'ന്മാരുടെ വേദപരിചയം നാമമാത്രമായിത്തീർന്നിട്ടുണ്ട്. പൌരോഹിത്യത്തെ ഉപജീവനമാർഗ്ഗമായിത്തീർന്നിട്ടുള്ളവരിൽ എത്ര പേർക്കു മന്ത്രങ്ങൾ വിധിയി സ്വീകരിച്ചിട്ടുള്ളവരിൽ എത്ര പേർക്കു മന്ത്രങ്ങൾ വിധിപ്രകാരം ഉച്ചരിക്കുവാൻ കഴിവുണ്ടെന്നു പരിശോധിച്ചാൽ കിട്ടുന്ന ഫലം വിസ്മയാവഹമായിരിക്കും. ശബ്ദം മനഃപാഠമാ

ക്കിച്ചൊല്ലുകമാത്രമല്ല വേദപാണ്ഡിത്യത്തിന്റെ മാനദണ്ഡം. അത്ഥചിന്തയും അതിലുൾപ്പെട്ടുന്നുണ്ട്. പക്ഷേ അതാണിന്നില്ലാത്തത്. എന്നിട്ടും ജനങ്ങൾ പരമ്പരാഗതമായ വിശ്വാസത്തെ മുൻനിത്തി അത്തരക്കാരെക്കൊണ്ടും വൈദികകർമ്മങ്ങൾ നിവൃത്തിപ്പിച്ചുപോരുന്നു! മന്ത്രങ്ങളുടെ അത്ഥം ഗ്രഹിക്കുവാനും ചിന്തിക്കുവാനും തജ്ജന്യകർമ്മം ഒരിക്കലും പ്രതിബന്ധമാവുകയില്ല; നേരെമറിച്ചു അവ അത്ഥഗ്രഹണത്തിനു കുറച്ചെങ്കിലും സഹായകമാവുകയേ ഉള്ളൂ.

സാഹിത്യരസം തുളുമ്പുന്ന പല ഭാഗങ്ങളും ഋഗ്വേദത്തിൽ ഉണ്ട്. അവയെ ആസ്വദിച്ചറിഞ്ഞുകൊണ്ടതന്നെ മലയാണ്മയിലേക്കു പകർത്തുവാൻ വള്ളത്തോളിനുത്സാഹം ജനിച്ചു. ആ രസാസ്വാദനമാണ് മൂലഭാഷയുടെ വൈലക്ഷണ്യത്തെയും വൈദികസാഹിത്യത്തിൽ തനിക്കുള്ള വ്യുൽപത്തിയുടെ അപര്യാപ്തതയെയും വാദ്ധ്യജന്യമായ വിസ്മൃതിയേയും വകവെയ്ക്കാതെ ആ ഉഷ്ണരസംരംഭത്തിനു അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അക്ലിഷ്ടമായ താളലയത്തോടുകൂടിയ ചമൽകൃതാശയങ്ങളുടെ സൌലഭ്യത്താൽ കാവ്യകലയുടെ ഉച്ചകോടിയിൽ സ്ഥിതി ചെയ്യുന്നതാണു് ഋഗ്വേദത്തിലെ സാഹിത്യമെന്നു അഭിജ്ഞന്മാർ സമ്മതിച്ചിട്ടുണ്ട്. അതിന്റെ ഒരേകദേശച്ഛായയെങ്കിലും വള്ളത്തോളിന്റെ തജ്ജമവഴി കേരളീയർക്കു കിട്ടുമാറാകുന്നുണ്ടെങ്കിൽ അതിനുവേണ്ടി വ്യയംചെയ്ത സമയവും പ്രയത്നവും വൃഥാവിലായിട്ടില്ലെന്നു പറയാമല്ലൊ.

ദൃശ്യാദൃശ്യപ്രപഞ്ചത്തിന്റെ വിവരണമാണ് വേദത്തിലടങ്ങിയിരിക്കുന്നത്. വേദദൃഷ്ടിയിൽ ദൃശ്യപ്രപഞ്ചം മിഥ്യയല്ല; അതിനൊരുദ്ദേശവും വ്യവസ്ഥയുമുണ്ട്. അതിനെ ഭരിക്കുന്ന ഏകമായ 'സത്തി'ന്റെ പര്യായഭേദങ്ങളാണ് ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി മുതലായ വിവിധനാമങ്ങളാൽ അറിയപ്പെടുന്ന ദേവതകൾ. ഈ ദേവതകളിൽ ചിലരെ പുല്ലിംഗമായും മറ്റു ചിലരെ സ്ത്രീലിംഗമായും വേദം വ്യവഹരിക്കുന്നു. ആത്യന്തികമായ സത്തിനെപ്പറ്റിയുള്ള വ്യവഹാരം നപുംസകലിംഗത്തിലുമാണ്. വ്യവഹൃതിയിൽ ഇങ്ങിനെ ലിംഗഭേദം കല്പിക്കുന്നുണ്ടെങ്കിലും, പുരാണങ്ങളിലുള്ളപോലെ വേദങ്ങളിൽ ദേവതകൾക്കു ഒരു നിയതരൂപം കല്പിക്കപ്പെട്ടുന്നില്ല. അവരെ അച്ചിക്കുവാൻവേണ്ടി പ്രതിമകളും നിർമ്മിച്ചിരുന്നില്ല. സ്തോത്രങ്ങൾകൊണ്ടും ഗീതങ്ങൾകൊണ്ടുമാണവരെ പൂജിച്ചിരുന്നത്. ഉഷസ്സിനെ ദ്യോവിന്റെ മകളായി സംബോധനംചെയ്യുന്നുണ്ടെങ്കിലും, അതിനെ ആകാശത്തിലെങ്ങാനും ഒളിഞ്ഞു നിലകൊള്ളുന്ന ഒരു സ്ത്രീരൂപമായി

വിഭാവനംചെയ്തിരുന്നില്ല. വിഗ്രഹങ്ങൾക്കോ വിഗ്രഹാരാധനയ്ക്കോ വേദത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. പുരുഷസൂക്തത്തിലെ

സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത്
സ ഭൂമിം വിശ്വതോവൃത്വാ ത്യതിഷ്ഠദ്ദശാംഗുലം

എന്നും മറ്റുമുള്ള വർണ്ണനകളിലെ ആയിരം തലയും ആയിരം കണ്ണും ആയിരം കാലും ഈശ്വരന്റെ വിശ്വവ്യാപകതയെ കവിഭാഷയിൽ വിവരിക്കുകമാത്രമാണ് ചെയ്യുന്നത്; അല്ലാതെ അങ്ങിനെയുള്ള ഒരു രൂപത്തെക്കുറിച്ചു യാതൊരു വിവക്ഷയും അതിലുമില്ല.

'പച്ചയാം വിരിപ്പിട്ട സഹ്യനിൽത്തലവെച്ചും
സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന'

കേരളഭൂദേവിയെക്കുറിച്ചുള്ള വർണ്ണനയെപ്പറ്റി ഒരു സുഹൃത്തു ഉന്നയിക്കാറുള്ള ആക്ഷേപമാണീ സന്ദർഭത്തിൽ ഓർത്തുപോകുന്നത്. അതു ബൃഹത്തും രാക്ഷസീയവുമായ സ്വരൂപത്തിൽ എന്താണൊരു സൌന്ദര്യമെന്നായിരുന്നു സുഹൃത്തിന്റെ ചോദ്യം. വാസ്തവത്തിൽ അതൊരു സ്വരൂപവർണ്ണനയല്ല എന്നാണീയാക്ഷേപത്തിന്നുള്ള മറുപടി. കേരളഭൂമിയുടെ വ്യാപ്തിയെക്കാണിക്കുന്ന ഒരു കവിഭാവനമാത്രമാണ് അതെന്നു മനസ്സിലാക്കിയാൽ പിന്നെ യാതൊരാക്ഷേപത്തിനും വകയില്ല. അതുപോലെ, യഥാർത്ഥത്തിൽ സഹസ്രാക്ഷിബാഹുപാദങ്ങളുള്ള ഒരു യഥാർത്ഥരൂപത്തെയല്ല 'പുരുഷ'വർണ്ണനയിൽ ദ്രഷ്ടാ ചിത്രീകരിച്ചിരിക്കുന്നത് എന്നർത്ഥം.

വൈദികകാലത്ത് ആര്യന്മാർ പല ദേവതകളെയും ആരാധിച്ചുവെങ്കിലും അവയിലെല്ലാം ഒരൊറ്റ പരമാർത്ഥത്തെ—ഏകം സത്—ആണ് അവർ കണ്ടത്. ഉദാഹരണമായി അഗ്നിയെക്കുറിച്ചുള്ള ഈ സ്തുതി നോക്കുക:—

(മണ്ഡലം 2 സൂക്തം 1)

ഇന്ദ്രനഗ്നേ! സുശീലക്കു വൃഷാവു നീ
വന്ദ്യൻ ബഹുജനകീർത്തിതൻ വിഷ്ണു നീ
അർഥ്യൻ ബ്രഹ്മാവു നീ ബ്രഹ്മണസ്പതേ
ധർത്താവു ബുദ്ധിയാൽ വാഴ്ത്തപ്പെടുന്നു നീ.

അഗ്നേ! ക്രിയാവാൻ വരുണ രാജാവു നീ
ഭഗാഹിതൻ മിത്രനീഡിതൻ ദേവ! നീ
അര്യമാവാതതത്യാഗിനീ സൽപതി
അംശനാനീതഫലൻ നീ മഖങ്ങളിൽ.

പുരുഷനായിട്ടാണ് ഈ വരികളിൽ അഗ്നിയെ വിവരിച്ചിട്ടുള്ളതെങ്കിലും, അദിതി, ഭാരതി, ഇള, സരസ്വതി എന്നിങ്ങിനെ സ്ത്രീയായും അതേ ദേവതയെ മറെറാരിടത്തു സ്തുതിച്ചിട്ടുണ്ട്.

ദേവ! ദാതാവിന്നദിതിയഗ്നേ! ഭവാൻ
നീ വാഴ്ത്തൽകൊണ്ടു വളരുന്ന ഭാരതി
ന്നർവഷ്മെത്തിയ ശക്തയിള ഭവാൻ
നീ വൃത്രമാഥി ധനേശ സരസ്വതി.

ഇങ്ങിനെ വിഭിന്നരീതിയിലുള്ള വർണ്ണനയെ ഉദ്ദേശിച്ചാണ് 'ഏകം സത്—വിപ്രാ ബഹുധാവദന്തി' എന്ന മറെറാരു സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. അതിനെ ഇപ്രകാരമാണ് തജ്ജമ ചെയ്തിട്ടുള്ളത്:—

'ആദിത്യനെ ഇന്ദ്രനെന്നും മിത്രനെന്നും വരുണനെന്നും അഗ്നിയെന്നും പറയുന്നു. വാനത്തു വടിവിൽ പറക്കുന്ന ഗരുഡനും അദ്ദേഹംതന്നെ. മേധാവികൾ ഒന്നിനെ പലതാക്കി പ്പറകയാണ്. വൈദ്യുതാഗ്നി, യമൻ, വായു എന്നിവരും അദ്ദേഹമത്രെ.'

ബഹുത്വത്തിന്റെ അപ്പുറത്തുള്ള ഏകത്വം കാണുവാൻ സാധാരണബുദ്ധികൾക്കു സാധിക്കുകയില്ല. രാജയോഗമെന്നോ മിസ്റ്റിസിസം എന്നോ വിളിക്കാവുന്ന അധ്യാത്മികാനുഭൂതിയിൽനിന്നു മാത്രമേ ആ ഏകത്വബോധം ഉദിക്കുകയുള്ളൂ.

ആധിഭൌതികവും ആധ്യാത്മികവുമായ ശ്രേയസ്സിന്നും അഭിവൃദ്ധിക്കുംവേണ്ടിയുള്ള പ്രാർത്ഥനകളാണ് ഋഗ്വേദത്തിലുള്ളതെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. ആദികാലംമുതല്ക്കേ ഹിന്ദുക്കൾ ഉരുവിട്ടുപോരുന്ന ഗായത്രീമന്ത്രംതന്നെ പരമാർത്ഥഗ്രഹണത്തിന്നുള്ള ഉദ്യമത്തിൽ ബുദ്ധിയെ നേർവഴിയ്ക്കു പ്രചോദിപ്പിക്കുവാനുള്ള പ്രാർത്ഥനയല്ലെങ്കിൽ മറെറന്താണ്?

ഭൂർഭുവസ്സുവഃ തൽസവിതുർ വരേണ്യം ഭർഗ്ഗോ ദേവസ്യ ധീമഹി—ധിയോ യോ നഃ പ്രചോദയാത്. എന്നാണ് ഗായത്രീമന്ത്രം.

ഇതിലെ ആദ്യത്തെ മൂന്നു വാക്കുകൾ—ഭൂർഭുവസ്സുവഃ:—ശുക്ലയജുർവേദത്തിലേയുള്ളൂ; ഋഗ്വേദത്തിലില്ല.

'നമ്മുടെ ബുദ്ധിയെ ആർ പ്രേരിപ്പിക്കുന്നുവോ ആ സവിതൃദേവന്റെ വരണീയമായ തേജസ്സിനെ നാം ധ്യാനിക്കുക' എന്നാണിതിന്നു വള്ളത്തോളിന്റെ തജ്ജമ.

ആയുരാരോഗ്യങ്ങൾക്കായുള്ള പ്രാർത്ഥനകളും വേദത്തിലുണ്ട്. 'പശ്യേമ ശരദഃശതം; ജീവേമ ശരദഃ ശതം' എന്ന വാക്യത്തിൽനിന്നു, നൂറു വയസ്സായിരുന്ന പുരുഷായുഷമായി കരുതിയിരുന്നതെന്നു മനസ്സിലാക്കാം.

''ദേവകളേ! നൂറു വയസ്സാണല്ലോ മൻഷ്യക്കു വെച്ചിരിക്കുന്നത്; ആ ആയുസ്സു് കഴിയുന്നതിന്നുമുമ്പു ഇടയ്ക്കുവെച്ചു ഞങ്ങളെ നിങ്ങൾ മരിപ്പിക്കരുതു്. ഞങ്ങളുടെ ദേഹത്തിൽ ജര കേറണം; മക്കൾ അച്ഛന്മാരുമാകണം'' എന്നാണു് ഒരു ഋക്കിലെ പ്രാർത്ഥന. (ഒന്നാംമണ്ഡലം. 89–ാം സൂക്തം. 9–ാം ഋക്കു്)

''ഇന്ദ്ര! അങ്ങു ഞങ്ങൾക്കു ഉത്തമധനങ്ങളും കർമ്മകൌശലഖ്യാതിയും സൌഭാഗ്യവും ഞങ്ങളുടെ സമ്പത്തിന്നഭിവൃദ്ധിയും ദേഹത്തിന്നാരോഗ്യവും വാക്കിന്നു മാധുര്യവും പകലുകൾക്കു സുദിനത്വവും തന്നരുളുക.'' (2—21—6)

''ഇന്ദ്ര! അവിടുന്നു ഞങ്ങളുടെ ദേഹത്തിന്നു ബലമുണ്ടാക്കുക; ഞങ്ങളുടെ വണ്ടിക്കാളകൾക്കു ബലമുണ്ടാക്കുക; ഞങ്ങളുടെ പുത്രപൌത്രർക്കും ജീവിച്ചിരിപ്പാൻ ബലമുണ്ടാക്കുക. ബലപ്രദനാണല്ലോ അവിടുന്നു്'' (3. 53. 18)

ഈ പ്രാർത്ഥനകളിൽ ഭൌതികവിഭൂതികളെയാണുദ്ദേശിച്ചിരിക്കുന്നതെന്നു സ്പഷ്ടമാണു്.

ഈശ്വരനെ അച്ഛനായും അമ്മയായും ഋഗ്വേദത്തിൽ സങ്കല്പിക്കുന്നതിന്നുദാഹരണമായ രണ്ടു വാക്യങ്ങൾ ഇതാ:—

''മഘവാവേ! അങ്ങു സുഖമായി ഇരിയ്ക്കുക—തിരിച്ചു പോകരുതു്. ഞാൻ അങ്ങയെ നന്നായിപ്പിഴിയപ്പെട്ട സോമം കൊണ്ടു യജിയ്ക്കട്ടെ. ശക്തിമാനായ ഇന്ദ്ര! ഞാൻ അതിമധുരമായ കൊഞ്ചൽകൊണ്ടു അങ്ങയുടെ വസ്ത്രത്തുമ്പു, മകൻ അച്ഛനേറെതെന്നപോലെ പിടിയ്ക്കുന്നു.'' (3. 53. 2)

''സരസ്വതി! ഭവതിയുടെ യാതൊരവയവം സുഖത്തെ ഉൽപാദിപ്പിക്കുന്നുവോ, ഭവതി യാതൊന്നുകൊണ്ടു വരണീയങ്ങളെല്ലാം വളർത്തുന്നുവോ, യാതൊന്നു രത്നങ്ങളെ ധരിയ്ക്കുന്നുവോ, യാതൊന്നു ധനങ്ങളെ നേടുന്നുവോ, യാതൊന്നു നല്ല ദാനത്തെ ചെയ്യുന്നുവോ, ആ സ്തനം ഇവിടെ നമുക്കുമാറാക്കിയാലും.'' (1 164. 49.)

പിതാവിന്റെ വസ്ത്രാഗ്രം പിടിച്ചുനടക്കുകയും മാതാവിന്റെ സ്തന്യപാനത്താൽ വളരുകയുംചെയ്യുന്ന ശിശുവിനെപ്പോലെയാണു് ഭക്തൻ എന്നു സൂചിപ്പിക്കുന്ന ഈ ഋക്കുകളും എത്ര സരളങ്ങളായിരിക്കുന്നു! ഇവിടെ അച്ഛന്റെ ഭാവത്തിൽ ഇന്ദ്രനായും അമ്മയുടെ ഭാവത്തിൽ സരസ്വതിയായും ഈശ്വരനെ സങ്കല്പിച്ചിട്ടുണ്ടു്. മറെറാരിടത്തു് ഇന്ദ്രനെത്തന്നെ പിതാവെന്നും മാതാവെന്നും സങ്കല്പിച്ചു കാണാം. കാളിദാസന്റെ 'ജഗതഃ പിതരൌ'എന്ന ആശയത്തെ അനുസ്മരിപ്പിക്കുന്നതാണു് ആ സങ്കല്പം.

ആത്യന്തികമായ പരമാർത്ഥത്തെ സൌന്ദര്യബോധത്തി

പുരുഷനായിട്ടാണ് ഈ വരികളിൽ അഗ്നിയെ വിവരിച്ചിട്ടുള്ളതെങ്കിലും, അദിതി, ഭാരതി, ഇള, സരസ്വതി എന്നിങ്ങിനെ സ്ത്രീയായും അതേ ദേവതയെ മറെറാരിടത്തു സ്തുതിച്ചിട്ടുണ്ട്.

ദേവ! ദാതാവിന്നദിതിയഗ്നേ! ഭവാൻ
നീ വാഴ്ത്തൽകൊണ്ടു വളരുന്ന ഭാരതി
ന്നർവഷ്മെത്തിയ ശക്തയിള ഭവാൻ
നീ വൃത്രമാഥി ധനേശ സരസ്വതി.

ഇങ്ങിനെ വിഭിന്നരീതിയിലുള്ള വർണ്ണനയെ ഉദ്ദേശിച്ചാണ് 'ഏകം സത്—വിപ്രാ ബഹുധാവദന്തി' എന്ന മറെറാരു സൂക്തത്തിൽ പറഞ്ഞിട്ടുള്ളത്. അതിനെ ഇപ്രകാരമാണ് തർജ്ജമ ചെയ്തിട്ടുള്ളത്:—

'ആദിത്യനെ ഇന്ദ്രനെന്നും മിത്രനെന്നും വരുണനെന്നും അഗ്നിയെന്നും പറയുന്നു. വാനത്തു വടിവിൽ പറക്കുന്ന ഗരുഡനും അദ്ദേഹംതന്നെ. മേധാവികൾ ഒന്നിനെ പലതാക്കി പ്പറകയാണ്. വൈദ്യുതാഗ്നി, യമൻ, വായു എന്നിവരും അദ്ദേഹമത്രെ.'

ബഹുത്വത്തിന്റെ അപ്പുറത്തുള്ള ഏകത്വം കാണുവാൻ സാധാരണബുദ്ധികൾക്കു സാധിക്കുകയില്ല. രാജയോഗമെന്നോ മിസ്റ്റിസിസം എന്നോ വിളിക്കാവുന്ന അധ്യാത്മികാനുഭൂതിയിൽനിന്നു മാത്രമേ ആ ഏകത്വബോധം ഉദിക്കുകയുള്ളൂ.

ആധിഭൌതികവും ആധ്യാത്മികവുമായ ശ്രേയസ്സിന്നും അഭിവൃദ്ധിക്കുംവേണ്ടിയുള്ള പ്രാർത്ഥനകളാണ് ഋഗ്വേദത്തിലുള്ളതെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. ആദികാലംമുതല്ക്കേ ഹിന്ദുക്കൾ ഉരുവിട്ടുപോരുന്ന ഗായത്രീമന്ത്രംതന്നെ പരമാർത്ഥഗ്രഹണത്തിന്നുള്ള ഉദ്യമത്തിൽ ബുദ്ധിയെ നേർവഴിയ്ക്കു പ്രചോദിപ്പിക്കുവാനുള്ള പ്രാർത്ഥനയല്ലെങ്കിൽ മറെറന്താണ്?

ഭൂർഭുവസ്സുവഃ തൽസവിതുർ വരേണ്യം ഭർഗ്ഗോ ദേവസ്യ ധീമഹി—ധിയോ യോ നഃ പ്രചോദയാത്. എന്നാണ് ഗായത്രീമന്ത്രം.

ഇതിലെ ആദ്യത്തെ മൂന്നു വാക്കുകൾ——ഭൂർഭുവസ്സുവ:—ശുക്ലയജുർവേദത്തിലേയുള്ളൂ; ഋഗ്വേദത്തിലില്ല.

'നമ്മുടെ ബുദ്ധിയെ ആർ പ്രേരിപ്പിക്കുന്നുവോ ആ സവിതൃദേവന്റെ വരണീയമായ തേജസ്സിനെ നാം ധ്യാനിക്കുക' എന്നാണിതിന്നു വള്ളത്തോളിന്റെ തർജ്ജമ.

ആയുരാരോഗ്യങ്ങൾക്കായുള്ള പ്രാർത്ഥനകളും വേദത്തിലുണ്ട്. 'പശ്യേമ ശരദഃശതം; ജീവേമ ശരദഃ ശതം' എന്ന വാക്യത്തിൽനിന്നു, നൂറു വയസ്സായിരുന്ന പുരുഷായുഷമായി കരുതിയിരുന്നതെന്നു മനസ്സിലാക്കാം.

''ദേവകളേ! നൂറു വയസ്സാണല്ലോ മനുഷ്യർക്കു വെച്ചിരിക്കുന്നത്; ആ ആയുസ്സ് കഴിയുന്നതിനുമുമ്പു ഇടയ്ക്കുവെച്ചു ഞങ്ങളെ നിങ്ങൾ മരിപ്പിക്കരുത്. ഞങ്ങളുടെ ദേഹത്തിൽ ജര കേറണം; മക്കൾ അച്ഛന്മാരുമാകണം'' എന്നാണ് ഒരു ഋക്കിലെ പ്രാർത്ഥന. (ഒന്നാംമണ്ഡലം. 89–ാം സൂക്തം. 9–ാം ഋക്ക്)

''ഇന്ദ്ര! അങ്ങു ഞങ്ങൾക്കു ഉത്തമധനങ്ങളും കർമ്മകൌശലവ്യാതിയും സൌഭാഗ്യവും ഞങ്ങളുടെ സമ്പത്തിനഭിവൃദ്ധിയും ദേഹത്തിനാരോഗ്യവും വാക്കിനു മാധുര്യവും പകലുകൾക്കു സുദിനത്വവും തന്നരുളുക.'' (2—21—6)

''ഇന്ദ്ര! അവിടുന്നു ഞങ്ങളുടെ ദേഹത്തിനു ബലമുണ്ടാക്കുക; ഞങ്ങളുടെ വണ്ടിക്കാളകൾക്കു ബലമുണ്ടാക്കുക; ഞങ്ങളുടെ പുത്രപൌത്രർക്കും ജീവിച്ചിരിപ്പാൻ ബലമുണ്ടാക്കുക. ബലപ്രദനാണല്ലോ അവിടുന്നു'' (3. 53. 18)

ഈ പ്രാർത്ഥനകളിൽ ഭൌതികവിഭൂതികളെയാണുദ്ദേശിച്ചിരിക്കുന്നതെന്നു സ്പഷ്ടമാണ്.

ഈശ്വരനെ അച്ഛനായും അമ്മയായും ഋഗ്വേദത്തിൽ സങ്കല്പിക്കുന്നതിനുദാഹരണമായ രണ്ടു വാക്യങ്ങൾ ഇതാ:—

''മഘവാവേ! അങ്ങു സുഖമായി ഇരിയ്ക്കുക—തിരിച്ചുപോകരുത്. ഞാൻ അങ്ങയെ നന്നായിപ്പിഴിയപ്പെട്ട സോമം കൊണ്ടു യജിയ്ക്കട്ടെ. ശക്തിമാനായ ഇന്ദ്ര! ഞാൻ അതിമധുരമായ കൊഞ്ചൽകൊണ്ടു അങ്ങയുടെ വസ്ത്രത്തുമ്പു, മകൻ അച്ഛനേറെതെന്നപോലെ പിടിയ്ക്കുന്നു.'' (3. 53. 2)

''സരസ്വതി! ഭവതിയുടെ യാതൊരവയവം സുഖത്തെ ഉൽപാദിപ്പിക്കുന്നുവോ, ഭവതി യാതൊന്നുകൊണ്ടു വരണീയങ്ങളെല്ലാം വളർത്തുന്നുവോ, യാതൊന്നു രത്നങ്ങളെ ധരിയ്ക്കുന്നുവോ, യാതൊന്നു ധനങ്ങളെ നേടുന്നുവോ, യാതൊന്നു നല്ല ദാനത്തെ ചെയ്യുന്നുവോ, ആ സ്തനം ഇവിടെ നകരുമാറാക്കിയാലും.'' (1 164. 49.)

പിതാവിന്റെ വസ്ത്രാഗ്രം പിടിച്ചുനടക്കുകയും മാതാവിന്റെ സ്തന്യപാനത്താൽ വളരുകയുംചെയ്യുന്ന ശിശുവിനെപ്പോലെയാണ് ഭക്തൻ എന്നു സൂചിപ്പിക്കുന്ന ഈ ഋക്കുകൾ എത്ര സരളങ്ങളായിരിക്കുന്നു! ഇവിടെ അച്ഛന്റെ ഭാവത്തിൽ ഇന്ദ്രനായും അമ്മയുടെ ഭാവത്തിൽ സരസ്വതിയായും ഈശ്വരനെ സങ്കല്പിച്ചിട്ടുണ്ട്. മറ്റൊരിടത്ത് ഇന്ദ്രനെത്തന്നെ പിതാവെന്നും മാതാവെന്നും സങ്കല്പിച്ചു കാണാം. കാളിദാസന്റെ 'ജഗതഃ പിതരൌ'എന്ന ആശയത്തെ അനുസ്മരിപ്പിക്കുന്നതാണ് ആ സങ്കല്പം.

ആത്യന്തികമായ പരമാർത്ഥത്തെ സൌന്ദര്യബോധത്തി

ലൂടെ സമീപിക്കുകയാണ് വേദങ്ങൾ ചെയ്യുന്നത്. മാനസികസംസ്കാരത്തിന്റെ പരമകാഷ്ഠയെയാണതു ദൃഷ്ടാന്തപ്പെടുത്തുന്നത്. പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിൽ അന്തർഭവിച്ചിരിക്കുന്ന സൌന്ദര്യത്തെ ആവിഷ്കരിച്ചു മാനവചിത്തത്തെ ആനന്ദത്തിലേക്കുയർത്തുന്നതിനുള്ള ഉദ്യമമാണ് വൈദികമന്ത്രങ്ങൾകൊണ്ടു ഋഷികൾ നിർവഹിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെയാണ് കവിതാരസം തുളുമ്പുന്ന അനേകം വർണ്ണനകൾ ഋഗ്വേദത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതും. വൈദികമന്ത്രങ്ങളെ പർവതങ്ങളിൽനിന്നു കിളർന്നൊഴുകുന്ന അരുവികളോടുപമിക്കുന്ന ഒരു വാക്യം ഇതിലുണ്ട്. അതാതൃഷിയുടെ ഹൃദയത്തിൽനിന്നു അനായാസേന നിർഗ്ഗളിച്ചതും, ആ കാരണത്താൽത്തന്നെ നൈസർഗ്ഗികസാരള്യമിയന്നതുമാണ് വേദത്തിലെ വചനങ്ങളെന്നാണല്ലൊ ഇതിന്നർത്ഥം. കവികൾ ക്രാന്തദർശികളാണെന്നും 'നാനൃഷിഃ കുരുതേ കാവ്യം' എന്നും മറുമുള്ള ആപ്തവാക്യങ്ങളുടെ സാരം ഇതിൽനിന്നു മനസ്സിലാക്കാം.

ഉഷസ്സിനെ വർണ്ണിക്കുമ്പോൾ എത്രയെത്ര കവിഭാവനകളാണാവിഷ്കരിക്കപ്പെട്ടിട്ടുള്ളത് എന്നു കാണിക്കുവാൻ ചില ഉദാഹരണങ്ങളുദ്ധരിക്കാം:—

ധാരിതയജ്ഞയായ് മിന്നുന്ന തേരേറി
യാരുണ്യമാർന്നും വെളിച്ചം പരത്തിയും
സൂരനിൽച്ചെല്ലു മുഷോ മഹാദേവിയെ
ഗ്ഗീരിനാലേ സ്തുതിയ്ക്കുന്ന മേധാവികൾ.

മുങ്ങിയുയർന്നവൾപോലേ സ്ഫുടാംഗിയാ
മംഗനപോലെയും കാണായ് നമുക്കിതാ
ശത്രുവാമന്ധകാരത്തെത്തുരത്തിവ
ന്നെത്തീ വിളങ്ങുമുഷസ്സായ വിൺമകൾ.

വിണ്മകളാമിവൾ നേരിട്ടുനിന്നൊരു
നന്മകപോലുടൽ കാട്ടുന്ന ലോകരെ.
രമ്യവസ്തുക്കളെട്ടാതാവിനേകുന്ന
മുന്മട്ട പേർത്താളിവീശുന്ന തയ്യലാൾ. (5—80.)

ദ്യോവിൻ മകളാമുഷസ്സേ! വിഭാവരി
ദേവി നീയൌദാര്യമാർന്ന ധനത്തൊട്ടം
പീവരാന്നത്തൊട്ടം സമ്പത്തൊട്ടുംകൂടി
യാവിഷ്കരിക്കുകെങ്ങൾക്കു പുലരിയെ.

സ്വാഗമനത്തിലൊരുക്കിയ തേർകളെ
സ്സാഗരത്തിൽദ്ധനകാംക്ഷികൾ പോലവേ

നേക്കു നടത്തിച്ചുകൊണ്ടുഷസ്സാംദേവി
പാക്കാൻതുടങ്ങീ! പരത്തീ വെളിച്ചവും.

* * *

സൂരനുദിക്കുമിടത്തിനെക്കാളതി
ദൂരത്തുനിന്നൊരു നൂറു രഥങ്ങളിൽ
മാനുഷലോകത്തിലേയ്ക്കുഴനള്ളുന്ന
ചേണുറ്റ സൌഭാഗ്യമൊക്കുമുഷസ്സിവൾ.

* * *

ദ്യോവിന്മകളാമുഷസ്സേ! കുളിർമയെ
പ്പാവുന്ന കാന്ത്യാ വിളങ്ങുകെമ്പാട്ടമേ
കുരിരുൾ നീക്കി പ്രതിദിനം ഞങ്ങൾക്കു
വാരുറ്റ സൌഭാഗ്യമെത്തിച്ചുകൊണ്ടു നീ!

* * *

തുവെളിച്ചത്താലുഷോദേവി സാമ്പ്രതം
ദ്യോവിൻപടികം തുറന്നിങ്ങു വന്ന നീ
തന്നരുൾകെങ്ങൾക്കു നിർബാധവിസ്തീർണ്ണ
സുന്ദരഗേഹവും ഗോയുതമന്നവും.

തന്നരുൾകെങ്ങൾക്കുഷസ്സേ! പലതരം
കുന്നിച്ചവിത്തവും ഗോനികരത്തെയും
വന്ദ്യേ സമസ്താരിമദ്ദ്രിയാം കീർത്തിയും
തന്നരുൾകന്നവും നീ വാജിനീവതി!

(20. 1. സൂ. 48)

ദ്യോവിൻ കുമാരി! നീ കേറുമാറുള്ളതു
സൌവർണ്ണമാമേതു സൌഖ്യദത്തേരിലോ
കല്പിച്ചതിലൂടെ വന്നുചേർന്നീടുകി
ന്നിപ്പോളുഷസ്സേ! സുഹവ്യപ്രദങ്കൽ നീ.

(20. 1. സൂ. 49.)

ഉഷസ്സിനെ ഒരു വീട്ടമ്മയായി സങ്കല്പിക്കുന്ന പല പദ്യങ്ങളും ഉണ്ടു:—

വൃദ്ധത് ജീവികൾക്കേകുമുഷസ്സാകെ
വൃത്തിചേപ്പാനൊരു വീട്ടമ്മപോലവേ
വന്നുചേരുന്നു, കാലുള്ളോൻ നികേതത്തിൽ
നിന്നിറങ്ങുന്നു, പറക്കുന്നു പക്ഷികൾ. (1. 48. 5)

പൂട്ടീ പെരിയ വിദശ്ധതൻ വാരുറ
തേരതിലേ്റിയമത്ര്യരാം ദേവകം;
ഉത്ഥിതയായീ കുപ്പിൽനിന്നാര്യയാം
മത്ര്യക്ഷയത്തെച്ചികിത്സിച്ചു പോരുവോം.

പാരിനെല്ലാം മുമ്പുണരും ധൃതാന്നയായ്
പ്പാക്കും മുകളിൽനിന്നേകും വെളിച്ചവും
പേത്തുപിറക്കും യുവതിയുഷസ്സെത്ത
മാദ്യവിളിയിൽ മുന്നിട്ട പെരിയവം.

എത്രയും ഗൃഹത്തിൽ ഗൃഹത്തിൽട്ടിനേദിനേ
കൃത്യംനടത്താനുമേറെടുക്കാനുമായ്
നിത്യമായാതയായ് മുന്തിയ മുന്തിയ
വസ്തുവെടുക്കും വിളങ്ങുമുഷസ്സിവം.

(1—123. 1, 2, 4)

ൃഗ്വേദത്തിലുള്ള ഉഷസ്സിന്റെ മനോഹരവർണ്ണനകം അവലംബിച്ചു പല ഭാരതീയകവികളും പ്രഭാതത്തെ വർണ്ണിച്ചിട്ടുണ്ട്. അജ്ഞാനത്തിന്റെ തമസ്സൊഴിഞ്ഞു ജ്ഞാനപ്രകാശം ആവിർഭവിക്കുന്നതിന്റെ പ്രതീകമായിട്ടാണതിനെ മിക്കവരും വിഭാവനംചെയ്തിട്ടുള്ളത്.

മന്ത്രങ്ങം വെറുതെ ഉരുവിട്ടുന്നതുകൊണ്ടു ഫലമില്ലെന്നും അർത്ഥം മനസ്സിലാക്കി വേണം അവയുച്ചരിക്കുവാനെന്നും മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ''ൃക്കിന്റെ അക്ഷരത്തിൽ എല്ലാ ദേവകളും കുടികൊള്ളുന്നു. അതറിയുന്നവർക്കുമാത്രം വഴിപോലെ വർത്തിക്കാം'' എന്നൊരു സന്ദർഭത്തിൽ പറഞ്ഞുകാണാം. ഇവിടെ അക്ഷരശബ്ദത്തിനു നിരതിശയമായ ബ്രഹ്മം എന്നാണർത്ഥം കൊടുത്തിട്ടുള്ളത്. ബ്രഹ്മത്തെ അറിയുകയാണ് വേദത്തിന്റെ ഉദ്ദേശ്യ എന്നാണല്ലൊ ഈ വാക്യത്തിൽനിന്നു സിദ്ധിക്കുന്നത്.

വേദത്തെ ഭാഷാന്തരംചെയ്യുമ്പോം നേരിടുന്ന പ്രധാന വൈഷമ്യം അതിൽ ഉപയോഗിച്ച പദങ്ങളെസ്സംബന്ധിച്ചാണ്. ചില ഉദാഹരണങ്ങം എടുത്തുകാണിക്കാം:—

വിശ്വാനി ദേവ സവിതർ ദുരിതാനി പരാസുവ
യദ്ഭദ്രം തന്ന ആസുവ.

ഇതിന്റെ തർജ്ജമ ഇങ്ങിനെയാണ്:—

ദേവസവിതാവേ! നിന്തിരുവടി പാപങ്ങളെയെല്ലാം ആട്ടിപ്പായിക്കുക. നല്ലതെന്തോ അതു ഞങ്ങൾക്കയക്കുക.

(5. 82. 5)

യോഷയാം മാസ്സില്ല സൂര്യന്റെ ദീപ്തിയെ
ബ്ഭഷണഭംഗി ചമസ്സയേ ചെയ്തിട്ട.

എന്നാണ്. ഒടുവിലത്തെ രണ്ടു വരികളിലാണ് അർത്ഥഭേദം കാണുന്നത്. 'ഋതസ്യധാമ' എന്നതിന്നു സൂര്യദീപ്തി എന്നാണ് വള്ളത്തോൾ അർത്ഥം കല്പിച്ചിരിക്കുന്നത്. 'ഋത'ശബ്ദം ലോകധർമ്മം എന്ന അർത്ഥത്തിലാണ് ശ്രീ ബോസ് മനസ്സിലാക്കിയിരിക്കുന്നത്. 'ഭ്രഷണഭംഗി ചമസ്സയേ ചെയ്തിട്ട' എന്ന അർത്ഥവും ശ്രീ ബോസ് സ്വീകരിച്ചിട്ടില്ല. 'നിഷ്കൃതം' എന്നതിന്നു കാമുകസങ്കേതം എന്നാണദ്ദേഹം ധരിച്ചിട്ടുള്ള അർത്ഥം. 'നിഷ്കൃതം ജാരിണീവ' എന്ന പത്താം മണ്ഡലത്തിലെ ഒരു പ്രയോഗത്തെയും അദ്ദേഹം അതിന്നുപോൽബലകമായി കാണിച്ചിട്ടുണ്ട്,

വേറൊരുദാഹരണം.

ഋതസ്യ രശ്മിം അനുയച്ഛമാനാ
ഭദ്രം ഭദ്രം ക്രതും അസ്മാസു ധേഹി
ഉഷോ നോ അദ്യ സുഹവാ വ്യുച്ഛാ
സ്മാസു രായോ മഘവത്സു ച സ്യുഃ (1. 123. 13)

Obedient to the reins of Eternal Order
Give us each thought that is more and more blissful
Shine on us today, Dawn! easy to be invoked,
In us and the rulers may Thy bounty lie. (P. 165)

വള്ളത്തോളിന്റെ തർജ്ജമ:—

അക്കാംശുവോടിണങ്ങുന്ന നീ ഞങ്ങളിൽ
വെയ്ക്കുകഷ്ടസ്സേ ശുഭശുഭപ്രജ്ഞയെ
ചേർക്ക വെളിച്ച മാഹൃത നീ ഞങ്ങൾക്കു
വാസ്സുണം സ്വത്തുള്ള ഞങ്ങൾക്കു വിത്തവും.

ഒടുവിലത്തെ വരിയുടെ അർത്ഥം സംശയാതീതമല്ല. ശ്രീബോസ് അവലംബിച്ച പാഠവും വള്ളത്തോൾ സ്വീകരിച്ച പാഠവും തമ്മിൽ ഭേദമുണ്ടോ എന്നും അറിഞ്ഞുകൂടാ.

വൈദികസംസ്കൃതത്തിൽ ഉപയോഗിച്ചിരുന്ന പല പദങ്ങൾക്കും കാലാന്തരത്തിൽ അർത്ഥഭേദം സംഭവിച്ചിട്ടുണ്ട്. 'ജാരൻ' എന്ന വാക്കിന്നു കാമുകൻ എന്ന അർത്ഥമാണ് വേദഭാഷയിൽ.

ജാരഃ കനീനാം, പതിർജ്ജനീനാം (1. 66. 4.)

എന്നതിന്നർത്ഥം കന്യകമാർക്കു ജാരൻ (അഥവാ കാമുകൻ), ഭാര്യ

മാക്കു ഭത്താവു—എന്നാണു്.

'ശ്രേയസികേന തൃപ്യതേ?'—നല്ല കാര്യത്തിൽ ആക്കാണലംഭാവം? എന്ന ലോകരീതിയനുസരിച്ചു ചിലതു പറഞ്ഞു എന്നേ ഉള്ളൂ. മഹത്തും മഹനീയവുമായ ഒരുദ്യമത്തിൽ കുറവും കുറവും കണ്ടുപിടിയ്ക്കണമെന്നുദ്ദേശിച്ചിട്ടല്ല ഇതുയും പറഞ്ഞതു്. സമയവും സൌകര്യവും കൂടുതലായിട്ടുണ്ടായിരുന്നെങ്കിൽ—ഒരു പത്തോ പതിനഞ്ചോ കൊല്ലം മുമ്പുതന്നെ വള്ളത്തോൾ ഈ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നെങ്കിൽ—ഋഗ്വേദതർജ്ജമയുടെ ഒരു 'കരടുപകർപ്പി'നു പകരം ഒരസ്സൽക്കൃതിതന്നെ അദ്ദേഹത്തിന്റെ അനുഗൃഹീതതൂലിക കൈരളിയ്ക്കു സമർപ്പിക്കുമായിരുന്നു! പക്ഷേ അതിനു യോഗമുണ്ടായില്ല. ഇതുയും സാധിച്ചതുതന്നെ ഒരു വലിയ നേട്ടമായിക്കരുതേണ്ടതാണു്. ദൂരത്തുനിന്നു നോക്കിയപ്പോൾ ഭയാനകമായ ഒരു വനാന്തരംപോലെ തോന്നിയതു്, വാസ്തവത്തിൽ വനസ്പതികളാൽ ആവൃതമായ ഒരു മനോഹരോദ്യാനമാണെന്നും, അകത്തു കടന്നുചെന്നാൽ പ്രകൃതിരമണീയവും ശാന്തഗംഭീരവും സുകൃതിനിഷേവ്യവുമായ സ്ഥലവിശേഷങ്ങളാണു് കാണുക എന്നും ഈ പ്രഥമപരിചയത്തിൽനിന്നുതന്നെ മനസ്സിലാക്കുവാൻ പ്രയാസമില്ല.

ഗദ്യപദ്യ സമ്മിശ്രമായ തർജ്ജമയിൽ, സാങ്കേതികാർത്ഥമുള്ള ശബ്ദങ്ങൾ പലതും അതേ നിലയിൽത്തന്നെ ആവർത്തിക്കുവാൻ വിവർത്തകൻ മനസ്സിരുത്തിയിട്ടുണ്ടെങ്കിലും ചില സന്ദർഭങ്ങളിൽ വൃത്തനിബന്ധനകളുടെ നിർബന്ധത്താലും മറ്റും വേറെ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടു്. പദ്യരൂപത്തിലായിരുന്നുവെങ്കിൽ അധികം ആകർഷകമാകാനിടയുണ്ടായിരുന്ന ചില സൂക്തങ്ങൾ ഗദ്യത്തിലാക്കിയതു് കഷ്ടമായിപ്പോയി എന്നു തോന്നുന്നു. ഒന്നു രണ്ടുദാഹരണങ്ങൾ പറയാം. ഒന്നാം മണ്ഡലത്തിൽ

> ദ്വാ സുപർണ്ണാ സയുജാ സഖായാ
> സമാനം വൃക്ഷം പരിഷസ്വജാതേ
> തയോ രന്യഃ പിപ്പലം സ്വാദ്വത്ത്യ–
> നശ്ന ന്നന്യോ അഭിചാകശീതി

എന്ന ഋക്കിന്റെ തർജ്ജമ

> ഒരേ തരം ചേച്ചു, ഒരേ തരം ചേഷ്ടു, ഇങ്ങനെയുള്ള രണ്ടു പക്ഷികൾ ഒരേ വൃക്ഷത്തിൽ പാർക്കുന്നു: അവയിൽ ഒന്നു സ്വാദുറ്റ പഴം തിന്നുന്നു: മറ്റതു് ഒന്നും തിന്നാതെ നോക്കിക്കൊണ്ടിരിക്കും

എന്നിങ്ങിനെ ഗദ്യത്തിലാക്കേണ്ടിയിരുന്നില്ല. പലപ്പോഴും കേട്ടപരിചയമുള്ള ഈ മനോഹരാശയത്തെ പദ്യരൂപത്തിലാക്കിയിരുന്നെങ്കിൽ അധികം ഹൃദയാവർജ്ജകമാകുമായിരുന്നു.

അഗ്നിയെക്കുറിച്ചു മൂന്നാം മണ്ഡലത്തിലെ അമ്പത്തിയഞ്ചാം സൂക്തത്തിൽ ഉള്ള

ആക്ഷിത് പൂർവ്വാസ്വപരാ അനൂരുത്
സദ്യോ ജാതാസു തരുണീഷ്വന്തഃ
അന്തർ വതീഃ സുവതേ അപ്രവീതാ
മഹദ്ദേവാനാം അസുരത്വം ഏകം

എന്നതിന്റെ തർജ്ജമയും ഗദ്യത്തിലാണ്:—

പഴയവയെ വിട്ട പുതിയവയോടിണങ്ങുന്നവൻ അപ്പോൾപ്പിറന്ന തരുണികളിൽ കടന്നുകൂടുന്നു. അവർ 'ആരുമില്ലാതെ' ഗർഭംധരിച്ചു പ്രസവിക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ!

ഓഷധികളിൽ വ്യാപരിക്കുന്ന അഗ്നിയെപ്പറ്റിയാണിവിടെ വിവക്ഷ. സസ്യങ്ങളുടെ പിറപ്പും വളച്ചയും വിവരിക്കുന്ന ഈ വാക്യം പദ്യത്തിലായിരുന്നുവെങ്കിൽ അധികം രസകരമാകുമായിരുന്നു. 'ദേവന്മാരുടെഉറ്റ പ്രാബല്യം വലുതുതന്നെ' എന്ന തർജ്ജമയിൽ മൂലത്തിലെ 'ഏകത്വം' സ്പഷ്ടമാകുന്നില്ല. ഈ സൂക്തത്തിലെ എല്ലാ ഋക്കുകളിലുമുള്ളതാണ് ആ ഏകത്വ സൂചന. പകലും രാത്രിയും 'നാനാരൂപങ്ങൾ ധരിക്കുന്നു, കുത്തവളും വെളുത്തവളുമായ സഹോദരിമാരാണവർ, ഒന്നു വിളങ്ങുന്നു മറ്റതു കുത്തതാണ്' എന്നു പതിനൊന്നാമത്തെ ഋക്കിലും 'ദർശനീയങ്ങളായ രൂപകലുകൾ ആകാശമധ്യത്തിൽ വെയ്ക്കപ്പെട്ടിരിക്കുന്നു; അവയിൽ ഒന്നു നിഗൂഢമാണ്, മറ്റതു പ്രകടവും. അവരണ്ടിന്റെയും ചേച്ച് സർവരിലും വ്യാപിക്കുന്നു' എന്നു പതിനഞ്ചാമത്തെ ഋക്കിലും ആ സൂചനയുണ്ട്. ഇങ്ങിനെ നാനാത്വത്തിൽ ഐക്യത്തെ ദർശിച്ച പ്രാചീനാചാര്യന്മാരുടെ ലോകതത്വ നിരീക്ഷണത്തിന്റെ മഹത്വം മനസ്സിലാക്കാതെ വേദം വെറും പ്രാകൃതകൃതിയാണെന്നുൽഘോഷിക്കുന്നതുകൊണ്ടുണ്ടായ പ്രാജ്ഞമ്മന്യന്മാരെക്കുറിച്ചെന്താണ് പറയേണ്ടത്!

ധാർമ്മികമായ ജീവിതംനയിച്ചു സുഖമനുഭവിക്കുവാനാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. അതു സാധിക്കുവാനുള്ള പ്രാർത്ഥനകൾ ഋഗ്വേദത്തിൽ ഉടനീളം കാണാം:—

ഇന്ദ്രൻ, ഭഗൻ, മരുത്തുക്കൾ, പൂഷാവീ വന്ദ്യദേവകൾ
വേർതിരിക്കട്ടെ വേണ്ടുന്ന നന്മയ്ക്കായ് നമ്മെയന്തൻ വഴി.

* * *

മധുതുകന്ന യജമാനന്ന വായുവുമാർകളും
അമ്മട്ടുതേനായ്ത്തീരട്ടേ, നമ്മഞ്ങ്കിങ്ങോഷധീഗണം

തേനാകരാത്രി, തേനാക പകൽ, തേനാക മന്നിടം
നമുക്ക തേനായ്ച്ചമയുകപ്പുൻപോലുള്ളനാകവും.

മധുവേകട്ടെ നമ്മഞ്ങ്ക വനസ്പതി ദിനേശനും
മധുവേകട്ടെ നമ്മഞ്ങ്ക മധുതുകട്ടെ ഗോക്കളും (1—90)

ഗാഹ്പത്യത്തിന്റെ സൌഭാഗ്യത്തെ ആവിഷ്കരിക്കുന്ന പദ്യങ്ങളും പലതും ഋഗ്വേദത്തിലുണ്ട്. സൂര്യപുത്രിയായ സൂര്യയുടെ അനുരാഗം സമ്പാദിക്കുവാൻവേണ്ടി പൂഷാവ് തങ്കത്തോണിയിൽ കയറി അന്തരീക്ഷ സമുദ്രത്തിലൂടെ സഞ്ചരിക്കുന്ന ഒരു വർണ്ണന ആറാം മണ്ഡലത്തിൽ കാണാം. സവിതാവു സൂര്യയെ വരനു കൊടുക്കുന്നതും വധുവിനെ ഭർത്തൃഗൃഹത്തിലേക്കു അകമ്പടിയോടുകൂടി കൂട്ടിക്കൊണ്ടുപോകുന്നതും അതിമനോഹരമായി പത്താം മണ്ഡലത്തിൽ വർണ്ണിച്ചിട്ടുണ്ട്. ഗൃഹനായികയുടെ പദവി അത്യന്തം ഉൽകൃഷ്ടമാണ്. സുമംഗലിയായ വധുവിനെ കണ്ടു കണ്ണു കുളുർപ്പിക്കുവാൻ എല്ലാവരെയും ക്ഷണിക്കുന്നു. ശ്വശ്രുരനും ശ്വശ്രുവിനും നാത്തൂനുമാക്കും ദേവരനും 'സാമ്രാജ്ഞി' യാവുക എന്നാണ് വധുവിനു നല്കപ്പെടുന്ന ആശീർവാദം. ഒരിക്കലും വിയുക്തരാവാതെ, ആയുസ്സിന്റെ പരമാവധിയനുഭവിച്ചുകൊണ്ടും, പുത്രപൌത്രാദികളോടൊരുമിച്ചു രമിച്ചുകൊണ്ടും സ്വഗൃഹത്തിൽ വാഴുക എന്ന അനുഗ്രഹവും ദമ്പതികൾക്കു വേണ്ടപ്പെട്ടവർ നല്കുന്നു. പാതിവ്രത്യത്തിനു വേദം വളരെയധികം വില കല്പിക്കുന്നുണ്ട്. അഗ്നിയെക്കുറിച്ചുള്ളൊരു സ്തുതിയിൽ പതിവ്രതയെപ്പോലെ പരിശുദ്ധനാണ് (അനവദ്യനാണ്) ആ ദേവനെന്നു പറഞ്ഞതിൽനിന്നുതന്നെ പാതിവ്രത്യത്തിന്റെ മാഹാത്മ്യം സ്പഷ്ടമാണ്. പക്ഷേ ആ കാരണത്താൽ വിധവകളുടെ പുനർവിവാഹം നിരോധിക്കപ്പെട്ടിട്ടുമില്ല. ജീവിതായോധനത്തിൽ വിജയംവരെ പോരാടുകയാണ് സ്ത്രീപുരുഷബന്ധത്തിന്റെ ഉദ്ദേശമെങ്കിൽ, മരിച്ച ഭർത്താവിന്റെ മൃതദേഹത്തിന്നടുത്തിരുന്നു ദുഃഖിക്കുന്നതിനു പകരം വീണ്ടും ജീവിതായോധനത്തിലേക്കു കടന്നുചെല്ലുകയാണ് വേണ്ടതെന്നു വിധവയെ ആചാര്യൻ ഉൽബോധിപ്പിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, പരിശുദ്ധവും സംതൃപ്തവും ആയ ജീവിതത്തിനുവേണ്ടിയുള്ള ഒരു പരിപാടിയെ മനസ്സിൽവെച്ചുകൊണ്ടാണ് വേദാചാര്യന്മാർ ചില തത്വസംഹിതകൾ ആസൂത്രണം ചെയ്തിട്ടുള്ളതെന്നു ഋഗ്വേദത്തിന്റെ ഉള്ളടക്കത്തിൽനിന്നു മനസ്സിലാക്കാം. പക്ഷേ അവസ്ഥാപിന്നിലുള്ള ഭാവങ്ങൾ മുഴ

എന്നിങ്ങിനെ ഗദ്യത്തിലാക്കേണ്ടിയിരുന്നില്ല. പലപ്പോഴും കേട്ടപരിചയമുള്ള ഈ മനോഹരാശയത്തെ പദ്യരൂപത്തിലാക്കിയിരുന്നെങ്കിൽ അധികം ഹൃദയാവർജ്ജകമാകുമായിരുന്നു.

അഗ്നിയെക്കുറിച്ചു മൂന്നാം മണ്ഡലത്തിലെ അമ്പത്തിയഞ്ചാം സൂക്തത്തിൽ ഉള്ള

ആക്ഷിത് പൂർവ്വാസുപരാ അനൂരുത്
സദ്യോ ജാതാസു തരുണീഷ്വന്തഃ
അന്തർ വതീഃ സുവതേ അപ്രവീതാ
മഹദ്ദേവാനാം അസുരത്വം ഏകം

എന്നതിന്റെ തർജ്ജമയും ഗദ്യത്തിലാണ്:—

പഴയവയെ വിട്ട പുതിയവയോടിണങ്ങുന്നവൻ അപ്പോൾപ്പിറന്ന തരുണികളിൽ കടന്നുകൂടുന്നു. അവർ 'ആരുമില്ലാതെ' ഗർഭംധരിച്ചു പ്രസവിക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ!

ഓഷധികളിൽ വ്യാപരിക്കുന്ന അഗ്നിയെപ്പറ്റിയാണിവിടെ വിവക്ഷ. സസ്യങ്ങളുടെ പിറപ്പും വളച്ചയും വിവരിക്കുന്ന ഈ വാക്യം പദ്യത്തിലായിരുന്നുവെങ്കിൽ അധികം രസകരമാകുമായിരുന്നു. 'ദേവന്മാരുടെഉറ്റ പ്രാബല്യം വലുതുതന്നെ' എന്ന തർജ്ജമയിൽ മൂലത്തിലെ 'ഏകത്വം' സ്പഷ്ടമാകുന്നില്ല. ഈ സൂക്തത്തിലെ എല്ലാ ഋക്കുകളിലുമുള്ളതാണ് ആ ഏകത്വ സൂചന. പകലും രാത്രിയും 'നാനാരൂപങ്ങൾ ധരിക്കുന്നു, കുത്തവളും വെളുത്തവളുമായ സഹോദരിമാരാണവർ, ഒന്നു വിളങ്ങുന്നു മറ്റതു കറുത്തതാണ്'' എന്നു പതിനൊന്നാമത്തെ ഋക്കിലും 'ദർശനീയങ്ങളായ രൂപകല്പകൾ ആകാശമധ്യത്തിൽ വെയ്ക്കപ്പെട്ടിരിക്കുന്നു; അവയിൽ ഒന്നു നിഗൂഢമാണ്, മറ്റതു പ്രകടവും. അവരണ്ടിന്റെയും ചേർച്ച് സർവ്വരിലും വ്യാപിക്കുന്നു' എന്നു പതിനഞ്ചാമത്തെ ഋക്കിലും ആ സൂചനയുണ്ട്. ഇങ്ങിനെ നാനാത്വത്തിൽ ഐക്യത്തെ ദർശിച്ച പ്രാചീനാചാര്യന്മാരുടെ ലോകതത്വ നിരീക്ഷണത്തിന്റെ മഹത്വം മനസ്സിലാക്കാതെ വേദം വെറും പ്രാകൃതകൃതിയാണെന്നുൽഘോഷിക്കുന്നതുകൊണ്ടുണ്ടായ പ്രാജ്ഞമ്മന്യന്മാരെക്കുറിച്ചെന്താണ് പറയേണ്ടത്!

ധാർമ്മികമായ ജീവിതംനയിച്ചു സുഖമനുഭവിക്കുവാനാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. അതു സാധിക്കുവാനുള്ള പ്രാർത്ഥനകൾ ഋഗ്വേദത്തിൽ ഉടനീളം കാണാം:—

ഇന്ദ്രൻ, ഭഗൻ, മരുത്തുക്കൾ, പൂഷാവീ വന്ദ്യദേവകൾ
വേർതിരിക്കട്ടെ വേണ്ടുന്ന നന്മയ്ക്കായ് നമ്മൾതൻ വഴി.

* * *

മധുതുകന്നു യജമാനന്നു വായുവുമാർകളും
അമ്മട്ടുതേനായ്ത്തീരട്ടേ, നമ്മംക്കിങ്ങോഷധീഗണം

തേനാകരാത്രി, തേനാക പകൽ, തേനാക മന്നിടം
നമുക്കു തേനായ്ച്ചമയുകച്ചുൻപോലുള്ളനാകവും.

മധുവേകട്ടെ നമ്മംക്കു വനസ്പതി ദിനേശനും
മധുവേകട്ടെ നമ്മംക്കു മധുതുകട്ടെ ഗോക്കളും (1—90)

ഗാഹ്പത്യത്തിന്റെ സൌഭാഗ്യത്തെ ആവിഷ്കരിക്കുന്ന പദ്യങ്ങളും പലതും ഋഗ്വേദത്തിലുണ്ട്. സൂര്യപുത്രിയായ സൂര്യയുടെ അനുരാഗം സമ്പാദിക്കുവാൻവേണ്ടി പൂഷാവ് തങ്കത്തോണിയിൽ കയറി അന്തരീക്ഷ സമുദ്രത്തിലൂടെ സഞ്ചരിക്കുന്ന ഒരു വർണ്ണന ആറാം മണ്ഡലത്തിൽ കാണാം. സവിതാവു സൂര്യയെ വരനു കൊടുക്കുന്നതും വധുവിനെ ഭർത്തൃഗൃഹത്തിലേക്കു അകമ്പടിയോടുകൂടി കൂട്ടിക്കൊണ്ടുപോകുന്നതും അതിമനോഹരമായി പത്താം മണ്ഡലത്തിൽ വർണ്ണിച്ചിട്ടുണ്ട്. ഗൃഹനായികയുടെ പദവി അത്യന്തം ഉൽകൃഷ്ടമാണ്. സുമംഗലിയായ വധുവിനെ കണ്ടു കണ്ണു കളുപ്പിക്കുവാൻ എല്ലാവരെയും ക്ഷണിക്കുന്നു. ശ്വശ്രുരനും ശ്വശ്രുവിനും നാത്തൂനുമാക്കും ദേവരനും 'സാമ്രാജ്ഞി' യാവുക എന്നാണ് വധുവിനു നല്കപ്പെടുന്ന ആശീർവ്വാദം. ഒരിക്കലും വിയുക്തരാവാതെ, ആയുസ്സിന്റെ പരമാവധിയനുഭവിച്ചുകൊണ്ടും, പുത്രപൌത്രാദികളോടൊരുമിച്ചു രമിച്ചുകൊണ്ടും സ്വഗൃഹത്തിൽ വാഴുക എന്ന അനുഗ്രഹവും ദമ്പതികൾക്കു വേണ്ടപ്പെട്ടവർ നല്കുന്നു. പാതിവ്രത്യത്തിനു വേദം വളരെയധികം വില കല്പിക്കുന്നുണ്ട്. അഗ്നിയെക്കുറിച്ചുള്ളൊരു സ്തുതിയിൽ പതിവ്രതയെപ്പോലെ പരിശുദ്ധനാണ് (അനവദ്യനാണ്) ആ ദേവനെന്നു പറഞ്ഞതിൽനിന്നുതന്നെ പാതിവ്രത്യത്തിന്റെ മാഹാത്മ്യം സ്പഷ്ടമാണ്. പക്ഷേ ആ കാരണത്താൽ വിധവകളുടെ പുനർവിവാഹം നിരോധിക്കപ്പെട്ടിട്ടുമില്ല. ജീവിതായോധനത്തിൽ വിജയംവരെ പോരാടുകയാണ് സ്ത്രീപുരുഷബന്ധത്തിന്റെ ഉദ്ദേശമെങ്കിൽ, മരിച്ച ഭർത്താവിന്റെ മൃതദേഹത്തിന്നടുത്തിരുന്നു ദുഃഖിക്കുന്നതിനു പകരം വീണ്ടും ജീവിതായോധനത്തിലേക്കു കടന്നുചെല്ലുകയാണ് വേണ്ടതെന്നു വിധവയെ ആചാര്യൻ ഉൽബോധിപ്പിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, പരിശുദ്ധവും സംതൃപ്തവും ആയ ജീവിതത്തിന്നുവേണ്ടിയുള്ള ഒരു പരിപാടിയെ മനസ്സിൽവെച്ചുകൊണ്ടാണ് വേദാചാര്യന്മാർ ചില തത്വസംഹിതകളും ആസൂത്രണം ചെയ്തിട്ടുള്ളതെന്നു ഋഗ്വേദത്തിന്റെ ഉള്ളടക്കത്തിൽനിന്നു മനസ്സിലാക്കാം. പക്ഷേ അവയ്ക്കുപിന്നിലുള്ള ഭാവങ്ങളും മുഴ

വന്നും വ്യക്തമാകണമെങ്കിൽ സവിസ്തരമായ ഒരു വ്യാഖ്യാനം കൂടിയേ കഴിയൂ. ഒരു പരിഭാഷകൊണ്ടു മാത്രം അക്കാര്യം നിവ്ഹിക്കപ്പെടുകയില്ല. ഏതായാലും തീരേ അടുക്കുവാൻ വയ്യാത്ത ഒരവസ്ഥയിൽനിന്നു ഏതാണ്ടൊന്നു സമീപിക്കാമെന്ന അവസ്ഥയിലേക്കു ഋഗ്വേദതത്വങ്ങളെക്കൊണ്ടുവരുവാൻ വള്ളത്തോളിന്റെ വിവർത്തനത്തിനു സാധിച്ചിട്ടുണ്ട്. എന്നിട്ടും മനസ്സിലാക്കുവാൻ കഴിയാത്ത അനവധി ഭാഗങ്ങൾ അതിലുണ്ടെങ്കിൽ അതിനുത്തരവാദിത്വം വഹിക്കേണ്ടതു് ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയത്തിന്റെ ഗഹനതയാണു്. ആമുഖത്തിൽ കെ. എം. പണിക്കർ പറഞ്ഞപോലെ ഏതോ ഗുഹയിൽ കിടന്നിരുന്ന വേദങ്ങളെ കൈരളിക്കു പരിചയപ്പെടുത്തിത്തന്ന മഹാകവി വള്ളത്തോളിന്റെ തർജ്ജമ അസാധാരണമായ ഒരു നേട്ടം തന്നെയാണു്.

വി. ടി. ഭട്ടതിരിപ്പാടിന്റെ ഒരു ലേഖന*ത്തിൽനിന്നുദ്ധരിച്ച ഈ വരികളും ശ്രദ്ധേയങ്ങളാണു്:—

''വേദം ശൂദ്ര ച്ചെവിയിൽച്ചെന്നലച്ചാൽ വിശ്വം പൊട്ടിത്തകരുമെന്നു വിശ്വസിക്കുന്ന ഒരു സമുദായത്തിലാണെന്റെ ജനനം. ഒരു പന്തീരാണ്ടുകാലത്തോളം അതോതിത്തന്ന ഓതിക്കുന്നും, അതിരുന്നു പഠിച്ച എനിക്കും അതിന്റെ ഉള്ളടക്കമെന്തെന്നു് അന്നുമിന്നുമറിഞ്ഞുകൂടാ. ആ ഓതിക്കുനും ഞാനും ഇന്നും 'തിരുമേനി'മാരാണു്. അതു മലയാള ഭാഷയിലേക്കു വിവർത്തനംചെയ്ത ആ വള്ളത്തോളോ? വെട്ടത്തുനാട്ടിലെ ഒരു നായർത്തറവാട്ടിൽ ജനിച്ച വെറും ഒരു നാരായണമേനോൻ! ബ്രാഹ്മണ്യമേ! നിന്റെ കയ്യിലിരിക്കുന്ന വേദം ആരോഗ്യകരമായ ഒരു മധുരഫലമാണെങ്കിൽ, ഓതിക്കുനും ഞാനും കടിച്ചുതിന്നതു് അതിന്റെ തൊണ്ടാണു്; ശ്രീ നാരായണമേനോനാകട്ടേ, അതിന്റെ കഴമ്പും! ലോകമേ! നീ ഇതോർത്തു ചിരിക്കുന്നുവോ?''

വള്ളത്തോളിന്റെ ഋഗ്വേദവിവർത്തനത്തിനു ഏറ്റവും സമുചിതമായ ഒരഭിനന്ദനമാണിതെന്നു ആരും സമ്മതിക്കും.

* മാതൃഭൂമി വള്ളത്തോൾപ്പതിപ്പു്. 1958

ഇരുപത്തേഴാം അധ്യായം

വ്യക്തിപ്രഭാവം

സമസ്തകേരള സാഹിത്യപരിഷത്തിന്റെ ആരംഭകാലത്ത് അതിൽ താൽപര്യപൂർവം പങ്കെടുക്കുകയും, പിന്നെക്കുറച്ചു കാലം അതിൽനിന്നു മാറിനില്ക്കുകയും, ഇടയ്ക്കു അതിനെതിരായി ചില സമ്മേളനങ്ങളിൽ പ്രസംഗിക്കുകയും ചെയ്ത വള്ളത്തോൾ കാലക്രമേണ പരിഷത്തിൽ ഒരാജീവന സാമാജികനായിത്തീർന്നപ്പോൾ സഹൃദയലോകം സന്തോഷിച്ചു. 1940 മുതൽ വള്ളത്തോൾ മിക്ക പരിഷദ്യോഗങ്ങളിലും സംബന്ധിക്കുകയോ പരിഷത്തിനോടു സഹകരിക്കുകയോ ചെയ്തുതുടങ്ങി. അക്കൊല്ലം ഡിസമ്പറിൽ പാലക്കാട്ടുവെച്ചു കൂടിയ പതിനാലാം വാഷ്കികയോഗത്തിൽ അദ്ദേഹമായിരുന്നു അധ്യക്ഷൻ.

1941 ജനവരിയിൽ മദിരാശി കേരള സമാജത്തിന്റെ സാഹിത്യസമ്മേളനത്തിൽ ആധ്യക്ഷ്യംവഹിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ, ഇന്ത്യക്കാർ ഇംഗ്ലീഷുഭാഷയെ ''സ്വഭാഷാവിധ്വംസനത്തിന്നായി വിനിയോഗിക്കുന്നു''തിനെപ്പറ്റി വള്ളത്തോൾ ശക്തിയോടെ ആക്ഷേപിച്ചു. ''പ്രചാരത്താലും പ്രഭാവത്താലും ഭാഷകളുടെ രാജ്ഞി എന്ന പദത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന ഈ ദ്വീപാന്തരഭാഷ തീച്ചയായും നമുക്കു സംസേവ്യതന്നെ. മടിശ്ശീലയ്ക്കു കനമുള്ളവരൊക്കെ ആ റാണിയെ വിലയേറിയ കാണിയ്ക്കുവെച്ചു പ്രസാദിപ്പിച്ചുകൊണ്ടിരിക്കട്ടെ. അമിതവ്യയലഭ്യമായ–സാധാരണക്കു ദുഷ്പ്രാപമായ–ആ പ്രസാദത്തെ അവർ, ഇന്നത്തെ പരിഷ്കൃതമനുഷ്യർ തങ്ങൾക്കു സിദ്ധിച്ച പ്രകൃതിശാസ്ത്രവിജ്ഞാനത്തെ ലോകസംഹാരത്തിന്നുപയോഗിച്ചുപോരുന്നതുപോലെ, സ്വഭാഷാവിധ്വംസനത്തിന്നായി വിനിയോഗിക്കരുതെന്നേ നാം അപേക്ഷിക്കുന്നുള്ളൂ'' എന്നായിരുന്നു മഹാകവിയുടെ വാക്കുകൾ. ആ പ്രസംഗത്തിൽത്തന്നെ, കേരളീയരുടെ ഇടയിൽ പുസ്തകപാരായണകൌതുകം വളർന്നുവരുന്നതിനെപ്പറ്റി വള്ളത്തോൾ സന്തോഷിച്ചു. എങ്കിലും തക്കതായ ഒരു നിഘണ്ടുവിന്റെ അഭാവം നിമിത്തം ആ താൽപര്യപൂർത്തിക്കു വിഘാതം നേരിടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. വീര്യവും സൌന്ദര്യവുമുള്ള അനേകം പ്രാചീനപദങ്ങൾ ഇന്നത്തെ മലയാണ്മ മറന്നുപോയതിന്നദ്ദേഹം ഒരുദാഹരണം എടുത്തു

കാണിച്ചു. വാല്മീകിരാമായണ തർജ്ജമയിൽ 'ചെങ്ങിയ' എന്നൊരു പദം കണ്ടപ്പോൾ ചില സാഹിത്യകുശലന്മാർക്കു അതിന്റെ അർത്ഥം മനസ്സിലായില്ലത്രെ! അങ്ങിനെ വേറെയും പദങ്ങൾ കാണും. ''ആ വക പദങ്ങളെ ഗ്രണ്ടർട്ട്–ഡിക്ഷണറിയിൽ നിന്നും മറ്റുമായി പെറുക്കിയെടുത്തു യഥാക്രമം ചേർത്തു തക്ക വിവരങ്ങളോടുകൂടി ഒരു ചെറിയ അഭിധാനഗ്രന്ഥം നിർമ്മിക്കപ്പെട്ടാൽതന്നെ, കൈവിട്ടപോയ രത്നങ്ങൾ തിരിച്ചുകിട്ടിയാലെന്നപോലെ ഭാഷാസ്നേഹികൾ സന്തോഷിക്കും. പദപുഷ്ടിയാണല്ലൊ ഏതു ഭാഷയ്ക്കും പണ്ടപ്പെട്ടി''. എന്നദ്ദേഹം പറഞ്ഞു.

1943–ൽ പറവൂരിൽ ചേർന്ന സാഹിത്യപരിഷത്സമ്മേളനത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചതും 'പത്രവായനയൊഴിച്ചു മറു ജോലിയൊന്നും ചെയ്യാതെ അസ്വാസ്ഥ്യംമൂലം ആലസ്യത്തിൽ കഴിച്ചുകൊണ്ടിരുന്ന' വള്ളത്തോൾ ആയിരുന്നു. അപ്രകാശിതഗ്രന്ഥങ്ങളെ–മലയാളത്തിലുള്ളവയെ മാത്രമല്ല മലയാളികൾ എഴുതിയ സംസ്കൃതകൃതികളെയും--പ്രസിദ്ധീകരിക്കുന്നതിൽ പണ്ഡിതന്മാർ ശ്രദ്ധവെക്കേണ്ടതിനെപ്പറ്റിയും തദവസരത്തിൽ വള്ളത്തോൾ ഊന്നിപ്പറയുകയുണ്ടായി. സംസ്കൃതഭാഷയും ഗംഗയുമില്ലെങ്കിൽ ഭാരതം ഭാരതമല്ലെന്നും മലയാളഭാഷയിൽ ശരിയായ പാണ്ഡിത്യം സമ്പാദിക്കണമെന്നുണ്ടെങ്കിൽ സംസ്കൃതം പഠിച്ചേ തീരൂ എന്നുമായിരുന്ന മഹാകവിയുടെ അഭിപ്രായം.

'പതിനാറു വയസ്സുകാരിയായ പരിഷത്ത് അറുപത്തഞ്ചു വയസ്സുകാരനെ അധീശനായി വരിച്ച' യോഗമായിരുന്ന 1944 മെയ്മാസത്തിൽ എറണാകുളത്തുവെച്ചു കൂടിയ പരിഷത്സമ്മേളനം. ആധുനികരുടെ 'പുരോഗമന' പ്രവണതകളെ അധ്യക്ഷപ്രസംഗത്തിൽ വള്ളത്തോൾ വിമർശിച്ചു.

പരിഷത്തിന്റെ സ്ഥിരാധ്യക്ഷനായി അതിനെ എല്ലാവിധത്തിലും പരിപോഷിപ്പിച്ചുപോന്ന മഹാകവി ഉള്ളൂർ 1946-ൽ ആ സ്ഥാനത്തിൽനിന്നൊഴിഞ്ഞു. തൽസ്ഥാനത്ത് വള്ളത്തോൾ ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സർവ്വഥാ സമുചിതമായിരുന്ന ആ തിരഞ്ഞെടുപ്പ്. പക്ഷേ, നാലുകൊല്ലം കഴിഞ്ഞപ്പോൾ ഒരനിഷ്ടസംഭവമുണ്ടായി. പരിഷദ്വൈമാസികത്തിന്റെ 1126 തുലാം–വൃശ്ചികം ലക്കത്തിൽ (1950)കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനെയും വെണ്മണിക്കവികളെയും ചന്തുമേനോനെയും ഏറക്കുറെ അവഹേളിച്ചുകൊണ്ടുള്ള സ്വരത്തിൽ ഒരു ലേഖനം പ്രസിദ്ധീകൃതമായി. ''ഭഗവതീക്ഷേത്രത്തിന്റെ മുറ്റത്തു മുണ്ടു മടക്കിയിട്ടിരുന്ന് മഹാഭാരതം മുഴുവനും തർജ്ജമചെയ്ത'' കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഇന്നാട്ടിലെ

ജനതയുടെ ജീവിതം ഉൾക്കൊള്ളുന്ന കൃതികളൊന്നും നിർമ്മിച്ചിട്ടില്ലെന്നും, വെണ്മണി അച്ഛനെയും മകനെയുംകൊണ്ടു സാരമായ നേട്ടമൊന്നും ഭാഷയ്ക്കുണ്ടായിട്ടില്ലെന്നും, ഇന്ദുലേഖ തജ്ജമചെയ്ത കടലിന്നപ്പുറം കടത്തുവാൻ വല്ലവർക്കും ധൈര്യമുണ്ടോ എന്നും മറ്റുമായിരുന്ന ആക്ഷേപത്തിന്റെ രീതി. പ്രാസംഗികമായി ലേഖകൻ ഉണ്ണായിവാരിയരെപ്പറ്റി ഇങ്ങിനെയും പറഞ്ഞു: ''ഉണ്ണായിവാരിയരുടെ കഥകളി ഇന്നെടുത്തു വെച്ചു ഇതെത്രത്തോളം ജനകീയമാണെന്നു ചോദിക്കുന്നവന്റെ ചെകിടത്തടിയ്ക്കുണം എന്നാണെനിയ്ക്കു പറവാനുള്ളത്.''

ഈ ലേഖനം വള്ളത്തോളിനെ കണക്കിലധികം വേദനിപ്പിച്ചു. സാഹിത്യലോകത്തിലെ ഗുരുഭൂതന്മാരെപ്പറ്റി അത്ര നിർല്ലക്ഷ്യഭാവത്തിൽ ചെയ്ത ഒരു പ്രസ്താവം സാഹിത്യപരിഷത്തിന്റെ മുഖപത്രത്തിൽ പ്രസിദ്ധീകൃതമായതിലുള്ള മര്യാദകേടു പരിഷദ്ധ്യക്ഷനായ അദ്ദേഹത്തിന്നു് ആക്ഷേപാഹ്മായിത്തോന്നിയതിലത്ഭുതമില്ല. ലേഖനം കണ്ട ഉടനെ അതിലെ ആക്ഷേപാഹ്ങ്ങളായ അംശങ്ങളുദ്ധരിച്ചുകൊണ്ടു വള്ളത്തോൾ പരിഷൽ കാര്യദർശിക്കിങ്ങിനെ എഴുതി:—

''ഇവയുടെ ഉടമസ്ഥനോടു ദ്വൈമാസികക്കാർക്കു രണ്ടു വാക്കു പതുക്കെ ചോദിക്കാമായിരുന്നു: 'ഇന്ദുലേഖ' സധൈര്യം കടലിന്നപ്പുറത്തു കടത്തുകയും അവിടത്തുകാർ അത്യന്തം ശ്ലാഘിക്കുകയും കഴിഞ്ഞിട്ടു അരനൂറ്റാണ്ടിൽപ്പുറം കാലമായി; എന്നിട്ടും സാർ അറിഞ്ഞില്ലെന്നോ? സാധു കുഞ്ഞിക്കുട്ടൻതമ്പുരാനു ഇരിക്കാൻ ഒരു പീടികക്കോലായപോലും കിട്ടിയില്ല; ഒരു പൊളിഞ്ഞ കസേലപോലും കിട്ടിയില്ല. ഇതോ അദ്ദേഹം വിശ്വസാഹിത്യമായ മഹാഭാരതം മുഴുവനും തർജ്ജമചെയ്തതോ താങ്കളുടെ ദൃഷ്ടിയിൽ ഏറെപ്പരിഹാസ്യം? തമ്പുരാന്റെ പാലുള്ളിനമ്പൂരി, തുപ്പൽക്കോളാമ്പി, കുലുക്കമില്ലാവൂർ, കേരളം മുതലായ കൃതികളും ഉൾക്കൊള്ളുന്നതു് ആഫ്രിക്കക്കാരുടെ ജീവിതമാണോ? ഇന്നത്തെ സരളസുന്ദരമായ മണിപ്രവാളത്തിന്റെ ശില്പികളായ വെണ്മണി നമ്പൂരിപ്പാടന്മാരിൽനിന്നുള്ള നേട്ടം സാരമല്ലെങ്കിൽ സാരം ഏതു്? അറുപതെഴുപതു വഷ്ങ്ങൾക്കു മുമ്പുള്ള വെണ്മണിക്കൃതികളും മറ്റും ഇന്നെടുത്തുവെച്ചു ഇതെത്രത്തോളം ജനകീയമാണെന്നു ചോദിക്കുന്നവന്റെ ഏതവയവത്തിലാണു് അടിക്കേണ്ടതു്?''

എഴുത്തിങ്ങിനെയാണവസാനിപ്പിച്ചതു്:—

''വേണ്ടാ. എനിയ്ക്കിതേ പറയാനുള്ളൂ. മലയാണ്മയ്ക്കു പുതുമയും പൊലിമയും വരുത്തിയ ആ മണ്മറഞ്ഞ ഗുരുജനങ്ങളെ അവഹേളിക്കുന്നതും അപഹസിക്കുന്നതും സഹിപ്പാൻപോന്ന കട്ടിത്തം എന്റെ വൃദ്ധഹൃദയത്തിന്നില്ല. അതുകൊണ്ടു അനാ

വശ്യമായ ഈ ഗ്രന്ഥനിന്ദനത്തിന്നു സ്ഥലം നല്കിയ ദൈമാസികം യാതൊന്നിനേറേതോ ആ സമസ്തകേരളസാഹിത്യപരിഷത്തിന്റെ അധ്യക്ഷപദത്തിൽനിന്നു ഞാൻ സഖേദം ഒഴിഞ്ഞിരിക്കുന്നു. പരിഷദംഗത്വവും പരിത്യജിച്ചിരിക്കുന്നു.''

അപ്പോഴാണ് തങ്ങൾക്കു പിണഞ്ഞ അബദ്ധത്തെപ്പറ്റി പരിഷൽ ഭാരവാഹികൾക്കു ബോധംവന്നത്. രാജി പിൻവലിക്കണമെന്നു അവരപേക്ഷിച്ചതനുസരിച്ചു വള്ളത്തോൾ അധ്യക്ഷപദത്തിൽ തുടരുവാൻ സമ്മതിക്കുകയും ചെയ്തു. ഇതിനെപ്പറ്റി പിന്നീടൊരവസരത്തിൽ വള്ളത്തോൾ അനുസ്മരിച്ചതിങ്ങിനെയാണ്:—

''ഉദ്ബുദ്ധപ്രതിഭനായ ഉള്ളൂർ മഹാകവിയ്ക്കുശേഷം സാഹിത്യപരിഷത്തിന്റെ സ്ഥിരാദ്ധ്യക്ഷപീഠത്തിൽ ഭാരവാഹികൾ എന്നെ എടുത്തു പ്രതിഷ്ഠിച്ചു കളഞ്ഞു. അസ്മാദൃശർക്കു കേറിക്കൂടാത്ത ആ ഉന്നതിയിൽനിന്നു ഇറങ്ങിപ്പോരാൻ ഉഴറിക്കൊണ്ടിരുന്ന എനിയ്ക്കു ആദ്യം ഒരു കോണിയായിക്കിട്ടിയതു നമ്മുടെ സാഹിത്യകുശലന്റെ പെരുമ്പാമ്പിനൊത്ത ഒരു പ്രഭാഷണമായിരുന്നു—വന്ദനീയരായ ഇന്ദുലേഖാപ്രണേതാവിനെയും മഹാഭാരതവിവർത്തകനെയുംകുറിച്ചുള്ള പാഴ്പരിഹാസങ്ങളാകുന്ന പടികൾ ഘടിപ്പിക്കപ്പെട്ട ആ വാഗ്ധോരണി പകർത്തിച്ചേർത്ത ഒരു പരിഷന്മാസികലക്കമായിരുന്നു! ഞാൻ വെമ്പലോടെ ഇറങ്ങാൻ കാൽനീട്ടി. എന്നാൽ പ്രവർത്തകപ്രധാനർ പിടിവിട്ടില്ല. പിന്നെയും കുറെക്കാലം ഉള്ളൂരാകുന്ന ഉത്സാഹത്തിന്റെ സ്ഥാനത്തു വള്ളത്തോളാകുന്ന ആലസ്യം തന്നെ ചടഞ്ഞിരിക്കുകയായി.'' (പരിഷത് പ്രസംഗങ്ങൾ—മൂന്നാംഭാഗം—കോട്ടയം സമ്മേളനം 1957. എൻ. ബി. എസ്സിന്റെ പ്രസിദ്ധീകരണം).

പരിഷദ്ധ്യക്ഷസ്ഥാനം തെല്ലൊരു വൈമനസ്യത്തോടെയായിരുന്നു വള്ളത്തോൾ സ്വീകരിച്ചത് എന്നാണല്ലൊ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. ഏതായാലും പിന്നീടു കുറച്ചുകാലം പരിഷത്തിന്റെ കാര്യങ്ങളിൽ അദ്ദേഹം താൽപര്യം കാണിച്ചുകൊണ്ടുതന്നെ ഇരുന്നു. ഒറ്റപ്പാലത്തുവെച്ചു നടന്ന പരിഷത്സമ്മേളനം ഉൽഘാടനംചെയ്വാൻ എത്തിയ ഡോക്ടർ എസ്സ്. രാധാകൃഷ്ണനെ സരസവും കവിതാമയവുമായ ഒരു സംസ്കൃതപ്രസംഗംകൊണ്ടു സ്വാഗതം ചെയ്തതു വള്ളത്തോളായിരുന്നു.

1954-ൽ കേന്ദ്ര സാഹിത്യ അക്കാദമി സംഘടിതമായപ്പോൾ മലയാളഭാഷയുടെ പ്രതിനിധി എന്ന നിലയിൽ മഹാകവി അതിൽ ഒരംഗമായി.

അടുത്ത കൊല്ലം ഇന്ത്യൻ റിപ്പബ്ലിക്ക് ദിനം പ്രമാണിച്ചു,

ഭാരത ഗവമ്മെൻറ് വള്ളത്തോളിനു 'പദ്മഭൂഷണ'ബിരുദം സമ്മാനിച്ചു.

1956 നവമ്പർ ഒന്നാം തീയതി കേരള സംസ്ഥാനം ഉടലെടുത്തപ്പോൾ മദിരാശി സംസ്ഥാനത്തിൻെറ ഒരു ഭാഗമായിരുന്ന മലബാർ ജില്ല തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോടു സംയോജിക്കപ്പെട്ടു. ഒരേകീകൃതകേരളത്തിനുവേണ്ടി വാദിച്ചിരുന്നവരുടെ ഭാഗത്തായിരുന്നു വള്ളത്തോൾ. അതു സാധിച്ചപ്പോൾ ഉണ്ടായ ചാരിതാർത്ഥ്യത്തെ പ്രകടമാക്കിക്കൊണ്ടെഴുതിയ കവിതയാണ് 'കേരളം കേരളം.'

ഗംഗാസരസ്വതീ കാളിന്ദികളുടെ
സംഗമമൊന്നിതാ തെന്നൃഷിമന്നിലും
ഭംഗമറൊന്നിച്ചു കൂടിയല്ലോ ചിരാ
ലിങ്ങു മലങ്കര—കൊച്ചി—വേണാടുകൾ.
മുങ്ങിക്കുളിസ്സുക നാമിത്രിവേണിയി
ലംഗശുദ്ധിസ്സുമപൂവ്സിദ്ധിസ്സുമായ്.

ഭാഗ്യശേഷത്തിൻെറ തേപ്പാൽ നികന്നുപോയ്
ഭാഗ്യവക്ഷേത്രമേ! നിൻമുപ്പൊളിവുകൾ.
ഐക്യമാം വിഗ്രഹം വീണ്ടും പ്രതിഷ്ഠിതം
നേക്കുയരട്ടെ നിൻ ഭദ്രക്കൊടിമരം.

ഈ ആശംസയോടെയാണ് അവിഭക്തകേരളത്തിൻെറ പിറവിയെ കവി സ്വാഗതം ചെയ്തത്.

ആരാധ്യമല്ലെവക്കദ്വൈതധാമമാം
പാരൊരേ നാടായ്ച്ചമഞ്ഞ മഹോത്സവം?
ആദിപ്രകൃതിയിൽത്തന്നെ ലയിച്ചിതി
ന്നാസ്ഥയാ വെവ്വേറെ വാണമുമ്മൂർത്തികൾ.

കേരളത്തിനെ അദ്വൈതത്തിൻെറ ജന്മഭൂമിയായിട്ടായിരുന്നു ഏതു കാലത്തും വള്ളത്തോൾ കരുതിയിരുന്നത്. 'ഐക്യമേ സേവ്യാൽ സേവ്യം' എന്നു വിശ്വസിച്ച കവിയിൽനിന്നു മറെറാരു മനോഭാവം പ്രതീക്ഷിക്കുക അസംഗതമാണല്ലൊ.

1956 ആഗസ്റ്റ്മാസത്തിൽ തിരു-കൊച്ചി ഗവമ്മെൻറ് കേരള സാഹിത്യ അക്കാദമി രൂപീകരിച്ചപ്പോൾ വള്ളത്തോളിനെയാണ് അതിൻെറ ഉപാധ്യക്ഷനായി നാമനിർദ്ദേശംചെയ്തത്.

വള്ളത്തോൾ സമസ്ത കേരള സാഹിത്യ പരിഷത്തിൻെറ അധ്യക്ഷനും കേന്ദ്ര സാഹിത്യ അക്കാദമിയിലൊരു പ്രമുഖ സാമാജികനുമായിരിക്കുന്നതിനിടയിൽ എറണാകുളത്തു വെച്ചു നടന്ന സാഹിത്യ പരിഷത്തിൻെറ രജതജൂബിലിയോ

വശ്യമായ ഈ ഗുരുനിന്ദനത്തിന്നു സ്ഥലം നല്കിയ ദൈമാസികം യാതൊന്നിനേറെതോ ആ സമസ്തകേരളസാഹിത്യപരിഷത്തിന്റെ അധ്യക്ഷപദത്തിൽനിന്നു ഞാൻ സഖേദം ഒഴിഞ്ഞിരിക്കുന്നു. പരിഷദംഗത്വവും പരിത്യജിച്ചിരിക്കുന്നു.''

അപ്പോഴാണ് തങ്ങൾക്കു പിണഞ്ഞ അബദ്ധത്തെപ്പറ്റി പരിഷൽ ഭാരവാഹികൾക്കു ബോധംവന്നത്. രാജി പിൻവലിക്കണമെന്നു അവരപേക്ഷിച്ചതനുസരിച്ചു വള്ളത്തോൾ അധ്യക്ഷപദത്തിൽ തുടരുവാൻ സമ്മതിക്കുകയും ചെയ്തു. ഇതിനെപ്പറ്റി പിന്നീടൊരവസരത്തിൽ വള്ളത്തോൾ അനുസ്മരിച്ചതിങ്ങിനെയാണ്:—

''ഉദ്ബുദ്ധപ്രതിഭനായ ഉള്ളൂർ മഹാകവിയ്ക്കുശേഷം സാഹിത്യപരിഷത്തിന്റെ സ്ഥിരാദ്ധ്യക്ഷപീഠത്തിൽ ഭാരവാഹികൾ എന്നെ എടുത്തു പ്രതിഷ്ഠിച്ചു കളഞ്ഞു. അസ്മാദൃശർക്കു കേറിക്കൂടാത്ത ആ ഉന്നതിയിൽനിന്നു ഇറങ്ങിപ്പോരാൻ ഉഴറിക്കൊണ്ടിരുന്ന എനിയ്ക്കു ആദ്യം ഒരു കോണിയായിക്കിട്ടിയതു നമ്മുടെ സാഹിത്യകുശലന്റെ പെരുമ്പാമ്പിനൊത്ത ഒരു പ്രഭാഷണമായിരുന്നു—വന്ദനീയരായ ഇന്ദുലേഖാപ്രണേതാവിനെയും മഹാഭാരതവിവർത്തകനെയുംകുറിച്ചുള്ള പാഴ്പരിഹാസങ്ങളാകുന്ന പടികൾ ഘടിപ്പിക്കപ്പെട്ട ആ വാഗ്ധോരണി പകർത്തിച്ചേർത്ത ഒരു പരിഷന്മാസികലക്കമായിരുന്നു! ഞാൻ വെമ്പലോടെ ഇറങ്ങാൻ കാൽനീട്ടി. എന്നാൽ പ്രവർത്തകപ്രധാനർ പിടിവിട്ടില്ല. പിന്നെയും കുറെക്കാലം ഉള്ളൂരാകുന്ന ഉത്സാഹത്തിന്റെ സ്ഥാനത്തു വള്ളത്തോളാകുന്ന ആലസ്യം തന്നെ ചടഞ്ഞിരിക്കുകയായി.'' (പരിഷത് പ്രസംഗങ്ങൾ—മൂന്നാംഭാഗം—കോട്ടയം സമ്മേളനം 1957. എൻ. ബി. എസ്സിന്റെ പ്രസിദ്ധീകരണം).

പരിഷദ്ധ്യക്ഷസ്ഥാനം തെല്ലൊരു വൈമനസ്യത്തോടെയായിരുന്നു വള്ളത്തോൾ സ്വീകരിച്ചത് എന്നാണല്ലൊ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു. ഏതായാലും പിന്നീടു കുറച്ചുകാലം പരിഷത്തിന്റെ കാര്യങ്ങളിൽ അദ്ദേഹം താൽപര്യം കാണിച്ചുകൊണ്ടതന്നെ ഇരുന്നു. ഒറവപ്പാലത്തുവെച്ചു നടന്ന പരിഷത്സമ്മേളനം ഉൽഘാടനംചെയ്വാൻ എത്തിയ ഡോക്ടർ എസ്സ്. രാധാകൃഷ്ണനെ സരസവും കവിതാമയവുമായ ഒരു സംസ്കൃതപ്രസംഗംകൊണ്ടു സ്വാഗതം ചെയ്തതു വള്ളത്തോളായിരുന്നു.

1954-ൽ കേന്ദ്ര സാഹിത്യ അക്കാദമി സംഘടിതമായപ്പോൾ മലയാളഭാഷയുടെ പ്രതിനിധി എന്ന നിലയിൽ മഹാകവി അതിൽ ഒരംഗമായി.

അടുത്ത കൊല്ലം ഇന്ത്യൻ റിപ്പബ്ലിക്ക് ദിനം പ്രമാണിച്ചു,

ഭാരത ഗവമ്മെൻറ് വള്ളത്തോളിനു 'പദ്മഭൂഷണ'ബിരുദം സമ്മാനിച്ചു.

1956 നവമ്പർ ഒന്നാം തീയതി കേരള സംസ്ഥാനം ഉടലെടുത്തപ്പോൾ മദിരാശി സംസ്ഥാനത്തിൻെറ ഒരു ഭാഗമായിരുന്ന മലബാർ ജില്ല തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോടു സംയോജിക്കപ്പെട്ടു. ഒരേകീകൃതകേരളത്തിനുവേണ്ടി വാദിച്ചിരുന്നവരുടെ ഭാഗത്തായിരുന്ന വള്ളത്തോൾ. അതു സാധിച്ചപ്പോൾ ഉണ്ടായ ചാരിതാർത്ഥ്യത്തെ പ്രകടമാക്കിക്കൊണ്ടെഴുതിയ കവിതയാണ് 'കേരളം കേരളം.'

ഗംഗാസരസ്വതീ കാളിന്ദികളുടെ
സംഗമമൊന്നിതാ തെന്നൃഷിമന്നില്യം
ഭംഗമറെറാന്നിച്ചു കൂടിയല്ലോ ചിരാ
ലിങ്ങു മലങ്കര—കൊച്ചി—വേണാടുകൾ.
മുങ്ങിക്കുളിസ്സുക നാമിത്രിവേണിയി
ലംഗശുദ്ധിസ്സുമപൂവ്സിദ്ധിസ്സുമായ്.

ഭാഗ്യശേഷത്തിൻെറ തേപ്പാൽ നികന്നുപോയ്
ഭാഗ്യവക്ഷേത്രമേ! നിൻമുപ്പൊളിവുകൾ.
ഐക്യമാം വിഗ്രഹം വീണ്ടും പ്രതിഷ്ഠിതം
നേക്കുയരട്ടെ നിൻ ഭദ്രക്കൊടിമരം.

ഈ ആശംസയോടെയാണ് അവിഭക്തകേരളത്തിൻെറ പിറവിയെ കവി സ്വാഗതം ചെയ്തത്.

ആരാധ്യമല്ലെവക്കദ്വൈതധാമമാം
പാരൊരേ നാടായ്ച്ചമഞ്ഞ മഹോത്സവം?
ആദിപ്രകൃതിയിൽത്തന്നെ ലയിച്ചിതി
ന്നാസ്ഥയാ വെവ്വേറെ വാണമുമ്മൂർത്തികൾ.

കേരളത്തിനെ അദ്വൈതത്തിൻെറ ജന്മഭൂമിയായിട്ടായിരുന്നു ഏതു കാലത്തും വള്ളത്തോൾ കരുതിയിരുന്നത്. 'ഐക്യമേ സേവ്യാൽ സേവ്യം' എന്നു വിശ്വസിച്ച കവിയിൽനിന്നു മറെറാരു മനോഭാവം പ്രതീക്ഷിക്കുക അസംഗതമാണല്ലൊ.

1956 ആഗസ്റ്റ്മാസത്തിൽ തിരു-കൊച്ചി ഗവമ്മെൻറ് കേരള സാഹിത്യ അക്കാദമി രൂപീകരിച്ചപ്പോൾ വള്ളത്തോളിനെയാണ് അതിൻെറ ഉപാധ്യക്ഷനായി നാമനിർദ്ദേശംചെയ്തത്.

വള്ളത്തോൾ സമസ്ത കേരള സാഹിത്യ പരിഷത്തിൻെറ അധ്യക്ഷനും കേന്ദ്ര സാഹിത്യ അക്കാദമിയിലൊരു പ്രമുഖ സാമാജികനുമായിരിക്കുന്നതിനിടയിൽ എറണാകുളത്തു വെച്ചു നടന്ന സാഹിത്യ പരിഷത്തിൻെറ രജതജൂബിലിയോ

വശ്യമായ ഈ ഗ്രന്ഥനിന്ദനത്തിന്റെ സ്ഥലം നല്കിയ ദൈമാസികം യാതൊന്നിന്റേതോ ആ സമസ്തകേരളസാഹിത്യപരിഷത്തിന്റെ അധ്യക്ഷപദത്തിൽനിന്നു ഞാൻ സഖേദം ഒഴിഞ്ഞിരിക്കുന്നു. പരിഷദ്ഗതവും പരിത്യജിച്ചിരിക്കുന്നു.''

അപ്പോഴാണ് തങ്ങൾക്കു പിണഞ്ഞ അബദ്ധത്തെപ്പറ്റി പരിഷൽ ഭാരവാഹികൾക്കു ബോധംവന്നത്. രാജി പിൻവലിക്കണമെന്നു അവരപേക്ഷിച്ചതനുസരിച്ചു വള്ളത്തോൾ അധ്യക്ഷപദത്തിൽ തുടരുവാൻ സമ്മതിക്കുകയും ചെയ്തു. ഇതിനെപ്പറ്റി പിന്നീടൊരവസരത്തിൽ വള്ളത്തോൾ അനുസ്മരിച്ചതിങ്ങിനെയാണ്:—

''ഉദ്ബുദ്ധപ്രതിഭനായ ഉള്ളൂർ മഹാകവിയ്ക്കുശേഷം സാഹിത്യപരിഷത്തിന്റെ സ്ഥിരാദ്ധ്യക്ഷപീഠത്തിൽ ഭാരവാഹികനെ എന്നെ എടുത്തു പ്രതിഷ്ഠിച്ചു കളഞ്ഞു. അസ്മാദൃശർക്കു കേറിക്കൂടാത്ത ആ ഉന്നതിയിൽനിന്നു ഇറങ്ങിപ്പോരാൻ ഉഴറിക്കൊണ്ടിരുന്ന എനിയ്ക്കു ആദ്യം ഒരു കോണിയായിക്കിട്ടിയതു നമ്മുടെ സാഹിത്യകുശലന്റെ പെരുമ്പാമ്പിനൊത്ത ഒരു പ്രഭോഷണമായിരുന്നു—വന്ദനീയരായ ഇന്ദുലേഖാപ്രണേതാവിനെയും മഹാഭാരതവിവർത്തകനെയുംകുറിച്ചുള്ള പാഴ്പരിഹാസങ്ങളാകുന്ന പടികളാൽ ഘടിപ്പിക്കപ്പെട്ട ആ വാഗ്ധോരണി പകർത്തിച്ചേർത്ത ഒരു പരിഷന്മാസികലക്കമായിരുന്നു! ഞാൻ വെമ്പലോടെ ഇറങ്ങാൻ കാൽനീട്ടി. എന്നാൽ പ്രവർത്തകപ്രധാനർ പിടിവിട്ടില്ല. പിന്നെയും കുറെക്കാലം ഉള്ളൂരാകുന്ന ഉത്സാഹത്തിന്റെ സ്ഥാനത്തു വള്ളത്തോളാകുന്ന ആലസ്യം തന്നെ ചടഞ്ഞിരിക്കുകയായി.'' (പരിഷത് പ്രസംഗങ്ങൾ—മൂന്നാംഭാഗം—കോട്ടയം സമ്മേളനം 1957. എൻ. ബി. എസ്സിന്റെ പ്രസിദ്ധീകരണം).

പരിഷദ്ധ്യക്ഷസ്ഥാനം തെല്ലൊരു വൈമനസ്യത്തോടെയായിരുന്നു വള്ളത്തോൾ സ്വീകരിച്ചത് എന്നാണല്ലൊ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു. ഏതായാലും പിന്നീടു കുറച്ചുകാലം പരിഷത്തിന്റെ കാര്യങ്ങളിൽ അദ്ദേഹം താൽപര്യം കാണിച്ചുകൊണ്ടുതന്നെ ഇരുന്നു. ഒറവപ്പാലത്തുവെച്ചു നടന്ന പരിഷത്സമ്മേളനം ഉൽഘാടനംചെയ്വാൻ എത്തിയ ഡോക്ടർ എസ്സ്. രാധാകൃഷ്ണനെ സരസവും കവിതാമയവുമായ ഒരു സംസ്കൃതപ്രസംഗംകൊണ്ടു സ്വാഗതം ചെയ്തതു വള്ളത്തോളായിരുന്നു.

1954-ൽ കേന്ദ്ര സാഹിത്യ അക്കാദമി സംഘടിതമായപ്പോൾ മലയാളഭാഷയുടെ പ്രതിനിധി എന്ന നിലയിൽ മഹാകവി അതിൽ ഒരംഗമായി.

അടുത്ത കൊല്ലം ഇന്ത്യൻ റിപ്പബ്ലിക്ക് ദിനം പ്രമാണിച്ചു,

ഭാരത ഗവമ്മെൻറ് വള്ളത്തോളിനു 'പദ്മഭൂഷണ'ബിരുദം സമ്മാനിച്ചു.

1956 നവമ്പർ ഒന്നാം തീയതി കേരള സംസ്ഥാനം ഉടലെടുത്തപ്പോൾ മദിരാശി സംസ്ഥാനത്തിൻെറ ഒരു ഭാഗമായിരുന്ന മലബാർ ജില്ല തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോടു സംയോജിക്കപ്പെട്ടു. ഒരേകീകൃതകേരളത്തിനുവേണ്ടി വാദിച്ചിരുന്നവരുടെ ഭാഗത്തായിരുന്ന വള്ളത്തോൾ. അതു സാധിച്ചപ്പോൾ ഉണ്ടായ ചാരിതാർത്ഥ്യത്തെ പ്രകടമാക്കിക്കൊണ്ടെഴുതിയ കവിതയാണ് 'കേരളം കേരളം.'

ഗംഗാസരസ്വതീ കാളിന്ദികളുടെ
സംഗമമൊന്നിതാ തെന്നൃഷിമന്നിലും
ഭംഗമറൊന്നിച്ചു കൂടിയല്ലോ ചിരാ
ലിങ്ങു മലങ്കര—കൊച്ചി—വേണാടുകൾ.
മുങ്ങിക്കുളിയ്ക്ക നാമിത്രിവേണിയി
ലംഗശുദ്ധിയ്ക്കുമപൂർവ്വസിദ്ധിയ്ക്കുമായ്.

ഭാഗ്യശ്രേഷ്ഠത്തിൻെറ തേപ്പാൽ നികന്നുപോയ്
ഭാഗ്യവക്ഷേത്രമേ! നിൻമുപ്പൊളിവുകൾ.
ഐക്യമാം വിഗ്രഹം വീണ്ടും പ്രതിഷ്ഠിതം
നേക്കുയരട്ടെ നിൻ ഭദ്രക്കൊടിമരം.

ഈ ആശംസയോടെയാണ് അവിഭക്തകേരളത്തിൻെറ പിറവിയെ കവി സ്വാഗതം ചെയ്തത്.

ആരാധ്യമല്ലൈവക്കദ്വൈതധാമമാം
പാരൊരേ നാടായ് ച്ചമഞ്ഞ മഹോത്സവം?
ആദിപ്രകൃതിയിൽത്തന്നെ ലയിച്ചിതി
ന്നാസ്ഥയാ വെവ്വേറെ വാണമുമ്മൂർത്തികൾ.

കേരളത്തിനെ അദ്വൈതത്തിൻെറ ജന്മഭൂമിയായിട്ടായിരുന്ന ഏതു കാലത്തും വള്ളത്തോൾ കരുതിയിരുന്നത്. 'ഐക്യമേ സേവ്യാൽ സേവ്യം' എന്നു വിശ്വസിച്ച കവിയിൽനിന്നു മറെറാരു മനോഭാവം പ്രതീക്ഷിക്കുക അസംഗതമാണല്ലൊ.

1956 ആഗസ്റ്റ്മാസത്തിൽ തിരു-കൊച്ചി ഗവമ്മെൻറ് കേരള സാഹിത്യ അക്കാദമി രൂപീകരിച്ചപ്പോൾ വള്ളത്തോളിനെയാണ് അതിൻെറ ഉപാധ്യക്ഷനായി നാമനിർദ്ദേശംചെയ്തത്.

വള്ളത്തോൾ സമസ്ത കേരള സാഹിത്യ പരിഷത്തിൻെറ അധ്യക്ഷനും കേന്ദ്ര സാഹിത്യ അക്കാദമിയിലൊരു പ്രമുഖ സാമാജികനുമായിരിക്കുന്നതിനിടയിൽ എറണാകുളത്തു വെച്ചു നടന്ന സാഹിത്യ പരിഷത്തിൻെറ രജതജൂബിലിയോ

ഗത്തിൽ പ്രസംഗിച്ച ഒരു സാഹിത്യകാരൻ ഇന്ത്യാ ഗവണ്മെ ണ്ടിന്റെ ആഭിമുഖ്യത്തിലുള്ള സാഹിത്യ അക്കാദമി പിരിച്ചു വിടേണ്ടതാണെന്നൊരു വാദം അനാവശ്യമായി അവിടെ ഉന്ന യിച്ചു. എട്ടൊമ്പതു കൊല്ലങ്ങൾക്കുമുമ്പു കണ്ണൂരിൽനടന്ന പരി ഷദ്വാഷ്ികയോഗങ്ങളിലൊന്നിൽ അധ്യക്ഷപദംവഹിച്ച വേ റൊരു പ്രമുഖ സാഹിത്യകാരൻ, അതേ വേദിയിൽനിന്നുകൊ ണ്ടുതന്നെ, പരിഷത്തു പിരിച്ചുവിടണമെന്നു പ്രഖ്യാപിച്ചതി നെയാണു് വള്ളത്തോൾ അതു കേട്ടപ്പോൾ പെട്ടന്നോർത്തുപോ യതു്. അന്നത്തെ ആ പ്രഖ്യാപനവും, ജൂബിലിയോഗത്തിലെ ഈ പ്രഖ്യാപനവും പരിഷദധ്യക്ഷസ്ഥാനത്തുള്ള തന്റെ 'ഇരി പ്പിന്റെ വേദനയിൽനിന്നു' തനിയ്ക്കു വിമോചനം നേടുവാൻ സഹായകമായി എന്നാണു് വള്ളത്തോൾ പറഞ്ഞതു്. 1956 ജൂണിൽ, തന്നെ അധ്യക്ഷതയിൽനിന്നും അംഗത്വത്തിൽനിന്നു തന്നെയും വിമുക്തനാക്കേണമെന്നു വള്ളത്തോൾ പരിഷൽക്കാ ര്യദർശിയ്ക്കെഴുതി. ആ എഴുത്തിനു മറുപടി കിട്ടിയില്ലെങ്കിലും മൌനം അനുവാദമായി കരുതി മഹാകവി പിന്നീടാക്കാര്യ ത്തെപ്പറ്റി ചോദിക്കാൻ പോയില്ല.

അങ്ങിനെ പരിഷത്തിനോടുണ്ടായിരുന്ന ബന്ധമെല്ലാം ആശ്വാസപൂർവ്വം അറുത്തുകളഞ്ഞതിനാൽ അതിന്റെ 'ഒരു എളിയ പരിചാരകൻ മാത്രം' എന്ന നിലയിലാണു് 1957 ഒക്ടോബർമാസത്തിൽ കോട്ടയത്തുവെച്ചുനടന്ന പരിഷത്തിന്റെ ഇരുപത്താറാം വാഷ്ിക സമ്മേളനത്തിൽ പ്രഥമയോഗത്തിലെ അധ്യക്ഷസ്ഥാനം വള്ളത്തോൾ സ്വീകരിച്ചതു്. മഹാകവി പങ്കെടുത്ത അവസാനത്തെ പരിഷത്സമ്മേളനവും അതായി രുന്നു. ബന്ധം വിടുത്തിയിട്ടും ആ അധ്യക്ഷസ്ഥാനം സ്വീക രിക്കുവാൻ തന്നെ പ്രേരിപ്പിച്ച സംഗതി എന്താണെന്നു പ്രസം ഗമധ്യേ വള്ളത്തോൾ ഇങ്ങിനെ വ്യക്തമാക്കി:—

''പത്രത്തിൽക്കടന്നിട്ടില്ലായ്കയാൽ ഈ വൃത്താന്തം ഒന്നര ക്കോടിയാളുകളിൽ ഒരു നൂറമ്പതുപേരെങ്കിലും അറിഞ്ഞിട്ടു ണ്ടാവില്ല. ഇതു (ഞാൻ രാജിവെച്ചൊഴിഞ്ഞതു്) ഇവിടെ കൂടിയിട്ടുള്ളവരെ ശരിയ്ക്കു ധരിപ്പിക്കുവാനും ഈ വാഷ്ികയോ ഗത്തെ ഒരു മഹോത്സവമാക്കിത്തീർത്ത പ്രവർത്തകരുടെ സ്നേഹ മസൃണമായ നിയന്ത്രണത്തെ ശിരസാവഹിപ്പാനുമാണു് ഞാ നിങ്ങോട്ടുപോന്നതു്. പരിഷത്തു ചെയ്യേണ്ടുന്നവയുടെ ഒരു നീണ്ട പട്ടിക സമർപ്പിക്കുവാനുംമറുമല്ല. അതു ഞാൻ അനേകം തവണ അനുഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു; വീണ്ടും പിഷ്ടപേഷ ണത്തിന്നൊരുങ്ങുന്നില്ല.''

സാഹിത്യപരിഷത്തിന്റെ വളർച്ചയിൽ സാമാന്യേന സം തൃപ്തി പ്രദർശിപ്പിച്ചുകൊണ്ടായിരുന്ന മഹാകവിയുടെ അദ്ധ്യക്ഷ

പ്രസംഗം. ''ലക്ഷ്മിയോടകന്നാൽ സരസ്വതി സങ്കടത്തിൽപ്പെടുമെന്നു് മനസ്സിലാക്കുവാൻ പരിഷത്തിന്നു സാധിച്ചിട്ടുണ്ടെന്നു'' അദ്ദേഹം സസന്തോഷം പ്രസ്താവിച്ചു. പ്രാസംഗികമായി, കേരളത്തിലെ സാഹിത്യകാരന്മാരുടെ സാമ്പത്തികമായ ദുഃശയെപ്പറ്റിയും പരാമർശിക്കുന്നതിനിടയിൽ സ്വന്തം അനുഭവത്തിൽനിന്നിങ്ങിനെ ഒരു കഥ പറഞ്ഞു:—''കുറെ കൊല്ലങ്ങൾക്കുമുമ്പു എന്റെ ഒരു ചിരന്തനമിത്രമായ സംസ്കൃത പണ്ഡിതനെ ഞാൻ യദൃച്ഛയാ വഴിയിൽവെച്ചു കണ്ടെത്തി. ആ വിളിപ്പെട്ട വിമർശകൻ എന്റെ ശാകുന്തളതർജ്ജമയ്ക്കു ഒരു ഖണ്ഡനനിരൂപണമെഴുതിയിരുന്നു; അതു വായിച്ചുവോ എന്നു അദ്ദേഹം എന്നോടു സസ്നേഹം ചോദിച്ചു. 'കുറെങ്ങാം ചൂണ്ടിക്കാണിച്ചതിന്നു വന്ദനം' എന്നു ഞാൻ തലകുനിച്ചു. തൽക്ഷണം നരകലന്നു വളന്ന രോമാങ്കുരങ്ങളാൽ പരിവൃതമായ ആ മുഖത്തുനിന്നു പുറപ്പെട്ടതു് 'പണം തന്നാൽ മണ്ഡനമെഴുതാം' എന്ന ദശാക്ഷരിയായിരുന്നു! എന്റെ കണ്ണുകൾ നനഞ്ഞു: വളരെ വളരെ പുസ്തകങ്ങളുടെ രചയിതാവായ ഈ മധ്യവയസ്കൻ ഇന്നും ഇത്രയ്ക്കു വറുതിയിലാണെങ്കിൽ, സാധാരണരായ യുവസാഹിത്യകാരന്മാരുടെ മടിശ്ശീലയിലോ വയറ്റിലോ എന്തുണ്ടാവും? ഈ ചിന്ത എന്നെ ലജ്ജിപ്പിക്കുകകൂടിചെയ്തു.''

എഴുത്തുകാരുടെ സാമ്പത്തികമായ ദാരിദ്ര്യത്തിന്റെ പുറമെ മറ്റു ചില ദാരിദ്ര്യങ്ങളെയും മേല്പറഞ്ഞ 'ദശാക്ഷരി' സൂചിപ്പിക്കുന്നില്ലേ?

മഹാകവിയുടെ അന്നത്തെ ആ പ്രസംഗത്തിൽ അടങ്ങിയ മറെറാരു സാഹിത്യതത്വവും പ്രത്യേകം ശ്രദ്ധേയമായിരുന്നു. ഉൽകൃഷ്ടകാവ്യങ്ങൾ നമ്മുടെ ഭാഷയിലുണ്ടാവുന്നില്ലെന്നു ഖേദിക്കുന്നവരോടു അദ്ദേഹം പറഞ്ഞതു്, വാസനാസമ്പന്നരെ വൈദുഷ്യത്തോടിണക്കാൻ ആളില്ലായ്കയാണതിന്നു കാരണം എന്നാണു്. 'കവീന്ദ്രശിക്ഷയാഭ്യാസഃ' എന്ന വാക്കു പഴഞ്ചനാണെന്ന ന്യായത്താൽ തള്ളപ്പെട്ടിരിക്കുന്നു. പോരെങ്കിൽ ചെറുപ്പക്കാരെ വഴിതെറ്റിക്കുവാൻ ചില 'അപൂർവസിദ്ധാന്ത'ങ്ങൾ ആവിഷ്കരിക്കപ്പെടാറുമുണ്ടു്. കവിത പദവാക്യച്ഛന്ദോലങ്കാരങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിനില്ക്കുന്നതു് എന്നതു് ആ കൂട്ടത്തിൽപ്പെട്ട ഒരു പുത്തൻസിദ്ധാന്തമാണെന്നു മഹാകവി ചൂണ്ടിക്കാട്ടി. വള്ളത്തോളിന്റെ കവിതതന്നെ ആ സിദ്ധാന്തത്തിന്റെ അന്തസ്സാരശൂന്യതയ്ക്കൊരു നല്ല തെളിവായിരുന്നുവല്ലൊ.

കോട്ടയം പരിഷത്തിലെ ആ പ്രസംഗം വള്ളത്തോളിന്റെ ഒടുവിലത്തെ സാഹിത്യപ്രസംഗമായിരുന്നു എന്നു പറയാം. തനിയ്ക്കു ഏറ്റവും പ്രധാനമായിത്തോന്നിയതും താൻ ആജീവനാന്തം അംഗീകരിച്ചുനടത്തിച്ചുപോന്നിരുന്നതുമായ ചില

ഗത്തിൽ പ്രസംഗിച്ച ഒരു സാഹിത്യകാരൻ ഇന്ത്യാ ഗവണ്മെ ണ്ടിന്റെ ആഭിമുഖ്യത്തിലുള്ള സാഹിത്യ അക്കാദമി പിരിച്ചു വിടേണ്ടതാണെന്നൊരു വാദം അനാവശ്യമായി അവിടെ ഉന്ന യിച്ചു. എട്ടൊമ്പതു കൊല്ലങ്ങൾക്കുമുമ്പു കണ്ണൂരിൽനടന്ന പരി ഷദ്വാഷ്ികയോഗങ്ങളിലൊന്നിൽ അധ്യക്ഷപദംവഹിച്ച വേ റൊരു പ്രമുഖ സാഹിത്യകാരൻ, അതേ വേദിയിൽനിന്നുകൊ ണ്ടുതന്നെ, പരിഷത്തു പിരിച്ചുവിടണമെന്നു പ്രഖ്യാപിച്ചതി നെയാണു് വള്ളത്തോൾ അതു കേട്ടപ്പോൾ പെട്ടെന്നോർത്തുപോ യതു്. അന്നത്തെ ആ പ്രഖ്യാപനവും, ജബൽപൂരിലെ ഈ പ്രഖ്യാപനവും പരിഷദ്ധ്യക്ഷസ്ഥാനത്തുള്ള തന്റെ 'ഇരി പ്പിന്റെ വേദനയിൽനിന്നു' തനിയ്ക്കു വിമോചനം നേടുവാൻ സഹായകമായി എന്നാണു് വള്ളത്തോൾ പറഞ്ഞതു്. 1956 ജൂണിൽ, തന്നെ അധ്യക്ഷതയിൽനിന്നും അംഗത്വത്തിൽനിന്നു തന്നെയും വിമുക്തനാക്കേണമെന്നു വള്ളത്തോൾ പരിഷൽക്കാ ര്യദർശിയ്ക്കെഴുതി. ആ എഴുത്തിനു മറുപടി കിട്ടിയില്ലെങ്കിലും മൌനം അനുവാദമായി കരുതി മഹാകവി പിന്നീടാക്കാര്യ ത്തെപ്പറ്റി ചോദിക്കാൻ പോയില്ല.

അങ്ങിനെ പരിഷത്തിനോടുണ്ടായിരുന്ന ബന്ധമെല്ലാം ആശ്വാസപൂർവ്വം അറുത്തുകളഞ്ഞതിനാൽ അതിന്റെ 'ഒരു എളിയ പരിചാരകൻ മാത്രം' എന്ന നിലയിലാണു് 1957 ഒക്ടോബർമാസത്തിൽ കോട്ടയത്തുവെച്ചുനടന്ന പരിഷത്തിന്റെ ഇരുപത്താറാം വാർഷിക സമ്മേളനത്തിൽ പ്രഥമയോഗത്തിലെ അധ്യക്ഷസ്ഥാനം വള്ളത്തോൾ സ്വീകരിച്ചതു്. മഹാകവി പങ്കെടുത്ത അവസാനത്തെ പരിഷത്സമ്മേളനവും അതായി രുന്നു. ബന്ധം വിടുത്തിയിട്ടും ആ അധ്യക്ഷസ്ഥാനം സ്വീക രിക്കുവാൻ തന്നെ പ്രേരിപ്പിച്ച സംഗതി എന്താണെന്നു പ്രസം ഗമധ്യേ വള്ളത്തോൾ ഇങ്ങിനെ വ്യക്തമാക്കി:—

''പത്രത്തിൽക്കടന്നിട്ടില്ലായ്കയാൽ ഈ വൃത്താന്തം ഒന്നര ക്കോടിയാളുകളിൽ ഒരു നൂറമ്പതുപേരെങ്കിലും അറിഞ്ഞിട്ടു ണ്ടാവില്ല. ഇതു (ഞാൻ രാജിവെച്ചൊഴിഞ്ഞതു്) ഇവിടെ കൂടിയിട്ടുള്ളവരെ ശരിയ്ക്കു ധരിപ്പിക്കുവാനും ഈ വാഷ്ികയോ ഗത്തെ ഒരു മഹോത്സവമാക്കിത്തീർത്ത പ്രവർത്തകരുടെ സ്നേഹ മസൃണമായ നിയന്ത്രണത്തെ ശിരസാവഹിപ്പാനുമാണു് ഞാ നിങ്ങോട്ടുപോന്നതു്. പരിഷത്തു ചെയ്യേണ്ടുന്നവയുടെ ഒരു നീണ്ട പട്ടിക സമർപ്പിക്കുവാനുമറുമല്ല. അതു ഞാൻ അനേകം തവണ അനുഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു; വീണ്ടും പിഷ്ടപേഷ ണത്തിനൊരുങ്ങുന്നില്ല.''

സാഹിത്യപരിഷത്തിന്റെ വളർച്ചയിൽ സാമാന്യേന സം തൃപ്തി പ്രദർശിപ്പിച്ചുകൊണ്ടായിരുന്ന മഹാകവിയുടെ അദ്ധ്യക്ഷ

പ്രസംഗം. ''ലക്ഷ്മിയോടകന്നാൽ സരസ്വതി സങ്കടത്തിൽപ്പെടുമെന്നു് മനസ്സിലാക്കുവാൻ പരിഷത്തിന്നു സാധിച്ചിട്ടുണ്ടെന്നു'' അദ്ദേഹം സസന്തോഷം പ്രസ്താവിച്ചു. പ്രാസംഗികമായി, കേരളത്തിലെ സാഹിത്യകാരന്മാരുടെ സാമ്പത്തികമായ ദുഃശയെപ്പറ്റിയും പരാമർശിക്കുന്നതിനിടയിൽ സ്വന്തം അനുഭവത്തിൽനിന്നിങ്ങിനെ ഒരു കഥ പറഞ്ഞു:—''കുറെ കൊല്ലങ്ങൾക്കുമുമ്പു എന്റെ ഒരു ചിരന്തനമിത്രമായ സംസ്കൃത പണ്ഡിതനെ ഞാൻ യദൃച്ഛയാ വഴിയിൽവെച്ചു കണ്ടെത്തി. ആ വിളിപ്പെട്ട വിമർശകൻ എന്റെ ശാകുന്തളതർജ്ജമയ്ക്കു ഒരു ഖണ്ഡനനിരൂപണമെഴുതിയിരുന്നു; അതു വായിച്ചുവോ എന്നു അദ്ദേഹം എന്നോടു സസ്നേഹം ചോദിച്ചു. 'കുറച്ചൊം ചൂണ്ടിക്കാണിച്ചതിന്നു വന്ദനം' എന്നു ഞാൻ തലകുനിച്ചു. തൽക്ഷണം നരകലന്നു വളന്ന രോമാങ്കുരങ്ങളാൽ പരിവൃതമായ ആ മുഖത്തുനിന്നു പുറപ്പെട്ടതു് 'പണം തന്നാൽ മണ്ഡനമെഴുതാം' എന്ന ദശാക്ഷരിയായിരുന്നു! എന്റെ കണ്ണുകൾ നനഞ്ഞു: വളരെ വളരെ പുസ്തകങ്ങളുടെ രചയിതാവായ ഈ മധ്യവയസ്കൻ ഇന്നും ഇത്രയ്ക്കു വൃതീയിലാണെങ്കിൽ, സാധാരണരായ യുവസാഹിത്യകാരന്മാരുടെ മടിശ്ശീലയിലോ വയറിലോ എന്തുണ്ടാവും? ഈ ചിന്ത എന്നെ ലജ്ജിപ്പിക്കുകകൂടിചെയ്തു.''

എഴുത്തുകാരുടെ സാമ്പത്തികമായ ദാരിദ്ര്യത്തിന്റെ പുറമെ മറ്റു ചില ദാരിദ്ര്യങ്ങളെയും മേല്പറഞ്ഞ 'ദശാക്ഷരി' സൂചിപ്പിക്കുന്നില്ലേ?

മഹാകവിയുടെ അന്നത്തെ ആ പ്രസംഗത്തിൽ അടങ്ങിയ മറ്റൊരു സാഹിത്യതത്വവും പ്രത്യേകം ശ്രദ്ധേയമായിരുന്നു. ഉൽകൃഷ്ടകാവ്യങ്ങൾ നമ്മുടെ ഭാഷയിലുണ്ടാവുന്നില്ലെന്നു ഖേദിക്കുന്നവരോടു അദ്ദേഹം പറഞ്ഞതു്, വാസനാസമ്പന്നരെ വൈദുഷ്യത്തിലേയ്ക്കു നയിക്കാൻ ആളില്ലായ്കയാണതിന്നു കാരണം എന്നാണു്. 'കവീന്ദ്രശിക്ഷയാഭ്യാസഃ' എന്ന വാക്കു പഴഞ്ചനാണെന്ന ന്യായത്താൽ തള്ളപ്പെട്ടിരിക്കുന്നു. പോരെങ്കിൽ ചെറുപ്പക്കാരെ വഴിതെറ്റിക്കുവാൻ ചില 'അപൂർവസിദ്ധാന്ത'ങ്ങളും ആവിഷ്കരിക്കപ്പെടാറുമുണ്ടു്. കവിത പദവാക്യച്ഛന്ദോലങ്കാരങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിനില്ക്കുന്നതു് എന്നത് ആ കൂട്ടത്തിൽപ്പെട്ട ഒരു പുത്തൻസിദ്ധാന്തമാണെന്നു മഹാകവി ചൂണ്ടിക്കാട്ടി. വള്ളത്തോളിന്റെ കവിതതന്നെ ആ സിദ്ധാന്തത്തിന്റെ അന്തസ്സാരശൂന്യതയ്ക്കൊരു നല്ല തെളിവായിരുന്നുവല്ലൊ.

കോട്ടയം പരിഷത്തിലെ ആ പ്രസംഗം വള്ളത്തോളിന്റെ ഒടുവിലത്തെ സാഹിത്യപ്രസംഗമായിരുന്നു എന്നു പറയാം. ഒടുവിലത്തെ സാഹിത്യപ്രസംഗമായിത്തോന്നിയതും താൻ ആജീവനാന്തം അംഗീകരിച്ചുപോന്നിരുന്നതുമായ ചില

സാഹിത്യതത്വങ്ങൾ ഏറ്റവും സംക്ഷിപ്തമായരീതിയിൽ അന്നു അവിടെവെച്ചു പ്രസ്താവിക്കുവാൻ സാധിച്ചതിൽ വള്ളത്തോളിന്റെ ആത്മാവു സന്തുഷ്ടിയടഞ്ഞിരിക്കണം. വള്ളത്തോൾ കവിതയിൽ ഒരു യാഥാസ്ഥിതികത്വം ഉള്ളതായി വിശ്വസിച്ചവർക്കു അദ്ദേഹത്തിന്നു മേല്പറഞ്ഞ ചട്ടക്കൂടിനെപ്പറ്റിയുള്ള അഭിപ്രായമായിരിക്കണം ആ വിമർശനത്തിന്നു പ്രചോദനം നല്കിയത്. പൂർവാചാര്യന്മാർ വിധിച്ചിട്ടുള്ള സങ്കേതങ്ങളിൽ ശാശ്വതമൂല്യമുള്ളവയെ വള്ളത്തോൾ സനിഷ്ഠം അനുസരിച്ചു. അല്ലാത്തവയെ അംഗീകരിച്ചതുമില്ല. 'നിയതികൃതനിയമരഹിത'വും ഏകാദൈകമയവുമായിരിക്കണം കവിവാക്യമെന്നു വള്ളത്തോൾ നല്ലപോലെ മനസ്സിലാക്കിയിരുന്നു. പക്ഷേ അനിയന്ത്രിതമായ സ്വാതന്ത്ര്യം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെയാണ് ചില നവീനകവികൾ ഉദ്യമിക്കാറുള്ളപോലെ 'വൃത്തഹീന'മായ പദ്യനിർമ്മാണത്തിന്നു അദ്ദേഹം തുനിയാതിരുന്നതും.

* * *

1133 തുലാമാസത്തിൽ (1957) വള്ളത്തോളിന്നു എഴുപത്തൊമ്പതു വയസ്സു തികഞ്ഞു. ആ പ്രായത്തിലും ശാരീരികവും മാനസികവുമായ ഓജസ്സിന്നു പറയത്തക്ക ക്ഷീണമൊന്നും തട്ടിയിരുന്നതായി പുറമെയുള്ളവർക്കു തോന്നിയിരുന്നില്ല. 1958 ഫിബ്രുവരിയിൽ, എറണാകുളത്ത് ചെന്നു ഡോക്ടർ എ. കെ. മേനോനെക്കൊണ്ടു ദേഹമാകപ്പാടെ ഒന്നു പരിശോധിപ്പിച്ചു അദ്ദേഹം നിർദ്ദേശിക്കുന്ന ചികിത്സ നടത്തണമെന്ന ഉദ്ദേശത്തോടുകൂടി ചെറുതുരുത്തിയിൽനിന്നു തൽക്കാലം മാറിത്താമസിക്കുവാൻ വള്ളത്തോൾ തീർച്ചയാക്കി. അവിടെയെത്തികനിഷ്ഠപുത്രനായ ബാലചന്ദ്രനെറക്കൂടെ താമസിച്ചു ചികിത്സയും ആരംഭിച്ചു. ഉദരസംബന്ധമാണ് രോഗമെന്നുംയഥാവിധി വിദഗ്ദ്ധമായ ചികിത്സ ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നുമാണ് സുഹൃത്തുക്കൾ ധരിച്ചിരുന്നത്. മാർച്ച് മാസാരംഭത്തിൽ ആരോഗ്യനില തെല്ലൊന്നു ദോഷപ്പെട്ടതായി പത്രങ്ങളിൽനിന്നു സുഹൃത്തുക്കൾ അറിഞ്ഞു തുടങ്ങി. എങ്കിലും ആപച്ശങ്കയ്ക്കവകാശമുള്ളതായി ആരും വിചാരിച്ചില്ല. താരതമ്യേന ശാന്തമായിരുന്ന രോഗനിലയ്ക്കു മാർച്ച് മാസം 13–ാംനു-വൈകുന്നേരമായപ്പോൾ ചില ഭാവഭേദങ്ങൾ കണ്ടുതുടങ്ങി. രക്തം ഛർദ്ദിച്ചതിനെത്തുടർന്നുണ്ടായ ക്ഷീണത്തിൽനിന്നു ഉന്മുക്തനാകാതെ മഹാകവി അന്നു രാത്രി പത്തുമണിക്കു സ്വകുടുംബത്തോടും ഇഹലോകത്തോടും യാത്ര പറഞ്ഞു അനന്തതയിൽ മറഞ്ഞു. ഫലഭ്രഷ്ടിവും അനുഭ്രതിവിശിഷ്ടവുമായ ഒരു മഹ

നീയജീവിതം അങ്ങിനെ അന്ത്യമടഞ്ഞു.

ചരമവാർത്ത അറിഞ്ഞ ഉടനെതന്നെ എറണാകുളം നഗരത്തിൽനിന്നും പരിസരങ്ങളിൽനിന്നും നിരവധി ജനങ്ങൾ അന്ത്യോപചാരങ്ങൾ അർപ്പിക്കുവാൻ അവിടെ ഓടിയെത്തി. രാത്രിതന്നെ, കേരളസക്കാരിന്റെ രണ്ടു കാറുകളുടെ അകമ്പടിയോടുകൂടി മഹാകവിയുടെ മൃതദേഹം ഒരു പ്രത്യേകവാഹനത്തിൽ ചെറുതുരുത്തിയിൽ എത്തിക്കപ്പെട്ടു.

പിറ്റെ ദിവസം ഉച്ചതിരിഞ്ഞാണ് മഹാകവിയുടെ ഭൌതികാവശിഷ്ടം കേരളകലാമണ്ഡലത്തിന്റെ പരിസരത്തിൽ, നിളാനദിക്കരയിൽ സംസ്കരിക്കപ്പെട്ടത്. കേരളസക്കാരിന്റെ പ്രാതിനിധ്യംവഹിച്ചുകൊണ്ടു മന്ത്രി സി. അച്യുതമേനോൻ അന്ത്യകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ ചെറുതുരുത്തിയിൽ സന്നിഹിതനായിരുന്നു. മൃതദേഹത്തിൽ പുഷ്പമാല്യം അർപ്പിച്ചുകൊണ്ടു കെ. പി. കേശവമേനോൻ ഇങ്ങിനെ പറഞ്ഞു:—

''ഈ പുണ്യശരീരത്തിന്റെ മുമ്പിൽനിന്നുകൊണ്ട് ഇപ്പോൾ പ്രസംഗിക്കുകസാദ്ധ്യമല്ല. വിലപിയ്ക്കുവാനാണ് തോന്നുന്നത്. സാഹിത്യസാമ്രാജ്യത്തിലെ ഈ ചക്രവർത്തി, കലാദേവിയുടെ ഈ മഹാഭക്തൻ, കേരളത്തിന്റെ ഈ അഭിമാനസ്തംഭം, അല്പസമയത്തിനുള്ളിൽ വെറും ഭസ്മമായിത്തീരും. എത്രയെത്ര ഉൽകൃഷ്ടഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന്റെ തൂലിക കൈരളിയ്ക്കു കാഴ്ചവെച്ചിട്ടുള്ളത്! എന്തു മഹത്തായ സേവനമാണ് കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തോളം അദ്ദേഹം നാട്ടിനും ഭാഷയ്ക്കും ചെയ്തിട്ടുള്ളത്! ആ പ്രസന്നവദനവും ഫലിതസമ്പൂർണ്ണമായ സംഭാഷണവും സ്നേഹപൂർവ്വമായ പെരുമാറ്റവും ഇനി നാം കാണുകയില്ല. എന്നെന്നേയ്ക്കുമായി അദ്ദേഹം കാലത്തിനു പുറകിൽ മറഞ്ഞു. എന്നാൽ മലയാളഭാഷ ഉള്ളേടത്തോളംകാലം, കേരളചരിത്രം നിലനില്ക്കുന്നേടത്തോളംകാലം, മഹാകവി വള്ളത്തോളിന്റെ പേരും കീർത്തിയും നിലനില്ക്കുമെന്നതിനു യാതൊരു സംശയവുമില്ല. ഈ ശരീരം അഗ്നിയ്ക്കിരയാകുന്നതിനുമുമ്പ് അവസാനമായി ഒരിയ്ക്കൽകൂടി ആ വന്ദ്യഗുരുവിന്റെ പാദങ്ങൾക്കുമുമ്പിൽ നമുക്കു നമസ്കരിയ്ക്കുക.''

* * *

പ്രശസ്തരും പ്രമുഖരുമായ കവികൾ കേരളത്തിലുണ്ടായിട്ടുണ്ട്. അവരുടെ ഖ്യാതി കേരളത്തിലുടനീളം പ്രസരിച്ചിട്ടുമുണ്ട്. പക്ഷേ അവരുടെ വളർച്ച് ഈ കൊച്ചുകേരളഭൂമിയുടെ നാലതിരുകളെ അതിലംഘിക്കത്തക്കവിധം വിപുലമായിരുന്നില്ലാത്തതിനാൽ ബാഹ്യലോകം അവരെപ്പറ്റി അധികമറിഞ്ഞിരുന്നില്ല. കേരളത്തിലെമാത്രമല്ല ഭാരതത്തിലെയും മിക്ക

സാഹിത്യതത്വങ്ങൾ ഏറ്റവും സംക്ഷിപ്തമായരീതിയിൽ അന്നു അവിടെവെച്ചു പ്രസ്താവിക്കുവാൻ സാധിച്ചതിൽ വള്ളത്തോളിന്റെ ആത്മാവു സന്തുഷ്ടിയടഞ്ഞിരിക്കണം. വള്ളത്തോൾ കവിതയിൽ ഒരു യാഥാസ്ഥിതികത്വം ഉള്ളതായി വിശ്വസിച്ചവർക്കു അദ്ദേഹത്തിന്നു മേല്പറഞ്ഞ ചട്ടക്കൂടിനെപ്പറ്റിയുള്ള അഭിപ്രായമായിരിക്കണം ആ വിമർശനത്തിന്നു പ്രചോദനം നല്കിയത്. പൂർവ്വാചാര്യന്മാർ വിധിച്ചിട്ടുള്ള സങ്കേതങ്ങളിൽ ശാശ്വതമൂല്യമുള്ളവയെ വള്ളത്തോൾ സനിഷ്ഠം അനുസരിച്ചു. അല്ലാത്തവയെ അംഗീകരിച്ചതുമില്ല. 'നിയതികൃതനിയമരഹിത'വും ഏറ്റാദൈകമയവുമായിരിക്കണം കവിവാക്യമെന്നു വള്ളത്തോൾ നല്ലപോലെ മനസ്സിലാക്കിയിരുന്നു. പക്ഷേ അനിയന്ത്രിതമായ സ്വാതന്ത്ര്യം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെയാണ് ചില നവീനകവികൾ ഉദ്യമിക്കാറുള്ളപോലെ 'വൃത്തഹീന'മായ പദ്യനിർമ്മാണത്തിന്നു അദ്ദേഹം തുനിയാതിരുന്നതും.

* * *

1133 തുലാമാസത്തിൽ (1957) വള്ളത്തോളിന്നു എഴുപത്തൊമ്പതു വയസ്സു തികഞ്ഞു. ആ പ്രായത്തിലും ശാരീരികവും മാനസികവുമായ ഓജസ്സിന്നു പറയത്തക്ക ക്ഷീണമൊന്നും തട്ടിയിരുന്നതായി പുറമെയുള്ളവർക്കു തോന്നിയിരുന്നില്ല. 1958 ഫിബ്രുവരിയിൽ, എറണാകുളത്ത് ചെന്നു ഡോക്ടർ എ. കെ. മേനോനെക്കൊണ്ടു ദേഹമാകപ്പാടെ ഒന്നു പരിശോധിപ്പിച്ചു അദ്ദേഹം നിർദ്ദേശിക്കുന്ന ചികിത്സ നടത്തണമെന്ന ഉദ്ദേശത്തോടുകൂടി ചെറുതുരുത്തിയിൽനിന്നു തൽക്കാലം മാറിത്താമസിക്കുവാൻ വള്ളത്തോൾ തീർച്ചയാക്കി. അവിടെയെത്തികനിഷ്ഠപുത്രനായ ബാലചന്ദ്രനെറകൂടെ താമസിച്ചു ചികിത്സയും ആരംഭിച്ചു. ഉദരസംബന്ധമാണ് രോഗമെന്നുംയഥാവിധി വിദഗ്ദ്ധമായ ചികിത്സ ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നുമാണ് സുഹൃത്തുക്കൾ ധരിച്ചിരുന്നത്. മാർച്ച് മാസാരംഭത്തിൽ ആരോഗ്യനില തെല്ലൊന്നു ദോഷപ്പെട്ടതായി പത്രങ്ങളിൽ നിന്നു സുഹൃത്തുക്കൾ അറിഞ്ഞു തുടങ്ങി. എങ്കിലും ആപച്ശങ്കയ്ക്കവകാശമുള്ളതായി ആരും വിചാരിച്ചില്ല. താരതമ്യേന ശാന്തമായിരുന്ന രോഗനിലയ്ക്കു മാർച്ച് മാസം 13–ാംനു വൈകുന്നേരമായപ്പോൾ ചില ഭാവഭേദങ്ങൾ കണ്ടുതുടങ്ങി. രക്തം ഛർദ്ദിച്ചതിനെത്തുടർന്നുണ്ടായ ക്ഷീണത്തിൽനിന്നു ഉന്മുക്തനാകാതെ മഹാകവി അന്നു രാത്രി പത്തുമണിക്കു സ്വകുടുംബത്തോടും ഇഹലോകത്തോടും യാത്ര പറഞ്ഞു അനന്തതയിൽ മറഞ്ഞു. ഫലഭ്രയിഷ്ഠവും അനുഭ്രതിവിശിഷ്ടവുമായ ഒരു മഹ

നീയജീവിതം അങ്ങിനെ അന്ത്യമടഞ്ഞു.

ചരമവാർത്ത അറിഞ്ഞ ഉടനെതന്നെ എറണാകുളം നഗരത്തിൽനിന്നും പരിസരങ്ങളിൽനിന്നും നിരവധി ജനങ്ങൾ അന്ത്യോപചാരങ്ങൾ അർപ്പിക്കുവാൻ അവിടെ ഓടിയെത്തി. രാത്രിതന്നെ, കേരളസർക്കാരിന്റെ രണ്ടു കാറുകളുടെ അകമ്പടിയോടുകൂടി മഹാകവിയുടെ മൃതദേഹം ഒരു പ്രത്യേകവാഹനത്തിൽ ചെറുതുരുത്തിയിൽ എത്തിക്കപ്പെട്ടു.

പിറെ ദിവസം ഉച്ചതിരിഞ്ഞാണു് മഹാകവിയുടെ ഭൌതികാവശിഷ്ടം കേരളകലാമണ്ഡലത്തിന്റെ പരിസരത്തിൽ, നിളാനദിക്കരയിൽ സംസ്കരിക്കപ്പെട്ടതു്. കേരളസർക്കാരിന്റെ പ്രാതിനിധ്യംവഹിച്ചുകൊണ്ടു മന്ത്രി സി. അച്യുതമേനോൻ അന്ത്യകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ ചെറുതുരുത്തിയിൽ സന്നിഹിതനായിരുന്നു. മൃതദേഹത്തിൽ പുഷ്പമാല്യം അർപ്പിച്ചുകൊണ്ടു കെ. പി. കേശവമേനോൻ ഇങ്ങിനെ പറഞ്ഞു:—

''ഈ പുണ്യശരീരത്തിന്റെ മുമ്പിൽനിന്നുകൊണ്ടു് ഇപ്പോൾ പ്രസംഗിക്കുകസാദ്ധ്യമല്ല. വിലപിയ്ക്കുവാനാണു് തോന്നുന്നതു്. സാഹിത്യസാമ്രാജ്യത്തിലെ ഈ ചക്രവർത്തി, കലാദേവിയുടെ ഈ മഹാഭക്തൻ, കേരളത്തിന്റെ ഈ അഭിമാനസ്തംഭം, അല്പസമയത്തിനുള്ളിൽ വെറും ഭസ്മമായിത്തീരും. എത്രയെത്ര ഉൽകൃഷ്ടഗ്രന്ഥങ്ങളാണു് അദ്ദേഹത്തിന്റെ തൂലിക കൈരളിയ്ക്കു കാഴ്ചവെച്ചിട്ടുള്ളതു്! എത്ര മഹത്തായ സേവനമാണു് കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തോളം അദ്ദേഹം നാട്ടിനും ഭാഷയ്ക്കും ചെയ്തിട്ടുള്ളതു്! ആ പ്രസന്നവദനവും ഫലിത സമ്പൂർണ്ണമായ സംഭാഷണവും സ്നേഹപൂർവ്വമായ പെരുമാറ്റവും ഇനി നാം കാണുകയില്ല. എന്നെന്നേയ്ക്കുമായി അദ്ദേഹം കാലത്തിനു പുറകിൽ മറഞ്ഞു. എന്നാൽ മലയാളഭാഷ ഉള്ളേടത്തോളംകാലം, കേരളചരിത്രം നിലനില്ക്കുന്നേടത്തോളംകാലം, മഹാകവി വള്ളത്തോളിന്റെ പേരും കീർത്തിയും നിലനില്ക്കുമെന്നതിനു യാതൊരു സംശയവുമില്ല. ഈ ശരീരം അഗ്നിയ്ക്കിരയാകുന്നതിനുമുമ്പു് അവസാനമായി ഒരിയ്ക്കൽകൂടി ആ വന്ദ്യഗുരുവിന്റെ പാദങ്ങൾക്കുമുമ്പിൽ നമുക്കു നമസ്കരിയ്ക്കുക.''

* * *

പ്രശസ്തരും പ്രമുഖരുമായ കവികൾ കേരളത്തിലുണ്ടായിട്ടുണ്ടു്. അവരുടെ ഖ്യാതി കേരളത്തിലുടനീളം പ്രസരിച്ചിട്ടുമുണ്ടു്. പക്ഷേ അവരുടെ വളർച്ച് ഈ കൊച്ചുകേരളഭൂമിയുടെ നാലതിരുകളെ അതിലംഘിക്കത്തക്കവിധം വിപുലമായിരുന്നില്ലാത്തതിനാൽ ബാഹ്യലോകം അവരെപ്പറ്റി അധികമറിഞ്ഞിരുന്നില്ല. കേരളത്തിലെമാത്രമല്ല ഭാരതത്തിലെയും മിക്ക

സാഹിത്യതത്വങ്ങൾ ഏറ്റവും സംക്ഷിപ്തമായരീതിയിൽ അന്ന അവിടെവെച്ചു പ്രസ്താവിക്കുവാൻ സാധിച്ചതിൽ വള്ളത്തോളിന്റെ ആത്മാവു സന്തുഷ്ടിയടഞ്ഞിരിക്കണം. വള്ളത്തോൾ കവിതയിൽ ഒരു യാഥാസ്ഥിതികത്വം ഉള്ളതായി വിശ്വസിച്ചവർക്ക അദ്ദേഹത്തിന്ന മേല്പറഞ്ഞ ചട്ടക്കൂടിനെപ്പറ്റിയുള്ള അഭിപ്രായമായിരിക്കണം ആ വിമർശനത്തിന്ന പ്രചോദനം നല്കിയത്. പൂർവ്വാചാര്യന്മാർ വിധിച്ചിട്ടുള്ള സങ്കേതങ്ങളിൽ ശാശ്വതമൂല്യമുള്ളവയെ വള്ളത്തോൾ സനിഷ്ഠം അനുസരിച്ചു. അല്ലാത്തവയെ അംഗീകരിച്ചതുമില്ല. 'നിയതികൃതനിയമരഹിത'വും പൂർണ്ണൈകമയവുമായിരിക്കണം കവിവാക്യമെന്ന വള്ളത്തോൾ നല്ലപോലെ മനസ്സിലാക്കിയിരുന്നു. പക്ഷേ അനിയന്ത്രിതമായ സ്വാതന്ത്ര്യം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെയാണ് ചില നവീനകവികൾ ഉദ്യമിക്കാറുള്ളപോലെ 'വൃത്തഹീന'മായ പദ്യനിർമ്മാണത്തിന്ന അദ്ദേഹം തുനിയാതിരുന്നതും.

* * *

1133 തുലാമാസത്തിൽ (1957) വള്ളത്തോളിന്ന എഴുപത്തൊമ്പതു വയസ്സു തികഞ്ഞു. ആ പ്രായത്തിലും ശാരീരികവും മാനസികവുമായ ഓജസ്സിന്ന പറയത്തക്ക ക്ഷീണമൊന്നും തട്ടിയിരുന്നതായി പുറമെയുള്ളവർക്ക തോന്നിയിരുന്നില്ല. 1958 ഫിബ്രുവരിയിൽ, എറണാകുളത്ത് ചെന്ന ഡോക്ടർ എ. കെ. മേനോനെക്കൊണ്ട ദേഹമാകപ്പാടെ ഒന്ന പരിശോധിപ്പിച്ചു അദ്ദേഹം നിർദ്ദേശിക്കുന്ന ചികിത്സ നടത്തണമെന്ന ഉദ്ദേശത്തോടുകൂടി ചെറുതുരുത്തിയിൽനിന്ന തൽക്കാലം മാറിത്താമസിക്കുവാൻ വള്ളത്തോൾ തീർച്ചയാക്കി. അവിടെയെത്തി കനിഷ്ഠപുത്രനായ ബാലചന്ദ്രന്റെകൂടെ താമസിച്ചു ചികിത്സയും ആരംഭിച്ചു. ഉദരസംബന്ധമാണ് രോഗമെന്നുംയഥാവിധി വിദഗ്ദ്ധമായ ചികിത്സ ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നുമാണ് സുഹൃത്തുക്കൾ ധരിച്ചിരുന്നത്. മാർച്ച് മാസാരംഭത്തിൽ ആരോഗ്യനില തെല്ലൊന്ന ദോഷപ്പെട്ടതായി പത്രങ്ങളിൽ നിന്ന സുഹൃത്തുക്കൾ അറിഞ്ഞു തുടങ്ങി. എങ്കിലും ആപത്സങ്കുവകാശമുള്ളതായി ആരും വിചാരിച്ചില്ല. താരതമ്യേന ശാന്തമായിരുന്ന രോഗനിലയ്ക്ക മാർച്ച് മാസം 13–ാംനു-വൈകുന്നേരമായപ്പോൾ ചില ഭാവഭേദങ്ങൾ കണ്ടുതുടങ്ങി. രക്തം ഛർദ്ദിച്ചതിനെത്തുടർന്നുണ്ടായ ക്ഷീണത്തിൽനിന്ന ഉന്മുക്തനാകാതെ മഹാകവി അന്ന രാത്രി പത്തുമണിക്കു സ്വകുടുംബത്തോടും ഇഹലോകത്തോടും യാത്ര പറഞ്ഞു അനന്തതയിൽ മറഞ്ഞു. ഫലഭ്രയിഷ്ഠവും അനുഭ്രതിവിശിഷ്ടവുമായ ഒരു മഹ

നീയജീവിതം അങ്ങിനെ അന്ത്യമടഞ്ഞു.

ചരമവാർത്ത അറിഞ്ഞ ഉടനെതന്നെ എറണാകുളം നഗരത്തിൽനിന്നും പരിസരങ്ങളിൽനിന്നും നിരവധി ജനങ്ങൾ അന്ത്യോപചാരങ്ങൾ അർപ്പിക്കുവാൻ അവിടെ ഓടിയെത്തി. രാത്രിതന്നെ, കേരളസർക്കാരിന്റെ രണ്ടു കാറുകളുടെ അകമ്പടിയോടുകൂടി മഹാകവിയുടെ മൃതദേഹം ഒരു പ്രത്യേകവാഹനത്തിൽ ചെറുതുരുത്തിയിൽ എത്തിക്കപ്പെട്ടു.

പിറ്റെ ദിവസം ഉച്ചതിരിഞ്ഞാണ് മഹാകവിയുടെ ഭൌതികാവശിഷ്ടം കേരളകലാമണ്ഡലത്തിന്റെ പരിസരത്തിൽ, നിളാനദിക്കരയിൽ സംസ്കരിക്കപ്പെട്ടത്. കേരളസർക്കാരിന്റെ പ്രാതിനിധ്യംവഹിച്ചുകൊണ്ടു മന്ത്രി സി. അച്യുതമേനോൻ അന്ത്യകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ ചെറുതുരുത്തിയിൽ സന്നിഹിതനായിരുന്നു. മൃതദേഹത്തിൽ പുഷ്പമാല്യം അർപ്പിച്ചുകൊണ്ടു കെ. പി. കേശവമേനോൻ ഇങ്ങിനെ പറഞ്ഞു:—

''ഈ പുണ്യശരീരത്തിന്റെ മുമ്പിൽനിന്നുകൊണ്ടു് ഇപ്പോൾ പ്രസംഗിക്കുകസാദ്ധ്യമല്ല. വിലപിയ്ക്കുവാനാണ് തോന്നുന്നത്. സാഹിത്യസാമ്രാജ്യത്തിലെ ഈ ചക്രവർത്തി, കലാദേവിയുടെ ഈ മഹാഭക്തൻ, കേരളത്തിന്റെ ഈ അഭിമാനസ്തംഭം, അല്പസമയത്തിനുള്ളിൽ വെറും ഭസ്മമായിത്തീരും. എത്രയെത്ര ഉൽകൃഷ്ടഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന്റെ തൂലിക കൈരളിയ്ക്കു കാഴ്ചവെച്ചിട്ടുള്ളത്! എത്ര മഹത്തായ സേവനമാണ് കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തോളം അദ്ദേഹം നാട്ടിനും ഭാഷയ്ക്കും ചെയ്തിട്ടുള്ളത്! ആ പ്രസന്നവദനവും ഫലിതസമ്പൂർണ്ണമായ സംഭാഷണവും സ്നേഹപൂർവ്വമായ പെരുമാറ്റവും ഇനി നാം കാണുകയില്ല. എന്നെന്നേയ്ക്കുമായി അദ്ദേഹം കാലത്തിനു പുറകിൽ മറഞ്ഞു. എന്നാൽ മലയാളഭാഷ ഉള്ളേടത്തോളംകാലം, കേരളചരിത്രം നിലനില്ക്കുന്നേടത്തോളംകാലം, മഹാകവി വള്ളത്തോളിന്റെ പേരും കീർത്തിയും നിലനില്ക്കുമെന്നതിനു യാതൊരു സംശയവുമില്ല. ഈ ശരീരം അഗ്നിയ്ക്കിരയാകുന്നതിനുമുമ്പ് അവസാനമായി ഒരിയ്ക്കൽകൂടി ആ വന്ദ്യഗുരുവിന്റെ പാദങ്ങൾക്കുമുമ്പിൽ നമുക്കു നമസ്കരിയ്ക്കുക.''

* * *

പ്രശസ്തരും പ്രമുഖരുമായ കവികൾ കേരളത്തിലുണ്ടായിട്ടുണ്ട്. അവരുടെ ഖ്യാതി കേരളത്തിലുടനീളം പ്രസരിച്ചിട്ടുമുണ്ട്. പക്ഷേ അവരുടെ വളർച്ച് ഈ കൊച്ചുകേരളഭൂമിയുടെ നാലതിരുകളെ അതിലംഘിക്കത്തക്കവിധം വിപുലമായിരുന്നില്ലാത്തതിനാൽ ബാഹ്യലോകം അവരെപ്പറ്റി അധികമറിഞ്ഞിരുന്നില്ല. കേരളത്തിലെമാത്രമല്ല ഭാരതത്തിലെയും മിക്ക

ഭാഷാകവികളുടെയും സ്ഥിതി അതാണ്. അതാതുഭാഷകളുടെ പരിധിയിൽനിന്നു പുറത്തേക്കു വ്യാപിക്കുവാൻ അവരുടെ കവിതയ്ക്കു അപൂർവമായിട്ടേ സാധിച്ചിരുന്നുള്ളൂ. ടാഗോർ മഹാകവിയാണ് ആദ്യമായി ആധുനികഭാരതത്തിൽ മേല്പറഞ്ഞ സാമാന്യതത്ത്വത്തിനൊരപവാദമായിത്തീർന്നത്. അമ്പതുവയസ്സിനു ശേഷം, തന്റെ ചില കവിതകൾ ഇംഗ്ലീഷിലേക്കു വിവർത്തനംചെയ്തതിന്റെഫലമായിട്ടാണ് പാശ്ചാത്യലോകമെന്നുവേണ്ട, ബങ്കാളിനു പുറമെയുള്ള ഭാരതത്തിലെ ഇതരപ്രദേശങ്ങൾതന്നെ ടാഗോറിനെപ്പററി കേട്ടുതുടങ്ങിയത്. ഇംഗ്ലീഷറിഞ്ഞുകൂടാത്ത വള്ളത്തോളിനു അതും സാദ്ധ്യമായിരുന്നില്ല. പക്ഷേ കേരളകലാമണ്ഡലം സ്ഥാപിച്ചപ്പോൾ, കലാകൌതുകം വിദേശീയരെ അതിലേക്കാകഷ്ിക്കുകയും അങ്ങിനെ അവർ വള്ളത്തോളിനെ അറിയുകയുംചെയ്തു. കഥകളിയിൽമാത്രമല്ല വള്ളത്തോളിന്റെ താൽപര്യമെന്നും അതിലും പ്രധാനമായി അദ്ദേഹത്തിനൊരു സാധന സ്വാധീനമായിട്ടുണ്ടെന്നും മനസ്സിലാക്കിയതോടെ വള്ളത്തോളിന്റെ കവിതയെ അവർ അറിഞ്ഞാദരിക്കുവാൻതുടങ്ങി. കഥകളിയാണ്, കവിതയല്ല, വള്ളത്തോളിന്റെ യശസ്സു ദിഗന്തവ്യാപിയാകുവാൻ ആദികാരണമെന്നു സമ്മതിച്ചാലും അതു ലോകത്തിൽ നിലനില്ക്കുക കവിതയിൽക്കൂടിയായിരിക്കുമെന്നു വിശ്വസിക്കുവാൻ ന്യായമുണ്ട്. കഥകളി വള്ളത്തോളിന്റെ സൃഷ്ടിയല്ല. അനാസ്ഥയിൽനിന്നും അനാഥത്വത്തിൽനിന്നും അതിനെ സമുദ്ധരിക്കുകമാത്രമാണദ്ദേഹം ചെയ്തത്. വള്ളത്തോളിന്റെ പ്രതിഭാവിലാസമോ കലാരസികത്വമോ ഇല്ലാത്തവർക്കും ഒരുപക്ഷേ ആ സമുദ്ധരണം സാധിക്കുമായിരുന്നു. എന്നാൽ തനതായ ഒരു വ്യക്തിത്വമുള്ളതായിരുന്നു വള്ളത്തോളിന്റെ കവിത. അതിന്റെ അനിതരസാധാരണത്വമാണ് വള്ളത്തോളിന്റെ പ്രശസ്തിയെ എന്നെന്നേയ്ക്കുമായി നിലനിർത്തുക.

ചിത്രയോഗം എഴുതിയതുകൊണ്ടാണ് വള്ളത്തോൾ മഹാകവിയായത് എന്നോ, മഹാകവിയാവാൻവേണ്ടിയാണ് ചിത്രയോഗം എഴുതിയതെന്നോ വല്ലവരും പറയുന്നുണ്ടെങ്കിൽ അതിൽ യാതൊരു കഴമ്പും ഇല്ല. സാങ്കേതികാർത്ഥത്തിലുള്ള ഒരു 'മഹാകാവ്യം' നിർമ്മിച്ചതുകൊണ്ടുമാത്രം ആരും ഇതുവരെ മഹാകവിയുടെ പദവിയിലേക്കുയർന്നിട്ടില്ല; അതു സാദ്ധ്യവുമല്ല. വള്ളത്തോളിന്റെ കവിയശസ്സ് അതിന്റെ ഉച്ചകോടിയിലെത്തിയത് ചിത്രയോഗനിർമ്മാണത്തിന്റെ ഫലമായിട്ടല്ലെന്നു ആ കാവ്യത്തിന്റെ സാഹിത്യപരമായ മേന്മയെ അങ്ങേ അറ്റത്തോളം പുകഴ്ത്തുന്നവർപോലും സമ്മതിക്കാതിരിക്കയില്ല. ചിത്രയോഗമാണ് തന്റെ ഏറ്റവും മികച്ച കൃതിയെന്നു വള്ള

ത്തോളിനും അഭിപ്രായമുണ്ടായിരുന്നില്ല. പക്ഷേ അതിനെ അസ്ഥാനത്തിലും അമിതസ്വരത്തിലും അധിക്ഷേപിച്ച വിമർശിച്ചതിൽ മാത്രമേ അതിനോട് അനീതി പ്രവർത്തിച്ചതായി ആക്ഷേപമുള്ളൂ. ഒരു കവിയുടെ കൃതികളെല്ലാം സമാനഗുണങ്ങളാവുകയില്ല. ഒരു പർവതനിരയുടെ ഔന്നത്യത്തെ നിർണ്ണയിക്കുന്നത് അതിലെ ഏറ്റവും ഉയർന്ന കൊടുമുടിയുടെ നില നോക്കിയിട്ടാണല്ലൊ. അതുപോലെ, ഏറ്റവും നല്ലതായ കവിതയുടെ മാനദണ്ഡംവെച്ചുകൊണ്ടായിരിക്കണം കവിയുടെ സ്ഥാനത്തെയും നിർണ്ണയിക്കുക. ആ നിലപാടിൽനിന്നുകൊണ്ടാണ് ആധുനിക കവികളുടെ ഇടയിൽ വള്ളത്തോളിനുള്ള അനിഷേധ്യമായ സമുന്നതസ്ഥാനം പ്രത്യക്ഷപ്പെടുന്നത്.

ആകാരസദൃശപ്രജ്ഞഃ
പ്രജ്ഞയാ സദൃശാ ഗമഃ
ആഗമൈസ്സദൃശാരംഭ
ആരംഭ സദൃശോദയഃ എന്ന കാളിദാസ പദ്യം വള്ളത്തോളിന്റെ വ്യക്തിപരമായ വൈശിഷ്ട്യത്തെ വർണ്ണിക്കുവാനും ഉപയോഗിക്കാവുന്നതാണ്. ഏതു സദസ്സിലും ഉയർന്നു നിൽക്കുവാൻ കെല്പുള്ള ആ ശിരസ്സു് ആരുടെയും ശ്രദ്ധാദരങ്ങളെ ആകഷ്ടിക്കുവാൻ പര്യാപ്തമായിരുന്നു. ലൌകിക വിഭൂതികളോട് തെല്ലും വൈമുഖ്യം ഭാവിക്കാതെ, പ്രസന്നസുന്ദരമായ ജീവിതസരണിയിൽ യാത്രചെയ്യുവാനാണ് വള്ളത്തോൾ എല്ലായ്പ്പോഴും ആഗ്രഹിച്ചത്. അതു ആജീവനാന്തം അദ്ദേഹത്തിന്നു സാധിക്കുകയും ചെയ്തു.

വിജയപര്യവസായിയായ ആ ജീവിതത്തിന്റെ പിന്നിൽ, ഒരിക്കലും പതറാത്ത പുരോഗമനവാഞ്ഛയും അദമ്യമായ ഉത്സാഹശീലവും അചഞ്ചലമായ ആത്മവിശ്വാസവും കൂടികൊണ്ടിരുന്നു. ലോകത്തിൽ മഹാന്മാരായിത്തീരുന്നവരെ മൂന്നു തരക്കാരായി ഒരു പാശ്ചാത്യകവി വിഭജിച്ചിട്ടുണ്ട്—ചിലർ ജന്മനാ മഹാന്മാരാണ്; മറ്റു ചിലർ മഹത്വം സമ്പാദിച്ചവരാണ്; വേറെ ചിലരാകട്ടെ മറ്റുള്ളവരാൽ മഹത്വത്തിലേക്കു തള്ളിക്കയറ്റപ്പെട്ടവരും. ഇതിൽ രണ്ടാമത്തെ തരത്തിലാണ് വള്ളത്തോൾ; മഹത്വത്തെ സ്വപ്രയത്നത്താൽ സമ്പാദിച്ച ആളാണ് അദ്ദേഹം. ലോകജീവിതത്തിൽ തന്റെ വ്യക്തിമുദ്ര പതിയ്ക്കണമെന്ന ആദർശം, അബോധപൂർവമായിട്ടെങ്കിലും, ചെറുപ്പം മുതല്ക്കേ അദ്ദേഹം പുലർത്തിപ്പോന്നിരുന്നു എന്നതിന്റെ സൂചനകൾ പലതും ഈ ജീവചരിത്രത്തിൽ കാണാം. യൌവനാരംഭത്തിൽ ബാധിച്ച ബാധിര്യത്തിന്റെ കൊടുംപ്രഹരമേറ്റിട്ടും അശേഷം അധൈര്യപ്പെടാതെ പൂർവാധികം വാശി

യോടുകൂടി ജീവിതായോധനരംഗത്തിലേക്കിറങ്ങിച്ചെല്ലുത്തക്ക മനസ്സാന്നിധ്യവും സ്വപ്രത്യയ സ്ഥൈര്യവും ആ ആദശ്സാഫല്യത്തിന്നു തികച്ചും സഹായകമായിത്തീരുകയും ചെയ്യു. മാതൃഭാഷയായ മലയാളവും സംസ്കൃതവും അല്ലാതെ ഇംഗ്ലീഷോ മറേറതെങ്കിലും അന്യഭാഷയോ അറിയാത്ത ഒരാൾക്കു വിദൂരരാജ്യങ്ങളിൽ സഞ്ചരിക്കുവാനും പൊതു സദസ്സുകളിൽ സന്നിഹിതനായി സ്വഭാഷയിൽ നിസ്സങ്കോചം പ്രസംഗിക്കുവാനും ധൈര്യമുളവാക്കിയതും മറെറാന്നല്ല. അങ്ങിനെയുള്ള വ്യക്തിപ്രഭാവത്തിന്നു മുമ്പിൽ നാം കൂപ്പുകൈ അപ്പിക്കുക.

വിഷയസൂചി

അ

അച്യുതപ്പിഷാരോടി, തൃക്കണ്ടിയൂർ 1
അച്യുതമേനോൻ (അമ്മാമൻ) 49
അച്യുതമേനോൻ കാത്തുള്ളി 29, 33
അച്യുതമേനോൻ ചേലനാട്ട് 155, 396
അച്യുതമേനോൻ മേലങ്ങത്ത് 131
അച്യുതമേനോൻ സി. 433
അച്യുതമേനോൻ സി. പി. 28
'അച്ഛനും മകളും' 363, 364, 368
അർജ്ജുനവിജയം 15
'അത്യാഹിതം' 223
അദ്വൈതാശ്രമം ആലുവ 235
അധ്യയനഭാഷ 26
അനന്തൻനായർ ടി. വി. 80
അനന്തനാരായണശാസ്ത്രി പി. എസ്സ്. 383.
അന്യാപദേശം 394
അധഃപതനം 373
അപ്പൻതമ്പുരാൻ 29, 39, 47, 74, 87, 91, 101, 295
അഭിനവഭട്ടബാണൻ 43
അഭിനവഭോജരാജൻ 12
അഭിഷേക നാടകം 260, 265 266, 269
അമ്പലപുരം 334
അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ 212, 216, 220
അംബാസ്തവം 78
അംബാസ്തുതി 105
'അമാന്തം അമാന്തം' 228
അരവിന്ദഘോഷ് 411
അലങ്കാരപ്രയോഗം 22, 24, 132, 157, 158
അശോകചക്രവർത്തി 391
അശ്ലീലം 148–150, 186

ആ

'ആ കപ്പൽ യാത്ര' 324
ആത്മപോഷിണി 118, 152, 155, 187, 188, 190, 193, 196, 208, 223, 225, 275–279
'ആത്മപോഷിണിയും പ്രരോദനനിരൂപണവും' 195
ആൻഡ്രൂസ് സി. എഫ്. 286
ആനന്ദഭവൻ 338
ആനന്ദമഠം 194
ആനിബസന്റ് മദാമ്മ 189
'ആ പൊട്ടിച്ചിരി' 374
'ആരോഗ്യ കല്പദ്രുമം' 8, 33
ആരോഗ്യചിന്താമണി 33
ആര്യകേസരി 179
ആര്യവൈദ്യസമാജം 40, 62
ആലത്തിയൂർ–ആലത്തൂർ (ഗ്രാമം) 1, 2, 166
ആലത്തൂർ നമ്പി 100, 103
ആശാൻ (കുമാരനാശാൻ നോക്കുക)
ആസ്ഥാന കവി 386, 387
ആറ്റൂർ (കൃഷ്ണപിഷാരോടി) 86, 87, 345, 353, 355

ഇ

ഇടപ്പള്ളി സാഹിത്യപരിഷത്ത് 290–292
'ഇതിലെ ഇതിലെ' 228
ഇന്ത്യൻ അസോസിയേഷൻ 325
'ഇന്ത്യയുടെ കരച്ചിൽ' 371, 373
ഇന്ദുലേഖ 27, 38, 337, 427
'ഇന്ദ്രനും മാബലിയും' 308, 359
'ഇന്നത്തെ നിഘണ്ടു' 190
'ഇന്നലെ' 216, 217, 223
ഇരയിമ്മൻ തമ്പി 219
'ഇരുളിൽനിന്ന്' 357
ഈശ്വരവിശ്വാസം 16, 32, 36
ഈഹാമൃഗം 378, 383

ഉ

ഉണിത്തിരി (ജ്യോത്സ്യൻ) 80
'ഉണ്ണാനില്ല, ഉടുപ്പാനില്ല' 160, 161, 202, 372
ഉണ്ണായി_വാരിയർ 5, 427
ഉണ്ണികൃഷ്ണൻനായർ 120, 321
ഉണ്ണുനീലിസന്ദേശം 75
ഉത്തരായണം 341
ഉദയവമ്മ (കടത്തനാട്ട്) 28, 45
ഉദയശങ്കർ 340, 343
ഉദ്ഭടശാസ്ത്രികം 1, 5, 274
ഉന്മത്തരാഘവം 60
ഉമാകേരളം 113
ഉഷസ്സ് 219, 416–418
ഉള്ളൂർ 20, 73, 84, 88, 89, 110 131, 138, 201, 202, 295, 390 428
ഊരുഭംഗം 260, 264

ഋ

ഋഗ്വേദം 219, 408, 413, 415, 416, 422
ഋഗ്വേദവിവർത്തനം 424, 425
ഋതം 420
ഋതുവിലാസം 30, 31–33, 146 242
ഋതുസംഹാരം 30, 31

എ

എമ്പയർ തിയറ്റർ (കല്ക്കത്ത) 342
'എന്റെ കൃതഘ്നത' 223
'എന്റെ കൊച്ചുമകൾ' 313, 368
'എന്റെ ഗുരുനാഥൻ' 228, 230 231, 374
'എന്റെ പ്രയാഗസ്നാനം' 306, 316
'എന്റെ ഭാഷ' 290
എമെഴ്സൺ 291
എളയതമ്പുരാൻ കൊട്ടങ്ങല്ലൂർ 21
എഴുത്തച്ഛൻ (തുഞ്ചത്തെഴുത്തച്ഛൻ നോക്കുക)

ഏ

'ഏകകൂടുബം ഭുവനം' 228
ഏകലവ്യൻ 235
ഏട്ടൻ തമ്പുരാൻ 12, 14, 28, 38, 42, 52, 137, 141
ഏകശൃംഗാപദാനം 388
ഏഴാമെഡ്വേർഡ് 36
'ഐക്യമേ സേവ്യാൽസേവ്യം' 239, 429

ഒ

'ഒടുക്കത്തെക്കുറിപ്പ്' 246, 247, 249
ഒടുവ് (കുഞ്ഞികൃഷ്ണമേനോൻ നോക്കുക)
ഒരു കത്ത്—അഥവാ രുഗ്മിയുടെ പശ്ചാത്താപം 155–157
'ഒരു കിഴവൻ പേരാല' 306
'ഒരു കൃഷ്ണപ്പരുന്തിനോട്' 224, 225
'ഒരു ചിത്രം' 159, 211
'ഒരു തോണിയാത്ര' 165, 236
'ഒരു ദരിദ്രന്റെ പ്രാർത്ഥന' 61
'ഒരു ദുഃഖം' 140
'ഒരു നായർസ്ത്രീയും മുഹമ്മദീയനും' 373
'ഒരു ഭാവന' 157
'ഒരു മംഗളഗാഥ' 243
'ഒരു രാക്ഷസകൃത്യം' 144
'ഒരു വിവാഹോത്സവം' 371, 399
'ഒരു സന്ധ്യാപ്രണാമം' 206
'ഒരു ക്ഷമാപണം' 151
'ഒരുക്കുപാട്ട്' 216, 219
'ഒരൈതിഹ്യം' 82, 161
ഒറവങ്കര നമ്പൂതിരി 29, 83
'ഓണപ്പുടവ' 238
ഓറിയന്റൽ കോൺഫറൻസ് 338
'ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ' 225
ഔഷധാഹരണം 179, 205, 331

ക

'കഠിനമായ ഒരാപത്ത്' 142
കത്തുകൾ (പദ്യത്തിൽ) 38–45, 47, 48, 53–58, 67, 68, 73, 88, 183, 184
കഥകളി 10, 126, 331–343, 360, 400, 404–5, 434
കഥകളിയും നാടകവും 335
കഥകളിരംഗം (കെ. പി. എസ്സ്. മേനോൻ) 11
കഥാസരിത്സാഗരം 113, 128

കരുണാകരമേനോൻ(സുഹൃത്ത്) 105
കല്ഹണൻ 396
'കലകളും വിളയുന്നു' 403
കലാമണ്ഡലം (കേരള കലാമണ്ഡലം നോക്കുക)
കലിവിഡംബനം 319
കല്യാണിക്കുട്ടിയമ്മ (കലാമണ്ഡലം) 340
കല്യാണിക്കുട്ടിയമ്മ (തെക്കെക്കുന്നത്ത്) 131
കല്യാണിക്കുട്ടിയമ്മ, ചുനങ്ങാട്ട് 78
കല്യാണിയമ്മ(കലാമണ്ഡലം) 339
കല്യാണിയമ്മ ടി. സി. 194
കവനകൗമുദി 67, 68. 75–77, 99 131, 133, 135 138–142, 146 148, 242, 274, 279.
കവനോദയം 28, 33, 55, 71
'കവിത' 203.
കവിതയെഴുത്ത് 3, 7, 10, 13, 15, 18, 25, 65, 78, 183, 184, 239, 297.
കവിതിലകൻ 202, 203.
കവിരാക്ഷസൻ 300, 301.
കവിസാർവ്വഭൌമൻ 303.
കസിൻസ്, ഡോക്ടർ 340
'കള്ളനു സമ്മാനം' 139, 140.
കർപ്പൂരചരിതം (ഭാണം) 378, 381, 382.
'കാമ്പത്തിയുടെ പിഞ്ചുകാൽ' 258.
കറുപ്പൻ കെ. പി. (വിദ്വാൻ) 84, 195, 292, 293.
'കാത്തിരിപ്പ്' 359.
കാദംബരീകഥാസാരം 38.
കാമതിലകം (ഭാണം) 380.
'കാലം മാറി' 226
കാശീമാഹാത്മ്യം 144
കാളിദാസൻ 30, 63, 415.
'കാളീസ്തവം' 61
കാർ ലൈൽ 322.
'കാറുകണ്ട കർഷകൻ' 242.
കിട്ടുണ്ണിനായർ കുറിപ്പുറത്ത് 9, 13, 38, 43, 51, 58, 113, 125, 131, 142.
കിരാതശതകം 7.
കിരാതാർജ്ജുനീയം 125, 378.
'കിളിക്കൊഞ്ചൽ' 170, 173, 175.
കീചകവധം (കൈകൊട്ടിക്കളിപ്പാട്ട്) 16.
കുഞ്ചൻ നമ്പ്യാർ 5, 19, 20 58.
കുഞ്ഞൻനായർ (വാരിയമ്പറമ്പിൽ) 4.
കുഞ്ഞൻരാജാവ് സി. 385.
കുഞ്ഞനുജൻതമ്പുരാൻ 141.
കുഞ്ഞിക്കൃഷ്ണമേനോൻ ഒടുവിൽ 29, 45, 59, 66, 69, 80, 84, 85, 138.
കുഞ്ഞിക്കൃഷ്ണക്കുറുപ്പ് കുട്ടമത്ത് കുന്നിയൂർ 131, 297.
കുഞ്ഞിക്കാവമ്മ (കോച്ചാട്ടിൽ) 79.
കുഞ്ഞിലക്ഷ്മിക്കുട്ടിലമ്മ 131.
കുഞ്ഞുക്കുട്ടൻ തമ്പുരാൻ കൊട്ടങ്ങല്ലൂർ 13, 26, 29, 38, 39, 47, 62, 66, 79, 81, 83, 86, 87, 89, 129, 131, 138, 142–144, 167, 345, 426.
കുഞ്ഞുണ്ണിത്തമ്പുരാൻ കൊട്ടങ്ങല്ലൂർ 104.
കുഞ്ഞുണ്ണിനമ്പീശൻ ചെറുളിയിൽ 281.
കുട്ടൻമേനോൻ (കൊണ്ടയൂർ) 68.
കുട്ടിക്കൃഷ്ണമാരാർ 175, 193, 197, 258, 259, 300, 320, 321, 335, 354.
കുട്ടിപ്പാറു അമ്മ 2
കുട്ടിയപ്പനമ്പ്യാർ കെ. സി. 131.
കുണ്ടൂർ (നാരായണമേനോൻ) 29, 56, 66, 68, 69,81, 82, 84, 99, 131, 139, 146, 155, 202.
കുണാലോപദാനം 391, 392.
കുബ്ജകന്യാചരിതം 99.
കുമാരതാതാചാര്യർ (കവിഭൂഷണൻ) 44.
കുമാരനാശാൻ 118, 125, 184—186, 193, 201, 272. 292, 293, 295.
'കുമാരനാശാനും വള്ളത്തോളും' (ലേഖനം) 292.
കുമാരസംഭവം 38.
കുറൂർ ക്ഷേത്രം 12.
കൂട്ടകവിത 45.
കൃഷ്ണകാന്തന്റെ മരണപത്രം 194, 195.

കൃഷ്ണൻ എളയത് സി. പി. 235.
കൃഷ്ണൻകുട്ടി ചങ്ങരംകോത 84.
കൃഷ്ണൻ (പള്ളത്ത് ഇക്കോരൻ) 58.
കൃഷ്ണപ്പാട്ട് 19.
കൃഷ്ണപിള്ള ഈ. വി. 276, 277, 335.
കൃഷ്ണപിള്ള കറിപ്പുഴ 320.
കൃഷ്ണമാചാരി ആർ. 43, 135, 136.
കൃഷ്ണമാചാരി ആർ. വി. 43.
കൃഷ്ണമേനോൻ വി. കെ. 227, 398.
കൃഷ്ണവാരിയർ കടത്തനാട്ട് 28.
കൃഷ്ണവാരിയർ നാ: വാ: 16.
കൃഷ്ണവാരിയർ പി. വി. 40, 42, 45, 72, 107, 108, 131, 139, 142, 146, 279, 305.
കേന്ദ്ര സാഹിത്യ അക്കാദമി 428.
കേരള കലാമണ്ഡലം 314. 324, 325, 331, 333, 334, 336, 338–340, 342–344, 386, 400, 433, 434.
കേരള കല്പദ്രുമം 65, 67, 72, 74, 86, 90, 101.
കേരള കാളിദാസൻ 62, 63, 275, 279, 344.
കേരള കാഹളം 98.
കേരള ചിന്താമണി 58, 78.
'കേരള ഭോജരാജൻ' 47.
'കേരളം കേരളം' 429.
കേരളവർമ്മത്തമ്പുരാൻ(കോട്ടയം)92.
കേരളവർമ്മ പന്തളം 67, 83, 112, 138, 150.
കേരളവർമ്മ വലിയ കോയിത്തമ്പുരാൻ 23, 26, 28, 44, 59, 62, 63, 88, 90, 96, 105, 215, 276, 294, 344, 347, 350, 352, 354, 355.
കേരള ശാകുന്തളം 345, 355.
കേരള സാഹിത്യ അക്കാദമി 429, 430.
കേരള സാഹിത്യചരിത്രം 20
കേരളോദയം 182–184, 187, 183.
കേശവൻനായർ കറിപ്പുറത്ത് 38, 43, 58, 73, 84, 85, 89, 131.
കേശവപിള്ള, കെ. സി. 26, 29, 63, 65, 139.
കേശവമേനോൻ കെ. പി. 325, 326, 433.
'കേസരി' നായനാർ 27,
കേളപ്പൻ കെ. 314, 327.
കൈരളി (മാസിക) 120.
കൈലാസ നാഥോദയം 74.
കൈവിഷം 37.
കൊടുങ്ങല്ലൂർ രാജധാനി 21.
കൊണ്ടയൂർ വീട് 2, 341,
കൊച്ചി മഹാരാജാവ് 303
കൊച്ചുകൃഷ്ണപിള്ള (പട്ടം) 131.
കൊച്ചുണ്ണിത്തമ്പുരാൻ കൊടുങ്ങല്ലൂർ 102, 112, 138.
കൊച്ചുണ്ണിത്തമ്പുരാൻ (വലിയ) കൊടുങ്ങല്ലൂർ 102.
കൊച്ചുസീത 298, 300, 303.
കോട്ടയ്ക്കൽ സാഹിത്യപരിഷത്ത് 303—306,
കോൺഗ്രസ്സ് 34, 233, 289, 296, 297, 304, 306.
കോന്തിമേനോൻമേലേപ്പുറത്ത് 134.
കോന്തുമേനോൻ വള്ളത്തോൾ 2, 51.
കോമാട്ടിൽ സഹോദരിമാർ 79.
കോരപ്പൻ ഗുരുക്കൾ 150.
കോഴിപ്പറമ്പ് 2.

ഗ

ഗണപതി 144, 146, 152, 175.
ഗദ്യസാഹിത്യം 27.
'ഗർഭരക്ഷാക്രമം' 54.
ഗായത്രീമന്ത്രം 414.
ഗാന്ധിജി 227—233, 235, 236. 283, 374.
ഗീതേ 374.
ഗുരുനാഥൻ (മാസിക) 158.
ഗുരുവായൂർ ക്ഷേത്രം 314.
ഗേകവാഡപ്രാച്യ ഗ്രന്ഥാവലി 378.
ഗോഖലെഹാൾ 327.
ഗോപാലമേനോൻ യു. 340.
ഗോപാല മേനോൻ വള്ളത്തോൾ 9, 58.
ഗോപീനാഥൻ 155.
ഗോവിന്ദക്കുറുപ്പ് ചിറ്റഴി 53, 111.
ഗോവിന്ദപ്പിള്ള മള്ളൂർ 295, 317.

ഗോവിന്ദൻനമ്പൂതിരി ചെറുവറ 139.
ഗോവിന്ദൻ വൈദ്യൻ പി. എൻ. 292.
'ഗൌരീപഞ്ചകം' (നിരന്തനാസികം) 75.
'ഗ്രന്ഥവിഹാരം' 185, 193, 198.
'ഗ്രാമസൌഭാഗ്യം' 596.

ച

ചക്രഗാഥ 229.
ചതുരംഗം 17.
ചന്തുനമ്പ്യാർ കെ. ടി. 327, 329.
ചന്തുമേനോൻ 27, 426.
'ചന്ദ്രികാപരിണയം' 55.
ചന്ദ്രോത്സവം 20,112
ചമ്പകവല്ലി 298, 302, 303
ചമ്പുക്കൾ 20
ചരമശ്ലോകങ്ങൾ 143, 144
ചാത്തുക്കുട്ടി മന്നാടിയാർ 345
ചാരുചര്യാശതകം 43
ചിൽസഭായോഗം 63
ചിത്രമെഴുത്ത് കെ. എം. വഴ്ഗീസ് 210
ചിത്രയോഗം 113, 196, 201, 434
ചിത്രയോഗനിരൂപണം 117—126 186
ചിന്നമ്മാളുഅമ്മ വി. കെ. 226
ചിന്താവിഷ്ടയായ സീത 128
ചെറുതുരുത്തി 10, 47, 338, 433
ചെറുശ്ശേരി 5, 19, 20, 220
ചേന്നര 2, 341
ചേലപ്പറമ്പ നമ്പൂതിരി 20
ചൈന 403, 404, 405
'ചോരതിളയ്ക്കുണം' 360

ജ

ജനരഞ്ജിനി 28
ജനാർദ്ദനമേനോൻ കുന്നത്ത് 90, 194
ജയദേവ കവി 149
ജവഹർലാൽ നെഹ്റു 297, 338
ജാതകകഥകൾ 387
ജീവൽസാഹിത്യം 328
ജ്ഞാനം 307, 358

ട

ടാഗോർക്കവിത 216
ടാഗോർപ്രസ്ഥാനം 300, 301
ടാഗോർ മഹാകവി 287, 339, 341, 387
ടിബറൻഭാഷ 388
ടോൾസ്റ്റോയ് 374

ഡ

ഡിമം 378, 384, 385
ഡീക്കൺ പി. ജോസഫ് 187, 208

ത

തപതീസംവരണം 15, 69, 70.
തലശ്ശേരി സാഹിത്യപരിഷത്ത് 327.
തക്ശാസ്ത്രം 8, 9.
തജ്ജമ 193—4, 291, 296, 322—4
താങ്കം കെ. കെ. 281, 283.
'താമരപ്പൊയ്ക' 16.
താലപുഷ്പരിണി 194.
താലികെട്ടുകല്യാണം 75.
തിരുനാവായ മണപ്പുറം 43.
'തിരുമനസ്സിലെ മതം' 307.
തിരുവിതാംകൂർ മഹാരാജാവ് 88, 272.
തിരുവിതാംകൂർ സർവ്വകലാശാല 393.
'തിരൂർ പൊന്നാനിപ്പുഴ' 164.
'തീവണ്ടി' 138.
തുപ്പൽക്കോളാമ്പി 427.
'തുഞ്ചത്തെഴുത്തച്ഛൻ' (കവിത) 166,
തുഞ്ചത്തെഴുത്തച്ഛൻ 1, 5, 19, 20, 23, 72, 73, 164, 165, 166, 274, 275, 330.
തുഞ്ചൻപറമ്പ് 72, 164.
തുഞ്ചന്റെ പൈങ്കിളി 1, 166.
തുപ്പറങ്ങോട്ടുത്സവം 40—42.
ത്രിപുരദഹനം (ത്രിപുരദാഹം) 378, 384, 385.
ത്രിയാമ 12.

ദ

ദണ്ഡകാരണ്യം 131, 132, 133, 152.
ദാമോദരൻ എളയത് (മല്ലിശ്ശേരി) 2, 10, 11, 33, 56.

ദാമോദരൻ നമ്പൂതിരി (കുറ്റിപ്പാറ) 11, 12, 28, 38.
'ദാദാബായ് നവറോജി' 222.
'ദിവാസ്വപ്നം' 360.
ദേവീദശകം 78.
ദേവീപഞ്ചകം 78.
ദേശാഭിമാനി 405.
ദ്രാവിഡവൃത്തം 274, 275.

ന

'നമ്മുടെ ഭാഷ' (പ്രസംഗം) 45.
'നരകണ്ടിട്ട്' 216, 218.
നവയുഗം (മാസിക) 226.
നടുവത്തച്ഛൻ 29, 83, 110, 143.
നടുവത്തു മഹൻ 110, 131.
'നാഗിള' 253—255.
നാണു ആശാൻ (മംഗലത്ത്) 68.
നാന്ദീശ്ലോകങ്ങൾ 379—384.
നായർ എം. ആർ. 301.
നായർ ടി. എം. 96, 97.
നായർ സി. എസ്സ്. (ശങ്കുണ്ണി നായർ നോക്കുക)
നായർ റഗുലേഷൻ 191.
നാരായണപ്പൊതുവാൾ (അമ്പാടി) 27.
നാരായണഭട്ടതിരി വി. കെ. 410.
നാരായണൻനായർ (അമ്മാമൻ) 51, 53.
നാരായണനമ്പി തേലപ്പുറത്ത് 131, 139, 142.
നാരായണൻ നമ്പീശൻ പി. കെ. 95, 99, 139.
നാരായണൻ നമ്പൂതിരിപ്പാട് (കുറുമൂർ) 167.
നാരായണൻനമ്പ്യാർ കെ. സി. 28.
നാരായണ മേനോൻ നാലപ്പാട് 111, 131, 193, 194, 323.
നാരായണമേനോൻ (കുണ്ടൂർ നോക്കുക)
നാരായണമേനോൻ വി. കെ. 48.
'നാരായണസ്തവം' 110.
'നാം സ്വാതന്ത്ര്യമടയാവൂ' 230.
നാല്പത്തീരടികൾ 240.
'നിങ്ങൾതൻ പോക്കു വിപരീത മാകൊലാ' 232.
'നിത്യകന്യക' 311—313.
നിരുപണങ്ങൾ(കുമാരനാശാൻ) 195
നിരുപണസാഹിത്യം (കെ. സി. മറ്റം) 210.
നിലമ്പൂർ പരിഷത്ത് 317.
നിർമ്മല(ഗാന്ധിജിയുടെ ആട്) 375
'നീതിമാൻ' പത്രം 292.
നീലകണ്ഠ ദീക്ഷിതർ 319.
നീലകണ്ഠൻ മൂസ്സത്, മണന്തല 28, 45.
നെടുങ്കുതിര 118 120.
'നേത്രാമൃതം' 60.
ന്യൂ ഇൻഡ്യ 189.

പ

'പഞ്ചതന്ത്രം' മണിപ്രവാളകാവ്യം 58, 59.
പഞ്ചരാത്രം 260, 267.
'പഞ്ചാക്ഷരസ്തോത്രം' 106.
പട്ടാമ്പി സംസ്കൃതവിദ്യാലയം 137.
'പട്ടാഭിഷേകമഹോത്സവം' 133.
'പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി' 161.
പണിക്കർ കെ. എം. സർദാർ 276, 378, 381, 396, 434.
പണ്ഡിതസമാജം (ഗുരുവായൂർ)134.
പദ്മപുരാണം 168, 173, 364.
പദ്മഭൂഷണബിരുദം 429.
പദ്മനാഭക്കുറുപ്പ് (അഴകത്ത്) 112.
പത്രപ്രവർത്തനം 182—184.
'പനിനീർപൂവും പൈതലും' 368.
പയ്യന്നൂർ സാഹിത്യ സമ്മേളനം 270, 322.
പരമേശ്വരക്കുറുപ്പ്കോയിപ്പിള്ളി 139
പരമേശ്വരമേനോൻ ക്ലനേഴത്ത് 29.
പരമേശ്വരമേനോൻ തോരണത്ത് 62, 139.
പരിഷദ്വൈമാസികം 426.
പരിഷ്കാരാഭിവർദ്ധിനി 33.
'പരീക്ഷയിൽ ജയിച്ചു' 246, 249.
പള്ളിയത്തു വീട് 62.
പാണ്ഡവോദയം 112.
'പാപമോചനം' 235.
പാരിസ്സ് 399—401.
'പാരിസ്സിലെ ക്രിസ്തുമസ്സ്' 400.
പാലുള്ളി നമ്പൂരി 427.

പാവങ്ങൾ 291, 323.
'പാവ്വതീദേശകം' 77.
പാവ്വതീപാദാദികേശസ്തവം' 16.
പാവ്വതീസ്തവം 187.
പാശ്ചാത്യവിദ്യാഭ്യാസം 4, 26, 27.
പിള്ള ഏ. കെ. 327.
പീക്കിങ്ങ് 403, 404.
പീഡാനുഭവാഴ്ചയിലെ പ്രൂമിയോൻ 209.
പുത്രവഷ്ം 289.
പുനർവിവാഹം (ദ്വിഗ്വേദം) 423.
പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ 13, 14, 15, 28, 38, 41, 44, 84, 135, 137, 215.
'പുരാണങ്ങൾ' 169, 170.
പുരാണതത്ത്വം 167.
പുരുഷസൂക്തം 413.
പുരുഷായുസ്സ് 414, 415.
പുരോഗമനസാഹിത്യം 328.
പുലർകാലമെപ്പൊഴോ' 306.
പുല്ലണിക്കാവിൻ ഭഗവതി 55.
പുഷ്പബാണവിലാസം 149.
പൂന്താനം 20.
പൂന്തോട്ടം നമ്പൂതിരി 21.
പൂരം (പെരുമനം) 76.
'പൂർണ്ണവിശ്രമസൌഖ്യം' 293.
പോപ്പ് 402.
'പോരാ പോരാ' 234.
പോഷിണീഭാഷണം 188, 189.
പോഷ്യാവിവാഹം 16.
പ്രകരണശുദ്ധി 259.
'പ്രഭാതഗീതം' 216, 219.
'പ്രരോദനനിരൂപണം' 195, 196.
പ്രസന്നരാഘവം 13.
പ്രാർത്ഥനാശ്ലോകങ്ങൾ 1, 2, 37, 77, 86, 95, 96, 99, 100, 101–103, 105–107, 110.

ബ

ബധിരവിലാപം 107.
ബന്ധനസ്ഥനായ അനിരുദ്ധൻ 152–155, 187
ബലരാമൻ 384.
'ബഹിഷ്കൃതയായ അന്തർജ്ജനം' 287
ബാധിര്യാരംഭം 95.
'ബാധിര്യശാന്തിസ്തവം' 98.
ബാപ്പുജി 375
ബാലകൃഷ്ണക്കുറുപ്പ് 404.
ബാലകൃഷ്ണപ്പണിക്കർ വി. സി. 42, 84,
ബാലകൃഷ്ണമേനോൻ നെടിയംവീട്ടിൽ 110.
ബാലചന്ദ്രൻ 498, 402, 432.
ബോധിസത്വാപദാനകല്പലത 307, 393.
ബോസ് ഏ. സി. 419, 420.

ഭ

ഭക്തി 37, 103, 108—110, 160, 180, 220—222, 241, 360.
ഭഗവൽസ്തോത്രമാല 78.
ഭട്ടതിരിപ്പാട് വി. ടി. 424.
ഭദ്രാവതാരം (പാന) 180,
ഭരതയ്യർ കെ. 327.
ഭാണം 378, 380, 381.
'ഭാരതചക്രവർത്തിപഞ്ചകം' 36.
'ഭാരതപ്പഴ' 161.
ഭാരതമഞ്ജരി 71, 72.
ഭാരതവിലാസസഭ' 83.
'ഭാരതസ്ത്രീകുംതൻഭാവശുദ്ധി' 246, 250, 252, 335.
ഭാസൻ 260, 261.
'ഭാഷ്യവസ്വാമിൻ തൊഴാം' 237.
ഭാഷാകണ്ഠഭാരം 196.
ഭാഷാപഞ്ചതന്ത്രം 58.
ഭാഷാഭിമാനി 280—282.
ഭാഷാപോഷിണിമാസിക 38, 300
ഭാഷാപോഷിണി സഭ 28, 45,
ഭാഷാവിലാസവാദം 279—283, 356.
ഭാഷാസാഹിത്യത്തിലെ പുതിയ പ്രസ്ഥാനം 279.

മ

മശലനമറിയം 208—212, 229.
മണിപ്രവാളശാകുന്തളം 346.
മദിരാശിയാത്ര 44, 96, 97, 98.
മധ്യമവ്യായോഗം 260, 264.
മന്ത്രങ്ങൾ 411, 418.
മന്ദാരവതീസുന്ദരസേനകഥ 113, 114.
'മലയാളത്തിന്റെ തല' 255.

ദാമോദരൻ നമ്പൂതിരി (കുറ്റിപ്പാറ) 11, 12, 28, 38.
'ദാദാബായ് നവറോജി' 222.
'ദിവാസ്വപ്നം' 360.
ദേവീദശകം 78.
ദേവീപഞ്ചകം 78.
ദേശാഭിമാനി 405.
ദ്രാവിഡവൃത്തം 274, 275.

ന

'നമ്മുടെ ഭാഷ' (പ്രസംഗം) 45.
'നരകണ്ടിട്ട്' 216, 218.
നവയുഗം (മാസിക) 226.
നടുവത്തച്ഛൻ 29, 83, 110, 143.
നടുവത്തു മഹൻ 110, 131.
'നാഗിള' 253—255.
നാണു ആശാൻ (മംഗലത്ത്) 68.
നാന്ദ്യശ്ലോകങ്ങൾ 379—384.
നായർ എം. ആർ. 301.
നായർ ടി. എം. 96, 97.
നായർ സി. എസ്സ്. (ശങ്കുണ്ണി നായർ നോക്കുക)
നായർ റഫ്ലേഷൻ 191.
നാരായണപ്പൊതുവാൾ (അമ്പാടി) 27.
നാരായണഭട്ടതിരി വി. കെ. 410.
നാരായണൻനായർ (അമ്മാമൻ) 51, 53.
നാരായണനമ്പി തേലപ്പുറത്ത് 131, 139, 142.
നാരായണൻ നമ്പീശൻ പി. കെ. 95, 99, 139.
നാരായണൻ നമ്പൂതിരിപ്പാട് (കുറൂർ) 167.
നാരായണൻനമ്പ്യാർ കെ. സി. 28.
നാരായണ മേനോൻ നാലപ്പാട് 111, 131, 193, 194, 323.
നാരായണമേനോൻ (കുണ്ടൂർ നോക്കുക)
നാരായണമേനോൻ വി. കെ. 48.
'നാരായണസ്തവം' 110.
'നാം സ്വാതന്ത്ര്യമടയാവൂ' 230.
നാല്പത്തീരടികയ 240.
'നിങ്ങൾതൻ പോക്കു വിപരീത മാകൊലാ' 232.
'നിത്യകന്യക' 311—313.
നിരുപണങ്ങൾ(കുമാരനാശാൻ) 195
നിരുപണസാഹിത്യം (കെ. സി. മറ്റം) 210.
നിലമ്പൂർ പരിഷത്ത് 317.
നിർമ്മല(ഗാന്ധിജിയുടെ ആട്) 375
'നീതിമാൻ' പത്രം 292.
നീലകണ്ഠ ദീക്ഷിതർ 319.
നീലകണ്ഠൻ മൂസ്സത്, മണന്തല 28, 45.
നെടുങ്കുതിര 118 120.
'നേത്രാമൃതം' 60.
ന്യൂ ഇൻഡ്യ 189.

പ

'പഞ്ചതന്ത്രം' മണിപ്രവാളകാവ്യം 58, 59.
പഞ്ചരാത്രം 260, 267.
'പഞ്ചാക്ഷരസ്തോത്രം' 106.
പട്ടാമ്പി സംസ്കൃതവിദ്യാലയം 137.
'പട്ടാഭിഷേകമഹോത്സവം' 133.
'പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി' 161.
പണിക്കർ കെ. എം. സർദാർ 276, 378, 381, 396, 434.
പണ്ഡിതസമാജം (ഗുരുവായൂർ)134.
പത്മപുരാണം 168, 173, 364.
പത്മഭൂഷണബിരുദം 429.
പത്മനാഭക്കുറുപ്പ് (ആഴകത്ത്) 112.
പത്രപ്രവർത്തനം 182—184.
'പനിനീർപൂവും പൈതലും' 368.
പയ്യന്നൂർ സാഹിത്യ സമ്മേളനം 270, 322.
പരമേശ്വരക്കുറുപ്പ്കോയിപ്പള്ളി 139
പരമേശ്വരമേനോൻ കുനേഴത്ത് 29.
പരമേശ്വരമേനോൻ തോരണത്ത് 62, 139.
പരിഷത്തൈമാസികം 426.
പരിഷ്കാരാഭിവർദ്ധിനി 33.
'പരീക്ഷയിൽ ജയിച്ചു' 246, 249.
പള്ളിയത്തു വീട് 62.
പാണ്ഡവോദയം 112.
'പാപമോചനം' 235.
പാരിസ്സ് 399—401.
'പാരിസ്സിലെ ക്രിസ്തുമസ്സ്' 400.
പാലൂള്ളി നമ്പൂരി 427.

പാവങ്ങൾ 291, 323.
'പാവ്വതീദശകം' 77.
പാവ്വതീപാദാദികേശസ്തവം' 16.
പാവ്വതീസ്തവം 187.
പാശ്ചാത്യവിദ്യാഭ്യാസം 4, 26, 27.
പിള്ള ഏ. കെ. 327.
പീക്കിങ്ങ് 403, 404.
പീഡാനുഭവാഴ്ചയിലെ പ്രൂമിയോൻ 209.
പുതുവഷ്ം 289.
പുനർവിവാഹം (ദ്വിഗ്വേദം) 423.
പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ 13, 14, 15, 28, 38, 41, 44, 84, 135, 137, 215.
'പുരാണങ്ങൾ' 169, 170.
പുരാണതജ്ജ്ഞ 167.
പുരുഷസൂക്തം 413.
പുരുഷായുസ്സ് 414, 415.
പുരോഗമനസാഹിത്യം 328.
പുലർകാലമെപ്പൊഴോ' 306.
പുല്ലുണിക്കാവിൻ ഭഗവതി 55.
പുഷ്പബാണവിലാസം 149.
പൂന്താനം 20.
പൂന്തോട്ടം നമ്പൂതിരി 21.
പൂരം (പെരുമനം) 76.
'പൂർണ്ണവിശ്രമസൌഖ്യം' 293.
പോപ്പ് 402.
'പോരാ പോരാ' 234.
പോഷിണീഭാഷണം 188, 189.
പോഷ്യാവിവാഹം 16.
പ്രകരണശുദ്ധി 259.
'പ്രഭാതഗീതം' 216, 219.
'പ്രരോദനനിരൂപണം' 195, 196.
പ്രസന്നരാഘവം 13.
പ്രാർത്ഥനാശ്ലോകങ്ങൾ 1, 2, 37, 77, 86, 95, 96, 99, 100, 101–103, 105–107, 110.

ബ

ബധിരവിലാപം 107.
ബന്ധനസ്ഥനായ അനിരുദ്ധൻ 152–155, 187
ബലരാമൻ 384.
'ബഹിഷ്കൃതയായ അന്തർജ്ജനം' 287
ബാധിര്യാരംഭം 95.
'ബാധിര്യശാന്തിസ്തവം' 98.
ബാപ്പുജി 375
ബാലകൃഷ്ണക്കുറുപ്പ് 404.
ബാലകൃഷ്ണപ്പണിക്കർ വി. സി. 42, 84,
ബാലകൃഷ്ണമേനോൻ നെടിയംവീട്ടിൽ 110.
ബാലചന്ദ്രൻ 498, 402, 432.
ബോധിസത്വാപദാനകല്പലത 307, 393.
ബോസ് ഏ. സി. 419, 420.

ഭ

ഭക്തി 37, 103, 108—110, 160, 180, 220—222, 241, 360.
ഭഗവൽസ്തോത്രമാല 78.
ഭട്ടതിരിപ്പാട് വി. ടി. 424.
ഭദ്രാവതാരം (പാന) 180,
ഭരതയ്യർ കെ. 327.
ഭാണം 378, 380, 381.
'ഭാരതചക്രവർത്തിപഞ്ചകം' 36.
'ഭാരതപ്പഴ' 161.
ഭാരതമഞ്ജരി 71, 72.
ഭാരതവിലാസസഭ' 83.
'ഭാരതസ്ത്രീകർത്തൻഭാവശുദ്ധി' 246, 250, 252, 335.
ഭാസൻ 260, 261.
'ഭാഷ്ടവസ്വാമിൻ തൊഴാം' 237.
ഭാഷാകണ്ണഭാരം 196.
ഭാഷാപഞ്ചതന്ത്രം 58.
ഭാഷാഭിമാനി 280—282.
ഭാഷാപോഷിണിമാസിക 38, 300
ഭാഷാപോഷിണി സഭ 28, 45,
ഭാഷാവിലാസവാദം 279—283, 356.
ഭാഷാസാഹിത്യത്തിലെ പുതിയ പ്രസ്ഥാനം 279.

മ

മശലനമറിയം 208—212, 229.
മണിപ്രവാളശാകുന്തളം 346.
മദിരാശിയാത്ര 44, 96, 97, 98.
മധ്യമവ്യായോഗം 260, 264.
മന്ത്രങ്ങൾ 411, 418.
മന്ദാരവതീസുന്ദരസേനകഥ 113, 114.
'മലയാളത്തിന്റെ തല' 255.

മലയാളമനോരമ 26, 28.
മലയാളരാജ്യം 335.
മലയാളശാകുന്തളം 346.
മലയാളി ടാഗോർ 304.
'മഹാകവി കുമാരനാശാൻ' (സി. ഒ. കേശവൻ) 186.
'മഴയത്തൊരു നടത്തം' 237.
'മാതൃവന്ദനം' 158.
മാധവൻ (കലാമണ്ഡലം) 343.
മാധവിക്കുട്ടിയമ്മ(ചിറ്റഴിവീട്ടിൽ) 49, 51.
'മാപ്പ്' 372.
മാർക്കാണ്ഡേയപുരാണം 167, 179.
മാത്താണ്ഡവർമ്മ 27, 38.
മാർലോ 30.
'മിന്നുന്നതെല്ലാം പൊന്നല്ല' 358.
മുക്തകങ്ങൾ 55, 56, 79, 187, 188.
മുക്താലതാപദാനം 389, 390.
മുകുന്ദരാജാവ്, മണിക്കുളം 182, 243, 327, 333, 334, 338.
'മുറ്റത്തെ തുളസി' 170.
മൂക്കുത്തി 79.
മൂക്കോത്തു കുമാരൻ 27, 185—187.
മേഘസന്ദേശം 122.
മേല്പത്തൂർ 1.
മോസ്കോ 402.
മോഹിനിയാട്ടം 325, 340.
മംഗലം 2, 33, 47.
മംഗളശ്ലോകങ്ങൾ 34, 62–64, 72–74, 78, 79, 81, 138, 140, 141, 187, 188, 242–246
മംഗളോദയം മാസിക 82, 320, 321.
മംഗളോദയം ലിമിറ്റഡ് 101.

യ

യുവജനസാഹിത്യസമ്മേളനം 327,

ര

രഘുവംശം 38, 124, 125.
രഘുവംശതർജ്ജമ 81.
രമേശ്ചന്ദ്രദത്ത് 390.
രവിവർമ്മതമ്പുരാൻ (കടത്തനാട്) 52.
രസികരഞ്ജിനി 39, 40, 69.
രാഗിണീദേവി 340.
രാജതരംഗിണി 396.
രാജരത്നാവലീയം 74.
രാജരാജവർമ്മ എ. ആർ. 24—26, 346, 347, 350, 352, 355.
രാജരാജവർമ്മ എം. 317.
രാജരാജവർമ്മ വടക്കുംകൂർ 93, 283.
രാജശേഖരൻ 396.
രാജാ കെ. കെ. 360.
രാജാ സി. കെ. (ആത്മപോഷിണി പത്രാധിപർ) 111, 187.
രാജാ കേശവദാസ് 294.
'രാധയുടെ കൃതാർത്ഥത' 246, 247, 249.
രാധാകൃഷ്ണൻ എസ്സ്. ഡോക്ടർ 426.
രാമകൃഷ്ണപിള്ള കെ. 118, 119, 187
'രാമചന്ദ്രവിലാസം' 112.
രാമൻനമ്പൂതിരി ഈ. വി. 179, 196, 197, 202, 387, 391, 393.
രാമൻനമ്പൂതിരി കെ. 67.
രാമൻനമ്പ്യാർ കാലടി 183.
രാമൻനമ്പ്യാർ കുത്താമ്പള്ളി 45, 130, 134, 159.
രാമൻ പള്ളത്ത് 131.
രാമൻപിള്ള സി. വി. 27.
രാമൻമേനോൻ കണ്ണങ്കത്ത് 333.
രാമൻമേനോൻ കൊളക്കുന്നത്ത് (കമലാലയ പ്രസ്സ്) 167.
രാമൻമേനോൻ പുത്തേഴത്ത് 66.
രാമവാരിയർ കൈക്കളങ്ങര 8, 9, 33, 410.
രാമവർമ്മവലിയതമ്പുരാൻ (കൊച്ചി) 140, 141.
രാമാനുജൻ 73, 74, 87.
രാമുണ്ണിമേനോൻ വള്ളത്തോൾ 4, 5, 8, 9, 10, 11, 13, 15, 17, 37. 57.
രാമുണ്ണിമേനോൻ എ. (ജ്യോത്സ്യൻ) 37.
'രാവണന്റെ അന്തഃപുരഗമനം' 179, 205.
രാഷ്ട്രഭാഷാപരിഷത്ത് 387.
ഋശ്യശൃംഗീയം 378, 383.

ല

ലളിതാസ്തുതി 133.
ലക്ഷ്മീഭായി (മാസിക) 60, 113.
ലീലാനിരൂപണം 184—186.
ലെനിൻ 402.

വ

വത്സരാജൻ 378, 385, 386.
'വന്ദേമാതരം' 158.
വന്നേരി 49, 51, 53.
വത്തമാനക്കത്തുകൾ 75–77, 135–138.
വള്ളത്തോൾക്കമ്പനി 9, 10, 59, 85
വള്ളത്തോൾ പ്രസ്ഥാനം 158.
വള്ളത്തോൾ സപ്തതി ഉപഹാര ഗ്രന്ഥം 155, 386.
'വള്ളത്തോൾ റഷ്യയിൽ' 402.
വാമനപുരാണം 168.
വാല്മീകിയും ദക്ഷിണേന്ത്യയും 90.
വാല്മീകിരാമായണം 86, 87, 91, 167, 391, 426.
വാസന്തികക്കുട്ടി (മകൾ) 313.
'വാസ്തവംതന്നെയോ?' 374.
വാസുണ്ണിമൂസ്സത് വെള്ളാനശ്ശേരി 2, 11, 12, 13, 15, 28, 38, 48, 52, 72.
വാസുദേവൻമൂസ്സത് കെ. (കെ. വി. എം.) 72, 84, 101.
വാർസാ 398, 399.
വിക്ടർഹ്യൂഗോ 291, 323, 399. 401.
വിക്ടോറിയാരാജ്ഞി 36.
വിജ്ഞാനചിന്താമണി 18, 38, 44.
വിധുശേഖരവർമ്മാ എം ഏ. 408.
'വിലാപപഞ്ചകം' 146.
വിലാപപദ്യങ്ങൾ 49, 50.
വിലാസലതിക 148, 149, 150, 151, 186.
വിവാഹമംഗളം 78, 245.
വിവേകോദയം 118, 120.
വിശ്വഭാരതി 339.
'വിഷുക്കണി' 309.
വിഷ്ണുപുരാണം 397.
വീട്ടമ്മ (ഋഗ്വേദം) 417.
'വീരശൃംഖല' 272, 361.
വെങ്കടാചലയ്യർ കവിയൂർ 68.
വെട്ടത്തരചന്മാർ 1, 2, 162.
വെട്ടത്തുനാട് 1, 51, 66, 331, 340.
വെണ്മണി അച്ഛൻ 21.
വെണ്മണിപ്രസ്ഥാനം 6, 21, 22, 23, 24, 33.
വെണ്മണി മഹൻ 21, 22.
വെയിത്സ് രാജകുമാരൻ 271.
വേദപാരായണം 406, 407.
വേലുക്കുട്ടിമേനോൻ 182.
വേശ്യയുടെ കഥ 298, 299.
വേശ്യാവൃത്തി 379.
വൈക്കം സത്യാഗ്രഹം 235.
വൈദികസാഹിത്യം 406, 409.
വൈദ്യജീവനം 38.
'വൈശസം പോരും പോരും' 233.
'വ്യാസാവതാരം' 7.

ശ

ശങ്കരൻകുട്ടിമേനോൻ (ഒട്ടുവിൽ) 55.
ശങ്കരൻനമ്പ്യാർ പി. 276.
ശങ്കരൻ വലിയത്താൻ 95, 96.
ശങ്കരവർമ്മരാജ ഏ. കെ. 138.
ശങ്കരാചാര്യസ്വാമികൾ 255.
ശങ്കുണ്ണി കൊട്ടാരത്തിൽ 27, 29, 38, 138, 202.
ശങ്കുണ്ണിനായർ സി. 279—281, 354,
ശങ്കുണ്ണിമേനോൻ (സഹോദരൻ) 2.
ശരച്ചന്ദ്രദാസ് 388.
'ശരണമയ്യപ്പാ' 360.
ശരദിന്ദുകുമാർസിൻഹ 339.
ശാകുന്തളം 125, 344.
ശാകുന്തളതർജ്ജമ (കേരളവർമ്മ) 345, 346.
ശാകുന്തളതർജ്ജമ (രാജരാജവർമ്മ) 347
ശാകുന്തളതർജ്ജമ (വള്ളത്തോൾ) 344—56.
ശാന്തിനികേതനം 342.
ശാന്തിമയഘോഷ് 339.
'ശാപമോക്ഷം' 315.
ശാമുമേനോൻ വരവൂർ 45, 202.
ശിഷ്യനും മകനും 175, 176, 202, 368, 387.

ശൃംഗാരം 146—148, 150, 151, 380, 385, 394.
'ശൃംഗാരവിംശതി' 146, 148.
'ശോണാദ്രീശസ്തോത്രം' 105.
ശ്രീകൃഷ്ണചരിതം 5, 112.
ശ്രീനിവാസയ്യങ്കാർ 91.

ഷ

ഷൺമുഖംചെട്ടി (ദിവാൻ) 342,
ഷഷ്ടിപൂത്തി മംഗളങ്ങൾ 140, 202, 203.
ഷെയ്ക്സ്പിയർ 15, 30.
ഷെല്ലിയുടെ പൌത്രി 150.

സ

സച്ചിൻ സെൻഗ്രപ്ത 403.
'സത്യഗാഥ' 27, 216.
'സദ്ഗുരു' മാസിക 296, 304.
സദാനന്ദദായിനി (നാടകസംഘം) 35.
സംഗീതനൈഷധം 35.
സമസ്യാപൂരണം 6, 33, 34, 35, 38
സമാധാനകോൺഫറൻസ് 398.
'സമാധാനഗാനം' 399.
'സമുദ്രമഥനം' 378.
സരോജിനീദേവി 338, 339, 343.
സല്ലാപപുരം 12
സഹൃദയസമാഗമം 12.
സാമ്രാജ്ഞി 423.
സായണൻ 411.
സാരോദയം 38, 71.
സാഹിത്യപഞ്ചാനനൻ 275
സാഹിത്യപരിഷത്ത് 290, 295, 303—305, 317, 424.
സാഹിത്യപ്രവേം 292.
സാഹിത്യമഞ്ജരി 157, 158.
സാഹിത്യസല്ലാപം 320.
സാംബൻ 155.
സുകുമാരൻ കെ. 276.
സുജനവിനോദിനി 90.
'സുദിനം' 306.
സുധാബിന്ദു 194.
സുനളിനീദേവി, 339.
'സുപ്രഭാതം' 293.
സുബ്രഹ്മണ്യയ്യർ സി. വി. 244.
സുബ്രഹ്മണ്യശാസ്ത്രി (പാറക്കളം) 9.
സുകൃതിമുക്താവലി 396.
'സോമഗ്രഹണം' 284.
സോമതിലകം ഭാണം 380.
സോമദേവകവി 113.
സോവിയറ്റ് യൂനിയൻ 402.
'സ്വാഗതം' 307.
സ്വപ്നവാസവദത്തം 260, 268.
സ്വരാജ്യകക്ഷി 232—234.
സ്വാനുഭവ കവിതകൾ 311—314.

ഹ

ഹനുമാൻ 2, 166.
ഹരിനാമകീർത്തനം 5, 6.
ഹാലഗാഥാസപ്തശതി 393.
ഹാസ്യചൂഡാമണി 378, 379.
ഹാസ്യരസം 379, 380, 381.
ഹുമയൂൺ ചക്രവർത്തി 250, 251.
ഹേമചന്ദ്രവിദ്യാരത്നം 91.
ഹേമചന്ദ്രൻ 396.

ക്ഷ

ക്ഷേത്രനത്തകിമാർ 303.
ക്ഷേമേന്ദ്രൻ 387, 388.

റ

റഷ്യ 402, 405, 408.
റോം 402.
റോയൽ ഏഷ്യാറ്റിക് സൊസൈറ്റി 387.

*